കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 19, വെള്ളി

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 197 –നമ്പർ 5

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 19, വെള്ളി

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീമതി ആർ. ഹേമലത

എഡിറ്റിങ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

പേജ്

I **ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.) ....

II **തിരുത്തിയ ഉത്തരം** ....

നക്ഷത്രചിഹ്നമിടാത്ത 3233-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം

III **നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്** ....

IV **ശ്രദ്ധ ക്ഷണിക്കൽ**

(1) പേപ്പർ ഗ്ലാസ്സുകൾ സൃഷ്ടിക്കുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ
- ശ്രീ. മാത്യു ടി. തോമസ് ....

(2) ക്ഷേമനിധി ബോർഡുകളിലെ ആനുകൂല്യ വിതരണം
- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ....

V **സബ്മിഷൻ**

(1) കെ.എസ്.യു. വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ മുഖംമൂടി ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ സംഭവം
- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ....

(2) എറിയാട്-എടവിലങ്ങ് തീരപ്രദേശത്ത് ടെട്രാപോഡ് സംവിധാനം
- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ....

(3) ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ 28-ാം ഓണം മഹോത്സവം
- ശ്രീ. സി. ആർ. മഹേഷ് ....

(4) ആര്യനാട് ഗവ. ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണം
- ശ്രീ. ജി. സ്റ്റീഫൻ ....

(5) നെന്മാറ-ഒലിപ്പാറ റോഡ് നിർമ്മാണം
- ശ്രീ. കെ. ബാബു (നെന്മാറ) ....

VI റിപ്പോർട്ടുകളുടെ സമർപ്പണം ....

1. സബ്ജക്ട് കമ്മിറ്റി X-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2025-ലെ കേരള വന (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ആറ്, ഏഴ് റിപ്പോർട്ടുകൾ

VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം .....

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിന്റെ പരിഗണന

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ:

(i) 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബിൽ .....
(ശ്രീ. എം. വിജിൻ നോട്ടീസ് നൽകിയത്)

(ii) 2025-ലെ തെരുവോര പുനരധിവാസ ബിൽ .....
(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ നോട്ടീസ് നൽകിയത്)

(iii) 2021-ലെ കേരള പാരലൽ കോളേജ് അധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ .....
(ശ്രീ. സി. ആർ. മഹേഷ് നോട്ടീസ് നൽകിയത്)

(iv) 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബിൽ .....
(ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയത്)

(v) 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കൽ ബിൽ .....

(ശ്രീ. നജീബ് കാന്തപുരം നോട്ടീസ് നൽകിയത്)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർ ചർച്ച:

(i) 2021-ലെ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ .....

(ശ്രീ. പി. ഉബൈദുള്ള നോട്ടീസ് നൽകിയത്)

(ii) 2021-ലെ കേരള ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ .....

(ശ്രീ. ടി. ഐ. മധുസൂദനൻ നോട്ടീസ് നൽകിയത്)

(iii) 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ .....

(ശ്രീമതി സി. കെ. ആശ നോട്ടീസ് നൽകിയത്)

അനുബന്ധം .....

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 19, വെള്ളി

വാല്യം 197] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2025 സെപ്റ്റംബർ മാസം 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*91)

തൊഴിലാളികൾക്ക് മിനിമം വേതനം

1 (*91) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതന അന്തരം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) 1948-ലെ മിനിമം വേതന നിയമം പ്രകാരം സംസ്ഥാനത്ത് ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളുടെ എണ്ണം എത്രയാണെന്നും അതിൽ മിനിമം വേതനം നിശ്ചയിച്ച മേഖലകൾ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിർമ്മാണ, കാർഷിക, കാർഷികേതര മേഖലകളിലെ മിനിമം വേതനം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എത്രയധികം ഉയർന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) തൊഴിലാളികൾക്ക് തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നതിനായി തൊഴിൽ വകുപ്പ് നടത്തുന്ന മാസാന്ത്യ പരിശോധനകളുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) സംസ്ഥാനത്ത് 1948-ലെ മിനിമം വേതന നിയമം പ്രകാരമുള്ള പട്ടികയിലുൾപ്പെടുത്തിയ വിവിധ തൊഴിൽ മേഖലകൾക്കാണ് മിനിമം വേതനം നിശ്ചയിക്കുന്നത്. ഇപ്രകാരം 87 തൊഴിൽ മേഖലകളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുകയും

അതിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിച്ചുവരുന്നതുമാണ്. തൊഴിലാളികൾക്കുള്ള വേതനം ബാങ്ക് മുഖേന നൽകുന്നതിനും മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും വേജ് പ്രൊട്ടക്ഷൻ സിസ്റ്റം തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള എല്ലാ തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ചും തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ routine സ്ഥാപന പരിശോധനകളും സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം മുഖാന്തരമുള്ള പരിശോധനകളും നടത്തിവരുന്നുണ്ട്. 2024 ജനുവരി മാസം മുതൽ നാളിതുവരെ മിനിമം വേതനം നൽകുന്നതുമായി ബന്ധപ്പെട്ട് 48467 പരിശോധനകൾ നടത്തുകയും 2565 പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കുന്ന മുറയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, മിനിമം വേതനം നൽകാത്തതുമായി ബന്ധപ്പെട്ട് തൊഴിലുടമകൾക്കെതിരായി തൊഴിലാളികൾക്ക് നേരിട്ടോ ബന്ധപ്പെട്ട ട്രേഡ് യൂണിയൻ മുഖേനയോ ടി നിയമപ്രകാരമുള്ള ക്ലെയിം അധികാരി മുമ്പാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ബി) സ്ത്രീ-പുരുഷ തൊഴിലാളി ഭേദമന്യേ എല്ലാ തൊഴിലാളികൾക്കും തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ ഈക്വൽ റമ്യൂണറേഷൻ ആക്ട് 1976 പാസ്സാക്കിയിട്ടുണ്ട്. കൂടാതെ, മിനിമം വേതന വിജ്ഞാപനങ്ങളിലും സ്ത്രീ-പുരുഷ

തൊഴിലാളികൾക്ക് വ്യത്യസ്ത വേതനം വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമാണ്. 1948-ലെ മിനിമം വേതന നിയമം, 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ട് എന്നീ തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ തൊഴിൽ വകുപ്പ് സമയോചിതമായി ഇടപെടലുകൾ നടത്തി പരാതിക്കാർക്ക് പരിഹാരം കാണുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരായും അത്തരം ചൂഷണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) 1948-ലെ മിനിമം വേതന നിയമപ്രകാരം, സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും സംസ്ഥാനത്തെ ജിംനേഷ്യംസ്, വെയർഹൗസ്, ഗോഡൗൺ, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ, പെയിന്റ് നിർമ്മാണം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കാൻ ലക്ഷ്യമിട്ട് സർക്കാർ പ്രസ്തുത മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 87 മേഖലകളിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി തൊഴിൽ മേഖലകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) കാർഷിക, കാർഷികേതര, നിർമ്മാണ മേഖലകളിൽ മിനിമം വേതനം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ വേതനം ഉയർന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള കാർഷിക, കാർഷികേതര, നിർമ്മാണ മേഖലകളിലെ പ്രതിദിന വേതനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന നിരക്കിലാണ്. 09-12-2024-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച "Handbook of Statistics on Indian States, 2023-24"-ന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ കാർഷിക മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 807.2 രൂപയും കാർഷികേതര മേഖലയിൽ ജോലി ചെയ്യുന്ന പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 735 രൂപയും നിർമ്മാണ മേഖലയിൽ ജോലി ചെയ്യുവരുന്ന പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 893.6 രൂപയുമാണ്. മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കാണിത്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിലെ ദേശീയ ശരാശരി 372.7 രൂപയും കാർഷികേതര മേഖലയിലെ ദേശീയ ശരാശരി 371.4 രൂപയും നിർമ്മാണ മേഖലയിലെ ദേശീയ ശരാശരി 417.3 രൂപയുമാണ്.

(ഇ) 'എ' പിരിവിനുള്ള മറുപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, കേന്ദ്ര സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നയങ്ങളിൽനിന്നും വ്യത്യസ്തമായ ബദൽ തൊഴിൽ നിയമം സ്വീകരിക്കുന്ന സംസ്ഥാന സർക്കാരിനെയും തൊഴിൽ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലെ ലേബർ കാർഡുള്ള

ചുമട്ടുതൊഴിലാളികൾക്ക് കോടതി ഉത്തരവിലൂടെയും മറ്റും തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. പ്രസ്തുത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ചുമട്ടുതൊഴിൽ കേരളത്തിലെ പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണ്. അവിടെ ചില പ്രശ്നങ്ങൾ ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. നിയമാനുസൃതമായ ലേബർ കാർഡുകളുള്ളവർക്കുപോലും ചില സാങ്കേതിക കാരണങ്ങളാൽ ജോലി നിഷേധിക്കുന്ന സ്ഥിതിവിശേഷമാണുണ്ടായിരിക്കുന്നത്. തൊഴിൽ സംരക്ഷണവും തൊഴിലാളികളുടെ ക്ഷേമവും പ്രധാനപ്പെട്ട കാര്യങ്ങളാണ്. തൊഴിൽ ക്രമീകരണം, തൊഴിൽ അന്തരീക്ഷം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് 1978-ലെ ചുമട്ടുതൊഴിലാളി നിയമത്തിന്റെ കീഴിൽ ചട്ടങ്ങൾ, പദ്ധതികൾ എന്നിവ രൂപീകരിച്ചത്. 1981-ലെ ചുമട്ടുതൊഴിലാളി ചട്ടങ്ങളിലെ ചട്ടം 26(എ) പ്രകാരം ചുമട്ടുതൊഴിലാളികൾക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ പൂളുകൾ രൂപീകരിച്ച് 1983-ലെ അൺഅറ്റാച്ച്ഡ് വിഭാഗം പദ്ധതിയുടെ കീഴിൽ ബോർഡ് പ്രസ്തുത തൊഴിലാളികൾക്ക് 6(എ) കാർഡുകൾ നൽകിവരുന്നു. ഈ മൂന്ന് പദ്ധതികളിലുമായി നിലവിൽ 45042 തൊഴിലാളികൾ ജോലി ചെയ്തുവരികയാണ്. 46 ഇനം ആനുകൂല്യങ്ങൾക്കായി പ്രതിമാസം ശരാശരി 15 കോടി രൂപയും അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ വേതനയിനത്തിൽ ശരാശരി 60 കോടി രൂപയും ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് വിതരണം ചെയ്യുകയാണ്. പുതിയ ചുമട്ടുതൊഴിലാളി സമൂഹത്തെ

വാർത്തെടുക്കുകയെന്ന ലക്ഷ്യം മുന്നിൽക്കണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് നവശക്തി. ഇതിലൂടെ തൊഴിലാളികൾക്ക് നൈപുണ്യ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിനായി ബോർഡിന്റെ തനതുഫണ്ടിൽനിന്നും ഈ സാമ്പത്തികവർഷം രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ 2000 തൊഴിലാളികൾക്ക് ലോജിസ്റ്റിക്സ് സെക്ടർ സ്കിൽ കൗൺസിലുമായി സഹകരിച്ച് പരിശീലനം നൽകുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് സർക്കാർ മുമ്പാകെ സമർപ്പിക്കുകയും കോടതി വിധികൾ, ഐ.എൽ.ഒ. കൺവെൻഷൻ എന്നിവയുടെ വെളിച്ചത്തിൽ ചുമട്ടുതൊഴിലാളി നിയമങ്ങൾ, ചട്ടങ്ങൾ, പദ്ധതികൾ എന്നിവയിൽ വേണ്ട ഭേദഗതികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ നിലവിലെ സാഹചര്യത്തിൽ കേരള ചുമട്ടുതൊഴിലാളി നിയമങ്ങളും ചട്ടങ്ങളും മറികടക്കാൻ സാധ്യമല്ല. തൊഴിലാളികളുടെ കൂലി, ജോലി എന്നിവ സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ബാധ്യസ്ഥമാണെന്നുള്ള കാര്യംകൂടി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. നന്ദകുമാർ: സർ, ലക്ഷക്കണക്കിനുവരുന്ന ഗിഗ് തൊഴിലാളികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. വി. ശിവൻകുട്ടി: സർ, ഗിഗ് തൊഴിൽ എന്നത് കേരളത്തിൽ—പുതുതായി ഉയർന്നുവന്ന തൊഴിൽമേഖലയാണ്. ഏതാണ്ട് മൂന്നരലക്ഷത്തോളം ഗിഗ് തൊഴിലാളികളുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഏതാണ്ട് 40 വയസ്സിനുതാഴെ പ്രായമുള്ള ചെറുപ്പക്കാരും ചെറുപ്പക്കാരികളുമാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്.

അവർക്ക് യാതൊരുവിധ സൗകര്യങ്ങളും സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ ചെയ്തുകൊടുക്കുന്നില്ല. ഒരു ഫോൺകോൾ വന്നാൽ പ്രതികൂല കാലാവസ്ഥയാണെങ്കിൽപ്പോലും ബന്ധപ്പെട്ട ഹോട്ടലിൽപോയി സാധനങ്ങളെടുത്ത് അതത് വീടുകളിൽ എത്തിക്കുകയാണ് അവർ ചെയ്യുന്നത്. കേരളത്തിന് ഒരു മഹത്തായ സംസ്കാരമുണ്ട്. ഏത് വിഭാഗത്തിൽപ്പെട്ടവരായാലും അവരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്ന നയമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തിലേക്ക് വരുന്ന അതിഥി തൊഴിലാളികൾക്ക് എല്ലാ സൗകര്യങ്ങളും നമ്മൾ ചെയ്തുകൊടുക്കുന്നുണ്ട്. എന്നാൽ കേരളത്തിൽനിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്നവർക്ക് യാതൊരു സംരക്ഷണവും ലഭിക്കാറുമില്ല. അങ്ങനെ താരതമ്യം ചെയ്യുമ്പോൾ ഗിഗ് വർക്കേഴ്സ് എന്നുപറയുന്നത് ഇന്റർനാഷണൽ ഇഷ്യൂവാണ്. ഇത് അന്തർദേശീയമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. കേരളത്തിൽ ഈ വിഷയത്തിന് പരിഹാരം കാണണം. അവരെല്ലാം വിദ്യാസമ്പന്നരാണ്. അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുണ്ട്. അവർ ലേബർ വകുപ്പിന് ഒരു നിവേദനം നൽകിയിട്ടുണ്ട്. അവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള ബിൽ നിയമസഭയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടെന്നുള്ള കാര്യം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, പ്ലാന്റേഷൻ മേഖലയിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി നിശ്ചയിച്ചതുപ്രകാരമുള്ള വേതനം എല്ലാ തൊഴിലാളികൾക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, പ്ലാന്റേഷൻ മേഖലയുടെ പ്രവർത്തനം ഇപ്പോൾ സജീവമായിരിക്കുകയാണ്. പ്രത്യേകമായി പ്ലാന്റേഷൻ ഡിപ്പാർട്ട്മെന്റും രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുമന്ത്രി മുൻകൈയെടുത്തുകൊണ്ട് ഈ രംഗത്തുണ്ടായിരുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് ശ്രമിക്കുകയാണ്. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നത്. ഇപ്പോൾ ഈ മേഖലയിലെ തൊഴിലാളികളുടെ വേതനത്തിൽ 41 രൂപയുടെ വർധന വരുത്തിയിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമായാണ് ഇത്ര വർധന വരുത്തുന്നത്. തൊഴിലാളികളെല്ലാം സന്തോഷത്തിലാണ്. അടച്ചിട്ടിരിക്കുന്ന തോട്ടങ്ങളുമുണ്ട്. അവിടത്തെ തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്തുകൊണ്ട് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് അടച്ചിട്ടിരിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പ്ലാന്റേഷൻ പ്രവർത്തനം നടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വ്യവസായ വകുപ്പ് മുൻകൈയെടുത്തുകൊണ്ട് വീടുവച്ച് നൽകുന്നതിനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പ്ലാന്റേഷൻ രംഗത്തെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, തൊഴിലാളിവർഗ പോരാട്ടങ്ങളുടെ ചരിത്രമുറങ്ങുന്ന കേരളത്തിൽ മാന്യമായ ജോലിക്കും കൂലിക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ നിരവധിയുണ്ടായിട്ടുണ്ട്. ഇന്ന് തൊഴിലാളികൾക്ക് ഉയർന്ന വേതനം നൽകുന്ന സംസ്ഥാനമായി കേരളം അഭിമാനത്തോടെ നിൽക്കുകയാണ്. എന്നാൽ ഈസ് ഓഫ്

ഡ്യൂയിങ് ബിസിനസ്സിന്റെ ഭാഗമായി കേന്ദ്രസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഡീറെഗുലേഷൻ പോളിസിയിൽ തൊഴിലാളികളുടെ ശമ്പളത്തെക്കുറിച്ച് പറയാതെ പ്രവൃത്തി സമയം, ഓവർടൈം വർധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേന്ദ്രസർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന തൊഴിൽ നിയമങ്ങളോട് കേരള സർക്കാർ യോജിക്കുന്നില്ല. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് മാത്രമേ കേരളത്തിൽ ആ നിയമം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്രസർക്കാർ അവതരിപ്പിച്ച ബജറ്റിൽ 'തൊഴിലാളി' എന്ന വാക്കുപോലും ഒരിടത്തുമില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. മാത്രമല്ല, ട്രേഡ് യൂണിയൻ രജിസ്ട്രേഷന്റെ കാര്യത്തിൽ കേരളം പോലെയുള്ള സംസ്ഥാനങ്ങൾ ഉദാരമായ സമീപനമാണ് സ്വീകരിക്കുന്നത്. എന്നാൽ കേന്ദ്രസർക്കാരിന്റെ പുതിയ നിയമമനുസരിച്ച് തൊഴിലാളി സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിനുപോലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, അവരുടെ ശമ്പളം, ജോലി സമയം എന്നിവയുടെ കാര്യത്തിലും ചില പ്രശ്നങ്ങളുണ്ട്. നാല് നിയമങ്ങളാണ് കേന്ദ്രസർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അവ കേരളത്തിന്റെ സാഹചര്യത്തിൽ നടപ്പിലാക്കാൻ കഴിയുന്നവയല്ല. തൊഴിലാളിപക്ഷ നിലപാട് മാത്രമേ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ വ്യവസായ രംഗത്തിനാവശ്യമായ പ്രോത്സാഹനം നമ്മൾ നൽകേണ്ടതുണ്ട്. വ്യവസായ രംഗത്ത് നമുക്ക് നല്ല രീതിയിലുള്ള വളർച്ച നേടാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ വ്യവസായത്തിന്റെ പേരുപറഞ്ഞ് തൊഴിലാളികളെ ദ്രോഹിക്കുന്ന ഒരു നിലപാടിനും

ഗവൺമെന്റ് കൂട്ടുനിൽക്കില്ല.

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളം തൊഴിൽ സംരക്ഷണത്തിലും തൊഴിലാളി അവകാശ സംരക്ഷണത്തിലും രാജ്യത്തിനും ലോകത്തിനും മാതൃകയാണ്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്താൻ മാത്രമല്ല മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന വേതന നിരക്ക് ഉറപ്പാക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ശമ്പളം ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കുന്നതിനുള്ള വേതന സുരക്ഷാ പദ്ധതി (Wage Protection System) കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; അമ്പതിനുമേൽ തൊഴിലാളികളുള്ള എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

(ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി സഭ വിട്ട് പുറത്തുപോയതിനാൽ പ്രസ്തുത ചോദ്യത്തിന് ഉത്തരം നൽകിയില്ല.)

ക്ഷേമനിധി ബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങളുടെ വിതരണം

2 (*92) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അംഗങ്ങളിൽ നിന്ന് അംശദായവും സർക്കാർ സഹായവും സ്വീകരിച്ച് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ കൃത്യമായി പെൻഷൻ വിതരണം ചെയ്യാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദവിവരം നൽകാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി ആകെ 33 ക്ഷേമനിധികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിച്ചുവരുന്നത്. അതിൽ പൂർണ്ണമായും തനതുഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോർഡുകളും സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ബോർഡുകളുമുണ്ട്. തനതുഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്റ്റാറ്റേർഡ് ഒഴികെ) എന്നിവ നാളിതുവരെയുള്ള പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളുടെയും മറ്റ് വിവിധ വകുപ്പുകളുടെ

കീഴിൽ പ്രവർത്തിക്കുന്ന 17 ക്ഷേമനിധി ബോർഡുകളുടെയും പെൻഷന്റെയും മറ്റാനുകൂല്യങ്ങളുടെയും കുടിശ്ശിക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി&സി) തനതുഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകിവരുന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്റ്റാറ്റേർഡ് വിഭാഗം ഒഴികെ) എന്നിവയിൽ നാളിതുവരെയുള്ള പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്.

തൊഴിലാളി-തൊഴിലുടമ നൽകിവരുന്ന അംശദായത്തിൽനിന്നും സ്ഥിരനിക്ഷേപങ്ങളിന്മേൽ ലഭിക്കുന്ന പലിശയിൽനിന്നുമാണ് ക്ഷേമനിധി ബോർഡുകൾ വരുമാനം കണ്ടെത്തുന്നതും ഗുണഭോക്താക്കളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നതും. ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യുന്ന അസംഘടിത-പരമ്പരാഗത മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളുടെ എണ്ണത്തിൽ വന്ന ഇടിവും പെൻഷൻകാരുടെ വർധനവും പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കള്ള് ചെത്ത്, ഈറ്റ, കശുവണ്ടി, ബീഡി പോലെയുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും ബോർഡുകളുടെ വരുമാന മാർഗം കുറയുന്നതിന് കാരണമായി. ടി താൽക്കാലിക പ്രതിസന്ധി മറികടക്കുന്നതിനായി സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ-

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ്), കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലെ പെൻഷൻ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് കമ്പനി മുഖേന സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്യുന്നുണ്ട്. ടി ബോർഡുകളിൽ 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ കുടിശ്ശികയാണ്. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ വരിക്കാരായ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ബോർഡിന്റെ വെബ്സൈറ്റ് മുഖേന ലഭിക്കുന്ന അപേക്ഷകളിൽ അപാകതയില്ലാത്തവർക്ക് എത്രയും വേഗം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

പൂർണ്ണമായും തനതുഫണ്ടിൽ പ്രവർത്തിക്കുന്ന കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനം തൊഴിലാളികളുടെ അംശദായത്തിലൂടെയും ബിൽഡിങ് സെസ്സ് പിരിവിലൂടെയുമാണ് ലഭിക്കുന്നത്. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 14-02-2024-ലെ സ.ഉ.(കൈ)നം. 23/2024/എൽ.എസ്.ജി.ഡി. ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)[+] പ്രകാരം ബിൽഡിങ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് കെട്ടിട നിർമ്മാണ തൊഴിലാളി സെസ് ശേഖരിച്ചുകൊണ്ടിരിക്കുന്നത്. ഒരുമാസം പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 62 കോടി രൂപയും മറ്റാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഏകദേശം 10 കോടി രൂപയുമടക്കം പ്രതിമാസം 72 കോടി രൂപ ബോർഡിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേണ്ടിവരും. അതിനാൽ സെസ് പിരിവിലൂടെ ബോർഡിന്റെ വരുമാനത്തിൽ കാലക്രമേണ വർധനവുണ്ടാകുന്നതും അതിനാൽത്തന്നെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുന്നതുമാണ്.

കൂടാതെ, തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവരശേഖരണത്തിനും ഇരട്ട അംഗത്വം ഒഴിവാക്കുന്നതിനും രൂപീകരിച്ചിട്ടുള്ള അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം സോഫ്റ്റ്വെയർ അഥവാ AIIS സോഫ്റ്റ്വെയർ മുഖേന ആധാർ അധിഷ്ഠിത രജിസ്ട്രേഷൻ നടപ്പാക്കി വരുന്നതിനാൽ ഇരട്ട അംഗത്വമുള്ളവരെയും അനർഹരെയും ഒഴിവാക്കാനും ബോർഡുകളിലൂടെ നൽകിവരുന്ന ആനുകൂല്യ വിതരണം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. അതിനോടൊപ്പം ബോർഡിലെ അംഗത്വ രജിസ്ട്രേഷൻ വർധിപ്പിക്കുന്നതിനായി മേഖല ഓഫീസ് അടിസ്ഥാനത്തിൽ മെമ്പർഷിപ്പ് ഡ്രൈവുകളും നടത്തിവരുന്നു.

മറ്റ് വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന 17 ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.[+]

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ അതിവർഷാനുകൂല്യവും റിട്ടയർമെന്റ് ബെനിഫിറ്റും 2019 മുതൽ മുടങ്ങിയിരിക്കുകയാണ്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ പെൻഷൻ 16 മാസമായി കുടിശ്ശികയാണ്. അതുപോലെ മിക്കവാറും എല്ലാ ബോർഡുകളിലെയും പെൻഷൻ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കുടിശ്ശികയായിരിക്കുകയാണ്. അപ്പോഴാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും മറ്റും 100-150 കോടി രൂപ വായ്പയെടുത്തിട്ടുള്ളത്. അവിടെ നൂറോളം പേരെ പുതിയതായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകുകയാണ്. 30-12-2024-ൽ നടത്തിയ മീറ്റിങ്ങിന്റെ മിനിറ്റ്സിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. അതിൽ ഇക്കാര്യം വ്യക്തമായി പറയുന്നുണ്ട്.

മി. സ്പീക്കർ: യെസ്... പ്ലീസ്... പ്ലീസ്...

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇവരെ താൽക്കാലികമായി നിയമിച്ച് സ്ഥിരപ്പെടുത്തുമെന്ന് പറയുന്നു. അങ്ങനെ ചെയ്താൽ ഈ ബോർഡുകളുടെ പ്രതിസന്ധി വീണ്ടും വർധിക്കുകയും പെൻഷൻ മുടങ്ങുകയുമില്ലേ; അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാര്യം ഞാൻ നേരത്തെതന്നെ വ്യക്തമാക്കിയതാണ്. ഇപ്പോൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് പിരിച്ചുകൊണ്ടിരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ സെസ്സ് നൽകണമെന്നുള്ളതുകൊണ്ട് ഇനി ഫണ്ടിന്റെ ഫ്ലോ കൃത്യമായുണ്ടാകുമെന്ന് ഉറപ്പാണ്. നേരത്തെ ഈ സെസ്സ് പിരിവിൽ ചില പ്രയാസങ്ങളുണ്ടായിരുന്നതിനാൽ ഏറെക്കാലത്തെ കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമം നടക്കുന്നതിനാൽ ഇനി

അത്തരമൊരു പ്രശ്നം ഉയർന്നുവരികയില്ല. സെസ്സ് പിരിവ് കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുകയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മിക്ക ക്ഷേമനിധി ബോർഡുകളും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനായി സമാന സ്വഭാവമുള്ള ബോർഡുകളെ സംയോജിപ്പിക്കാൻ 2020-ൽ തീരുമാനമെടുത്തിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടി കഴിഞ്ഞ നിയമസഭയിൽ ശ്രീ. കെ. ബാബു (നെന്മാറ)-യുടെ ചോദ്യത്തിന് മറുപടി നൽകിയിരുന്നു. അത്തരത്തിൽ സംയോജിപ്പിക്കൽ നടപടികളായിട്ടുണ്ടോ; അതുവഴി ചെലവുകൾ കുറയ്ക്കുന്നതിനും അനർഹമായി അംഗത്വമെടുത്ത ആളുകളെ ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തെ നേരിട്ട് അറിയിക്കാവുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, 1978-ൽ പാസ്സാക്കിയ ചുമട്ടുതൊഴിലാളി നിയമത്തിൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ഇതുവരെ ഭേദഗതി കൊണ്ടുവന്നിട്ടില്ല. വർത്തമാനകാല സാഹചര്യത്തിന് അനുസൃതമായി ചുമട്ടുതൊഴിലാളി നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അക്കാര്യം പരിശോധിച്ചതിനുശേഷം അറിയിക്കാം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ

പറ്റിയവർ എല്ലാ വർഷവും ലൈഫ് സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്. എന്നാൽ അതോടൊപ്പം മസ്റ്ററിങ് കൂടി നടത്തണമെന്ന് നിർദേശമുണ്ട്. കൂടാതെ എല്ലാ ക്ഷേമനിധി ബോർഡുകളിലെയും അംഗങ്ങൾ അവരുടെ മുഴുവൻ വിവരങ്ങളും പുതിയ സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതായിട്ടുണ്ട്. ചുരുക്കത്തിൽ തൊഴിലാളികളും പെൻഷൻകാരും അക്ഷയ കേന്ദ്രങ്ങളിൽ കയറിയിറങ്ങുകയാണ്. ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നവരെ മസ്റ്ററിങ്ങിൽ നിന്ന് ഒഴിവാക്കാനും രജിസ്ട്രേഷൻ സമയത്ത് കൃത്യമായി വിവരങ്ങൾ നൽകിയ തൊഴിലാളികളെ ബുദ്ധിമുട്ടിക്കുന്നത് ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള നടപടിക്രമമാണ് മസ്റ്ററിങ്. അങ്ങ് ഉന്നയിച്ച ചോദ്യം പ്രത്യേകമായി പരിശോധിച്ചശേഷം വ്യക്തമായ മറുപടി അറിയിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്ഷേമനിധി പെൻഷനുള്ളവർക്ക് മറ്റ് സാമൂഹ്യക്ഷേമ പെൻഷൻ നൽകാത്തത് വിവേചനമാണ്. കാരണം, തുക നിക്ഷേപിച്ചിട്ടാണ് അവർക്ക് നിശ്ചിത പ്രായപരിധിക്കുശേഷം അത് തിരിച്ചുകിട്ടുന്നത്. ഇക്കാര്യം പലതവണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരിക്കൽക്കൂടി അത് ആവർത്തിക്കുകയാണ്. ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2022-ൽ 14762 പേരും 2023-ൽ 26000 പേരുമാണ് രജിസ്റ്റർ ചെയ്തിരുന്നതെങ്കിൽ 2024-ൽ അത് 9077 ആയി. ഇവരുടെ എണ്ണം കുറയുകയും കുടിശ്ശിക കൂടുകയുമാണ് ചെയ്യുന്നത്. കർഷകത്തൊഴിലാളി ക്ഷേമനിധി

ബോർഡിൽ 450 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. സർക്കാർ ഈ ഇനത്തിൽ അനുവദിച്ചത് കേവലം 30 കോടി രൂപ മാത്രമാണ്.

മി. സ്പീക്കർ: ചോദ്യത്തിലേക്ക് വരൂ...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും പ്രത്യേക ഡ്രൈവ് നടത്തുമോ; മറ്റ് സാമൂഹ്യക്ഷേമ പെൻഷനുകൾ ഇത്തരക്കാർക്ക് തടസ്സമില്ലാതെ വാങ്ങാൻ കഴിയുന്നതരത്തിലുള്ള ഭേദഗതിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഒരേസമയം ഒരു പെൻഷൻ എന്നുള്ളതാണ് പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള തത്വം. അതിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത്. കർഷകത്തൊഴിലാളികളുടെ എണ്ണത്തിൽ ആനുപാതികമായുണ്ടാകുന്ന കുറവ് ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണത്തിലും ഉണ്ടാകാനിടയുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി വർക്കേഴ്സ് വെൽഫെയർ ബോർഡിലെ കുടിശ്ശിക പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ; ക്ഷേമനിധി ബോർഡിലെ ദ്വയാംഗത്വം ഒഴിവാക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. തൊഴിൽ വകുപ്പിലെ വർധിച്ച ജോലിഭാരം വലിയ തോതിൽ ഈ സെസ്സ് പിരിവിനെ ബാധിക്കുകയും കുടിശ്ശികയാകുകയും ചെയ്തു. ആ

സാഹചര്യത്തിലാണ് 2024 ഫെബ്രുവരി 14-ന് തദ്ദേശസ്വയംഭരണ വകുപ്പിനെ ഇതിന് ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ തീരുമാനമെടുത്തത്. കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സ് പിരിവ് കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാണ് അങ്ങനെ തീരുമാനിച്ചത്. ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ ക്ഷേമനിധി സെസ്സ് അടയ്ക്കണമെന്നതാണ് വ്യവസ്ഥ. കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സ് എന്നത് കേന്ദ്ര നിയമമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകൃത സോഫ്റ്റ്വെയറായ K-SMART (Kerala-Solution for Managing Administrative Reformation and Transformation)-ൽ സെസ്സ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ട്. ഓൺലൈനായി സെസ്സ് പിരിച്ചെടുക്കാവുന്ന സ്ഥിതിയാണുള്ളത്. 2024 ആഗസ്റ്റ് 11 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് സെസ്സ് പിരിച്ചുകൊണ്ടിരിക്കുന്നത്. മുമ്പ് പ്രതിമാസം ഏകദേശം 30 കോടി രൂപയായിരുന്ന സെസ്സ് കളക്ഷനെങ്കിൽ ഇപ്പോഴത് 50 കോടി രൂപയായി വർധിച്ചിട്ടുണ്ട്. K-SMART സോഫ്റ്റ്വെയർ വഴി തദ്ദേശസ്ഥാപനങ്ങൾ മുഖേന സെസ്സ് പിരിക്കാൻ തുടങ്ങിയതോടുകൂടി ഏതാണ്ട് ഇരട്ടി വർധനവ് ഉണ്ടായിട്ടുണ്ട്. ഇനിയും വർധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ടാണ് ഇനി ഫണ്ട് ഫ്ലോ ഉറപ്പാക്കാനാകുമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചത്.

ശ്രീ. സി. ആർ. മഹേഷ്: സർ, കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ തൊഴിൽ ചെയ്യുന്നത് രണ്ട് വിഭാഗങ്ങളാണ്. ബംഗാളികളായ പുരുഷന്മാരും മലയാളികളായ സ്ത്രീകളുമാണത്. സ്റ്റേഷനറി, ടെക്സ്റ്റൈൽസുകൾ, ബേക്കറി, പെട്രോൾ പമ്പ് തുടങ്ങിയവയിൽ ലക്ഷക്കണക്കിന് സഹോദരിമാരാണ് ജോലി ചെയ്യുന്നത്. രാവിലെ 7 മണിമുതൽ രാത്രി 9 മണിവരെയാണ് അവരുടെ ജോലിസമയം. ഇവരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും

വേതനം വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. അക്കാര്യം പരിശോധിച്ചശേഷം അറിയിക്കാം.

ശ്രീ. ലിന്റോ ജോസഫ്: സർ, വയനാട് ചൂരൽമല ദുരന്തത്തിൽ ക്ഷേമനിധി ബോർഡുകൾവഴി വിതരണം ചെയ്തിട്ടുള്ള ആകെ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇപ്പോൾ ആ കണക്കുകൾ ലഭ്യമല്ല. പരിശോധിച്ച് അറിയിക്കാം.

ശ്രീ. ഇ. കെ. വിജയൻ: സർ, നിർമ്മാണ കമ്പനികളിൽ നിന്നാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഏറ്റവും കൂടുതൽ വരുമാനം വരേണ്ടത്. വൻകിട നിർമ്മാണ കമ്പനികളിൽ നിന്നും സമയബന്ധിതമായി ക്ഷേമനിധി ബോർഡിലേക്ക് സെസ്സ് കുടിശ്ശിക പിരിക്കാൻ സംവിധാനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സിന്റെ കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമം തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ തുടർന്നുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: വൻകിട നിർമ്മാണ കമ്പനികളിൽ നിന്നുള്ള സെസ്സ് പിരിവിന്റെ കാര്യമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കുടിശ്ശിക എല്ലാവരും അടയ്ക്കാനുള്ളതാണ്. വൻകിട കമ്പനികളിൽ നിന്ന് കൂടുതൽ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടാകും. അത് പിരിച്ചെടുക്കാനുള്ള

നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ദേശീയപാത 66 – നിർമ്മാണത്തിലെ അപാകതകൾ

3 (*93) ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. സജീവ് ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. ആര്യാടൻ ഷൗക്കത്ത്:

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്തെ കുരിയാട് അടക്കം ദേശീയപാത 66-ന്റെ ഭാഗമായുള്ള റോഡുകൾ തകർന്ന സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ദേശീയപാത 66-ലെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിരവധി സ്ഥലങ്ങളിൽ ദേശീയപാത നിർമ്മാണത്തിൽ വിള്ളലടക്കം സംഭവിച്ചിട്ടും സർക്കാർ ഗൗരവപൂർവം ഇടപെടൽ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ-സി) കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ് ദേശീയപാത 66-ന്റെ വികസനം. നേരത്തെ ദേശീയപാത അതോറിറ്റി പദ്ധതിക്കായി ഫണ്ട് അനുവദിക്കുകയും പ്രാഥമിക

പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലമേറ്റെടുത്ത് നൽകാത്തതിനെത്തുടർന്ന് 2014 സെപ്റ്റംബറിൽ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ദേശീയപാത വികസനത്തിൽ നിന്നും ദേശീയപാത അതോറിറ്റി പിൻമാറുകയുണ്ടായി. തുടർന്ന് 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാരുമായി തുടർച്ചയായി ചർച്ച ചെയ്തതിനുശേഷമാണ് ആറുവരി ദേശീയപാത 66-ന്റെ വികസനം വീണ്ടും യാഥാർഥ്യമാക്കിയത്. ദേശീയപാത 66-ന്റെ വികസനം സാധ്യമാക്കാൻ ഭൂമിയേറ്റെടുക്കലിന്റെ 25% തുക സംസ്ഥാനം വഹിക്കണമെന്ന നിബന്ധനയോടെയാണ് പ്രവൃത്തി പുനരാരംഭിച്ചത്. ഇതിനായി 5580.73 കോടി രൂപ സംസ്ഥാനം കേന്ദ്രത്തിന് കൈമാറുകയും ചെയ്തു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും വലിയ തുക ഒരു സംസ്ഥാന സർക്കാർ ദേശീയപാത വികസനത്തിനായി ചെലവഴിക്കുന്നത്.

ഭൂമിയേറ്റെടുക്കൽ ഏറെക്കുറെ പൂർത്തിയാക്കി ഭൂമി ദേശീയപാത അതോറിറ്റിക്ക് കൈമാറിയ ഘട്ടത്തിൽ ദേശീയപാത അതോറിറ്റി റോഡുകൾക്കുള്ള ഡിസൈൻ തയ്യാറാക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് 444 കിലോമീറ്റർ ദൂരം ആറുവരിയായി വികസിപ്പിച്ചുകഴിഞ്ഞു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ദേശീയപാതയുടെ ഡിസൈനും നിർമ്മാണവും ഗുണനിലവാരം ഉറപ്പാക്കലും ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്വമാണെങ്കിലും സംസ്ഥാനം ഫണ്ട് ചെലവഴിക്കുന്നതിനാലും

പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിൽ ഞാനും യോഗങ്ങൾ ചേരുകയും അതോടൊപ്പം പ്രവൃത്തിയിടങ്ങളിലെത്തി പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ ദേശീയപാത നിർമ്മാണ വേളയിൽ മണ്ണിടിച്ചിൽ സാധ്യത മുന്നിൽകണ്ടുകൊണ്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താൻ നേരത്തെതന്നെ ദേശീയപാത അതോറിറ്റിയോട് നിർദേശിച്ചിരുന്നു. ഇത്തരത്തിൽ മണ്ണിടിച്ചിലുണ്ടാകാൻ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി പരിസ്ഥിതി സൗഹാർദമായ പരിഹാരമാർഗങ്ങൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കി നടപ്പാക്കണമെന്ന് ദേശീയപാത അതോറിറ്റിയോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നു. പ്രവൃത്തി പുരോഗമിക്കുന്നതിനിടയിൽ മലപ്പുറത്ത് കുരിയാട് നിർമ്മാണത്തിലിരിക്കുന്ന റോഡ് തകർന്നു. മഴയുടെ ഘട്ടത്തിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിലും റോഡുകളിൽ വിള്ളലുകളുമുണ്ടായി. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ ദേശീയപാത അതോറിറ്റിയെ അറിയിക്കുകയും പരിഹാര നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. 26-05-2025-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും 30-05-2025-ന് ചീഫ് സെക്രട്ടറിയും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് ഇതുസംബന്ധിച്ച് ചർച്ച നടത്തിയിരുന്നു. 6-7-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചയിൽ മുഖ്യമന്ത്രി ദേശീയപാത നിർമ്മാണത്തിലുണ്ടായ അപാകതകൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന്

അടിയന്തരമായി പരിഹാരം കാണണമെന്നും പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നും മുഖ്യമന്ത്രി കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു. ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ശാസ്ത്രീയമായ പരിഹാര മാർഗങ്ങളുണ്ടാകുമെന്നും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി മുഖ്യമന്ത്രിക്ക് ഉറപ്പ് നൽകി. കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചുവെന്നും റിപ്പോർട്ട് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിക്കുകയുണ്ടായി. കൺസഷണറുടെ രൂപകല്പനയിൽ പിഴവ് സംഭവിച്ചതുമൂലമാണ് തകർച്ചയുണ്ടായതെന്ന് കണ്ടെത്തിയതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കൺസഷണറെയും സ്വതന്ത്ര എഞ്ചിനീയറെയും ഡീബാർ ചെയ്തതായും ടീം ലീഡറെയും കൺസഷണറുടെ പ്രോജക്ട് മാനേജരെയും സസ്പെൻഡ് ചെയ്തതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും കുരിയാട് ഒരു വയഡക്ട് നിർമ്മിക്കാനുള്ള നിർദ്ദേശം കരാറുകാരന് നൽകിയതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ദേശീയപാതയെ സംബന്ധിച്ച് പലപ്പോഴും സർക്കാരും മന്ത്രിയും വലിയ അവകാശവാദങ്ങളാണ് ഉയർത്തുന്നത്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങളല്ലാതെ നിർമ്മാണവുമായി ബന്ധപ്പെട്ട് ലോക്കൽ ഇൻപുട്ട്സ് നൽകാനുള്ള അവസരം പി.ഡബ്ല്യു.ഡി.-ക്ക് അല്ലെങ്കിൽ സ്റ്റേറ്റിനുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിലയ്ക്ക് ഇവിടത്തെ സ്പെസിഫിക് കണ്ടീഷൻസ് പറഞ്ഞുകൊണ്ട്

പ്രോപ്പർ ഇൻപുട്ട്സ് കൊടുക്കുകയും ദേശീയപാതയുടെ ഡിസൈനും വർക്ക് പാറ്റേണും മനസ്സിലാക്കിയപ്പോൾ ഇവിടത്തെ സോയിൽ കണ്ടീഷൻ വച്ചുകൊണ്ട് ഇത് പ്രാപ്യമായിരിക്കുകയില്ലെന്നും ഗുണകരമായിരിക്കുകയില്ലെന്നും അപകടസാധ്യതയുണ്ടെന്നും ചൂണ്ടിക്കാണിച്ചിരുന്നു. അതിൽ നടപടിയെടുക്കാത്തതിനെതിരെ പരാതി എലവേറ്റ് ചെയ്തതിൽ എന്തെങ്കിലും റിസൾട്ടുണ്ടായിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ദേശീയപാത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും എൻ.എച്ച്.എ.ഐ.-യുടെയും റോളുകൾ വളരെ വ്യക്തമാണ്. ഭൂമിയേറ്റെടുക്കൽ ഒരു പ്രധാന പ്രശ്നമായിരുന്നു. ഭൂമിയേറ്റെടുക്കലും വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷനും യൂട്ടിലിറ്റി ഷിഫ്റ്റിങ്ങുമുൾപ്പെടെ സ്റ്റേറ്റ് ഗവൺമെന്റ് നടത്തുന്നു. നിർമ്മാണവുമായി ബന്ധപ്പെട്ട പൂർണ്ണ ഉത്തരവാദിത്വം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ് (NHAI). അക്കാര്യങ്ങൾ അവർ നിർവഹിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യങ്ങളെല്ലാം ദേശീയപാത അതോറിറ്റിയെയും കേന്ദ്രസർക്കാരിനെയും പല ഘട്ടങ്ങളിലായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുവിൽ സർക്കാരും വകുപ്പ് മേധാവികളും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ദേശീയപാതയിൽ ഈ സംഭവമുണ്ടായതിനുശേഷം ഇപ്പോൾ ചെയ്ത ഡിസൈൻ വച്ച് മുന്നോട്ടുപോകാൻ കഴിയില്ലെന്ന് അറിയാമല്ലോ. ഇനിയും ഇത് ആവർത്തിക്കാതിരിക്കാനായി change of design സ്റ്റേറ്റുമായി ഷെയർ ചെയ്തിട്ടുണ്ടോ; അല്ലെങ്കിൽ changes they are going to bring in നമ്മുടെ കണ്ടീഷനുകൾക്ക്

അനുയോജ്യമാണോയെന്ന് പി.ഡബ്ല്യു.ഡി. പരിശോധിച്ചിട്ടുണ്ടോ; അതുസംബന്ധിച്ച് എന്തെങ്കിലും ആധികാരിക റിപ്പോർട്ട് സംസ്ഥാന സർക്കാർ കേന്ദ്രത്തിനോ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനോ കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുസംബന്ധിച്ച് ഗൗരവത്തിൽ പരിശോധിക്കേണ്ടതുണ്ട്. കരാറുകാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുൾപ്പെടെയുള്ള വിഷയങ്ങളിൽ വളരെ കർക്കശമായ സമീപനം സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. നിർമ്മാണവുമായി ബന്ധപ്പെട്ട പരിപൂർണ്ണ ഉത്തരവാദിത്വം കേന്ദ്രസർക്കാരിനും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കുമായതുകൊണ്ട് അതിൽ നിലപാട് സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

ശ്രീ. എം. വിൻസെന്റ്: സർ, നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ തകർന്നുവീഴുന്നത് തുടർക്കഥയാകുകയാണ്. 24 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കോഴിക്കോട്-കൊയിലാണ്ടി-തോരായിക്കടവ് പാലം തകർന്നുവീണ് ഒരു തൊഴിലാളിക്ക് പരിക്കുപറ്റി. മാവേലിക്കരയിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിന്റെ ഗർഡർ കോൺക്രീറ്റ് ചെയ്യുന്നതിനിടയിൽ രണ്ട് തൊഴിലാളികൾ മരണപ്പെട്ടു. സിമന്റും കമ്പിയും മതിയായ അളവിൽ ചേർക്കാതെ പാലം നിർമ്മിക്കുന്നതുകൊണ്ടാണോ തകർന്നുവീഴുന്നത് എന്നുള്ളതല്ല എന്റെ ചോദ്യം. ഇങ്ങനെ തകർന്നുവീഴുന്ന പാലങ്ങൾക്ക് എഞ്ചിനീയറിങ് സൂപ്പർവൈസിങ് നടത്തുന്ന ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രസ്തുത പാലം നിർമ്മാണഘട്ടത്തിൽ തകർന്നുവെന്നത് വസ്തുതയാണ്. അതിനെതിരെ കർക്കശമായ സമീപനം സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നു. പാലം നിർമ്മാണത്തിലിരിക്കുമ്പോൾ തകരാറുകൾ സംഭവിക്കുന്നത് ആദ്യമായിട്ടല്ല, മുമ്പും സംഭവിച്ചിട്ടുണ്ട്, അങ്ങനെയുണ്ടാകാൻ പാടില്ല. ഇപ്പോൾ പഴയ കണക്കുകൾകൂടി ഞാൻ പരിശോധിച്ചു. പാലം നിർമ്മാണത്തിനിടെ ബീമുകൾക്ക് സ്ഥാനചലനം സംഭവിക്കുന്നത് പുതിയ സംഭവമെന്ന നിലയിൽ ചിലർ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. 2011 മുതൽ 2016 വരെയുള്ള ചരിത്രം പരിശോധിച്ചാൽ അപകടങ്ങളുടെ എണ്ണം വളരെ കൂടുതലായിരുന്നു. 2012 ജൂലൈ 12-ന് കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽ മേലൂർക്കടവ് പാലം നിർമ്മാണത്തിനിടെ അപകടം നടക്കുകയും മൂന്നാമത്തെ ബീം തകർന്നുവീഴുകയും അഞ്ച് തൊഴിലാളികൾക്ക് പരിക്കേൽക്കുകയും ചെയ്തു. അന്ന് നിയമസഭയിൽ ചർച്ച ചെയ്യപ്പെട്ട വിഷയമാണിത്. 2014 നവംബർ മാസം മൂന്നിന് കളമശ്ശേരി നിയോജകമണ്ഡലത്തിലെ തടിക്കകടവ് പാലം നിർമ്മാണത്തിനിടെ ബീം തകർന്നുവീണ് നാല് പേർക്ക് പരിക്കേറ്റു. അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലമായ കളമശ്ശേരി ഇന്നത്തെ വ്യവസായ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലമാണ്. 2014 ജനുവരി മാസം 11-ന് അരൂർ നിയോജകമണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി പാലത്തിൽ ഗർഡർ ഷിഫ്റ്റ് ചെയ്യുമ്പോൾ അപകടം സംഭവിച്ചു. 2016 മാർച്ച് മൂന്നിന് തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ നെട്ടൂർ-കുണ്ടന്നൂർ സമാന്തര പാലത്തിന്റെ സ്പാൻ തകർന്നുവീണ് നാല് പേർക്ക് പരിക്കേറ്റു. ഇതുസംബന്ധിച്ച് ഒരു വലിയ പട്ടികയുണ്ട്. 2016 മേയ് മാസത്തിൽ ഇപ്പോഴത്തെ

പ്രതിപക്ഷനേതാവിന്റെ നിയോജകമണ്ഡലമായ പറവൂരിൽ സ്റ്റേഷൻകടവ് വലിയ പഴംപള്ളി തുരുത്ത് പാലം നിർമ്മാണത്തിനിടെ ഗർഡർ തകർന്നുവീണ് ഒരാൾ മരണപ്പെട്ടു. അങ്ങനെ ഇത്തരം അപകടങ്ങൾ എല്ലാക്കാലത്തും സംഭവിക്കുന്നുണ്ട്. അത് കുറച്ചുകൊണ്ടുവരുന്നതിന് കർക്കശ നിലപാട് സ്വീകരിക്കും. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ പാലിക്കേണ്ട നിലപാടിൽ വിട്ടുവീഴ്ച ചെയ്താൽ യാതൊരു തരത്തിലും കോംപ്രമൈസ് ചെയ്യാൻ കഴിയില്ല. ആലപ്പുഴ സംഭവത്തിൽ മാവേലിക്കര-ചെങ്ങന്നൂർ നിയോജകമണ്ഡലത്തെ ബന്ധിക്കുന്ന പാലത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തു. അതിലൊന്നും ഒരു വിട്ടുവീഴ്ചയുമുണ്ടായിട്ടില്ല. അത്തരം വിഷയങ്ങളിൽ നമുക്ക് എല്ലാവർക്കും ഒന്നിച്ചുനിന്നുകൊണ്ട് നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകാം.

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: സർ, ദേശീയപാതപോലെതന്നെ ഏറെ പ്രാധാന്യമുള്ള അന്തർസംസ്ഥാന പാതയാണ് കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡ്. കഴിഞ്ഞ പത്തുവർഷമായി ഉപരിതലം പുതുക്കാത്തതിനാൽ ഇത് ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? 2014-ൽ ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിന്റെ ഭാഗമായി 450 കോടി രൂപ മുടക്കി ഇതിന്റെ പകുതിഭാഗം പൂർത്തീകരിക്കുകയും ബാക്കി പ്രവൃത്തി പകുതിവഴിയിൽ ഉപേക്ഷിച്ച് പോകുകയുമാണ് ചെയ്തത്. അതുപോലെ നാടുകാണി-പരപ്പനങ്ങാടി റോഡിന്റെ ഭാഗമായി 232 കോടി രൂപയുടെ പ്രവൃത്തി മാത്രം ചെയ്ത് ഭാഗികമായി ഉപേക്ഷിച്ചുപോയി. ഇത് പൂർത്തീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട വിഷയമാണിത്. ഇക്കാര്യം ഗൗരവമായി പരിശോധിച്ച് മുന്നോട്ടുപോകാം.

ശ്രീ. റോജി എം. ജോൺ: സർ, എറണാകുളം ജില്ലയുടെ സ്വപ്നപദ്ധതിയായ എൻ.എച്ച്. 544, അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായ സർവെ നടപടികൾ വൈകിയതിനാൽ 3(എ) നോട്ടിഫിക്കേഷൻ റദ്ദായിരിക്കുകയാണ്. നിയമപ്രകാരം 3(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ കുറഞ്ഞത് 50% സർവെ നടപടികൾ പൂർത്തീകരിച്ച് എൻ.എച്ച്.എ.ഐ.-ക്ക് കൈമാറിയാൽ മാത്രമെ 3(ഡി) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയുള്ളൂ. എന്നാൽ സർവെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ 3(എ) നോട്ടിഫിക്കേഷൻ റദ്ദാകുകയും ഈ പദ്ധതി അനന്തമായി നീണ്ടുപോകുകയും ചെയ്യുകയാണ്. എറണാകുളം ബൈപ്പാസ് അല്ലെങ്കിൽ അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസിലൂടെ യാത്ര ചെയ്യുന്ന എല്ലാവർക്കും അവിടത്തെ ഗതാഗതക്കുരുക്ക് അറിയാവുന്നതാണ്. അങ്കമാലി, ആലുവ, കളമശ്ശേരി, ഇടപ്പള്ളി തുടങ്ങി എറണാകുളം ജില്ലയിലെ എല്ലാ സ്ഥലങ്ങളിലും വലിയ തോതിലുള്ള ഗതാഗതകുരുക്കാണ് അനുഭവപ്പെടുന്നത്. ഇതിന് പരിഹാരമാകേണ്ട പദ്ധതിയാണ് അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ്. ഇതുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നിരവധി തവണ യോഗം ചേർന്നെങ്കിലും സർവെ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ ഇത് അനന്തമായി നീണ്ടുപോകുകയും 3(എ) നോട്ടിഫിക്കേഷൻ റദ്ദാകുകയും ചെയ്തിരിക്കുകയാണ്. ഈ വിഷയത്തിൽ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എറണാകുളം ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട പദ്ധതിയാണിത്. ഇതിൽ സംസ്ഥാന സർക്കാർ വലിയ താൽപര്യത്തോടെയാണ് ഇടപെട്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ അടുത്ത ഘട്ടം ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്നതാണ്. 3(എ) നോട്ടിഫിക്കേഷനും അതുമായി ബന്ധപ്പെട്ട നടപടികളും സ്വീകരിക്കാനാകും. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് എറണാകുളം ജില്ലയുടെ ചുമതല കൂടിയുണ്ട്. അതുകൊണ്ട് അദ്ദേഹം ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെടുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നിലനിൽക്കുന്ന തടസ്സങ്ങളെല്ലാം കൂട്ടായി പരിശോധിച്ച് മുന്നോട്ടുപോകാവുന്നതാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, എൽ.ഡി.എഫ്. സർക്കാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനും കാണിച്ച ഇച്ഛാശക്തികൊണ്ടാണ് കേരളത്തിൽ ദേശീയപാത വികസനം സാധ്യമായത്. സംസ്ഥാന വിഹിതമായി 5580 കോടി രൂപ കേരളം കേന്ദ്രത്തിന് നൽകി സാധ്യമാക്കിയ പദ്ധതിയാണിത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നേതൃത്വപരമായ പങ്കാളിത്തവും ഇടപെടലും നടത്തുകയാണ്. കോഴിക്കോട് ജില്ലയിലെ ഒരു റീച്ചിന്റെ പ്രവൃത്തി ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. അഴിയൂർ-വെങ്ങളം റീച്ചിന്റെ പ്രവൃത്തി വേഗത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിൽ ഉദ്ദേശിച്ചതുപോലെ മുന്നോട്ടുപോകാത്ത എൻ.എച്ച്. 66-ന്റെ റീച്ചുകളിൽ ഒന്നാണ് അഴിയൂർ-വെങ്ങളം. അത്

പരിഹരിക്കാൻ തുടർച്ചയായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. കരാറുമായി ബന്ധപ്പെട്ട ആളുകളുടെ അനാസ്ഥയും തൊഴിലാളികളുടെ കുറവുമാണ് പ്രശ്നമായത്. തുടർച്ചയായ ഇടപെടലിന്റെ ഭാഗമായി തൊഴിലാളികളുടെ എണ്ണം മൂന്നിരട്ടിയായി വർധിപ്പിച്ചിട്ടുണ്ട്. കൂടാതെ, ദേശീയപാതയെ 10 കിലോമീറ്റർ വീതം വേർതിരിച്ച് പ്രവൃത്തി നടത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ റിവ്യൂവും മറ്റും നടത്തുന്നുണ്ട്. അങ്ങനെ ഈ പ്രശ്നം എല്ലാവരും ചേർന്ന് പരിഹരിച്ചുപോകാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

ശ്രീമതി കെ. കെ. രമ: സർ, എൻ.എച്ച്. 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിയൂർ-വെങ്ങളം റീച്ചിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തിട്ടും പല സ്ഥലത്തും സർവീസ് റോഡിന് അഞ്ച് മീറ്റർ പോലും വീതിയില്ലാത്ത സ്ഥിതിയുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ചോറോട് മേൽപ്പാലത്തിന്റെ പണി തുടങ്ങിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. നാലഞ്ച് മാസമായി പണി തീരെ നടക്കുന്നില്ല. അവിടത്തെ ജനങ്ങൾ ബുദ്ധിമുട്ടിലായിരിക്കുകയാണ്. ജനങ്ങൾക്ക് അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കാൻ സാധിക്കുന്നില്ല. ചോറോട് ടൗൺ പൂർണ്ണമായും ഇല്ലാതായി, പല കച്ചവട സ്ഥാപനങ്ങളും പൂട്ടിപ്പോയി. അവിടെ ഒരു റെയിൽവേ മേൽപ്പാലമുണ്ട്. അതിന്റെ അവസ്ഥയും ഇതുതന്നെയാണ്. ഈ രണ്ട് പാലങ്ങളുടെയും പണി നടക്കാത്തതുമൂലം ഒഞ്ചിയം-കേളു ബസാറിൽ വില്ലേജ് ഓഫീസ്, എഫ്.എച്ച്.സി., സ്കൂളുകൾ ഉൾപ്പെടെയുള്ളവയിലേയ്ക്ക് ജനങ്ങൾക്ക് പോകാൻ സാധിക്കുന്നില്ല. ജനങ്ങൾക്ക് നടക്കാനായി ഒരു അടിപ്പാതകൂടി അനുവദിക്കേണ്ടത് അനിവാര്യമാണ്. ഈ രണ്ട് പ്രശ്നങ്ങളും

പരിഹരിക്കാൻ എൻ.എച്ച്.എ.ഐ.-യ്ക്ക് നിർദേശം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം നേരത്തെ പറഞ്ഞതാണ്. മറ്റ് വിഷയങ്ങളിൽ ഇടപെടുന്നതുപോലെ ഈ വിഷയത്തിലും സർക്കാർ കാര്യക്ഷമമായി ഇടപെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച മറ്റ് കാര്യങ്ങളെപ്പറ്റി പരിശോധിക്കാം. അവിടെയുള്ള ജനപ്രതിനിധികളെ കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് ഈ വിഷയത്തിൽ ഇടപെടുന്നത്. ഈ പദ്ധതിയുടെ ആവശ്യകത മനസ്സിലാക്കിയും ജനങ്ങളുടെ ന്യായമായ ആവശ്യത്തെയും അവരുടെ വിശാലമനസ്കതയെയും ബഹുമാനിച്ചുമാണ് സംസ്ഥാന സർക്കാർ ഇടപെടുന്നത്.

ഡോ. എൻ. ജയരാജ്: സർ, എൻ.എച്ച്. 183-ന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ഒരു കൺസൾട്ടൻസിയെ ഏൽപ്പിക്കുകയും ഘട്ടംഘട്ടമായി എന്തൊക്കെയോ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്തു. എന്നാൽ അവയെല്ലാം ക്യാൻസൽ ചെയ്ത് പുതിയൊരു കൺസൾട്ടൻസിയെ വച്ച് ചെങ്ങന്നൂർ മുതൽ മുണ്ടക്കയം വരെയുള്ള ഭാഗങ്ങൾക്കായി പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നുവെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞത്. ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട് ആശങ്കകൾ നിലനിൽക്കുകയാണ്. മുപ്പത് മീറ്റർ വീതിയെന്നാണ് പറയുന്നത്. അതുകൊണ്ട് ആ റോഡിന്റെ ഇരുവശങ്ങളിലും യാതൊരു നിർമ്മാണപ്രവർത്തനവും നടത്താൻ കഴിയുന്നില്ല. നാലഞ്ച് വർഷമായി ഈ പ്രോസസ്സ് തുടർന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; എത്രയുംവേഗം ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സംസ്ഥാന സർക്കാർ ഇടപെടുകൊണ്ടിരിക്കുന്ന

വിഷയമാണിത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഒരിക്കൽക്കൂടി നാഷണൽ ഹൈവേ അതോറിറ്റിയുമായി ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിന്റെ ദേശീയപാത വികസനത്തിൽ മുൻകൈയെടുക്കുന്ന ഗവൺമെന്റാണിത്. പുനലൂർ വഴി കടന്നുപോകുന്ന എൻ.എച്ച്. 744 വളരെ ഇടുങ്ങിയതായതിനാൽ ധാരാളം അപകടങ്ങൾ അവിടെ ഉണ്ടാകുന്നുണ്ട്. ശബരിമല സീസണിൽ തമിഴ്നാട്ടിൽനിന്ന് ധാരാളം യാത്രക്കാർ കടന്നുപോകുന്ന വളരെ പ്രാധാന്യമുള്ള പാതയാണിത്. കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയും ഫൈനൽ അലൈൻമെന്റ് സമർപ്പിക്കുകയുമുണ്ടായി. അങ്ങ് ഇക്കാര്യത്തിൽ മുൻകൈയെടുത്തിട്ടുള്ളതിനാൽ അത് യാഥാർഥ്യമാകുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയത്തിൽ തുടക്കം മുതൽതന്നെ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റ് കാര്യങ്ങൾ അതേ സ്പിരിറ്റിലുൾക്കൊണ്ട് മുന്നോട്ടുപോകും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്നതാണ് എൻ.എച്ച്.എ.-1. എന്റെ മണ്ഡലമായ തിരൂരിലെ ആതവനാട് പഞ്ചായത്തിലെ ഉണ്ണിയാൽ, ചുങ്കം പ്രദേശങ്ങളിലെ ദുരിതപൂർണ്ണമായ സാഹചര്യം ഞാൻ ഈ സഭയിൽ അവതരിപ്പിച്ചതാണ്. അവിടെ വെള്ളത്തിന്റെ കുത്തിയൊഴുക്കാണ്. ഇന്നുവരെ അതിന് പരിഹാരമുണ്ടായിട്ടില്ല. അതുപോലെ ചുങ്കം പ്രദേശത്ത് സർവീസ് റോഡ് ഇല്ലാത്തുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടും മുമ്പ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഈ

രണ്ട് വിഷയങ്ങൾക്കും അടിയന്തരമായി പരിഹാരമുണ്ടാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ സാന്നിധ്യത്തിൽ അധികാരികളുമായി ഇക്കാര്യം ചർച്ച ചെയ്യാവുന്നതാണ്.

പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശം

4 (*94) ശ്രീ. എച്ച്. സലാം:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് വകുപ്പ് കിഫ്ബി, റീ ബിൽഡ് കേരള, കെ.എസ്.ടി.പി., ആസ്തി സ്കീമുകൾ എന്നിവ മുഖേന പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കിഫ്ബി, റീ ബിൽഡ് കേരള, കെ.എസ്.ടി.പി., ആസ്തി സ്കീമുകൾ എന്നിവ മുഖേന പൂർത്തിയാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ;

(സി) 2016-2021 കാലയളവിൽ പൊതുമരാമത്ത് റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചതിന്റെ വിശദവിവരങ്ങൾ നൽകാമോ;

നിലവിൽ ഭരണാനുമതി റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) കെ.ആർ.എഫ്.ബി-പി.എം.യു. പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

റിക്ക്

സംസ്ഥാന റോഡ് വികസന പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി (1) കാസർഗോഡ് ജില്ലയിലെ ഉപ്പള-കനിയാന റോഡ്, (2) വിദ്യാനഗർ-സീതാംഗോളി റോഡ്-25 കി.മീ.-പാക്കേജ്-എ, (3) തിരുവനന്തപുരം ജില്ലയിൽ വെള്ളനാട്-ചെറ്റച്ചൽ റോഡ്, (4) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്-58 കി.മീ.-പാക്കേജ്-ബി എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തി DBFMT-PPP Annuity വ്യവസ്ഥയിൽ 2017-2018 കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബി.

കോഴിക്കോട് നഗരപാത വികസന പദ്ധതി ഘട്ടം-1: കേരള റോഡ് ഫണ്ട് ബോർഡ് ആന്വിറ്റി വ്യവസ്ഥയിൽ നടപ്പാക്കിയ പദ്ധതി 05-01-2016-ൽ ആരംഭിച്ച് 15-12-2017-ൽ പൂർത്തീകരിച്ചു.

കെ.എസ്.ടി.പി.

പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർ.ബി.ഡി.സി.കെ.

ആർ.ബി.ഡി.സി.കെ. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) **നിരത്തുകൾ**

Restoration of damaged portion of Airport Shanghumugham beach road (Ph.I) എന്ന പ്രവൃത്തിയിൽ ഡയഫ്രം വാൾ നിർമ്മാണത്തിനും റോഡ് നിർമ്മാണത്തിനുമായി 12-01-2021-ലെ G.O.(Rt) No. 22/2021/P&EA പ്രകാരം 805 ലക്ഷം രൂപയും (Ph. I & Ph. II), 23-02-2022-ലെ G.O.(Rt) No.22/2022/P&EA പ്രകാരം 3.32 കോടിയും രൂപയും (balance amount for Ph.I) ലഭ്യമാക്കി പൊതുമരാമത്ത് നിരത്ത് വിഭാഗം RKI മുഖേന ഡയഫ്രം വാൾ നിർമ്മാണം 2022 ഡിസംബറിൽ പൂർത്തിയാക്കിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി-പി.എം.യു.

പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കെ.എസ്.ടി.പി.

പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

ആർ.ബി.ഡി.സി.കെ.

പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട വിഭാഗം

പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു[+].

(സി) **നിരത്തുകൾ**

2016-21 കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 1464 പ്രവൃത്തികളിലായി 6640.56. കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-പി.എം.യു.

വിശദവിവരം അനുബന്ധമായി ചേർക്കുന്നു[+].

കെ.ആർ.എഫ്.ബി.

കോഴിക്കോട് നഗരപാത വികസന പദ്ധതി ഘട്ടം 1-ൽ ഉൾപ്പെടുത്തി 6 കോറിഡോറുകളിലായി 22.251 കി.മീ. റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്.

കെ.എസ്.ടി.പി.

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

ദേശീയപാത വിഭാഗം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻകീഴിലുള്ള ദേശീയപാതകളെല്ലാം ബി.എം.&ബി.സി. നിലവാരത്തിലുള്ളവയാണ്. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൽ State fund/CRIF പദ്ധതിയിലുൾപ്പെടുത്തി 909.989 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചു. കൂടാതെ നിലവിൽ ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡുകൾ MoRTH ഫണ്ട് മുഖേന 407.283 കി.മീ. റോഡുകൾ ബലപ്പെടുത്തൽ പ്രവൃത്തി പൂർത്തിയാക്കി. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ഡി) **നിരത്തുകൾ**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 5822 കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. നിലവിൽ 82 പ്രവൃത്തികളിലായി 263.29 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-പി.എം.യു.

വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

കെ.ആർ.എഫ്.ബി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് റോഡുകളിൽ കെ.ആർ.എഫ്.ബി.-സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി 19.849 കി.മീ. റോഡ് നവീകരിച്ചിട്ടുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ടി.പി.

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ദേശീയപാത വിഭാഗം

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻകീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം State fund/CRIF പദ്ധതിയിലുൾപ്പെടുത്തി 613.675 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചു. കൂടാതെ നിലവിൽ BM&BC നിലവാരത്തിലുള്ള റോഡുകൾ MoRTH ഫണ്ട് മുഖേന 351.1697 കി.മീ. റോഡുകൾ ബലപ്പെടുത്തൽ പ്രവൃത്തി പൂർത്തിയാക്കി. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ശ്രീ. എച്ച്. സലാം: സർ, റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിൽ ചരിത്രപരമായ നേട്ടം കൈവരിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകൾ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്താൻ എന്തൊക്കെ നൂതന സാങ്കേതികവിദ്യകളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പുതിയ സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാനാണ് വകുപ്പ് ശ്രമിക്കുന്നത്. നൂതന സാങ്കേതികവിദ്യകൾ പല വിദേശ രാജ്യങ്ങളിലും കൊണ്ടുവരുന്നുണ്ട്. കേരളത്തിന്റെ കാലാവസ്ഥ ഒരു പ്രധാന

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഷയമായതിനാൽ അതിനുകൂടി അനുയോജ്യമാകുന്ന നിലയിൽ എങ്ങനെ ടെക്നോളജിയെ ഒരു ടൂളായി ഉപയോഗിച്ച് മുന്നോട്ടുപോകാമെന്ന പരിശോധനയാണ് വകുപ്പ് നടത്തുന്നത്. Full-Depth Reclamation Method സംസ്ഥാന വ്യാപകമാക്കിയതിലൂടെ ജിയോസെൽ, ജിയോഗ്രിഡ്, കയർ ഭൂവസ്ത്രം ഉപയോഗിക്കൽ തുടങ്ങിയവ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. വൈറ്റ് ടോപ്പിങ്, സോയിൽ സ്റ്റെബിലൈസേഷൻ ടെക്നോളജി, പി.കൃ.സി. തുടങ്ങിയവയും ഉപയോഗപ്പെടുത്തി. കൂടാതെ സ്റ്റോൺ മാടിക്സ് മിന്റ് എന്ന സാങ്കേതികവിദ്യയും കേരളത്തിലെ നിർമ്മാണ രീതികളിൽ നടപ്പാക്കിവരുന്നുണ്ട്. പാലം നിർമ്മാണ മേഖലയിലും നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചിട്ടുണ്ട്. എക്സ്ട്രാ ഡോസ്ഡ് കേബിൾ സ്റ്റേയ്ഡ് പാലം, സെൻട്രൽ സ്പാൻ കേബിൾ സ്റ്റേയ്ഡ് പാലം, Segmental Box Girder നിർമ്മാണം, നെറ്റ്വർക്ക് ടൈഡ് ആർച്ച് ആൻഡ് സ്റ്റീൽ കോമ്പോസിറ്റ് ബ്രിഡ്ജ്, അൾട്രാ ഹൈ പെർഫോർമൻസ് ഫൈബർ റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ പാലങ്ങളുടെ നിർമ്മാണത്തിൽ അൾട്രാ ഹൈ പെർഫോർമൻസ് ഫൈബർ റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് മെറ്റീരിയൽ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പഠനം വിജയകരമായി പൂർത്തിയാക്കാനായി. റെയിൽവേ ഓവർ ബ്രിഡ്ജുകളിൽ സ്റ്റീൽ കോൺക്രീറ്റ് കോമ്പോസിറ്റ് ഉപയോഗപ്പെടുത്തുന്നു. ഇപ്രകാരം സാധ്യമാകുന്ന കാര്യങ്ങളിലൂടെ സാങ്കേതികവിദ്യയുടെ വികാസത്തെ തിരിച്ചറിഞ്ഞ് മുന്നോട്ടുപോകാനുള്ള ശ്രമമാണ് നടത്തുന്നത്.

ശ്രീ. എച്ച്. സലാം: സർ, റോഡുകളുടെ നിർമ്മാണത്തിൽ പഴയ റോഡുകളുടെ ഉപരിതലം പുനരുപയോഗിക്കുന്ന Reclaimed Asphalt Pavement (RAP) സാങ്കേതികവിദ്യ

ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അത് എത്രത്തോളം ഗുണകരമാകുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പരിസ്ഥിതിക്ക് അനുയോജ്യവും കാലാവസ്ഥാവ്യതിയാനത്തെ മറികടക്കുന്നതും പ്രതിരോധിക്കുന്നതുമായ സാങ്കേതികവിദ്യ സംബന്ധിച്ച് നിരവധി പഠനങ്ങളാണ് പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള KHRI (Kerala Highway Research Institute)-ൽ ഇപ്പോൾ നടക്കുന്നത്. അതിന്റെ ഫലമായി കേരളത്തിലെ റോഡുകളിൽ Reclaimed Asphalt Pavement (RAP) ഉപയോഗിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിലുള്ള റോഡ് മെറ്റീരിയൽ മില്ലിങ് ചെയ്ത് റോഡ് നിർമ്മാണത്തിന് വീണ്ടും ഉപയോഗിക്കുന്നതിനുള്ള സാങ്കേതികവിദ്യയാണ് RAP. തുടർച്ചയായ ഓവർലേ കാരണം റോഡിന്റെ കനം കൂടിക്കൂടി വരികയാണ്. നിരപ്പിൽനിന്നും ചില റോഡുകൾ കൂടുതൽ ഉയരത്തിലേയ്ക്ക് പോകുന്നതിനുകാരണം നിലവിലുള്ള റോഡിന്റെ ഉപരിതലത്തിൽ ഓവർലേ ചെയ്യുന്നതാണ്. ഇത് ഒഴിവാക്കുകയെന്ന ലക്ഷ്യമാണ് RAP ടെക്നോളജി മുന്നോട്ടുവയ്ക്കുന്നത്. ഈ ടെക്നോളജി പരിസ്ഥിതിക്ക് അനുയോജ്യമായതും കൂടുതൽ ഈടുനിൽക്കുന്നതുമാണ്. Carbon Emission നന്നായി കുറയ്ക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. ഇതിന്റെ പൈലറ്റ് പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതും മാതൃകയാക്കി എല്ലായിടത്തും വ്യാപിപ്പിക്കാനാകുന്നതുമാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, പൊതുമരാമത്ത് റോഡുകൾ പരിപാലിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ റണ്ണിങ് കോൺട്രാക്ട് സംവിധാനം എത്രത്തോളം പ്രയോജനപ്രദമാണ്? കുളപ്പുള്ളി-ഷൊർണ്ണൂർ എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രധാന റോഡാണ്. ഇതിന്റെ

കരാറുകാരനെ ടെർമിനേറ്റ് ചെയ്തതാണ്. സത്വരമായ നടപടി സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ നടത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സംസ്ഥാനത്തെ റോഡ് നിർമ്മാണവും പരിപാലനവുമായി ബന്ധപ്പെട്ട് നേരിടുന്ന പല വിഷയങ്ങളുണ്ട്. അതിലൊന്ന് കാലാവസ്ഥയാണ്. ഭൂരിഭാഗം മാസവും മഴയായതിനാൽ റോഡ് നിർമ്മാണവും പരിപാലനവും അത്ര എളുപ്പത്തിൽ സാധിക്കില്ല. എന്നാൽ മഴക്കാലമെന്ന് കുറ്റപ്പെടുത്തി പോകുന്ന ഒരു നിലപാടല്ല സർക്കാരിന്റേത്. സുതാര്യത ഉറപ്പുവരുത്തി തെറ്റായ പ്രവണതകളില്ലാതാക്കാൻ സർക്കാർ മുന്നോട്ടുവരികയാണ്. ഒരു റോഡ് നിർമ്മിച്ചാൽ അത് ബി.എം.&ബി.സി. ആണെങ്കിൽ മൂന്ന് വർഷം ഡിഫക്ട് ലയബിലിറ്റി പീരിഡാണ്, പരിപാലന കാലാവധിയാണ്. കരാറുകാർ നിർമ്മാണത്തിനുമുമ്പ് ഡെപ്പോസിറ്റ് ചെയ്യുന്ന തുക പരിപാലന കാലാവധി കഴിഞ്ഞ് 45 ദിവസം കഴിഞ്ഞശേഷമേ തിരിച്ചെടുക്കാൻ പാടുള്ളൂ. ഈ റോഡുകളിൽ എന്ത് തകരാറുണ്ടായാലും അപ്പോൾത്തന്നെ ബന്ധപ്പെട്ട കരാറുകാർ അത് പരിഹരിക്കണമെന്നുള്ളതാണ് പി.ഡബ്ല്യു.ഡി. മാന്വലിൽ പറയുന്നത്. പരിപാലന കാലാവധി കഴിഞ്ഞ റോഡുകളുടെ കാര്യത്തിലാണ് ജനപ്രതിനിധികൾ പ്രയാസപ്പെടുന്നത്. അത്തരം റോഡുകളിൽ പിന്നീട് പാച്ച് വർക്കും മറ്റും വന്നാൽ പെട്ടെന്ന് ഇടപെടാൻ കഴിയുകയില്ല. അതുകൊണ്ട് അതിന് പരിഹാരമായി പരിപാലന കാലാവധി കഴിയുന്ന തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേയ്ക്ക് നേരത്തെതന്നെ നിശ്ചയിക്കുന്ന പുതിയ കരാർ സംവിധാനം രാജ്യത്ത് ആദ്യമായി നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്നു. അതാണ് റണ്ണിങ് കോൺട്രാക്ട്. ആ പദ്ധതി പൊതുവെ വിജയകരമായി മാറുകയാണ്. 29573 കിലോമീറ്റർ റോഡാണ്

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളത്. ഇതിൽ 19500 കീലോമീറ്റർ റോഡ് റണ്ണിങ് കോൺട്രാക്ടിലൂടെ പരിപാലിക്കുന്നുണ്ട്. ഇതുവരെ റോഡ് പരിപാലനത്തിനുമാത്രം 1562 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. റണ്ണിങ് കോൺട്രാക്ട് വഴി ഡി.എൽ.പി. കഴിഞ്ഞ റോഡുകളുടെ പരിപാലനം നല്ല രീതിയിൽ പോകുന്നുണ്ട്. റണ്ണിങ് കോൺട്രാക്ട് റോഡിന്റെ രണ്ടറ്റത്തും നീല ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ കരാറുകാരന്റെ പേരും ഫോൺ നമ്പരും ഉദ്യോഗസ്ഥന്റെ ഫോൺ നമ്പരും രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ബന്ധപ്പെട്ട എം.എൽ.എ.-മാർ ഈ റണ്ണിങ് കോൺട്രാക്ട് റോഡുകളെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ നേരിട്ട് അറിയിക്കണം. അക്കാര്യത്തിൽ കർക്കശ നിലപാട് സ്വീകരിച്ച് പോകാവുന്നതാണ്. പൊതുവെ ജനങ്ങൾ അപ്രകാരം അറിയിക്കുന്നുണ്ട്. റണ്ണിങ് കോൺട്രാക്ട് റോഡുകളും DLP റോഡുകളും ഏകദേശം 23000 കിലോമീറ്ററുണ്ട്. DLP റോഡുകളിൽ പച്ച ബോർഡും റണ്ണിങ് കോൺട്രാക്ട് റോഡുകളിൽ നീല ബോർഡും സ്ഥാപിക്കുകയും എല്ലാ കാര്യങ്ങളും സുതാര്യമായി അതിൽ രേഖപ്പെടുത്തുകയും ടോൾഫ്രീ നമ്പർ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിലെ 80 ശതമാനത്തോളം വരുന്ന ഈ റോഡുകളിൽ എന്ത് തകരാറുണ്ടെങ്കിലും നേരിട്ട് പരാതി അറിയിക്കാവുന്നതാണ്. കേരളത്തിൽ ഇനി ഒരുകാലത്തും പച്ച ബോർഡും നീല ബോർഡും മാറ്റാൻ കഴിയാത്ത നിലയിലേയ്ക്ക് ജനങ്ങൾ അത് ഏറ്റെടുത്തുവെന്നുള്ളതാണ് എടുത്തുപറയേണ്ട കാര്യം. പച്ച ബോർഡും നീല ബോർഡും ഭാവിയിൽ മാറ്റിയാൽ അത് അഴിമതിക്ക് സൗകര്യമൊരുക്കുമെന്ന് ജനം തിരിച്ചറിയുന്ന സ്ഥിതിയുണ്ട്. അതിനാൽ സുതാര്യത ഉറപ്പുവരുത്താനും തെറ്റായ പ്രവണത ഇല്ലാതാക്കാനും കഴിയുമെന്നതിനാലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ ഇത്

പിന്തുടരാൻ ശ്രമിക്കുന്നതിനാലും റണ്ണിങ് കോൺട്രാക്ട് എന്നത് അഭിമാനകരമായ നേട്ടമായി സംസ്ഥാന സർക്കാർ കാണുകയാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ആരൊക്കെ എന്തൊക്കെ പറഞ്ഞാലും കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന ഇടപെടൽ ഇതര സംസ്ഥാനങ്ങൾ മാതൃകയാക്കണമെന്ന രീതിയിൽ സോഷ്യൽ മീഡിയയിലൂടെ വൻതോതിലുള്ള പ്രചാരണം നടക്കുന്നുണ്ട്. മുപ്പത്തിയഞ്ച് ലക്ഷത്തോളം ആളുകൾ തീർഥാടത്തിനെത്തുന്ന സ്ഥലമാണ് ശബരിമല. അവിടേയ്ക്കുള്ള റോഡുകളുടെ നവീകരണത്തിനുവേണ്ടി എന്തൊക്കെ പ്രവൃത്തികളാണ് ചെയ്തതെന്ന് അറിയിക്കുമോ; ഈ വർഷം പുതിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ നവീകരണത്തിന് വലിയ പ്രാധാന്യമാണ് സർക്കാർ നൽകിയിട്ടുള്ളത്. 2021 മേയ് 20-ന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1107.23 കോടി രൂപയാണ് ശബരിമല റോഡ് നവീകരണത്തിനായി അനുവദിച്ചത്. ശബരിമല റോഡുകൾക്കായി ഏറ്റവും കൂടുതൽ തുക അനുവദിച്ചത് 2021-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വർഷത്തെ റോഡ് പ്രവൃത്തികൾക്കുള്ള നിർദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരികയാണ്. ശബരിമല റോഡുകൾ മികച്ച നിലയിൽ പരിപാലിക്കുന്നതിനായി ധനകാര്യ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് മികച്ച പിന്തുണ നൽകുന്നുണ്ട്. ഈ വർഷത്തെ ശബരിമല ഉത്സവകാലത്തിന് മുന്നോടിയായി നേരത്തെതന്നെ പ്രവൃത്തികളുടെ അവലോകനം

ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ചുമതലകൾ കൃത്യമായി വീതിച്ച് നൽകി റോഡുകളെല്ലാം പൂർണ്ണമായും ഗതാഗതയോഗ്യമാക്കി നിലനിർത്തുന്നതിനുള്ള ശ്രമങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. 2016 മുതൽ എല്ലാ വർഷവും റോഡുകളുടെ കാര്യത്തിൽ ശബരിമലയ്ക്ക് വലിയ പ്രാധാന്യം നൽകിക്കൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ പ്രവർത്തിച്ചുവരുന്നത്. ഇതിനിടയ്ക്കാണ് കോവിഡ് മഹാമാരിപോലുള്ള വെല്ലുവിളികളുണ്ടായത്.

ശ്രീമതി ഒ. എസ്. അംബിക: സർ, ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര പാലങ്ങളുടെ പണി പൂർത്തിയാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പാലം ഒരു നാടിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അത്യാവശ്യമുള്ളതാണ്. പാലം നിർമ്മാണ പ്രവൃത്തിയുടെ ഉദ്ഘാടനത്തിലും പാലം പ്രവൃത്തി പൂർത്തീകരിച്ച പരിപാടിയിലുമുണ്ടായ ജനസഞ്ചയം അതിന് ഏറ്റവും വലിയ ഉദാഹരണമായി കാണാൻ സാധിക്കുന്നതാണ്. നാം പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലങ്ങളിലെ പാലം ഉദ്ഘാടനവേളകളിലെ ജനപങ്കാളിത്തം മറ്റ് പദ്ധതികളുടെ ഉദ്ഘാടനത്തിൽനിന്നും വ്യത്യസ്തമാണ്. ഒരു റോഡോ കെട്ടിടമോ ഉദ്ഘാടനം ചെയ്യുമ്പോഴുള്ളതിനെക്കാൾ കൂടുതൽ ആളുകളെ പാലം ഉദ്ഘാടനവേളയിൽ പൊതുവെ കാണാൻ സാധിക്കും. 2021 മേയ് 20-ന് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അഞ്ച് വർഷംകൊണ്ട് നൂറ് പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് നിശ്ചയിച്ചിരുന്നു. അതിന്റെ ഭാഗമായി എല്ലാ നിയോജകമണ്ഡലങ്ങളിലും മോണിറ്ററിങ് ടീമിന് രൂപം നൽകി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും നോഡൽ ഓഫീസർമാരുമുൾപ്പെടുന്ന 140 ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള ഈ ടീം എം.എൽ.എ.-മാരോ അവരുടെ പ്രതിനിധികളോ

പങ്കെടുത്തുകൊണ്ടോ അല്ലാതെയോ യോഗം ചേരുകയും പാലങ്ങൾ ഒരു പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും ചെയ്യുന്നു. ഇതിനുപുറമെ പാലങ്ങളുടെ പ്രവൃത്തി വേഗത്തിലാക്കാനും ഭരണാനുമതി ലഭിച്ചവയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കാനും സാങ്കേതികാനുമതി ലഭിച്ചവയെ ടെൻഡർ സ്റ്റേജിൽ എത്തിക്കാനും പ്രവൃത്തി തടസ്സങ്ങൾ നീക്കാനുമുള്ള പ്രത്യേക സംവിധാനം ഒരു നോഡൽ ഓഫീസറെ നിയമിച്ചുകൊണ്ട് നടത്തിവരുന്നു. ചിട്ടയായ ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി അഞ്ച് വർഷംകൊണ്ട് നൂറ് പാലങ്ങളുടെ നിർമ്മാണം എന്നത് മൂന്ന് വർഷം കഴിഞ്ഞപ്പോൾത്തന്നെ പൂർത്തീകരിക്കാനായി എന്നുള്ള സന്തോഷവിവരം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വി. എസ്. അച്ചുതാനന്ദൻ സ്വപ്നം കണ്ട ഒരു പദ്ധതിയായിരുന്നു മലമ്പുഴയിലെ പാലം. ആ പാലത്തിന്റെ ഉദ്ഘാടനമാണ് കഴിഞ്ഞയാഴ്ച നടന്നത്. അവിടത്തെ ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെയുണ്ട്. ഈ സർക്കാർ വന്നതിനുശേഷമുള്ള 149-ാമത്തെ പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്ന പരിപാടിയായിരുന്നു അത്. 150-ാമത്തെ പാലം തിരുവനന്തപുരത്തെ പാറശ്ശാലയിൽ ഉദ്ഘാടനം ചെയ്യപ്പെടുമെന്നുള്ള വിവരവും അറിയിക്കുകയാണ്. നൂറ് പാലം എന്നുള്ള ലക്ഷ്യം അഞ്ച് വർഷംകൊണ്ട് ഇരുന്നൂറ് പാലത്തിനടുത്തേയ്ക്ക് എത്തിക്കുന്ന സ്ഥിതിയിലേയ്ക്ക് വരാൻ സാധിച്ചുവെന്നുള്ളതും സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ സി.എം.ടി. യോഗങ്ങൾ തടസ്സമുണ്ടാകാതെ കൃത്യമായി കൂടുന്നുണ്ട്. പക്ഷെ ബജറ്റ് വർക്കും ശബരിമല പാക്കേജുമുൾപ്പെടെയുള്ള പദ്ധതികൾ ടെൻഡർ ചെയ്ത് മറ്റ് നടപടിക്രമങ്ങൾ

പൂർത്തിയാക്കുന്നതിനായി ഏകദേശം ഒരു വർഷമെടുക്കുകയാണ്. അതിനാൽ ഒരു ശബരിമല സീസൺ കഴിഞ്ഞ് അടുത്ത സീസൺ വന്നാൽപ്പോലും അവിടത്തെ റോഡ് പണികൾ പൂർത്തിയാകുന്നില്ല. സി.എം.ടി. യോഗം നടക്കുന്നതുകൊണ്ടുമാത്രം നടപടിക്രമങ്ങൾ വേഗത്തിലാകുന്നില്ല. യോഗങ്ങളിൽ ശിപാർശ ചെയ്യാനും കാര്യങ്ങൾ വിളിച്ച് അന്വേഷിക്കാനുമാണ് സാധിക്കുന്നത്. എന്നാൽ ബജറ്റ് വർക്കുകൾക്കും ശബരിമല പാക്കേജിനും റണ്ണിങ് കോൺട്രാക്ടുകൾക്കും ഉൾപ്പെടെ സാങ്കേതിക തടസ്സമുണ്ടാകുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ചോറ്റാനിക്കര-തിരുവാങ്കുളം റോഡ് ശബരിമല പാക്കേജിൽ ഉൾപ്പെട്ടതാണ്. കഴിഞ്ഞ സീസണിനുമുമ്പ് അനുവദിച്ച ഈ പാക്കേജ് ജോലികൾപോലും ഇപ്പോൾ ആരംഭിക്കാൻ പോകുന്നതേയുള്ളൂ. പ്രവൃത്തികൾ വേഗത്തിലായാൽ മാത്രമെ അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ശബരിമല പാക്കേജിന് സി.എം.ടി. യോഗം ചേരുക മാത്രമല്ല ചെയ്യുന്നത്. പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി അവലോകന യോഗങ്ങൾ നടത്തുകയും മന്ത്രിയെന്ന നിലയിൽ അതിലൊക്കെ ഞാൻ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. സി.എം.ടി. മാത്രമല്ല, പ്രത്യേക സംവിധാനവുമുണ്ട്. ഇവിടെ പറഞ്ഞ കാര്യങ്ങളിൽ എവിടെയൊക്കെയാണ് തടസ്സങ്ങൾ നേരിട്ടിട്ടുള്ളതെന്ന് കണ്ടെത്തി അവ പരിഹരിച്ച് മുന്നോട്ടുപോകാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പി.ഡബ്ല്യു.ഡി.-യുടേതായിരുന്ന പല റോഡുകളും മുമ്പ് ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുകയുണ്ടായി. പിന്നീട് ജില്ലാ പഞ്ചായത്തുകൾ റോഡുകൾ

കൈവശം വയ്ക്കാൻ പാടില്ലെന്ന നിബന്ധന വന്നപ്പോൾ അവ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി. യഥാർഥത്തിൽ പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡുകളിൽ ചിലതായിരുന്നു അക്കാലത്ത് ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയത്. ഇത്തരം റോഡുകൾ പ്രധാന ടൗണുകളിൽക്കൂടി കടന്നുപോകുന്നതും പല പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡുകളുമായി കണക്റ്റിവിറ്റിയുള്ളതുമാണ്. ഇത്തരം റോഡുകൾ ഗ്രാമപഞ്ചായത്തുകൾക്ക് മെയിന്റയിൻ ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് അത്തരം റോഡുകൾ പി.ഡബ്ല്യു.ഡി.-ക്ക് തിരിച്ചെടുക്കാൻ സാധിക്കുമോ; അല്ലെങ്കിൽ അവരെ റോഡ് പ്രവൃത്തിയിൽ സഹായിക്കുന്ന നിലപാടെടുത്ത് അത് അഞ്ച് വർഷത്തിൽ ഒരിക്കലെങ്കിലും മെയിന്റനൻസ് ചെയ്ത് നൽകാൻ കഴിയുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിൽ ഏകദേശം രണ്ടര ലക്ഷത്തോളം കിലോമീറ്റർ ദൂരത്തിൽ ടാർ ചെയ്ത റോഡുകളുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ പരിശോധിച്ചാൽ 45 മീറ്റർ വരെ വീതിയുള്ള ധാരാളം ആറുവരി പാതകൾ കാണാൻ കഴിയും. കർണ്ണാടക, തമിഴ്നാട് തുടങ്ങിയ അയൽസംസ്ഥാനങ്ങളിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഇത്തരം റോഡുകൾ കാണാൻ സാധിക്കും. എന്നാൽ കേരളത്തിൽ ഇത്തരം റോഡുകൾ അത്ര എളുപ്പത്തിൽ കാണാൻ സാധിക്കുകയില്ല. അതിന്റെ പ്രധാന കാരണം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ളതാണ്. ഇവിടെ ഭൂമിയില്ല, ജനസാന്ദ്രത വളരെ കൂടുതലുമാണ്. ദേശീയ ശരാശരിയെക്കാൾ മൂന്നിരട്ടി ജനസാന്ദ്രത കേരളത്തിൽ കൂടുതലുണ്ട്. എന്നാൽ ഗ്രാമഗ്രാമാന്തരങ്ങളിലെ റോഡുകൾ ടാർ ചെയ്യുന്നുണ്ട്. ഇത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ കാണാൻ കഴിയുകയില്ല. ഈ സഭയിലിരിക്കുന്ന അംഗങ്ങളിൽ പലരും

പല സംസ്ഥാനങ്ങളിലും യാത്ര ചെയ്തിട്ടുള്ളവരാണ്. അവിടത്തെ ഗ്രാമങ്ങളിൽ ടാർ ചെയ്ത റോഡുകൾ വളരെ കുറവാണെന്ന് കാണാൻ കഴിയും. എന്നാൽ കേരളത്തിലെ സ്ഥിതി അതല്ല. ഇവിടത്തെ റോഡുകൾ ഇങ്ങനെ മാറുന്നതിന് കാരണമായത് 1996-ൽ സഖാവ് ഇ. കെ. നായനാർ നയിച്ച എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയ ജനകീയാസൂത്രണം പദ്ധതിയാണെന്ന് സഭയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. രണ്ടരലക്ഷം കിലോമീറ്ററോളം ദൂരം വരുന്ന ഈ റോഡുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ ഏകദേശം മുപ്പതിനായിരം കിലോമീറ്റർ മാത്രമേയുള്ളൂ. എന്നാൽ എഴുപത് ശതമാനം വാഹനങ്ങളും ഉപയോഗിക്കുന്നത് പി.ഡബ്ല്യു.ഡി. റോഡാണ്. ഒരു ദിവസം വീടുകളിൽനിന്നും പുറത്തിറങ്ങുന്ന പത്ത് വാഹനങ്ങളിൽ ഏഴ് എണ്ണമെങ്കിലും പി.ഡബ്ല്യു.ഡി. റോഡിലൂടെ കടന്നുപോകും. അതുകൊണ്ടാണ് പി.ഡബ്ല്യു.ഡി. റോഡുകളെ ഏറ്റവും ഗുണമേന്മയുള്ളവയാക്കി മാറ്റാൻ ലക്ഷ്യമിട്ടിട്ടുള്ളത്. അതിനായി ഇവയെ ബി.എം.&ബി.സി. റോഡുകളാക്കുകയെന്നുള്ളതാണ് ഇന്ന് ചെയ്യാൻ സാധിക്കുന്നത്. പി.ഡബ്ല്യു.ഡി. റോഡുകളെ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിയാൽ എട്ട് വർഷത്തേയ്ക്ക് തകരാറുണ്ടാകുകയില്ല. അഞ്ച് വർഷംകൊണ്ട് കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ അൻപത് ശതമാനം റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ഇടപെട്ടത്. അത് ഇപ്പോൾ അറുപത് ശതമാനത്തിലേയ്ക്ക് ഉയർന്നുവെന്ന സന്തോഷവാർത്ത ഈ സഭയെ അറിയിക്കുകയാണ്. ഇനിയും ഇത്തരം കാര്യങ്ങളുമായി മുന്നോട്ടുപോയാൽ ഇന്ത്യയിലെ പി.ഡബ്ല്യു.ഡി. റോഡുകൾ നൂറ് ശതമാനവും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർന്ന ഒരു സംസ്ഥാനമായി

കേരളം മാറുന്നതാണ്. ആ ലക്ഷ്യത്തിനുവേണ്ടി ഇടപെടുന്നതിനിടയിൽ മറ്റ് വകുപ്പുകളുടെ റോഡുകൾകൂടി ഏറ്റെടുക്കുകയെന്നത് പ്രയാസമാണ്. ഇതിനുതന്നെ സാമ്പത്തിക ചെലവ് കൂടുതലാണ്. എന്നാൽ ചില പ്രാധാന്യമുള്ള റോഡുകളെ ഏറ്റെടുക്കുന്നതിൽ പി.ഡബ്ല്യു.ഡി.-ക്ക് യാതൊരു മടിയുമില്ല.

ടൂറിസം മേഖലയിലെ ആനുകൂല്യങ്ങൾ

5 (*95) ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയ്ക്ക്, വ്യവസായ മേഖലയ്ക്ക് സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്നവർക്കായി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്;

(സി) അൻപത് വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങൾ ഹെറിറ്റേജ് ടൂറിസം മേഖലയ്ക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ടൂറിസം ഇൻവെസ്റ്റേഴ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രധാന ലക്ഷ്യം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ&ബി) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി സബ്സിഡികൾ നൽകിവരുന്നു.

- കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് കാരവൻ വാങ്ങുന്ന സ്വകാര്യ സംരംഭകർക്ക് ടൂറിസം വകുപ്പുമായി കരാറിൽ ഏർപ്പെടുന്നപക്ഷം സബ്സിഡിയായി മുതൽമുടക്കിന്റെ 15% അല്ലെങ്കിൽ 7.5 ലക്ഷം രൂപ ഏതാണോ കുറവ് അത് ഇൻവസ്റ്റ്മെന്റ് സബ്സിഡിയായി വകുപ്പ് നിലവിൽ നൽകിവരുന്നു.
- 50 വർഷത്തിലേറെ പഴക്കമുള്ളതും പരമ്പരാഗത കേരളീയ വാസ്തുവിദ്യയുടെ സവിശേഷതകളുള്ളതുമായ പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കുന്നതിനും അത് ടൂറിസം വിപണനത്തിനായി ഉപയോഗിക്കുന്നതിനുമായി പ്രസ്തുത കെട്ടിടങ്ങളുടെ പുനരുദ്ധാരണ ചെലവിന്റെ 25% തുക (പരമാവധി 5 ലക്ഷം രൂപ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്ന 'ഗൃഹസ്ഥലി' എന്ന സ്കീം നിലവിലുണ്ട്.
- സംസ്ഥാനത്തെ ക്ലാസിഫൈഡ് ഹോട്ടലുകളടക്കമുള്ള ടൂറിസം സ്ഥാപനങ്ങൾക്ക് വൈദ്യുതി താരിഫ് ഇനത്തിൽ സബ്സിഡി നൽകിയിരുന്നു.

ടൂറിസം മേഖലയിലെ വിവിധ നിക്ഷേപാവസരങ്ങൾ നിക്ഷേപകർക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിനായി 2023 നവംബർ 16-ന് വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിച്ച പരിപാടിയാണ് ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് (TIM). ഇതിന്റെ ഭാഗമായി സർക്കാരിന്റെ കൈവശമുള്ള ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും സ്വകാര്യമേഖലയിലുള്ള പദ്ധതികളും വിവിധ സ്റ്റാർട്ടപ്പ് പദ്ധതികളും അവതരിപ്പിക്കപ്പെട്ടിരുന്നു. TIM 2023-മായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ

സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ TIM-മായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി PMU&FC (Engagement of Project Management Unit and Facilitation Service) രൂപീകരിച്ചിട്ടുണ്ട്.

ടൂറിസം നിക്ഷേപക സംഗമത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട സ്വകാര്യ പദ്ധതികൾ തടസ്സമില്ലാതെ ആരംഭിക്കാൻ, വിവിധ അനുമതികൾക്കായി കേരള സർക്കാരിനുകീഴിലുള്ള സംവിധാനമായ K-SWIFT പോർട്ടൽവഴി സൗകര്യമൊരുക്കുന്നുണ്ട്.

(സി) 'ഗൃഹസ്ഥലി' പൈതൃക സംരക്ഷണ പദ്ധതിപ്രകാരം 50 വർഷത്തിലേറെ പഴക്കമുള്ളതും പരമ്പരാഗത കേരളീയ വാസ്തുവിദ്യയുടെ സവിശേഷതകളുള്ളതുമായ കെട്ടിടങ്ങളുടെ ഉടമകൾക്ക് കെട്ടിടം നവീകരിക്കുന്നതിനായി എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവർത്തനക്ഷമമായ പദ്ധതികൾക്ക് നിക്ഷേപക സബ്സിഡിയായി 25% തുക (പരമാവധി 5 ലക്ഷം രൂപ) അനുവദിച്ചുവരുന്നുണ്ട്.

(ഡി) ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചതിന്റെ തുടർച്ചയായി ടൂറിസം മേഖലയിലെ നിക്ഷേപവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വിവിധ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുക, അവശ്യാവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കുക, നിക്ഷേപകർക്ക് ആവശ്യമായ ഫെസിലിറ്റേറ്ററി സേവനങ്ങൾ ലഭ്യമാക്കുക, നവസംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും ആവശ്യമായ മാർഗനിർദേശങ്ങൾ ലഭ്യമാക്കുക, നയപരമായ നിർദേശങ്ങൾ സമർപ്പിക്കുക, സിംഗിൾ വിൻഡോ സേവനങ്ങൾ എളുപ്പമാക്കുക, നിക്ഷേപ നിർദേശങ്ങളുടെ വിലയിരുത്തൽ നടത്തുക മുതലായവയാണ് ടൂറിസം ഇൻവെസ്റ്റേഴ്സ്

ഫെസിലിറ്റേഷൻ സെന്റർ ലക്ഷ്യമിടുന്നത്. ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി സാങ്കേതികവും മാനേജീരിയലുമായ പിന്തുണ നൽകുന്നതിന് ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ തിരഞ്ഞെടുത്തിട്ടുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഹോസ്പിറ്റാലിറ്റി സംവിധാനങ്ങളുടെ വിപുലീകരണത്തിൽ ടൂറിസം വകുപ്പ് വലിയ മുന്നേറ്റമാണുണ്ടാക്കിയത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകളുള്ള സംസ്ഥാനം കേരളമാണ്. ടൂറിസം മേഖലയിൽ ഹോസ്പിറ്റാലിറ്റി സംവിധാനം വികസിപ്പിക്കുന്നതിനായി ഇതിനകം എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസത്തിന്റെ വികാസത്തിന് ഹോസ്പിറ്റാലിറ്റി പ്രധാനപ്പെട്ട ഘടകമാണ്. ഇതിനെ രണ്ട് തട്ടായെടുക്കാം. ഒന്നാമത്തേത്, പഞ്ചതാര ഹോട്ടലുകൾ ഉൾപ്പെടെ നല്ല സൗകര്യമുള്ള ഹോട്ടലുകൾ വേണം. രണ്ടാമത്തേത്, സാധാരണ സഞ്ചാരികൾക്ക് താമസിക്കാനുള്ള സൗകര്യം വേണം. ഇവിടെ സർക്കാർ ഒരു ഫെസിലിറ്റേറ്ററായി മാറുകയാണ്. സർക്കാർ ഭൂമിയിലുൾപ്പെടെ ഇത്തരം സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കാൻ തയ്യാറാകുന്നു. കാസർഗോഡ് ജില്ലയിലെ ഉദുമയിൽ ഒരു പഞ്ചായത്തിൽ ബി.ആർ.ഡി.സി.-യുടെ കീഴിൽ മൂന്നാമത്തെ ഫൈവ് സ്റ്റാർ ഹോട്ടൽ ഉദ്ഘാടനം ചെയ്യുവെന്നത് ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമായി കാണാൻ സാധിക്കും. ഒരുഭാഗത്ത് ഇത്തരം നിലപാടുകൾ സ്വീകരിക്കുമ്പോഴും മറുഭാഗത്ത് ഹോം സ്റ്റേകളെ സർക്കാർ പ്രോത്സാഹിപ്പിച്ചുവരികയാണ്. കൂടാതെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിങ് ആരംഭിച്ചു. 2021 നവംബർ 1-ന് കേരള പിറവി ദിനത്തിലാണ് ഇത് ആരംഭിച്ചത്.

അത് വളരെ വിജയകരമായി മാറിയിരിക്കുകയാണ്. മുമ്പ് തൃശ്ശൂരുള്ള ഒരാൾക്ക് കൊല്ലം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ ഒരു റൂം വേണമെങ്കിൽ തൃശ്ശൂരിൽനിന്നും പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകുകയും അത് തിരുവനന്തപുരത്ത് വന്നിട്ട് തിരിച്ച് കൊല്ലത്ത് പോകുകയും വീണ്ടും തിരുവനന്തപുരത്തേക്ക് വരികയും ഇവിടെ നിന്ന് തൃശ്ശൂരിലെത്തി മറുപടി കിട്ടുകയും ചെയ്യണമായിരുന്നു. അപ്പോഴേയ്ക്കും അപേക്ഷകന്റെ ആവശ്യം കഴിഞ്ഞിരിക്കും. എന്നാൽ ഇപ്പോൾ വിരൽത്തുമ്പിൽ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളിൽ റൂം കിട്ടുന്ന സ്ഥിതി വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുപ്പതുകോടി രൂപയിലധികം വരുമാനം സർക്കാരിന് ഇക്കാലയളവിൽ ലഭിച്ചു. ലക്ഷക്കണക്കിന് ആളുകൾ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ മുഖേന റൂമുകൾ ബുക്ക് ചെയ്യുന്നുണ്ട്. അതിൽ വലിയൊരു ശതമാനം സഞ്ചാരികളാണ്. ഹോം സ്റ്റേ, റസ്റ്റ് ഹൗസ്, ഗസ്റ്റ് ഹൗസ്, ഫൈവ് സ്റ്റാർ ഫെസിലിറ്റി ഉൾപ്പെടെ എല്ലാ നിലയിലും ഹോസ്പിറ്റാലിറ്റി വർധിപ്പിച്ച് മുന്നോട്ടുപോകാനുള്ള എല്ലാ ശ്രമവും വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. അത് ഇനിയും തുടരുമെന്ന് സഭയെ അറിയിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർക്കുന്നു*)

* അനുബന്ധമായി ചേർത്തിട്ടുണ്ട്

10.00AM]

II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 3233-ാംനമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: 15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ 11-03-2025-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3233-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ 11-03-2025-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3233-ന് നൽകിയ നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

10:01 AM]

III നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപ്പാളി അനുമതിയില്ലാതെ ഇളക്കി മാറ്റിയതായും സ്വർണ്ണപ്പാളിയുടെ ഭാരം

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കുറഞ്ഞതായി കണ്ടെത്തിയതായും സർക്കാർ ശബരിമലയോട് അവഗണന കാണിക്കുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസാണ് ഇന്ന് ലഭിച്ചിരിക്കുന്നത്. ചട്ടം 50 പ്രകാരം നോട്ടീസ് ലഭിച്ച പ്രസ്തുത വിഷയം സംബന്ധിച്ച എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സജീവ പരിഗണനയിലിരിക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 52 (vii) പ്രകാരം നോട്ടീസ് സ്വീകാര്യമല്ലെന്ന് അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ,... (....ബഹളം...)

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... അദ്ദേഹം സംസാരിക്കട്ടെ. (...ബഹളം...) പ്ലീസ്... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇതുപോലെ നിരവധി പ്രീസിഡന്റ്സ് ഇവിടെയുണ്ടായിട്ടുണ്ട്. പല സർക്കാരിന്റെ സമയത്തും സബ്ജുഡിസാണെന്ന് പറയുന്ന കാര്യങ്ങൾപോലും ചർച്ചയ്ക്കെടുത്തിട്ടുണ്ട്. വളരെ ഗൗരവതരമായ വിഷയമാണിത്. ബഹുമാനപ്പെട്ട ഹൈക്കോടതി വളരെ കൃത്യമായി അഭിപ്രായം പറയുകയും അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്ത കേസാണ്. അവിടെ ഒരു ക്ലോഷർ ഉണ്ടായിട്ടുണ്ട്. അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്ന കേസാണ്. ഗൗരവതരമായി ശബരിമല പോലുള്ള.....

മി. സ്പീക്കർ: യെസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനൊന്ന് പറഞ്ഞോട്ടെ. അങ്ങ് 'യെസ്' പറഞ്ഞാൽ ഞാൻ എങ്ങനെയാണ് പറയുന്നത്? ഒരു സെന്റൻസ് പോലും പൂർത്തിയാക്കാൻ അങ്ങ്

സമ്മതിക്കുന്നില്ലല്ലോ?

മി. സ്പീക്കർ: യെസ്.... അങ്ങ് പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതൊരു റൈറ്റാണ്. സ്പീക്കർക്ക് നിഷേധിക്കാനാകുമോ? ലീഡർ ഓഫ് ഒപ്പോസിഷന്റെ റൈറ്റാണിത്. ഒരു സെന്റൻസുപോലും പറയുന്നതിനുമുമ്പ് അങ്ങ് എല്ലാ വാക്കിനും 'യെസ്' പറഞ്ഞാൽ ഞാൻ എങ്ങനെ പറയും?

മി. സ്പീക്കർ: അങ്ങ് പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ശബരിമലയിൽനിന്നും നാല് കിലോഗ്രാം സ്വർണ്ണം ബഹുമാനപ്പെട്ട ഹൈക്കോടതിയോ ഉദ്യോഗസ്ഥരോ അറിയാതെ അടിച്ചുമാറ്റിയ വിഷയമാണ്. ശബരിമല ഭക്തരെ മുഴുവൻ .....

മി. സ്പീക്കർ: ഇല്ല...ഇല്ല... ഈ വിഷയം ഫ്ലോറിനകത്ത് ചട്ടം 52 (vii) പ്രകാരം സബ്ജുഡിസാണെന്ന് വളരെ ക്ലിയർ കട്ടായി ഞാൻ പറഞ്ഞതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അതിന് ഞാൻ...

മി. സ്പീക്കർ: ഞാൻ പറഞ്ഞല്ലോ, നിങ്ങൾ പ്രീസിഡന്റ്സ് പറഞ്ഞിട്ടുണ്ടാകും. 'Who will bell the cat?' എന്നു പറഞ്ഞതുപോലെ 'Someone has to bell the cat', ഇവിടെ ഈ ചെയർ പൂച്ചയ്ക്ക് മണി കെട്ടുകയാണ്. ഇനി പ്രീസിഡന്റ് അനുവദിക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, Let me complete. ഞാനൊന്ന് പറഞ്ഞുതീർത്തോട്ടെ. അയ്യപ്പഭക്തരെയും വിശ്വാസികളെയും മുഴുവൻ വിഷമത്തിലാക്കിയ ഗുരുതരമായ പ്രശ്നമാണിത്. സർക്കാരും ദേവസ്വം ബോർഡും അവരെ സംരക്ഷിക്കുകയാണ്. ഉത്തരവാദപ്പെട്ട ആളുകളുടെ

പിന്തുണയോടുകൂടി നാല് കിലോഗ്രാം സ്വർണ്ണം ശബരിമലയിൽനിന്നും അടിച്ചുമാറ്റിയിട്ട് ഈ സഭയിൽ ഇത് അനുവദിക്കില്ലെന്ന് പറയുന്നത് തെറ്റായ കീഴ്വഴക്കമാണ്. അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ചട്ടത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യമാണിത്. അത് അറിഞ്ഞുകൊണ്ടുതന്നെയാണ് പ്രതിപക്ഷനേതാവ് ഇക്കാര്യം ഉന്നയിച്ചത്. കഴിഞ്ഞ മൂന്നുദിവസമായി നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തതിന്റെ ക്ഷീണം തീർക്കാനും അതിൽനിന്ന് രക്ഷപ്പെടാനുമാണ് സബ്ജക്ടിസാണെന്നറിഞ്ഞിട്ടും ടി വിഷയം ഇന്ന് ഉയർത്തിക്കൊണ്ടുവന്നത്. മാത്രമല്ല ഇന്ന് ചർച്ചയ്ക്ക് ഇരിക്കേണ്ടിവന്നാലോ എന്ന ഭയവുമുണ്ട്. കേരള നിയമസഭയുടെയും പാർലമെന്റിന്റെയും ചട്ടത്തിൽ ഇതുസംബന്ധിച്ച് വ്യക്തമായി പറയുന്നുണ്ട്. സബ്ജക്ടിസായി കോടതിയുടെ പരിഗണനയിലുള്ള ഒരു വിഷയം ചർച്ച ചെയ്യാതിരിക്കുകയെന്നുള്ളത് ഇന്ത്യയിലെയും കേരളത്തിലെയും നിയമനിർമ്മാണ സഭകൾ പൊതുവിൽ പാലിച്ചുപോരുന്നതാണ്. ഈ വിഷയത്തിന്മേൽ മൂന്നാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കാൻ ബഹുമാനപ്പെട്ട കോടതി സെപ്റ്റംബർ 17-ാം തീയതി ഉത്തരവിട്ടിരിക്കുകയാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണിത്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം ചെയർ ചർച്ച ചെയ്യാൻ അനുവദിക്കുകയില്ലെന്ന്

അറിഞ്ഞിട്ടും ഈ ഉപക്ഷേപം കൊണ്ടുവന്നത് ആഗോള അയ്യപ്പ സംഗമം അട്ടിമറിക്കാൻ നടത്തിയ നീക്കങ്ങളെല്ലാം പരാജയപ്പെട്ടതിന്റെ ക്ഷീണവും കൊതിക്കെറുവുംമൂലമാണ്. ഇവർ ആദ്യം ആർ.എസ്.എസ്.-മായി ചേർന്ന് ആഗോള അയ്യപ്പ സംഗമം തടയുമെന്ന് പ്രഖ്യാപിച്ചു. പിന്നീട് അവർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി ആഗോള അയ്യപ്പ സംഗമം നടത്താമെന്ന് പറഞ്ഞു. അതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതി ഹർജി കൈയോടെ തള്ളി. എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ സഭയിൽ ആർ.എസ്.എസ്.-ന് ആളില്ലാത്തതിന്റെ കുറവ് പ്രതിപക്ഷനേതാവ് തന്നെ ഏറ്റെടുത്തിരിക്കുകയാണ്. 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്ന് സാധാരണ പറയാറുണ്ട്. ഇവിടെ കോടതിയിൽ തോറ്റതിന് ചെയറിനോടും സഭയോടുമാണ് ഇപ്പോൾ പരാക്രമം കാണിച്ചുകൊണ്ടിരിക്കുന്നത്. ഇത് അനുവദിക്കാനാകില്ലെന്നത് വളരെ വ്യക്തമായ കാര്യമാണ്. അത്തരം കാര്യങ്ങളെക്കുറിച്ച് ചട്ടങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പിന്നെ കീഴ്വഴക്കം എന്നുപറഞ്ഞാൽ, കീഴ്വഴക്കത്തിനുമുകളിലാണ് ചട്ടം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കേസ് ക്ലോസ് ചെയ്യുവെന്നാണ് പറഞ്ഞത്. ക്ലോസ് ചെയ്തിട്ടില്ല. 30-ാം തീയതി എന്ന് ഡേറ്റ് ഉൾപ്പെടെ വച്ചാണ് കേസ് മാറ്റിവച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ, കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ചർച്ചയാകരുത് എന്ന ചട്ടം വളരെ പ്രസക്തമാണ്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ എങ്ങനെ ശ്രമിച്ചാലും തള്ളാനിടയുള്ള ഒരു

വിഷയം ഇന്നലെ രാത്രി മുഴുവനും ഇരുന്ന് ഗവേഷണം നടത്തി കണ്ടെത്തിയതാണ്. ചർച്ച അനുവദിച്ചാൽ കൂടുതൽ പരിഹാസ്യരായി ഇറങ്ങിപ്പോകേണ്ടിവരുമെന്ന ഗതികേട് മാറ്റാൻ വേണ്ടിമാത്രം നടത്തിയ പരിശ്രമമായി ഇതിനെ കണ്ടാൽ മതി. കേരളത്തിലെ വിശ്വാസസമൂഹം കക്ഷിരാഷ്ട്രീയത്തിനതീതമായി ദേവസ്വം ബോർഡിന്റെയും ദേവസ്വം വകുപ്പിന്റെയുമെല്ലാം സഹായത്തോടുകൂടി ആഗോള അയ്യപ്പ സംഗമം നടത്താൻ എല്ലാ തയ്യാറെടുപ്പുകളും നടത്തിയിരിക്കുകയാണ്. അതിൽ പങ്കെടുക്കാതെ പോകുമ്പോഴുള്ള ജാള്യം മറയ്ക്കാനുള്ള ശ്രമം ഈ ഘട്ടത്തിൽ കൊണ്ടുവന്നത് അങ്ങേയറ്റം തെറ്റാണെന്നാണ് സൂചിപ്പിക്കാനുള്ളത്.

ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായി പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും സൂചിപ്പിച്ചു. ആഗോള അയ്യപ്പ സംഗമം ഭംഗിയായും ഫലപ്രദമായും നടക്കുന്നതിനുവേണ്ടിയുള്ള എല്ലാ മുന്നൊരുക്കങ്ങളും സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേരള ഹൈക്കോടതിയിലും സുപ്രീംകോടതിയിലും വന്ന എല്ലാ ഹർജികളും തള്ളുകയും ഇതുമായി മുന്നോട്ടുപോകാനുള്ള അനുമതി നൽകുകയുമുണ്ടായി. ഇത്തരത്തിൽ വിദേശ പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുക്കുന്ന ഘട്ടത്തിലേയ്ക്കുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായിക്കഴിഞ്ഞുവെന്ന് മനസ്സിലാക്കിക്കൊണ്ട് അതിന് മങ്ങലേൽപ്പിക്കാൻ കഴിയുമോയെന്ന പാഴ്ശ്രമമാണ് യഥാർഥത്തിൽ ഈ പ്രമേയത്തിന്റെ പിന്നിലുള്ളത്. ഇത് ഇപ്പോഴത്തെ വിഷയവുമല്ല. 2019-ലെ വിഷയമാണിത്. 2019-ൽ സ്വർണ്ണപ്പാളി കൊണ്ടുപോയി കൊടുത്തതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പരിശോധിക്കാൻ ബഹുമാനപ്പെട്ട കേരള

ഹൈക്കോടതി ദേവസ്വം വിജിലൻസ് ഓഫീസർക്ക് ഉത്തരവ് നൽകി. 30-ാം തീയതി വീണ്ടും ഈ കേസ് അന്വേഷിച്ച് റിപ്പോർട്ട് നൽകാനും പറഞ്ഞിട്ടുണ്ട്. അത്രത്തോളം നടപടി വന്നൊരു കേസിന്മേൽ ചർച്ച നടത്തിയാൽ അത് സബ്ജുഡിസാകുമെന്നത് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 52 (vii) അനുസരിച്ച് വളരെ ശരിയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, കഴിഞ്ഞ ഓണക്കാലവുമായി ബന്ധപ്പെട്ട് പറവൂരിലെ ഔട്ട്‌ലെറ്റ് ഉദ്ഘാടനത്തിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയ പ്രസംഗത്തെക്കുറിച്ചാണ് ഞാൻ ഇന്നലെ സഭയിൽ സൂചിപ്പിച്ചത്. അദ്ദേഹം ഇന്നലെ പറഞ്ഞത്, സഭയ്ക്ക് നിരക്കാത്ത വാക്കാണ്, അത് രേഖയിലുണ്ടാകാൻ പാടില്ല. XXXXXX* ഞാൻ അതിന്റെ കൃത്യമായ വീഡിയോ ക്ലിപ്പിങ്സ് സഭയിൽ ഹാജരാക്കാൻ തയ്യാറാണ്.

മി. സ്പീക്കർ: പരിശോധിച്ച് വേണ്ടതുചെയ്യാം.

10:09AM]

IV ശ്രദ്ധ ക്ഷണിക്കൽ

(1) പേപ്പർ ഗ്ലാസുകൾ സൃഷ്ടിക്കുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. മാത്യു ടി. തോമസ്: സർ, വർഷങ്ങൾക്കുമുമ്പ് പ്ലാസ്റ്റിക് ഗ്ലാസുകൾ നിരോധിച്ച ഒരു സംസ്ഥാനമാണ് കേരളം. വലിയ ആഘോഷത്തോടുകൂടിയാണ് ആ തീരുമാനത്തെ അന്ന് സ്വീകരിച്ചത്. ശബരിമലയിൽ പ്ലാസ്റ്റിക് കുപ്പികൾ നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവ്

* ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/7857/2025/Editing തീയതി 19-09-2025)രേഖയിൽ നിന്നും നീക്കംചെയ്തു.

നിലനിൽക്കുന്നതിനാൽ അവിടെ പ്ലാസ്റ്റിക് കൂപ്പികൾക്കുപകരം മറ്റ് സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇന്നും ഗ്രാമപ്രദേശങ്ങളിൽ പ്ലാസ്റ്റിക് കൂപ്പികളുടെ ഉപയോഗം കണ്ടുവരുന്നുണ്ട്. കൂപ്പിവെള്ളത്തിൽപ്പോലും ആരോഗ്യത്തിന് ഹാനികരമായ പ്ലാസ്റ്റിക് തരികൾ അടങ്ങിയിട്ടുണ്ടെന്നാണ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്കിലെ ഗവേഷകർ നടത്തിയ പഠനത്തിലെ കണ്ടെത്തൽ. പ്ലാസ്റ്റിക് കപ്പുകൾക്കുപകരം ഇന്ന് ഉപയോഗിച്ചുവരുന്ന പേപ്പർ കപ്പുകൾ അതിനേക്കാളേറെ അപകടം സൃഷ്ടിക്കുന്നതാണെന്ന് പലപ്പോഴും നമ്മൾ അറിയുന്നില്ല. വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ പേപ്പർ കപ്പുകൾ വരുത്തിവയ്ക്കുന്നുണ്ട്. പേപ്പർ കപ്പുകൾ ഡ്യൂറബിളും വാട്ടർ പ്രൂഫുമാക്കുന്നതിനുവേണ്ടി രാസപദാർഥങ്ങൾകൊണ്ട് ട്രീറ്റ് ചെയ്യുകയാണ്. പേപ്പർ കപ്പിലേക്ക് ചൂടുള്ള ദ്രാവകം ഒഴിക്കുമ്പോൾ അതിൽ അടങ്ങിയിരിക്കുന്ന മൈക്രോ പ്ലാസ്റ്റിക് കണികകളും ഘനലോഹങ്ങളും ഉരുകി പാനീയത്തിൽ കലരുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. അയോൺസ്, ജൈവ മിശ്രിതങ്ങൾ, ക്രോമിയം, പലേഡിയം, കാഡ്മിയം തുടങ്ങിയ ഘനലോഹങ്ങൾ തുടർച്ചയായി മനുഷ്യശരീരത്തിലേയ്ക്ക് കടന്നുചെല്ലുന്നത് ഗുരുതരമായ രോഗങ്ങളെ ക്ഷണിച്ചുവരുത്തുമെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കാൻസർ, വന്ധ്യത, ഗർഭാശയ രോഗങ്ങൾ തുടങ്ങിയ രോഗങ്ങളാണ് ഇതുമൂലം സംഭവിക്കുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പേപ്പർ ഗ്ലാസുകൾ നിരോധിക്കാൻ സാധിക്കുമെങ്കിൽ അതാണ് ഏറ്റവും നല്ലത്. ചൂട് ഭക്ഷ്യപദാർഥങ്ങളും ദ്രാവകങ്ങളും പേപ്പർ ഗ്ലാസുകളിൽ വിളമ്പുന്നത് കർശനമായി നിരോധിക്കാൻ സർക്കാർ തയ്യാറാകുമോ? പേപ്പർ കപ്പുകൾ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. പേപ്പർ കപ്പുകൾ മണ്ണിൽ ലയിച്ചുചേരാൻ നൂറ് വർഷമെങ്കിലുമെടുക്കും. അതുകൊണ്ടുതന്നെ അപകടകരമായ ഗ്രീൻ

ഹൗസ് വാതകങ്ങൾ പുറത്തുവരുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പ്ലാസ്റ്റിക് മലിനീകരണം വലിയ അപകടമാണ് സൃഷ്ടിക്കുന്നത്. സമുദ്രങ്ങളിലോ നദികളിലോ ഇവ എത്തിച്ചേരുന്നത് സമുദ്ര ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ എണ്ണ, വെള്ളം അതുപോലെയുള്ള മറ്റ് സംവിധാനങ്ങളെ ഇല്ലാതാക്കാനും ഇത് ഉപകരിക്കും. പേപ്പർ കപ്പുകളുടെ ഉപയോഗംമൂലം സഹജസ്ഥലങ്ങളിലും പാർക്കുകളിലും തെരുവുകളിലുമൊക്കെ മാലിന്യങ്ങൾ കുന്നുകൂടുന്നത് വർധിച്ചുകൊണ്ടിരിക്കുകയാണ്. വിവാഹം പോലെയുള്ള ഇവന്റ് കഴിഞ്ഞാൽ വൻതോതിലുള്ള പേപ്പർ കപ്പ് മാലിന്യങ്ങൾ കുന്നുകൂടുന്നുണ്ട്. കപ്പുകളും മറ്റും ഹരിതകർമ്മ സേന ശേഖരിക്കുന്നുവെന്ന് പറഞ്ഞാലും മറ്റുപല അപകടങ്ങളും നിലനിൽക്കുകയാണ്. കപ്പുകൾ വാട്ടർ പ്രൂഫാക്കാൻ ഉപയോഗിക്കുന്ന രാസവസ്തുക്കൾ വന്യജീവികളെയും വനത്തിന്റെ ആവാസ വ്യവസ്ഥയെയും പരിസ്ഥിതിയെയുമൊക്കെ ഹാനികരമായി ബാധിക്കുമെന്ന് മാത്രമല്ല പേപ്പർ കപ്പുകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് മറ്റ് കപ്പുകൾ നിർമ്മിക്കുന്നതിനേക്കാൾ വളരെ കൂടുതലുമാണ്. അതുകൊണ്ട് പ്ലാസ്റ്റിക് കപ്പുകൾ നിരോധിച്ചിടത്ത് സ്റ്റീൽ കപ്പുകളും കുപ്പി ഗ്ലാസുകളും ഉപയോഗിച്ച് കഴുകി വൃത്തിയായി ഉപയോഗിക്കുന്ന ശീലം വളർത്തിയെടുക്കണം. നിർബന്ധമായും പേപ്പർ കപ്പുകൾ ഒഴിവാക്കാനുള്ള പ്രേരണ നൽകണം. പ്ലാസ്റ്റിക് കപ്പുകൾ നിരോധിക്കാൻ സാധിക്കുമെങ്കിൽ അതാണ് നല്ലത്. ചൂട് ദ്രാവകങ്ങൾ കപ്പിൽ വിളമ്പുന്നത് കർശനമായി നിരോധിച്ചുകൊണ്ടുള്ള സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, അദ്ദേഹം ഉന്നയിച്ച വിഷയം വളരെ റെലവന്റും ഗൗരവമുള്ളതുമാണ്. അത് അങ്ങ് അഡ്രസ് ചെയ്യണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അങ്ങ് പറഞ്ഞതുപോലെ ശ്രീ. മാത്യു ടി. തോമസ് സഭയുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത് വളരെ ഗൗരവമുള്ളതും പ്രധാനപ്പെട്ടതുമായ ഒരു വിഷയത്തിലേയ്ക്കാണ്. പ്രസ്തുത വിഷയം ഉന്നയിച്ചതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്.

മി. സ്പീക്കർ: പ്ലാസ്റ്റിക്കിന്റെ അംശം മുലപ്പാലിൽ ഉൾപ്പെടെ വരുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

ശ്രീ. എം. ബി. രാജേഷ്: സർ, കടലിലും കായലിലും വൻതോതിൽ പ്ലാസ്റ്റിക് തള്ളുന്നതുമൂലം മൈക്രോ പ്ലാസ്റ്റിക്കിന്റെ അംശം മത്സ്യത്തിലൂടെ മനുഷ്യരിലേയ്ക്കുമെത്തുന്നുവെന്ന ധാരാളം പഠന റിപ്പോർട്ടുകളുണ്ട്. സംസ്ഥാനത്ത് പ്ലാസ്റ്റിക് കോട്ടിങ്ങുള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, ക്യാരിബാഗുകൾ എന്നിവ ഉൾപ്പെടെ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾക്ക് 01-01-2020-ൽ നിരോധനം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പിന്നീട് 12-08-2021-ലെ കേന്ദ്രസർക്കാർ നോട്ടിഫിക്കേഷൻ നമ്പർ ജി.എസ്.ആർ. 571 (ഇ) മുഖേന ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് നിരോധനം നിലവിൽ വരികയും ചെയ്തു. 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ഹാൻഡ്ലിങ്) ചട്ടങ്ങളും 29-10-2022-ലെ സർക്കാർ ഉത്തരവും പ്രകാരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (സി.പി.സി.ബി.) സാക്ഷ്യപ്പെടുത്തിയ പോളിലാക്റ്റിക് ആസിഡ് കവാട്ടിങ്ങുള്ള

പേപ്പർ കപ്പുകളും പ്ലേറ്റുകളും മാത്രമേ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കിന്റെ നിരോധിത പട്ടികയിൽ ഉൾപ്പെടുന്ന പ്ലാസ്റ്റിക് കോട്ടഡ് പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കോട്ടഡ് പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് കോട്ടഡ് ബൗളുകൾ, പ്ലാസ്റ്റിക് കോട്ടഡ് പേപ്പർ ബാഗുകൾ എന്നിവയ്ക്ക് ബദൽ ഉൽപന്നങ്ങളായി അംഗീകരിച്ചിട്ടുള്ളൂ. ഈ ചട്ടങ്ങളനുസരിച്ച് കമ്പോസ്റ്റബിൾ പ്ലാസ്റ്റിക് ക്യാരിബാഗുകൾ, മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാതാക്കളും വിൽക്കുന്നവരും വിപണനം ചെയ്യുന്നതിനുമുമ്പ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽനിന്ന് സർട്ടിഫിക്കറ്റ് നേടിയിരിക്കണം. 2024-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് (ഭേദഗതി) ചട്ടങ്ങൾ അനുസരിച്ച് കമ്പോസ്റ്റബിൾ പ്ലാസ്റ്റിക്കുകളുടെ നിർമ്മാതാക്കൾ സെൻട്രലൈസ്ഡ് ഇ.പി.ആർ. പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. പ്ലാസ്റ്റിക് ഗ്ലാസുകൾ നിരോധിച്ചതിനെത്തുടർന്ന് വ്യാപകമായി ഉപയോഗത്തിൽ വന്നിട്ടുള്ള പേപ്പർ ഗ്ലാസുകൾ സൃഷ്ടിക്കുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് കോട്ടിങ്ങോടുകൂടിയ പേപ്പർ കപ്പുകൾ ഉൾപ്പെടെയുള്ള ഡിസ്പോസബിൾ വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുന്നതിലേയ്ക്കും പൊതുസ്ഥലങ്ങളിൽ വലിച്ചെറിയപ്പെടാതിരിക്കുന്നതിനും തദ്ദേശസ്ഥാപന തലത്തിൽ ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. അതുപോലെ ഫൈൻ അടക്കമുള്ള നടപടികളും എൻഫോഴ്സ്മെന്റ് നടപടികളും ശക്തമായി സ്വീകരിക്കുന്നുണ്ട്. പ്ലാസ്റ്റിക് കവറുകളുള്ള പേപ്പർ കപ്പുകൾ പൂർണ്ണമായി നിരോധിക്കുകയും നൂറിലധികം ആളുകൾ പങ്കെടുക്കുന്ന എല്ലാ സ്വകാര്യ-പൊതുപരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനത്തിന്റെ ഭാഗമായി സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസുകളും ഉപയോഗിക്കുന്നതിന്

സർക്കാർ തലത്തിൽ കർശന നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ നേരിട്ട് നടത്തുന്ന പൊതുപരിപാടികൾ പൂർണ്ണമായും മാലിന്യമുക്തമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ പൊതുപരിപാടികൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 2025-ലെ ഓണം വാരാഘോഷ പരിപാടികൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് വിജയകരമായി നടത്തിയ കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. 21-03-2023-ലെ ഉത്തരവുപ്രകാരം മാലിന്യ സംസ്കരണത്തിന്റെ ലംഘനം കണ്ടെത്തുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് ടാക്സ് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് ടാസ്ക് ഫോഴ്സുണ്ട്. ഈ സ്ക്വാഡുകൾ പരിശോധന നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി കർശന നടപടികൾ കൈക്കൊണ്ടുവരുന്നു. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ മുഖേനയും മറ്റും കഴിഞ്ഞ ജനുവരി മുതൽ ജൂൺ മാസം വരെ ചുമത്തിയ പിഴ 8.55 കോടി രൂപയാണ്. സർക്കാർ ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അങ്ങും ശ്രീ. മാത്യു ടി. തോമസും ചൂണ്ടിക്കാണിച്ചതുപോലെ ഗൗരവമേറിയതും പ്രാധാന്യമുള്ളതുമായ വിഷയമാണിത്. പിഴ ചുമത്തുക മാത്രമല്ല, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച ആരോഗ്യ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വിപുലവും വ്യാപകവുമായ ബോധവൽക്കരണവും അനിവാര്യമാണ്. അതിനും സർക്കാർ നേതൃത്വം നൽകുന്നുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, ചൂട് ഭക്ഷണ പദാർഥങ്ങൾ പേപ്പർ കപ്പുകളിൽ വിളമ്പി നൽകുന്നത് ആരോഗ്യത്തിന് അത്യധികം ഹാനികരമാണ്. പേപ്പർ കപ്പുകൾ ഒറ്റയടിക്ക് നിരോധിക്കാൻ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുണ്ടെങ്കിൽ കുറഞ്ഞപക്ഷം ഇതിൽ ചൂട് ഭക്ഷണ പദാർഥങ്ങൾ വിളമ്പി നൽകുന്നത് തടയാൻ എന്തെങ്കിലും നിയമനടപടി

സ്വീകരിക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഇപ്പോൾ ഫങ്ഷനുകളിൽ ഗ്ലാസുകളാണ് ഉപയോഗിക്കുന്നത്. അതുപോലെ പടിപടിയായി പേപ്പർ ഗ്ലാസുകൾ ഒഴിവാക്കുന്നതാണ് നല്ലത്.

ശ്രീ. എം. ബി. രാജേഷ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. സർക്കാർ പരിപാടികൾ, പൊതുപരിപാടികൾ എന്നിവയെല്ലാം ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന് നമ്മൾ നിഷ്കർഷിച്ചിട്ടുണ്ട്. അതിന് ഹരിത പ്രോട്ടോക്കോൾ കമ്മിറ്റികൾ രൂപീകരിക്കാനും നിശ്ചയിച്ചിട്ടുണ്ട്. അതിന് ഒരു ഉദാഹരണമായാണ് ഓണം വാരാഘോഷം ചൂണ്ടിക്കാണിച്ചത്. പ്ലാസ്റ്റിക് കോട്ട് ചെയ്തിട്ടുള്ള പേപ്പർ കപ്പുകളുണ്ടെങ്കിൽ അതിൽ നൽകുന്ന പദാർഥങ്ങൾ ചൂടുള്ളതാണോ അല്ലയോ എന്ന് പരിശോധിക്കുന്നത് എളുപ്പമായിരിക്കില്ല. ഇത്തരം കാര്യങ്ങൾ മേല്പറഞ്ഞ നടപടികൾകൊണ്ട് നിയന്ത്രിക്കുന്നതിന് എന്താണോ ചെയ്യാൻ സാധിക്കുന്നത് അത് ചെയ്യാം. അദ്ദേഹം ഉന്നയിച്ച പ്രശ്നം ഗൗരവത്തോടെ കാണുന്നു. കാര്യങ്ങൾ കുറച്ച് സങ്കീർണ്ണമാണ്. എന്നാലും നടപടികൾ നമ്മൾ സ്വീകരിച്ചുകൊണ്ടിരിക്കും.

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ഇന്നലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് മറുപടി പറയവെ പറവൂരിലെ ഓണച്ചന്ത ഉദ്ഘാടനം ചെയ്തുകൊണ്ട് ഞാൻ സർക്കാരിനെ പ്രകീർത്തിച്ചുവെന്ന് പരാമർശിക്കുകയുണ്ടായി. ഞാൻ അങ്ങനെ പറയാത്തതുകൊണ്ട്

പെട്ടെന്ന് എഴുന്നേറ്റ് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി XXXXXX* പറയുന്നതെന്നും അവിടെ ഒരു യോഗമുണ്ടായിട്ടില്ലെന്നും ഞാൻ അതിൽ സംസാരിച്ചിട്ടില്ലെന്നും പറഞ്ഞു. ഞാൻ യോഗത്തിൽ പങ്കെടുക്കാൻ വൈകിയാണ് എത്തിയത്. അതുകൊണ്ട് യോഗം കാൻസൽ ചെയ്യാൻ പറഞ്ഞു. ഞാൻ പോകാൻ തുടങ്ങിയപ്പോൾ സംഘാടകർ എന്തെങ്കിലും സംസാരിക്കണമെന്ന് പറഞ്ഞു. യോഗമില്ലാതെ ഞാൻ ഒരു മിനിട്ട് സംസാരിച്ചുവെന്നത് ശരിയാണ്. അത് എന്റെ ഓർമ്മപ്പിശകാണ്. ഞാൻ സംസാരിച്ച ഒരിടത്തും സർക്കാരിനെ പ്രകീർത്തിച്ച് സംസാരിച്ചിട്ടില്ല. സപ്ലൈകോയുടെ പ്രസക്തിയെക്കുറിച്ചാണ് പറഞ്ഞത്. ഇതിൽ പ്രധാനപ്പെട്ട കാര്യം ഞാൻ സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി XXXXXX* പറയുകയാണെന്ന് പെട്ടെന്നുള്ള പ്രകോപനംകൊണ്ട് പറഞ്ഞുപോയതാണ്. ഞാൻ പറയാത്ത ഒരുകാര്യം ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇരുന്നപ്പോൾത്തന്നെ സഭയിലെ മുതിർന്ന അംഗമായ ശ്രീ. മാത്യു ടി. തോമസ് എന്റെ അടുത്തുവന്ന് ആ വാക്കുകൾ അൺപാർലമെന്ററിയാണെന്നും അതിന് വാസ്തവ വിരുദ്ധമെന്നേ പറയാൻ പാടുള്ളൂവെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കുകൾ അംഗീകരിച്ച് ഞാൻ പറഞ്ഞ അൺപാർലമെന്ററി വാക്ക് സഭാരേഖയിൽ നിന്നും നീക്കം ചെയ്യുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇന്ന് എഴുതി

* ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/7857/2025/Editing തീയതി 19-09-2025)രേഖയിൽ നിന്നും നീക്കംചെയ്തു.

* ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/7857/2025/Editing തീയതി 19-09-2025)രേഖയിൽ നിന്നും നീക്കംചെയ്തു.

നൽകിയിട്ടുണ്ട്. ഞാൻ ഈ സഭയിൽ അംഗമായിട്ട് 24 വർഷം കഴിഞ്ഞു. എന്റെ ഒരു വാക്കും ഇതുവരെയും സഭാരേഖകളിൽനിന്ന് ഒരു സ്പീക്കറും നീക്കം ചെയ്തിട്ടില്ല. എന്റെ ഒരു വാക്ക് ഭാവിതലമുറയ്ക്ക് വിഷമമുണ്ടാക്കുന്ന രീതിയിലുണ്ടാകാൻ പാടില്ല. അതുകൊണ്ട് ഞാൻ തന്നെ എഴുതിക്കൊടുത്തിട്ടുണ്ട്. ഞാനത് പിൻവലിക്കുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോടും സഭയോടും ഞാൻ ക്ഷമ ചോദിക്കുകയാണ്. ഞാൻ അങ്ങനെ പറയാൻ പാടില്ലായിരുന്നു. എന്റെ ഭാഗത്തുനിന്ന് തെറ്റാണുണ്ടായത്.

മി. സ്പീക്കർ: ഇത്തരം അനുകരണീയമായ മാതൃകകൾ എല്ലാവർക്കും സ്വീകരിക്കാവുന്നതാണ്. പെട്ടെന്നുണ്ടാകുന്ന പ്രകോപനത്തിൽ ചില വാക്കുകൾ വഴിവിട്ട് പോകുന്നുണ്ടെങ്കിൽ അത് തിരുത്തുന്നത് ഒരു പരാജയമായി കാണേണ്ടതില്ല. നമ്മളെല്ലാവരും പാർലമെന്ററി ഡെമോക്രസിയുടെ ഏറ്റവും ഉയർന്ന രൂപമാണെന്ന് കരുതിയാൽ മതി.

(2) ക്ഷേമനിധി ബോർഡുകളിലെ ആനുകൂല്യ വിതരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ലേബർ ഡിപ്പാർട്ട്മെന്റിന്റെയും മറ്റ് ഡിപ്പാർട്ട്മെന്റുകളുടെയും കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ വിവിധ ഇനങ്ങളിലായി 2000 കോടിയോളം രൂപയുടെ ആനുകൂല്യങ്ങൾ കുടിശ്ശികയായിരിക്കുകയാണ്. പെൻഷൻ, അംശദായം, റീഫണ്ട്, വിവാഹാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര ആനുകൂല്യം എന്നിവയാണ് ഈ പാവപ്പെട്ട തൊഴിലാളികൾക്ക് നൽകാനുള്ളത്. കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിലെ ആകെ ഗുണഭോക്താക്കൾ 512316 പേരാണ്. ഇവിടെ 16 മാസത്തെ പെൻഷൻ കുടിശ്ശികയാണ്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 3.25 ലക്ഷത്തോളം

അപേക്ഷകർക്കായി 500 കോടി രൂപ കുടിശ്ശികയാണ്. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെയുള്ള ഗുണഭോക്താക്കൾ 3757 പേരാണ്. ഇവിടെ ഒരു കോടി എൺപത് ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 10000 ഗുണഭോക്താക്കൾക്ക് പെൻഷൻ ഇനത്തിൽ നാല് കോടി രൂപയും പ്രസവാനുകൂല്യമായി 3760 പേർക്ക് അഞ്ച് കോടി രൂപയും നൽകാനുണ്ട്. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 570000 ഗുണഭോക്താക്കൾക്ക് അംശദായമായി 30 കോടിയോളം രൂപ നൽകാനുണ്ട്. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 8489 ഗുണഭോക്താക്കൾക്ക് പെൻഷൻ ഇനത്തിൽ നാല് കോടിയോളം രൂപ കുടിശ്ശികയാണ്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് 50 കോടിയോളം രൂപ പെൻഷൻ ഇനത്തിൽ കുടിശ്ശികയാണ്. പ്രസവ സഹായത്തിനായി വിതരണം ചെയ്യുന്ന തുകയിൽ 2012-13-ലെ തുക പതിനാല് വർഷത്തിലേറെയായി കുടിശ്ശികയാണ്. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ 2023 മുതലുള്ള വിരമിക്കൽ ആനുകൂല്യം നൽകിയിട്ടേയില്ല; 46 കോടി രൂപ കുടിശ്ശികയാണ്. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2020 മുതലുള്ള വിരമിക്കൽ ആനുകൂല്യമായ 25 കോടി രൂപ കുടിശ്ശികയാണ്. കൂടാതെ കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ 24 കോടി രൂപയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 40 കോടി രൂപയും കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ 1.25 കോടി രൂപയും കുടിശ്ശികയാണ്. ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ളവരിൽ ഭൂരിഭാഗവും പാവപ്പെട്ട തൊഴിലാളികളാണ്.

ക്ഷേമനിധി ബോർഡിന്റെ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനാവശ്യമായ ഫണ്ട് മൂന്ന് ഭാഗങ്ങളായാണ് കണ്ടെത്തുന്നത്. തൊഴിലാളിയും തൊഴിലുടമയും സർക്കാരും നൽകുന്ന ഷെയറുകൾ ചേർന്നാണ് ക്ഷേമനിധി ബോർഡിന് ആകെത്തുക ലഭ്യമാകുന്നത്. ആദ്യത്തെ രണ്ട് ഭാഗങ്ങളിൽനിന്നുള്ള തുക കൃത്യമായി ലഭിക്കുന്നുണ്ട്. എന്നാൽ സർക്കാർ നൽകാനുള്ള തുക കുടിശ്ശികയാണ്. ഇതിനേക്കാൾ വലിയ ദ്രോഹം ചെയ്യാനുണ്ടോ? അതുകൊണ്ട് വിവിധ ക്ഷേമനിധി ബോർഡുകളിലെ കുടിശ്ശികത്തുകകൾ ത്വരിതഗതിയിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി 33 ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. തനത് ഫണ്ട് ഉപയോഗിച്ച് ആനുകൂല്യം വിതരണം ചെയ്യുന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്റ്റാറ്റേർഡ് ഒഴികെ) എന്നിവ നാളിതുവരെയുള്ള പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 16 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. മറ്റാനുകൂല്യങ്ങളിലെ തുകകൾ 2025 മാർച്ച് മാസം വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ബോർഡിൽ സെസ് നിർണ്ണയിക്കുന്നതിനും ഈടാക്കുന്നതിനും തൊഴിൽ

വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരുന്നതെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം സെസ് പിരിവ് നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി 2024 ഫെബ്രുവരി മാസം 14-ാം തീയതി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രതിമാസം പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് ഏകദേശം 72 കോടിയോളം രൂപ ആവശ്യമാണ്. തൊഴിൽ വകുപ്പ് സെസ് പിരിച്ചിരുന്നപ്പോൾ പ്രതിമാസം ഏകദേശം 30 കോടി രൂപ മാത്രമായിരുന്ന കളക്ഷൻ. എന്നാൽ ഇപ്പോഴത് ഏകദേശം 50 കോടി രൂപയായി വർധിച്ചിട്ടുണ്ട്. കളക്ഷനിൽ ഇനിയും വർധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടി വർധനവിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഇതുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങൾ ചോദ്യോത്തരവേളയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓൺലൈനായാണ് സെസ് പിരിക്കുന്നത്. പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ സെസ് കുടിശ്ശികയുണ്ടാകാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്. അതുകൊണ്ടുതന്നെ ഇപ്പോൾ കൃത്യമായ സെസ് കളക്ഷൻ നടക്കുന്നുണ്ട്. സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിൽ 2025 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ മുഖേന 2016 മുതൽ 2025 വരെ 9158,19,37,013/- രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അതായത്, കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ ഏതാണ്ട് പതിനായിരം കോടിയോളം രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടാം പിണറായി സർക്കാരിന്റെ കാലത്തുമാത്രം 3324,81,30,968/- രൂപയുടെ

ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കുടിശ്ശിക വിതരണം പൂർണ്ണമാക്കുന്നതിനുള്ള ഒരു നിശ്ചിത തീയതി പറയാൻ സാധിക്കുമോ? അത് സർക്കാർ ഉറപ്പ് നൽകണം. ഇവിടെ തൊഴിലാളികളും തൊഴിലുടമയും പണം നൽകിയിട്ടുണ്ട്. മൂന്നിലൊരു ഭാഗം മാത്രമാണ് സർക്കാർ വിഹിതം. അതിനാൽ കുടിശ്ശികയുണ്ടാകാൻ സാധ്യതയില്ല. അതുകൊണ്ട് ഒരു നിശ്ചിത തീയതിക്കുമുമ്പ് ടി കുടിശ്ശിക കൊടുത്തുതീർക്കുമെന്ന് സഭയിൽ വച്ച് ഉറപ്പ് നൽകാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കുടിശ്ശിക കൊടുത്തുതീർത്തതുമായി ബന്ധപ്പെട്ട കണക്കുകൾ ഞാൻ സൂചിപ്പിക്കുകയുണ്ടായി. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനാണ് ഏറ്റവും കൂടുതൽ കുടിശ്ശികയുള്ളത്. നിലവിൽ 16 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. 2025 മാർച്ച് മാസം വരെയുള്ള മറ്റെല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. മാത്രമല്ല, മറ്റ് ക്ഷേമനിധി ബോർഡുകളുടെ ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉണ്ടായിരുന്ന വിഷയം നേരത്തെ വിശദീകരിച്ചതാണ്. പ്രതിമാസം 30 കോടി രൂപ കളക്ഷനായിരുന്നത് 50 കോടി രൂപയായി വർധിച്ചിട്ടുണ്ട്. വലിയ വർധനവാണിത്. നിലവിൽ ഓൺലൈനായി സെസ് പിരിക്കുന്നതുകൊണ്ട് ഇനിയും വർധിക്കുമെന്നാണ് കണക്കാക്കുന്നത്. വരുമാനം വർധിക്കുന്നതിനനുസരിച്ച് എത്രയുംവേഗം കുടിശ്ശിക കൊടുത്തുതീർക്കുന്നതിനാണ് സർക്കാർ പ്രധാന പരിഗണന നൽകുന്നത്.

10.27AM]

V സബ്മിഷൻ

(1) കെ.എസ്.യു. വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ മുഖംമൂടി ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കെ.എസ്.യു.-എസ്.എഫ്.ഐ. സംഘർഷമുണ്ടായതിനെത്തുടർന്ന് കെ.എസ്.യു. പ്രവർത്തകർക്കെതിരെ മാത്രമാണ് കേസ് ചാർജ് ചെയ്തത്. കെ.എസ്.യു. ജില്ലാ വൈസ് പ്രസിഡന്റ് ഗണേഷ് ആറ്റൂർ, കിള്ളിമംഗലം ഗവ. കോളേജിലെ യൂണിറ്റ് പ്രസിഡന്റ് മുഹമ്മദ് അസ്‌ലം, യൂണിറ്റ് ഭാരവാഹി ഒറ്റപ്പാലം കോളേജിലെ അൽ അമീൻ എന്നിവരെ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. ശ്രീ. യു. കെ. ഷാജഹാന്റെ നേതൃത്വത്തിൽ കൊടുംകുറ്റവാളികളെപ്പോലെ കറുത്ത തുണികൊണ്ട് മുഖംമൂടി അണിയിച്ചും കൈ പിന്നിൽ കെട്ടി വിലങ്ങ് വയ്പിച്ചും വടക്കാഞ്ചേരി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. ഇക്കാലത്ത് തീവ്രവാദികളെപ്പോലും അങ്ങനെ ചെയ്യാറില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നിലവിലുള്ളതാണ്. കോളേജിൽ പഠിക്കുന്ന കുട്ടികളെ കറുത്ത തുണി ഉപയോഗിച്ച് മുഖം മറച്ചും വിലങ്ങുവച്ചും കോടതിയിൽ ഹാജരാക്കുന്ന ദയനീയമായ സംഭവമാണുണ്ടായത്. ടി പൊലീസ് നടപടിയെ അതിശക്തമായി കോടതി വിമർശിക്കുകയും എന്തിനാണ് കുട്ടികളെ മുഖം മറച്ച് വിലങ്ങണിയിച്ച് ഹാജരാക്കിയതെന്ന് ചോദിക്കുകയും ചെയ്തു. അതിന് കൃത്യമായ മറുപടി പറയാൻ പൊലീസിന് സാധിക്കാത്തതിനെത്തുടർന്ന്

എസ്.എച്ച്.ഒ.-ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ജില്ലാ പൊലീസ് മേധാവി വഴി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇത് കേരളമാണ്. കോളേജ് വിദ്യാർഥികൾ തമ്മിലുള്ള സംഘർഷം എത്രയോ വർഷങ്ങളായിട്ടുള്ളതാണ്! ഈ പ്രശ്നത്തിൽ എസ്.എച്ച്.ഒ. കുട്ടികളുടെ വീട്ടിൽ പോയി മാതാപിതാക്കളെ ഭീഷണിപ്പെടുത്തുന്ന വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ആറ് തവണയാണ് ഇദ്ദേഹം കുട്ടികളുടെ വീട്ടിൽ പോയി മാതാപിതാക്കളെ ഭീഷണിപ്പെടുത്തിയത്. കോളേജിൽ കുട്ടികൾ തമ്മിലുണ്ടായ സംഘർഷത്തിന്റെ പേരിൽ അവരുടെ ബന്ധുവീടുകളിൽ പോയാണ് ഭീഷണിപ്പെടുത്തിയത്. കുന്നംകുളം പോലീസ് സ്റ്റേഷനിലുണ്ടായ സംഭവം കഴിഞ്ഞ ദിവസം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതാണ്. ശ്രീ. വി. ആർ. സുജിത്തിന് മർദനമേറ്റപ്പോൾ അവിടത്തെ എസ്.എച്ച്.ഒ. ആയിരുന്ന അതേ വ്യക്തി തന്നെയാണ് ഈ വിഷയത്തിലും ഉൾപ്പെട്ടിരിക്കുന്നതെന്നുള്ളത് ഗൗരവമേറിയ കാര്യമാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കോഴിക്കോട് സർവകലാശാല ഡി-സോൺ കലോത്സവവുമായി ബന്ധപ്പെട്ട് കിള്ളിമംഗലം കോളേജിലും മാള കോളേജിലും ഇരുവിഭാഗം വിദ്യാർഥികൾ തമ്മിൽ സംഘർഷമുണ്ടായി. ഇതിന്റെ തുടർച്ചയായി 19-08-2025-ന് ഗണേഷ് എന്നയാൾ ഉൾപ്പെടെ ഏഴ് പേർ ചേർന്ന് രണ്ട് വിദ്യാർഥികളെ തലയ്ക്കടിച്ചും മറ്റും ദേഹോപദ്രവം ഏൽപ്പിക്കുകയും പണവും മൊബൈൽ ഫോണും കവരുകയും ചെയ്തുവെന്ന മൊഴിയുടെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ

645/2025 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. സംഭവത്തിനുശേഷം ഒളിവിൽ പോയ ഗണേഷ് ഉൾപ്പെടെയുള്ള മൂന്ന് പേരെ 11-09-2025-ന് കൊയിലാണ്ടിയിൽനിന്നും അറസ്റ്റ് ചെയ്യുകയുണ്ടായി. ഇവർ ഇപ്പോൾ റിമാൻഡിലാണ്. ആക്രമണത്തിൽ പരിക്കേറ്റ ഒരു വിദ്യാർഥി പ്രതികളെ മുൻപരിചയമില്ലെന്നും കണ്ടാൽ തിരിച്ചറിയുമെന്നും മൊഴി നൽകിയതിനാൽ പ്രതികളുടെ ഐഡന്റിഫിക്കേഷൻ നടത്തേണ്ടതുണ്ട്. അതുകൊണ്ട് അതിനുമുമ്പ് പൊതുമണ്ഡലത്തിൽ അവരെ തിരിച്ചറിയാതിരിക്കാൻ മുഖംമൂടി ധരിപ്പിച്ചാണ് കോടതിയിൽ ഹാജരാക്കിയതെന്നാണ് റിപ്പോർട്ട്. വിദ്യാർഥികളെ വിലങ്ങ് വച്ചതായി പരാതിയുണ്ടായിട്ടുണ്ട്. വിദ്യാർഥികളെ വിലങ്ങ് വച്ചിട്ടുണ്ടെങ്കിൽ ആ നടപടിയോട് സർക്കാരിന് യോജിപ്പില്ല. പരാതിയിന്മേൽ അന്വേഷണം നടത്താനും അന്വേഷണവിധേയമായി സ്റ്റേഷൻ ഹൗസ് ഓഫീസറെ സ്ഥലംമാറ്റാനും തീരുമാനിച്ചിട്ടുണ്ട്.

(2) എറിയാട്-എടവിലങ്ങ് തീരപ്രദേശത്ത് ടെട്രാപോഡ് സംവിധാനം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഏഴ് പഞ്ചായത്തുകളാണുള്ളത്. ഇവ തീരദേശ പഞ്ചായത്തുകളായതിനാൽ അവിടെയുള്ള ജനങ്ങൾ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ഈ തീരദേശവാസികൾക്കായി സംസ്ഥാന സർക്കാർ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും കാലാവസ്ഥാ വ്യതിയാനവും മറ്റുംമൂലം കടലാക്രമണം ശക്തിപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. തീരദേശ നിയോജകമണ്ഡലമായ കയ്പമംഗലത്ത് കടലേറ്റത്തിലും കടലാക്രമണത്തിലും നിരവധി വീടുകൾ തകർന്നുപോകുന്ന സ്ഥിതിയുണ്ടായിരുന്നു. എന്നാൽ പുനർഗേഹം, സുനാമിയുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന പ്രത്യേക വീടുകൾ, ലൈഫ് ഭവന പദ്ധതി എന്നിവ പ്രകാരം

നിരവധി ആളുകളെ അവിടെനിന്നും മാറ്റിപാർപ്പിക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽപ്പോലും കടൽ വലിയതോതിൽ കരയിലേക്ക് കയറുന്ന പൊതുസ്ഥിതിയുണ്ട്. ഇതുമായി ബന്ധപ്പെട്ട് എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളെ ഹോട്ട്സ്പോട്ടായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രണ്ട് സ്ഥലത്തും ടെട്രാപോഡ് സംവിധാനം എത്രയും വേഗം സ്ഥാപിക്കുമെന്ന് 2022-ൽ നിയമസഭയ്ക്ക് ബജറ്റ് മുഖേന ഉറപ്പുകിട്ടിയതാണ്. പക്ഷേ ഇപ്പോഴും അതിന് സാധിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ ആരംഭിക്കേണ്ടതുണ്ട്. അല്ലെങ്കിൽ, കടലാക്രമണംമൂലം ആളുകളെ മാറ്റി പാർപ്പിച്ചിരിക്കുന്ന വീടുകൾ ഉൾപ്പെടെ കടലാക്രമണ ഭീഷണി നേരിടുന്ന സ്ഥിതിയിലേക്ക് വരുമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, കയ്പമംഗലം എന്നീ പഞ്ചായത്തുകളിൽ അവശ്യംവേണ്ട ജിയോട്യൂബുകൾ ഉൾപ്പെടെ എത്രയുംവേഗം സ്ഥാപിച്ച് അവിടെയുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കൊടുങ്ങല്ലൂർ താലൂക്കിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ എറിയാട്, എടവിലങ്ങ് പഞ്ചായത്തുകളിലെ ആറ് കിലോമീറ്ററോളം വരുന്ന കടൽതീരത്തെ കടൽഭിത്തി പൂർണ്ണമായി നശിച്ചുപോയിട്ടുള്ളതും രൂക്ഷമായ കടലാക്രമണ ഭീക്ഷണി നേരിടുന്ന പ്രദേശമായതിനാൽ Asian Development Bank (ADB), National Centre for Coastal Research (NCCR), Ecology and Environment എന്നിവിടങ്ങളിലെ പ്രതിനിധി സംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് ബോധ്യപ്പെട്ട് ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. കയ്പമംഗലം നിയോജകമണ്ഡലത്തിലെ

ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുന്ന കൊടുങ്ങല്ലൂർ തീരസംരക്ഷണ പ്രവൃത്തികൾക്കായി 23-05-2025-ൽ NCCR-ൽ നിന്ന് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്കുള്ള ഡിസൈൻ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ എറിയാട്, എടവിലങ്ങ് പഞ്ചായത്തുകളിലെ പ്രവൃത്തിക്കുവേണ്ടി 328.65 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കിയിട്ടുണ്ട്. അതിന്മേൽ നടന്നുവരുന്ന പരിശോധന പൂർത്തിയാക്കി ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുന്ന പ്രദേശത്തെ തീരദേശ മണ്ണൊലിപ്പ് തടയുന്നതിനും തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും മേൽപ്രവൃത്തി ലക്ഷ്യമിടുന്നു. മേൽപ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഹോട്ട്സ്പോട്ടായി ഉൾപ്പെടുത്തിയിട്ടുള്ള എറിയാട്, എടവിലങ്ങ് തീരപ്രദേശങ്ങൾക്ക് തുടർച്ചയായുള്ള എസ്.എൻ. പുരം പഞ്ചായത്തിൽ CP 1224 മുതൽ CP 1242 വരെയുള്ള പ്രദേശങ്ങളിൽ അതിരൂക്ഷമായ കടലാക്രമണംമൂലം നിലവിലെ പഴക്കമുള്ള കടൽഭിത്തികൾ തകർന്നിരിക്കുകയാണ്. സമീപഭാവിയിൽ കടൽക്ഷോഭം, കള്ളക്കടൽ എന്നിവമൂലം ഏകദേശം 4 കിലോമീറ്ററോളം വരുന്ന എസ്.എൻ. പുരത്തെ കടൽത്തീരങ്ങളിൽ കടലേറ്റം വ്യാപകമാണ്. ഇത് ഈ പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിലനിൽക്കുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറിയാട്, എടവിലങ്ങ് പഞ്ചായത്തുകളിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള നിർമ്മാണം നടത്തുന്നതോടെ എസ്.എൻ. പുരം പഞ്ചായത്തിലെ കടൽത്തീരങ്ങളിൽ കടലാക്രമണം രൂക്ഷമാകാൻ സാധ്യതയുണ്ട്. അതിനാൽ 70

ശതമാനത്തോളം തകർന്നുകിടക്കുന്ന ദുർബലമായ കടൽഭിത്തികൾ മാത്രമുള്ള ശ്രീനാരായണപുരം പഞ്ചായത്തിലെ തീരദേശ പ്രദേശങ്ങളും ഫിഷിങ് ഗ്യാപ്പുള്ള സ്ഥലങ്ങളിലെ റിട്ടേൺ വാൾ അടക്കം ഏകദേശം 10 കിലോമീറ്റർ കടൽഭിത്തി നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. മതിലകം പഞ്ചായത്തിലെ CP 1244-ന് ഇരുവശത്ത് 260 മീറ്റർ നീളത്തിലും CP 1247-നുസമീപം 450 മീറ്റർ നീളത്തിലും കടൽത്തീര സംരക്ഷണ പ്രവൃത്തികൾക്കായി വേൾഡ് ബാങ്ക് ഫണ്ട് ലഭ്യമാക്കുന്നതിനായി Mission Directorate മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. പെരിഞ്ഞനം പഞ്ചായത്തിൽ 150 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ റിഹോർമേഷനായി 63 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചു. 5 വർഷം പിന്നിട്ടിട്ടും പ്രവൃത്തി നടപ്പാക്കുന്നതിനുള്ള അനുകൂല സാഹചര്യമുണ്ടായിരുന്നിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ യാതൊരു ശ്രമവും കരാറുകാരന്റെ ഭാഗത്തുനിന്നും ഉണ്ടാകാത്തതിനാലും ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി അവസാനിച്ചതിനാലും പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുള്ളതാണ്. ഇതിന്റെ ബാക്കി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. 2021-2022 സാമ്പത്തിക വർഷം മുതൽ എറിയാട്, എടവിലങ്ങ്, എസ്.എൻ. പുരം പഞ്ചായത്തുകളിൽ ജിയോ ബാഗ് ഉപയോഗിച്ചുള്ള 265 ലക്ഷം രൂപയുടെ 18 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ആന്വൽ പ്ലാൻ 2025-2026-ൽ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് പ്രവൃത്തി നടപ്പാക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഹോട്ട്സ്പോട്ടുകളുമായി ബന്ധപ്പെട്ട കാര്യം പ്രത്യേക പരിഗണനയിലുണ്ട്. അത് ബജറ്റിലൂടെ

ആദ്യം പറഞ്ഞ പ്രവൃത്തികളാണ്. ഇക്കാര്യത്തിൽ റിപ്പോർട്ട് ലഭിച്ചതിന്റെ പശ്ചാത്തലത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ 28-ാം ഓണം മഹോത്സവം

ശ്രീ. സി. ആർ. മഹേഷ്: സർ, ഞങ്ങൾ ഓണാട്ടുകരക്കാർക്ക് രണ്ട് ഓണമാണുള്ളത്. തിരുവോണവും 28-ാം ദിവസത്തെ ഇരുപത്തിയെട്ടാം ഓണവും. ഇത് ഓണാട്ടുകരയുടെ ഒരു ദേശീയോത്സവമാണ്. കൃഷി ഉപജീവനമാക്കിയിരുന്ന ഒരു ജനത വിളവെടുപ്പ് കഴിഞ്ഞാൽ കൃഷിയിൽ മുഖ്യ പങ്കുവഹിക്കുന്ന കന്നുകാലികളോടുള്ള ആദരസൂചകമായും ദേശദേവനായ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തോടുള്ള ഭക്തി സൂചകമായും കൃഷിയിൽനിന്ന് ലഭിക്കുന്ന വൈക്കോലും തടിയും ഉപയോഗിച്ചുകൊണ്ട് കെട്ടുകാളകളെ നിർമ്മിച്ച് ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ എത്തിക്കുന്നതാണ് ഈ ഉത്സവത്തിന്റെ പ്രത്യേകത. ഏതാണ്ട് 72 അടിയുള്ള ഏറ്റവും വലിയ കാള മുതൽ ഏഴ് മില്ലീമീറ്റർ വരെയുള്ള ചെറിയ കാളകൾ അടങ്ങുന്ന നൂറുകണക്കിന് കെട്ടുകാളകളെയാണ് ക്ഷേത്രത്തിലേക്ക് എത്തിക്കുന്നത്. ഒരുപക്ഷെ തൃശ്ശൂർപൂരം കഴിഞ്ഞാൽ ഏറ്റവുമധികം ആളുകൾ ഒത്തുകൂടുന്ന പരിപാടിയാണിത്. അടുത്തമാസം ഒക്ടോബർ 3-ാം തീയതി ഇരുപത്തിയെട്ടാം ഓണമാണ്. മുകളിലൂടെ ഇലക്ട്രിസിറ്റി ലൈൻ പോകുന്നതുകൊണ്ട് പല കെട്ടുകാളകൾക്കും ക്ഷേത്രത്തിലേക്ക് എത്തിച്ചേരാൻ തടസ്സം നേരിടുന്നുണ്ട്. എല്ലാ വർഷവും ക്ഷേത്ര ഭരണസമിതി ലക്ഷക്കണക്കിന് രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചാണ് ഈ ലൈൻ അഴിച്ചുമാറ്റുന്നത്. ഇത് ദീർഘനേരം വൈദ്യുതി തടസ്സപ്പെടുന്നതിനിടയാകുന്നുണ്ട്. അവിടത്തെ ജനങ്ങൾക്കും

സമൂഹത്തിനും ഈ ആഘോഷംകൊണ്ട് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല. അവിടെയുള്ള ഇലക്ട്രിസിറ്റി ലൈൻ അണ്ടർ കേബിൾ സിസ്റ്റമാക്കി മാറ്റിയാൽ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സാധിക്കും. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലും എസ്റ്റിമേറ്റും ബഹുമാനപ്പെട്ട അങ്ങ് മന്ത്രിയായതിനുശേഷം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അക്കാര്യത്തിൽ നാളിതുവരെയായതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മറ്റൊരുകാര്യം അഭ്യർഥിക്കാനുള്ളത്, ഏകദേശം 5 ലക്ഷത്തോളം ആളുകൾ പങ്കെടുക്കുന്ന കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, മാവേലിക്കര താലൂക്കുകളിലെ ഏറ്റവും വലിയ ഉത്സവ ദിവസം പൊതുഅവധിയായി പ്രഖ്യാപിക്കണമെന്നുള്ളതാണ്. ഇതുസംബന്ധിച്ച കത്ത് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്കും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കും നൽകിയിട്ടുണ്ട്. ഈ ഉത്സവം നേതൃത്വപരമായും സാമ്പത്തികമായും സാംസ്കാരിക വകുപ്പ് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഇരുപത്തിയെട്ടാം ഓണത്തോട് അനുബന്ധിച്ച് നടത്തുന്ന കാളകെട്ട് മഹോത്സവത്തിന് അമ്പലത്തിന്റെ പരിസരത്തുള്ള വിവിധ പ്രദേശങ്ങളിൽനിന്നും 63 അടി ഉയരമുള്ള കാളക്കൊമ്പൻമാരുടെ രൂപങ്ങൾ മുതൽ ചെറിയ കാളയുടെ രൂപങ്ങൾവരെ ക്ഷേത്രത്തിന്റെ അങ്കണത്തിലേയ്ക്ക് ആനയിച്ച് കൊണ്ടുവരാറുണ്ട്. ഓച്ചിറ, കരുനാഗപ്പള്ളി നോർത്ത്, കായംകുളം, കൃഷ്ണപുരം എന്നീ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലാണ് കെട്ടുകാളകളെ എഴുന്നള്ളിക്കുന്നത്. കാളകെട്ട് മഹോത്സവത്തിന്റെ ഭാഗമായി സാധാരണയായി കാളകളെ കൊണ്ടുവരുന്ന റൂട്ട് വിവരം ക്ഷേത്ര ഭരണസമിതി മുൻകൂറായി

കെ.എസ്.ഇ.ബി.എൽ. ഓഫീസിൽ സമർപ്പിക്കുകയും അതനുസരിച്ച് ലൈൻ അഴിക്കുന്നതിനും കെട്ടുകാഴ്ച നീങ്ങിയതിനുശേഷം തിരിച്ച് സ്ഥാപിക്കുന്നതിനുമായ പ്രവൃത്തികളുടെ ആവശ്യകതയനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-ൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിക്ക് കൈമാറുകയും തുക അടയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കിവരികയുമാണ് ചെയ്യുന്നത്. ഇപ്രകാരം ലൈൻ അഴിച്ചുമാറ്റുന്നതോടെ പ്രസ്തുത സെക്ഷനുകളിലെ ഉദ്ദേശം 50000 ഉപഭോക്താക്കൾക്ക് ദീർഘനേരം വൈദ്യുതി തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ അത് ഒഴിവാക്കുന്നതിനായി ടി പ്രദേശങ്ങളിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കെട്ടുകാഴ്ച കടന്നുപോകുന്ന നാല് സെക്ഷൻ പരിധികളിലായി വരുന്ന പ്രദേശങ്ങളിലെ വൈദ്യുതി ലൈനുകൾ പൂർണ്ണമായും ഭൂഗർഭ കേബിളാക്കി മാറ്റുന്നതിന് ഏകദേശം 75 കോടി രൂപയുടെ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ടി തുക ഭീമമായതിനാൽ അടിയന്തര പരിഹാരമായി ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലത്തുമാത്രം എച്ച്.ടി./എൽ.ടി. ലൈനുകൾ മാറ്റി ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ ആകെ 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പാക്കിയാൽ ഓച്ചിറ അമ്പലത്തിന്റെ പരിസരത്തുള്ള വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിലെ കെട്ടുകാഴ്ചമൂലമുള്ള വൈദ്യുതി പ്രശ്നം പരിഹരിക്കാവുന്നതാണ്. എന്നാൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വിതരണ ലൈസൻസി എന്ന നിലയിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ഉം അതിന്റെ ഭേദഗതിയും അടിസ്ഥാനമാക്കിയാണ് ഉപഭോക്താക്കൾക്ക് സേവനങ്ങൾ നൽകിവരുന്നത്. വിശദമായ മറുപടി ഞാൻ

മേശപ്പുറത്തുവയ്ക്കുന്നു+.

(4) ആര്യനാട് ഗവൺമെന്റ് ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണം

ശ്രീ. ജി. സ്റ്റീഫൻ: സർ, ആര്യനാട് ഗവൺമെന്റ് ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണ ജോലികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. ആര്യനാട് ഗവൺമെന്റ് ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് 14-08-2009-ലാണ് 90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച ഘട്ടത്തിൽത്തന്നെ നിലച്ചു. കെട്ടിടത്തിന്റെ പില്ലറുകളുടെയും ബീമുകളുടെയും നിർമ്മാണമല്ലാതെ മറ്റൊരു പണിയും നാളിതുവരെ നടന്നിട്ടില്ല. സൈറ്റ് ക്ലിയർ ചെയ്ത് നൽകുന്നതിന് കാലതാമസം വന്നതോടെ കരാറുകാരൻ കരാർ ഉപേക്ഷിക്കുകയും പണി നിർത്തിവയ്ക്കുകയും ചെയ്തു. പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് മാത്രം 76% സീറ്റുകൾ സംവരണം ചെയ്തിരിക്കുന്ന കേരളത്തിലെ ചുരുക്കം ചില ഐ.ടി.ഐ.-കളിൽ ഒന്നാണ് ആര്യനാട് ഐ.ടി.ഐ. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി 512 വിദ്യാർഥികളാണ് ഇവിടെ പഠിക്കുന്നത്. ഐ.ടി.ഐ.-യുടെ സമീപത്തായി ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലാണ് പ്രതിമാസം ഭീമമായ തുക വാടക നൽകി ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നത്. 1990-ൽ ആര്യനാട് ഉണ്ടപ്പാറയിൽ മൂന്ന് ട്രേഡുകളുമായാണ് പ്രസ്തുത ഐ.ടി.ഐ. പ്രവർത്തനമാരംഭിച്ചത്. അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തതമൂലം ഇപ്പോഴും ടി സ്ഥാപനം ബുദ്ധിമുട്ടിലാണ്. സാമ്പത്തികമായി വളരെയധികം പിന്നാക്കം നിൽക്കുന്നതും

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വനമേഖലയിൽ നിന്നുള്ളതുമായ വിദ്യാർഥികളാണ് ഈ ഹോസ്റ്റൽ പ്രധാനമായും ഉപയോഗിക്കുന്നത്. ഇവർക്ക് ഭക്ഷണത്തിനും മറ്റുമുള്ള തുക സ്വന്തമായി കണ്ടെത്തേണ്ട സ്ഥിതിയാണുള്ളത്. ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയാൽ മെസ് ഉൾപ്പെടെയുള്ള സൗകര്യം ലഭ്യമാകും. പില്ലറും ബീമും നിർമ്മിച്ച് പാതിവഴിയിൽ പണി നിലച്ചതോടെ ആ സ്ഥലം ഉപയോഗശൂന്യമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ഹോസ്റ്റൽ കെട്ടിടത്തിന്റെ ജോലികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ആര്യനാട് ഐ.ടി.ഐ.-യിൽ ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 90 ലക്ഷം രൂപയുടെ ഭരണാനുമതി 2009 ആഗസ്റ്റ് 14-ന് സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചിരുന്നു. നിർമ്മാണ സ്ഥലത്തുണ്ടായിരുന്ന ഒരു കോൺക്രീറ്റ് കെട്ടിടം പൊളിച്ച് സൈറ്റ് ക്ലിയർ ചെയ്ത് നൽകുന്നതിൽ കാലതാമസമുണ്ടായതിനാൽ കോൺട്രാക്ടർ 2012 ആഗസ്റ്റിൽ നിർമ്മാണ പ്രവൃത്തി അവസാനിപ്പിച്ചിരുന്നു. 2022 ഒക്ടോബർ 20-ന് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ടെയിനിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ പി.ഡബ്ല്യു.ഡി. വർക്കുകളുടെ അവലോകന യോഗത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്തിരുന്നു. മുടങ്ങിക്കിടക്കുന്ന ഹോസ്റ്റൽ നിർമ്മാണം ഇതുവരെയും പുനരാരംഭിച്ചിട്ടില്ലെന്ന് പ്രിൻസിപ്പൽ അറിയിക്കുകയും ഒരു കോടി എൺപത് ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയറുടെ

നിർദേശപ്രകാരം പണിത സ്കൂച്ചറിന്റെ ബലപരിശോധന നടത്തിയപ്പോൾ പ്രസ്തുത നിർമ്മാണത്തിന് ബലക്ഷയം സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയതിനാൽ ഹോസ്റ്റൽ നിർമ്മാണത്തിന് പുതിയൊരു സ്ഥലം കണ്ടെത്തേണ്ടതുണ്ടെന്നും ഇതിനോടകം 14 ലക്ഷം രൂപ പ്രസ്തുത നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചിരുന്നു. ഈ വിഷയത്തിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് പരിശോധിച്ച് ഇൻഡസ്ട്രിയൽ ട്രെയിനിങ് വകുപ്പിലെ സ്റ്റേറ്റ് സിവിൽ വർക്സ് മോണിറ്ററിങ് കമ്മിറ്റി മൂന്ന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഈ ശിപാർശകളിൽ രണ്ട് ശിപാർശകൾ പരിഗണിക്കാൻ കഴിയാത്തതാണെന്ന് അറിയിച്ചിട്ടുണ്ട്. പരിഗണിക്കാൻ കഴിയുന്ന ശിപാർശയുടെ സാധ്യത സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(5) നെന്മാറ-ഒലിപ്പാറ റോഡ് നിർമ്മാണം

ശ്രീ. കെ. ബാബു (നെന്മാറ): സർ, എന്റെ നിയോജകമണ്ഡലത്തിലെ നെന്മാറ-ഒലിപ്പാറ റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. നെന്മാറ നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അയിലൂർ ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡുകളിൽ ഒന്നാണ് നെന്മാറ-ഒലിപ്പാറ റോഡ്. 10.833 കിലോമീറ്റർ ദൂരമുള്ള റോഡിന് ഇരുവശവും ആയിരക്കണക്കിന് കുടുംബങ്ങളാണ് താമസിച്ചുവരുന്നത്. ദൈനംദിന ആവശ്യങ്ങൾക്കായി നിരവധി പേർ ആശ്രയിക്കുന്ന റോഡാണിത്. സംസ്ഥാന സർക്കാരിന്റെ

ശിപാർശയുടെ അടിസ്ഥാനത്തിൽ സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽനിന്നും 16.5 കോടി രൂപ അനുവദിക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 02-08-2023-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടി പ്രവൃത്തിയുടെ കരാറുകാരൻ കാസർഗോഡ് ജില്ലയിലുള്ള ആളാണ്. രണ്ട് വർഷം കഴിഞ്ഞിട്ടും സൈഡ് പ്രൊട്ടക്ഷന്റെയും കൾവെർട്ടുകളുടെയും ഡ്രെയിനേജിന്റെയും ചില പണികൾ മാത്രമേ ചെയ്തിട്ടുള്ളൂ. അതുമാത്രമല്ല, 4 കിലോമീറ്റർ ദൂരം റോഡ് പൊളിച്ചിട്ട് കരാറുകാരൻ ആദ്യ റൗണ്ടിൽത്തന്നെ അവിടെനിന്നും പോയി. പിന്നീട് ഇടപെട്ടപ്പോഴാണ് 4 കിലോമീറ്റർ ദൂരം Granular Sub-Base (GSB)-ഉം Wet Mix Macadam (WMM)-ഉം ഭാഗികമായി ചെയ്തത്. വേനൽ വന്നാൽ പൊടിയും മഴ പെയ്താൽ ചെളിയും കാരണം ആ റോഡിലൂടെ ആളുകൾക്ക് പോകാൻ സാധിക്കുന്നില്ല. എല്ലാ മാസവും ചേരുന്ന Constituency Monitoring Team (CMT) മീറ്റിങ്ങിന് പുറമെ നിരവധി തവണ ബന്ധപ്പെട്ട എഞ്ചിനീയർമാരെയും കരാറുകാരെയും ജനപ്രതിനിധികളെയും ജനങ്ങളെയും വിളിച്ചുചേർത്ത് മീറ്റിങ് നടത്തി യാത്രാപ്രശ്നം ബോധ്യപ്പെടുത്തിയിട്ടും ഇപ്പോഴും ഒരിഞ്ച് പണിപോലും മുന്നോട്ടുപോകുന്നില്ല. അയിലൂർ, നെന്മാറ നിവാസികളുടെ യാത്രാദുരിതം അവസാനിപ്പിക്കാനും നെന്മാറ-ഒലിപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാനും ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള ഇടപെടലും നടപടിയും ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പ്രസ്തുത റോഡിന്റെ ആദ്യ ഒരു കിലോമീറ്റർ നിലവിൽ റണ്ണിങ് കോൺട്രാക്ട് പദ്ധതിയിൽ

ഉൾപ്പെട്ടതും ഗതാഗതയോഗ്യമായി പരിപാലിക്കുന്നതുമാണ്. 01 മുതൽ 11.833 കിലോമീറ്റർ വരെയുള്ള റോഡിന്റെ നവീകരണത്തിന് Central Road and Infrastructure Fund (CRIF) പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് തുടക്കത്തിൽ ചില തടസ്സങ്ങൾ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. എന്നാൽ നിലവിൽ തടസ്സങ്ങളില്ലാതെ പ്രവൃത്തി നടത്താൻ കഴിയുന്ന സാഹചര്യമുണ്ട്. കൾവെർട്ടുകളുടെയും പാർശ്വഭിത്തിയുടെയും കോൺക്രീറ്റ് ഓടകളുടെയും പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. പ്രവൃത്തിയുടെ Wet Mix Macadam (WMM)-ന്റെ രണ്ടാംനിര ഗ്രണനിലവാര പരിശോധനാ ഫലം തൃപ്തികരമല്ലാത്തതിനാൽ അത് പരിഹരിക്കാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയെങ്കിലും അത് പൂർണ്ണമായും പരിഹരിച്ചിട്ടില്ല. കർശന നടപടിയുണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് കരാറുകാരന് മുന്നറിയിപ്പ് നൽകുകയും ഒരാഴ്ചത്തെ സമയം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പ്രതീക്ഷിച്ച പുരോഗതിയുണ്ടായില്ലെങ്കിൽ അദ്ദേഹത്തിനെതിരെ കർശന നടപടിയുമായി മുന്നോട്ടുപോകും. അദ്ദേഹത്തിനെതിരെ ടെർമിനേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

10.48 AM]

VI റിപ്പോർട്ടുകളുടെ സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി X-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള വന (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും

വനം-വന്യജീവി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. സി. കെ. ഹരീന്ദ്രൻ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ ചെയർപേഴ്സണുവേണ്ടി സമിതി അംഗമായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2025-ലെ കേരള വന (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ആറ്, ഏഴ് റിപ്പോർട്ടുകൾ

ശ്രീ. കെ. വി. സുമേഷ്: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ ആറ്, ഏഴ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ രണ്ട് എം.എൽ.എ.-മാർ ചൊവ്വാഴ്ച മുതൽ ഇന്നുവരെ 4 ദിവസമായി സത്യഗ്രഹസമരം അനുഷ്ഠിക്കുകയാണ്. കുന്നംകുളത്തെ കസ്റ്റഡി മർദനത്തിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥരെ സർവീസിൽനിന്നും നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് അവർ സമരം ചെയ്യുന്നത്. സർക്കാർ ഇതുവരെ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാത്തതിൽ ഞങ്ങൾക്ക് അതിയായ, ശക്തിയായ പ്രതിഷേധമുണ്ട്. ഈ പ്രതിഷേധം ഞങ്ങൾ സഭയിൽ പ്രകടിപ്പിക്കുകയും

ഞങ്ങളുടെ പ്രതിഷേധത്തിന്റെ ഭാഗമായി ഞങ്ങൾ ഇന്ന് സഭാനടപടികൾ ബഹിഷ്കരിക്കുകകയും ചെയ്യുന്നു.

(കുന്നംകുളത്തെ കസ്റ്റഡി മർദനത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽനിന്നും നീക്കം ചെയ്യണമെന്ന ആവശ്യത്തിന്മേൽ സർക്കാർ തീരുമാനമെടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭാ നടപടികൾ ബഹിഷ്കരിച്ചു.)

10.50 AM]

VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ:

(i) 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബിൽ

ശ്രീ. എം. വിജിൻ: സർ, 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന അനൗദ്യോഗിക ബിൽ വകുപ്പ് പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തെ പുസ്തക പ്രസാധക മേഖലയിൽ ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ ഈ ബില്ലിന് അവതരണാനുമതി തേടിയിട്ടുള്ളത്. കേരളത്തിന്റെ സാംസ്കാരികതയെ ജീവാത്മകവും സചേതനവുമായി നിലനിർത്തുന്ന പ്രസാധക രംഗത്തിന് ഉണർവ് നൽകാൻ ഈ നിർദേശങ്ങൾക്ക് സാധിക്കും. പുസ്തക പ്രസാധക രംഗത്ത് വിവിധ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പുസ്തക പ്രസാധക സംഘങ്ങളിൽനിന്നും എഴുത്തുകാർക്ക് ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ടെന്നും സർക്കാരിതര സ്ഥാപനങ്ങൾ എഴുത്തുകാരെയും അവരുടെ സൃഷ്ടികളെയും ചൂഷണം ചെയ്യുകയാണെന്നും ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പുസ്തക പ്രസാധകരംഗത്ത്

പ്രൊഫഷണലിസം നിലനിർത്തുന്നതിനും ചെറുകിട പ്രസാധകരെ പ്രോത്സാഹിപ്പിക്കുന്നതിനും പുസ്തക പ്രസാധക സംഘങ്ങളെയും തൊഴിൽ-വ്യവസായ സാധ്യതയെയും സംരക്ഷിക്കുന്നതിനും അതോടൊപ്പം ആവിഷ്കാര സ്വാതന്ത്ര്യം നിലനിർത്തുന്നതിനുംവേണ്ടിയാണ് ഈ നിയമനിർമ്മാണമെന്നാണ് സൂചിപ്പിക്കുന്നത്. കേരളത്തിൽ പുസ്തക പ്രസാധകരംഗത്തോ പുസ്തക വിപണനരംഗത്തോ എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പുസ്തക പ്രസാധനം എന്നത് സ്വതന്ത്രമായി നിലനിർത്താനാണ് സർക്കാർ ആഗ്രഹിക്കുന്നത്. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള പുസ്തക പ്രസാധക സംഘങ്ങളുടെ നവീകരണത്തിനും അതിലൂടെ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും സർക്കാർ സന്നദ്ധമാണ്. അതിന് ഇത്തരത്തിൽ ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് കരുതുന്നില്ല. ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയ ബിൽ കൂടുതൽ വിശാലമായ കാഴ്ചപ്പാടോടെയും നിയമം, പൊതുഭരണം എന്നീ വകുപ്പുകളുമായുള്ള വിശദമായ പരിശോധനയ്ക്കുശേഷവും തീരുമാനിക്കേണ്ട ഒന്നാണ്. അതിനാൽ ഈ ബിൽ അംഗീകരിക്കാൻ സാധിക്കുകയില്ല.

ശ്രീ. എം. വിജിൻ: സർ, വിപുലമായ പ്രസാധക ശൃംഖല ഇന്ന് മലയാളത്തിലുണ്ട്. ഓരോ ദിവസവും നിരവധി പുസ്തകങ്ങൾ പുറത്തിറങ്ങുന്നുമുണ്ട്. സാഹിത്യ-വൈജ്ഞാനിക മേഖലകളിൽ സ്വന്തം നിലയിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നവരുടെ എണ്ണത്തിലും വർധനവുണ്ടായിട്ടുണ്ട്. 1578-ലാണ് കേരളത്തിൽ കൊല്ലത്തുവച്ച് പോർച്ചുഗീസ് ഭാഷയിൽനിന്ന് തമിഴിലേക്ക് തർജമ ചെയ്ത പതിനാറ് പേജുള്ള 'തമ്പിരാൻ വണക്കം' എന്ന പുസ്തകം അച്ചടിക്കുന്നത്. ആ ചരിത്രം നമുക്കെല്ലാം അറിയാവുന്നതാണ്. 1678-1703

കാലഘട്ടത്തിൽ ആംസ്റ്റർഡാമിൽവച്ച് 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന പുസ്തകം അച്ചടിച്ചപ്പോൾ ചെടികളുടെ പേരുകൾ മലയാളത്തിലും അച്ചടിച്ചുവെന്നത് അഭിമാനകരമാണ്. 1772-ൽ റോമിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ട കത്തോലിക്ക സഭയുടെ ശാസനകൾ പ്രതിപാദിക്കുന്ന 'സംക്ഷേപ വേദാർത്ഥം' ആണ് പൂർണ്ണമായും മലയാളത്തിൽ തയ്യാറാക്കിയ ആദ്യ പുസ്തകം. കേരളത്തിൽ ആദ്യത്തെ മലയാളം പ്രിന്റിങ് പ്രസ്സ് ആരംഭിച്ചത് ബെഞ്ചമിൻ ബെയ്‌ലി ആണ്. പിന്നീട് ഹെർമൻ ഗുണ്ടർട്ട് മലയാള പ്രസാധക രംഗത്ത് പുതിയ മുന്നേറ്റത്തിന് നേതൃത്വം കൊടുത്ത ചരിത്രവുമുണ്ട്. 1850-നുമുമ്പ് 42 പുസ്തകങ്ങളാണ് മലയാളത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങളുടെ എണ്ണം വർധിക്കുകയും പുതുമുഖ എഴുത്തുകാർ അതുവഴി സാഹിത്യലോകത്തേക്ക് കടന്നുവരികയും ചെയ്തു. ഒ. ചന്തുമേനോനും സി. വി. രാമൻപിള്ളയും നോവൽ സാഹിത്യത്തിലും കുമാരനാശാനും വള്ളത്തോളും ഉള്ളൂരും കവിതയിലും അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യമുണ്ടായി. പുസ്തകങ്ങൾക്ക് അതോടുകൂടി കൂടുതൽ ആവശ്യക്കാരുണ്ടാകുകയും വായന ജനങ്ങളുടെയിടയിൽ ലഹരിയായി മാറുകയും ചെയ്യുന്ന സാഹചര്യവും കേരളത്തിന്റെ ചരിത്രത്തിൽ നാം കണ്ടു. കാര്യർ നീലകണ്ഠപിള്ളയും തകഴി ശിവശങ്കരപ്പിള്ളയും പി. കേശവദേവും പൊൻകുന്നം വർക്കിയും വൈക്കം മുഹമ്മദ് ബഷീറുമൊക്കെ എഴുത്തിൽ സജീവമായതോടുകൂടി വായന കൂടുതൽ ലഹരിയായി മാറുന്ന ഒരു ചരിത്രവും കേരളത്തിന്, മലയാളിക്ക് പങ്കുവയ്ക്കാനുണ്ട്. മലയാളത്തിന്റെ പ്രിയപ്പെട്ട ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ "രമണൻ" എന്ന പുസ്തകം കേരളത്തിലെതന്നെ best seller ആയി മാറിയതും ആ കാലഘട്ടത്തിലാണ്. കേരളത്തിന്റെ നവോത്ഥാന പോരാട്ടത്തിൽ, ഒരുപക്ഷെ

ചങ്ങമ്പുഴയുടെ 'വാഴക്കുല' എന്ന കവിതയിൽ

"മലയപ്പുലയനാ മാടത്തിൻമുറ്റത്തു

മഴ വന്ന നാളൊരു വാഴ നട്ടു..."

എന്നുതുടങ്ങുന്ന വരിയിലൂടെ കേരളത്തിൽ അടിച്ചമർത്തപ്പെട്ട ജനതയുടെ അവകാശങ്ങൾക്കുവേണ്ടി അദ്ദേഹം നടത്തിയ പോരാട്ടമുണ്ട്.

"ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ

പതിതരേ, നിങ്ങൾതൻ പിന്മുറക്കാർ? "

എന്നുപറഞ്ഞുകൊണ്ട് കേരളത്തിന്റെ നവോത്ഥാന പോരാട്ടത്തിന് കരുത്തുപകരുന്ന കവിതകൾ ആ കാലഘട്ടത്തിൽ പിറക്കുകയുണ്ടായി. സമാനമായ നിലയിൽ കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകിയുണ്ട്. ജാതിവ്യവസ്ഥയ്ക്കെതിരെ വലിയ ചോദ്യങ്ങൾ ഉയർത്തിക്കൊണ്ടാണ് ആ കാലഘട്ടത്തിലെ കവിതകളും കഥകളും നോവലുകളും നാടകങ്ങളുമെല്ലാം ഏറ്റവും സജീവമായി കേരള സാഹിത്യത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന സാഹചര്യമുണ്ടായത്. ആ കാലഘട്ടത്തിലാണ് ഏതാണ്ട് കുത്തക സ്വഭാവത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ചുരുക്കം ചില പ്രസാധകരിൽനിന്ന് നമ്മുടെ എഴുത്തുകാർ കടുത്ത ചൂഷണങ്ങൾ നേരിടേണ്ട സാഹചര്യം ഉരുത്തിരിഞ്ഞുവന്നത്. എഴുത്തുകാരിൽനിന്നും പ്രസാധന ചെലവ് വാങ്ങിയും റോയൽറ്റി ഇനത്തിൽ കാര്യമായി ഒന്നും നൽകാതെയും എഴുത്തുകാരെ ചൂഷണം ചെയ്യുന്ന നിലയിലേക്ക് ചില പ്രസാധകർ കേരള ചരിത്രത്തിൽ വരികയുണ്ടായി. ഈ പ്രസാധകർക്കുനേരെ വലിയ പ്രതിഷേധം ഉയർന്നുവന്നു. അതിന്റെ ഭാഗമായാണ് എം. പി. പോൾ അടക്കമുള്ള

എഴുത്തുകാരുടെ നേതൃത്വത്തിൽ കോട്ടയം കേന്ദ്രീകരിച്ച് സാഹിത്യ പ്രവർത്തക സഹകരണ സംഘം ആരംഭിച്ചത്. ഇടക്കാലത്ത് അൽപം പ്രതിസന്ധിയിലായെങ്കിലും ഇന്ന് എസ്.പി.സി.എസ്. (സാഹിത്യ പ്രവർത്തക കോ-ഓപ്പറേറ്റീവ് സൊസൈറ്റി) ഈ രംഗത്തെ കരുത്തുറ്റ മാതൃകയായി നമ്മുടെ മുമ്പിൽ തലയുയർത്തി നിൽക്കുന്നുണ്ട്. എന്നാൽ സഹകരണ സ്ഥാപനങ്ങൾക്ക് പുസ്തക പ്രസാധകരംഗത്തെ പ്രിന്റിങ് മേഖലയിലുൾപ്പെടെ പല പരിമിതികളും നിലനിൽക്കുന്നുണ്ടെന്ന യാഥാർഥ്യവും നമ്മുടെ മുമ്പിലുണ്ട്. പുതുമുഖ എഴുത്തുകാരെ ഉൾക്കൊള്ളാൻ സാധിക്കാത്ത സാഹചര്യമുണ്ടെന്നത് തീർച്ചയാണ്. അതുകൊണ്ടുതന്നെ പലരും വൻകിട പ്രസാധകരെ ആശ്രയിക്കുന്നതിനുപകരം ചെറുകിട പ്രസാധകരെ ആശ്രയിക്കേണ്ടിവരികയാണ്. പുതിയ പുസ്തകങ്ങൾ, നോവലുകൾ, കവിതകൾ എന്നിവയൊക്കെയായി ധാരാളം പുതുമുഖ എഴുത്തുകാർ ഇന്ന് കേരളത്തിന്റെ സാഹിത്യമേഖലയിലേക്ക് കടന്നുവരുന്നുണ്ട്. ഈ മേഖലയിലേക്ക് കടന്നുവരുന്നവർ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം ഒരു അനുഭവമെന്നപോലെ കേരള സാഹിത്യ അക്കാദമിയുടെ ഗീതാഹിരണ്യൻ എൻഡോവ്മെന്റ് പുരസ്കാര ജേതാവ് ശ്രീ. അഖിൽ കെ. തന്റെ ആദ്യപുസ്തകമായ "നീലച്ചടയൻ" പ്രസിദ്ധീകരിക്കാൻ അനുഭവിക്കേണ്ടിവന്ന കടുത്ത പ്രയാസങ്ങളെയും അപമാനത്തെയും കുറിച്ച് പറയുകയുണ്ടായി. ശ്രീ. ബെന്യാമിന്റെ 'ആടുജീവിതം' എന്ന പുസ്തകത്തിനുപോലും സമാനമായ സാഹചര്യമുണ്ടായെന്ന് നാം മാധ്യമങ്ങളിലൂടെയും അഭിമുഖങ്ങളിലൂടെയും മനസ്സിലാക്കിയിട്ടുണ്ട്. വൻകിട പ്രസാധകരോട് മത്സരിച്ച് പിടിച്ചുനിൽക്കാൻ കഴിയാതെവരുന്ന ചെറുകിട പ്രസാധകർ നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. സംസ്ഥാനത്തെ പുസ്തക പ്രസാധക

മേഖലയിൽ സർക്കാരും സഹകരണ-സ്വകാര്യ-മാധ്യമ സ്ഥാപനങ്ങളും ഇതര സ്ഥാപനങ്ങളും വ്യക്തികളുമൊക്കെ ധാരാളം കടന്നുവന്നിട്ടുണ്ട്. എങ്കിലും ഈ മേഖലയിൽ ആവശ്യമായ നിയമങ്ങളോ നിയന്ത്രണങ്ങളോ ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. സർക്കാർ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ പുസ്തക പ്രസാധക സംഘങ്ങൾക്ക് പലപ്പോഴും സർക്കാർ വകുപ്പുകളെപ്പോലെ സെലക്ട് കമ്മിറ്റിയും പ്രൂഫ് കമ്മിറ്റിയും പുറംചട്ട കമ്മിറ്റിയും വരുന്നതും സർക്കാർ കമ്മിറ്റികളെപ്പോലെ പ്രവർത്തിക്കുന്ന സാഹചര്യവുമുണ്ടെന്നുള്ളത് ഒരു വിമർശനമായല്ല പറയുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കാലികപ്രസക്തമായ ഒരു വിഷയമാണ് അങ്ങ് അവതരിപ്പിച്ചത്. കേരള നിയമസഭയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈയെടുത്ത് നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിച്ചു. അതിൽ എല്ലാ ദിവസവും പങ്കെടുത്ത ഒരു വ്യക്തിയാണ് ഞാൻ. ധാരാളം പുതിയ പ്രസാധകർക്ക് അവരുടെ പുസ്തകങ്ങൾ പ്രദർശിപ്പിക്കാനുള്ള നല്ലൊരു വേദിയായി അന്താരാഷ്ട്ര പുസ്തകോത്സവം മാറിയെന്നതാണ് അതിൽ ഞാൻ കണ്ട ഒരു പ്രത്യേകത. ഇവിടെ മാത്രമല്ല, മാതൃഭൂമിയുടെ നേതൃത്വത്തിലും കോഴിക്കോട് ഉൾപ്പെടെ കേരളത്തിലെ പല സ്ഥലങ്ങളിലും പുസ്തകോത്സവങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. അത് പുതിയ പ്രസാധകർക്ക് ആവേശം നൽകുന്നതാണ്. കഴിഞ്ഞതവണ നിയമസഭയിലെ പുസ്തകോത്സവത്തിന് പരമ്പരാഗതമായ വലിയ സ്റ്റാളുകൾ ഉള്ളപ്പോൾത്തന്നെ പുതിയ എഴുത്തുകാരെയും പുതിയ സ്റ്റാളുകളെയും അന്വേഷിച്ച് ആളുകൾ കടന്നുപോകുന്നത് കാണാനിടയായി.

11.00 AM]

അങ്ങ് പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം, കേരളത്തിൽ സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ ധാരാളം അക്കാദമികളുണ്ട്. ഫോക്ക്ലോർ അക്കാദമി, സാഹിത്യ അക്കാദമി, ബുക്ക്മാർക്ക് ഇവയെല്ലാം ഒരേ ജോലി തന്നെയാണ് ചെയ്യുന്നത്. എഴുത്തച്ഛൻ സർവകലാശാല പുസ്തകം പ്രിന്റ് ചെയ്യും, അതേ കാര്യംതന്നെ ഫോക്ക്ലോർ അക്കാദമിയും മറ്റ് അക്കാദമികളും പ്രസിദ്ധീകരിക്കും. ഞാൻ പലതവണ നിയമസഭയിൽ ഈ വിഷയം സൂചിപ്പിച്ചിട്ടുണ്ട്. ഒരു കേന്ദ്രീകൃത സ്വഭാവം കൊണ്ടുവന്ന് സമാന സ്വഭാവമുള്ള പുസ്തകങ്ങൾ വീണ്ടും വീണ്ടും പ്രിന്റ് ചെയ്യുന്ന രീതി ഒഴിവാക്കണം. ഓരോരുത്തരെയും ഏൽപ്പിച്ച കർത്തവ്യങ്ങളിലേക്ക് അവർ പോകണം. ഫോക്ക്ലോർ അക്കാദമി അവരുടെ പുസ്തകങ്ങൾ മാത്രം പ്രസിദ്ധീകരിക്കണം. ഇതിനൊരു കോ-ഓർഡിനേഷൻ ഉണ്ടാകേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പുസ്തക പ്രകാശനരംഗത്ത് നിലനിൽക്കുന്ന ആശങ്കകളോടൊപ്പം ഈ പ്രശ്നങ്ങളും പരിഹരിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പ്രമോദ് നാരായൺ: സർ, എഴുത്തുകാരെക്കുറിച്ച് പറയുമ്പോൾ കുട്ടികളിലെ എഴുത്തുകാരെക്കുറിച്ച് നാം പലപ്പോഴും ചിന്തിക്കാറില്ല. കുട്ടിക്കാലത്തുതന്നെ എഴുത്തിനെ അഭിനിവേശമായി കാണുന്ന, പ്രജ്ഞയിൽ എഴുത്തിന്റെ പെരുക്കങ്ങൾ സൂക്ഷിക്കുന്ന കുഞ്ഞുങ്ങൾക്ക് ബാല്യത്തിൽ അവർക്ക് ലഭിക്കുന്ന പ്രേരണ പ്രധാനപ്പെട്ടതാണ്. ഒരു ചെടിയിൽ ഒരു പൂവ് വിരിയാനും അതിലെ ദളങ്ങൾക്ക് നിറങ്ങളുണ്ടാകാനും തേൻ നിറയാനും

അതിന്റെ വേരുകളെ നനയ്ക്കുന്ന മഴയാണ് പ്രേരണ നൽകുന്നതെന്ന് നാം പറയാറുണ്ട്. അത്തരം അഗാധമായ പ്രേരണകൾ കുട്ടികൾക്ക് ബാല്യത്തിൽത്തന്നെ നൽകണം. കുട്ടികളിലേക്ക് വായനയുടെ ശീലങ്ങൾ നാം പകർന്നുകൊടുക്കണം. അവർക്ക് എഴുതാനുള്ള സന്ദർഭങ്ങളും അതിനെ ഊതിത്തെളിയിച്ച് ജ്വാലയാക്കാൻ കഴിയുന്ന സർഗപരമായ സൗന്ദര്യമുള്ള അന്തരീക്ഷവും ഒരുക്കുകയെന്നത് പ്രധാനപ്പെട്ടതാണ്. ചരിത്രത്തിലാദ്യമായി ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET)-യുടെ നേതൃത്വത്തിൽ ആരംഭിച്ച 'അക്ഷരക്കൂട്ട്' എന്ന കുട്ടികളുടെ സാഹിത്യോത്സവം ശ്രദ്ധേയമായ കാൽവയ്പ്പാണ്. കുട്ടികളിൽ വായനാശീലം വളർത്താനായി എന്റെ നിയോജകമണ്ഡലത്തിൽ റാന്നി നോളജ് വില്ലേജ് പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി എന്നൊരു ആശയം നടപ്പിലാക്കി. കുഞ്ഞുങ്ങളുടെ ശീലങ്ങളും അവർ ചിന്തിക്കുന്നതുമൊക്കെ ഡിജിറ്റലാകുന്ന ഒരു കാലഘട്ടമാണിത്. 'നെക്സസ്' എന്ന ഏറ്റവും പുതിയ പുസ്തകത്തിൽ അതിനെക്കുറിച്ച് പറയുന്നുണ്ട്. പുസ്തക പ്രസാധനത്തെക്കുറിച്ച് പറയുമ്പോൾ കുഞ്ഞുങ്ങൾ എഴുതുന്ന പുസ്തകങ്ങൾകൂടി പ്രസാധനം ചെയ്യുന്ന പ്ലാറ്റ്ഫോമുകളെക്കുറിച്ച് ചിന്തിക്കാനും കുട്ടികൾക്കിടയിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിക്കാനുമുള്ള ഒരു നെറ്റ്വർക്കിങ്ങിനെ സംബന്ധിച്ച് കേരളം ചിന്തിക്കേണ്ടതല്ലേ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, വായന കൂടുതൽ ശക്തിപ്പെടേണ്ടത് വിദ്യാലയങ്ങളിൽ നിന്നാണ്. നമുക്ക് അത്തരം പുതിയ സാധ്യതകൾ വളർന്നുവരികയാണ്. അടുത്തിടെ 'വായനാ വസന്തം' എന്നൊരു പരിപാടി ആരംഭിച്ചു. കുട്ടികൾ ലൈബ്രറികളിൽനിന്നും പുറത്തുനിന്നും പുസ്തകങ്ങളെടുത്ത് വായിച്ചിട്ട് ആ പുസ്തകങ്ങളുടെ

എണ്ണവും അവയെക്കുറിച്ച് അവർ എഴുതിയ കുറിപ്പുമനുസരിച്ച് കുട്ടികൾക്ക് മാർക്ക് ഉൾപ്പെടെ നൽകുന്ന പുതിയ സംവിധാനമാണത്. പ്രോത്സാഹനംകൂടി നൽകുമ്പോൾ ഇത്തരം പരിപാടികൾ കൂടുതൽ ശക്തിപ്പെട്ടുവരുമെന്ന തോന്നൽ അങ്ങേയ്ക്കുണ്ടോ?

ശ്രീ. എം. വിജിൻ: സർ, തീർച്ചയായും ഉണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, പുസ്തക പ്രസാധക രംഗത്ത് ചെറുകിട പുസ്തക പ്രസാധകർ കടന്നുവരുന്നത് പുതിയ എഴുത്തുകാർക്കും മറ്റും അനുഗ്രഹമാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. പക്ഷേ ഒരു പ്രധാനപ്പെട്ട പ്രശ്നം, എഴുത്തുകാർക്ക് അവരുടെ പുസ്തകങ്ങൾ പ്രയോജനകരമായ നിലയിൽ വിൽപ്പന നടത്തുന്നതിൽ പ്രതിസന്ധിയുണ്ട് എന്നുള്ളതാണ്. ഇന്ന് എഴുത്തുകാരുടെയും വായനക്കാരുടെയും എണ്ണം കുറയുന്നില്ല, അത് വർധിച്ചുവരികയാണ്. എന്നാൽ പുസ്തക പ്രസാധക രംഗത്ത് ചില കുത്തകകൾ വലിയ എഴുത്തുകാരുടെ മാത്രം പുസ്തകങ്ങൾ സ്വീകരിക്കുമ്പോൾ പുതുമുഖ എഴുത്തുകാർക്ക് ആശ്രയിക്കാൻ കഴിയുന്നത് ചെറുകിട പ്രസാധക സംഘങ്ങളെ മാത്രമാണ്. ചെറുകിട പ്രസാധക സംഘങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അവർക്ക് ഡിസ്ട്രിബ്യൂഷൻ ശൃംഖലയില്ലാത്തതുകൊണ്ട് വലിയ വിൽപ്പന നടക്കാതെവരുന്നു എന്നുള്ളതാണ്. അതുകൊണ്ടുതന്നെ പ്രസാധക സംഘം എഴുത്തുകാരിൽനിന്നും പണം വാങ്ങാൻ നിർബന്ധിതരാകുന്നു, റോയൽറ്റിയോ പ്രതിഫലമോ എഴുത്തുകാർക്ക് ലഭിക്കാത്ത അവസ്ഥയുമുണ്ടാകുന്നു. ഇത് റഗുലേറ്റ് ചെയ്യാനാവശ്യമായ കാര്യങ്ങൾ ഗൗരവമായി ചിന്തിക്കേണ്ടതല്ലേ?

ശ്രീ. എം. വിജിൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ തന്നെയാണ്

ഈ ബിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ചെറുകിട പുസ്തക പ്രസാധക രംഗത്ത് ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ കഴിയും. ഈ ബിൽ നിലവിൽ വന്നാൽ ചെറുകിട പ്രസാധക രംഗത്തും അതുവഴി പുതുമുഖ എഴുത്തുകാർക്കുമുണ്ടാകുന്ന പ്രയാസങ്ങളെ മറികടക്കാൻ സാധിക്കും. അങ്ങ് സൂചിപ്പിച്ചതുപോലെ, അതിനുവേണ്ടിയുള്ള ഒരു നിയന്ത്രണംകൂടി ഉൾപ്പെടുത്തി ഈ ബിൽ കൊണ്ടുവരണമെന്നതന്നെയാണ് ഞാനും ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ, കേരള നിയമസഭ സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവം ലോകശ്രദ്ധ നേടി. എല്ലാ വിഭാഗത്തിലുള്ള പുസ്തക പ്രസാധകരെയും അതിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്ന് സ്കൂളുകൾക്കും ലൈബ്രറികൾക്കും പുസ്തകങ്ങൾ വാങ്ങിനൽകാൻ ആവശ്യപ്പെട്ടപ്പോൾ എല്ലാ എം.എൽ.എ.-മാരും ചെറുകിട പുസ്തക പ്രസാധകർക്കും പുതിയ പുസ്തക പ്രസാധകർക്കും എഴുത്തുകാർക്കും വലിയ പിന്തുണ നൽകിയെന്നതും പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ ആഗ്രഹിക്കുന്ന പിന്തുണ തന്നെയാണ് കേരള നിയമസഭയുടെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും നേതൃത്വത്തിൽ നടന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായുണ്ടായത്. കുട്ടികളുടെ എഴുതാനുള്ള കഴിവിനെ നാം പ്രോത്സാഹിപ്പിക്കണം. കുട്ടികൾ ഇന്ന് അഭിമുഖീകരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം കൂടിയാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. അവരെല്ലാം ചെറുകിട പുസ്തക പ്രസാധകരെയാണ് സമീപിക്കുന്നത്. പലപ്പോഴും എന്നോടുതന്നെ പലരും പരാതി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ഡി. കെ. മുരളി സൂചിപ്പിച്ചതുപോലെ പ്രസാധകർക്ക് എഴുത്തുകാർ അങ്ങോട്ട് പണം നൽകി പുസ്തകം

പ്രസിദ്ധീകരിക്കേണ്ടിവരുന്നുണ്ട്. ചെറുകിട പ്രസാധകർക്ക് പ്രോത്സാഹനം നൽകുന്നില്ല. അവർ പല പ്രയാസങ്ങളും അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് അവർക്കുവേണ്ടി ഒരു പ്ലാറ്റ്ഫോം പ്രത്യേകമായി ഒരുക്കിക്കൊടുക്കണം. പൊതുവിദ്യാഭ്യാസ വകുപ്പ് അതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. ആ രീതിയിലുള്ള ചർച്ചകൾകൂടി ഉയർത്തിക്കൊണ്ടുവരണം. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞത് ലൈബ്രറികളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. രാജ്യത്തെ ലൈബ്രറികളെ മുഴുവൻ കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റാനുള്ള നീക്കം കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നത്. ലൈബ്രറികളെക്കൂടി തങ്ങളുടെ വരുതിയിൽ കൊണ്ടുവന്ന് എങ്ങനെയാണോ രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കാവിവൽക്കരണം എന്ന അജണ്ട കേന്ദ്രം നടത്താൻ തീരുമാനിച്ചത് അതുപോലെ ഇപ്പോൾ ഡൽഹിയിൽ വിവിധ ലൈബ്രറികളുടെ പ്രതിനിധികൾ പങ്കെടുത്ത ഫെസ്റ്റിവൽ ഓഫ് ലൈബ്രറീസ് എന്ന ചടങ്ങിൽ ഈ വിഷയം ചർച്ചയ്ക്കെടുത്ത് അപകടകരമായ ഒരു സാഹചര്യത്തിലേക്ക് കേന്ദ്രം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഡാർവിന്റെ പരിണാമ സിദ്ധാന്തവും പീരിയോഡിക് ടേബിളും പുസ്തകങ്ങളിൽനിന്ന് നീക്കം ചെയ്തതുപോലെ സാഹിത്യരംഗത്തേയ്ക്ക്, പ്രത്യേകിച്ച് ലൈബ്രറികളിലേക്ക് കടന്നുവന്ന് എന്തെല്ലാം അപകടങ്ങളാണുണ്ടാക്കാൻ പോകുന്നത് എന്നുള്ളതും വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്. ഇതിൽ നിയന്ത്രണമുണ്ടാകണമെന്നത് ഈ ഘട്ടത്തിൽ പ്രധാനപ്പെട്ടതാണ്. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം സൂചിപ്പിച്ചതുപോലെ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നവർ സാമ്പത്തിക ചൂഷണത്തിന് വിധേയരാകുന്നുവെന്നത് വസ്തുതയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. വിജിൻ, അങ്ങ് ബിൽ തുടർചർച്ചയ്ക്കായി

മാറ്റിവയ്ക്കുന്നുണ്ടോ?

ശ്രീ. എം. വിജിൻ: സർ, ഈ ബിൽ ചെറുകിട പുസ്തക പ്രസാധക രംഗത്ത് കൂടുതൽ പുതിയ എഴുത്തുകാരെ സൃഷ്ടിക്കാനും സഹായിക്കാനും വേണ്ടിയുള്ളതാണ്. അതോടൊപ്പം ധാരാളം മാതൃകാപരമായ ഇടപെടൽ നടത്തുന്ന വൻകിട മേഖലയിലെ പുസ്തക പ്രസാധകരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ചെറുകിട പുസ്തക പ്രസാധകർക്ക് സഹായപ്രദമാകുന്ന രീതിയിൽ നിയമനിർമ്മാണം നടത്തണമെന്നാണ് ഈ ബില്ലിലൂടെ ഞാൻ ആഗ്രഹിക്കുന്നത്. ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2025-ലെ തെരുവോര പുനരധിവാസ ബിൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2025-ലെ തെരുവോര പുനരധിവാസ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി സി. കെ. ആശ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ അംഗം ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ അവതരിപ്പിച്ച ബിൽ പരിശോധിച്ചു. സംസ്ഥാനത്തെ തെരുവോര കച്ചവടക്കാരെ സംരക്ഷിക്കുന്നതിനായി വഴിയോരക്കച്ചവട സംരക്ഷണ-നിയന്ത്രണ (ഉപജീവന സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) നിയമം, 2014 എന്ന കേന്ദ്രനിയമം 2018-ൽ നിലവിൽ വന്നിട്ടുണ്ട്. 2019-ൽ ഇതുമായി ബന്ധപ്പെട്ട് തെരുവോര കച്ചവടക്കാർക്ക് മാത്രമായി ഒരു പ്രത്യേക സ്കീം

രൂപീകരിക്കുകയും ചെയ്തു. ഇത് നഗരസഭകൾക്ക് മാത്രമാണ് ബാധകമായിട്ടുള്ളത്. 2021-ൽ നടത്തിയ സർവെ പ്രകാരം 28134 വഴിയോര കച്ചവടക്കാരെ കണ്ടെത്തുകയും അതിൽ 7260 പേർക്ക് വെൻഡിങ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വടകര, കൊയിലാണ്ടി, കാസർഗോഡ് എന്നീ നഗരസഭകളിൽ വെൻഡിങ് മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിൽ ഇവയുടെ നിർമ്മാണം നടന്നുവരികയുമാണ്. 39 നഗരസഭകളിൽ വെൻഡിങ് സോണുകൾ കണ്ടെത്തി കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. പി.എം. സ്വനിധി (P.M. SVANidhi)-യുടെ ഭാഗമായി തെരുവുകച്ചവടക്കാർക്ക് വായ്പ അനുവദിച്ചുവരുന്നുണ്ട്. ഇതുവരെ 120254 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇങ്ങനെ തെരുവോര കച്ചവടക്കാരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള എല്ലാ നടപടികളും നിലവിലുള്ള നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരമൊരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ലെന്നാണ് വ്യക്തമാക്കാനുള്ളത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഏത് മേഖലയെടുത്താലും കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയായിട്ടുള്ള ധാരാളം കാര്യങ്ങൾ നിർവഹിച്ചിട്ടുണ്ടെന്ന് ഉറപ്പിച്ച് പറയാൻ കഴിയും. നിയമസഭയുടെ കാര്യത്തിലാണെങ്കിൽ സമ്മേളിക്കുന്ന ദിനംകൊണ്ടും നിയമനിർമ്മാണത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുകയും ചർച്ചകൾക്ക് അവസരം കൊടുക്കുകയുമൊക്കെ ചെയ്തുകൊണ്ടും ശ്രദ്ധേയമായാണ് നീങ്ങുന്നത്. ഭരണ-പ്രതിപക്ഷ ഭേദമന്യേ സംവാദങ്ങളും നന്നായി നടക്കുന്നു. ചർച്ചയുടെ ഭാഗമായി നല്ല നിയമനിർമ്മാണത്തിലേക്ക് നമ്മൾ വരുന്നുവെന്നതും ആശാവഹമാണ്. മാനവികതയിൽ

ഊന്നിയതും ചരിത്രത്തിൽ ഇടംപിടിക്കുന്നതുമായ ധാരാളം നിയമനിർമ്മാണങ്ങൾക്ക് ഈ സഭ സാക്ഷ്യംവഹിച്ചതാണ്. പുറത്തുള്ള ആളുകളെ, അതായത് തെരുവിൽ അലയുകയും താമസിക്കുകയും ചെയ്യുന്ന ആളുകളെ സംബന്ധിച്ചുകൂടിയാണ് ബില്ലിൽ പറയുന്നത്. അതാണ് ഈ ബില്ലിന്റെ വ്യത്യാസം. ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ അങ്ങനെയൊരു പ്രത്യേകത എനിക്ക് തോന്നി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എന്നും പാർശ്വവൽക്കരിക്കപ്പെട്ട ആളുകളുടെ കൂടെയാണെന്ന് നമുക്ക് പറയാൻ സാധിക്കും. ആദ്യ മന്ത്രിസഭയിലെ ജോസഫ് മുണ്ടശ്ശേരി നടപ്പാക്കിയ സാർവ്വത്രിക വിദ്യാഭ്യാസ അവകാശ നിയമവും ലക്ഷംവീട് പദ്ധതിയും ജനകീയാസൂത്രണ പ്രസ്ഥാനവും സാക്ഷരതാ പ്രസ്ഥാനവും തുടങ്ങി നിരവധി കാര്യങ്ങളുണ്ട്. നമ്മുടെ ഗവൺമെന്റിന്റെ കാലത്തെ ലൈഫ് മിഷൻ ഉൾപ്പെടെയുള്ളവ എത്രയോ മാതൃകപരമായ പദ്ധതികളാണ്! ഇപ്പോൾ ഏറ്റവും അവസാനം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ലോകത്തിലെ ഏത് വികസിത സമൂഹത്തോടും ഒരുമിച്ച് നിൽക്കാൻ കഴിയുന്ന സംസ്ഥാനമായി കേരളത്തെ പരുവപ്പെടുത്തുന്നുവെന്നത് നമുക്കെല്ലാം ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. എണ്ണത്തിൽ കുറവാണെങ്കിലും അലഞ്ഞുതിരിഞ്ഞു നടക്കുന്ന, പേരിന് വീടോ നാടോ ഇല്ലാത്ത, സാമ്പത്തികമായും സാമൂഹികമായും അങ്ങേയറ്റം പിന്നാക്കം നിൽക്കുന്ന ഒരു വിഭാഗം മനുഷ്യരുണ്ട്. അവർ റോഡിന്റെ വശങ്ങളിലും കടത്തിണ്ണയിലുമൊക്കെയാണ് അന്തിയുറങ്ങുന്നത്. ഈയൊരു പ്രശ്നം ഗൗരവമായി തോന്നാൻ കാരണമായത് നാട്ടികയിൽ അടുത്തകാലത്തുണ്ടായ ഒരു അപകടമാണ്. ആ അപകടത്തിൽ അഞ്ച് പേരാണ് ലോറി കയറി മരണപ്പെട്ടത്. അവർ കടത്തിണ്ണയിൽ അന്തിയുറങ്ങിയവരാണ്. ജീവ, വിശ്വ

എന്നിങ്ങനെ ഒന്നും നാലും വയസ്സുള്ള കുട്ടികളുൾപ്പെടെ അഞ്ചുപേർ മരണപ്പെട്ടത് ഹൃദയഭേദകമാണ്. പകൽസമയത്ത് ജോലിക്ക് പോകുന്ന അവർ രാത്രി കിടത്തിഉണ്ണിയിൽ കിടന്നുറങ്ങിയപ്പോഴാണ് അപകടത്തിൽപ്പെട്ടതെന്നാണ് മനസ്സിലാകുന്നത്. അന്ന് മാധ്യമ രംഗത്തെ ആളുകളൊക്കെ വലിയ രീതിയിൽ ചർച്ച ചെയ്തിരുന്നു. ഇത്തരം ആളുകളെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതല്ലേയെന്ന് പൊതുവായി ചർച്ച ചെയ്തതാണ്. രാവിലെ നാലര-അഞ്ച് മണിക്ക് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ എത്തുമ്പോൾ നിരവധി ആളുകൾ അവിടെ ഇതുപോലെ മൂടിപ്പുതച്ച് കിടക്കുന്നത് കാണാൻ കഴിയും. അവർക്കുവേണ്ടി ഷെൽട്ടർ ഹോം സ്ഥാപിക്കുകയോ അവരെ സംരക്ഷിക്കാനാവശ്യമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുകയോ ചെയ്യുന്നതാണ് നല്ലത്. 'ഋതുക്കൾ മാറുന്നതും ഇലകൾ പൊഴിയുന്നതും മൂടൽമഞ്ഞുയരുന്നതും ഞാൻ എങ്ങനെ ശ്രദ്ധിക്കാനാണ്. എന്റെ ഉള്ളിൽ വസന്തമായിരുന്ന മരണമില്ലാത്ത പ്രണയവും" എന്ന് ഒരു എഴുത്തുകാരി പറഞ്ഞത് ഇതോടൊപ്പം കൂട്ടിച്ചേർത്ത് വായിക്കാവുന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, നമ്മുടെ സംസ്ഥാനം ക്ഷേമ സമൂഹമെന്ന നിലയിൽ ലോകനിലവാരത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് 'അതിദരിദ്രരില്ലാത്ത കേരളം' എന്ന പ്രഖ്യാപനം. ഈ സന്ദർഭത്തിൽ ഒരു ചെറിയ പോരായ്മയായി കണക്കാക്കാവുന്നത് തെരുവോരങ്ങളിൽ ഇപ്പോഴും ആളുകൾ അന്തിയുറങ്ങാൻ ഇടവരുന്നുവെന്നുള്ളതാണ്. അതുകൊണ്ടുതന്നെ നാം കൈവരിച്ച നേട്ടം പരിപൂർണ്ണതയിലെത്താൻ ഇക്കാര്യംകൂടി ഗൗരവതരമായി കാണുകയും പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച

ഈ അനൗദ്യോഗിക ബിൽ ഉയർത്തിക്കൊണ്ടുവരുന്ന പ്രശ്നത്തെ വളരെ ഗൗരവമായി കാണണമെന്നതാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ തെരുവോരങ്ങളിലുള്ളവർക്ക് ഷെൽട്ടർ സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുണ്ടാകുകയും അങ്ങനെയുള്ള ആളുകളെ കണ്ടെത്തി അവിടേയ്ക്ക് മാറ്റുകയും ചെയ്യുന്നൊരു സ്ഥിതി ഗവൺമെന്റ് ഗൗരവതരമായി ചിന്തിക്കേണ്ടതാണ് എന്നുള്ളത് ഈ ബില്ലിന്റെ പശ്ചാത്തലത്തിൽ പ്രസക്തമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. തെരുവോര പ്രദേശങ്ങളിലെ പ്രത്യേകിച്ച് വഴിയോരകച്ചവടക്കാരുടെ ഡിഗ്നിറ്റിയും അവരോടുള്ള സമീപനവുമെല്ലാം ഇന്ന് ചർച്ചാ വിഷയമാണ്. പലപ്പോഴും ആളുകൾ ഇത്തരക്കാരെ ആട്ടിപ്പായിക്കുന്ന സമീപനം പൊതുവെ സ്വീകരിക്കുകയാണ്. എന്നാൽ മറ്റ് പല രാജ്യങ്ങളിലും അവർക്ക് പ്രത്യേകമായി കച്ചവടം ചെയ്യാനുള്ള സ്പേസ് സർക്കാരിന്റെ ചുമതലയിൽ നിർവഹിച്ചുപോകുന്ന പ്രവണതയുണ്ട്. അതെല്ലാം അവരുടെ തൊഴിലിനോടുള്ള മാന്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗവൺമെന്റുകൾ ചെയ്യുന്നൊരു പ്രവൃത്തിയാണ്. കേരളത്തിലെ തെരുവോര കച്ചവടക്കാർക്ക് യാതൊരു സുരക്ഷയുമില്ലാത്ത രീതിയാണുള്ളത്. പഞ്ചായത്ത് അടിസ്ഥാനത്തിലോ ഏതെങ്കിലും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലോ കച്ചവടം നടത്താനുള്ള ഒരു സ്പെഷ്യൽ സ്പേസ് നൽകുന്നതിനുള്ള പൊതുധാരണ ബില്ലിന്റെ ഭാഗമായി വേണ്ടതല്ലേ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളെല്ലാം ഈ ബില്ലിന്റെ ഭാഗമായി കൂട്ടിച്ചേർക്കാൻ കഴിയുമെന്നാണ് എനിക്ക്

തോന്നുന്നത്.

ശ്രീമതി ദെലീമ: സർ, അവകാശികളില്ലാത്ത ധാരാളം വീടുകൾ കാട് പിടിച്ച് അന്യം നിന്നുപോകുന്ന അവസ്ഥ നമ്മുടെ കൊച്ചുകേരളത്തിലുണ്ട്. വീട്ടുടമ മരിച്ചുപോകുകയും അവകാശികളില്ലാതെ അവരുടെ സ്ഥലങ്ങൾ വൻ കാടുകളായി മാറുകയും കാടുകളുടെ ഉള്ളിൽ ഈ വീടുകൾ അനാഥമായി കിടക്കുകയുമാണ്. ഇങ്ങനെയുള്ള വീടുകൾ കണ്ടെത്തി തെരുവിൽ കിടക്കുന്ന ആളുകൾക്ക് താമസസൗകര്യമൊരുക്കാൻ സാധിക്കുമോയെന്ന് ആലോചിക്കേണ്ടതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട പോയിന്റാണ് പറഞ്ഞത്. കേരളത്തിന്റെ ഇന്നത്തെ സാമൂഹ്യാവസ്ഥയിൽ പരിഹരിക്കപ്പെടേണ്ട പ്രധാനപ്പെട്ട പ്രശ്നമാണ് തലചായ്ക്കാൻ കൂരയില്ലാതെ തെരുവോരങ്ങളിൽ ഒറ്റയ്ക്കും കൂട്ടായും നിരാലംബരായും താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുകയെന്നുള്ളത്. നാട്ടിക, കയ്പമംഗലം നിയോജകമണ്ഡലങ്ങളുടെ അതിർത്തികളിൽ ഇത്തരം ആളുകൾ താമസിക്കുന്നുണ്ടെന്നത് എനിക്ക് നേരിട്ട് ബോധ്യമുള്ളതാണ്. ഒരു സുപ്രഭാതത്തിൽ അവിടെയുള്ള ആളുകൾ വന്നുപറഞ്ഞത്, ഇവർ വലിയ പ്രശ്നമുണ്ടാക്കുന്നു, ഇവരെ കയ്പമംഗലത്തുനിന്നും അപ്പുറത്തേയ്ക്ക് മാറ്റണമെന്നാണ്. അവരെ സംരക്ഷിക്കണമെന്നല്ല, ആട്ടിപ്പായിക്കണമെന്നാണ് അവർ പറഞ്ഞത്. ഈ വിഷയം പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനവും ജില്ലാ ഭരണകൂടവും എസ്.സി./എസ്.ടി. വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമെല്ലാം വന്നപ്പോൾ അതിനൊരു ധാരണയുണ്ടായി. ഇപ്പോൾ അവർക്ക് ഐ.ഡി. കാർഡും റേഷൻ കാർഡും കൊടുക്കാനും താമസസൗകര്യമൊരുക്കാനും

കഴിഞ്ഞു. ഇത്തരം കാര്യങ്ങൾ ചെയ്യുന്ന നിരവധി ആളുകൾ ആ നാട്ടിൽത്തന്നെയുണ്ട്. തെരുവോരങ്ങളിൽ താമസിക്കുന്നവരോട് നിങ്ങൾക്ക് എന്താണ് ആവശ്യമെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞത് ഞങ്ങൾ ഇവിടെ താമസിക്കുന്നു, അതുകൊണ്ട് ഇവിടത്തുകാരാണെന്നുള്ള രേഖയുണ്ടാക്കി തരണമെന്നാണ്. 58-60 വർഷക്കാലമായി ഇവിടെ താമസിക്കുന്നവരാണെന്നാണ് അവർ പറയുന്നത്. അവരുടെ പൂർവികരെക്കുറിച്ചൊന്നും അവർക്ക് അറിയില്ല. അവരുടെ ഭാഷ സംബന്ധിച്ച് പല പ്രശ്നങ്ങളുമുണ്ടാകും. അവരെ സംരക്ഷിക്കാൻ, അവർക്ക് മതിയായ സൗകര്യമൊരുക്കാൻ, ഒരു ചെറിയ കൂരയെങ്കിലും നൽകാനാവശ്യമായ ഇടപെടലുണ്ടാകണം. എത്രയോ വീടുകൾ ആൾതാമസമില്ലാതെ കിടക്കുന്നുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അതുപോലെ, ഇതെല്ലാം ചെയ്യാൻ കഴിയുന്ന പ്രവാസികളായ എത്രയോ സുഹൃത്തുകളുണ്ട്. ഭൂമിയും മറ്റ് സൗകര്യങ്ങളുമുള്ള നിരവധി ആളുകൾ വേറെയുമുണ്ട്. അവരുടെയൊക്കെ സഹായം തേടിയാൽ നമുക്ക് ഇവരുടെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. അതിനാവശ്യമായ ഇടപെടലുണ്ടാകണം. ഇതിൽ അത്ഭുതം തോന്നിയ മറ്റൊരുകാര്യം, ഇവരെ സംരക്ഷിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽനിന്ന് 45 ലക്ഷം രൂപ ചെലവഴിക്കാനുള്ള പ്രത്യേകാനുമതി ലഭിച്ചതിന്റെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വീട് നിർമ്മിക്കാൻ ചെന്നപ്പോൾ ഇതിനെക്കാൾ ദയനീയമായി അവിടെ ജീവിച്ചിരുന്ന മുൻതലമുറ, അവരെ അവിടെ താമസിപ്പിക്കുന്നതിൽ പ്രശ്നമുണ്ടാക്കിയതാണ്. അവരെ താമസിപ്പിച്ചാൽ അവിടത്തെ ഭൂമിക്ക് വില കുറയുമെന്നും അവരുടെ കുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സാധിക്കില്ലെന്നുമാണ് അവർ പറയുന്നത്. നമുക്ക് ഇത് എങ്ങനെ പരിഹരിക്കാൻ കഴിയും?

ഈ വിഷയത്തിൽ സർക്കാരിന്റെ ഇടപെടലുണ്ടാകണം. തെരുവോരത്ത് താമസിക്കുന്ന, അന്തിയുറങ്ങുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിനുള്ള നിലപാട് സ്വീകരിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്ക് ഈ ബിൽ അവതരിപ്പിക്കുന്ന വേളയിൽ പറയാനുള്ളത്. അത്തരം ആളുകളെ ചേർത്തുപിടിക്കൽകൂടിയാകും അതെന്ന് സൂചിപ്പിക്കുന്നു.

ശ്രീ. എ. രാജ: സർ, നമ്മുടെ സംസ്ഥാനത്ത് ദൈനംദിന ജീവിതത്തിന്റെ ഭാഗമായി വിനോദസഞ്ചാര മേഖലയിലടക്കം ഓരോ ദിവസവും വഴിയോര കച്ചവടങ്ങൾ വർധിച്ചുവരികയാണ്. ചില സ്ഥലങ്ങളിലെല്ലാം പഞ്ചായത്തുകൾ മുൻകൈയെടുത്ത് അവർക്ക് സംവിധാനം ഏർപ്പെടുത്തി നൽകുന്നുണ്ട്. അതുപോലുള്ള സംവിധാനം ഇത്തരം ആളുകൾക്ക് ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണെന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇതുകൂടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ കഴിയുമെന്നാണ് തോന്നുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. 'ആരോരുമില്ലാത്ത ആരുമുണ്ടാകരുത്' എന്ന് പറയാൻ കെൽപ്പുള്ള സംസ്ഥാനം കേരളമാണ്. അല്ലെങ്കിൽ 'ആരോരുമില്ലാത്തവർക്ക് ഞങ്ങളുണ്ട്' എന്ന് സ്ഥാപിക്കാൻ കഴിയുന്ന സംസ്ഥാനം കേരളമാണ്. എത്രയോ പുതിയ പദ്ധതികൾക്കും നിയമനിർമ്മാണങ്ങൾക്കും വേദിയായിട്ടുള്ള ഈ നിയമസഭ, മേൽപ്പറഞ്ഞ കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടുള്ള ഒരു ബിൽ കൊണ്ടുവരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരുപക്ഷേ ആരോരുമില്ലാത്തവർ കേരളത്തിലുള്ളതിനെക്കാൾ ഇരട്ടി അയൽ സംസ്ഥാനങ്ങളിലുണ്ടാകും. അവരുടെ ശബ്ദം തീർച്ചയായും നിയമനിർമ്മാണ സഭകളിൽ ഉയർന്നുവരണം. അങ്ങനെ നിസ്വരരായ, പാർശ്വവൽക്കരിക്കപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സഭയിൽ

നിയമനിർമ്മാണങ്ങൾക്ക് വഴിയൊരുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ബഹുമാനപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച ഈ സ്വകാര്യ ബിൽ സഭ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്. കേരളം വർഷങ്ങൾക്കുമുമ്പുതന്നെ ഇതുപോലെ പ്രയാസങ്ങൾ അനുഭവിക്കുന്ന ആളുകളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടാണ് മുന്നോട്ടുപോയിട്ടുള്ളത്. അതിന്റെ ഭാഗമായാണ് 'ലക്ഷം വീട് പദ്ധതി' ആവിഷ്കരിച്ചത്. തുടർന്ന് ഈ സർക്കാർ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയും ലൈഫ് മിഷൻ പദ്ധതിയും കൊണ്ടുവന്നു. ഈ വരുന്ന നവംബർ 1-ന് കേരളത്തെ 'അതിദരിദ്രർ ഇല്ലാത്ത കേരളം' എന്ന് പ്രഖ്യാപിക്കാൻ പോകുകയാണ്. ഇതുപോലെ താമസിക്കുന്ന ആളുകൾക്കുപോലും റേഷൻ കാർഡ് കൊടുക്കാൻ സർക്കാർ തയ്യാറായെന്നുമാത്രമല്ല ഭക്ഷണ കിറ്റ് എത്തിക്കാനുള്ള സംവിധാനങ്ങളുമൊരുക്കി. പുറമ്പോക്ക് ഭൂമികളുടെ രേഖകൾ ശരിയാണെങ്കിൽ അതിന് പട്ടയം കൊടുക്കുന്നതിന് റവന്യൂ വകുപ്പ് തയ്യാറാകുമെന്നുകൂടി സൂചിപ്പിച്ചിട്ടുണ്ട്. ഇങ്ങനെയൊരു ബിൽ നമ്മൾ ചർച്ച ചെയ്യുമ്പോൾ കേരളത്തിലെ വഴിയോര നിവാസികൾ ബുദ്ധിമുട്ടുന്നുവെന്ന ചർച്ചയിലേക്ക് മാത്രം പോകാതെ കേരളത്തിന്റെ നേട്ടങ്ങൾകൂടി അതിന്റെ ഭാഗമായി രേഖപ്പെടുത്തിപ്പോയില്ലെങ്കിൽ പ്രയാസമുണ്ടാകും. ഇത്തരം പ്രശ്നങ്ങൾ എങ്ങനെ അഭിമുഖീകരിക്കാൻ കഴിയുമെന്നുകൂടി ആലോചിക്കേണ്ടതുണ്ട്. അവർ താമസിക്കുന്നത് ചിലപ്പോൾ പുഴയോരങ്ങളിലായിരിക്കാം, അവർക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായ പ്രശ്നങ്ങളുണ്ടാകാം. കോഴിക്കോട് നഗരസഭയിൽ റോഡ് സൈഡിലും വഴിയോരങ്ങളിലും താമസിച്ചിരുന്നവരെ ലൈഫ് മിഷന്റെ ഭാഗമായുള്ള ഫ്ലാറ്റുകളിലേക്ക് മാറ്റി താമസിപ്പിക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. ഇവരെയും അതിൽ

ഉൾപ്പെടുത്തുന്നതിനുള്ള ആലോചനകൂടി നിയമസഭാംഗങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. അങ്ങനെ വന്നാൽ ഈ ഫ്ലാറ്റ് സമുച്ചയങ്ങളിലേക്ക് ഇവരെയും മാറ്റാൻ കഴിയും. പക്ഷേ അവർ അതിന് തയ്യാറാകുമോയെന്നതാണ് പ്രശ്നം. ഇത്തരം കാര്യങ്ങൾകൂടി കേരളം നേടിയിട്ടുണ്ടെന്ന് ബില്ലിന്റെ ഭാഗമായി പറയേണ്ടതല്ലേയെന്ന് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ആലോചിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം സൂചിപ്പിച്ചത് ബില്ലിൽ കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങളാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇവർക്ക് ഒരുപക്ഷെ ആധാർ കാർഡ്, ഐ.ഡി. കാർഡ്, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ, വീട് എന്നിവ നൽകിയതിനുശേഷം അവരുടെ കുട്ടികൾക്ക് മതിയായ വിദ്യാഭ്യാസം കൊടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. 2022-ൽ ഒരു കുട്ടിയെ സ്കൂളിൽ ചേർത്തപ്പോൾ ആ കുട്ടിയോട് ലോക്കൽ ഗാർഡിയന്റെ പേര് എഴുതാൻ ആവശ്യപ്പെട്ടപ്പോൾ ഞാൻ പറഞ്ഞു ഒരു ബുദ്ധിമുട്ടുമില്ല, എന്റെ പേര് എഴുതിക്കോളൂ എന്ന്. ആ കുട്ടിയാണ് ഇന്ന് ആ സ്കൂളിലെ മൂന്നാം ക്ലാസിലെ ഏറ്റവും മിടുക്കിയായ കുട്ടി. ഇന്നലെകളിൽ എങ്ങനെ കഴിഞ്ഞിരുന്ന കുട്ടിയാണ് ഇന്ന് ഈ നിലയിലെത്തിയത്; ഏറ്റവും പ്രയാസമുള്ള ഒരു തലമുറയിൽനിന്നും മാറി മിടുക്കരായവരെ വാർത്തെടുക്കാൻ നമുക്ക് കഴിയുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. നല്ല കാര്യങ്ങൾ എപ്പോഴും പരിഗണിക്കുന്ന നമ്മുടെ സഭയും മന്ത്രിമാരും ബന്ധപ്പെട്ട ലീഡർഷിപ്പുമൊക്കെ ഇതുകൂടി പരിഗണിക്കണം. കക്ഷിസങ്കുചിത പരിഗണനയൊന്നുമില്ലാതെ തന്നെ നമുക്ക് ബിൽ പാസ്സാക്കിയെടുക്കാൻ കഴിയണം. ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iii) 2021-ലെ കേരള പാരലൽ കോളേജ് അധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(നോട്ടീസ് നൽകിയ അംഗം ശ്രീ. സി. ആർ. മഹേഷ് സീറ്റിലില്ലാതിരുന്നതിനാൽ ബിൽ പരിഗണനയ്ക്കെടുത്തില്ല.)

(iv) 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, നമ്മുടെ സമൂഹത്തിലെ സ്ത്രീകൾ തൊഴിലിടങ്ങളിൽ നാനാമുഖമായ വിവേചനങ്ങളും ചൂഷണങ്ങളും അവമതിപ്പുകളുമെല്ലാം ഏറ്റുവാങ്ങിത്തന്നെയാണ് അവരുടെ ഔദ്യോഗിക കൃത്യനിർവഹണം നടത്തിപ്പോരുന്നത്. അതുകൊണ്ടുതന്നെ 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബില്ലിൽ നിർദ്ദേശിച്ച കാര്യങ്ങൾക്ക് കാലികപ്രസക്തിയുണ്ട്. എന്നാൽ തൊഴിൽ വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുമായി കൂടിയാലോചിച്ച് സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് തയ്യാറാക്കേണ്ട ബില്ലാണിത്.

പൊതുസമൂഹത്തിൽ കച്ചകെട്ടി നിൽക്കുന്ന പുരുഷാധിപത്യ മൂല്യങ്ങളുമായി ബന്ധപ്പെട്ടവയാണ് തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ബഹുമുഖ ചൂഷണങ്ങളും വിവേചനങ്ങളും. ആ പ്രശ്നങ്ങളെ സമഗ്രമായി പരിശോധിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്ന വിധത്തിലുള്ള നിർദേശങ്ങളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടത്. ബഹുമാനപ്പെട്ട അംഗം നിർദേശിച്ചിട്ടുള്ള കാര്യങ്ങളിൽ ഭൂരിഭാഗവും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ട് കൃത്യതയാർന്ന നിലയിൽ പുനർനിർവചിക്കേണ്ടതുണ്ട്. സ്ത്രീസൗഹൃദ തൊഴിലിടം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പും വനിതാ-ശിശുവികസന വകുപ്പും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി ഇതിനകം 19000 ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് വിഭാവന ചെയ്യുന്ന തൊഴിലിടങ്ങളിൽ ആരംഭിക്കേണ്ട ക്രഷ് സൗകര്യങ്ങൾ ഇതിനകം കേന്ദ്രീകൃത ഓഫീസ് സമുച്ചയങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിൽ പഠിച്ച് കൃത്യവും മൂർത്തവുമായ നിലയിൽ ബിൽ വിഭാവനം ചെയ്യപ്പെടേണ്ടതുണ്ട് എന്നുള്ളതുകൊണ്ട് ഈ അനൗദ്യോഗിക ബിൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ല.

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലുമായി ബന്ധപ്പെട്ട് പറഞ്ഞ ആശയങ്ങളോട് വളരെ ആത്മാർഥമായിത്തന്നെ ഞാൻ യോജിക്കുകയാണ്. ഈ ബില്ലിൽ ആവശ്യമായ പഠനങ്ങളും വ്യവസ്ഥകളും വേണമെന്ന നിർദേശം ഏറെ സ്വാഗതാർഹമാണ്. ഈ ബിൽ വളരെ സമഗ്രമായി തയ്യാറാക്കിയല്ല, സ്വകാര്യ ബില്ലിന്റേതായ പരിമിതികൾ

ഇതിനുണ്ട്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ധാരാളം നിയമനിർമ്മാണങ്ങളും ഇടപെടലുകളും നടത്തിയിട്ടുള്ള സംസ്ഥാനമാണ് കേരളം. 2022-27 കാലഘട്ടത്തിലെ 14-ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പ്ലാനിങ് ബോർഡിന്റെ വർക്കിങ് ഗ്രൂപ്പ് തയ്യാറാക്കിയ Women and Employment എന്ന മേഖലയുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടിന്റെ ആമുഖത്തിൽ പറയുന്നത് 'Workforce participation rate, as per the official labour force survey, has been lower in Kerala' എന്നാണ്. അതിനകത്ത് നിരവധി നിർദ്ദേശങ്ങളും പറയുന്നുണ്ട്. Female Labour Force Participation Rate എന്ന പഠനവുമായി ബന്ധപ്പെട്ട് അവർ കണ്ടെത്തിയത് വനിതകളുടെ തൊഴിൽ സാധ്യതകൾ കുറഞ്ഞുവരുന്നുവെന്നതാണ്. International Labour Organisation നടത്തിയ പഠന റിപ്പോർട്ടിൽ 130 രാജ്യങ്ങളിൽ ഇന്ത്യ 121-ാം സ്ഥാനത്തും Global Gender Gap Report-മായി ബന്ധപ്പെട്ട് World Economic Survey നടത്തിയ പഠന റിപ്പോർട്ടിൽ 140 രാജ്യങ്ങളിൽ ഇന്ത്യ 108-ാം സ്ഥാനത്തുമാണെന്നാണ് സൂചിപ്പിക്കുന്നത്. ഇത് ആശങ്കപ്പെടുത്തുന്ന കാര്യമാണ്. പൊതുവെ എല്ലാ മേഖലകളിലും സ്ത്രീ സാന്നിധ്യമുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കുമ്പോൾ അങ്ങനെയല്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ടാണ്? കരിയർ ബ്രേക്ക് വന്ന സ്ത്രീകളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് കേരളത്തിൽ പഠനം നടത്തിയിരുന്നു. അതിന് പ്രധാന കാരണമായി കണ്ടെത്തിയത് കുറഞ്ഞ വേതനമാണ്. അർബൻ മേഖലയിൽ കുറച്ചുകൂടി സ്ത്രീ സാന്നിധ്യമുണ്ട്. എന്നാൽ റൂറൽ മേഖലയിൽ പലയിടത്തും കുറഞ്ഞ വേതനത്തിന്റെ പ്രശ്നം നിലനിൽക്കുന്നുണ്ട്. രണ്ടായിരത്തി ഇരുപത്തിയാറോടുകൂടി കേരളത്തിൽ പ്രായമായവരുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടാകാൻ പോകുകയാണ്.

കുട്ടികളെയും പ്രായമായവരെയും സംരക്ഷിക്കേണ്ട ചുമതല സ്ത്രീകളിലേക്ക് വരും. തൊഴിൽ ലഭിക്കുന്ന ആളുകൾപോലും അതിൽനിന്നും സ്വയം പിൻമാറേണ്ട സാഹചര്യം ഭാവിയിൽ സംജാതമാകും. കുടുംബവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ആദ്യ പരിഗണന നൽകുന്നുവെന്നുള്ളതുകൊണ്ട് അവർക്ക് തൊഴിലിൽ തുടരാൻ കഴിയില്ല. അതോടൊപ്പം യാത്രാ സൗകര്യത്തിലുള്ള ബുദ്ധിമുട്ടുകളും കാരണമാകും. ഐ.ടി. മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പഠന റിപ്പോർട്ട് തയ്യാറാക്കാൻ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി തീരുമാനിച്ചതിന്റെ ഭാഗമായി സമിതി ചെയർപേഴ്സൺ ശ്രീമതി യു. പ്രതിഭയും അംഗങ്ങളായ ശ്രീമതി സി. കെ. ആശയും ഞാനും ചേർന്ന് തിരുവനന്തപുരത്തെ ഒരു ഐ.ടി. സെക്ടറിൽ സന്ദർശനം നടത്തിയിരുന്നു. നിരവധി സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന അവിടെ നിന്നും ആകെ നാല് കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നാണ് പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ആരും പരാതി നൽകാൻ തയ്യാറല്ല. പരാതികൾ ഇല്ലാത്തതുകൊണ്ടല്ല, അവർക്ക് ഭയമാണ്. അവരുടെ തൊഴിലിന് ഇൻസെക്യൂരിറ്റിയുണ്ട്. എപ്പോൾ വേണമെങ്കിലും അവരെ പിരിച്ചുവിടാവുന്ന സാഹചര്യമാണുള്ളത്. ഐ.ടി. മേഖലയിൽ നിലനിൽക്കുന്ന ചൂഷണം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അന്നത്തെ കമ്മിറ്റി നൽകിയിട്ടുണ്ട്.

ശ്രീമതി യു. പ്രതിഭ: സർ, ഞാനും ഡോ. എൻ. ജയരാജും ഒരേ കമ്മിറ്റിയിലെ അംഗങ്ങളായിരുന്നു. പൊതു സ്ഥാപനങ്ങളായാലും സർക്കാർ, അർധ-സർക്കാർ, പ്രൈവറ്റ് സ്ഥാപനങ്ങളായാലും Internal Complaint Committee ഉണ്ടായിരിക്കണമെന്ന നിബന്ധനയുണ്ട്.

എന്നാൽ ഈ കമ്മിറ്റികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് നിരാശാജനകമായ റിപ്പോർട്ടുകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അങ്ങ് കൊണ്ടുവന്ന ബില്ലിൽ അതുസംബന്ധിച്ച് പരാമർശിക്കുന്നുണ്ടോ? പ്രൈവറ്റ് ബില്ലുകൾ ചർച്ച ചെയ്യുമ്പോൾ സഭയിൽ കുറച്ചുകൂടി എം.എൽ.എ.-മാരുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതല്ലേ? നിയമസഭാ കമ്മിറ്റികളുടെ ചില സ്പെഷ്യൽ റിപ്പോർട്ടുകൾകൂടി ചർച്ച ചെയ്യാൻ വെള്ളിയാഴ്ച ദിവസം അനുവദിക്കുന്നതിനെക്കുറിച്ചും ആലോചിക്കണമെന്ന അഭ്യർഥന കൂടിയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: വെള്ളിയാഴ്ച ദിവസം സ്വകാര്യ ബിൽ അവതരിപ്പിക്കുമ്പോൾ എം.എൽ.എ.-മാർ നിർബന്ധമായും സഭയിലുണ്ടായിരിക്കണം.

ഡോ. എൻ. ജയരാജ്: സർ, ഭഗവത്ഗീതയിൽ ഒരു വാചകമുണ്ട്. "കർമണ്യേവാധികാരസ്തേ മാ ഫലേഷു കദാചന". നീ നിന്റെ കർമ്മം ചെയ്യുക, ഫലം ഇച്ഛിക്കേണ്ട എന്നാണ് അതിന്റെ അർഥം. അതുകൊണ്ട് ജനപ്രതിനിധി എന്ന നിലയിൽ കർമ്മം ചെയ്യുന്നു. ബാക്കി കാര്യങ്ങൾ അതിന്റെ മുറപോലെ വരട്ടെയെന്നുള്ളതാണ്. വെള്ളിയാഴ്ചകളിൽ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ എം.എൽ.എ.-മാരുടെ സാന്നിധ്യം കുറവാണെന്നുള്ളത് സത്യമാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, ഐ.ടി. മേഖല സന്ദർശിച്ചതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഒരു സ്ത്രീയുടെ ഏറ്റവും വലിയ മനുഷ്യാവകാശം മാതൃത്വമാണ്. എല്ലാ അർഥത്തിലും സമ്പൂർണ്ണമായി മാതൃത്വത്തിലെ സ്നേഹം ചൂരന്ന് തന്റെ കുഞ്ഞിന് നൽകുകയെന്നാണ്. അതാണ് മനുഷ്യ ജീവിതത്തിലെ ഏറ്റവും വലിയ ആനന്ദവും. ആ

സ്നേഹത്തിന്റെ, സുരക്ഷിതത്വത്തിന്റെ വലയത്തിൽ നിൽക്കുന്നത് കുഞ്ഞിന്റെ അവകാശവുമാണ്. കേരളത്തിലെ തൊഴിൽ സുരക്ഷിതത്വത്തിന്റെ മികവിനെക്കുറിച്ച് പറയുമ്പോഴും, അങ്ങ് ഇവിടെ സൂചിപ്പിച്ച ഐ.ടി. ഹബ്ബുകളിലുൾപ്പെടെ ജോലി ചെയ്യുന്ന അമ്മമാർക്ക് രാപ്പകൽ ഭേദമില്ലാതെ ജോലി ചെയ്യേണ്ടിവരുന്നു. അവരുടെ കുഞ്ഞുങ്ങളെ പരിപാലിക്കാനാകാതെ, ആ കുഞ്ഞിന്റെ തലച്ചോറും ഒരു മനുഷ്യനെന്ന നിലയിലുള്ള എല്ലാവിധ അടിസ്ഥാന മൂല്യങ്ങളും രൂപപ്പെടുന്ന ഘട്ടത്തിൽ ആ കരുതൽ നൽകാൻ കഴിയാത്തവിധത്തിലുള്ള മാനസിക സമ്മർദങ്ങളുണ്ടാകുന്നു. ഇത്തരം സ്ഥലങ്ങളിൽ ആവശ്യമായ ഡേ-കെയറുകളോ ക്രഷുകളോ മറ്റു സംവിധാനങ്ങളോ ഏർപ്പെടുത്തണമെന്ന നിബന്ധന പലപ്പോഴും പാലിക്കപ്പെടുന്നില്ല. ഇത്തരത്തിൽ അമ്മമാർ എന്ന നിലയിലുള്ള സ്ത്രീകളുടെ അവകാശങ്ങൾകൂടി തൊഴിലിടങ്ങളിൽ സംരക്ഷിക്കപ്പെടേണ്ടതിനെക്കുറിച്ച് നാം ചർച്ച ചെയ്യേണ്ടതല്ലേ; ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, അങ്ങ് പറഞ്ഞ ആശയം ഞാൻ ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്. 'മാതൃത്വ അവധിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുൻപുള്ളതും പിൻപുള്ളതുമായ കാലങ്ങളിൽ അനുയോജ്യമായ രീതിയിലുള്ള ജോലികൾ നൽകുന്നതിന് ഫ്ളെക്സിബിൾ വർക്ക് ഷെഡ്യൂളുകൾക്ക് നിർദേശം നൽകുക' എന്ന് ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. പ്രസവത്തിനുമുമ്പുള്ള ഒരു കാലഘട്ടത്തിൽ അവർക്കുണ്ടാകുന്ന മാനസിക സംഘർഷത്തെ ലഘൂകരിക്കുകയെന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. അവർക്ക് തൊഴിൽ അന്തരീക്ഷവുമായി പൊരുത്തപ്പെടുന്നതിന് സഹായകമാകുന്ന സംവിധാനം ഏർപ്പെടുത്തുക എന്നുള്ളതും ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ ജെൻഡർ ബജറ്റിൽ

വിഭാവന ചെയ്യുന്ന പദ്ധതികളെ വിലയിരുത്തുകയും അവ നടക്കുന്നുണ്ടോയെന്ന് ഗൗരവമായി ചിന്തിക്കേണ്ടതുമാണ്. നമുക്ക് അത്തരം സംവിധാനങ്ങളുണ്ടെങ്കിലും പലപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കാതെ പോകുന്നുവെന്ന പരാതി പൊതുവേയുണ്ട്. അതാണ് ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാന്യയായ യു. പ്രതിഭ, എം.എൽ.എ.-യും സൂചിപ്പിച്ചത്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 'ഷീ ബോക്സ്'' എന്നൊരു സംവിധാനം കൊണ്ടുവരണമെന്നുള്ളത് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പല കാരണങ്ങൾകൊണ്ട് പലരും പരാതി കൊടുക്കാറില്ല. പരസ്യമായി പരാതി നൽകാൻ പലർക്കും ഭയമാണ്. അവർക്ക് രഹസ്യമായിട്ടായാലും പരാതി നൽകുന്നതിന് എല്ലാ ഓഫീസുകളിലും തൊഴിലിടങ്ങളിലും ഈ സംവിധാനം സൃഷ്ടിക്കുക എന്നൊരു നിർദേശം ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, തൊഴിലുറപ്പ്, കുടുംബശ്രീ, ഹരിത കർമ്മ സേന തുടങ്ങിയ എല്ലാ മേഖലകളിലും ഇന്ന് സ്ത്രീകളുടെ സാന്നിധ്യം കാണാവുന്നതാണ്. നാടിന്റെ സംരക്ഷണം ഏറ്റെടുത്തുകൊണ്ടാണ് സ്ത്രീകൾ മുന്നോട്ടുപോകുന്നത്. പക്ഷെ അവരുടെ സംരക്ഷണം ഉറപ്പുവരുത്താൻ നമുക്ക് സാധിക്കുന്നില്ല. അവരെ എന്തും ചെയ്യാമെന്ന ധാരണ പലരിലുമുണ്ട്. അവർക്കുവേണ്ടത് ആയോധനകലയാണ്. കളരി അഭ്യാസം പോലുള്ളവ പരിശീലിപ്പിച്ചുകൊണ്ട് കേരളത്തിന്റെ ഉണ്ണിയാർച്ചകളാക്കി അവരെ മാറ്റാൻ സാധിക്കണം. കോവിഡ് കാലഘട്ടത്തിൽ നമ്മുടെ നാട്ടിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിരുന്നു. 30 രൂപയ്ക്കാണ് അവർ ഭക്ഷണം നൽകുന്നത്. 30 രൂപ ലഭിച്ചാൽ അത് ചെലവുകൾക്ക് തികയുകയില്ല. അവർ മറ്റു സ്ഥലങ്ങളിൽ നിന്നൊക്കെ സാധനങ്ങൾ ശേഖരിച്ചാണ്

ഹോട്ടലുകൾ നടത്തുന്നത്. ആ സാഹചര്യം മാറ്റിയെടുക്കാനുള്ള സൗകര്യം അവർക്ക് ചെയ്തുകൊടുക്കണം. സ്ത്രീകളുടെ സംരക്ഷണം ഉറപ്പുവരുത്താൻ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതല്ലേ?

ഡോ. എൻ. ജയരാജ്: സർ, ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. വനിതാ കമ്മീഷൻ നടത്തിയ സർവേയിൽ കണ്ടെത്തിയത് തൊഴിൽമേഖലകളിൽ സ്ത്രീകൾക്ക് പരാതികളുണ്ടെങ്കിലും അവർ അത് പറയാൻ ഭയപ്പെടുന്നുവെന്നാണ്. മാത്രമല്ല, രാത്രി ജോലി ചെയ്യുന്നവർക്ക് വിശ്രമ മുറിയോ മടക്ക യാത്രയ്ക്കുള്ള സൗകര്യമോ മിക്ക സ്ഥലങ്ങളിലും ഉണ്ടാകാറില്ല. പല ഹോസ്പിറ്റലുകളിലും ഡ്യൂട്ടി അവസാനിക്കുന്നത് രാത്രി പന്ത്രണ്ട് മണിക്കാണ്. ആ സമയത്ത് യാത്രാ സൗകര്യം ലഭ്യമാകാറില്ല. ഇക്കാര്യം പലതവണ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന് ഇപ്പോഴും മാറ്റമൊന്നും വന്നിട്ടില്ല. അവരുടെ ഡ്യൂട്ടി ക്രമപ്പെടുത്തുന്നത് അങ്ങനെയാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ സംബന്ധിച്ച വളരെ പ്രസക്തമായ വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സാമൂഹ്യ മാധ്യമങ്ങളിലൂടെ സ്ത്രീകൾക്കെതിരെ ഇല്ലാത്ത കഥകൾ മെനഞ്ഞ് സ്വഭാവഹത്യ നടത്തുകയും എ.ഐ., മോർഫിങ് തുടങ്ങിയ സാങ്കേതിക സംവിധാനത്തിന്റെ സഹായത്തോടെ സ്ത്രീകളെ വളരെ മോശമായി ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണത സമീപകാലത്ത് വർധിച്ചുവരികയാണ്. എന്നാൽ അതിനെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. അത്തരം കാര്യങ്ങൾ ഫലപ്രദമായി തടയുന്നതിനും കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ മാതൃകാപരമായി

ശിക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക എന്നത് സ്ത്രീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകേണ്ടതല്ലേ?

ശ്രീമതി സി. കെ. ആശ: സർ, തൊഴിൽ സംബന്ധമായ വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. തൊഴിൽ നിയമങ്ങൾ റദ്ദാക്കി തൊഴിൽ കോഡുകളാക്കി മാറ്റിയപ്പോൾ പ്രധാനമായും ഒഴിവാക്കപ്പെട്ടത് സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംബന്ധിച്ച കാര്യങ്ങളാണ്. അവർക്ക് പ്രസവാവധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്ന വിഷയങ്ങളിലാണ് കോർപ്പറേറ്റുകൾക്ക് അനുകൂലമായി കേന്ദ്ര മന്ത്രിസഭ മാറ്റം വരുത്തിയിട്ടുള്ളത്. അത്തരം സാഹചര്യത്തിൽ സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുകയും അവർക്ക് തൊഴിലിടങ്ങളിൽ കൂടുതൽ സുരക്ഷിതത്വമില്ലായ്മ അനുഭവപ്പെടുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട റാന്നി അംഗം സൂചിപ്പിച്ചതുപോലെ സ്ത്രീകളുടെ മാതൃത്വമെന്ന അവകാശം വിനിയോഗിക്കുന്നതിനുള്ള അവസരമല്ലേ അതിലൂടെ നഷ്ടമാകുന്നത്?

ശ്രീ. എം. വിജിൻ: സർ, സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണവുമായി ബന്ധപ്പെട്ട് മാത്രമല്ല, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം ഒരു ടീച്ചിങ് മേഖലയാണ്. നേരത്തെ തയ്യൽ പഠിപ്പിക്കുന്ന അധ്യാപികയുടെ പേര് തുന്നൽ ടീച്ചർ എന്നായിരുന്നു, ഇപ്പോൾ മാറ്റിയിട്ടുണ്ട്. ആ പോസ്റ്റ് നിലനിൽക്കണമെങ്കിൽ 200 പെൺകുട്ടികൾ വേണമെന്നാണ് പറയുന്നത്. തുന്നൽ പഠിക്കേണ്ടത് പെൺകുട്ടികളാണെന്ന ബോധ്യത്തിൽനിന്നാണ് അങ്ങനെയൊരു വ്യവസ്ഥ വച്ചിരിക്കുന്നത്. അതിൽ കാലാനുസൃതമായ മാറ്റം വരണം. പെൺകുട്ടികൾ എന്നതിനുപകരം

കുട്ടികൾ എന്ന് മാറ്റം വരുത്താനാവശ്യമായ ഇടപെടലുണ്ടാകണം. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീമതി ശാന്തകുമാരി കെ.: സർ, വളരെ കാലിക പ്രസക്തിയെന്നല്ല പറയേണ്ടത്, ചരിത്ര പ്രസക്തിയിലേക്ക് നീങ്ങുന്ന ഒരു ബില്ലായിട്ടാണ് എനിക്ക് തോന്നുന്നത്. ഈ ബില്ലിന്റെ ആമുഖത്തിൽ സൂചിപ്പിച്ചിരിക്കുന്നത് സ്ത്രീകളുടെയിടയിലുള്ള തൊഴിൽ റേറ്റ് കുറഞ്ഞുവരുന്നത് സംബന്ധിച്ചാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും റാങ്ക് ഹോൾഡേഴ്സിന്റെ എണ്ണത്തിലും പെർഫോമൻസിലും ഏറ്റവും മുന്നിൽ നിൽക്കുന്നത് പെൺകുട്ടികളാണ്. പക്ഷേ, തൊഴിലിടങ്ങളിലേക്ക് വരുന്നതോടുകൂടി പലപ്പോഴും അവർ shrink ചെയ്യപ്പെടുന്നു. ഇതുസംബന്ധിച്ച് വളരെ ഗൗരവമായിത്തന്നെ പഠനം നടത്തേണ്ടതുണ്ട്. തൊഴിൽ ഒരു ഐഡന്റിറ്റിയാണെന്ന നിലയിൽ സ്ത്രീ സൗഹൃദ, സുരക്ഷിത പ്രചാരണം പ്രചണ്ഡമായിത്തന്നെ ഏറ്റെടുക്കേണ്ടതുണ്ട്. മറ്റൊന്ന്, കോൺട്രാക്ട് ലേബർമാരെ സംബന്ധിച്ചാണ്. എല്ലാ മേഖലകളിലും സ്ത്രീ തൊഴിലാളികളുണ്ട്. പ്രൈവറ്റ് ജോബ് സെക്ടറിൽ കോൺട്രാക്ട് ലേബർമാർ കൂടുതലായി വരികയാണ്. ഈ മേഖലയിൽ തൊഴിൽ ചെയ്യുന്ന ആളുകൾക്ക് ഒരു സുരക്ഷിതത്വവുമില്ല, അരക്ഷിതാവസ്ഥയാണുള്ളത്. അവരുടെ വിദ്യാഭ്യാസം, സ്കിൽ അപ്ഗ്രഡേഷൻ, മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവയെല്ലാംതന്നെ ബില്ലിന്റെ ഭാഗമായി അഡ്രസ്സ് ചെയ്യപ്പെടേണ്ടതല്ലേ?

ഡോ. എൻ. ജയരാജ്: സർ, മൂന്ന് ബഹുമാന്യരായ ജനപ്രതിനിധികളും ഇവിടെ സൂചിപ്പിച്ച നിർദേശങ്ങൾ കാലിക പ്രസക്തമാണ്. നേരത്തെ പറഞ്ഞ വിഷയം തന്നെയാണ്

ഞാൻ പറഞ്ഞുവരുന്നത്. ഉദാഹരണത്തിന്, ബാങ്കുകളിൽ ജോലി ചെയ്യുന്ന ക്ലീനിങ് സ്റ്റാഫുകൾക്ക് കൃത്യമായ വേതനമില്ല. ബാങ്കുകൾ ഇഷ്ടമുള്ളതുപോലെയാണ് വേതനം നൽകുന്നത്. കൂടാതെ അവർക്ക് കൃത്യമായ ജോലിസമയമില്ല. കോർപ്പറേറ്റ് മേഖലയെക്കുറിച്ച് സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ പറയുന്നത്. ബാങ്കിങ് മേഖല ഒരുതരത്തിൽ കോർപ്പറേറ്റ് സ്വഭാവമുള്ളതാണ്. ഏജൻസികളാണ് പലപ്പോഴും ഇത്തരം മേഖലകളിലേക്ക് തൊഴിലാളികളെ സപ്ലൈ ചെയ്യുന്നത്. അതുകൊണ്ടുതന്നെ അവരുടെ whims and fancies അനുസരിച്ച് ഇവരെ മാറ്റിക്കൊണ്ടിരിക്കുകയും വേതനം നിശ്ചയിക്കുകയും അതിന്റെ കമ്മീഷൻ അവർ കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട സി. കെ. ആശ സൂചിപ്പിച്ചതുപോലെ പ്രസവാവധി ഉൾപ്പെടെയുള്ള കാര്യങ്ങളൊന്നും ഇവർക്ക് ബാധകമല്ല. അവർ ജോലിയിൽനിന്നും പോയാൽ തിരികെ ജോലിയിൽ പ്രവേശിക്കാനുള്ള സാഹചര്യം ഇല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കുളത്തുങ്കൽ സൂചിപ്പിച്ച കാര്യവും പ്രധാനപ്പെട്ടതാണ്. ഈ നിയമത്തിന്റെ ഭാഗമല്ലെങ്കിലും സ്ത്രീകൾ സോഷ്യൽ മീഡിയവഴി യാതൊരു നിയന്ത്രണവുമില്ലാതെ ആക്രമിക്കപ്പെടുന്നുവെന്നുള്ളത് പരിഷ്കൃത സമൂഹത്തിൽ ദുഃഖകരമായ കാര്യമാണ്. പണ്ടൊക്കെ ഒരു പ്രശ്നത്തെ അടിസ്ഥാനമാക്കിയായിരുന്നു ആക്രമണത്തിന്റെയോ വിമർശനത്തിന്റെയോ സ്വഭാവമെങ്കിൽ വിമർശനത്തിന്റെ സർഗാത്മകത നഷ്ടപ്പെട്ട വർത്തമാനകാലത്തിലാണ് നമ്മളൊക്കെ ജീവിക്കുന്നത്. പൊതുപ്രവർത്തകർ ഉൾപ്പെടെയുള്ളവർ പലപ്പോഴും അതിന്റെ ഇരകളായി മാറുന്നുവെന്നതാണ് യാഥാർഥ്യം. ബഹുമാനപ്പെട്ട എം. വിജിൻ സൂചിപ്പിച്ച ഒരു കാര്യം ക്രാഫ്റ്റ് സംബന്ധിച്ചാണ്. പണ്ടുകാലത്ത് കേരളത്തിലെ സ്കൂളുകളിൽ കലയ്ക്കും കവിതയ്ക്കും ക്രാഫ്റ്റിനും

ഡ്രോയിങ്ങിനുമൊക്കെ സമയം മാറ്റിവച്ചിരുന്നു. പിന്നീട് നമ്മുടെ കരിക്കുലത്തിൽനിന്ന് അത് എടുത്തുമാറ്റി പഠനം മാത്രമാക്കി മാറ്റിയതിന്റെ ദുരന്തഫലമാണ് നമ്മളൊക്കെ ഇപ്പോൾ അനുഭവിക്കുന്നത്. അദ്ദേഹം പറഞ്ഞതുപോലെ കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളെ കലാലയങ്ങളിൽ കൊണ്ടുവരേണ്ടതാണ്. പഠനത്തോടൊപ്പം സാംസ്കാരിക പ്രവർത്തനങ്ങൾകൂടി മടക്കിക്കൊണ്ടുവരാൻ കഴിയുന്ന ഇടപെടൽ ഈ രംഗത്തുണ്ടാകണമെന്നുള്ള അദ്ദേഹത്തിന്റെ നിർദേശം സ്വാഗതാർഹമാണ്. പ്രധാനപ്പെട്ട ഒരു കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. പ്ലാനിങ് ബോർഡിന്റെ പഠന റിപ്പോർട്ടിൽ പറയുന്നത്, "These include social restrictions, unfavourable social and familial norms, stigma around entry into wage labour market, and various forms of discrimination against women at the workplace. These factors may have played a role in reducing female labour participation in Kerala." എന്നാണ്. ഈ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിലാണ് ഈ ബില്ലിൽ ചില വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്. ഇതിലെ പ്രധാനപ്പെട്ട കാര്യമെന്നുപറയുന്നത് ഒരു സമിതി രൂപീകരിക്കുകയും കാലാകാലങ്ങളിൽ ഈ മേഖല അഡ്രസ്സ് ചെയ്യുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെ ഗവൺമെന്റിലേക്ക് എത്തിക്കുകയും ചെയ്യുകയെന്നുള്ളതാണ്. ഇപ്പോൾത്തന്നെ ഇക്കാര്യത്തിൽ പലരീതിയിലുള്ള പഠനം നടക്കുന്നുണ്ട്. വനിതാ കമ്മീഷന്റെയും സി.ഡി.എസ്.-ന്റെയും പ്ലാനിങ് ബോർഡിന്റെയും നേതൃത്വത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനെയെല്ലാം ക്രോഡീകരിച്ച് ഗവൺമെന്റിലേക്ക് എത്തിക്കാനും അതിനനുസൃതമായ നിയമനിർമ്മാണം നടത്താനും കഴിയണമെന്നതുമാത്രമാണ് ഈ സ്വകാര്യ ബില്ലിന്റെ ഉദ്ദേശ്യം. കുടുംബം എന്ന

കൂട്ടുത്തരവാദിത്വമാണെന്നുള്ള കൺസെപ്റ്റിൽനിന്ന് നമ്മൾ പുറകോട്ട് പോകുകയാണ്. കുടുംബസംരക്ഷണത്തിന്റെ ഒരുഭാഗത്ത് പുരുഷാധിപത്യം ഇപ്പോഴും നിലനിൽക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതി നമ്മുടെയിടയിലുണ്ട്. Aged population വർധിച്ചുവരികയാണ്. സ്ത്രീകൾ തൊഴിലിൽനിന്ന് മാറേണ്ടിവരുന്നതിന്റെ കാരണം കുടുംബത്തെയും കുട്ടികളെയും സംരക്ഷിക്കേണ്ട ബാധ്യത അവരുടെ ഭാഗത്തുമാത്രമായി മാറുന്നതുകൊണ്ടാണ്. നല്ല ജോലിയുള്ള പലരും കുട്ടികളുടെ പഠനത്തിനുവേണ്ടി ജോലി വേണ്ടെന്നുവച്ച് വി.ആർ.എസ്. എടുക്കുന്നതായി നമുക്കറിയാം. റീ-സ്കില്ലിങ് എന്നൊരു സംഭവമുണ്ട്. ഒരു ജോലിയിൽനിന്ന് കുറച്ചുകാലം മാറിനിന്നാൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ കഴിയില്ല. അതിന് കാരണം അവർ എക്സ്പീരിയൻസിൽനിന്ന് മാറിയതുകൊണ്ടാണ്. റീ-സ്കില്ലിങ് എന്നത് പ്രധാനപ്പെട്ട വിഷയമാണ്. അവർക്ക് വീണ്ടും തൊഴിലിലേക്ക് മടങ്ങിവരാൻ കഴിയുന്ന രീതിയിൽ മാറ്റം ഉണ്ടാകുകയെന്നുള്ളതും വളരെ ഗൗരവമുള്ളതാണ്. നേരത്തെ നടത്തിയ പഠനങ്ങളിൽ ഇക്കാര്യങ്ങൾ സൂചിപ്പിച്ചിട്ടുള്ളതാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, നമ്മുടെ സംസ്ഥാനത്ത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ വലിയ വർധനവുണ്ടായിട്ടുണ്ടെന്ന് അടുത്തകാലത്ത് ഒരു റിപ്പോർട്ടിൽ കണ്ടു. എന്റെ നിയോജകമണ്ഡലം കുത്താമ്പുള്ളി പോലുള്ള ടെക്സ്റ്റൈൽസുകൾ ധാരാളമുള്ള ഒരു പ്രദേശമാണ്. ഈ ഓണക്കാലത്തുപോലും സ്ത്രീകൾ പണിയെടുക്കുന്ന പല സ്ഥലങ്ങളിലും അവരെ പരമാവധി ഉപയോഗപ്പെടുത്തുന്ന അവസ്ഥയാണുണ്ടായിരുന്നത്. മുകളിൽ നിന്ന് താഴേക്ക് ലോഡ് എടുത്തുകൊടുക്കാൻവേണ്ടി ചില സ്ത്രീകൾ രാവിലെ മുതൽ വൈകുന്നേരംവരെ അവിടെത്തന്നെ നിൽക്കുന്നത് കാണാറുണ്ട്. അവർക്ക് കുടിക്കാൻ

വെള്ളമോ സമയത്തിന് ഭക്ഷണമോ കിട്ടാത്ത അവസ്ഥയുമുണ്ട്. നമ്മുടെ നാട്ടിൽ ഇത്തരം സ്കീമുകൾ ഫലപ്രദമായി പ്രവർത്തിക്കേണ്ടതല്ലേ; അത് ഒന്നുകൂടി ഊർജിതപ്പെടുത്താൻ കഴിയുന്ന സംവിധാനംകൂടി ഇതിനകത്ത് വേണ്ടതല്ലേ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഡോ. എൻ. ജയരാജ് ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് കേരളത്തിലുണ്ടായ മുന്നേറ്റത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസരംഗത്തും മറ്റ് ശാസ്ത്രമേഖലകളിലൊക്കെയും സ്ത്രീ പ്രാതിനിധ്യം വർധിച്ചിരിക്കുകയാണ്. പൊതുവെ ലോകത്തുണ്ടായ മാറ്റത്തോടൊപ്പം കേരളത്തിനും മാറ്റം വന്നിട്ടുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് വലിയ തൊഴിൽ ചൂഷണവും നടക്കുന്നുണ്ട്. വീട്ടുജോലികളുമായി ബന്ധപ്പെട്ട് ഇന്ന് നിരവധി വനിതകളെ റിക്രൂട്ട് ചെയ്യുന്നുണ്ട്. മിനിമം വേതനം നടപ്പാക്കിയ നമ്മുടെ സംസ്ഥാനത്ത് 10,000/-, 20,000/-, 25,000/- രൂപയൊക്കെ വീട്ടുടമ തൊഴിലാളിക്ക് വേതനമായി കൊടുക്കുന്നുണ്ടെങ്കിലും അത് ശേഖരിക്കുന്നത് റിക്രൂട്ടിങ് ഏജൻസികളാണ്. 3000/-, 5000/-, 6000/- രൂപയൊക്കെ റിക്രൂട്ടിങ് ഏജൻസികൾ നേരിട്ടെടുത്തശേഷം ബാക്കി തുകയാണ് സ്ത്രീ തൊഴിലാളികൾക്ക് നൽകുന്നത്. അത്തരത്തിൽ വലിയ ചൂഷണം നടക്കുകയാണ്. റിക്രൂട്ടിങ് ഏജൻസികളെ നിയന്ത്രിക്കാൻ സാധിച്ചാൽ ഇങ്ങനെ പണം അടിച്ചുമാറ്റുന്നത് ഒഴിവാകുകയും അവർക്ക് യഥാർഥ വേതനം ലഭിക്കുകയും ചെയ്യും. ഇക്കാര്യംകൂടി ബില്ലിന്റെ ഭാഗമായി വരേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നഗരവൽക്കരണം നടക്കുന്ന മേഖലകളിൽ വലിയ മാളുകൾ ഒഴികെ മറ്റെല്ലായിടത്തും സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക കർമങ്ങൾ നിർവഹിക്കാൻ സൗകര്യമില്ലെന്നുമാത്രമല്ല ഉള്ള സൗകര്യം ഉപയോഗിക്കാനും

സാധിക്കുന്നില്ല. പലയിടത്തും ഏറ്റവും വൃത്തിഹീനമായ രീതിയിലുള്ള ടോയ്‌ലറ്റ് സൗകര്യങ്ങളാണുള്ളത്. മറ്റൊന്ന്, സോഷ്യൽ മീഡിയയിലെ ഇടപെടലുകൾ കാണുമ്പോൾ അപരിഷ്കൃത സമൂഹമാണ് കേരളം എന്ന് തെളിയിക്കുന്നതാണ് അതിലെ കമന്റുകളെന്ന് കാണാൻ സാധിക്കും. പ്രസ്തുത വിഷയങ്ങൾകൂടി 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതല്ലേ?

ശ്രീ. ലിന്റോ ജോസഫ്: സർ, 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബില്ലാണ് ഡോ. എൻ. ജയരാജ് ഇവിടെ മുന്നോട്ട് വച്ചിരിക്കുന്നത്. നമ്മൾ കാണുന്ന മഹാഭ്രരിപക്ഷം സ്ത്രീകളും വേതനം ലഭിക്കാത്തതുകൊണ്ട് തൊഴിലായി പരിഗണിക്കപ്പെടാത്ത അടുക്കള ജോലികൾ ചെയ്യുന്നവരാണ്. കുടുംബിനികളായ സ്ത്രീകളാണ് അത്തരം ജോലികളിൽ കൂടുതലായി ഇടപെടുന്നത്. വരുമാനമുള്ള മറ്റ് ജോലികൾ ചെയ്യുന്നവരും, ഒരുപക്ഷേ ഐ.എ.എസ്. ഉദ്യോഗസ്ഥരും വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്നവരും നമ്മുടെ വനിതാ അംഗങ്ങൾ ഉൾപ്പെടെയുള്ളവരും അവർ ചെയ്യുന്ന ജോലിക്കുപുറമെ ഇപ്രകാരം ഒരു ജോലി കൂടി ചെയ്യുന്നവരാണ്. വേതനമില്ലാത്തതുകൊണ്ട് പരിഗണിക്കാതെ പോകുന്ന അവരുടെ ആ തൊഴിലിടം കൂടുതൽ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ കൊണ്ടുവരണം. വീട്ടമ്മമാർക്ക് പെൻഷൻ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ആലോചിക്കുകയുണ്ടായി. അത്തരത്തിലുള്ള എന്തെങ്കിലും ഇടപെടൽ ഇതിന്റെ ഭാഗമായി നടത്താൻ കഴിയുമോയെന്നും സ്മാർട്ട് കിച്ചൺ നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ഈ ബില്ലിന്റെ ഭാഗമായി കൊണ്ടുവരാൻ സാധിക്കുമോയെന്നും പരിശോധിക്കേണ്ടതല്ലേ?

ഡോ. എൻ. ജയരാജ്: സർ, ഒരിക്കൽ സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടിയോട് ഏറ്റവും കൂടുതൽ കൈയുള്ള ജീവി ഏതാണെന്ന് ചോദിച്ചപ്പോൾ എന്റെ അമ്മയാണെന്നായിരുന്നു കുട്ടിയുടെ നിഷ്കളങ്കമായ മറുപടി. കാരണം, രണ്ട് കൈകൊണ്ട് ചെയ്യാൻ കഴിയുന്നതിന്റെ പത്തിരട്ടി കാര്യങ്ങളാണ് അമ്മമാർ ചെയ്യുന്നത്. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെക്കുറിച്ച് പഠിക്കുമ്പോൾ ഒരിക്കൽപ്പോലും കണക്കാക്കാതെ പോകുന്ന ഒരു വലിയ മേഖലയാണ് വീടുകളിൽ ഭക്ഷണം പാകം ചെയ്യുന്ന നമ്മുടെ അമ്മമാരുടെയും സഹോദരിമാരുടെയും പ്രവർത്തനം. അത് ഒരിക്കലും അക്കൗണ്ട് ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ അതിന്റെ വില ഒരിക്കലും നമ്മൾ തിരിച്ചറിയുന്നില്ല എന്നുള്ളത് യാഥാർഥ്യമാണ്. പ്രധാനപ്പെട്ടൊരു വിഷയമാണിത്. വീട്ടുജോലികൾ ചെയ്തതിനുശേഷം തൊഴിലിടങ്ങളിൽ എത്തിച്ചേരാൻവേണ്ടി അതിരാവിലെ 3 മണിക്കും 4 മണിക്കുമൊക്കെ സ്ത്രീകൾ എഴുന്നേൽക്കേണ്ടിവരുന്നത് നമുക്കെല്ലാം അറിയാവുന്നതാണ്. രാത്രി 11 മണിക്ക് വീട്ടിലെത്തിയാൽ അവർക്ക് ഉറങ്ങാൻ കിട്ടുന്നത് വളരെ കുറച്ച് സമയം മാത്രമാണ്. ജീവിതത്തിന്റെ നല്ല കാലം മുഴുവൻ അങ്ങനെ യാത്ര ചെയ്യുന്ന ആളുകൾ നമ്മുടെയിടയിലുണ്ട്. അതൊരു യാഥാർഥ്യമായി നിൽക്കുന്നു. പക്ഷേ അവർ അത് ശീലിച്ച് മുന്നോട്ടുകൊണ്ടുപോകുകയാണ്. എങ്കിലും ഒരു പരിഷ്കൃത സമൂഹം അത് അംഗീകരിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെയുണ്ട്. നേരത്തെ പ്ലാനിങ് ബോർഡ് സമർപ്പിച്ച ഒരു പ്രൊപ്പോസലിൽ പഞ്ചായത്തുകൾ മുഖേന single umbrella സംവിധാനം നടപ്പാക്കിക്കൊണ്ട് domestic

labourers ഉൾപ്പെടെയുള്ളവരെ പൂൾ ചെയ്യാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണമെന്ന ഒരു നിർദ്ദേശമുണ്ടായിരുന്നു. അങ്ങനെയാകുമ്പോൾ കുറച്ചുകൂടി സെക്യൂരിറ്റിയുണ്ടാകും. തൊഴിൽ സപ്ലൈ ചെയ്യുന്നവരുടെ ഭാഗത്തുനിന്നും വലിയ ചൂഷണമാണ് ഈ മേഖലയിലുണ്ടാകുന്നതെന്ന കാര്യത്തിൽ സംശയമില്ല. ഈ മേഖലയിലെ പ്രശ്നങ്ങളിൽ ഗവൺമെന്റിന് കാലാകാലങ്ങളിൽ ഇടപെടാനും നിയമനിർമ്മാണം നടത്താനും വേദിയൊരുക്കുന്ന വിധത്തിൽ സ്ത്രീ സൗഹൃദ തൊഴിലിടവൽക്കരണ സമിതി സംസ്ഥാനത്ത് രൂപീകരിക്കേണ്ടതുണ്ട്. കേരളം എക്കാലത്തും സ്ത്രീകളോടും സ്ത്രീപക്ഷത്തോടുമൊപ്പമാണ് നിന്നിട്ടുള്ളത്. ആ സമൂഹത്തിന്റെ ആശങ്കകൾക്കും ആകുലതകൾക്കും പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിയുമെന്ന പൂർണ്ണ വിശ്വാസം എനിക്കുണ്ട്. എന്റെ ഈ ബിൽ അതിനുവേണ്ടിയുള്ള ഒരു തുടക്കമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ കാലികപ്രസക്തമായ ഒരു പ്രശ്നമാണ് ഇതിൽ ചർച്ച ചെയ്യുന്നത്. അതുകൊണ്ട് ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(v) 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കൽ ബിൽ

(നോട്ടീസ് നൽകിയ അംഗം ശ്രീ. നജീബ് കാന്തപുരം സീറ്റിലില്ലാതിരുന്നതിനാൽ ബിൽ പരിഗണനയ്ക്കെടുത്തില്ല.)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച

(i) 2021-ലെ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(നോട്ടീസ് നൽകിയ അംഗം ശ്രീ. പി. ഉബൈദുള്ള സീറ്റിലില്ലാതിരുന്നതിനാൽ ബിൽ പരിഗണനയ്ക്കെടുത്തില്ല.)

(ii) 2021-ലെ കേരള ആരാധാനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

(നോട്ടീസ് നൽകിയ അംഗം ശ്രീ. ടി. ഐ. മധുസൂദനൻ സീറ്റിലില്ലാതിരുന്നതിനാൽ ബിൽ പരിഗണനയ്ക്കെടുത്തില്ല.)

(iii) 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് ശ്രീമതി സി. കെ. ആശ, എം.എൽ.എ. 2024 ജൂൺ 21-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചെയ്തിരുന്നു. ചർച്ച പൂർത്തിയാക്കാത്തതിനാൽ ശ്രീമതി സി. കെ. ആശ എം.എൽ.എ.-ക്ക് ചർച്ച തുടരാവുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, പാഴ്വസ്തു ശേഖരണ തൊഴിലാളികൾ വളരെ ദരിദ്രമായ ജീവിത ചുറ്റുപാടുകളിൽനിന്നും വരുന്നവരാണ്. അതുകൊണ്ടുതന്നെ അവരുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ കാര്യങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെടുകയോ ശ്രദ്ധിക്കപ്പെടുകയോ

ചെയ്യുന്നില്ല. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിൽ തൊഴിലെടുക്കുന്നവരാണ് ഇവർ. കാക്കയെപ്പറ്റി ഒരു കവി എഴുതിയിട്ടുള്ള ഏറ്റവും മനോഹരമായ രണ്ട് വരികളുണ്ട്. അത്

"ചീത്തകൾ കൊത്തി വലിക്കുകിലും

ഏറ്റവും വൃത്തി, വെടിപ്പെഴുന്നോൾ"

എന്നാണ്. അതുപോലയാണ് പാഴ്വസ്തു ശേഖരണ തൊഴിലാളികളെപ്പറ്റിയും നമുക്ക് പറയാനുള്ളത്. ഏറ്റവും പരിഷ്കൃതരെന്ന് അവകാശപ്പെടുന്ന നമ്മൾ വലിച്ചെറിയുന്ന വസ്തുക്കൾ മലിനജലത്തിൽനിന്നും ഓടയിൽനിന്നും പറമ്പുകളിൽനിന്നുമൊക്ക ശേഖരിച്ചുകൊണ്ട് നമ്മുടെ സമൂഹത്തെ മാലിന്യമുക്തമാക്കുക എന്ന ഒരു വലിയ കർമ്മമാണ് അവർ അതിലൂടെ ചെയ്യുന്നത്. അത്തരത്തിലുള്ള തൊഴിലാളികൾക്കുവേണ്ടി ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് അവർക്കൊരു ക്ഷേമനിധി രൂപീകരിക്കുക എന്നതാണ് ഞാൻ ഈ ബില്ലിന്റെ അവതരണത്തിലൂടെ ലക്ഷ്യമാക്കുന്നത്. ജീവിതത്തിൽ പലപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ടവരാണ് പാഴ്വസ്തു ശേഖരണ തൊഴിലാളികൾ. ശുചിത്വ കേരളം, ഹരിത കേരളം, മാലിന്യമുക്ത കേരളം തുടങ്ങിയ ഗവൺമെന്റ് നയങ്ങളെ ഏറ്റവും കൂടുതൽ സഹായിക്കുന്നത് ഈ വിഭാഗം തൊഴിലാളികളാണ്. ഇവർ പലപ്പോഴും വൻകിട സ്ക്രാപ്പ് ശേഖരിക്കുന്ന ആളുകളുടെ ചൂഷണത്തിനിരയാകുന്നുണ്ട്. വലിച്ചെറിയപ്പെടുന്ന വസ്തുക്കൾ പെറുക്കിയെടുത്ത് കഴുകി വൃത്തിയാക്കി വൻകിട സ്ക്രാപ്പ് ശേഖരിക്കുന്നവർക്ക് നൽകിയാൽ വളരെ തുച്ഛമായ തുക മാത്രമാണ് ഇവർക്ക് ലഭിക്കുന്നത്. പാഴ്വസ്തുക്കൾ വില്പന നടത്തുന്ന വൻകിട ശേഖരണക്കാർ ഇവയെല്ലാം വർധിച്ച വിലയ്ക്കാണ് വിൽക്കുന്നത്. വില്പനയ്ക്ക്

കൊടുത്താലും വളരെ ചെറിയ തുക ലഭിക്കുന്നുവെന്നതിനപ്പുറം യാതൊരു തരത്തിലുള്ള ആനുകൂല്യങ്ങളും നൽകാൻ തയ്യാറാകാത്ത സാഹചര്യമാണുള്ളത്. അത്തരത്തിൽ സമൂഹത്തിൽ പരിഗണന ലഭിക്കേണ്ട ഒരു വിഭാഗമാണ് പാഴ്വസ്തു ശേഖരണ തൊഴിലാളികൾ. അവർക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ട് ക്ഷേമനിധി അനുവദിക്കുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഈ തൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികളുമായി ബന്ധപ്പെട്ട യാതൊരുവിധ രേഖകളും സംസ്ഥാനത്ത് ലഭ്യമല്ല. തൊഴിൽ ചെയ്യുന്നവർക്ക് രജിസ്ട്രേഷനില്ലാത്തതിനാൽ അവരെ തൊഴിലാളികളായി അംഗീകരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഞാൻ നേരത്തെ ഒരു ബില്ലിൽ ഇടപെട്ട് സംസാരിച്ചതുപോലെ തൊഴിലാളികൾക്കുവേണ്ടി ഒട്ടേറെ നിയമങ്ങളുണ്ടായിരുന്നെങ്കിലും രാജ്യത്തെ തൊഴിൽ നിയമങ്ങൾ മാറ്റി എഴുതി അതിൽ വെള്ളം ചേർത്തുകൊണ്ട് കേന്ദ്രസർക്കാർ പുതിയ തൊഴിൽ ലേബർ കോഡുകൾ രൂപീകരിക്കുകയാണ്. കാലാകാലങ്ങളായി തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരുന്ന പലതരത്തിലുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും ഇല്ലാതാകുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അത്തരമൊരു കാലഘട്ടത്തിൽ തൊഴിലാളികളായിപ്പോലും അംഗീകരിക്കാത്ത ഇവരുടെ ജീവിത സാഹചര്യങ്ങൾ നമുക്ക് ചിന്തിക്കാവുന്നതിലും അപ്പുറമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയങ്ങളായ ശുചിത്വ കേരളം, മാലിന്യമുക്ത കേരളം, ഹരിത കേരളം എന്നീ പദ്ധതികൾക്ക് അനുകൂലമായ സാഹചര്യങ്ങളൊരുക്കുന്നതിൽ ഇവർക്ക് വലിയ പങ്കുണ്ട്. ഹരിത കർമ്മസേന നമുക്കെല്ലാവർക്കും അഭിമാനമുള്ള സേനയാണ്. മാലിന്യമുക്ത നവകേരളം എന്ന

ലക്ഷ്യത്തിലേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിൽ ഇവർ വളരെ അഭിമാനകരമായ പങ്കുവഹിക്കുന്നുണ്ട്.

12.00 Noon]

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ പാഴ്വസ്തു ശേഖരണ തൊഴിലാളികളെ സംബന്ധിച്ച് പ്രത്യേകമായ രജിസ്റ്ററോ മറ്റ് നിബന്ധനകളോ ഇല്ലാത്തതുകൊണ്ട് പലരും ദുരുപയോഗം ചെയ്യുന്നുണ്ട്. പാഴ്വസ്തു ശേഖരണത്തിന്റെ പേരിൽ ഇവർ വീടുകളും മറ്റും കണ്ടുവച്ചിട്ട് മോഷണം എന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? ഇത്തരം തൊഴിലാളികൾക്ക് യഥാർഥത്തിൽ രജിസ്ട്രേഷനും നിബന്ധനയും കൊണ്ടുവരണമെന്ന അങ്ങയുടെ നിർദേശത്തോട് ഞാൻ യോജിക്കുന്നു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. വിജിൻ</u>: സർ, ഹരിത കർമ്മസേനയെക്കുറിച്ച് ഗവൺമെന്റിന് അഭിമാനപൂർവം ലോകത്തോട് പങ്കുവയ്ക്കാൻ സാധിക്കും. ഹരിത കർമ്മസേനയെപ്പോലെ പാഴ്വസ്തു ശേഖരണ തൊഴിലാളികളും ആ നിലയിലുള്ള പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുന്നത്. വൃത്തിഹീനമായ ഇടങ്ങളിൽനിന്നുപോലും പാഴ്വസ്തുക്കൾ ശേഖരിക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ അവർ ചൂഷണത്തിന് വിധേയരാകുന്നുണ്ട്. അതിന് അങ്ങയുടെ ബില്ലിന്റെ ഭാഗമായി നിയമം കൊണ്ടുവരണം. പാഴ്വസ്തുക്കൾക്ക് കൃത്യമായ വിലയുണ്ടെങ്കിലും അത് ലഭിക്കാത്ത പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട ഡി. കെ. മുരളി, എം.എൽ.എ. സൂചിപ്പിച്ചതുപോലെ പാഴ്വസ്തുക്കൾ ശേഖരിക്കാൻ വരുന്നവരിൽ ചിലർ മോഷണം നടത്താൻ തുടങ്ങിയതോടുകൂടി ഇവരെ പൂർണ്ണമായും വീടുകളിൽനിന്നും അകറ്റുന്ന സമീപനം പൊതുവിൽ

ഉയർന്നുവരികയുണ്ടായി. അങ്ങ് ഈ ബില്ലിന്റെ ഭാഗമായി പറഞ്ഞതുപോലെ ഇവർക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുകയും പഞ്ചായത്തുകളിലോ തദ്ദേശഭരണ സ്ഥാപനങ്ങളിലോ രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ ബാഡ്ജോടുകൂടി വരികയാണെങ്കിൽ ഹരിത കർമ്മസേനയെ സ്വീകരിച്ചതുപോലെ ഇവരെയും സ്വീകരിക്കുന്ന സ്ഥിതിയുണ്ടാകും. ബില്ലിന്റെ ഭാഗമായി രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനുള്ള ആലോചന കർശനമായി സ്വീകരിക്കുമോയെന്നാണ് അറിയേണ്ടത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിൽ നാം ഏറ്റെടുത്ത ഹരിത കർമ്മസേനയുടെ പ്രവർത്തനം ലോകം അംഗീകരിക്കുന്ന പ്രധാനപ്പെട്ട സംഘടിത സ്ത്രീ സേനയായി ഇതിനകം മാറിക്കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോട്ടിൽ ജോയി എന്ന ആളുടെ ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി. പാഴ്വസ്തുക്കൾ ശേഖരിക്കുന്നതോടൊപ്പം അഴുക്കുചാലുകൾ ഉൾപ്പെടെ ക്ലീൻ ചെയ്യുന്നവരുണ്ട്. മുനിസിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ ആണെങ്കിൽ അംഗീകൃത തൊഴിലാളികളാണ് ഇത് ക്ലീൻ ചെയ്യുന്നത്. നിരവധി ആളുകൾ ഈ മേഖലയിലെ തൊഴിലന്വേഷകരായി മാറുന്നത് പലപ്പോഴും കാണാറുണ്ട്. ക്ഷേമനിധി ബില്ലായതുകൊണ്ട് സ്വാഭാവികമായും അതിൽ ആരെയെല്ലാം ഉൾപ്പെടുത്താൻ സാധിക്കുമെന്ന കാര്യത്തിൽ വ്യക്തതയുണ്ടാകും. അത്തരത്തിൽ ഇതിന്റെ ഭാഗമായി അവരെക്കൂടി ചേർത്തുപിടിച്ച് മുന്നോട്ടുപോകേണ്ട അവസ്ഥയുണ്ടാകേണ്ടതല്ലേ? മറ്റൊരു കാര്യം, പാഴ്വസ്തുക്കളെ മെറ്റീരിയലുകളായാണ് പരിഗണിക്കുന്നത്. വലിച്ചെറിയുന്ന ഓരോന്നും അസംസ്കൃത വസ്തുവായി മാറുകയാണ്. ഇതിനെ വാല്യൂ ആഡഡ് ആയ പല വസ്തുക്കളിലേക്കും പരിവർത്തനം ചെയ്യാൻ സാധിക്കും.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട അടുത്ത ഘട്ടമെന്നുപറയുന്നത് റീസൈക്കിൾ ചെയ്ത് റീയൂസ് ചെയ്യാൻ സാധിക്കുന്ന അസംസ്കൃത വസ്തുക്കളാക്കി മാറ്റുക എന്നതാണ്. പാഴ്വസ്തുക്കൾ അങ്ങനെ ഏറ്റെടുക്കുമ്പോൾ തൊഴിലാളികളുടെ വാല്യൂ കൂടുകയാണ്. ഇങ്ങനെ അസംസ്കൃത വസ്തുക്കൾ നിർമ്മിക്കപ്പെടുന്ന സ്ഥാപനങ്ങളുടെ ഉടമസ്ഥരിൽനിന്ന് അവർക്ക് ലഭ്യമാകുന്ന ക്ഷേമനിധിയുടെ വിഹിതമുൾപ്പെടെ വലിയതോതിൽ ശേഖരിക്കാൻ കഴിയില്ലേ?

ശ്രീ. കെ. പ്രേംകുമാർ: സർ, 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ ബഹുമാന്യയായ അംഗം സി. കെ. ആശ ഇവിടെ അഭിമാനപൂർവം അവതരിപ്പിക്കുകയാണ്. പ്രൈവറ്റ് മെമ്പേഴ്സ് ബിൽ കമ്മിറ്റിയുടെ ഭാഗമായി രണ്ടാഴ്ച മുമ്പാണ് ഒരു അഖിലേന്ത്യ പഠന പര്യടന യാത്ര നടത്തിയത്. പല സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള കമ്മിറ്റികൾപോലും നിലവിലില്ലെന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. ആധുനിക കേരളത്തിന്റെ പ്രശ്നങ്ങളെ കണ്ടുകൊണ്ട് അത് പരിഹരിക്കാനും അതിനുതകുന്ന നിലയിലുള്ള നിർദേശങ്ങൾ ബില്ലായി അവതരിപ്പിക്കാനും മുൻകൈയെടുത്ത അംഗത്തെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ കാർഡ് നൽകുന്നതിനും സമൂഹത്തിൽ അവർക്ക് അംഗീകാരം നൽകുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഏത് നിലയിൽ മുന്നോട്ടുപോകുമെന്ന് വ്യക്തമാക്കാമോ?

ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം പ്രസക്തമാണ്. ശ്രീമതി ശാന്തകുമാരി കെ. സൂചിപ്പിച്ചതുപോലെ വളരെയധികം മാലിന്യം നിറഞ്ഞ ആമയിഴഞ്ചാൻ തോട്ടിൽ ശുചീകരണ തൊഴിലാളി മരണപ്പെട്ടപ്പോൾ

നമ്മളെല്ലാവരും വളരെ ഹൃദയഭേദകമായാണ് പിന്നീട് അവിടെ നടന്ന ഓരോ സംഭവവികാസങ്ങളും കണ്ടിരുന്നത്. തകഴി ശിവശങ്കരപിള്ള എഴുതിയ 'തോട്ടിയുടെ മകൻ' എന്ന നോവൽ വായിക്കുമ്പോൾ അന്ന് ആ വിഭാഗം ജനങ്ങളുടെ ജീവിത സാഹചര്യം എത്രത്തോളം ദുരിതപൂർണ്ണമായിരുന്നുവെന്ന് നമ്മളെല്ലാം മനസ്സാപിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസവും സാംസ്കാരിക ഉന്നതിയുംകൊണ്ട് പ്രബുദ്ധമായ ഈ സമൂഹത്തിൽ ഇത്തരത്തിലുള്ളവർ ഇന്നും ജീവിക്കുന്നുണ്ടെന്നുള്ളത് യഥാർഥത്തിൽ ലജ്ജിക്കേണ്ട കാര്യമാണ്. അതുകൊണ്ടുതന്നെ അവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടാൻവേണ്ടിയുള്ള സൗകര്യം ചെയ്തുകൊടുക്കണമെന്നുള്ളതും ബില്ലിന്റെ പരിഗണനയിൽ വരേണ്ട വിഷയമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. എം. വിജിൻ, എം.എൽ.എ.-യും ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.-യും പറഞ്ഞതുപോലെ ഈ ബില്ലിന്റെ ഭാഗമായി സൂചിപ്പിച്ചിട്ടുള്ള ഒരു പ്രധാനപ്പെട്ട വിഷയമാണ് രജിസ്ട്രേഷൻ നിർബന്ധമാക്കുകയെന്നുള്ളത്. അതുതന്നെയാണ് ഞാൻ പറഞ്ഞുവന്ന വിഷയവും. രജിസ്ട്രേഷൻ ഇല്ലെങ്കിൽ അവരെ തൊഴിലാളികളായി അംഗീകരിക്കാത്ത സാഹചര്യമുണ്ടാകുകയും അതുമൂലം തൊഴിലവകാശങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. തൊഴിലാളികളായി അംഗീകരിക്കപ്പെട്ടവരുടെ ജീവിതംപോലും വളരെയേറെ ദുസ്സഹമാകുന്ന ഒരു സാഹചര്യത്തിൽ, തൊഴിലാളികളായി അംഗീകരിക്കപ്പെടാത്ത ഇവരുടെ ജീവിത സാഹചര്യം എങ്ങനെയായിരിക്കുമെന്നത് നമുക്കെല്ലാം ചിന്തിക്കാവുന്നതിനും അപ്പുറമാകുമെന്നതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഇവരെ തൊഴിലാളികളായി അംഗീകരിക്കാൻ രജിസ്ട്രേഷൻ നിർബന്ധമാക്കുകയെന്നുള്ളത്

പ്രധാനപ്പെട്ട കാര്യമാണ്. ലോകത്തിനുതന്നെ മാതൃകയായി കേരളം ഉയർത്തിക്കൊണ്ടുവന്ന സേനയാണ് ഹരിത കർമ്മസേന. കേരളത്തെ മാലിന്യമുക്തവും ഹരിതമയവുമാക്കി നിലനിർത്തുന്നതിന് സഹായിക്കുന്ന വലിയൊരു സേന തന്നെയാണിത്. ഹരിത കർമ്മസേനയുടെ പ്രവർത്തനമാരംഭിച്ചപ്പോൾ അവരെ കേരള സമൂഹം യഥാർഥത്തിൽ അംഗീകരിച്ചിരുന്നില്ലെന്ന കാര്യം നമുക്കറിയാം. അവർക്ക് നൽകുന്ന യൂസർ ഫീയുടെയും മറ്റ് പരാമർശങ്ങളുടെയും പേരിൽ അവരെല്ലാം വളരെയേറെ പഴികേൾക്കേണ്ടിവന്ന സാഹചര്യമുണ്ടായിട്ടുണ്ട്. പക്ഷേ ഗവൺമെന്റ് നയത്തിന്റെ ഭാഗമായി മാലിന്യമുക്ത നവകേരളം പ്രഖ്യാപിച്ചതിന്റെ ഫലമായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റികളും തുടർപ്രവർത്തനങ്ങളും കാരണം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞു. ഈ നാടിനും വരുംതലമുറകൾക്കുംവേണ്ടി അവർ നടത്തുന്ന സേവനമാണ് ഇതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയതുകൊണ്ടാണ് ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ച സമയത്ത് നേരിട്ടിരുന്ന അത്രയും പ്രശ്നം ഇന്ന് നേരിടേണ്ടിവരാത്തത്. ഹരിത കർമ്മസേന കൃത്യമായി നമ്മുടെ വീടുകളിലും ഓഫീസുകളിലുമുണ്ടാകുന്ന പ്ലാസ്റ്റിക് അടക്കം നിർമ്മാർജനം ചെയ്യേണ്ട വസ്തുക്കൾ ക്ലീൻ ചെയ്ത് ശേഖരിക്കുന്നു. അതിലേയ്ക്കായി ഒരു നിശ്ചിത യൂസർ ഫീ വാങ്ങി അവർ ആ ദൗത്യം വളരെ ഭംഗിയായി പൂർത്തീകരിക്കുകയാണ്. ഇത് നാടിന് ചെയ്യുന്ന വലിയ സേവനമാണ്. പക്ഷേ പാഴ്വസ്തു ശേഖരണത്തൊഴിലാളികളുടെ അവസ്ഥ ഒരിക്കലും അത്തരത്തിലുള്ളതല്ല. അവർ വീടുകളിൽ ചെല്ലുമ്പോൾ പലപ്പോഴും ആട്ടിയോടിക്കപ്പെടുന്ന സന്ദർഭങ്ങളുണ്ടാകുന്നുണ്ട്. എന്തോ വലിയ തെറ്റ് ചെയ്യാൻ വരുന്നവരെന്ന രീതിയിലാണ്

അവരോട് പെരുമാറുന്നത്. പാഴ്വസ്തു ശേഖരിക്കാൻ പോകുമ്പോൾ എക്സിക്യൂട്ടീവ് വസ്ത്രം ധരിക്കാൻ അവർക്ക് കഴിയില്ല. വേഷവിധാനം പരിഗണിച്ച് ഒരാളെ ഐഡന്റിഫൈ ചെയ്ത്, എന്തോ മോശം കാര്യത്തിന് വന്നിരിക്കുന്നുവെന്നുള്ള തരത്തിൽ 'ഇവിടെ ഒന്നുമില്ല, പൊയ്ക്കോളൂ' എന്നുപറഞ്ഞ് ജനങ്ങളെല്ലാം അവരെ ആട്ടിപ്പായിക്കുന്ന അവസ്ഥയാണുള്ളത്. പരിഷ്കൃത സമൂഹമെന്ന് വിശ്വസിക്കുന്ന നമ്മൾ ചുറ്റുപാടുകളിലും ജലാശയങ്ങളിലുമെല്ലാം വലിച്ചെറിയുന്ന വസ്തുക്കൾ ശേഖരിച്ച് അവർ ഈ നാടിനെ മാലിന്യ മുക്തമാക്കുകയാണ്. അവർ ചെയ്യുന്നത് എത്രയോ വലിയ കാര്യമാണെന്ന് നമുക്കെല്ലാവർക്കും ഊഹിക്കാവുന്നതേയുള്ളൂ. ഈ നാടിനും പരിസ്ഥിതിക്കും പ്രകൃതിക്കും ശുദ്ധജലസ്രോതസ്സുകൾക്കുംവേണ്ടി അവർ നടത്തുന്ന ഈ സേവനത്തെ മുന്നിൽ കണ്ടുകൊണ്ട് അവരെ സംരക്ഷിക്കുന്നതിനാവശ്യമായ ചില കാര്യങ്ങൾ ഈ ബില്ലിലൂടെ അംഗീകരിക്കണമെന്നാണ് ഞാൻ ഈ ഉപക്ഷേപത്തിലൂടെ ഗവൺമെന്റിനോട് അഭ്യർഥിക്കുന്നത്. തൊഴിലാളികളല്ലെന്ന കാരണത്താൽ ഒരു പെൻഷൻ പദ്ധതിയിലേക്കുപോലും അവരെ കൊണ്ടുവരാൻ സാധിക്കുന്നില്ല. പ്രായം ചെന്നവരാണ് പലപ്പോഴും പാഴ്വസ്തു ശേഖരണത്തിന് വരുന്നത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, പാഴ്വസ്തു ശേഖരണ തൊഴിലാളികളെ സേവന വേതന വ്യവസ്ഥകളിലൊന്നും ഉൾപ്പെടുത്താൻ കഴിയില്ല. പക്ഷേ നേരത്തെ പരാമർശിച്ച രീതിയിലുള്ള ഇൻഷ്വറൻസ് പരിരക്ഷ കുറച്ചുകൂടി കാര്യക്ഷമമായി നടപ്പാക്കേണ്ടതല്ലേ? കാരണം ക്ലേശകരവും അപകടകരമായ രോഗമുണ്ടാകാൻ സാധ്യതയുള്ളതുമായ സാഹചര്യങ്ങളിലാണ് അവർ ജോലി ചെയ്യുന്നത്. പലപ്പോഴും നിയമസഭാ ഹോസ്റ്റലിലുൾപ്പെടെ നമ്മുടെ മുന്നിൽ

വരുന്ന ശുചീകരണത്തൊഴിലാളികൾക്ക് ഗ്ലൗസോ മറ്റ് സുരക്ഷാക്രമീകരണങ്ങളോ ഉള്ളതായി കാണുന്നില്ല. ഡെയ്‌ലി വേജസ് ആണെങ്കിൽപ്പോലും ഏറ്റവും കൂടുതൽ ശ്രദ്ധയും വേതനവും നൽകേണ്ടതും സുരക്ഷാക്രമീകരണങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതും ഈ വിഭാഗത്തിലെ തൊഴിലാളികൾക്കാണ്. അവരുടെ ജീവനും വിലയേറിയതാണ്. ഇവർ ഏറ്റവും കൂടുതൽ പരിഗണന ലഭിക്കേണ്ട ഒരു വിഭാഗമല്ലേ?

ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. സ്ക്രാപ്പ് എടുക്കുന്ന സമയത്ത് ബോംബ് പൊട്ടി ഒരാളുടെ കൈ നഷ്ടപ്പെട്ട വാർത്ത മുമ്പ് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അത് നാമെല്ലാം വായിച്ചതാണ്. അവർക്ക് എന്ത് ഇൻഷ്വറൻസാണ് നമുക്ക് കൊടുക്കാൻ കഴിയുന്നത്? പരിസരത്ത് കിടക്കുന്ന ടിന്നോ അല്ലെങ്കിൽ കുപ്പിയോ പാഴ്‌വസ്തുവാണെന്ന് ധരിച്ച് എടുക്കുമ്പോൾ സ്ഫോടനമുണ്ടാകുകയാണ്. ഇത്തരത്തിൽ അവരുടെ ജീവന് വളരെയേറെ ഭീഷണിയുണ്ടാകുന്ന സാഹചര്യങ്ങളുണ്ട്. അതുകൊണ്ടുതന്നെ അവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ടതുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഇൻഷ്വറൻസ് എന്ന ആവശ്യം വളരെ പ്രധാനപ്പെട്ട ഒരു ഘടകമായി പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കാനുള്ള സാഹചര്യമുണ്ടാകണം. പെൻഷന്റെ ആനുകൂല്യങ്ങൾ സംബന്ധിച്ചാണ് ഞാൻ പറഞ്ഞുവന്നത്. തൊഴിലാളികളായി അംഗീകരിച്ചാൽ മാത്രമെ അവർക്ക് പെൻഷൻ ആനുകൂല്യം നൽകാൻ സാധിക്കുകയുള്ളൂ. ഏകദേശം അറുപത് വയസ്സിനോടടുക്കുന്ന സമയത്ത്, മറ്റ് ഭാരിച്ച തൊഴിലുകൾ ചെയ്യാൻ ആരോഗ്യപരമായി സാധിക്കാത്ത സന്ദർഭത്തിലാണ് പലപ്പോഴും അവർ പാഴ്‌വസ്തുക്കൾ ശേഖരിക്കുന്ന തൊഴിലിലേക്ക് എത്തിച്ചേരുന്നത്. 55-60 വയസ്സ് പ്രായമുള്ളവരാണ് ഈ

തൊഴിൽമേഖലയിലേക്ക് കൂടുതലായി കടന്നുവരുന്നത്. അതുകൊണ്ടുതന്നെ അവർക്ക് ഒരു പെൻഷൻ സ്കീം ഏർപ്പെടുത്തണം. യാതൊരുവിധ സമ്പാദ്യമോ മറ്റ് ജീവിത മാർഗങ്ങളോ ഇല്ലാത്തവരായിരിക്കാം ഇവർ. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വേണ്ടിയായിരിക്കാം ഇത്തരത്തിലുള്ള തൊഴിലിലേക്ക് കടന്നുവന്നിട്ടുള്ളത്. അവർക്ക് എങ്ങനെയാണ് മുന്നോട്ടുള്ള ജീവിതം നയിക്കാൻ കഴിയുന്നത്? മരുന്ന് വാങ്ങാനും മറ്റും അവർക്ക് ചെലവുകളുണ്ടാകും. മനുഷ്യരാകുമ്പോൾ എന്തെല്ലാം കാര്യങ്ങളുണ്ടാകും. ആ സാഹചര്യത്തിൽ അവർക്കാവശ്യമായ സാമ്പത്തിക പിന്തുണ നൽകുകയെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടുതന്നെ അറുപത് വയസ്സ് കഴിഞ്ഞ പാഴ്വസ്തു ശേഖരണ തൊഴിലാളികൾക്കായി പെൻഷൻ സ്കീം നടപ്പാക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിരവധി ക്ഷേമനിധികളുള്ള ഒരു സംസ്ഥാനമാണ് കേരളം. ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന നിരവധി സ്കീമുകളുണ്ട്. അത്തരത്തിലുള്ള ഒരു സ്കീമും ഇവർക്ക് ലഭ്യമല്ല. ഇതിന്റെയെല്ലാം യഥാർഥ കാരണം ഇവരെ തൊഴിലാളികളായി അംഗീകരിച്ചിട്ടില്ല എന്നുള്ളതാണ്. അവരെ തൊഴിലാളികളായി അംഗീകരിച്ചാൽ മാത്രമേ ഇതെല്ലാം സാധ്യമാകുകയുള്ളൂ. തുച്ഛമായ വരുമാനത്തിൽനിന്ന് മക്കൾക്ക് ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുകയെന്നുള്ളത് വളരെ ദുസ്സഹമാണ്. അതുകൊണ്ട് അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഉപകാരപ്പെടുന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസ സ്കീം നടപ്പാക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സ്വകാര്യ ബില്ലുകളിലെല്ലാംതന്നെ

പ്രധാനപ്പെട്ട ജീവിത യാഥാർഥ്യങ്ങളും സത്യങ്ങളുമാണ് നിഴലിച്ചുനിൽക്കുന്നത്. അത് പുറത്തുകൊണ്ടുവരാനുള്ള നല്ലൊരു സന്ദർഭമായാണ് വെള്ളിയാഴ്ചകളെ കാണേണ്ടത്. ഒ.എൻ.വി. കുറുപ്പിന്റെ മനോഹരമായ ഒരു കവിതയിൽ "മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന സുസ്നേഹമൂർത്തിയാം സൂര്യ!" എന്നൊരു വരിയുണ്ട്. സത്യത്തിൽ പാഴ്വസ്തു ശേഖരണ തൊഴിൽരംഗത്ത് പ്രവർത്തിക്കുന്നവർ ഈ സമൂഹത്തിനുവേണ്ടി നിശബ്ദമായി ചെയ്യുന്ന വലിയൊരു പ്രവർത്തനത്തെ കാണാതിരിക്കാൻ കഴിയില്ല. അവരുടെ ഇപ്പോഴത്തെ തൊഴിലിന്റെ സ്വഭാവമനുസരിച്ച് 'ലേബർ' എന്ന ഡെഫനിഷനിലേക്ക് അവരെ കൊണ്ടുവരാൻ കഴിയില്ല എന്നൊരു പ്രായോഗിക ബുദ്ധിമുട്ട് ഞാൻ മനസ്സിലാക്കുകയാണ്. കേരള നിയമസഭ വളരെ കൃത്യമായും ബോധപൂർവവും പല പ്രതിസന്ധികളും വളരെ ഭംഗിയായി മറികടന്നവരാണ്. രണ്ട് കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഇൻഷ്വറൻസിന്റെയും പെൻഷന്റെയും കാര്യങ്ങൾ നല്ല ആശയങ്ങളാണ്. അത് എങ്ങനെ നടപ്പാക്കാൻ കഴിയുമെന്നുള്ളത് ചിന്തിക്കണം. പരമ്പരാഗതമായ കാഴ്ചപ്പാടിനപ്പുറം അവരെ സഹായിക്കാൻ സാധിച്ചാൽ തീർച്ചയായും അത് പ്രയോജനകരമാകും. സാർഥകമായ ഒരനുഭവമായി ഇത് മാറട്ടെയെന്ന് ആഗ്രഹിക്കുകയാണ്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികളായി ഇവർ മാറുമ്പോൾ തൊഴിലിടങ്ങളിൽ അവർക്ക് ആത്മാഭിമാന ബോധമുണ്ടാകും. ലോട്ടറി തൊഴിലാളികൾക്ക് യൂണിഫോം കൊടുക്കുന്ന സാഹചര്യമുണ്ടായി. ആ യൂണിഫോം ധരിച്ചുകൊണ്ട് 'ഞാൻ സർക്കാർ അംഗീകരിച്ച ഒരു തൊഴിലാളിയാണ്' എന്നുള്ള ഒരു ആത്മാഭിമാനത്തോടുകൂടിയാണ് അവർ ഇന്ന് നിരത്തിൽ അവരുടെ തൊഴിൽ ചെയ്യുന്നത്.

പാഴ്വസ്തു ശേഖരണ തൊഴിലാളികൾക്കും സമൂഹം അംഗീകരിക്കുന്നതിന്റെ അടയാളമായി യൂണിഫോം നൽകുന്ന കാര്യം പരിഗണിക്കണം. അതോടൊപ്പം ശ്രീമതി യു. പ്രതിഭ, എം.എൽ.എ. സൂചിപ്പിച്ചതുപോലെ അവർക്ക് രോഗാവസ്ഥയുണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. മാലിന്യങ്ങൾ നിറഞ്ഞ ജലാശയങ്ങളിലും ഓടകളിലും പരിസരങ്ങളിലുമൊക്കെ വലിച്ചെറിയപ്പെടുന്ന വസ്തുക്കളാണ് അവർ ശേഖരിക്കുന്നത്. അതുകൊണ്ടുതന്നെ അവർക്ക് കൈയുറയും മാസ്കും ഫസ്റ്റ് എയ്ഡ് ബോക്സും നൽകണം. ഇരുമ്പ് ഉൾപ്പെടെയുള്ള സാധനങ്ങളാണ് ഇവർ ശേഖരിക്കുന്നത്. ചെറിയൊരു മുറിവുണ്ടായാൽപ്പോലും അത് സെപ്റ്റിക് ആകാനുള്ള സാധ്യത ഏറെയാണ്. ഇവർ പലപ്പോഴും അതൊന്നും ശ്രദ്ധിക്കാറില്ല. ഒരു പാട്ട പെറുക്കിയെടുക്കുമ്പോൾ കൈയിൽ ചെറിയ മുറിവുണ്ടായാൽ അടുത്ത വസ്തു എടുക്കുന്നതിനായി ഇവർ മലിന ജലത്തിലായിരിക്കും കൈയിടുന്നത്. അപ്പോൾ ആ മുറിവ് സെപ്റ്റിക് ആകാനുള്ള സാഹചര്യമുണ്ടാകും. ഇതുസംബന്ധിച്ച് ബോധവൽക്കരണമടക്കമുള്ള കാര്യങ്ങൾ അവർക്ക് നൽകണം. ഒരു ഫസ്റ്റ് എയ്ഡ് ബോക്സ്, സാനിറ്റൈസർ, ഡെറ്റോൾ, സോപ്പ് എന്നിവയെല്ലാം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ആരോഗ്യ കേന്ദ്രങ്ങളോ വഴി അവർക്ക് സൗജന്യമായി നൽകാനുള്ള നടപടിയുണ്ടാകണം. ഇത്തരത്തിൽ പാഴ്വസ്തു ശേഖരണ തൊഴിലാളികളെ അവരുടെ ജീവിതാവസ്ഥയിൽനിന്നും ഉയർത്തിക്കൊണ്ടുവരുന്നതിന് സമൂഹവും സർക്കാരും അവരെ ചേർത്തുപിടിക്കേണ്ടതുണ്ട്. ക്ഷേമനിധി രൂപീകരണത്തിൽ ഇന്ത്യയ്ക്കാകെ മാതൃകയായ സംസ്ഥാനമാണ് കേരളം. വിവിധ തൊഴിലാളികളെ ചേർത്തുപിടിക്കുന്നതിന് അവർക്കായി ക്ഷേമനിധികൾ രൂപീകരിച്ചുകൊണ്ട് സംസ്ഥാനം ഇന്ത്യയ്ക്കാകെ മാതൃകയാണ്. അത്തരമൊരു

സംസ്ഥാനത്ത് അനേകംപേർ പാഴ്വസ്തു ശേഖരണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നുവെന്നത് മുൻനിർത്തി അവർക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുകയും ഈ ബില്ലിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ അംഗീകരിക്കുകയും ചെയ്യണമെന്നും അവരെ തൊഴിലാളികളായി അംഗീകരിക്കുന്ന സമൂഹമായി മാറണമെന്നും വിനീതമായി അഭ്യർഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിന്മേലുള്ള ചർച്ച അവസാനിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യയായ അംഗം ഈ ബിൽ അവതരിപ്പിക്കുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിച്ച ഘട്ടത്തിൽത്തന്നെ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെടുകൊണ്ടുള്ള സർക്കാർ നിലപാട് വ്യക്തമാക്കിയിരുന്നതാണ്. അന്ന് അദ്ദേഹം വിശദീകരിച്ച കാരണങ്ങൾകൊണ്ടുതന്നെ ഈ ബിൽ ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി സി. കെ. ആശ, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി സി. കെ. ആശ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി സി. കെ. ആശ അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും സെപ്റ്റംബർ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 സെപ്റ്റംബർ മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കശേഷം 12.21-ന് പിരിഞ്ഞു.)

അനുബന്ധം

(I) ചോദ്യം നമ്പർ (*91)-ന്റെ (സി) പിരിവിനുള്ള മറുപടി

സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകൾ

ക്രമ.നം.	തൊഴിൽമേഖല
1	എംപ്ലോയ്മെന്റ് ഇൻ അഗ്രികൾച്ചറൽ ഓപ്പറേഷൻസ്
2	എംപ്ലോയ്മെന്റ് ഇൻ അലൂമിനിയം ആൻഡ് ടിൻ പ്രോഡക്ട്സ്
3	എംപ്ലോയ്മെന്റ് ഇൻ ആയുർവേദിക് ആൻഡ് അലോപ്പതിക് മരുന്നുകളുടെ നിർമ്മാണം
4	എംപ്ലോയ്മെന്റ് ഇൻ ബീഡി ആൻഡ് സിഗാർ ഇൻഡസ്ട്രി
5	എംപ്ലോയ്മെന്റ് ഇൻ ബ്ലോക്ക് റബ്ബർ ഫാക്ടറീസ്
6	എംപ്ലോയ്മെന്റ് ഇൻ ബ്രിക്സ് മാനുഫാക്ചറിങ്
7	എംപ്ലോയ്മെന്റ് ഇൻ വയർ കട്ട് ബ്രിക്സ്
8	എംപ്ലോയ്മെന്റ് ഇൻ കെയിൻ ആൻഡ് ബാംബൂ ഇൻഡസ്ട്രി
9	എംപ്ലോയ്മെന്റ് ഇൻ കാഷ്യൂ ഇൻഡസ്ട്രി
10	എംപ്ലോയ്മെന്റ് ഇൻ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫീസസ്
11	എംപ്ലോയ്മെന്റ് ഇൻ സിനിമാ തിയേറ്റർ
12	എംപ്ലോയ്മെന്റ് ഇൻ കയർ ഇൻഡസ്ട്രി
13	എംപ്ലോയ്മെന്റ് ഇൻ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ
14	എംപ്ലോയ്മെന്റ് ഇൻ കൺസ്ട്രക്ഷൻ ആൻഡ് മെയിന്റനൻസ് ഓഫ് ഡാംസ്
15	എംപ്ലോയ്മെന്റ് ഇൻ ഡയമണ്ട് കട്ടിങ് ആൻഡ് പോളിഷിങ്
16	എംപ്ലോയ്മെന്റ് ഇൻ ഡൊമസ്റ്റിക് വർക്സ്
17	എംപ്ലോയ്മെന്റ് ഇൻ ഡ്രൈയിങ് ഓഫ് കോക്കനട്ട് ഫോർ മേക്കിങ് കൊപ്ര
18	എംപ്ലോയ്മെന്റ് ഇൻ ഇലക്ട്രിക് എക്വിപ്മെന്റ്സ്, ഹോം അപ്ലൈയൻസസ് ആൻഡ് ഓപ്പറേഷൻസ് ഓഫ് സോഫ്റ്റ്വെയർ സിസ്റ്റം
19	എംപ്ലോയ്മെന്റ് ഇൻ ഇലക്ട്രോണിക് ഇൻഡസ്ട്രീസ്
20	എംപ്ലോയ്മെന്റ് ഇൻ ഫിഷ് പീലിങ്, ഫിഷ് കാനിങ്, ഫിഷ് ഫ്രീസിങ്

	ആൻഡ് എക്സ്പോർട്ടിങ് ഓഫ് സീ ഫുഡ്സ്
21	എംപ്ലോയ്മെന്റ് ഇൻ ഫുഡ് പ്രോസസ്സിങ് ഇൻഡസ്ട്രി
22	എംപ്ലോയ്മെന്റ് ഇൻ ഫോറസ്റ്റ്സ്
23	എംപ്ലോയ്മെന്റ് ഇൻ ഫർണിച്ചർ ഇൻഡസ്ട്രി
24	എംപ്ലോയ്മെന്റ് ഇൻ ഗാർമെന്റ് മേക്കിങ് ഇൻഡസ്ട്രി
25	എംപ്ലോയ്മെന്റ് ഇൻ ഗോൾഡ് ആൻഡ് സിൽവർ ഓർണമെന്റ്സ്
26	എംപ്ലോയ്മെന്റ് ഇൻ ഹാൻഡിക്രാഫ്റ്റ്സ്
27	എംപ്ലോയ്മെന്റ് ഇൻ ഹാൻഡ്ലിങ് ആൻഡ് കെയർ ഓഫ് എലിഫന്റ്സ്
28	എംപ്ലോയ്മെന്റ് ഇൻ ഹാൻഡ്ലൂം
29	എംപ്ലോയ്മെന്റ് ഇൻ ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി
30	എംപ്ലോയ്മെന്റ് ഇൻ ഹോസിയറി മാനുഫാക്ചറിങ്
31	എംപ്ലോയ്മെന്റ് ഇൻ ഹോസ്റ്റൽസ്
32	എംപ്ലോയ്മെന്റ് ഇൻ ഐസ് ഫാക്ടറീസ്
33	എംപ്ലോയ്മെന്റ് ഇൻ ഖാദി ഇൻഡസ്ട്രീസ്
34	എംപ്ലോയ്മെന്റ് ഇൻ എൽ.പി. ഗ്യാസ്
35	എംപ്ലോയ്മെന്റ് ഇൻ ലൈറ്റ് മോട്ടോർ വെഹിക്കിൾസ്
36	എംപ്ലോയ്മെന്റ് ഇൻ ലിക്വർ ട്രേഡിങ് ആൻഡ് വെന്റിങ്
37	എംപ്ലോയ്മെന്റ് ഇൻ മാർബിൾ ആൻഡ് ഗ്രാനൈറ്റ് ഇൻഡസ്ട്രി
38	എംപ്ലോയ്മെന്റ് ഇൻ മാച്ച് ഇൻഡസ്ട്രി
39	എംപ്ലോയ്മെന്റ് ഇൻ മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിങ്
40	എംപ്ലോയ്മെന്റ് ഇൻ മൈനർ എഞ്ചിനീയറിങ്
41	എംപ്ലോയ്മെന്റ് ഇൻ മൈനർ പോർട്ട്സ്
42	എംപ്ലോയ്മെന്റ് ഇൻ ഓയിൽ മിൽ
43	എംപ്ലോയ്മെന്റ് ഇൻ ഓയിൽ പാം
44	എംപ്ലോയ്മെന്റ് ഇൻ പെട്രോൾ പമ്പ്സ്
45	എംപ്ലോയ്മെന്റ് ഇൻ ഫാർമസിസ്റ്റ്സ് ഇൻ മെഡിക്കൽ ഷോപ്പ്സ്
46	എംപ്ലോയ്മെന്റ് ഇൻ പ്ലാന്റേഷൻസ്
47	എംപ്ലോയ്മെന്റ് ഇൻ പ്ലാസ്റ്റിക് ഇൻഡസ്ട്രി

48	എംപ്ലോയ്മെന്റ് ഇൻ പവർലൂം
49	എംപ്ലോയ്മെന്റ് ഇൻ പ്രിന്റിങ് പ്രസ്
50	എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
51	എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ഹോസ്പിറ്റൽസ്
52	എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ടെമ്പിൾസ്
53	എംപ്ലോയ്മെന്റ് ഇൻ റൈസ് മിൽ, ഫ്ളോർ മിൽ, ദാൽ മിൽ
54	എംപ്ലോയ്മെന്റ് ഇൻ റിവർ സാന്റ് കളക്ഷൻ
55	എംപ്ലോയ്മെന്റ് ഇൻ റബ്ബർ ക്രേപ്പ് മിൽസ്
56	എംപ്ലോയ്മെന്റ് ഇൻ റബ്ബർ പ്രോഡക്ട്സ് ഇൻഡസ്ട്രി
57	എംപ്ലോയ്മെന്റ് ഇൻ സെയിൽ പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ്
58	എംപ്ലോയ്മെന്റ് ഇൻ സ്ക്രീൻ പ്രിന്ററിങ്
59	എംപ്ലോയ്മെന്റ് ഇൻ സെക്യൂരിറ്റി സർവീസ്
60	എംപ്ലോയ്മെന്റ് ഇൻ ഷോപ്സ്, ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ്സ്
61	എംപ്ലോയ്മെന്റ് ഇൻ സോപ്പ് മാനുഫാക്ചറിങ്
62	എംപ്ലോയ്മെന്റ് ഇൻ സ്റ്റോൺ ബ്രേക്കിങ്, ക്രഷിങ്
63	എംപ്ലോയ്മെന്റ് ഇൻ കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആൻഡ് ബിൽഡിങ് ഓപ്പറേഷൻസ്
64	എംപ്ലോയ്മെന്റ് ഇൻ സ്വീപ്പിങ് ആൻഡ് ക്ലീനിങ്
65	എംപ്ലോയ്മെന്റ് ഇൻ ടാനറീസ് ആൻഡ് ലെതർ മാനുഫാക്ചറിങ്
66	എംപ്ലോയ്മെന്റ് ഇൻ ടെലിഫിലിം ആൻഡ് മോഷൻ പിക്ചർ
67	എംപ്ലോയ്മെന്റ് ഇൻ ടൈൽ ഇൻഡസ്ട്രി
68	എംപ്ലോയ്മെന്റ് ഇൻ ടിംബർ ഇൻഡസ്ട്രി
69	എംപ്ലോയ്മെന്റ് ഇൻ പ്ലൈവുഡ് ഇൻഡസ്ട്രി
70	എംപ്ലോയ്മെന്റ് ഇൻ ടിംബർ കട്ടിങ്
71	എംപ്ലോയ്മെന്റ് ഇൻ ടോഡി ടാപ്പിങ്
72	എംപ്ലോയ്മെന്റ് ഇൻ ട്വീ ക്ലൈംബിങ്
73	എംപ്ലോയ്മെന്റ് ഇൻ അന്ത്രല്ല മാനുഫാക്ചറിങ്
74	എംപ്ലോയ്മെന്റ് ഇൻ വാട്ടർബോട്ട് ട്രാൻസ്പോർട്ട് അദർ ദാൻ മോട്ടോർ ട്രാൻസ്പോർട്ട്

75	എംപ്ലോയ്മെന്റ് ഇൻ സ്റ്റാർ ഹോട്ടൽസ്
76	എംപ്ലോയ്മെന്റ് ഇൻ ബ്രൂവറീസ്
77	എംപ്ലോയ്മെന്റ് ഇൻ മിഡ്-ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്
78	എംപ്ലോയ്മെന്റ് ഇൻ ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി
79	എംപ്ലോയ്മെന്റ് ഇൻ പേപ്പർ പ്രൊഡക്ഷൻ ഇൻഡസ്ട്രി
80	എംപ്ലോയ്മെന്റ് ഇൻ ഹൂട്ട്വെയർ മാനുഫാക്ചറിങ്
81	എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്
82	എംപ്ലോയ്മെന്റ് ഇൻ കേബിൾ ടി.വി. നെറ്റ്വർക്സ്
83	എംപ്ലോയ്മെന്റ് ഇൻ മീഡിയ സെക്ടർ
84	എംപ്ലോയ്മെന്റ് ഇൻ സ്റ്റീൽ കാസ്റ്റിങ് (ടി.എം.ടി. സ്റ്റീൽ ബാർസ്)
85	എംപ്ലോയ്മെന്റ് ഇൻ സ്വകാര്യ ആയുർവേദം, ഹോമിയോ ആൻഡ് ദന്തൽ ഹോസ്പിറ്റൽ, പാരമ്പര്യ ചികിത്സ, സിദ്ധ, യുനാനി, മർമ്മ വിഭാഗങ്ങൾ ആശുപത്രിയോടൊപ്പമല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ലബോറട്ടറികൾ, ബ്ലഡ് ബാങ്കുകൾ, കാത്ത് ലാബുകൾ

(ll) ചോദ്യം നമ്പർ (*92)-ന്റെ (എ) പിരിവിനുള്ള മറുപടി

സർക്കാർ സഹായത്തോടെ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ്), കേരള

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ മാത്രമാണ് കൂടിശ്ശികയായിട്ടുള്ളത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽനിന്നും തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നില്ല. തനതു ഫണ്ടിൽനിന്നും പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിവരുന്ന കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 ഏപ്രിൽ മാസം വരെയുള്ള പെൻഷനും 2024 മാർച്ച് വരെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

ബോർഡുകളിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

- കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ചുരുട്ട് തൊഴിലാളിക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ കൂടിശ്ശികയില്ല.
- കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് ആൻഡ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ, മതിയായ രേഖകളോടുകൂടിയ എല്ലാ ആനുകൂല്യ അപേക്ഷകൾക്കും തുക വിതരണം ചെയ്തിട്ടുണ്ട്.

- കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ അംശദായ പെൻഷൻ 2025 ജൂലൈ മാസം വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ട്. അവശതാ പെൻഷൻ ഇനത്തിൽ, 2022 ഒക്ടോബർ, നവംബർ, ഡിസംബർ, 2023 ജനുവരി മാസങ്ങളിലെ അവശതാ പെൻഷനും 2025 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെയുള്ള അവശതാ പെൻഷനും കുടിശ്ശികയുണ്ട്. ബോർഡിൽ നിന്നുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും കുടിശ്ശികയില്ല.
- കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ കുടിശ്ശികയാണ്. മറ്റ് ആനുകൂല്യങ്ങളെല്ലാം കുടിശ്ശികയില്ലാതെ നൽകിവരുന്നുണ്ട്.
- കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്-
    - അൺ അറ്റാച്ച്ഡ് - വിഭാഗത്തിലെ തൊഴിലാളികളിൽ നിന്നും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നു.

ആനുകൂല്യ അപേക്ഷകളിൽ കുടിശ്ശികയൊന്നും നിലവിലില്ല. പെൻഷൻ വിതരണത്തിൽ കുടിശ്ശികയൊന്നുമില്ല.

- സ്റ്റാറ്റേർഡ് - കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാറ്റേർഡ് വിഭാഗം പെൻഷൻ ഗുണഭോക്താക്കൾക്ക് 2025 ജൂലൈ മാസം വരെയുള്ള പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ തുക മാത്രമാണ് നിലവിൽ കുടിശ്ശികയുള്ളത്. അത് സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിതരണം നടത്തുന്നതാണ്.
- അറ്റാച്ച്ഡ് - വിഭാഗം തൊഴിലാളികൾക്ക് നിലവിൽ പെൻഷൻ നൽകുന്നില്ല.

- കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ തനത് ഫണ്ടിൽ വിതരണം ചെയ്യുന്ന അവശതാ പെൻഷൻ 2025 ആഗസ്റ്റ് മാസം വരെയും പദ്ധതി മുഖേന വിതരണം ചെയ്യുന്ന മറ്റ് ആനുകൂല്യങ്ങൾ 2025 ജൂലൈ മാസം വരെയും വിതരണം ചെയ്തിട്ടുണ്ട്.
- കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അധിവർഷാനുകൂല്യ ഇനത്തിലാണ് കുടിശ്ശിക നിലനിൽക്കുന്നത്. 2018 മാർച്ച് വരെയുള്ള അധിവർഷാനുകൂല്യ അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. മറ്റാനുകൂല്യങ്ങൾ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്കുതന്നെ വിതരണം ചെയ്യാൻ

സാധിച്ചിട്ടുണ്ട്.

മറ്റ് വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന 17 ക്ഷേമനിധി ബോർഡുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള റേഷൻ വ്യാപാരി ക്ഷേമനിധി

കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്ന് മുൻകാലങ്ങളിൽ പെൻഷൻ അനുവദിച്ച് ലഭ്യമായി വന്നിരുന്ന പെൻഷണേഴ്സിന് മുടക്കമില്ലാതെ നിലവിലും പെൻഷൻ തുക വിതരണം ചെയ്തുവരുന്നുണ്ട്. എന്നാൽ 85-ാമത് മാനേജിങ് കമ്മിറ്റിയ്ക്കുശേഷം പാസ്സാക്കിയ പെൻഷൻ അപേക്ഷകളിലേയ്ക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഫണ്ടിന്റെ അപര്യാപ്തതമൂലം അംശദായം തിരികെ അനുവദിക്കൽ, മരണാന്തര ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ രണ്ട് കോടിയോളം രൂപ കുടിശ്ശിക വന്നിട്ടുണ്ട്.

2. കേരള മദ്രസ ടീച്ചേഴ്സ് ക്ഷേമനിധി ബോർഡ്

കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്ന പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശികയില്ല.

3. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ നൽകുന്നതിന് കുറഞ്ഞത് 10 വർഷം അംശദായം അടയ്ക്കേണ്ടതുണ്ട്. ക്ഷേമനിധി രജിസ്ട്രേഷൻ ആരംഭിച്ചത്

2025 ഏപ്രിൽ മുതലായതിനാൽ പെൻഷൻ നൽകേണ്ട സമയമായിട്ടില്ല. ഇത് ആകുന്ന മുറയ്ക്ക് പെൻഷൻ നിശ്ചയിച്ച് സർക്കാർ അംഗീകാരത്തോടെ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

4. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നില്ല.

5. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശ്ശികയില്ല.

6. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും 2025 ജൂലൈ മാസം വരെയുള്ള സൂപ്പറാന്വേഷൻ പെൻഷനും കുടുംബ പെൻഷനും അവശതാ പെൻഷനും 2025 ആഗസ്റ്റ് മാസം വരെയുള്ള മറ്റ് ആനുകൂല്യങ്ങൾക്കായി (ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം) ലഭിച്ച അപേക്ഷകൾക്കുള്ള ധനസഹായങ്ങളും അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്യുന്നതാണ്.

7. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്

കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ സർക്കാർ ധനസഹായത്തോടുകൂടി അനുവദിച്ചു വരുന്ന ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പെൻഷൻ 2025 ജൂലൈ മാസം വരെ അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധിയുടെ വിഹിതമായ 300/- രൂപയും സർക്കാർ വിഹിതമായ 1,300/- രൂപയും ഉൾപ്പെടുത്തി 1,600/- രൂപ നിരക്കിലാണ് പെൻഷൻ അനുവദിച്ചു വരുന്നത്. നിലവിൽ 2025 ആഗസ്റ്റ് മാസത്തെ സർക്കാർ വിഹിതം ലഭിക്കാനുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതാണ്. ക്ഷേമനിധിയുടെ മറ്റ് ആനുകൂല്യങ്ങളെല്ലാം അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചുവരുന്നുണ്ട്. പെൻഷൻ ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും കൃത്യമായിതന്നെ നൽകുന്നുണ്ട്.

8. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള പെൻഷൻ 2025 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കൃത്യമായിട്ടുണ്ട്. തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ 01-01-2025 മുതലുള്ളവ കൃത്യമായിട്ടുണ്ട്.

9. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്ക് നൽകിവരുന്ന വിവിധ

ക്ഷേമാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടില്ലെന്നും പെൻഷൻ ഈ ബോർഡിൽ നിന്നും നൽകുന്നില്ലെന്നും അറിയിക്കുന്നു.

10. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്

കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ നിന്നും 2024 -25 വർഷം വിരമിച്ച പ്രവർത്തകർക്ക് ക്ഷേമനിധി ആനുകൂല്യം, വിരമിക്കൽ ആനുകൂല്യം എന്നിവ അനുവദിച്ച് നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ട്.

11. കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി കമ്മിറ്റി

കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടില്ല.

12. കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മത്സ്യ തൊഴിലാളി - അനുബന്ധ തൊഴിലാളി വാർധക്യകാല പെൻഷൻ 2025 ആഗസ്റ്റ് മാസത്തിലെയും മത്സ്യതൊഴിലാളി - വിധവ പെൻഷൻ 2025 ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിലെതുമാണ് നിലവിൽ കുടിശ്ശികയായിട്ടുള്ളത്.

13. കേരള വ്യാപാരി ക്ഷേമബോർഡ്

കേരള വ്യാപാരി ക്ഷേമബോർഡിൽ നിന്നും വിതരണം ചെയ്യുന്ന പെൻഷനിലും മറ്റ് ആനുകൂല്യങ്ങളിലും നിലവിൽ കുടിശ്ശിക വന്നിട്ടില്ല.

14. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ പെൻഷൻകാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി സർക്കാരിൽ നിന്നും തുക ലഭ്യമാകുന്നതിനനുസരിച്ച് വിതരണം നടത്തി വരുന്നു. നിലവിൽ ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ബോർഡ് മുഖേന നൽകിവരുന്ന മറ്റ് ആനുകൂല്യങ്ങൾ, അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് യഥാസമയം അനുവദിച്ചുനൽകുന്നു.

15. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും പ്രതിമാസ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ നാളിതുവരെ കുടിശ്ശിക വന്നിട്ടില്ല.

16. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്

കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡിൽ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ ക്രമപ്രകാരമുള്ള അപേക്ഷകളിൽ നാളിതുവരെ കുടിശ്ശികയൊന്നും വന്നിട്ടില്ല.

17. കേരള കർഷക ക്ഷേമനിധി ബോർഡ്

കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ

അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആക്ട് പ്രകാരം അർഹതയുള്ളത്. പദ്ധതിയിലേയ്ക്കുള്ള അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 01-12-2021 മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാറായിട്ടില്ല.

(lll) ചോദ്യം നമ്പർ (*92)-ന്റെ (ബി&സി) പിരിവിനുള്ള മറുപടി

വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന 17 ക്ഷേമനിധി ബോർഡുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള റേഷൻ വ്യാപാരി ക്ഷേമനിധി

കേരള റേഷൻ വ്യാപാരി ക്ഷേമനിധി തനത് ഫണ്ടിൽ പ്രവർത്തിക്കുന്ന ക്ഷേമനിധിയാണ്. കലാന്തരത്തിൽ പെൻഷണേഴ്സിന്റെ എണ്ണം കൂടിയതും വിരമിച്ച അംഗങ്ങൾക്കും അടവാക്കിയ തുക റീഫണ്ട് ചെയ്ത് നൽകുന്നതിനാലും ഉണ്ടായ ചെലവിന് ആനുപാതികമായി വരവിനത്തിൽ വർധനവ് ഉണ്ടാകാത്തതിനാൽ അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ പ്രതിസന്ധിയുണ്ടായിട്ടുണ്ട്.

തനത് ഫണ്ടിൽ പ്രവർത്തിക്കുന്ന കേരള റേഷൻ വ്യാപാരി ക്ഷേമനിധി വരവിനത്തിൽ വർധനവ് വരുത്തുന്നതിലേക്കുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

2. കേരള മദ്രസ ടീച്ചേഴ്സ് ക്ഷേമനിധി ബോർഡ്

കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്ന പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഇല്ല.

3. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ നൽകുന്നതിന് കുറഞ്ഞത് 10 വർഷം അംശദായം അടയ്ക്കേണ്ടതുണ്ട്. ക്ഷേമനിധി രജിസ്ട്രേഷൻ ആരംഭിച്ചത് 2025 ഏപ്രിൽ മുതലായതിനാൽ പെൻഷൻ നൽകേണ്ട സമയമായിട്ടില്ല. അത് ആകുന്ന മുറയ്ക്ക് പെൻഷൻ നിശ്ചയിച്ച് സർക്കാർ അംഗീകാരത്തോടെ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

4. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നില്ല.

5. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ കുടിശ്ശികയില്ലാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നുണ്ട്.

6. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ

അംഗങ്ങളിൽനിന്നും ലഭിക്കുന്ന അംശദായവും, സിനിമാടിക്കറ്റിൽനിന്നും ലഭിക്കുന്ന സെസ്സും ആണ് വരുമാന മാർഗ്ഗം. തനതു ഫണ്ടിൽനിന്നുമാണ് പെൻഷനും ആനുകൂല്യങ്ങളും അനുവദിക്കുന്നത്. ഈ ക്ഷേമനിധി ബോർഡിൽനിന്നും 2025 ജൂലൈ മാസം വരെയുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം നടത്തിയിട്ടുണ്ട്. 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്യുന്നതാണ്.

നിലവിലെ സ്ഥിതിയിൽ വരുന്ന മാസങ്ങളിലും ക്ഷേമനിധി ബോർഡിനെ തനതു വരുമാനത്തിൽനിന്നും പെൻഷനും മറ്റാനുകൂല്യങ്ങളും മുടക്കം കൂടാതെ നൽകാൻ കഴിയും.

7. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്

കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ സർക്കാർ ധനസഹായത്തോടുകൂടിയും ക്ഷേമനിധി വിഹിതവുംകൂടി ഉൾപ്പെടുത്തി ക്ഷീര കർഷക ക്ഷേമനിധി പെൻഷൻ വിതരണം ചെയ്യുന്നു. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ക്ഷീര കർഷക ക്ഷേമനിധിയുടെ ഭാഗത്തുനിന്ന് യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ 14 ജില്ലകളിൽ നിന്നുള്ള ക്ഷീര കർഷകർ ക്ഷീര ജാലകം സോഫ്റ്റ്വെയർ മുഖേന ഓൺ ലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ സംഘം/ബ്ലോക്ക്/ജില്ല എന്നീ തലങ്ങളിൽ വിശദമായ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ക്ഷേമനിധി ഹെഡ് ഓഫീസിൽ നിന്ന് വിവിധ തലങ്ങളിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിർദേശം നൽകിയിട്ടുള്ളതും അതിന്റെ

അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ഹെഡ് ഓഫീസിൽ എത്തുന്ന മുറയ്ക്ക് അന്തിമ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അർഹരായ കർഷകർക്ക് താമസംവിനാ ധനസഹായം നൽകിവരുന്നു.

8. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള പെൻഷൻ പൂർണ്ണമായും സർക്കാർ ഗ്രാന്റ് ഉപയോഗിച്ചാണ് വിതരണം ചെയ്യുന്നത്.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള പെൻഷൻ നൽകുന്നതിനുള്ള മുഴുവൻ തുകയും തൊഴിലാളികൾക്ക് മറ്റാനുകൂല്യങ്ങൾ നൽകുന്നതിനായി മാച്ചിങ് ഗ്രാന്റ് കൂടാതെ പ്രത്യേക അഡ്മിനിസ്ട്രഷൻ ഗ്രാന്റും സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്.

9. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്ക് നൽകിവരുന്ന വിവിധ ക്ഷേമാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടില്ല. കൂടാതെ ഈ ബോർഡിൽ നിന്നും പെൻഷൻ നൽകുന്നില്ല.

10. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്

അങ്കണവാടി ക്ഷേമനിധി ബോർഡിന് പ്രതിമാസം ക്ഷേമനിധി വിഹിതമായി

2,15,00,000/- രൂപ വരുമാനം ലഭിക്കുമ്പോൾ ഒരുമാസം പെൻഷൻ നൽകുന്നതിന് മാത്രമായി 4,25,67,000/- രൂപ ശരാശരി ചെലവാകുന്നുണ്ട്. അതിനാൽ നിലവിൽ പ്രതിമാസം 2,10,67,000/- രൂപ (ഒരു വർഷം 25.28 കോടി) അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. അംഗങ്ങളുടെ വിഹിതവും 20% സർക്കാർ വിഹിതവും സ്ഥിര നിക്ഷേപങ്ങളിന്മേൽ ലഭിക്കുന്ന പലിശയും ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ നൽകിവരുന്നത്. രണ്ട് മാസം ലഭിക്കുന്ന വരവുകളിൽ നിന്നുമാണ് ഒരുമാസത്തെ പെൻഷൻ അനുവദിച്ചുവരുന്നത്. അതുകൊണ്ടാണ് യഥാസമയം പെൻഷനും ആനുകൂല്യങ്ങളും അനുവദിക്കാൻ കഴിയാതെ പോകുന്നത്.

അങ്കണവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവർക്കും 62 വയസ്സ് തികയുന്ന ദിവസം സർവീസിൽ ഉള്ളവർക്കും ക്ഷേമ നിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്തവർക്കും പ്രതിമാസ പെൻഷന് അർഹതയുണ്ടായിരിക്കും. വർക്കർമാർക്ക് 2500/- രൂപയും ഹെൽപ്പർമാർക്ക് 1500/- രൂപയും പ്രതിമാസ പെൻഷൻ നൽകിവരുന്നു. അങ്കണവാടിയിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്ക് അങ്കണവാടി ക്ഷേമനിധി ബോർഡിൽനിന്നും അവർ ക്ഷേമനിധിയിലേക്ക് അടച്ച തുകയും അടച്ച തുകയുടെ 8% പലിശയും 20% സർക്കാർ വിഹിതവും ചേർന്ന ആകെ തുക ക്ഷേമ നിധി ആനുകൂല്യമായും സ.ഉ (എം.സ്)നം.04/2015/സാനിവാ. തീയതി 17-01-2015) ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർക്ക് 15,000/- രൂപയും ഹെൽപ്പർക്ക് 10,000/-രൂപയും വിരമിക്കൽ ആനുകൂല്യമായി നൽകിവരുന്നുണ്ട്.

2024-2025 സാമ്പത്തിക വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ Rule (300) പ്രകാരം

10,00,00,000/- പെൻഷൻ നൽകുന്നതിനായി അധിക ധനസഹായമായി അനുവദിച്ചിരുന്നു. അതുപയോഗിച്ച് നിലവിലുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2023, 2024, 2025 വർഷം വിരമിച്ച പ്രവർത്തകർക്ക് ക്ഷേമനിധി ആനുകൂല്യം, വിരമിക്കൽ ആനുകൂല്യം എന്നിവ കടിശ്ശികയായിട്ടുള്ള സാഹചര്യത്തിൽ സ.ഉ (സാധാ) നം. 392/2015/WCDD തീയതി 30-08-2025 ഉത്തരവ് പ്രകാരം 12.32 കോടിരൂപ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ആയതു ഉപയോഗിച്ച് 2,02,306 വിരമിച്ച പ്രവർത്തകർക്ക് ക്ഷേമ നിധി ആനുകൂല്യം, വിരമിക്കൽ ആനുകൂല്യം എന്നിവ അനുവദിച്ചുവരുന്നു.

കേരള ഹെൽപ്പർമാരുടെയും അങ്കണവാടി വർക്കർമാരുടെയും ക്ഷേനിധി ബോർഡിൽ നിന്നും പെൻഷനും മറ്റാനുകൂല്യങ്ങളും തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിനും ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്ന വിഷയം പഠിക്കുന്നതിനുമായി വനിതാ ശിശു വികസന ഡയറക്ടർ ചെയർപേഴ്സൺ ആയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ രണ്ട് യോഗങ്ങൾ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സംഘടനകളുടെ പ്രതിനിധികളുമായി ചേർന്നിട്ടുള്ളതുമാണ്. കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

11. കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി കമ്മിറ്റി

കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി പെൻഷൻ കുടിശ്ശികയില്ല. മസ്റ്ററിങ് പൂർത്തീകരിച്ചവർക്കും സേവന സോഫ്റ്റ്വെയറിൽ ആധാർ വിവരം ഉൾപ്പെടുത്തിയവർക്കും പെൻഷൻ തടസ്സം കൂടാതെ വിതരണം ചെയ്തുവരുന്നുണ്ട്.

12. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആകെയുള്ള വരുമാന മാർഗ്ഗം തൊഴിലാളികളിൽനിന്നും ലഭിക്കുന്ന അംശദായം മാത്രമാണ്. അത് ബോർഡിന്റെ തനത് ക്ഷേമപദ്ധതികൾപോലും നിർവഹിക്കാൻ അപര്യാപ്തമായതുകൊണ്ടാണ് ക്ഷേമ പെൻഷൻ വിതരണം നടത്തുന്നതിന് സർക്കാർ സഹായം തേടേണ്ടിവരുന്നത്. സർക്കാരിൽനിന്ന് ഫണ്ട് നൽകുന്ന മുറയ്ക്ക് കൃത്യമായി പെൻഷൻ വിതരണം നടക്കുന്നുണ്ട്.

13. കേരള വ്യാപാരി ക്ഷേമബോർഡ്

കേരള വ്യാപാരി ക്ഷേമബോർഡ് അംഗങ്ങളിൽ നിന്ന് അംശദായവും സർക്കാർ സഹായവും സ്വീകരിച്ച് പ്രവർത്തിച്ചുവരുന്നതിനാൽ പെൻഷൻ കുടിശ്ശികയില്ലാതെ വിതരണം ചെയ്തുവരുന്നു.

14. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ പെൻഷൻകാർക്ക് പെൻഷൻ വിതരണം സർക്കാരിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് താമസംവിനാ വിതരണം ചെയ്തിട്ടുണ്ട്.

15. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും പ്രതിമാസ പെൻഷനും മറ്റ്

ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ നാളിതുവരെ കുടിശ്ശിക വന്നിട്ടില്ല.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംശദായ അടവിൽ കുടിശ്ശിക വരുത്തിയിട്ടുള്ള അംഗങ്ങളിൽനിന്നും കുടിശ്ശിക തുക പിടിച്ചെടുക്കുന്നതിനായി ജില്ലാതലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. മറ്റ് മാർഗ്ഗങ്ങളിൽക്കൂടി ബോർഡിന്റെ വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

16. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്

കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡിൽ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ ക്രമം പ്രകാരമുള്ള അപേക്ഷകളിൽ നാളിതുവരെ കുടിശ്ശികയൊന്നും വന്നിട്ടില്ല.

17. കേരള കർഷക ക്ഷേമനിധി ബോർഡ്

കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആക്ട് പ്രകാരം അർഹതയുള്ളത്. പദ്ധതിയിലേയ്ക്കുള്ള അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 01-12-2021 മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാറായിട്ടില്ല.

(IV) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

6 (*96) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ഡോ. കെ. ടി. ജലീൽ:

ശ്രീ. എം. വിജിൻ:

ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ 9 വർഷത്തിനിടെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കഴിഞ്ഞ 9 വർഷത്തിനിടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണം
   (5 കോടി, 3 കോടി, 1 കോടി പദ്ധതികൾ).
2. പ്ലാൻ ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണം.
3. ബാരിയർ ഫ്രീ സ്കൂൾസ് പദ്ധതി
4. സ്കൂൾ കെട്ടിടങ്ങളുടെ അതിജീവനത്തിനുള്ള ആകസ്മിക സഹായം
   (മെയിന്റനൻസ് വർക്സ്)

5. സ്വന്തമായി സ്ഥലമില്ലാത്ത സ്കൂൾ കെട്ടിടങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള പദ്ധതി

6. പൈതൃക കെട്ടിടങ്ങളുടെ അതിജീവനത്തിനുള്ള ധനസഹായം

7. പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ

8. ചലഞ്ച് ഫണ്ട് (എയ്ഡഡ് സ്കൂളുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി)

9. ഓട്ടിസം പാർക്ക് പദ്ധതി

10. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സെക്കൻഡറി, ഹയർ സെക്കൻഡറി വിഭാഗം ക്ലാസുകൾ (സർക്കാർ എയ്ഡഡ് സ്കൂളുകൾ) ഹൈടെക്കാക്കുകയും കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

11. ക്ലാസുകൾക്ക് ആവശ്യമായ ഫർണിച്ചർ, ചുറ്റുമതിൽ നിർമ്മാണം, സോളാർ പാനൽ, ടോയ്ലറ്റുകളുടെ നിർമ്മാണം, റാമ്പ് & റെയിൽ നിർമ്മാണം, ഭിന്നശേഷി സൗഹൃദ ടോയ്ലറ്റുകൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്.

(ബി) സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് മുറികളിൽ ഹൈടെക് ലാബുകൾ ഒരുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്?

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് ക്ലാസ് മുറികളും കമ്പ്യൂട്ടർ ലാബും സജ്ജമാക്കുന്നതിന് കിഫ്ബി സഹായത്തോടെ നടപ്പാക്കിയ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ കേരളത്തെ രാജ്യത്തിലെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് സഹായകമായി. ഹൈടെക് സ്കൂൾ പദ്ധതിയുടെ

ഭാഗമായി 45000 സെക്കൻഡറി-ഹയർ സെക്കൻഡറി വിഭാഗം ക്ലാസ് മുറികൾ ഹൈടെക്കാക്കുകയും ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രൈമറി വിഭാഗം ഉൾപ്പെടെ ലഭ്യമാക്കാൻ കഴിയുന്ന എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം നൽകിയിട്ടുണ്ട്.

(സി) സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ പി.ടി.എ.-യുടെയും തദ്ദേശസ്ഥാപനങ്ങളുടെയും പൂർവ വിദ്യാർഥി സമൂഹങ്ങളുടെയും പങ്കാളിത്തം എങ്ങനെയാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എം.സി., പൂർവ വിദ്യാർഥി സമൂഹങ്ങൾ, പി.ടി.എ. എന്നിവരുടെ പങ്കാളിത്തത്തോടെ ഫർണിച്ചറുകൾ ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ വൈറ്റ് ബോർഡുകൾ എന്നിവ ലഭ്യമാക്കുന്നുണ്ട്. വൈദ്യുതിചാർജ്, ടെലിഫോൺ ചാർജ്, കുടിവെള്ളം, പരിസര ശുചീകരണം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്നുണ്ട്. കൂടാതെ ലാബുകൾ, ലൈബ്രറികൾ, റീഡിങ് റൂമുകൾ, സ്കൂൾ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ ഇന്റർലോക്കുകൾ, സ്കൂൾ കവാടങ്ങൾ, കുഴൽക്കിണറുകൾ എന്നിവ സജ്ജമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ വിദ്യാർഥി സമൂഹങ്ങൾ, പി.ടി.എ., എസ്.എം.സി. എന്നിവരുടെ സഹായം ലഭ്യമാകുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ സ്കൂളുകൾ ദേശീയതലത്തിൽ

മുൻനിരയിലെത്താൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സ്കൂളുകളിൽ മികവാർന്നതും സ്ഥിരതയുള്ളതും മാതൃകാപരവുമായ നിരവധി അക്കാദമിക പ്രവർത്തനങ്ങളും അക്കാദമികേതര പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കുകയെന്നത്. വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടന്നുവരുന്നു. അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ക്ലാസിതര മാസ്റ്റർപ്ലാൻ, വ്യക്തിഗത മാസ്റ്റർപ്ലാൻ, സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെയും സബ്ജക്ട് മിനിമം ഏർപ്പെടുത്തിയതിലൂടെയും അക്കാദമിക് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക, സാങ്കേതികവിദ്യ സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ

റോഡുകളുടെ നവീകരണം

7 (*97) ശ്രീ. കെ. വി. സുമേഷ്:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിങ്ങുകളിലായി എത്ര കിലോമീറ്റർ റോഡുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നിരത്ത് വിഭാഗം 6144.703 കി.മീ. റോഡുകൾ നവീകരിച്ചിട്ടുണ്ട് (BM & BC upgradtion). കൂടാതെ കെ.ആർ.എഫ്.ബി smartcity പദ്ധതിയിൽ- 19.849 Km, PMU-KRFB -812.08 Km, OPBRC - 45.812 Km, ദേശീയപാത- 613.675 Km, KSTP- 552.385 Km എന്നിങ്ങനെയും നവീകരിച്ചിട്ടുണ്ട്.

(ബി) അതിൽ പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത എത്ര കിലോമീറ്റർ റോഡുകൾ നവീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

നിരത്ത് വിഭാഗത്തിന്റെ 6144.703 കി.മീ. നവീകരിച്ച റോഡുകളിൽ 322.703 കി.മീ. റോഡുകൾ പൊതുമരാമത്ത് വകുപ്പ് ആസ്തിയിൽപ്പെട്ടവയല്ല. കൂടാതെ ദേശീയപാതാ വിഭാഗം പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത 11.94 Km നവീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് റോഡുകളുടെ നവീകരണത്തിന് എല്ലാ വിങ്ങുകളിലുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് റോഡുകളുടെ നവീകരണത്തിന് വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ പകുതി റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന പ്രഖ്യാപനം എത്രമാത്രം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ പകുതി റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ട്. ഏകദേശം 60% റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. ദേശീയപാതകളെല്ലാം ബി.എം.&ബി.സി. നിലവാരത്തിലുള്ളവയാണ്.

(ഇ) എത്ര കിലോമീറ്റർ റോഡുകൾ ഇതിനകം ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

17,749.11 കി.മീ. റോഡുകൾ നാളിതുവരെ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കിയ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 42.069 കി.മീ, സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 19.849 കി.മീ, കോഴിക്കോട് നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 22.251 കി.മീ, കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി-പി.എം.യു. മുഖേന 812.08 കി.മീ., KSTP-863.358 കി.മീ., RBDCK- 2.78 കി.മീ. വീതം റോഡുകൾ ഇതിനോടകം ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൻകീഴിൽ State fund/CRIF പദ്ധതിയിൽ ഉൾപ്പെടുത്തി 613.675 കി.മീ. റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലാക്കിയിട്ടുണ്ട്.

ദേശീയ വിദ്യാഭ്യാസ നിലവാര സർവെ 2021

8(*98) ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2021-ലെ ദേശീയ വിദ്യാഭ്യാസ നിലവാര സർവെയിൽ സംസ്ഥാനം നേടിയ മുന്നേറ്റത്തെക്കുറിച്ച് വിശദമാക്കുമോ?

കേന്ദ്ര സർക്കാർ മൂന്ന് വർഷത്തിലൊരിക്കൽ എൻ.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടത്തുന്ന പഠനമാണ് ദേശീയ പഠന നേട്ട സർവെ. 2021 വരെ ഈ പേരിലാണ് സർവെ നടന്നത്. എന്നാൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പശ്ചാത്തലത്തിൽ 2024-ൽ നടന്ന പഠനത്തെ പരഖ് രാഷ്ട്രീയ സർവേക്ഷൺ എന്ന പേരിലാണ് അറിയപ്പെടുന്നത്. ദേശീയതലത്തിൽ പൊതുവായി കൈക്കൊണ്ട മാനദണ്ഡപ്രകാരമാണ് കേരളത്തിലും പഠന സർവെ നടത്തിയത്. അതുപ്രകാരം 2021-ൽ 3, 5, 8 ക്ലാസുകളിലും 2024-ൽ 3, 6, 9 ക്ലാസുകളിലുമാണ് സർവെ നടത്തിയത്. 2024-ലെ സർവെ ഫലം വിശകലനം ചെയ്താൽ വലിയ മുന്നേറ്റമാണ് സംസ്ഥാനത്തിന്റേത്. മൂന്നാം ക്ലാസിലെ ഭാഷാപഠനത്തിൽ സംസ്ഥാന ശരാശരി 75 ആണ്. എന്നാൽ ദേശീയതലത്തിൽ അത് 64 ആണ്. ഗണിതത്തിൽ സംസ്ഥാന ശരാശരി 70-ഉം ദേശീയ ശരാശരി 60-ഉം ആണ്. ആറാം ക്ലാസിൽ ഭാഷയ്ക്ക്

സംസ്ഥാന ശരാശരി 76 ആണ്. ദേശീയ ശരാശരി 57 ആണ്. ഗണിതത്തിൽ സംസ്ഥാന ശരാശരി 60-ഉം ദേശീയ ശരാശരി 46-ഉം ആണ്. പരിസര പഠനത്തിൽ സംസ്ഥാന ശരാശരി 66-ഉം ദേശീയ ശരാശരി 49-ഉം ആണ്. ഒമ്പതാം ക്ലാസിൽ ഭാഷാപഠനത്തിൽ സംസ്ഥാന ശരാശരി 74-ഉം ദേശീയ ശരാശരി 54-ഉം ആണ്. ഗണിതത്തിൽ സംസ്ഥാന ശരാശരി 45-ഉം ദേശീയ ശരാശരി 37-ഉം ആണ്. സയൻസിൽ സംസ്ഥാന ശരാശരി 53 -ഉം എങ്കിൽ ദേശീയ ശരാശരി 40 ആണ്. സോഷ്യൽ സയൻസിൽ സംസ്ഥാന ശരാശരി 51-ഉം ദേശീയ ശരാശരി 40-ഉം ആണ്. പൊതുവെ നോക്കുകയാണെങ്കിൽ 2021 അപേക്ഷിച്ച് പഠനം നടത്തിയ എല്ലാ ക്ലാസുകളിലും അനുകൂലമായ ഫലമാണ് സംസ്ഥാനം കാഴ്ചവച്ചിട്ടുള്ളത്. പെൺകുട്ടികളുടെ വിദ്യാഭ്യാസ മികവ് പ്രകടമായും ഉയർന്ന നിലയിലാണ് കേരളത്തിന്റേതെന്ന് ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു. ദേശീയതലത്തിൽ മൂന്നാം ക്ലാസിൽ കേരളത്തിലെ ആൺകുട്ടികളും പെൺകുട്ടികളും മികവിന്റെ കാര്യത്തിൽ ഏതാണ്ട് തുല്യത പാലിക്കുന്നു. എന്നാൽ ആറ്, ഒമ്പത് ക്ലാസുകളിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളാണ് എല്ലാ വിഷയങ്ങളിലും മികവുകാട്ടുന്നത്. ദേശീയതലത്തിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പഠനഫലം ഏതാണ്ട് ഒരുപോലെയാണ് എല്ലാ ക്ലാസുകളിലും കാണുന്നത്. മികവിന്റെ കാര്യത്തിൽ 2024-ലെ സർവെപ്രകാരം മൂന്നാം ക്ലാസിൽ ഭാഷാ പഠനത്തിലും ഗണിത പഠനത്തിലും കേരളം രണ്ടാം സ്ഥാനത്താണുള്ളത്. ആറാം ക്ലാസിൽ ഭാഷയിലും പരിസരപഠനത്തിലും കേരളം ഒന്നാം സ്ഥാനത്തും ഗണിതത്തിൽ രണ്ടാം സ്ഥാനത്തുമാണുള്ളത്. ഒമ്പതാം ക്ലാസിൽ ഭാഷയിൽ ഒന്നാം സ്ഥാനത്തും ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിവയിൽ രണ്ടാം സ്ഥാനത്തുമാണ്.

2024-ൽ ഈ സർവെ നടക്കുന്ന അവസരത്തിൽ കേരളത്തിൽ 14 ജില്ലകൾ, ഗുജറാത്തിൽ 33 ജില്ലകൾ, ഒറീസയിൽ 30 ജില്ലകൾ, ഉത്തർപ്രദേശിൽ 75 ജില്ലകൾ എന്നിങ്ങനെയാണ് ഉണ്ടായിരുന്നത്. ദേശീയ പഠനനേട്ട സർവെയുടെ ദേശീയതലത്തിലുള്ള റിപ്പോർട്ട് പരിശോധിച്ചാൽ ഏറ്റവും മികച്ച 50 ജില്ലകളിൽ മൂന്നാം ക്ലാസിൽ മികവ് കാട്ടിയ കേരളത്തിലെ 3 ജില്ലകളുണ്ട്. ഗുജറാത്തിൽനിന്നോ ഒറീസയിൽനിന്നോ ഒരു ജില്ലയും ഈ പട്ടികയിലില്ല. ഉത്തർപ്രദേശിലെ 75 ജില്ലകളിൽ ഒരു ജില്ലയാണ് ഈ പട്ടികയിൽ ഇടംപിടിച്ചിട്ടുള്ളത്. ആറാം ക്ലാസിൽ കേരളത്തിൽനിന്നുള്ള 10 ജില്ലകൾ ആദ്യ അമ്പതിൽ ഉണ്ട്. ഗുജറാത്തിലെ ഒരു ജില്ലയും ഇക്കൂട്ടത്തിലില്ല. ഒറീസയിലെ 30 ജില്ലകളിൽ 2 ജില്ലകളും ഉത്തർപ്രദേശിലെ 75-ൽ ഒന്നും ഇക്കൂട്ടത്തിൽ കാണാം. ഒമ്പതാം ക്ലാസ് പട്ടിക പരിശോധിച്ചാൽ കേരളത്തിലെ 9 ജില്ലകൾ ആദ്യത്തെ അമ്പതിൽ ഉൾപ്പെടും. ഒറീസയിലെ 30 ജില്ലകളിൽ ഒരു ജില്ലയാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗുജറാത്തിലെയും ഉത്തർപ്രദേശിലെയും ഒറ്റ ജില്ലയും ഇതിൽ ഉൾപ്പെട്ടിട്ടില്ല. അതുപോലെ ഏറ്റവും പിന്നിലുള്ള 50 ജില്ലകളുടെ പട്ടികയും റിപ്പോർട്ടിലുണ്ട്. അക്കൂട്ടത്തിൽ ദേശീയതലത്തിൽ കേരളത്തിലെ ഒരു ജില്ലയും ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഒറീസയിലെയും ഗുജറാത്തിലെയും ഉത്തർപ്രദേശിലെയും ജില്ലകളെ ഇക്കൂട്ടത്തിൽ കാണാം. ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച 10 സംസ്ഥാനങ്ങളിൽ പഠനം നടന്ന എല്ലാ ക്ലാസുകളുടെ പട്ടികയിലും കേരളം ഉണ്ട്. മൂന്നാം ക്ലാസിന്റെ കാര്യത്തിൽ മൂന്നാമതായും ആറിൽ ഒന്നാമതായും ഒൻപതിൽ രണ്ടാമതായുമാണ് കേരളത്തിന്റെ സ്ഥാനം രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ വിദ്യാർഥികൾ ദേശീയതലത്തിൽ മികവ് നേടുന്നതിന് കാരണമായ അനുകൂല ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വിദ്യാർഥികൾ ദേശീയതലത്തിൽ മികവ് നേടുന്നതിന് കാരണമായ അനുകൂല ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. നമ്മുടെ സംസ്ഥാനത്ത് സ്കൂൾ പ്രായത്തിലുള്ള ഏതാണ്ട് എല്ലാ കുട്ടികളും സ്കൂളിൽ എത്തിച്ചേരുകയും 12-ാം ക്ലാസ് വരെയുള്ള പഠനത്തുടർച്ച ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

2. എല്ലാ ക്ലാസുകളിലും സേവനപൂർവ പരിശീലനം ലഭിച്ച എൻ.സി.ടി.ഇ. നിഷ്കർഷിച്ച യോഗ്യതയുള്ള അധ്യാപകരുണ്ട്.

3. കേരളത്തിൽ അധ്യാപക നിയമനത്തിന് ക്ലാസാണ് യൂണിറ്റ്. എന്നാൽ ദേശീയ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ സ്കൂളാണ് യൂണിറ്റ്.

4. പൊതുവെ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ കേരളത്തിലെ വിദ്യാലയങ്ങൾക്കുണ്ട്.

5. മഹാഭ്രരിപക്ഷം രക്ഷിതാക്കളും സ്കൂൾ വിദ്യാഭ്യാസമെങ്കിലും ലഭിച്ചിട്ടുള്ളവരാണ്.

6. സ്കൂൾ കാര്യങ്ങളിൽ രക്ഷിതാക്കളും പൊതുസമൂഹവും തദ്ദേശഭരണ സ്ഥാപനങ്ങളും വലിയ താല്പര്യം പ്രകടിപ്പിക്കുന്നു.

7. വളരെ സുസംഘടിതമാണ് കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖല. അതുകൊണ്ടുതന്നെ വീട്ടിൽനിന്ന് അധികം ദൂരെയല്ലാതെ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിനുള്ള

സംവിധാനം സംസ്ഥാനത്തുണ്ട്.

8. വിദ്യാഭ്യാസ വകുപ്പിലെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ സംസ്ഥാനതലം മുതൽ ഉപജില്ലാതലം വരെയുള്ള ഉദ്യോഗസ്ഥ സംവിധാനങ്ങൾ ഉണ്ട്.

9. അധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകാറുണ്ട്.

10. കൃത്യമായ ഇടവേളകളിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധതലത്തിലുള്ള ഓഫീസർമാരുടെ യോഗങ്ങൾ നടത്തി പദ്ധതികൾ അവലോകനം ചെയ്യാറുണ്ട്.

(സി) ദേശീയ സർവെയിലെ കണ്ടെത്തലുകൾ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നയരൂപീകരണത്തെ എപ്രകാരമാണ് സ്വാധീനിച്ചതെന്ന് വ്യക്തമാക്കുമോ?

ദേശീയ സർവെയിൽ മുന്നോട്ടുവച്ച നിരീക്ഷണങ്ങൾകൂടി പരിഗണിച്ചാണ് സമഗ്ര ഗുണമേന്മ പദ്ധതി ആവിഷ്കരിച്ചത്. ഗണിത പഠനത്തിനായി പുതിയ രീതിശാസ്ത്രം വികസിപ്പിക്കുന്നതിനായി മഞ്ചാടി പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രപഠനത്തിനായി മഴവില്ല് പദ്ധതിയുമുണ്ട്. മൂല്യനിർണ്ണയ രംഗത്തും സമഗ്രമായ മാറ്റങ്ങൾ വിഭാവന ചെയ്തിട്ടുണ്ട്. ദേശീയ സർവെയിലെ കണ്ടെത്തലുകൾ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നയരൂപീകരണത്തിന് സഹായിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഗുണനിലവാരം, സ്കൂൾ പ്രവേശന പ്രാപ്യത, അടിസ്ഥാന സൗകര്യവികസനം, സ്ഥാപനങ്ങളുടെ ഭരണ നിർവഹണം, തുല്യത അധ്യാപക പരിശീലനം, മൂല്യനിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിന് ദേശീയ സർവെയിലെ കണ്ടെത്തലുകൾ സഹായിച്ചിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ അതത് ക്ലാസിൽവച്ചുതന്നെ നേടുന്നുവെന്ന് ഉറപ്പാക്കുകയാണ് പ്രധാനം. ഇതിനായി ഉള്ളടക്കപരമായ മാറ്റങ്ങൾ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി വരുത്തിയിട്ടുണ്ട്. ഇത് കാര്യക്ഷമമായി ക്ലാസ് മുറിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അതിനായുള്ള പഠന പദ്ധതിയും ഫലപ്രദമായി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

ആധുനിക സാങ്കേതികവിദ്യ സൗകര്യങ്ങൾ ക്ലാസ് മുറി വിനിമയത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ അധ്യാപകരെ സജ്ജമാക്കുക, കേവലം ഓർമ്മ പരിശോധനയ്ക്കപ്പുറം പ്രശ്നപരിഹാരത്തിനുള്ള അറിവും കഴിവും വിശകലനശേഷിയും വിമർശനാത്മക ബോധവും യുക്തിചിന്തയും ഉളവാകുംവിധം പഠന പ്രവർത്തനങ്ങൾ പ്രക്രിയാധിഷ്ഠിതമാക്കി മാറ്റുക, ക്ലാസ്മുറി പഠനത്തെ പ്രവർത്തനാധിഷ്ഠിതമാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക, ഗോത്രമേഖലയിലും തീരദേശങ്ങളിലും അധിവസിക്കുന്ന കുടുംബങ്ങളിൽനിന്നും വരുന്ന കുട്ടികളുടെ സവിശേഷമായ പഠന പ്രശ്നങ്ങൾ അഭിമുഖീകരിക്കുക, അറിവിന്റെയും സാങ്കേതികവിദ്യയുടെയും വികാസത്തിനനുസരിച്ച് അധ്യാപകരെ സജ്ജമാക്കാൻ അധ്യാപക പരിവർത്തന പദ്ധതികൾ ആവിഷ്കരിക്കുക, ഗണിതം, ശാസ്ത്രം, സാമൂഹികശാസ്ത്രം എന്നീ പഠനമേഖലകൾ കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കുന്ന അന്വേഷണങ്ങൾ

നടത്തുക തുടങ്ങിയവയെല്ലാം പുതുതായി പരിഗണിക്കുന്ന പദ്ധതികളാണ്. നിലവിൽ സമഗ്ര ഉണമേന്മാ പദ്ധതിയുടെ ഭാഗമാണ് ഇവയെല്ലാം. ഇവയ്ക്ക് തുടർച്ചയും വളർച്ചയും ഉറപ്പുവരുത്തുക എന്നതും പ്രധാനമാണ്.

ഹൗസ്ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ നടപടി

9 (*99) ശ്രീ. എം. രാജഗോപാലൻ:

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. എം. മുകേഷ്:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായലുകളുടെ ക്യാരിയിങ്ങ് കപ്പാസിറ്റി വിലയിരുത്തി ഹൗസ്ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വേമ്പനാട്ടു കായലിൽ ഹൗസ് ബോട്ടുകളിൽനിന്നുമുള്ള മലിനീകരണം സംബന്ധിച്ച് Centre for Water Resource Development 2013-ൽ നടത്തിയ പഠന റിപ്പോർട്ടുപ്രകാരം കായലിൽ ഹൗസ് ബോട്ടുകളിൽനിന്നുള്ള മലിനീകരണം കൂടുതലാണെന്നും കായലിന്റെ ക്യാരിയിങ്ങ് കപ്പാസിറ്റിയേക്കാളധികം ബോട്ടുകൾ നിലവിലുണ്ടെന്നും ചൂണ്ടിക്കാണിച്ചിരുന്നു. 07-06-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പുതിയ ഹൗസ് ബോട്ടുകൾക്ക് ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ

രജിസ്ട്രേഷൻ നൽകുന്ന കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് നിർദേശിച്ചു. 22-01-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നപ്പോൾ നിലവിൽ വേമ്പനാട് കായലിന്റെ ക്യാരിയിങ്ങ് കപ്പാസിറ്റി അനുസരിച്ച് പ്രസ്തുത കായലിൽ ഉൾക്കൊള്ളാവുന്ന യാനങ്ങളുടെ അപ്പർ ലിമിറ്റ് കണ്ടത്തി അതിനനുസരിച്ച് പുതിയ വെസലുകൾക്ക് രജിസ്ട്രേഷൻ നൽകാൻ തീരുമാനമായി. എന്നാൽ ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ പുതിയ ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകുന്ന നടപടിക്കെതിരെ ഒരുകൂട്ടം വ്യക്തികളും ഹൗസ്ബോട്ട് അസോസിയേഷനും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും യോഗത്തിൽ എടുത്ത തീരുമാനം സ്റ്റേ ചെയ്തിരിക്കുകയുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ തുറമുഖ വകുപ്പിന് അവിടെ ഒരു പുതിയ പഠനം നടത്താൻ സാധിച്ചിട്ടില്ല.

(ബി) ഹൗസ്ബോട്ടുകളും റിസോർട്ടുകളും കായലുകളിൽ മാലിന്യം തള്ളുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

പ്ലാസ്റ്റിക് കുപ്പികളിലെ വെള്ളം, പ്ലാസ്റ്റിക് പായ്ക്കറ്റുകളിലെ ഭക്ഷണ സാധനങ്ങൾ എന്നിവ കായൽ സന്ദർശനം നടത്തുന്നവർ ഉപയോഗിക്കാതിരിക്കാനും പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിനും ബോട്ടുകളിൽത്തന്നെ കുടിവെള്ളം, ഭക്ഷണം എന്നിവ ക്രമീകരിക്കുന്നതിനും ബോട്ടുടമകൾക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ പെരുമാറ്റ ചട്ടം തയ്യാറാക്കി എല്ലാ ഹൗസ്ബോട്ട് ഉടമകളുടെ സംഘടനകൾക്കും

അയച്ചുകൊടുത്തിട്ടുണ്ട്. എല്ലാ ഹൗസ്ബോട്ടുകളും പെരുമാറ്റ ചട്ടം പാലിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനായി കെ.എം.ബി. ഇൻസ്പെക്ഷൻ ടീമിന് നിർദേശം നൽകിയിട്ടുണ്ട്. ബോട്ടുടമകൾക്കും ഇതുസംബന്ധിച്ച നിർദേശം നൽകിയിട്ടുണ്ട്. ഹൗസ്ബോട്ടുകളിലെ ഖരമാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ തരംതിരിച്ചു ശേഖരിക്കുന്നതിനായി നാലു നിറങ്ങളിലുള്ള കളക്ഷൻ ബാസ്കറ്റുകൾ ബോട്ടുകളിൽ സ്ഥാപിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ ഹൗസ്ബോട്ട് ഉടമകളുടെ സംഘടനകൾ മുഖാന്തരം കോർപ്പറേഷൻ/മുൻസിപ്പാലിറ്റി/പഞ്ചായത്തുകൾക്ക് കൈമാറുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. ബോട്ടുകളിൽ പ്ലാസ്റ്റിക് ഉപയോഗിക്കാൻ പാടില്ലെന്ന് നിർദേശം നൽകിയിട്ടുണ്ട്. സീവേജ് മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് എല്ലാ ഹൗസ്ബോട്ടുകളിലും ബയോടാങ്കുകൾ ഫിറ്റ് ചെയ്യണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ബയോടാങ്കുകളുള്ള ഹൗസ്ബോട്ടുകൾക്കാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റുകളുള്ള ഹൗസ്ബോട്ടുകൾക്ക് മാത്രമേ സർവെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുകയുള്ളൂ.

(സി) ഹൗസ്ബോട്ടിൽനിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനായി സർക്കാർ സ്ഥാപിച്ച സെപ്റ്റേജുകളുടെ പ്രവർത്തനരീതി വിശദമാക്കാമോ?

ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യശേഖരണത്തിന് കുമരകത്ത് ഒരു ബാർജ് പ്രവർത്തിക്കുന്നുണ്ട്. ഈ ബാർജുവഴി ശേഖരിക്കുന്ന മാലിന്യം കുമരകം STP-യിൽ എത്തിച്ച്

സംസ്കരിച്ചുവരികയാണ്. ആലപ്പുഴയിൽ STP-കൾ പ്രവർത്തിക്കുന്നതിനായി ടൂറിസം വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴയിൽ ശുചിമുറി മാലിന്യം ശേഖരിക്കുന്നതിന് DTPC-ക്ക് സ്വന്തമായി ബാർജ് സംവിധാനം നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു.

(ഡി) നിയമസഭാ സമിതികളുടെ നിർദ്ദേശാനുസരണം കായലുകളുടെ ക്യാരിയിങ് കപ്പാസിറ്റിയും ഹൗസ്ബോട്ട് മേഖലയിലെ പ്രശ്നങ്ങളും സംബന്ധിച്ച് സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്?

ഹൗസ്ബോട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ചും കായലിലെ ക്യാരിയിങ് കപ്പാസിറ്റിയെക്കുറിച്ചും പഠിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തുറമുഖം, ടൂറിസം, കോസ്റ്റൽ ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ എന്നീ വകുപ്പുസെക്രട്ടറിമാർ, കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഡി.ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ആലപ്പുഴയിലേയും എറണാകുളത്തേയും എസ്.പി.-മാരെയോ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന സബ്ജക്ട് കമ്മിറ്റി നിർദ്ദേശപ്രകാരം, 08-01-2021-ലെ സ.ഉ.(സാധാ) നം. 7/2021 പ്രകാരം തുറമുഖ വകുപ്പുസെക്രട്ടറി ചെയർമാനായും, ടൂറിസം, കോസ്റ്റൽ ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ, കേരള പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ്, കേരള മാരിടൈം ബോർഡ് എന്നിവയിലെ പ്രതിനിധികൾ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി യോഗംകൂടി വിവിധ പ്രശ്നങ്ങൾ വിലയിരുത്തുകയും ആക്ഷൻ ടേക്കൺ റിപ്പോർട്ട് നിയമസഭാ സമിതിക്ക് നൽകുകയുമുണ്ടായി.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വേമ്പനാട് കായലിലെ ക്യാരിയിങ് കപ്പാസിറ്റിയെ സംബന്ധിച്ച് പഠനം നടത്താൻ തീരുമാനം കൈക്കൊണ്ടെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ പ്രസ്തുത യോഗ തീരുമാനങ്ങളെല്ലാംതന്നെ സ്റ്റേ ചെയ്തതിനാൽ തുറമുഖ വകുപ്പിന് ഇപ്രകാരം ഒരു പഠനവുമായി മുൻപോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട കോടതിയിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവ് ഒഴിവായി കിട്ടാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അനധികൃത ഹൗസ്ബോട്ടുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ ലൈസൻസിങ്, ക്ലാസിഫിക്കേഷൻ സംവിധാനത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ഹൗസ്ബോട്ട് അടക്കമുള്ള എല്ലാ യന്ത്രവൽകൃത യാനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഉൾനാടൻ ജലയാന നിയമം - 2021-ഉം പ്രസ്തുത നിയമത്തിനുകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾ അനുസരിച്ചുമാണ് നടത്തുന്നത്. പ്രസ്തുത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ചതിനുശേഷം വിനോദസഞ്ചാരികൾക്ക് ഹൗസ്ബോട്ട് യൂണിറ്റ് നൽകിവരുന്ന സേവന നിലവാരമനുസരിച്ച് വിനോദസഞ്ചാര വകുപ്പ് സിൽവർ വെസ്സൽ, ഗോൾഡ് വെസ്സൽ, ഡയമണ്ട് വെസ്സൽ എന്നിങ്ങനെ ക്ലാസിഫിക്കേഷൻ നൽകിവരുന്നു. ഹൗസ്ബോട്ട് ക്ലാസിഫിക്കേഷൻ സംബന്ധിച്ച മാർഗനിർദേശങ്ങളിൽ മാലിന്യ സംസ്കരണം മുഖ്യഘടകമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് (08-07-2019-ലെ സ.ഉ.(കൈ) 12/2019/ടി.എസ്.എം.). ടി

ക്ലാസിഫിക്കേഷനായി ഹൗസ് ബോട്ട് ഉടമകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുണ്ട്.

ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് പദ്ധതി

10 (*100) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് പദ്ധതി ആരംഭിച്ചതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

വിവരവിനിമയ സാങ്കേതികവിദ്യയിൽ അഭിരുചിയും കഴിവുമുള്ള കുട്ടികളുടെ ഒരു സംഘത്തെ വാർത്തെടുക്കുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിൽ 2018-ൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബ് യൂണിറ്റുകൾ ആരംഭിച്ചു. പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. വിവരവിനിമയ സാങ്കേതികരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താല്പര്യത്തെ പരിപോഷിപ്പിക്കുക

2. സാങ്കേതികവിദ്യയും സോഫ്റ്റ്വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവരിൽ സൃഷ്ടിച്ചെടുക്കുക

3. വിവരവിനിമയ വിദ്യാസങ്കേതങ്ങൾ ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കുക. അവ നിർമ്മിക്കപ്പെട്ടതിന്റെ അടിസ്ഥാന ആശയങ്ങളും അവയുടെ പ്രവർത്തന പദ്ധതിയുടെ യുക്തിയും ഘടനയും പരിചയപ്പെടുത്തുക

4. വിദ്യാലയങ്ങളിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർഥികളെ പങ്കാളികളാക്കുക

5. വിദ്യാലയത്തിലെ സാങ്കേതികവിദ്യാധിഷ്ഠിത പഠനപ്രവർത്തനങ്ങളുടെ മികവ് കൂട്ടുക, ഉപകരണങ്ങൾക്ക് ഉണ്ടായേക്കാവുന്ന ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർഥികളുടെ സഹകരണം ഉറപ്പാക്കുക

6. സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർഥികളെ ബോധവാന്മാരാക്കുകയും ഇതുമായി ബന്ധപ്പെട്ട പ്രചാരണ പരിപാടികളിൽ നേതൃപരമായ പങ്കാളിത്തം വഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക

7. ഭാഷാ കമ്പ്യൂട്ടിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും വിവിധ ഭാഷാ കമ്പ്യൂട്ടിങ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള അവസരം അവർക്ക് ലഭ്യമാക്കുകയും ചെയ്യുക

8. സംഘപഠനത്തിന്റെയും സഹവർത്തിത പഠനത്തിന്റെയും അനുഭവങ്ങൾ കുട്ടികൾക്ക് പ്രദാനം ചെയ്യുക. പഠന പ്രക്രിയയിൽ ഉപയോഗിക്കാവുന്ന ഡിജിറ്റൽ ഉൽപന്നങ്ങൾ നിർമ്മിക്കുക, കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനത്തിലൂടെ നേതൃപാടവവും സഹകരണ

മനോഭാവവും വളർത്തുക. പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടാനും അവ ഉപയോഗിച്ച് വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുമുള്ള അവസരം വിദ്യാർഥികൾക്ക് ലഭ്യമാക്കുക. വിവരവിനിമയ സാങ്കേതികവിദ്യയുടെ നവീന മേഖലകൾ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരമൊരുക്കുക

9. പഠന പ്രോജക്ട് പ്രവർത്തനങ്ങൾക്കുള്ള മേഖലകൾ കണ്ടെത്തി ഗവേഷണ പ്രവർത്തനങ്ങൾ ചെയ്യാനുള്ള താല്പര്യം വിദ്യാർഥികളിൽ വളർത്തിയെടുക്കുക

(ബി) ഈ പദ്ധതിയിൽ വിദ്യാർഥികളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2264 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളാണ് നിലവിലുള്ളത്. യൂണിറ്റുകളിലെ വിദ്യാർഥികളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സാങ്കേതിക സഹായം ആവശ്യമുള്ള യൂണിറ്റില്ലാത്ത ഹൈസ്കൂളുകളിൽ കൈറ്റ് പ്രത്യേക ഇടപെടൽ നടത്തി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കി

2. കൂടുതൽ വിദ്യാർഥികൾ പഠിക്കുന്നതും പ്രവേശന പരീക്ഷയിൽ 120-ൽ അധികം അംഗങ്ങൾ യോഗ്യത നേടുകയും ചെയ്യുന്ന സ്കൂളുകളിൽ രണ്ടാമത് യൂണിറ്റ് അനുവദിച്ചു

3. പത്രമാധ്യങ്ങളിലൂടെയും വിക്ടേഴ്സ് ചാനലിലൂടെയും പ്രചാരണ പരിപാടികളും ക്ലാസുകളും നൽകുന്നു

4. ഏറ്റവും നല്ല യൂണിറ്റിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുന്നു.

(സി) ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾവഴി വിദ്യാർഥികൾക്ക് ലഭിക്കുന്ന പരിശീലനങ്ങളും ഐ.ടി. സൗകര്യങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കുമോ; ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർഥികൾക്ക് ഐ.സി.ടി. പാഠപുസ്തകത്തിലെ ഉള്ളടക്കങ്ങൾക്കുപരിയായി സാങ്കേതികവിദ്യയിൽ കൂടുതൽ മേഖലകളിൽ പ്രത്യേക പരിശീലനം, ക്യാമ്പുകൾ, പ്രത്യേക പാഠ്യവസ്തുക്കൾ തുടങ്ങിയവ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ ലഭ്യമാക്കുന്നുണ്ട്.

1. യൂണിറ്റുതല പരിശീലനം - ഓരോ യൂണിറ്റിലുമുള്ള കൈറ്റ് മെന്ററുടെ നേതൃത്വത്തിൽ മാസത്തിൽ ഏറ്റവും കുറഞ്ഞത് 4 മണിക്കൂർ സ്കൂൾതലത്തിൽ കൈറ്റ് തയ്യാറാക്കി നൽകുന്ന മൊഡ്യൂൾ അടിസ്ഥാനമാക്കി പ്രത്യേക പരിശീലനം.

2. വിഗ്ധരുടെ ക്ലാസുകൾ - കോഴ്സ് സിലബസുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ 2 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസുകൾ ഓരോ യൂണിറ്റിലും ക്രമീകരിച്ചിട്ടുണ്ട്. ഓരോ ബാച്ചിനും ഒരു അധ്യയന വർഷത്തിൽ ഇങ്ങനെ 4 ക്ലാസുകളെങ്കിലും നടത്തേണ്ടതാണ്.

3. ഫീൽഡ് വിസിറ്റുകൾ/ഇൻഡസ്ട്രിയൽ വിസിറ്റ് സാങ്കേതിക പരിജ്ഞാനം വർധിപ്പിക്കുന്നതിന് ഓരോ ബാച്ചിനും ഒരു ഫീൽഡ് വിസിറ്റ്/ഇൻഡസ്ട്രിയൽ വിസിറ്റ് നടത്തുന്നതിന് നിർദേശിച്ചിട്ടുണ്ട്.

ക്യാമ്പുകൾ: പരിശീലനത്തിന്റെ ഭാഗമായി നാല് തലങ്ങളിൽ (യൂണിറ്റ്, വിദ്യാഭ്യാസ ഉപജില്ല, ജില്ല, സംസ്ഥാനം) ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

പാഠ്യവസ്തുക്കൾ: ഹൈടെക് ഉപകരണങ്ങളുടെ ശരിയായ ഉപയോഗം, പരിപാലനം, കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ, സിസ്റ്റം കോൺഫിഗറേഷൻ, പ്രൊജക്ടർ ക്രമീകരണങ്ങൾ, ഭാഷാ കമ്പ്യൂട്ടിങ് സങ്കേതങ്ങൾ, വിക്കിപീഡിയ, സ്കൂൾ വിക്കി, ഗ്രാഫിക്, മൾട്ടി മീഡിയ സോഫ്റ്റ്‌വെയറുകളും അവയുടെ ഉൽപന്നങ്ങളും, ഓഡിയോ, വീഡിയോ റിക്കോർഡിങ്, എഡിറ്റിങ്, 2D, 3D അനിമേഷൻ സോഫ്റ്റ്‌വെയറുകൾ, ആൽബം നിർമാണം, ഡോക്യുമെന്റേഷൻ, കൈറ്റ് വിക്ടേഴ്സ് ചാനലിലേക്ക് പ്രോഗ്രാമുകൾ തയാറാക്കൽ, ചാനൽ കാണാനുള്ള അവസരമൊരുക്കൽ, പ്രചാരണപരിപാടികൾ സംഘടിപ്പിക്കൽ, കൈറ്റ് വിക്ടേഴ്സിലേക്ക് ആവശ്യമായ വാർത്തകൾ, ഡോക്യുമെന്ററികൾ തയാറാക്കൽ, കമ്പ്യൂട്ടർ പ്രോഗ്രാമിങ്, എത്തിക്കൽ ഹാക്കിങ്, സ്ക്രാച്ച്, ടർട്ടിൽ ആർട്ട് തുടങ്ങിയ ലോജിക് സോഫ്റ്റ്‌വെയറുകൾ, പ്രോഗ്രാമിങ് അടിസ്ഥാന ആശയങ്ങൾ, ഇലക്ട്രോണിക്സും അപ്ലൈഡ് കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങും, അടിസ്ഥാന ഇലക്ട്രോണിക്സ് ആശയങ്ങൾ, റാസ്പ്ബെറി പൈ, ഇലക്ട്രോണിക് കിറ്റ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള അപ്ലൈഡ് ഇലക്ട്രോണിക്സ് & പ്രോഗ്രാമിങ്, റോബോട്ടിക്സ്, മൊബൈൽ ആപ്പുകളും ആപ്പ് നിർമാണ സോഫ്റ്റ്‌വെയറുകളും, മൊബൈൽ ഫോൺ സോഫ്റ്റ്‌വെയറുകൾ, ഇന്റർനെറ്റ് നൈതികതയും സൈബർ സുരക്ഷയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ പാഠ്യവസ്തുക്കൾ കാലാനുസൃതമായി പുതുക്കി പരിശീലിപ്പിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതി വിദ്യാർഥികളുടെ ഭാവി തൊഴിൽ സാധ്യതകൾക്ക് സഹായകരമാണോ; വിശദമാക്കുമോ?

നിലവിൽ ഹൈസ്കൂൾതലം വരെയുള്ള വിദ്യാർഥികൾക്കാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ എന്നതിനാൽ വിവിധ മേഖലകളിൽ പ്രത്യേക സാങ്കേതിക പരിജ്ഞാനവും പരിശീലനവും ലഭ്യമാക്കി കുട്ടികളിൽ വൈദഗ്ധ്യം ജനിപ്പിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്.

(ഇ) സംസ്ഥാനത്തുടനീളം പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനായി സർക്കാർ നൽകിയ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിക്കുന്നതിന് സൗകര്യമുള്ള മിക്ക ഹൈസ്കൂളുകളിലും നിലവിൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ കൈറ്റിന് അനുവദിക്കുന്ന പ്ലാൻ ഫണ്ട് പ്രയോജനപ്പെടുത്തിയാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. സ്കൂൾതലത്തിൽ രണ്ട് കൈറ്റ് മെന്റർമാർ (പെൺകുട്ടികൾ അംഗങ്ങളായ സ്കൂളുകളിൽ നിർബന്ധമായും ഒരു അധ്യാപിക) വിദ്യാഭ്യാസ ഉപജില്ലാതലത്തിൽ കൈറ്റ് മാസ്റ്റർ ട്രെയിനർ, ജില്ലാ തലത്തിൽ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, സംസ്ഥാനതലത്തിൽ ഇംപ്ലിമെന്റിങ് & മോണിറ്ററിങ് ടീം തുടങ്ങിയവരുടെ അക്കാദമികവും സാങ്കേതികവുമായ സഹായങ്ങൾ ലഭ്യമാക്കുന്നു.

വിദ്യാർഥികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കാൻ പദ്ധതി

11 (*101) ശ്രീമതി ദെലീമ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർഥികളുടെ സർഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

വിദ്യാർഥികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കഥ, കവിത, ചിത്രരചന, അഭിനയം, നാടൻപാട്ട്, പുസ്തകാസ്വാദനം, കാവ്യാലാപനം എന്നീ വിഭാഗങ്ങളിലായി സ്കൂൾതലം, സബ്ജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം എന്നീ ഘട്ടങ്ങളിൽ ശില്പശാലകൾ സർഗോത്സവം എന്ന പേരിൽ സംഘടിപ്പിക്കുന്നു. സാഹിത്യകാരന്മാരുമായുള്ള സംവാദങ്ങൾ, കുട്ടികളുടെ രചനാവതരണം, ചർച്ചകൾ, സാംസ്കാരിക കലാരൂപങ്ങളുടെ അവതരണം തുടങ്ങിയവ ശില്പശാലയുടെ ഭാഗമായി നടന്നുവരുന്നു.

വിദ്യാർഥികളുടെ സാഹിത്യവിജ്ഞാനവും ഭാഷാപ്രയോഗശേഷിയും അവതരണ മികവും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാരംഗം കലാസാഹിത്യവേദി എല്ലാ വർഷവും സാഹിത്യ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു. വിദ്യാർഥികൾക്ക് നൽകപ്പെടുന്ന സാഹിത്യാത്മകമായ വിഷയത്തെ അടിസ്ഥാനമാക്കി അവർ പുസ്തകങ്ങളുടെയും അധ്യാപകരുടെയും വിദഗ്ധരുടെയും സമൂഹമാധ്യമങ്ങളുടെയും പൊതുജനാന്വേഷണങ്ങളുടെയും സ്ഥല സന്ദർശനത്തിന്റെയും സഹായത്തോടെ നേടിയ

വിവരങ്ങൾ വച്ചുകൊണ്ട് പ്രബന്ധം തയ്യാറാക്കുന്നു. തയ്യാറാക്കിയ പ്രബന്ധങ്ങൾ സ്കൂൾ, ഉപജില്ല, ജില്ല എന്നിവിടങ്ങളിൽ അവതരിപ്പിക്കപ്പെട്ട് ഓരോ ജില്ലയിൽനിന്നും ഏറ്റവും മികച്ച രണ്ടെണ്ണം സംസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നു. ഇവ സംസ്ഥാനതലത്തിൽ രണ്ടു ദിവസത്തെ പരിപാടിയായി അവതരിപ്പിക്കപ്പെടുന്നു. അവതരണത്തോടൊപ്പം വിദ്യാർഥികൾക്ക് സെമിനാർ വിഷയ സംബന്ധിയായ വിദഗ്ധ ക്ലാസുകളും നൽകിവരുന്നു. 'മഞ്ഞ്-എം.ടി.-യുടെ നോവലിലെ ഭാവകാവ്യം' എന്നതാണ് ഈ വർഷത്തെ സാഹിത്യ സെമിനാറിന് നൽകിയിരിക്കുന്ന വിഷയം.

ഇതോടൊപ്പം വിദ്യാർഥികളുടെ മലയാള ഭാഷാ പരിജ്ഞാനവും പ്രയോഗശേഷിയും വർധിപ്പിക്കുന്നതിനായി വാങ്മയം എന്ന പേരിൽ വിവിധതലങ്ങളിൽ പരീക്ഷകൾ നടത്തിവരുന്നു. വിദ്യാർഥികളുടെ സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കുന്നതിനും സമകാലിക സാഹിത്യ സാംസ്കാരിക വിഷയങ്ങളിൽ ധാരണ ഉളവാക്കുന്നതിനും പൊതുവിദ്യാഭ്യാസവകുപ്പ് എല്ലാമാസവും വിദ്യാരംഗം മാസിക പ്രസിദ്ധീകരിക്കുന്നു. കുട്ടികളുടെ രചനാശീലവും സാഹിത്യ തല്പരതയും വർധിപ്പിക്കുന്നതിന് വിദ്യാരംഗം മാസിക നിസ്തുലമായ പങ്കുവഹിക്കുന്നുണ്ട്.

സംസ്ഥാനത്ത് വിദ്യാർഥികളുടെ സർഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികളും അവയുടെ വിശദാംശങ്ങളും ചുവടെ നൽകുന്നു:

1. സചിത്രപുസ്തകം (പിക്ചർ ഡയറി)

ചിത്രങ്ങളെ കുട്ടികൾ ഇഷ്ടപ്പെടുന്നു. അതുപോലെതന്നെ ചിത്രം വരയ്ക്കുന്നതും അവർക്ക് ഇഷ്ടമാണ്. കുട്ടികളുടെ ഈ താൽപര്യത്തെ കണക്കിലെടുത്തുകൊണ്ട് ലോവർ പ്രൈമറി ക്ലാസുകളിൽ സചിത്ര പുസ്തകം നടപ്പിലാക്കുന്നു. കുട്ടികൾക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ ഒട്ടിച്ചും വരച്ചും അവയെക്കുറിച്ച് എഴുതിയും സചിത്രപുസ്തകം ഭംഗിയാക്കുന്നു.

2. സംയുക്ത ഡയറി

1, 2 ക്ലാസിലെ കുട്ടികൾ രക്ഷിതാക്കളുടെയും അധ്യാപകരുടെയും മുതിർന്നവരുടെയും സഹായത്തോടെ ദിനംപ്രതി തയ്യാറാക്കുന്ന ഡയറിയാണ് സംയുക്ത ഡയറി. ഈ ഡയറിയിൽ കുട്ടികൾ പെൻസിൽകൊണ്ടും മുതിർന്നവർ പേനകൊണ്ടുമാണ് എഴുതുന്നത്. അധ്യയന വർഷത്തിന്റെ തുടക്കത്തിൽ കുട്ടികളുടെ പെൻസിൽകൊണ്ടുള്ള എഴുത്ത് കുറവും പേനകൊണ്ടുള്ള എഴുത്ത് കൂടുതലുമാണ്. ക്രമേണ പെൻസിൽ കൊണ്ടുള്ള എഴുത്ത് കൂടിവരുന്നതായി കാണാൻ കഴിയുന്നു.

3. സർഗാത്മക ഡയറി

3, 4 ക്ലാസുകളിലെ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

4. ടാലന്റ് ലാബ്

കുട്ടികളുടെ പ്രത്യേക കഴിവുകളെ കണ്ടെത്തി പോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടിയാണിത്. കുട്ടിയുടെ കഴിവുകൾ കുട്ടിക്കും രക്ഷിതാവിനും തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നതിനും പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തി എങ്ങനെ കുട്ടിയുടെ അഭിരുചികൾ വികസിപ്പിക്കാമെന്നതും ഈ പരിപാടിയിലൂടെ വിദ്യാലയത്തിനും

സമൂഹത്തിനും ബോധ്യപ്പെടുന്നു.

5. ജ്വാല – ഗേൾസ് തിയേറ്റർ

ലിംഗനീതിയും സമത്വവും ഉറപ്പുവരുത്തുന്നതിനും ആത്മവിശ്വാസത്തോടെ പ്രകടനങ്ങൾ നടത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനും തിയേറ്റർ എന്ന സാധ്യതയിലൂടെ ആത്മാവിഷ്കാരത്തിന് അവസരം നൽകുന്നതിനും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഭിന്നലിംഗക്കാർക്കും തുല്യ അവസരങ്ങളും പരിഗണനയും ഒരുക്കേണ്ടതിന്റെ പ്രാധാന്യം സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണ് ജ്വാല. ഇതിന്റെ ഭാഗമായി സ്കൂൾതല അവതരണം, ബി.ആർ.സി.-തല ജ്വാല ക്യാമ്പ്, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ജ്വാല കനൽക്കൂട്ടം തിയേറ്റർ ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു. സ്വയം പ്രകാശനത്തിനും സർഗാത്മകശേഷി വികാസത്തിനും മനക്കരുത്ത് നേടുന്നതിനും പെൺകുട്ടികളെ പ്രാപ്തരാക്കുന്നതിന് ഈ പരിപാടിയിലൂടെ സാധിച്ചു.

6. എഴുത്തുപച്ച

പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സാഹിത്യസൃഷ്ടികൾ വിദഗ്ധരുടെ സഹായത്തോടെ എഡിറ്റ് ചെയ്ത് പുസ്തക രൂപത്തിലാക്കി എസ്.സി.ഇ.ആർ.ടി.-യുടെ അംഗീകാരത്തോടെ പ്രിന്റ് ചെയ്ത് സർക്കാർ സ്കൂൾ ലൈബ്രറികൾക്കും സാഹിത്യ സൃഷ്ടികൾ തയ്യാറാക്കിയ കുട്ടികൾക്കും നൽകി. ഈ പുസ്തകങ്ങളിലെ കവർ പേജുകളിലെ മുഖചിത്രങ്ങൾ വരച്ചിട്ടുള്ളതും കുട്ടികൾ തന്നെയാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നട, അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളിലായി 76 പുസ്തകങ്ങളാണ് പ്രിന്റ് ചെയ്ത് നൽകിയത്.

7. എഴുത്തുകൂട്ടം

•കുട്ടികളിൽ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

•വിവിധ തരത്തിലുള്ള സാഹിത്യ കൃതികൾ കുട്ടികളെ പരിചയപ്പെടുത്തുന്നു (നോവൽ, ചെറുകഥ തുടങ്ങിയവ)

•കൃതികൾ കുട്ടികൾ വായിക്കുന്നു

•വായനാമൂലകൾ, ക്ലാസ് മുറികൾ എന്നിവിടങ്ങളിൽനിന്ന് കുട്ടികളുടെ വായന വികസിക്കുന്നു

•വായന വളരുന്നതോടെ സർഗാത്മകതയും വികസിക്കുന്നു.

പ്രവർത്തനങ്ങൾ

•മികച്ച വായനക്കാരെ കണ്ടെത്തി അഭിനന്ദിക്കുന്നു

•വായിച്ച കൃതികളുടെ ആസ്വാദനം അവതരിപ്പിക്കുന്നു

•സ്വതന്ത്ര വായനക്ക് അവസരം നൽകുന്നു

•സർഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ സർഗ്ഗ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു

•കുട്ടികളുടെ എഴുത്തുകൾ മാസികയായി പ്രസിദ്ധീകരിക്കുന്നു.

8. എഫ്.എം. റേഡിയോ ക്ലബ്ബ്

പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവുകൾ സമൂഹവുമായി ആസ്വാദ്യകരമായ രീതിയിൽ വിനിമയം ചെയ്യാനുതകുന്ന പദ്ധതിയാണിത്. ഇവിടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റേഡിയോ ജോക്കികളായി പങ്കുചേരുന്നതിന് അവസരമൊരുക്കി.

9. കഥാകൗതുകം

1 മുതൽ 7 വരെ ക്ലാസുകളിൽ കഥാരചന, കഥാകഥനം, കഥയുടെ ദൃശ്യാവിഷ്കാര രീതികൾ എന്നിവയോട് താൽപര്യം ജനിപ്പിക്കുന്നതിന് ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതി.

10. നേർക്കാഴ്ച

കോവിഡ് കാലത്ത് കുട്ടികളുടെ മനസിൽ തെളിഞ്ഞ ആശയങ്ങളും അനുഭവങ്ങളും ചിത്രങ്ങളായി തയ്യാറാക്കാൻ രൂപപ്പെടുത്തിയ പ്രവർത്തനമാണ് നേർക്കാഴ്ച. ഇതിന്റെ ഭാഗമായി ഒരു കുട്ടി വരച്ച ചിത്രമാണ് 2021-22 കേരള ബജറ്റ് പേപ്പറിന്റെ മുഖചിത്രമായി സ്വീകരിച്ചത്. കുട്ടികൾ തയ്യാറാക്കിയ ചിത്രങ്ങൾ സ്കൂൾ വിക്കിയിൽ ഡോക്യുമെന്റ് ചെയ്യപ്പെട്ടു. കുട്ടികൾ തയ്യാറാക്കിയ ചിത്രങ്ങൾ ബ്ലോക്കുതലത്തിലും തുടർന്ന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ശേഖരിക്കുകയും അവ പുസ്തക രൂപത്തിലാക്കുകയും (LP, UP, HS, HSS) ചെയ്തു.

11. അക്ഷരവൃക്ഷം

കോവിഡ് കാലത്ത് രാജ്യം മുഴുവൻ അടച്ചുപൂട്ടിയപ്പോൾ ഏറ്റവും കൂടുതൽ ഒറ്റപ്പെട്ടുപോയത് സ്കൂൾ കുട്ടികളാണ്. അവരെ ചേർത്തുപിടിക്കാനും ഒറ്റപ്പെടലിനെ

സാധ്യതകളാക്കി മാറ്റാനും നടപ്പാക്കിയ പദ്ധതിയാണ് അക്ഷരവൃക്ഷം പദ്ധതി.

ഓൺലൈൻ/ഡിജിറ്റൽ പഠനാനുഭവങ്ങൾ, കോവിഡ് കാലത്തെ സാമൂഹിക സാഹചര്യം, ജീവിതാനുഭവങ്ങൾ, പ്രതീക്ഷകൾ തുടങ്ങിയവ പ്രതിഫലിപ്പിക്കുന്ന രചനകൾ തയ്യാറാക്കാൻ കുട്ടികൾക്ക് അവസരം നൽകി. ലക്ഷക്കണക്കിന് സൃഷ്ടികളിൽനിന്നും തെരഞ്ഞെടുത്ത അറുപതിനായിരത്തോളം സൃഷ്ടികൾ സ്കൂൾ വിക്കിയിലൂടെ പ്രകാശിതമായി. അവയിൽനിന്നും തെരഞ്ഞെടുത്ത നാലായിരത്തോളം വിദ്യാർഥികളുടെ രചനകൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പത്ത് വാല്യങ്ങളായി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു. ബഹുമാനപ്പെട്ട കേരള ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2021-22 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ അക്ഷരവൃക്ഷത്തിന്റെ ഭാഗമായി കുട്ടികൾ രചിച്ച നിരവധി കവിതകൾ പരാമർശിക്കുകയുണ്ടായി. ഇവയക്ക് പത്ര-ദൃശ്യ മാധ്യമങ്ങളും സമൂഹ മാധ്യമങ്ങളും വൻപ്രചാരമാണ് നൽകിയത്.

ബജറ്റിൽ പരാമർശിച്ച ഒരു കവിത ചുവടെ നൽകുന്നു.

നേരം പുലരുകയും

സൂര്യൻ സർവ്വ തേജസ്സോടെ ഉദിക്കുകയും

കനിവാർന്ന പൂക്കൾ വിരിയുകയും

വെളിച്ചം ഭൂമിയെ സ്വർഗമാക്കുകയും ചെയ്യും

നാം കൊറോണക്കെതിരെ

പോരാടി വിജയിക്കുകയും

ആനന്ദം നിറഞ്ഞ പുലരിയെ

തിരികെ എത്തിക്കുകയും ചെയ്യും.

കെ. സ്നേഹ
ക്ലാസ്സ്-7, ജി.എച്ച്.എസ്. കുഴൽമന്ദം
പാലക്കാട്

12. രസക്കൂട്ട്

സമഗ്ര ശിക്ഷാ കേരളം നിർമ്മിച്ച് ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്ത വിനോദ വിജ്ഞാന പരിപാടിയാണ് രസക്കൂട്ട്. പ്രസ്തുത പരിപാടി എല്ലാ വ്യാഴാഴ്ചകളിലും അനന്തപുരി എഫ്.എം.-ൽ രാവിലെ 10-നും എല്ലാ ആകാശവാണി സ്റ്റേഷനുകളിലും വൈകുന്നേരം 5.20-നും 2020-21-ൽ പ്രക്ഷേപണം ചെയ്തിരുന്നു.

കോവിഡ് കാലത്ത് വീട്ടിൽത്തന്നെ തുടർന്ന കുട്ടികൾക്ക് മാനസികോല്ലാസവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന പരിപാടിയാണ് 'രസക്കൂട്ട്'. കേരളത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ട കലകൾ, കഥകൾ, പാട്ടുകൾ, കവിതകൾ, കളികൾ തുടങ്ങിയവ രസകരവും ലാളിത്യവും നിറഞ്ഞ അവതരണങ്ങളിലൂടെ പരിചയപ്പെടുത്തുകയാണ് രസക്കൂട്ടിലൂടെ ചെയ്തത്. നാടോടി കഥകളും നാട്ടുകവിതകളും ഗ്രാമകലകളും മുത്തശ്ശിമാരുടെ ചൊല്ലുകളും കേട്ടുവളർന്ന തലമുറകളുടെ ഗൃഹാതുരതയുടെ വീണ്ടെടുപ്പ് കൂടിയാണ് രസക്കൂട്ട്. പ്രൈമറിതലത്തിലെ കുട്ടികൾക്കുള്ള ക്രിസ്തുമസ്-പുതുവത്സര സമ്മാനമായാണ് സമഗ്ര ശിക്ഷാ കേരളം രസക്കൂട്ട് തയ്യാറാക്കിയത്. സംസ്ഥാനത്തെ എല്ലാ പ്രൈമറി കുട്ടികൾക്കും ഓഡിയോ പ്രോഗ്രാം

ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ആകാശവാണിയിലെ പ്രക്ഷേപണത്തിലൂടെ ഒരുക്കിയിട്ടുണ്ടായിരുന്നു. സമഗ്ര ശിക്ഷയുടെ യൂട്യൂബ് ചാനലിലൂടെയും സംസ്ഥാനത്തെ ജില്ലാ-ബി.ആർ.സി.-സി.ആർ.സി. തലത്തിലെ ഔദ്യോഗിക നവമാധ്യമ അധ്യാപക കൂട്ടായ്മകളിലൂടെയും പ്രക്ഷേപണത്തിനുശേഷം രസക്കൂട്ട് ലഭ്യമാക്കി. 10 മിനിട്ടാണ് പ്രോഗ്രാമിന്റെ സമയദൈർഘ്യം. കഥാകാവ്യ പരിപാടിയായ രസക്കൂട്ടിന്റെ അക്കാദമികമായ കാഴ്ചപ്പാടുകളും അവതരണവും മികവാർന്നതും ഗുണമേന്മയിൽ അധിഷ്ഠിതവുമായിരുന്നു.

(ബി) കുസാറ്റുമായി ചേർന്ന് ആരംഭിച്ച സ്റ്റീം എക്കോ സിസ്റ്റം പദ്ധതിയും ടെക് ടാലന്റ് പ്രതിഭാ പോഷണ പദ്ധതിയും വിശദമാക്കുമോ?

അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളിൽ ശാസ്ത്രബോധം, ഗവേഷണ തൽപരത എന്നിവ വളർത്തുന്നതിനുള്ള പദ്ധതിയാണ് സ്റ്റീം ഇക്കോസിസ്റ്റം. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി (കുസാറ്റ്)യുമായി ചേർന്നാണ് പ്രോഗ്രാം നടപ്പിലാക്കുന്നത്. STEM എഡ്യൂക്കേഷന്റെ സാധ്യതയും പ്രായോഗികതയും ഉറപ്പാക്കി ശാസ്ത്ര സാങ്കേതികവിദ്യയും ഗണിതം, ആർട്സ്, എഞ്ചിനീയറിങ് മേഖലകളിലെ അത്യന്താധുനിക സംവിധാനങ്ങളെ പരിചയപ്പെടാനും പ്രയോഗിക്കാനുമുള്ള അവസരവും സ്റ്റീം ഇക്കോസിസ്റ്റം തുറന്നുകൊടുക്കുന്നു. വിദ്യാർഥികളുടെ സമഗ്രമായ വികാസം സാധ്യമാക്കുകയാണ് സ്റ്റീം ഇക്കോ സിസ്റ്റത്തിന്റെ ലക്ഷ്യം.

കുട്ടികളിൽ STEM സ്കിൽസ് (പ്രോബ്ലം സോൾവിങ്, ക്രിട്ടിക്കൽ അനാലിസിസ്, ടീം വർക്ക്, കമ്മ്യൂണിക്കേഷൻ, എൻജിനീയറിങ് ഡിസൈൻ etc) വളർത്തുന്ന തരത്തിലുള്ള പഠന

പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി 6 ജില്ലകളിലായി 87 ബ്ലോക്കുകളിൽ സ്മീം ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ അപ്പർ പ്രൈമറി തലത്തിൽ സ്മീം പദ്ധതിയോടൊപ്പം 686 ഇന്റഗ്രേറ്റഡ് ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്.

(സി) സഹിതം പോർട്ടലുകൾ വഴിയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത പഠന വിശകലന സംവിധാനം വിശദമാക്കാമോ?

'സഹിതം' പോർട്ടലിൽ ഉൾപ്പെടുത്തുന്ന കുട്ടികളുടെ ഡാറ്റയ്ക്ക് അനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠന വിശകലന സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കൂൾ കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധയും പഠന പിന്തുണയും പരിപോഷിപ്പിക്കുന്നതിനും മാർഗനിർദേശങ്ങൾ നൽകുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഏർപ്പെടുത്തിയ മെന്ററിങ് സംവിധാനമാണ് 'സഹിതം'. കുട്ടികളിൽ അക്കാദമിക മികവ് പുലർത്തുന്നതോടൊപ്പംതന്നെ സാമൂഹിക മികവും വളർത്താൻ സഹായിക്കുക, മാനസിക വ്യതിയാനം പ്രകടമാക്കുന്ന കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വീടുകളിലുള്ള കാര്യങ്ങൾ ഉൾപ്പെടെ മനസിലാക്കി കുട്ടികളുടെ പിരിമുറുക്കം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, അധ്യാപകർക്ക് മനഃശാസ്ത്രപരമായ പരിശീലനം ഉൾപ്പെടെ ഇതിനായി

ഏർപ്പെടുത്തുക, ഓരോ കുട്ടിയും അവരവരുടെ കഴിവിനനുസരിച്ച് പരമാവധി ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്താൻ സഹായിക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് 14-02-2020-ലെ സ.ഉ. (സാധാ) നം. 763/2020/ പൊ.വി.വ ഉത്തരവ് അനുസരിച്ചാണ് സഹിതം പദ്ധതി നടപ്പിലാക്കുന്നത്.

പരിഷ്കരിച്ച പാഠപുസ്തകങ്ങൾക്കനുസരിച്ച് ഒന്ന് മുതൽ ഏഴ് വരെ ക്ലാസുകളിലെ പാഠഭാഗങ്ങളുടെ സൂചകങ്ങൾ സഹിതം മെന്ററിങ് പോർട്ടലിലേക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സൂചകങ്ങൾ ഉപയോഗിച്ച് അധ്യാപകർക്ക് മെന്ററിങ് പ്രവർത്തനങ്ങൾ നടത്തി ഓരോ കുട്ടിയുടേയും ഡിജിറ്റൽ പ്രൊഫൈൽ തയ്യാറാക്കാം.

'സഹിതം' പോർട്ടലിലെ Mentor-Mentee mapping സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഓരോ കുട്ടിക്കും അധ്യാപിക/അധ്യാപകനെ മെന്ററായി നിശ്ചയിച്ച് കുട്ടികളെ മെന്ററിങ് ചെയ്ത് 'സഹിതം' പോർട്ടലിൽ രേഖപ്പെടുത്തലുകൾ നടത്താനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

സ്കൂൾ കുട്ടികളുടെ വിവരങ്ങൾ പ്രത്യേകമായി ടൈപ്പ് ചെയ്ത് ചേർക്കാതെതന്നെ 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിൽനിന്ന് 'സഹിതം' പോർട്ടലിലേക്ക് Sampoorna sync ഓപ്ഷൻ പ്രയോജനപ്പെടുത്തി ഉൾപ്പെടുത്താം.

(ഡി) വായനാ വസന്തം പരിപാടിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിൽ വരുത്തിയതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ സംരംഭങ്ങളുടെ

ഭാഗമായി വിദ്യാർഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ ഒരു പുതിയ പദ്ധതി "ലൈബ്രറികളും ക്ലാസ്റൂം ലൈബ്രറികളും" എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആരംഭിക്കുകയും സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുകയും ചെയ്തിരുന്നു. 2021-22 അധ്യയനവർഷത്തിൽ വിദ്യാർഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിനായി "വായനയുടെ വസന്തം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചു. സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുകയും പ്രസ്തുത തുക ചെലവഴിക്കുകയും ചെയ്തു. കൂടാതെ ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തുകയും നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 മുതൽ 2021-22 വരെ ഗവ. എച്ച്.എസ്., യു.പി., എയ്ഡഡ് എച്ച്.എസ്., യു.പി. സ്കൂളുകൾക്ക് ഈ പദ്ധതിപ്രകാരം വിവിധ ലൈബ്രറി പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ അവയിൽ മിക്കതിനും മതിയായ സംഭരണ സൗകര്യമില്ല. ഈ സാഹചര്യത്തിൽ മുൻവർഷങ്ങളിൽ വൻതോതിൽ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു. 203 സർക്കാർ സ്കൂളുകളിൽ ബുക്ക് റാക്ക് വാങ്ങി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്ന് മുതൽ നാലാം ക്ലാസുവരെയുള്ള ഓരോ കുട്ടിയുടെയും വീട്ടിൽ വായാനാ വസന്തം പദ്ധതിയുടെ ഭാഗമായി സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 3 പുസ്തകങ്ങൾ തയ്യാറാക്കി പ്രിന്റ് ചെയ്ത് എത്തിച്ചുനൽകി. മാതൃഭാഷയിലുള്ള (മലയാളം, തമിഴ്, കന്നട) രണ്ട് പുസ്തകങ്ങളും ഒരു ഇംഗ്ലീഷ് പുസ്തകവുമാണ് ഇത്തരത്തിൽ

നൽകിയത്. 12 ലക്ഷത്തോളം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

പ്രത്യേക ആവശ്യങ്ങൾക്കായി പതിച്ചുനൽകിയ ഭൂമിയുടെ വിനിയോഗം

12 (*102) ശ്രീ. പി. എസ്. സുപാൽ:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക ആവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ പട്ടയ ഉടമകൾ വിനിയോഗിക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയും പ്രത്യേകിച്ച് പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ കൂടുതലായും കാർഷികാവശ്യങ്ങൾക്കായി പതിച്ചുനൽകിയ ഭൂമികൾ നിർദിഷ്ട ആവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വിനിയോഗമാറ്റം നിയന്ത്രിക്കുന്നത് സംബന്ധിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിവിധ കേസുകളിലായി ധാരാളം വിധിന്യായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ബി) പട്ടയ ഭൂമിയിൽ ജീവനോപാധികൾക്കായി നടത്തിയ ചെറുനിർമ്മാണങ്ങളും വകമാറ്റിയുള്ള ഉപയോഗവും ക്രമീകരിച്ച് നൽകേണ്ട ആവശ്യം വിലയിരുത്തിയിട്ടുണ്ടോ; ഇതിനാവശ്യമായ ചട്ടങ്ങളിൽ ഭേദഗതികൾ കൊണ്ടുവരാൻ

ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പട്ടയഭൂമിയിൽ ജീവനോപാധികൾക്കായി നടത്തിയ ചെറു നിർമ്മാണങ്ങളും വകമാറ്റിയുള്ള ഉപയോഗവും ക്രമീകരിച്ച് നൽകേണ്ട ആവശ്യം വിലയിരുത്തിയിട്ടുള്ളതും അത്തരം നടപടികളുടെ ഭാഗമായി 22-08-2019-ൽ ജി.ഒ. (എം.എസ്.) 269/2019/ആർ.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിന് ടി ഉത്തരവ് അപര്യാപ്തമാണെന്ന് കണ്ടതിനാൽ ഇത്തരം വകമാറ്റിയിട്ടുള്ള വിനിയോഗം ക്രമവൽകരിക്കുന്നതിനായി, 1960-ലെ കേരള ഭൂമി പതിവു നിയമത്തിൽ ഭേദഗതി വരുത്തി 4 A എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തു. "2023-ലെ കേരള ഗവണ്മെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ആക്ട് " പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ 4 A (1) വകുപ്പുപ്രകാരം പതിച്ചുകൊടുത്ത ഭൂമി, പതിച്ചുകൊടുത്ത ആവശ്യത്തിനല്ലാതെ വിനിയോഗിക്കുന്നതുമൂലമുള്ള വ്യവസ്ഥാ ലംഘനങ്ങൾ ക്രമീകരിച്ച് നൽകാൻ സർക്കാരിന് അധികാരം ലഭിച്ചു. 4 A (2) പ്രകാരം നിയമം വരുന്ന തീയതിയിൽ കൈവശമുള്ള പട്ടയഭൂമിയിൽ പുതിയ നിർമ്മാണം അനുവദിക്കാനുള്ള അധികാരവും സർക്കാരിന് ലഭിച്ചിട്ടുണ്ട്. 4 A (1) വകുപ്പിനനുസൃതമായ ചട്ടത്തിന് മന്ത്രിസഭ അംഗീകാരം നൽകുകയും 16-09-2025-ൽ സബ്ജക്ട് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടയഭൂമിയിലെ ഇത്തരത്തിലുള്ള ഉപയോഗം ക്രമീകരിക്കുന്നതിന് നിശ്ചിത കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും എങ്കിൽ നിശ്ചിത കാലപരിധിക്കുശേഷമുള്ള നിർമ്മാണം ക്രമീകരിക്കുന്നതിന് സൗകര്യമൊരുക്കുമോയെന്നും വ്യക്തമാക്കാമോ?

കാലപരിധി നിശ്ചയിച്ചിട്ടുള്ളതാണ്. പട്ടയം അനുവദിച്ച നിർദിഷ്ട ആവശ്യത്തിൽനിന്നും വകമാറ്റിയുള്ള ഉപയോഗം ക്രമവൽകരിക്കുന്നത് സംബന്ധിച്ച് കേരള ഭൂമി പതിവ് (ഭേദഗതി) നിയമത്തിന്റെ [ആക്ട് 10 (2024)] പ്രാബല്യ തീയതിയായ 2024 ജൂൺ 7 വരെ നടത്തിയിട്ടുള്ള വിനിയോഗമാറ്റങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽകരിച്ചു നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങൾ വളർത്താൻ നടപടി

13 (*103) ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങൾ വളർത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

സംസ്ഥാനത്ത് ആരോഗ്യകരമായ തൊഴിൽബന്ധങ്ങൾ വളർത്തുന്നതിന്റെ ഭാഗമായി ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം

നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമ ലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്കിടയിലുള്ള തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്ലാന്റേഷൻ ലേബർ നിയമം 1951 നടപ്പിലാക്കുന്നതിനുമായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും വകുപ്പിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾക്ക് അനുസൃതമായി ചുമട്ടുതൊഴിൽ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കും പരിഷ്കാരങ്ങൾക്കുമൊപ്പം നിൽക്കാൻ ചുമട്ടുതൊഴിലാളികളെ സജ്ജരാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് നിരന്തരമായി പരിശീലന പരിപാടികൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

(ബി) ചുമട്ടുതൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തൊഴിലാളികൾക്ക് വൈദഗ്ധ്യ പരിശീലനം നൽകുന്നതിനുവേണ്ട സ്കിൽഡ് ലേബേഴ്സ് എന്ന വിഭാഗത്തിൽനിന്നും മാറ്റിനിർത്തപ്പെടാതിരിക്കാൻ തൊഴിലാളികൾക്ക് വൈദഗ്ധ്യ പരിശീലനം നൽകുന്ന 'നവശക്തി പദ്ധതി' ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് നടപ്പിലാക്കിവരുന്നു. ആലുവ ISRO യാർഡ്, ആലുവ ഗോഡൗൺ, ഇടയാർ ഇൻഡസ്ട്രിയൽ

പാർക്ക്, തൃക്കാക്കര ഇൻഫോ പാർക്ക് എന്നിവിടങ്ങളിലെ 150 തൊഴിലാളികളെ തെരഞ്ഞെടുത്ത് ആരോഗ്യ പരിശീലനം, സോഫ്റ്റ് സ്കിൽ പരിശീലനം, ടെക്നിക്കൽ പരിശീലനം എന്നിങ്ങനെ മൂന്ന് മാസത്തോളം നീണ്ട പരിശീലനം നൽകുകയും അവർക്ക് പ്രത്യേക യൂണിഫോം, ഫോർക്ക് ലിഫ്റ്റ്, മിനി ക്രെയിൻ തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള ലൈസൻസ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നവശക്തി പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. മാത്രമല്ല ചുമട്ടുതൊഴിൽ എന്ന നിർവചനത്തിനുമപ്പുറം തൊഴിലിന്റെ വ്യാപ്തി വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബോർഡ് നടത്തിവരുന്നു. പുതിയ തൊഴിൽ കാർഡിന് (26-എ കാർഡിന്) അപേക്ഷിക്കുമ്പോൾ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ജോലി ലഭ്യതയുണ്ടോയെന്ന് പരിശോധിച്ചും നിലവിലെ തൊഴിലാളികൾക്ക് ജോലിനഷ്ടം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്തും മാത്രമേ അത്തരം തൊഴിൽ കാർഡുകൾ നൽകാറുള്ളൂ. ചുമട്ടുതൊഴിൽ രംഗത്തുണ്ടാകുന്ന തർക്കങ്ങൾ, നോക്കുകൂലി, മറ്റ് അനുബന്ധ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് തൊഴിൽ സേവാ മൊബൈൽ ആപ്പ് വികസിപ്പിച്ചിട്ടുണ്ട്.

(സി) നോക്കുകൂലി പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമാണ്; അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ

അവസാനിപ്പിക്കാനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി 30-04-2018-ലെ സ.ഉ.(സാധാ)നം. 511/2018/തൊഴിൽ പ്രകാരം നോക്കുകൂലി നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നോക്കുകൂലി വാങ്ങിയത് ഉൾപ്പെടെയുള്ള പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ലേബർ കമ്മീഷണറേറ്റിൽ കോൾസെന്റർ (നമ്പർ: 1800 425 55 214) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ സേവാ ആപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാർ പരിഹാരം കണ്ടെത്തുന്നതാണ്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും അവബോധന പരിപാടികൾ നടത്തിവരുന്നു. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനുകീഴിൽ സംസ്ഥാനമൊട്ടാകെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയുൾപ്പെടെ ആകെ 15 കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. മേൽ ജില്ലാ കമ്മിറ്റികളിലെയും കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയിലെയും ചുമട്ടുതൊഴിൽ മേഖലയിൽ മുൻകാലങ്ങളിൽ അങ്ങിങ്ങായി നിലനിന്നിരുന്ന നോക്കുകൂലി, അധിക കൂലി/അമിത കൂലി എന്നീ അനാരോഗ്യകരമായ പ്രവണതകളെ നിർമ്മാർജനം ചെയ്യുന്നതിനായി 2021-22 വർഷത്തിൽ "നോ നോക്കുകൂലി-22" ക്യാംപെയ്ൻ ഉൾപ്പെടെയുള്ളവ സംഘടിപ്പിക്കുകയുണ്ടായി. നിലവിൽ ഉണ്ടാകുന്ന ഒറ്റപ്പെട്ട പരാതികൾ വരുന്ന മുറയ്ക്കുതന്നെ 15 കമ്മിറ്റികളും അതിനുകീഴിലുള്ള സബ് ഓഫീസ് അധികൃതരും വിഷയത്തിൽ ഇടപെട്ട് പരാതികൾ രമ്യമായി പരിഹരിച്ചുപോരുന്നു.

(ഡി) ചുമട്ടുതൊഴിലാളികളുടെ ബോധവൽക്കരണത്തിനും പരിശീലനത്തിനും നടത്തിയ

പ്രധാന പരിപാടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ചുമട്ടുതൊഴിലാളികളുടെ ബോധവൽക്കരണത്തിനും പരിശീലനത്തിനുമായി "അവബോധന 2022", "നവശക്തി 2023" എന്നീ പരിപാടികൾ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് മുഖേന നടത്തിയിട്ടുണ്ട്.

അവബോധന 2022

ലഹരി പദാർഥങ്ങളുടെ ഉപയോഗം വർധിച്ചുവരുന്ന സാഹചര്യത്തിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലാകമ്മിറ്റി, ഉപകാര്യാലയങ്ങളിലെ ജീവനക്കാരെയും തൊഴിലാളികളെയും പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിലുടനീളം വിവിധ ലഹരി വിരുദ്ധ പരിപാടികൾ "അവബോധന 2022" 2022 ഒക്ടോബർ 7 മുതൽ 31 വരെ നടത്തുകയുണ്ടായി. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്, ലഹരി വിരുദ്ധ ജാഥ, ഫ്ലാഷ് മോബ്, തെരുവുനാടകം തുടങ്ങിയ വിവിധ പരിപാടികൾ ഇതോടനുബന്ധിച്ച് നടത്തുകയുണ്ടായി.

നവശക്തി 2023

തൊഴിൽ-വിപണി സാഹചര്യങ്ങളുടെ മാറ്റങ്ങൾക്ക് അനുസൃതമായി ചുമട്ടുതൊഴിലാളി സമൂഹത്തെ പരിഷ്കരിക്കുന്നതിനും തദ്വാര പൊതുസമൂഹത്തിനിടയിലെ ചുമട്ടുതൊഴിലാളികളോടുള്ള മനോഭാവത്തിൽ കാതലായ മാറ്റം ഉണ്ടാക്കുവാനും ലക്ഷ്യംവച്ച് ഐ.ടി. പാർക്കുകൾ, കിൻഫ്രാ പാർക്ക്, പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിവിടങ്ങളിലെ ചുമട്ടുതൊഴിലാളികളെ തിരഞ്ഞെടുത്ത് അവർക്ക് ത്രിതല പരിശീലനം,

പ്രത്യേക യൂണിഫോം, നൂതന സുരക്ഷാ ഉപകരണങ്ങൾ എന്നിവ നൽകി പുതിയ ഒരു ചുമട്ടുതൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനായി കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് നവശക്തി 2023. നൈപുണ്യ വികസനം, വ്യക്തിത്വ വികസനം, സാങ്കേതിക പരിശീലനം എന്നിങ്ങനെ വളരെ സമഗ്രവും വിപുലവുമായ പരിശീലനം നൽകി പുതിയ ചുമട്ടുതൊഴിലാളി സമൂഹത്തെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തൊഴിലാളികളുടെ വർക്ക് അലോട്ട്മെന്റ്, വേതന വിതരണം, തൊഴിലുടമകളുടെ ബോർഡിലേയ്ക്കുള്ള പണമടവ് എന്നിവ പൂർണ്ണമായും മൊബൈൽ ആപ്പ്, സോഫ്റ്റ്വെയർ എന്നിവവഴി ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

അവബോധന ക്ലാസും വർക്ക്ഷോപ്പുകളും

ചുമട്ടുതൊഴിലാളികൾക്ക് ബോർഡിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും അതിനായി സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ചും നിരന്തരം അവബോധന ക്ലാസുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചുവരുന്നു.

സ്കൂളുകളിൽ സുരക്ഷാ ഓഡിറ്റ്

14 (*104) ശ്രീമതി കെ. കെ. രമ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിലെ സുരക്ഷാപ്രശ്നങ്ങൾ പരിശോധിക്കാൻ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഓഡിറ്റ് നടത്തിയിട്ടുണ്ട്. സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം, ഉച്ചഭക്ഷണം, യാത്രാസുരക്ഷ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി 13-05-2025, 31-05-2025, 26-07-2025, 07-08-2025 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തരം പ്രധാനാധ്യാപകർക്ക് നിർദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥിയുടെ അപകട മരണത്തെത്തുടർന്ന് സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും എല്ലാ തരത്തിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശപ്രകാരം ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് വീണ്ടും നടത്താൻ തീരുമാനിച്ചതനുസരിച്ച് സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്.

അതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും പട്ടിക തയ്യാറാക്കി അതിന്മേൽ തുടർ നടപടികൾ കൈക്കൊണ്ട് എല്ലാ രീതിയിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർഥി ഷോക്കേറ്റ് മരിച്ചതും ചെല്ലാനത്ത് നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടത്തിൽ ചോർച്ചയും ഭിത്തിയിൽ വിള്ളലും രൂപപ്പെട്ടതും തൃശ്ശൂർ കോടാലിയിൽ സ്കൂൾ ഓഡിറ്റോറിയത്തിന്റെ മേൽക്കൂര തകർന്നതും ഉൾപ്പെടെയുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം തേവലക്കരയിൽ ബോയ്സ് ഹൈസ്കൂളിൽ വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ നടത്തിയ അന്വേഷണത്തിൽ ഗുരുതര വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പ്രഥമാധ്യാപികയായ ശ്രീമതി സുജ എസ്.-നെ വേലവിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും സ്കൂൾ മാനേജർ ശ്രീ. ആർ. തുളസീധരൻ പിള്ളയെ അയോഗ്യനായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ, സ്കൂൾ ഫിറ്റ്നസ് പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് ജാഗ്രത കുറവ് സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ ടി അസിസ്റ്റന്റ് എഞ്ചീനീയർക്കെതിരെ തദ്ദേശസ്വയംഭരണ വകുപ്പ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി സ്കൂളിലെ താൽകാലിക മാനേജറായി തുടർന്നുവരുന്നു.

ചെല്ലാനം പുത്തൻതോട് ഗവൺമെന്റ് എച്ച്.എസ്.-ൽ കിഫ്ബി പദ്ധതി പ്രകാരം

നിർമ്മിച്ച കെട്ടിടത്തിൽ ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ക്ലാസുകൾ മാറ്റി ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾ ഈ ഭാഗത്തേക്ക് പ്രവേശിക്കാതിരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ കോടാലി ജി.എൽ.പി.എസ്. ഓഡിറ്റോറിയം മേൽക്കൂര തകർന്നതുമായി ബന്ധപ്പെട്ട് സ്കൂളിൽ പരിശോധന നടത്തുകയുണ്ടായി. താഴെ വീണ ഫാൾസീലിങ് ഷീറ്റുകൾ നിർമ്മാണം നടത്തിയ ഏജൻസിയായ കോസ്റ്റ്ഫോർഡ് മുഖേന ഓഡിറ്റോറിയത്തിൽനിന്നും മാറ്റി ഹാളും പരിസരവും വൃത്തിയാക്കിയിട്ടുണ്ട്. മാത്രവുമല്ല നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നിർമ്മാണം നടത്തിയ ഏജൻസിയായ COSTFORD-ന് ആവശ്യമായ നിർദേശം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുമുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സുരക്ഷാ പ്രശ്നങ്ങൾ പരിശോധിക്കാൻ ഒരു സമഗ്ര ഓഡിറ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഓഡിറ്റ് നടത്തിയിട്ടുണ്ട്. സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം, ഉച്ചഭക്ഷണം, യാത്രാസുരക്ഷ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി 13-05-2025, 31-05-2025, 26-07-2025, 07-08-2025 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തരം പ്രധാനാധ്യാപകർക്ക് നിർദേശം നൽകുകയും അതിന്റെയടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥിയുടെ അപകട

മരണത്തെത്തുടർന്ന് സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും എല്ലാ തരത്തിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശപ്രകാരം ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് വീണ്ടും നടത്താൻ തീരുമാനിച്ചതനുസരിച്ച് സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്. അതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും പട്ടിക തയ്യാറാക്കി അതിന്മേൽ തുടർനടപടികൾ കൈക്കൊണ്ട് എല്ലാ രീതിയിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സ്കൂളുകളിൽ സുരക്ഷ ഉറപ്പാക്കാൻ നടപടി

15(*105) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാരായവർ ആരെല്ലാമാണെന്ന് പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സുരക്ഷയൊരുക്കുന്നതിൽ വീഴ്ചവരുത്തിയ മാനേജ്മെന്റിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

(എ&ബി) കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തി 18-07-2025-ൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾപ്രകാരം സ്കൂൾ സുരക്ഷയും കുട്ടികളുടെ സുരക്ഷയും ദൈനംദിനം ശ്രദ്ധിക്കേണ്ടതും അതുമായി ബന്ധപ്പെട്ട സുരക്ഷയൊരുക്കേണ്ടതും സുരക്ഷാക്രമീകരണങ്ങളിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കേണ്ടതും സ്കൂൾ പ്രഥമാധ്യാപകന്റെ ഉത്തരവാദിത്വമാണ്. അതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി ബോധ്യപ്പെട്ടതിനാൽ പ്രഥമാധ്യാപികയെ ഉടൻ പ്രാബല്യത്തിൽ അടിയന്തരമായി സസ്പെൻഡ് ചെയ്യുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന മാനേജർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിരുന്നു. തുടർന്ന് പ്രഥമാധ്യാപികയായിരുന്ന ശ്രീമതി സുജ എസ്.-നെ വേലവിലക്കി 18-07-2025-ലെ 67/2025 പ്രകാരം മാനേജർ ഉത്തരവായിട്ടുണ്ട്.

കെ.ഇ.ആർ. അധ്യായം 111, ചട്ടം 9 പ്രകാരം എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളൊരുക്കേണ്ടതും അതത് സമയങ്ങളിൽ വകുപ്പ് നൽകുന്ന നിർദേശങ്ങൾക്ക് അനുസൃതമായി ക്രമീകരണങ്ങൾ നടത്തേണ്ടതും സ്കൂൾ മാനേജ്മെന്റുകളാണ്. എന്നാൽ ഇത്തരത്തിലുള്ള സൗകര്യങ്ങളൊരുക്കുന്നതിൽ പ്രസ്തുത മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും

ഗുരുതരമായ വീഴ്ചയുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ആയതിനാൽ കെ.ഇ.ആർ. അധ്യായം 111, ചട്ടം 7 പ്രകാരം മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കുന്നതിന് രേഖാമൂലം നോട്ടീസ് നൽകി 3 ദിവസത്തിനകം മറുപടി ലഭ്യമാക്കുന്നതിന് മാനേജർക്ക് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. അതിന്മേൽ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാനെ മാനേജർ സ്ഥാനത്തുനിന്നും അയോഗ്യനാക്കി 26-07-2025-ലെ വിഎ 3/14567/2025/ഡിജിഇ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അന്നത്തെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധിക ചുമതല വഹിച്ചിരുന്ന കൊല്ലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീ. ആന്റണി പീറ്ററിന്റെ വിശദീകരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ടിയാന്റെ സേവന വിവരങ്ങളും ടിയാന്റെ വിശദീകരണത്തിന്മേൽ വസ്തുനിഷ്ഠമായ അഭിപ്രായവും ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കണമെന്ന നിർദേശം പാലിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കണമെന്ന നിർദേശം പാലിക്കാത്തവർക്കെതിരെ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി കർശന നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

മലബാർ–മലനാട് റിവർ ക്രൂയിസ് പദ്ധതി

16(*106) ശ്രീ. എം. വിജിൻ:

ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) മലബാർ-മലനാട് റിവർ ക്രൂയിസ് പദ്ധതിയുടെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തര മലബാറിലെ ജലാശയങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതിയാണ് മലനാട് മലബാർ റിവർ ക്രൂയിസ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഫണ്ട് മുഖേനയും കേന്ദ്ര ഫണ്ട് മുഖേനയും പ്രവൃത്തികൾ നടപ്പിലാക്കിയിരുന്നു. ഇതിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 6 നിയോജക മണ്ഡലങ്ങളിലായി 14 പദ്ധതികളും (തലശ്ശേരി, ധർമ്മടം, കൂത്തുപറമ്പ്, പയ്യന്നൂർ, തളിപ്പറമ്പ്, കല്ല്യാശ്ശേരി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ 3 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീം പദ്ധതിയിൽ ഉൾപ്പെട്ട ഇൻലാൻഡ് നാവിഗേഷൻ മുഖേന നിർമ്മിച്ച 18 ബോട്ട് ടെർമിനലുകളും, KEL Ltd. മുഖേന നിർമ്മിച്ചിട്ടുള്ള ടൂറിസം റിലേറ്റഡ് ഇൻഫ്രാസ്ട്രക്ചർ അറ്റ് കുപ്പം, ഹൊകേർസ്കോർട്ട് ഓപ്പൺ

ഫ്ലോട്ടിങ് മാർക്കറ്റ്, വെനീസ് ഫ്ലോട്ടിങ് മാർക്കറ്റ് അറ്റ് വളപട്ടണം ആൻഡ് പറശ്ശിനിക്കടവ്, ബോട്ട് റെയ്സ് ഗ്യാലറി അറ്റ് പഴയങ്ങാടി, ബോട്ട്റെയ്സ് ഗാലറി അറ്റ് മംഗലശ്ശേരി, ടൂറിസം റിലേറ്റഡ് ഇൻഫ്രാസ്ട്രക്ചർ മുനമ്പുകടവ്, പേൾ സ്പോട്ട് ഫ്ലോട്ടിങ് മാർക്കറ്റ് എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ തുടർനടത്തിപ്പും പരിപാലനവും കണ്ണൂർ ഡി.ടി.പി.സി.-ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഈ പദ്ധതി സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തിയതിന് ശേഷമുള്ള പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ?

സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തിയതിനുശേഷമുള്ള പുരോഗതി ചുവടെ ചേർക്കുന്നു.

•പാമ്പുരുത്തിടൈപ്പ് 1, പാമ്പുരുത്തി ടൈപ്പ് 2, പാപ്പിനിശ്ശേരി, പാപ്പിനിശ്ശേരി പാറക്കൽ, വളപട്ടണം, അഴിക്കോട് ബോട്ട് പാലം, നാറാത്ത്, ചെറുകുന്ന്, പട്ടുവം, പഴയങ്ങാടി ഫ്ലോട്ടിങ്, ബോട്ട് റേസ് ഗാലറി എന്നിവ പൂർത്തീകരിച്ച് കണ്ണൂർ ഡി.ടി.പി.സി.-ക്ക് കൈമാറുകയും, ടെൻഡർ നടപടികളിലൂടെ നടത്തിപ്പിനായി കൈമാറുകയും ചെയ്തിട്ടുണ്ട്.

•മുനമ്പുകടവ്ടൈപ്പ് 1, മുനമ്പുകടവ് ടൈപ്പ് 2, മുതുകുട, തെക്കുമ്പാട്, താവം, വാടിക്കൽ, മാട്ടൂൽ സൗത്ത്, മാട്ടൂൽ സെൻട്രൽ എന്നീ ബോട്ടുജെട്ടികൾ നടത്തിപ്പിനും പരിപാലനത്തിനുമായി കണ്ണൂർ ഡി.ടി.പി.സി.-ക്ക് കൈമാറുകയും നടത്തിപ്പിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനായി ഡി.ടി.പി.സി. ടെൻഡർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് സമഗ്ര വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്ന കണ്ണൂർ ജില്ലയിലെ "മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം" പദ്ധതി-4 നാല് ക്യാരക്ടർ ഏരിയയായി തിരിച്ചിട്ടുണ്ട്.

•**ക്യാരക്ടർ ഏരിയ l**-പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തിട്ടുണ്ട്.

•**ക്യാരക്ടർ ഏരിയ 2**-CRZ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടികൾ പദ്ധതിയുടെ SPV (Special Purpose Vehicle) ആയ KIIDC (Kerala Irrigation Infrastructure Development Corporation) മുഖേന സ്വീകരിച്ചുവരുന്നു.

•**ക്യാരക്ടർ ഏരിയ 2 (b)**- KIIFB-യുടെ ബോർഡ് നിർദേശപ്രകാരം GIANTWHEEL പദ്ധതി PPP മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി RFP രേഖകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

•**ക്യാരക്ടർ ഏരിയ 3** - പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം പൂർത്തീകരിച്ചു. Madras IIT തയ്യാറാക്കിയ ഡി.പി.ആർ.-ഉം എസ്റ്റിമേറ്റും അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി KIIDC മുഖേന തയ്യാറാക്കിവരുന്നു.

•**ക്യാരക്ടർ ഏരിയ 4** - ഡി.പി.ആർ.-ഉം വിശദമായ പ്രോജക്ട് ഘടകങ്ങളും കൺസൾട്ടന്റ് ആർക്കിടെക്ട് CBRE South Asia Private Limited തയ്യാറാക്കിവരുന്നു.

(ഡി) ഈ പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ പൂർത്തീകരിച്ച ബോട്ട് ടെർമിനലുകളുടെ വിശദാംശങ്ങൾ നൽകാമോ?

കാസർഗോഡ് ജില്ലയിൽ പൂർത്തീകരിച്ച ബോട്ട് ടെർമിനലുകൾ/ജെട്ടികൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതികളുടെ പേരുകൾ:

- ബോട്ട് ടെർമിനൽ അറ്റ് കോട്ടപ്പുറം,
- ബോട്ട് ടെർമിനൽ അറ്റ് മാവിലാക്കടപ്പുറം
- ബോട്ട് ജെട്ടി അറ്റ് മാടക്കാൽ

മേൽ പദ്ധതികൾ പൂർത്തീകരിച്ച് തുടർപരിപാലനത്തിനായി ഡി.ടി.പി.സി.-ക്ക് കൈമാറിയിട്ടുണ്ട്.

(ഇ) പദ്ധതി പൂർത്തിയാക്കുന്നതിലൂടെ ലഭ്യമാകുന്ന പ്രാദേശിക തൊഴിൽ സാധ്യതകളും സാമ്പത്തിക പ്രയോജനങ്ങളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പദ്ധതി നടത്തിപ്പിലൂടെ മലബാർ മേഖലയിലെ ടൂറിസം രംഗത്ത് മാറ്റം ദൃശ്യമായി തുടങ്ങി. ഇത് കൂടുതൽ തൊഴിലവസരങ്ങൾ തുറന്നുനൽകിയിട്ടുണ്ട്. ബോട്ട് ജെട്ടികൾ എല്ലാം പൂർണ്ണതോതിൽ പ്രവർത്തിക്കുകയും വാട്ടർ സ്പോർട്സ് ആക്ടിവിറ്റികൾ ആരംഭിക്കുകയും ചെയ്യുന്നതോടെ കൂടുതൽ തൊഴിലും വരുമാനവും പ്രതീക്ഷിക്കാനാകും.

പൈതൃക ടൂറിസം പദ്ധതികൾ

17(*107) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നടപ്പാക്കുന്ന പ്രധാനപ്പെട്ട പൈതൃക ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ പൈതൃക ആരാധനാലയങ്ങളുടെ വികസനത്തിനും സന്ദർശന സൗകര്യങ്ങൾക്കുമായി വിവിധ പൈതൃക പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

- ആലപ്പുഴ പൈതൃക പദ്ധതി
- മുസിരിസ് പൈതൃക പദ്ധതി
- തലശ്ശേരി പൈതൃക പദ്ധതി
- ട്രാവൻകൂർ പൈതൃക പദ്ധതി
- കോഴിക്കോട് പൈതൃക പദ്ധതി

പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ,

മലപ്പുറം, കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട പൈതൃക ആരാധനാലയങ്ങളുടെ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

2009-ൽ ആരംഭിച്ചതുമുതൽ മുസിരിസ് പൈതൃക ടൂറിസം പദ്ധതി കേരളത്തിലെ പുരാതന തുറമുഖമായ മുസിരിസിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള വിപുലമായ സംരക്ഷണ, പുനരുദ്ധാരണ, ടൂറിസം വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പറവൂർ സിനഗോഗ്, കോട്ടപ്പുറം കോട്ട, പാലിയം കൊട്ടാരം തുടങ്ങിയ ചരിത്രപരമായി പ്രാധാന്യമുള്ള 30-ലധികം സ്മാരകങ്ങളുടെ പുനരുദ്ധാരണം; മ്യൂസിയങ്ങളുടെയും വ്യാഖ്യാന കേന്ദ്രങ്ങളുടെയും വികസനം; പൈതൃക സർക്യൂട്ട് ജെട്ടികൾ, കണക്റ്റിവിറ്റിക്കായി റോഡുകൾ, ബോട്ട് ജലപാതകൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ; പരിസ്ഥിതി സൗഹൃദ ടൂറിസം രീതികൾ പ്രോത്സാഹിപ്പിക്കൽ; പ്രാദേശിക പങ്കാളികളെ ഉൾപ്പെടുത്തുന്നതിനുള്ള കമ്മ്യൂണിറ്റി ഇടപെടൽ സംരംഭങ്ങൾ എന്നിവ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. മേഖലയിലെ സാംസ്കാരിക അവബോധവും സുസ്ഥിര ടൂറിസവും വർധിപ്പിക്കുന്നതിനായി പൈതൃക ബോട്ട് ടൂറുകളും വിദ്യാഭ്യാസ പരിപാടികളും പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിവരികയാണ്.

മുസിരിസ് പൈതൃക പദ്ധതി അഞ്ച് ഘടകങ്ങളിലൂടെയാണ് നടപ്പിലാക്കുന്നത്. ഓരോ

ഘടകങ്ങളിലും പൂർത്തീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്മാരകങ്ങളുടെ സംരക്ഷണവും പുനരുപയോഗവും എന്ന വിഭാഗത്തിലെ ആദ്യഘട്ടത്തിൽ ഏഴ് മ്യൂസിയങ്ങൾ പൂർത്തീകരിച്ചു പൊതുജങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ട്. സ്മാരകങ്ങളുടെയും മറ്റു പൈതൃക പ്രദേശങ്ങളുടെയും സംരക്ഷണം എന്ന നിലയ്ക്ക് ഏകദേശം അമ്പതോളം കെട്ടിടങ്ങളാണ് പുതിയ തലമുറയ്ക്കായി പദ്ധതി സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരിക്കുന്നത്. കനാൽ ഹൗസ്, പതിനെട്ടരയാളം കോവിലകം, ഐരാണിക്കുളം ശിവ ക്ഷേത്രം അടങ്ങുന്ന പതിനേഴോളം ആരാധനാലയങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടത്.

2. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്ന വിഭാഗത്തിൽ തദ്ദേശീയ സമൂഹത്തിന് ആവശ്യമായ സൗകര്യങ്ങൾ മാത്രം കൂട്ടിച്ചേർക്കുക എന്നതായിരുന്നു പദ്ധതിയുടെ നയപരമായ തീരുമാനങ്ങളിലൊന്ന്. മുസിരിസ് പൈതൃക പ്രദേശങ്ങളിലെ റോഡുകൾ, പ്രധാന ശൗചാലയങ്ങൾ, ജലപാതകളെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി പതിനഞ്ചോളം ബോട്ടുജെട്ടികൾ എന്നിങ്ങനെ അറുപതിൽപ്പരം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്.

3. ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ISHCK എന്ന സ്ഥാപനം പദ്ധതിയുമായി ബന്ധപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലെയും യൂണിവേഴ്സിറ്റികളുമായി വിദ്യാഭ്യാസ മേഖലകളിൽ സഹകരിച്ച് സംയുക്തമായി പ്രവർത്തനങ്ങൾ പദ്ധതി നടത്തിവരുന്നുണ്ട്. കൊല്ലത്തുള്ള ശ്രീനാരായണഗുരു ഓപ്പൺ

യൂണിവേഴ്സിറ്റിയുമായും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുമായും MOU ഒപ്പിടാനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

4. മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി, പുരാതന മുസിരിസ് തുറമുഖത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ സമ്പന്നത കണ്ടെത്തുന്നതിനായി കാര്യമായ പുരാവസ്തു ഉത്ഖനനവും പര്യവേക്ഷണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പുരാതന മുസിരിസിന്റെ സ്ഥലമാണെന്ന് വിശ്വസിക്കപ്പെടുന്ന പട്ടണത്ത് വലിയ തോതിലുള്ള ഖനനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ശാസ്ത്രീയ ഖനനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിന് കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെ.സി.എച്ച്.ആർ), സംസ്ഥാന പുരാവസ്തു വകുപ്പ് പോലുള്ള സ്ഥാപനങ്ങളുമായി ഈ പദ്ധതി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. ഒരു സമുദ്ര വ്യാപാര കേന്ദ്രമെന്ന നിലയിൽ ആഗോള മുസിരിസിന്റെ പ്രാധാന്യം സ്ഥാപിക്കുന്നതിൽ ഈ പുരാവസ്തു കണ്ടെത്തലുകൾ നിർണ്ണായകമാണ്, കൂടാതെ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പൈതൃക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഓൺ-സൈറ്റ് മ്യൂസിയങ്ങളിലൂടെയും വ്യാഖ്യാന കേന്ദ്രങ്ങളിലൂടെയും സംരക്ഷിക്കപ്പെടുകയും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5. 2018-ൽ ആരംഭിച്ച ആലപ്പുഴ പൈതൃക പദ്ധതിയിൽ പഴയ ആലപ്പുഴയിലെ വാണിജ്യ കനാലിനോടും വടകനാലിനോടും ചേർന്നുള്ള വ്യാപാര കെട്ടിടങ്ങൾ, കയർ ഫാക്ടറികൾ, ആരാധനാലയങ്ങൾ, വസതികൾ എന്നിവ ഉൾപ്പെടുന്നു. നഗരത്തിലെ വാസ്തുവിദ്യ, ഭൂപ്രകൃതി, പൈതൃക പ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണത്തിലൂടെയും

മെച്ചപ്പെടുത്തലിലൂടെയും ഈ പദ്ധതി ആലപ്പുഴയുടെ സ്പഷ്ടവും അദ്വിതീയവുമായ പൈതൃകം സംരക്ഷിച്ച് നിലനിർത്തുകയാണ്. ഇതിൽ ആലപ്പുഴ കനാലിന്റെ സൗന്ദര്യവൽക്കരണം നടന്നുവരുന്നു. കൂടാതെ മുകളിൽ സൂചിപ്പിച്ച ഫാക്ടറികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കയർ ചരിത്ര മ്യൂസിയവും കയർ ജീവചരിത്ര മ്യൂസിയവും സജ്ജമാക്കിവരുന്ന പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. ആലപ്പുഴ കടൽത്തീരത്തോട് അടുത്തുള്ള പോർട്ട് കെട്ടിടം പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പോർട്ട് മ്യൂസിയമാക്കി മാറ്റാനുള്ള ആദ്യപടികൾ നടത്തിവരുന്നു. ആലപ്പുഴ ബീച്ചിൽ ഇന്ത്യൻ നേവിയുടെ യുദ്ധക്കപ്പൽ പ്രദർശനവസ്തുവാക്കി സ്ഥാപിച്ചിട്ടുണ്ട്.

6. പൊന്നാനി പൈതൃക പദ്ധതി: ഈ പ്രദേശത്തെ പഠനവിധേയമാക്കിക്കൊണ്ടും പൈതൃക അവശേഷിപ്പുകളെ യഥാവിധി സംരക്ഷിച്ചുകൊണ്ടും കേരള ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി പൊന്നാനി താലൂക്കിലെ 11 സ്വയംഭരണ പ്രദേശങ്ങളിൽ (People Participation for Participatory Planning and Empowerment through Responsible Tourism) എന്ന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റാൻ തീരുമാനിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഏറ്റവും അഭിമാനകരമായ മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിൽ പൊന്നാനി പദ്ധതി പ്രദേശവും ഉൾപ്പെടുത്തി മിസ്രി പള്ളിയുടെ സംരക്ഷണ ജോലികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ട്.

7. മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിലുള്ള ഒരു പ്രധാന സംരംഭമാണ് "മുസിരിസിലെ 1000 അനുഭവങ്ങൾ". നൂറ്റാണ്ടുകളായി പരിണമിച്ചതും ഇന്നും നിലനിൽക്കുന്നതുമായ പാരമ്പര്യങ്ങൾ, ആചാരങ്ങൾ, കരകൗശല വസ്തുക്കൾ, പ്രകടന കലകൾ, വാമൊഴി ചരിത്രങ്ങൾ, പാചകരീതികൾ, സമൂഹ രീതികൾ - മുസിരിസ് മേഖലയിലെ അദൃശ്യസാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലുമാണ് പദ്ധതി ഇതിലൂടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

(സി) ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ പ്രധാന പദ്ധതികളുടെ വിശദാംശം നൽകാമോ?

ആലപ്പുഴ ജില്ലയിൽ പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി 200 വർഷത്തിലേറെ പഴക്കമുള്ള സൗക്കാർ മസ്ജിദ്, മക്കാം മസ്ജിദ് എന്നിവ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും വിദ്യാഭ്യാസ മേഖലയിൽ ചരിത്ര പാരമ്പര്യമുള്ള ലിയോ തേർട്ടീന്ത് സ്കൂൾ 2 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയിട്ടുമുണ്ട്.

(ഡി) സ്പൈസസ് റൂട്ട് പദ്ധതിയുടെ ലക്ഷ്യവും നിലവിലെ പുരോഗതിയും വിശദമാക്കാമോ?

1. മുസിരിസ് പൈതൃക പദ്ധതി നിലവിലെ പ്രവർത്തനാതിർത്തികൾ തെക്ക് എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽനിന്നും കൊല്ലംവരെയും വടക്ക് തൃശ്ശൂർ ജില്ലയിലെ മതിലകത്തുനിന്ന് ബേപ്പൂർവരെയും വിപുലീകരിച്ചാണ് സ്പൈസ് റൂട്ട് പൈതൃക പദ്ധതി എന്ന പേരിൽ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നത്. നിലവിലെ മുസിരിസ് പൈതൃക പദ്ധതി

പ്രദേശം "ലിവിങ് മ്യൂസിയം" ആഗോളതലത്തിൽ എന്ന ആശയത്തിൽ അധിഷ്ഠിതമായി ശ്രദ്ധ ആകർഷിച്ചുവരികയാണ്. സമാനമായ രീതിയിൽ കേരളത്തിന്റെ തീരദേശ പൈതൃകം വിവിധ തുറമുഖങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പ്രദേശങ്ങളുടെ സമഗ്ര വികസനം സ്പൈസ് റൂട്ട് പൈതൃക പദ്ധതിയിലൂടെ സാധ്യമാണ്. ഇതിലൂടെ കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന്റെ വർധിച്ചുവരുന്ന ആവശ്യകത പരിഗണിച്ച് പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ആരംഭിക്കുന്നതിനും അതുവഴി വിവിധ നിക്ഷേപങ്ങൾക്ക് അവിടെ തുടക്കംകുറിക്കുന്നതിനും സ്പൈസ് റൂട്ട് പദ്ധതിയിലൂടെ സാധിക്കും.

2. സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ട്സ് കേരളത്തിനകത്തും പുറത്തുമുള്ള വിവിധ യൂണിവേഴ്സിറ്റികളുമായി MOU ഒപ്പുവയ്ക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയുമായി MOU ഒപ്പുവച്ച് കഴിഞ്ഞു. എം.ജി. യൂണിവേഴ്സിറ്റിയുമായി MOU ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ മുസിരിസ് സ്വീകരിച്ചുവരുന്നു.

3. കൊല്ലം മുതൽ ബേപ്പൂർ വരെയാണ് സ്പൈസ് റൂട്ടിന്റെ ഭാഗമാക്കിയിട്ടുള്ളത്. ഈ പ്രദേശങ്ങളുടെ പൈതൃക ടൂറിസം സാധ്യതകൾ മനസ്സിലാക്കുന്നതിനുവേണ്ടി ഒരു സർക്യൂട്ട് മാപ്പ് തയ്യാറാക്കാൻ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL)-നെ ചുമതലപ്പെടുത്തി. അതിന്റെ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

4. സ്പൈസ് റൂട്ടുമായി ബന്ധപ്പെട്ട് കോഴിക്കോട് തീരുമാനിച്ചിരിക്കുന്ന ഫുഡ് മ്യൂസിയവുമായി ബന്ധപ്പെട്ട DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

5. സ്പൈസ് റൂട്ട് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഗവേഷണ സാധ്യതകൾ

കണക്കിലെടുത്ത് മുസിരിസ് പ്രോജക്ട് ലിമിറ്റഡിനെ എം.ജി. യൂണിവേഴ്സിറ്റിയുടെ റിസർച്ച് സെന്ററാക്കി മാറ്റുന്നതിനുള്ള പ്രാരംഭഘട്ട ചർച്ചകൾ നടത്തിവരികയാണ്. അന്താരാഷ്ട്ര തലത്തിലുള്ള എഡ്യൂക്കേഷൻ ടൂറിസം മേഖലയുടെ സാധ്യതകൾ പരിഗണിച്ചുകൊണ്ട് പ്രസ്തുത സർവകലാശാലയുമായി സഹകരിച്ച് വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾകൂടി നടത്തിവരികയാണ്.

(ഇ) പാലക്കാട് ജില്ലയിൽ ആവിഷ്കരിച്ച പൈതൃക-സാംസ്കാരിക വിനോദസഞ്ചാര പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ പ്രഖ്യാപിച്ച ലിറ്റററി ടൂറിസം സർക്യൂട്ടിൽ പാലക്കാട് ജില്ലയിലെ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതികൾ അന്തിമഘട്ടത്തിലാണ്.

ഭൂമിയുടെ പോക്കുവരവിന് ഇന്റഗ്രേറ്റഡ് പോർട്ടൽ

18 (*108) ശ്രീ. വി. ശശി:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും ലളിതവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ഏറ്റവും സുതാര്യവും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഭൂരേഖകൾ ഡിജിറ്റലാക്കുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ റീസർവെ പദ്ധതി ആരംഭിക്കുകയും മൂന്ന് ഘട്ടങ്ങളിലായി 639 വില്ലേജുകളിൽ ആരംഭിച്ചതിൽ 335 വില്ലേജുകളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്യുകയും ഭൂസംബന്ധമായ എല്ലാ സാക്ഷ്യപത്രങ്ങളും ഓൺലൈനാക്കുകയും ചെയ്തു. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ, രജിസ്ട്രേഷൻ, സർവെ എന്നീ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിലൂടെ നൽകുന്നതിലേക്കായി എന്റെ ഭൂമി സംയോജിത പോർട്ടൽ (Integrated Land information Management System - ILIMS) സജ്ജീകരിച്ചിട്ടുണ്ട്.

(ബി) റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടൽ നിലവിൽ വരുന്നതോടെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിൽ തീർപ്പാക്കാൻ കഴിയുമോ; വിശദമാക്കാമോ?

റവന്യൂ, സർവെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സംയോജിത പോർട്ടൽ നിലവിൽ വരുന്നതോടെ ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിൽ തീർപ്പാക്കാൻ സാധിക്കും. ഭൂമി കൈമാറ്റത്തിന്റെ ഭാഗമായി 3 വകുപ്പുകളിൽനിന്നായി ലഭിക്കേണ്ട മുഴുവൻ വിവരങ്ങളും എന്റെ ഭൂമി എന്ന ഒറ്റ പോർട്ടലിലൂടെ ലഭ്യമാകുമെന്നതുകൊണ്ടുതന്നെ ഭൂമിയുടെ കൈമാറ്റങ്ങൾ ഏറെ സുതാര്യമാകും.

ടെംപ്ലേറ്റ് അധിഷ്ഠിത ഡോക്യുമെന്റ്, പ്രീമ്യൂട്ടേഷൻ സ്കെച്ച്, ആട്ടോ മ്യൂട്ടേഷൻ എന്നീ നടപടികൾ സഹിതമാണ് എന്റെ ഭൂമി സംയോജിത പോർട്ടൽ ഒരുക്കിയിട്ടുള്ളത്. അതിനാൽതന്നെ മറ്റ് തടസ്സങ്ങളില്ലാത്ത (conditioned land transaction) ഭൂമി കൈമാറ്റമാണെങ്കിൽ രജിസ്ട്രേഷൻ നടപടി പൂർത്തിയാകുന്നതോടെ പോക്കുവരവ് ഉടനടി നടക്കുന്നതും അപേക്ഷകന് കരം അടയ്ക്കുന്നതിന് സാധിക്കുന്നതുമാണ്.

(സി) ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂമിയുടെ പോക്കുവരവ് നടപടികളോടൊപ്പം സർവെ സ്കെച്ച് ഉൾപ്പെടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

13-01-2025-ലെ G.O.(Ms) 7/2025/RD നമ്പർ സർക്കാർ ഉത്തരവനുസരിച്ച്, ഡിജിറ്റൽ സർവെ പൂർത്തിയാക്കിയ വില്ലേജുകളിൽ, കേരള സർവെ ആൻഡ് ബൗണ്ടറീസ് ആക്ട് പ്രകാരം വിജ്ഞാപനം ചെയ്ത ഡിജിറ്റൽ സർവെ രേഖകളെ അടിസ്ഥാനമാക്കി, വില്ലേജ് ഓഫീസർമാർ നടത്തുന്ന ഒറ്റത്തവണ പരിശോധന (One Time Verification - OTV) പൂർത്തിയായശേഷം തണ്ടപ്പേർ വിവരങ്ങൾ ഉൾപ്പെടുത്തിയ, ഡിജിറ്റലായി തയ്യാറാക്കിയ പ്രീ-മ്യൂട്ടേഷൻ സ്കെച്ച് നൽകുന്നതിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഡിജിറ്റൽ സർവെ വില്ലേജുകളിൽ നടപ്പിലാക്കുന്ന 'എന്റെ ഭൂമി' സംയോജിത പോർട്ടൽ (ILIMS) മുഖേനെ സർവെ വകുപ്പ് തയ്യാറാക്കുന്ന പ്രീ മ്യൂട്ടേഷൻ സ്കെച്ച് സഹിതമാണ് ഡോക്യുമെന്റ് രജിസ്റ്റർ ചെയ്യുന്നത്. അതിനാൽ പോക്കുവരവ് നടപടിയോടൊപ്പം അംഗീകരിച്ച സ്കെച്ച് ലഭ്യമാകുന്നതാണ്.

(ഡി) അപ്പാർട്ട്മെന്റുകളിലെയും ഫ്ലാറ്റുകളിലെയും വിഭജിക്കപ്പെടാത്ത അവകാശങ്ങൾ സംയോജിത പോർട്ടൽ വഴി പോക്കുവരവ് ചെയ്യുന്നതിനുള്ള സൗകര്യം ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

അപ്പാർട്ട്മെന്റുകളുടെ (റെസിഡൻഷ്യൽ ഫ്ലാറ്റുകൾ) അല്ലെങ്കിൽ വിഭജിക്കപ്പെടാത്ത ഭൂമിയുടെ വിഹിതം ഉൾപ്പെടുന്ന കടമുറികളുടെയും സ്ഥാപനങ്ങളുടേയും രേഖകൾ രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രി കൈമാറ്റം ചെയ്യുന്നതിനും അത്തരം അപ്പാർട്ട്മെന്റുകളുടെ (റെസിഡൻഷ്യൽ ഫ്ലാറ്റുകൾ) ഭൂമിയുടെ വിഭജിക്കപ്പെടാത്ത വിഹിതത്തെ അടിസ്ഥാനമാക്കി സബ് ഡിവിഷനുകൾ സൃഷ്ടിക്കാതെ, തണ്ടപ്പുർ അക്കൗണ്ട് വിശദാംശങ്ങൾ (കാലാകാലങ്ങളിൽ പ്രചാരത്തിലുള്ളതുപോലെ) ഉൾപ്പെടുത്തി ഡിജിറ്റലായി തയ്യാറാക്കിയ പ്രീ-മ്യൂട്ടേഷൻ സ്കെച്ച് ഉപയോഗിച്ച് ILIMS മുഖേന പോക്കുവരവ് ചെയ്യുന്നതിന് 27-05-2025-ലെ G.O.(P) No.203/2025/RD സർക്കാർ ഉത്തരവുപ്രകാരം Transfer of Registry Rules, 1966 ഭേദഗതി വരുത്തിയിട്ടുണ്ട്.

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവം

19 (*109) ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വൈദ്യുതി ലൈനിൽ നിന്നടക്കമുള്ള സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകുന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

വിധേയമാക്കിയിട്ടുണ്ട്.

(ബി) കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അധ്യയന വർഷം ആരംഭിക്കുമ്പോഴും അതിനുശേഷവും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13-05-2025, 31-05-2025, 26-07-2025, 07-08-2025 തീയതികളിലെ സർക്കുലർപ്രകാരം വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം എല്ലാ പ്രഥമാധ്യാപകർക്കും നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറുകളിലെ നിർദേശം ഗൗരവതരമായി പരിഗണിക്കാത്തതാണ് തേവലക്കര ബോയ്സ് ഹൈസ്കൂളിലെ മിഥുൻ എന്ന വിദ്യാർഥിയുടെ അപകടത്തിന് കാരണമായത്. പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. സ്കൂളിൽ കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിൽ പ്രഥമാധ്യാപിക, മാനേജർ എന്നിവരുടെ ഭാഗത്തുനിന്നും ഗുരുതരവീഴ്ച സംഭവിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പ്രഥമാധ്യാപികയായ ശ്രീമതി സുജ എസ്.-ന് വേലവിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും സ്കൂൾ മാനേജർ ശ്രീ. ആർ. തുളസീധരൻ പിള്ളയെ കെ.ഇ.ആർ അധ്യായം III ചട്ടം 7 പ്രകാരം അയോഗ്യനായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ സ്കൂൾ ഫിറ്റ്നസ് പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് ജാഗ്രത കുറവ് സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ ടി അസിസ്റ്റന്റ്

എഞ്ചിനീയർക്കെതിരെ തദ്ദേശസ്വയംഭരണ വകുപ്പ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല നിലവിൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി സ്കൂളിലെ താൽക്കാലിക മാനേജറായി തുടർന്നുവരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശപ്രകാരം മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് അടിയന്തര ധനസഹായം നൽകാൻ സ്കൂൾ മാനേജ്മെന്റിന് നിർദേശം നൽകിയിരുന്നു. മാനേജ്മെന്റിന്റെ വകയായി 10 ലക്ഷം രൂപയുടെ ചെക്ക് മിഥുന്റെ മാതാപിതാക്കൾക്ക് 21-07-2025-ൽ കൈമാറിയതായും മരണാനന്തര ചെലവുകൾക്കായി 78000/- രൂപ ചെലവാക്കിയതായും മാനേജർ അറിയിച്ചിട്ടുണ്ട്.

മരണപ്പെട്ട മിഥുന്റെ കുടുംബത്തിന് മെച്ചപ്പെട്ട രീതിയിലുള്ള വീട് വച്ചുനൽകാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പടിഞ്ഞാറെ കല്ലട പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ അംഗങ്ങളായുള്ള ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കാനും വീട് പൂർത്തിയാകുംവരെ കുട്ടിയുടെ കുടുംബത്തെ മാറ്റി താമസിപ്പിക്കാനുള്ള വാടക വീട് കണ്ടെത്തുന്നതിനും കുട്ടിയുടെ കുടുംബത്തിന് പുതിയ വീട് വച്ചുനൽകുന്നതിനുമുള്ള അനുമതി നൽകിക്കൊണ്ടും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു+). മരണപ്പെട്ട മിഥുന്റെ കുടുംബത്തിന് 3 ലക്ഷം രൂപയുടെ സഹായധനം നൽകി. ആറാം ക്ലാസ് വിദ്യാർഥിയായ ഇളയ സഹോദരൻ മാസ്റ്റർ സുജിന്റെ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പഠനത്തിൽ ഫീസ് അടക്കമുള്ള പഠന ചെലവുകൾ ഒഴിവാക്കി തുടർവിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്കും സെന്റ് ആൻഡ്രൂസ് യു.പി.എസ്. പട്ടക്കടവ് സ്കൂളിനും നിർദേശം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്.

അധ്യയന വർഷാരംഭത്തിൽ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കുന്നതിലും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലും സ്കൂൾ മാനേജ്മെന്റിന്റെയും പി.റ്റി.എ.-യുടെയും ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ച സാഹചര്യത്തിൽ നിലവിലുള്ള പി.റ്റി.എ. ഭരണസമിതി പിരിച്ചുവിട്ട് തിരഞ്ഞെടുപ്പ് നടത്തി പി.റ്റി.എ.-യെ തിരഞ്ഞെടുക്കാൻ ടീച്ചർ-ഇൻ-ചാർജിന് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പി.റ്റി.എ. ഭരണ സമിതിയെ 26-07-2025-ൽ കമ്മിറ്റിക്കൂടി പിരിച്ചുവിടുകയും പുതിയ ഭരണസമിതി രൂപീകരിച്ചതായും ടീച്ചർ-ഇൻ-ചാർജ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥിയുടെ അപകട മരണത്തെത്തുടർന്ന് സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും വൈദ്യുതി ലൈനുകൾ, കെട്ടിടങ്ങൾ മറ്റ് എല്ലാ തരത്തിലുള്ള അപകട സാധ്യതകൾ പരിശോധിക്കാനും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശപ്രകാരം ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്.

അതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും വിശദമായ കണക്ക് പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി തയ്യാറാക്കുകയും അതിന്മേൽ കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥിയുടെ അപകടമരണത്തെത്തുടർന്ന് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വൈദ്യുതി ലൈനുകൾ, കെട്ടിടങ്ങൾ മറ്റ് എല്ലാ തരത്തിലുമുള്ള അപകട സാധ്യതകൾ പരിശോധിക്കാനും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശപ്രകാരം ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊണ്ട് എല്ലാരീതിയിലുമുള്ള സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ടൂറിസം മേഖലയിൽ അനധികൃത റിസോർട്ടുകളും ഹോം സ്റ്റേകളും നിയന്ത്രിക്കൽ

20 (*110) ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലകളിൽ അനധികൃത റിസോർട്ടുകളും ഹോംസ്റ്റേകളും പ്രവർത്തിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവും സുരക്ഷാ സംവിധാനവും ഇല്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ?

(എ&ബി) സംസ്ഥാനത്ത് ടൂറിസം മേഖലകളിൽ റിസോർട്ടുകൾ അനധികൃതമായി പ്രവർത്തിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല,

(സി) ഇത്തരം അനധികൃത സ്ഥാപനങ്ങളിൽ ഏതെങ്കിലും തകർന്നുവീണ് വിനോദസഞ്ചാരികൾക്ക് അപകടമുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ഡി) വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി&ഡി) വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി അതത് സമയങ്ങളിൽ കേരള ദുരന്തനിവാരണ അതോറിറ്റി നൽകുന്ന നിർദേശങ്ങൾ സമയാസമയങ്ങളിൽ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് വിനോദസഞ്ചാരികളെ അറിയിക്കാറുണ്ട്. പ്രളയം, കോവിഡ് ഇത്തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളിലെല്ലാം സഞ്ചാരികളുടെ സുരക്ഷാനിർദേശങ്ങൾ വെബ്സൈറ്റ് മുഖേന നൽകുകയും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന്

പോലീസ് വകുപ്പ് മുഖേന നിർദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുമുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനുള്ള നടപടികൾ പരിശോധനയിലാണ്.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 182 ലൈഫ് ഗാർഡുകൾ സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.

ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ഡെസ്റ്റിനേഷനുകളിൽ അപകട മുന്നറിയിപ്പുകൾ നൽകി മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. സുരക്ഷാ മുൻകരുതലുകളെ

സംബന്ധിച്ച് വിനോദസഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കിവരികയാണ്.

വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ

21 (*111) ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. എം. നൗഷാദ്:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സ്കൂൾ വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഒന്ന് മുതൽ ഏഴുവരെ ക്ലാസുകളിൽ ഹൈടെക് ലാബ് പദ്ധതിയും എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും നടപ്പിലാക്കി. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 45000 സെക്കൻഡറി, ഹയർ സെക്കൻഡറി വിഭാഗം ക്ലാസ് മുറികൾ ഹൈടെക്കാക്കുകയും ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 4752 സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45000

ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 117723 ലാപ്ടോപ്പ്, 68612 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിങ് കിറ്റ്, 23098 വൈറ്റ്സ്ക്രീൻ, 4545 ടെലിവിഷൻ (43"), 4611 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 എച്ച്.ഡി. വെബ്ക്യാം, 99141 യു.എസ്.ബി. സ്പീക്കർ എന്നീ ഉപകരണങ്ങളാണ് ഇതുവരെ വിതരണം ചെയ്തത്. സെക്കൻഡറി, ഹയർ സെക്കൻഡറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുന്നതിനായി 2023-ൽ 16500 ലാപ്ടോപ്പുകൾ കൂടി നൽകി. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ ഓരോ പാഠഭാഗത്തിനും അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ 'സമഗ്ര', 'സമഗ്രപ്ലസ്' പോർട്ടൽ മുഖേന ലഭ്യമാക്കി. പോർട്ടലിലെ ഡിജിറ്റൽ വിഭവങ്ങൾ പ്രയോജനപ്പെടുത്തി ക്ലാസ് മുറികളിൽ പഠന പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ അധ്യാപകർക്കും പ്രത്യേക പരിശീലനം നൽകി.

(ബി) സ്കൂളുകളിലെ ഐ.സി.ടി. ലാബുകൾ, സ്മാർട്ട് ക്ലാസ് മുറികൾ, ഹൈ-സ്പീഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കൈറ്റിന്റെ നേതൃത്വത്തിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ഐ.ടി. ലാബുകളും സെക്കൻഡറി, ഹയർ സെക്കൻഡറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ക്ലാസ് മുറികളും കിഫ്ബി ധനസഹായത്തോടെ സജ്ജമാക്കുകയും സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ

കേരളം രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി 2020 ഒക്ടോബർ 12-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു. സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് കൈറ്റ് ബി.എസ്.എൻ.എൽ. മുഖേന ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിരുന്നു. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കെ-ഫോൺ പദ്ധതിപ്രകാരം ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കെ-ഫോൺ സൗകര്യം ലഭ്യമല്ലാത്ത സ്കൂളുകളിൽ ബി.എസ്.എൻ.എൽ, റെയിൽ നെറ്റ് എന്നിവരുടെ സേവനം ലഭ്യമാണ്.

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠന സഹായങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിഭാഗം വിദ്യാർഥികൾക്കും ഒരുപോലെ ഡിജിറ്റൽ പഠന സഹായങ്ങൾ ലഭ്യമാക്കുന്നതിനാണ് കിഫ്ബി ധനസഹായത്തോടെ കൈറ്റ് ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയത്. ഡിജിറ്റൽ വിടവില്ലാതെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾ ഉൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും ഓൺലൈൻ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ പ്രത്യേക സൗകര്യമൊരുക്കാനായി വിദ്യാകിരണം പോർട്ടൽ (https://vidyakiranam.kerala.gov.in) തയ്യാറാക്കുകയും വിദ്യാകിരണം പദ്ധതിയുടെ

ഭാഗമായി 47673 ലാപ്ടോപ്പുകൾ സംസ്ഥാനത്ത് വിതരണം ചെയ്യുകയും ചെയ്തു.

(ഡി) ഓൺലൈൻ പഠനത്തിനായി ഒരുക്കിയിട്ടുള്ള ഇ-ടെക്സ്റ്റ് ബുക്കുകൾ, വെബ്സൈറ്റുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവയുടെ പ്രയോജനം വിദ്യാർഥികൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ ഇ-ടെക്സ്റ്റ് ബുക്ക് പതിപ്പുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 'സമഗ്ര പ്ലസ്' പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് പഠനാശയങ്ങൾ സ്വയം പഠിക്കുന്നതിനും വിലയിരുത്തുന്നതിനും സഹായിക്കുന്ന 'സമഗ്രപ്ലസ്' പഠനമുറി, ഭാഷാ വിഷയങ്ങളുടെ ഉള്ളടക്കങ്ങൾ ആസ്വദിച്ച് കേൾക്കുന്നതിനും പഠിക്കുന്നതിനുമുള്ള പോഡ്കാസ്റ്റ് സംവിധാനം, ചോദ്യശേഖരം തുടങ്ങിയവയും സമഗ്രപ്ലസ് പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്.

മലയോര ഹൈവേ പദ്ധതി

22 (*112) ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല

വരെ നീളുന്ന മലയോര ഹൈവേയ്ക്ക് 10-07-2017-ലെ G.O. (Rt) No. 942 /2017/ PWD പ്രകാരം 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 793.68 കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിലുൾപ്പെടുത്തി കെ.ആർ.എഫ്.ബി-പി.എം.യു. മുഖേന നടപ്പിലാക്കുന്നത്. 738.20 കിലോമീറ്റർ റോഡിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. 548.25 കി.മീ. സാങ്കേതികാനുമതി നൽകി, ടെൻഡർ ചെയ്തു. അതിൽ, 481.13 കി.മീ. പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ 212.20 കി.മി. റോഡിന്റെ പ്രവൃത്തി പൂർത്തിയായി.

(ബി) മലയോര ഹൈവേ പദ്ധതിയിൽ ഇപ്പോൾ നടക്കുന്ന വിവിധ റീച്ചുകളിലെ പ്രവൃത്തികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി നിലവിൽ എത്ര കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം റീച്ചുകളിലെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ?

(ബി-ഡി) മലയോര ഹൈവേ പ്രവൃത്തികൾക്കായി ഇതുവരെ 3611 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേ പദ്ധതിയുടെ വിവിധ റീച്ചുകളിലെ പ്രവൃത്തികളുടെ ജില്ലാടിസ്ഥാനത്തിലുള്ള തൽസ്ഥിതി വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ഇ) പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി ലഭ്യമായ ഇടങ്ങളിലെ മലയോരഹൈവേ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തി പൂർത്തിയാകുന്ന റീച്ചുകൾ ഉടൻതന്നെ ജനങ്ങൾക്ക് തുറന്നുകൊടുക്കുകയാണ് ചെയ്യുന്നത്.

ഭൂപതിവ് നിയമ ഭേദഗതി

23 (*113) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) 1960-ൽ നിയമസഭ പാസാക്കിയ ഭൂമി പതിച്ചുകൊടുക്കൽ നിയമത്തിന്റെ പ്രധാന ലക്ഷ്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

1960-നുമുമ്പ് തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് സർക്കാർ ഭൂമിയുടെ അസൈൻമെന്റുകൾ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റ് ലാൻഡ് അസൈൻമെന്റ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണ് നിയന്ത്രിച്ചിരുന്നത്. മലബാർ പ്രദേശത്ത് സർക്കാർ ഭൂമിയുടെ അസൈൻമെന്റുകൾ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെപോലെ ഒരു പ്രത്യേക നിയമത്താൽ നിയന്ത്രിക്കപ്പെട്ടിരുന്നുമില്ല. മലബാർ പ്രദേശത്ത് 1895-ലെ ഗവൺമെന്റ് ഗ്രാന്റ്സ് ആക്ട് പ്രാബല്യത്തിൽ ഉണ്ടായിരുന്നു. മറ്റേതൊരു നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഗ്രാന്റിൽ ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകളും നിയന്ത്രണങ്ങളും

പ്രാബല്യത്തിൽ ഉണ്ടാകുമെന്ന് മാത്രമേ അത് വ്യവസ്ഥ ചെയ്യുന്നുള്ളൂ. സർക്കാർ ഭൂമിയുടെ അസൈൻമെന്റുകൾ നിയന്ത്രിക്കുന്നതിന് മുഴുവൻ സംസ്ഥാനത്തിനും ബാധകമായ സമഗ്രമായ ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് കണ്ടുകൊണ്ടാണ് 1960-ലെ കേരള സർക്കാർ ഭൂമി പതിവ് നിയമം നടപ്പിൽ വരുത്തിയത്.

(ബി) 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയഭൂമി ഏത് ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കണമെന്നായിരുന്ന വ്യവസ്ഥ; വിശദമാക്കാമോ?

1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം വ്യക്തിഗത കൃഷി, താമസ സ്ഥലം സമീപസ്ഥലങ്ങളായ രജിസ്റ്റേർഡ് ഭൂമിയുടെ ഗുണകരമായ അനുഭവം എന്നീ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി പതിച്ചു നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(സി) മൂന്നാർ പ്രദേശത്തെ നിർമ്മാണപ്രവർത്തനങ്ങൾ 2010-ൽ ഹൈക്കോടതി ഉത്തരവുപ്രകാരം നിർത്തിവയ്ക്കേണ്ടിവന്നതിന്റെ പ്രധാന കാരണം എന്തായിരുന്നു; വ്യക്തമാക്കാമോ?

മൂന്നാറിലെ റവന്യൂ വനം ഭൂമികളിലെ കൈയേറ്റങ്ങൾ സർക്കാർ ഭൂമിയുടെ ദുരുപയോഗം, വ്യാജപട്ടയങ്ങൾ മുതലായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) 1801/2010 & WP(C) 34095/2007 നമ്പരായി ഫയൽ ചെയ്തിട്ടുള്ള ഹർജിയിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള 21-01-2010-ലെ ഇടക്കാല ഉത്തരവിൽ, ഇടുക്കി ജില്ലയിലെ

മൂന്നാർ മേഖലയിലെ 8 വില്ലേജുകളിൽ നിർമാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്ന് നിബന്ധനയുള്ളതാണ്. പ്രസ്തുത ഇടക്കാല ഉത്തരവിനെത്തുടർന്നാണ് മൂന്നാർ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഏർപ്പെടുത്തിയിട്ടുള്ളത്.

പട്ടയത്തിന്റെ സാധുത, കാർഷിക/ഗാർഹിക ആവശ്യത്തിന് പതിച്ചുനൽകിയിട്ടുള്ള ഭൂമിയിൽ ഭൂമി പതിവ് വ്യവസ്ഥകളുടെ ലംഘനം നടന്നിട്ടുണ്ടോ, നിർമ്മാണ പ്രവർത്തനം നിമിത്തം മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങൾക്ക് സാധ്യതയുണ്ടോ മുതലായ വിഷയങ്ങൾ പരിശോധിച്ചാണ് എൻ.ഒ.സി.-ക്കുള്ള അപേക്ഷകളിൽ റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുന്നത്. (ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു[+])

(ഡി) ഭൂപതിവ് നിയമഭേദഗതി കൊണ്ടുവരാൻ സർക്കാർ മുന്നോട്ടുവന്നതിന്റെ പ്രധാന ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കാമോ?

1960-ലെ കേരള ഭൂമി പതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾപ്രകാരം നൽകിയിട്ടുള്ള പട്ടയങ്ങളിലോ ചട്ടങ്ങളിലോ ഉള്ള വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെങ്കിൽ വ്യവസ്ഥാ ലംഘനങ്ങളുടെ [+]അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുമെന്ന് ഹൈക്കോടതി നിർദേശിച്ചിരുന്നു. ഇതുമൂലം വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തിയ പട്ടയങ്ങൾ റദ്ദുചെയ്യേണ്ട സാഹചര്യംവരെയുണ്ടായി. കൃഷിക്കും വീടിനും പതിച്ചു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊടുത്ത ഭൂമിയിലെ വാണിജ്യ നിർമ്മിതികൾ ക്രമീകരിച്ചു നൽകിയില്ലെങ്കിൽ അത് ജനജീവിതത്തെ ബാധിക്കുമെന്ന് സർക്കാരിന് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് ഭൂപതിവ് നിയമം ഭേദഗതി കൊണ്ടുവന്നത്.

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ നടപടി

24 (*114) ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്. പാഠ്യപദ്ധതി പരിഷ്കരണം, സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി, പ്രീപ്രൈമറി മേഖലയിലെ പരിഷ്കരണങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്താൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഐ.ടി. അധിഷ്ഠിത അധ്യയനത്തിന് ഊന്നൽ നൽകുന്നതിനായി നടപ്പിലാക്കിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെക്കി ടീച്ചർ പദ്ധതി ഉൾപ്പെടെയുള്ള അധ്യാപക പരിശീലന പരിപാടികളുടെ വിശദാംശങ്ങളും ഇതിലൂടെ കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കാമോ?

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ എല്ലാ സ്കൂളുകളിലും ഡിജിറ്റൽ സൗകര്യങ്ങളുള്ള സ്മാർട്ട് ക്ലാസ് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായാൽ ICT അധിഷ്ഠിത പഠനം യാഥാർത്ഥ്യമാക്കുന്നതിന് അധ്യാപകരെ പരിശീലിപ്പിക്കേണ്ടതുണ്ട്. അധ്യാപകരുടെ സാങ്കേതിക സാക്ഷരത വർധിപ്പിക്കുന്നതിനായി പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലെ എല്ലാ ഐ.ടി. കോർഡിനേറ്റർമാർക്കും ടെക്കി ടീച്ചർ പദ്ധതിയിലൂടെ പരിശീലനം നൽകി.

നേട്ടങ്ങൾ:

1. ഏറ്റവും പുതിയ ഡിജിറ്റൽ പഠന തന്ത്രങ്ങളിലും ഗാഡ്ജെറ്റുകളുടെ ഉപയോഗത്തിലും അധ്യാപകർക്ക് പരിശീലനം നൽകി

2. പുതിയ സാങ്കേതിക ഉപകരണങ്ങളുള്ള ഹൈ-ടെക് ക്ലാസ് മുറികളും സാങ്കേതിക പരിശീലനം നേടിയ അധ്യാപകരെയും സ്കൂളുകളിൽ ഉറപ്പാക്കി.

3. ഏറ്റവും പുതിയ ഗാഡ്ജെറ്റുകളും സാങ്കേതികവിദ്യയും ഉപയോഗിച്ച് പഠനപരിവർത്തനങ്ങൾ നടത്തുന്നതിൽ അധ്യാപകർക്ക് ആത്മവിശ്വാസം വർധിച്ചു.

4. 'The Techie Teacher Training' പദ്ധതിയിലൂടെ പരിശീലനം ലഭിച്ച പ്രൈമറി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ (പി.എസ്.ഐ.ടി.സി), സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ (എസ്.ഐ.ടി.സി), ഹയർ സെക്കൻഡറി ഐ.ടി കോ-ഓർഡിനേറ്റർ

(എച്ച്.ഐ.ടി.സി/വി.എച്ച്.ഐ.ടി.സി) എന്നിവർ സ്കൂളിലെ മറ്റ് അധ്യാപകർക്കും കൈറ്റ് തയ്യാറാക്കി നൽകിയ പ്രത്യേക മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ പരിശീലനം നൽകുന്നതിന് സാധിച്ചു.

(സി) പാർശ്വവൽകൃത മേഖലകളിലെ ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പാർശ്വവൽകൃത മേഖലകളിലെ ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സമഗ്ര ശിക്ഷാ മുഖാന്തരം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി[+] ചേർക്കുന്നു.

(ഡി) സ്കൂളുകളിൽ സ്ഥാപിച്ച ടിങ്കറിങ് ലാബുകൾ മുഖേന നടപ്പാക്കിയ പ്രോഗ്രാമുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രൈമറി ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർഥികളിലെ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020-21 വർഷം മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ടിങ്കറിങ് ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ അന്വേഷണാത്മക ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന ഉപകരണങ്ങളുടെ കിറ്റുകൾ, ടിങ്കറിങ് ലാബുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. സെൻസർ അലാറം, ഇലക്ട്രോണിക് ഉപകരണങ്ങളുടെ പാർട്സുകളുടെ നിർമ്മാണം, ഫർണിച്ചർ, ആഭരണം എന്നിവയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാർട്സ് നിർമ്മാണം, ഫാഷൻ വസ്തുക്കളുടെ നിർമ്മാണം, ടൂൾ ആൻഡ് ഡൈമേക്കിങ്, ഫുഡ് മാനുഫാക്ചറിങ്, ബയോപ്രിന്റിങ്, സ്ട്രീറ്റ് ലൈറ്റ്, ട്രാഫിക്ക് ക്യാമറകൾ, വ്യവസായ മേഖല, നിർമ്മിത ബുദ്ധി, ഡാറ്റാ അനലിറ്റിക്സ്, കുറ്റകൃത്യങ്ങളിൽ മുഖം തിരിച്ചറിയൽ, ബിഗ് ഡാറ്റാ തുടങ്ങി നിരവധി മേഖലകളിൽ പ്രയോജനപ്പെടുത്താവുന്ന പ്രവർത്തനങ്ങൾ ടിങ്കറിങ് ലാബുകളിലൂടെ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും. കുട്ടികൾക്ക് ക്ലാസ് മുറികളിൽ നേടിയ അറിവുകളെ ഉപയോഗപ്പെടുത്തി പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ട് വിവിധ ശാസ്ത്രാശയങ്ങളും നൂതനാശയങ്ങളും രൂപീകരിക്കാനുള്ള ഇടങ്ങളാണ് ടിങ്കറിംഗ് ലാബുകൾ. സെക്കൻഡറി വിഭാഗം കുട്ടികൾക്ക് ശാസ്ത്രം, ഗണിതം, സാങ്കേതികവിദ്യ എന്നിവ സംയോജിപ്പിച്ച് നൂതനാശയങ്ങൾ കണ്ടെത്താനുള്ള സ്വതന്ത്രവഴികൾ തേടാനുള്ള സജ്ജീകരണങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ടിങ്കറിങ് ലാബുകളിലൂടെ കുട്ടികളുടെ പ്രോജക്ടുകളുടെ രൂപീകരണം, അധ്യാപക പരിശീലനങ്ങൾ, Do It Yourself (DIF) കിറ്റ് പരിശീലനങ്ങൾ, കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ പങ്കാളിത്തത്തോടുകൂടി നടന്ന 'ടിങ്കർ ഫെസ്റ്റ്' തുടങ്ങിയ വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഹൈസ്കൂൾ കരിക്കുലവുമായി ചേർന്ന് ടിങ്കറിങ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

താമരശ്ശേരി ചുരം റോഡിലെ യാത്രാ പ്രശ്നം പരിഹരിക്കാൻ നടപടി

25(*115) <u>ശ്രീ. നജീബ് കാന്തപുരം:</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>

<u>ശ്രീ. പി. കെ. ബഷീർ:</u>

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായുണ്ടാകുന്ന മണ്ണിടിച്ചിൽമൂലം താമരശ്ശേരി ചുരത്തിലൂടെ വയനാട്ടിലേയ്ക്കും തിരിച്ചുമുള്ള യാത്രയ്ക്ക് ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

താമരശ്ശേരി ചുരത്തിൽ തുടർച്ചയായുണ്ടാകുന്ന മണ്ണിടിച്ചിലിനെപ്പറ്റി പരിശോധിക്കുന്നതിനായി NIT മുഖാന്തരം പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ഉടൻ ലഭ്യമാകുന്നതാണ്.

(ബി) ചുരത്തിലെ കൊടുംവളവുകൾ വീതികൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

താമരശ്ശേരി ചുരത്തിലെ 6, 7, 8 വളവുകൾ വീതികൂട്ടുന്നതിനായുള്ള പ്രവൃത്തി ടെൻഡർ നടപടികൾ കഴിഞ്ഞ് EPC മോഡിൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്.

(സി) മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മണ്ണിടിച്ചിലിനെപ്പറ്റി പരിശോധിക്കുന്നതിനായി NIT മുഖാന്തരം പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ചുരം പാതയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം

നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

താമരശ്ശേരി ചുരം റോഡിലെ ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് ആനക്കാംപൊയിൽ - കളാടി - മേപ്പാടി തുരങ്കപാത. കേരള പൊതുമരാമത്ത് വകുപ്പാണ് പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് പ്രൊപ്പോണന്റ്. KIIFB ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)-കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡാണ് (KCRL). കോഴിക്കോട് ജില്ലയിലെ ആനക്കാംപൊയിലിൽ നിന്നാരംഭിച്ച് വയനാട് ജില്ലയിലെ മേപ്പാടിയിൽ എത്തിച്ചേരുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2134 കോടി രൂപ അടങ്കൽ വരുന്ന ഈ പദ്ധതിയുടെ ആകെ നീളം 8.735 കിലോമീറ്ററും ഇതിൽ ഉൾപ്പെട്ട തുരങ്കത്തിന്റെ നീളം 8.11 കിലോമീറ്ററുമാണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ട തുരങ്കനിർമ്മാണത്തിന്റെ കരാർ M/s. Dilip Buildcon Ltd. എന്ന സ്ഥാപനം 24-07-2025-ൽ KR/PD-I/NP/AKMTR/EPC/Pkg-II/02-2023/Vol-HV നമ്പർ കരാർ പ്രകാരം ഒപ്പുവച്ചിട്ടുണ്ട്. അനുബന്ധ റോഡുകളുടെയും പാലത്തിന്റെയും ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം 31-08-2025-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചിട്ടുണ്ട്.

കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന മറ്റൊരു പാതയായ പൂഴിത്തോട് പടിഞ്ഞാറത്തറ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി

നടന്നുവരുന്നു. കോഴിക്കോട് ജില്ലയിലും വയനാട് ജില്ലയിലും വനം അല്ലാത്ത ഭാഗത്ത് ജി.പി.എസ്. സർവെയും വനത്തിനുള്ളിൽ Lidar cum Drone സർവെകളും നടത്തിയിട്ടുണ്ട്. അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിവരുന്നു. അലൈൻമെന്റ് അംഗീകരിച്ചശേഷം ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിക്കാൻ സാധിക്കും.

ചുരം പാതയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ചിപ്പിലിത്തോട് - വയനാട് റോഡ് ഉൾപ്പെടുന്ന 4 വരി പാതയുടെ ഡി.പി.ആർ.-നുള്ള ടെൻഡർ നടപടികൾ കേന്ദ്ര ഉപരിതല ഗതാതഗ വകുപ്പ് മുഖാന്തരം പുരോഗമിക്കുന്നു.

പാഠ്യപദ്ധതി പരിഷ്കരണം

26(*116) ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ; ഇതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ

പരിഷ്കരിച്ച് വിദ്യാർഥികൾക്ക് യാഥാസമയം ലഭ്യമാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 2024-2025 അധ്യയന വർഷം 1, 3, 5, 7, 9 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ നിലവിൽവന്നു. രണ്ടാം ഘട്ടത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2025-2026 അധ്യയന വർഷം തുടങ്ങുന്നതിനുമുമ്പുതന്നെ കുട്ടികളുടെ കൈകളിൽ എത്തിച്ചിട്ടുണ്ട്. പരിഷ്കരിച്ച പാഠപുസ്തകങ്ങൾക്കെല്ലാംതന്നെ ടീച്ചർ ടെക്സ്റ്റുകൾ കൂടി വികസിപ്പിച്ചിട്ടുണ്ട്. പുതിക്കിയ പാഠ്യപദ്ധതിയനുസരിച്ച് അധ്യാപകരുടെ പരിശീലന പരിപാടികളും പൂർത്തീകരിച്ചു. കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളിലെ ജനകീയമായ ഇടപെടലുകളെ UNESCO 2024-ൽ പുറത്തിറക്കിയ യൂത്ത് റിപ്പോർട്ടിൽ പ്രശംസിച്ചിട്ടുണ്ട്.

(ബി) പുതുക്കിയ പാഠ്യപദ്ധതി സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങളെ സംബന്ധിച്ച പരാതികളാണ് പ്രധാനമായും ലഭിച്ചത്; പ്രസ്തുത പരാതികളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

വിപുലമായ ജനകീയ ചർച്ചകളിലൂടെ അഭിപ്രായം സ്വീകരിച്ചാണ് പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കിയത് എന്നതിനാൽ പുതുക്കിയ പാഠ്യപദ്ധതിയെക്കുറിച്ച് എസ്.സി.ഇ.ആർ.ടി. കേരളം നടത്തിയ ഫീഡ്ബാക്ക് പഠനത്തിൽ ഗൗരവമായ പരാതികൾ ലഭിച്ചില്ല. അധ്യാപക പരിശീലന സമയത്ത് അധ്യാപകരിൽനിന്നും, സ്കൂളുകൾ സന്ദർശിച്ച് അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവരിൽനിന്നും പുതുക്കിയ പാഠപുസ്തകങ്ങളെ സംബന്ധിച്ച് ഫീഡ്ബാക്ക് എടുക്കുകയുണ്ടായി. 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ

പുനഃപ്രസിദ്ധീകരിച്ചപ്പോൾ ലഭിച്ച നിർദേശങ്ങൾ പരിഗണിച്ച് ഉചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഹയർ സെക്കൻഡറി തലത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പുരോഗതി അറിയിക്കുമോ; ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ ഏജൻസികൾ മുഖേനയാണ് ഇത് നടപ്പിലാക്കുന്നത്; വിശദാംശം അറിയിക്കുമോ?

1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ പരിഷ്കരണം പൂർത്തിയായതിനെത്തുടർന്ന് അടുത്ത അധ്യയന വർഷം ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നു. പരിഷ്കരണത്തെ സംബന്ധിച്ച് അധ്യാപകരുടെയും വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും അഭിപ്രായവും നിർദേശങ്ങളും ക്രോഡീകരിച്ച് പാഠപുസ്തക രചനാ സമിതിക്ക് കൈമാറിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ SCERT തയ്യാറാക്കിയ 80 ടൈറ്റിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2026 ഫെബ്രുവരി മാസം പാഠപുസ്തക രചന പൂർത്തിയാക്കി പ്രിന്റിങ്ങിന് നൽകാനാണ് ലക്ഷ്യമിടുന്നത്. 2026-27 അധ്യയന വർഷം 11-ാം ക്ലാസിലും 2027-28 അധ്യയന വർഷത്തിൽ 12-ാം ക്ലാസിലും പരിഷ്കരിച്ച പുതിയ പാഠപുസ്തകങ്ങൾ നിലവിൽവരുന്നതാണ്. പാഠപുസ്തക രചന നിർവഹിക്കുന്നത് എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിലാണ്. സർവകലാശാല, കോളേജ് പ്രൊഫസർമാർ വിദഗ്ധരായും ഹയർസെക്കൻഡറി, ഡയറ്റ് അധ്യാപകർ രചയിതാക്കളുമായുള്ള സമിതിയാണ് പാഠപുസ്തക

രചന നിർവഹിക്കുന്നത്.

(ഡി) കുട്ടികൾക്ക് ജീവൻരക്ഷാ സംബന്ധമായ കാര്യങ്ങളിൽ പ്രാഥമികജ്ഞാനം ലഭിക്കുന്ന തരത്തിലുള്ള സംഗതികൾ പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ജീവൻരക്ഷാ സംബന്ധമായ കാര്യങ്ങളിൽ പ്രാഥമികജ്ഞാനം ലഭിക്കുന്ന തരത്തിലുള്ള ഉള്ളടക്കം പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഡിയോ പൾമണറി റെസസിറ്റേഷൻ (സി.പി.ആർ.) നടപടിക്രമത്തെക്കുറിച്ച് 10-ാം ക്ലാസിലെ ഭൗതികശാസ്ത്രം പാഠപുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. കൂടാതെ 9-ാം ക്ലാസിലെ ബയോളജി പാഠപുസ്തകത്തിൽ പ്രഥമ ശുശ്രൂഷയെക്കുറിച്ചും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള ആരോഗ്യ കായിക വിദ്യാഭ്യാസം ആക്ടിവിറ്റി ബുക്കുകളിൽ ജീവൻ രക്ഷാസംബന്ധമായ കാര്യങ്ങളെക്കുറിച്ച് പ്രാഥമിക ജ്ഞാനം ലഭിക്കുന്ന ഉള്ളടക്ക മേഖലകൾ ക്രമമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാതയുടെ നിർമ്മാണം കുറ്റമറ്റതാക്കാൻ നടപടി

27(*117) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ചുമതലയിലുള്ള ദേശീയപാത 66-ന്റെ കേരളത്തിലെ നിർമ്മാണപ്രവർത്തനങ്ങളുടെ ആരംഭത്തിൽതന്നെ വലിയ രീതിയിലുള്ള വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ് ദേശീയപാത 66-ന്റെ വികസനം. നേരത്തെ ദേശീയപാത അതോറിറ്റി പദ്ധതിക്കായി ഫണ്ട് അനുവദിക്കുകയും പ്രാഥമിക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലമേറ്റെടുത്ത് നൽകാത്തതിനെത്തുടർന്ന് 2014 സെപ്റ്റംബറിൽ ഗസറ്റ് നോട്ടിഫിക്കേഷൻപ്രകാരം ദേശീയപാത വികസനത്തിൽനിന്നും ദേശീയപാത അതോറിറ്റി പിന്മാറുകയുണ്ടായി. തുടർന്ന് അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാരിൽ കടുത്ത സമ്മർദ്ദം ചെലുത്തിയാണ് ആറുവരിയിൽ ദേശീയപാത 66-ന്റെ വികസനം വീണ്ടും യാഥാർത്ഥ്യമാക്കിയത്. ദേശീയപാത 66-ന്റെ വികസനം സാധ്യമാക്കാൻ ഭൂമിയേറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന നിബന്ധനയോടെയാണ് പ്രവൃത്തി പുനരാരംഭിച്ചത്. ഇതിനായി 5580.73 കോടി രൂപ സംസ്ഥാനം കേന്ദ്രത്തിന് കൈമാറുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ ഏറെക്കുറെ പൂർത്തിയാക്കി ഭൂമി ദേശീയപാത അതോറിറ്റിക്ക് കൈമാറിയ ഘട്ടത്തിൽ ദേശീയപാത അതോറിറ്റി റോഡുകൾക്കുള്ള ഡിസൈൻ തയ്യാറാക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. 444 കിലോമീറ്റർ ദൂരം ആറുവരിയിലേക്ക് വികസിപ്പിച്ചുകഴിഞ്ഞു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ദേശീയപാതയുടെ ഡിസൈനും

നിർമ്മാണവും ഗുണനിലവാരം ഉറപ്പാക്കലും ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്തമാണെങ്കിലും സംസ്ഥാനം ഫണ്ട് ചെലവഴിക്കുന്നതിനാലും പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിൽ യോഗങ്ങൾ ചേരുകയും അതോടൊപ്പം പ്രവൃത്തിയിടങ്ങളിലെത്തി പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ ദേശീയപാത നിർമ്മാണ വേളയിൽ മണ്ണിടിച്ചിൽ സാധ്യത മുന്നിൽക്കണ്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താൻ നേരത്തെതന്നെ ദേശീയപാത അതോറിറ്റിയോട് നിർദേശിച്ചിരുന്നു. ഇത്തരത്തിൽ മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി പരിസ്ഥിതി സൗഹാർദ്ദമായ പരിഹാര മാർഗങ്ങൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കി നടപ്പാക്കണമെന്ന് ദേശീയപാത അതോറിറ്റിയോട് 2024 ജൂണിൽ തന്നെ ആവശ്യപ്പെട്ടിരുന്നു. പ്രവൃത്തി പുരോഗമിക്കുന്നതിനിടയിൽ മലപ്പുറത്ത് കുരിയാട് നിർമ്മാണത്തിലിരിക്കുന്ന റോഡിന് തകർച്ച സംഭവിച്ചു. മഴയുടെ ഘട്ടത്തിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിലും റോഡുകളിൽ വിള്ളലുകളുമുണ്ടായി. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ട സമയത്ത് തന്നെ ദേശീയപാത അതോറിറ്റിയെ അറിയിക്കുകയും പരിഹാരനടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. 26-05-2025-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും 30-05-2025-ന് ചീഫ് സെക്രട്ടറിയും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുമായി യോഗം നടത്തുകയും വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. 06-07-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര

ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രത്യേകമായ ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദേശീയപാത നിർമ്മാണത്തിലുണ്ടായ അപാകതകൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന് അടിയന്തിരമായി പരിഹാരം കാണണമെന്നും പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു.

ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും ശാസ്ത്രീയമായ പരിഹാര മാർഗങ്ങൾ ഉണ്ടാകുമെന്നും ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പുനൽകി. കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും സമിതി റിപ്പോർട്ട് കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിക്കുകയുണ്ടായി. കൺസഷണറുടെ രൂപകൽപ്പനയിൽ പിഴവ് സംഭവിച്ചതുമൂലമാണ് തകർച്ചയുണ്ടായതെന്ന് കണ്ടെത്തിയതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കൺസഷണറെയും സ്വതന്ത്ര എഞ്ചിനീയറെയും ഡീബാർ ചെയ്തതായും ടീം ലീഡറെയും കൺസഷണറുടെ പ്രോജക്ട് മാനേജരെയും സസ്പെൻഡ് ചെയ്തതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും കുരിയാട് ഒരു വയഡക്ട് നിർമ്മിക്കാനുള്ള നിർദേശം കരാറുകാരന് നൽകിയതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) നിർമ്മാണത്തിലിരിക്കുന്ന ദേശീയപാതയുടെ വിവിധ ഭാഗങ്ങൾ തകർന്ന് ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഗതാഗതം തടസ്സപ്പെട്ട ഇടങ്ങളിൽ ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഗതാഗതം പുനഃസ്ഥാപിച്ചിരുന്നു.

(സി) പ്രസ്തുത ദേശീയപാതയുടെ രൂപരേഖ തയ്യാറാക്കിയപ്പോൾ ഭൂമിയുടെ കിടപ്പും മണ്ണിന്റെ സ്വഭാവവും ശാസ്ത്രീയ പരിശോധനകൾക്ക് വിധേയമാക്കിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ദേശീയപാതയുടെ രൂപകൽപ്പനയും നിർമ്മാണ നിർവഹണവും ഗുണനിലവാരം ഉറപ്പുവരുത്തലും ദേശീയപാത അതോറിറ്റിയുടെ ചുമതലയാണ്. മണ്ണിന്റെ സവിശേഷതകൾ ഉൾപ്പെടെ രൂപകൽപ്പനയിൽ പരിഗണിക്കുന്നതിന് ബന്ധപ്പെട്ട കൺസൾട്ടൻമാർക്ക് നിർദേശം നൽകിയിരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. എന്നാൽ മലപ്പുറം കൂരിയാട് ഉണ്ടായ സംഭവത്തെത്തുടർന്ന് കേരളത്തിലെ ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തി പരിശോധിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ദേശീയപാത 66-ന്റെ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ ചുമതലകൾ

28 (*118) <u>ശ്രീ. അൻവർ സാദത്ത്</u>:

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ ചുമതലകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ദേശീയപാതകളുടെ വികസന പ്രവർത്തനങ്ങൾ ദേശീയപാത അതോറിറ്റിവഴി നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നത് സംസ്ഥാന സർക്കാരാണ്. സംസ്ഥാന സർക്കാർ സംസ്ഥാനത്തെ റോഡുകൾ ദേശീയപാത അതോറിറ്റിക്ക് കൈമാറിയതിനുശേഷമാണ് മറ്റ് നടപടികൾ ആരംഭിക്കുക. ദേശീയപാത 66-ൽ ഈ നടപടിക്രമങ്ങൾക്കുശേഷം ദേശീയപാത അതോറിറ്റി പ്രവൃത്തി ആരംഭിക്കാനുള്ള ഫണ്ട് അനുവദിച്ചിരുന്നു. എന്നാൽ ഭൂമിയേറ്റെടുത്ത് നൽകാത്തതിനെത്തുടർന്ന് 2014-ൽ ദേശീയപാത 66-നെ കേന്ദ്ര പദ്ധതിയിൽനിന്ന് ഡീനോട്ടിഫൈ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 2016-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ് സർക്കാർ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കേന്ദ്രവുമായി നിരന്തരം ചർച്ച നടത്തുകയും ദേശീയപാത 66-ന്റെ വികസനം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഭൂമിയേറ്റെടുക്കലിന്റെ 25 ശതമാനം കേരളം വഹിച്ചാൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയൂ എന്നതായിരുന്നു കേന്ദ്ര നിബന്ധന. സംസ്ഥാനത്തിന്റെ വിശാല വികസന താൽപര്യം മുൻനിർത്തി കിഫ്ബിയിൽനിന്നും പണം ചെലവഴിക്കാൻ

തീരുമാനിച്ചു. ഇതേതുടർന്ന് ദേശീയപാത അതോറിറ്റിയും സംസ്ഥാന സർക്കാരും കിഫ്ബിയും ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവക്കുകയുണ്ടായി. ഈ കരാറിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് ഒപ്പുവച്ചത് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയാണ്. കിഫ്ബിയിൽനിന്നും ആവശ്യമായ ഫണ്ട് ലഭ്യമാക്കി കേന്ദ്രത്തിന് കൈമാറുന്നതും പൊതുമരാമത്ത് വകുപ്പ് വഴിയാണ്. ഇതുവരെ 5580.73 കോടി രൂപ സംസ്ഥാന വിഹിതമായി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ദേശീയപാത വികസനത്തിന്റെ ഏറ്റവും സുപ്രധാനമായ ഘട്ടം ഭൂമിയേറ്റെടുക്കുക എന്നതായിരുന്നു. സംസ്ഥാന സർക്കാരിന് കീഴിലുള്ള റവന്യൂ വകുപ്പാണ് ഭൂമിയേറ്റെടുക്കലിന്റെ മുഖ്യചുമതല വഹിക്കുന്നത്. റവന്യൂ വകുപ്പിനൊപ്പം ബിൽഡിങ് വാല്യുവേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പൊതുമരാമത്ത് വകുപ്പും പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഭൂമിയേറ്റെടുക്കലിൽ തടസ്സങ്ങൾ ഉണ്ടായ ഘട്ടങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേരുകയും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റിയുമായുള്ള ലെയ്സൺ വർക്കുകൾ നിർവഹിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. പ്രവൃത്തി ആരംഭിച്ചതിനുശേഷം പ്രവൃത്തി വിലയിരുത്തുന്നതിനും സംസ്ഥാന സർക്കാർ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പൊതുമരാമത്ത് വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരാറുണ്ട്. സംസ്ഥാന സർക്കാരിന്റെ ധനപരമായ പങ്കാളിത്തമുള്ള പദ്ധതി എന്ന നിലയിലും കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വികസന പദ്ധതി എന്ന നിലയിലുമാണ് ഇത്തരം

യോഗങ്ങൾ നടത്താറുള്ളത്. ഇതിനുപുറമേ പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ട് പ്രവൃത്തിയിടങ്ങളിലെത്തി പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ദേശീയപാത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കും ഉത്തരവാദിത്വമുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിൽ ജലവിഭവം-വൈദ്യുതി-തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് ഉത്തരവാദിത്വമുണ്ട്. മണ്ണ്, മണൽ, മെറ്റൽ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിൽ റവന്യൂ-വ്യവസായം-പരിസ്ഥിതി വകുപ്പുകൾക്ക് പങ്കാളിത്തമുണ്ട്. മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിൽ വനം വകുപ്പിനാണ് മുഖ്യപങ്ക്. ഈ കാര്യങ്ങളിലുള്ള ഏകോപനം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിനാണ്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും വികസനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാന സർക്കാർ വകുപ്പുകൾ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് പ്രവർത്തിക്കുകയാണ്.

(ബി) പ്രസ്തുത ദേശിയപാത നിർമ്മാണത്തിലെ അശാസ്ത്രീയതയും അഴിമതിയും സംബന്ധിച്ച് സംസ്ഥാന സർക്കാർ അന്വേഷണം നടത്തുകയോ കേന്ദ്ര സർക്കാരിനോട് അന്വേഷണത്തിന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ?

ദേശീയപാതകളുടെ രൂപകൽപ്പനയും നിർമ്മാണവും ഗുണനിലവാരം ഉറപ്പുവരുത്തലും കേന്ദ്ര സർക്കാരിന് കീഴിലുള്ള ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പുരോഗമിക്കുന്ന ഘട്ടത്തിൽ മലപ്പുറത്ത് കൂരിയാട് നിർമ്മാണത്തിലിരിക്കുന്ന റോഡിന് തകർച്ച സംഭവിച്ചു. മഴയുടെ ഘട്ടത്തിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിലും റോഡുകളിൽ

വിള്ളലുകളുമുണ്ടായി. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ട സമയത്തുതന്നെ ദേശീയപാത അതോറിറ്റിയെ അറിയിക്കുകയും പരിഹാര നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. 26-05-2025-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും 30-05-2025-ന് ചീഫ് സെക്രട്ടറിയും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുമായി യോഗം നടത്തുകയും വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. 06-07-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രത്യേകമായ ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദേശീയപാത നിർമ്മാണത്തിലുണ്ടായ അപാകതകൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന് അടിയന്തിരമായി പരിഹാരം കാണണമെന്നും പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു. ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും ശാസ്ത്രീയമായ പരിഹാര മാർഗങ്ങൾ ഉണ്ടാകുമെന്നും ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പുനൽകി. കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും സമിതി റിപ്പോർട്ട് കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിക്കുകയുണ്ടായി. കൺസഷണറുടെ രൂപകൽപ്പനയിൽ പിഴവ് സംഭവിച്ചതുമൂലമാണ് തകർച്ച ഉണ്ടായതെന്ന് കണ്ടെത്തിയതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കൺസഷണറെയും സ്വതന്ത്ര എഞ്ചിനീയറെയും ഡീബാർ ചെയ്തതായും ടീം ലീഡറെയും കൺസഷണറുടെ പ്രോജക്ട് മാനേജരെയും സസ്പെൻഡ്

ചെയ്തതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും കുരിയാട് ഒരു വയഡക്ട് നിർമ്മിക്കാനുള്ള നിർദേശം കരാറുകാരന് നൽകിയതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുസൃതമായുള്ള നിർമ്മാണമല്ല മലപ്പുറത്തെ കുരിയാട് അടക്കമുള്ള ദേശിയപാത 66-ന്റെ നിർമ്മാണത്തിൽ നടന്നത് എന്നത് വസ്തുതയാണോ; വിശദമാക്കാമോ?

മണ്ണിന്റെ സവിശേഷതയും കേരളത്തിലെ കാലാവസ്ഥയും ഉൾപ്പെടെ രൂപകൽപ്പനയിൽ പരിഗണിക്കുന്നതിന് ബന്ധപ്പെട്ട കൺസഷണർമാർക്ക് നിർദേശം നൽകിയിരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. എന്നാൽ മലപ്പുറം കുരിയാട് ഉണ്ടായ സംഭവത്തെത്തുടർന്ന് കേരളത്തിലെ ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തി പരിശോധിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായ റോഡ് നിർമ്മാണം

29 (*119) ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന തരത്തിൽ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

റോഡുകളുടെ സുസ്ഥിര വികസനത്തിനായി കൂടുതൽ കാലം ഈടു നിൽക്കുന്ന BM&BC നിലവാരത്തിലേയ്ക്ക് നിലവിലുള്ള റോഡുകളെ ഘട്ടംഘട്ടമായി ഉയർത്തിവരുന്നു. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നതിനായി 26-03-2018-ലെ G.O.(Rt) No. 527/2018/PWD പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഉതകുന്ന തരത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ് പ്രവൃത്തികൾക്കായി അവലംബിക്കുന്ന നൂതന സാങ്കേതികവിദ്യകൾ അനുബന്ധമായി+ ചേർക്കുന്നു.

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI), കേരള സർവകലാശാലയിലെ ജിയോളജി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന തരത്തിൽ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഹോട്ട് മിക്സ് അസ്ഫാൾട്ടിന്റെ (HMA) ഈർപ്പ സംവേദനക്ഷമത സംബന്ധിച്ച് രണ്ട് ഘട്ടങ്ങളിലായി വിവിധ ജില്ലകളിൽ ഗവേഷണ പഠനം നടത്തി. ഗവേഷണ പദ്ധതിയുടെ ഒന്നാം ഘട്ടം ഒക്ടോബർ 2023-ൽ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടം പുരോഗമിച്ചുവരികയാണ്. അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നു.

2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ പൊതുമരാമത്ത് റോഡുകളുടെ പുനർ നിർമ്മാണത്തിനായി റീ ബിൽഡ് കേരള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ/ലോക ബാങ്കുകളുടെ ധനസഹായത്തോടെ പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകളുടെ മുൻഗണനാക്രമം നിശ്ചയിച്ച് 29 റോഡുകൾ ഒന്നാം ഘട്ടത്തിൽ കെ.എസ്.ടി.പി. മുഖേന പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രളയം, മണ്ണിടിച്ചിൽ എന്നിവയെ പ്രതിരോധിക്കുന്ന തരത്തിലാണ് പ്രസ്തുത റോഡുകൾ നിർമ്മിക്കുന്നത്. കാലാവസ്ഥാ വ്യതിയാനംമൂലം ഉണ്ടാകാവുന്ന പ്രളയം, മണ്ണിടിച്ചിൽ എന്നിവയെ പ്രതിരോധിക്കുന്നതിന് PQC, soil nailing and grouting, Geo textiles soil stabilization തുടങ്ങിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയാണ് റോഡുകൾ നിർമ്മിക്കുന്നത്.

മഴക്കാലംമൂലം ഉണ്ടാകുന്ന വെള്ളക്കെട്ട് അതിജീവിക്കുന്നതിനായി പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ഉപരിതലം ഉയർത്തിയാണ് കെ.ആർ.എഫ്.ബി. റോഡുകൾ നിർമ്മിക്കുന്നത്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ഭൂമിയുടെ ചരിവിനനുസരിച്ചുള്ള ഓടകൾ, കാൽനടയാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്പാത്തുകൾ, മറ്റ് സുരക്ഷ മുൻകരുതലുകൾ എന്നിവയും ഉൾപ്പെടുത്തി ബി.എം&ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ച് ശാസ്ത്രീയ രീതിയിലാണ് നിർമ്മിക്കുന്നത്. നവീന സാങ്കേതികവിദ്യകളായ ജർമ്മൻ നിർമ്മിത മില്ലിങ് യന്ത്രം ഉപയോഗിച്ചിട്ടുള്ള കോൾഡ് ഇൻ പ്ലേസ് റീസൈക്ലിങ് നിർമ്മാണ രീതി ഉൾപ്പെടുത്തി

നടപ്പിലാക്കി വരുന്നു.

(ബി) വെബ് അധിഷ്ഠിത റോഡ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

വെബ് അധിഷ്ഠിത റോഡ് മാനേജ്മെന്റ് സംവിധാനമായ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) 2021 ഡിസംബറിൽ നടപ്പിലാക്കി. ഇതിന്റെ ഭാഗമായി iROADS എന്ന സോഫ്റ്റ്വെയർ പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി സോഫ്റ്റ്വെയർ ലഭ്യമാക്കിയ സ്ഥാപനവുമായി പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള കെ.എസ്.റ്റി.പി. 05-06-2020-ന് 8 വർഷ കാലയളവിലേയ്ക്ക് കരാർ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ നടത്തിപ്പ് ചുമതല പൊതുമരാമത്ത് ഭരണവിഭാഗത്തിന് കീഴിലുള്ള e-Governance Cell-ന് ആണ്. ഇതിന്റെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

RMMS-ൽ ചുവടെപ്പറയുന്നവ ഉൾപ്പെടുന്നു. കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കേരള പി.ഡബ്ല്യു.ഡി. കൈകാര്യം ചെയ്യുന്ന റോഡ് ശൃംഖലയുടെ ഡിജിറ്റൈസേഷൻ (ഏകദേശം 31000 കിലോമീറ്റർ) റോഡ് ശൃംഖലയുടെ റോഡ് ഇൻവെന്ററി ഡാറ്റ, കോർ റോഡ് നെറ്റ്വർക്കിലെ (ഏകദേശം 7000) റോഡ് അവസ്ഥ ഡാറ്റ (പരുക്കൻ, റാവലിംഗ്, കുഴികളുടെ ആഴം, വിള്ളലുകൾ, കുഴികൾ, അരികുകളിലെ പൊട്ടലുകൾ മുതലായവ), ഏകദേശം 100-ലധികം സ്ഥലങ്ങളിലെ ട്രാഫിക് ഡാറ്റ, പൊതുമരാമത്ത് നെറ്റ്വർക്കിലെ പ്രശ്നങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നയിക്കാൻ പൗരൻമാർക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ (PWD4U), സൈറ്റ് പരിശോധന, ഡാറ്റ റെക്കോർഡ്, ഡാറ്റ വിശകലനം എന്നിവയ്ക്കായി പൊതുമരാമത്ത് എഞ്ചിനീയർമാർക്ക് ഉപയോഗിക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ - iROADS മൊബൈൽ ആപ്പ്, ബ്രിഡ്ജ് ഡാറ്റ എന്നിവ ഈ സംവിധനത്തിലൂടെ ക്രമീകരിച്ചിട്ടുണ്ട്.

നെറ്റ്വർക്കിൽ എത്രത്തോളം മോശം, ന്യായമായ അല്ലെങ്കിൽ നല്ല അവസ്ഥയിലാണെന്ന് മനസ്സിലാക്കാൻ കഴിയും. റോഡ് അറ്റകുറ്റപ്പണി ആവശ്യമുള്ള റോഡ് വിഭാഗങ്ങളുടെ ജിയോ-റഫറൻസ് സ്ഥാനം അറിയാൻ കഴിയും.

RoW-യിലെ മറ്റെല്ലാ ആസ്തികളുടെയും ജിയോറഫറൻസ് സ്ഥാനം, ഇൻവെന്ററി, അവസ്ഥാ വിശദാംശങ്ങൾ എന്നിവ മനസ്സിലാക്കാൻ സാധിക്കും.

ഒരു നിശ്ചിത ബജറ്റ് സാഹചര്യത്തിൽ ഒപ്റ്റിമൽ പ്രകടന ഔട്ട്പുട്ടുകൾ നൽകുന്ന വാർഷിക, മൾട്ടി-വർഷ റോഡ് അറ്റകുറ്റപ്പണി പദ്ധതികൾ തയ്യാറാക്കുക.

നെറ്റ്വർക്കിലെ ഗതാഗതക്കുരുക്ക് മനസ്സിലാക്കുക, അതായത്, ഗതാഗതശേഷിയെ അടിസ്ഥാനമാക്കി റോഡ് വാർഷിക, ബഹു-വാർഷിക റോഡ് നവീകരണ പദ്ധതികൾ തയ്യാറാക്കാൻ സഹായിക്കും.

പാലങ്ങളുടെ അവസ്ഥ മനസ്സിലാക്കുകയും വാർഷിക, ബഹു-വാർഷിക പാലം-കൾവെർട്ട് അറ്റകുറ്റപ്പണി പദ്ധതികൾ തയ്യാറാക്കുന്നതിലൂടെ പാലത്തിന്റെയും കൾവെർട്ടിന്റെയും അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകാനും സഹായിക്കും.

റോഡ്, പാലം, കൾവെർട്ട് അറ്റകുറ്റപ്പണികളിൽ കാലാവസ്ഥാ പ്രതിരോധം

ഉൾപ്പെടുത്താൻ സാധിക്കും.

(സി) റോഡുകൾ ശക്തിപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

റോഡുകൾ ശക്തിപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമായി വിവിധ പദ്ധതികളും അറ്റകുറ്റപ്പണികളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കിവരുന്നു. കൂടുതൽ കാലം ഈട് നിൽക്കുന്ന BM&BC റോഡുകൾ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ തയ്യാറാക്കി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചിട്ടുണ്ട്. DLP കാലയളവിലല്ലാത്ത റോഡുകളെ പരിപാലിക്കുന്നതിനും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും Running Contract പ്രവൃത്തികളും പ്രീമൺസൂൺ പ്രവൃത്തികളും ഫലപ്രദമായി നടപ്പിലാക്കി വരുന്നു. RKI പദ്ധതി വഴി KSTP നടപ്പാക്കുന്ന റോഡുകൾ ഒരു വർഷത്തെ DLP ഉൾപ്പെടെ അഞ്ചു വർഷത്തെ പരിപാലന കാലാവധിയുള്ളതാണ്. പരിപാലന കാലാവധിയിൽ കരാറുകാരൻതന്നെ റോഡിന്റെ പരിപാലനവും നിർവഹിക്കുന്നു. പരിപാലന കാലാവധിക്കുശേഷം ടി റോഡുകൾ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കൈമാറുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റോഡുകളും pot hole ഇല്ലാതെ സംരക്ഷിക്കപ്പെടുക എന്ന ഉദ്ദേശ്യത്തോടുകൂടി റണ്ണിങ് കോൺട്രാക്ട് സംവിധാനം ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം മഴക്കാലത്തിനുശേഷം ഉണ്ടാകാൻ സാധ്യതയുള്ള

തകരാറുകൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് അടങ്കൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആയതിനാൽ താമസംവിനാ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കാൻ സാധിക്കാറുണ്ട്. പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും വെട്ടിപ്പൊളിച്ചാൽതന്നെ ആയത് ഉടനടി പുനഃസ്ഥാപിക്കുന്നതിനുമായി വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനും റോഡ് പുനഃസ്ഥാപിക്കുന്നതിനുമായി പരിഷ്കരിച്ച മാർഗനിർദേശങ്ങൾ 14-02-2023-ലെ G.O. (MS) No.11/2023/PWD, 14-09-2023-ലെ G.O. (MS) 46/2023/PWD സർക്കാർ ഉത്തരവുകൾപ്രകാരം നടപ്പിലാക്കിവരുന്നു. പൂർത്തിയാക്കിയ പ്രവൃത്തികളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ DLP കാലാവധിക്കുള്ളിൽപ്പെടുന്നവ അതത് കരാറുകാരെക്കൊണ്ട് അവരവരുടെ ചെലവിൽത്തന്നെ ചെയ്യിക്കാറുണ്ട്. DLP കാലാവധി കഴിഞ്ഞ പ്രവൃത്തികളിൽ RC work/Pre monsoon പ്രവൃത്തികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കി, പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കി വരുന്നു.

കെ.ആർ.എഫ്.ബി. റോഡുകൾ ശക്തിപ്പെടുത്തുന്നതിനായി റോഡിന്റെ subgrade, subbase, base, surface എന്നീ ലെയറുകൾ Traffic-ന്റെ ബാഹുല്യം കണക്കിലെടുത്ത് പുതുതായി ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റീ-സൈക്ലിങ് മെറ്റീരിയൽസ് പരമാവധി ഉപയോഗിക്കുകയും ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ ഉപയോഗിക്കാൻ നിർവഹണോദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള ദേശീയപാതകൾ ബലപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾ Annual Plan Scheme-ൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള ദേശീയപാതകളിൽ STMC, PBMC പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. കൂടാതെ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് മഴക്കാല പ്രവൃത്തികളും അത്യാവശ്യ റോഡ് നവീകരണ പ്രവൃത്തികളും സമയബന്ധിതമായി നടപ്പിലാക്കി വരുന്നു.

കേരളത്തെ ആഗോള വിനോദസഞ്ചാരത്തിന്റെ ആകർഷണ കേന്ദ്രമാക്കാൻ നടപടി

30 (*120) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഗ്രാമ, നഗര വ്യത്യാസമില്ലാതെ കേരളത്തെ ആഗോള വിനോദസഞ്ചാരത്തിന്റെ പ്രധാന ആകർഷണ കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ ആഗോള ടൂറിസം വിപണിയിൽ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡായി ശ്രദ്ധിക്കപ്പെടാനും വിദേശസഞ്ചാരികളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി നിരവധി പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്നു.

ഓരോ കേരളീയനും അവരുടെ നാടിന്റെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും പ്രദർശിപ്പിക്കുന്നതിന് അവസരമൊരുക്കാൻ വിനോദസഞ്ചാര വകുപ്പ് "എന്റെ കേരളം എന്നും സുന്ദരം" എന്ന പദ്ധതി നടപ്പിലാക്കി. എല്ലാവരും അവരവർക്ക് പ്രിയപ്പെട്ട സ്ഥലങ്ങളുടെ ഫോട്ടോകളും വീഡിയോകളും പോസ്റ്റ് ചെയ്യുകയും അതിൽനിന്ന് തെരഞ്ഞെടുക്കുന്നവ കേരള ടൂറിസത്തിന്റെ മ്യൂസിക് വീഡിയോയിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ് ടി ക്യാമ്പയിൻ.

കേരളത്തിന്റെ സൗന്ദര്യവും സാംസ്കാരിക സമ്പന്നതയും ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാരെ പ്രയോജനപ്പെടുത്തി കേരളത്തിന്റെ മനോഹരമായ കാഴ്ചകൾ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ആകർഷകമായ ഫോട്ടോകളും വീഡിയോകളും വഴി അവതരിപ്പിക്കുന്നതിനുള്ള പദ്ധതിയും വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ ആക്ടിവിറ്റി എന്ന ഈ പദ്ധതിയിലൂടെ കേരളത്തിലേക്ക് യാത്ര ചെയ്യാൻ താൽപ്പര്യമുള്ള സഞ്ചാരികളിലേക്ക് നേരിട്ട് എത്തുവാനും കേരള ടൂറിസം എന്ന ബ്രാൻഡ് അവബോധം വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

ഇതോടൊപ്പം മിഡിൽ ഈസ്റ്റിൽനിന്നും യൂറോപ്പിൽനിന്നും കൂടുതൽ വിദേശസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ

വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, What's App Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരളത്തിന്റെ പരമ്പരാഗത തൊഴിലുകളെ ടൂറിസം ഉൽപന്നങ്ങളാക്കി മാറ്റുന്ന വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളാക്കി മാറ്റി ആഗോള വിപണിയിലെത്തിക്കുന്നതിനായി വീഡിയോകളും ബ്രോഷറുകളും ഇ-ബുക്കുകളും തയ്യാറാക്കി പുറത്തിറക്കിയിട്ടുണ്ട്. സ്വദേശ-വിദേശ വിനോദസഞ്ചാരികളെ കേരളത്തിലെ ഗ്രാമ നഗര വ്യത്യാസമില്ലാതെ എത്തിക്കുന്നതിനുവേണ്ടി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയും സ്റ്റീറ്റ്, പെപ്പർ, മോഡൽ ആർ.ടി വില്ലേജ്, കേരള അഗ്രി ടൂറിസം നെറ്റ്വർക്ക്, എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, സ്ത്രീ സൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തുടനീളം ടൂറിസ്റ്റുകളെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പാക്കിവരുന്നു.

സാഹസിക വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ

ആകർഷിക്കുന്നതിനായി പാരാഗ്ലൈഡിങ്, സർഫിങ്, മൗണ്ടൻ സൈക്ലിങ്, വൈറ്റ് വാട്ടർ കയാക്കിങ് തുടങ്ങിയ വിവിധ സാഹസിക വിനോദസഞ്ചാര മത്സരങ്ങൾ വകുപ്പ് നടത്തുകയുണ്ടായി. ഇതുവഴി സാഹസിക വിനോദസഞ്ചാരമേഖലയിൽ താൽപ്പര്യമുള്ള വിദേശസഞ്ചാരികൾ കേരളം സന്ദർശിക്കുന്നതിനുള്ള സാധ്യതകൾ വർധിച്ചിട്ടുണ്ട്.

ആഭ്യന്തര - വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും, Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചും വരുന്നു. ഇതോടൊപ്പം കൂടുതൽ രാജ്യങ്ങളിൽനിന്നും സംസ്ഥാനത്തേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിന് Look East Policy നടപ്പിലാക്കി. കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ ക്രമാനുഗതമായ വർധനവ് കണക്കാക്കുമ്പോൾ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന ഈ പ്രചരണ പ്രവർത്തനങ്ങളെല്ലാം ഫലപ്രദമായിട്ടുണ്ടെന്ന് കാണാവുന്നതാണ്.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിത്വപൂർണ്ണവും പരിസ്ഥിതി സൗഹൃദവും

ആകർഷകവുമാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്?

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

a. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപയിൻ

കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന 14 ജില്ലകളിലായി വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപയിൻ". ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപയിൻ 2025-26 എന്ന പദ്ധതിയുടെ നടത്തിപ്പിനായി 10,69,20,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

b. കോവളം ഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം

കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

C. ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം

ഇടുക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ

ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽ മേട് (ആമപ്പാറ), രാമക്കൽ മേട് പാർക്ക്, പരുന്തുംപാറ, പാഞ്ചാലി മേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക്- ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ(അഡ്വഞ്ചർ പാർക്ക്), തൊമ്മൻ കുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ടി പദ്ധതിയ്ക്കായി 2024-25 –ൽ 75,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യരഹിതമായി നിലനിർത്തുന്നതിനും അത് പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ സംസ്ഥാന ശുചിത്വ മിഷനുമായി ചേർന്ന് ഗ്യാപ്പ് അസസ്മെന്റ് നടത്തുകയും കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയുമാണ്.

സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻപ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണെന്നകാര്യം ഗൗരവമായി കാണുന്നുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ജൈവ-അജൈവ വേസ്റ്റ് ബിന്നുകൾ

സ്ഥാപിച്ചിട്ടുള്ളതും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതുമാണ്. പ്ലാസ്റ്റിക്ക് വസ്തുക്കൾ പാർക്കുകളിൽ കൊണ്ടുവരുന്നത് ഒഴിവാക്കുന്നതിന് ശ്രദ്ധ പുലർത്തുന്നതിനും നല്ല രീതിയിൽ സഞ്ചാരികളെ പറഞ്ഞ് മനസ്സിലാക്കുന്നതിനും ജീവനക്കാർക്ക് നിർദേശം നൽകുന്നുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിത്വപൂർണ്ണവും പരിസ്ഥിതി സൗഹൃദവും ആകർഷകവുമാക്കുന്നതിന്റെ ഭാഗമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്നതിനുള്ള ശാസ്ത്രീയ മാലിന്യ സംസ്കരണ പരിപാടികൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. അതിനാവശ്യമായ അവബോധ ശില്പശാലകൾ നടത്തുന്നുണ്ട്. കേരളത്തിലെ ടൂറിസം അക്കൊമൊഡേഷൻ യൂണിറ്റുകളായ ഹോട്ടലുകളിലും റിസോർട്ടുകളിലും ഹോംസ്റ്റേകളിലും പ്ലാസ്റ്റിക് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തിവരുന്നുണ്ട്. ഇതിനുവേണ്ടി ഒരു സർട്ടിഫിക്കറ്റ് ഓഫ് അസോസിയേഷൻ വിവിധ ടൂറിസം സംരംഭങ്ങളുമായി ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്.

ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമാക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്. പരിസ്ഥിതി സംബന്ധിയായ നിയമങ്ങളും ഉത്തരവുകളും പാലിച്ചുകൊണ്ടും ആവശ്യമായ പാരിസ്ഥിതിക അനുമതികൾ

നേടിയതിനുശേഷവുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. വനമേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നത് ഇക്കോടൂറിസം ഡയറക്ടറേറ്റ് മുഖേനയാണ്. ഇത്തരം ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുമ്പോൾ വനം പരിസ്ഥിതി നിയമങ്ങളും നിബന്ധനകളും കൃത്യമായി പാലിക്കാറുണ്ട്. സുസ്ഥിര ടൂറിസം വികസനത്തിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ ഉത്സവങ്ങളും ആഘോഷങ്ങളും ഇവിടെ എത്തുന്ന സഞ്ചാരികളുടെ പ്രധാന ആകർഷണമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ആഘോഷങ്ങളും ഉത്സവ പരിപാടികളും ചുവടെ ചേർക്കുന്നു.

ഓണാഘോഷം

എല്ലാവർഷവും ഓണാഘോഷം വളരെ വിപുലമായ രീതിയിൽ സംസ്ഥാനത്ത് നടത്തിവരുന്നുണ്ട്. സംസ്ഥാനതല ഓണാഘോഷം തിരുവനന്തപുരത്തും സമീപ പ്രദേശങ്ങളിലുമായി ഏതാണ്ട് 30-ഓളം വേദികളിലായും എല്ലാ ജില്ലകളിലും ഏഴുദിവസം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികളായുമാണ് സംഘടിപ്പിക്കുന്നത്. വിവിധങ്ങളായ

കലാപരിപാടികളാണ് ഓണാഘോഷത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്. സംസ്ഥാനതല ഓണാഘോഷ പരിപാടികളുടെ സമാപന ദിവസം തിരുവനന്തപുരത്ത് വിവിധ സർക്കാർ വകുപ്പുകൾ സംഘടിപ്പിക്കുന്ന വർണ്ണശബളമായ സാംസ്കാരിക ഘോഷയാത്രയും സംഘടിപ്പിക്കുന്നുണ്ട്. ഓണാഘോഷം അന്തർദേശീയ ടൂറിസം ഭൂപടത്തിൽ ഇടംനേടി. വിദേശസഞ്ചാരികളും ഉത്തരവാദിത്ത ടൂറിസത്തിന്റെ അന്താരാഷ്ട്ര സംഘവും ഓണാഘോഷത്തിന് എത്തി.

നിശാഗന്ധി

എല്ലാവർഷവും ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരത്ത് കനകക്കുന്നിലെ നിശാഗന്ധി ഓഡിറ്റോറിയത്തിലാണ് പ്രശസ്തമായ നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഭരതനാട്യം, കൂച്ചിപ്പുടി, മോഹിനിയാട്ടം, മണിപ്പൂരി, സത്രിയ, കഥക്, ഒഡീസി തുടങ്ങിയ നൃത്തരംഗത്തെ പ്രഗത്ഭരായ പ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ടാണ് നിശാഗന്ധി നൃത്തോത്സവം സംഘടിപ്പിക്കുന്നത്.

വസന്തോത്സവം

എല്ലാവർഷവും പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് കനകക്കുന്നിൽ ഏഴുദിവസം നീണ്ടുനിൽക്കുന്ന വസന്തോത്സവം നടത്തിവരുന്നുണ്ട്. വസന്തോത്സവത്തിൽ വിവിധങ്ങളായ പുഷ്പങ്ങളുടെയും സസ്യങ്ങളുടെയും പ്രദർശനവും വിപണനവും സംഘടിപ്പിച്ചു

വരുന്നുണ്ട്. ഈ വർഷത്തെ വസന്തോത്സവത്തിൽ ഏകദേശം ഒരു ലക്ഷത്തി ഇരുപതിനായിത്തോളം പേർ പങ്കെടുത്തു.

ന്യൂ ഇയർ ലൈറ്റിങ്ങ്

ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതിയാണ് ന്യൂ ഇയർ കാലത്തെ വൈദ്യുത അലങ്കാര പദ്ധതി. ന്യൂ ഇയർ ലൈറ്റിങ്ങ് ആകർഷകമായ രീതിയിൽ സംഘടിപ്പിച്ചു. തിരുവനന്തപുരത്തിന് പുറമെ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ന്യൂ ഇയർ ലൈറ്റിങ്ങ് സംഘടിപ്പിച്ചു.

കേരളത്തിലെ വിവിധങ്ങളായ ഉത്സവങ്ങൾ, വള്ളംകളികൾ എന്നിവയ്ക്ക് സർക്കാർ ധനസഹായം അനുവദിച്ചു വരുന്നു.

കേരളത്തിൽ അന്താരാഷ്ട്ര മൗണ്ടെൻ സൈക്ലിങ്ങ് (എം.ടി.ബി.), കേരള അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിങ്ങ്, മലബാർ റിവർ ഫെസ്റ്റിവൽ എന്നീ മത്സരങ്ങളും, കേരളത്തിൽ ആദ്യമായി അന്താരാഷ്ട്ര സർഫിങ്ങ് ചാമ്പ്യൻഷിപ്പും അന്താരാഷ്ട്ര പാരാഗ്ലൈഡിങ്ങ് ഫെസ്റ്റിവലും സംഘടിപ്പിക്കുന്നു. കേരളത്തിലെ പ്രധാന ഉത്സവങ്ങൾ ഉൾപ്പെടുത്തിയ ഉത്സവ കലണ്ടർ തയ്യാറാക്കി വകുപ്പിന്റെ വെബ്സൈറ്റിൽ ചേർത്തിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര മേഖലയുടെ നൂതനകാലത്തെ സാഹചര്യങ്ങളും സാധ്യതകളും പരിഗണിച്ച് ഈ മേഖലയുടെ ഭാവികാല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ

ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ?

നൂതന കാലത്തിനനുസരിച്ച് ടൂറിസം മേഖലയെ പരിഷ്കരിക്കുന്നതിനും അതുവഴി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികളും മാർക്കറ്റിംഗ് സ്ട്രാറ്റജികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ ഡിജിറ്റൽ മാർക്കറ്റിങ് ക്യാമ്പയിനുകളിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള സഞ്ചാരികളിലേക്ക് എത്തിച്ചേരുവാനും കേരളത്തിന്റെ മനോഹാരിതയും വൈവിധ്യവും വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നതിനും വിനോദസഞ്ചാരികളുമായി നേരിട്ട് സംവദിക്കാനും വിവരങ്ങൾ നൽകാനും വിനോദസഞ്ചാരികളുടെ താൽപര്യങ്ങൾ മനസിലാക്കി വിപണന തന്ത്രങ്ങൾ മെച്ചപ്പെടുത്തുവാനും ഗുണകരമാകുന്നു. വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന ഡിജിറ്റൽ മാർക്കറ്റിങ് ഉൾപ്പെടെയുള്ള നൂതന വിപണന തന്ത്രങ്ങളിലൂടെ കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണം വർധിപ്പിക്കുന്നതിനും ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റഴ്സ് തുടങ്ങിയ വ്യവസായ മേഖലകളിൽ കൂടുതൽ സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതിനും കാരണമായി. ചുരുക്കത്തിൽ ഡിജിറ്റൽ മാർക്കറ്റിങ് ക്യാമ്പയിനുകൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം പ്രോത്സാഹനത്തിനും ടൂറിസം മേഖലയുടെ വളർച്ചയ്ക്കും വളരെ പ്രധാനപ്പെട്ട ഒരു ഉപാധിയാണ്. ഈ വർഷം വിനോദസഞ്ചാര വകുപ്പ് കരസ്ഥമാക്കിയ നൂതന ഡിജിറ്റൽ മാർക്കറ്റിങ്

ക്യാമ്പയിനുള്ള 2024-ലെ PATA ഗോൾഡ് അവാർഡും ITB Berlin 2025-ലെ ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡുകളും കേരള ടൂറിസത്തിന്റെ ഡിജിറ്റൽ മാർക്കറ്റിങ് തന്ത്രങ്ങളുടെ ഫലപ്രാപ്തി ചൂണ്ടിക്കാണിക്കുന്നു.

വിനോദസഞ്ചാര മേഖലയുടെ നൂതനകാലത്തെ സാഹചര്യങ്ങളും സാധ്യതകളും പരിഗണിച്ച് ഈ മേഖലയുടെ ഭാവികാല പ്രവർത്തനങ്ങൾ മുൻനിർത്തി വ്യത്യസ്തമായ പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ആവിഷ്കരിച്ച് പദ്ധതിയായി മുന്നോട്ടുവച്ചിട്ടുണ്ട്. സ്ത്രീ സൗഹൃദ വിനോദസഞ്ചാരം, ഷീ ടൂറിസം, കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം കേന്ദ്രങ്ങൾ, കാർബൺ ന്യൂട്രൽ ഡെസ്റ്റിനേഷനുകളുടെ വികസനം, സാംസ്കാരിക വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ

1 (1253) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

നിരത്തുകൾ

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി.- പി.എം.യു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "പെരുമ്പളം-പാണവള്ളി പാലം" നിർമ്മാണം പ്രവൃത്തി. ടി പദ്ധതിക്കായി 106.07 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

നിരത്ത് പരിപാലനം

പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിന്റെ കീഴിൽ അരൂർ മണ്ഡലത്തിൽ 4 റോഡുകൾക്കായി One Year Running Contract Maintenance പ്രവൃത്തികൾ ചെയ്തുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 27.24 കി.മീ. റോഡിന്റെ പരിപാലനത്തിനായി 11.646 ലക്ഷം രൂപയും 2023-24 വർഷത്തിൽ 12.35 കി.മീ. റോഡിനായി 71.00 ലക്ഷം രൂപയും 2024-25 വർഷത്തിൽ 12.35 കി.മീ. റോഡിനായി 50.00 ലക്ഷം രൂപയുമായി ആകെ 132.646 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർ.ബി.ഡി.സി.കെ.

അരൂർ മണ്ഡലത്തിലെ എഴുപുന്ന ആർ.ഒ.ബി. നിർമ്മാണത്തിനായി ഗവൺമെന്റ് SPV ആയി ആർ.ബി.ഡി.സി.കെ.-യെ നിയമിച്ചു. 30-06-2025-ൽ കിഫ്ബിയിൽനിന്നും 38.62 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചു. നിലവിൽ പദ്ധതിയുടെ GAD 04-03-2025-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി

2(1254) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2021-22 മുതൽ നിലവിലെ സർക്കാരിന്റെ കാലയളവുകളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം പൊതുമരാമത്ത് വിഭാഗങ്ങളുടെ ഇനം തിരിച്ച് വ്യക്തമാക്കാമോ?

കെട്ടിട വിഭാഗം

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാത

2021-2022 മുതൽ NHAI ഫണ്ട് ഡിപ്പോസിറ്റ് ചെയ്ത പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

നിരത്ത് പരിപാലനം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

നിരത്തുകൾ

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

മലപ്പുറം ജില്ലയിലെ മലപ്പുറം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം പോലീസ് സ്റ്റേഷൻ-കിഴക്കേത്തല ചെത്ത് പാലം ഫ്ലൈഓവർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-07-2017-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നം. 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി 89.92 കോടി രൂപയ്ക്ക് അംഗീകാരം ലഭ്യമാക്കി. NHAI-ൽനിന്നും 12-10-2021-ന് NOC ലഭിച്ചതിനെ തുടർന്ന് 28-10-2021-ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് 28-10-2021-ന് അർഥനാപത്രം നൽകി. ഇപ്പോൾ റോഡ് വീതി കൂട്ടുന്ന പ്രവർത്തനം മാത്രം ചെയ്യുകയും പിന്നീട് മേൽപ്പാലം നിർമ്മിക്കാമെന്നും പിന്നീട് തീരുമാനിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോലീസ് സ്റ്റേഷൻ ഭാഗത്ത് 200 മീറ്റർ അലൈൻമെന്റ് നീളം കൂട്ടാനുള്ള പ്രൊപ്പോസലിൽ അംഗീകരിച്ചിട്ടുള്ള അലൈൻമെന്റ് പ്രകാരം (25.5 മീറ്റർ വീതിയിൽ) മുന്നോട്ട് പോകാനും പോലീസ് സ്റ്റേഷൻ ഭാഗത്ത് അലൈൻമെന്റ് നീളം കൂട്ടുന്നതിന് 18 മീറ്റർ സൗജന്യമായി ഭൂമി വിട്ടുനൽകിയാൽ മാത്രം പരിഗണിച്ചാൽ മതിയെന്നും കിഫ്ബി അറിയിച്ചു. ആയതിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

നിരത്ത് പരിപാലനം

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ദേശീയപാത

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്തുകൾ

വിശദാംശങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

മലപ്പുറം ജില്ലയിലെ മലപ്പുറം നിയമസഭാമണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം പോലീസ് സ്റ്റേഷൻ-കിഴക്കേത്തല ചെത്ത് പാലം ഫ്ലൈഓവർ കിഫ്ബി പദ്ധതയിൽ ഉൾപ്പെടുത്തി 10-07-2017-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നം. 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കുകയും കിഫ്ബിയിൽനിന്നും 89.92 കോടി രൂപയ്ക്ക് അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. NHAI-ൽനിന്നും 12-10-2021-ന് NOC ലഭിച്ചതിനെ തുടർന്ന് 28-10-2021-ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് 28-10-2021-ന് അർഥനാപത്രം നൽകി. ഇപ്പോൾ റോഡ് വീതി കൂട്ടുന്ന പ്രവർത്തനം മാത്രം ചെയ്യുകയും പിന്നീട് മേൽപ്പാലം നിർമ്മിക്കാമെന്നും പിന്നീട് തീരുമാനിക്കുകയുണ്ടായി.

പോലീസ് സ്റ്റേഷൻ ഭാഗത്ത് 200 മീറ്റർ അലൈൻമെന്റ് നീളം കൂട്ടാനുള്ള പ്രൊപ്പോസലിൽ അംഗീകരിച്ചിട്ടുള്ള അലൈൻമെന്റ് പ്രകാരം (25.5 മീറ്റർ വീതിയിൽ) മുന്നോട്ട് പോകുവാനും പോലീസ് സ്റ്റേഷൻ ഭാഗത്ത് അലൈൻമെന്റ് നീളം കൂട്ടുന്നതിന് 18 മീറ്റർ സൗജന്യമായി ഭൂമി വിട്ടുനൽകിയാൽ മാത്രം പരിഗണിച്ചാൽ മതിയെന്നും കിഫ്ബി അറിയിച്ചു. ആയതിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഫണ്ട് അനുവദിച്ച ആറ് പൊതുമരാമത്ത് റോഡുകളുടെ ബി.എം.&ബി.സി. പ്രവൃത്തികൾ സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

നിരത്തുകൾ

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

വണ്ടൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

3 (1255) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖ അനുവദിച്ച വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

(എ&ബി) **നിരത്തുകൾ വിഭാഗം**

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലങ്ങൾ

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലനം

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ദേശീയപാത

വണ്ടൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കീഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി CRIF CRIF-2022-23 Improvements to Wandoor-Kalikavu road and Wandoor Byepass road in Malappuram District in the State of Kerala (പദ്ധതി തുക 12 കോടി) എന്ന ഒരു പ്രവൃത്തിയാണുള്ളത്. ടി പ്രവൃത്തി 10-05-2025-ന് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

(സി&ഡി) **കെ.ആർ.എഫ്.ബി-പി.എം.യു**

1) മലയോര ഹൈവേ പൂക്കോട്ടുംപാടം-കാളിക്കാവ്-കരുവാരകുണ്ട്-ചിറക്കൽ റോഡ് കി.മീ. 47/890-68/900, ഫേസ്-2 പൂക്കോട്ടുംപാടം മുതൽ കാളിക്കാവ് കി.മീ. 47/390-60/200 വരെ (12.31 കി.മീ.)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

12.31 കി.മീ. ദൈർഘ്യമുള്ള ടി റോഡിൽ വണ്ടൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കോട്ടപ്പുഴ മുതൽ കാളികാവ് വരെയുള്ള 10.300 കി.മീ. റോഡ് പ്രവൃത്തിക്ക് 29-06-2018-ലെ ഓർഡർ നമ്പർ PWD013-10/PA-01 പ്രകാരം 103.11 കോടി രൂപയുടെ സാമ്പത്തികാനുമതിയും 19-09-2022-ലെ ഓർഡർ നമ്പർ PWD013-10/APR-1/2022/KIIFB പ്രകാരം 131.61 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 23-05-2022-ലെ ഓർഡർ നമ്പർ PWD/KR/EST-TS/4531/2022-5-1 പ്രകാരം 75.79 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ഈ റോഡ് നവീകരണ പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന സ്ഥാപനത്തിന് 10-03-2023-ന് കൈമാറിയതും 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ ചോക്കാട് ടൗണിലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പ്രശ്നവും അതിന്റെ ഫലമായി ജെ.ജെ.എം. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തിയാകാത്തതുമൂലം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നു. പ്രവൃത്തിയുടെ കാലാവധി 08-12-2025 വരെ നീട്ടുന്നതിനുള്ള അപേക്ഷ പരിശോധനയിലാണ്.

2) മലയോര ഹൈവേ പൂക്കോട്ടുംപാടം-കാളിക്കാവ്-കരുവാരകുണ്ട്-ചിറക്കൽ റോഡ് കി.മീ. 47/890-68/900, ഫേസ് 1- കാളിക്കാവ് മുതൽ കരുവാരകുണ്ട്-ചിറക്കൽ കി.മീ. 60/200- കി.മീ 68/900 വരെ (8.70 കി.മീ.)

വണ്ടൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കാളികാവ് മുതൽ കരുവാരകുണ്ട് ചിറക്കൽ വരെ 8.700 കി.മീ. ദൈർഘ്യമുള്ള ഈ റോഡ് പ്രവൃത്തിക്ക് 29-06-2018-ലെ ഓർഡർ നമ്പർ PWD013-10/PA-01 പ്രകാരം 103.11 കോടി രൂപയുടെ സാമ്പത്തികാനുമതിയും 19-09-2022-ലെ ഓർഡർ നമ്പർ PWD013-10/APR-1/2022/KIIFB പ്രകാരം 131.61 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 26-12-2019-ലെ ഓർഡർ നമ്പർ RdDnMNJ/2019-2020/RD/2017/6485 പ്രകാരം 49.96 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. റോഡ് നവീകരണ പ്രവൃത്തി മലബാർ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് 01-10-2020-ന് കൈമാറിയതും പ്രവൃത്തി 20-07-2024-ന് പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

3) മലയോര ഹൈവേ ചിറക്കൽ-മേലാറ്റൂർ-ഉച്ചാരക്കടവ് കാഞ്ഞിരംപാറ റോഡും ഉച്ചാരക്കടവ് പാലവും

12.275 കി.മീ. ദൈർഘ്യമുള്ള ടി റോഡിൽ വണ്ടൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കരുവാരകുണ്ട് ചിറക്കൽ മുതൽ ചൂണ്ടി (പുത്തനയി പള്ളിപ്പടി) വരെയുള്ള 6.397 കി.മീ. റോഡ് പ്രവൃത്തിക്ക് 12-04-2023-ലെ ഓർഡർ നമ്പർ PWD013-47/TE-4/2023/KIIFB പ്രകാരം 40.60 കോടി രൂപയുടെ സാമ്പത്തികാനുമതിയും 25-11-2024-ലെ ഓർഡർ നമ്പർ PWD013-10/APR-1/2022/KIIFB പ്രകാരം 50.57 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. 28-03-2025-ലെ ഓർഡർ നമ്പർ PWD/KR/EST-TS/9468/2024-5-1-1 പ്രകാരം 48.191 കോടി രൂപയുടെ

സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ടെൻഡർ നടപടികളെല്ലാം പൂർത്തിയായിട്ടുണ്ട്. PED പരിശോധിച്ചുവരുന്നു.

4) പല്ലിശ്ശേരി അമ്പലക്കടവ്-ഉദിരം പൊയിൽ-മാളിയേക്കൽ റോഡ് (കി.മീ. 0/000 മുതൽ 1/550, 2/400 മുതൽ 6/000)

പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ലെ "G.O.(Rt)No. 942/2017/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് പ്രവൃത്തിയുടെ 21.19 കോടിയുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി 07-01-2020-ൽ സമർപ്പിച്ചു. കിഫ്ബി മാനദണ്ഡപ്രകാരം 10 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി 4.86 കോടി രൂപ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ.-ന്റെ വിശകലനത്തിന്റെ ഭാഗമായി 10 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ സാധ്യത പരിശോധിച്ച് ലാൻഡ് അക്വിസിഷൻ സാധ്യമാണെങ്കിൽ ഫെയർ വാല്യൂ അനുസരിച്ചുള്ള തുക കണക്കാക്കേണ്ടതാണെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്.

5) പൂളമണ്ണ താളിയംകുണ്ട് വാണിയമ്പലം റോഡ്

പൂളമണ്ണ താളിയംകുണ്ട് വാണിയമ്പലം റോഡ് പ്രവൃത്തിക്ക് 19-03-2019-ലെ ഓർഡർ നമ്പർ PWD015-09/APR-1/2019/KIIFB പ്രകാരം സാമ്പത്തികാനുമതിയും 16-01-2025-ലെ ഓർഡർ നമ്പർ PWD015-09/APR-3/2025/KIIFB പ്രകാരം 13.03 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. 19-03-2025-ലെ ഓർഡർ നമ്പർ PWD/KR/EST-TS/5999/2024-5-4-3 പ്രകാരം 12.964 കോടി രൂപയുടെ

സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ടെൻഡർ നടപടികളെല്ലാം പൂർത്തിയാക്കി M/s. Malabartech എന്ന കരാറുകാരനുമായി 10-09-2025-ന് നിർമ്മാണ പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

6) മലയോര ഹൈവേ പൂക്കോട്ടുംപാടം-കരുവാരക്കുണ്ട് റോഡിന്റെ ഭാഗമായ കല്ലാമൂല ചെങ്കോട് പാലങ്ങൾ.

പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ലെ G.O. (Rt) No.942/2017/PWD ഓർഡർ പ്രകാരം 3500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. 18-10-2023-ലെ PWD013-51/TE-1/2023/KIIFB ഓർഡർ പ്രകാരം കിഫ്ബിയിൽനിന്ന് 9.17 കോടിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിരുന്നു. 09-11-2024-ലെ ഓർഡർ നമ്പർ PWD/KR/EST-TS/107787/2021-5-1-1 പ്രകാരം 7.739 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ടെൻഡർ നടപടികളെല്ലാം പൂർത്തിയായിട്ടുണ്ട്. PED പരിശോധിച്ചുവരുന്നു.

7) മുണ്ടേങ്ങര പുള്ളിപ്പാടം ഓടായിക്കൽ വീട്ടിക്കുന്ന് (കി.മീ. 0/000-15/350) റോഡ്.

പ്രസ്തുത പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് 10-07-2017-ലെ "G.O.(Rt)No. 942/2017/PWD പ്രകാരം 15 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. തുടർന്ന് പദ്ധതി വേഗത്തിലാക്കുന്നതിന് ആദ്യ ഘട്ടം എന്ന നിലയിൽ മുണ്ടേങ്ങര മുതൽ ഓടായിക്കൽ വരെയുള്ള (കി.മീ. 0/000-7/ 000) റോഡ്

നവീകരിക്കുന്നതിന് പുതുക്കിയ DPR തയ്യാറാക്കാൻ തീരുമാനിച്ചിരുന്നു. ഇതുപ്രകാരം പുതുക്കിയ ഡി.പി.ആർ. ഡിസൈൻ വിങ്ങിൽ തയ്യാറാക്കിവരുന്നു.

തിരുവനന്തപുരം ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും ചെയ്ത പ്രവൃത്തി

4 (1256) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 ഏപ്രിൽ മുതൽ പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും ചെയ്ത പ്രവൃത്തികളും അതിനായി അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

നിരത്തുകൾ

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലന വിഭാഗം

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർ.ബി.ഡി.സി.കെ.

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ ചിറയിൻകീഴ് റെയിൽവേ മേൽപ്പാലത്തിന്റെ പ്രവൃത്തിയാണ് നടന്നുവരുന്നത്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ആയതിന് കിഫ്ബി വഴി 25.08 കോടി രൂക അനുവദിച്ചിട്ടുണ്ട്.

റിക്ക് ലിമിറ്റഡ്

തിരുവനന്തപുരം ജില്ലയിൽ അരുവിക്കര മണ്ഡലത്തിൽ വെള്ളനാട് ചെറ്റച്ചൽ റോഡിൽ DEFOMT കൺസെഷൻ എഗ്രിമെന്റ് പ്രകാരമുള്ള ഓവർലേ വർക്ക് നടത്തുകയുണ്ടായി.

കെ.ആർ.എഫ്.ബി.

2021 ഏപ്രിൽ മുതൽ കേരള റോഡ് ഫണ്ട് ബോർഡ് സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്തെ പൊതുമരാമത്ത് റോഡുകളിൽ 40 റോഡുകളുടെ നവീകരണമാണ് നടപ്പിലാക്കി വരുന്നത്. ഇവയിൽ 28 റോഡുകൾ ഉൾപ്പെടെ 12.76 കി.മി. പാക്കേജ് 29.76 കോടി രൂപയ്ക്കാണ് കരാർ നൽകിയത്. ഇതിൽ 25 റോഡുകളുടെ പ്രവൃത്തികൾ പൂർത്തിയാക്കി.

എല്ലാവിധ അണ്ടർഗ്രൗണ്ട് യൂട്ടിലിറ്റി സർവീസുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. 12 സ്മാർട്ട് റോഡുകൾക്ക് ആകെ 8.59 കി.മി. ദൈർഘ്യമുണ്ട്. ഓരോ റോഡും പ്രത്യേകം പാക്കേജിലായി സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ ഉൾപ്പെടെ ആകെ 193.06 കോടി രൂപയ്ക്ക് പൂർത്തീകരിച്ചു.

ദേശീയപാത

വിവരം അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി.-പി.എം.യു.

വിവരം അനുബന്ധമായി+ ചേർക്കുന്നു.

കെ.എസ്.ടി.പി.

2021 ഏപ്രിൽ മുതലുള്ള കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, അരുവിക്കര, വാമനപുരം നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ട തിരുവനന്തപുരം-പൊൻമുടി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. 369/KSTP/PMT/PWD/2021 എന്ന കരാർ ഉടമ്പടി പ്രകാരം 167.70 കോടി രൂപ കരാർതുക നിശ്ചയിച്ച് തുടങ്ങിയ പ്രവൃത്തികളുടെ പുരോഗതി മന്ദഗതിയിലായതിനാൽ 26-04-2025-ൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് പുതുക്കിയ DPR അനുസരിച്ച് 172.22 കോടി രൂപയുടെ ബാലൻസ് പ്രവൃത്തി ഉൾപ്പെടെ ടി പ്രവൃത്തിക്കായി 23-07-2025-ൽ 215.55 കോടി രൂപയ്ക്ക് RKI-യുടെ അംഗീകാരം ലഭിക്കുകയുമുണ്ടായി. നിലവിൽ പ്രവൃത്തിയുടെ പുരോഗതി 33 ശതമാനമാണ്. 172.22 കോടി രൂപയുടെ ബാലൻസ് പ്രവൃത്തിക്ക് കെ.എസ്.റ്റി.പി. സാങ്കേതികാനുമതി നൽകുകയും 27-08-2025-ന് പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദ വിവരം

5 (1257) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദ വിവരം നൽകാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അനുബന്ധമായി ലഭ്യമാക്കാമോ?

നിരത്തുകൾ

വിവരം അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി - പി.എം.യു.

1. കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന അഴീക്കോട് മണ്ഡലത്തിലെ നാറാത്ത്-പാപ്പിനിശ്ശേരി-കല്ലുരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് 34.9 കോടി രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി PWD ഡിസൈൻ വിഭാഗം തയ്യാറാക്കിയ DPR 13-12-2021-ന് KIIFB-ക്ക് സമർപ്പിച്ചിരുന്നു, എന്നാൽ പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നീളം വർധിപ്പിക്കുകയും എം.എൽ.എ. നിർദേശിച്ച മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് പ്രകാരം 16.113 കോടി രൂപ അധിക ചെലവ് കണക്കാക്കി അപ്രോച്ച് റോഡുകളുടെ DPR തയ്യാറാക്കുകയും ആയത് PWD ഡിസൈൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗം 21-05-2024-ന് സമർപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം DPR-കൾ ഏകോപിപ്പിച്ച് ലഭ്യമായ 43.13 കോടി രൂപയുടെ Revised DPR സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ 28-12-2024-ന് സമർപ്പിച്ചിട്ടുള്ളതുമാണ്. കിഫ്ബിയുടെ അപ്രൈസൽ വിങ് 24-02-2025-ന് സൈറ്റ് സന്ദർശിക്കുകയും ചെയ്തു. ഭൂഉടമകളിൽനിന്ന് സ്ഥലം സൗജന്യമായി ഏറ്റെടുത്താണ് പ്രവൃത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. സ്ഥലം ഉടമകളുമായുള്ള മീറ്റിങ്ങ് നടത്തേണ്ടതുണ്ട്.

2. തീരദേശ ഹൈവേ-മീൻകുന്ന് മുതൽ ചാൽ ബീച്ച് വരെ-സ്ഥലമേറ്റെടുപ്പിന്റെയും കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയ പ്രവൃത്തി പുരോഗമിക്കുന്നു.

3. പയ്യാമ്പലം മുതൽ മീൻകുന്ന് ക്ലിഫ് വരെ-അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

4. ചാൽ ബീച്ച് മുതൽ അഴീക്കൽ നോർത്ത് വരെ-അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

നിരത്ത് പരിപാലനം

വിവരം അനുബന്ധമായി[+] ചേർക്കുന്നു.

കെ.ആർ.എഫ്.ബി.

കണ്ണൂർ നഗരപാത വികസന പദ്ധതിയുടെ ഭാഗമായി നവീകരിക്കുന്ന സി-01 - മന്ന ജങ്ഷൻ - ന്യൂ എൻ.എച്ച്. ബൈപ്പാസ് (എൻ.എച്ച്.-66), സി-03 - പൊടിക്കുണ്ട് - കൊറ്റാളി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡ്, സി-12 - കുഞ്ഞിപ്പള്ളി - പുല്ലൂപ്പി റോഡ്, സി-02 -ചാലാട് -കുഞ്ഞിപ്പള്ളി റോഡ്, സി-04 - മിനി ബൈപ്പാസ് റോഡ്, സി-05 - കക്കാട് - മുണ്ടയാട് എന്നീ റോഡുകൾ അഴീക്കോട് മണ്ഡലത്തിന്റെ ഭാഗമായി വരുന്നവയാണ്. ടി റോഡുകളെ ഫേസ്-2 (സി-01, സി-03, സി-12) ഫേസ്-3 (സി-02, സി-04, സി-05) എന്നിങ്ങനെ 2 ഘട്ടമായി ഭൂമി ഏറ്റെടുത്താണ് നവീകരിക്കുന്നത്. കണ്ണൂർ നഗരപാത വികസന പദ്ധതിക്ക് 03-08-2017-ലെ ജി.ഒ. (ആർ.ടി.) നം. 1159/2017/പി.ഡബ്ല്യു.ഡി. സർക്കാർ ഉത്തരവ് പ്രകാരം 401.467 കോടി രൂപയുടെ ഡി.പി.ആർ. അനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതിക്ക് 26 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 14-12-2018-ലെ ജി.ഒ. (ആർ.ടി.) നം. 1939/2018/പി.ഡബ്ല്യു.ഡി. സർക്കാർ ഉത്തരവ് പ്രകാരം 337.648 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

സി-01 – (മന്ന ജങ്ഷൻ - ന്യൂ എൻ.എച്ച്. ബൈപ്പാസ് എൻ.എച്ച്. -66) റോഡിൽ സെക്ഷൻ 11(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകവേ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിവിധിയെ തുടർന്ന് സാമൂഹ്യാഘാത പഠനത്തിനുള്ള വിദഗ്ധ സമിതി ജില്ലാ കളക്ടർ പുനർരൂപീകരിച്ചുകൊണ്ട് റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചു. അതിന് 03-06-2025-ന് സർക്കാരിൽനിന്നും അനുമതി ലഭ്യമായിട്ടുള്ളതാകുന്നു. പ്രസ്തുത റോഡിന്റെ 11 (1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്.

സി-03 - പൊടിക്കുണ്ട് - കൊറ്റാളി റോഡ്, സി-12 - കുഞ്ഞിപ്പള്ളി – പുല്ലൂപ്പി എന്നീ കോറിഡോറുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയിലെ 19(1) വിജ്ഞാപനം

പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ 113.15 കോടി രൂപയുള്ള ഭരണാനുമതി സർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുകയുള്ള LOC പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ഇതുവരെ തുക ലഭ്യമായിട്ടില്ല. അതിനുള്ള LOC പ്രൊപ്പോസൽ 22-04-2025-ന് പുനർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കാവുന്നതാണ്. കൂടാതെ ടി കോറിഡോറുകളുടെ സെക്ഷൻ 94 പ്രകാരമുള്ള ഗവൺമെന്റ് തീരുമാനവും ലഭ്യമാകേണ്ടതായിട്ടുണ്ട്.

സി-05–കക്കാട്–മുണ്ടയാട് റോഡിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയിലെ 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സബ് ഡിവിഷൻ വർക്ക് പൂർത്തീകരിച്ചു. ആർ.ആർ. സമർപ്പിച്ചിട്ടുണ്ട്. ഇൻഡിവിജ്യുവൽ സർവെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ചമയങ്ങളുടെ വില നിർണയ പ്രവൃത്തി പുരോഗമിക്കുന്നു.

സി-02–ചാലാട്-കുഞ്ഞിപ്പള്ളി റോഡിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയിലെ 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇൻഡിവിജ്യുവൽ സർവെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

സി-04 - മിനി ബൈപ്പാസ് റോഡിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയിലെ 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സർവെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

പാലങ്ങൾ

വിവരം അനുബന്ധമായി[+] ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പ് ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

6 (1258) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) **നിരത്തുകൾ**

വിവരം അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലനം

വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാത

1. General - NH 183 PR 2021-22 From CH 65/100 (Vellavoor) to Ch 99/100 (Kottayam Ida junction) Excluding ch 72/700 to 74/700 (Thiruvalla Town) in the state of Kerala - Total amount 30.93 Crore.

   പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ളായിക്കാട് (80/300) മുതൽ കുറിച്ചി (89/90) വരെ റോഡ് പുനരുദ്ധാരണ പ്രവൃത്തി MoRTH Fund ഉപയോഗിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

2. General - Premonsoon work- 2022-23 NH 183 from Vellavoor junction (65/100) to Kottayam Ida junction (99/100) - Total amount 684000/-. പൂർത്തീകരിച്ച തീയതി 22-08-2023.

   ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി - പി.എം.യു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന തെങ്ങന ജങ്ഷൻ ഇംപ്രൂവ്മെന്റ് പ്രവൃത്തിക്കായി 05-11-2022-ലെ ഉത്തരവ് നമ്പർ G.O.(Rt) No.1069/2022/PWD പ്രകാരം 20 ജങ്ഷനുകൾക്കായി 200 കോടി രൂപയുടെ ഭരണാനുമതി നൽകി. നിലവിൽ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരോഗമിച്ചുവരുന്നു. ആയതിന് 24-04-2025-ന് റവന്യൂ B ഓർഡർ ലഭിച്ചു. പ്രസ്തുത പ്രവൃത്തിക്ക് 6 (1) നോട്ടിഫിക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കെ.എസ്.ടി.പി.

1. 17-08-2020-ൽ 671.66 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും 27-10-2020-ന് M/s. ULCCS-EVRASCON (JV) എന്ന കമ്പനിയുമായി കരാർ വച്ച് നിലവിൽ പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ (ആകെ 24,164 കി.മീ.) പുനരുദ്ധാരണം. ഈ പ്രവൃത്തിയിൽ 4 കി.മീ. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നു.

2) 2020-ൽ 153.73 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും 108.86 കോടി രൂപയ്ക്ക് M/s. Sreedhanya Construction Company-യുമായി 03-03-2021-ൽ കരാർ വയ്ക്കുകയും ചെയ്ത പ്രവൃത്തിയാണ് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വീയപുരം-എടത്വ-മാമ്പുഴക്കരി-കിടങ്ങറ-വാലാടി-മുളക്കാംതുരുത്തി റോഡ് (21.457 കി.മീ.) നവീകരണം. എന്നാൽ ടി പ്രവൃത്തിയുടെ കരാറുകാരനെ 31-12-2022-ന് ടെർമിനേറ്റ് ചെയ്യുകയും ശേഷം ബാലൻസ് വർക്കിന് 07-12-2024-ന് 132.489 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുകയും M/s. SPL-RMC (JV) എന്ന കരാർ കമ്പനി 31-07-2025-ന് 120.25 കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയ്ക്ക് കരാർ വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. 2.7 കി.മീ. റോഡാണ് ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് പുനരുദ്ധാരണത്തിന് 649.768 കോടി രൂപ അനുവദിച്ചു. പ്രവൃത്തിയുടെ ആകെ പുരോഗതി നിലവിൽ 93% ആണ്.

വീയപുരം - എടത്വ - മാമ്പുഴക്കരി - കിടങ്ങറ - വാലാടി - മുളക്കാംതുരുത്തി റോഡ് നവീകരണത്തിന് അനുവദിച്ച തുക 53.73 കോടി രൂപയാണ്.

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

7 (1259) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന വിവരങ്ങൾ ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടം വിഭാഗം വഴി ബജറ്റിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം വഴി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) കെട്ടിട വകുപ്പ് മുഖേന നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന തുകയുടെയും അവ പൂർത്തീകരിക്കാനാവശ്യമായ സമയത്തിന്റെയും വിശദവിവരം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന തുകയുടെയും അവ പൂർത്തീകരിക്കാനാവശ്യമായ സമയത്തിന്റെയും വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കുറ്റ്യാടി ജങ്ഷനിലെ ട്രാഫിക് ബ്ലോക്ക് പരിഹരിക്കുന്നതിനുള്ള നടപടി

8 (1260) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി ജങ്ഷനിലെ ട്രാഫിക് ബ്ലോക്ക് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിനായി നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറ്റ്യാടി ജങ്ഷനിലെ ട്രാഫിക് ബ്ലോക്ക് പരിഹരിക്കുന്നതിനായി Investigation നടപടികൾ നടന്നുവരുന്നു.

പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ വികസന പ്രവർത്തനങ്ങൾ

9 (1261) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയും 2021 മുതൽ നാളിതുവരെയും പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും പൂർത്തിയായവയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

2016 മുതൽ 2021 വരെയും 2021 മുതൽ നാളിതുവരെയും പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

ഹരിപ്പാട് മണ്ഡലത്തിലെ പൊതുമരാമത്ത് വർക്കുകൾ

10 (1262) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ്, ബിൽഡിംഗ്സ്, പാലങ്ങൾ, കെ.ആർ.എഫ്.ബി. എന്നീ വിഭാഗങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ വർക്കുകളുടെ പുരോഗതി അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്തുകൾ

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലനം

ഹരിപ്പാട് മണ്ഡലത്തിൽ 2023-24 വർഷത്തെ RC പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025-26 വർഷത്തെ RC പ്രവൃത്തികളുടെ ടെൻഡർ പുരോഗമിക്കുന്നു.

ആർ.ബി.ഡി.സി.കെ.

ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർക്കുളങ്ങര ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവൃത്തികൾക്കായി 19-04-2018-ലെ G.O. (Rt). 718/2018/PWD (ഗവൺമെന്റ് ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു. 28-06-2019-ൽ കിഫ്ബി 37.28 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. 21-04-2025-ൽ എൽ.എ. തഹസിൽദാർക്ക് കിഫ്ബി അനുവദിച്ച 13.84 കോടി രൂപ കൈമാറി. നിലവിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പാലങ്ങൾ

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മുതലക്കുറിച്ചിക്കൽ പാലത്തിന്റെ പൂർത്തീകരിക്കാനുള്ള 2 സ്പാനുകളിൽ ഒന്നിന്റെ (voided slab) കോൺക്രീറ്റ് വർക്കുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിച്ചു. ബോ സ്ട്രിംഗ് ആർച്ചിന്റെ സ്റ്റേജിങ് വർക്കുകളും കരുവാറ്റ സൈഡിലെ അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടെ വർക്കുകളും പുരോഗമിക്കുന്നു.

(ബി) ഹരിപ്പാട് മുതലക്കുറിച്ചിക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമാണവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് നിർണയിച്ചിട്ടുള്ളതെന്നും ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളും അറിയിക്കാമോ?

നിരത്തുകൾ

ഹരിപ്പാട് മുതലക്കുറിച്ചിക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് BW 2018-19 Construction of NH Power house - Muthala Kurichikal road from NH to Bridge എന്ന പ്രവൃത്തിക്ക് 25-04-2025-ലെ GO (Rt) No. 596/2025/PWD പ്രകാരം 243.86040 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടുത്തി നിലവിൽ 2355.7 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

(സി) മുതലകുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന പശ്ചാത്തലത്തിൽ കരുവാറ്റ തെക്കേക്കര-കാരമുട്ട് വടക്കേക്കര എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ബി.എം.&ബി.സി. നിലവാരത്തിൽ അപ്രോച്ച് റോഡ് നിർമിക്കുന്നതിനുള്ള അനുമതി നൽകുമോയെന്ന് അറിയിക്കുമോ?

നിരത്തുകൾ

പ്രസ്തുത പ്രവൃത്തി 2025-26 സാമ്പത്തിക വർഷത്തിൽ 100 ശ്രുപ ടോക്കൺ പ്രൊവിഷനിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഭരണാനുമതിക്കായി പരിഗണിച്ചിട്ടില്ല.

(ഡി) ഹരിപ്പാട് മണ്ഡലത്തിൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

കെട്ടിട വിഭാഗം

വിശദാംശം അനുബന്ധമായി[+] ചേർക്കുന്നു.

20% ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ള പ്രവൃത്തികൾ

11 (1263) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ 2015-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നുള്ള വിശദാംശം നൽകാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 20% ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് നൽകാമോ?

(എ-സി) വിവരം അനുബന്ധമായി+ ചേർക്കുന്നു.

പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം

12 (1264) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 20% വകയിരുത്തിയിട്ടുള്ളതും ഭരണാനുമതി ലഭിക്കാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി+ ചേർക്കുന്നു.

നിരത്തുകൾ

വിവരം അനുബന്ധമായി+ ചേർക്കുന്നു.

ദേശീയപാത വിഭാഗം

വിവരം അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേരേകടവ് – മാക്കേകടവ് പാലത്തിന്റെയും റോഡിന്റെയും നിർമ്മാണം

13 (1265) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം, അരൂർ നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന നേരേകടവ്-മാക്കേകടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

നേരേകടവ്-മാക്കേകടവ് പാലത്തിന്റെ 100-ൽ 100 പൈലുകൾ, 23-ൽ 23 പൈൽ ക്യാപ്പുകൾ, 21-ൽ 21 പിയർ/പിയർ ക്യാപ്പുകൾ, നാവിഗേഷൻ സ്പാനിൽ ഉള്ള 8 ഗർഡുകൾ, ബാക്കിയുള്ള 80 ഗർഡുകളിൽ 68 ഗർഡുകൾ. 518 മീറ്റർ ഡക്ക് സ്ലാബ്, 467 മീറ്റർ ഔട്ടർ കെർബ് എന്നിവ പൂർത്തിയായിട്ടുണ്ട്. പൂർത്തിയായ 68 ഗർഡറുകളിൽ 56 എണ്ണത്തിന്റെ ലോഞ്ചിങ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പാലം എന്നത്തേയ്ക്ക് ഗതാഗത യോഗ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലവിലെ സാഹചര്യത്തിൽ 2026 മേയ് അവസാനത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നേരേകടവ് മുതൽ ഉദയനാപുരം വരെയുള്ള റോഡിന്റെ വീതിക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നേരേകടവ്-ഉദയനാപുരം റോഡ് വീതി കൂട്ടി നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(സി&ഡി) നേരെകടവ്-ഉദയനാപുരം വരെയുള്ള റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് PWD/RB/FL/94346/2021 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ പ്രസ്തുത പ്രവൃത്തിക്ക് ബജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ ഭരണാനുമതിക്കായി പരിഗണിച്ചിട്ടില്ല. കൂടാതെ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് നിലവിൽ പരിശോധനയിലാണ്.

മാവൂർ ഗ്രാമപഞ്ചായത്തിലെ മണക്കാട് ഗവ. യു.പി. സ്കൂളിനോടനുബന്ധിച്ചുള്ള പൊതുമരാമത്ത് സ്ഥലം

14 (1266) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ മണക്കാട് ഗവൺമെന്റ് യു.പി. സ്കൂളിനോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള 24 സെന്റ് പാറ ക്വാറി കുട്ടികൾക്കും പ്രദേശ നിവാസികൾക്കും ഭീഷണിയായി അപകടം വരുത്താവുന്ന രീതിയിൽ കിടക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥലം ഏതെങ്കിലും രീതിയിൽ ഉപയോഗപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ഇവിടെ പദ്ധതികളൊന്നും പരിഗണനയിലില്ല.

(ബി) പ്രസ്തുത സ്ഥലം മണക്കാട് സ്കൂളിന് കളിസ്ഥലം നിർമ്മിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് വിട്ടുനൽകണമെന്ന ആവശ്യം പരിഗണിക്കുന്നതിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകളിൽ 50 സെന്റ് വരെയുള്ള സ്ഥലം വകുപ്പുതല കൈമാറ്റം ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥന്റെ നിരാക്ഷേപപത്രം സഹിതം അപേക്ഷിച്ചാൽ ജില്ലാ കളക്ടർക്ക് അധികാരം നൽകിയുള്ള സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ പ്രസ്തുത സ്ഥലം പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ എൻ.ഒ.സി. നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദേശം നൽകാമോ?

(ബി&സി) പരിശോധിച്ചു വരുന്നു.

ഒറ്റപ്പാലം മണ്ഡലത്തിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ

15 (1267) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2021 മുതൽ പൊതുമരാമത്ത് വകുപ്പ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാം; അനുവദിച്ച തുകകൾ സഹിതം വ്യക്തമാക്കാമോ;

(ബി) മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുണ്ടോ; ഉണ്ടെങ്കിൽ അവയ്ക്ക് അനുവദിച്ച തുക സഹിതം വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ

16 (1268) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സം സൃഷ്ടിക്കുന്നത് പ്രധാനമായും യൂട്ടിലിറ്റി ഏജൻസികളുടെ പ്രവർത്തനങ്ങളോ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ അവരുടെ അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസമോ ആണ്.

ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് റോഡുകൾ കുഴിക്കുന്നതും പുനഃസ്ഥാപിക്കുന്നതും സംബന്ധിച്ചുള്ള പരിഷ്കരിച്ച മാർഗനിർദേശങ്ങൾ 14-02-2023-ലെ GO(Ms) No. 11/2023/PWD, 14-09-2023-ലെ 49/2023/PWD എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് വകുപ്പുകളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും Right of way (RoW) എന്ന Online സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ

വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്താനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ റോഡ് വെട്ടിപ്പൊളിക്കുന്നതും റെസ്റ്റോറേഷൻ നടത്തുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെടുകയും അടിയന്തര തുടർനടപടികൾ സ്വീകരിക്കാനും കഴിയും.

മറ്റ് ഏജൻസികളുടെ പദ്ധതികളും പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് 07-01-2022-ലെ GO(Rt) No. 20/2022/PWD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല Infrastructure Co-Ordination committee, ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിങ്ങുകളിൽ റോഡ് പൂർവ സ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തി വരുന്നു. വനം വകുപ്പുമായി ബന്ധപ്പെട്ടവ അതത് വകുപ്പുകളുടെ അധ്യക്ഷൻമാരുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളുന്നു.

കെട്ടിട വിഭാഗം

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം നടപ്പാക്കുന്നതിനുവേണ്ടി മാസംതോറും നടത്തി വരുന്ന വകുപ്പുതല റിവ്യൂ മീറ്റിംഗുകൾ വിവിധ വിഭാഗങ്ങളുടെ (Architectural execution Wing, Architectural Drawing Wing, Investigation Wing) സംയുക്തമായ മീറ്റിംഗുകൾ എന്നിവയ്ക്ക് പുറമെ വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് CMT, DICC യോഗങ്ങൾ എന്നിവ കാര്യക്ഷമമാക്കുകയും വിവിധ വകുപ്പുകൾക്കിടയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരങ്ങൾ നിർദ്ദേശിക്കുകയും അതനുസരിച്ച് പ്രവൃത്തികളുടെ പുരോഗതി ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഉന്നത ഗുണനിലവാരത്തിലും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്?

നിരത്തുകൾ

പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണവും പരിപാലനവും PWD Manual, SBD Condition, പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വൽ 2015 ജൂലൈ മുതൽ അവലംബിച്ചുവരുന്നു. ടി മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമാണ് പൊതുമരാമത്ത് വകുപ്പിൽ

ഗുണനിലവാര പരിശോധന നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. പ്രവൃത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മാ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിങ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷത്തിന് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 2 tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 **കോടിക്ക്** മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി

വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. ഗുണനിലവാര പരിശോധനാഫലം പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നൽകുന്നത്.

ഗുണനിലവാര പരിശോധനയിൽ പോരായ്മ കണ്ടെത്തുന്ന പക്ഷം ആയതിന് ആനുപാതികമായി തുക കരാറുകാരന്റെ ബില്ലിൽനിന്ന് കുറവ് ചെയ്ത് സർക്കാരിലേയ്ക്ക് ഈടാക്കുന്നു. കൂടാതെ കൂടുതലായി കേടുപാടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ഇനം കരാറുകാരന്റെ ചെലവിൽ ഒന്നുകൂടി ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കാറുണ്ട് .

ഇതോടൊപ്പം പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി പരിശോധന നടത്താൻ കഴിയുന്ന മൂന്ന് മൊബൈൽ ടെസ്റ്റിംഗ് യൂണിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്.

കെട്ടിട വിഭാഗം

പൊതുമരാമത്ത് വകുപ്പ് നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് CPWD-യുടെ സ്പെസിഫിക്കേഷനുകളും മറ്റ് IS കോഡുകളും നിർദേശിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി മാത്രമാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. കെട്ടിടങ്ങളുടെയും മറ്റ് നിർമ്മിതിയുടെയും സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് മുന്നോടിയായി Detailed Soil Investigation നടത്താറുണ്ട്. ആയതനുസരിച്ച് PWD Design Wing നിലവിലുള്ള IS Code മാനദണ്ഡങ്ങൾ പ്രകാരമാണ് നിർമ്മിതികളുടെ Structural Design തയ്യാറാക്കുന്നത്. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒന്നാംതലം, രണ്ടാംതലം എന്നിങ്ങനെയുള്ള ക്വാളിറ്റി

കൺട്രോൾ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ പ്രവൃത്തിക്കുമാവശ്യമായ സാധനസാമഗ്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് വിവിധ ആധുനിക ടെസ്റ്റിങ് രീതികൾ അവലംബിക്കുന്നുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കരാർ വ്യവസ്ഥയിൽതന്നെ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തി, പ്രവൃത്തികളുടെ പുരോഗതി അതത് സമയങ്ങളിൽ വിലയിരുത്തി വീഴ്ചയുണ്ടെങ്കിൽ ആയതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് കൃത്യവും കാര്യക്ഷമവുമായി നടപ്പിലാക്കിവരുന്നു.

ദേശീയപാത

ദേശീയപാത വിഭാഗത്തിൽ പദ്ധതികൾ എഞ്ചിനീയറിങ് പ്രൊക്യുവർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

റോഡ് നിർമ്മാണത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻവേണ്ടി പ്രവൃത്തികളിൽ ന്യൂനത പരിഹാര സാധ്യത കാലയളവ് (DLP) കൂടി ഉൾപ്പെടുത്തിയാണ് കരാർ വയ്ക്കുന്നത്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ

നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളെ ഉൾപ്പെടെ പരിഗണിച്ച് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കാലാവസ്ഥയേയും വർഷപാതത്തേയും പരിഗണിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി ടെൻഡർ നടപടികൾ നടത്തുന്നതുമൂലം നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലതാമസവും ഗുണനിലവാരത്തിൽ ഇടിവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) ബജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവൃത്തികൾ അനുകൂല കാലാവസ്ഥയിൽത്തന്നെ പൂർത്തിയാക്കത്തക്ക രീതിയിൽ പ്രവൃത്തി ക്രമീകരണം നടത്താനായി മിഷൻ മീറ്റിംഗിൽ ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും അത്തരത്തിൽ നടപ്പിലാക്കി വരുന്നുമുണ്ട്. കൂടാതെ കാലാവസ്ഥയേയും വർഷപാതത്തേയും പരിഗണിച്ചാണ് നിലവിൽ നിർമ്മാണ പ്രവൃത്തികൾക്ക് സമയം നിശ്ചയിച്ച് അനുമതി നൽകുന്നത്.

പൊതുമരാമത്ത് പ്രവൃത്തികൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാർഗരേഖകൾ പാലിച്ചുകൊണ്ടാണ് നിർവഹിക്കപ്പെടുന്നത്. അതിനാൽ ഗുണനിലവാരത്തിൽ ഇടിവ് സംഭവിക്കുന്നില്ല. പ്രവചനാതീതമായ അതിതീവ്രമായ മഴമൂലം പ്രവൃത്തിക്ക് കാലതാമസമുണ്ടാകുമ്പോൾ

പൊതുമരാമത്ത് വകുപ്പ് മാന്വൽ നിഷ്കർഷിക്കുന്ന പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പ് കോൺട്രാക്ടർമാർക്ക് കുടിശ്ശിക

17 (1269) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കോൺട്രാക്ടർമാർക്ക് നിലവിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ട്; ഏതൊക്കെ ഇനങ്ങളിലാണ് ഈ തുക നൽകാനുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ, പാലങ്ങൾ, നിരത്ത് പരിപാലനം, കെട്ടിട വിഭാഗം എന്നീ വിഭാഗങ്ങളിലായി കരാറുകാർക്ക് നൽകാനുള്ള തുക, ഇനം തിരിച്ചുള്ള വിശദാംശങ്ങൾ എന്നിവ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കൂടാതെ കേരള റോഡ് ഫണ്ട് ബോർഡിൽ,

1) കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം I (4,13,66,900/- രൂപ).

2) മുപ്പാലം ജങ്ഷൻ വികസന പദ്ധതി (ഐറ്റം റേറ്റ്) - (86,77,581 /- രൂപ) എന്നീ പദ്ധതികളിലായി ആകെ 5,00,44,481/- രൂപ കുടിശ്ശിക നൽകാനുണ്ട്.

(ബി) കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധികതുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിലെ 2025 ജനുവരി മാസം വരെയുള്ള കുടിശ്ശിക ബില്ലുകൾ ഇപ്രകാരം തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, കരാറുകാരുടെ കുടിശ്ശിക ബില്ലുകൾക്ക് Bill Discounting system (ബി.ഡി.എസ്.)-വും നിലവിലുണ്ട്.

കയ്പമംഗലം നിയോജകമണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ

18 (1270) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ 2016 മുതൽ 2025 വരെ പൊതുമരാമത്ത് വകുപ്പ് നിർവഹണ വകുപ്പായി ബജറ്റിൽ 20% തുക വകയിരുത്തി അനുവദിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചത്, പൂർത്തീകരിക്കാത്തത് എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കയ്പമംഗലം നിയോജകമണ്ഡലത്തിൽ 2016 മുതൽ 2025 വരെ പൊതുമരാമത്ത് വകുപ്പ് നിർവഹണ വകുപ്പായി ബജറ്റിൽ 20% തുക വകയിരുത്തി അനുവദിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

വളളിക്കുന്ന് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

19 (1271) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് വകുപ്പിന് കീഴിലുളള വിവിധ പദ്ധതികളുടെ വിവരങ്ങൾ വിശദമാക്കാമോ?

നിരത്തുകൾ

വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്ത് പരിപാലനം

വിവരം അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

വിവരം അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി.-പി.എം.യു.

1. മലപ്പുറം ജില്ലയിലെ തീരദേശ ഹൈവേ നിർമ്മാണം റീച്ച് 4 കെട്ടുങ്ങൽ പാലം മുതൽ അരിയല്ലൂർ മുദിയം പാലം വരെ

പ്രവൃത്തിക്ക് 22-06-2023-ലെ ഓർഡർ നമ്പർ PWD014-38/AE-1/2023/KIIFB പ്രകാരം 9.03 കോടി രൂപയുടെ സാമ്പത്തികാനുമതിയും 13-03-2024-ലെ ഓർഡർ നമ്പർ PWD014-38/AE-1/2024/KIIFB പ്രകാരം 21.0124 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 11(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ റവന്യൂ വിഭാഗത്തിൽനിന്നും പുരോഗമിച്ചുവരുന്നു.

2. മുദിയം പാലം നിർമാണം

പ്രവൃത്തിക്ക് PWD014-48/AE-1/2023/KIIFB ഓർഡർ പ്രകാരം 20-10-2023-ൽ 23.92 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ഇതിൽ സ്ഥലം ഏറ്റെടുപ്പിനുള്ള തുക ഉൾപ്പെട്ടിട്ടില്ല. ഡിസൈൻ വിങ്ങിൽനിന്നും ലഭ്യമായ ഡിസൈൻ പ്രകാരം പാലത്തിന്റെ സ്ഥാനം സൈറ്റിൽ നിർണയിച്ചതിൽനിന്നും പാലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണത്തിനും പരപ്പനങ്ങാടി ഭാഗത്ത് 90 മീറ്റർ ദൂരത്തിലും കടലുണ്ടി ഭാഗത്ത് 105 മീറ്റർ ദൂരത്തിലും അപ്രോച്ച് റോഡ് നിർമാണത്തിനും കൂടാതെ 110 മീറ്റർ നീളത്തിൽ പരപ്പനങ്ങാടി ഭാഗത്ത് സർവീസ് റോഡ് നിർമ്മാണത്തിനും അധിക ഭൂമി ഏറ്റെടുക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തി. പ്രസ്തുത പദ്ധതിയിൽ ഭൂമി ഏറ്റെടുപ്പിനുള്ള തുക പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അധിക ഭൂമി മലപ്പുറം ജില്ലയിലെ തീരദേശ ഹൈവേയുടെ റീച്ച് 4-ൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി 11(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ റവന്യൂ വിഭാഗത്തിൽനിന്നും പുരോഗമിച്ചുവരുന്നു.

3. മലപ്പുറം ജില്ലയിലെ തീരദേശ ഹൈവേ നിർമ്മാണം റീച്ച്-6 അരിയെല്ലൂർ മുദിയം പാലം മുതൽ കടലുണ്ടി കടവ് വരെ

പ്രവൃത്തിക്ക് 10-12-2024-ലെ ഓർഡർ നമ്പർ PWD014-49/AE-1/2024/KIIFB പ്രകാരം 29.482 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ തോട്ടശ്ശേരിയറ ഇല്ലത്തുമാട് പാത്തിക്കുഴി റോഡ്-കിഫ്ബി മാനദണ്ഡപ്രകാരം വേണ്ട റൈറ്റ് ഓഫ് വേ മിനിമം 10 മീറ്റർ ലഭ്യമല്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടുത്തിക്കൊണ്ട് ഡി.പി.ആർ. തയ്യാറാക്കാനുള്ള കിഫ്ബിയുടെ നിർദേശമനുസരിച്ച് പുതുക്കിയ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പ് പി.പി.യു. വിഭാഗത്തിൽ തയ്യാറാക്കിവരുന്നു.

(ബി) ദേശീയപാത 66, 966 കണക്ടിവിറ്റി റോഡായ സ്പിന്നിംഗ് മിൽ -അത്താണിക്കൽ-പുളിഞ്ചോട് റോഡ്, സ്പിന്നിങ് മിൽ-കൈതക്കുണ്ട് റോഡ് എന്നിവയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗം നിർമ്മാണം നടത്തുന്ന ബൈലൈൻ പദ്ധതി അനുവദിക്കുന്നതിന് വകുപ്പിന് ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ദേശീയപാത 66, 966 കണക്ടിവിറ്റി റോഡായ സ്പിന്നിംങ്ങ് മിൽ അത്താണിക്കൽ പുളിഞ്ചോട് റോഡിന്റെ പുല്ലാംകുന്ന് മുതൽ സിപിന്നിങ്ങ് മിൽ വരെയുള്ള ഭാഗം നവീകരണത്തിനായിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(സി) മേൽ പറഞ്ഞ റോഡിലെ രാമനാട്ടുകര-പുളിഞ്ചോട് മുതൽ ചേലേമ്പ്ര പരിധി വരെയുള്ള ഭാഗം മാത്രം ഏത് ഫണ്ട് ഉപയോഗിച്ചാണ് ബി.എം.&ബി.സി. ചെയ്ത് നവീകരിച്ചതെന്ന് വിശദമാക്കാമോ; പ്രസ്തുത റോഡിന്റെ ബാക്കി ഭാഗം (സ്പിന്നിങ്ങ് മിൽ വരെ) ഇത്തരത്തിൽ നവീകരിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ?

നിരത്തുകൾ

രാമനാട്ടുകര പുളിഞ്ചോട് മുതൽ പുല്ലംകുന്ന് വരെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 2.400 km നീളമുള്ള രാമനാട്ടുകര പുല്ലംകുന്ന് റോഡ് BM&BC ചെയ്ത് നവീകരിച്ചത് പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ്. പ്രസ്തുത റോഡിന്റെ തുടർച്ചയായി വരുന്ന മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള പൂഴിപ്പട്ടാലുങ്ങൽ സ്പിന്നിങ്ങ് മിൽ റോഡിന്റെ 300 മീറ്റർ ഭാഗം ബേപ്പൂർ MLA-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി

MSS ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ബാക്കി ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ടതല്ല.

ദേശീയപാത വിഭാഗം

ബഹുമാനപ്പെട്ട വള്ളിക്കുന്ന് എം.എൽ.എ. ശ്രീ. അബ്ദുൾ ഹമീദ് മാസ്റ്റർ നൽകിയ നിവേദനത്തിന്റെ (E-8156028/24) അടിസ്ഥാനത്തിൽ ബാക്കിയുള്ള പുല്ലംകുന്ന് മുതൽ സിപിന്നിങ് മിൽ വരെയുള്ള റോഡ് നവീകരണത്തിനായിയുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(ഡി) ദേശീയ പാത 66-ൽനിന്നും കാലിക്കറ്റ് എയർപോർട്ടിലേയ്ക്കുള്ള പ്രധാന പാതയായ ചേളാരി-ഒളകര റോഡിൽ കാക്കത്തടം പ്രദേശത്തെ വെള്ളക്കെട്ട് കാരണം ഉണ്ടാകുന്ന ഗതാഗത തടസ്സം പരിഹരിക്കുന്നതിന് വകുപ്പിന് ലഭിച്ച നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; പ്രശ്ന പരിഹാരത്തിനായി സാങ്കേതിക വിഭാഗം തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ശാശ്വത പരിഹാരം കാണുന്നത് പരിഗണനയിലുണ്ടോ?

നിരത്തുകൾ

ചേളാരി-ഒളകര-പെരുവള്ളൂർ റോഡിലെ കാക്കത്തടം ഭാഗത്ത് മഴ സമയത്ത് വെള്ളക്കെട്ട് രൂപപ്പെടുന്നുണ്ട്. എന്നാൽ ഈ ഭാഗത്ത് വെള്ളം ഒഴുക്കിക്കളയുന്നതിന് ഔട്ട്ലെറ്റ് ഒന്നുമില്ല. തുടർന്ന് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. അസിസ്റ്റന്റ് എഞ്ചിനീയർ,

പഞ്ചായത്ത് അധികൃതർ എന്നിവർ സംയുക്തമായി കാക്കത്തടം ഭാഗത്തെ സ്ഥല പരിശോധന നടത്തുകയുണ്ടായി. സമീപത്തായി ഔട്ട്ലെറ്റുകൾ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്.

25-05-2025-ന് ബഹുമാനപ്പെട്ട തിരുരങ്ങാടി തഹസിൽദാരുടെയും പഞ്ചായത്ത് അധികൃതരുടെയും എം.എൽ.എ.-യുടെ പ്രതിനിധിയുടെയും മേൽനോട്ടത്തിൽ സ്ഥല പരിശോധന നടത്തുകയും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഔട്ട് ലെറ്റ് കണ്ടുപിടിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കെട്ടിക്കിടക്കുന്ന മഴവെള്ളം ചാലുകീറി ഒഴുക്കി കളയുന്നതിന് അത് കടന്നുപോകാൻ സാധ്യതയുള്ള ഭാഗത്തെ കുടുംബങ്ങളെ ഉൾപ്പെടുത്തി തഹസിൽദാരുടെയും പഞ്ചായത്ത് അധികൃതരുടെയും. എം.എൽ.എ.-യുടെ പ്രതിനിധിയുടെയും മേൽനോട്ടത്തിൽ ഒരു മീറ്റിങ് ചേരുകയും ഓരോ വീട്ടുകാരുടെയും സഹകരണത്തോടെ മഴവെള്ളം ആ ഭാഗത്തുനിന്ന് നീക്കം ചെയ്യുന്നതിന് സംസാരിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്തെങ്കിലും സ്വകാര്യ വ്യക്തികളുടെ ഭൂമിയിലൂടെ മഴ വെള്ളം ഒഴുക്കി കളയുന്നതിന് പ്രദേശവാസികൾ ആരുംതന്നെ സമ്മതം അറിയിച്ചിട്ടില്ല. കാക്കത്തടം-പത്തുമൂച്ചി ഭാഗങ്ങളിൽ ഔട്ട്ലെറ്റ് ലഭ്യമായാൽ മാത്രമേ ഇവിടുത്തെ വെള്ളക്കെട്ട് പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. പൊതുമരാമത്ത് വകുപ്പ് റോഡിന്റെ സമീപത്തുള്ള ഔട്ട്ലെറ്റിലേയ്ക്ക് ഏകദേശം 3 മീറ്ററോളം ലെവൽ വ്യത്യാസമുള്ളതിനാൽ ഡ്രെയിനേജ് നിർമ്മിക്കലും പരിപാലിക്കലും പ്രായോഗികമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. Disaster Management Act പ്രകാരം നടപടി സ്വീകരിച്ച് ഔട്ട്ലെറ്റ് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്ന മുറയ്ക്ക്

വെള്ളക്കെട്ട് കാരണമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പൊതുമരാമത്ത് വകുപ്പ് സന്നദ്ധമാണ് എന്ന് ജില്ലാ കളക്ടർ മലപ്പുറം മുമ്പാകെ അറിയിച്ചിട്ടുണ്ട്.

ചേലക്കര ബൈപ്പാസ് നിർമ്മാണം

20 (1272) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡിന് നിർമ്മാണ ചുമതലയുള്ളതും കിഫ്ബിയിൽനിന്ന് തുക അനുവദിച്ചതുമായ ചേലക്കര ബൈപ്പാസ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് ഏത് വർഷമാണ്; ഈ പ്രവൃത്തിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; നിലവിൽ എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ?

ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തിക്ക് 20 കോടി രൂപയ്ക്ക് 29-07-2016-ൽ തത്വത്തിൽ ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുവേണ്ടി 3.16 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. പ്രവൃത്തികൾക്കായി 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് കിഫ്ബി എൽ.എ. തഹസീൽദാർ മുഖേന എൽ.എ. നടപടികളുടെ ഭാഗമായി BVR, DVS, 19(1) എന്നീ ഘട്ടങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. എൽ.എ. നടപടികൾ പൂർത്തീകരിക്കുന്നതിനോടൊപ്പം

പദ്ധതിയുടെ DPR-ന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കേണ്ടതുണ്ട്. സാമ്പത്തികാനുമതി ലഭ്യമായതിനുശേഷം ബൈപ്പാസ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ടെൻഡർ നടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

റവന്യൂ വകുപ്പ് മുഖാന്തരം എൽ.എ. നടപടികൾ പൂർത്തിയാക്കി കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചതിനുശേഷം മൂന്ന് മാസക്കാലയളവിനുള്ളിൽ ടെൻഡർ ക്ഷണിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

റോഡ് നിർമ്മാണത്തിൽ നവീന സാങ്കേതികവിദ്യ

21 (1273) ശ്രീ. എം. എം. മണി:

ശ്രീ. വി. ജോയി:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:

ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണങ്ങളിൽ പ്ലാസ്റ്റിക്, സ്വാഭാവിക റബർ, കയർ-ജിയോടെക്സ്റ്റൈൽസ് തുടങ്ങിയവയുടെ ഉപയോഗം എത്രത്തോളം നടപ്പാക്കിയിട്ടുണ്ട്;

(ബി) റോഡ് നിർമ്മാണങ്ങളിൽ പുതുതായി നടപ്പാക്കിയ സാങ്കേതികവിദ്യ വിവരിക്കാമോ?

(എ&ബി) കൂടുതൽ കാലം ഈടുനിൽക്കുന്ന ബി.എം.&ബി.സി. റോഡുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, കാലാവസ്ഥ വ്യതിയാനങ്ങൾ, ഭൂഗർഭ ജലനിരപ്പ് എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ദീർഘകാലം ഈടുനിൽക്കുന്ന ബി.എം.&ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളം പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തുവരുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിൽ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം റോഡുകളിൽ അവയുടെ നിർമ്മാണ രീതിക്കനുസരിച്ച് പരിപാലനകാലം നിശ്ചയിച്ചിട്ടുള്ളതും ടി കാലയളവിൽ ടി റോഡിന്റെ പരിപൂർണ്ണമായ സംരക്ഷണ ചുമതല പ്രവൃത്തി ചെയ്തിട്ടുള്ള കരാറുകാരനിൽ തന്നെ നിക്ഷിപ്തമാക്കിയിട്ടുള്ളതുമാണ്.

നിലവിൽ 2900 km റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ചും 4855 KM റോഡുകൾ NRMB ഉപയോഗിച്ചും 178 km റോഡുകൾ ജിയോ ടെക്സ്റ്റയിൽ ഉപയോഗിച്ചും നിർമ്മാണം നടത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക്, NRMB തുടങ്ങിയവ നിരത്ത് വിഭാഗത്തിന്റെ നവീകരണ പ്രവൃത്തികളിൽ ഉപയോഗിക്കുന്നു. ജിയോ ടെക്സ്റ്റയിൽ പ്രവൃത്തികൾ സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഉപയോഗിച്ചുവരുന്നു. സ്ഥലത്തിന്റെ അവസ്ഥ കണക്കിലെടുത്ത് ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു.

കെ.എസ്.റ്റി.പി.-യുടെ പരിധിയിലുള്ള ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ കലുങ്കുകളുടെയും പാലങ്ങളുടേയും അപ്രോച്ച് സ്ലാബിന്റെ അടിയിലുമായി കയർ ജിയോ ടെക്സ്റ്റയിൽ നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി.-യുടെ നിർമ്മാണ പ്രവൃത്തികളിൽ NRMB (സ്വാഭാവിക റബ്ബർ) ഉപയോഗിച്ചാണ് ബി.സി. ചെയ്യുന്നത്. കൂടാതെ 25 കിലോമീറ്ററോളം FDR സാങ്കേതികവിദ്യ നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള പേവ്മെന്റ് ലെയറുകൾ റീസൈക്കിൾ ചെയ്താണ് FDR-ൽ റോഡ് നിർമ്മിക്കുന്നത്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ 188.49 കി.മീ. റോഡുകളുടെ പ്രവൃത്തിയിൽ പ്ലാസ്റ്റിക് ഉപയോഗിച്ചു. 1108.02 കി.മീ. റോഡുകളുടെ പ്രവൃത്തിയിൽ NRMB ഉപയോഗിച്ചു. കൂടാതെ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ നൂതന സാങ്കേതിക രീതികളായ പേവ്മെന്റ് റീസൈക്ലിങ് രീതികളായ cold in place, hot in plant തുടങ്ങിയ രീതികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഒരു

പദ്ധതിയിൽ എൻ.എച്ച്. 966 ബി (കുണ്ടന്നൂർ-വില്ലിംഗ്ടൺ ഐലന്റ്) റോഡിൽ Stone Matrix Asphalt (SMA) എന്ന രീതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കോൾഡ് ഇൻ പ്ലേസ് റീസൈക്ലിങ്, സോയിൽ സ്റ്റെബിലൈസേഷൻ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ നൽകാമോ?

നിരത്ത് വിഭാഗത്തിന് കീഴിൽ സോയിൽ സ്റ്റെബിലൈസേഷൻ:- സോയിൽ സ്റ്റെബിലൈസേഷൻ ഉപയോഗപ്പെടുത്തി നിലവിൽ 160 km നിർമ്മാണം നടത്തിയിട്ടുണ്ട്.

കലുങ്കുകളുടെയും അപ്രോച്ച് സ്ലാബിന്റെയും സെറ്റിൽമെന്റിന്റെ തീവ്രത കുറയ്ക്കുന്നതിനായി Basal Reinforcement, Geogrid, Coir Geotextiles, Coconut Pile എന്നിവ ഉൾപ്പെടുത്തി Ground Improvement നടത്തിയിട്ടുണ്ട്. റോഡിന്റെ സെറ്റിൽമെന്റ് കുറയ്ക്കുന്നതിനായി 6 മീ. Depth-ൽ 1 മീ. Spacing-ൽ Coconut Pile നൽകി അതിന്റെ മുകളിൽ Drainage Composite എന്ന Geotextile വിരിച്ചിട്ടുണ്ട്. അതിന് മുകളിലായി 5 സെ.മീ. റെഡ് എർത്ത് ഇട്ട് കോമ്പാക്ട് ചെയ്തതിനുശേഷം Logitudinal Geogrid, Transverse Geogrid എന്നിവ നൽകിയിട്ടുണ്ട്. അതിനുമുകളിലായി ആങ്കർ ബ്ലോക്ക് മാട്രസ് നൽകിയതിനുശേഷമാണ് Subgrade, GSB, WMM BM-BC ചെയ്തിരിക്കുന്നത്.

കലുങ്കിന്റെയും അപ്രോച്ച് സ്ലാബിന്റെയും അടിയിൽ കോക്കനട്ട് പൈൽ നാട്ടി മുകളിൽ 50 സെ.മീ. ക്വാറി വേസ്റ്റ് ഇട്ട് അതിനു മുകളിൽ കയർ ജിയോടെക്സ്റ്റൈൽ വിരിച്ചതിനുശേഷം 10 സെ.മീ. GSB ഇട്ട് കോമ്പാക്ട് ചെയ്തശേഷം മുകളിൽ Geogrid സ്ഥാപിക്കുകയും മുകളിലായി

ഒരു ലെയർ 10 CM GSB ഇടുകയും ചെയ്യു. ഇതിനു മുകളിലായാണ് കലുങ്കിന്റെ structure നിർമ്മിച്ചിരിക്കുന്നത്.

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിങ് സാങ്കേതികവിദ്യ ഉപയോഗിച്ച് 70 കി.മീ. റോഡുകൾ നവീകരിച്ചിട്ടുണ്ട്.

(ഡി) വൈറ്റ് ടോപ്പിംഗ് റോഡുകളുടെ നിർമ്മാണം സംബന്ധിച്ച പ്രയോജനങ്ങൾ വിശദമാക്കാമോ?

വൈറ്റ് ടോപ്പിങ് റോഡ് നിർമ്മാണം IRC SP 76 2015 പ്രകാരമാണ് ചെയ്യുന്നത്.

IRC SP 76 2015 പ്രകാരം വൈറ്റ് ടോപ്പിങ് ഉള്ള റോഡുകളുടെ ഗുണങ്ങൾ താഴെപ്പറയുന്നവയാണ്.

- ദീർഘനാൾ ഈടുനിൽക്കുന്നു (15-20 വർഷം). കുറഞ്ഞ പരിപാലന ചെലവ്, കുറഞ്ഞ ലൈഫ് സൈക്കിൾ കോസ്റ്റ്
- ഡീഫോർമേഷൻ (റട്ടിങ് ക്രാക്കിങ്) കുറവായിരിക്കും, ചൂടുള്ള കാലാവസ്ഥയിൽ കൂടുതൽ ഗുണം ചെയ്യും
- സ്കച്ചറൽ ശേഷി- ശക്തമായ ഒരു അടിത്തറയിൽ നിർമ്മിച്ചാൽ പരമ്പരാഗത വൈറ്റ് ടോപ്പിങ് നിലവിലുള്ള ബിറ്റുമിനസ് നടപ്പാതയുടെ ഘടനാപരമായ ശേഷി മെച്ചപ്പെടുത്തുന്നു.
- ട്രാഫിക് തടസ്സം കുറവ്- ബിറ്റുമിനസ് പ്രതലങ്ങളെ അപേക്ഷിച്ച് വൈറ്റ് ടോപ്പിങ് റോഡുകൾക്ക് വളരെ കുറച്ച് അറ്റകുറ്റപ്പണികൾ മാത്രമേ ആവശ്യമുള്ളൂ. അതിനാൽ റോഡ് ഗതാഗതം തടസ്സം വരുത്തി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ കുറവാണ്.

• സുരക്ഷയും പരിസ്ഥിതി ഗുണവും - കോൺക്രീറ്റ് താരതമ്യേന ഇളം നിറമുള്ളതാണ്. അതിനാൽ കോൺക്രീറ്റ് ഉപരിതലം പ്രകാശത്തെ കൂടുതൽ പ്രതിഫലിപ്പിക്കുന്നതും കുറഞ്ഞ ചൂട് ആഗിരണം ചെയ്യുന്നതും Urban, Heat Island effect കുറയ്ക്കുന്നതുമാണ്. വാഹനങ്ങളിൽനിന്നുള്ള ലൈറ്റുകളുടെ മെച്ചപ്പെട്ട പ്രതിഫലനം സുരക്ഷ വർധിപ്പിക്കുന്നു. ബാഹ്യ ലൈറ്റിങ്ങിന്റെ ഊർജ ആവശ്യകത കുറയ്ക്കുന്നു. പരിസ്ഥിതിയിൽ താപത്തിലേയ്ക്കുള്ള സംഭാവന കുറയ്ക്കുന്നു.

•ഇന്ധന ലാഭം - കോൺക്രീറ്റ് റോഡുകളിലെ ഇന്ധന ഉപഭോഗം ബിറ്റുമിനസ് റോഡുകളെ അപേക്ഷിച്ച് കുറവാണ്.

ബിറ്റുമിൻ പ്രതലമുള്ള റോഡുകളേക്കാൾ കൂടുതൽ കാലം ഈടുറപ്പ്, കുറഞ്ഞ അറ്റകുറ്റപ്പണി ചെലവ്, കുഴികൾ രൂപപ്പെടാത്തവിധമുള്ള സുസ്ഥിരത, വാഹന ഗതാഗതത്തിന് അനുയോജ്യമാകുംവിധമുള്ള മെച്ചപ്പെട്ട vision, pothole free surface, കുറഞ്ഞ ഇന്ധന ഉപഭോഗം തുടങ്ങിയ ഗുണങ്ങൾ വൈറ്റ്ടോപ്പിംഗ് നൽകുന്നു.

ഫോർട്ട് കൊച്ചിയെയും വൈപ്പിനെയും ബന്ധിപ്പിക്കുന്നതിന് ഭൂഗർഭ ടണൽ

22 (1274) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയിൽ ഫോർട്ട് കൊച്ചിയെയും വൈപ്പിനെയും ബന്ധിപ്പിക്കുന്നതിന് ഭൂഗർഭ ടണൽ അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നത് സംബന്ധിച്ച് കെ-റെയിൽ സാധ്യതാ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

തീരദേശ ഹൈവേയിൽ ഫോർട്ട് കൊച്ചിയെയും വൈപ്പിനെയും ബന്ധിപ്പിക്കുന്നതിന് ഭൂഗർഭ ടണൽ നിർമ്മിക്കുന്നത് സംബന്ധിച്ച് കെ-റെയിൽ സാധ്യതാ പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് ഗതാഗത വകുപ്പിനും പൊതുമരാമത്ത് വകുപ്പിനും ലഭ്യമാക്കിയിരുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ Design-Build-Finance-Operate-Transfer (DBFOT) മോഡൽ പ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് Expression of Interest (EOI) ക്ഷണിക്കാൻ KRDCL-ന് ഗതാഗത വകുപ്പിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സാധ്യതാ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തീരദേശ ഹൈവേയിൽ ഫോർട്ട് കൊച്ചിയെയും വൈപ്പിനേയും ബന്ധിപ്പിക്കുന്നതിന് ഭൂഗർഭ ടണൽ നിർമ്മിക്കുന്നത് സംബന്ധിച്ച് കെ-റെയിൽ സാധ്യതാ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

കാരപ്പൊറ്റ ചൂലിപ്പാടം റോഡ് പ്രവൃത്തി

23 (1275) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിലെ കാരപ്പൊറ്റ ചൂലിപ്പാടം റോഡ് പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്; എന്ന് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൃശ്ശൂർ മണ്ഡലത്തിലെ കാരപ്പൊറ്റ ചൂലിപ്പാടം റോഡ് എന്ന പ്രവൃത്തിയുടെ കോൺക്രീറ്റ് വർക്ക് പുരോഗമിച്ചുവരുന്നു. GSB, WMM എന്നിവ പൂർത്തീകരിച്ചു. 30-09-2025 തീയതിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പി.ഡബ്ല്യു.ഡി. റോഡുകളുടെ പരിഷ്കരണം

24 (1276) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കേരളത്തിൽ എത്ര കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡ് പരിഷ്കരിച്ചിട്ടുണ്ടെന്നും ഇനിയും എത്ര കിലോമീറ്റർ റോഡ് പരിഷ്കരിക്കാനുണ്ടെന്നും അറിയിക്കാമോ?

നിരത്തുകൾ

2016 മുതൽ നാളിതുവരെ 12462.56 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ബി.എം.&ബി.സി നിലവാരത്തിലേയ്ക്ക് ഉയർത്താൻ 11273.04 കി.മീ. റോഡുകളുണ്ട്. ഇതിൽ 10937.207 കി.മീ. റോഡുകൾ നിലവിലെ ഉപരിതല നവീകരണത്തിലൂടെ സഞ്ചാര യോഗ്യമാക്കി നിലനിർത്തിവരുന്നു. ഫണ്ട് ലഭ്യതയും ആവശ്യകതയുമനുസരിച്ച് അവ ഉന്നത നിലവാരത്തിൽ നവീകരിക്കുന്നതാണ്.

കെ.എസ്.ടി.പി.

2016 മുതൽ നാളിതുവരെ കെ.എസ്.ടി.പി. 863.358 കി.മീ. റോഡ് പരിഷ്കരിച്ചിട്ടുണ്ട്.

നിരത്തുപരിപാലനം

നിലവിൽ OPBRC പാക്കേജിൽ ഉൾപ്പെടുത്തി 45.812 കി.മീ. B.C. നിലവാരത്തിൽ പരിഷ്കരിച്ചിട്ടുണ്ട്.

ദേശീയപാത

ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള വകുപ്പ് ദേശീയപാതകളെല്ലാംതന്നെ BM&BC നിലവാരത്തിലുള്ളവയാണ്. 2016 മുതൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ State fund/CRIF പദ്ധതിയിൽ ഉൾപ്പെടുത്തി 1523.664 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചു. കൂടാതെ നിലവിൽ BM&BC നിലവാരത്തിലുള്ള ദേശീയപാതകൾ MORTH ഫണ്ട് മുഖേന 758.4327 കി.മീ. റോഡുകൾ ബലപ്പെടുത്തൽ പ്രവൃത്തി പൂർത്തിയാക്കി. CRIF fund മുഖേന റോഡ് പരിഷ്കരിക്കുന്ന പ്രവൃത്തി നിലവിൽ 241.20 കി.മീ. റോഡുകളിൽ നടത്തിവരുന്നു.

കെ.ആർ.എഫ്.ബി.

2016 മുതൽ നാളിതുവരെ കേരള റോഡ് ഫണ്ട് ബോർഡ്

പരിഷ്കരിച്ചിട്ടുള്ള റോഡ് – ആകെ – 42.091 കി.മി.

പരിഷ്കരിക്കാനുള്ള റോഡ് – ആകെ – 111.999 കി.മി.

കെ.ആർ.എഫ്.ബി.– പി.എം.യു.

കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന (ബി.എം.&ബി.സി., FDR, തീരദേശ ഹൈവേ, മലയോര ഹൈവേ, എയർപോർട്ട് കണക്റ്റിവിറ്റി റോഡുകൾ ഉൾപ്പെടെ) 3544.712 കി.മീ. റോഡ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

റിക്ക് ലിമിറ്റഡ്

റിക്ക് ലിമിറ്റഡിന് കീഴിൽ 2017-18 കാലയളവിൽ 83 കി.മീ. റോഡുകൾ ബി.എം.& ബി.സി. ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം-പൊന്മുടി റോഡ് നവീകരണം

25 (1277) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം കെ.എസ്.റ്റി.പി. നിർമ്മാണ ചുമതല നിർവഹിക്കുന്ന തിരുവനന്തപുരം-പൊന്മുടി റോഡ് നവീകരണ പ്രവൃത്തികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ?

369/KSTP/PMT/PWD/2021 എന്ന കരാർ ഉടമ്പടിപ്രകാരം 167.70 കോടി രൂപ കരാർ തുക നിശ്ചയിച്ച് തുടങ്ങിയ പ്രവൃത്തികളുടെ പുരോഗതി മന്ദഗതിയിലായതിനാൽ 26-04-2025-ൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് പുതുക്കിയ DPR അനുസരിച്ച് 172.22 കോടി രൂപയുടെ ബാലൻസ് പ്രവൃത്തി ഉൾപ്പെടെ 215.55 കോടി രൂപയ്ക്ക് RKI-യുടെ അംഗീകാരം ലഭിക്കുകയുമുണ്ടായി. നിലവിൽ പ്രവൃത്തിയുടെ പുരോഗതി 33% ആണ്. 172.22 കോടി രൂപയുടെ ബാലൻസ് പ്രവൃത്തിക്ക് കെ.എസ്.റ്റി.പി. സാങ്കേതിക അനുമതി

നൽകുകയും 27-08-2025-ന് പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ പ്രദേശവാസികളിൽനിന്നും ഉയർന്നുവരുന്ന പരാതികൾ പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു. നിലവിലെ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത അവസരത്തിൽ 1.10 കോടി രൂപയുടെ PAP പ്രവൃത്തികൾക്ക് 2 പ്രാവശ്യം ടെൻഡർ ചെയ്തെങ്കിലും കരാറുകാരെ ലഭ്യമായില്ല. നിരത്ത് വിഭാഗത്തിന്റെ നേതൃത്വത്തിൽ 50 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ടെൻഡർ ചെയ്തതിനാൽ പുതിയ കരാറുകാരനെ ലഭിക്കുന്ന മുറയ്ക്ക് തുടർ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

ശബരിമല റോഡുകളുടെ നവീകരണം

26 (1278) ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. എം. മുകേഷ്:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി റോഡുകളുടെ നവീകരണത്തിനായി ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2011-2016 കാലയളവിലും 2016-2021 കാലയളവിലുമായി ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി റോഡ് നവീകരണത്തിന് അനുവദിച്ച തുകയുടെ വിശദാംശം അറിയിക്കാമോ?

(എ&ബി) വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) ഇത്തവണത്തെ ശബരിമല മണ്ഡലകാലത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ശബരിമല മണ്ഡലകാലത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് നടത്തേണ്ട ക്രമീകരണത്തെക്കുറിച്ച് ആലോചിക്കാൻ ആഗസ്റ്റ് 7-ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നിരുന്നു. ശബരിമല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേക കോർ ടീമിന് യോഗത്തിൽ രൂപം നൽകി. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ളതാണ് ഈ ടീം. ഓരോ ജില്ലകളിലും പ്രവൃത്തി വിലയിരുത്തുന്നതിനുള്ള ചുമതല ഓരോ ചീഫ് എഞ്ചിനീയർമാർക്കും നൽകി. പദ്ധതികൾ പരിശോധിക്കാൻ പ്രത്യേക ഇൻസ്പെക്ഷൻ ടീമിനും രൂപം നൽകി. ജില്ലകളിൽ എല്ലാ വിങ്ങുകളുടെയും പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് നിരത്ത് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശബരിമല പാതയിൽ ഉൾപ്പെടുന്ന ഐഡന്റിഫൈഡ് റോഡുകൾ, അദർ ഐഡന്റിഫൈഡ് റോഡുകൾ, ശബരിമല ലീഡിംഗ് റോഡുകൾ എന്നിവയിലെ പാലങ്ങൾ എല്ലാം ഗതാഗത യോഗ്യമാണ്. പാലങ്ങൾ വിഭാഗം കോട്ടയം കാര്യാലയത്തിന് കീഴിൽ ശബരിമല പാതയിലും ശബരിമല ലീഡിങ് റോഡുകളിലും ഉൾപ്പെടുന്ന 41 പാലങ്ങളാണുള്ളത്. ഈ പാലങ്ങളിൽ പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി കാട് തെളിച്ച് വൃത്തിയാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ബ്രിഡ്ജ് സേഫ്റ്റി പ്രവൃത്തികൾക്കുള്ള ക്രമീകരണവും ചെയ്തിട്ടുണ്ട്. ഹാൻഡ് റെയിൽ സംബന്ധമായ പ്രശ്നങ്ങൾ ബ്രിഡ്ജ് സേഫ്റ്റി പ്രവൃത്തികളിൽ ഉൾപ്പെടുത്തി പരിഹരിച്ചുവരുന്നു. എല്ലാ പ്രവൃത്തികളും മണ്ഡലകാലം ആരംഭിക്കുന്നതിന് മുൻപുതന്നെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. 'SLTF- Urgent maintenance and painting of bridges in Sabarimala route- General CIVIL Work (AS amount 3.7 Lakhs)' എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി ശബരിമല റൂട്ടിലെ പ്രധാന പാലങ്ങളായ കരിങ്കല്ലുമുഴി, കൊരട്ടി, മണ്ണാർക്കയം, ചിറ്റാർ, കുറുവാമൂഴി പാലങ്ങളുടെ പെയിന്റിങ് മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കാളകെട്ടി മൂക്കൻപെട്ടി, പഴയിടം പാലങ്ങളുടെ കൈവരികൾ പ്രളയത്തിൽ തകരാറിലായത് പുനഃസ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ പത്തനംതിട്ട ജില്ലയിൽ ശബരിമല പാതയിലുള്ള പുതമൺ പാലത്തിന്റെ പുനർനിർമ്മാണം മണ്ഡലകാലത്തിന് മുന്നോടിയായി പൂർത്തീകരിച്ച് താൽക്കാലികമായി തുറന്ന് കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ശബരിമല മണ്ഡലകാലത്തിന് മുന്നോടിയായി പൊതുമരാമത്ത് കെട്ടിട വിഭാഗം പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ നാല് പ്രവൃത്തികൾ ടെൻഡർ ചെയ്ത് എഗ്രിമെന്റ് നടപടികൾ പുരോഗമിക്കുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഇതുകൂടാതെ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലായി റോഡുകളുടെ സമഗ്ര പരിശോധന, റോഡുകളിൽ പാച്ചിങ് & റീസർഫേസിങ് പ്രവർത്തനങ്ങൾ, മഴക്കാലത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി സൈഡ് ഡ്രെയിൻ & കൽവർട്ട് ശുചീകരണം, സുരക്ഷിത യാത്രയ്ക്കായി ബാരിക്കേഡുകൾ, റോഡ് സൈൻബോർഡുകൾ, സ്റ്റഡ്സ്, കാറ്റ്സ് ഐസ് എന്നിവ സ്ഥാപിക്കുക, വളവുകൾ, അപകടസാധ്യതയുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വാണിങ് ബോർഡുകൾ സ്ഥാപിക്കുക, അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ ഗാർഡ് റെയിൽ, ക്രാഷ് ബാരിയർ എന്നിവ സ്ഥാപിക്കുക, രാത്രി യാത്രക്കാർക്കായി റിഫ്ലക്ടീവ് ബോർഡുകൾ സ്ഥാപിക്കുക എന്നിവ നടത്തിവരുന്നു. ഇതിനോടൊപ്പം പോലീസ്, ഫോറസ്റ്റ്, റവന്യൂ, മോട്ടോർ വെഹിക്കിൾ, ദേവസ്വം ബോർഡ് എന്നീ വകുപ്പുകളുമായി സമന്വയ യോഗങ്ങൾ നടത്തി റോഡുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പരിഹരിക്കുന്നു.

മലയോര ഹൈവേ നിർമ്മാണ പുരോഗതി

27 (1279) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമാകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ബി.എം.&ബി.സി. നിലവാരത്തിൽ നിലവിലെ റോഡ് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) മലയോര ഹൈവേ കോതമംഗലം നിയോജകമണ്ഡലത്തിൽ ചെറങ്ങാനാൽ മുതൽ നേര്യമംഗലം വരെ മൂന്ന് റീച്ചുകളിലായാണ് നടപ്പാക്കുന്നത്. ഇതിൽ ചെറങ്ങനാൽ മുതൽ കാഞ്ഞിരക്കുന്ന് വരെയുള്ള (13.40 കി.മീ.) റീച്ച്- 1-ന് 65.57 കോടി രൂപയുടെ സാമ്പത്തികാനുമതി 20-03-2022-ൽ നൽകി. കാഞ്ഞിരക്കുന്ന് മുതൽ നാടുകാണി വരെയുള്ള റീച്ച്- 2-നും നാടുകാണി മുതൽ നേര്യമംഗലം വരെയുള്ള റീച്ച്- 3-നും സാമ്പത്തികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മലയോര ഹൈവേ പദ്ധതി, കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽനിന്ന് സൗജന്യമായി ലഭ്യമാക്കി DBM&BC നിലവാരത്തിൽ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കോതമംഗലം മണ്ഡലത്തിലെ മൂന്ന് റീച്ചുകളിലും 12 മീറ്റർ വീതിയിൽ സൗജന്യമായി ഭൂമി ലഭ്യമാക്കാൻ ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണർ, കിഫ്ബി, കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെ വിവിധയോഗങ്ങൾ ചേർന്നിരുന്നു. കിഫ്ബി നിശ്ചയിച്ച മാനദണ്ഡപ്രകാരമാണ് നിലവിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നത്.

കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിച്ച റോഡുകൾ

28 (1280) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ടുപയോഗിച്ച് 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കിലോമീറ്റർ പൊതുമരാമത്ത് റോഡ് നവീകരിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണം

29 (1281) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ നൂറുകോടി രൂപയുടെ ഭരണാനുമതി ലഭിച്ച പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയുടെ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) പൂക്കിപ്പറമ്പിൽ ദേശീയപാതയിൽനിന്നും ആരംഭിച്ച് പരപ്പനങ്ങാടി അരീക്കോട് റോഡിൽ പതിനാറുങ്ങൽ എന്ന സ്ഥലത്ത് എത്തിച്ചേരുന്ന രീതിയിൽ നിർദേശിച്ചിരുന്ന പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും ആയതുപ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചതുമാണ്. എന്നാൽ റോഡിന്റെ 6.5 കിലോമീറ്റർ പൂർണമായും വയലിലൂടെയാണ് നിർദേശിച്ചിരുന്നത്. കർഷകർ എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് പദ്ധതിയുടെ അലൈൻമെന്റ് ദേശീയപാത വെന്നിയൂരിൽനിന്നും ആരംഭിച്ച് പരപ്പനങ്ങാടി അരീക്കോട് റോഡിലെ പതിനാറുങ്കൽ എന്ന സ്ഥലത്ത് അവസാനിക്കുന്ന രീതിയിൽ മാറ്റം വരുത്താൻ തീരുമാനിക്കുകയും അതുപ്രകാരം പുതുക്കിയ അലൈൻമെന്റിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഡിസൈൻ വിങ്ങിനോട് ആവശ്യപ്പെട്ടു. KRFB-യും RIQCL-ഉം സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഡിസൈൻ വിങ് തയ്യാറാക്കിയ അലൈൻമെന്റ് ഡ്രോയിങ്ങിന്റെ ഫീസിബിലിറ്റി പരിശോധനയിൽ ചില മാറ്റങ്ങൾ നിർദേശിക്കപ്പെട്ടിട്ടുണ്ട്. തുടർന്ന് 2025 സെപ്റ്റംബർ 9-ന് നടന്ന ഫീൽഡ് ഇൻസ്പെക്ഷൻ അടിസ്ഥാനമാക്കി അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തുന്ന നടപടികൾ ഡിസൈൻ വിങ്ങിൽ കൈക്കൊണ്ടുവരുന്നു. പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് ഡ്രോയിങ്ങും

ഫീസിബിലിറ്റി റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ അലൈൻമെന്റിന് അംഗീകാരം നൽകാൻ കഴിയുമെന്ന് കരുതുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ഏത് ഓഫീസിലാണ് നിലവിലുള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡിസൈൻ വിങ്ങിലെ ഫയൽ നം. CEDN-PPU/36/2023-AD23-PWD ആണ്.

സംസ്ഥാനത്തെ റോഡുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് ഹംപ് നിർമ്മാണം

30(1282) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി ഹംപ് നിർമ്മാണം ഏർപ്പെടുത്തുന്നത് വിലക്കിയിട്ടുണ്ടോ; എങ്കിൽ സ്പീഡ് നിയന്ത്രിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

ശാസ്ത്രീയമായ ഹംപ് നിർമ്മാണം IRC പ്രകാരം അനുവദനീയമാണ്. റംബിൾ സ്ട്രിപ്പുകൾ, റോഡ് മാർക്കിങ്ങുകൾ, സ്റ്റഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ, സ്പീഡ് ലിമിറ്റ് സൂചിപ്പിക്കുന്ന മുന്നറിയിപ്പ് സൈൻ ബോർഡുകൾ എന്നിവ സ്പീഡ് നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങളായി ഏർപ്പെടുത്തിവരുന്നു.

(ബി) സ്ഥിരമായി അപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനുള്ള മാറ്റങ്ങൾ വരുത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വേഗത നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

റോഡ് ഡിസൈൻ ചെയ്ത ഡിസൈൻ സ്പീഡിൽ സഞ്ചരിക്കാൻ സാധ്യമാകാത്ത ഇടങ്ങളിൽ വേഗത നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കാൻ സാധിക്കും. പോലീസ്, മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർ, റോഡ് സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവർ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താൻ ചുമതലപ്പെട്ടവരാണ്.

IRC Guide line-നും MORTH Specification അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് വേഗത നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത്.

പുതുപ്പള്ളിയിലെ പൊതുമരാമത്ത് റോഡുകൾ

31 (1283) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി നിലവിൽ നിർമ്മാണ, അറ്റകുറ്റപ്പണികൾ നടന്നുവരുന്ന റോഡുകളുടെ വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും അറിയിക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് മുഖേന ഫണ്ട് ആവശ്യപ്പെട്ടിട്ടും പ്രവൃത്തികൾക്കായി ഫണ്ടനുവദിക്കാത്തതും അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമായതുമായ എതൊക്കെ റോഡുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ 5 വർഷമായി സംസ്ഥാന ബജറ്റിൽനിന്നും തുക അനുവദിച്ച് പ്രവൃത്തി നടത്തിയതും നടന്നുവരുന്നതുമായ റോഡുകളുടെ വിശദവിവരങ്ങൾ നൽകാമോ; പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-സി) വിവരം അനുബന്ധമായി+ ചേർക്കുന്നു.

റോഡ് വികസനവും സ്വീകരിച്ച നടപടികളും

32 (1284) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജകമണ്ഡലത്തിലെ വേട്ടുതറ റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിലെ "Re-alignment work of the road NH Needakara-Vettuthara" എന്ന പ്രവൃത്തിക്കായി 5054-04-337-99-MDR ശീർഷകത്തിൽ 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർവെ നമ്പർ 353/2-4-1 23 sq.m. ഭൂമി ഏറ്റെടുക്കുന്നതിനായി Form No.2-ഉം സ്കെച്ചും കൊല്ലം ജില്ലാകളക്ടർക്ക് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സമർപ്പിച്ചിട്ടുള്ളതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലമ്പുഴ മണ്ഡലത്തിലെ എഴക്കാട്-വേലിക്കാട് റോഡ് നവീകരണം

33 (1285) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ 2.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ എഴക്കാട്-വേലിക്കാട് റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ടെൻഡർ നടപടി പൂർത്തിയാക്കി കരാറുകാരനെ തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) GENERAL-Budget work 2024-25- (20% Provision) (Overlay work For 3.77 km)-Providing 40 mm Chipping carpet to Ezhakkad - Velikkad road from km 0/000 to 3/770- Improvements and Providing 40mm chipping carpet to Ezhakkad Velikkad road from km 0/000 to 3/770-General Civil Work പ്രവൃത്തിക്ക് 2.5 കോടിയുടെ ഭരണാനുമതി ലഭ്യമായെങ്കിലും കി.മീ. 0/000 മുതൽ 1/600 വരെ പരിപാലനകാലാവധിയുള്ളതിനാൽ ആയത് ഒഴിവാക്കി കി.മീ. 1/600 മുതൽ 3/770 വരെയുള്ള പ്രവൃത്തിക്കായി 1,81,46,000.00/- രൂപയ്ക്ക് ഭാഗിക സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടി പൂർത്തിയാക്കി 01-07-2025-ന് കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും 08-07-2025-ന് കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. നിലവിൽ കലുങ്കുകളുടേയും സംരക്ഷണ ഭിത്തിയുടെയും പ്രവൃത്തി പുരോഗമിച്ചുവരുന്നു.

പനാത്ത്താഴം-സരോവരം റോഡ് നിർമ്മാണം

34 (1287) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെട്ട പനാത്ത്താഴം-സരോവരം റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മിനി ബൈപ്പാസ്-പനാത്ത്താഴം (പനാത്ത്താഴം-സരോവരം) മേൽപ്പാലത്തിന്റെ കല്ലിടൽ പ്രവൃത്തി പൂർത്തിയായി. സ്പെഷ്യൽ തഹസിൽദാരുമായുള്ള സംയുക്ത പരിശോധന നടത്തി ന്യൂനതകൾ പരിഹരിച്ചുവരുന്നു.

(ബി) നേതാജി നഗർ ജങ്ഷനിൽ നാഷണൽ ഹൈവേയുമായി പ്രസ്തുത റോഡ് കൂടിച്ചേരുന്ന ഭാഗത്ത് ഗതാഗത തടസ്സം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തടസ്സം പരിഹരിക്കുന്നതിന് നേതാജിനഗർ ജങ്ഷനിൽ സി.ഡബ്ല്യു.ആർ.ഡി.എം.-പനാത്ത്താഴം റോഡിൽ മേൽപ്പാലം നിർമ്മിക്കണമെന്ന നിർദേശം പരിഗണനയിലുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർദേശം പരിശോധിച്ചുവരുന്നു.

കേരളത്തിലെ സർവീസ് റോഡുകൾ

35 (1288) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാഷണൽ ഹൈവേയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നെങ്കിലും സർവീസ് റോഡുകൾ പലതും കാര്യക്ഷമമല്ലാത്തതിനാൽ വലിയ തോതിൽ അപകടമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈവേ പ്രവൃത്തിയോടൊപ്പംതന്നെ സർവീസ് റോഡുകൾകൂടി കാര്യക്ഷമമാക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ദേശീയപാതയുടെ എല്ലാ സ്ട്രെച്ചുകളിലും സർവീസ് റോഡ് നിർമ്മാണം പൂർത്തിയായിട്ടില്ല. പൂർത്തിയായ ഭാഗങ്ങളിൽ ചില ഭാഗത്ത് ഒഴികെ എല്ലായിടത്തും സർവീസ് റോഡുകൾ ഗതാഗത യോഗ്യമാണ്. പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ട ഭാഗങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുക, ഉപരിതലം ബലപ്പെടുത്തുക, ഗതാഗത നിയന്ത്രണം നടപ്പാക്കുക എന്നീ പരിഹാര നടപടികൾ സ്വീകരിക്കാൻ കരാറുകാർക്ക് നിർദേശം നൽകിയതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രാപുരം-കോഴിപ്പാറ റോഡ് നവീകരണം

36 (1289) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ 3 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രാപുരം-കോഴിപ്പാറ റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) GENERAL-Budget 2023-2024 (Upgradation with BM & BC-3.200 km) - Improvements to Chandrapuram Kozhippara road in Malampuzha LA-General Civil Work-LSGD എന്ന പ്രവൃത്തിക്ക് പൊതുമരാമത്ത് നോർത്ത് സർക്കിൾ സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ടെൻഡർ നടപടികൾ സ്വീകരിച്ച് കരാറുകാരന് Letter of Acceptance (LOA) നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണം

37 (1290) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നിരന്തരമായി ഇടപെടലുകൾ നടത്തിയിട്ടും 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമാകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലഭ്യമായ വീതിയിൽ നിലവിലെ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) മലയോര ഹൈവേ കോതമംഗലം നിയോജകമണ്ഡലത്തിൽ ചെറങ്ങനാൽ മുതൽ നേര്യമംഗലം വരെ മൂന്ന് റീച്ചുകളിലായാണ് നടപ്പാക്കുന്നത്. ഇതിൽ ചെറങ്ങനാൽ മുതൽ കാഞ്ഞിരക്കുന്ന് വരെയുള്ള (13.40 km) റീച്ച് -1-ന് 65.57 കോടി രൂപയുടെ സാമ്പത്തികാനുമതി 20-03-2022-ൽ നൽകി. കാഞ്ഞിരക്കുന്ന് മുതൽ നാടുകാണി വരെയുള്ള റീച്ച്-2-നും നാടുകാണി മുതൽ നേര്യമംഗലം വരെയുള്ള റീച്ച്-3-നും സാമ്പത്തികാനുമതി

നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മലയോര ഹൈവേ പദ്ധതി, കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽനിന്ന് സൗജന്യമായി ലഭ്യമാക്കി BM&BC നിലവാരത്തിൽ നിർമ്മിക്കുന്നതിനാണ് വിഭാവന ചെയ്തിരിക്കുന്നത്. കോതമംഗലം മണ്ഡലത്തിലെ മൂന്ന് റീച്ചുകളിലും 12 മീറ്റർ വീതിയിൽ സൗജന്യമായി ഭൂമി ലഭ്യമാക്കാൻ ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണർ, കിഫ്ബി, കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ വിവിധ യോഗങ്ങൾ ചേർന്നിരുന്നു. കിഫ്ബി നിശ്ചയിച്ച മാനദണ്ഡപ്രകാരം മാത്രമേ നിലവിൽ നിർമ്മാണ പ്രവർത്തനം നടത്താൻ സാധിക്കുകയുള്ളൂ.

നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിങ് റോഡ്

38 (1291) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിങ് റോഡിന്റെ അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിങ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC (Public Private Partnership Appraisal Committee)-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഹൈ കട്ടിങ് ഏരിയകളിൽ അപകടസാധ്യത ഉണ്ടോയെന്നുകൂടി പരിശോധിച്ച് വിശദമായ പദ്ധതി

രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് NHAI-യോട് നിർദേശിച്ചിരുന്നു.

തുടർന്ന് ഈ വിഷയത്തിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04-09-2025-ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തി, മൂന്ന് മാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി NHAI അറിയിക്കുന്നു. സമിതി റിപ്പോർട്ട് വിലയിരുത്തിയശേഷം തുടർനടപടി തീരുമാനിക്കുമെന്നാണ് NHAI അറിയിച്ചിട്ടുള്ളത്.

(ബി) ടി റോഡിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടി വിശദമാക്കാമോ?

ഔട്ടർ റിങ് റോഡിനായുള്ള ഭൂമി ഏറ്റെടുക്കുന്നത് NH Act 1956 പ്രകാരവും ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം കണക്കാക്കുന്നത് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ (RFCTLARR Act 2013) 26 മുതൽ 30 വരെയുള്ള സെക്ഷനുകൾ പ്രകാരവുമാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ഭൂമി എറ്റെടുക്കുന്നതിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഔട്ടർ റിങ് റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 4029.01 കോടി രൂപ ചെലവാകുമെന്നാണ് ദേശീയപാത അതോറിറ്റി കണക്കാക്കിയിരിക്കുന്നത്.

ഒടമ്പ്-തിരുവണ്ണൂർ റോഡിന്റെ വീതി കുറവ്

39 (1292) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് (സൗത്ത്) മണ്ഡലത്തിലെ ഒടമ്പ്-തിരുവണ്ണൂർ റോഡിന്റെ വീതി കുറവ് വലിയ ഗതാഗത തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ വീതി വർധിപ്പിച്ച് ഗതാഗതം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(എ&ബി) കോഴിക്കോട് മിനി ബൈപ്പാസിൽനിന്ന് കുന്നത്ത് പാലം, പന്തീരാങ്കാവ് എന്നീ ഭാഗങ്ങളിലേയ്ക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സഹായിക്കുന്ന ഈ റോഡിന്റെ വീതി കൂട്ടുന്നതിനായി ഒരു സാധ്യതാപഠനം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ദേശീയപാത നിർമ്മാണം

40 (1293) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാത നിർമ്മാണത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള വർക്കുകളിൽ കൃത്യമായ മോണിറ്ററിങ് നടത്തുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ദേശീയപാത നിർമ്മാണത്തിനുള്ള കരാറുകൾ ഏറ്റെടുത്ത് വീണ്ടും ഉപകരാറുകൾ നൽകി അഴിമതി നടത്തുന്ന സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

(എ-സി) സംസ്ഥാനത്ത് ദേശീയപാതാ അതോറിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന ദേശീയപാതാ നിർമ്മാണ പ്രവൃത്തികളുടെ പൂർണ്ണ ചുമതല ദേശീയപാത അതോറിറ്റിക്കാണ്. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പിക്കുന്നതിനുള്ള ചുമതലയും ദേശീയപാതാ അതോറിറ്റിക്കാണ്. ദേശീയപാത നിർമ്മാണത്തിന്റെ പ്രവൃത്തി പുരോഗതി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് വിലയിരുത്താറുണ്ട്. നിർമ്മാണത്തിന് വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്താറുമുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നും പ്രവൃത്തി ഇടങ്ങളിലെത്തിയും പുരോഗതി വിലയിരുത്താറുണ്ട്. ഈ യോഗങ്ങളിൽ ദേശീയപാത നിർമ്മാണവുമയി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ നിർദേശം ദേശീയപാതാ അതോറിറ്റിയെ അറിയിക്കാറുണ്ട്. സംസ്ഥാനത്ത് ദേശീയപാതാ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പരിശോധിക്കുവാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് വീഴ്ചവരുത്തിയവർക്കതിരെ നടപടി സ്വീകരിച്ചതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. വീഴ്ച വരുത്തിയ

കൺസെഷനെയും (M/s KNR Ramanattukara Infra Pvt. Ltd.) കൺസൾട്ടന്റിനെയും (M/s. Highway Engineering consultant) ഡീബാർ ചെയ്തതായി നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

തളിപ്പറമ്പ് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

41 (1294) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര കിലോമീറ്റർ റോഡാണ് ഇതുവരെ നവീകരിക്കപ്പെട്ടത്; വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ റോഡ് വികസനത്തിനായി PD, PMU KRFB മുഖേന 108 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 26.812 കി.മീ. റോഡുകളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പൊതുമരാമത്ത് (നിരത്തുകൾ) വിഭാഗത്തിന് കീഴിൽ അനുവദിച്ചതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ വിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന് കീഴിൽ CRIF 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി Improvements to Ponnurukkippara- Madathattu road in Kannur district എന്ന പ്രവൃത്തിക്ക് 4.618 കി.മീ. റോഡ് 7.58 കോടി രൂപ ചെലവിൽ നവീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ പാലങ്ങളുടെ നിർമ്മാണത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര പാലങ്ങളാണ് നിർമ്മിച്ചത്; വിശദാംശങ്ങൾ നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

മലമ്പുഴ മേനോൻപാറ-ചുള്ളിമട റോഡ് നവീകരണം

42 (1295) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ മേനോൻപാറ-ചുള്ളിമട റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

General RP 2024-25 Improvements to Menonpara-Chullimada Road Km 1/000 to 3/400 - General Civil Work എന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്ത് കരാറുകാരനെ തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് കോഴിക്കോട് നോർത്ത് സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും SE(K)28/2025-26 നമ്പർ എഗ്രിമെന്റ് പ്രകാരം M/s. Malabar Plus Constructions Private Limited, PWD Contractor, Building No. MM21/28A, Kuttpara, Payyanad PO, Malappuaram-676122 എന്ന കരാറുകാരൻ പ്രസ്തുത പ്രവൃത്തിക്കായി 31-05-2025-ന് കരാറിൽ ഏർപ്പെടുകയും 10-06-2025-ന് കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കല ബൈപാസ് നിർമ്മാണം

43 (1296) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ബൈപാസ് നിർമ്മാണത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകാമോ?

വർക്കല ബൈപാസ് നിർമ്മാണ പ്രവൃത്തിക്ക് നിലവിൽ 19-12-2024-ൽ 3309.83 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ബൈപാസ് നിർമ്മാണത്തിൽ ഭൂമി ഏറ്റെടുക്കലും പുതിയ റോഡ് നിർമ്മാണവും ഉൾപ്പെടുന്നു. റെയിൽവേ ഭാഗത്തെ മാറ്റങ്ങൾ വരുത്തിയ ശേഷം 2020-ൽ റോഡ് അലൈൻമെന്റ് അംഗീകരിച്ചു. ഈ പ്രവൃത്തിക്ക് 519.19 സെന്റ് ഭൂമിയാണ് ആവശ്യമുള്ളത്. 19.59 കോടി രൂപയാണ് മൊത്തം ഭൂമി ഏറ്റെടുക്കലിന് വേണ്ടിവരുന്ന തുക. ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ പൂർത്തിയായി. അതുപ്രകാരം ഏറ്റെടുത്ത ഭൂമിയിലെ മരങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണയം പൂർത്തിയാക്കി ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഭരണാനുമതി ലഭിച്ച തുകയിൽനിന്നും 3.38 ലക്ഷം രൂപ ഉപയോഗിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് Rework ചെയ്തതിൽ എസ്റ്റിമേറ്റ് തുക 4717.24 ലക്ഷം രൂപയായി അധികരിച്ചിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

മണ്ണാർക്കാട്-ചിന്ന തടാകം റോഡ് നിർമ്മാണ പ്രവൃത്തി

44 (1297) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ആദിവാസി കുടിയേറ്റ മേഖലയായ അട്ടപ്പാടിയിലേക്കുള്ള അന്തർ സംസ്ഥാന പാതയായ മണ്ണാർക്കാട് ചിന്നത്തടാകം റോഡിന്റെ മൂന്ന് ഘട്ടങ്ങളുടെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിശദവിവരം നൽകാമോ?

മണ്ണാർക്കാട് - ചിന്ന തടാകം റോഡിന് 80 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തി 3 ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്.

ഘട്ടം -1

കിലോമീറ്റർ 0/000 മുതൽ 8/000 വരെ– പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിൽപെടുന്ന മണ്ണാർക്കാട് നെല്ലിപ്പുഴ ജംങ്ഷൻ മുതൽ ആനമൂളി വരെയുള്ള 8 കിലോമീറ്റർ റോഡിന് 44.43 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 41.765 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കരാർ നൽകി പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ റോഡ് പ്രവൃത്തിയുടെ 73% പൂർത്തീകരിച്ചു.

ഘട്ടം -2

കിലോമീറ്റർ 8/000 മുതൽ 19/000 വരെ– പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിൽപെടുന്ന ആനമൂളി ജങ്ഷൻ മുതൽ മുക്കാലി ജങ്ഷൻ വരെയുള്ള 11 കിലോമീറ്റർ റോഡിന് 30.50 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 29.809 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. 28-03-2025-ൽ ടെൻഡർ ചെയ്തു. കരാറുകാരനുമായി കരാർ ഉടമ്പടി വയ്ക്കുന്ന പ്രവൃത്തികൾ സ്വീകരിച്ചുവരുന്നു.

ഘട്ടം -3

കിലോമീറ്റർ 19/000 മുതൽ 52/692 വരെ– പ്രവൃത്തിയുടെ മൂന്നാം ഘട്ടത്തിൽപെടുന്ന മുക്കാലി ജങ്ഷൻ മുതൽ ആനക്കട്ടി ജങ്ഷൻ വരെയുള്ള 33.362 കിലോമീറ്റർ റോഡിന് 86.28 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 84.276 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. PED-ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചാലുടൻ കരാറുകാരനുമായി കരാറുടമ്പടി വച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പാതയുടെ ഒന്നാം ഘട്ടമായ നെല്ലിപ്പുഴ മുതൽ ആനമൂളി വരെയുള്ള നിർമ്മാണ പ്രവൃത്തികൾ കരാറുകാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾമൂലം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. റോഡ് പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ~~KSEB~~-കെ.എസ്.ഇ.ബി.-യുടെ High Tension Line ഓഫാക്കി തുടർനടപടി സ്വീകരിക്കുന്നതിന് കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ പ്രവൃത്തി 2025 ഡിസംബർ മാസം 31-ാം തീയതിക്കകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(സി) മണ്ണാർക്കാട് ചിന്നത്തടാകം റോഡിന്റെ രണ്ട്, മൂന്ന് ഘട്ട നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മണ്ണാർക്കാട്-ചിന്നത്തടാകം ഘട്ടം-2 പ്രവൃത്തിയുടെയും മണ്ണാർക്കാട്-ചിന്നത്തടാകം ഘട്ടം-3 പ്രവൃത്തിയുടെയും പൂർത്തീകരണ കാലാവധി 18 മാസം വീതമാണ്. ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരനുമായി ഉടമ്പടി വച്ചതിനുശേഷം എത്രയുംവേഗം പ്രവൃത്തി ആരംഭിച്ച് അനുവദനീയമായ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തിരൂർക്കാട് ആനക്കയം, കുളത്തൂർ-മലപ്പുറം റോഡുകളുടെ നവീകരണം

45 (1298) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർക്കാട് ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ ദീർഘകാലമായി ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും ഒടുവിൽ ഈ റോഡുകൾ ബി.എം.&ബി.സി. ചെയ്തത് എന്നാണെന്ന് അറിയിക്കാമോ?

2009-2010 കാലയളവിലാണ് ഈ റോഡുകൾ ബി.എം.&ബി.സി. ചെയ്തത്.

(ബി) സംസ്ഥാനത്തെ ശോചനീയാവസ്ഥയിലുള്ള പൊതുമരാമത്ത് റോഡുകൾ നവീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെയായിട്ടും ഈ റോഡുകൾ നവീകരിക്കുന്നതിന് തുക വകയിരുത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ റോഡുകൾ വിവിധ പദ്ധതികളിലായി നവീകരിച്ചുവരുന്നു.

(സി) ഈ റോഡുകൾ നവീകരിക്കുന്നതിന് എത്ര തുക വീതമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; പ്രസ്തുത എസ്റ്റിമേറ്റുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി സമർപ്പിക്കുമോ;

(ഡി) തിരൂർക്കാട് ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ അടിയന്തരമായി തുക അനുവദിച്ച് ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(സി&ഡി) 1. തിരൂർക്കാട്-ആനക്കയം റോഡ് കി.മീ. 0/000 മുതൽ 13/440 വരെ ബി.എം.&ബി.സി. അഭിവൃദ്ധിപ്പെടുത്തൽ- 19.5 കോടി രൂപ.

2. കുളത്തൂർ-മലപ്പുറം റോഡ് കി.മീ. 7/000 മുതൽ 10/000 വരെ ബി.എം.&ബി.സി. അഭിവൃദ്ധിപ്പെടുത്തൽ - 4.29 കോടി രൂപ.

3. കുളത്തൂർ-മലപ്പുറം റോഡ് കി.മീ. 5/000 മുതൽ 10/000 വരെ അഭിവൃദ്ധിപ്പെടുത്തൽ - 7.00 കോടി രൂപ

4. കൊളത്തൂർ-മലപ്പുറം റോഡ് കി.മീ. 0/000 മുതൽ 10/000 വരെ ബി.എം.&ബി.സി. അഭിവൃദ്ധിപ്പെടുത്തൽ – 16.00 കോടി രൂപ

ധനലഭ്യത കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി-അരിവിളഞ്ഞപൊയിൽ-ജോസ്ഗിരി റോഡ്

46 (1299) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25-ലെ ബജറ്റിൽ 20% തുക വകയിരുത്തിയ ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി-അരിവിളഞ്ഞപൊയിൽ-ജോസ്ഗിരി റോഡിന്റെ നിർമ്മാണത്തിന് നാളിതുവരെയായി ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതി എത്രയുംവേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ധനകാര്യ വകുപ്പിന്റെ പരിശോധന കൂടി ആവശ്യമുണ്ട്.

സംസ്ഥാന റോഡ് വികസനം

47 (1300) ശ്രീമതി സി. കെ. ആശ:

ശ്രീ. വി. ആർ. സുനിൽകുമാർ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഗതാഗതം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രധാന റോഡുകളും ഉന്നത ഗുണനിലവാരത്തിൽ പുനർനിർമ്മിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രധാന റോഡുകളുടെയും സംസ്ഥാനപാതകളുടെയും നിർമ്മാണം ബി.എം.&ബി.സി. നിലവാരത്തിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ഉന്നത നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നിലവിൽ 29573.16 കി.മീ. റോഡുകളാണ് പൊതുമരാമത്ത് വകുപ്പിനുള്ളത്. ഇതിൽ പ്രധാന ജില്ലാ പാതകളും സംസ്ഥാന പാതകളും ഉൾപ്പെടുന്നു. അതിൽ 17749.11 കി.മീ. റോഡുകൾ BM&BC നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഫണ്ടിന്റെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്ത് ഘട്ടംഘട്ടമായി നവീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 5822 കി.മീ. റോഡുകൾ BM&BC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. 550 കിലോമീറ്ററോളം റോഡുകളിൽ കൂടി അഭിവൃദ്ധി പ്രവൃത്തികൾ നടന്നുവരുന്നു. മറ്റുള്ള റോഡുകളിൽ റണ്ണിങ് കോൺട്രാക്ട്/പ്രീ മൺസൂൺ പ്രവൃത്തികൾ ഉൾപ്പെടുത്തി നിലവിലെ ഉപരിതലം കേടുപാടുകൾ തീർത്ത് സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്ന പ്രവൃത്തികളും പുരോഗമിക്കുന്നു.

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കിഫ്ബി മാനദണ്ഡങ്ങളനുസരിച്ചും MoRTH, IS code, PWD Manual, Quality manual പ്രകാരവും KRFB PMU കാര്യാലയത്തിന്റെ കീഴിൽ നിരവധി പ്രധാന റോഡുകൾ ഉന്നത നിലവാരത്തിൽ പുനർനിർമ്മിക്കുന്ന പ്രവൃത്തികളാണ് പുരോഗമിച്ചുവരുന്നത്. ഇതുവരെ KRFB PMU-യുടെ കീഴിൽ BM&BC

നിലവാരത്തിൽ 1188.858 കിലോമീറ്റർ ദൈർഘ്യമുള്ള 88 പ്രവൃത്തികൾ പൂർത്തീകരിക്കുകയും, 1169.771 കിലോമീറ്റർ ദൈർഘ്യമുള്ള 103 പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

കാലാവസ്ഥയെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്ന പ്രവൃത്തികളും നടന്നുവരുന്നു.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള ദേശീയപാതകളെല്ലാം ബി.എം.&ബി.സി. നിലവാരത്തിലുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം CRIF Fund/State Fund ഉപയോഗിച്ച് 613.675 കി.മീ. റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്.

റിക്കിനു കീഴിൽ 2017-18 കാലയളവിൽ കാസർഗോഡ്, കോട്ടയം, തിരുവനന്തപുരം ജില്ലകളിലായി 4 റോഡുകൾ (മൊത്തം 83 കി.മീ.) BM&BC നിലവാരത്തിൽ പുനർനിർമ്മിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ പ്രധാന പട്ടണങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കടന്നുപോകുന്ന എം.സി. റോഡിന്റെ ഗതാഗതക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട നാലുവരിപ്പാത വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

എം.സി. റോഡ് 4 വരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തിക്കായി 2022-23 ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 05-11-2022-ലെ G.O.

(Rt)No.1069/2022/PWD പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള പ്രസ്തുത റോഡിലെ കേശവദാസപുരം മുതൽ മണ്ണന്തല വരെയുള്ള ഭാഗം നിലവിൽ 4 വരി പാതയായി വികസിപ്പിച്ചിട്ടുള്ളതും ചെങ്ങന്നൂർ മുതൽ കോട്ടയം Aida junction വരെയുള്ള ഭാഗം എൻ.എച്ച്. ആയി മാറ്റിയിട്ടുള്ളതും കോട്ടയം മുതൽ അങ്കമാലി വരെയുള്ള ഭാഗം OPBRC പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ ശേഷിക്കുന്ന മണ്ണന്തല മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്തെ 4 സ്പെച്ചായി തിരിച്ചുകൊണ്ട് ഡി.പി.ആർ. പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

സ്പെച്ച് 1- മണ്ണന്തല-തൈക്കാട്

സ്പെച്ച് 2- തൈക്കാട് - വാഴോട്

സ്പെച്ച് 3- വാഴോട് - ഏനാത്ത്

സ്പെച്ച് 4 - ഏനാത്ത് - ചെങ്ങന്നൂർ

ഇതിൽ മണ്ണന്തല മുതൽ ഏനാത്ത് വരെയുള്ള ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് അലൈൻമെന്റ് ഡിസൈൻ ആരംഭിച്ചിട്ടുണ്ട്. ഏനാത്ത് മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് കെ.ആർ.എഫ്.ബി.-യിൽനിന്നും 2,14.08,000/- രൂപ അനുവദിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് കൈമാറിയിട്ടുള്ളതും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ PPU-ന്റെ നേതൃത്വത്തിൽ നടന്നുവരികയുമാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പുനരുദ്ധാരണം

48 (1301) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള നെടുങ്ങോലം എം.എൽ.എ. ജങ്ഷൻ-പൂതക്കുളം പഞ്ചായത്ത് ഓഫീസ്, നെടുങ്ങോലം പുന്നമുക്ക്-അമ്മാരത്ത്മുക്ക്, മീനാട് പാലമുക്ക്-കാപ്പക്സ് ജങ്ഷൻ എന്നീ റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കാനുള്ളതെന്നും റോഡുകളുടെ പുനരുദ്ധാരണം എന്നത്തേക്ക് സാധ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ&ബി) ബജറ്റ് വർക്ക് 2016-17- നെടുങ്ങോലം-പൂതക്കുളം റോഡ്, നെടുങ്ങോലം പാലം-ചിറക്കര റോഡ് ചെയിനേജ് 5/900 കി.മീ. നവീകരിക്കൽ എന്ന പ്രവൃത്തി നിസ്സാമുദ്ദീൻ.എ., തോപ്പിൽ കൺസ്ട്രക്ഷൻസ്, തൊളിക്കുഴി അടയമൺ-പി.ഒ., കിളിമാനൂർ എന്ന കരാറുകാരൻ 19-08-2017-ൽ കരാർ വയ്ക്കുകയും 29-08-2017-ൽ പ്രവൃത്തിസ്ഥലം പ്രവൃത്തി നിർവഹണത്തിനായി കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 28-05-2018 വരെയായിരുന്നു. ടി സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിനെത്തുടർന്ന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നെങ്കിലും ബി.എം. പ്രവൃത്തി മാത്രമേ കരാറുകാരൻ പൂർത്തീകരിച്ചിട്ടുള്ളൂ.

06-03-2021-ന് ബി.എം. പ്രവൃത്തികൾ പൂർത്തിയാക്കിയതിനുശേഷം ഒരു പ്രവൃത്തിയും കരാറുകാരൻ നിർവഹിച്ചിട്ടില്ല. ആയതിനാൽ 16-08-2022-ൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ കരാറുകാരന്റെ അഭ്യർത്ഥനയെ തുടർന്ന് ടെർമിനേഷൻ ഉത്തരവ് റദ്ദാക്കി 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന നിബന്ധനയോടെ 22-06-2024-ൽ കരാർ റിവോക്ക് ചെയ്തിട്ടുള്ളതാണ്. എന്നാൽ കരാറുകാരൻ പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നിരവധി നോട്ടീസുകൾ നൽകിയെങ്കിലും യാതൊരു നടപടിയും കരാറുകാരൻ സ്വീകരിച്ചിട്ടില്ല. അതിനാൽ 01-07-2025-ൽ ഫൈനൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ നഷ്ടോത്തരവാദത്തിൽ ടെർമിനേറ്റ് ചെയ്ത് വർക്ക് പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

"മീനങ്ങാട് കല്ലുവാതുക്കൽ റോഡ് (ചെയിനേജ് 0/000 - 4/200, 0/400) ചാത്തന്നൂർ-കുമ്മല്ലൂർ റോഡ് 0/500, ചാത്തന്നൂർ - ചിറക്കര റോഡ് ചെയിനേജ് 1/800 കി.മീ, നവീകരിക്കൽ" എന്ന പ്രവൃത്തിയും തോപ്പിൽ കൺസ്ട്രക്ഷൻസ്, തൊളിക്കുഴി അടയമൺ-പി.ഒ., കിളിമാനൂർ എന്ന കരാറുകാരൻ പാതി വഴിയിൽ ഉപേക്ഷിച്ചിട്ടുള്ളതാണ്. തുടർന്ന് 09-07-2025-ൽ കരാറുകാരനെ നഷ്ടോത്തരവാദത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ടെൻഡർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലമ്പൂർ ബൈപ്പാസിന്റെ നിർമ്മാണവും ഭൂവുടമകൾക്ക് നഷ്ടപരിഹാരവും

49 (1302) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ച നിലമ്പൂർ ബൈപ്പാസിന്റെ ഒന്നാംഘട്ട പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പ്രവൃത്തി ഉടനെ ടെൻഡർ ചെയ്യുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേക്ക് തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലമ്പൂർ ബൈപ്പാസിന് പുതുക്കിയ ഭരണാനുമതി നൽകിയ ഉത്തരവിൽ നിലമ്പൂർ ബൈപ്പാസ് പ്രോജക്ടിന് മുഴുവൻ ഭൂമിയും ഏറ്റെടുത്തതിനുശേഷമേ ടെൻഡർ നടപടി നടത്താവൂയെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അതിനാൽ സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായ ഫേയ്സ് 1-ന്റെ കി.മീ. 0/000 മുതൽ 2/460 വരെയുള്ള റീച്ചിന്റെ ഭാഗിക സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനായുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് ലഭ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) നിലമ്പൂർ ബൈപ്പാസിന്റെ രണ്ടാം ഘട്ടത്തിനായി സ്ഥലം വിട്ടുനൽകിയ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ബൈപ്പാസിന്റെ രണ്ടാംഘട്ട പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 227.18 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. അതിൽ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ നൽകിയ 55 കോടിയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു. –അതിന് അനുമതി നൽകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനാകും.

വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിങ് റോഡിന്റെ അലൈൻമെന്റ്

50 (1303) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിങ് റോഡിന്റെ അലൈൻമെന്റ് മാറ്റാൻ ദേശീയപാത അതോറിറ്റി നിർദേശിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു നിർദേശമുണ്ടായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദേശീയപാത അതോറിറ്റിയുടെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് രേഖകൾ കൈമാറി നഷ്ടപരിഹാരത്തിനായി കാത്തിരിക്കുന്ന ഭൂവുടമകളെ ഈ തീരുമാനം ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ രണ്ടു വർഷമായി ഭൂമിയിൽ യാതൊരു ക്രയവിക്രയവും നടത്താൻ കഴിയാതെ പ്രതിസന്ധിയിലായിട്ടുള്ള ഇവർക്ക് നഷ്ടപരിഹാരം നൽകാൻ തയ്യാറാകുമോ; വിശദാംശം നൽകാമോ;

(സി) അലൈൻമെന്റ് മാറി ഭൂമി ഏറ്റെടുക്കാത്ത സാഹചര്യമുണ്ടായാൽ മേൽപ്പറഞ്ഞ ഭൂവുടമകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിങ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC (Public Private Partnership Appraisal Committee)-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഹൈ കട്ടിങ് ഏരിയകളിൽ അപകട സാധ്യതയുണ്ടോ എന്നുകൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് NHAI-യോട് നിർദേശിച്ചിരുന്നു.

ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04-09-2025-ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തി, മൂന്ന് മാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി NHAI അറിയിക്കുന്നു. സമിതി റിപ്പോർട്ട് വിലയിരുത്തിയ ശേഷം തുടർനടപടി തീരുമാനിക്കുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. ഏറ്റെടുക്കുന്ന ഭൂമിക്ക് നിയമപരമായ നഷ്ടപരിഹാരം കണക്കാക്കി നൽകുമെന്നും NHAI അറിയിച്ചിട്ടുണ്ട്.

വളാഞ്ചേരി റിങ് റോഡ് നിർമ്മാണം

51 (1304) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിങ് റോഡ് നിർമ്മാണ പ്രവൃത്തിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

വളാഞ്ചേരി റിങ് റോഡ് പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. നിലവിൽ പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിങ്ങിന് നിർദേശം നൽകുകയും അതുപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടോപോഗ്രാഫിക് സർവെ, ടേണിങ് മൊമെന്റ് സർവെ, ട്രാഫിക് കൗണ്ട് സർവെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ആയത് അടിസ്ഥാനമാക്കിയ അലൈൻമെന്റ് ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും പ്രവൃത്തിക്ക് കിഫ്ബിയുടെ ധനാനുമതി ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

അലൈൻമെന്റ് ഡിസൈന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല.

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

അലൈൻമെന്റ് തയ്യാറാക്കി അതിന് അംഗീകാരം ലഭ്യമായതിനുശേഷം നടപടിക്രമങ്ങൾ പാലിച്ച് ഡി.പി.ആർ. തയ്യാറാക്കിയശേഷം തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം

52 (1305) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) രാജപാതയുടെ പുനർനിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഓൾഡ് ആലുവ-മൂന്നാർ റോഡ് കോതമംഗലം-കുട്ടമ്പുഴ-പൂയംകുട്ടി പെരുമ്പൻകുത്ത് ലക്ഷ്മി എസ്റ്റേറ്റ് വഴി മൂന്നാർ വരെയാണ്. പ്രസ്തുത റോഡിൽ മൂവാറ്റുപുഴ ഡിവിഷന് കീഴിൽ വരുന്ന 40 കി.മീ. കോതമംഗലം മുതൽ പൂയംകുട്ടി വരെയുള്ള 28.5 കി.മീ. ബി.എം.&ബി.എസി. നിലവാരത്തിൽ നവീകരണം നടത്തിയിട്ടുള്ളതും നിലവിൽ സഞ്ചാരയോഗ്യവുമാണ്. ബാക്കിയുള്ള 11.5 കി.മീ. (ചെയി.28/500 മുതൽ 40/000) വരെയുള്ള ഭാഗത്ത് വനം വകുപ്പ് റോഡ് ബ്ലോക്ക് ചെയ്തിരിക്കുകയാണ്.

റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോതമംഗലം നിരത്ത് ഉപവിഭാഗം കാര്യാലയത്തിൽനിന്നും പ്രവേശന അനുമതിയും സുരക്ഷാ സഹായവും മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. വനത്തിനുള്ളിൽ പ്രവേശിക്കാൻ വനം വകുപ്പ് അനുമതി നൽകാത്തതിനാൽ നാളിതുവരെ ടി ഭാഗം അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് WP(C) 25663/2020 നമ്പർ കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ പ്രസ്തുത കേസിൽ കോടതി വിധി ഉണ്ടായതിനുശേഷം മാത്രമേ ഈ വിഷയത്തിൽ തീർപ്പുണ്ടാക്കാൻ സാധിക്കുകയുള്ളൂവെന്ന് മലയാറ്റൂർ ഡിവിഷൻ ഡി.എഫ്.ഒ. അറിയിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഇടുക്കി ജില്ലയിൽ വരുന്ന ഭാഗം വനത്തിലൂടെയും KDHP കമ്പനിയുടെ പ്ലാന്റിലൂടെയും കൂടിയാണ് കടന്നുപോകുന്നത്. അതിനാൽ ടി ഭാഗത്ത് റവന്യൂ, വനം എന്നീ വകുപ്പുകളും KDHP കമ്പനിയും ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടത് ആവശ്യമാണ്. കൂടാതെ ടി റോഡിന്റെ അലൈൻമെന്റ് സർവെ നടത്തി പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിനുശേഷം മാത്രമേ ടി റോഡിന് പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതുകൂടാതെ ഓൾഡ് ആലുവ-മൂന്നാർ (രാജപാത) റോഡുമായി ബന്ധപ്പെട്ട് WP(C) 6004/2025 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 14-07-2025-ലെ ഇടക്കാല ഉത്തരവിന്മേൽ ചീഫ് സെക്രട്ടറി 07-08-2025-ന് യോഗം വിളിച്ച് ചേർത്തിരുന്നു.

ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡ് നവീകരണം

53 (1306) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായ ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡിൽ മുഖംമൂടി മുക്ക് മുതൽ വന്നേരി Ch 7/000 to 14/840 വരെ റോഡ് നവീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

(ബി) പ്രസ്തുത റോഡിൽ അവസാനമായി ഏത് വർഷത്തിലാണ് ബി.എം.&ബി.സി. (ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ്) പ്രവൃത്തി നിർവഹിച്ചതെന്ന് വിശദമാക്കാമോ?

പ്രസ്തുത റോഡിൽ BM&BC പ്രവൃത്തി അവസാനമായി പൂർത്തീകരിച്ചിരുന്നത് 2017 മാർച്ച് മാസത്തിലാണ്.

(സി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡ് നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ; വിശദമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ (2024-2025) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപയ്ക്ക് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നെങ്കിലും നബാർഡിൽനിന്ന് അനുമതി ലഭ്യമായില്ല.

കക്കട്ട്-പെരിങ്ങത്തൂർ റോഡ് നവീകരണം

54 (1307) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ എസ്.എച്ച്. 38 കക്കട്ട്-പെരിങ്ങത്തൂർ സ്റ്റേറ്റ് ഹൈവേ റോഡ് പൊട്ടിപ്പൊളിഞ്ഞ് യാത്രായോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാദാപുരം മണ്ഡലത്തിലെ എസ്.എച്ച്. 38 കക്കട്ട്-നാദാപുരം, നാദാപുരം-ഇരുണേരി, ഇരുണേരി-പെരിങ്ങത്തൂർ സ്റ്റേറ്റ് ഹൈവേ റോഡിന്റെ മൂന്ന് റീച്ചുകളിലെ ഭരണാനുമതി എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 1) കക്കട്ടിൽ മുതൽ നാദാപുരം വരെയുള്ള ഭാഗങ്ങളിൽ റണ്ണിങ് കോൺടാക്ടിൽ ഉൾപ്പെടുത്തി പോട്ട് ഹോൾ അടച്ചും കൂടുതൽ പൊളിഞ്ഞ ഭാഗങ്ങളായ കല്ലാച്ചി മുതൽ നാദാപുരം വരെ DBM പ്രവൃത്തി പൂർത്തീകരിച്ചും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. SH-38 PUKC റോഡിൽ ചെയിനേജ് 51/500 മുതൽ 57/000 വരെയുള്ള (കക്കട്ടിൽ മുതൽ നാദാപുരം വരെ) ഭാഗത്തെ നവീകരണ പ്രവൃത്തികൾക്കായി (797.60 ലക്ഷം രൂപയുടെ) എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

2) നാദാപുരം-ഇരുണേരി വരെയുള്ള ഭാഗത്തിന് 4.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

3) ളണേരി മുതൽ പെരിങ്ങത്തൂർ വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണത്തിനായി 5 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ധനലഭ്യത കൂടി പരിശോധിച്ച് പ്രവൃത്തിക്ക് അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നു.

അഴീക്കോട് മണ്ഡലത്തിലുള്ള കെ.ആർ.എഫ്.ബി. പദ്ധതികളുടെ വിവരങ്ങൾ

55 (1308) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിലുള്ള കെ.ആർ.എഫ്.ബി. പദ്ധതികളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

1) അഴിക്കോട് മണ്ഡലത്തിലെ നാറാത്ത്-പാപ്പിനിശ്ശേരി-കല്ലരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തിക്ക് 34.9 കോടി രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി PWD ഡിസൈൻ വിഭാഗം തയ്യാറാക്കിയ 43.13 കോടി രൂപയുടെ Revised DPR സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ 28-12-2024-ന് സമർപ്പിച്ചിട്ടുണ്ട്. ഭൂ ഉടമകളിൽനിന്ന് സ്ഥലം സൗജന്യമായി ഏറ്റെടുത്താണ് പ്രവൃത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്.

2) തീരദേശ ഹൈവേ - മീൻകുന്ന് മുതൽ ചാൽ ബീച്ച് വരെ - സ്ഥലമേറ്റെടുപ്പിന്റെയും കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയ പ്രവൃത്തി പുരോഗമിക്കുന്നു.

3) പയ്യാമ്പലം മുതൽ മീൻകുന്ന് ക്ലിഫ് വരെ - അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

4) ചാൽ ബീച്ച് മുതൽ അഴീക്കൽ നോർത്ത് വരെ - അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതി

56 (1309) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

വടക്കാഞ്ചേരി ബൈപ്പാസ്, കൊടുങ്ങല്ലൂർ ഷൊർണ്ണൂർ SH 22-ൽനിന്നും കരുതക്കാട് പള്ളിക്ക് സമീപം ആരംഭിച്ച് 5.630 കി.മീ. നീളത്തിൽ അകമലയിൽ അവസാനിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിക്ക് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തെ ഏൽപ്പിക്കുകയും അതനുസരിച്ച് ടോപോഗ്രാഫിക് വർക്കുകൾ നടത്തി പദ്ധതിയുടെ ഡ്രാഫ്റ്റ് ഹൊറിസോണ്ടൽ അലൈൻമെന്റ് തയ്യാറാക്കുകയും ചെയ്തിരുന്നു.

ബൈപ്പാസ് അകമലക്ക് ചേരുന്നിടത്ത് റെയിൽവേ മേൽപ്പാലം (ROB) നിർമ്മാണം സംബന്ധിച്ച് Kerala Rail Development Corporation Limited (KRDCL) മുഖേന നിർദിഷ്ട

ROB-യുടെ GAD തയ്യാറാക്കി റെയിൽവേയിൽനിന്നുമുള്ള അനുമതിക്കായി സമർപ്പിക്കുകയും അതിന് റെയിൽവേയിൽനിന്ന് ഭരണാനുമതി ലഭിച്ചിട്ടുമുണ്ട്. റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം KRDCL-ന്റെ കീഴിലായിരിക്കും പൂർത്തീകരിക്കുക.

വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണത്തിനായി 223.36 കോടി രൂപയുടെ DPR ചീഫ് എഞ്ചിനീയർ കിഫ്ബിയിൽ സമർപ്പിക്കുകയും 26-08-2025-ൽ കിഫ്ബി DPR അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബിയിൽ സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വടക്കാഞ്ചേരി ബൈപ്പാസിലെ നിർദിഷ്ട റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതിയുടെ വിവരം കെ.ആർ.എഫ്.ബി.-യിൽനിന്നും ലഭ്യമാക്കുമോ?

റെയിൽവേ സ്ഥാനുമായി ബന്ധപ്പെട്ട് KRDCL (Kerala Rail Development Corporation Ltd) മുഖേന ഡ്രാഫ്റ്റ്, ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് റെയിൽവേയിൽനിന്നും ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പ് ഹൈവേ ഡിസൈൻ യൂണിറ്റ് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ ഡി.പി.ആർ.-ന്റെ സംഗ്രഹ വിവരങ്ങൾ ലഭ്യമാക്കുമോ?

നിർദിഷ്ട ബൈപ്പാസ് അലൈൻമെന്റിൽ ഉൾപ്പെടുന്ന ആളൂർ പുഴക്ക് കുറുകെ 50 മീറ്റർ നീളത്തിൽ മിനി ബ്രിഡ്ജ്, ch.5/320 ൽ ROB, എന്നിവയും അടങ്ങിയിട്ടുണ്ട്. റെയിൽവേ ഭാഗം ഡിസൈൻ ചെയ്തിരിക്കുന്നത് KRDCL-ഉം ലാൻഡ് സ്പാൻ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗവുമാണ്. 223.28 കോടിയിൽ ഭൂമി ഏറ്റെടുക്കൽ, utility shifting, soil stabilization, affected structures, Railway span നിർമ്മാണം എന്നിവകൂടി ഉൾപ്പെടുന്നുണ്ട്. ബൈപാസ് നിർമ്മാണത്തിനായി 114.25 കോടി രൂപ, Soil stabilization വർക്കുകൾക്കായി 45 കോടി രൂപ, കെട്ടിടങ്ങളുടെ വാല്യേഷനായി 11.61 കോടി രൂപ, utility shifting 53.48 ലക്ഷം രൂപ, land acquisition 3.15 കോടി രൂപ, റെയിൽവേ സ്പാൻ നിർമ്മാണത്തിനായി 28.15 കോടി രൂപ എന്നിങ്ങനെയാണ്.

ചേലക്കര നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി സെക്ഷനുകീഴിലുള്ള പ്രവൃത്തികൾ

57 (1310) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. തൃശ്ശൂർ ഡിവിഷൻ-വടക്കാഞ്ചേരി സബ് ഡിവിഷൻ - വടക്കാഞ്ചേരി സെക്ഷന് കീഴിൽ ഭരണാനുമതി ലഭിച്ച് നിർമ്മാണത്തിലിരിക്കുന്ന റോഡ് പ്രവൃത്തികൾ ഏതൊക്കെയാണ്; ഇവയുടെ നിർമ്മാണ പുരോഗതി ഓരോന്നും പ്രത്യേകം വ്യക്തമാക്കാമോ?

ചേലക്കര നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. തൃശ്ശൂർ ഡിവിഷൻ- വടക്കാഞ്ചേരി സെക്ഷന് കീഴിൽ ഭരണാനുമതി ലഭിച്ച് നിർമ്മാണത്തിലിരിക്കുന്ന റോഡ് പ്രവൃത്തികളും അവയുടെ നിർമ്മാണ പുരോഗതിയും ചുവടെ ചേർക്കുന്നു.

Cheruthuruthy – Ponnani Road 0/000 – 5/300

0/000 – 1/900 – BM പ്രവൃത്തി പൂർത്തിയായി

1/900 – 2/500- WMM പ്രവൃത്തി പൂർത്തിയായി

2/500 3/230 – BM പ്രവൃത്തി പൂർത്തിയായി

3/230-5/300 WMM പ്രവൃത്തി പൂർത്തിയായി (KWA പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസമാണ് പ്രവൃത്തി വൈകാൻ കാരണമായത്)

Nelluvai – Thichur – Ittonam Road 3/000– 5/870 Culvert and open drain പ്രവൃത്തികൾ പുരോഗമിക്കുന്നു.

Arangottukara-Thali-Thichur Road 0/000 -2/300 WMM പ്രവൃത്തി പൂർത്തിയായി. 2/300 6/200 കോൺക്രീറ്റ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

Kondayur Road 0/000 – 2/700 BM പ്രവൃത്തികൾ പൂർത്തിയായി. മുൻ കരാറുകാരനെ ടെർമിനേറ്റ് ചെയ്തു, Balance estimate, closure schedule എന്നിവ പ്രവൃത്തി പുനഃക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പരിശോധനയിലാണ്.

(ബി) ഭരണാനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കുന്നതിന് നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; ഇവയുടെ നടപടിക്രമങ്ങളുടെ പുരോഗതി എന്താണെന്ന് പ്രത്യേകം വ്യക്തമാക്കാമോ?

പൊതുമരാമത്ത് വിഭാഗം കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കുന്നതിന് നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ ചേലക്കര നിയോജകമണ്ഡലത്തിലെ അകമല പാലത്തിന്റെ പുനർ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് എൻ.എച്ച് 66-ന്റെ നിർമ്മാണ കരാർ

58 (1311) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.എച്ച്. 66-ന്റെ നിർമ്മാണ കരാർ ഏതൊക്കെ കമ്പനികൾക്ക്, എത്ര രൂപയ്ക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ടെൻഡർ വഴിയാണോ കരാർ നൽകിയതെന്നും ഓരോ റീച്ചിന്റെയും എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും കരാർ പ്രകാരം ഓരോ റീച്ചും എന്നാണ് പൂർത്തിയാക്കേണ്ടതെന്നും വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ദേശീയപാത 66-ന്റെ വിവിധ സ്ട്രെച്ചുകളിൽ ടെൻഡർ വഴി കരാർ നൽകിയ കമ്പനികൾ, ഓരോ റീച്ചിന്റെയും നിർമ്മാണം സംബന്ധിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദവിവരങ്ങൾ എന്നിവ ദേശീയപാത അതോറിറ്റി സമർപ്പിച്ചത് അനുബന്ധമായി+ ചേർക്കുന്നു.

റോഡുകളിലെ കുഴികൾ

59 (1312) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം പിണറായി സർക്കാരിന്റെ കാലാവധി മുതൽ നാളിതുവരെ റോഡുകളിലെ കുഴികളിൽ വീണ് എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്; എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്രപേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ആഭ്യന്തര വകുപ്പിന്റെ കണക്കനുസരിച്ച് 2016 മേയ് മുതൽ 16-09-2025 വരെ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള റോഡുകളിലെ കുഴികളിൽ വീണുവെന്ന പരാതിയിൽ 93 വാഹനാപകട കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 29 പേരുടെ ജീവൻ നഷ്ടപ്പെട്ടിട്ടുള്ളതും 80 പേർക്ക് പരിക്കേറ്റിട്ടുള്ളതുമാണ്. ജില്ല തിരിച്ചുള്ള വാഹനാപകടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. ഇത്തരത്തിൽ നഷ്ടപരിഹാരം വകുപ്പ് അനുവദിച്ചിട്ടില്ല.

(ബി) ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തെ വിവിധ റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ?

ഓരോ സാമ്പത്തിക വർഷവും KRFB-PMU-ന് കിഫ്ബിയിൽനിന്നും അറ്റകുറ്റ പണികൾക്കായി അനുവദിച്ച തുകയും അറ്റകുറ്റ പണികൾക്കായി നിരത്തുപരിപാലനവിഭാഗം, ദേശീയപാതാ വിഭാഗം, നിരത്തുവിഭാഗം എന്നിവ ചെലവഴിച്ച തുകയും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കൺസഷണറുടെ പരിപാലന കാലയളവ് പൂർത്തിയാക്കി തിരികെ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയുടെ റോഡുകളിൽ അറ്റകുറ്റപ്പണികൾ വകയിൽ കേരള റോഡ് ഫണ്ട് ബോർഡിന് ചെലവായ തുകയുടെ വിവരങ്ങൾ, കെ.എസ്.ടി.പി. ചെലവഴിച്ച തുകയുടെ വിവരങ്ങൾ എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

ഒ.പി.ബി.ആർ.സി. സ്കീം

60 (1313) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.പി.ബി.ആർ.സി. (ഔട്ട്പുട്ട് ആൻഡ് പെർഫോർമൻസ്-ബെയ്സ്ഡ് റോഡ് കോൺട്രാക്ട്) സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കളറോഡ്-വളവുപാറ റോഡിന്റെ പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; തടസ്സങ്ങൾ നീക്കി റോഡ് നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

(എ&ബി) കെ.എസ്.ടി.പി.-യുടെ ഒ.പി.ബി.ആർ.സി. പാക്കേജ്-5-ൽ കളറോഡ്-വളവുപാറ റോഡ് ഉൾപ്പെട്ടിരുന്നു. എന്നാൽ പാക്കേജ്-4, 5-ൽ ഉൾപ്പെടുന്ന റോഡുകളുടെ അവസ്ഥ കണക്കിലെടുത്ത് തുക BC Overlay ആക്കി മാറ്റാൻ തീരുമാനിച്ചിരുന്നു. ഇതിൽ ഉൾപ്പെട്ട കളറോഡ്-വളവുപാറ റോഡ് റണ്ണിങ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിച്ചുവരുന്നുണ്ട്.

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് നിർമ്മാണം

61 (1314) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ഏനാവ് ജങ്ഷന് സമീപം വീതി കൂട്ടുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി ഒരു കോടി എൺപത് ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) 2014-15 വർഷത്തെ എം.എൽ.എ.-എ.ഡി.എസ്. ഫണ്ടിൽനിന്നും ഒരു കോടി മുപ്പതുലക്ഷം രൂപയ്ക്ക് പുറമേയുള്ള അൻപത് ലക്ഷം രൂപ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുന്നതിനും പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേകാനുമതി ലഭിക്കുന്നതിനുമായി എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡിൽ ഏനമ്മാവ് ജങ്ഷന് സമീപം വീതി കൂട്ടുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ചെയ്യുന്നതിന് 130 ലക്ഷം രൂപയുടെ ഭരണാനുമതിക്കായി ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചു. 130 ലക്ഷം രൂപയിൽ അധികമായി വരുന്ന 50 ലക്ഷം രൂപ ഏത് സാമ്പത്തിക വർഷത്തെ ADS-ൽനിന്ന് വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യിൽനിന്ന് വ്യക്തത വരുത്തി എം.എൽ.എ.-യുടെ ശിപാർശ സഹിതം സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിരുന്നു. പ്രസ്തുത 50 ലക്ഷം രൂപയുടെ ഭരണാനുമതി തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ പുരോഗതി

62 (1315) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2021-22 സാമ്പത്തിക വർഷത്തിന് മുൻപ് അനുവദിച്ചതും നാളിതുവരെ പൂർത്തീകരിക്കാതെ മുടങ്ങിക്കിടക്കുന്നതും നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിന് മുൻപ് നിരത്ത് വിഭാഗത്തിന് കീഴിൽ അനുവദിച്ച റോഡ് പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി., പി.എം.യു.-വിന് കീഴിൽ ചുവടെചേർക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

1. കിഫ്ബി-കുണ്ടറ-ചിറ്റുമല-മൺട്രോത്തുരുത്ത് റെയിൽവേ സ്റ്റേഷൻ റോഡ് നവീകരണ പ്രവൃത്തി ജലജീവൻ മിഷൻ പൈപ്പിടുന്ന പ്രവൃത്തി കാരണം പൊട്ടിമുക്ക് മുതൽ രണ്ട് റോഡ് വരെയുള്ള 3.5 കി.മീ റോഡിന്റെ BC പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

2. കിഫ്ബി പദ്ധതി വഴി നടപ്പിലാക്കാൻ അനുവദിച്ച പദ്ധതിയാണ് ഉമയനല്ലൂർ-കല്ലുവെട്ടാംകുഴി-താഹ-കരിക്കോട്-കേരളപുരം റോഡ്. ബെഗോറ ഇൻഫ്രാസ്ട്രക്ചർ എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് ചെയ്ത് തുടങ്ങിയെങ്കിലും 72% പണി പൂർത്തീകരിച്ചശേഷം നിരവധി കാരണങ്ങളാൽ പദ്ധതി ഉപേക്ഷിച്ചു. തുടർന്ന് ബഹു: ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തു. ടി കരാറുകാരനെ റിസ്ക് & കോസ്റ്റിൽ 09-08-2024-ന് ടെർമിനേറ്റ് ചെയ്തു. പദ്ധതിയുടെ ബാക്കി പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

3. ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമായിരുന്ന കണ്ണനല്ലൂർ ജങ്ഷൻ റോഡ് വികസന പ്രവൃത്തിയിൽ നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

4. കുതിരമുനമ്പിനേയും മൺട്രോതുരുത്തിനേയും ബന്ധിപ്പിച്ചുകൊണ്ട് അഷ്ടമുടിക്കായലിന് കുറുകെ പാലം നിർമ്മാണത്തിനായി അനുവദിച്ച കുതിരമുനമ്പ്-മണക്കടവ് പാലം പദ്ധതിയുടെ ആദ്യഘട്ടമായ മണ്ണുപരിശോധന ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേനയാണ് നടപ്പിലാക്കിയത്. തുടർന്ന് ടി പദ്ധതിയുടെ തുടർ നടപടികൾക്കായി കെ.ആർ.എഫ്.ബി. ഏറ്റെടുത്തു. ഹാർബർ വിഭാഗത്തിൽനിന്ന് ലഭിച്ച സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഉൾപ്പെടെ DPR തയ്യാറാക്കുന്നതിനായി തിരുവനന്തപുരം പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിലേക്ക് നൽകുകയും അവർ സ്ഥലപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

5. കുണ്ടറ മണ്ഡലത്തിലെ ഇളവൂർ പാലത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പ്രവൃത്തി Award ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

2021-22 സാമ്പത്തിക വർഷത്തിനുമുൻപ് അനുവദിച്ച 2 റോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് കെ.എസ്.റ്റി.പി.-യുടെ പരിധിയിൽ കുണ്ടറ മണ്ഡലത്തിലുള്ളത്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എസ്.റ്റി.പി. രണ്ടാം ഘട്ടത്തിലെ World Bank assisted road challenge fund-ലെ Road Safety & Improvements പ്രവൃത്തി നടക്കുന്ന കൊട്ടിയം-കുണ്ടറ റോഡിന് 11.70 km

നീളമാണുള്ളത്. പ്രസ്തുത പ്രവൃത്തിക്ക് 95 ശതമാനം നിർമ്മാണ പുരോഗതി കൈവരിക്കുകയും തുടർ പ്രവർത്തികൾ നടന്നുവരികയും ചെയ്യുന്നു.

2.7 വർഷ കാലാവധിയുള്ള OPBRC പാക്കേജ് 3-യിൽ ഉൾപ്പെടുന്ന 5 റോഡുകളിൽ കൊല്ലം-ആയൂർ റോഡിലെ 6.1 km റോഡാണ് കുണ്ടറ മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. ടി പ്രവൃത്തിയുടെ ആകെ നിർമ്മാണ പുരോഗതി 36% ആണ്. ഇതിൽ ഓരോ വർഷവും നടത്തേണ്ട പ്രവൃത്തികൾ നിശ്ചയിച്ചിട്ടുണ്ട്. ആ പ്രവൃത്തികളാണ് ഓരോ വർഷവും പൂർത്തീകരിക്കുക.

തുക്കുപാലം-പ്രകാശ്ഗ്രാം-കൂട്ടാർ-ശാസ്താനട-കട്ടപ്പന റോഡിന്റെ നിർമ്മാണം

63 (1316) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ സംസ്ഥാന ബജറ്റിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ നിർദേശിച്ചിരുന്ന തുക്കുപാലം-പ്രകാശ്ഗ്രാം-കൂട്ടാർ-ശാസ്താനട-കട്ടപ്പന റോഡിന് ഭരണാനുമതി ലഭിക്കാൻ വൈകുന്നതിന് ഇടയാക്കുന്ന സാഹചര്യം വിശദീകരിക്കാമോ;

(ബി) ഉടുമ്പൻചോല, പീരുമേട്, ഇടുക്കി മണ്ഡലങ്ങളിലെ നിവാസികൾക്കും ശബരിമലയ്ക്ക് പോകുന്ന അയ്യപ്പഭക്തർക്കും ഏറെ പ്രയോജനം ലഭിക്കുന്ന ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) ഈ പ്രവൃത്തി ധനകാര്യ വകുപ്പിന്റെ നിർദേശാനുസരണം തൽക്കാലം മാറ്റി വച്ചിരിക്കുകയാണ്.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ റോഡുകൾ

64 (1317) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ എത്ര റോഡുകൾ ബി.എം.&ബി.സി., എം.എസ്.എസ്. നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ടെന്ന് റോഡിന്റെ പേര്, നവീകരിച്ച ഭാഗത്തിന്റെ നീളം, അനുവദിച്ച തുക എന്നിവ തിരിച്ച് വിശദമാക്കാമോ; ടി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ എത്ര റോഡുകൾ ബി.എം.&ബി.സി./എം.എസ്.എസ്. നിലവാരത്തിലേക്ക് ഉയരാൻ ബാക്കിയുണ്ടെന്നും റോഡിന്റെ പേര്, നീളം എന്നിവ സഹിതം അറിയിക്കാമോ; നിലവിൽ മണ്ഡലത്തിലെ എത്ര റോഡുകൾ നവീകരിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നുണ്ടെന്നും ഈ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

നിലവിൽ കുറ്റ്യാടി മണ്ഡലത്തിലെ മുഴുവൻ റോഡുകളും BM&BC/MSS നിലവാരത്തിലാണ്. 2021 മുതൽ ഇതുവരെ കുറ്റ്യാടി മണ്ഡലത്തിൽ BM&BC/MSS നിലവാരത്തിലേയ്ക്ക് ഉയർത്തിയ റോഡുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു. കുറ്റ്യാടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ഡലത്തിൽ നവീകരണ പ്രവൃത്തികൾ നടന്നുവരുന്ന റോഡുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ബി.സി. ഓവർ ലേ നടത്തിയിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ, റോഡിന്റെ നീളം, അടങ്കൽ തുക എന്നിവ സഹിതം വിശദമാക്കുമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് നവീകരണ പ്രവൃത്തി

65 (1318) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് വർഷങ്ങളായി തകർന്ന് കിടക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) തൃപ്രയാർ കാഞ്ഞാണി റോഡിൽ പാങ്ങ് (പൂവത്തൂർ) (ch.17/00) മുതൽ പഞ്ചാരമുക്ക് (ch.22/00) വരെയുള്ള ഭാഗത്തെ നവീകരണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകുകയും ആയത് 275.40 ലക്ഷത്തിന് ശ്രീ. രാഘവമേനോൻ എന്ന കരാറുകാരൻ ഏറ്റെടുത്ത് നിലവിൽ BM വരെ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചാരമുക്ക് മുതൽ ചാവക്കാട് (22/00

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുതൽ 24/00) വരെയുള്ള ഭാഗത്തെ നവീകരണ പ്രവൃത്തികൾ 30-01-2025-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് km.7/000 to 14/600 കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയുള്ള ഭാഗത്ത് "B/W 2016-17- Providing BM&BC surfacing to Thriprayar-Kanjani -Chavakkad road km.7/000 to 14/600" എന്ന പ്രവൃത്തി നിലവിലുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ BM പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2.90 കിലോമീറ്ററിൽ BC പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്ന BC പ്രവൃത്തികൾ ഉടൻതന്നെ പൂർത്തീകരിക്കുന്നതാണ്.

തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് km 14/600 മുതൽ km 17/100 വരെയുള്ള ഭാഗത്ത് ബഡ്ജറ്റ് പ്രവൃത്തി "General -B/W 2019-20 providing BM&BC works Thriprayar-Kanjani -Chavakkad road km.14/600 to 17/100 In Manalur LAC" എന്ന പ്രവൃത്തി, 9 തവണ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലത്തിൽ ടെൻഡർ നടത്തിയിട്ടും ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനെത്തുടർന്ന് DSOR 2021 പ്രകാരം റിവൈസ് ചെയ്ത എസ്റ്റിമേറ്റ് പരിശോധനയിലാണ്.

(സി) ഈ റോഡിലെ പൂവത്തൂർ ഭാഗത്തുള്ള കാനയിൽ ഒഴുക്കിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിനായി കെ.എസ്.ഇ.ബി. വിഭാഗത്തിൽനിന്നും Demand Note ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ അത് മാറ്റി സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഇതിനാവശ്യമായ തുക ലഭ്യമാണ്. പോസ്റ്റ് മാറ്റുന്ന പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി ഈ തുക മുൻകൂറായി അടവാക്കുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് നവീകരിക്കുന്ന പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിന്റെ പൂവത്തൂർ മുതൽ പഞ്ചാരമുക്ക് വരെയുള്ള (പാവറട്ടി സെന്റർ ഒഴികെ) ഭാഗത്ത് നവീകരണ പ്രവൃത്തികളിൽ BC പ്രവൃത്തിയും Road Marking പ്രവൃത്തിയും പൂവത്തൂർ ഭാഗത്ത് Drain Connection-ഉം Irish Drain-ഉം മാത്രമാണ് ബാക്കിയുള്ളത്. ഈ പ്രവൃത്തി 30-10-2025 തീയതിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയുള്ള ഭാഗത്ത് BC പ്രവൃത്തികൾ കാലാവസ്ഥ അനുകൂലമാകുന്ന സാഹചര്യങ്ങളിൽ ഒക്ടോബർ മാസത്തിൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

നെന്മാറ-ഒലിപ്പാറ റോഡുപണി

66 (1319) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ-ഒലിപ്പാറ റോഡിന്റെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത റോഡുപണി സമയബന്ധിതമായി നടക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) നെന്മാറ-ഒലിപ്പാറ റോഡിന്റെ കി.മീ. 0/000 മുതൽ 1/000 വരെ പൊതുമരാമത്ത് വകുപ്പ് മെയിന്റനൻസ് വിഭാഗത്തിന്റെ RC പ്രവൃത്തിയിൽ ഉൾപ്പെട്ടതും നിലവിൽ ഗതാഗത യോഗ്യവുമാണ്. കി.മീ. 1/000 മുതൽ കി.മീ. 11/833 വരെ നവീകരണത്തിനായി 02-08-2023-ന് ദേശീയപാത വിഭാഗം ഏറ്റെടുത്ത് കരാറുകാരന് കൈമാറി പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും 01-08-2024 വരെ ഉടമ്പടി പ്രകാരമുള്ള പൂർത്തീകരണ കാലാവധിയുമുള്ളതുമാണ്.

ഈ റോഡിൽ വാട്ടർ അതോറിറ്റി പ്രവൃത്തിയുമായി ബന്ധപ്പെട്ട കാരണങ്ങളാലാണ് പ്രവൃത്തി വൈകിയത്.

ടി പ്രവൃത്തിയുടെ എല്ലാ കൾവർട്ടുകളുടെയും പാർശ്വഭിത്തികളുടെയും കോൺക്രീറ്റ് ഓടകളുടെയും മറ്റും പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. റോഡ് സ്ലോപ്പിൽ ഭീഷണിയുള്ളതും നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമുള്ളതുമായ മരങ്ങൾ മുറിച്ചുമാറ്റി മാത്രമേ ഓടകളുടെ

നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. മുറിച്ചു മാറ്റേണ്ടുന്ന മരങ്ങളുടെ പട്ടിക തയ്യാറാക്കി MSTC മുഖേന ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ 30-05-2025-ലെ WMM രണ്ടാംനിര ഗ്രണനിലവാര പരിശോധനാഫലം തൃപ്തികരമല്ലാത്തതിനാൽ ആയത് പരിഹരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയെങ്കിലും ആയത് പരിഹരിച്ചിട്ടില്ല. വർഷകാലം മുഴുവൻ കിടന്നതുകൊണ്ടും വാഹന ഗതാഗതംമൂലവും WMM ഇളകി ഫൈനൽ ലെവൽസ് എടുക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്.

കരാറുകാരന്റെ ഭാഗത്തുനിന്ന് ക്രിയാത്മകമായ പ്രവർത്തനം ഇല്ലാത്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ബാക്കിയുള്ള ഇനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏകദേശം 4 മാസത്തോളം സമയം ആവശ്യമാണ്.

കാസർഗോഡ് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

67 (1320) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര പൊതുമരാമത്ത് റോഡുകളുണ്ടെന്ന് പേരുസഹിതം പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകൾ നിർമ്മിച്ച വർഷവും നിർമ്മാണത്തിന് ചെലവഴിച്ച തുകയും നാളിതുവരെ അറ്റകുറ്റപ്പണികൾക്ക് വിനിയോഗിച്ച തുകയും റോഡും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് മണ്ഡലത്തിൽ സുഗമമായി യാത്ര ചെയ്യാൻ കഴിയുന്ന എത്ര പൊതുമരാമത്ത് റോഡുകൾ ഉണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് പേര് വിവരം സഹിതം വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ഭാഗങ്ങളിൽ ഏതു തരത്തിലുള്ള കുഴികളും തകർച്ചകളുമാണ് ഉണ്ടായിട്ടുള്ളതെന്നും ഇതു നന്നാക്കാൻ എത്ര തുകയും സമയവും വേണ്ടി വരുമെന്നും റോഡ് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ കാസർഗോഡ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഇ) ജനങ്ങൾക്ക് ജനപ്രതിനിധികളോടുള്ള അമർഷവും പ്രതിഷേധവും ഒഴിവാക്കുന്നതിന് റോഡുകളുടെ തകർച്ചയ്ക്കുള്ള കാരണവും റോഡുകൾ വീണ്ടും പഴയതുപോലെ ഗതാഗതയോഗ്യമാക്കുന്നതിനെക്കുറിച്ചുള്ള വ്യക്തതയും ജനങ്ങളെ അറിയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

റോഡുകളിലെ തകരാറുകൾ സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുന്നതിനായി PWD4U/Toll free Number എന്നീ സംവിധാനങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ പരാതികൾ പരിഹരിച്ച് പരാതിക്കാരെ ഫോൺ മുഖാന്തരം ബന്ധപ്പെട്ട് പരാതി പരിഹരിച്ച വിവരം അറിയിക്കുന്നതിനുള്ള നടപടികളും നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

ചൂണ്ടുപലക-നെയ്യാർഡാം റോഡ് നവീകരണം

68 (1321) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചൂണ്ടുപലക-നെയ്യാർഡാം റോഡ് നവീകരണവുമായി ബന്ധപ്പെട്ട് കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്) നിർവഹണ ചുമതല വഹിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഇതിന്റെ ഡി.പി.ആർ. (ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

ചൂണ്ടുപലക-നെയ്യാർഡാം റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കലിനായി 4(1) വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സാമൂഹിക ആഘാത പഠനം നടന്നുവരികയാണ്. പ്രസ്തുത റോഡിന്റെ രൂപഘടന സംബന്ധിച്ച അന്തിമ തീരുമാനം കിഫ്ബിയിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. അത് ലഭ്യമായാൽ DPR തയ്യാറാക്കാനുള്ള നടപടികളിലേയ്ക്ക് കടക്കാനാകും.

ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ

69 (1322) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തി നടന്ന പൊതുമരാമത്ത് റോഡുകളിലെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) അവണൂർ-മുണ്ടൂർ ബി.എം.&ബി.സി. റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ-സി) അനുബന്ധമായി[+] ചേർക്കുന്നു.

(ഡി) ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പാറശാല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ

70 (1323) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പാറശാല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ വിവരങ്ങൾ (അവയുടെ നീളം, നിലവിലെ അവസ്ഥ, ഉൾപ്പെടെയുള്ള വിവരങ്ങൾ) സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ 2025 വരെ പാറശാല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ സെക്ഷനുകൾക്ക് കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിശദാംശം, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി[+] ചേർത്തിരിക്കുന്നു.

ദേശീയപാത നിർമ്മാണത്തിന്റെ ഗുണനിലവാരം

71 (1324) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുരിയാട് ഉൾപ്പെടെയുള്ള ദേശീയപാത, നിർമ്മാണ ഘട്ടത്തിൽ തകർന്നുവീണത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയപാതയ്ക്കുവേണ്ടി കെട്ടി ഉയർത്തിയ മൺതിട്ടകളുടെ നിർമ്മാണത്തിൽ ഗുരുതരമായ പിഴവുകളുണ്ടെന്നും മൺതിട്ടകളുടെ ശേഷി ഉറപ്പാക്കുന്നതിനായി പൂൾ ഔട്ട് ടെസ്റ്റ് നടത്തിയിട്ടില്ലെന്നും ദേശീയപാത അതോറിറ്റി നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ദേശീയപാത 66-ന്റെ ചിലഭാഗങ്ങളിൽ നിർമ്മാണഘട്ടത്തിൽ അപാകതയുണ്ടായത് മണ്ണിന്റെ പ്രകൃതം സംബന്ധിച്ച് തെറ്റായ വിലയിരുത്തൽ (incorrect soil assumption) നടത്തിയതിനാലും slope protection പൂർത്തിയാക്കാൻ സാധിക്കാത്തതുമൂലവുമാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

മലപ്പുറം കൂരിയാട് ഉണ്ടായ സംഭവത്തെത്തുർന്ന് കേരളത്തിലെ ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തി പരിശോധിക്കുന്നതിന് വിദഗ്ധ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിരുന്നു. മാത്രമല്ല, വീഴ്ചവരുത്തിയ കൺസെഷനറെയും (M/s. KNR Ramanattukara Infra Pvt. Ltd.) കൺസൾട്ടന്റായ M/s. Highway Engineering Consultants കമ്പനിയെയും ഡീബാർ ചെയ്യുന്നതിന് ദേശീയപാത അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്. കൺസൾട്ടന്റിന്റെ ടീം ലീഡറെയും കൺസെഷനറുടെ പ്രോജക്ട് മാനേജരെയും സസ്പെൻഡ് ചെയ്തു. കരാറുകാരനോട് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും കൂരിയാട് ഭാഗത്ത് ഒരു വയഡക്ട് (Viaduct) നിർമ്മിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

ഇതുകൂടാതെ കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയപാതയിൽ നടപ്പാക്കിയ Slope/Embankment സംരക്ഷണ പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനായി മറ്റൊരു വിദഗ്ധ സമിതിയെയും നിയോഗിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ദേശീയപാത നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വകുപ്പുമന്ത്രിയുടെ നേരിട്ടുള്ള

മേൽനോട്ടത്തിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ദേശീയപാതയുടെ ഡിസൈനും നിർമ്മാണവും ഗുണനിലവാരം ഉറപ്പാക്കലും ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്വമാണെങ്കിലും സംസ്ഥാനം ഫണ്ട് ചെലവഴിക്കുന്നതിനാലും പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിൽ യോഗങ്ങൾ ചേരുകയും അതോടൊപ്പം പ്രവൃത്തിയിടങ്ങളിലെത്തി പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ ദേശീയപാത നിർമ്മാണ വേളയിൽ മണ്ണിടിച്ചിൽ സാധ്യത മുന്നിൽകണ്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താൻ നേരത്തെതന്നെ ദേശീയപാത അതോറിറ്റിയോട് നിർദേശിച്ചിരുന്നു. ഇത്തരത്തിൽ മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി പരിസ്ഥിതി സൗഹാർദമായ പരിഹാര മാർഗങ്ങൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കി നടപ്പാക്കണമെന്ന് ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. പ്രവൃത്തി പുരോഗമിക്കുന്നതിനിടയിൽ മലപ്പുറത്ത് കുരിയാട് നിർമ്മാണത്തിലിരിക്കുന്ന റോഡിന് തകർച്ച സംഭവിച്ചു. മഴയുടെ ഘട്ടത്തിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിലും റോഡുകളിൽ വിള്ളലുകളുമുണ്ടായി. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ട സമയത്തുതന്നെ ദേശീയപാത അതോറിറ്റിയെ അറിയിക്കുകയും പരിഹാര നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. 26-05-2025-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും 30-05-2025-ന് ചീഫ് സെക്രട്ടറിയും ദേശീയപാത അതോറിറ്റി

ഉദ്യോഗസ്ഥരുമായി യോഗം നടത്തുകയും വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. 06-07-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രത്യേകമായ ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദേശീയപാത നിർമ്മാണത്തിലുണ്ടായ അപാകതകൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന് അടിയന്തരമായി പരിഹാരം കാണണമെന്നും പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു. ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും ശാസ്ത്രീയമായ പരിഹാര മാർഗങ്ങൾ ഉണ്ടാകുമെന്നും ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും സമിതി റിപ്പോർട്ടുകൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

കോതമംഗലം പ്ലാമുടി-ഊരംകുഴി റോഡിന്റെ നിർമ്മാണം

72 (1325) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിൽ നടപ്പാക്കാൻ തീരുമാനിച്ച കോതമംഗലം മണ്ഡലത്തിലെ പ്ലാമുടി-ഊരംകുഴി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പ്ലാമുടി-കോട്ടപ്പടി-പാനിപ്ര-ഇരുമലപ്പടി-ഊരംകുഴി റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽനിന്നും 22.66 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. പ്ലാമുടി-ഇരുമലപ്പടി-ഊരംകുഴി വരെ 10.68 കി.മീ. വരുന്ന റോഡിൽ പ്ലാമുടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്ത് CD വർക്കുകളും DBM പ്രവൃത്തികളും പൂർത്തീകരിച്ചിരുന്നു.

എന്നാൽ പ്രവൃത്തിയുടെ ഗുണനിലവാരം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുകയും കരാറുകാരൻ കേടുപാടുകൾ പരിഹരിക്കാൻ വിസമ്മതിക്കുകയും ചെയ്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കിയിട്ടുണ്ട്.

പ്ലാമുടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്തെ ബാലൻസ് പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റിന് 25-09-2023-ന് നടന്ന 140-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ സാങ്കേതികാനുമതിക്കായി നൽകുകയും 02-09-2024-ന് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ടെൻഡറിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത തുക അനുവദിക്കാവുന്ന പരിധിയേക്കാൾ കൂടുതലായതിനാൽ 09-10-2024-ന് 54-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും കമ്മിറ്റി പ്രവൃത്തി റീടെൻഡർ ചെയ്യാൻ നിർദേശിക്കുകയും ചെയ്തതിനെത്തുടർന്ന് 10-10-2024-ന് പ്രസ്തുത പ്രവൃത്തി രണ്ടാമതും റീടെൻഡർ ചെയ്തെങ്കിലും ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ L1 ബിഡർ തയ്യാറായില്ല. തുടർന്ന് 30-10-2024-ന് പ്രവൃത്തി വീണ്ടും (മൂന്നാമതും) ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡർ അംഗീകാരത്തിനായി 13-01-2025-ന്

56-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിച്ചെങ്കിലും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തി നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ ടെൻഡർ ചെയ്തത് സംബന്ധിച്ച് വ്യക്തത ആവശ്യമുണ്ടെന്നും ആയത് പരിശോധിച്ച് അടുത്ത ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ ഈ പ്രവൃത്തി സമർപ്പിക്കുന്നതിന് കമ്മിറ്റി നിർദേശിക്കുകയും ചെയ്തു. തുടർന്ന് 07-04-2025-ലെ 58-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ ലോവസ്റ്റ് ബിഡ് അപ്രൂവലിന് സമർപ്പിച്ചെങ്കിലും ഒറിജിനൽ ഷെഡ്യൂൾ ഓഫ് റേറ്റ് DSOR 2016 അനുസരിച്ച് പ്രവൃത്തി റീടെൻഡർ ചെയ്യാൻ കമ്മിറ്റി നിർദേശിക്കുകയുണ്ടായി.

(ബി) വർഷങ്ങൾ കഴിഞ്ഞിട്ടും റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തടസ്സങ്ങൾ നീക്കി റോഡിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) തടസ്സങ്ങൾ നീക്കി റോഡ് നിർമ്മാണം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി നിലവിൽ പ്ലാമൂടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്തെ ബാലൻസ് വർക്കുകൾ അറേഞ്ച് ചെയ്യുന്നതിനായി കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിങ്ങിന്റെ നേതൃത്വത്തിൽ 21-08-2025-ന് FWD ടെസ്റ്റ് നടത്തിയിട്ടുള്ളതാണ്. അതിന്റെ പരിശോധനാഫലം ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മാമംഗലം പൊറ്റക്കുഴി റോഡ്

73 (1326) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിൽപ്പെട്ട മാമംഗലം പൊറ്റക്കുഴി റോഡ് വീതി കൂട്ടി ഗതാഗത യോഗ്യമാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ രണ്ട് വശങ്ങളിലേയും ഭൂമി ഫ്രീസ് ചെയ്ത് ഇട്ടിരിക്കുന്നതുമൂലം ഉടമസ്ഥർക്ക് ഭൂമി വിൽക്കാനോ തങ്ങളുടെ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനോ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനൊരു ശാശ്വത പരിഹാരത്തിനായി ഈ റോഡിന്റെ ഇരുവശങ്ങളിലുമുള്ള സ്ഥലം എടുത്ത് റോഡിന് വീതി കൂട്ടുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ-സി) മാമംഗലം-പൊറ്റക്കുഴി റോഡ് നിലവിൽ Kochi Master Plan 2040 പ്രകാരം 15 മീറ്റർ വീതി കൂട്ടുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വർഷങ്ങൾക്കുമുമ്പ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുവെങ്കിലും കോടികൾ ചെലവ് വേണ്ടിവരുമെന്നതിനാൽ ഈ പ്രവർത്തനങ്ങൾ താൽക്കാലികമായി നഗരസഭ നിർത്തി വച്ചിരിക്കുകയാണ്. ഫണ്ടുകളുടെ പര്യാപ്തത പരിശോധിക്കേണ്ടതുണ്ട്.

മാമംഗലം പൊറ്റക്കുഴി റോഡ് Widening Proposal ഉള്ളതിനാൽ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നിലവിൽ Master Plan പ്രകാരമുള്ള നിയന്ത്രണങ്ങൾ

ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ, നഗരസഭ, GIDA എന്നിവർ സംയുക്തമായി ഫണ്ട് കണ്ടെത്തിയാൽ മാത്രമേ ടി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

നെല്ലിയാമ്പതി റോഡ് പുനർനിർമ്മാണം

74 (1327) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ നെല്ലിയാമ്പതി റോഡ് വികസന പദ്ധതി സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട ടെൻഡർ നടപടി ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) RKI പദ്ധതിയിൽ ഉൾപ്പെടുത്തി 105.48 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് ടി പ്രവൃത്തി 16-06-2021-ൽ ടെൻഡർ ചെയ്തിരുന്നു. എന്നാൽ പ്രവൃത്തിക്ക് Letter of Acceptance (LOA) കൊടുത്തിരുന്ന കരാറുകാരൻ എഗ്രിമെന്റ് വയ്ക്കാൻ തയ്യാറാകാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. ടെൻഡർ പ്രകാരം തുടർനടപടി സ്വീകരിച്ചുവെങ്കിലും ഫണ്ട് അപര്യാപ്തമൂലം German Bank പ്രവൃത്തി നിർത്തിവയ്ക്കുവാൻ നിർദേശം നൽകി. തുടർന്ന് ഫോറസ്റ്റ് വകുപ്പിൽനിന്നും ലഭിച്ച NOC അനുസരിച്ചുള്ള 18.16 കി.മീ. റോഡിന്റെ നവീകരണത്തിനുള്ള Revised DPR തയ്യാറാക്കുകയും DSoR 2021 പ്രകാരം (18.16 കീ.മി.) 114.13 കോടി രൂപയുടെ ഭരണാനുമതിക്കായി RKI-യിലേയ്ക്ക്

സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. RKI-യിൽനിന്ന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ജർമ്മൻ ബാങ്കിന്റെ NOC കൂടി ലഭ്യമായശേഷം പ്രവൃത്തിയുടെ ടെൻഡർ നടപടി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുത്തുപറമ്പ് റിങ് റോഡ് നിർമ്മാണം

75 (1328) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുത്തുപറമ്പ് റിങ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ?

കുത്തുപറമ്പ് റിങ് റോഡിന്റെ ഭാഗമായിട്ടുള്ള കൂട്ടിക്കുന്ന് മുതൽ പഴയ നിരത്ത് വരെ കിലോമീറ്റർ (0/000 മുതൽ 4/065 വരെയും), പഴയനിരത്ത് മുതൽ കുത്തുപറമ്പ് വരെയും കിലോമീറ്റർ (0/000 മുതൽ 1/812 വരെയും) ഉള്ള റോഡ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അഭിവൃദ്ധി പ്പെടുത്തുന്നതിനുള്ള പ്രവൃത്തിയാണ്. പഴയനിരത്ത്-കുത്തുപറമ്പ് റോഡിൽ 1.7 കി.മീ. നീളത്തിൽ ഡി.ബി.എം., ഓവുചാൽ, കലുങ്ക് എന്നീ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിക്കുകയും കൂട്ടിക്കുന്ന്-പഴയനിരത്ത് റോഡിലെ കലുങ്ക് (6 എണ്ണം), സംരക്ഷണഭിത്തി മുതലായ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. നിലവിൽ പ്രവൃത്തി 45% ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലുള്ള തടസ്സങ്ങൾ, അത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്നിവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കുട്ടിക്കുന്ന് മുതൽ പഴയ നിരത്ത് വരെ 10.00 മീറ്റർ RoW ആയും പഴയനിരത്ത് മുതൽ കുത്തുപറമ്പ് വരെ 12.00 മീറ്റർ RoW ആയും RFCTLARR Act 2013 പ്രകാരം ഭൂമി ഏറ്റെടുത്ത് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 6(1) വിജ്ഞാപനം 03-11-2021-ലും 4(1) വിജ്ഞാപനം 03-02-2023-ലും, 11(1) വിജ്ഞാപനം 09-08-2023-നും എൽ.എ. ആക്ട് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പദ്ധതി ബാധിതർക്കുള്ള നഷ്ടപരിഹാര തുക കൈമാറുന്നതിന്റെ ഭാഗമായിട്ടുള്ള 19(1) നോട്ടിഫിക്കേഷൻ 08-11-2024-ന് പ്രസിദ്ധീകരിക്കുകയും നഷ്ടപരിഹാരതുക കൈമാറിയതിനുശേഷം ഭൂമിയുടെ പൊസഷൻ 16-08-2025-ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി 2 കണ്ണൂരിൽനിന്ന് KRFB-ക്ക് കൈമാറിയിട്ടുണ്ട്. ഈ കാലയളവിനുള്ളിൽ തടസ്സങ്ങൾ ഒഴിവാക്കിയുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ടായിരുന്നു.

പൊസഷൻ കൈമാറിയിട്ടുള്ള ഭൂമിയിലുള്ള വനംവകുപ്പ് നിശ്ചിയിച്ചിട്ടുള്ള 6,29,239/- രൂപയുടെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി നാലുതവണ ലേലം ചെയ്തിട്ടും ആരുംതന്നെ ടെൻഡർ ഏറ്റെടുക്കാത്തത് വീണ്ടും റോഡിന്റെ വീതികൂട്ടൽ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി ലേല നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ KSEB, KWA യൂട്ടിലിറ്റി ഷിഫ്റ്റിങിന് വേണ്ടിയുള്ള തുകകൾ അതാത് കാര്യാലയങ്ങളിലെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റി, KSEB, KWA യൂട്ടിലിറ്റി ഷിഫ്റ്റിങും പൂർത്തിയാക്കി പ്രവൃത്തി ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 28-02-2026 വരെ നിലവിൽ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഈ സമയപരിധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

അങ്കമാലി ബൈപ്പാസിന്റെയും കുണ്ടന്നൂർ ബൈപ്പാസിന്റെയും നിലവിലെ അവസ്ഥ

76 (1329) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ അങ്കമാലി ബൈപ്പാസിന്റെയും അങ്കമാലി-കരയാമ്പറമ്പ് നിന്നും ആരംഭിക്കുന്ന കുണ്ടന്നൂർ ബൈപ്പാസിന്റെയും നിലവിലെ അവസ്ഥ വിശദമാക്കാമോ; ടി പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡിനെ പദ്ധതി നിർവഹണ സ്ഥാപനമായി നിയമിച്ചുകൊണ്ട് അങ്കമാലി ബൈപ്പാസിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിശദപദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും പദ്ധതി നിർവഹണത്തിന് 190.16 കോടി

ശുപ അനുവദിക്കുകയും ചെയ്തു. നിലവിൽ എറണാകുളം, സ്പെഷ്യൽ തഹസിൽദാർ (കിഫ്ബി, എൽ.എ.) എറണാകുളം കാര്യാലയം മുഖേന ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുത്ത് കൈമാറി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനാകും.

അങ്കമാലി-കുണ്ടന്നൂർ ബൈപാസ് നിർമാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3 എ നോട്ടിഫിക്കേഷൻ 29-08-2024-ൽ പുറപ്പെടുവിച്ചിരുന്നു. നിലവിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അനുമതിക്ക് വിധേയമായി പുതുക്കിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) കുണ്ടന്നൂർ ബൈപ്പാസ് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കാത്തതിന്റെ കാരണം വിശദമാക്കാമോ; കുണ്ടന്നൂർ ബൈപ്പാസ് യാഥാർഥ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അങ്കമാലി-കുണ്ടന്നൂർ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതിയാണ്. ഇതിന് അനുമതി നൽകേണ്ടത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പാണ്. പദ്ധതി നടപ്പാക്കുന്നതിനായി ദേശീയപാത അതോറിറ്റി മുന്നോട്ടുവച്ച വ്യവസ്ഥകൾ സംസ്ഥാനം അംഗീകരിക്കുകയും നിർമ്മാണവസ്തുക്കളുടെ ചരക്കുസേവന നികുതിയിലെ സംസ്ഥാനവിഹിതം, റോയൽറ്റി എന്നിവ ഒഴിവാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രഉപരിതല

ഗതാഗത വകുപ്പുമന്ത്രിയുമായി നടത്തിയ യോഗത്തിൽ ദേശീയപാത 544-ന് അനുമതി നൽകുന്ന വിഷയം ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

റോഡുകളുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ

77 (1330) ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്ന നവീന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണവും പരിപാലനവും PWD Manual, SBD Condition, പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വൽ അവലംബിച്ചുവരുന്നു. ടി മാന്വലിലെ നിഷ്കർഷകൾ പ്രകാരമാണ് പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധന നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത ഷെഡ്യൂൾ,

സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ വർധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷത്തിന് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 2 tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്യുവരുന്നു. ഗുണനിലവാര പരിശോധനാഫലം പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗുണനിലവാര പരിശോധനാടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നൽകുന്നത്. ഇതോടൊപ്പം ഗുണനിലവാര പരിശോധന സൈറ്റുകളിൽ നേരിട്ടെത്തി നടപ്പിലാക്കുന്നതിന് 3 മൊബൈൽ യൂണിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്.

(ബി) റോഡുകളുടെ നിർമ്മാണത്തിന് റിക്ലെയിംഡ് അസാൾട്ട് പേവ്മെന്റ് സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

Introduction of Sustainable Pavement Construction Techniques in Kerala-Road construction using Reclaimed Asphalt Pavement (RAP) എന്ന തലക്കെട്ടിലുള്ള pilot പദ്ധതി പ്രകാരം ഐ.ഐ.റ്റി. മദ്രാസുമായി സഹകരിച്ച് കെ.എച്ച്.ആർ.ഐ. നടത്തുന്ന റീക്ലെയ്മ്ഡ് ആസ്ഫാൽറ്റ് പേവ്മെന്റ് (RAP) സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ടായി പി.ഡബ്ല്യു.ഡി. നാഷണൽ ഹൈവേ വിഭാഗത്തിന്റെ കീഴിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെ റോഡുകൾക്ക് എന്തുമാറ്റമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലെ BM&BC റോഡിലുള്ള അഗ്രിഗേറ്റ് പുനരുപയോഗിച്ച് നിർമ്മാണം നടത്താം, അഗ്രിഗേറ്റിന്റെ അധിക ഉപയോഗം കുറയ്ക്കാം, കോൾഡ് ബിറ്റുമിനസ്, മിക്സുകൾ (Cold mix) തയ്യാറാക്കാൻ മിക്സ് ചൂടാക്കുന്നതിന്റെ ആവശ്യമില്ലാത്തതിനാൽ വായുമലിനീകരണം കുറയ്ക്കാൻ കഴിയും.

(ഡി) ഇതിന്റെ ഫലമായി റോഡുകളുടെ ഗുണനിലവാരം എത്രമാത്രം വർധിപ്പിക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

RAP ഉപയോഗിച്ചുള്ള മിക്സുകളുടെ ഫീൽഡ് പെർഫോമൻസ് പരമ്പരാഗത ബിറ്റുമിനസ് മിക്സുകൾക്ക് തുല്യമോ മികച്ചതോ ആയിരിക്കുമെന്നാണ് വിലയിരുത്തൽ.

മലയോര ഹൈവേയുടെ നിർമ്മാണം

78 (1331) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിലൂടെ കടന്നുപോകുന്ന പ്രസ്തുത പാതയുടെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേക്ക് 10-07-2017-ലെ G.O.(Rt) No.942/2017/PWD പ്രകാരം 3500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 793.68 കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിലുൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്നത്. വാമനപുരം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ പെരിങ്ങമല-കൊപ്പം റീച്ചിൽ നിർമ്മാണ പ്രവൃത്തികൾ 31-12-2025-നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് ഓരോ ജില്ലകളിലും ആരംഭിച്ച മലയോര ഹൈവേ പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു+. സ്ഥല ലഭ്യത ഉറപ്പായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റീച്ചുകളിൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേശവദാസപുരം-അങ്കമാലി എം.സി. റോഡ് 4 വരിപ്പാതയാക്കുന്നതിനുള്ള പ്രവൃത്തികൾ

79 (1332) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേശവദാസപുരം-അങ്കമാലി എം.സി. റോഡ് 4 വരിപ്പാതയാക്കുന്നതിനുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പാതയ്ക്കായി പുതിയതായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പാത 4 വരിയാക്കുന്നതിനായി എത്ര തുകയാണ് ആവശ്യമായി വരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) MC റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തിക്കായി 2022-2023 ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 05-11-2022-ലെ G.O.(Rt) No.1069/2022/PWD പ്രകാരം തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി DPR തയ്യാറാക്കുന്നതിനായി PWD ഡിസൈൻ വിഭാഗം PPU-നെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 2,14,08,000/- രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് കൈമാറിയിട്ടുള്ളതുമാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ PPU-ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇത്

പൂർത്തിയാകുമ്പോൾ അധികഭൂമി സംബന്ധിച്ചും തുക സംബന്ധിച്ചുമുള്ള വിവരങ്ങൾ അറിയാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൊടുവായൂർ ബൈപ്പാസ്സ് റോഡിന്റെ പ്രവൃത്തികൾ

80 (1333) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവായൂർ ബൈപാസ് റോഡിന്റെ പ്രവൃത്തികൾ തുടങ്ങുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബൈപാസ് റോഡിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) കൊടുവായൂർ ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തി. ഇതുപ്രകാരം പദ്ധതി രേഖ തയ്യാറാക്കുകയും പരിശോധനകൾക്കുശേഷം 09-11-2018-ന് 38.20 കോടി രൂപയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം തുടക്കത്തിലും അവസാനത്തിലും കനാലിന്റെ വലത് വശത്തുകൂടിയും ബാക്കി ഭാഗങ്ങളിൽ ഇടതുവശത്ത് കൂടിയുമാണ് ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്. ഈ അലൈൻമെന്റിന് എൻ.ഒ.സി. ലഭിക്കുന്നതിന് മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയെങ്കിലും കനാലിന്റെ ഇടത് വശംകൂടി നിർമ്മിക്കുന്നതിനാണ് എൻ.ഒ.സി. നൽകിയത്. എൻ.ഒ.സി. തിരുത്തുന്നതിന് വീണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ

സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ നിരസിക്കുന്നതിനായി സൂപ്രണ്ടിങ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാടിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചു. ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് സൂപ്രണ്ടിങ് എഞ്ചിനീയറോട് RBDCK ആവശ്യപ്പെട്ടിട്ടുള്ളതുപ്രകാരം NOC നൽകുന്നതുമായി ബന്ധപ്പെട്ട് 27-11-2024-ന് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതി പ്രദേശത്ത് സംയുക്ത പരിശോധന നടത്തി. ടി പരിശോധനയിൽ ഇറിഗേഷൻ കനാലിന്റെ ഭാഗമായുള്ള കോൺക്രീറ്റ് കനാലിന് മുകളിലൂടെ ആയതിന് തകരാർ സംഭവിക്കാത്ത രീതിയിൽ മുകളിലൂടെ കൾവേർട്ട് നിർമ്മിക്കണമെന്ന് നിർദേശിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ RBDCK 20-02-2025-ൽ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ടി NOC ലഭിക്കുന്ന മുറയ്ക്ക് ബൈപാസിന്റെ നടപടികൾ തുടരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മംഗലം-ഗോവിന്ദാപുരം റോഡിന്റെ പ്രവൃത്തികൾ

81 (1334) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല പാക്കേജിൽ ഉൾപ്പെടുത്തിയ മംഗലം-ഗോവിന്ദാപുരം റോഡിന്റെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി തുടങ്ങാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) മംഗലം-ഗോവിന്ദപുരം കി.മീ. 18/500 മുതൽ കി.മീ. 25/000 വരെ BM&BC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനായുള്ള എസ്റ്റിമേറ്റിന് ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ കി.മീ. 16/400 മുതൽ 23/200 വരെ കേരള വാട്ടർ അതോറിറ്റി Jal Jeevan Mission പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ കേരള വാട്ടർ അതോറ്റിയുടെ സെക്യൂരിറ്റി തുകയിൽനിന്നും റോഡ് rectify ചെയ്യുന്നതിനാവശ്യമായ തുകയായ 42.50 ലക്ഷം രൂപ forfeit ചെയ്ത് കുഴി അടക്കുന്നതിനായി പ്രവൃത്തി ക്രമീകരിച്ചിരുന്നു. 25-07-2025-ന് നടന്ന CMT യോഗത്തിൽ പ്രസ്തുത എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി പുനഃസമർപ്പിക്കുന്നതിന് നിർദേശം നൽകുകയുണ്ടായി. എന്നാൽ DSoR 2018-ൽനിന്നും 2021 ആയി മാറിയതിനാൽ ഭരണാനുമതി തുകയായ 750 ലക്ഷം രൂപയ്ക്കുതന്നെ ചെയിനേജ് ചുരുക്കി 04-08-2025-ന് കി.മീ. 19/500 മുതൽ 25/000 വരെയുള്ള എസ്റ്റിമേറ്റ് പുനഃസമർപ്പിച്ചു. എന്നാൽ പിന്നീട് 18/500 മുതൽ 25/000 വരെയുള്ള പ്രവൃത്തിക്കായി 824 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, 2025-26 Sabarimala Package-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി കി.മീ. 12/000 മുതൽ 16/000 വരെ BM&BC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനായുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്.

കാഞ്ഞിരപ്പള്ളി റ്റി.ബി.

82 (1335) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി റ്റി.ബി. (ട്രാവല്ലേഴ്സ് ബംഗ്ലാവ്)-യുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച ഫയലിന്റെ പുരോഗതി അറിയിക്കാമോ; ഭരണാനുമതിക്കുള്ള നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കാഞ്ഞിരപ്പള്ളി ടി.ബി. (ട്രാവല്ലേഴ്സ് ബംഗ്ലാവ്)-യുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി 370 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്.

മണന്തൂർ സി.എച്ച്.സി. മന്ദിര നിർമ്മാണം

83 (1336) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ മണന്തൂർ സി.എച്ച്.സി. മന്ദിര നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ മണന്തൂർ സി.എച്ച്.സി. മന്ദിര നിർമ്മാണ പ്രവൃത്തിക്കായി 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്നതിലേയ്ക്കായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 18-07-2025-ലെ CE/BL/PL1/TVM/2631/2025- 23 -1 -1 നമ്പർ കത്ത് പ്രകാരം ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസിന് സമർപ്പിച്ചിട്ടുണ്ട്.

കുത്തുപറമ്പ് ജന്റർ കോംപ്ലക്സ് നിർമ്മാണം

84 (1337) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് ജന്റർ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ, ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണം മതിയായ സൗകര്യത്തോടെ പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കുത്തുപറമ്പ് ജന്റർ കോംപ്ലക്സിന് 31-03-2022-ലെ G.O.(Rt) No. 388/2022/PWD പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുത്തുപറമ്പ് നഗരസഭ നൽകിയ നിർദേശങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കുകയും ആയതിന് നഗരസഭ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി സ്ഥലത്ത് മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ അസ്തിവാരം, തറ നിലയിലെ സ്ലക്ചറൽ പ്രവൃത്തികൾ എന്നിവ മാത്രമേ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. കെട്ടിടം ഉപയോഗ യോഗ്യമാക്കാൻ സാധിക്കുകയില്ല. കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിമിതപ്പെടുത്തിക്കൊണ്ട് കെട്ടിടം വലുപ്പം കുറച്ച് രണ്ട് ചെറിയ കെട്ടിടമായി നിർമ്മിക്കേണ്ടതുണ്ടോയെന്ന് നഗരസഭയുടെ അഭിപ്രായം ആവശ്യപ്പെട്ടപ്പോൾ നിലവിലെ പ്ലാൻ പ്രകാരം ഒന്നാം ഘട്ടം ആരംഭിക്കാൻ നഗരസഭ അറിയിച്ചു. നിലവിൽ 400 ലക്ഷം രൂപയുടെ പ്രവൃത്തി ഒന്നാം ഘട്ട പ്രവൃത്തിയായി നിർവഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ

85 (1338) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ ഏതൊക്കെയാണെന്നും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണെന്നും വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ ഏതൊക്കെയാണെന്നും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

ജി.എൽ.പി.എസ്. പൊറ്റശേരി ഈസ്റ്റ് കെട്ടിടനിർമ്മാണം

86 (1339) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ജി.എൽ.പി.എസ്. പൊറ്റശേരി ഈസ്റ്റ് കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2025-26 ബജറ്റിൽ പേജ് നമ്പർ 5, ക്രമ നമ്പർ 75 ആയി 20% പ്രൊവിഷൻ നൽകിയിട്ടുള്ള കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ ജി.എൽ.പി.എസ്. പൊറ്റശ്ശേരി ഈസ്റ്റ് സ്കൂളിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുകയും 27-08-2025-ലെ AS കമ്മിറ്റിയിൽ പരിഗണിച്ചിട്ടുമുണ്ട്.

പാലക്കാട് എഡ്യൂക്കേഷൻ കോംപ്ലക്സിന്റെ നിർമ്മാണം

87 (1340) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് എഡ്യൂക്കേഷൻ കോംപ്ലക്സിന്റെ നിർമ്മാണത്തിന് 2.5 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 2021-ലെ ഡി.എസ്.ഒ.ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്) പ്രകാരം പ്രവൃത്തിക്ക് 7.37 കോടി രൂപ ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഇതുപ്രകാരം വകുപ്പ് ഭരണാനുമതി തുക വർധിപ്പിക്കുന്നതിനായി പുതിയ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

പാലക്കാട് എഡ്യൂക്കേഷൻ കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ച് 2021-ലെ ഡി.എസ്.ഒ.ആർ. പ്രകാരം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ 12-02-2025-ലെ ഇ 2/189/2023/പൊ.മ.വ. നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന് നിർദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) വിദ്യാഭ്യാസ സമുച്ചയത്തിനായി മുമ്പ് ഉണ്ടായിരുന്ന ഡി.ഇ.ഒ. ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയശേഷം അതിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

പ്രവർത്തന യോഗ്യമല്ലാത്ത ഡി.ഇ.ഒ. ഓഫീസ് കെട്ടിടവും ഡിപ്പോയും പൊളിച്ചുമാറ്റി ലേലം ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പ് സർവേ റിപ്പോർട്ട് ആവശ്യപ്പെട്ട പ്രകാരം ആയത് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയിരുന്നു. നിലവിൽ ക്ലെയ്ന്റ് ഡിപ്പാർട്ട്മെന്റ് പഴയ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയിട്ടില്ല. അതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ അംഗീകരിച്ച പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ തുകയും ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം

88 (1341) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി രണ്ട്

വകുപ്പുകളുടെ ഹയർ എഡ്യുക്കേഷന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും രണ്ട് ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

1. ഹയർ എഡ്യൂക്കേഷൻ പ്രവൃത്തി Govt. Arts & Science College Kinanoor Karindalam "Construction of new building for Govt. College Karindalam A.S. No. G.O. (Rt) No. 801/2021/HEDN dtd: 17.06.2021 Amount Rs. 682.00 Lakhs. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ നിർമ്മാണം Plinth beam level എത്തിയിരിക്കുന്നു. തുടർ പ്രവൃത്തികൾക്കായുള്ള structural design - September മാസം 25-ന് പൊതുമരാമത്ത് ഡിസൈൻ വിംഗിൽനിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തി -Govt. Arts & Science College Kinanoor Karindalam Construction of new building for Govt. College Karindalam A.S. No. G.O. (Rt) No. 1070/2021/PWD TVM dtd: 01.12.2021 amount ₹ 591.00 Lakhs.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും ഒന്നിന്റെ സാങ്കേതികാനുമതി വൈകിയതിന്റെ പേരിൽ ഭരണാനുമതി കാലാവധി കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) കിനാനൂർ കരിന്തളം കോളേജിൽ നടപ്പിലാക്കുന്ന 2 പ്രവർത്തികളുടെയും പേര് ഒന്നായതിനാൽ ഒരു പ്രവൃത്തിയുടെ പേര് മാറ്റുന്നതിനായി 02-02-2024, 20-10-2024

എന്നീ തീയതികളിലെ CEPWD-KGD/28/2023-A6-PWD കത്ത് പ്രകാരം ഈ വകുപ്പിൽ ലഭ്യമാകുകയും ഇ 3/197/2024/പൊ.മ.വ. നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു. പ്രസ്തുത ഫയൽ 29-06-2024-ന് ധനകാര്യ വകുപ്പിന് അഭിപ്രായത്തിനായി നൽകിയിരുന്നു. ധനവകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ലഭ്യമാകുന്നതിനായി ഫയൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്.

അങ്കമാലി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം

89 (1342) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ അങ്കമാലി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞിട്ടും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ?

അങ്കമാലി മണ്ഡലത്തിലെ അങ്കമാലി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിന് 06-07-2024-ലെ G.O. (Rt) No.1912/2024/HOME, HOME (S) Department ഉത്തരവുപ്രകാരം 2104.08 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. ആർകിടെക്ചറൽ ഡ്രോയിങ്ങ് പുതുക്കുകയും ഫൗണ്ടേഷനിൽ മാറ്റം വരുത്തുകയും ചെയ്യേണ്ടതായി വന്നിരുന്നു. നിലവിൽ സിവിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്.

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോയെന്നും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും വിശദമാക്കാമോ?

സാങ്കേതികാനുമതി നൽകിയശേഷം ടെൻഡർ നടപടിയിലേക്ക് കടക്കാനാകും. പ്രസ്തുത പ്രവൃത്തിക്ക് ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സാങ്കേതികാനുമതി നൽകിയതിനുശേഷം സൂപ്രണ്ടിങ് എഞ്ചിനീയർ ജുഡീഷ്യൽ ബിൽഡിങ് സർക്കിൾ കാര്യാലയത്തിൽനിന്നും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞ ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി എത്രയും വേഗം ടെൻഡർ ചെയ്യുന്നതിന് അടിയന്തര നിർദേശം ചീഫ് എഞ്ചിനീയർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ സിവിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകി സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും എത്രയും വേഗം ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വെള്ളിയാഴ്ചക്കാവ് പാലം നിർമ്മാണം

90 (1343) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ 'വെള്ളിയാഴ്ചക്കാവ് പാലം നിർമ്മാണം' എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; സ്വീകരിച്ച നടപടി വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ വെള്ളിയാഴ്ചക്കാവ് പാലം നിർമ്മാണത്തിന് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 180 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ നിലവിൽ ധനവകുപ്പ് പരിശോധിച്ചുവരികയാണ്.

പാലങ്ങൾ

91 (1344) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണത്തിലിരിക്കുന്ന എത്ര പാലങ്ങൾ തകർന്നുവീണിട്ടുണ്ടെന്നും എത്ര റോഡുകൾ തകർന്നിട്ടുണ്ടെന്നും അവ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനം നിർവഹിച്ച ഏജൻസി ഏതാണെന്നും നിർമ്മാണ പ്രവൃത്തിക്കായി എത്ര തുക ചെലവഴിച്ചെന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ചു വ്യക്തമാക്കുമോ?

നിരത്തുകൾ

സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണത്തിലിരിക്കെ അപകടം സംഭവിച്ച/തകരാറിലായ റോഡുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലങ്ങൾ

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കീച്ചേരിക്കടവ് പാലത്തിന്റെ ബീം കോൺക്രീറ്റ് നടക്കുന്നതിനിടയിൽ ടി ബീമിന് അപകടം സംഭവിച്ചിരുന്നു.

കരാറുകാരന്റെ പേര് - ശ്രീ. വി. കെ. ഇബ്രാഹിം കുട്ടി

നാളിതുവരെ 6,99,10,820/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി. (പി.എം.യു.)

വിവരം അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങളുടെ നിർമ്മാണം

92 (1345) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ അനുവദിച്ച മാർക്കറ്റ് പാലം, കനീസാകടവ് പാലം, കോയിക്കൽ പടിയ്ക്കൽ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

മാർക്കറ്റ് പാലം - സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

കനീസാകടവ് പാലം - പുതുക്കിയ schedule of Rate നിലവിൽ വന്നതിനാലും സ്ഥലമേറ്റെടുക്കൽ പ്രവൃത്തിക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുകയേക്കാൾ കൂടുതൽ തുക നഷ്ടപരിഹാര തുക ഇനത്തിൽ സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടതിനാലും അത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

കോയിക്കൽപ്പടി പാലം - പുതുക്കിയ റേറ്റ് നിലവിൽ വന്നതിനാലും സ്ഥലമേറ്റെടുക്കൽ പ്രവൃത്തിക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുകയേക്കാൾ കൂടുതൽ തുക നഷ്ടപരിഹാര തുക ഇനത്തിൽ സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടതിനാലും അത് ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

പൊതുമരാമത്ത് പാലങ്ങളുടെ പൂർത്തീകരണം

93 (1346) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. അമലാനഗർ പാവറട്ടി റോഡ് KM 8/400-ൽ പരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. കേച്ചേരി പാലത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മണലൂർ മണ്ഡലത്തിൽ നിലവിൽ പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതും പരിഗണനയിലുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; അമല-പാവറട്ടി റോഡിൽ സ്ഥിതി ചെയ്യുന്ന കടാന്തോട് പാലം നിലവിൽ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാന ബജറ്റിൽ പല തവണ ടോക്കൺ തുക വകയിരുത്തിയിട്ടുള്ള പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കാമോ; പ്രസ്തുത പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ്, ഡി.പി.ആർ. (ഡീറ്റെൽഡ് പ്രോജക്ട് റിപ്പോർട്ട്) എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) മണലൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പാലങ്ങൾ വിഭാഗത്തിനുകീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഒന്നുംതന്നെയില്ല. അമല പാവറട്ടി റോഡിൽ സ്ഥിതി ചെയ്യുന്ന കടാന്തോട് പാലത്തിന് സംസ്ഥാന ബജറ്റിൽ 2017-18-ലും 23-2024-ലും 100 രൂപ ടോക്കൺ തുക വകയിരുത്തിയിരുന്നു. പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണത്തിനായി 8 കോടി രൂപയുടെ എസ്റ്റിമേറ്റ് 2019-ലും ആയതിനുശേഷം 9.64 കോടി രൂപയുടെ എസ്റ്റിമേറ്റ് 2024-ലും ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെയും ഭരണാനുമതി ലഭിച്ചിട്ടില്ല.

(ഡി) അംഗീകാരത്തിനായി സമർപ്പിച്ച പ്രസ്തുത എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ ഡിഫർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് മണലൂർ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പാലത്തിന്റെ ശോച്യാവസ്ഥ പരിഗണിച്ച് അടിയന്തരമായി പ്രസ്തുത പാലം പുതുക്കി പണിയാൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഡെഫർ ചെയ്തിട്ടുണ്ട്. എങ്കിലും പാലത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് എസ്റ്റിമേറ്റ് പുതുക്കി 10 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഭരണാനുമതിക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

നാദാപുരം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

94 (1347) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ തുക വകയിരുത്തിയ അരുണ്ട ഒറ്റത്താണി പാലം, ചോയിത്തോട് പാലം എന്നിവയ്ക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

അരുണ്ട ഒറ്റത്താണി പാലം നിർമ്മാണത്തിനായി 2025-26 ബജറ്റിൽ (ക്രമനം. 1534) പ്രകാരം 20% തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മാണത്തിനായി 4,80,50,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ചോയിത്തോട് പാലം നിർമ്മാണത്തിനായി 2024-25 ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ വിഭാഗത്തിൽനിന്നും ലഭിച്ച TGD-യുടെ അടിസ്ഥാനത്തിൽ 2,73,30,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്.

(ബി) മരുതോങ്കര ഗ്രാമപഞ്ചായത്തിലെ മുണ്ടക്കുറ്റി പാലത്തിന് ഭരണാനുമതി ലഭിച്ച് ഏറെ മാസങ്ങളായിട്ടും സാങ്കേതികാനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

മുണ്ടക്കുറ്റി പാലം നിർമ്മാണത്തിനായി 29-12-2024-ലെ സ.ഉ. (സാ.ധാ.) നം.1349/2024/PWD പ്രകാരം ഭരണാനുമതിയും 07-04-2025 തീയതിയിലെ ഉത്തരവുപ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതുമാണ്. പുതിയ പാലത്തിനും അപ്രോച്ച് റോഡിനും നിലവിലുള്ള പാലത്തിന്റെ അലൈൻമെന്റുമായി ചെറിയ വ്യതിയാനമുണ്ട്. ഇത് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ സ്ഥലത്തുകൂടിയാണ് കടന്നുപോകുന്നത്. അതിനാൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അനുമതി (NOC) ആവശ്യമായിരുന്നു. 12-09-2025-ൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

വല്ലടിച്ചിറ പാലം പുനർനിർമ്മാണം

95 (1348) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിൽ കാവുംപുറം–ആതവനാട് റോഡിൽ വല്ലടിച്ചിറ തോടിന് കുറുകെയുള്ള പാലം അപകടാവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വല്ലടിച്ചിറ പാലം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ നിർമ്മിക്കപ്പെട്ടതോ പാലങ്ങൾ വിഭാഗത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നതോ അല്ല. മാത്രമല്ല പ്രസ്തുത പാലം വി.സി.ബി.-കം-ബ്രിഡ്ജ് ആണ്. പ്രസ്തുത പാലം പരിശോധിച്ചതിൽ വി.സി.ബി.-കം- ബ്രിഡ്ജ് തകരാറുകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദിനംപ്രതി നൂറുകണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പാലം ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടി ആവശ്യപ്പെട്ട് ശ്രീ. സദാനന്ദൻ കോട്ടീരി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) പ്രസ്തുത പാലം ഗതാഗത യോഗ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ പുനർ നിർമ്മാണത്തിനായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായുള്ള നിർദേശം പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

പുതിയറ മേൽപ്പാലം

96 (1349) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഡി.പി.ആർ. പൂർത്തിയായ പുതിയറ മേൽപ്പാലത്തിന് ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പുതിയറ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 70.50 കോടിയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സമർപ്പിച്ചിരുന്നു. എങ്കിലും പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കാനാവില്ലെന്ന് RKI അറിയിച്ചിട്ടുണ്ട്. ബജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ പദ്ധതി തൽക്കാലം മാറ്റിവക്കുന്നതിന് ധനകാര്യ വകുപ്പും നിർദേശിച്ചിട്ടുണ്ട്.

നിർമ്മാണത്തിലിരിക്കെ തകർന്ന പാലങ്ങൾ

97 (1350) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ എത്ര പാലങ്ങളാണ് നിർമ്മാണത്തിലിരിക്കെ തകർന്നിട്ടുള്ളതെന്നും ആയതിനെതിരെ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ?

നിർമ്മാണത്തിനിടയിൽ അപകടം സംഭവിച്ച പാലങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. ആലപ്പുഴ ജില്ലയിൽ അച്ചൻകോവിൽ ആറിനുകുറുകെ നിർമ്മാണത്തിലിരുന്ന കീച്ചേരികടവ് പാലത്തിന്റെ ഒരു ഫോം വർക്ക് മറിഞ്ഞ് വീഴുകയുണ്ടായി. ബന്ധപ്പെട്ട ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുള്ളതും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ലൈസൻസിങ് അതോറിറ്റിക്ക് നിർദേശം നൽകുകയും ചെയ്തു. കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലത്തിന്റെ ഫോം വർക്കിൽ ഉണ്ടായ അപകടത്തെക്കുറിച്ച് പൊതുമരാമത്ത് വകുപ്പ് ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്തി 22-08-2025-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപകടത്തെ സംബന്ധിച്ച് വിശദമായ പരിശോധനയ്ക്കായി വിദഗ്ധ ഏജൻസിയുടെ സഹായം തേടുന്നതിന് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് NIT-യെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കുളിമാട് പാലത്തിന്റെ നിർമ്മാണത്തിനിടെ ബീം തകർന്ന സംഭവത്തിൽ വിദഗ്ധ പരിശോധന നടത്തുകയും കരാർ കമ്പനിയെ താക്കീത് ചെയ്യുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു.

കൊങ്ങാഴി-കുത്താമ്പുള്ളി പാലം നിർമ്മാണം

98 (1351) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (കിഫ്ബി) നിന്നും തുക അനുവദിച്ച് കേരള റോഡ് ഫണ്ട് ബോർഡിന് നിർമ്മാണച്ചുമതല നൽകിയ കൊണ്ടാഴി-കുത്താമ്പുള്ളി പാലം പണിക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ; ഇനി എന്തൊക്കെ പണികളാണ് അവിടെ പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി എപ്പോഴാണ് പാലം ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) കൊണ്ടാഴി-കുത്താമ്പുള്ളി പാലം നിർമ്മാണത്തിന് 31-10-2016-ലെ സ.ഉ.(സാധാ)നം.1496/2016/പൊ.മ.വ. ഉത്തരവുപ്രകാരം 15 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി 17-09-2017 തീയതിയിലെ ഉത്തരവുപ്രകാരം 45 കോടി രൂപയ്ക്ക് സ്ഥലമേറ്റെടുക്കലിനായി കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി തുടർന്ന് 27-03-2023-ലെ ഉത്തരവുപ്രകാരം സ്ഥലമേറ്റെടുക്കുന്നതിനും പാലം നിർമ്മാണത്തിനുമായി 33.13 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്തു. 04-05-2023-ലെ ഉത്തരവുപ്രകാരം 32.99 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി 06-10-2023-ൽ 23.87 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. 24 മാസത്തെ കാലാവധിയുള്ള പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 15-10-2025 ആണ്. പാലത്തിന്റെ പെയിന്റിങ്, അനുബന്ധ റോഡിന്റെ ബിറ്റുമിനസ് കോൺക്രീറ്റ്, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ

പൂർത്തിയാക്കാനുണ്ട്. ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചെറുവട്ടൂർ-അടിവാട്ട് പാലം നിർമ്മാണം

99 (1352) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂർ-അടിവാട്ട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇടുങ്ങിയതും തകർച്ചയിലായതുമായ പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂർ-അടിവാട്ട് പാലം പുനർനിർമ്മാണത്തിന്റെ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രൊപ്പോസൽ ബജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

കാവാലിപ്പുഴ തൂക്കുപാലം നിർമ്മാണം

100 (1353) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാവാലിപ്പുഴ തുക്കുപാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ. (ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കൽ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

കാവാലിപ്പുഴ സ്റ്റീൽ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ഡിസൈൻ വിഭാഗം TGDD ലഭ്യമാക്കിയിട്ടുമുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി 8 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാകേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ DPR തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(ബി) കാവാലിപ്പുഴ തുക്കുപാലത്തിനായി മുമ്പ് നിർദ്ദേശിച്ചിരുന്ന സ്റ്റീൽ ബ്രിഡ്ജിനുപകരം കോൺക്രീറ്റ് പാലം പരിഗണിക്കുന്നതിനുവേണ്ടി ഡിസൈൻ വിഭാഗം നടത്തിയ പരിശോധനയുടെ നിലവിലെ പുരോഗതിയെക്കുറിച്ച് അറിയിക്കാമോ;

(സി) 05-12-2024-ന് ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ച കത്തിലെ നിർദ്ദേശപ്രകാരം കോൺക്രീറ്റ് പാലം ഉൾപ്പെടുത്തി തയ്യാറാക്കുന്ന പുതിയ ഡിസൈൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രതീക്ഷിക്കുന്ന സമയപരിധി വിശദീകരിക്കാമോ?

(ബി&സി) കാവാലിപ്പുഴ സ്റ്റീൽ ബ്രിഡ്ജിന് പകരം 6.5 മീറ്റർ വീതിയിലുള്ള കോൺക്രീറ്റ് ബ്രിഡ്ജിന്റെ ഡിസൈൻ ആണ് TGDD പ്രകാരം തയ്യാറാക്കിയിട്ടുള്ളത്. പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി 8 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാകേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ DPR തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

പൂക്കൈതക്കടവ് പാലത്തിന്റെ നിർമ്മാണം

101 (1354) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിലെ പൂക്കൈതക്കടവ് പാലത്തിന്റെ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

പൂക്കൈതക്കടവ് പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 6(1) നോട്ടിഫിക്കേഷൻ 06-05-2022-ന് പ്രസിദ്ധീകരിക്കുകയും പദ്ധതിയുടെ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് അതിന്റെ സ്കെച്ച് 11-07-2023-ന് കിഫ്ബി എൽ.എ. തഹസിൽദാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 12-10-2023-ലെ സ.ഉ.(സാധാ) നം.3678/2023/ആർ.ഡി. പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി പുതുക്കിയ ഭരണാനുമതി റവന്യൂ വകുപ്പിൽനിന്നും ലഭ്യമായിട്ടുള്ളതും കണ്ടിജൻസി തുകയായ 1,03,003/- രൂപ 05-07-2023-നും അധിക കണ്ടിജൻസി തുകയായ 6,33,983/- രൂപ 20-02-2024-നും കിഫ്ബി എൽ.എ. സ്പെഷ്യൽ തഹസിൽദാർക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 4(1) നോട്ടിഫിക്കേഷൻ 21-03-2024-ന് പ്രസിദ്ധീകരിക്കുകയും സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തിയായിട്ടുള്ളതും 11(1) നോട്ടിഫിക്കേഷൻ 30-10-2024-നും 02-08-2025-നും പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കൂടാതെ,

കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ എസ്റ്റിമേറ്റ് (എസ്റ്റിമേറ്റ് തുക 31.97 കോടി രൂപ) 08-02-2024-ന് പുനർസമർപ്പിച്ചിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാകുന്നമുറയ്ക്ക് മറ്റു നടപടികളിലേക്ക് കടക്കാനാകും.

(ബി) കിഫ്ബിയുടെ സഹായത്തോടെ ആരംഭിക്കുന്ന ഈശ്വരമംഗലം ശ്മശാനം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ഈശ്വരമംഗലം ശ്മശാനം പദ്ധതി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടതല്ല.

ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർ കടവ് പാലം

102 (1355) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർ കടവ് പാലം ദീപാലംകൃതമാക്കുന്നതിനുള്ള എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലത്തിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 10,99,092/-രൂപ ഉള്ളൂർക്കടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രൊപ്പോസൽ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണം

103 (1356) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലത്തെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ബൈപ്പാസ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) മലപ്പുറം ജില്ലയിലെ മങ്കട മണ്ഡലത്തിൽ ഉൾപ്പെട്ട ഓരോടം പാലം - വെലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ പദ്ധതി നിർവഹണ സ്ഥാപനമായി (SPV) നിയമിച്ചിട്ടുള്ളതാണ്. തുടർന്ന് ആർ.ബി.ഡി.സി.കെ. പദ്ധതിയുടെ DPR തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും പദ്ധതി നിർവഹണത്തിനായി കിഫ്ബി 12.62 കോടി രൂപ 22-05-2018-ൽ അനുവദിക്കുകയുമുണ്ടായി. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 12-07-2018-ന് പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ഭൂമി

ഏറ്റെടുക്കലിനെതിരെ ഭൂവുടമകൾ ശക്തമായ എതിർപ്പ് ഉയർത്തിയതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല.

പിന്നീട് ഭൂവുടമകളുടെയും ജനപ്രതിനിധികളുടെയും യോഗം ചേർന്ന് പുതിയ അലൈൻമെന്റിന്റെ സാധ്യത വിലയിരുത്തുകയും വീടുകൾ ഇല്ലാത്ത വയലിലൂടെ കടന്നുപോകുന്ന രീതിയിൽ പുതുക്കിയ അലൈൻമെന്റ് സമർപ്പിക്കാൻ നിർദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി 16.10 കോടി രൂപ 22-05-2023-ന് അനുവദിക്കുകയും ചെയ്തു.

തുടർന്ന് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിന് വീണ്ടും ജില്ലാ കളക്ടർക്ക് 29-05-2023-ന് അർത്ഥനാപത്രം നൽകി. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ 4(1) വിജ്ഞാപനം 16-12-2023-ൽ പുറപ്പെടുവിക്കുകയും സാമൂഹിക ആഘാത പഠനവും എക്സ്പെർട്ട് കമ്മിറ്റിയും പൂർത്തിയാക്കി 11(1) വിജ്ഞാപനം 05-08-2024-ന് പുറപ്പെടുവിച്ചു. ജില്ലാ കളക്ടർ 12-03-2025-ന് അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും 04-07-2025-ന് വിശദ വില നിർണ്ണയ റിപ്പോർട്ടും അംഗീകരിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് തഹസിൽദാർ ആവശ്യപ്പെട്ട നഷ്ടപരിഹാര തുകയായ 3,51,84,925/- രൂപ 29-07-2025-ന് തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരുകയാണ്.

പാലങ്ങൾ പുനർനിർമ്മിക്കുന്ന നടപടി

104 (1357) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് പഞ്ചായത്തിലെ കല്ലുവരമ്പ് പാലം, മാറനല്ലൂർ പഞ്ചായത്തിലെ അണപ്പട്ട് പാലം, വിളവൂർക്കൽ പഞ്ചായത്തിലെ കല്ലുപാലം എന്നിവ ശോചനീയാവസ്ഥയിലാണ് എന്നതിനാൽ അവ പുനർനിർമ്മിക്കുക എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് പഞ്ചായത്തിലെ കല്ലുവരമ്പ് പാലം, മാറനല്ലൂർ പഞ്ചായത്തിലെ അണപ്പാട് പാലം, വിളവൂർക്കൽ പഞ്ചായത്തിലെ കല്ലുപാലം എന്നിവ പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

ബജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ ഡെഫർ ചെയ്തിരിക്കുന്ന പ്രവൃത്തികൾ ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തും.

മാവേലിക്കരയിൽ നിർമ്മാണം പുരോഗമിക്കുന്ന പാലത്തിന്റെ ഒരു ഗർഡർ തകർന്ന സംഭവം

105(1358) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ നിർമ്മാണത്തിലുള്ള പാലത്തിന്റെ ഒരു ഗർഡർ കോൺക്രീറ്റ് ചെയ്യുന്നതിനിടെ തകർന്നുവീണതിനെത്തുടർന്ന് അച്ചൻകോവിലാറ്റിൽ രണ്ട് തൊഴിലാളികൾ മുങ്ങി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നും അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(എ-സി) മാവേലിക്കരയിൽ നിർമ്മാണത്തിലുള്ള പാലത്തിന്റെ ഒരു ഗർഡർ കോൺക്രീറ്റ് ചെയ്യുന്നതിനിടെ ഉണ്ടായ അപകടത്തെകുറിച്ച് പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. പാലം നിർമ്മാണത്തിനിടയിൽ ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിരുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുള്ളതും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദേശം ലൈസൻസിങ് അതോറിറ്റിക്ക് നൽകിയിട്ടുമുണ്ട്.

പി.വി.ഐ.പി. കനാലിന് കുറുകെയുള്ള പാലം നിർമ്മാണം

106 (1359) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.വി.ഐ.പി. (പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്) കനാലിന് കുറുകെ പിറവം മണ്ഡലത്തിൽ എത്ര പാലങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ നിർമ്മിച്ച വർഷവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പി.വി.ഐ.പി. (പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്) കനാലിനു കുറുകെ പിറവം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങളൊന്നും നിർമ്മിച്ചിട്ടില്ലാത്തതാകുന്നു.

(ബി) ഇതിൽ കാലപ്പഴക്കത്താൽ ജീർണാവസ്ഥയിലുള്ള എത്ര പാലങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ബാധകമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.വി.ഐ.പി. കനാലിന് കുറുകെയുള്ള ജീർണാവസ്ഥയിലുള്ള എത്ര പാലങ്ങൾ പുനർനിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പി.വി.ഐ.പി. കനാലിന് കുറുകെ പിറവം മണ്ഡലത്തിൽ ജീർണ്ണാവസ്ഥയിലുള്ള പാലങ്ങളൊന്നും പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മിച്ചിട്ടില്ലാത്തതാകുന്നു.

(ഡി) രായമംഗലം സെന്റ് ജോർജ് സൺഡേ സ്കൂളിന്റെ മുൻഭാഗത്ത് പാലം നിർമ്മിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

രായമംഗലം St. George Sunday School-ന്റെ മുൻഭാഗത്തുള്ള പാലം നിർമ്മാണം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തിയല്ല.

(ഇ) പുതിയ എത്ര പാലങ്ങൾ നിർമ്മിക്കാനും നിലവിലുള്ളവയെ പുതുക്കിപ്പണിയാനും ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

പിറവം മണ്ഡലത്തിൽ പുതുക്കി പണിയാൻ നിർദ്ദേശിക്കപ്പെട്ട പാലങ്ങൾ തുപ്പംപടി ഇറിഗേഷൻ കനാൽ, എരുവേലി ഇറിഗേഷൻ കനാൽ ബ്രിഡ്ജ് എന്നിവയാണ്.

ഒരാടം പാലം – മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണം

107 (1360) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ഒരാടം പാലം - മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ ഭാഗമായുള്ള റെയിൽവേ സ്പാനിന്റെ ഡിസൈൻ ഡ്രോയിങ്സ്, അംഗീകരിച്ച അലൈൻമെന്റ്, സോയിൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ അടങ്ങിയ വിശദാംശം സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അത് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; അടിയന്തരമായി വിശദാംശങ്ങൾ ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രവൃത്തി നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ദീർഘകാലമായി കാര്യമായ പുരോഗതി കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയപരിധി നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-ഡി) നിർദ്ദിഷ്ട ഓരാടം പാലം-മാനത്തുമംഗലം ബൈപാസ് റോഡ് എൻ.എച്ച്. 966-ലെ ഓരാടം പാലം ഭാഗത്തുനിന്ന് ആരംഭിച്ച് പെരുമ്പിലാവ് നിലമ്പൂർ സംസ്ഥാന പാതയിൽ മാനത്തുമംഗലം എന്ന സ്ഥലത്ത് അവസാനിക്കുന്നതാണ്. ഇതിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനായി 17-01-2011-ലെ G.O.(Rt)No: 73/2011/PWD ഓർഡർപ്രകാരം 10

കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ആകെ 4.038 കി.മീ. നീളമാണ് ബൈപാസ് റോഡിനുള്ളത്. അലൈമെന്റ്പ്രകാരം റെയിൽവേയുടെ ഏഴുകണ്ണി പാലം ക്രോസ്സ് ചെയ്താണ് ബൈപ്പാസ് ഉണ്ടാക്കേണ്ടിയിരുന്നത്. മഴക്കാലത്ത് സബ്വേയിൽ വെള്ളം കയറി ഗതാഗത സ്തംഭനമുണ്ടാകാനിടയുള്ളതിനാൽ ഓവർബ്രിഡ്ജ് നിർമ്മിക്കാൻ തീരുമാനിച്ചു. എന്നാൽ ഓവർബ്രിഡ്ജിനായി പുഴയിൽ പില്ലറുകൾ സ്ഥാപിക്കേണ്ടത് നീരൊഴുക്കിനെ ബാധിക്കുമെന്നതിനാലും ഏഴുകണ്ണി പാലത്തിന് മുകളിലൂടെ ഓവർബ്രിഡ്ജ് ഉണ്ടാക്കുമ്പോൾ പില്ലറുകൾക്ക് 17 മീറ്ററിലേറെ ഉയരം വരുമെന്നതിനാലും റെയിൽവേ ലൈൻ ക്രോസ് ചെയ്യുന്നത് ഏഴുകണ്ണി പാലം ഒഴിവാക്കി അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നും റെയിൽവേ നിർദേശിച്ചു. മാറ്റം വരുത്തിയ അലൈൻമെന്റും റെയിൽവേ ക്രോസിങ്ങ് വരുന്ന ഭാഗത്തുള്ള മേൽ പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡിസൈൻ (GAD) റെയിൽവേയ്ക്ക് സമർപ്പിച്ചുവെങ്കിലും റെയിൽവേ സ്പെസിഫിക്കേഷൻ അനുസരിച്ച് ചില മാറ്റങ്ങൾ നിർദേശിച്ചതനുസരിച്ച് മാറ്റങ്ങൾ വരുത്തിയ ഡ്രോയിങ്ങ് റെയിൽവേയ്ക്ക് പുനഃസമർപ്പിച്ചു. റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പി&ഇ ചാർജ്ജ് 16,23,800/- രൂപ അടച്ചതിനുശേഷം GAD പരിശോധന നടത്തുന്നതാണെന്നും റെയിൽവേ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 02-03-2020-ലെ G.O. (Rt) 261/2020/PWD പ്രകാരം 10,16,23,800/- രൂപക്കുള്ള ഭരണാനുമതി നൽകുകയും ആയതിൽനിന്ന് 15-01-2021 -ലെ ഉത്തരവ് നമ്പർ: ഇ 3/6366/19, പ്രകാരം പി&ഇ ചാർജ്ജായ 16,23,800/- രൂപ സതേൺ റെയിൽവേയ്ക്ക് അടയ്ക്കുകയും ചെയ്തു.

ഭരണാനുമതി ഉത്തരവിന്റെ കാലാവധി മൂന്ന് വർഷം കഴിഞ്ഞ് ഉത്തരവ് കാലഹരണപ്പെട്ടതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകി. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് പുതിയ നിരക്കിലുള്ള റെയിൽവേയുടെ പി&ഇ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതിൽ പുതുക്കിയ ROB യൂണിറ്റ് കോസ്റ്റ്പ്രകാരം പി&ഇ ചാർജ്ജ് കണക്കാക്കിയാൽ 24,32,434/- രൂപ വരുമെന്നും അതിൽനിന്ന് അടവാക്കിയ തുക കുറച്ച് ബാക്കി 8,08,634/- രൂപ അടവാക്കണമെന്ന് അറിയിച്ച് റെയിൽവെയിൽനിന്ന് കത്ത് ലഭിച്ചു.

അതുപ്രകാരം അധിക തുകയായ 8,08,634/- രൂപ ലഭ്യമാക്കുന്നതിന് നിർദേശിച്ചതിൻപ്രകാരം മാറ്റങ്ങൾ വരുത്തുന്നതിനും സാധ്യതകൾ വിശകലനം ചെയ്ത് പരിഹരിക്കുന്നതിനും പൊതുമരാമത്ത് ഡിസൈൻ വിങ്ങിന്റെ സേവനത്തിനായ് കത്ത് നൽകിയിരുന്നു. റെയിൽവെയുടെ ഭാഗത്തുള്ള GAD റെയിൽവെ അംഗീകരിച്ച ഏജൻസിയെകൊണ്ടാണ് ചെയ്തിട്ടുള്ളത് എന്നും റെയിൽവെയുടെ ഭാഗത്തുള്ള Span-ന്റെ അലൈൻമെന്റ്, മണ്ണ്, പരിശോധന എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് ബാക്കിയുള്ള ഭാഗത്തിന്റെ GAD-യും DD-യും ഡിസൈൻ വിങ്ങിൽനിന്നും ചെയ്തു തരുന്നതാണെന്നാണ് 09-04-2025-ലെ കത്ത് മുഖേന ചീഫ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. ഡിസൈൻ അറിയിച്ചിട്ടുണ്ട്.

10,24,32,343 രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുള്ളതും അത് പരിശോധിച്ച് വരുന്നതുമാണ്. പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ)

മഞ്ചേരി എക്സ്കിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 19-08-2025-ലെ EERD/DVOMLP/4708/2024 നമ്പർ കത്തുപ്രകാരം ഹെഡ്ക്വാർട്ടേഴ്സ് ഓഫീസ് സതേൺ റെയിൽവേ വർക്ക്സ് ബ്രാഞ്ച് ചെന്നൈ ചീഫ് എഞ്ചിനീയർക്ക് റെയിൽവേ ഭാഗത്തുള്ള പുതുക്കിയ GAD, അലൈൻമെന്റ് പ്ലാൻ, ചെക്ക് ലിസ്റ്റ് എന്നിവ അയച്ച് നൽകിയിരുന്നു. ഇതിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് മഞ്ചേരി എക്സ്കിക്യൂട്ടീവ് എഞ്ചിനീയർക്ക് റെയിൽവേയിൽ നിന്നും 09-09-2025-ൽ കത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടപ്രകാരം റെയിൽവേയ്ക്ക് സമർപ്പിച്ച വിശദാംശങ്ങൾ പുതുക്കി നൽകുന്ന നടപടികൾ പുരോഗമിക്കുന്നു.

കടവുപുഴ പാലം നിർമ്മാണം

108 (1362) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ പൂർണ്ണമായി തകർന്നുപോയ കടവുപുഴ പാലം നിർമ്മാണത്തിന്റെ നിജസ്ഥിതി, പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം തകർന്നതുമൂലം വർഷങ്ങളായി രോഗികൾ ഉൾപ്പെടെയുള്ള ജനങ്ങൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കോട്ടയം ജില്ലയിലെ പാലാ നിയോജകമണ്ഡലത്തിൽ മീനച്ചിലാറിനു കുറുകെ മൂന്നിലവ്-മേലുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചില്ലിച്ചി പാലം (2021-22 ബഡ്ജറ്റിൽ Volume 1, Page No 53, ക്രമ നമ്പർ 878 ആയി 20% പ്രൊവിഷനുള്ള) നിർമ്മാണത്തിനായി 368.86 ലക്ഷം രൂപയുള്ള ഭരണാനുമതി 19-01-2023-ലെ G.O. (Rt)No.58/2023/PWD പ്രകാരം നൽകിയിരുന്നു. ചില്ലിച്ചി പാലത്തിന്റെ അപ്രോച്ച് നിർമ്മാണത്തിനായുള്ള സ്ഥലദൗർലഭ്യം കണക്കിലെടുത്ത് 2021-ൽ പ്രളയത്തിൽ തകർന്ന കടവുപുഴ പാലത്തിന്റെ നിർമ്മാണത്തിന് തുക മാറ്റി അനുവദിക്കണമെന്ന് പാലാ നിയോജകമണ്ഡലം ബഹുമാനപ്പെട്ട എം.എൽ.എ. അഭ്യർഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2.392 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചില്ലിച്ചി പാലത്തിന് അനുവദിച്ച തുക റദ്ദ് ചെയ്തുകൊണ്ട് പകരം കടവുപുഴ പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതിക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിശോധനയിലാണ്.

നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ തകരുന്ന സംഭവങ്ങൾ

109 (1363) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ തകരുന്ന സംഭവങ്ങൾ വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

പാലം പ്രവൃത്തികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി പാലക്കാട് IIT, കോഴിക്കോട് NIT, KHRI എന്നിവയുടെ സഹായത്തോടെ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ, പ്രോജക്ട് ഡയറക്ടർ-കെ.ആർ.എഫ്.ബി., ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഒരു ഗൈഡ്ലൈൻ തയ്യാറാക്കുന്നതിനും ഇൻസ്പെക്ഷൻ നടത്തുന്നതിലേക്കായി ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുമുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണത് നിർമ്മാണത്തിലെ അപാകതമൂലമാണെന്നത് വസ്തുതയാണോ;

(സി) റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിലാണ് പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നത് എന്നിരിക്കെ മേൽനോട്ടത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വീഴ്ചകളാണ് സംഭവിച്ചതെന്ന് വ്യക്തമാക്കാമോ?

(ബി&സി) പൊതുമരാമത്ത് വിജിലൻസ് വിഭാഗം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ തോരായിക്കടവ് പാലത്തിന്റെ നിർമ്മാണ വേളയിൽ ഫോം വർക്ക് മറിഞ്ഞുവീണുണ്ടായ

അപകടത്തെക്കുറിച്ച് വിദഗ്ധ പരിശോധന നടത്താൻ കോഴിക്കോട് NIT-യെ ചുമതലപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ട്.

മീഞ്ചന്ത-അരീക്കോട് മേൽപ്പാലം നിർമാണം

110 (1364) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മീഞ്ചന്ത-അരീക്കോട് മേൽപ്പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇതിനാവശ്യമായ സ്ഥലമേറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

(എ&ബി) ബേപ്പൂർ-കോഴിക്കോട് സൗത്ത് മണ്ഡലങ്ങളുടെ ഭാഗമായ മീഞ്ചന്ത-അരീക്കാട് മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടിയുള്ള 117.079 കോടി രൂപയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

റെയിൽവേ മേൽപ്പാലം

111 (1365) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച മാന്പ്രക്കുന്നേൽ റെയിൽവേ മേൽപ്പാലം, കാക്കനാട് റെയിൽവെ മേൽപ്പാലം എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ച് കാലങ്ങളായിട്ടും

നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർമ്മാണ ചുമതലയുള്ള കായംകുളം മണ്ഡലത്തിലെ മാന്പ്രക്കുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണ പ്രവൃത്തി 14-11-2024-ൽ റീടെൻഡർ ചെയ്യുകയും 18-01-2025-ൽ ഫിനാൻഷ്യൽ ബിഡ് തുറക്കുകയും ചെയ്തു. ഏറ്റവും കുറവ് ക്വാട്ട് ചെയ്ത തുക ആർ.ബി.ഡി.സി.കെ.-യ്ക്ക് അംഗീകരിക്കാൻ സാധ്യമാകുന്ന തുകയേക്കാൾ അധികമായതിനാൽ അനുമതിക്കായി പ്രൊപ്പോസൽ 11-06-2025-ൽ ലഭ്യമായിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരുന്നു.

കെ.ആർ.ഡി.സി.എൽ. നിർവഹണ ഏജൻസിയായിട്ടുള്ള കാക്കനാട് റെയിൽവേ മേൽപ്പാലവുമായി ബന്ധപ്പെട്ട് ജി.എ.ഡി., എസ്റ്റിമേറ്റ് എന്നിവ റെയിൽവേ അംഗീകരിച്ചു. ജില്ലാ കളക്ടർ നിർദ്ദേശിച്ചപ്രകാരം കെ.ആർ.ഡി.സി.എൽ. സ്ട്രക്ചറൽ വാല്യുവേഷൻ നടത്തും. ഇതിനായി ഏജൻസിയെ ഉടനെ നിശ്ചയിക്കും. 11 (1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും റെയിൽവേയിൽനിന്ന് ഭൂമിയുടെ വില സ്വീകരിച്ച് ബന്ധപ്പെട്ട എൽ.എ.ഒ.-യ്ക്ക് അയച്ചിട്ടുമുണ്ട്. ടെൻഡർ ജോലികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തി റെയിൽവേയുടെ 100 ശതമാനം ഫണ്ടിങ്ങിനുവേണ്ടി ശിപാർശ ചെയ്തിട്ടുണ്ട്.

പാലം നിർമ്മാണം

112 (1366) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതും എഗ്രിമെന്റ് ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നതുമായ പെരുന്തുത്തി കടവ് പാലം നിർമ്മാണം സാങ്കേതിക കാരണങ്ങളാൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ഈ പ്രവൃത്തി റദ്ദ് ചെയ്യുന്നതിനും ഈ പ്രവൃത്തിയുടെ തുക തിരൂരങ്ങാടി മണ്ഡലത്തിലെ കാളംതിരുത്തി പാലം നിർമ്മാണം, വട്ടച്ചിറ പാലം നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് മാറ്റി ഭരണാനുമതി ലഭ്യമാക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം) ചീഫ് എഞ്ചിനീയർക്ക് 28-10-2024-ൽ ഇ.ഇ.ബി.ആർ.-ഡി.വി.ഒ.പി.കെ.ഡി./ 274/2023-ഡി3-പി.ഡബ്ല്യു.ഡി. നമ്പർ കത്ത് നൽകിയിരുന്നോ; ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

28-01-2020-ലെ സ.ഉ.(സാധാ) നം.105/2020/ പി.ഡബ്ല്യു.ഡി പ്രകാരം 13.7 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പെരുന്തിരുത്തി കടവ് പാലം നിർമ്മാണം പ്രദേശവാസികളുടെ എതിർപ്പുകാരണം തുടർന്ന് നടത്താൻ സാധിക്കാത്തതിനാൽ അതുമായിബന്ധപ്പെട്ട് ചെയ്ത അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ കരാർ റദ്ദാക്കുന്നതിനായി 06-02-2025-ൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പറുകൾ സഹിതം വിശദമാക്കാമോ?

ചീഫ് എഞ്ചിനീയർ കാര്യാലയത്തിലെ File No. CEPWD-MLP/12/2022/AB3-BR സെക്രട്ടറിയേറ്റ് ഫയൽ നമ്പർ-D1/530/2024/PWD.

(സി) ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗ തീരുമാനപ്രകാരം സാങ്കേതിക കാരണങ്ങളാൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്ത ഈ പ്രവൃത്തിയുടെ തുക മാറ്റി, ശിപാർശ ചെയ്ത പ്രവൃത്തികൾക്ക് മാറ്റി അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തിയുടെ തുക മാറ്റി, ശിപാർശ ചെയ്ത മറ്റ പ്രവൃത്തികൾക്ക് അനുവദിച്ച് ഭരണാനുമതി ഉത്തരവിറക്കുന്നതിന് 28-10-2024-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം), ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകി ഒരു വർഷത്തോളമായിട്ടും ഭരണാനുമതി ഉത്തരവിറക്കാത്തതിന്റെ കാലതാമസം കാരണങ്ങൾ സഹിതം വിശദമാക്കാമോ?

(സി&ഡി) കാളംതിരുത്തി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ; ഡിസൈൻ വിഭാഗത്തിൽനിന്നും തയ്യാറാകുന്നു. പെരുന്തുരുത്തി പാലം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി റദ്ദാക്കുന്നത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. ഇതിന് അനുമതി ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കാനാകും.

തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി

113 (1367) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണത്തിൽ ആർ.ബി.ഡി.സി.കെ. മുഖാന്തരം ചിറയിൻകീഴ് ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

നിലവിലെ നിർമ്മാണ പുരോഗതി; ചിറയിൻകീഴ് ആർ.ഒ.ബി.-യുടെ ഫൗണ്ടേഷൻ, സബ് സ്ട്രക്ചർ, സൂപ്പർ സ്ട്രക്ചർ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. സർവീസ് റോഡിന്റെ DBM & BC പ്രവൃത്തികൾ പൂർത്തീകരിച്ചു. നിലവിൽ പാലത്തിന്റെ ഹാൻഡ് റെയിൽ, അപ്രോച്ച് റോഡിന്റെ പ്രവൃത്തികളും നടന്നുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ ഓരോ റെയിൽവേ മേൽപ്പാലങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ ഓരോ റെയിൽവേ മേൽപ്പാലങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) തിരുവനന്തപുരം ജില്ലയിലെ എത്ര റെയിൽവേ മേൽപ്പാല പദ്ധതികളുടെ അലൈൻമെന്റ് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ 12 ആർ.ഒ.ബി.-കളുടെ അലൈൻമെന്റ് അപ്രൂവലിനായി റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ഇവയിൽ ബാലരാമപുരം ആർ.ഒ.ബി., ക്ലേ ഗേറ്റ് ആർ.ഒ.ബി., ശാർക്കര ആർ.ഒ.ബി., മഞ്ചാടിമൂട് ആർ.ഒ.ബി., കരമന ആർ.ഒ.ബി.-കൾ ഒഴികെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാക്കിയുള്ളവയുടെ എല്ലാം GAD റെയിൽവേ അംഗീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 5 ആർ.ഒ.ബി.-കളുടെ അപ്രൂവൽ റെയിൽവേയുടെ പരിഗണനയിലാണ്.

തൃശൂർ നിയോജകമണ്ഡലത്തിലെ കുരുത്തിക്കോട് പാലം

114 (1368) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശൂർ നിയോജകമണ്ഡലത്തിലെ കുരുത്തിക്കോട് പാലം പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കുരുത്തിക്കോട് പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിലവിൽ ബ്രിഡ്ജ് പ്രോപ്പർ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇരുവശങ്ങളിലുമുള്ള അപ്രോച്ച് റോഡിന്റെ റീട്ടെയിനിങ് വാൾ കോൺക്രീറ്റ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 16-01-2026 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽത്തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പത്താനാപുരം പാലം

115 (1369) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശൂർ നിയോജകമണ്ഡലത്തിലെ പത്താനാപുരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രവൃത്തി പൂർത്തീകരിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

പത്തനാപുരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിലവിൽ ബ്രിഡ്ജ് പ്രോപ്പർ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇരുവശങ്ങളിലുമുള്ള അപ്രോച്ച് റോഡിന്റെ റീട്ടെയിനിങ് വാൾ കോൺക്രീറ്റ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 28-01-2026 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽത്തന്നെ പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണ സംഭവം

116 (1370) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണ സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിർമ്മാണത്തിലെ അപാകത അപകടത്തിന് കാരണമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നും അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

(എ-സി) കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലത്തിന്റെ ഒരു ഫോം വർക്കിൽ ഉണ്ടായ അപകടവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ്

ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്തി 22-08-2025-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപകടത്തെക്കുറിച്ച് വിശദമായ പരിശോധനയ്ക്കായി വിദഗ്ധ ഏജൻസിയുടെ സഹായം തേടുന്നതിന് പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശിപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് NIT-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇരിക്കൂർ പുതിയ പാലത്തിന്റെ നിർമ്മാണം

117 (1371) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ, ഇരിക്കൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരിക്കൂർ പാലത്തിന്റെ ബലക്ഷയംമൂലം പുതിയ പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ പുതിയ പാലത്തിന്റെ നിർമ്മാണത്തിനായി 11.70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. NABARD Tranche XXX ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചെങ്കിലും ഭരണാനുമതി ലഭിച്ചിരുന്നില്ല. പ്രസ്തുത എസ്റ്റിമേറ്റ് ബജറ്റിൽ വകയിരുത്താൻ ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

118 (1372) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ രണ്ടര വർഷങ്ങൾക്ക് മുൻപ് ജി.എസ്.റ്റി. പ്രശ്നത്താൽ നിർമ്മാണ പ്രവർത്തനം നിലച്ച പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽനിന്നും കരാറുകാരനെ ഒഴിവാക്കുന്നതിനും ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിനും സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ചശേഷം അപ്രോച്ച് റോഡ് പ്രവൃത്തികൾ ക്രമീകരിക്കുന്നതിനും 07-07-2025-ലെ സ.ഉ.(സാധാ)നം. 1019/2025/PWD ഉത്തരവുപ്രകാരം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 21-07-2025-ലെ DB04/1628/2011 നമ്പർ ഉത്തരവുപ്രകാരം കരാറുകാരനെ പ്രവൃത്തിയിൽനിന്ന് ടെർമിനേറ്റ് ചെയ്യുകയും ബാലൻസ് പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തു. ആദ്യ ടെൻഡറിൽ ഒരാൾ മാത്രം ക്വാട്ട് ചെയ്തതിനാൽ റീ ടെൻഡർ ചെയ്തു. റീ ടെൻഡറിൽ ഒരാൾ ക്വാട്ട് ചെയ്തത് പരിശോധനയിലാണ്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും അപ്രോച്ച് റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ബ്രിഡ്ജ് പ്രോപ്പർ എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ബാലൻസ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്പ്രകാരം ടെൻഡർ നടപടികൾ

സ്വീകരിച്ചിട്ടുള്ളതാണ്. അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പ് നടപടികൾ നടന്നുവരുന്നു. SIA പഠനം പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തിക്കായി ടെൻഡർ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിക്ക് ലഭിച്ച ടെൻഡർ പരിശോധനയിലാണ്. അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

ഒലിപ്പാറ പാലം നിർമ്മാണം

119 (1373) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ ഒലിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 7.65 കോടി രൂപയുടെ ഭരണാനുമതി നൽകിയ കോങ്ങാട് മണ്ഡലത്തിലെ ഒലിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് നിലവിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതി നൽകിയ ടെൻഡർ നടപടികൾ കാലതാമസമില്ലാതെ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലം നിർമ്മാണം

120 (1374) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ എഴുത്തോംപാറ പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടന്നുവരുന്ന എഴുത്തോംപാറ പാലം പ്രവൃത്തിക്ക് 31-10-2016-ലെ സ.ഉ. (സാധാ)നം.1496/2016/പൊ.മ.വ ഉത്തരവുപ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 13-03-2024-ലെ ഉത്തരവുപ്രകാരം 5.96 കോടി രൂപയ്ക്കുള്ള സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. തുടർന്ന് 14-03-2025-ലെ ഉത്തരവുപ്രകാരം 10.23 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 22-03-2025-ലെ ഉത്തരവുപ്രകാരം 10.226 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി 25-03-2025-ൽ പ്രവൃത്തി ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡറിൽ ആരും

പങ്കെടുക്കാത്തതിനാൽ 09-04-2025, 23-04-2025, 02-07-2025 എന്നീ തീയതികളിൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. 02-07-2025-ൽ നടന്ന റീ-ടെൻഡറിൽ മൂന്ന് ബിഡ്ഡേഴ്സ് പങ്കെടുക്കുകയും LI Bidder ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി എന്ന കരാർ കമ്പനി 12 കോടി രൂപ (39.33% above-2018 DSoR) ക്വാട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത ടെൻഡറിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

121 (1375) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിയുടെ സഹായത്തോടെ ആർ.ബി.ഡി.സി.കെ, നിർമ്മിക്കുന്ന റെയിൽവേ മേൽപാലങ്ങളുടെ പുരോഗതി അറിയിക്കാമോ?

ആർ.ബി.ഡി.സി.കെ-യെ SPV ആയി നിയമിച്ചിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങളിൽ എട്ടെണ്ണം പൂർത്തീകരിച്ചുകഴിഞ്ഞു. കിഫ്ബി ഫണ്ട് വിനിയോഗിച്ച്കൊണ്ട് 10 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. കൂടാതെ 6 മേൽപ്പാലങ്ങളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. 23 മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കേണ്ടതും 18 മേൽപ്പാലങ്ങൾക്ക് റെയിൽവേയുടെ GAD അംഗീകാരം ലഭിക്കേണ്ടതും 2 മേൽപ്പാലങ്ങളുടെ DPR തയ്യാറാക്കി വരുന്നതും 3 മേൽപ്പാലങ്ങളുടെ അലൈൻമെന്റ് അന്തിമമാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ പുരോഗതി അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കി വരുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ലെവൽ ക്രോസ്സ് രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 27 ആർ.ഒ.ബി./ആർ.യു.ബി.-കളുടെയും സ.ഉ.(സാധാ)നം.447/2025/പൊ.മ.വ നമ്പർ ഉത്തരവുപ്രകാരം 100% റെയിൽവേ ഫണ്ടിങ്ങിന് സമ്മതിച്ച 39 ആർ.ഒ.ബി.-കളുടെയും നിർവഹണ ഏജൻസിയായി കെ.ആർ.ഡി.സി.എൽ.-ന് ചുമതല നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രധാന വീഥികളിൽ റെയിൽക്രോസില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ എപ്പോൾ കഴിയുമെന്നാണ് വിലയിരുത്തുന്നത്; വിശദമാക്കാമോ?

ലെവൽ ക്രോസ് ഫ്രീ കേരള-ബാരിയർ ഫ്രീ റോഡ് നെറ്റ്വർക്ക് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ 72 മേൽപ്പാലങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ആർ.ബി.ഡി.സി.കെ.-യെ SPV ആയി ചുമലപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 8 മേൽപ്പാലങ്ങൾ ഗതാഗതത്തിനായി തുറന്നു കൊടുത്തിട്ടുള്ളതും 10 മേൽപാലങ്ങൾ നിർമ്മാണ ഘട്ടത്തിലുമാണ്. 7 മേൽപ്പാലങ്ങളുടെ ടെൻഡർ നടപടികളും 23 മേൽപ്പാലങ്ങൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളും പുരോഗമിക്കുകയാണ്. 18 എണ്ണത്തിന് റെയിൽവേയുടെ GAD അംഗീകാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കേണ്ടതുള്ളതും 2 പാലങ്ങളുടെ DPR തയ്യാറാക്കി വരുന്നതും 3 എണ്ണത്തിന്റെ അലൈൻമെന്റ് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഒരു മേൽപ്പാലത്തിനു പകരം റെയിൽവേ അടിപ്പാത നിർമ്മിച്ചിട്ടുണ്ട്.

കെ.ആർ.ഡി.സി.എൽ.-മായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 27 ആർ.ഒ.ബി./ആർ.യു.ബി.-കളുടെ (19 എണ്ണം നൂറു ശതമാനം റെയിൽവേ ഫണ്ടിങ്ങ്) നിർമ്മാണവും 26-03-2025-ലെ ജി.ഒ.(ആർ.ടി) നമ്പർ 447/2025/പി.ഡബ്ല്യു.ഡി. എന്ന സർക്കാർ ഉത്തരവുപ്രകാരം 39 റോഡ് ഓവർ ബ്രിഡ്ജുകളുടെയും/റോഡ് അണ്ടർ ബ്രിഡ്ജുകളുടെയും (100 ശതമാനം റെയിൽവേ ഫണ്ടിങ്ങ്) നിർവഹണവും നടത്തുന്നുണ്ട്.

കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണ പ്രവൃത്തി

122 (1376) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണ പ്രവൃത്തിക്ക് 10-07-2017-ലെ സ.ഉ.(സാധാ)നം.942/2017/പൊ.മ.വ ഉത്തരവുപ്രകാരം 50 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾക്കുവേണ്ടി 1.32

കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. എൽ.എ. തഹസിൽദാർ, കിഫ്ബി പാലക്കാടിനെ ടി പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിക്കുകയും 12-09-2025-ന് റവന്യൂ കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിക്കുകയും ചെയ്തു.

(ബി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ പാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. അതിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കേണ്ടതുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതിനുശേഷം പാലം നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്. ടെൻഡർ നടപടികൾ പൂർത്തിയാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മാവേലിക്കര മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ

123 (1377) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരവും അവയുടെ തൽസ്ഥിതിയും ലഭ്യമാക്കുമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻ കീഴിലെ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൻ കീഴിലെ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

പൊതുമരാമത്ത് നിരത്തുപരിപാലന വിഭാഗത്തിൻകീഴിൽ മാവേലിക്കര നിയമസഭാമണ്ഡലത്തിൽ 2021-22 വർഷത്തിൽ അറ്റകറ്റപ്പണികൾക്കായി 7 റോഡുകൾക്ക് (14.8 കി.മീ) 56.07 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അത് പൂർത്തീകരിച്ചിട്ടുണ്ട്. 2023-24-ൽ 7 റോഡുകൾക്കായി 20.80 കിലോമീറ്ററിന് 151.08 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ആയത് പൂർത്തീകരിച്ചിട്ടുണ്ട്. 2024-25-ൽ 3 റോഡുകൾക്കായി 52.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. OPBRC 1, 2, 3, 4, 5 എന്നീ പാക്കേജിൽ ഉൾപ്പെടുത്തി, 443.71 കി. മീ റോഡിന്റെ 7 വർഷത്തെ പരിപാലന പ്രവൃത്തികൾക്കായി 359.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട മാവേലിക്കര നിയമസഭാമണ്ഡലത്തിലെ 13.265 കി.മീറ്റർ റോഡിന്റെ പരിപാലന പ്രവൃത്തികൾ പുരോഗതിയിലാണ്. KSTP വിഭാഗത്തിൻകീഴിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തട്ടാരമ്പലം മിച്ചൽ ജങ്ഷൻ - കൊച്ചാലുമ്മൂട് - മാങ്കാംകുഴി - പന്തളം റോഡിന്റെ (18.657 കി.മീ) പ്രവൃത്തികൾ 20-04-2023-ന് പൂർത്തീകരിച്ചു. ഇതിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ 14.657 കി.മീ. റോഡ് ഉൾപ്പെട്ടുവരുന്നു. റോഡ് ഇപ്പോൾ മെയിന്റനൻസ് കാലാവധിയിലാണ്. PAP പ്രവൃത്തികൾ നടന്നുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

OPBRC PKG-01 എറണാകുളം-കോട്ടയം-ആലപ്പുഴ-പത്തനംതിട്ട ഉൾപ്പെട്ട റോഡുകളുടെ പരിപാലനം മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. നിലവിൽ ടി പ്രവൃത്തി ടെർമിനേറ്റ് ആയിട്ടുണ്ട്. റണ്ണിങ് കോൺട്രാക്ട് മുഖേന ടി റോഡുകൾ എത്രയുംവേഗം trafficable ആക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും

124 (1378) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

നിരത്തുകൾ

വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

ദേശീയപാത

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനുകീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തി: പഴയ ദേശീയപാത 17-മുക്കാളിയിലെ ഡ്രെയിനേജ് നിർമ്മാണം 38.45 ലക്ഷം രൂപ.

കെ.ആർ.എഫ്.ബി. – പി.എം.യു.

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലങ്ങൾ

1. കോട്ടൂലി പാലം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - ചോറോട്-ഒർക്കാട്ടേരി റോഡിൽ സ്ഥിതിചെയ്യുന്ന ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും തുടർന്ന് ഡിസൈൻ ലഭ്യമാക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

2. തോണിത്തലക്കൽ പാലം - ഓർക്കാട്ടേരി-കാർത്തികപ്പള്ളി റോഡിലെ തോണിത്തലക്കൽ പാലത്തിന്റെ മെയിന്റനൻസ് പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടുണ്ട്.

3. തോണിത്തലക്കൽ പാലം പുനർനിർമ്മാണം - തോണിത്തലക്കൽ പാലം പുനർനിർമ്മിക്കുനതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്.

4. ഇല്ലത്ത് പാലം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - വടകര ചോറോട്- ഓർക്കാട്ടേരി റോഡിലെ ഇല്ലത്ത് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. TGD തയ്യാറാക്കിവരുന്നു.

5. ആഴിത്തലക്കടവ് പാലം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - 13-12-2024-ൽ ഡിസൈൻ ലഭിക്കുന്നതിനുവേണ്ടി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

6. തിരുത്തിമുക്ക് പാലം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കിയിട്ടുമുണ്ട്. പ്രസ്തുത പാലത്തിന്റെ എടച്ചേരി ഭാഗത്ത് KRFB-യുടെ കീഴിൽ നടക്കുന്ന

പ്രവൃത്തിയുമുണ്ട്. ഈ രണ്ട് പ്രവൃത്തികളും കൂടിച്ചേരുന്ന ഭാഗത്ത് അലൈൻമെന്റ് സംബന്ധിച്ച അന്തിമ തീരുമാനമാകുന്ന നടപടികൾ പുരോഗമിക്കുന്നു.

നിരത്ത് പരിപാലനം

പൊതുമരാമത്ത് നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ നടത്തിയിട്ടുള്ളത് 3 റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികളാണ്

1. CLUSTER I-One Year Running Contract for Various PWD Roads Under Roads Section VATAKARA In Kozhikode District Four No's Road Stretches for a Total Length of 8.05 Km 32.5 ലക്ഷം.

2. GENERAL-RC-1:-2023-24-One Year Running Contract for Various PWD Roads under Roads Section VATAKARA in Kozhikode District-5 Nos. Road Stretches for a Total Length of 10.850 Km. General Civil Work തുക 38 ലക്ഷം.

3. GENERAL-RM-RC-1: 2024-25-Cluster 1 One Year Running Contract for Various PWD Roads Under Roads Section VATAKARA in Kozhikode District 5 No's Road Stretches for a Total Length of 9.650 Km. General Civil Work തുക 38 ലക്ഷം.

കെട്ടിടം

വിവരം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

കെ.ആർ.എഫ്.ബി. – പി.എം.യു.

വടകര വില്യാപ്പള്ളി ചേലക്കാട് റോഡ് 0/000 മുതൽ 15/984 വരെയുള്ള പുനരുദ്ധാരണത്തിന് 77.21 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായെങ്കിലും വടകര മണ്ഡലത്തിൽ ഉൾപ്പെടുന്ന 0/000 മുതൽ 2/700 വരെയുള്ള ഭാഗത്ത് ഫ്രീ സറണ്ടർ ഭൂമി ലഭ്യമാകാത്തതിനാൽ പ്രസ്തുത സ്ട്രെച്ച് ടെൻഡർ ചെയ്യാൻ സാധിച്ചിട്ടില്ല. 0/000 മുതൽ 2/700 വരെയുള്ള പ്രവൃത്തിക്ക് 15.49 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ എത്ര വീതമാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കെ.ആർ.എഫ്.ബി. – പി.എം.യു.

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഇതിൽ കേന്ദ്ര സർക്കാരിൽനിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്രസംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുള്ള പദ്ധതികളൊന്നും നിലവിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പു മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്നുള്ള കണക്ക് വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

ദേശീയ പാത

2023-24-ൽ - 38.45 ലക്ഷം രൂപ

കെ.ആർ.എഫ്.ബി.-പി.എം.യു.

മുട്ടുങ്ങൽ നാദാപുരം പക്രംതളം റോഡിന്റെ വടകര മണ്ഡലത്തിൽ ഉൾപ്പെടുന്ന 5 കി.മീ. ദൂരം പൂർത്തിയാക്കുന്നതിന് 2021-2022 കാലയളവിൽ ഏകദേശം 7.56 കോടി രൂപയും 2022-2023 കാലയളവിൽ ഏകദേശം 2.15 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

നിരത്തുകൾ

ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്നുള്ള കണക്ക് ചുവടെ ചേർക്കുന്നു.

2020-21 വർഷം - 400 ലക്ഷം രൂപ

2021-22 വർഷം - 382 ലക്ഷം രൂപ

2022-23- വർഷം - 134 ലക്ഷം രൂപ

2023-24- വർഷം - 106 ലക്ഷം രൂപ

2024-25- വർഷം - 231 ലക്ഷം രൂപ

പാലങ്ങൾ

വിവരം അനുബന്ധമായി* ചേർക്കുന്നു.

നിരത്ത് പരിപാലനം

1. 2021-22 - 31,79,076/- രൂപ

2. 2023-24 - 33,25,650/- രൂപ

കെട്ടിടം

വിവരം അനുബന്ധമായി* ചേർക്കുന്നു.

പൊതുമരാമത്ത് വകുപ്പ് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

125 (1379) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് മുഖാന്തരം 2021 വർഷം മുതൽ നാളിതുവരെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

നിരത്തുകൾ

വിവരം അനുബന്ധമായി* ചേർക്കുന്നു.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലങ്ങൾ

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ മുപ്പാലം നിർമ്മാണത്തിന് 17.825 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കെ.എസ്.ടി.പി

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിനായി 17-08-2020-ൽ 671.66 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി പ്രവൃത്തി നടന്നുവരുന്നു. ഈ പ്രവൃത്തിയിൽ 2.764 കി.മീ. (56.4 കോടി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ടി പ്രവൃത്തി നാളിതുവരെ 93 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്.

ദേശീയപാത

1. GENERAL- Traffic safety works Providing Road safety measures from 408/000 416/000 Kommady to Kolorkodu in Alappuzha District - Total amount 45 Lakhs - പ്രസ്തുത പ്രവൃത്തി പുരോഗമിക്കുന്നു.

2. GENERAL- Reconstruction of major culvert near Iron bridge in Kommady Kolerkodu. stretch in Old NH 66 Alappuzha - Total amount 66.5 Lakhs - Tender work പുരോഗമിക്കുന്നു.

3. GENERAL- NH 66 (Old) Resurfacing of Old NH 66 from Kommady to Kalarcodu Ch 408/000 to 416/000 in Alappuzha District state of Kerala General Civil Work - Total amount 1.89 Crores

പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെൻഡർ എക്സസ് അംഗീകരിക്കുന്നതിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

4. GENERAL- Urgent rectification works in Old NH 66 - from Kommady (Ch 408/000) to Kolorkodu (Ch 416/000) in Alappuzha district - General Civil Work Total amount 5.5 Lakhs.

പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 66(01)-ൽ അമ്പലപ്പുഴ മണ്ഡലത്തിൽ അടിയന്തര പ്രാധാന്യമുള്ള അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുകയും അറ്റകുറ്റപ്പണികൾ നടത്തി ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

5. GENERAL- Pre monsoon work 2023 Old NH 66 from Kommady (Ch 408/000) To Kolorkodu (Ch 416/000) in Alappuzha district - General Civil Work Total amount 2.41 Lakhs.

പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 66(OLD)-ൽ അമ്പലപ്പുഴ മണ്ഡലത്തിൽ മഴക്കാലപൂർവ്വ പ്രവൃത്തികൾ നടത്തി ടി പ്രവൃത്തി പൂർത്തീകരിച്ചു.

6. GENERAL-Old NH 66 Alappuzha One year maintenance work 2024-25 from Kommady (Ch 408/000) to Kolorkodu (Ch 416/000) in Alappuzha district - General Civil Work Total amount 9 Lakhs.

പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 66(OLD)-ൽ അമ്പലപ്പുഴ മണ്ഡലത്തിൽ ടി മെയിന്റനൻസ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കെ.ആർ.എഫ്.ബി.-പി.എം.യു.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2021 വർഷം മുതൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു. നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ കോടതി പാലം – ടി പ്രവൃത്തിക്കായി 120.52 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്.

2. തോട്ടപ്പള്ളി നാലുചിറ പാലം – ടി പ്രവൃത്തിക്കായി 60.73 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്.

3. കൈതവന പഴയനടക്കാവ് – അമ്പലപ്പുഴ കിഴക്കേനട റോഡ് (ബാലൻസ് പ്രവൃത്തി) – ടി പ്രവൃത്തിക്കായി 1.468 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികൾ

126(1380) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ടെൻഡർ നടപടി പൂർത്തീകരിച്ച് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയും എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

നിരത്തുകൾ

വിവരം അനുബന്ധമായി* ചേർക്കുന്നു.

കെ.ആർ.എഫ്.ബി – പി.എം.യു

ചുള്ളിമാട് പാലത്തിന് 31-10-2016-ലെ G.O.(.Rt) No.1496/2016/PWD ഉത്തരവുപ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. 26-05-2018-ലെ PWD001-36-PA-01 ഉത്തരവുപ്രകാരം 9.78 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചതിനെത്തുടർന്ന് 11-10-2019-ലെ ഉത്തരവുപ്രകാരം 9.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. 20-05-2020-ലെ എഗ്രിമെന്റ് നം. 03/PWD001-36/PD/PMU-KRFB/2020-21 പ്രകാരം 9.45 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. നിലവിൽ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തൊട്ടടുത്ത ഭൂവുടമയുടെ നിസ്സഹകരണം കാരണം 4 മീറ്റർ ക്രാഷ് ബാരിയർ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

നിരത്ത് പരിപാലന വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ദേശീയപാത വിഭാഗം

ആലത്തൂർ നിയോജകമണ്ഡലത്തിൽ Construction of Vengannur bridge (152m) across gayathri river connecting state road MDR) in Palakkad District - എന്ന പ്രവൃത്തി 3 തവണകളിലായി ടെൻഡർ ചെയ്തതിൽ ആരും Quote ചെയ്യാതിരിക്കുകയും 4-ാമത്തെ തവണ സിംഗിൾ ടെൻഡറിലായി 37.66 % Quote ചെയ്തതിനാൽ റീ-ടെൻഡർ സ്റ്റേജിലുമാണ്.

പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

127 (1381) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 സാമ്പത്തിക വർഷംവരെ പട്ടാമ്പി മണ്ഡലത്തിൽ, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്/ആസ്തി വികസന ഫണ്ട് വഴി അല്ലാത്ത പൊതുമരാമത്ത് കെട്ടിട വിഭാഗം, നിരത്ത് വിഭാഗം, പാലം എന്നീ വിഭാഗങ്ങളിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക, അനുവദിച്ച വർഷം, പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) **നിരത്തുകൾ**

വിവരം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കെ.ആർ.എഫ്.ബി. – പി.എം.യു.

പട്ടാമ്പി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) നിള പട്ടാമ്പി ഐ.പി.റ്റി. റോഡ്- പ്രസ്തുത പ്രവൃത്തിക്ക് 01-11-2016-ലെ G.O.(Rt) No. 1502/2016/PWD ഉത്തരവുപ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. 04-08-2022-ലെ PWD006-33/APR-4/2022/KIIFB ഉത്തരവുപ്രകാരം 79.01 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി. തുടർന്ന് 22-08-2023-ലെ PWD006-33/APR-1/2023/KIIFB ഉത്തരവുപ്രകാരം 82.21 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. 08-12-2022-ലെ ഉത്തരവുപ്രകാരം 85.87 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. 19-06-2023-ലെ എഗ്രിമെന്റ് നം. 07/PWD006-33-03/PD/PMU-KRFB/2023-24 പ്രകാരം 61.32 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ 8.5 km ദൂരം ഡി.ബി.എം. പ്രവൃത്തികൾ, 5 km ദൂരം ബി.സി പ്രവൃത്തികൾ, 6600 m ഡ്രെയിൻ വർക്കുകൾ, 13 കലിങ്കുകൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടാമ്പി ടൗണിൽ റോഡ് പൊളിച്ച് GSB, WMM ഇടുന്ന പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത റോഡ് നിലവിൽ 65% പൂർത്തീകരിച്ചിട്ടുണ്ട്.

2) പട്ടാമ്പി പാലം- പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ലെ G.O.(Rt) No. 942/2017/PWD ഉത്തരവുപ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. 05-08-2020-ലെ PWD016-30/APR-5/2020/KIIFB ഉത്തരവുപ്രകാരം 30.86 കോടി രൂപയ്ക്ക് കിഫ്ബിയുടെ

സാമ്പത്തികാനുമതി ലഭ്യമാക്കി തുടർന്ന് 31-10-2023-ലെ PWD016-30/APR-1/2023/KIIFB ഉത്തരവുപ്രകാരം 52.58 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. 29-11-2024-ലെ ഉത്തരവുപ്രകാരം 52.576 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. 14-03-2025-ലെ എഗ്രിമെന്റ് നം. 39/PWD016-30-02/PD/ PMU-KRFB/2024-25 പ്രകാരം 33.145 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 35 പൈലുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. പൈൽ ക്യാപ്പിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിലവിൽ 8% പൂർത്തീകരിച്ചിട്ടുണ്ട്.

3) പട്ടാമ്പി ആമയൂർ റോഡ് - പ്രസ്തുത പ്രവൃത്തിക്ക് 01-11-2016-ലെ G.O.(Rt) No. 1502/2016/PWD ഉത്തരവുപ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. പ്രസ്തുത റോഡിൽ കിഫ്ബി മാനദണ്ഡപ്രകാരം റോഡിന്റെ വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം ലഭിക്കാത്തതിനാൽ പുതുക്കിയ പദ്ധതിരേഖ പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിങ്ങിൽ തയ്യാറാക്കിവരുന്നു. വിശദമായ പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. വിശദ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

പാലങ്ങൾ

വിവരം അനുബന്ധമായി* ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

വിവരം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

ആലപ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

128 (1382) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയത്, ചെലവഴിക്കുന്ന തുക, പ്രവൃത്തികൾ നടപ്പിലാക്കുന്ന ഏജൻസികൾ, പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട സമയം എന്നിവ സംബന്ധിച്ച വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) **നിരത്തുകൾ**

വിവരം അനുബന്ധമായി* ചേർക്കുന്നു.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ആർ.എഫ്.ബി. – പി.എം.യു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ശവക്കോട്ട പാലം, കൊമ്മാടി പാലം & എ.എസ്. കനാൽ വെസ്റ്റ് ബാങ്ക് റോഡ്

2. ജില്ലാകോടതി പാലം

3. പുന്നമട നെഹ്റു ട്രോഫി പാലം

വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

നിരത്ത് പരിപാലനം

പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ മണ്ഡലത്തിൽ 2 റോഡുകൾക്കായി 2.10 കിലോമീറ്ററിന്റെ One Year Running Contract Maintenance പ്രവൃത്തികളാണ് ചെയ്തുവരുന്നത്.

മേൽ പ്രവൃത്തിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 12.50 ലക്ഷം രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ 22.50 ലക്ഷം രൂപയും 2025-26 സാമ്പത്തിക വർഷത്തിൽ 16.00 ലക്ഷം രൂപയുമായി ആകെ 51.00 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ആയതിൽ 2021-22 വർഷത്തെയും 2023-24 വർഷത്തെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 2025-26 വർഷത്തെ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുള്ളതുമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് നിരത്ത് വിഭാഗം, കെട്ടിടവിഭാഗം എന്നിവവഴി നടപ്പിലാക്കിയ പദ്ധതികൾ

129 (1383) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് നിരത്ത് വിഭാഗം, കെട്ടിടവിഭാഗം എന്നിവവഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; പദ്ധതികളുടെ പുരോഗതി എന്തൊക്കെ; വിശദമാക്കാമോ?

നിരത്തുകൾ

വിവരം അനുബന്ധമായി* ചേർക്കുന്നു.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

പൊതുമരാമത്ത് വകുപ്പിനുകീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ

130 (1384) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിനുകീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

(എ&ബി) **നിരത്തുകൾ**

വിവരം അനുബന്ധമായി* ചേർക്കുന്നു.

പാലങ്ങൾ

വിവരം അനുബന്ധമായി* ചേർക്കുന്നു.

നിരത്ത് പരിപാലന വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

2021-2022, 2023-24 വർഷങ്ങളിലെ റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 2024-2025 വർഷത്തെ റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

കെ.ആർ.എഫ്.ബി. – പി.എം.യു.

വിവരം അനുബന്ധമായി* ചേർക്കുന്നു.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർ.ബി.ഡി.സി.കെ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ബി.ഡി.സി.കെ. മുഖേന നടപ്പിലാക്കിയ പദ്ധതി കാഞ്ഞങ്ങാട് റെയിൽവേ മേൽപ്പാലവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി കുശാൽ നഗർ റെയിൽവേ മേൽപ്പാലവുമാണ്.

കാഞ്ഞങ്ങാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം 07-03-2022-ന് പൂർത്തീകരിച്ചിട്ടുണ്ട്. കുശാൽ നാഗർ റെയിൽവേ മേൽപ്പാലം 19-04-2018-ലെ ജി.ഒ.(ആർ.ടി)718/ 2018/പൊ.മ.വ. നം. സർക്കാർ ഉത്തരവുപ്രകാരം കുശാൽ നഗർ റെയിൽവേ മേൽപ്പാലത്തിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് ടി പദ്ധതിയുടെ വിശദ പദ്ധതി രേഖ ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിക്കുകയും, 11-02-2024-ലെ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ PWD 011-08/APR-2/2020/KIIFB ഉത്തരവുപ്രകാരം 34.71 കോടി രൂപയുടെ ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം 11-08-2020-ൽ ആർ.ബി.ഡി.സി.കെ. കാസർഗോഡ് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും കാസർഗോഡ് ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാരെ കിഫ്ബി ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതുമാണ്. 24-09-2020-ലെ G.O.(Rt)2943/2020/RD സർക്കാർ ഉത്തരവുപ്രകാരം ടി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പ്രാഥമിക ചെലവുകൾക്കായി 01-08-2024-ന് 50 ലക്ഷം രൂപ

ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ദേശീയപാത

CRIF 2022-23 Improvements to Odayachal Edathodu Vellarikund cherupuzha road in Kasargod district in the state of kerala (10km) (6/500 to 16/500) CRIF 2022-23-ൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തി 45% പൂർത്തീകരിച്ചിട്ടുണ്ട്. (ഭരണാനുമതി 10 കോടി, നീളം 10 കി.മീ.).

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

131 (1385) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പൊതുമരാമത്ത് വകുപ്പുമുഖേന അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കാമോ?

നിരത്തുകൾ

വിവരം അനുബന്ധമായി* ചേർക്കുന്നു.

നിരത്ത് പരിപാലനം

വിവരം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

പാലങ്ങൾ

Flood 2018-19 – തൃശ്ശൂർ ജില്ലയിലെ അമ്പഴക്കാട് –കോട്ടവാതിൽ-വടമ–കോട്ടമുറി റോഡിലെ വൈന്തോട് പാലത്തിന്റെ പുനർനിർമ്മാണം.

മേൽ പ്രവൃത്തിക്കായി 300 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും ടി പ്രവൃത്തി 04-03-2023-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

കെ.ആർ.എഫ്.ബി.–പി.എം.യു.

എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ഗോതുരുത്ത്-കരുപ്പടന്ന പാലം</u>

<u>(ഗോതുരുത്ത്-പുല്ലൂറ്റ് പാലം) നിർമ്മാണം</u>

കൊടുങ്ങല്ലൂർ കായലിന് കുറുകെയുള്ള ഗോതുരുത്ത്-കരുപ്പടന്ന പാലം (ഗോതുരുത്ത്- പുല്ലൂറ്റ് പാലം) നിർമ്മാണ പ്രവൃത്തിക്ക് 31-10-2016-ലെ G.O.(Rt.) No.1496/2016/PWD ഉത്തരവുപ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും കൂടാതെ ടി പ്രവൃത്തിക്ക് സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 13.93 കോടി രൂപയുടെ സാമ്പത്തികാനുമതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

19-09-2017-ലെ APR-1/174/2017/KIIFB ഉത്തരവുപ്രകാരം ലഭിച്ചിട്ടുമുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

2. കുണ്ടൂർ- കുത്തിയതോട് പാലം/ കുണ്ടൂർ-പായംതുരുത്തുപാലം

ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള കുണ്ടൂർ-കുത്തിയതോട് പാലം നിർമ്മാണ പ്രവൃത്തിക്ക് 10-07-2017-ലെ G.O.(Rt)No.942/2017/PWD ഉത്തരവുപ്രകാരം 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടി പ്രവൃത്തിക്ക് സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 10.77 കോടി രൂപയ്ക്ക് 09-11-2018-ലെ PWD016-06-PA-01 ഉത്തരവുപ്രകാരം സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കവേ ജനങ്ങളുടെ എതിർപ്പുണ്ടായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കാൻ സാധിക്കാതെ വരികയും ചെയ്തു. പിന്നീട് കൂഴൂർ പഞ്ചായത്തിന്റെയും കുന്നുകര ഗ്രാമപഞ്ചായത്തിന്റെയും ഭാഗമായ പായിത്തുരുത്തിലേയ്ക്ക് പദ്ധതി മാറ്റുകയാണെങ്കിൽ അത് തുരുത്ത് നിവാസികൾക്ക് കൂടുതൽ ഉപകാരപ്രദമാകുമെന്ന് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ കുണ്ടൂർ-കുത്തിയതോട് പാലം പായിത്തുരുത്തിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചു. 01-03-2025-ലെ സർക്കാർ ഉത്തരവ് നം.308/2025/PWD പ്രകാരം എറണാകുളം ജില്ലയിലെ ചാലക്കുടി നദിക്ക് കുറുകെയുള്ള കുത്തിയതോട്-കുണ്ടൂർ പാലം പ്രവൃത്തിയുടെ പേര് തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നദിക്ക് കുറുകെയുള്ള കുണ്ടൂർ -പായിത്തുരുത്ത് പാലം പ്രവൃത്തി എന്നാക്കി മാറ്റിക്കൊണ്ട് പുതുക്കിയ ഭരണാനുമതി നൽകുകയും ടി പാലത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള അധിക ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു.

3. പുല്ലൂട്ട് സമാന്തര പാലം

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ലോകമലേശ്വരം, പുല്ലൂറ്റ് വില്ലേജുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കൊടുങ്ങല്ലൂർ കായലിനുകുറുകെ നിർമ്മിക്കുന്ന പുല്ലൂട്ട് സമാന്തര പാലം പ്രവൃത്തിക്ക് 31-10-2016-ലെ G.O.(Rt)No.1496/2016/PWD ഉത്തരവുപ്രകാരം 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 21-08-2017-ലെ APR-1/76/2017/KIIFB ഉത്തരവുപ്രകാരം 24.49 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകി. ടി പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, CRZ Clearance ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുവേണ്ടി സമർപ്പിച്ച എസ്റ്റിമേറ്റ് തുകയായ 49.15 കോടി രൂപ നിലവിലുള്ള സാമ്പത്തികാനുമതിക്ക് മുകളിലായതിനാൽ, പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കിഫ്ബിയിൽ പരിശോധനയിലാണ്.

4. പാറക്കുട്ടം പാലം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി-കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പറയൻ തോടിനുകുറുകെ നിർമ്മിക്കുന്ന പാറക്കുട്ടം പാലം പ്രവൃത്തിക്ക് 10-07-2017-ലെ G.O.(Rt)No.942/2017/PWD ഉത്തരവുപ്രകാരം 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 05-8-2020-ലെ PWD016-35/APR-5/2020/KIIFB ഉത്തരവുപ്രകാരം 35.15 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകി അതിർത്തി കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 27-01-2025-ലെ 219/2025/RD ഉത്തരവുപ്രകാരം നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ടി.പി.

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ടി.പി.-യുടെ പരിധിയിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊടുങ്ങല്ലൂർ ഷൊർണ്ണൂർ സംസ്ഥാന പാത കൊടുങ്ങല്ലൂർ മുതൽ ക്കുർക്കഞ്ചേരി വരെയുള്ള റോഡിന്റെ നവീകരണത്തിന് 29-05-2020-ലെ G.O.(Rt) No.235/2020/P&EA, Thiruvananthapuram പ്രകാരം 250.24 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഈ പദ്ധതിയിൽ കൊടുങ്ങല്ലൂർ മുതൽ അണ്ടാനിക്കുളം വരെയുള്ള ഭാഗം (ചെയിനേജ് കീ.മീ 0+000 മുതൽ 11+820 വരെ) കൊടുങ്ങല്ലൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്നു. ഇതിൽ കരുപടന്ന മുതൽ അണ്ടാനിക്കുളം വരെയുള്ള (ചെയിനേജ് കീ.മീ 5+100 മുതൽ 11+820 കീ.മീ) ഭാഗത്തെ റോഡ് പ്രതല നിർമ്മാണം (PQC കോൺക്രീറ്റ് റോഡ്) പൂർത്തീകരിച്ചു. റോഡിനിരുവശവും റോഡ് shoulder ഭാഗത്ത് interlocking paving tiles വിരിക്കുന്ന പ്രവൃത്തി പൂർത്തിയായിവരുന്നു. കൊടുങ്ങല്ലൂർ മുതൽ കരുപടന്ന വരെയുള്ള ഭാഗത്തെ റോഡ് പ്രതല നിർമ്മാണം PQC Concrete road ആക്കുന്നതിനുള്ള തടസ്സങ്ങൾമൂലം DBM&BC നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

132 (1386) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് (റോഡ്സ്, ബിൽഡിങ്സ്, ബ്രിഡ്ജസ്, മെയിന്റനൻസ്, നാഷണൽ ഹൈവേ) മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നിരത്തുകൾ

വിവരം അനുബന്ധമായി* ചേർക്കുന്നു.

കെട്ടിടം

വിവരം അനുബന്ധമായി* ചേർക്കുന്നു.

നിരത്ത് പരിപാലന വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

പാലങ്ങൾ

1. മൂന്നാർ ഹെഡ് വർക്സ് - 680 ലക്ഷം രൂപ

   ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തി പുരോഗതിയിലാണ്, 65% പ്രവൃത്തി പൂർത്തീകരിച്ചു.

2. അമ്പഴച്ചാൽ - 205 ലക്ഷം രൂപ

   ഭരണാനുമതി ലഭിച്ച പ്രവൃത്തി 30-10-2023-ൽ പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

3. കോവിൽക്കടവ് - 213 ലക്ഷം രൂപ

   ഭരണാനുമതി ലഭിച്ച പ്രവൃത്തി 09-12-2022-ൽ പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

ദേശീയപാത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേവികുളം മണ്ഡലത്തിൽ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് CRIF 2018-19 - Improvements to Ellackal Pallikunnu - Mathuvankudi road in Idukki District, CRIF Work 2018-19 Improvements to Anachal - Etticity- Meriland - Muthuvankudy Road എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-പി.എംയു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ആർ.എഫ്.ബി.-പി.എം.യു. കാര്യാലയത്തിന്റെ കീഴിൽ ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഉടുമ്പൻചോല ചിത്തിരപുരം റോഡ് –

(38.444 കി.മീ റോഡും അഞ്ച് പാലങ്ങളുടെ നിർമ്മാണവും)

പ്രസ്തുത പ്രവൃത്തിയുടെ 18.425 കി.മീ. ദൂരം ദേവികുളം മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നു. ഇതിന്റെ അടങ്കൽ തുക 139.90 കോടി രൂപയാണ്. ഈ പദ്ധതി 30-06-2024-ൽ പൂർത്തീകരിച്ചു.

2. മലയോരഹൈവേ - എല്ലപ്പെട്ടി മുതൽ വലിയമുല്ലക്കാനം വരെയുള്ള റോഡ് നവീകരണം (5.25 കി.മീ. റോഡും എല്ലപ്പെട്ടി പാലം നിർമ്മാണവും)

ഇതിന്റെ അടങ്കൽ തുക 34.73 കോടി രൂപയാണ്. ഇതിന്റെ 40 ശതമാനം പ്രവൃത്തികൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്.

കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തന പുരോഗതി

133 (1387) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ നിർമ്മാണ ചുമതല വഹിക്കുന്ന കുറ്റിച്ചൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ജി. കാർത്തികേയൻ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് 22-10-2016-ലെ സ.ഉ.(സാധാ)നം.1581/2016/SCSTDD പ്രകാരം 25 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭൂമി സംബന്ധമായ പ്രശ്നങ്ങൾമൂലം നിർമ്മാണം ആരംഭിച്ചിരുന്നില്ല. നിലവിൽ ഈ കെട്ടിട നിർമ്മാണത്തിനായി പാങ്കാവ് എന്ന സ്ഥലത്ത് ഭൂമി കണ്ടെത്തി, രണ്ടുഘട്ടങ്ങളായി പൂർത്തീകരിക്കാൻ തീരുമാനിച്ചിരിക്കുന്ന പ്രവൃത്തിയുടെ ആദ്യഘട്ട നിർമ്മാണത്തിനായി 30.05 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ പരിശോധിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ ഓഡിറ്റിങ്

134 (1388) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ഓഡിറ്റിങും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഇതുമൂലമുണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകത പരിശോധിക്കുന്നതിന് നിയുക്തമായ സോഷ്യൽ ഓഡിറ്റ് വിഭാഗത്തിന്റെ 2021 ജൂൺ മാസത്തിനുശേഷമുള്ള കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ?

(എ-സി) പൊതുമരാമത്ത് വകുപ്പിൽ Social Audit സംവിധാനം നടപ്പിലാക്കാൻ തീരുമാനിക്കുകയും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സമിതികൾ രൂപീകരിച്ച് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണവും പരിപാലനവും PWD Manual, SBD Condition, പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവപ്രകാരം

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽപ്രകാരം 15 ലക്ഷത്തിന് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 2nd tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടിക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും ക്വാളിറ്റി കൺട്രോൾ മാന്വൽപ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി വേണ്ടമാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. ഗുണനിലവാര പരിശോധനഫലം പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനാ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നൽകുന്നത്. ഇതിനുപുറമെ പ്രവൃത്തി ഇടങ്ങളിൽ എത്തി ഗുണനിലവാര പരിശോധന നടത്തുന്നതിന് മൂന്ന് മൊബൈൽ ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഗുണപരിശോധന സംവിധാനങ്ങൾ വളരെയധികം ഫലപ്രദമാണ്.

കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പാലങ്ങൾ

135 (1389) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കിഫ്ബിവഴി എത്ര പാലങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പാലങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര പാലങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 97 പാലങ്ങൾക്ക് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. അതിൽ 21 പാലങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും 44 പാലങ്ങൾ പുരോഗമിക്കുന്നതും ശേഷിച്ച പ്രവൃത്തികളുടെ ഭൂമിയേറ്റെടുക്കൽ, സാങ്കേതികാനുമതി, ടെൻഡർ നടപടികൾ തുടങ്ങിയവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്.

2016 മുതൽ ആർ.ബി.ഡി.സി.കെ. മുഖേന നടപ്പിലാക്കുന്ന 69 പാലങ്ങൾക്കായി കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ളതാണ്. ഇവയിൽ 6 പാലങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 8 പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള 55 പാലങ്ങളുടെ നിർമ്മാണത്തിനുള്ള റെയിൽവേയുടെ ഡ്രോയിങ്ങ് അംഗീകാരം, ഭൂമിയേറ്റെടുക്കൽ നടപടികൾ, ടെൻഡർ നടപടികൾ എന്നിവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

136 (1390) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(1) ചാലക്കുടി- ആനമല റോഡ്

ചാലക്കുടി-ആനമല റോഡിന് 10 കോടി രൂപയുള്ള തത്വത്തിൽ ഭരണാനുമതിയും 27.96 കോടി രൂപയുള്ള കിഫ്ബിയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് 21.01 കോടി രൂപയുള്ള സാങ്കേതിക അനുമതി നൽകി ടെൻഡർ ചെയ്യുകയും 20.35 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. 31-03-2025-ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(2) മലയോര ഹൈവെ റീച്ച് 3 – നിർമ്മാണം വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെ

മലയോരഹൈവെ പ്രവൃത്തിക്ക് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള പ്രവൃത്തിക്ക് 80.57 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതിയും 124.69 കോടി രൂപയുള്ള കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 107.27 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 91.78 കോടി രൂപയ്ക്ക് കരാർ നൽകുകയും 11-08-2024-ൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. ലെവൽസ് എടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ Culvert, Side drain protection & Drainage നിർമ്മാണ പ്രവൃത്തികൾ

പുരോഗമിച്ചുവരുന്നു. സോഷ്യൽ ഫോറസ്ട്രി മൂല്യനിർണ്ണയ റിപ്പോർട്ടിന് അംഗീകാരം ലഭിക്കുകയും മരങ്ങളുടെ ലേല നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മരങ്ങൾ മുറിച്ചു മാറ്റുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. KSEB യൂട്ടിലിറ്റി ഷിഫ്റ്റിങ് പൂർത്തീകരിക്കേണ്ടതുണ്ട്.

(3) മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ്

മുരിങ്ങൂർ ഏഴാറ്റുമുഖം റോഡിന് 20 കോടി രൂപയുള്ള തത്വത്തിൽ ഭരണാനുമതിയും 31.23 കോടി രൂപയുള്ള കിഫ്ബിയുടെ സാമ്പത്തിക അനുമതിയും നൽകി. തുടർന്ന് 30.17 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 27.40 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ 33% പൂർത്തീകരിച്ചു. എന്നാൽ കരാറുകാരന്റെ നിസ്സഹകരണത്തെത്തുടർന്ന്, പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ബാലൻസ് പ്രവൃത്തികൾ നിർവഹിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് 21.90 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ഉൾപ്പെടുത്തി ഈ പ്രവൃത്തിക്ക് 39.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 23.26 കോടി രൂപയ്ക്ക് കരാർ നൽകുകയും 14-10-2024-ൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്.

നിലവിൽ 4550 മീറ്റർ കാനകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 15-ൽ 13 എണ്ണം കലിങ്കുകൾ പൂർണ്ണമായും രണ്ടെണ്ണം പകുതിയും പൂർത്തീകരിച്ചിട്ടുണ്ട്. ഒരു Minor Bridge-ന്റെ നിർമ്മാണവും സംരക്ഷണ ഭിത്തിയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ റോഡിന്റെ അവസ്ഥയനുസരിച്ച് വെള്ളക്കെട്ടുംമറ്റും ഒഴുവാക്കുന്നതിന് കൂടുതൽ കാനകൾ

ഉൾപ്പെടുത്തിക്കൊണ്ട് Revised Estimate അനുമതിക്കുവേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. നിർമ്മല കോളേജ് മുതൽ അടിച്ചിലി വരെ WMM Laying പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ അടിച്ചിലി മുതൽ റോഡ് കട്ടിങ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മുന്നൂർപ്പിള്ളി ഭാഗത്ത് അതിർത്തി നിർണ്ണയിക്കുന്നതിന് ഭൂരേഖ തഹസിൽദാർ, ആലുവയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

(4) ചാലക്കുടി - മോതിരക്കണ്ണി റോഡ്

ചാലക്കുടി-മോതിരക്കണ്ണി റോഡിന് 10 കോടി രൂപയുള്ള തത്വത്തിൽ ഭരണാനുമതിയും 30.56 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും നൽകി. തുടർന്ന്, അതിർത്തി കല്ലിടൽ പ്രവൃത്തികൾ, SIA പഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായുള്ള 11 (1) വിജ്ഞാപനം പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(5) പൂവത്തിങ്കൽ-വെള്ളക്കര റോഡ്

പ്രസ്തുത റോഡിന് 12 കോടി രൂപയുള്ള തത്വത്തിൽ ഭരണാനുമതിയും സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 43.04 കോടി രൂപയുള്ള സാമ്പത്തിക അനുമതിയും നൽകി. അതിർത്തി കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ നടപടികൾ പുരോഗമിച്ചുവരുന്നു.

(6) പാറക്കുട്ടം പാലം

പാറക്കുട്ടം പാലം പ്രവൃത്തിക്ക് 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 35.15 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാമതിയും നൽകി. അതിർത്തി കല്ലിടൽ പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായുള്ള 4(1) വിജ്ഞാപനത്തിന്റെ കരട് അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(7) കാഞ്ഞിരപ്പള്ളി കുന്നപ്പള്ളി കടവ് പാലം

പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. PWD-PPU വിഭാഗം തയ്യാറാക്കിയ മേൽ പ്രവൃത്തിയുടെ DPR കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. കിഫ്ബി നിർദേശപ്രകാരം ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചവയുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് അറിയിക്കാമോ?

ചാലക്കുടി മണ്ഡലത്തിൽ ചാലക്കുടി-ആനമല റോഡ് പ്രവൃത്തി 31-03-2025-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ?

വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള മലയോര ഹൈവെ പ്രവൃത്തിക്ക് ഏകദേശം 9% പുരോഗതിയും മുരിങ്ങൂർ ഏഴാറ്റുമുഖം- ബാലൻസ് പ്രവൃത്തിക്ക് ഏകദേശം 45% പുരോഗതിയും കൈവരിച്ചിട്ടുണ്ട്.

ദേശീയപാത 66 ഇടിഞ്ഞു താഴ്ന്ന സംഭവം

137(1391) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കുരിയാട് ദേശീയപാത 66-ൽ ആറുവരി പാതയും സർവീസ് റോഡും വിള്ളൽവീണ് തകർന്ന സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നോ;

(ബി) പ്രസ്തുത ദേശീയപാതയിൽ മറ്റ് ഏതെല്ലാം പ്രാദേശങ്ങളിലെ റോഡുകൾക്കും സർവീസ് റോഡുകൾക്കും കേടുപാടുകൾ ഉണ്ടായിട്ടുണ്ട്;

(സി) നിർമ്മാണത്തിലെ അപാകതകളും ക്രമക്കേടുകളും റോഡുകൾ തകരാൻ കാരണമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) തകർന്ന റോഡുകൾ എപ്പോൾ പൂർവസ്ഥിതിയിലാക്കും; അതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-ഡി) മലപ്പുറം കുരിയാട് ദേശീയപാത 66-ൽ ആറുവരി പാതയും സർവീസ് റോഡും വിള്ളൽവീണ് തകർന്ന സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെന്ന് നിർമ്മാണ ചുമതലയുള്ള ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ദേശീയപാതയിൽ കേടുപാടുകൾ സംഭവിച്ച ഭാഗങ്ങൾ, ഉണ്ടായ കേടുപാടുകൾ, സ്വീകരിച്ച നടപടികൾ, റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ ഉദ്ദേശിക്കുന്ന തീയതി എന്നീ വിശദവിവരങ്ങൾ ദേശീയപാത അതോറിറ്റി അറിയിച്ചത് അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാത 66-ന്റെ കോഴിക്കോട് ജില്ലയിലെ പുരോഗതി

138 (1392) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ദേശീയപാത 66-ന്റെ പണി എത്ര ശതമാനം പൂർത്തിയായെന്ന് വിശദമാക്കാമോ?

ദേശീയപാത അതോറിറ്റി റിപ്പോർട്ടുപ്രകാരം കോഴിക്കോട് ജില്ലയിൽ ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതി അനുബന്ധമായി* ചേർക്കുന്നു.

(ബി) ദേശീയപാതയുടെ സർവീസ് റോഡുകൾ നിശ്ചയിച്ച വീതിയിൽ നിർമ്മിക്കാത്തത് പല സ്ഥലത്തും ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ദേശീയപാത 66-ന്റെ നിർമ്മാണ കരാർ പ്രകാരം 7 മീറ്റർ വീതിയുള്ള സർവീസ് റോഡുകളാണ് നിർമ്മിക്കേണ്ടത്. എന്നാൽ ചില ഭാഗങ്ങളിൽ ഭൂമി ലഭ്യതക്കുറവുമൂലം കുറഞ്ഞ വീതിയിൽ മാത്രമേ സർവീസ് റോഡ് നിർമ്മിക്കാൻ സാധിച്ചിട്ടുള്ളൂ. അത്തരം ഭാഗങ്ങളിൽ അധിക ഭൂമിയേറ്റെടുത്ത് സർവീസ് റോഡിന് വീതി കൂട്ടുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് (സൗത്ത്) മണ്ഡലത്തിൽ നെല്ലിക്കോട്-പാലാഴി തുടങ്ങിയ പ്രദേശങ്ങളിൽ വീതി കുറവുമൂലം ബസുകൾക്ക് സർവീസ് നടത്താൻ കഴിയാത്തത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ദേശീയപാത അതോറിറ്റി റിപ്പോർട്ടുപ്രകാരം കോഴിക്കോട് ജില്ലയിൽ ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതി അനുബന്ധമായി* ചേർക്കുന്നു.

എൻ.എച്ച്-66

139 (1393) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് എൻ.എച്ച്. 66-ന്റെ നിർമ്മാണത്തിനിടെ തകർച്ച സംഭവിച്ചത്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ഓരോ റീച്ചിലെയും പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ദേശീയപാത അതോറിറ്റിയിൽനിന്ന് ലഭിച്ച റിപ്പോർട്ട് അനുസരിച്ച് എൻ.എച്ച്. 66-ന്റെ നിർമ്മാണത്തിനിടെ അപാകതകളുണ്ടായ സ്ഥലങ്ങളുടെയും പ്രസ്തുത നിർമ്മാണങ്ങളുടെയും വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) സംസ്ഥാനത്ത് എൻ എച്ച് 66-ന്റെ നിർമ്മാണം എന്നാണ് പൂർത്തിയാക്കാൻ കഴിയുന്നത്; വിശദമാക്കുമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗത്തിൽ പ്രവൃത്തികൾക്ക് ദേശീയപാത അതോറിറ്റി നിശ്ചയിച്ച പൂർത്തീകരണ തീയതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. ഓരോ സ്റ്റേച്ചിലും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്. അതനുസരിച്ച് ഓരോ സ്റ്റേച്ചിന്റെയും നിർമ്മാണ പൂർത്തീകരണ കാലാവധി പുതുക്കി നിശ്ചയിച്ച് വരികയാണ്.

കരാർ കമ്പനികളുടെ പേരും വിശദാംശവും

140 (1394) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ റീച്ചുകളിൽ ടെൻഡർ നേടിയ കരാർ കമ്പനികളുടെ പേരും വിശദാംശവും കരാർ തുകയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാർ കമ്പനികൾ ഉപകരാർ നൽകിയിട്ടുണ്ടെങ്കിൽ ഇപ്രകാരം ഉപകരാർ ഏറ്റെടുത്ത കമ്പനികളുടെ പേരും വിശദാംശങ്ങളും കരാർ തുകയും വ്യക്തമാക്കുമോ?

(എ&ബി) ദേശീയപാത അതോറിറ്റി നൽകിയ റിപ്പോർട്ട് അനുസരിച്ച് ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ റീച്ചുകളിൽ ടെൻഡർ നേടിയ കരാർ കമ്പനികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

പട്ടയം ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും എൻ.ഒ.സി.

141 (1395) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൈവശ ഭൂമിയുടെ അതിർത്തികളിലൂടെ പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട 30-09-2009-ലെ നമ്പർ 20541/സി3/2009/പൊ.മ.വ. സർക്കുലർ പുനഃപരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അർഹതപ്പെട്ട എല്ലാവർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രസ്തുത അപേക്ഷകർക്ക് വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) 30-09-2009-ലെ 20541/C3/2009/പൊതുമരാമത്ത് വകുപ്പ് നമ്പർ സർക്കുലറിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ

142 (1396) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

(എ&ബി) **നിരത്തുകൾ**

വിവരം അനുബന്ധമായി* ചേർക്കുന്നു.

പാലങ്ങൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

ഇരിക്കൂർ മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളതുമായ പ്രവൃത്തികളൊന്നും പാലം വിഭാഗത്തിന് കീഴിലില്ല.

കെ.ആർ.എഫ്.ബി.-പി.എം.യു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ:

1. ശ്രീകണ്ഠാപുരം നടുവിൽ റോഡ്

2. പരുവമ്പറമ്പ - നെല്ലിക്കാംപൊയിൽ റോഡ്

3. ആലക്കോട് - കാപ്പിമല റോഡ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച് ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ:

1. മലപ്പട്ടം പറമ്പ-കണിയാർ വയൽ റോഡ്

2. ഉളിക്കൽ-കണിയാർ വയൽ റോഡ്

പ്രസ്തുത പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കെട്ടിട വിഭാഗം

വിവരം അനുബന്ധമായി* ചേർക്കുന്നു.

നിരത്ത് പരിപാലനം

ഈ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

ദേശീയപാത

1. CRF 2015-18-Improvements to Oduvallithattu Nadavil Kudiyarmala road from Km. 0/000 to Km 18/000 in Kannur District.

27.246 കോടിയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി കരാർ ഉടമ്പടി നമ്പർ 16/27-18/എസ്.ഇ/എൻ.എച്ച്/കെ.കെ.ഡി; തീയതി 20-09-2017 പ്രകാരം സി.ആർ.എഫ്. 2015-16 ഒവള്ളിത്തട്ട് നടുവിൽ കുടിയാന്മല റോഡ് പുനരുദ്ധാരണ പ്രവൃത്തി, ശ്രീ. മൊയ്ദീൻ കുട്ടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹാജി, പട്ടുവത്തിൽ ഹൗസ്, ചട്ടഞ്ചാൽ, കാസർഗോഡ് എന്നവർ ഏറ്റെടുക്കുകയും 18 മാസത്തെ പൂർത്തീകരണ കാലാവധിയോടുകൂടി 27-09-2017-ന് സൈറ്റ് കൈമാറുകയും ചെയ്തതാണ്. പല സാങ്കേതിക കാരണങ്ങളാലും മറ്റും നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാൻ കരാറുകാരന് സാധിച്ചില്ല. അതിനാൽ കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തിരുന്നു. അതിനാൽ ബാലൻസ് പ്രവൃത്തിക്കുവേണ്ടി ടെൻഡർ വിളിക്കുകയും KMT Constructions പ്രവൃത്തി ഏറ്റെടുക്കുകയും, 'സി.ആർ.എഫ്. 2015-16 ഒടുവള്ളിത്തട്ട് - നടുവിൽ കുടിയാന്മല റോഡ് ബാലൻസ് പുനരുദ്ധാരണ പ്രവൃത്തി" ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

സി.ആർ.എഫ്. 2015-16 ഒടുവള്ളിത്തട്ട് - നടുവിൽ കുടിയാന്മല റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തി -തുക 3.06 കോടി.

ബാലൻസ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി - 60 % പ്രവൃത്തി പൂർത്തിയായി.

പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരം

143 (1397) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് നിരത്ത് വിഭാഗം കാഞ്ഞിരപ്പള്ളി, എരുമേലി, വാഴൂർ, പാമ്പാടി, കറുകച്ചാൽ സെക്ഷനുകളുടെ കീഴിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പ്രവൃത്തികൾക്കായി 2020-21 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ പട്ടിക ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

അങ്കമാലി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിലെ ക്യാന്റീനിന്റെ പ്രവർത്തനം

144 (1398) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ അങ്കമാലി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിലെ ക്യാൻറീനിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

അങ്കമാലി റസ്റ്റ് ഹൗസിൽ കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ ഉത്തരവുപ്രകാരം പ്രതിമാസ വാടക 69,486/- രൂപയായി അംഗീകാരം ലഭിച്ചതിനെത്തുടർന്ന് ഒരു വർഷത്തേക്ക് കാന്റീൻ നടത്തുന്നതിനായി ക്വട്ടേഷൻ നടത്തുകയും ആരും പങ്കെടുക്കാതിരുന്നതിനാൽ പുനർ ദർഘാസ് ക്ഷണിച്ചെങ്കിലും EMD ശരിയായ അഡ്രസിൽ പ്ലഡ്ജ് ചെയ്യാത്തതുമൂലം സിംഗിൾ ബിഡ് നിരസിക്കുകയും വീണ്ടും പല തവണ പുനർ ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും പ്രതികരണമൊന്നുമുണ്ടായില്ല. പിന്നീട് കാന്റീൻ 2 വർഷത്തേക്ക് പ്രവർത്തിപ്പിക്കുന്നതിനായി അനുവാദം നൽകിയതുപ്രകാരം നടത്തിയ പുനർ ദർഘാസിൽ 2 പേർ പങ്കെടുക്കുകയും ഉയർന്ന നിരക്കിൽ ക്വാട്ട് ചെയ്ത തുകയായ 2,70,000/- രൂപ 2 വർഷത്തെ വാടകയുടെ 75 ശതമാനത്തിൽ താഴെയായതിനാൽ ക്വട്ടേഷൻ അംഗീകരിക്കാൻ സാധിച്ചില്ല. നിലവിൽ പുനഃദർഘാസ് ക്ഷണിച്ചതിൽ കൂടുതൽ തുക ക്വാട്ട് ചെയ്ത ആൾക്ക് കരാർ നൽകുന്നതിനുള്ള ശിപാർശ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂപ്രണ്ടിങ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. കാന്റീൻ നടത്തിപ്പിനായി 09-12-2022-ൽ ആദ്യ ദർഘാസ് ക്ഷണിച്ചതിനുശേഷം 05-07-2025 വരെ 12 തവണ പുനഃദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ്. ഇത്രയും തവണ ദർഘാസ് ക്ഷണിച്ചിട്ടും വളരെ കുറവ് പ്രതികരണംമാത്രം ലഭിച്ചിട്ടുള്ളതിനാൽ ക്യാന്റീൻ നടത്തിപ്പിനായി ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള കരാറുകാരന് ക്വട്ടേഷന് അംഗീകാരം നൽകുന്നതിനുള്ള ശിപാർശ കത്ത് മധ്യമേഖല സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്.

(ബി) അങ്കമാലി റസ്റ്റ് ഹൗസിൽ ക്യാന്റീനിന് ആവശ്യമായ വൈദ്യുത, ശീതീകരണ, പാചകങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൂട്ടിയത് കഴിഞ്ഞ 8 വർഷമായി ഉപയോഗശൂന്യമായി പൊടിപിടിച്ച് കിടക്കുന്നത് എന്തുകൊണ്ടാണെന്ന് വകുപ്പോ സർക്കാരോ പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

കാന്റീൻ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിലും കൃത്യമായ ഇടവേളകളിൽ കാന്റീൻ ഉപകരണങ്ങൾ വൃത്തിയാക്കി സൂക്ഷിക്കാറുള്ളതാണ്. 12 തവണ പുനർ ദർഘാസ് ക്ഷണിച്ചിട്ടും കാന്റീൻ ക്വട്ടേഷൻ ലഭിക്കാത്തതുമൂലമുള്ള കാലതാമസമാണ് കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമായത്.

(സി) അങ്കമാലി റസ്റ്റ് ഹൗസിൽ ക്യാന്റീനിന്റെ ആവശ്യത്തിനായി വാങ്ങിയ മുഴുവൻ പാചക ഉപകരണങ്ങളുടെയും ഫർണീച്ചർ അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങിയ വിലയും നിലവിൽ ഉപയോഗിക്കാത്തതിനാൽ കേടായതുമൂലം ഉണ്ടായ നഷ്ടം എത്രയെന്നും ഈ നഷ്ടോത്തരവാദിത്തം ആർക്കാണെന്നും വിശദമാക്കാമോ?

ടി ഉപകരണങ്ങളുടെ വാങ്ങിയ വില 9,84,710/- രൂപയാണ്. നിലവിൽ ഉപകരണങ്ങൾ പ്രവർത്തനയോഗ്യമാണ്.

(ഡി) ഉയർന്ന വാടക നിരക്ക് നിശ്ചയിക്കുകയും പലപ്രാവശ്യം ടെൻഡർ ചെയ്തിട്ടും ആരും എടുക്കാതിരുന്നിട്ടും കഴിഞ്ഞ 8 വർഷമായി ഉപകരണങ്ങൾ ഉപയോഗശൂന്യമായി കിടന്നിട്ടും ആയതിന്റെ കാരണം വകുപ്പോ സർക്കാരോ അന്വേഷിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) എന്തുകൊണ്ടാണ് ഇത് ടെൻഡർ ചെയ്ത് പൊതുപണം പ്രയോജനപ്പെടുത്താതിരുന്നതെന്നതിന് ചീഫ് എഞ്ചിനീയറോട് സർക്കാർ വിശദീകരണം ആവശ്യപ്പെടുമോയെന്ന് അറിയിക്കാമോ; ഇത്തരത്തിൽ സംസ്ഥാനത്ത് ഏതെല്ലാം റസ്റ്റ് ഹൗസുകളിലാണ് ഉപകരണങ്ങൾ കെട്ടിക്കിടക്കുന്നതെന്നതിന്റെ പരിശോധന നടത്തി വിശദാംശം ലഭ്യമാക്കുമോ?

(ഡി&ഇ) ക്യാന്റീൻ നടത്തിപ്പിനായി 09-12-2022 മുതൽ ആദ്യ ദർഘാസ് ക്ഷണിച്ചതിനുശേഷം 05-07-2025 വരെ 12 തവണ പുനഃ ദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ്. ഇത്രയും തവണ ദർഘാസ് ക്ഷണിച്ചിട്ടും വളരെ കുറവ് പ്രതികരണം മാത്രമാണ് ലഭിച്ചത്. 05-07-2025-ൽ ക്ഷണിച്ച ദർഘാസിൽ 2 പേർ പങ്കെടുക്കുകയുണ്ടായി. കൂടുതൽ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനായി മധ്യമേഖല സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്.

കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മിക്കാൻ വിട്ടുനൽകിയ ഭൂമി

145 (1399) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് കുറ്റിക്കാട്ടൂർ വില്ലേജ് പരിധിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ളതും വ്യക്തികൾ താമസിച്ചുവരുന്നതുമായ ഭൂമിയിൽനിന്ന് കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മിക്കാൻ എത്ര സെന്റ് സ്ഥലമാണ് റവന്യൂ വകുപ്പിന് വിട്ടുനൽകിയതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് താലൂക്ക് കുറ്റിക്കാട്ടൂർ വില്ലേജിലെ വെള്ളിപറമ്പ് ദേശത്ത് റീ.സ. 26/1 ബി-യിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലത്തുനിന്ന് 10 സെന്റ് ഭൂമി കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിലേക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഈ സ്ഥലത്ത് വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് പ്രസ്തുത സ്ഥലത്തിൽ ബാക്കിയുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്ന വിഷയം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പ്രസ്തുത സ്ഥലത്ത് വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി, പൊതുമരാമത്ത് വകുപ്പ് - റവന്യൂ

വിഭാഗങ്ങൾ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹരിപ്പാട് മണ്ഡലത്തിലെ ഫെറി സർവീസ്

146 (1400) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ചെറുതന പഞ്ചായത്തിൽ ആനാരി വടക്കേക്കരയെയും തെക്കേക്കരയെയും തമ്മിൽ ബന്ധിപ്പിക്കുന്ന പി.ഡബ്ല്യു.ഡി. നിയന്ത്രണത്തിലുള്ള ആനാരി എന്ന കടത്ത് കടവിലെ ഫെറിമാൻ വിരമിച്ച സാഹചര്യത്തിൽ പ്രസ്തുത കടത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് എന്ത് ക്രമീകരണമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന പഞ്ചായത്തിൽ ആനാരി വടക്കേക്കരയേയും തെക്കേക്കരയേയും തമ്മിൽ ബന്ധിപ്പിക്കുന്ന പൊതുമരാമത്ത് വകുപ്പ് നിയന്ത്രണത്തിലുള്ള ആനാരി കടവിലെ ഫെറിമാൻ, സർവീസിൽനിന്നും വിരമിച്ച സാഹചര്യത്തിൽ, പൊതുജന സൗകര്യാർത്ഥം നിലവിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് 09-06-2025 മുതൽ മറ്റ് സംവിധാനമുണ്ടാകുന്നതുവരെ ഹരിപ്പാട് നിരത്ത് സെക്ഷനിൽ ആനാരി ഫെറിയിലും ആയപറമ്പ് ഫെറിയിലും താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന രണ്ട് ജീവനക്കാരെ 15 ദിവസത്തെ റോട്ടേഷൻ അടിസ്ഥാനത്തിൽ ആനാരി ഫെറിയിലേക്ക് നിയമിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാരിന്റെ 18-07-2025-ലെ പി.ഡബ്ലു.ഡി-എ 1/122/2025-പി.ഡബ്ലു.ഡി. കത്തിന്മേൽ എന്ത് തുടർനടപടിയാണ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത കത്തിന്മേൽ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ടി കാര്യാലയത്തിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്ത് അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത കടത്തിന്റെ സേവനം നിലച്ച പശ്ചാത്തലത്തിൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കടത്ത് സർവീസ് അടിയന്തരമായി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) 31-05-2025 മുതൽ കടത്ത് പ്രവർത്തിക്കുന്നില്ലെന്നും പ്രദേശത്ത് ഒട്ടേറെ സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന തിരക്കേറിയ കടത്താണ് ഇതെന്നും പ്രസ്തുത കടത്തിന്റെ സേവനം തുടർന്നും ആവശ്യമാണെന്നും ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 09-06-2025 മുതൽ മറ്റ് സംവിധാനമുണ്ടാകുന്നതുവരെ ഹരിപ്പാട്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്ത് സെക്ഷനിൽ ആനാരി ഫെറിയിലും ആയപറമ്പ് ഫെറിയിലും താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന രണ്ട് ജീവനക്കാരെ 15 ദിവസത്തെ റോട്ടേഷൻ അടിസ്ഥാനത്തിൽ ആനാരി ഫെറിയിലേക്ക് നിയമിച്ചിട്ടുണ്ട്. ടി നടപടി സാധൂകരിക്കുന്നതിനും കടവിൽ തുടർന്നും താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള അനുമതിക്കായി ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കടുത്തുരുത്തി ബസ്ബേ ടെർമിനൽ നിർമ്മാണം

147 (1401) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ്ബേ നിർമ്മാണത്തിന് സ്ഥലമെടുപ്പ് നടപടികൾക്കായുള്ള അഭ്യർഥന (requisition) റവന്യൂ വകുപ്പിന് ഇതുവരെ സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് പുതിയ ബസ്ബേ പാലം നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായുള്ള റവന്യൂ (ബി) ഉത്തരവ് ലഭ്യമാക്കുന്നതിനായി തലയോലപ്പറമ്പ് മുട്ടുചിറ ഭാഗങ്ങളിൽ എറ്റെടുക്കേണ്ട ഭൂമിയുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് requisition തയ്യാറാക്കുന്ന നടപടി പുരോഗമിക്കുകയാണ്.

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികൾക്ക് ആവശ്യമായ അതിർത്തി നിർണയം, സ്ഥല ഉടമകളുമായുള്ള ചർച്ചകൾ, സ്കെച്ച് തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ പാലങ്ങൾ

വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

അതിർത്തി നിർണ്ണയം നടത്തി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും സ്ഥലമുടമകളുമായി ചർച്ച ചെയ്ത് പ്രവൃത്തി ചെയ്യുന്നതിനുള്ള സമ്മതപത്രം ലഭ്യമായിട്ടുള്ളതാണ്. അതിനനുസരിച്ച് utility shifting KSEB, Water Authority, BSNL, K-fone എന്നിവരുമായി സംയുക്ത പരിശോധന നടത്തി utility shifting estimate ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. DPR തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു.

(സി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമുടമകളുമായി ചർച്ച ചെയ്ത് പ്രവൃത്തി ചെയ്യുന്നതിനുള്ള സമ്മതപത്രം ലഭ്യമായിട്ടുള്ളതാണ്. ആയതനുസരിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട 04-02-2023-ലെ സ.ഉ. (സാധാ) 121/2023/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾ, ധനകാര്യ വകുപ്പിന്റെ ഉത്തരവാദിത്വം, നിർമ്മാണ സമയക്രമം എന്നിവ വിശദീകരിക്കാമോ?

പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട 04-02-2023-ലെ സ.ഉ. (സാധാ) 121/2023/പൊ.മ.വ നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ആനുബന്ധമായി* ചേർക്കുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കിവരുന്നു.

ടൂറിസം പരിശീലന കേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ നടപടി

148 (1402) ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം പരിശീലന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, വിവിധ ജില്ലകളിലായി 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും അനുബന്ധ സെന്ററുകളും തിരുവനന്തപുരം ജില്ലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജിയും ടൂറിസം മേഖലയിൽ പരിശീലനം നൽകുന്നതിന് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. കൂടാതെ കോട്ടയം ജില്ലയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിന്റെ നിർമ്മാണം നടന്നുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സ്ഥാപനങ്ങൾ മുഖേന ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാറ്ററിങ് ടെക്നോളജി എന്നീ മേഖലകളിൽ പ്രൊഫഷണൽ വൈദഗ്ധ്യവും അറിവും നേടുന്നതിനുള്ള പരിശീലനം നൽകുകയും ഹോസ്പിറ്റാലിറ്റി മേഖലയോടുള്ള സമീപനം മെച്ചപ്പെടുത്തുകയും പരിശീലനം നൽകിവരുകയും ചെയ്യുന്നു. ഡിഗ്രി കോഴ്സുകൾ, വിവിധ ഡിപ്ലോമ പ്രോഗ്രാമുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, കേന്ദ്ര ടൂറിസം വകുപ്പിന്റെയും കേരള ടൂറിസം വകുപ്പിന്റെയും വിവിധ ടെയിനിങ് പ്രോഗ്രാമുകൾ എന്നിവ ഈ സ്ഥാപനങ്ങൾ നടത്തിവരുന്നു. കോഴിക്കോട് SIHM-ന്റെ അക്കാദമിക്ക് ബ്ലോക്കിലെ പഠന സൗകര്യങ്ങൾ ഹൈടെക് നിലയിലേയ്ക്ക് ഉയർത്തുന്നതിനായി അതത് സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ട് വിനിയോഗിച്ച് വിവിധ പ്രവൃത്തികൾ/പർച്ചേസുകൾ എന്നിവ നടത്തിവരുന്നു. കൂടാതെ കോഴിക്കോട് SIHM-ന്റെ അക്കാദമിക് ബ്ലോക്കിന്റെ ബാലൻസ് വർക്കുകൾ പൂർത്തീകരിക്കുന്നതിനായി 3,53,10,000/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. 2024-25 വർഷം കോഴിക്കോട് SIHM-ലെ വിദ്യാർഥികളുടെ നൈപുണ്യ വികസനത്തിനായി 73.42 ലക്ഷം രൂപ ചെലവഴിച്ച് ലാംഗ്വേജ് ലാബും കമ്പ്യൂട്ടർ ലാബും വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ കാമ്പസ് നവീകരണത്തിനായി ലാൻഡ്സ്കേപ്പിങ്, മൾട്ടി പർപ്പസ് കോർട്ട്, സോളാർ പ്ലാന്റ് എന്നിവയ്ക്കായി 2.06 കോടിയിലധികം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കോട്ടയത്ത് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് സ്ഥാപിക്കുന്നതിന് 30 കോടി രൂപയുടെ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക

സഹകരണത്തോടെ പുരോഗമിച്ചു വരുന്നു. ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, രണ്ടാം നില എന്നിവയുടെ സ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ അക്കാദമിക് ബ്ലോക്കിന്റെ പൂർത്തീകരണത്തിനായി 35.13 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ കേരള ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിന്റെ (KIHM) സ്ഥിരം കാമ്പസ് നിർമ്മാണം പിണറായി എഡ്യൂക്കേഷൻ ഹബ്ബിന്റെ ഭാഗമായി പൂർത്തീകരിക്കുന്നതോടെ AICTE അംഗീകാരത്തോടുകൂടി നാലുവർഷ ബി.എച്ച്.എം. പ്രോഗ്രാം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

ഹോട്ടൽ ടൂറിസം വ്യവസായത്തിന്റെ വിവിധ മേഖലകളിൽ നൈപുണ്യമുള്ള തൊഴിൽ വിഭാഗത്തെ വാർത്തെടുക്കുന്നതിനായി, പരിശീലനം നൽകുന്ന സ്ഥാപനമാണ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്. FCI-യ്ക്ക് കീഴിൽ 13 ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. സ്ഥാപനത്തിന്റെ 13 ഇൻസ്റ്റിറ്റ്യൂട്ടുകളിൽ 4 എണ്ണം (കളമശ്ശേരി, തൃശ്ശൂർ, ഉദുമ & കണ്ണൂർ) സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. കോഴിക്കോട് കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്. തൊടുപുഴ, കോട്ടയം FCI-യുടെ പുതിയ കെട്ടിട നിർമ്മാണം, കളമശ്ശേരി FCI-യുടെ നവീകരണം, കമ്പ്യൂട്ടർ ലാബ് ആധുനികവൽക്കരണം, ഫർണിച്ചർ പർച്ചേസ്, ഉപകരണങ്ങൾ വാങ്ങുക എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കി മേൽ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കിറ്റ്സിനെ ഒരു മികവിന്റെ കേന്ദ്രമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം, പ്ലാൻ ഫണ്ടിൽ നിന്നും 115.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ടൂറിസ്റ്റ് ഗൈഡുകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ?

വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ തലത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനായി സംസ്ഥാനതല/പ്രാദേശികതല ടൂറിസ്റ്റ് ഗൈഡുകൾക്കും മുസ്സിരിസ് പ്രോജക്ടിനുകീഴിലുള്ള ഗൈഡുകൾക്കും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖേന പരിശീലനം നൽകി ടൂറിസ്റ്റ് ഗൈഡ് ലൈസൻസ് അനുവദിച്ചുവരുന്നു. കൂടാതെ ലൈസൻസ് നേടിയ ഗൈഡുകൾക്ക് ഓരോ മൂന്നു വർഷം കൂടുമ്പോഴും കിറ്റ്സ് നടത്തുന്ന മൂന്നു ദിവസത്തെ റിഫ്രഷർ കോഴ്സിന്റെ അടിസ്ഥാനത്തിൽ ടൂറിസ്റ്റ് ഗൈഡ് ലൈസൻസ് പുതുക്കിയും നൽകുന്നു.

(സി) ഇന്റർ നാഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് വെൽനെസ്സ് മേഖലയിൽ നിലവിലെ സാധ്യതകൾക്കനുസരിച്ച് വികസിക്കുന്നതിനാവശ്യമായ കോഴ്സുകളും സ്ഥാപനങ്ങളും ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ടൂറിസം മാർക്കറ്റിങ്ങുമായി ബന്ധപ്പെട്ട് വികസിച്ചുവരുന്ന സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഉതകുംവിധം പുതിയ കോഴ്സുകളും സ്ഥാപനങ്ങളും ആരംഭിക്കുമോ; വിശദമാക്കാമോ?

(സി&ഡി) ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് വെൽനെസ്സ് മേഖലയിൽ നിലവിലെ സാധ്യതകൾക്കനുസരിച്ചും ടൂറിസം മാർക്കറ്റിങ്ങുമായി ബന്ധപ്പെട്ട് വികസിച്ചുവരുന്ന സാധ്യതകൾക്കനുസരിച്ചും ഹോസ്പിറ്റാലിറ്റി രംഗത്തെ പുതിയ തൊഴിലവസരങ്ങൾക്ക് സന്നദ്ധരാക്കുന്നതിനായി ബിരുദ/ഡിപ്ലോമ/സ്കിൽ പരിശീലന കോഴ്സുകൾ നടത്തിവരുന്നുണ്ട്. കൂടാതെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട മേഖലകളിൽ ആവശ്യംവരുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്.

ടൂറിസം വകുപ്പ് സോഷ്യൽ മീഡിയ വഴി നടത്തുന്ന നൂതന പദ്ധതികൾ

149 (1403) ശ്രീമതി യു. പ്രതിഭ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ നടപ്പിലാക്കിവരുന്ന നവീനവും ആകർഷകവുമായ വിവിധ പദ്ധതികൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്തിന് 2021 മുതൽ 2025 വരെ ദേശീയ-അന്തർദേശീയ തലത്തിൽ, ടൂറിസം മേഖലയിൽ ലഭിച്ച പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

Responsible Tourism Project, 2021

Niti Aayog 1st Place in SDG development index – 2020-21

Global Vision Award -2022

Booking.com Travel review award- 2022

World Travel Mart Responsible Tourism Awards-2021

Category: Increasing Diversity in Tourism One to Watch

Recipient: Aymanam- Model RT Village-Responsible Tourism Mission Kerala

Travel + Leisure Global Vision Award 2022

Recipient: Responsible Tourism Mission Kerala

Aymanam Model RT Village is listed as one of the must watch destination in 2022.

Gold Awards by ICRT International on September 2022 – Destination Building Back Better- Post Covid

Gold Awards by ICRT International on September 2022 – Increasing Diversity in Tourism- How Inclusive is our Industry'?

Gold Awards by ICRT International on September 2022-Reducing Plastic Waste in the Environment

Gold Awards by ICRT International on September 2022 – Conserving Water and improving water scarcity & supply 'for neighbours

WTM —GLOBAL RT AWARDS 2022

Category: Conserving Water and improving water scarcity & supply — for neighbours

Recipient Water Street by RT Mission.

WTM Global Award for Best Local Sourcing Craft & Food

ICRT India Gold Award - 2023

Responsible Tourism Global Award - 2023 - Best for Local Sourcing Craft Food - 2023

ICRT India and Subcontinent Gold Award — 2024 (for Beypore Integrated RT Development Project)

Category: Employing and Upskiling Local Communities

National Award

1. Indian Responsible Tourism Awards 2021

Category: Best Future Forward State

2. Best Tourism Village Gold Award 2023 - Kanthalloor STREET Project.

3. Best Tourism Village Award 2024 — Kumarakom has been selected in the

Best Agri Tourism Village category.

4. Best Tourism Village Award 2024 - Kadalundi has been selected in the

Best Responsible Tourism Village category.

Golden City Gate Awards 2025 at ITB Berlin-

Silver Star in Campaign International category for the 'Come Together in Kerala'

Excellent Award in the Music International category for 'Shubha Mangalyam – Weddings in Kerala'

PATA Gold Awards 2025

Most Engaging Social Media Campaign for Meme-led Makeover Campaign

(ബി) ടൂറിസം വകുപ്പ് സോഷ്യൽ മീഡിയവഴി നടത്തുന്ന നൂതനമായ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കേരളത്തിന്റെ മനോഹാരിത കൂടുതൽ വിനോദസഞ്ചാരികളിലേക്ക് എത്തിക്കാൻ കേരള ടൂറിസം ഡിജിറ്റൽ മാർക്കറ്റിങ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നു. നൂതനമായ സോഷ്യൽ മീഡിയ മാർക്കറ്റിങ്ങിലൂടെ കേരളത്തിന്റെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ, ആകർഷകമായ വീഡിയോകൾ, ഉള്ളടക്കങ്ങൾ എന്നിവ ഉപയോഗിച്ച് ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, യുട്യൂബ്, ട്വിറ്റർ തുടങ്ങിയ വിവിധ പ്ലാറ്റ്ഫോമുകളിലൂടെ കേരളത്തിന്റെ സൗന്ദര്യവും സംസ്കാരവും അനുഭവങ്ങളും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിനായി Its Kerala Season, The State of Happiness, Love is in the Air തുടങ്ങിയ സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ഗൂഗിൾ ആഡ്സ്, സോഷ്യൽ മീഡിയ പരസ്യങ്ങൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾവഴി ഓൺലൈൻ പരസ്യങ്ങൾ

നൽകി കൂടുതൽ സഞ്ചാരികളിലേയ്ക്ക് കേരള ടൂറിസത്തിന് എത്തിച്ചേരുന്നതിനുള്ള പ്രചാരണ പരിപാടികളും നടപ്പിലാക്കുന്നുണ്ട്. WhatsApp Chatbot ഉപയോഗിച്ച് Holiday Heist Campaign പോലുള്ള Interactive ക്യാമ്പയിനുകളിലൂടെ വളരെ ഫലപ്രദമായ പ്രചാരണം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ നവീകരിച്ച മൊബൈൽ ആപ്പും സൗഹൃദപരവും വിവരദായകവുമായ വെബ്സൈറ്റും പുറത്തിറക്കിയിട്ടുണ്ട്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വെബ്സൈറ്റിൽ വീഡിയോ, ഇ-ബുക്ക് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

ഈ ഡിജിറ്റൽ മാർക്കറ്റിങ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു.

(സി) കേരള ടൂറിസത്തിന് സോഷ്യൽ മീഡിയ ക്യാമ്പയിനുള്ള അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം ലഭ്യമായതെന്ന് അറിയിക്കാമോ?

വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ ഡിജിറ്റൽ മാർക്കറ്റിങ് ക്യാമ്പയിനുകളിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള സഞ്ചാരികളിലേക്ക് എത്തിച്ചേരുന്നതിനും കേരളത്തിന്റെ മനോഹാരിതയും വൈവിധ്യവും വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നതിനും വിനോദസഞ്ചാരികളുമായി

നേരിട്ട് സംവദിക്കാനും വിവരങ്ങൾ നൽകാനും വിനോദസഞ്ചാരികളുടെ താൽപ്പര്യങ്ങൾ മനസിലാക്കി വിപണന തന്ത്രങ്ങൾ മെച്ചപ്പെടുത്താനും ഗുണകരമാകുന്നു. വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന ഡിജിറ്റൽ മാർക്കറ്റിങ് ഉൾപ്പെടെയുള്ള നൂതന വിപണന തന്ത്രങ്ങളിലൂടെ കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണം വർധിക്കുകയും, ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർസ് തുടങ്ങിയ വ്യവസായ മേഖലകളിൽ കൂടുതൽ സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഡിജിറ്റൽ മാർക്കറ്റിങ് ക്യാമ്പയിനുകൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം പ്രോത്സാഹനത്തിനും ടൂറിസം മേഖലയുടെ വളർച്ചയ്ക്കും വളരെ പ്രധാനപ്പെട്ട ഒരു ഉപാധിയാണ്. ഈ വർഷം വിനോദസഞ്ചാര വകുപ്പ് കരസ്ഥമാക്കിയ നൂതന ഡിജിറ്റൽ മാർക്കറ്റിങ് ക്യാമ്പയിനുള്ള 2024-ലെ PATA ഗോൾഡ് അവാർഡും ITB Berlin 2025-ലെ ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡുകളും കേരള ടൂറിസത്തിന്റെ ഡിജിറ്റൽ മാർക്കറ്റിങ് തന്ത്രങ്ങളുടെ ഫലപ്രാപ്തി ചൂണ്ടിക്കാണിക്കുന്നു.

(ഡി) വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പ്രത്യേക ക്യാമ്പയിൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London

തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചും വരുന്നു. കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ ക്രമാനുഗതമായ വർധനവ് കണക്കാക്കുമ്പോൾ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന ഈ പ്രചരണ പ്രവർത്തനങ്ങളെല്ലാം ഫലപ്രദമാണെന്ന് കാണുന്നു.

അതോടൊപ്പം മിഡിൽ ഈസ്റ്റിൽനിന്നും യൂറോപ്പിൽനിന്നും കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ പ്രചാരണം നടത്തിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, WhatsApp Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. അതോടൊപ്പം നിലവിൽ കേരളത്തിലേക്ക് അത്രയധികം സഞ്ചാരികൾ എത്തിച്ചേർന്നിട്ടില്ലാത്ത രാജ്യങ്ങളിൽനിന്നും സഞ്ചാരികളെ എത്തിക്കാനുതകുന്ന Look East Policy നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിൽ കൂടുതൽ വിദേശസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പ്രത്യേക ക്യാമ്പയിനുകൾ ആവിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ സടീറ്റ്, പെപ്പർ, മോഡൽ ആർ.ടി. വില്ലേജ്, കേരള അഗ്രി ടൂറിസം നെറ്റ്വർക്ക്, എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, സ്ത്രീ

സൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തുടനീളം ടൂറിസ്റ്റുകളെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ ഉത്സവങ്ങളും ആഘോഷങ്ങളും ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനുവേണ്ടി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി കൾച്ചറൽ എക്സ്പീരിയൻസ് പ്രോഗ്രാമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാട്ടിൽ നടക്കുന്ന ഉത്സവങ്ങളെയും ആഘോഷങ്ങളെയും ലിസ്റ്റ് ചെയ്യുകയും ടൂറിസ്റ്റുകളെ ഇവ നടക്കുന്ന സമയങ്ങളിൽ അവിടെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഈ വർഷം ഓണക്കാലത്ത് ആഗോള ഉത്തരവാദിത്ത ടൂറിസം സംഘത്തെ കേരളത്തിൽ എത്തിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം നടത്തുകയും ചെയ്തു.

ആലത്തൂർ മണ്ഡലത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികൾ

150 (1404) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അനുവദിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

(എ&ബി) നിലവിൽ ആലത്തൂർ മണ്ഡലത്തിൽനിന്നും ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടി

151 (1405) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ സംസ്ഥാനത്ത് എത്തിച്ചേർന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

738374 വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എത്തുന്ന വിദേശ വിനോദസഞ്ചാരികൾക്ക് അതിവേഗം പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെത്തുന്നതിനും അടിയന്തരഘട്ടങ്ങളിൽ അവരുടെ സുരക്ഷിതത്വം ഉറപ്പിക്കുന്നതിനുംവേണ്ട സംവിധാനമൊരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലുമായി 180 ടൂറിസം പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്.

പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുകയും കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ

സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പുമായും ഇതര വകുപ്പുകളുമായും ചേർന്നു നടപടികൾ സ്വീകരിച്ചും വരുന്നു. സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദസഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനുള്ള നടപടികൾ, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ മനോഹരമായ ഭൂപ്രകൃതി, ആകാശ കാഴ്ചകൾ എന്നിവ വിദേശ വിനോദസഞ്ചാരികൾക്ക് ആസ്വദിക്കാൻ പാകത്തിലുള്ള പാക്കേജുകൾ ഹെലി ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

കേരളത്തിന്റെ മനോഹാരിത പുതിയൊരു കാഴ്ചപ്പാടിലൂടെ ആസ്വദിക്കുന്നതിനും കുറഞ്ഞ സമയത്തിനുള്ളിൽ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് എത്തിച്ചേരുന്നതിനും ഹെലി ടൂറിസം സഞ്ചാരികളെ പ്രാപ്തരാക്കുന്നു. ഹെലിടൂറിസം വിനോദസഞ്ചാരികൾക്ക് ഒരു പുതിയ ഉൽപന്നം എന്നതിനുപുറമെ വിവിധ നിക്ഷേപ സാധ്യതകളും ഈ മേഖല തുറന്നിടും. സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളുമൊരുക്കുക, ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുക മുതലായവ മുതൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ പാക്കേജുകളും മറ്റ് പ്രവർത്തനങ്ങളും ഒരുക്കുക വരെ വിവിധങ്ങളായ നിക്ഷേപാവസരങ്ങൾ ഇതിന്റെ ഭാഗമായി സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഹെലി ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സ്വകാര്യ നിക്ഷേപകരുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

സ്വകാര്യ നിക്ഷേപകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഇ) ആഗോള ടൂറിസം രംഗത്ത് ഒരു ബ്രാൻഡായി സംസ്ഥാനം ശ്രദ്ധിക്കപ്പെടാനും വിദേശ വിനോദസഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും പ്രദർശിപ്പിക്കുന്നതിന് അവസരമൊരുക്കാൻ വിനോദസഞ്ചാര വകുപ്പ് "എന്റെ കേരളം എന്നും സുന്ദരം" എന്ന പദ്ധതി നടപ്പിലാക്കി. എല്ലാവരും അവരവർക്ക് പ്രിയപ്പെട്ട സ്ഥലങ്ങളുടെ ഫോട്ടോകളും വീഡിയോകളും പോസ്റ്റ് ചെയ്യുകയും അതിൽനിന്ന് തെരഞ്ഞെടുക്കുന്നവ കേരള ടൂറിസത്തിന്റെ മ്യൂസിക് വീഡിയോയിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ് ടി ക്യാമ്പയിൻ.

വിനോദസഞ്ചാര വകുപ്പിന്റെ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ ആക്ടിവിറ്റി എന്ന പദ്ധതിവഴി കേരളത്തിന്റെ സൗന്ദര്യവും സാംസ്കാരിക സമ്പന്നതയും ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേയ്ക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാരെ പ്രയോജനപ്പെടുത്തി കേരളത്തിന്റെ മനോഹരമായ കാഴ്ചകൾ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ആകർഷകമായ ഫോട്ടോകളും വീഡിയോകളുംവഴി അവതരിപ്പിക്കുന്നു.

മിഡിൽ ഈസ്റ്റിൽനിന്നും യൂറോപ്പിൽനിന്നും കൂടുതൽ വിദേശസഞ്ചാരികളെ ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, WhatsApp Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

സാഹസിക വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പാരാഗ്ലൈഡിംഗ്, സർഫിങ്, മൗണ്ടൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിങ് തുടങ്ങിയ വിവിധ സാഹസിക വിനോദസഞ്ചാര മത്സരങ്ങൾ വകുപ്പ് നടത്തുകയുണ്ടായി. ഇതുവഴി സാഹസിക വിനോദ സഞ്ചാരമേഖലയിൽ താൽപ്പര്യമുള്ള വിദേശസഞ്ചാരികൾ കേരളം സന്ദർശിക്കുന്നതിനുള്ള സാധ്യതകൾ വർധിച്ചിട്ടുണ്ട്.

വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും, Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London

തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചും വരുന്നു.

കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വർധനവ് കാണിക്കുന്നത് വിനോദസഞ്ചാര വകുപ്പ് നടത്തുന്ന പ്രചരണ പ്രവർത്തനങ്ങളെല്ലാം ഫലപ്രദമാണെന്നാണ്.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജനം

152 (1406) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യരഹിതമായി നിലനിർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനുമായി വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

1. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ

കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ". 14 ജില്ലകളിലായി നടപ്പിലാക്കിവരുന്ന ടി പദ്ധതിയിൽ 645 കുടുംബശ്രീ ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. ഇതിനായി വകുപ്പിൽനിന്നും തുകയും അനുവദിച്ചുവരുന്നുണ്ട്.

ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ 2025-26 എന്ന പദ്ധതിയുടെ നടത്തിപ്പിനായി 10,69,20,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

2. കോവളം ഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം

കോവളം ടൂറിസ്റ്റ് കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 62,10,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

3. ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം

ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽമേട് (ആമപ്പാറ), രാമക്കൽമേട് പാർക്ക്, പരുന്തുപാറ, പാഞ്ചാലിമേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക്- ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ (അഡ്വഞ്ചർ പാർക്ക്) തൊമ്മൻ കുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിക്കായി 2024-25-ൽ 75,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യരഹിതമായി നിലനിർത്തുന്നതിനും ഡി.റ്റി.പി.സി.-കൾ, തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ എന്നിവർ സംസ്ഥാന ശുചിത്വ മിഷനുമായി ചേർന്ന് ഗ്യാപ്പ് അസ്സസ്മെന്റ് നടത്തുകയും കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയും ചെയ്യുന്നു.

സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻപ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ജൈവ-അജൈവ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളതും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതുമാണ്. പ്ലാസ്റ്റിക്ക് വസ്തുക്കൾ പാർക്കുകളിൽ കൊണ്ടുവരുന്നത് ഒഴിവാക്കുന്നതിന് ശ്രദ്ധ പുലർത്തുന്നതിനും നല്ല രീതിയിൽ സഞ്ചാരികളെ പറഞ്ഞ് മനസ്സിലാക്കുന്നതിനും ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നുണ്ട്.

(ബി) ഗ്രാമീണ ടൂറിസം മേഖലകളിൽ ആധുനിക രീതിയിലുള്ള ശുചിമുറികളും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുകയും അവ പരിപാലിക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം നൽകാമോ?

ഗ്രാമീണ ടൂറിസം മേഖലകളിൽ ആധുനിക രീതിയിലുള്ള ശുചിമുറികളും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുകയും അവ പരിപാലിക്കാനുംവേണ്ടി ഈ സാമ്പത്തിക വർഷം

ഫ്രെഷ് അപ് ഹോംസ് (Fresh Up Homes) എന്ന പദ്ധതി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പിലാക്കുന്നു.

വിനോദസഞ്ചാര വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

153 (1407) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

തത്ത്വമസി – അമിനിറ്റി സെന്ററുകൾ

154 (1408) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തത്ത്വമസി പദ്ധതിയുടെ ഭാഗമായി മുൻസർക്കാർ അനുവദിച്ച അമിനിറ്റി സെന്ററുകളുടെ വിവരം ലഭ്യമാക്കാമോ?

തത്ത്വമസി പദ്ധതിയുടെ ഭാഗമായി മുൻസർക്കാർ അനുവദിച്ച അമിനിറ്റി സെന്ററുകളുടെ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പ്രാധാന്യമുള്ള വിവിധ ആരാധനാലയങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കിക്കൊണ്ട് തീർത്ഥാടന ടൂറിസം മേഖലയെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രോത്സാഹിപ്പിക്കുന്നതിലൂടെ കൂടുതൽ തീർഥാടകരെ ആകർഷിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് തത്ത്വമസി എന്ന പേരിൽ ടൂറിസം പദ്ധതി ആവിഷ്കരിച്ച് വകുപ്പ് നടപ്പാക്കിവരുന്നത്.

(സി) തത്ത്വമസി പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച അമിനിറ്റി സെന്ററുകളിൽവച്ച് നടത്തുന്ന സാംസ്കാരിക പരിപാടികൾ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾക്ക് വാടക നിശ്ചയിക്കുന്നതിനും വാടകയ്ക്ക് നൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച അമിനിറ്റി സെന്ററുകളിൽ റസിഡന്റ്സ് അസോസിയേഷനുകൾക്ക് സൗജന്യ നിരക്കിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) തത്ത്വമസി തീർത്ഥാടന ടൂറിസം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള അമിനിറ്റി സെന്ററുകളെല്ലാംതന്നെ ആരാധനാലയങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് നിർമ്മിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി പൂർത്തിയായിട്ടുള്ള അമിനിറ്റി സെന്ററുകളുടെ പ്രവർത്തന മേൽനോട്ടം ആരാധനാലയങ്ങളുടെ അധീനതയിലാണ് നടത്തി വരുന്നത്.

മലബാർ മേഖലയിലെ ടൂറിസം പദ്ധതികൾ

155 (1409) ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ?

കേരളത്തെ ഒരു ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ വികസിപ്പിക്കുന്നതിനാണ് ടൂറിസം വകുപ്പ് മുൻഗണന നൽകുന്നത്. ഇതിന്റെ ഭാഗമായി വിനോദസഞ്ചാരികളുടെ വിന്യാസം സംസ്ഥാനത്താകെ വ്യാപിപ്പിക്കുക എന്നതിന് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. മലബാർ മേഖലയിലേയ്ക്ക് എത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനും മലബാറിനെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താനുമുള്ള വ്യത്യസ്ത പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ വികസിപ്പിക്കുകയും ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നു. മലബാറിന്റെ പ്രത്യേകതകൾക്ക് അനുസരിച്ചുള്ള വ്യത്യസ്തങ്ങളായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. കേരള ടൂറിസം ഉൽപന്നങ്ങൾ ദേശീയ അന്തർദേശീയ തലത്തിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി നവമാധ്യമങ്ങളിലൂടെയും പ്രിന്റ് മീഡിയ വഴിയും വിവിധ പ്രചരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ ദേശീയ അന്തർദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന വിവിധ ട്രേഡ് മീറ്റുകളിലും ബിസിനസ് മീറ്റുകളിലും കേരളത്തിലെ ടൂർ ഓപ്പറേറ്റർ/ഹോട്ടലുടമകൾ തുടങ്ങിയവരെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ഇത്തരം മേളകളിൽ ബ്രോഷറുകൾ, കോഫി ടേബിൾ ബുക്ക് എന്നിവ വഴിയും കേരളത്തിലെ മലബാർ ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പ്രചരിപ്പിച്ചുവരുന്നു. മലബാറിലെ വിവിധ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയുള്ള E-Brochure നിർമ്മാണം പുരോഗമിച്ചുവരുന്നു.

മലബാറിലെ ടൂറിസം കേന്ദ്രങ്ങളുടെ അന്തർദേശീയ വിപണനം ലക്ഷ്യമിട്ട് മലബാർ ബിടുബി മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. മലബാറിലെ ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്തുന്നതിന് ഇതിലൂടെ സാധിച്ചു. ടൂറിസം പ്രചരണത്തിന്റെ ഭാഗമായി മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളിലേക്ക് ബ്ലോഗേഴ്സിനെ എത്തിക്കുകയും അന്തർദേശീയതലത്തിൽ പ്രചരണം നടത്തുകയും ചെയ്യുന്നു. CBL മലബാറിലേക്ക് വ്യാപിപ്പിച്ചു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ മലബാർ മേഖലയിൽ നടപ്പിലാക്കുന്നു. സർക്കാർ പുതുതായി ആരംഭിച്ച ലിറ്ററി സർക്യൂട്ട് മലബാർ മേഖലയിലെ സാംസ്കാരിക ടൂറിസത്തെ പരിപോഷിപ്പിക്കും. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ തുടരുകയാണ്.

•ബേപ്പൂർ-ചാലിയം ബീച്ചുകളുടെ വികസനത്തിനുള്ള ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തിയാവുന്നു. രണ്ട് ബീച്ചുകളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതാണ് പദ്ധതി. ബേപ്പൂർ രണ്ടാംഘട്ട പ്രവൃത്തികൾക്കായി 14.99 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

•മലബാർ മേഖലയിലെ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, പൊന്നാനി, തൃത്താല, നിളാതീരം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് "മലബാർ ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതി" നടപ്പിലാക്കിവരുന്നു. മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ,

എം.ടി. വാസുദേവൻ നായർ തുടങ്ങിയവരുമായി അഭേദ്യമായി ബന്ധപ്പെട്ടയിടങ്ങളാണ് മേൽപ്പറഞ്ഞ സ്ഥലങ്ങൾ.

•ഏറ്റവും മികച്ച ഡ്രൈവ് - ഇൻ - ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിനെ പ്രധാന ഡെസ്റ്റിനേഷനായി ഉയർത്തുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പ്രോജക്ടിൽ 4 ക്യാരക്ടർ ഏരിയയായി തിരിച്ചിട്ടുണ്ട്. ഇതിൽ ക്യാരക്ടർ ഏരിയ ഒന്നിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

•തലശ്ശേരി പൈതൃക പദ്ധതിയിലുൾപ്പെട്ട് സംസ്ഥാന ഫണ്ട് മുഖേന 11 പദ്ധതികളിൽ 8 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു, 3 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളിൽ 10 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

•മലപ്പുറം പൊന്നാനിയിൽ 7.56 കോടി രൂപയ്ക്ക് നിള ഹെറിറ്റേജ് മ്യൂസിയം പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

•വയനാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളായ എൻ ഊര്, പൂക്കോട് തടാകം, എടക്കൽ കേവ്സ്, തിരുനെല്ലി ടെമ്പിൾ, എന്നിവയുടെ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

•വയനാട് ജില്ലയിലെ കാരാപ്പുഴ, പൂക്കോട് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

•ബേക്കലിനെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന്റെ ഭാഗമായി ബേക്കലിലെ മൂന്നാമത്തെ പഞ്ചനക്ഷത്ര ഹോട്ടൽ പ്രവർത്തനമാരംഭിച്ചു. മറ്റൊരു റിസോർട്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്

•മലബാർ - മലനാട് റിവർ ക്രൂയിസ് പദ്ധതി: സംസ്ഥാന ഫണ്ട് മുഖേനയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ഫണ്ട് മുഖേനയും പദ്ധതി പ്രവൃത്തികൾ നടത്തിവരുന്നു. മലബാറിലെ പുഴകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് മലബാർ-മലനാട് റിവർ ക്രൂയിസ് പദ്ധതി. ടി പദ്ധതിയുടെ ഭാഗമായി ബോട്ട് ജെട്ടികൾ/ബോട്ട് ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 17 പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 6 നിയോജകമണ്ഡലങ്ങളിലായി 14 പദ്ധതികളും (തലശ്ശേരി, ധർമ്മടം, കൂത്തുപറമ്പ്, പയ്യന്നൂർ, തളിപ്പറമ്പ്, കല്ല്യാശ്ശേരി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ 3 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശി ദർശൻ സ്കീം പദ്ധതിയിൽ ഉൾപ്പെട്ട ഇൻലൻഡ് നാവിഗേഷൻ മുഖേന നിർമ്മിച്ച 18 ബോട്ട് ടെർമിനലുകളും KEL Ltd മുഖേന നിർമ്മിച്ചിട്ടുള്ള ടൂറിസം റിലേറ്റഡ് ഇൻഫ്രാസ്ട്രക്ചർ അറ്റ് കൂപ്പം, ഹൊകേർസ് കോർട്ട് ഓപ്പൺ ഫ്ലോട്ടിങ് മാർക്കറ്റ്, വെനീസ് ഫ്ലോട്ടിങ് മാർക്കറ്റ് അറ്റ് വളപട്ടണം ആൻഡ് പറശ്ശിനിക്കടവ്, ബോട്ട് റെയ്സ് ഗാലറി അറ്റ് പഴയങ്ങാടി, ബോട്ട് റെയ്സ് ഗാലറി അറ്റ് മംഗലശ്ശേരി, ടൂറിസം റിലേറ്റഡ് ഇൻഫ്രാസ്ട്രക്ചർ മുനമ്പുകടവ്, പേൾ സ്പോട്

ഫ്ലോട്ടിങ് മാർക്കറ്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ തുടർനടത്തിപ്പിനും പരിപാലനത്തിനുമായി കണ്ണൂർ ഡി.ടി.പി.സി.-ക്ക് പ്രവൃത്തികൾ കൈമാറിയിട്ടുണ്ട്. ഡെസ്റ്റിനേഷൻ പ്രൊമോഷനായുള്ള വിപണന പ്രചരണ നടപടികൾ നടത്തിവരുന്നു.

•മലബാർ മേഖലയിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വൈവിധ്യമാർന്ന താമസ സൗകര്യങ്ങൾ അനിവാര്യമാണ്. KTDC-യുടെ നേതൃത്വത്തിൽ മുഴപ്പിലങ്ങാട് സ്റ്റാർ ഹോട്ടലിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

•ബേക്കലിൽ നേരത്തെ പൂർത്തിയാകാതിരുന്ന ഹോട്ടൽ നിർമ്മാണ പ്രവൃത്തികൾ പുനഃരാരംഭിച്ചു. ഒരു സ്റ്റാർ ഹോട്ടൽ നിർമ്മാണം പൂർത്തിയാക്കി. ഒരു സ്റ്റാർ ഹോട്ടൽ പ്രവൃത്തി തുടരുന്നുണ്ട്. സ്വകാര്യ മേഖലയിൽ അക്കോമഡേഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് പ്രേത്സാഹനം നൽകുന്നു. ഇതോടൊപ്പം വിവിധ പ്രാദേശിക ടൂറിസം പദ്ധതികളും നടപ്പിലാക്കിവരുന്നു.

•സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി SASCI സ്കീമിൽ ഉൾപ്പെടുത്തി Sargalaya: A Global Gateway to Malabars cultural cruisible എന്ന പദ്ധതിക്ക് 95.34 കോടി രൂപയുടെ ഭരണാനുമതിയും കേന്ദ്ര സ്വദേശ് ദർശൻ 2.0 സ്കീമിന്റെ ഉപപദ്ധതിയായ Challenge Based Destination Development-ൽ ഉൾപ്പെടുത്തി 'തലശ്ശേരി സ്പിരിച്യൽനെക്സസ്'' എന്ന പദ്ധതിക്ക് 25 കോടി രൂപയുടെ ഭരണാനുമതിയും കൂടാതെ Enhancement of Tourist Experience at Malampuzha Garden

& Leisure Park എന്ന പദ്ധതിക്ക് 75.874 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) മലബാർ ലിറ്റററി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യവും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളും വിശദമാക്കാമോ?

മലബാർ മേഖലയിലെ സാംസ്കാരിക ടൂറിസത്തെ പരിപോഷിപ്പിക്കുക എന്നതാണ് മലബാർ ലിറ്റററി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. മലബാർ മേഖലയിലെ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്സറാക്ക്, പൊന്നാനി, തൃത്താല, നിളാതീരം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് "മലബാർ ലിറ്റററി ടൂറിസം സർക്യൂട്ട് പദ്ധതി" നടപ്പിലാക്കി വരുന്നു. മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, ശ്രീ. എം. ടി. വാസുദേവൻ നായർ തുടങ്ങിയവരുമായി അഭേദ്യമായി ബന്ധപ്പെട്ട ഇടങ്ങളാണ് മേൽപ്പറഞ്ഞ സ്ഥലങ്ങൾ.

(സി) ബേപ്പൂർ, ചാലിയം ബീച്ചുകളുടെ വികസനത്തിനായി കൈക്കൊണ്ട നടപടികളും പദ്ധതിയുടെ ഘട്ടങ്ങളും വിശദമാക്കാമോ?

<u>ബേപ്പൂർ ആൻഡ് ബിയോണ്ട്–ഡെവലപ്മെന്റ് ആൻഡ് റെനോവേഷൻ ഓഫ് ബേപ്പൂർ ടൂറിസം ഫേസ് 1 & 2:-</u>

ഡി.ടി.പി.സി. കോഴിക്കോടിന്റെ നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള കോഴിക്കോട് ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമാണ് ബേപ്പൂർ ബീച്ച്. അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ച ബേപ്പൂർ വാട്ടർ ഫെസ്റ്റിന്റെ പ്രധാന വേദിയാണ് ബേപ്പൂർ ബീച്ച്. ഈ

സാഹചര്യത്തിൽ ബേപ്പൂർ ബീച്ചിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ബേപ്പൂർ ബീച്ചിലെ ആദ്യഘട്ട വികസന പ്രവൃത്തികൾക്കായി 9.94 കോടി രൂപയുടെ പദ്ധതികൾക്കാണ് ടൂറിസം വകുപ്പിൽനിന്നും ഭരണാനുമതി നൽകിയത്. ആദ്യഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാംഘട്ട ടൂറിസം വികസന പദ്ധതിക്കായി 14.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. രണ്ടാംഘട്ട പ്രവൃത്തി തുടരുകയാണ്.

ഓഷ്യാനസ് ചാലിയം ബീച്ച് ഫേസ് 1 & 2

അൺഎക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ലോകത്തിന് പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ടൂറിസം വകുപ്പ് ഏറ്റെടുത്ത പദ്ധതിയാണ് ഓഷ്യാനസ് ചാലിയം. കാടുമൂടിക്കിടന്നിരുന്ന ചാലിയം കടൽത്തീരവും പരിസരവും പുലിമുട്ടും, 2 ഘട്ടങ്ങളിലായി 9.53 കോടി രൂപയുടെ ടൂറിസം പ്രവൃത്തികൾ നടപ്പിലാക്കി അന്താരാഷ്ട്ര നിലവാരത്തിലുള്ള 'ഓഷ്യാനസ് ചാലിയം' എന്ന പുതിയ ബീച്ച് ഡെസ്റ്റിനേഷനായി വികസിപ്പിച്ചെടുത്തിരിക്കുകയാണ്.

ഇതിൽ ഓഷ്യാനസ് ഫേസ്-1 പദ്ധതിക്കായി 98 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഈ പദ്ധതി പൂർത്തീകരിച്ചു. ഓഷ്യാനസ് ഫേസ് 2 പദ്ധതിക്കായി 8.55 കോടി രൂപയുടെ ഭരണാനുമതി നൽകി. ഈ പദ്ധതിയും പൂർത്തീകരിച്ചു.

പഴശ്ശി – പടിയൂർ ഇക്കോ ടൂറിസം പദ്ധതി

156 (1410) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പഴശ്ശി-പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

(എ&ബി) പഴശ്ശി-പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ ജോയിന്ററി, പെയിന്റിങ്, ഇന്റർലോക്കിങ് എന്നിവ ഒഴികെയുള്ള 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശത്തേക്കുള്ള റോഡിൽ മണ്ണിടിഞ്ഞു വീണത്, പ്രവൃത്തി നടത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. അത് പരിഹരിച്ച് പദ്ധതി കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സി.ബി.എൽ. വള്ളംകളി മത്സരങ്ങൾ

157 (1411) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന 2025 വർഷത്തെ സി.ബി.എൽ.-വള്ളംകളി മത്സരങ്ങൾ എന്നുമുതലാണ് ആരംഭിക്കുക; പ്രസ്തുത മത്സരങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന 2025 വർഷത്തെ സി.ബി.എൽ. വള്ളംകളി മത്സരങ്ങൾ 14 വേദികളിലായി സെപ്റ്റംബർ 19 മുതലാണ് ആരംഭിക്കുന്നത്. മത്സരങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്ന റൂൾ ബുക്ക് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇതിൽ ചുണ്ടൻ വള്ളങ്ങൾ തുഴയുന്ന തുഴച്ചിൽകാർക്ക് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ചുണ്ടൻ വള്ളങ്ങൾ തുഴയുന്ന തുഴച്ചിൽകാർക്ക് ഇൻഷുറൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്ക് ബോണസ് തുക എത്രയാണ് നൽകാറുള്ളത്; കഴിഞ്ഞവർഷത്തിൽ കുടിശ്ശികയായിട്ടുള്ള തുക പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ ബോട്ട് ക്ലബ്ബുകൾക്കും ഓരോ മത്സരത്തിനും 3 ലക്ഷം രൂപ വീതവും ചുണ്ടൻ വള്ളങ്ങളുടെ ഉടമകൾക്ക് ഒരുലക്ഷം രൂപ വീതവുമാണ് ബോണസ് തുക നൽകുന്നത്. കഴിഞ്ഞ വർഷത്തിലെ തുക കൊടുത്തുതീർത്തിട്ടുണ്ട്.

(ഡി) സി.ബി.എൽ. മത്സരങ്ങളുടെ നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കാമോ?

നിയമാവലി റൂൾ ബുക്കിൽ ഉൾപ്പെടുന്നു. റൂൾ ബുക്കിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടൂറിസം മേഖലയ്ക്ക് ലഭിച്ച അംഗീകാരം

158 (1412) ശ്രീ. വി. കെ പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് ലഭിച്ച ദേശീയ-അന്തർദേശീയ അംഗീകാരങ്ങളും പുരസ്കാരങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തിന് 2021 മുതൽ 2025 വരെ ദേശീയ-അന്തർദേശീയ തലത്തിൽ, ടൂറിസം മേഖലയിൽ ലഭിച്ച പുരസ്കാരങ്ങൾ.:-

•Responsible Tourism Project, 2021

•Niti Aayog 1st Place in SDG development index. – 2020-21

•Global Vision Award -2022

•Booking.com Travel review award- 2022

•World Travel Mart Responsible Tourism Awards-2020

Category: Meaningful Connections-Highly Commended

Recipient-ResponsibleTourism Mjission Kerala.

•World Travel Mart Responsible Tourism Awards-2021

Category: Increasing Diversity in Tourism One to Watch

Recipient: Aymanam- Model RT Village-Responsible Tourism Mission Kerala

- Travel + Leisure Global Vision Award 2022

Recipient: Responsible Tourism Mission Kerala

Aymanam Model RT Village is listed as one of the must watch destination in 2022.

Gold Awards by ICRT International on September 2022 – Destination Building Back Better- Post Covid

Gold Awards by ICRT International on September 2022 – Increasing Diversity in Tourism- How Inclusive is our Industry"?

Gold Awards by ICRT International on September 2022 - Reducing Plastic Waste in the Environment

Gold Awards by ICRT International on September 2022 – Conserving Water and improving water scarcity & supply 'for neighbors

WTM —GLOBAL RT AWARDS 2022

Category: Conserving Water and improving water scarcity & supply — for neighbors

Recipient Water Street by RT Mission.

WTM Global Award for Best Local Sourcing Craft & Food

ICRT India Gold Award - 2023

Responsible Tourism Global Award-2023-Best for Local Sourcing Craft Food - 2023

ICRT India and Subcontinent Gold Award – 2024 (for Beypore Integrated RT Development Project)

Category: Employing and Upskilling Local Communities

National Award

1. Indian Responsible Tourism Awards 2021

Category: Best Future Forward State

2. Best Tourism Village Gold Award 2023 - Kanthalloor STREET Project.

3. Best Tourism Village Award 2024 – Kumarakom has been selected in the Best Agri Tourism Village category.

4. Best Tourism Village Award 2024 - Kadalundi has been selected in the Best Responsible Tourism Village category.

(ബി) വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സ്റ്റാർട്ട്അപ് ഹബ്, നെറ്റ് സീറോ ഡെസ്റ്റിനേഷൻ (വയനാട്), ഗ്രീൻ എനർജി ഡെസ്റ്റിനേഷൻ, മിയാവാക്കി വനവത്കരണം, സിൽവർ ഇക്കോണമി ടൂറിസം, കൾട്ട് ടൂറിസം, വീ പാർക്ക്, ഹെലി ടൂറിസം അഡ്വഞ്ചർ അക്കാദമി തുടങ്ങിയവയാണ് വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ.

വിനോദസഞ്ചാര മേഖലയുടെ നൂതനകാലത്തെ സാഹചര്യങ്ങളും സാധ്യതകളും പരിഗണിച്ച് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ആവിഷ്കരിച്ച് മുന്നോട്ടുവച്ച പദ്ധതികളാണ് സ്ത്രീ സൗഹൃദ വിനോദസഞ്ചാരം, ഷീ ടൂറിസം, കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം കേന്ദ്രങ്ങൾ, കാർബൺ ന്യൂട്രൽ ഡെസ്റ്റിനേഷനുകളുടെ വികസനം, സാംസ്കാരിക വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവ.

കൂടാതെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വനിതാ യൂണിറ്റുകളുടെ പ്രചരണത്തിനും വിപുലീകരണത്തിനുമായി കേരള വനിതാ വികസന കോർപറേഷനുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഇൻട്രസ്റ്റ് സബ് വെൻഷൻ പദ്ധതി. 4 ശതമാനം പലിശ നിരക്കിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ വനിതകൾക്ക് വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായാണ് ഈ വായ്പ നൽകുക.

വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ

159 (1413) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം വിനോദസഞ്ചാര വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികളും അവയുടെ തൽസ്ഥിതിയും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം വിനോദസഞ്ചാരവകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികളും അവയുടെ തൽസ്ഥിതിയും അതുസംബന്ധിച്ച വിശദവിവരവും അനുബന്ധമായി* ചേർക്കുന്നു. അതിനോടൊപ്പം കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, വയനാട് എന്നിവിടങ്ങളിലെത്തുന്ന സന്ദർശകർക്ക് വളരെ കുറഞ്ഞ ചെലവിൽ മികച്ച താമസസൗകര്യമൊരുക്കുന്നതിനായി മൂന്നാറിൽ 3,56,00,000/- രൂപ ചെലവിൽ അക്കോമോഡേഷൻ കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കി 2025 ജനുവരി 4-നും, വയനാട്ടിൽ സുൽത്താൻ ബത്തേരി ഗസ്റ്റ് ഹൗസിന്റെ പഴയ കെട്ടിടത്തിന്റെ നവീകരണം പൂർത്തിയാക്കി 2024 ഡിസംബർ 17-നും, പീരുമേട് ഗസ്റ്റ് ഹൗസ്, പീരുമേട് ഇക്കോ ലോഡ്ജ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി 22-03-2025-നും അതിഥികൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്.

അതോടൊപ്പം പാലക്കാട് ഗസ്റ്റ് ഹൗസ്, ദേവികുളം ഗസ്റ്റ് ഹൗസ്, തിരുവനന്തപുരം യാത്രി നിവാസ്, വർക്കല ഗസ്റ്റ് ഹൗസ്, മലമ്പുഴ ഗസ്റ്റ് ഹൗസ്, കന്യാകുമാരി കേരള ഹൗസ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയുടെ നവീകരണത്തിനായി ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. സുൽത്താൻ ബത്തേരി അഡീഷണൽ ബ്ലോക്ക്, വർക്കല കോട്ടേജ് നിർമ്മാണം, തൈക്കാട് ഗസ്റ്റ് ഹൗസ് എക്സ്റ്റെൻഷൻ എന്നിവയ്ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരികയുമാണ്. കൊല്ലം ഗസ്റ്റ് ഹൗസ് നവീകരണത്തിനും അനുമതി നൽകിയിട്ടുണ്ട്.

പൊന്നാനി നിളാതീരം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ മാസ്റ്റർപ്ലാൻ

160 (1414) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയ അതേ മാതൃകയിൽ പൊന്നാനി നിളാതീരം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നിളാതീര ടൂറിസ്റ്റ് കേന്ദ്രത്തിന് പ്രത്യേക പാക്കേജ് അനുവദിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

(എ&ബി) പൊന്നാനി നിളാ ടൂറിസ്റ്റ് കേന്ദ്രത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പൊന്നാനി, നിള ടൂറിസം വികസനത്തിന്റെ ഭാഗമായി നിള ഹെറിറ്റേജ് മ്യൂസിയത്തിന്റെയും മറൈൻ മ്യൂസിയത്തിന്റെയും കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

കടലുകാണി ടൂറിസം പദ്ധതി

161 (1415) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ കടലുകാണി ടൂറിസം പദ്ധതി രണ്ടാംഘട്ടം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷത്തിൽ കടലുകാണിപ്പാറയിലെ രണ്ടാംഘട്ട ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായുള്ള പുതിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഏജൻസി പ്രതിനിധികൾ എന്നിവർ സംയുക്തമായി സ്ഥല സന്ദർശനം നടത്തുകയുണ്ടായി. തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പദ്ധതി ഡി.പി.ആർ.-ൽ ഉൾപ്പെടുത്തുന്ന ഘടകങ്ങൾ സംബന്ധിച്ച് ചർച്ച നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ M/s. Silk മുഖേന തയ്യാറാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

മലബാർ മേഖലയിലെ പുതിയ ടൂറിസം പദ്ധതികൾ

162 (1416) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനുശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വേണ്ടത്ര മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡിനുശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വലിയ കുതിച്ചുചാട്ടമുണ്ടായിട്ടുണ്ട്. കോവിഡിനുമുമ്പ് മലബാർ മേഖലയിൽ 4916986 അഭ്യന്തര ടൂറിസ്റ്റുകളാണ് എത്തിച്ചേർന്നിരുന്നത്. 2024-ൽ അത് 5200826 ആയി വർധിക്കുകയാണ് ചെയ്തത്.

(ബി) മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മലബാർ മേഖലയിലെ ബീച്ചുകളുടെ വികസനം സാധ്യമാക്കി ബീച്ച് കോറിഡോർ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുകയാണ്. മലബാറിന്റെ സാഹിത്യ പ്രതിഭകളുടെ ഓർമ്മകളെ കോർത്തിണക്കുന്ന ലിറ്റററി സർക്യൂട്ട് രണ്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങളെ സംബന്ധിച്ച രൂപരേഖ സജ്ജമാക്കിയിട്ടുണ്ട്. അത് പരിശോധിച്ച് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. മലബാറിന്റെ പാരമ്പര്യവും പൈതൃകവും അനാവരണം ചെയ്യുന്ന തരത്തിൽ പൈതൃക പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ട്. വയനാടിന്റെ ടൂറിസം കേന്ദ്രീകരിച്ച് കൂടുതൽ പ്രചരണ പരിപാടികൾ ആലോചിക്കുന്നു. വെൽനസ്-ഹെൽത്ത് ടൂറിസം മേഖലകളിലെ വികസനത്തിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. വാട്ടർ ടൂറിസം, ഇക്കോ ടൂറിസം തുടങ്ങിയ മേഖലകളിലും നവീന പദ്ധതി ആലോചിക്കുന്നുണ്ട്.

പൈതൽ മല ടൂറിസം കോംപ്ലക്സ് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

163 (1417) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രമായ പൈതൽമലയിലെ ടൂറിസം കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രമായ പൈതൽമലയിലെ ടൂറിസം കോംപ്ലക്സ് കണ്ണൂർ ഡി.ടി.പി.സി.-യുടെ നിയന്ത്രണത്തിലാണ്. മേൽ സ്ഥലത്തേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആകെ 31 ലക്ഷത്തോളം രൂപ KSEB-ക്ക് നൽകി മേൽ സ്ഥലത്തേക്ക് ത്രീ ഫേസ് കണക്ഷൻ, ട്രാൻസ്ഫോമർ എന്നിവ സ്ഥാപിക്കുകയും ഡി.ടി.പി.സി. പ്രസ്തുത കോംപ്ലക്സ് ടെൻഡർ പ്രകാരം നടത്തിപ്പിന് നൽകുകയും ചെയ്തിരുന്നു. എന്നാൽ കോവിഡിനുശേഷം കരാറുകാരൻ നടത്തിപ്പിൽനിന്നും പിന്മാറിയതിനെത്തുടർന്നാണ് സെന്ററിന്റെ പ്രവർത്തനത്തിൽ തടസ്സം നേരിട്ടത്.

(ബി) പ്രസ്തുത ടൂറിസം കോംപ്ലക്സ് അറ്റകുറ്റപണികൾ നടത്തി നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ടൂറിസം കോംപ്ലക്സ് ഉടൻ തുറന്നുപ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ടൂറിസം കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾക്കായി കണ്ണൂർ ഡി.റ്റി.പി.സി. സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ നൽകിയിരുന്നു. മുമ്പ് നടത്തിക്കൊണ്ടിരുന്ന കരാറുകാരനെതിരെ ആർബിട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽ പ്രസ്തുത നിർമ്മാണത്തിൽ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. അതേസമയം പ്രസ്തുത കോംപ്ലക്സ് തുറന്നുപ്രവർത്തിക്കുന്നതിനുവേണ്ടി ഏറ്റെടുക്കാൻ താൽപര്യമുള്ളവരിൽനിന്ന് നിലവിൽ ഡി.റ്റി.പി.സി ടെൻഡർ ക്ഷണിക്കുകയും സെപ്റ്റംബർ 22 വരെ അപേക്ഷ സമർപ്പിക്കാനായി സമയം അനുവദിച്ചിട്ടുമുണ്ട്.

ലോകനാർക്കാവ് മ്യൂസിയം പദ്ധതി സംബന്ധിച്ച്

164 (1418) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഐ.ഐ.ഡി.സി. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ലോകനാർക്കാവ് മ്യൂസിയം പദ്ധതിയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുകയും പൂർത്തീകരണ സമയവും അറിയിക്കാമോ; ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുകയും പൂർത്തീകരണ സമയവും അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

(എ&ബി) ലോകനാർക്കാവ് മ്യൂസിയം കെട്ടിടത്തിന്റെ നവീകരണം, പ്ലംബിങ്ങ്, ഇലക്ട്രിക്കൽ പണികൾ എന്നിവ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക 1.56 കോടി രൂപയാണ്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഡയറക്ടർതലത്തിലും ജില്ലാതലത്തിലും അവലോകന യോഗം നടത്തുകയും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി KIIDC-ന് ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുമുണ്ട്.

വിനോദ സഞ്ചാര വികസനം

165 (1419) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാരികളെ ടൂറിസ്റ്റ് സീസണിന് പുറമെ വർഷം മുഴുവനായും ആകർഷിക്കുകയും നിലനിർത്തുകയും ചെയ്യുക എന്ന ലക്ഷ്യം നേടാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്?

ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി സമ്പൂർണ്ണ ടൂറിസം സീസൺ പദ്ധതിയുടെ ഭാഗമായി ടൂറിസം

പദ്ധതികൾ നൂതനവും കാലികവുമാക്കാനുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ സമയവും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. കേരളത്തിന്റെ ഏറ്റവും വലിയ സാംസ്കാരിക ഉത്സവമായ ഓണം ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തി, സഞ്ചാരികളെ ആകർഷിക്കാനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഓണത്തോടനുബന്ധിച്ചുള്ള സാംസ്കാരിക ഉത്സവങ്ങൾക്കും ടൂറിസം വകുപ്പ് പ്രോത്സാഹനം നൽകുന്നു. ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന പേരിലുള്ള വള്ളംകളി മത്സരവും ഈ നിലയിലുള്ള ചുവടുവയ്പ്പാണ്. മലബാർ വാട്ടർ ഫെസ്റ്റ് എന്ന പേരിൽ അന്താരാഷ്ട്ര കയാക്കിങ് മത്സരം വൻതോതിൽ സഞ്ചാരികളെ ആകർഷിക്കുന്നു. അതോടൊപ്പം കോന്നി മണ്ഡലത്തിലും ഇത്തവണ കയാക്കിങ് മത്സരം സംഘടിപ്പിച്ചു. മൺസൂൺ ഫെസ്റ്റുകളും വെൽനസ്സ് ടൂറിസം ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നുണ്ട്.

മലബാർ റിവർഫെസ്റ്റ്

കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വിദേശ ടൂറിസ്റ്റുകളേയും ആഭ്യന്തര സഞ്ചാരികളെയും ആകർഷിക്കുന്നതിനായി ജലസാഹസിക പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി തുഷാരഗിരിയിൽ വൈറ്റ് വാട്ടർ കയാക്കിങ് മത്സരം നടത്തുകയുണ്ടായി. മലബാർ റിവർഫെസ്റ്റിന്റെ ഭാഗമായി നടത്തിയ വാട്ടർ കയാക്കിങ് മത്സരങ്ങളിൽ ദേശീയ അന്തർദേശീയതലത്തിൽ ശ്രദ്ധേയരായ

കയാക്കർമാർ പങ്കെടുക്കുകയുണ്ടായി. ഫെസ്റ്റുകളും വെൽനസ്സ് ടൂറിസം ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) വിദേശ സഞ്ചാരികൾക്ക് സഹായകരമാകുംവിധം സംസ്ഥാനത്തേയ്ക്ക് നേരിട്ടുള്ള അന്തർദേശീയ വിമാന സർവീസുകൾ ആരംഭിക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണ്?

വിവിധ എയർലൈനുകളുമായി ഉൾപ്പെടെ യോഗങ്ങൾ ചേരുന്നുണ്ട്.

(സി) കൊച്ചി, കോഴിക്കോട്, കൊല്ലം, ബേപ്പൂർ, മംഗലാപുരം, ഗോവ എന്നിവയെക്കൂടി ബന്ധിപ്പിച്ചുകൊണ്ടുള്ള ക്രൂയിസ് ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ആൾട്ടറേഷൻ മെമ്മോറാണ്ടം ബജറ്റ് പ്രസംഗത്തിൽ കോവളം, കൊല്ലം, കൊച്ചി, ബേപ്പൂർ, മംഗലാപുരം, ഗോവ മുതലായ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന ക്രൂയിസ് ടൂറിസം വികസന പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തിയിരുന്നു. ക്രൂയിസ് ടൂറിസം നയം രൂപപ്പെടുത്തുന്നതിനുള്ള ഡ്രാഫ്റ്റ് റിപ്പോർട്ടും നയവും M/s. KTIL തയ്യാറാക്കി ടൂറിസം വകുപ്പിൽ സമർപ്പിച്ചിരുന്നു.

സർക്കാർ 16-01-2023-ലെ G.O.(Rt) No.22/2023/TSM പ്രകാരം ഡ്രാഫ്റ്റിങ്/വിദഗ്ധ സമിതി രൂപീകരിച്ചു. 17-05-2023-ന് നടന്ന ആദ്യ യോഗത്തിൽ നയത്തിന്റെ അടിസ്ഥാന ആവശ്യകതകളും തുടർനടപടികളും വിശദമായി ചർച്ച ചെയ്തു. തുടർന്ന്, 08-06-2023-ന് കൊച്ചിയിൽ കാസിനോ ഹോട്ടലിൽ ഓപ്പറേറ്റർമാരുടെ നിർദേശങ്ങൾതേടി സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റും നടത്തി.

കൊച്ചി പോർട്ട് അതോറിറ്റി വെല്ലിങ്ടൺ ദ്വീപിൽ ക്രൂയിസ് ടൂറിസം/ഹെലിടൂറിസം ആവശ്യങ്ങൾക്കായി സ്ഥലം അനുവദിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും സർക്കാർ നിർദേശപ്രകാരം KTIL-നെ ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. സെപ്റ്റംബർ 2023-ൽ സൈറ്റ് സന്ദർശനം, ഡാറ്റാ ശേഖരണം എന്നിവ നടത്തിയശേഷം മാസ്റ്റർപ്ലാൻ തയ്യാറാക്കി 21-09-2023-ന് പോർട്ട് അതോറിറ്റിയിൽ അവതരിപ്പിച്ചു.

Yacht ടൂറിസവും ക്രൂയിസ് ടൂറിസം നയത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്ന് 19-01-2022-ലെ യോഗത്തിൽ നിർദേശിക്കുകയും ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തുകയും ചെയ്തു. തുടർന്ന്, പരിഷ്കരിച്ച ക്രൂയിസ് ടൂറിസം നയം 20-05-2024-ന് KTIL-ൽ സമർപ്പിക്കുകയും സർക്കാർ നിർദേശപ്രകാരം സാമ്പത്തിക ബാധ്യതകൾ വേർതിരിച്ച് 06-11-2024-ന് KTIL-ൽ സമർപ്പിച്ച അന്തിമനയം നിലവിൽ സർക്കാരിന്റെ പരിശോധനയിലുമാണ്. വെല്ലിങ്ടൺ ദ്വീപിൽ ക്രൂയിസ് ടെർമിനൽ നവീകരിക്കാനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തേയ്ക്ക് വിദേശ സഞ്ചാരികളെ ആകർഷിക്കുംവിധം അന്താരാഷ്ട്ര ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കാൻ സാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

അന്താരാഷ്ട്ര സന്ദർശകരെ ആകർഷിക്കുന്നതിനും കേരളത്തിന്റെ വൈവിധ്യമാർന്ന ടൂറിസം ഓഫറുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കേരള ടൂറിസത്തിന്റെ വിപണന തന്ത്രത്തിന്റെ നിർണായക ഘടകമാണ് അന്താരാഷ്ട്ര ടൂറിസം മേളകളിലെ പങ്കാളിത്തം. ഈ

മേളകൾ കേരളത്തിന്റെ ടൂറിസം സാധ്യതകൾ ലോകമെമ്പാടുമുള്ള യാത്രാ പ്രൊഫഷണലുകൾ, ടൂർ ഓപ്പറേറ്റർമാർ, സാധ്യതയുള്ള വിനോദസഞ്ചാരികൾ എന്നിവർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള വേദി നൽകുന്നു. ഈ ലക്ഷ്യത്തോടെ അന്താരാഷ്ട്ര വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്. FITUR മാഡ്രിഡ്, ITB Berlin തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ പങ്കെടുക്കുകയും Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചും വരുന്നു. പ്രശസ്തമായ ഈ അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലൂടെ ഒരു പ്രമുഖ വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ കേരള ടൂറിസം അതിന്റെ ബ്രാൻഡ് ഇമേജ് ശക്തിപ്പെടുത്തുന്നു. അതോടൊപ്പം കേരള ട്രാവൽമാർട്ട് എന്ന പേരിൽ കേരളത്തിലും വിപുലമായ ടൂറിസം മേള സംഘടിപ്പിക്കാറുണ്ട്. മലബാറിലെ ടൂറിസം കേന്ദ്രങ്ങളുടെ പ്രചരണം ലക്ഷ്യമിട്ട് മലബാർ ബിടുബി മീറ്റും ഈ സർക്കാർ സംഘടിപ്പിച്ചു വരുന്നു. ഡെസ്റ്റിനേഷൻ വെഡ്ഡിങ്, മൈസ് ടൂറിസം എന്നീ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന അന്തർദേശീയ പ്രചരണങ്ങളുടെ ഫലമായി 2024-2025 കാലയളവിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 89,317 ഓളം സഞ്ചാരികളുടെ വർധനവുണ്ടായിട്ടുണ്ട്. കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ ക്രമാനുഗതമായ വർധനവ് കണക്കാക്കുമ്പോൾ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന പ്രചരണ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്നു കാണാവുന്നതാണ്. ഇതുവഴി വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരം

സൃഷ്ടിക്കപ്പെടുന്നുവെന്നും കേരളത്തിന്റെ സമ്പദ്ഘടനയ്ക്കും ഗുണം ചെയ്യുന്നുവെന്നും വകുപ്പ് വിലയിരുത്തുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി

166 (1420) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശ് ദർശൻ സ്കീമിലുൾപ്പെടുന്ന മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെടുന്നതും ഉൾനാടൻ ജലഗതാഗത വകുപ്പ് പൂർത്തിയാക്കിയതുമായ ബോട്ടുജെട്ടികളുടെ പരിപാലനത്തിനായി കൈക്കൊള്ളേണ്ട നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ നിർമ്മാണം പൂർത്തീകരിച്ച് ഡി.ടി.പി.സി.-ക്ക് കൈമാറിയ മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഴയങ്ങാടി, കവ്വായി, പുന്നക്കടവ് ബോട്ട്ജെട്ടികളുടെ നടത്തിപ്പിനായി ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാർ ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ വരുമാനം ലഭിക്കുന്നതിനുള്ള കിയോസ്കുകൾ ഉൾപ്പെടെ കരാറുകാരൻ മുഖേന ഏർപ്പെടുത്താനുള്ള നടപടികൾ ഡി.ടി.പി.സി സ്വീകരിച്ചുവരുന്നു.

2. സ്വദേശ് ദർശൻ സ്കീം - പട്ടുവം, ചെറുകുന്ന് ബോട്ട്ജെട്ടി നടത്തിപ്പിന് കരാറുകാരനെ തെരഞ്ഞെടുക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ വരുമാനം ലഭിക്കുന്നതിനുള്ള

കിയോസ്കുകൾ ഉൾപ്പെടെ കരാറുകാരൻ മുഖേന ഏർപ്പെടുത്താനുള്ള നടപടികൾ ഡി.ടി.പി.സി. സ്വീകരിച്ചുവരുന്നു.

(ബി) പഴയങ്ങാടി ഫ്ലോട്ടിങ് റെസ്റ്റോറന്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പഴയങ്ങാടി ഫ്ലോട്ടിങ് റെസ്റ്റോറന്റ് നടത്തിപ്പിനുവേണ്ടി ടെൻഡർ നടത്തി കരാറുകാരനെ കണ്ടെത്തിയിട്ടുണ്ട്. അതുപ്രകാരം ഫ്ലോട്ടിങ് റെസ്റ്റോറന്റ് കൈമാറി പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഹരിപ്പാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

167 (1421) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ വലിയഴീക്കൽ കേന്ദ്രീകരിച്ച് വിഭാവനം ചെയ്തിട്ടുള്ള ടൂറിസം പദ്ധതിയുടെ നിർവഹണ പുരോഗതി അറിയിക്കാമോ; എന്തെല്ലാം ഘടകങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പദ്ധതിയുമായി ബന്ധപ്പെട്ട് ലാൻഡ് അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പാത, പാർക്ക്, കുട്ടികളുടെ കളിസ്ഥലം, പെഡൽ ബോട്ടിങ്, കഫറ്റേരിയ, സ്റ്റേജ് ലൈറ്റുകൾ എന്നീ ഘടകങ്ങളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നത്.

(ബി) ഹരിപ്പാട് നെൽപ്പുരകടവ് ടൂറിസം പദ്ധതിയുടെ തുടർനടത്തിപ്പ് ഹരിപ്പാട് നഗരസഭയ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടറേറ്റിലെയും, സെക്രട്ടേറിയറ്റിലെയും ഫയൽ നമ്പറുകൾ അറിയിക്കാമോ; പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ ആരുടെ പേരിലാണെന്ന കാര്യം വ്യക്തമാക്കാമോ?

നെൽപ്പുരകടവ് പദ്ധതി ഡി.ടി.പി.സി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ഹരിപ്പാട് മുനിസിപ്പാലിറ്റിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഫയൽ നമ്പർ – P1-10056/2014 ആണ്. നെൽപ്പുരകടവ് പദ്ധതിയുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ-60757/സി2/2014-ടൂറിസം എന്നതാണ്.

(സി) ഹരിപ്പാട് മണ്ഡലത്തിൽ ഓണത്തോടനുബന്ധിച്ച് പ്രാദേശികമായി നടത്തിവരുന്ന വിവിധ വള്ളംകളി മത്സരങ്ങൾക്കായി ടൂറിസം വകുപ്പിൽനിന്നും കഴിഞ്ഞ 4 വർഷങ്ങളിൽ വിതരണം ചെയ്തിട്ടുള്ള ഗ്രാന്റിന്റെ വിശദാംശവും, കുടിശ്ശിക തുകയുടെ വിശദാംശവും അറിയിക്കാമോ?

ഹരിപ്പാട് മണ്ഡലത്തിൽ പ്രാദേശികമായി നടത്തിവരുന്ന വള്ളംകളി മത്സരങ്ങളായ പായ്പ്പാട് ജലോത്സവത്തിൽ 2022-23 വർഷത്തിൽ 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുമാരനാശാൻ സ്മാരക ജലോത്സവത്തിന് 2022-23 വർഷത്തിൽ അനുവദിച്ച 2 ലക്ഷം രൂപ ജലോത്സവ സമിതിയുടെ പേരിൽ കേസ് നിലനിൽക്കുന്നതിനാൽ നൽകിയിട്ടില്ല.

ഗേറ്റ് വേ ഓഫ് നിലമ്പൂർ ടൂറിസം പദ്ധതി പുനരാരംഭിക്കാൻ നടപടി

168 (1422) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 കാലയളവിൽ നിലമ്പൂർ മണ്ഡലത്തിന്റെ പ്രവേശന ഭാഗത്തായി ഗേറ്റ് വേ ഓഫ് നിലമ്പൂർ ടൂറിസം എന്ന പേരിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മൂന്നര കോടി രൂപ ചെലവഴിച്ച് തുടങ്ങിയ ടൂറിസം പദ്ധതി നിലച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലമ്പൂരിന്റെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്ത് പ്രസ്തുത പദ്ധതി പുനരാരംഭിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

31-12-201-ലെ സ.ഉ.(സാധാ)നം. 651/2015/ടൂറിസം നമ്പർ ഉത്തരവുപ്രകാരം, നിലമ്പൂർ ടൂറിസം പദ്ധതിക്ക് രണ്ട് കോടി രൂപ അനുവദിച്ചിരുന്നു. നിർവഹണ ഏജൻസിയായ സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിച്ചു. എന്നാൽ 2016, 2018 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കം കാരണം പദ്ധതി സ്ഥലത്തിനുണ്ടായ വ്യത്യാസങ്ങൾ കാരണം തയ്യാറാക്കിയ പദ്ധതി രൂപരേഖപ്രകാരം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല. പദ്ധതി പുനരാരംഭിക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചുവരുന്നു.

വി-പാർക്ക്

169 (1423) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി-പാർക്ക് പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ;

(ബി) കൊല്ലം ജില്ലയിൽ ആരംഭിച്ച വി-പാർക്ക് മാതൃക മറ്റ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) കേരളത്തിലൂടനീളമുള്ള റെയിൽവേ മേൽപാലങ്ങൾ/മറ്റ പാലങ്ങൾ എന്നിവയിൽ സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തവയുടെ അടിഭാഗം സൗന്ദര്യവൽക്കരിച്ച് പൊതുജനങ്ങൾക്കും സഞ്ചാരികൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ പാർക്കുകളാക്കി മാറ്റുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് വി-പാർക്ക് പദ്ധതി. ഇതിന്റെ ആദ്യഘട്ടത്തിൽ കൊല്ലം ജില്ലയിലെ എസ്.എൻ കോളേജിന് സമീപമുള്ള മേൽപാലത്തിന്റെ അടിഭാഗം പാർക്കായി വികസിപ്പിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ട്. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള തെരഞ്ഞെടുത്ത പാലങ്ങളുടെ അടിഭാഗം പാർക്കുകളായി മാറ്റുന്നതിനുള്ള സാധ്യത പരിശോധിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ മുൻഗണനാക്രമത്തിൽ 25-ഓളം പാലങ്ങൾ തിരഞ്ഞെടുത്ത് ആയതിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ല്യാശ്ശേരി ചൂടാട്ട് ബീച്ചിലെ സാഹസിക പാർക്ക്

170 (1424) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂടാട്ട് ബീച്ചിൽ സാഹസിക പാർക്ക് നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായി

പ്രവൃത്തികൾ പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഡയറക്ടർതലത്തിൽ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ 35% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ സമർപ്പിച്ച ബില്ലിൽ വന്നിട്ടുള്ള പോരായ്മകൾ പരിഹരിച്ച് നൽകുന്നതിനായി WAPCOS-ന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവൃത്തികൾ പുനരാരംഭിക്കുന്നതാണ്.

ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

171 (1425) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന പൂങ്കാവ് പള്ളി, റെനോവേഷൻ ഓഫ് ടൗൺ സ്ക്വയർ, ബാർജ് ഫോർ ഡി.ടി.പി.സി. എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു. കൂടാതെ റെനോവേഷൻ ഓഫ് പുന്നമട പാർക്കിങ് ഏരിയ ആൻഡ് പ്രെമിസ്സസ്, ഡെവലപ്മെന്റ് ഓഫ് ചെത്തി

ബീച്ച് അറ്റ് ആലപ്പുഴ, മാരാരി ടൂറിസം, വലിയകലവൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം അമിനിറ്റി സെന്റർ, ആലപ്പുഴ ഹെറിട്ടേജ് തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയത്, എത്ര തുകയാണ് ചെലവഴിക്കുന്നത്, ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്, പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട സമയം എന്നിവ സംബന്ധിച്ച വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

പൂങ്കാവ് പള്ളി പദ്ധതിക്ക് 30-11-2024-ലെ സ.ഉ.(സാധാ).നം.690/2024/ടൂറിസം പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്ര ആണ്. പദ്ധതി പൂർത്തീകരണ കാലാവധി 9 മാസമാണ്.

റെനോവേഷൻ ഓഫ് ടൗൺ സ്ക്വയർ ആലപ്പുഴ എന്ന പദ്ധതിക്ക് 17-07-2025-ലെ സ.ഉ.(സാധാ).നം.422/2025/ടൂറിസം പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവഹണ ഏജൻസി HLL Lifecare Ltd. ആണ്. പദ്ധതി പൂർത്തീകരണ കാലാവധി 12 മാസമാണ്.

ബാർജ് ഫോർ ഡിടിപിസി എന്ന പദ്ധതിയ്ക്ക് 19-05-2025-ലെ Order No.DOT/10741/2023-P1-Part(1) പ്രകാരം 97,29,000/- രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയുടെ നിർവഹണ ഏജൻസി ഇൻലാൻഡ് നാവിഗേഷൻ ആണ്. പദ്ധതി പൂർത്തീകരണ കാലാവധി 12 മാസമാണ്.

വിനോദസഞ്ചാര വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും

172 (1426) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ വിനോദസഞ്ചാര വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ വിനോദസഞ്ചാര വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അഡീഷണൽ വർക്ക് അറ്റ് സാന്റ് ബാങ്ക്സ് വടകര- വടകര സാന്റ് ബാങ്ക്സ് ടൂറിസം കേന്ദ്രത്തിൽ പാർക്കിങ് ഏരിയ നിർമ്മാണം, സോളാർ ലൈറ്റുകൾ സ്ഥാപിക്കുക, നിലവിലുള്ള ടോയ്ലെറ്റ് നവീകരിക്കുക, സിറ്റിങ് ബെഞ്ചുകൾ സ്ഥാപിക്കുക, ഫീഡിങ് റൂം സ്ഥാപിക്കുക, ഓഫീസ് ഫർണിച്ചറുകൾ പർച്ചേസ് ചെയ്യുക, ഇൻസിനെറേറ്റർ സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി KIIFB പ്രോജക്ടിൽ ഉൾപ്പെടുത്തി തച്ചോളി മാണിക്കോത്ത് ടെമ്പിളിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തികളുടെ ഭാഗമായി കളരി ട്രെയിനിങ് സെന്റർ, ലിവിങ് മ്യൂസിയം ഓഫ് കളരി, ഗാലറി സ്റ്റെപ്സ്,

ഇലക്ട്രിക്കൽ വർക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലാൻഡ്സ്കേപ്പ്, ബാലൻസ് ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ അവശേഷിക്കുന്നു.

തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി വടകര താഴെ അങ്ങാടിയിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തികളുടെ ഭാഗമായി ഫുട്പാത്ത്, ഡ്രെയിനേജ്, കിയോസ്ക്ക്, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ, സ്ട്രീറ്റ് വാൾ ഡിസൈൻ എന്നിവയുടെ നിർമ്മാണമാണ് ഉൾപ്പെട്ടിരിക്കുന്നത്.

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി&സി) ഇക്കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നം.	പദ്ധതിയുടെ പേര്	പുരോഗതി വിവരം
1.	അഡീഷണൽ വർക്ക് അറ്റ് സാന്റ് ബാങ്ക്സ് വടകര – 60,00,000/- രൂപ	പൂർത്തീകരിച്ചു

2.	തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി – KIIFB Project - വടകര തച്ചോളി മാണിക്കോത്ത് ടെമ്പിളിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തി – TS Amount – 2,02,98,000/- രൂപ	95% പുരോഗമിച്ചു.
3.	തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി – KIIFB Project – വടകര താഴെ അങ്ങാടിയിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തി - TS Amount – 1,40,96,748/- രൂപ	നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. വർക്ക് കരാറുകാരന് അവാർഡ് ചെയ്തതായി SPV, M/s. KIIDC അറിയിച്ചിട്ടുണ്ട്.

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽനിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന-തദ്ദേശസ്ഥാപന വിഹിതം എത്രവീതമാണ്?

വടകര മണ്ഡലത്തിൽ കേന്ദ്രസർക്കാരിൽനിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളില്ല.

(ഇ) ഇക്കാലയളവിൽ വടകര നിയോജകമണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്രയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഇക്കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു:

ടൂറിസം വകുപ്പ് ചെലവഴിച്ച ആകെ തുക: 25,38,446/- രൂപ

KIIFB-യിൽ ഉൾപ്പെടുത്തി ടൂറിസം പദ്ധതിക്കായി ചെലവഴിച്ച ആകെ തുക: 87,30,423/- രൂപ.

വർഷവും ഇനവും തിരിച്ചുള്ള കണക്ക്.

വർഷം	ടൂറിസം വകുപ്പ് ചെലവഴിച്ച തുക	KIIFB യിൽ ഉൾപ്പെടുത്തി ടൂറിസം പദ്ധതിക്കായി ചെലവഴിച്ച തുക
2024		41,16,134/- രൂപ
2025	25,38,446/- രൂപ	46,14,289/- രൂപ
ആകെ	25,38,446/- രൂപ	87,30,423/- രൂപ

പെരുവനം – ആറാട്ടുപുഴ പൂരത്തിന് സാമ്പത്തിക സഹായം

173 (1427) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്തത്തിലും ചടങ്ങുകളിലും തൃശ്ശൂർ പൂരത്തിനൊപ്പം പൊലിമയുള്ള പെരുവനം-ആറാട്ടുപുഴ പൂരത്തിന് നൽകിവരുന്ന സാമ്പത്തിക സഹായം വർധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2017-ൽ ടൂറിസം വകുപ്പ് 03-03-2017-ലെ ജി.ഒ.(ആർ.റ്റി) 105/2017/റ്റി.എസ്.എം. പ്രകാരം അനുവദിച്ച 5 ലക്ഷം രൂപയുടെ ധനസഹായം ഇക്കൊല്ലവും തുടർന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) 2025 പെരുവനം ആറാട്ടുപുഴ പൂരത്തിന് 12-02-2025-ലെ സർക്കാർ ഉത്തരവ് (സാധാ) നം.76/2025/ടൂറിസം പ്രകാരം 25,000/- രൂപ ധനസഹായം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ടി തുക വർധിപ്പിച്ച് നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവണ്ണൂർ പൈതൃക ടൂറിസം പദ്ധതി

174 (1428) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 ബജറ്റിൽ 20% തുക അനുവദിച്ച തിരുവണ്ണൂർ പൈതൃക ടൂറിസം പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോഴിക്കോട് കോർപ്പറേഷന്റെ കൈവശം വരുന്ന തിരുവണ്ണൂർച്ചിറയും പരിസരവും പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വികസനം നടപ്പിലാക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ തെരഞ്ഞെടുത്ത ആർകിടെക്ട് മുഖാന്തരം 5 കോടി രൂപയുടെ 'Thiruvannoor Heritage Project' പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതി

175 (1429) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ബാവിക്കര ടൂറിസം പദ്ധതിക്ക് കോസ്റ്റൽ റെഗുലേഷൻ സോണിന്റെ അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ബാവിക്കര ടൂറിസം പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. CRZ ക്ലിയറൻസിനായി പഞ്ചായത്ത് മുഖേന KCZMA-യിൽ അപേക്ഷ സമർപ്പിക്കുകയും KCZMA ആവശ്യപ്പെട്ടതിൻപ്രകാരം NCESS പ്രസ്തുത സൈറ്റ് പരിശോധന 26-08-2025-ൽ നടത്തുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ CRZ-മാപ്പും റിപ്പോർട്ടും തയ്യാറാക്കി KCZMA-യ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തളിപ്പറമ്പ് മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം

176 (1430) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പദ്ധതികളുടെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി അനുവദിച്ച ആകെ തുക ₹ 15,74,15,063/- ആണ്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- **മുല്ലക്കൊടി പാർക്ക് വേ അറ്റ് പറശ്ശിനി വേവ്സ് –** ഭരണാനുമതി തുക: 4,90,15,063/-. നിർവഹണ ഏജൻസി FIT ആണ്. പദ്ധതിക്ക് CRZ ക്ലിയറൻസ് ലഭിച്ച് പ്രവൃത്തി പുരോഗമിച്ചുവരുന്നു.

- **റോഡ് സൈഡ് ബ്യൂട്ടിഫിക്കേഷൻ പറശ്ശിനിക്കടവ്** - ഭരണാനുമതി തുക: 2,84,00,000/-. നിർവഹണ ഏജൻസി ULCCS ആണ്. പദ്ധതി ആരംഭിക്കുന്നതിനായി ടി പ്രദേശത്ത് കിയോസ്കുകൾ മാറ്റുന്നതിനായി മുനിസിപ്പാലിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയത് മാറ്റുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

- **വെള്ളിക്കീൽ ഇക്കോ പാർക്ക്** - ഭരണാനുമതി തുക: 8,00,00,000/-. നിർവഹണ ഏജൻസി ഹാബിറ്റാറ്റാണ്. ടി പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്പ്രകാരം സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കാലയളവിൽ തളിപ്പറമ്പ് മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകാമോ?

ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നാല് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഇപ്പോൾ പൂർത്തീകരിച്ച പദ്ധതികൾ ഉപയോഗപ്പെടുത്തി നിരവധി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബോട്ട് ടെർമിനലുകൾ കേന്ദ്രീകരിച്ച് ബോട്ടുകളുടെ യാത്രാ പാക്കേജും ഫ്ലോട്ടിങ് റസ്റ്റോറന്റും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നേരിട്ടും പരോക്ഷമായും നൂറുകണക്കിന് തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

മലമ്പുഴ ഉദ്യാനത്തിന്റെ സമഗ്ര വികസനം

177 (1431) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മാസ്റ്റർ പ്ലാൻ പദ്ധതിക്ക് കീഴിൽ മലമ്പുഴ ഉദ്യാനത്തിന്റെ സമഗ്ര വികസനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കാമോ;

(ബി) ഈ പദ്ധതിയിലൂടെ മലമ്പുഴ ഉദ്യാനത്തിൽ എന്തെല്ലാം നവീകരണ, നിർമ്മാണ പ്രവൃത്തികളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കാമോ?

(എ-സി) സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി "എൻഹാൻസ്മെന്റ് ഓഫ് ടൂറിസ്റ്റ് എക്സ്പീരിയൻസ് അറ്റ് മലമ്പുഴ ഗാർഡൻ ആൻഡ് ലേഷർ പാർക്ക് " എന്ന പദ്ധതിക്ക് 7587.43 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ULCCS മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പ്രധാനമായും മലമ്പുഴ ഉദ്യാനത്തിന്റെ പുനരുദ്ധാരണം, Governor Seat & Surrounding Area-യുടെ പ്രവൃത്തികൾ, Soft Intervention എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 31-12-2025-നുള്ളിൽ പദ്ധതി പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി

178 (1432) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃകസംരക്ഷണ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി നിലവിൽ പുനരുദ്ധാരണ സംരക്ഷണ ടൂറിസം പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് അവസാനഘട്ടത്തിലേക്ക് എത്തിനിൽക്കുന്ന ഒരു സാഹചര്യമാണുള്ളത്. ആദ്യ കാലഘട്ടങ്ങളിൽ ഏറ്റെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 പൈതൃക കെട്ടിടങ്ങളുടെ/സ്മാരകങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരുന്നു. പ്രസ്തുത പദ്ധതി 2025-ൽ എത്തിനിൽക്കുമ്പോൾ 31-ഓളം സ്മാരകങ്ങളുടെ/പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമാനമായ ഇതര പൈതൃക പദ്ധതികളുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മുസിരിസ് പൈതൃക പദ്ധതി നിലവിൽ എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽനിന്നും കൊല്ലം വരെയും വടക്ക് തൃശ്ശൂർ ജില്ലയിലെ മതിലകത്ത് നിന്ന് ബേപ്പൂർ വരെയും വിപുലീകരിച്ച് സ്പൈസ് റൂട്ട് പൈതൃക പദ്ധതി എന്ന പേരിൽ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കൊല്ലം മുതൽ ബേപ്പൂർ വരെ നിലവിൽ നിലനിൽക്കുന്ന മറ്റ് പൈതൃക പദ്ധതികൾകൂടി സംയോജിപ്പിക്കുന്നതിനുള്ള ചർച്ചകൾ മുസിരിസ് മുഖേന നടന്നുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശ മേഖലകളിൽ പുരാവസ്തു പര്യവേഷണം നടത്തുകയുണ്ടായി. അതോടൊപ്പംതന്നെ കൊല്ലം ജില്ലയുമായി ബന്ധപ്പെട്ട വേണാട് പൈതൃക പദ്ധതിക്കുവേണ്ടി പ്രസ്തുത പ്രദേശത്തിന്റെ ചരിത്രപരവും

പുരാവസ്തുപരവുമായിട്ടുള്ള പ്രാധാന്യങ്ങൾ ഉൾപ്പെടുത്തുന്ന തരത്തിലുള്ള പര്യവേഷണം സംഘടിപ്പിക്കുകയും വിവിധ പൈതൃക കെട്ടിടങ്ങളെ കണ്ടെത്തുകയും അതുമായി ബന്ധപ്പെടുത്തി ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിനുള്ള ചർച്ചകൾ മുസിരിസ് മുഖേന നടത്തിയിട്ടുമുണ്ട്.

പൊന്നാനി മേഖലയിൽ പൈതൃക ടൂറിസം ആരംഭിക്കുന്നതിനായി ആദ്യഘട്ട പര്യവേഷണങ്ങൾ നടത്തിയിട്ടുള്ളതാണ്. ഇതിൽനിന്നും പൊന്നാനിയുടെ പൈതൃക ടൂറിസം സാധ്യതകൾ വ്യക്തമായി മനസ്സിലാകുകയും മിസ്രിപള്ളിയെ ഏറ്റെടുത്ത് പുനരുദ്ധാരണ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ പ്രസ്തുത പദ്ധതിയും മുസിരിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാനുള്ള ആദ്യ നടപടികൾ മുസിരിസ് മുഖേന പൂർത്തീകരിച്ചിട്ടുള്ളതാണ്.

വടക്കൻ കേരളത്തിൽ നിലനിൽക്കുന്ന തലശ്ശേരി പൈതൃക പദ്ധതിയും ട്രാവൻകൂർ പൈതൃക പദ്ധതിയും ഭാവിയിൽ മുസിരിസ് പൈതൃക പദ്ധതി മുന്നോട്ടുവയ്ക്കുന്ന സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ട് ഭാഗമാക്കാനുള്ള സാധ്യതാപഠനങ്ങൾ നടത്തിവരികയാണ്.

കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതി

179 (1433) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. അംഗീകരിച്ച് പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ;

(ബി) 2025-26 ബജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച 2 കോടി രൂപയുടെ കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി M/s. ULCCS Ltd. മുഖാന്തരം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നത് പരിശോധിക്കുന്നതാണ്.

പൊന്നാനിയിലെ ടൂറിസം പദ്ധതികൾ

180 (1434) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കൂടി ഉൾപ്പെട്ട പൈതൃക ടൂറിസം, സ്പൈസ് റൂട്ട് ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള റൂട്ട് മാപ്പുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

സ്പൈസ് റൂട്ട് ടൂറിസത്തിന്റെ കീഴിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു തുറമുഖ പട്ടണമാണ് പൊന്നാനി. പൊന്നാനിയുടെ ചരിത്ര പുരാവസ്തു പ്രാധാന്യങ്ങൾ മനസ്സിലാക്കുന്നതിനായി 2019-ൽത്തന്നെ മുസിരിസ് പൈതൃക പദ്ധതി സ്പൈസ് റൂട്ട് പൈതൃക

പദ്ധതിയുടെ ഭാഗമായി നിരവധി തവണ ഉപരിതല പര്യവേഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ മുസിരിസ് പൈതൃക പദ്ധതി KTIL-മായി ബന്ധപ്പെട്ടുകൊണ്ട് മുന്നോട്ടുവച്ചിട്ടുള്ള കൊല്ലം മുതൽ ബേപ്പൂർ വരെയുള്ള പ്രദേശങ്ങളുടെ മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങളിൽ പ്രസ്തുത പ്രദേശത്തെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടത്തിൽ പൊന്നാനിയിലെ മിസിരി പള്ളിയുടെ പുനരുദ്ധാരണ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിരുന്നു. മാത്രമല്ല പൈതൃക വിനോദസഞ്ചാര സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായും പൊന്നാനിയിലെ ചരിത്ര പ്രധാന സ്ഥലങ്ങൾ ഉൾപ്പെടുത്തി സർക്യൂട്ട് മാപ്പുകളും വികസിപ്പിക്കുന്നതിന്റെ നടപടികൾ നടന്നുവരികയാണ്.

(ബി) മലബാർ ലിറ്റററി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി പൊന്നാനിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

മലബാർ ലിറ്റററി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി പൊന്നാനിയിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കിവരുന്നില്ല.

ശാസ്താംപാറ അഡ്വഞ്ചർ പാർക്ക്

181 (1435) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശാസ്താംപാറ അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിളപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവെ നമ്പർ 341/1-ൽ ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി വിനോദസഞ്ചാര വകുപ്പിന് അഡ്വഞ്ചർ ടൂറിസം അക്കാദമി തുടങ്ങുന്നതിനുള്ള ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സ.ഉ.(സാധാ) നം.33/2025/TSM നമ്പർ ഉത്തരവുപ്രകാരം ടൂറിസം വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ (TIM) ഭാഗമായി സ്വകാര്യ പൊതുപങ്കാളിത്തത്തോടെ സാഹസിക ടൂറിസം രംഗത്ത് പരിചയവും ഇൻവെസ്റ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കാൻ പ്രാഗത്ഭ്യവുമുള്ള ഏജൻസികളെ ടെൻഡർ മുഖാന്തരം തിരഞ്ഞെടുത്ത് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ സാഹസിക പാർക്കും ട്രെയിനിങ് സെന്ററും ആരംഭിക്കാൻ ഈ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു. അതിൻപ്രകാരം ശാസ്താംപാറ അഡ്വഞ്ചർ പാർക്ക് ആൻഡ് ട്രെയിനിങ് സെന്റർ എന്ന പദ്ധതിയുടെ പ്രീ ബിഡ് മീറ്റിങ് 22-04-2025 തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽവച്ച് ടൂറിസം ഡയറക്ടറുടെ നേതൃത്വത്തിൽ ചേരുകയുണ്ടായി. 34 ഇൻവസ്റ്റേഴ്സ് ഈ മീറ്റിങ്ങിൽ പങ്കെടുക്കുകയും പദ്ധതി പ്രദേശം സന്ദർശിച്ച് വിലയിരുത്തുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ ശാസ്താംപാറ അഡ്വഞ്ചർ

പാർക്ക് ആൻഡ് ടെയിനിങ് സെന്റർ എന്ന പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടത്തുന്നതിനായി KATPS രണ്ടുതവണ ടെൻഡർ ക്ഷണിച്ചെങ്കിലും ആരുംതന്നെ പങ്കെടുത്തിരുന്നില്ല. റീ ടെൻഡർ നടത്തി അതിലൂടെ ഇൻവെസ്റ്റെ കണ്ടെത്താനുള്ള നടപടികൾ KATPS സ്വീകരിച്ചുവരുന്നു.

കുരാച്ചുണ്ട് നമ്പികുളം ടൂറിസം പദ്ധതി

182 (1436) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കുരാച്ചുണ്ട് പഞ്ചായത്തിലെ നമ്പികുളം ടൂറിസം പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ മലയോര മേഖലയിലെ ഏകദേശം 5 കിലോമീറ്ററോളം ഓഫ് റോഡ് സൗകര്യമുള്ള ടൂറിസം കേന്ദ്രമാണ് നമ്പികുളം ഇക്കോ ടൂറിസം കേന്ദ്രം. നമ്പികുളം ടൂറിസം കേന്ദ്രത്തിലെ ഒന്നാംഘട്ട പ്രവൃത്തികൾ ആരംഭിക്കുമ്പോൾ ടി ഓഫ് റോഡിന്റെ നിർമ്മാണ പ്രവൃത്തികളൊന്നും ആരംഭിച്ചിരുന്നില്ല. എന്നാൽ നിലവിൽ റോഡിന്റെ നല്ലൊരു ഭാഗം കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. റോഡിന്റെ മറ്റൊരു സ്ട്രെച്ചിൽ കൂടി കോൺക്രീറ്റ് പ്രവൃത്തികൾ നടന്നതിനാൽ ഏകദേശം 3 മാസത്തോളം നമ്പികുളത്തെ രണ്ടാംഘട്ട ടൂറിസം നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടു. പ്രദേശത്തെ

പ്രതികൂല കാലാവസ്ഥയും നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന് കാരണമായി. നിലവിൽ തടസ്സങ്ങൾ നീങ്ങിയതിനാൽ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

നമ്പികുളം ഇക്കോടൂറിസം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി വാച്ച് ടവർ, നടപ്പാത, കഫറ്റേരിയ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. രണ്ടാംഘട്ടത്തിലെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായുള്ള റീട്ടെയിനിങ് വാളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം, പദ്ധതി പ്രദേശത്തേയ്ക്കുള്ള KSEB 3 Phase Connection, വാട്ടർ ലഭ്യതയ്ക്കായുള്ള പ്ലംബിങ് വർക്കുകൾ, ഫെൻസിങ് വർക്കുകൾ, ചിൽഡ്രൻസ് പ്ലേ എക്വിപ്മെന്റ്സ് എന്നിവയാണ് രണ്ടാംഘട്ടത്തിൽ ഇനിയും നടപ്പിലാക്കാനുള്ള പ്രവൃത്തികൾ. 2025 ഡിസംബർ 31-നുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വിനോദസഞ്ചാരത്തിൽനിന്നുള്ള വരുമാനം

183 (1437) ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. വി. ആർ. സുനിൽകുമാർ:

ശ്രീമതി സി. കെ. ആശ:

ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണായക സ്ഥാനമുള്ള വിനോദസഞ്ചാര മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്കുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നയപരമായ സമീപനങ്ങൾ തൊഴിൽ സാധ്യതയിലും വരുമാന വർധനവിലും നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് സഹായിച്ചു. കോവിഡിനുശേഷം കേരളത്തിലേക്കുള്ള സഞ്ചാരികളുടെ വരവ് സർവകാല റെക്കോർഡിലെത്തി. ഓരോ വർഷവുമുള്ള സഞ്ചാരികളുടെ എണ്ണം മുൻവർഷത്തേക്കാൾ വർധിച്ചുവന്നു. 2024-ൽ 2,29,85,363 സഞ്ചാരികളാണ് കേരളം സന്ദർശിച്ചത്. വിശദമായ കണക്ക് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

ടൂറിസം മേഖലയിൽനിന്നുള്ള വരുമാനവും സർവകാല റെക്കോർഡിലെത്തി. 2024-ൽ 45,053.61 കോടി രൂപയാണ് ടൂറിസത്തിൽനിന്നുള്ള വരുമാനം. വരുമാനം സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര രംഗത്ത് കാലഘട്ടത്തിനനുസൃതമായ പുതിയ മേഖലകൾ കണ്ടെത്തുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വരുമാനത്തിൽ വിനോദസഞ്ചാരമേഖലയുടെ സംഭാവനയിലൂടെ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ?

(സി&ഡി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനുകളുമായി കിടപിടിക്കുന്ന തരത്തിലേക്കുയർത്താൻ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹെലി ടൂറിസം – കേരളത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്ന ഹെലി ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഹെലിടൂറിസം നയത്തിന് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്ടർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി.

ക്രൂയിസ് ടൂറിസം – സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ടൂറിസം പദ്ധതിക്ക് രൂപം നൽകിവരികയാണ്. ടൂറിസം മേഖലയിൽ ക്രൂയിസുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് നടപ്പാക്കുന്നത്.

സീപ്ലെയിൻ പദ്ധതി – സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് കുതിപ്പ് നൽകുന്നതിന് സീപ്ലെയിൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണ പറക്കൽ വിജയകരമായി നടത്തി. ആദ്യഘട്ടമെന്ന നിലയിൽ ഡാമുകൾ കേന്ദ്രീകരിച്ചാണ് സീപ്ലെയിൻ ടൂറിസം വിഭാവനം ചെയ്യുന്നത്.

ഡിസൈൻ പോളിസി – വിനോദസഞ്ചാരം എന്നത് കാഴ്ചയും അനുഭവവും ഒന്നുചേരുന്നതും നമ്മെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഒരു പ്രക്രിയയാണ്. നമ്മുടെ നിർമ്മിതികളും പ്രകൃതിയും ചുറ്റുപാടുകളും ആകർഷകമായി നിലനിർത്തേണ്ടതും മനോഹരമായി സൂക്ഷിക്കേണ്ടതും വിനോദസഞ്ചാരത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. ഇവ കണക്കിലെടുത്തുകൊണ്ട് നമുക്ക് ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നുവരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗ്ഗനിർദേശക ചട്ടക്കൂടാണ് രൂപകൽപന നയം അഥവാ ഡിസൈൻ പോളിസി. ഡിസൈൻ പോളിസിയനുസരിച്ച് ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനം തുടരുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾതന്നെ നടപ്പിലാക്കിവരുന്നു.

ടൂറിസം നിക്ഷേപക സംഗമം - ടൂറിസം നിക്ഷേപക സംഗമം (TIM)-ന്റെ ആദ്യ പതിപ്പ് 2023 നവംബർ 16-ന് തിരുവനന്തപുരത്തുവച്ച് നടന്നു. ടൂറിസം നിക്ഷേപക സംഗമംവഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും നൂതന ടൂറിസം

പദ്ധതികൾ വിഭാവനം ചെയ്യാനും അതുവഴി സുസ്ഥിരമായ വികസനം ഉറപ്പാക്കാനും സാധ്യമാകുന്നതാണ്.

സിനി ടൂറിസം – കേരളത്തിൽ ചിത്രീകരിച്ച പ്രസിദ്ധങ്ങളായ സിനിമകളുടെ ഷൂട്ടിങ് ലൊക്കേഷനുകൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് ഈ സിനിമകളിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിനി ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കിരീടം പാലം ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആരംഭിച്ചു.

കാരവൻ ടൂറിസം – കാരവൻ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 1,05,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോവിഡാനന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത്. സംസ്ഥാനത്ത് ഇതിനകം 14 കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും വാഗമണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും രണ്ട് ഘടകങ്ങളാണ് കാരവൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

- ടൂറിസം കാരവനുകൾ
- കാരവൻ പാർക്കുകൾ

ഡെസ്റ്റിനേഷൻ ചലഞ്ച് –ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പാക്കുന്നു. 2026-ഓടെ "ഒരു

പഞ്ചായത്ത് - ഒരു ലക്ഷ്യസ്ഥാനം" എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം ഇതുവരെ 45 പദ്ധതികൾക്ക് അനുമതി നൽകി. അതിൽ 7 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷത്തിൽ കൂടുതൽ LSGD-കളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

മാസ്റ്റർ പ്ലാൻ - ടൂറിസം കേന്ദ്രങ്ങളിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 13 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കോവളം പോലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

സ്റ്റാർട്ടപ്പ് മിഷൻ - വിനോദസഞ്ചാര വകുപ്പും കേരള സ്റ്റാർട്ട്അപ്പ് മിഷനും തമ്മിൽ നൂതനമായ വിവിധ പദ്ധതികളിൽ ചേർന്ന് പ്രവർത്തിക്കുന്നതിനായി MOU-ൽ ഏർപ്പെട്ടിട്ടുണ്ട്. നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾക്ക് രൂപം നൽകുകയാണ്.

ക്യാരിയിങ് കപ്പാസിറ്റി പഠനം - ടൂറിസം ഡെസ്റ്റിനേഷനുകളിൽ വാഹക ശേഷി പഠനം അത്യാവശ്യമാണ്. പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സമൂഹം എന്നിവയിൽ കാര്യമായ പ്രതികൂല പ്രത്യാഘാതങ്ങൾ ഉണ്ടാക്കാതെ ഒരു ലക്ഷ്യസ്ഥാനത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണം നിർണയിക്കാൻ ഇത് സഹായിക്കുന്നു. 2 ഡസ്റ്റിനേഷനുകളിൽ ക്യാരിയിങ് കപ്പാസിറ്റി പഠനം നടത്തുന്നതിന് KITTS-ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം - സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുന്നതിനായി കേരളത്തിൽ നടപ്പാക്കിവരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയുടെ സാമ്പത്തിക, സാമൂഹിക, ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതും പാരിസ്ഥിതിക സംരക്ഷണം അടിസ്ഥാനമാക്കിയുള്ളതുമാണ്. കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി വഴി ഈ പദ്ധതി നടപ്പാക്കിവരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്റ്റീറ്റ് പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ വിദേശ സഞ്ചാരികളെയും ആകർഷിക്കുന്നവയാണ്. 'സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പദ്ധതി കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ യു.എൻ. വിമൺമായി ചേർന്നാണ് നടപ്പാക്കുന്നത്. കേരളത്തിൽ നടന്നുവരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീ സൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ലോകശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ. വുമൺ-ന്റെകൂടി പങ്കാളിത്തത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 നവംബർ 30, ഡിസംബർ 1, 2 തീയതികളിലായി കേരളത്തിലെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ മൂന്നാറിൽവച്ച് നടന്നു.

മലബാർ ലിറ്ററി സർക്യൂട്ട് - മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ

നായർ തുടങ്ങിയ എഴുത്തുകാരുമായും മലബാറിലെ സാംസ്കാരിക പ്രവർത്തനങ്ങളുമായും അഭേദ്യമായി ബന്ധമുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ബയോഡൈവേഴ്സിറ്റി സർക്യൂട്ട് - പാരിസ്ഥിതിക സംരക്ഷണവും പരിസ്ഥിതി ടൂറിസവും ലക്ഷ്യമിട്ട് ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം നൽകുകയാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടി കേന്ദ്രീകരിച്ച് രൂപം നൽകിയ പദ്ധതി പുരോഗമിക്കുന്നു.

നൂതന നഗര ഇടങ്ങൾ – പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവമായ വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് പെയിന്റിങ് ചെയ്യും പാർക്കുകൾ, ഇരിപ്പിടങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിനോദ സൗകര്യങ്ങൾ നൽകി സന്ദർശകരെ കൂടുതൽ ആകൃഷ്ടരാക്കിയും തദ്ദേശവാസികളുടെ ഒഴിവുസമയങ്ങൾ ചെലവഴിക്കുന്നതിനുള്ള സൗകര്യം നൽകിക്കൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തിയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കൊല്ലം എസ്.എൻ. കോളേജ് റെയിൽവേ മേൽപ്പാലത്തിനുതാഴെയുള്ള ഭാഗത്തെ സൗന്ദര്യവൽക്കരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാന ടൂറിസം വകുപ്പിന്റെ നിർദേശം അംഗീകരിച്ച് കേന്ദ്ര സർക്കാരുമായി ചേർന്ന് Special Assistance to States for Capital Investment (SASCI) സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 'Ashatamudi Biodiversity and Eco-Recreational Hub Kollam' കൂടാതെ കോഴിക്കോട് ജില്ലയിൽ 'Sargalaya – Global Gateway to Malabar Cultural Crucible, എന്നീ പദ്ധതിയും കേന്ദ്ര സ്വദേശ് ദർശൻ 2.0 സ്കീം മുഖേന Enhancement of Tourist Experience at Malampuzha Garden & Leisure Park, Alappuzha A Global Water Wonderland എന്ന പദ്ധതിയും ഉപപദ്ധതിയായ Challenge Based Destination Development-ൽ ഉൾപ്പെടുത്തി 'വർക്കല ദക്ഷിൻ കാശി', 'തലശ്ശേരി സ്പിരിച്യൽനെക്സസ്'' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

2020 മുതൽ 2024 വരെയുള്ള കലണ്ടർ വർഷങ്ങളിൽ വിദേശ/ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾവഴി ചെലവഴിക്കപ്പെട്ടതായി ടൂറിസം വകുപ്പിൽ കണക്കായിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു. വിദേശ/ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവുമൂലം സന്ദർശനങ്ങൾവഴി ചെലവഴിക്കപ്പെടുന്ന തുകയിലും ക്രമാനുഗത വർധനവ് വന്നിട്ടുണ്ട്.

മലബാർ മേഖലയിലെ ടൂറിസം വികസന പദ്ധതികൾ

184 (1438) ഡോ. എം. കെ. മുനീർ:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. നജീബ് കാന്തപുരം:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനുശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വേണ്ടത്ര മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോവിഡിനുശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വൻ കുതിപ്പാണ് സാധ്യമായത്. കോവിഡിനുമുമ്പ് 2019-ൽ മലബാർ മേഖലയിൽ 4916986 ആഭ്യന്തര ടൂറിസ്റ്റുകൾ എത്തിച്ചേർന്നിരുന്നു. 2024-ൽ അത് 5200826 ആയി വർധിച്ചിട്ടുണ്ട്.

(ബി) മലബാർ റിവർ ഫെസ്റ്റിന്റെ മാതൃകയിൽ മറ്റ് ജില്ലകളിലേക്കും സാഹസിക വിനോദസഞ്ചാരം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മലബാർ റിവർ ഫെസ്റ്റ് വൈറ്റ് വാട്ടർ കയാക്കിങ്ങാണ്. അതിന് സൗകര്യമുള്ള ജില്ലകളിൽ ഇത്തരം സാഹസിക വിനോദസഞ്ചാരം വ്യാപിപ്പിച്ചിട്ടുണ്ട്. വിനോദസഞ്ചാര വികസനം മുൻനിർത്തി മറ്റ് സാഹസിക ആക്ടിവിറ്റികൾ വർക്കല, വാഗമൺ ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിവരുന്നു.

(സി) മലബാർ മേഖലയിൽ ടൂറിസം രംഗത്തെ പുതിയ പ്രവണതയായ വെഡ്ഡിങ് ഡെസ്റ്റിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേരളത്തെ മികച്ച വിവാഹ ഡെസ്റ്റിനേഷനാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ഡെസ്റ്റിനേഷൻ വെഡ്ഡിങ്". കേരളത്തിന്റെ സമാനതകളില്ലാത്ത പ്രകൃതി സൗന്ദര്യം, മനോഹരമായ

സ്ഥലങ്ങൾ, കണക്ടിവിറ്റി, മികച്ച താമസസൗകര്യം എന്നിവ മുൻനിർത്തിക്കൊണ്ട് കേരളത്തെ വെഡ്ഡിങ് ടൂറിസത്തിന്റെ മുൻനിര കേന്ദ്രമാക്കി മാറ്റാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നും വിവാഹങ്ങൾ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ വച്ച് നടത്തുകയും ഇത്തരത്തിൽ ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കാനും അതിലൂടെ വിനോദസഞ്ചാരികളുടെ വരവ് വർധിപ്പിക്കാനും ഡെസ്റ്റിനേഷൻ വെഡ്ഡിങ് നടപ്പിലാക്കുന്നതിലൂടെ കഴിയുമെന്നാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്.

ഇതിനായി ഡെസ്റ്റിനേഷൻ വെഡ്ഡിങ് & മൈസ് കോൺക്ലേവും ടൂറിസം വകുപ്പ് പ്രത്യേകമായി സംഘടിപ്പിക്കുകയുണ്ടായി. മലബാർ മേഖലയിൽ ബേക്കൽ, വയനാട് തുടങ്ങിയ സെസ്റ്റിനേഷനുകൾ, ഡെസ്റ്റിനേഷൻ വെഡ്ഡിങ് കേന്ദ്രങ്ങളായി അറിയപ്പെടുന്നുണ്ട്.

(ഡി) മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മലബാർ മേഖലയിലെ ബീച്ചുകളുടെ വികസനം സാധ്യമാക്കി ബീച്ച് കോറിഡോർ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുകയാണ്. മലബാറിന്റെ സാഹിത്യ പ്രതിഭകളുടെ ഓർമ്മകളെ കോർത്തിണക്കുന്ന ലിറ്റററി സർക്യൂട്ട് രണ്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങളെ സംബന്ധിച്ച രൂപരേഖ സജ്ജമാക്കിയിട്ടുണ്ട്. അത് പരിശോധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. മലബാറിന്റെ പാരമ്പര്യവും പൈതൃകവും അനാവരണം ചെയ്യുന്ന തരത്തിൽ പൈതൃക പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ട്. വയനാടിന്റെ ടൂറിസം

കേന്ദ്രീകരിച്ച് കൂടുതൽ പ്രചരണ പരിപാടികൾ ആലോചിക്കുന്നു. വെൽനസ്സ്-ഹെൽത്ത് ടൂറിസം മേഖലകളിലെ വികസനത്തിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. വാട്ടർ ടൂറിസം, ഇക്കോടൂറിസം തുടങ്ങിയ മേഖലകളിലും നവീന പദ്ധതികൾ ആലോചനയിലുണ്ട്.

ഓഫ് സീസൺ ടൂറിസം

185 (1439) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓഫ് സീസൺ ടൂറിസം ആകർഷണീയമാക്കുന്നതിന് സാധ്യമായ നയപരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഫെസ്റ്റിവലുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; 2024-25 കാലയളവിൽ സംഘടിപ്പിച്ച ഫെസ്റ്റിവലുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് എല്ലാ സമയവും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിന്റെ ഏറ്റവും വലിയ സാംസ്കാരിക ഉത്സവമായ ഓണം ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തി സഞ്ചാരികളെ ആകർഷിക്കാനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഓണത്തോടനുബന്ധിച്ചുള്ള സാംസ്കാരിക ഉത്സവങ്ങൾക്കും ടൂറിസം വകുപ്പ് പ്രോത്സാഹനം നൽകുന്നു. ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന പേരിലുള്ള വള്ളംകളി മത്സരവും ഈ നിലയിലുള്ള ചുവടുവയ്പാണ്. മലബാർ വാട്ടർ ഫെസ്റ്റ് എന്ന പേരിൽ അന്താരാഷ്ട്ര കയാക്കിങ് മത്സരം വൻതോതിൽ സഞ്ചാരികളെയും ആകർഷിക്കുന്നു. അതോടൊപ്പം മൺസൂൺ ഫെസ്റ്റുകളും

വെൽനസ്സ് ടൂറിസം കാമ്പയിനുകളും സംഘടിപ്പിക്കുന്നു. 2024-25-ൽ സി.ബി.എൽ., മലബാർ റിവർ ഫെസ്റ്റിവൽ തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്.

ടൂറിസം സംരംഭകത്വ പദ്ധതികൾ

186 (1440) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതൊക്കെ ജില്ലകളിലാണ് പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സംരംഭകത്വ വികസന പരിപാടികൾ നടന്നുവരുന്നുണ്ട്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ ഭാഗമായി വിവിധ തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്. സംസ്ഥാനത്തുടനീളം 26000 യൂണിറ്റുകൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ കീഴിലുണ്ട്. സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയുമായി ബന്ധപ്പെടുത്താവുന്ന ഏത് സംരംഭങ്ങളും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും രജിസ്റ്റർ ചെയ്യാവുന്നതാണ്.

കായംകുളം കായലോര ടൂറിസം പദ്ധതികൾ

187 (1441) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-

വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കായലോര ടൂറിസം പദ്ധതികൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറിയിട്ടും പൊതുജനങ്ങൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ തുറന്ന് പ്രവത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പ് പണികഴിപ്പിച്ചിട്ടുള്ള കായംകുളം ഹൗസ് ബോട്ട് ടെർമിനൽ വകുപ്പ് 05-08-2023-ൽ ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറി നൽകിയിരുന്നു. എന്നാൽ പദ്ധതി പ്രദേശം CRZ പരിധിയിലായതിനാൽ ഇവിടുത്തെ കെട്ടിടങ്ങൾക്ക് നമ്പർ ലഭ്യമായിരുന്നില്ല. കൂടാതെ വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, സംരക്ഷണ വേലി എന്നിവ ഉണ്ടായിരുന്നില്ല. ഇക്കാരണങ്ങളാൽ ടി പദ്ധതി പ്രദേശം പ്രവർത്തനക്ഷമമാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതാണ്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രവർത്തനസജ്ജമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പ്രസ്തുത ടെർമിനലിന് സംരക്ഷണ വേലി നിർമ്മിക്കുന്നതിനായി 43,71,000/- രൂപ അനുവദിച്ചിരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തരം ടി സംരക്ഷണ വേലിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 98% പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെർമിനൽ പ്രദേശത്ത് ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വൈദ്യുതി കണക്ഷൻ എടുക്കുകയും പോലീസ് സഹായത്തോടെ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതി

പ്രദേശത്ത് കായംകുളം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 65 ലക്ഷം രൂപ ചെലവഴിച്ച് കായംകുളം കൊച്ചുണ്ണി സ്മാരക ആഡിറ്റോറിയം എന്ന പേരിൽ ആഡിറ്റോറിയം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കായംകുളം ഹൗസ് ബോട്ട് ടെർമിനലിനോട് ചേർന്നുള്ള ഡി.ടി.പി.സി.-യുടെ അമിനിറ്റി സെന്ററിനോട് ചേർത്ത് ടി പ്രദേശം പ്രവർത്തനക്ഷമമാക്കുന്നതിനായി ഡി.ടി.പി.സി. താൽപര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് അന്തിമഘട്ടത്തിലാണ്.

വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ

188 (1442) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

- വർക്കലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള അടിയന്തര പ്രവൃത്തികൾ

CCTV, light Maintenance, Hand rail എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കാൻ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിങ്ങിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- വർക്കല ടൂറിസം ഡെസ്റ്റിനേഷന്റെ അടിയന്തര നവീകരണ പ്രവർത്തനങ്ങൾക്കായി 97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലാ നിർമിതി കേന്ദ്രയെ ഏൽപിച്ച പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങളായ കൽ ബെഞ്ചുകൾ, ലൈറ്റിങ്, ഹാൻഡ് റെയിലുകൾ, സൈൻ ബോർഡുകൾ, വാട്ടർ ടാങ്ക് തുടങ്ങിയവ ഉൾപ്പെടുന്നു. പദ്ധതി പ്രവൃത്തികൾ പുരോഗമിക്കുന്നു.

- കാപ്പിൽ ടൂറിസം കേന്ദ്രത്തിൽ 30 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ₹36,21,250/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.

- സ്വദേശ് ദർശൻ 2.0 സ്കീമിന്റെ ഉപപദ്ധതിയായ Challenge Based Destination Development-ൽ വർക്കല (തിരുവനന്തപുരം) Cultural & Heritage Tourism Category ഉൾപ്പെടുത്തി 25 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടുണ്ട്.

- ഡിസൈൻ പോളിസിയുടെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് മേൽപ്പാലങ്ങളുടെ അടിഭാഗം നവീകരിക്കാനുള്ള പദ്ധതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വർക്കല നിയോജകമണ്ഡലത്തിലെ പ്രവേശന കവാടമായ വർക്കല മൈതാനം അണ്ടർ പാസേജിന്റെ ചുമരുകൾ സൗന്ദര്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- വർക്കലയിലെ നടയറ പാലത്തിന് താഴെയുള്ള സ്ഥലം ഓപ്പൺ ജിം, കുട്ടികളുടെ പാർക്ക് തുടങ്ങിയ സൗകര്യങ്ങളുള്ള ഒരു പൊതുവിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് രൂപകൽപനയും വിശദമായ ഡ്രോയിങ്ങുകളും തയ്യാറാക്കുന്നതിനായി ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ, സർവെ സ്കെച്ച് ബന്ധപ്പെട്ട അധികാരികളിൽനിന്നുള്ള എൻ.ഒ.സി. എന്നിവയുൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- വർക്കല വിനോദസഞ്ചാര മേഖലയിലെ കായൽ ടൂറിസത്തിന് പേരുകേട്ടതാണ് ഹരിഹരപുരവും കാപ്പിലും. ഇതിനെ സംരക്ഷിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിൽ നിന്ന് ലഭിച്ച വരുമാനം

189 (1443) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ വർഷവും എത്തിച്ചേർന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെയും വിദേശ വിനോദസഞ്ചാരികളുടെയും എണ്ണവും വിനോദസഞ്ചാര മേഖലയിൽനിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശം വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ?

2020 മുതൽ 2024 വരെയുള്ള കലണ്ടർ വർഷങ്ങളിൽ വിദേശ/ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്.

കലണ്ടർ വർഷം	**ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾ**	**വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾ**
2020	49,88,972	3,40,755
2021	75,37,617	60,487
2022	1,88,67,414	3,45,549
2023	2,18,71,641	6,49,057
2024	2,22,46,989	7,38,374

2020 മുതൽ 2024 വരെയുള്ള കലണ്ടർ വർഷങ്ങളിൽ വിദേശ/ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾവഴി ചെലവഴിക്കപ്പെട്ടതായി ടൂറിസം വകുപ്പിൽ കണക്കായിട്ടുള്ള തുക ചുവടെ പറയും പ്രകാരമാണ്.

കലണ്ടർ വർഷം	വിദേശ/ ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾ വഴി ചെലവഴിക്കപ്പെട്ടതായി കണക്കാക്കിയിട്ടുള്ള എകദേശ തുക (കോടിയിൽ) (Travel receipts by Tourists)
2020	11,335.96
2021	12,285.91
2022	35,168.42
2023	43,621.22
2024	45,053.61

ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (BRDC), കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (KTDC), കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി (KATPS), തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി (TEPS), മുസിരിസ് പ്രോജക്ട്സ്

ലിമിറ്റഡ്, കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി, സർക്കാർ അതിഥി മന്ദിരങ്ങൾ, 14 ജില്ലകളിലെയും ടൂറിസം പ്രമോഷൻ കൗൺസിലുകൾ എന്നിവിടങ്ങളിൽനിന്നും കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വിനോദസഞ്ചാര മേഖലയിൽനിന്നും ലഭിച്ച വരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ടൂറിസം പശ്ചാത്തല വികസനം

190 (1444) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കിഫ്ബിവഴി ടൂറിസം പശ്ചാത്തല വികസനങ്ങൾക്കായി സംസ്ഥാനത്ത് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

2016 മുതൽ നാളിതുവരെ കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കണ്ണൂർ ജില്ലയിലെ "മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം"- പദ്ധതിക്ക് 233.71 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി 4 ക്യാരക്ടർ ഏരിയയായി തിരിച്ചിട്ടുണ്ട്.

ക്യാരക്ടർ ഏരിയ 1 – പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ചത് 79.5 കോടി രൂപയാണ്.

ക്യാരക്കൂർ ഏരിയ 2 - CRZ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടികൾ പദ്ധതിയുടെ SPV (Special Purpose Vehicle) ആയ KIIDC (Kerala Irrigation Infrastructure Development Corporation) മുഖേന സ്വീകരിച്ചുവരുന്നു.

ക്യാരക്കൂർ ഏരിയ 2 (b) – KIIFB-യുടെ ബോർഡ് നിർദേശപ്രകരം GIANTWHEEL പദ്ധതി PPP മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി RFP രേഖകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ക്യാരക്കൂർ ഏരിയ 3 - പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം പൂർത്തീകരിച്ചു. മദ്രാസ് IIT തയ്യാറാക്കിയ ഡി.പി.ആർ-ഉം എസ്റ്റിമേറ്റും അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി KIIDC മുഖേന തയ്യാറാക്കിവരുന്നു.

ക്യാരക്കൂർ ഏരിയ 4- ഡി.പി.ആർ.-ഉം വിശദമായ പ്രോജക്ട് ഘടകങ്ങളും കൺസൾറ്റന്റ് ആർക്കിടെക്ട് CBRE South Asia Private Limited തയ്യാറാക്കിവരുന്നു.

2. **തലശ്ശേരി ഹെറിറ്റേജ് പദ്ധതി** – പദ്ധതിക്ക് 145.541 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ തലശ്ശേരി ഹെറിറ്റേജ് പദ്ധതികൾക്കായി കിഫ്ബി 77.23 കോടി രൂപ അനുവദിച്ചിരുന്നു. നാളിതുവരെ കിഫ്ബി വഴി ടൂറിസം പശ്ചാത്തല വികസനങ്ങൾക്കായി സംസ്ഥാനത്ത് 56.63 കോടി രൂപ ചെലവഴിക്കുകയും 10 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പദ്ധതി പ്രവൃത്തികൾ നടന്നുവരുന്നു.

3. **Rejuvenation of Akkulam lake and its Watershed Rebuilding Kerala–The Sustainable way"**

ഈ പദ്ധതിക്ക് 96 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ റീ ടെൻഡർ നടപടികൾ വാപ്കോസ് മുഖേന സ്വീകരിച്ചുവരുന്നു.

4. ഡെവലപ്മെന്റ് ഓഫ് കോവളം ആൻഡ് അഡ്ജസന്റ് ബീച്ചസ്

പദ്ധതിക്ക് 91.38 കോടി രൂപ അനുവദിച്ചിരുന്നു. നിലവിൽ പദ്ധതിയുടെ റീ ടെൻഡർ നടപടികൾ വാപ്കോസ് മുഖേന പുരോഗമിച്ചുവരുന്നു.

5. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്

122.28 കോടി രൂപയുടെ ഭരണാനുമതി നൽകുകയും SPV ആയി M/s INKEL-നെ തിരഞ്ഞെടുത്തിട്ടുമുണ്ട്. ആയതിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്കായി 7,79,23,104/- രൂപയും പുരോഗമിക്കുന്ന പദ്ധതികൾക്കായി 3,94,94,860/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ ലഭിച്ച ഹോംസ്റ്റേകൾ തിരിച്ചറിയാൻ നടപടി

191 (1445) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ നേടിയ ഹോം സ്റ്റേകൾക്ക് ഇന്ത്യയ്ക്കകത്തും വിദേശത്തും സഞ്ചാരികൾക്കിടയിൽ നല്ല മതിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ എടുത്തശേഷം ഹോംസ്റ്റേ ആയി നടത്തപ്പെടുന്ന ഇത്തരം വീടുകളെ എയർ ബി.എൻ.ബി., ബുക്കിങ്.കോം, ബുക്ക് മൈ ട്രിപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോലുള്ള ഓൺലൈൻ ബുക്കിങ് പോർട്ടലുകളിൽ വേർതിരിച്ചറിയുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

വിനോദസഞ്ചാര വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകിയ ഹോംസ്റ്റേകളുടെ വിവരങ്ങൾ കേരള ടൂറിസത്തിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് മാർക്കറ്റിങ് നൽകിവരികയാണ് ചെയ്യുന്നത്. ഇത്തരം യൂണിറ്റുകളെ എയർ ബി.എൻ.ബി., ബുക്കിങ് ഡോട്ട് കോം, ബുക്ക് മൈ ട്രിപ്പ് പോലുള്ള ഓൺലൈൻ പോർട്ടലുകളിൽ വേർതിരിച്ചറിയുന്നതിനായി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകളിൽനിന്ന് തനതായ കേരളീയ കുടുംബ അന്തരീക്ഷത്തിലുള്ള പെരുമാറ്റവും വീട്ടിലെ ഭക്ഷണവും കേരളത്തിന്റെ തനത് സംസ്കാരവും സഞ്ചാരികൾക്ക് അനുഭവവേദ്യമാകുമെന്നിരിക്കേ ഓൺലൈൻ പോർട്ടലുകളിൽ ഇത്തരം ഹോം സ്റ്റേയാണെന്നവകാശപ്പെട്ട് ബുക്കിങ് എടുക്കുകയും എന്നാൽ മേൽസൂചിപ്പിച്ച സൗകര്യങ്ങൾ നല്കാതെ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്കാരായി നിയമിച്ച് നടത്തിക്കുന്ന സാഹചര്യമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വിനോദസഞ്ചാരികൾ കബളിപ്പിക്കപ്പെടുന്നത് ഒഴിവാക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകുന്ന ഹോംസ്റ്റേകളുടെ വിവരങ്ങൾ ടൂറിസം വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നുണ്ട്. സഞ്ചാരികൾക്ക് വിനോദസഞ്ചാര വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ച് ഹോംസ്റ്റേ തെരഞ്ഞെടുക്കാവുന്നതാണ്.

(സി) സംസ്ഥാനത്ത് ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകൾ

1200-ൽ താഴെ മാത്രമാണെങ്കിലും ഓൺലൈൻ ബുക്കിങ് ഏജൻസികളിൽ 5000 പ്രോപ്പർട്ടികൾ ലിസ്റ്റ് ചെയ്തിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ലാസിഫിക്കേഷൻ നേടിയ ഹോംസ്റ്റേകളെ തിരിച്ചറിയുന്നതിനും അതില്ലാത്ത വീടുകളെ ഹോംസ്റ്റേകൾ എന്ന പേരിൽ മാർക്കറ്റ് ചെയ്യുന്നതും അവിടങ്ങളിൽ സഞ്ചാരികളെ താമസിപ്പിക്കുന്നതും ഒഴിവാക്കുന്നതിനായി നിയന്ത്രണം കൊണ്ടുവരുന്നതിനും ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകുന്ന ഹോംസ്റ്റേകളുടെ വിവരങ്ങൾ ടൂറിസം വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നുണ്ട്. ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകളെ തിരിച്ചറിയുന്നതിനും അതില്ലാത്ത വീടുകളെ ഹോംസ്റ്റേകൾ എന്ന പേരിൽ മാർക്കറ്റ് ചെയ്യുന്നതും അവിടങ്ങളിൽ സഞ്ചാരികളെ താമസിപ്പിക്കുന്നതും ഒഴിവാക്കുന്നതിനായി നിയന്ത്രണം കൊണ്ടുവരുന്നകാര്യം പരിശോധിച്ചുവരുന്നു.

കണ്ണൂർ പയ്യാമ്പലം ബീച്ച് വാക് വേ ഫേസ് II-ന്റെ പ്രവർത്തന പുരോഗതി

192 (1446) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലം ബീച്ച് വാക് വേ ഫേസ് II-ന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) നിലവിൽ വാക് വേ പ്രവർത്തനമാരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ;

വിശദവിവരം നൽകാമോ?

(എ&ബി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി Wave study നടത്തിയതിൻപ്രകാരം സുരക്ഷാ ഭീഷണിയുള്ളതായി ഹാർബർ എഞ്ചിനീയറിങ് വിഭാഗം അറിയിച്ചിട്ടുള്ളതിനാൽ പ്രവൃത്തിയുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിരുന്നില്ല. site condition-ന് അനുയോജ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാൻ ശ്രമം നടത്തിയെങ്കിലും തീരദേശ ഹൈവേ നിർമ്മിക്കുന്നതിന് KRFB പ്രസ്തുത സ്ഥലം മാർക്ക് ചെയ്ത് തീരദേശ ഹൈവേ അലൈൻമെന്റിൽ ഉൾപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ, പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർ നടപടി സാധ്യമായിട്ടില്ല.

വിദ്യാർഥികളെ ദുഷ്പ്രവണതകളിൽനിന്ന് അകറ്റി നിർത്താൻ നടപടി

193 (1447) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർഥികളെ ലഹരിയുടെ സ്വാധീനത്തിൽ അകപ്പെടാതെ സംരക്ഷിക്കാനും സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരയാകാതിരിക്കാനും പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സ്കൂൾ കാമ്പസിലും പുറത്തും ലഹരി വിരുദ്ധ പ്രചാരണം നടത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാലയ തലത്തിൽ ജാഗ്രതാ ബ്രിഗേഡുകൾ രൂപീകരിക്കുകയും ആന്റി നാർക്കോട്ടിക് ക്ലബ്ബുമായി ചേർന്ന് അധ്യാപകരുടെ നേതൃത്വത്തിൽ അവർക്ക് പരിശീലനവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. സംസ്ഥാനത്ത് 1680 ഗവ./എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളിലും

സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. കൗമാരക്കാരുടെ ശാക്തീകരണത്തിനായാണ് സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നത്. സ്കൂളുകളിലെ ഒരു അധ്യാപകന്/അധ്യാപികയ്ക്ക് സൗഹൃദ കോ-ഓർഡിനേറ്ററുടെ ചുമതല നൽകിവരുന്നു. സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് പ്രാഥമികമായി 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം (Introductory Training) നൽകിവരുന്നുണ്ട്. അതിൽ ഒരു സെഷൻ വിദ്യാർഥികളിലെ മയക്കുമരുന്ന് തടയുന്നതുമായി ബന്ധപ്പെട്ടാണ്. വിദ്യാർഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണമെന്നത് സൗഹൃദ കോ-ഓർഡിനേറ്റർമാരായ അധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും (Special Training for Souhrida Co-ordinators) ഉൾപ്പെടുത്തിയിട്ടുണ്ട്. സൗഹൃദ ക്ലബ്ബുള്ള 1680 ഹയർസെക്കൻഡറി സ്കൂളുകളിൽനിന്നും തിരഞ്ഞെടുത്ത 2 വീതം കുട്ടികൾക്ക് "Student Convenors Training"-ന്റെ ഭാഗമായി ലഹരി പദാർഥങ്ങളുടെ ദുരുപയോഗത്തെപ്പറ്റിയും അത് ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെപ്പറ്റിയും പരിശീലനം നൽകുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് വിദ്യാർഥികളുടെ ഇടയിലുള്ള ജീവിതശൈലി രോഗങ്ങൾ തടയുന്നതിനായി "Life Style Disease Screening and Intervention programme" മുഴുവൻ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലും നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം ജീവിതശൈലി രോഗനിർണ്ണയ വേളയിൽ വിദ്യാർഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത്തരം ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർഥികളെ തൊട്ടടുത്ത പി.എച്ച്.സി.-കളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി

വിഭാവനം ചെയ്യുന്നു.

ആരോഗ്യ വകുപ്പുമായി ചേർന്നുനടത്തുന്ന ദന്ത പരിശോധനാ ക്യാമ്പുകളിലൂടെ ലഹരിയോട് താൽപര്യം കാട്ടുന്ന കുട്ടികളെ കണ്ടെത്തി പരിചരണം നടത്തുന്നതിന് വകുപ്പ് യത്നിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ പിന്തുണയോടെ വിമുക്തി മിഷൻ കാമ്പയിന്റെ ഭാഗമായി കുട്ടികളുടെ സ്പോർട്സ് മത്സരങ്ങൾ പുതുലഹരി കാമ്പയിൻ എന്ന പേരിൽ സംഘടിപ്പിച്ചു.

ലഹരി നിർമ്മാർജനം പ്രവർത്തന ലക്ഷ്യമാക്കി കുട്ടികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ പാർലമെന്റ് സംഘടിപ്പിക്കുകയും ഒക്ടോബർ 2 ഗാന്ധിജയന്തി ദിവസത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സംവാദ സദസ്സ് സംഘടിപ്പിക്കുകയും ചെയിട്ടുണ്ട്.

കൗമാര വിദ്യാർഥികളുടെ മൂല്യാധിഷ്ഠിത വ്യക്തിത്വ വികസനം ലക്ഷ്യമിട്ട് ഹയർ സെക്കൻഡറി അക്കാദമിക വിഭാഗത്തിന്റെ നേതൃത്വത്തിൽ "കൂടെയുണ്ട് കരുത്തേകാൻ" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൗമാരക്കാരുടെ വികസന നാഴികക്കല്ലുകളോടൊപ്പം സഹജമായി കാണപ്പെടുന്ന അനഭിലഷണീയ പ്രവണതകളായ റാഗിങ്, അക്രമവാസന, നശീകരണ പ്രവർത്തനങ്ങൾ, ലഹരി ഉപയോഗം, വാഹന ദുരുപയോഗം തുടങ്ങിയവയ്ക്ക് ശാസ്ത്രീയ മാർഗങ്ങളിലൂടെ ശാശ്വത പരിഹാരം കാണുന്നതിനായാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി സൈബർ കുറ്റകൃത്യങ്ങളെപ്പറ്റിയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇതിനായി അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

നിലവിൽ ഹയർ സെക്കൻഡറി തലത്തിൽ കുട്ടികളുടെ മാനസികാരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുംവേണ്ടി "സൗഹൃദ" എന്ന പേരിൽ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ കോർഡിനേറ്റർമാരായ അധ്യാപകർക്ക് വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ വനിതാ-ശിശു-വികസന വകപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ എല്ലാ അധ്യാപകരേയും പ്രൈമറി കൗൺസിലിങ് നൽകുന്നതിന് പ്രാപ്തിയുള്ളവരാക്കുകയും കുട്ടികൾക്ക് ഗൈഡൻസ് നൽകാനുള്ള ശേഷിയുണ്ടാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തിലുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

ഈ മേഖലയിലെ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി "നന്മ പൂക്കുന്ന നാളേക്ക് " എന്ന പേരിൽ ഹാൻഡ് ബുക്കുകളും എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ആദ്യഘട്ടത്തിൽ അധ്യാപകർതന്നെ ഇടപെടുകയും ആവശ്യമായ സമയങ്ങളിൽ കൗൺസിലർമാരുടെ സഹായം തേടുകയും ചെയ്യുകയെന്നതാണ് നിലവിലെ രീതി. കൗൺസിലർമാർ ആവശ്യമായ ഘട്ടങ്ങളിൽ വനിതാ-ശിശു-വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാരന്റൽ ക്ലിനിക്കുകളുടെയും സൈക്കോളജിസ്റ്റുകളുടെയും സഹായം തേടുകയും ചെയ്യുന്നു. നിലവിൽ എല്ലാ സ്കൂളുകളിലും കൗൺസിലർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുന്നില്ലെന്ന പരിമിതിയുണ്ട്. എന്നിരുന്നാലും മുഴുവൻ അധ്യാപകരെയും ഒരു പ്രാഥമിക കൗൺസിലർ എന്ന നിലയിൽക്കൂടി പ്രവർത്തിക്കാൻ കഴിയത്തക്കരീതിയിൽ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇനിയും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

(സി) പി.ടി.എ.-യുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി ബോധവൽക്കരണ പരിപാടികൾ ഊർജിതമാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ലഹരി നിർമ്മാർജന യജ്ഞത്തിൽ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെയും അധ്യാപകരെയും ബോധവൽക്കരിച്ച് അതിലൂടെ സാമൂഹിക അവബോധം ശക്തിപ്പെടുത്തന്നതിനാണ് വകുപ്പ് പരിശ്രമിക്കുന്നത്. കുടുംബങ്ങളിലെ ലഹരി സംബന്ധങ്ങളായ വിഷയങ്ങൾ അമ്മ റിസോഴ്സ് ഗ്രൂപ്പ് മുഖേന സ്കൂൾ ജാഗ്രതാ സമിതികൾക്ക് കൈമാറി പരിഹാരം കണ്ടെത്തുന്നതിനും പ്രാദേശിക തലത്തിൽ ചേരുന്ന കോർണർ പി.ടി.എ.-കളിൽ ടി അംഗങ്ങളെ ഉൾച്ചേർത്ത് ലഹരിക്ക് എതിരായ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സൗഹൃദ ക്ലബിന്റെ നേതൃത്വത്തിൽ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും മക്കളെ അറിയാൻ എന്ന പേരിൽ ശരിയായ രക്ഷാകർതൃത്വവുമായി ബന്ധപ്പെട്ട് ഒരു സെഷൻ നൽകിവരുന്നുണ്ട്. അതിന് ഡോക്ടേഴ്സാണ് സാധാരണഗതിയിൽ നേതൃത്വം നൽകാറുള്ളത്. ഈ ഒരു മൊഡ്യൂളിൽ വിദ്യാർഥികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു സെഷൻകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻഡറി സ്കൂളിലും ഈ പ്രോഗ്രാം നടത്താനുള്ള നിർദേശം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിലൂടെ ലഹരി വിരുദ്ധ പോരാട്ടത്തിൽ രക്ഷിതാക്കളെയും ഭാഗഭാക്കാക്കുന്നതിന് വകുപ്പ് പരിശ്രമിക്കുന്നുണ്ട്.

(ഡി) കുട്ടികൾ ദുഷ്പ്രവണതകളിലേക്ക് തിരിയാതെ സംരക്ഷിക്കുന്നതിന് അവരുടെ

മാനസികോല്ലാസം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കുട്ടികളെ ലഹരി, സൈബർ കുറ്റകൃത്യങ്ങൾ അടക്കമുള്ള ദുഷ്പ്രവണതകളിലേക്ക് തിരിയാതെ അവരുടെ മാനസികോല്ലാസത്തിന് ഊന്നൽ നൽകി മെച്ചപ്പെട്ട പൗരന്മാരായി മാറ്റിയെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നിരവധി പദ്ധതികൾ മറ്റ് വകുപ്പുകളുമായിച്ചേർന്ന് നടപ്പിലാക്കുന്നുണ്ട്. അത്തരത്തിൽ ഒരു പദ്ധതിയാണ് പുതുലഹരി കാമ്പയിൻ. എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ കുട്ടികളെ ഫുട്ബോൾ, ഖോ-ഖോ മുതലായ മത്സരങ്ങളിൽ ഭാഗഭാക്കാക്കുകവഴി ടി കുട്ടികളിൽ ആരോഗ്യദായകമായ വിനോദോപാധികൾ പരിചയപ്പെടുത്തുന്നതിനും അതുവഴി ദുഷ്പ്രവണതകളിൽനിന്നും അവരെ തടയുന്നതിനും വകുപ്പ് യത്നിച്ചിട്ടുണ്ട്.

(ഇ) ഇതിനായി പ്രത്യേക പീരിയഡ് മാറ്റി വയ്ക്കുന്നതുൾപ്പെടെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ റിജിയണൽ ജുഡിഷ്യൽ കൊളോക്യത്തിന്റെ നിർദേശാനുസരണം ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണം സാധ്യമാക്കുന്നതിന് എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവരുമായിച്ചേർന്ന് ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ഈ SOP-യുമായി ബന്ധപ്പെട്ട ട്രെയിനിങ് എല്ലാ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി അധ്യാപകർക്കും അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകിയിരുന്നു. പ്രസ്തുത SOP-യിൽ കേസുകളുടെ റിപ്പോർട്ടിങ്,

കൗൺസിലിങ്, റെഫറൽ സംവിധാനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. സംസ്ഥാനത്തെ ഏകദേശം ഒന്നര ലക്ഷത്തോളമുള്ള അധ്യാപകർക്ക് മേൽഘടകങ്ങളെ സംബന്ധിച്ച പരിശീലനം ഈ അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ നടപടികൾ

194 **(1448)** ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ നടപടികളുടെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് നിരവധി അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുള്ള ഭൗതിക സാഹചര്യത്തെ ഓരോ കുട്ടിയുടേയും സമഗ്ര വികാസത്തിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. വിശദമായ റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

195 (1449) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ വരുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച് സർക്കാർ നടത്തിയ പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ തലങ്ങൾ (സെക്കൻഡറി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി) സംയോജിപ്പിച്ചുകൊണ്ട് സ്കൂൾ ഏകീകരണം നടപ്പിലാക്കുന്നതിനായി പ്രൊഫ. എം. എ. ഖാദർ അധ്യക്ഷനായ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതി മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം എന്ന പേരിൽ രണ്ടുഭാഗങ്ങളായുള്ള റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ടിന്റെ ആദ്യ ഭാഗത്തിൽ പ്രധാനമായും ഭരണതലത്തിൽ ഉണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ചും രണ്ടാം ഭാഗത്തിൽ അക്കാദമിക രംഗത്ത് ഉണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ചുമാണ് പ്രതിപാദിച്ചിരിക്കുന്നത്.

ഖാദർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദേശങ്ങൾപ്രകാരം 31-05-2019-ലെ സ.ഉ.(കൈ)നം.52/2019/പൊ.വ.വ. പ്രകാരം ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

(a) പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുണ്ടായിരുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതുസംവിധാനം രൂപീകരിക്കുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന അധികാരസ്ഥാനം സ്ഥാപിച്ച് അതിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതുമാണ്.

(b) ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, ബോർഡ് ഓഫ് ഹയർ സെക്കൻഡറി എക്സാമിനേഷൻ, ബോർഡ് ഓഫ് വൊക്കേഷണൽ ഹയർ സെക്കൻഡറി എക്സാമിനേഷൻ എന്നീ പൊതുപരീക്ഷകൾ നടത്തുന്നതിനായി ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ പരീക്ഷാ കമ്മീഷണറായി നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

(c) നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ സ്കൂൾതല സംവിധാനങ്ങൾ ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷന്റെ അധികാര പരിധിയിലാക്കിയിട്ടുള്ളതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകൾ എന്നിവയും ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും തൽസ്ഥിതിയിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ നിയന്ത്രണത്തിലാക്കിയിട്ടുള്ളതാണ്.

(d) സംയോജിത സംവിധാനത്തിലേക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവിയായി പ്രിൻസിപ്പലിനെ നിശ്ചയിക്കുകയും സ്കൂളിന്റെ പൊതുചുമതലയും ഹയർ സെക്കൻഡറി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും പ്രിൻസിപ്പലിന് നൽകിയിട്ടുള്ളതുമാണ്.

(e) പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ ഏകീകരണവുമായി ബന്ധപ്പെട്ട് 30-06-2019-ലെ സ.ഉ.(പി)നം.6/2019/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 1 മുതൽ 12 വരെയുള്ള പൊതുവിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർ അല്ലെങ്കിൽ ഹെഡ്മിസ്ട്രസ് തസ്തിക വൈസ് പ്രിൻസിപ്പൽ എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് ആയിട്ടുള്ളതും

അനുബന്ധമായി പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലേക്ക് അധികാര വികേന്ദ്രീകരണം ഉൾപ്പെടെയുള്ള നടപടികൾ പൂർണ്ണ പ്രാപ്തിയിൽ എത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നതുമാണ്. മേൽപ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് സ്കൂൾ ഏകീകരിക്കുന്നതിനായി കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഭേദഗതികളാണ് വരുത്തിയതെന്ന് വിശദമാക്കാമോ?

ഖാദർ കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനെ ഏകീകരിക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച 31-05-2019-ലെ സ.ഉ.(കൈ) നം.53/2019/പൊ.വി.വ. സർക്കാർ ഉത്തരവിന് നിയമപ്രാബല്യം നൽകുന്നതിന് കേരള വിദ്യാഭ്യാസ ആക്ടിലും ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഒരു ഭേദഗതി ആക്ടിന്റെയും 11 ഭേദഗതി ചട്ടങ്ങളുടെയും പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) സ്കൂൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതികൾ വരുത്തിയതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിൽ കേസുകളുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയതിലേക്ക് സർക്കാർ എന്തെങ്കിലും സത്യവാങ്മൂലം നൽകിയിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) ഉണ്ട്. സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ഈ വിഷയം നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

196 (1450) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. കെ. പി. എ. മജീദ്:

ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്മാർട്ട് ക്ലാസ് റൂം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമല്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

2018-19-ൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതിയിലുൾപ്പെടുത്തി ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധിക്കാറുണ്ടോ;

എല്ലാ അധ്യയന വർഷങ്ങളിലും തസ്തിക നിർണ്ണയ സമയത്ത് ബന്ധപ്പെട്ട അധികാരികൾ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാറുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മലപ്പുറം ജില്ലയിൽ 32-ഓളം സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടമില്ല എന്നത് പരിഗണിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സ്വന്തമായി വസ്തു വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഹയർ സെക്കൻഡറി പരീക്ഷാ വിഭാഗം കെട്ടിടം

197 (1451) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശാന്തിനഗറിലുള്ള ഹൗസിങ് ബോർഡ് ബിൽഡിങിലെ ഹയർ സെക്കൻഡറി പരീക്ഷാ വിഭാഗത്തിന്റെ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത സ്ഥാപനം പരീക്ഷാഭവനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

(സി) ബഹുമാനപ്പെട്ട മന്ത്രിയുടെ അധ്യക്ഷതയിലോ ഉദ്യോഗസ്ഥതലത്തിലോ ഹയർ സെക്കൻഡറി ബിൽഡിങ് വിഭാഗം പരീക്ഷാഭവനിലേക്ക് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും യോഗങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിൽ കൂടിയ യോഗങ്ങളുടെ മിനിറ്റ്സുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സ്കൂൾ കെട്ടിടങ്ങളുടെയും വിദ്യാർഥികളുടെയും സുരക്ഷ

198 (1452) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെയും വിദ്യാർഥികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെയും വിദ്യാർഥികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി സ്കൂൾ അധികൃതർക്ക് 13-05-2025-ലെ DGE/9520/2025-QIP1 സർക്കുലർ പ്രകാരം നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക ഫിറ്റ്നസ് പരിശോധന പൂർത്തീകരിച്ചതിനുശേഷവും പല സ്കൂൾ കെട്ടിടങ്ങൾക്കും ഗുരുതരമായ കേടുപാടുകൾ സംഭവിച്ചതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോട്ടയം ജില്ലയിൽ ഇളങ്ങുളം കെ.വി.എസ്.എൽ.പി. സ്കൂളിൽ ഫിറ്റ്നസ് ആദ്യം ലഭിച്ചതിനുശേഷം പഞ്ചായത്തിൽനിന്നും ഫിറ്റ്നസ് റദ്ദാക്കുകയും നിലവിൽ വേറെ കെട്ടിടത്തിൽ താൽക്കാലിക ഫിറ്റ്നസ് ലഭ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നു. മുമ്പുണ്ടായിരുന്ന കെട്ടിടത്തിന്റെ മേൽക്കൂര മാറ്റി ജി.ഐ. പൈപ്പിന്റെ മേൽക്കൂരയാക്കണമെന്ന് സുരക്ഷാ ഓഡിറ്റിൽ നിർദേശം ലഭിച്ചതിനെത്തുടർന്ന് അപ്രകാരം ചെയ്യുന്നതിനുവേണ്ടിയാണ്

ഫിറ്റ്നസ് റദ്ദാക്കി താൽക്കാലിക കെട്ടിടത്തിൽ താൽക്കാലിക ഫിറ്റ്നസോടുകൂടി പ്രവർത്തിക്കുന്നത്.

(സി) സംസ്ഥാനത്തെ വിദ്യാലയങ്ങളിലും കാമ്പസുകളിലും വൈദ്യുതി വിതരണ സംവിധാനങ്ങൾ അപകടരഹിതമായും കുറ്റമറ്റ രീതിയിലും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സ്കൂളിലേക്കുള്ള വഴി, സ്കൂൾ പരിസരം, കോമ്പൗണ്ട് എന്നിവിടങ്ങളിലുള്ള വൈദ്യുത പോസ്റ്റ്, ഇലക്ട്രിക് ലൈൻ, സ്റ്റേവയർ, സുരക്ഷാ വേലികൾ ഇല്ലാതെയുള്ള ട്രാൻസ്ഫോർമറുകൾ മുതലായവ അപകടകരമാംവിധം കാണുകയാണെങ്കിൽ അത് ബന്ധപ്പെട്ട കെ.എസ്.ഇ.ബി.എൽ. അധികൃതരെ അറിയിക്കേണ്ടതും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) മലയോര മേഖലയിലെ വന്യമൃഗ സാന്നിധ്യമുള്ള പ്രദേശങ്ങളിലെ സ്കൂൾ വിദ്യാർഥികളെ വന്യജീവി ആക്രമണങ്ങളിൽനിന്നും വിഷപ്പാമ്പുകളിൽനിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനം/തോട്ടം മേഖലകളിൽ കുട്ടികൾ സ്കൂളിലേയ്ക്ക് സഞ്ചരിക്കുന്ന നടവഴികളിലെ വശങ്ങളിലുള്ള കുറ്റിക്കാടുകൾ വെട്ടിമാറ്റുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ്, വനംവകുപ്പ് എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വന്യമൃഗങ്ങളുടെ സാന്നിധ്യം കൂടുതലുള്ള പ്രദേശങ്ങളിൽ സംരക്ഷണ വേലികൾ അടക്കമുള്ള സുരക്ഷാസംവിധാനങ്ങൾ

ഒരുക്കാനും സ്കൂളുകളിൽ ഇഴജന്തുക്കൾ കയറിയിരിക്കാൻ സാധ്യതയുള്ള ഇടങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് അവയുടെ സാന്നിധ്യമില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്.

സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

199 (1453) ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വർഷാരംഭത്തിൽത്തന്നെ പൊതുവിദ്യാലയങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിർദേശം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നിർദേശം നൽകിയിട്ടുണ്ട്. 2025-26 അധ്യയന വർഷം സ്കൂൾ പ്രവേശന മുന്നൊരുക്ക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം, ഉച്ച ഭക്ഷണം, യാത്രാ സുരക്ഷ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി 13-05-2025-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ വിശദമായ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർപ്രകാരം സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ സ്കൂൾ കെട്ടിട ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ യാതൊരു കാരണവശാലും സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ പാടുള്ളതല്ല. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ വാടകകെട്ടിടത്തിലോ മറ്റ് സ്ഥാപനങ്ങളിലോ ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഈ

കെട്ടിടങ്ങൾക്കൂടി പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിങ് വിഭാഗത്തിൽനിന്നും ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ സ്കൂൾ പ്രവർത്തിക്കാൻ പാടുള്ളൂവെന്ന നിർദേശം വിദ്യാഭ്യാസ ഓഫീസർമാർ മുഖേന എല്ലാ പ്രധാനാധ്യാപകർക്കും നൽകിയിട്ടുണ്ട്.

(ബി) ഈ നിർദേശം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

2025-26 അധ്യയന വർഷം സ്കൂൾ തുറക്കുന്നതിനും അതിനുശേഷവും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ 13-05-2025, 31-05-2025, 26-07-2025, 07-08-2025 എന്നീ തീയതികളിലെ സർക്കുലർപ്രകാരം വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം എല്ലാ പ്രഥമാധ്യാപകർക്കും നിർദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2025-26 അധ്യയന വർഷം സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് രണ്ട് മേഖലകളായി തിരിച്ച് വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗങ്ങൾ 19-05-2025, 21-05-2025 എന്നീ തീയതികളിൽ സംഘടിപ്പിക്കുകയും തുടർ നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കൂടാതെ ക്ലാസ് റും പ്രവർത്തനം നടക്കുന്ന കെട്ടിടങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടോയെന്ന് മോണിറ്ററിങ് വേളയിൽ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും എല്ലാ തരത്തിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം സുരക്ഷാ സെൽ രൂപീകരിക്കുകയും ഡി.ഡി.ഇ., ആർ.ഡി.ഡി., ഡി.ഇ.ഒ., ഡയറ്റ് പ്രിൻസിപ്പൽ, ഡി.പി.സി. തുടങ്ങിയ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് നടത്തുകയും ഡയറ്റ് പ്രിൻസിപ്പൽമാർ വഴി റിപ്പോർട്ട് ക്രോഡീകരിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ആയതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും വിശദമായ കണക്ക് പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി തയ്യാറാക്കുകയും അതിന്മേൽ തുടർനടപടികൾ കൈക്കൊണ്ട് എല്ലാ രീതിയിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു.

എയ്ഡഡ് സ്കൂൾ അധ്യാപകരുടെ സർവീസ് പെൻഷനുള്ള യോഗ്യത

200 (1454) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എം. വിൻസെന്റ്:

ശ്രീമതി കെ. കെ. രമ:

ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ബ്രോക്കൺ സർവീസ്, ലീവ് വേക്കൻസി സർവീസ് എന്നിവ പെൻഷനുള്ള യോഗ്യതയായി പരിഗണിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ: എങ്കിൽ കാരണം വിശദമാക്കാമോ?

Direct Payment System നിലവിൽ വന്നതിനുശേഷമുള്ള എയ്ഡഡ് സ്കൂളിലെ റഗുലർ full time service മാത്രമേ പെൻഷന് കണക്കാക്കുകയുള്ളൂവെന്ന് 10-08-2018-ലെ GO(P) No.128/2018/Fin പ്രകാരം KSR III ചട്ടം 14E-ൽ (SRO 572/2018 തീയതി 13-08-2018) ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രാബല്യം ഉത്തരവ് തീയതി മുതൽക്കാണ്.

10-08-2018 മുതൽ എയ്ഡഡ് സ്കൂളിലെ റഗുലർ ഫുൾ ടൈം സർവീസ് മാത്രമേ സർക്കാർ സർവീസിനൊപ്പം പെൻഷന് കണക്കാക്കുകയുള്ളൂവെന്ന് 28-10-2019-ലെ GO(Ms)No.401/2019/Fin ഉത്തരവുപ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

(ബി) ലീവ് വേക്കൻസിയിൽ നിരവധി വർഷക്കാലവും പിന്നീട് റെഗുലർ സർവീസിലും പ്രവേശിച്ച് ജോലി ചെയ്യുന്ന അധ്യാപകർക്ക് റിട്ടയർ ചെയ്യുമ്പോൾ എക്സ്ഗ്രേഷ്യ പെൻഷന് മാത്രമാണ് അർഹതയുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ. ഭാഗം III ചട്ടം 57 പ്രകാരം മിനിമം പെൻഷനുള്ള യോഗ്യസേവനകാലം 10 വർഷമാണ്. സർവീസ് പെൻഷന് വേണ്ട മിനിമം സർവീസ് പോലുമില്ലാതെ വിരമിക്കേണ്ടിവരുന്നവരെ ഉദ്ദേശിച്ചാണ് 01-10-1999 പ്രാബല്യത്തിൽ 18-09-1999-ലെ സ.ഉ.(അ)നം.1851/1999/ധന, 26-12-2016-ലെ സ.ഉ.(അ)നം.190/2016/ധന എന്നീ ഉത്തരവുകൾപ്രകാരം എക്സ്ഗ്രേഷ്യാ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ലീവ്

വേക്കൻസിയിൽ സേവനമനുഷ്ഠിച്ചതിനുശേഷം റെഗുലർ സർവീസിൽ പ്രവേശിച്ച് മിനിമം പെൻഷനുള്ള യോഗ്യസേവനകാലം ഇല്ലെന്നുള്ളപക്ഷം ടി ഉത്തരവുകളിലെ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി എക്സ്ഗ്രേഷ്യാ പെൻഷൻ അനുവദനീയമാണ്.

1. സൂപ്പറാന്വേഷൻ തീയതിയിൽ സർവീസിൽ ഉണ്ടായിരിക്കണം.

2. കേരള സർവീസ് ചട്ടങ്ങൾ ഭാഗം 1 അനുബന്ധം XII-A, XII-B, XII-C എന്നിവ പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധി എടുത്തതുമൂലമായിരിക്കരുത് യോഗ്യസേവനകാലം പത്ത് വർഷത്തിൽ കുറവായത്.

3. മൊത്തം സേവനകാലം 10 വർഷത്തിൽ കുറവാകുകയും കേരള സർവീസ് ചട്ടങ്ങൾ ഭാഗം 1 അനുബന്ധം XII-A, XII-B, XII-C എന്നിവ പ്രകാരം ശൂന്യവേതനാവധി എടുക്കരുത്.

4. സംസ്ഥാന സർവീസിലെ റഗുലർ മെമ്പറായിരിക്കണം.

(സി) എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ബ്ലോക്കൺ സർവീസ്, ലീവ് വേക്കൻസി സർവീസ് എന്നിവ പെൻഷന് യോഗ്യതയുള്ള സർവീസായി പരിഗണിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ദിവസവേതാനടിസ്ഥാനത്തിലുള്ള അധ്യാപക നിയമനം

201 (1455) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ചുരുങ്ങിയത് എത്ര ദിവസത്തെ ഒഴിവുണ്ടായിരിക്കണമെന്ന്

വ്യക്തമാക്കാമോ; ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഗവൺമെന്റ് സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതലുള്ള ഹ്രസ്വകാല അവധി ഒഴിവുകളിലും PSC ലിസ്റ്റ് അവസാനിക്കുന്ന അവസരങ്ങളിലും മറ്റുമാണ് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതലുള്ളതും അക്കാദമിക വർഷത്തിൽ അധികരിക്കാത്തതുമായ ഒഴിവുകളിലാണ് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ എല്ലാത്തരം നിയമനങ്ങളും സ്കൂൾ മാനേജർമാരാണ് നടത്തുന്നത്. സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ 30 ദിവസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന (ട്രാൻസ്ഫർ, അവധി, റിട്ടയർമെന്റ്, രാജി, മരണം, സർക്കാർ ഉത്തരവുപ്രകാരമുള്ള ഡെപ്യൂട്ടേഷൻ, തസ്തിക സൃഷ്ടിച്ചിട്ടും നിയമനമാകാത്തത് എന്നീ കാരണങ്ങളാൽ) തസ്തികകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കാവുന്നതാണ്. 22-08-2019-ലെ സ.ഉ. (സാധാ) നം. 3371/19/പൊ.വി.വ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസം മുതൽ 3 മാസം വരെയുള്ള അവധി ഒഴിവിലെ നിയമനത്തിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾതന്നെ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

(ബി) എയ്ഡഡ് പ്രൈമറി, എയ്ഡഡ് ഹൈസ്കൂൾ, എയ്ഡഡ് ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ ഇത്തരത്തിലുള്ള ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനും ദിവസവേതനം അനുവദിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ

എന്തല്ലാമാണ്; ഈ വിഭാഗങ്ങളിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ സ്വീകരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എയ്ഡഡ് പ്രൈമറി, എയ്ഡഡ് ഹൈസ്കൂൾ വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നത് ചുവടെ ചേർക്കുന്ന സാഹചര്യങ്ങളിലാണ്.

1. KER അധ്യായം XXI, ചട്ടം 7(1) മുതൽ 7(4) വരെയുള്ളവ പ്രകാരമോ മറ്റ് സർക്കാർ ഉത്തരവുകൾ പ്രകാരമോ നിയമിക്കാൻ സംരക്ഷിത അധ്യാപകരെ ലഭിക്കാത്ത സാഹചര്യത്തിൽ സംരക്ഷിത അധ്യാപകരെ ലഭ്യമാകുന്നതുവരെ പ്രസ്തുത സ്കൂളുകളിലെ അത്തരം ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്താൻ നിർദേശം നൽകിയിട്ടുണ്ട്.

2. 2022-23 വർഷം എയ്ഡഡ് സ്കൂളിൽ അധിക തസ്തിക സൃഷ്ടിച്ച് കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7-ലെ വിവിധ വ്യവസ്ഥകൾ അനുസരിച്ച് നിയമനം നടത്തുന്നതുവരെയുള്ള കാലയളവിൽ കുട്ടികളുടെ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് 08-06-2022-ലെ സ.ഉ. (എം.എസ്) 102/2022/GEDN പ്രകാരം നിർദേശം നൽകിയിട്ടുണ്ട്.

3. 12-06-2018-ലെ സ.ഉ. (എം.എസ്) 83/2018/ പൊ.വി.വ പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിലെ പുതിയ നിയമനങ്ങളെല്ലാം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമായിരിക്കും.

4. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ W.A. No.1602/2022 കേസിലും അനുബന്ധ കേസുകളിലുമുള്ള വിധിന്യായപ്രകാരം 08-11-2021-നുശേഷമുള്ള ഒഴിവുകൾ മാനേജർമാർ ദിവസവേതനത്തിൽ മാത്രമേ നികത്താവൂ എന്ന് നിർദേശം നൽകിയിട്ടുണ്ട്.

5. എയ്ഡഡ് പ്രൈമറി, എയ്ഡഡ് ഹൈസ്കൂൾ വിഭാഗങ്ങളിൽ 30 ദിവസത്തിൽ കൂടുതലുള്ള ഹ്രസ്വകാല അവധി ഒഴിവുകളിലും മാനേജർമാർ ദിവസവേതനത്തിൽ മാത്രമേ നികത്താവൂ എന്ന് നിർദേശം നൽകിയിട്ടുണ്ട്.

6. പീരീഡ് അടിസ്ഥാനത്തിൽ എച്ച്.എസ്.ടി. ഇംഗ്ലീഷിന്റെ അധിക തസ്തികകൾ അനുവദിക്കുമ്പോൾ പ്രസ്തുത തസ്തികകളിൽ വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലിക തസ്തിക സൃഷ്ടിച്ച് ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാനാണ് 26-09-2024-ലെ സ.ഉ. (എം.എസ്) 120/2024/ പൊ.വി.വ പ്രകാരം നിർദേശം നൽകിയിട്ടുള്ളത്.

(സി) എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 30 ദിവസത്തിനുമുകളിലും 90 ദിവസത്തിൽ താഴെയുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന അധ്യാപകർക്ക് വേതനം അനുവദിക്കേണ്ടത് സർക്കാരാണോ അല്ലെങ്കിൽ മാനേജ്മെന്റുകളാണോ;

മാനേജ്മെന്റുകളാണെങ്കിൽ ശമ്പളം അനുവദിച്ച് നൽകുന്നതിന് സർക്കാർ എന്തെങ്കിലും നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥിരം അധ്യാപകൻ അവധിയിൽ പ്രവേശിച്ചതുമൂലമല്ലാതെ 30 ദിവസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന എല്ലാ ഒഴിവുകളിലും ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാവുന്നതും സർക്കാർ വേതനം അനുവദിക്കുന്നതുമാണ്. എന്നാൽ 22-08-2019-ലെ സ.ഉ. (സാധാ) നം. 3371/2019/പൊ.വി.വ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസം മുതൽ 3 മാസം വരെയുള്ള അവധി ഒഴിവിലെ (സ്ഥിരം അധ്യാപകൻ അവധിയിൽ പ്രവേശിക്കുന്നതുകൊണ്ട്) നിയമനത്തിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾതന്നെ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

സ്കൂൾ വിദ്യാഭ്യാസ നിലവാരം

202 (1456) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ കാര്യങ്ങളാണ് ആവിഷ്കരിച്ചത്; വിശദീകരിക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്. പാഠ്യപദ്ധതി പരിഷ്കരണം, സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി, പ്രീപ്രൈമറി മേഖലയിലെ പരിഷ്കരണങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനുവേണ്ടി ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിൽ വൻകുതിച്ചുചാട്ടമാണ് ഉണ്ടായത്. ഇതിന്റെ തുടർച്ചയാണ് പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ആരംഭിച്ചത്. 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളും വികസിപ്പിച്ചു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് 9-ാം ക്ലാസ് വാർഷിക പരീക്ഷ കഴിയുന്നതിനുമുമ്പായിത്തന്നെ പത്താം ക്ലാസിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞത്. അടുത്ത അധ്യയനവർഷം ഹയർ സെക്കൻഡറി മേഖലയിലും പുതുക്കിയ പാഠപുസ്തകങ്ങൾ വിതരണം ചെയ്യും. ഗുണമേന്മാ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ അധ്യയന വർഷം 'സമഗ്ര ഗുണമേന്മാ വർഷ'മായി പ്രഖ്യാപിച്ചിട്ടുണ്ട്. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി സർക്കാർ അംഗീകരിച്ച് നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പഠനനിലവാരം ഉയർത്താൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

യു.ഐ.ഡി. ഇല്ലാത്ത കുട്ടികൾ

203 (1457) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2025-26 അധ്യയന വർഷം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളിൽ ആറാം പ്രവൃത്തി ദിവസം യു.ഐ.ഡി. ഉള്ളവർ എത്രയായിരുന്നുവെന്നും യു.ഐ.ഡി. ഇല്ലാത്തവർ എത്രയായിരുന്നുവെന്നും വിദ്യാഭ്യാസ ജില്ല തിരിച്ച്, വിദ്യാലയം തിരിച്ച് വിശദമാക്കാമോ?

2025-26 അധ്യയന വർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളിൽ ആറാം പ്രവൃത്തി ദിവസം യു.ഐ.ഡി. ഉള്ളവർ 3403633-ഉം യു.ഐ.ഡി. ഇല്ലാത്തവർ 57130-ഉം ആയിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആറാം പ്രവൃത്തി ദിവസത്തിലും യു.ഐ.ഡി. ലഭിക്കാത്ത കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം, സർക്കാരിൽനിന്ന് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കുമോ; വ്യക്തമാക്കാമോ?

ഓരോ അധ്യയന വർഷത്തെയും പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പാഠപുസ്തക അച്ചടി സംബന്ധിച്ച പ്രവർത്തനങ്ങൾ മുൻവർഷം നവംബർ മാസത്തിൽ ആരംഭിച്ചിരുന്നു. പാഠപുസ്തകങ്ങൾക്കായുള്ള ഇൻഡന്റ് മുൻവർഷത്തെ യു.ഐ.ഡി. അടിസ്ഥാനമാക്കി രേഖപ്പെടുത്താനാണ് സർക്കുലറിലൂടെ നിർദേശം നൽകിവരുന്നത്. പാഠപുസ്തക ഇൻഡന്റ് മുൻകൂട്ടി രേഖപ്പെടുത്തുന്നതിനാൽ ആകെ കുട്ടികളുടെ രണ്ട് ശതമാനം ഇൻഡന്റ് അധികരിച്ച് രേഖപ്പെടുത്താവുന്നതാണെന്നും സർക്കുലറിലൂടെ നിർദേശിക്കാറുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം പ്രവൃത്തിദിനപ്രകാരം യു.ഐ.ഡി. ലഭ്യമായ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് സൗജന്യ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നത്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ എല്ലാ വിദ്യാർഥികൾക്കും യു.ഐ.ഡി. ബാധകമാക്കാതെതന്നെ ഉച്ചഭക്ഷണം ലഭ്യമാക്കുന്നു.

(സി) ആറാം പ്രവൃത്തി ദിവസത്തിലും യു.ഐ.ഡി. ലഭിക്കാത്ത കുട്ടികളുടെ എണ്ണം വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക തസ്തിക നിർണ്ണയത്തിന് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

(ഡി) ആറാം പ്രവൃത്തി ദിവസത്തിലും യു.ഐ.ഡി. ലഭിക്കാത്ത കുട്ടികളുടെ എണ്ണം വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക തസ്തിക നിർണ്ണയത്തിന് പരിഗണിക്കില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

കെ.ഇ.ആർ. അദ്ധ്യായം XXIII, ചട്ടം 12-ൽ വരുത്തിയ ഭേദഗതി പ്രകാരം ഓരോ അധ്യയന വർഷവും ആറാം പ്രവൃത്തി ദിനത്തിൽ പ്രവേശനം നേടുന്ന UID ഉള്ള കുട്ടികളുടെ എണ്ണമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത്.

(ഇ) 2025-26 അധ്യയന വർഷം കുട്ടികൾ വിദ്യാലയങ്ങളിൽ ഉണ്ടായിട്ടും യു.ഐ.ഡി. ഇല്ലെന്ന കാരണത്താൽ കുട്ടികളുടെ എണ്ണം കണക്കാക്കാത്തതിനാൽ നഷ്ടപ്പെട്ട അധ്യാപക-അനധ്യാപക തസ്തികകൾ വിദ്യാഭ്യാസ ജില്ല തിരിച്ച്, വിദ്യാലയം തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(എഫ്) കുട്ടികൾ വിദ്യാലയങ്ങളിൽ ഉണ്ടായിട്ടും യു.ഐ.ഡി. ഇല്ലെന്ന കാരണത്താൽ അധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നത് വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുന്ന എണ്ണത്തേക്കാൾ കൂടുതൽ കുട്ടികൾ ഒരു ക്ലാസിൽ ഇരുന്ന് പഠിക്കേണ്ട സാഹചര്യം സൃഷ്ടിക്കുമോയെന്ന് വ്യക്തമാക്കാമോ?

യു.ഐ.ഡി. ഇല്ലാത്ത കുട്ടികൾ സ്കൂളുകളിൽ ഉണ്ടെങ്കിൽ ഒരു ക്ലാസിൽ അനുവദിച്ച എണ്ണത്തെക്കാൾ കൂടുതൽ കുട്ടികൾ ആ ക്ലാസിൽ ഇരുന്ന് പഠിക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നതിന് സാധ്യതയുണ്ട്.

(ജി) ആറാം പ്രവൃത്തി ദിവസം സ്കൂളിൽ ഉണ്ടായിരുന്നതും സാങ്കേതിക കാരണങ്ങളാലോ ആധാർ ലഭ്യമാകാൻ വൈകിയതുമൂലമോ യു.ഐ.ഡി. അന്നേദിവസം ലഭ്യമാകാതിരുന്നവരുമായ കുട്ടികൾക്ക് 2025 ജൂൺ 30-ന് മുമ്പ് യു.ഐ.ഡി. ലഭ്യമായിട്ടുണ്ടെങ്കിൽ അവരുടെ എണ്ണംകൂടി ഉൾപ്പെടുത്തി തസ്തിക നിർണ്ണയം നടത്താൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്താൻ നടപടി

204 (1458) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; എന്തൊക്കെ കാര്യങ്ങളാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് അനുവദിക്കുന്നത് തദ്ദേശ വകുപ്പ് എഞ്ചിനീയർമാരാണ്. കെട്ടിടങ്ങളുടെ സങ്കേതിക പരിശോധന നടത്തിയാണ് ഫിറ്റ്നസ് അനുവദിക്കുന്നത്.

(ബി) ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിലും അനധികൃത നിർമ്മിതികളിലും സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ പ്രവർത്തിക്കാൻ പാടുള്ളതല്ലെന്നും 13-05-2025-ലെ DGE/9520/2025-QIP1 നമ്പർ സർക്കുലർപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദമാക്കാമോ?

ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ സ്കൂളുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(ഡി) തേവലക്കര ഹൈസ്കൂളിൽ എട്ടാംക്ലാസ് വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്താൻ കഴിയുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ 26-07-2025-ലെ DGE/11198/2024 – QIP1 സർക്കുലർപ്രകാരം സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ട്.

അൺ എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ സേവന വേതന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

205 (1459) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിലെ അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവന വേതന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിലെ അന്യായമായ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള മാനേജ്മെന്റ് നടപടികൾ ഒഴിവാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അൺഎയ്ഡഡ് മേഖലയിലെ അംഗീകൃത വിദ്യാലയങ്ങളിലെ അധ്യാപകർക്കും അനധ്യാപകർക്കും മിനിമം വേതനം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രാഥമിക അന്വേഷണം നടത്താതെയും സമാധാനം ബോധിപ്പിക്കാൻ സാവകാശം നൽകാതെയും അൺഎയ്ഡഡ് മേഖലയിലെ അംഗീകൃത

വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ സേവനം മാനേജ്മെന്റ് അവസാനിപ്പിക്കാൻ പാടില്ലെന്ന് കെ.ഇ.ആർ. അധ്യായം XIV(AA) ചട്ടം 3-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളുടെ ഭരണപരമായ കാര്യങ്ങളിൽ ഇടപെടുന്നതിന് സർക്കാരിന് പരിമിതിയുണ്ടെങ്കിലും ചട്ടങ്ങൾ പാലിക്കാതെ അന്യായമായി പിരിച്ചുവിടുന്നതിനെതിരെ സർക്കാരിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) അൺഎയ്ഡഡ് മേഖലയിലെ അശാസ്ത്രീയവും നീതീകരിക്കാനാകാത്തതുമായ പ്രവണതകൾ ഒഴിവാക്കി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും വിദ്യാഭ്യാസ നിലവാരവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെയും മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്ന സ്കൂളുകൾക്കാണ് സർക്കാർ അംഗീകാരം നൽകിവരുന്നത്. ചട്ടങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.

മൂല്യനിർണ്ണയ രീതിയിലെ പരിഷ്കരണം

206 (1460) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2025-26 അധ്യയന വർഷത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഏതൊക്കെ ക്ലാസുകളിലെ പൊതുപരീക്ഷയിലാണ് എഴുത്തുപരീക്ഷയിലെ പേപ്പറുകൾക്ക് സബ്ജക്ട് മിനിമവും മൊത്തത്തിൽ പാസാകാൻ മിനിമം മാർക്കും ഏർപ്പെടുത്തി മൂല്യനിർണ്ണയ രീതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി മൂല്യനിർണ്ണയ രീതിശാസ്ത്രം സമഗ്രമായി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വർഷം 5, 6, 7, 8, 9 ക്ലാസുകളിലും അടുത്ത വർഷം 10-ാം ക്ലാസിലും പൊതുപരീക്ഷയിൽ എഴുത്തുപരീക്ഷയിൽ 30% മിനിമം മാർക്ക് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നിരന്തര മൂല്യനിർണ്ണയപ്രക്രിയയും പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സ്കൂളുകളിൽ വിദ്യാർഥികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

207 (1461) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ വിദ്യാർഥികളുടെ സുരക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം, ഉച്ചഭക്ഷണം, യാത്രാസുരക്ഷ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി 13-05-2025, 31-05-2025, 26-07-2025, 07-08-2025 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും

ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്: വിദ്യാർഥികളുടെ സുരക്ഷ ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച പൊതുവായ പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

സംവിധാനങ്ങൾ: ഫയർ സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവ കൃത്യമായി പരിശോധിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹായത്തോടെ സുരക്ഷാ ഓഡിറ്റുകൾ നടത്താൻ നിർദേശിച്ചിട്ടുണ്ട്. സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്.

***പാമ്പ് കടി പോലെയുള്ള അപകടങ്ങൾ തടയാൻ മാർഗരേഖകൾ:** സ്കൂൾ പരിസരവും ക്ലാസ് മുറികളും വൃത്തിയായി സൂക്ഷിക്കുന്നതിനും പാമ്പുകളും മറ്റ് ഇഴജന്തുക്കളും കയറാതെ ശ്രദ്ധിക്കുന്നതിനും കർശന നിർദേശങ്ങൾ നൽകിയിട്ടുണ്ട്. വിദ്യാർഥികളുടെ ബാഗുകളും ഷൂസുകളും ക്ലാസ് മുറികൾക്ക് പുറത്തുവയ്ക്കുന്നത് ഒഴിവാക്കാൻ പ്രത്യേക നിർദേശങ്ങളുണ്ട്.

***ഗതാഗത സുരക്ഷ:-** സ്കൂൾ ബസുകളുടെയും മറ്റ് വാഹനങ്ങളുടെയും ഫിറ്റ്നസ് കൃത്യമായി പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡ്രൈവർമാർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സ്കൂൾ സമയങ്ങളിൽ സ്കൂളുകൾക്ക് മുന്നിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാനും പാർക്കിങ് തടയാനും പോലീസുമായി സഹകരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നു.

***ദുരന്ത നിവാരണ പരിശീലനം (Disaster Management Training):**

പ്രളയം, തീപിടിത്തം, ഭൂകമ്പം തുടങ്ങിയ ദുരന്തങ്ങളെ നേരിടാൻ വിദ്യാർഥികൾക്കും അധ്യാപകർക്കും പരിശീലനം നൽകുന്നു. ഇതിന്റെ ഭാഗമായി മോക്ഡ്രില്ലുകൾ സംഘടിപ്പിക്കുന്നു. ഓരോ സ്കൂളിനും ഒരു ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

***വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ നടപടികൾ:** സ്കൂളിന് സമീപമുള്ള കടകളിൽ ലഹരി ഉൽപന്നങ്ങൾ വിൽക്കുന്നത് തടയാൻ കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്; സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുകയും കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ഈ നടപടികൾ കൂടാതെ വിദ്യാർഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ സ്കൂൾ അധികൃതർക്കും പി.ടി.എ.-യ്ക്കും പ്രധാന പങ്കുണ്ട്. ടി വിഷയത്തിൽ സർക്കാർ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ജില്ലാതലത്തിൽ ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) വയനാട് പനമരത്ത് സ്കൂളിൽ വച്ച് മൂന്നാം ക്ലാസ് വിദ്യാർഥിയെ നായ കടിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കാനും തെരുവ് നായ്ക്കളുടെ ശല്യമുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര തുടർനടപടികൾ സ്വീകരിക്കാനും വിദ്യാഭ്യാസ ഓഫീസർമാരുടെ മീറ്റിങ്ങുകളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

സ്കൂൾ കെട്ടിടങ്ങൾ

208 (1462) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നൂറോളം സർക്കാർ സ്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കാനാകാതെ അൺഫിറ്റ് ആയതിനാൽ പൊളിച്ചുമാറ്റണമെന്ന് തദ്ദേശവകുപ്പ് കണ്ടെത്തിയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഏതൊക്കെ സ്കൂൾ കെട്ടിടങ്ങളാണ് ഇപ്രകാരം കണ്ടെത്തിയിട്ടുള്ളത്?

സർക്കാർ ഗൗരവത്തോടെ കാണുന്നു, സ്കൂൾ കെട്ടിടങ്ങളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കെട്ടിടങ്ങൾക്കുപകരം പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും നിലവിലെ ക്ലാസ് മുറികൾ പ്രസ്തുത കെട്ടിടങ്ങളിൽനിന്നും മാറ്റുന്നതിനും നാളിതുവരെ വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ പ്രവർത്തിക്കാൻ പാടുള്ളതല്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ 13-05-2025-ലെ ഡിജിഇ/9520/2025-QIP1 നമ്പർ സർക്കുലർ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ട്, കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും ആകസ്മിക ധനസഹായം പദ്ധതിയിൽ സ്കൂളുകളുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നു.

(സി) എയ്ഡഡ് സ്കൂളുകളിൽ തദ്ദേശ വകുപ്പിന്റെ മേൽപ്പറഞ്ഞ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂൾ കെട്ടിടങ്ങളാണ് ഇപ്രകാരം അൺഫിറ്റ് ആണെന്ന് കണ്ടെത്തിയിട്ടുള്ളത്?

ഉണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു. ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസുകൾ നടക്കുന്നില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13-05-2025-ലെ DGE/9520/2025-QIP സർക്കുലർ പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെയാതൊരു കാരണവശാലും സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ പാടുള്ളതല്ലെന്ന് എല്ലാ സ്കൂൾ അധികൃതർക്കും നിർദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന ഉച്ചഭക്ഷണ പദ്ധതി

209 (1463) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന ഉച്ചഭക്ഷണ പദ്ധതിക്കായി സംസ്ഥാന വിഹിതമായും കേന്ദ്രവിഹിതമായും ആവശ്യമായ തുകയുടെ വിശദാംശം അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05-06-2025-ന് ചേർന്ന പ്രോഗ്രാം അപ്രൂവൽ ബോർഡ് യോഗം 2025-26 സാമ്പത്തിക വർഷത്തേക്ക് 495.4769 കോടി രൂപയുടെ പദ്ധതി അടങ്കലിനാണ് അനുമതി നൽകിയിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

COMPONENT	CENTRE SHARE (In Cr)	MINIMUM MANDATORY STATE SHARE (In Cr)	TOTAL (In Cr)
RECURRING	312.3844	183.0925	495.4769

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ 2025-26 വർഷത്തെ സംസ്ഥാന ബജറ്റ് വിഹിതത്തിൽ കേന്ദ്ര, സംസ്ഥാന നിർബന്ധിത വിഹിതം ഇനങ്ങളിൽ ആകെ 495.4769 കോടി രൂപയും സംസ്ഥാന അധിക വിഹിതം ഇനത്തിൽ 252.14 കോടി രൂപയും ചേർത്ത് ആകെ 747.6169 കോടി രൂപയുടെ ഭരണാനുമതിയാണ് ചുവടെ പറയും പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായുള്ള ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികയാതെ വരുന്നപക്ഷം ആയത് അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

Sl. No.	Head of Account	Budget Amount (in Crores)	Additional Amount (in Crores)	Total
1.	2202-01-112-90-01-PV Central Share	225	87.3844	312.3844
2.	2202-01-112-90-02-PV State Share	150	33.0925	183.0925

3.	2202-01-112-89-PV State Additional Assistance	252.14	0	252.14
	TOTAL	**627.14**	**120.4769**	**747.6169**

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സംസ്ഥാന വിഹിതമായും കേന്ദ്രവിഹിതമായും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സംസ്ഥാന വിഹിതമായും കേന്ദ്ര വിഹിതമായും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	**വർഷം**	**ചെലവഴിച്ച തുക (കോടിയിൽ)**
1	2021-22	520.44482
2	2022-23	558.768
3	2023-24	555.0213
4	2024-25	765.611

(സി) കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക ഏതെങ്കിലും വർഷം ലഭിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുറവ് എങ്ങനെയാണ് പരിഹരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ?

കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക കഴിഞ്ഞ അധ്യയനവർഷം വരെ പൂർണ്ണമായും ലഭിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

210 (1464) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന ഓഫീസുകളിലെയും വിദ്യാലയങ്ങളിലെയും വിവിധ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് പരീക്ഷാ ഭവനിലെ ഫയലുകളുടെ തീർപ്പാക്കൽ/പെൻഡിങ് വിവരങ്ങൾ ലഭ്യമാക്കാമോ?

കോടതി വ്യവഹാരം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഡിറ്റ് തടസ്സവാദ ഫയലുകൾ, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് തടസ്സവാദ ഫയലുകൾ തുടങ്ങി മൂന്ന് മാസത്തിൽ കൂടുതൽ പെൻഡിങുള്ള 1664 ഫയലുകളിൽ 640 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള 1024 ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ-ടെറ്റ് നിർബന്ധമാക്കുന്ന സുപ്രീംകോടതി വിധി

211 (1465) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ടെറ്റ് പരീക്ഷ നിയമം നടപ്പിലാക്കിയത് ഏതെല്ലാം ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്കാണെന്ന് വ്യക്തമാക്കുമോ?

പ്രൈമറി തലം മുതൽ ഹൈസ്കൂൾ തലം വരെ.

(ബി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കിയ വർഷം ഏതാണെന്ന് വ്യക്തമാക്കുമോ?

2011

(സി) കേരളത്തിലെ ഹൈസ്കൂൾ അധ്യാപകർ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ വരുമോയെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ ഹൈസ്കൂൾ അധ്യാപകർ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽവരും.

(ഡി) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിനുമുമ്പ് സംസ്ഥാനത്ത് നിയമിതരായ അധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധമാക്കിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഇല്ല. 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരവും 2010-ലെ എൻ.സി.റ്റി.ഇ. മാനദണ്ഡപ്രകാരവും 2011-ലാണ് കേരളം വിദ്യാഭ്യാസ അവകാശനിയമം പുറപ്പെടുവിച്ചതും കെ-ടെറ്റ് നിർബന്ധമാക്കിയതും.

(ഇ) കെ-ടെറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ചുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സുപ്രീം കോടതിയിൽ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

നിയമോപദേശം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഹയർ സെക്കൻഡറി ഓണ പരീക്ഷയുടെ ചോദ്യപേപ്പറുകൾ

212 (1466) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി ഓണ പരീക്ഷയുടെ ചോദ്യപേപ്പറുകൾ സ്കൂൾ തലത്തിൽത്തന്നെ തയ്യാറാക്കണമെന്ന് നിർദേശം നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കൊറോണ വ്യാപനത്തിനുശേഷം ഹയർ സെക്കൻഡറി വിദ്യാർഥികളുടെ ഒന്നാം പാദവാർഷിക പരീക്ഷകൾ സ്കൂൾ തലത്തിൽ ചോദ്യപേപ്പർ തയ്യാറാക്കിയാണ് നടത്തിയിരുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഹയർ സെക്കൻഡറി അക്കാദമിക വിഭാഗം ജോയിന്റ് ഡയറക്ടർ, ഹയർ സെക്കൻഡറി പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം ജോയിന്റ് ഡയറക്ടർ, പരീക്ഷാഭവൻ സെക്രട്ടറി, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ എന്നിവരെ പങ്കെടുപ്പിച്ച് 26-07-2025-ൽ മന്ത്രിതലത്തിൽ ഒരു യോഗം കൂടി ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 2025-26 വർഷത്തെ രണ്ടാംവർഷ ഹയർസെക്കൻഡറി വിദ്യാർഥികളുടെ ഒന്നാം പാദവാർഷിക പരീക്ഷ (ഓണ പരീക്ഷ)യുടെ ചോദ്യപേപ്പർ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുള്ള ചോദ്യപേപ്പർ ബാങ്കിന്റെ മാതൃകയിൽ സ്കൂൾതലത്തിൽ തയ്യാറാക്കി നടത്താൻ തീരുമാനിക്കുകയുമാണ് ഉണ്ടായത്. (യോഗനടപടി കുറിപ്പ് അനുബന്ധമായി+ ചേർക്കുന്നു)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവാരമുള്ളതും മാതൃകാപരവുമായ ചോദ്യങ്ങൾ വിദഗ്ധ സമിതി തയ്യാറാക്കി അച്ചടിച്ച് സ്കൂളുകളിൽ ലഭ്യമാക്കുന്ന രീതി ഒഴിവാക്കുന്നതിലൂടെ പരീക്ഷയുടെ ഗുണനിലവാരവും മത്സര പരീക്ഷകൾ നേരിടാനുള്ള വിദ്യാർഥികളുടെ ശേഷിയും കുറയുമെന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പാദവാർഷിക പരീക്ഷ നടത്തുന്നതിനാവശ്യമായ ചോദ്യപേപ്പറുകളുടെ മാതൃക SCERT-യിലെ വിദഗ്ധരായ അധ്യാപകർ തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത മോഡൽ പ്രകാരം ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തുന്നതിനായി നിർദേശം പ്രിൻസിപ്പൽമാർക്ക് നൽകിയിട്ടുള്ളതുമാണ്. പൊതുവായ മാതൃകയിൽ പരീക്ഷ നടത്തിയതിനാൽ വിദ്യാർഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കാനുള്ള ആത്മവിശ്വാസം വർധിക്കുന്നതാണ്.

(സി) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്ന ഈ ഉത്തരവ് പിൻവലിച്ച് മുഴുവൻ പരീക്ഷകളുടെയും ചോദ്യപേപ്പറുകൾ കേന്ദ്രീകൃതമായി എല്ലാ വിദ്യാലയങ്ങൾക്കും തയ്യാറാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

പരിഗണനയിലില്ല.

ഒറ്റപ്പാലം മണ്ഡലത്തിലെ വർണ്ണകൂടാരം പദ്ധതി

213 (1467) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പദ്ധതി പ്രകാരം പ്രസ്തുത സ്കൂളുകൾക്ക് അനുവദിച്ച തുകയും വർഷവും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഉടുമ്പൻചോല മണ്ഡലത്തിൽ നവീകരിക്കുന്ന സ്കൂളുകൾ

214 (1468) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്?

2016 മുതൽ നാളിതുവരെ ഉടുമ്പൻചോല മണ്ഡലത്തിലെ ജി.എച്ച്.എസ്., രാജകുമാരി, ജി.യു.പി.എസ്., നെടുങ്കണ്ടം, ജി.എൽ.പി.എസ്., കല്ലാർ, ജി.എൽ.പി.എസ്., തേർഡ് ക്യാമ്പ്, ജി.എച്ച്.എസ്., ചെമ്പകപ്പാറ, ജി.വി.എച്ച്.എസ്.എസ്., രാജകുമാരി, നെഹ്റു സ്മാരക പഞ്ചായത്ത് എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് പ്ലാൻ ഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; സ്കൂളുകളുടെ പേര്, സാമ്പത്തിക വർഷം, തുക എന്നിവ തിരിച്ച് വിശദാംശം നൽകാമോ?

കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി നവീകരണത്തിന് അനുമതി നൽകിയ ഉടുമ്പൻചോല മണ്ഡലത്തിലെ സ്കൂളുകളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) നബാർഡ് സഹായത്തോടെ ഉടുമ്പൻചോല മണ്ഡലത്തിൽ 2016-നുശേഷം നവീകരിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശം, സാമ്പത്തിക വർഷം, തുക എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

നബാർഡ് സഹായത്തോടെ ഉടുമ്പൻചോല മണ്ഡലത്തിൽ 2016-നുശേഷം നവീകരണത്തിന് അനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്കൂൾ	വർഷം	തുക
1.	ഇ.എം.ജി. എച്ച്.എസ്., ശാന്തിഗ്രാം	2017-18	2.11 കോടി
2.	ജി.എച്ച്. എസ്.എസ്., ബൈസൻവാലി	2017-18	1 കോടി

തൂക്കാക്കര തെങ്ങോട് ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടം സംരക്ഷിക്കാൻ നടപടി

215 (1469) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ തെങ്ങോട് ഗവൺമെന്റ് ഹൈസ്കൂളിലെ കെ.ജി., എൽ.പി., യു.പി. വിഭാഗം കുട്ടികൾ പഠിക്കുന്ന കെട്ടിടത്തിനോടുചേർന്ന് കഴിഞ്ഞ കാലവർഷത്തിൽ 20 അടിയോളം താഴ്ചയിൽ മണ്ണിടിഞ്ഞ്, കെട്ടിടത്തിനും പ്രസ്തുത കെട്ടിടത്തിൽ പഠിക്കുന്ന കുട്ടികളുടെയും അധ്യാപകരുടെയും ജീവന് തന്നെ ഭീഷണി നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് സ്ഥലപരിശോധന നടത്തി സുരക്ഷ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃക്കാക്കര നിയോജകമണ്ഡലത്തിലെ തെങ്ങോട് ഗവൺമെന്റ് ഹൈസ്കൂളിലെ കെ.ജി., എൽ.പി., യു.പി. വിഭാഗം കുട്ടികൾ പഠിക്കുന്ന കെട്ടിടത്തിന് സമീപമുള്ള ഗ്രൗണ്ടിനോടുചേർന്നുള്ള സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ മണ്ണിടിച്ചിൽ സംഭവിച്ചതിനെത്തുടർന്ന് ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിട്ട് സ്ഥലം സന്ദർശിച്ച് സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. ഈ സ്കൂളിൽ ചുറ്റുമതിൽ ഇല്ലാത്തതും മണ്ണിന്റെ ഘടന അപകടമുണ്ടാക്കുന്നതുമാണ്.

(ബി) മണ്ണിടിഞ്ഞ ഭാഗം സുരക്ഷാഭിത്തി കെട്ടി സുരക്ഷിതമാക്കി സ്കൂൾ കെട്ടിടം സംരക്ഷിക്കുന്നതിനും കുട്ടികളുടെ സുരക്ഷിതമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിലവിൽ കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി LP, UP വിഭാഗം കുട്ടികളുടെ ക്ലാസുകൾ സ്റ്റേജ്, മുകൾഭാഗത്തുള്ള ക്ലാസ് മുറി എന്നിവിടങ്ങളിലായി നടത്തിവരുന്നു. പരിശോധനയുടെ ഭാഗമായി 15-07-2025-ൽ ഭൂമി റവന്യൂ വിഭാഗം അളന്ന് തിട്ടപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ മണ്ണിടിച്ചിൽ നടന്ന ഭാഗം PWD

പരിശോധിക്കുകയും പുതിയ നിർമ്മാണം നടത്തുന്നതിനായി എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള പരിശോധനകൾ 22-08-2025-ൽ നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

നാദാപുരം നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

216 (1470) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാദാപുരം നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേനയും പ്ലാൻ ഫണ്ട് ഉപയോഗിച്ചും കെട്ടിട നിർമ്മാണം, നവീകരണം എന്നിവയ്ക്കായി ഏതെല്ലാം സ്കൂളുകൾക്ക് തുക അനുവദിച്ചുവെന്നും അവയിൽ ഏതെല്ലാം പൂർത്തിയാക്കിയെന്നും ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമാണെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) ഇവയിൽ ഓരോന്നിനും എത്ര തുകയാണ് അനുവദിച്ചതെന്നും എപ്പോൾ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ മുഖാന്തരം നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:-

നാദാപുരം ഗവണ്മെന്റ് യു.പി. സ്കൂളിന് കിഫ്ബി ഫണ്ട് മുഖാന്തരം മൂന്ന് കോടി ഇരുപത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണം 6 മാസംകൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

കല്ലാച്ചി ഗവണ്മെന്റ് യു.പി. സ്കൂളിന് പ്ലാൻ ഫണ്ട് മുഖാന്തരം 88 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ ഉദ്ഘാടനം കഴിഞ്ഞിട്ടില്ല.

കയ്യമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ

217 (1471) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2025 വരെ കയ്യമംഗലം മണ്ഡലത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വകുപ്പ് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

2016 മുതൽ 2025 വരെ കയ്യമംഗലം മണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. അടിസ്ഥാന സൗകര്യ വികസനം

1. ജി.എൽ.പി.എസ്., അഴീക്കോട്

2. ജി.എഫ്.എൽ.പി.എസ്., എടവിലങ്ങാട്

3. ജി.എൽ.പി.എസ്., കയ്യമംഗലം

4. ജി.കെ.വി.എച്ച്.എസ്., എറിയാട്

5. ജി.യു.പി.എസ്., പെരിഞ്ഞനം

6. ജി.എഫ്.എച്ച്.എസ്.എസ്., കയ്യമംഗലം

7. എം.എ.ആർ.എം.ജി എച്ച്.എസ്.എസ്., ശാന്തിപുരം

8. ഗവ. എഫ്.വി.എച്ച്.എസ്.എസ്., കയ്യമംഗലം

9. ജി.കെ.വി.എച്ച്.എസ്.എസ്., എറിയാട് (കിഫ്ബി ഫണ്ട്)

10. ഗവ. ഫിഷറീസ് വി.എച്ച്.എസ്.എസ്., കയ്യമംഗലം (കിഫ്ബി)

11. എം.എ.ആർ.എം.ജി. വി.എച്ച്.എസ്.എസ്., ശാന്തിപുരം (കിഫ്ബി)

12. ഗവ. മാപ്പിള എച്ച്.എസ്.എസ്., ചാമക്കാല (കിഫ്ബി)

13. ഗവ. യു.പി.എസ്.,അഴീക്കോട് (കിഫ്ബി)

14. ഗവ. യു.പി.എസ്., പെരിഞ്ഞനം (കിഫ്ബി)

കൂടാതെ, വിവിധ സ്കൂളുകൾക്കായി ലാപ്ടോപ്പുകൾ, ലാബ് ഉപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ അനുവദിക്കുകയും 26 സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

അരുവിക്കര നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളുടെ മെയിന്റനൻസ്

218 (1472) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്ക് മെയിന്റനൻസ് ഇനത്തിൽ അനുവദിച്ച തുകയും പദ്ധതി സംബന്ധിച്ച വിവരങ്ങളും സ്കൂളിന്റെ പേര്, അനുവദിച്ച വർഷം, തൽസ്ഥിതി എന്നിങ്ങനെ തരംതിരിച്ച് അറിയിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

ബാലുശ്ശേരി മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ വികസനം

219 (1473) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ പൊതുവിദ്യാലയങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ പൊതുവിദ്യാലയങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന നടത്തിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

220 (1474) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 സാമ്പത്തിക വർഷം വരെ പട്ടാമ്പി മണ്ഡലത്തിൽ, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്/ആസ്തി വികസന ഫണ്ട് വഴിയല്ലാതെ വിദ്യാഭ്യാസ വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ (അനുവദിച്ചിട്ടുള്ള തുക, അനുവദിച്ച വർഷം, പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവ) ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഇല്ല.

വണ്ടൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

221 (1475) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ വിവിധ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുന്നതിനായി കിഫ്ബി, പ്ലാൻ ഫണ്ട്, ഓൺ ഫണ്ട്, പൊതുമരാമത്ത് വകുപ്പ്, നബാർഡ് തുടങ്ങിയ വിവിധ വകുപ്പുകളിൽനിന്ന് അനുവദിച്ച തുകയുടെ വിശദവിവരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 2016 മുതൽ നാളിതുവരെ വണ്ടൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളിൽനിന്ന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നിലവിലെ പുരോഗതി ഉൾപ്പെടെ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

222 (1476) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് തുകയും വർഷവും സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ സ്കൂളുകളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്കോൾ കേരളയിലെ ജീവനക്കാരുടെ ഹാജർ

223 (1477) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലെ സ്കോൾ കേരളയിലെ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്താനും ശമ്പളം അനുവദിക്കാനും ബയോമെട്രിക് പഞ്ചിങ് സംവിധാനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിച്ചത് കെൽട്രോൺ മുഖേനയാണോയെന്നും ഏത് തീയതി മുതലാണ് ഇത് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ;

(ബി) ബയോമെട്രിക് പഞ്ചിങ് സംവിധാനത്തിൽ വിരലടയാളം പതിച്ച് ഹാജർ രേഖപ്പെടുത്തുന്നതിൽ തിരിമറി നടത്തി, തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് ഓഫീസിൽ ഹാജാരാകാത്ത ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തിയതിലെ ക്രമക്കേട് ആരംഭിച്ചത് എന്നുമുതലാണെന്ന് അറിയിക്കുമോ; ഇതിനെക്കുറിച്ചുള്ള കെൽട്രോണിന്റെ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ബയോമെട്രിക് പഞ്ചിങ് ക്രമക്കേട് സംബന്ധിച്ച് സർക്കാരോ സ്ഥാപനമോ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാരുടെ പേരും തസ്തികയും വ്യക്തമാക്കുമോ;

(ഡി) ഈ ക്രമക്കേടുവഴി സ്ഥാപനത്തിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സാമ്പത്തിക നഷ്ടം കുറ്റക്കാരിൽനിന്നും ഈടാക്കുന്നതിനും അവർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കണ്ണറയിലെ വിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

224 (1478) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കണ്ണറ നിയോജകമണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും അവയ്ക്കായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

അരൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പുവഴി അനുവദിച്ച വിവിധ പ്രവൃത്തികൾ

225 (1479) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പുവഴി അനുവദിച്ച വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന വിവരം, പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സഹിതം ലഭ്യമാക്കാമോ?

അരൂർ മണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന സ്കൂളുകൾ

226 (1480) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന സ്കൂളുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഈ സർക്കാർ അധികാരത്തിൽവന്നശേഷം നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും ചെലവഴിക്കുന്ന തുക സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ?

20% ബജറ്റ് പ്രവൃത്തികൾ ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ല.

പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ

227 (1481) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളും അവയുടെ വിശദവിവരവും തൽസ്ഥിതിയും ലഭ്യമാക്കാമോ?

മാവേലിക്കര മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിലാക്കിയ സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

സമഗ്ര ശിക്ഷാ പദ്ധതി

228 (1482) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിൽനിന്ന് നടപ്പ് സാമ്പത്തിക വർഷം കേരളത്തിന് ലഭിച്ച തുക എത്രയാണ്; കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുക എത്രയാണ്; മുൻ സാമ്പത്തിക വർഷത്തെക്കാൾ തുക ഗണ്യമായി കുറയാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

സമഗ്ര ശിക്ഷാ പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിൽനിന്ന് നടപ്പ് സാമ്പത്തിക വർഷത്തിലും മുൻസാമ്പത്തിക വർഷത്തിലും നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. പി.എം.ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കാതെ സമഗ്ര ശിക്ഷയുടെ ഫണ്ട് റിലീസ് ചെയ്യുന്നതല്ലെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വാക്കാൽ അറിയിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വ്യവസ്ഥകളും മാർഗനിർദേശങ്ങളും പാലിക്കുന്ന രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനും വാർഷിക ആക്ഷൻ പ്ലാനും ബജറ്റും സമർപ്പിച്ച് ഫണ്ട് വാങ്ങിയെടുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വ്യവസ്ഥകളും മാർഗനിർദേശങ്ങളും പാലിച്ചാണ് സംസ്ഥാന സർക്കാർ സമഗ്ര ശിക്ഷാ കേരളയുടെ വാർഷിക ആക്ഷൻ പ്ലാനും ബജറ്റും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് വാങ്ങിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയുമുണ്ടായിട്ടില്ല.

(സി) സമഗ്ര ശിക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സമഗ്ര ശിക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

തളിപ്പറമ്പ് മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

229 (1483) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാലയങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്; സ്കൂൾ അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ?

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 15 സ്കൂളുകൾക്കായി 15.5044 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ തളിപ്പറമ്പ് മണ്ഡലത്തിൽ എത്ര സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ലാബുകൾ നവീകരിക്കുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; സ്കൂൾ അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ?

തളിപ്പറമ്പ് മണ്ഡലത്തിലെ 115 സ്കൂളുകളിലെ 424 ക്ലാസ് മുറികൾ ഹൈടെക്കാക്കുകയും പ്രൈമറി വിഭാഗം സ്കൂളുകളിലേക്ക് ലാപ്ടോപ്പുകളും പ്രൊജക്ടറുകളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സെക്കൻഡറി, ഹയർ സെക്കൻഡറി സ്കൂളുകൾക്കായി 1396 ലാപ്ടോപ്പുകളും നൽകി. ആയതിനായി 6 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. സ്കൂൾ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

മൊറാഴ ഗവ. എച്ച്.എസ്.എസ്.-ലെ ഹയർ സെക്കൻഡറി വിഭാഗം ലാബ് നവീകരണത്തിനായി 2025-26 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

230 (1484) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണത്തിന്റെ മെനുവിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ സ്കൂളുകളിലെ കുട്ടികൾക്ക് മുമ്പ് നൽകിക്കൊണ്ടിരുന്ന ഉച്ചഭക്ഷണ മെനുവിൽ കുട്ടികൾക്ക് ആവശ്യമായ പോഷകാംശങ്ങളുടെ (പ്രോട്ടീൻ, കാൽസ്യം, ഇരുമ്പ്, വിറ്റാമിൻ എ, ഫോളിക് ആസിഡ്) ലഭ്യതയിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നും ഉച്ചഭക്ഷണം എന്നത് കുട്ടികൾ കഴിക്കുന്ന ആഹാരത്തിന്റെ മൂന്നിലൊന്ന് ആണെന്നതിനാൽ അവ പോഷക സമൃഷ്ടമാക്കുക എന്നത് ഉച്ചഭക്ഷണ പദ്ധതിയുടെ പ്രഥമ പരിഗണനാ വിഷയമായതുകൊണ്ടും സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ മെനു ശാസ്ത്രീയമായി പരിഷ്കരിച്ചിട്ടുണ്ട്. കുട്ടികളിലെ രുചി മുകുളങ്ങൾ ഉണർത്തുന്നതിന് പരമ്പരാഗത രീതിയിലുള്ള ആഹാരത്തോടൊപ്പം പുതിയ രീതിയിലുള്ള ആഹാരം പോഷകസമൃഷ്ടമായി നൽകുകയെന്നത് ലക്ഷ്യമിട്ടാണ് ഉച്ചഭക്ഷണ മെനുവിൽ മാറ്റംവരുത്തിയിട്ടുള്ളത് (പരിഷ്കരിച്ച ഉച്ചഭക്ഷണ മെനു അനുബന്ധമായി+ ചേർക്കുന്നു).

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി ഓരോ കുട്ടിക്കും നിലവിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പുതുക്കിയ മെനു അനുസരിച്ച് ഭക്ഷണം നൽകുന്നതിന് അധികമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

09-06-2025-ലെ ജി.ഒ. (സാധാ) നം. 3746/2025/പൊ.വി.വ പ്രകാരം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ മെറ്റീരിയൽ കോസ്റ്റ് 01-06-2025 പ്രാബല്യത്തിൽ ബാലവാടിക (പ്രീപ്രൈമറി), പ്രൈമറി എന്നിവയുടെ നിരക്ക് 6.78 ആയും അപ്പർ പ്രൈമറിയുടെ നിരക്ക് 10.17 ആയും 01-06-2025 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ മെനു അനുസരിച്ച് ഭക്ഷണം നൽകുന്നതിന് അധികമായി ഫണ്ട് അനുവദിച്ചിട്ടില്ല. ഉച്ചഭക്ഷണ പദ്ധതിക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ പരിധിയിൽനിന്നുകൊണ്ടുതന്നെ തയ്യാറാക്കാൻ കഴിയുമെന്ന് മെനു പരിഷ്കരണത്തിനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി അംഗങ്ങൾ കണ്ടെത്തുകയും അപ്രകാരം തിരഞ്ഞെടുത്ത ഇനങ്ങളുമാണ് പരിഷ്കരിച്ച മെനുവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഇതുവരെ എത്ര തുക കുടിശ്ശിക നൽകാനുണ്ട്; വിശദാംശം നൽകുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് 2024-25 വർഷ കുടിശ്ശിക ഒന്നുംതന്നെ അനുവദിക്കാനില്ല. നടപ്പ് സാമ്പത്തിക വർഷം ജൂലൈ വരെയുള്ള തുക സ്കൂളുകൾക്ക് അനുവദിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തെ തുക വിതരണം ചെയ്യാനുണ്ട്.

(ഡി) കുടിശ്ശിക വിതരണം ചെയ്യാനും ഉച്ചഭക്ഷണ പദ്ധതിക്ക് കൂടുതൽ ഫണ്ട് അനുവദിക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കേന്ദ്രസർക്കാരിന്റെ ആദ്യഗഡു കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. അത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക വിതരണം നടത്താൻ കഴിയുന്നതാണ്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഒരു കേന്ദ്ര-സംസ്ഥാന പദ്ധതിയായതിനാൽ കേന്ദ്രസർക്കാർ വിഹിതം ഉയർത്തുന്ന മുറയ്ക്കേ സംസ്ഥാനവിഹിതവും ഉയർത്താൻ കഴിയുകയുള്ളൂ.

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച തുക

231 (1485) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ 2025 ആഗസ്റ്റ് മാസം വരെ സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; നിയമസഭാ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2011-16 സർക്കാരിന്റെ കാലയളവിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യപദ്ധതിയും മൂല്യനിർണ്ണയ സംവിധാനവും

232 (1486) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യപദ്ധതിയിലും മൂല്യനിർണ്ണയ സംവിധാനത്തിലും മാറ്റം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് പ്രീപ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിലേക്ക് നീങ്ങുകയാണ്. 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങളെല്ലാം പരിഷ്കരിച്ചുകഴിഞ്ഞു. കൂടാതെ, രക്ഷിതാക്കൾക്കായുള്ള

പുസ്തകം, ടീച്ചർ ടെക്സ്റ്റ്, കലാവിദ്യാഭ്യാസത്തിനായി പ്രത്യേകം പുസ്തകങ്ങൾ, 1, 2 ക്ലാസുകളിൽ അടിസ്ഥാനശേഷി ഉറപ്പിക്കുന്നതിനായി പ്രത്യേകം പ്രവർത്തന പുസ്തകങ്ങൾ, 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ തൊഴിൽ ഉദ്ഗ്രഥിത പാഠപുസ്തകങ്ങൾ, 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ ഐ.ടി. വിദ്യാഭ്യാസം എന്നിവയെല്ലാം പുതിയ പാഠപുസ്തക പരിഷ്കരണ പ്രവർത്തനത്തിന്റെ ഭാഗമായി പൂർത്തീകരിച്ചിട്ടുണ്ട്. പാഠ്യപദ്ധതിയുടെ അവിഭാജ്യഘടകമാണ് മൂല്യനിർണ്ണയ രീതിശാസ്ത്രം. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ സമഗ്രമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം 5, 6, 7, 8, 9 ക്ലാസ്സുകളിലും അടുത്ത വർഷം പത്താം ക്ലാസ്സിലും എഴുത്തുപരീക്ഷയിൽ മിനിമം മാർക്ക് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കുട്ടികളുടെ സമഗ്രമായ ശേഷികളെ പരിഗണിച്ചുകൊണ്ടുള്ള ചോദ്യപേപ്പറുകളുടെ പരിഷ്കരണവും നടപ്പിലാക്കിവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ പിന്തുടരുന്ന നിരന്തര മൂല്യനിർണ്ണയ സമ്പ്രദായം കൂടുതൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

നിരന്തര മൂല്യനിർണ്ണയം മൂല്യനിർണ്ണയപ്രക്രിയയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. നിലവിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 20% മാർക്ക് നിരന്തര മൂല്യനിർണ്ണയ പ്രക്രിയയുടെ ഭാഗമായാണ് നൽകിവരുന്നത്. ഇതുകൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമാക്കുന്നതിന് മാർഗരേഖകൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, ഈ കാര്യത്തിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനവും നൽകുന്നുണ്ട്.

(സി) പഠന ബോധന പ്രവർത്തനങ്ങൾ വിദ്യാർഥി കേന്ദ്രീകൃതമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പരീക്ഷ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസം ശിശുകേന്ദ്രീകൃതവും ആക്ടിവിറ്റി അടിസ്ഥാനപ്പെടുത്തിയുമാണ് തയ്യാറാക്കിയിരിക്കുന്നത്. അതിനാൽത്തന്നെ പരമ്പരാഗത മൂല്യനിർണ്ണയ രീതികളെ പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. നിലവിൽ പരിഷ്കരിച്ച ചോദ്യപേപ്പറുകൾ ശിശുകേന്ദ്രീകൃതവും കൂടുതൽ പ്രവർത്തനാധിഷ്ഠിതവുമാണ്. കുട്ടികളുടെ താൽപര്യങ്ങൾക്ക് മുൻഗണന നൽകി ഓൺലൈൻ ചോദ്യബാങ്കുകൾ, ഓപ്പൺബുക്ക് പരീക്ഷ എന്നിവയും നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

(ഡി) പൊതുപരീക്ഷകളുടെ ചോദ്യപ്പേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർഥികൾക്ക് കൂടുതൽ അവസരം ലഭിക്കുന്ന വിധത്തിൽ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയവും വിദ്യാർഥി കേന്ദ്രീകൃതവുമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ, വ്യക്തമാക്കാമോ?

പൊതുപരീക്ഷയുടെ ചോദ്യപേപ്പറുകൾ കൂടുതൽ സമഗ്രമാക്കുന്നതിനും വിദ്യാർഥി സൗഹൃദമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്.

LEAP-Learner's Evaluation of Assessment Procedure എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇത് പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ കുട്ടികൾതന്നെ വിലയിരുത്തി ഫീഡ്ബാക്ക് നൽകുന്ന സംവിധാനമാണ്. കൂടാതെ, ഗവേഷണ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ഇ) പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതോടൊപ്പം മാതൃഭാഷയായ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

മാതൃഭാഷയായ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം

233 (1487) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. 1 മുതൽ 10-ാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളുടെ പരിഷ്കരണം പൂർത്തിയായതിനെത്തുടർന്ന് അടുത്ത അധ്യയന വർഷം 11-ാം ക്ലാസ്സിലും പുതിയ പുസ്തകങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകൾ സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാതലങ്ങളിലും 2025 ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ സംഘടിപ്പിച്ചിരുന്നു. ആദ്യഘട്ടത്തിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ 80 ടൈറ്റിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഹയർ സെക്കൻഡറി പഠനം സെമസ്റ്റർ രീതിയിലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023-ലെ ഒരു നിർദ്ദേശമാണ് ഹയർസെക്കൻഡറി പഠനം സെമസ്റ്റർ രീതിയിലേക്ക് മാറ്റുക എന്നത്. ദേശീയതലത്തിൽ നാഷണൽ ക്രെഡിറ്റ് ഫ്രെയിംവർക്ക് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഹയർസെക്കൻഡറി വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം നിർബന്ധിത വ്യവസ്ഥയായി മാറുന്നപക്ഷം സംസ്ഥാനത്തും ഈ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ ഇതുസംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

പ്രീപ്രൈമറി വിദ്യാർഥികളുടെ പാഠപുസ്തകത്തിന്റെ വിതരണം

234 (1488) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യയന വർഷം ആരംഭിച്ച് രണ്ടുമാസം കഴിഞ്ഞിട്ടും സംസ്ഥാനത്തെ പ്രീപ്രൈമറി വിദ്യാർഥികൾക്ക് പാഠപുസ്തകം ലഭ്യമായിട്ടില്ലെന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പാഠപുസ്തകങ്ങളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്, അടിയന്തര പ്രാധാന്യത്തോടെ ഉടൻതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 2025 മേയ് മാസത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി വിതരണോദ്ഘാടനം നിർവഹിച്ചിട്ടും നാളിതുവരെ പുസ്തകം വിതരണം ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പുസ്തകങ്ങളുടെ വിതരണ ഉദ്ഘാടനം നിർവഹിച്ച സമയത്ത് അച്ചടിച്ച പുസ്തകങ്ങൾ ലഭ്യമായിരുന്നോ; എങ്കിൽ അച്ചടിച്ച എത്ര കോപ്പികൾ ലഭ്യമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ വിതരണ ഉദ്ഘാടനമാണ് 2025 മേയ് മാസത്തിൽ നിർവഹിച്ചത്. പ്രസ്തുത പാഠപുസ്തക അച്ചടിയോടൊപ്പമല്ല പ്രീ-പ്രൈമറി ആക്ടിവിറ്റി പുസ്തകങ്ങൾ അച്ചടിക്കുന്നത്.

(സി) പ്രസ്തുത പുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കഴിഞ്ഞ അധ്യയന വർഷംവരെ SSK മുഖേനയാണ് പാഠപുസ്തക വിതരണം ചെയ്തുവന്നിരുന്നത്. എന്നാൽ എസ്.എസ്.കെ.-യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടിന്റെ കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ആക്റ്റിവിറ്റി പുസ്തക വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾ കൃത്യമായി നടത്താൻ സാധിച്ചിരുന്നില്ല. ആവശ്യമായ ഫണ്ടിന്റെ അഭാവം മൂലമാണ് പ്രസ്തുത പുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കഴിയാതിരുന്നത്, ജീവനക്കാരുടെ കൃത്യവിലോപം കാരണമല്ല.

(ഡി) പുസ്തകത്തിന്റെ അഭാവം കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ച സാഹചര്യത്തിൽ എത്രയുംവേഗം പുസ്തക വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

പാഠപുസ്തകങ്ങളുടെ വിതരണം കഴിവതും വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പാഠപുസ്തകങ്ങളുടെ പരിഷ്കരണം

235 (1489) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2007-ലാണ് കേരളത്തിൽ സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം ഇതിനുമുമ്പ് നടന്നത്. വിജ്ഞാനരംഗത്തും വിവരവിനിമയ സാങ്കേതിക രംഗത്തും ധാരാളം മാറ്റങ്ങൾ അതിനുശേഷമുണ്ടായി. ഈ അവസരത്തിലാണ് സംസ്ഥാന സർക്കാർ പാഠ്യപദ്ധതി പരിഷ്കരണത്തിനായി എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയത്. അതേത്തുടർന്ന് പാഠ്യപദ്ധതി പരിഷ്കരണത്തിനായി സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റിയും പാഠ്യപദ്ധതി കോർ കമ്മിറ്റിയും രൂപീകരിച്ചു. കേരള പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുന്നതിന് വിപുലമായ ജനകീയ ചർച്ചകളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ചത്. സ്കൂൾ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും രൂപീകരിക്കേണ്ട പാഠ്യപദ്ധതി ചട്ടക്കൂടിനെക്കുറിച്ച് വിദ്യാഭ്യാസ വിചക്ഷണർ, രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാഭ്യാസ തൽപ്പരർ തുടങ്ങി എല്ലാ വിഭാഗം ആൾക്കാരിൽനിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുകയുണ്ടായി. ഇത്തരത്തിൽ വിപുലമായ ജനകീയ ചർച്ചയിലൂടെ അഭിപ്രായം സ്വീകരിച്ച് പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിച്ച് കേരളം ലോകത്തിന് മാതൃകയായി. കൂടാതെ ചരിത്രത്തിലാദ്യമായി വിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർഥികളുടെയും നിർദേശങ്ങൾ ഒരു നിശ്ചിത ദിവസം ശേഖരിക്കുകയുണ്ടായി. വിപുലമായ ഈ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾകൂടി പരിഗണിച്ചാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 (സ്കൂൾ വിദ്യാഭ്യാസം) വികസിപ്പിച്ചത്. അതോടൊപ്പം പ്രീപ്രൈമറി വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും, അധ്യാപക വിദ്യാഭ്യാസം എന്നീ മേഖലകളിലും പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിച്ചു. കൂടാതെ രക്ഷിതാക്കൾക്കായി ഹാൻഡ് ബുക്കും

(പേരന്റ് ടെക്സ്റ്റ്) തയ്യാറാക്കിയിട്ടുണ്ട്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് (സ്കൂൾ വിദ്യാഭ്യാസം) അടിസ്ഥാനമാക്കിയാണ് 1 മുതൽ 10 വരെയുള്ള ക്ലാസുകൾക്ക് പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്. പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി അധ്യാപകർക്കായി ടീച്ചർ ടെക്സ്റ്റുകളും തയ്യാറാക്കി.

(ബി) പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിൽ അധ്യാപകരുടെയും വിദ്യാഭ്യാസ വിദഗ്ധരുടെയും പങ്കാളിത്തം എങ്ങനെയാണ് ഉറപ്പാക്കുന്നതെന്ന് അറിയിക്കുമോ?

പാഠപുസ്തക രചനാസമിതിയിൽ സർവകലാശാല, കോളേജ് അധ്യാപകർ വിദഗ്ധരായും സ്കൂൾ അധ്യാപകർ പങ്കാളികളായും അംഗങ്ങളാണ്. ഓരോ വിഷയത്തിനും അതത് മേഖലയിലെ പ്രശസ്ത വിദഗ്ധർ അഡ്വൈസറുടെ ചുമതലയും നിർവഹിച്ചിരുന്നു. വിദഗ്ധരിൽ ഒരാൾ ചെയർപേഴ്സണായും എസ്.സി.ഇ.ആർ.ടി. റിസർച്ച് ഓഫീസർ അക്കാദമിക് കോർഡിനേറ്ററായുമുള്ള സമിതിയാണ് സമയബന്ധിതമായി പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്. കരട് പാഠപുസ്തകം തയ്യാറാക്കിയതിനുശേഷം പാഠപുസ്തക രചനയിൽ പങ്കെടുക്കാത്ത വിദഗ്ധരുടെയും അധ്യാപകരുടെയും സമിതി കരട് പരിശോധിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. ഈ നിർദേശങ്ങൾ പരിഗണിച്ച് സൂക്ഷ്മപരിശോധന ശില്പശാലയിൽ തയ്യാറാക്കുന്ന പാഠപുസ്തകം സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗങ്ങളായ സബ് കമ്മിറ്റിക്ക് മുമ്പിൽ പരിശോധനയ്ക്ക് സമർപ്പിക്കുന്നു. സമിതി നൽകുന്ന നിർദേശങ്ങൾകൂടി പരിഗണിച്ച് പാഠപുസ്തകങ്ങൾ ഫൈനലൈസേഷൻ വർക്ഷോപ്പിൽ തയ്യാറാക്കി സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(സി) വിദ്യാർഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതുക്കിയ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പുതുമകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഓരോ വിഷയത്തിലും കാലികമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചാണ് പാഠപുസ്തകങ്ങൾ വികസിപ്പിച്ചത്. സമഗ്രവ്യക്തി വികാസം, ജ്ഞാനസമൂഹസൃഷ്ടി, പൗരബോധം, പാരിസ്ഥിതികാവബോധം, ഭരണഘടനാമൂല്യങ്ങൾ, ശാസ്ത്രാവബോധം, തൊഴിൽ നൈപുണി എന്നിവ പരിഷ്കരിച്ച പുതിയ പുസ്തകങ്ങളിൽ ഉൾച്ചേർക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കലാവിദ്യാഭ്യാസം, ആരോഗ്യകായിക വിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നിവയ്ക്ക് 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ ആക്ടിവിറ്റി ബുക്കുകൾ പുതുതായി ലഭ്യമാക്കിയിട്ടുണ്ട്. 9-ാം ക്ലാസ്സിൽ കുട്ടിയുടെ അഭിരുചിയും താൽപര്യവുമനുസരിച്ച് സാമ്പത്തിക സാക്ഷരത, മാലിന്യസംസ്കരണം, കൃഷി തുടങ്ങിയ 11 വ്യത്യസ്ത മേഖലകളിൽനിന്ന് ഏതെങ്കിലും ഒരു മേഖല തിരഞ്ഞെടുക്കാനുള്ള ഓപ്ഷനും ആദ്യമായി ലഭ്യമാക്കി. ഫങ്ഷണൽ ലിറ്ററസി ആൻഡ് ന്യൂമറസി ഉറപ്പുവരുത്തുന്നതിനായി ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും പ്രവർത്തനപുസ്തകങ്ങളും ആദ്യമായി ഏർപ്പെടുത്തി. ലിംഗനീതി ഉറപ്പുവരുത്തുന്നതും ഭരണഘടന മുറുകെ പിടിക്കുന്നതും കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ശുചിത്വം എന്നിവയിൽ അവബോധം സൃഷ്ടിക്കുന്നതുമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ദേശീയ വിദ്യാഭ്യാസ നയം ഉൾപ്പെടെയുള്ള മാർഗരേഖകൾക്ക് അനുസൃതമായും സംസ്ഥാനത്തിന്റെ സാമൂഹ്യ, സാംസ്കാരിക പ്രത്യേകതകളെ പരിഗണിച്ചും പാഠപുസ്തക പരിഷ്കരണം നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

1986-നുശേഷം 34 വർഷം കഴിഞ്ഞ് 2020-ലാണ് പുതിയ ദേശീയ വിദ്യാഭ്യാസനയം നിലവിൽ വന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പൊതുവിദ്യാഭ്യാസ രംഗത്ത് ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും വിദ്യാലയ ലഭ്യത ഉറപ്പുവരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഒന്നാം ക്ലാസിൽ ചേരുന്ന ബഹുഭൂരിഭാഗം വിദ്യാർഥികളും പന്ത്രണ്ടാം ക്ലാസ് പൂർത്തീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ദേശീയ വിദ്യാഭ്യാസ നയം 2020 മുന്നോട്ടുവയ്ക്കുന്ന പൊതുലക്ഷ്യങ്ങളിൽനിന്ന് കുറേക്കൂടി ഉയർന്ന ലക്ഷ്യങ്ങൾ നേടാൻ കഴിയുന്ന പാഠ്യപദ്ധതി പരിഷ്കരണമാണ് കേരളത്തിൽ നടന്നുവന്നത്. ദേശീയതലത്തിൽ ശാസ്ത്ര വിദ്യാഭ്യാസം, സാമൂഹ്യശാസ്ത്ര വിദ്യാഭ്യാസം, ഭാഷാ വിദ്യാഭ്യാസം, ലിംഗ വിദ്യാഭ്യാസം, ഗണിത വിദ്യാഭ്യാസം എന്നിങ്ങനെ 25 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് പൊസിഷൻ പേപ്പറുകൾ വികസിച്ചപ്പോൾ കേരളം തനതായി രക്ഷാകർതൃ വിദ്യാഭ്യാസത്തിന് 26-ാമത് ഫോക്കസ് ഗ്രൂപ്പ് കൂടി രൂപീകരിച്ചു. ഈ ഫോക്കസ് ഗ്രൂപ്പിന്റെ നിർദേശം പരിഗണിച്ച് നാല് തലങ്ങളിൽ രക്ഷിതാക്കൾക്കുള്ള കൈപുസ്തകം പ്രസിദ്ധീകരിച്ച പ്രീപ്രൈമറി, എൽ.പി., യു.പി., എച്ച്.എസ്. & എച്ച്.എസ്.എസ്. തലങ്ങളിലെ വിദ്യാർഥികളുടെ രക്ഷിതാക്കൾക്കുള്ള കൈപുസ്തകമാണ് പ്രസിദ്ധീകരിച്ചത്. ഇത്തരത്തിൽ രക്ഷിതാക്കൾക്കായി കൈപുസ്തകം പ്രസിദ്ധീകരിക്കുന്നത് ആദ്യമായാണ്.

(ഇ) പാഠപുസ്തക വിതരണം സമയബന്ധിതമായും ഗ്രാമീണ നഗര മേഖലകൾക്ക് ഒരുപോലെ പ്രയോജനപ്രദവുമാകുന്ന തരത്തിലും ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടി എറണാകുളം കാക്കനാട് സ്ഥിതി ചെയ്യുന്ന കെ.ബി.പി.എസ്. എന്ന സ്ഥാപനമാണ് നിർവഹിക്കുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പാഠപുസ്തക വിഭാഗത്തിൽനിന്നും നൽകുന്ന പ്രിന്റ് ഓർഡർപ്രകാരം കെ.ബി.പി.എസ്. പാഠപുസ്തകങ്ങൾ അച്ചടിക്കുകയും 14 ജില്ലകളിൽ സ്ഥിതി ചെയ്യുന്ന പാഠപുസ്തക ഹബ്ബിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നു. പ്രസ്തുത ഹബ്ബുകളിൽനിന്നും വിവിധ ഉപജില്ലകൾ തിരിച്ച് പാഠപുസ്തകങ്ങൾ കുടുംബശ്രീ മുഖേന സ്കൂൾ സൊസൈറ്റികളിൽ ഗ്രാമ നഗര വ്യത്യാസമില്ലാതെ സമയബന്ധിതമായി എത്തിച്ചുകൊടുക്കുന്നു.

പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപികമാർക്കും ആയമാർക്കും ഓണറേറിയം അനുവദിക്കുന്നതിനുള്ള നടപടി

236 (1490) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ചതും പിന്നീട് സർക്കാർ ഏറ്റെടുത്തതുമായ എൽ.പി., യു.പി., ഹൈസ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപികമാർക്കും ആയമാർക്കും സർക്കാരിൽനിന്നും ഓണറേറിയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് 30-11-2015-ലെ 63427/P1/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തുമോ; വ്യക്തമാക്കാമോ?

(എ&ബി) 30-11-2015-ലെ 63427/P1/2015/പൊ.വി.വ. നമ്പർ കത്ത് പ്രകാരം സർക്കാർ സ്കൂളുകളിൽ മാത്രമാണ് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രീപ്രൈമറി ആരംഭിക്കാൻ അനുമതി നല്കിയിട്ടുള്ളതെന്നും ഇവിടത്തെ ജീവനക്കാർക്കാണ് ഓണറേറിയം അനുവദിച്ചിട്ടുള്ളതെന്നും സർക്കാർ ഏറ്റെടുത്ത എയ്ഡഡ് സ്കൂളുകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഓണറേറിയത്തിന് അർഹതയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിൽ ഭേദഗതി വരുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ഹയർ സെക്കൻഡറി സ്കൂൾ കുട്ടികളിൽനിന്ന് ഈടാക്കുന്ന ലാബ് ഫീസ്

237 (1491) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ഹയർ സെക്കൻഡറി വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർഥികളിൽനിന്നും ലാബ് ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ നാളിതുവരെ ലാബ് ഫീസ് ഇനത്തിൽ ഈടാക്കിയ തുക വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ലാബ് ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽനിന്ന് എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ലാബിന്റെ ആവശ്യത്തിലേക്ക് എന്തെങ്കിലും തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ ലാബ് ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽനിന്ന് നാളിതുവരെ എയ്ഡഡ് ഹയർ സെക്കൻഡറി ലാബിന്റെ ആവശ്യത്തിലേക്ക് തുക അനുവദിച്ചിട്ടില്ലായെങ്കിൽ തുടർന്ന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

238 (1492) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്, ബജറ്റ് ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ചുള്ള വിവിധ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിൽ വിവിധ ഫണ്ടുകളുപയോഗിച്ച് നടത്തപ്പെടുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :-

(i) കിഫ്ബി ഫണ്ട്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിൽ 5 കോടി, 3 കോടി, 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭൗതികസൗകര്യവികസനത്തിനായി 6 സ്കൂളുകൾക്ക് അനുമതി നൽകിയിരുന്നു.

5 കോടി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GGHSS ഹരിപ്പാട് സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

3 കോടി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മംഗലം ഗവ. എച്ച്.എസ്.എസ്. സ്കൂളിന്റെ DPR തയ്യാറാക്കി സാങ്കേതിക അനുമതിക്ക് നൽകിയിരുന്നു. എന്നാൽ റേറ്റ് റിവിഷൻ വന്നതിന്റെ അടിസ്ഥാനത്തിൽ 2021-ലെ പുതിയ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി അനുമതി നേടുന്നതിനുള്ള നടപടികൾ നിർവഹണ ഏജൻസിയായ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

1 കോടി പദ്ധതി

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടെ 4 സ്കൂളുകളാണുള്ളത്.

GHSS ആയാപ്പറമ്പ് സ്കൂളിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

GBHSS ഹരിപ്പാട് സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

GHSS വലിയഴീക്കൽ സ്കൂളിന്റെ നിർമ്മാണത്തിനായി CRZ clearance ആവശ്യമായിട്ടുണ്ട്. അതുസംബന്ധിച്ച രേഖകൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ (KCZMA) നൽകിയിട്ടുണ്ട്. CRZ clearance ലഭ്യമായാലുടൻ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

GLPS കണിച്ചനല്ലൂർ സ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്.

(ii) പ്ലാൻ ഫണ്ട്

1. ജി.എൽ.പി.എസ്. കുമാരപുരം നോർത്ത് കരുവാറ്റ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ഉപേക്ഷിച്ച നിലയിലാണ്.

2. ജി.യു.പി.എസ്. പാനൂർക്കര സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

3. ജി.യു.പി.എസ്. ഹരിപ്പാട് സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

4. ജി.എൽ.പി.എസ്. പൊത്തപ്പള്ളി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചു.

5. ജി.യു.പി.എസ്. എരിക്കാവ് സ്കൂളിന്റെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു.

6. ജി.യു.പി.എസ്. നങ്ങ്യാർകുളങ്ങര സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

7. ജി.എൽ.പി.എസ്. തുക്കുന്നപ്പുഴ സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

8. ജി.യു.പി.എസ്. വഴുതാനം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

(iii) ബജറ്റ് ഫണ്ട്

ബജറ്റ് ഫണ്ട് പ്രൊവിഷനിൽ വരുന്ന പദ്ധതികൾ പ്ലാൻ ഫണ്ടിൽ വകയിരുത്തിയാണ് നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ ഏതെങ്കിലും വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രവർത്തിക്കുന്ന സ്കൂളുകൾക്കെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുണ്ട്.

(സി) കാർത്തികപള്ളി ഗവ. യു.പി. സ്കൂളിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ; പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിക് വർക്കുകളുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നതിനാലാണ് പുതിയ കെട്ടിടത്തിലേക്ക് ക്ലാസുകൾ മാറ്റുന്നതിന് കാലതാമസം നേരിട്ടത്. പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിക് വർക്കുകൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അടിയന്തരമായി നടത്തേണ്ട മെയിന്റനൻസ് വർക്കുകൾ നിർവഹിക്കുന്നതിനുമായി എല്ലാ വിദ്യാലയങ്ങളിലും പ്രത്യേക സുരക്ഷാ ഓഡിറ്റുകൾ നടത്തുമോയെന്ന് അറിയിക്കുമോ?

സുരക്ഷാ ഓഡിറ്റുകൾ നടത്തുന്നതാണ്.

മെയിന്റനൻസ് തുക അനുവദിച്ചതിന്മേൽ തുടർ നടപടി

239 (1493) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ അവനവൻചേരി ഹൈസ്കൂൾ കെട്ടിടത്തിന്റെ മെയിന്റനൻസിന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ അവനവൻചേരി ഹൈസ്കൂളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൗമാരക്കാരിലെ ലഹരി ഉപഭോഗം നിയന്ത്രിക്കാൻ കർമ്മ പദ്ധതി

240 (1494) ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. സി. സി. മുകുന്ദൻ:

ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പുതുതലമുറയെ ലഹരിയിൽനിന്നും അക്രമവാസനകളിൽനിന്നും പൂർണ്ണമായും പിന്തിരിപ്പിക്കുന്നതിനുവേണ്ടി സജീവമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

കേരളത്തിലെ പുതുതലമുറയെ ലഹരിയിൽനിന്നും അക്രമവാസനകളിൽനിന്നും പൂർണ്ണമായി പിന്തിരിപ്പിക്കുന്നതിനുവേണ്ടി സജീവമായി ഇടപെടൽ നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്. വിദ്യാർഥികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്ത് പരിരക്ഷ, സുരക്ഷ, പങ്കാളിത്തം എന്നീ ഘടകങ്ങളെ പരിഗണിച്ചുകൊണ്ടുള്ള വിപുലമായ ഒരു കർമ്മ പദ്ധതി തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) വിദ്യാർഥികളുടെ വ്യക്തിത്വവികസനത്തിന് സഹായകമാകുന്ന വിധത്തിൽ വീടും വിദ്യാലയവും ഒരുമിച്ച് പ്രവർത്തിക്കുന്നതിന് ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഒരു വിദ്യാർഥിയെ സംബന്ധിച്ച് വീടും വിദ്യാലയവും പരസ്പര ബന്ധമുള്ള സാമൂഹിക സംവിധാനങ്ങളാണ്. അതിനാൽ വീടും വിദ്യാലയവും ഉൾച്ചേർത്തുള്ള നിരവധി പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. അമ്മ റിസോഴ്സ് ഗ്രൂപ്പ് എന്ന പേരിൽ അമ്മമാരുടെ കൂട്ടായ്മ സ്കൂൾതലത്തിൽ രൂപീകരിക്കുകയും അത് കുടുംബങ്ങളിലെ ലഹരി സംബന്ധമായ പ്രശ്നങ്ങൾ കണ്ടെത്തി സ്കൂൾ ജാഗ്രതാ സമിതിക്ക് കൈമാറി ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായി ശ്രമിക്കുന്നുണ്ട്. സൗഹൃദ ക്ലബിന്റെ നേതൃത്വത്തിൽ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും "മക്കളെ അറിയാൻ" എന്ന പേരിൽ ശരിയായ രക്ഷകർതൃത്വവുമായി ബന്ധപ്പെട്ട് ഒരു സെഷൻ നൽകിവരുന്നുണ്ട്. അതിന് ഡോക്ടർമാരാണ് സാധാരണഗതിയിൽ നേതൃത്വം നൽകാറുള്ളത്. ഈ ഒരു മോഡ്യൂളിൽ വിദ്യാർഥികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു സെഷൻ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻഡറി സ്കൂളിലും ഈ പ്രോഗ്രാം നടത്താനുള്ള നിർദേശം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്കൂൾ കാമ്പസിലും പുറത്തും ശക്തമായ ലഹരിവിരുദ്ധ പ്രചാരണം നടത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ?

സ്കൂൾ കാമ്പസിലും പുറത്തും ലഹരി വിരുദ്ധ പ്രചാരണം നടത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാലയ തലത്തിൽ

ജാഗ്രതാ ബ്രിഗേഡുകൾ രൂപീകരിക്കുകയും ആന്റി നാർക്കോട്ടിക് ക്ലബ്ബുമായി ചേർന്ന് അധ്യാപകരുടെ നേതൃത്വത്തിൽ അവർക്ക് പരിശീലനവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. സംസ്ഥാനത്ത് 1680 ഗവ./എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. കൗമാരക്കാരുടെ ശാക്തീകരണത്തിനാണ് സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നത്. സ്കൂളുകളിലെ ഒരു അധ്യാപകന്/അധ്യാപികയ്ക്ക് സൗഹൃദ കോർഡിനേറ്റർമാരുടെ ചുമതല നൽകിവരുന്നു. സൗഹൃദ കോർഡിനേറ്റർമാർക്ക് പ്രാഥമികമായി മൂന്ന് ദിവസത്തെ റസിഡൻഷ്യൽ പരിശീലനം (Introductory Training) നൽകിവരുന്നുണ്ട്. അതിൽ ഒരു സെഷൻ വിദ്യാർഥികളിലെ മയക്കുമരുന്ന് തടയുന്നതുമായി ബന്ധപ്പെട്ടാണ്. വിദ്യാർഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണമെന്നത് സൗഹൃദ കോർഡിനേറ്റർമാരായ അധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും (Special Training for Souhrida Co-ordinators) ഉൾപ്പെടുത്തിയിട്ടുണ്ട്. സൗഹൃദ ക്ലബ്ബുള്ള 1680 ഹയർ സെക്കൻഡറി സ്കൂളുകളിൽനിന്നും തിരഞ്ഞെടുത്ത 2 വീതം കുട്ടികൾക്ക് 'Student Convenors Training'-ന്റെ ഭാഗമായി ലഹരി പദാർഥങ്ങളുടെ ദുരുപയോഗത്തെപ്പറ്റിയും അതുയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെപ്പറ്റിയും പരിശീലനം നൽകുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്ന് വിദ്യാർഥികളുടെ ഇടയിലുള്ള ജീവിതശൈലീരോഗങ്ങൾ തടയുന്നതിനായി "Life Style Disease Screening and Intervention Programme" മുഴുവൻ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലും നടപ്പിലാക്കിവരുന്നുണ്ട്.

ഇത്തരം ജീവിതശൈലീ രോഗനിർണ്ണയ വേളയിൽ വിദ്യാർഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത്തരം ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർഥികളെ തൊട്ടടുത്ത പി.എച്ച്.സി.-കളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ആരോഗ്യ വകുപ്പുമായി ചേർന്നുനടത്തുന്ന ദന്ത പരിശോധനാ ക്യാമ്പുകളിലൂടെ ലഹരിയോട് വിധേയത്വമുള്ള കുട്ടികളെ കണ്ടെത്തി പരിചരണം നടത്തുന്നതിന് വകുപ്പ് യത്നിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പിന്തുണയോടെ വിമുക്തി മിഷൻ കാമ്പയിന്റെ ഭാഗമായി കുട്ടികളിൽ സ്പോർട്സ് മത്സരങ്ങൾ 'പുതുലഹരി കാമ്പയിൻ' എന്ന പേരിൽ സംഘടിപ്പിച്ചിട്ടുണ്ട്.

ലഹരി നിർമ്മാർജ്ജനം പ്രവർത്തനലക്ഷ്യമാക്കി കുട്ടികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ പാർലമെന്റ് സംഘടിപ്പിക്കുകയും ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സംവാദ സദസ്സ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിദ്യാർഥികളെ ലക്ഷ്യമിടുന്ന ലഹരിമരുന്ന് വ്യാപാരികളെ കണ്ടെത്തുന്നതിനും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രഥമ പരിഗണന നൽകുന്നത്. ലഹരി മരുന്ന് വ്യാപാരികളെ കണ്ടെത്തുന്നതിനും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും നിയമ നിർവഹണ സ്ഥാപനങ്ങളെ പൊതുവിദ്യാഭ്യാസ വകുപ്പ് സഹായിക്കുന്നുണ്ട്. സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ്

ബോക്സിൽ ലഹരി പദാർഥങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ എക്സൈസ് വകുപ്പിന് കൈമാറുന്നത് അത്തരം പ്രവർത്തനങ്ങൾക്ക് ഉദാഹരണമാണ്.

പ്ലസ് വൺ സീറ്റുകളിൽ അഡ്മിഷൻ

241 (1495) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ വിദ്യാർഥികളുടെ എണ്ണവും പ്ലസ് വൺ സീറ്റുകളിൽ അഡ്മിഷൻ നേടിയ വിദ്യാർഥികളുടെ എണ്ണവും എത്രയാണെന്ന് അറിയിക്കുമോ?

2025 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ 4,26,191 പേർ ഉപരിപഠനത്തിന് യോഗ്യത നേടുകയുകണ്ടായി. 2025-26 അധ്യയന വർഷം ഹയർ സെക്കൻഡറിയിൽ പ്ലസ് വൺ പ്രവേശനം നേടിയവരുടെ എണ്ണം 3,86,395 ആണ്.

(ബി) മലബാർ മേഖലയിൽ ഈ അധ്യയന വർഷം ഹയർ സെക്കൻഡറി പഠനത്തിന് യോഗ്യത നേടിയ വിദ്യാർഥികളുടെ എണ്ണം എത്ര; എത്ര വിദ്യാർഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിച്ചു; എത്ര വിദ്യാർഥികൾക്ക് അഡ്മിഷൻ ലഭിക്കാനുണ്ട്; വ്യക്തമാക്കുമോ?

പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുൾപ്പെട്ട മലബാർ മേഖലയിൽ 2025 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ 2,31,116 പേർ ഉപരിപഠനത്തിന് യോഗ്യത നേടുകയുണ്ടായി. മലബാർ മേഖലയിൽ 2025-26 അധ്യയന വർഷം ഹയർ സെക്കൻഡറിയിൽ പ്ലസ് വൺ പ്രവേശനം നേടിയവരുടെ എണ്ണം 2,04,468 ആണ്. 2025 ജൂലൈ 31-ന് നിലവിലുള്ള ഒഴിവുകളിൽ പ്രവേശനം

ആഗ്രഹിക്കുന്നവർക്കായി സ്പോട്ട് അഡ്മിഷനോടുകൂടി ഓൺലൈൻ പ്രവേശനം അവസാനിപ്പിച്ചശേഷം മലബാർ മേഖലയിൽ ആകെ 20,032 സീറ്റുകൾ ഒഴിവായി അവശേഷിക്കുന്നു.

(സി) മലബാർ മേഖലയിൽ ഒരു ഹയർ സെക്കൻഡറി ക്ലാസിൽ പഠിക്കുന്ന ശരാശരി വിദ്യാർഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തെ ശരാശരി എത്രയാണെന്ന് വ്യക്തമാക്കുമോ; അധ്യാപക-വിദ്യാർഥി അനുപാതം ക്രമീകരിക്കുന്ന രീതിയിൽ മലബാർ മേഖലയിൽ കൂടുതൽ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

മലബാർ മേഖലയിൽ ഒരു ഹയർ സെക്കൻഡറി ക്ലാസിൽ പഠിക്കുന്ന ശരാശരി വിദ്യാർഥികളുടെ എണ്ണം 56-ഉം സംസ്ഥാനത്തെ ശരാശരി 51-ഉം ആണ്. അധ്യാപക-വിദ്യാർഥി അനുപാതം ക്രമീകരിക്കുന്ന രീതിയിൽ മലബാർ മേഖലയിൽ കൂടുതൽ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം

242 (1496) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപജില്ലാ സ്കൂൾ കലോത്സവം മുതൽ സംസ്ഥാന സ്കൂൾ കലോത്സവത്തിനുവരെ വിധികർത്താക്കളെ തിരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകാമോ?

കലോത്സവ മാന്വൽ അധ്യായം 1 ഖണ്ഡിക 1.16 പ്രകാരം രണ്ട് വർഷത്തിലധികം ഒരു വിധികർത്താവിനെ ഒരേ ഇനത്തിൽ തുടർച്ചയായി വിധികർത്താവായി നിയമിക്കാൻ പാടുള്ളതല്ലെന്നും സബ്ജില്ലാതലത്തിൽ വിധികർത്താക്കളാകുന്നവർ അതേ ജില്ലയിൽ വിധികർത്താക്കളാകാൻ പാടില്ലെന്നും ജില്ലാതലത്തിൽ വിധികർത്താക്കളാകുന്നവർ അതേവർഷം അതേ ഇനത്തിൽ സംസ്ഥാനതലത്തിൽ വിധികർത്താക്കളാകാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ എല്ലാവർഷവും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ അംഗീകൃത സാംസ്കാരിക/വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും അതത് മേഖലയിൽ പ്രാവീണ്യമുള്ള വ്യക്തികളിൽനിന്നും നാമനിർദേശം ക്ഷണിച്ചുവരുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലും സബ്ജില്ലാ തലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിലും സൂക്ഷ്മ പരിശോധന നടത്തിയാണ് സംസ്ഥാന/ജില്ലാതല/സബ്ജില്ലാതല കലോത്സവങ്ങളിൽ വിധികർത്താക്കളെ നിശ്ചയിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന സ്കൂൾ കലോത്സവങ്ങളിൽ കലോത്സവ മാന്വൽ അനുശാസിക്കും പ്രകാരമാണോ വിധികർത്താക്കളെ തിരഞ്ഞെടുത്തതെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

സ്കൂൾ കലോത്സവങ്ങളിൽ കലോത്സവ മാന്വൽ അനുശ്വാസിക്കും പ്രകാരമാണ് വിധികർത്താക്കളെ തിരഞ്ഞെടുക്കുന്നത്.

(സി) ചില പ്രത്യേക മത്സരയിനങ്ങൾക്ക് ഏജന്റുമാർ നിശ്ചയിക്കുന്ന വിധികർത്താക്കളെ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ

വിധികർത്താക്കളുടെ പാനലിൽ തിരുകി കയറ്റുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദവിവരം നൽകാമോ?

വിധികർത്താക്കളെ തിരഞ്ഞെടുക്കുന്നതിൽ ഇത്തരം പ്രവണതകൾ വകുപ്പിൽ നടക്കുന്നില്ല. നിലവിലുള്ള മാന്വൽ അടിസ്ഥാനമാക്കിയാണ് വിധികർത്താക്കളെ നിശ്ചയിക്കുന്നത്.

(ഡി) നിലവിലെ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ച് വരുംവർഷങ്ങളിലെ സ്കൂൾ കലോത്സവങ്ങൾ കുറ്റമറ്റ രീതിയിൽ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

30-09-2024-ലെ സ.ഉ. (കൈ) നം 123/2024/പൊ.വി.വ. പ്രകാരം കലോത്സവ മാന്വൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിൻപ്രകാരം 2024-25 അധ്യയന വർഷത്തെ കലോത്സവം കുറ്റമറ്റ രീതിയിൽ നടത്തിയിട്ടുള്ളതുമാണ്. നിലവിലുള്ള മാന്വൽ പരിഷ്കരിക്കേണ്ടുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം ആയത് പരിശോധിക്കാവുന്നതാണ്.

പൊതുവിദ്യാലയങ്ങളിലെ ആരോഗ്യ കായിക വിദ്യാഭ്യാസം

243 (1497) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർഥികൾക്കിടയിലും യുവാക്കൾക്കിടയിലും വർധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളുടെയും അകാലമരണങ്ങളുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർഥികൾക്കും കായിക/ആരോഗ്യ ക്ഷമത

ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ കായിക വിദ്യാഭ്യാസം നിർബന്ധ പാഠ്യവിഷയമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദീകരിക്കുമോ?

കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ആരോഗ്യകായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യവിഷയമായാണ് പരിഗണിക്കുന്നത്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023-ൽ പരാമർശിച്ചിട്ടുള്ള പാഠ്യപദ്ധതി സമീപനത്തിൽ ഇത് വളരെ കൃത്യമായ രീതിയിൽ വിവരിച്ചിട്ടുണ്ട്. പ്രീപ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ലാസ്സുകളിൽ ആരോഗ്യകായിക വിദ്യാഭ്യാസ പാഠ്യപദ്ധതി നിലവിലുണ്ട്. പ്രീ പ്രൈമറി ക്ലാസുകളിലും പ്രൈമറി ക്ലാസ്സുകളിലും ഉദ്ഗ്രഥിതമായാണ് ആരോഗ്യകായിക വിദ്യാഭ്യസ വിനിമയം നടന്നുവരുന്നത്. പ്രൈമറി ക്ലാസ്സുകളിൽ അധ്യാപകർക്ക് ആരോഗ്യകായിക വിദ്യാഭ്യാസം കൂടുതൽ ശക്തമായ നിലയിൽ ഉദ്ഗ്രഥന രീതിയിലോ/സ്വതന്ത്രമായ നിലയിലോ വിനിമയം ചെയ്യുന്നതിന് പര്യാപ്തമാകുന്ന നിലയിലുള്ള രണ്ട് ഹാൻഡ് ബുക്കുകൾ ഹെൽത്തി കിഡ്സ് എന്ന പേരിൽ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും ആരോഗ്യകായിക വിദ്യാഭ്യാസ പഠനം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടുകൂടി പ്രത്യേക ആക്ടിവിറ്റി ബുക്കുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഈ ആക്ടിവിറ്റി ബുക്കുകൾ വളരെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന് അധ്യാപകർക്ക് ആത്മവിശ്വാസം നൽകുന്നതിനുവേണ്ടി പ്രത്യേക ഹാൻഡ് ബുക്കുകൾകൂടി ഇതിന് അനുബന്ധമായി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പ്ലസ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്ന പ്രവർത്തനങ്ങളും സമാന്തരമായി നടന്നുവരികയാണ്.

ഹയർ സെക്കൻഡറി ക്ലാസുകളിൽ നിലവിൽ രണ്ട് പിരീഡുകളാണ് ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി നിലവിലുള്ളത്. ഈ പിരീഡുകളിൽ വിനിമയം ചെയ്യാനാവശ്യമായ ആരോഗ്യ കായിക വിദ്യാഭ്യാസം സിലബസ് ഗ്രിഡ്സുകൾ നിലവിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം അധ്യാപകർക്ക് ഈ പഠന വിനിമയ സാമഗ്രികൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ രീതിയിലുള്ള ശാസ്ത്രീയമായ അധ്യാപക പരിപോഷണ പരിപാടികൾ ഉൾപ്പെടെയുള്ളവ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളിലെ കായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി കായികാധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശാസ്ത്രീയമായും കാലോചിതമായും പരിഷ്കരിച്ച് കായികാധ്യാപക നിയമനങ്ങൾ നടത്താമോ; വ്യക്തമാക്കുമോ?

KER അധ്യായം 23-ലെ ചട്ടങ്ങൾ പ്രകാരവും അനുബന്ധ സർക്കാർ ഉത്തരവുകളും അനുസരിച്ചാണ് പൊതുവിദ്യാലയങ്ങളിലെ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികയായ കായികാധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്. പാഠ്യപദ്ധതിക്കനുസൃതമായി കായികാധ്യാപന നിയമനങ്ങൾ അനിവാര്യമാകുന്ന സാഹചര്യത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

(സി) ഹയർ സെക്കൻഡറി വിഭാഗത്തിൽ കായിക വിദ്യാഭ്യാസവും കായികാധ്യാപക നിയമനവും നിർബന്ധ വ്യവസ്ഥകൾ ആക്കാമോ; വ്യക്തമാക്കുമോ?

ഹയർസെക്കൻഡറി വിഭാഗത്തിൽ നിലവിൽ ആരോഗ്യകായിക വിദ്യാഭ്യാസത്തിനായി രണ്ട് പിരീഡുകൾ ലഭ്യമാണ്. ഈ പിരീഡുകൾ നിലവിൽ കൈകാര്യം ചെയ്യുന്നത് ഹൈസ്കൂളിലെ കായികാധ്യാപകരാണ്. അത്തരത്തിൽ കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് പ്രത്യേക അലവൻസും നൽകിവരുന്നുണ്ട്. ഹയർ സെക്കൻഡറി ക്ലാസുകളിൽ ആരോഗ്യ കായിക പഠനം വിനിമയം ചെയ്യുന്നതിനാവശ്യമായ സിലബസ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കായികാധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കാമോ; വിശദമാക്കുമോ?

ചട്ടങ്ങൾ, അനുബന്ധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നിർദിഷ്ട യോഗ്യതകൾ ഉള്ളവരെയാണ് കായികാധ്യാപക തസ്തികകളിൽ നിയമിക്കുന്നത്. നിലവിൽ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് KTET-IV യോഗ്യതകൂടി നേടുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പാഠ്യപദ്ധതിക്കനുസൃതമായി കായികാധ്യാപന നിയമനങ്ങൾ അനിവാര്യമാകുന്ന സാഹചര്യത്തിൽ യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കുന്നത് പരിശോധിക്കാവുന്നതാണ്.

(ഇ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കായികാധ്യാപകരെ ജനറൽ അധ്യാപകരായി (യു.പി.എസ്.ടി., എച്ച്.എസ്.ടി.) പരിഗണിക്കുന്ന കാര്യം പരിശോധിക്കാമോ; വ്യക്തമാക്കുമോ?

UPST/HST തസ്തികകളുടെ യോഗ്യതകളും ജോലിയുടെ സ്വഭാവവും ശമ്പള ഘടനയും കായിക അധ്യാപകരുടേതിൽനിന്നും വ്യത്യസ്തമാണ്. കായിക അധ്യാപകർ സ്പെഷ്യൽ ടീച്ചർ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ആയതിനാൽ, കായിക അധ്യാപകരെ UPST/HST തസ്തികയിൽ നിയമിക്കാൻ കഴിയില്ല.

സ്കൂൾ കായികമേള

244 (1498) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കായികമേളകളുടെ നടത്തിപ്പിനായി ചെലവാകുന്ന തുക എപ്രകാരമാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്തെ സ്കൂളുകളിൽ കായികമേളയുടെ നടത്തിപ്പിനായി അത്‌ലറ്റിക് ഫണ്ട് ഇനത്തിൽ 9, 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളിൽനിന്നും തുക പിരിച്ചുവരുന്നു. 9, 10 ക്ലാസ്സുകളിലെ കുട്ടികളിൽനിന്നും 15/- രൂപ വീതവും ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ വിഭാഗങ്ങളിലെ ഓരോ കുട്ടിയിൽനിന്നും 75/- രൂപ ക്രമത്തിൽ കായിക പ്രവർത്തനങ്ങൾക്കായി വാങ്ങുന്നുണ്ട്. പ്രസ്തുത തുകയിൽനിന്നും സ്കൂളുകളിൽ കായികമേള നടത്തുന്നതിനായി സ്കൂൾ വിഹിതമായി 21/- രൂപ വിനിയോഗിക്കുന്നു.

(ബി) ഇതിനായി ഫീസ് പിരിക്കാറുണ്ടെങ്കിൽ പ്രസ്തുത ഫീസിൽനിന്ന് സ്കൂൾ, ജില്ലാ, സംസ്ഥാനതല കായികമേള നടത്തിപ്പിനായി എപ്രകാരമാണ് തുക വിനിയോഗിച്ചിരുന്നതെന്ന് വിശദമാക്കുമോ?

9, 10 ക്ലാസ്സുകളിലെ ഓരോ കുട്ടിയിൽനിന്നും പിരിക്കുന്ന 15/- രൂപയിൽ സബ്ജില്ലാ വിഹിതമായി 12/- രൂപയും ജില്ലാ വിഹിതമായി 2/- രൂപ ക്രമത്തിലും സംസ്ഥാനതല വിഹിതമായി 11/- രൂപ ക്രമത്തിലുമാണ് പിരിക്കുന്നത്. ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ വിഭാഗങ്ങളിലെ ഓരോ കുട്ടിയിൽനിന്നും പിരിക്കുന്ന 75/- രൂപയിൽ സ്കൂൾതല കായിക മത്സരങ്ങൾക്കായി 21/-രൂപ ക്രമത്തിലും സബ്ജില്ലാതല കായിക മത്സരങ്ങൾക്കായി 12/- രൂപയും ജില്ലാതല വിഹിതമായി 15/- രൂപ ക്രമത്തിലും സംസ്ഥാനതല കായികമേളക്കായി 27/- രൂപ ക്രമത്തിലുമാണ് പിരിക്കുന്നത്. കൂടാതെ, കേരളാ സ്കൂൾ കായിക പ്രവർത്തനങ്ങൾക്കായി 2202-02-109-61 (അസിസ്റ്റൻസ് ടു ഡി.ജി.ഇ.) എന്ന പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു വിഹിതം സബ് ജില്ലാതല, ജില്ലാതല, സംസ്ഥാനതല കായിക മത്സരങ്ങൾക്കായി അനുവദിക്കുന്നുണ്ട്.

(സി) ഇനിമുതൽ കായികമേള നടത്തിപ്പിനായി ഫണ്ട് കണ്ടെത്തുന്നതിന് പുതിയ രീതി കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ അതുപ്രകാരം സ്കൂൾതല കായിക മേളകൾ നടത്തുന്നതിന് എപ്രകാരമാണ് പണം അനുവദിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പുതിയ രീതി ആവിഷ്കരിക്കുന്നത് പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലയിലെ സ്കൂളുകൾക്ക് പുതിയ കെട്ടിടം

245 (1499) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ബി) പ്രസ്തുത സ്കൂളുകൾ ഓരോന്നിനും അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ?

(സി) അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പുതുക്കാട് മണ്ഡലത്തിലെ സ്കൂളുകൾക്ക് പുതിയ കെട്ടിടം

246 (1500) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടം സുരക്ഷിതമല്ല എന്ന് റിപ്പോർട്ട് ലഭിച്ച പുതുക്കാട് മണ്ഡലത്തിലെ ജി.എൽ.പി.എസ്. മറ്റത്തൂർ, എ.എൽ.പി.എസ്. അളഗപ്പനഗർ എന്നീ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതിയും ആവശ്യമായ ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിലെ പ്രസ്തുത സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ചൂലിശ്ശേരി എസ്.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന പ്രവൃത്തി

247 (1501) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലിശ്ശേരി എസ്.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനായുള്ള ജി.ഇ.ഡി.എൻ-എൻ 1/25/2022-ജി.ഇ.ഡി.എൻ. കമ്പ്യൂട്ടർ നം.2016383 നമ്പർ ഫയൽ പ്രകാരമുള്ള നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) സ്റ്റാഫ് മാനേജ്മെന്റിന്റെ കീഴിലായിരുന്ന, നിലവിൽ വിദ്യാഭ്യാസ വകുപ്പ് മാനേജ്മെന്റായി പ്രവർത്തിക്കുന്ന ചൂലിശ്ശേരി എസ്.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ചൂലിശ്ശേരി എസ്.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം പൊതുവിദ്യാഭ്യാസ വകുപ്പിലെ എൻ 1/25/2022-ജി.ഇ.ഡി.എൻ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. സ്കൂൾ ഉപാധികളില്ലാതെ സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിൽ നിയമപരമായ തടസ്സങ്ങളെന്തെങ്കിലും ഉണ്ടോയെന്നതിൽ അഭിപ്രായം ആരായുന്നതിന് ടി

ഫയൽ നിയമ വകുപ്പിൽ അയച്ചിട്ടുള്ളതും ഈ വിഷയം പ്രസ്തുത വകുപ്പ് പരിശോധിച്ചുവരികയുമാണ്.

കൂടവെച്ചൂർ ദേവീവിലാസം സ്കൂൾ നിർമ്മാണം

248(1502) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തുന്ന കൂടവെച്ചൂർ ദേവീവിലാസം സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അത് വ്യക്തമാക്കാമോ;

(ബി) ഈ കലണ്ടർ വർഷത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് ഈ സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തുന്ന കൂടവെച്ചൂർ ദേവീവിലാസം സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർക്ക് Foundation drawings പുതുക്കി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് Pile load test നടത്തേണ്ടതുണ്ട്. തീരപ്രദേശമായതിനാൽ ടി സ്ഥലത്ത് വെള്ളം കയറുന്ന അവസ്ഥയുണ്ട്. വെള്ളക്കെട്ട് മാറുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണം പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി നൽകിയ സ്കൂളുകൾ

249 (1503) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് കിഫ്ബി മുഖേന ഭരണാനുമതി നൽകിയ സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി മുഖേന കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതിയോ കിഫ്ബി ഫണ്ടോ അനുവദിച്ചിട്ടില്ല.

സ്കൂളുകളിലെ കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് നടപടി

250 (1504) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ പാലക്കാട് ജില്ലയിലെ എത്ര സ്കൂളുകളിലെ കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾ ഏതെല്ലാമാണെന്ന് ഉൾപ്പടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ പാലക്കാട് ജില്ലയിലെ ഒരു സ്കൂളിന്റേയും കളിസ്ഥലങ്ങൾ നവീകരിക്കുന്ന നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും സ്വീകരിച്ചിട്ടില്ല.

ഗുരുവായൂർ മണത്തല ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഡിവിഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ

251 (1505) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഡിവിഷനുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 8646535/2024 (ഫയൽ നമ്പർ W3/17020/24) നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന് കെ.ഇ.ആർ. അനുശാസിക്കുന്ന അളവിലുള്ള ഉയരം ഉണ്ടായിരുന്നില്ല. ഉയരക്കുറവിൽ ഇളവ് അനുവദിക്കുന്നതിനായി 16-02-1991-ലെ സ.ഉ.(കൈ)നം.3742/1991/പൊ.വി.വ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 08-09-2025-ലെ ഡി.ജി.ഇ/23983/2024/എൻ.എസ്(3) നമ്പർ ഉത്തരവുപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. അധിക ഡിവിഷൻ അനുവദിക്കുന്ന കാര്യം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത ഫയലിലെ നടപ്പ് ഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത സ്കൂളിൽ ഡിവിഷനുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഗുരുവായൂർ എം.എൽ.എ. നൽകിയ കത്തുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഡിവിഷനുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ വിഷയം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ചപ്പോൾ സ്കൂൾ കെട്ടിടത്തിന് കെ.ഇ.ആർ. അനുശാസിക്കുന്ന അളവിലുള്ള ഉയരം ഉണ്ടായിരുന്നില്ലെന്ന് കണ്ടെത്തുകയുണ്ടായി. ഉയരക്കുറവിൽ ഇളവ് അനുവദിച്ചാൽ മാത്രമേ തസ്തിക നിർണ്ണയം നടത്തി ഡിവിഷനുകൾ അനുവദിക്കാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം കഴിയുകയുള്ളൂ. അതിനാൽ ഉയരക്കുറവിൽ ഇളവ് അനുവദിക്കുന്നതിനായി 16-02-1991-ലെ സ.ഉ.(കൈ)നം-3742/1991/പൊ.വി.വ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 08-09-2025-ലെ ഡി.ജി.ഇ/239183/2024/എൻ.എസ്(3) നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്.

സെന്റ് തോമസ് യു.പി. സ്കൂൾ ചലഞ്ച് ഫണ്ട്

252 (1506) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോട്ടയം ജില്ലയിലെ കുറുമുള്ളൂർ സെന്റ് തോമസ് യു.പി. സ്കൂളിനെ ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടും സർക്കാർ വിഹിതമായ നാല്പത് ലക്ഷം രൂപ ഇതുവരെ അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സ്കൂൾ ഫണ്ടിൽ നിന്നെടുത്ത നാല്പത് ലക്ഷം രൂപയും അതിന്റെ പലിശയും കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനായി വിനിയോഗിച്ചതുസംബന്ധിച്ച വിഷയത്തിൽ സർക്കാർ ഫണ്ട് നൽകുമ്പോൾ പലിശ തുക കുറച്ച് നൽകിയാൽ മതിയെന്ന സ്കൂൾ മാനേജ്മെന്റിന്റെ കത്ത് സർക്കാർ അംഗീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലാകാതിരിക്കുന്നതിലേക്ക് ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ഡി) സെന്റ് തോമസ് യു.പി. സ്കൂളിന്റെ അപേക്ഷയും മാനേജ്മെന്റിന്റെ പരിഹാര നിർദേശവും സർക്കാർ പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പരിഹാരത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടി എന്തൊക്കെയാണ്;

(ഇ) പ്രസ്തുത വിഷയത്തിൽ കമ്പ്യൂട്ടർ നം. 9440373/25 പ്രകാരം 18-03-2025-ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഉള്ളിയേരി ജി.എൽ.പി. സ്കൂളിന്റെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്

253 (1507) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരിയായ അവകാശികൾ ഇല്ലാത്തതും വിദ്യാഭ്യാസ പ്രവർത്തനത്തിനുവേണ്ടി മാത്രം ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ളതുമായ ഉള്ളിയേരി ജി.എൽ.പി. സ്കൂളിന്റെ ഭൂമി വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കുന്നതിൽ എന്താണ് തടസ്സമെന്ന് അറിയിക്കാമോ;

(ബി) ഉള്ളിയേരി ജി.എൽ.പി. സ്കൂളിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫയൽ (ബി2-346/2022) കോഴിക്കോട് ജില്ലാ കളക്ടറുടെ ശിപാർശയോടെ റവന്യൂ വകുപ്പിൽനിന്നും വിദ്യാഭ്യാസ വകുപ്പിന് കൈമാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

(എ&ബി) ഉള്ളിയേരി ജി.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനം റീജിയണൽ/സംസ്ഥാന ആർക്കൈവ്സുകളിൽനിന്നും ലഭ്യമാക്കി പരിശോധിച്ചതിനുശേഷം ഭൂമി ഏറ്റെടുക്കേണ്ടതിന്റെയോ റവന്യൂ രേഖകളിൽ മാറ്റം വരുത്തേണ്ടതിന്റെയോ ആവശ്യമുണ്ടെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ബി2-346/2022/റവ നമ്പർ ഫയൽ പ്രകാരം റവന്യൂ വകുപ്പ് അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള നിർദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തിരുരങ്ങാടി ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് നവീകരണം

254 (1508) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ തിരുരങ്ങാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥയെന്താണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; തീയതിയും ഇനവും തിരിച്ച് വിശദമാക്കാമോ?

(എ&ബി) 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ GHSS തിരുരങ്ങാടി സ്കൂളിന്റെ നിർവഹണ ഏജൻസിയായി കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. സ്കൂളിന് സ്പോർട്സ് കോംപ്ലക്സും ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കണമെന്നതായിരുന്നു സ്കൂൾ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ സ്പോർട്സ് കോംപ്ലക്സുമായി ബന്ധപ്പെട്ട കാർപാർക്കിങ് സൗകര്യം ലഭ്യമാക്കുന്നതിന് സ്കൂളിന് സ്ഥലമുണ്ടായിരുന്നില്ല. തുടർന്ന് 03-05-2024-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ GHSS തിരുരങ്ങാടി സ്കൂളിന്റെ പ്രൊപ്പോസൽ ഫൈനലൈസ് ചെയ്യുന്നതിന് മലപ്പുറം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 11-06-2024-ന് യോഗം ചേർന്ന് പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്തിരുന്നു. ഇതനുസരിച്ച് സ്കൂളിന് സ്ഥലലഭ്യതക്കുറവുള്ളതിനാൽ മൾട്ടിപർപ്പസ് ഇൻഡോർ കോർട്ട് ഒഴിവാക്കിക്കൊണ്ടുള്ള പ്രൊപ്പോസൽ പരിഗണിക്കാനാണ് യോഗം ശിപാർശ ചെയ്തിരുന്നത്. തുടർന്ന് 09-07-2024-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ചേംബറിൽ നടന്ന

തിരുരങ്ങാടി സ്കൂളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന അവലോകന യോഗത്തിൽ GHSS തിരുരങ്ങാടി സ്കൂളിന് KITCO തയ്യാറാക്കിയ പ്ലാനിൽ കവറേജ് പ്രശ്നം വരാത്തവിധം ക്രമീകരണങ്ങൾ വരുത്തി ഗ്രൗണ്ട് വികസനം നടത്താൻ തീരുമാനിക്കുകയും ഇതുപ്രകാരം കിറ്റ്കോ DPR തയ്യാറാക്കി കിഫ്ബിക്ക് നൽകണമെന്നും എത്രയുംവേഗം സാങ്കേതിക അനുമതി നൽകി കിറ്റ്കോയും കിഫ്ബിയും സംയുക്തമായി നടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചിരുന്നു.

തുടർന്ന് 24-04-2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിലും GHSS തിരുരങ്ങാടി സ്കൂളിന്റെ നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ വിശദമായി അവലോകനം ചെയ്യുകയും കിറ്റ്കോ എത്രയും വേഗം റിവൈസ്ഡ് പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നിർമ്മാണം ആരംഭിക്കണമെന്ന് നിർദേശിക്കുകയുമുണ്ടായി.

ഇതനുസരിച്ച് 2018 DSR നിരക്ക് പ്രകാരം കിറ്റ്കോ DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. എന്നാൽ നിരക്ക് വർധനവ് വന്ന സാഹചര്യത്തിൽ 2021-ലെ DSR പ്രകാരം എസ്റ്റിമേറ്റ് റിവിഷൻ നടത്തി പുതുക്കിയ സാങ്കേതിക അനുമതി നൽകുന്നതിന് കിറ്റ്കോ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20-08-2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത വിദ്യാകിരണം മിഷന്റെ അവലോകനയോഗത്തിലും കിറ്റ്കോയുടെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് പ്രത്യേക യോഗം വിളിക്കാൻ നിർദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത യോഗത്തിനുശേഷം ഈ പ്രവൃത്തിയുടെ തുടർനടപടികളിൽ പുരോഗതിയില്ലാത്തതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് തിരുരങ്ങാടി എം.എൽ.എ. നൽകിയ കത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ മറുപടിയുടെ അല്ലെങ്കിൽ അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. തിരുരങ്ങാടി എം.എൽ.എ. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാകിരണം മിഷനിൽനിന്നും 09-06-2025-ന് കിറ്റ്കോയുടെ മാനേജിങ് ഡയറക്ടർക്ക് വിശദമായ കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി[+] ചേർക്കുന്നു.

(ഡി) ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ്; ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

പ്രവൃത്തി സംബന്ധിച്ച നടപടികൾ നിർവഹണ ഏജൻസിയായ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

(ഇ) ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി നിർമ്മാണ ഉദ്ഘാടനം നിർവഹിച്ച് വർഷങ്ങൾ കഴിഞ്ഞ ശേഷവും പ്രവർത്തിക്കാത്ത ഈ പ്രവൃത്തിയുടെ നിർമ്മാണം എന്നേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ;

(എഫ്) ഈ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെങ്കിലും നടപടികൾ പൂർത്തീകരിക്കാനുണ്ടോ; ഇനം തിരിച്ച് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ&എഫ്) 2021 DSR നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി DPR ഭേദഗതി വരുത്തി 2025 ഒക്ടോബർ മാസത്തിൽത്തന്നെ കിഫ്ബിക്ക് സമർപ്പിക്കുമെന്ന് നിർവഹണ ഏജൻസിയായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. DPR അംഗീകരിച്ച് സാങ്കേതിക അനുമതിയും PED അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പുതിയ സ്കൂൾ കെട്ടിടങ്ങൾ

255 (1509) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് പുതിയ കെട്ടിടങ്ങൾ അനുവദിച്ചതെന്നും ഏതൊക്കെയാണ് പുതുക്കി പണിതതെന്നും ഓരോന്നിനും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം സഹിതം അറിയിക്കാമോ?

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കൊടുങ്ങല്ലൂർ മണ്ഡലത്തിലെ സ്കൂളുകളിൽ അനുവദിച്ച കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.യു.പി.എസ്., കരുമാത്ര - 100 ലക്ഷം

2. ജി.എച്ച്.എസ്., പുല്ലൂറ്റ് - 100 ലക്ഷം

3. ജി.വി.എച്ച്.എസ്.എസ്. (ടി.എച്ച്.എസ്.), കൊടുങ്ങല്ലൂർ - 150 ലക്ഷം

മൂന്ന് സ്കൂളുകളിലെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

അധ്യാപകർക്ക് ടെറ്റ് നിർബന്ധമാക്കിയ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ്

256 (1510) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അധ്യാപകരായി സേവനം ചെയ്യുന്ന 4 വർഷമോ അതിൽക്കൂടുതലോ സർവീസ് ബാക്കിയുള്ള എല്ലാ അധ്യാപകരും അധ്യാപക യോഗ്യത ടെസ്റ്റ് (ടെറ്റ്) പാസ്സാകണമെന്നും നാല് അവസരം നൽകിയതിനുശേഷവും പാസ്സായില്ലെങ്കിൽ അവരെ പിരിച്ചുവിടണമെന്നും രാജ്യത്തെ പരമോന്നത കോടതി ഉത്തരവായിട്ടുണ്ടോയെന്നത് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) ടെറ്റ് നിർബന്ധമാക്കുന്നതിനുമുമ്പ് പി.എസ്.സി. നോട്ടിഫിക്കേഷൻവഴി അധ്യാപക നിയമനം നേടിയവരും ടെറ്റ് പാസ്സാകുന്നതിൽനിന്നും സർക്കാർ ഇളവ് നൽകിയ അധിക യോഗ്യതകളായ സെറ്റ്, നെറ്റ്, എം.ഫിൽ എന്നീ യോഗ്യതയുള്ളവരെയും ഈ ഉത്തരവ് എങ്ങനെ ബാധിക്കുമെന്ന് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനും അധ്യാപകർക്ക് ഇതുമൂലം ഉണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) സുപ്രീംകോടതിയുടെ 01-09-2025-ലെ സി.എ. 1385/2025 മുതൽ ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ നിയമോപദേശം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ടീച്ചർ എലിജിബിലിറ്റി ടെസ്റ്റുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി

257 (1511) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിക്കുന്നതിന് അഞ്ചുവർഷം മാത്രം ബാക്കിയുള്ള അധ്യാപകർ ഒഴികെ സർവീസിലുള്ള എല്ലാ അധ്യാപകരും ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കണമെന്ന സുപ്രീംകോടതി വിധിയിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സുപ്രീംകോടതി വിധിയിൽ സംസ്ഥാന സർക്കാർ പുനഃപരിശോധന ഹർജിയോ മറ്റ് നിയമ നടപടികളോ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന അധ്യാപകരുടെ സർവീസ് പരിഗണിച്ച് അവരെ എലിജിബിലിറ്റി ടെസ്റ്റിൽനിന്ന് ഒഴിവാക്കുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിരമിക്കുന്നതിന് അഞ്ചുവർഷം മാത്രം ബാക്കിയുള്ള അധ്യാപകർ ഒഴികെ

സർവീസിലുള്ള എല്ലാ അധ്യാപകരും ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 01-09-2025-ലെ സി.എ.1385/2025 മുതൽ ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

അധ്യാപികയുടെ ശമ്പള കുടിശ്ശിക വൈകിയതിനെത്തുടർന്ന് ഭർത്താവ് ആത്മഹത്യ ചെയ്ത സംഭവം

258 (1512) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട നാറാണമൂഴിയിൽ അധ്യാപികയുടെ ശമ്പള കുടിശ്ശിക വൈകിയതിനെത്തുടർന്ന് ഭർത്താവ് ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അധ്യാപികയുടെ ശമ്പള കുടിശ്ശിക വൈകിപ്പിച്ച സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. വിഷയം പരിശോധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് 18-08-2025-ലെ സ.ഉ (സാധാ) നം.5408/2025/പൊവിവ. പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി ചിത്ര IAS, ജോയിന്റ് സെക്രട്ടറി ശ്രീ. ബിജുകുമാർ ബി. ടി. എന്നിവരെ സർക്കാർ ചുമതലപ്പെടുത്തുകയും 19-08-2025-ന് മേൽ ഉദ്യോഗസ്ഥർ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസ് സന്ദർശിക്കുകയും രേഖകൾ പരിശോധിച്ചും ബന്ധപ്പെട്ടവരെ

നേരിൽകേട്ടും അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് നിലവിൽ ഈ വകുപ്പിന്റെ GE-DA1/128/2025-G.EDN നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

(സി) ഹൈക്കോടതി ഉത്തരവ് വന്ന് എട്ടുമാസം കഴിഞ്ഞിട്ടും നടപടിക്രമങ്ങൾ വൈകാനുണ്ടായ കാരണം വിശദമാക്കുമോ?

26-11-2024-ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജർ സത്യപ്രസ്താവന സമർപ്പിച്ചെങ്കിലും 51 A claimant ആയ ശ്രീമതി സൈജ സക്കറിയയുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും സ്പഷ്ടീകരണം തേടുകയും 07-01-2025-ന് സർക്കാർ സ്പഷ്ടീകരണം നൽകിയതിനെത്തുടർന്ന് ശ്രീമതി ലേഖാ രവീന്ദ്രന്റെ യു.പി.എസ്.ടി. തസ്തികയിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ടിയാളുടെ നിയമനം അംഗീകരിച്ച ഉത്തരവ് തീയതിയുടെ തലേദിവസം വരെയുള്ളത് പി.എഫ്.-ൽ ലയിപ്പിക്കാനും നിയമന ഉത്തരവ് തീയതി മുതലുള്ള ആനുകൂല്യങ്ങൾ കൈയിൽ ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുന്നതിന് സ്കൂൾ പ്രധാന അധ്യാപികയ്ക്ക് നിർദേശം നൽകി 31-01-2025-ന് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽനിന്ന് ഉത്തരവായിരുന്നു.

പ്രധാനാധ്യാപിക 06-02-2025-നാണ് ശമ്പള നിർണ്ണയ അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചത്. 06-03-2025-ന് അടിസ്ഥാന ശമ്പളം നിജപ്പെടുത്തി നൽകി. തുടർന്നുള്ള ശമ്പളം നൽകിയിട്ടുണ്ട്. 27-03-2025-ന് അരിയർ ശമ്പളം ലയിപ്പിക്കുന്നതിന് പി.എഫ്. അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അപേക്ഷ പ്രധാനാധ്യാപിക സമർപ്പിക്കുകയും

15-04-2025-ന് അക്കൗണ്ട് നമ്പർ അനുവദിക്കുകയും ചെയ്തു. ടി സ്കൂളിലെ പ്രധാനാധ്യാപിക 30-04-2025-ന് വിരമിച്ചു. നിലവിലെ പ്രധാനാധ്യാപികയായ ശ്രീമതി അഞ്ജു ഫിലിപ്പിന് 01-05-2025-ന് നിയമനം ലഭിച്ചു. ടിയാൾക്ക് 25-05-2025-ന് ഡി.ഡി.ഇ. ചാർജ് അനുവദിച്ചുനൽകിയെങ്കിലും Digital Signature തയ്യാറാക്കി നൽകിയത് 16-06-2025-നാണ്. തുടർന്ന് 30-07-2025-ന് സ്പാർക്ക് ഓതന്റിഫിക്കേഷനുവേണ്ടി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും ആയത് 02-08-2025-ന് അപ്രൂവ് ചെയ്ത് നൽകുകയും ചെയ്തു. തുടർന്ന് 04-08-2025-ന് ശമ്പള കുടിശ്ശിക ബിൽ തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും 05-08-2025-ന് ടി ബില്ല് അപ്രൂവ് ചെയ്തുനൽകുകയും ചെയ്തിരുന്നു.

ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റ് തസ്തികയിലെ എലിജിബിലിറ്റി ടെസ്റ്റ്

259 (1513) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വർഷങ്ങളുടെ ഇടവേളകളിൽ മാത്രം നടത്തുന്ന എലിജിബിലിറ്റി ടെസ്റ്റ് പാസായിട്ടില്ലെന്ന കാരണത്താൽ ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റ് തസ്തികയിൽ 2013 മുതൽ നിയമിതരായ ഉദ്യോഗസ്ഥരുടെ വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ് തുടങ്ങിയ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരീക്ഷ പാസാകുന്നതിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്മേൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; മുൻകാലങ്ങളിലെന്നപോലെ ഇളവ് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

12-03-2024-ലെ സ.ഉ.(അച്ചടി)നം.10/2024/ജിഇഡിഎൻ ഉത്തരവുപ്രകാരം നിലവിൽ അൻപത് വയസ് കഴിഞ്ഞ ലാബ് അസിസ്റ്റന്റ്മാരെയും വിശേഷാൽ ചട്ടം നിലവിൽ വരുന്നതിനുമുമ്പ് നിയമിതരായ ലാബ് അസിസ്റ്റന്റ്മാരെയും വിരമിച്ചവരെയും വിശേഷാൽ ചട്ടപ്രകാരമുള്ള ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് പാസാകുന്നതിൽനിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. നിലവിൽ പി.എസ്.സി. നടത്തിവരുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റിന് ഭേദഗതി വരുത്തി Lab Attenders Test നടത്തുന്നതിന് prescribed syllabus നിശ്ചയിക്കുന്നതിനും text book തയ്യാറാക്കുന്നതിനും തീരുമാനം കൈക്കൊണ്ട് തദനുസൃതമായി ചട്ടഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനാംഗീകാരം

260 (1514) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെയും ജീവനക്കാരുടെയും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ്-11, കെ.ഇ.ആർ. അധ്യായം XIV A ചട്ടം 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രസ്തുത സ്കൂൾ മാനേജരാണ് നടത്തുന്നത്. കെ.ഇ.ആർ. അധ്യായം XIV A ചട്ടം 8 (2) പ്രകാരം വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷകളിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ളതും വ്യവസ്ഥാപിത ഒഴിവ് ലഭ്യമായതുമായ എല്ലാം നിയമനങ്ങളും വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ചുവരുന്നു. കൂടാതെ അദാലത്തുകൾ സംഘടിപ്പിച്ചും നിയമന അംഗീകാര നടപടികൾ ത്വരിതപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) മലപ്പുറം ജില്ലയിൽ എത്ര പേർക്ക് നിയമന അംഗീകാരം നൽകാനുണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കുമോ?

DEO TIRURANGAD I- 229

DEO TIRUR - 130

DEO MALAPPURAM - 217

DEO WANDOOR - 183

AEO TIRUR - 189

AEO PERINTHALMANNA - 113

AEO PONNAN I- 64

AEO KUTTIPPURAM - 155

AEO EDAPPAL-67

AEO MELATTUR - 92

AEO MALAPPURAM - 250

AEO NILAMBUR - 140

AEO MANKADA - 170

AEO AREACODE - 83

AEO WANDOOR - 74

AEO MANJERI - 153

AEO KIZHISSERI - 137

AEO TANUR - 167

AEO KONDOTTY - 174

AEO VENGARA - 170

AEO PARAPPANANGADI - 143

(സി) സർക്കാർ ഉത്തരവുകളും ഡി.ജി.ഇ. സർക്കുലറുകളും ഉണ്ടായിട്ടും ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ നിയമന അംഗീകാര ഫയലുകൾ മതിയായ കാരണങ്ങളില്ലാതെ നിരസിക്കുന്നതായും തീർപ്പുകൽപ്പിക്കാതെ കാലതാമസം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഫയൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കർശന നിർദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ അദാലത്തുകൾ സംഘടിപ്പിച്ചും നിയമന അംഗീകാര നടപടികൾ ത്വരിതപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഫയലുകൾ നിരസിക്കുന്ന പ്രവണത ഒഴിവാക്കാൻ ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർക്ക് കർശന നിർദേശം നൽകുന്നതോടൊപ്പം വേണ്ടത്ര പരിചയമില്ലാത്തവർക്ക് പ്രത്യേക പരിശീലനം നൽകാനും നടപടി സ്വീകരിക്കുമോ?

ഫയലുകളിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തീർപ്പ് കല്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ടെയിനിങ് ആവശ്യമുള്ളവർക്ക് നൽകുന്നുണ്ട്.

(ഇ) ജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ദിവസവേതന/സ്ഥിരം നിയമനങ്ങൾക്ക് എത്രയുംവേഗം അംഗീകാരം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് ആവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

നിയമനാംഗീകാരം ലഭിക്കാത്ത കാസർഗോഡ് ജില്ലയിലെ സ്കൂൾ അധ്യാപകർ

261 (1515) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിയമനാംഗീകാരം ലഭിക്കാത്തതുകാരണം ശമ്പളമില്ലാതെ ജോലി ചെയ്യുന്ന എത്ര എയ്ഡഡ് സ്കൂൾ അധ്യാപകരുണ്ടെന്ന് സ്കൂൾ തിരിച്ച് നിയമിക്കപ്പെട്ട വർഷം സഹിതം വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നിയമനാംഗീകാരം ലഭിക്കാത്തതുകാരണം ശമ്പളമില്ലാതെ ജോലി ചെയ്യുന്ന 87 എയ്ഡഡ് സ്കൂൾ അധ്യാപകരുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ശമ്പളമില്ലാതെ ജോലി ചെയ്യേണ്ട അവസ്ഥ എന്തുകൊണ്ട് സംജാതമായെന്ന് വ്യക്തമാക്കാമോ?

സീനിയർ നിയമനാർഥികളുടെ നിയമനം അംഗീകരിക്കാത്തത്, ഭിന്നശേഷി സംവരണം, സംരക്ഷിത അധ്യാപകരുടെ നിയമനം എന്നിവ സംബന്ധിച്ച സർക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദേശിച്ചിട്ടുള്ള വ്യവസ്ഥകൾ മാനേജർമാർ പാലിക്കാത്തത് എന്നിവ മൂലമാണ് ഈ അവസ്ഥ സംജാതമായത്.

(സി) വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്ത് ജീവിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന പ്രയാസവും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) എങ്കിൽ നിയമനാംഗീകാരം ലഭിച്ച് ശമ്പളം ലഭിക്കുമ്പോൾ തിരിച്ചുപിടിക്കാമെന്ന വ്യവസ്ഥയിൽ ഇവർക്ക് താൽക്കാലിക ആശ്വാസം ലഭ്യമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) പ്രസ്തുത അധ്യാപകർക്ക് നിയമനാംഗീകാരം എപ്പോൾ ലഭിക്കുമെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സീനിയർ നിയമനാർഥികളുടെ നിയമനം അംഗീകരിക്കപ്പെടുന്ന മുറയ്ക്കും ഭിന്നശേഷി സംവരണം/സംരക്ഷിത അധ്യാപകരുടെ നിയമനം എന്നിവ സംബന്ധിച്ച സർക്കാർ നിർദേശിച്ചിട്ടുള്ള വ്യവസ്ഥകൾ മാനേജർമാർ പാലിക്കുന്ന മുറയ്ക്കും അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതാണ്.

ആദിവാസി വിഭാഗത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം

262 (1516) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ മേഖലയിലെ പ്രവേശന നിരക്ക്, പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നവരുടെ (ഡ്രോപ്പ്ഔട്ട്) നിരക്ക്, വിജയ നിരക്ക് എന്നിവയുടെ കണക്കുകൾ 2024-2025 വർഷത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

i) 2024-25 വർഷത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ കേരളത്തിലെ പട്ടികവർഗ പ്രവേശന നിരക്ക് 84.56 ആണ്.

ii) 2024-25 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് ആകെ പഠനം നടത്തിയ 68513 പട്ടികവർഗ വിദ്യാർഥികളിൽ 627 വിദ്യാർഥികളാണ് പഠനം പാതിവഴിയിൽ ഉപേക്ഷിച്ചത്. പട്ടികവർഗ വിദ്യാർഥികളുടെ ഡ്രോപ്പ് ഔട്ട് നിരക്ക് 0.92 ആണ്.

iii) 2024-25 അധ്യയന വർഷത്തിൽ 7279 പട്ടികവർഗ വിദ്യാർഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുകയും അതിൽ 7135 പേർ യോഗ്യത നേടുകയും ചെയ്തു. ഇവരുടെ വിജയനിരക്ക് 98.02 ആണ്.

എയ്ഡഡ് മേഖലയിൽ ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് ജോലി സംരക്ഷണം

263 (1517) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അധ്യയന വർഷംവരെ എയ്ഡഡ് മേഖലയിൽ ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് അന്നത്തെ സർക്കാരിന്റെ കാലയളവിൽ ജോലി സംരക്ഷണം നൽകിയ

മാതൃകയിൽ 2015 മുതൽ ജോലിയിൽ പ്രവേശിച്ച എയ്ഡഡ് മേഖലയിലെ അധ്യാപകർക്ക് ജോലി സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

2014-15 അധ്യയന വർഷംവരെ എയ്ഡഡ് മേഖലയിൽ ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് ജോലി സംരക്ഷണം നൽകിയ മാതൃകയിൽ 2015 മുതൽ ജോലിയിൽ പ്രവേശിച്ച എയ്ഡഡ് മേഖലയിലെ അധ്യാപകർക്ക് ജോലി സംരക്ഷണം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 26-9-2024-ലെ 120/2024/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2015-നുശേഷം നിയമിക്കപ്പെട്ട ഹൈസ്കൂൾ ഇംഗ്ലീഷ് അധ്യാപകർക്ക് ജോലി സംരക്ഷണം നൽകിയ നടപടി മേൽപ്പറഞ്ഞ കാലയളവിൽ നിയമിതരായ മുഴുവൻ അധ്യാപകർക്കും ബാധകമാക്കുമോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

ഭിന്നശേഷി നിയമനത്തിലെ നടപടിക്രമങ്ങൾ

264 (1518) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായി മാറ്റിവച്ചത് ഒഴികെയുള്ള ഒഴിവുകളിൽ സ്ഥിരനിയമനം നടത്താൻ സുപ്രീംകോടതി എൻ.എസ്.എസ്. മാനേജ്മെന്റിന് അനുമതി നൽകിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂളുകളിലും ഇപ്രകാരം സ്ഥിര അധ്യാപക നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഇല്ല. നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി. (സി) നം. 11373/2024 നമ്പർ ഹർജിയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 04-03-2025-ൽ പുറപ്പെടുവിച്ച വിധിന്യായം പ്രസ്തുത മാനേജ്മെന്റിന്റെ കീഴിലുള്ള എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് ബാധകം.

(ബി) ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച ഒഴിവുകളിലേക്കുള്ള നിയമന നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസംമൂലം മറ്റ് നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും ആവശ്യമായ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനും സാധിക്കാതെവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി SLP(C) 9566/2023 നം. ഹർജിയിൽ 30-10-2023-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ചും ചുമതലകൾ നിശ്ചയിച്ചും 24-03-2025-ലെ സ.ഉ.(കൈ)നം.45/2025/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഭിന്നശേഷി നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് അധ്യാപകരെ ശമ്പള സ്കെയിലിൽ ക്രമീകരിക്കാൻ സാധിക്കും.

ഇനിമേൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർഥികളുടെ പട്ടിക ലഭ്യമാക്കി ജില്ലാതല സമിതികളാണ് സ്കൂൾ മാനേജ്മെന്റുകൾക്ക്

അവർ ആവശ്യപ്പെടുന്ന ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർഥിയെ നിയമനത്തിനായി നൽകുന്നത്. ജില്ലാതല സമിതി മുഖേനയുള്ള ആദ്യത്തെ നിയമനപ്രക്രിയ ഒക്ടോബർ 25-നകം പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ജില്ലാതല സമിതി മുഖേനയുള്ള നിയമനപ്രക്രിയ ആവശ്യമെങ്കിൽ വർഷത്തിൽ രണ്ട് തവണ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുവരെ വിവിധ എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള 130-ൽപരം ഒഴിവുകൾ വിവിധ ജില്ലാ സമിതികളിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത സമിതി പരിശോധിക്കുന്ന അപേക്ഷകൾക്കുശേഷവും നിലനിൽക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് സംസ്ഥാനതലത്തിൽ നവംബർ 10-നകം അദാലത്ത് സംഘടിപ്പിക്കുന്നതാണ്. അദാലത്തിലേക്കുള്ള അപേക്ഷകൾ ഒക്ടോബർ 30-നകം സംസ്ഥാനതല സമിതിയുടെ കൺവീനറായ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്.

പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ

265 (1519) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നതുസംബന്ധിച്ച 132/2016 എന്ന റിട്ട് പെറ്റിഷനിൽ 07-03-2025-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ വിധിന്യായപ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ

നിയമനത്തിനായി സ്ക്രീനിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സുപ്രീംകോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ റെഗുലർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 07-03-2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന ഭിന്നശേഷി കമ്മീഷണർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി. ഡയറക്ടർ, എസ്.എസ്.കെ. പ്രോജക്ട് ഡയറക്ടർ, ആർ.സി.ഐ. പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി 20-05-2025-ലെ സ.ഉ.(സാധാ)നം.3403/2025/പൊ.വി.വ. പ്രകാരം സ്ക്രീനിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ സർവ്വശിക്ഷ കേരളയിൽ നിലവിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരിൽനിന്നും സ്ക്രീനിങ് കമ്മിറ്റി തിരഞ്ഞെടുക്കുന്ന യോഗ്യരായ അധ്യാപകരെ നിയമിക്കുന്നതിനും അതിനുപുറമെ നിലവിൽ പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന അധ്യാപകർക്ക് പരിശീലനം നൽകി സജ്ജരാക്കി ഇവരുടെ സേവനംകൂടി വിനിയോഗിക്കുകയും ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

അധ്യാപക സംഘടനകളുടെ അംഗീകാരം

266 (1520) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ അംഗീകാരമുള്ള എത്ര അധ്യാപക സംഘടനകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിൽ അംഗീകാരമുള്ള 34 സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് 1958-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കെ.ഇ.ആർ. അധ്യായം XIVC ചട്ടം 51(എ)-യിലാണ് അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ നിർദേശിക്കുന്നത്.

<u>അംഗീകാരത്തിനുള്ള വ്യവസ്ഥകൾ:</u>

(1) താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ, ഒരാധ്യാപക സംഘടനയ്ക്കും അംഗീകാരം നൽകുകയില്ല.

1. സാധാരണഗതിയിൽ സംഘടന സുവ്യക്തമായ ഒരാധ്യാപക വിഭാഗമായിരിക്കേണ്ടതും ആ വിഭാഗത്തിലെ മൊത്തം അംഗസംഖ്യയിൽ 25 ശതമാനത്തിൽ കുറയാത്തവരുടെ പ്രാതിനിധ്യം ഉണ്ടായിരിക്കുകയും വേണം.

നോട്ട് 1 - അംഗീകാരം നേടുന്നതിന് സർവീസ് സംഘടനയിൽനിന്നും അപേക്ഷ നൽകുമ്പോൾ, പ്രാതിനിധ്യപരമായ നിശ്ചിത മിനിമം അംഗസംഖ്യയെപ്പറ്റി ഡയറക്ടർ സ്വയം ബോധ്യപ്പെടേണ്ടതും അക്കാര്യം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2. സ്കൂൾ വിദ്യാഭ്യാസ വകുപ്പിലെ താഴെപ്പറയുന്ന അധ്യാപക വിഭാഗത്തെ മേൽപ്പറഞ്ഞ ചട്ടത്തെ സംബന്ധിച്ചിടത്തോളം പ്രത്യേക വിഭാഗമായി പരിഗണിക്കുന്നതാണ്.

സെക്കൻഡറി സ്കൂളുകൾ :-

1. പ്രധാനാധ്യാപകർ

2. വിവിധ വിഷയങ്ങൾക്കുള്ള ഹൈസ്കൂൾ അസിസ്റ്റന്റുമാർ

3. ഭാഷകൾക്കുള്ള ഹൈസ്കൂൾ അസിസ്റ്റന്റുമാർ

4. സ്പെഷ്യലിസ്റ്റ് അധ്യാപകരും ക്രാഫ്റ്റ് അധ്യാപകരും.

ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ, തങ്ങൾ പഠിപ്പിക്കുന്ന വിഷയങ്ങളുടെ വ്യത്യാസം കൂടാതെ എല്ലാ ഗ്രാജ്വേറ്റ് അധ്യാപകരും ഉൾപ്പെടുന്നു. ഭാഷയ്ക്കുള്ള ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ എല്ലാ ഭാഷകൾക്കുമുള്ള അധ്യാപകർ ഉൾപ്പെടും. സ്പെഷ്യലിസ്റ്റ് അധ്യാപകരിൽ സംഗീതം, ഡ്രോയിങ്ങ്, ഫിസിക്കൽ എഡ്യൂക്കേഷൻ, നീഡിൽ വർക്ക് തുടങ്ങിയവയ്ക്കുള്ള അധ്യാപകർ ഉൾപ്പെടും.

പ്രൈമറി സ്കൂളുകൾ (U.P. & L.P. ഉൾപടെ)

1. പ്രൈമറി സ്കൂളുകളിലെ പ്രധാനാധ്യാപകർ

2. പ്രൈമറി സ്കൂൾ അസിസ്റ്റന്റുമാർ

3. പ്രൈമറി സ്കൂളുകളിലെ ഭാഷാ അധ്യാപകർ

4. പ്രൈമറി സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അധ്യാപകരും ക്രാഫ്റ്റ് അധ്യാപകരും.

(ii) ഒരേ വിഭാഗത്തിലുള്ള എല്ലാ അധ്യാപകരും സംഘടനയിൽ അംഗത്വത്തിന് അർഹരായിരിക്കും.

(iii) അധ്യാപകരല്ലാത്തവർ സംഘത്തിൽ ഔദ്യോഗിക ഭാരവാഹികൾ ആയിരിക്കരുത്.

(iv) പ്രാദേശിക -സാമുദായിക അടിസ്ഥാനത്തിൽ സംഘടന രൂപീകരിക്കാൻ പാടില്ല.

(2) (1)-ാം വ്യവസ്ഥയ്ക്കനുസൃതമല്ലാത്ത ഏതെങ്കിലും സംഘടനയുമായോ സംഘടനകളുടെ ഫെഡറേഷനുമായോ ഒരു തരത്തിലും ബന്ധപ്പെടുകയോ അവയിൽ അംഗമായി ചേരുകയോ ചെയ്യുകൂടാ.

(3) യാതൊരു രാഷ്ട്രീയ പാർട്ടിയോ സംഘടനയോ ആയി ഒരു പ്രകാരത്തിലും ബന്ധപ്പെടാൻ പാടില്ല.

(സി) നിലവിൽ പ്രവർത്തിച്ചുവരുന്ന അധ്യാപക സംഘടനകൾ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് നൽകിവരുന്ന സംഭാവനകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന കുട്ടികൾക്കായുള്ള കലാ, കായിക മേളകൾ സംഘടിപ്പിക്കുന്നതിന് സംഘടനകളുടെ സഹകരണവും പങ്കാളിത്തവും ഉണ്ടാകാറുണ്ട്. വകുപ്പുമായി ബന്ധപ്പെട്ട പഠന, പഠനേതര വിഷയങ്ങളിൽ, ആവശ്യമെങ്കിൽ, സംഘടനകളുടെ അഭിപ്രായംകൂടി ആരാഞ്ഞശേഷമാണ് അന്തിമ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്.

(ഡി) പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഏതെങ്കിലും സംഘടനയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനോ സംഘടനകളുടെ അംഗീകാരം പിൻവലിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സംഘടനകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംഘടനകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതു സംബന്ധിച്ചും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വരുത്തുന്നതുസംബന്ധിച്ചും അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗം സർക്കാർ തലത്തിൽ വിളിച്ചു ചേർത്തിരുന്നോ; എങ്കിൽ യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ അറിയിച്ച് വിവിധ അധ്യാപക സംഘടനകൾ നൽകിയ കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(ഡി-എഫ്) അധ്യാപക സംഘടനകൾ രൂപീകരിക്കുമ്പോൾ എല്ലാ വിഭാഗത്തെയും പ്രതിനിധാനം ചെയ്യുന്ന സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ എന്നൊരു നിലപാട് സ്വീകരിച്ചുകൊണ്ട് കെ.ഇ.ആർ. അധ്യായം XIV C ചട്ടം 51-ൽ ഭേദഗതി വരുത്താനും അതിനോടൊപ്പം സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപക സംഘടനകളെയും KGSC Rule-ന്റെ പരിധിയിൽനിന്ന് മാറ്റി കെ.ഇ.ആർ.-ന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് 1960-ലെ KGSC Rules-ലെ 77,78 ചട്ടങ്ങൾക്ക് അതിപ്രഭാവം നൽകുന്നതിനുള്ള വ്യവസ്ഥ കെ.ഇ.ആർ.-ൽ ഉൾപ്പെടുത്തുന്നതിനും അതിനുശേഷം പുതുക്കിയ ചട്ടപ്രകാരം സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ഹിതപരിശോധന നടത്തുന്നതിനും ഇതിനായി അധ്യാപക സംഘടനകളുമായുള്ള ചർച്ചകൾ ഉൾപ്പെടെയുള്ള തുടർനടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടിയ യോഗത്തിന്റെ മിനുട്സ്, വിവിധ സംഘടനകൾ സമർപ്പിച്ച അഭിപ്രായങ്ങളുടെ പകർപ്പുകൾ എന്നിവ അനുബന്ധമായി[+] ഉൾപ്പെടുത്തുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

267 (1521) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഈ കാലയളവിൽ വടകര മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശം അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽനിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(ഇ) ഈ കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്നുള്ള കണക്ക് വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം

268 (1522) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ യൂണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ പ്ലസ് (UDISE PLUS) റിപ്പോർട്ടുപ്രകാരം കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരം, ഇതര സംസ്ഥാനങ്ങളുമായുള്ള താരതമ്യം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2024-25 (UDISE PLUS) റിപ്പോർട്ടുപ്രകാരം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മികച്ച നിലവാരമാണ് പുലർത്തുന്നത്. പ്രധാനപ്പെട്ട സൂചകങ്ങളിലെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ഇതിനുപുറമേ 2024 ഡിസംബറിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രാലയം നടത്തിയ ദേശീയ പഠന നേട്ട സർവെയിൽ കേരളം രണ്ടാം സ്ഥാനത്തെത്തി.

(ബി) കേന്ദ്രസർക്കാരിൽനിന്നും കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് അവകാശപ്പെട്ട സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശങ്ങളും കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിക്കുന്ന തുകയുടെ 60% തുക കേന്ദ്ര വിഹിതവും 40% തുക സംസ്ഥാന വിഹിതവുമാണ്. ഇതനുസരിച്ച് വിവിധ കേന്ദ്രാവിഷ്കൃത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾക്ക് കഴിഞ്ഞ വർഷങ്ങളിലായി അനുവദിച്ച കേന്ദ്ര ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം

269 (1523) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കോൾ കേരളയിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പ്രസ്തുത തസ്തികയുടെ വിരമിക്കൽ പ്രായം 58 എന്ന് വ്യക്തമാക്കിയിട്ടുണ്ടോ; ടിയാന്റെ നിയമന ഉത്തരവിൽ പ്രസ്തുത പ്രായപരിധി വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത നിയമന ഉത്തരവിന്റെയും നിയമന വിജ്ഞാപനത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കോൾ കേരളയിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പ്രസ്തുത തസ്തികയുടെ വിരമിക്കൽ പ്രായം 58 എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടിയാന്റെ നിയമന ഉത്തരവിലും പ്രസ്തുത പ്രായപരിധി വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിയമന ഉത്തരവിന്റെയും നിയമന വിജ്ഞാപനത്തിന്റെയും പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) സർക്കാർ അംഗീകരിച്ച സ്കോൾ കേരളയുടെ സർവീസ് ചട്ടത്തിലെ ഷെഡ്യൂൾ രണ്ടിൽ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യതകൾ, നിയമനരീതി എന്നിവ നിശ്ചയിക്കാനുള്ള അധികാരം സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

17-02-2021-ലെ സ.ഉ.(കൈ) നം.81/2021/പൊ.വി.വ., 26-03-2021-ലെ സ.ഉ. (കൈ)നം.134/2021/പൊ.വി.വ. എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് ലഭിച്ചിട്ടില്ലാത്തതിനാൽ നടപ്പിൽവരുത്തിയിട്ടില്ലാത്ത സ്കോൾ-കേരളയുടെ സർവീസ് ചട്ടത്തിലെ ഷെഡ്യൂൾ രണ്ടിൽ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യതകൾ, നിയമനരീതി എന്നിവ നിശ്ചയിക്കാനുള്ള അധികാരം സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമാണെന്ന് പരാമർശിച്ചിട്ടുണ്ട്.

(സി) നിലവിലെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 58 വയസ്സ് ഏത് തീയതിയിൽ പൂർത്തിയാകുമെന്നും പ്രസ്തുത തസ്തികയിലെ നിയമനത്തിന് സെലക്ഷൻ കമ്മിറ്റി തയ്യാറാക്കി, ജനറൽ കൗൺസിൽ യോഗം അംഗീകരിച്ച സെലക്ഷൻ ലിസ്റ്റിൽ എത്രപേരുണ്ടെന്നും അവരുടെ പേര് വിവരങ്ങളും ലഭ്യമാക്കുമോ?

സ്കോൾ കേരളയുടെ നിലവിലെ എക്സിക്യൂട്ടീവ് ഡയറക്ടറായ ഡോ. ജിനീഷ് കുമാർ എം. എം.-ന് 24-02-2026-ന് 58 വയസ്സ് പൂർത്തിയാകും. പ്രസ്തുത തസ്തികയിലെ നിയമനത്തിന് സെലക്ഷൻ കമ്മിറ്റി തയ്യാറാക്കി, ജനറൽ കൗൺസിൽ യോഗം അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ ഡോ. ജിനേഷ് കുമാർ എം. എം. (റിട്ട. എച്ച്.എസ്എസ്.ടി. (സീനിയർ), ജി.എച്ച്.എസ്.എസ്., കുഞ്ഞിമംഗലം) തണൽ, പെരിയാട്ട്, പിലാത്തറ, കണ്ണൂർ മാത്രമേയുള്ളൂ.

ഭിന്നശേഷി സംവരണം

270 (1524) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണ വിഷയത്തിലെ കോടതി വിധി ഒരു മാനേജ്മെന്റിന്

മാത്രം ബാധകമാണെന്ന സർക്കാരിന്റെ നിലപാട് തുല്യനീതിയിൽ അധിഷ്ഠിതമായ ഭരണഘടനാപരമായ സമത്വാവകാശം (Article 14) ലംഘിക്കുന്നില്ലേ; വിശദീകരിക്കുമോ?

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമനങ്ങൾ സംബന്ധിച്ച് നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റ് ഫയൽ ചെയ്ത SLP(C)11373/2024-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 04-03-2025-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത വിധിന്യായം നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റ് കീഴിലുള്ള വിദ്യാലയങ്ങൾക്ക് മാത്രമാണ് ബാധകമാകുന്നതെന്നാണ് സർക്കാരിന് ലഭിച്ച നിയമോപദേശം.

(ബി) തുല്യത ഉറപ്പാക്കുന്നതിനായി ഭിന്നശേഷി സംവരണം മറ്റ് മാനേജ്മെന്റ് സ്കൂളുകളിലും ഒരേ രീതിയിൽ ബാധകമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24-03-2025-ലെ സ.ഉ. (കൈ)നം.45/2025/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് 28-06-2025-ലെ സ.ഉ.(കൈ) നം.123/2025/പൊ.വി.വ. പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ

നടന്നുവരികയാണ്. ആയതിനാൽ ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച ഒഴിവുകളിലേക്കുള്ള നിയമന നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂളുകളിൽ തൊഴിൽ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു.

(സി) വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവാദിത്വത്തിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ ഉറപ്പാക്കണമെന്ന് നിയമം വ്യക്തമാക്കുമ്പോൾ, അത് നടപ്പാക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പ് കാണിക്കുന്ന വൈരുധ്യം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഭിന്നശേഷി സംവരണ നിയമവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേന്ദ്ര നിയമത്തിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ഉത്തരവുകൾക്കുമനുസൃതമായാണ് ഭിന്നശേഷി സംവരണം എല്ലാ എയ്ഡഡ് സ്കൂളുകളിലും നടപ്പാക്കിവരുന്നത്.

(ഡി) നീതി ഉറപ്പാക്കാനുള്ള നടപടിയുടെ ഭാഗമായി അധ്യാപകരുടെ നിയമനാവകാശം സംരക്ഷിക്കാനും നിയമപ്രകാരം ഭിന്നശേഷി സംവരണം നടപ്പാക്കാനും സർക്കാർ സ്വീകരിച്ചുവരുന്ന അടിയന്തര നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24-03-2025-ലെ സ.ഉ. (കൈ)നം.45/2025/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് 28-06-2025-ലെ സ.ഉ.(കൈ) നം.123/2025/പൊ.വി.വ.

പ്രകാരം സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടന്നുവരികയാണ്. ആയതിനാൽ ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച ഒഴിവുകളിലേക്കുള്ള നിയമന നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂളുകളിൽ തൊഴിൽ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു. ഭിന്നശേഷി നിയമനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് അധ്യാപക നിയമനങ്ങളും ശമ്പള സ്കെയിലിൽ ക്രമീകരിക്കാൻ സാധിക്കും.

മലയിൻകീഴ് വൊക്കേഷണൽ ഹയർ സെക്കൻഡറിക്കായുള്ള കെട്ടിട നിർമ്മാണം

271 (1525) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിലും പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അനുമതി ലഭ്യമായില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പ്രസ്തുത സ്കൂളിന് 2023-24 വർഷത്തിൽ അനുവദിച്ച 100 ലക്ഷം രൂപ വിനിയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. പദ്ധതി പുനഃക്രമീകരണത്തിന്റെ ഭാഗമായി 2024-25 വർഷത്തിൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഈ വർഷംതന്നെ പ്രസ്തുത കെട്ടിടം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക അനുവദിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വരവ് ചെലവ് കണക്കുകൾ

272 (1526) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് 2024-2025 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ സമയബന്ധിതമായി സർക്കാരിന് നൽകാത്തതായ സാഹചര്യമുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ?

2024-2025 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കാത്ത സാഹചര്യം നിലവിലില്ല.

2024-2025 സാമ്പത്തിക വർഷത്തെ റീകൺസിലിയേഷൻ പൂർത്തിയാക്കി അത് അക്കൗണ്ടന്റ് ജനറലിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇത് സർക്കാരിന്റെ കടമെടുപ്പിനെ ബാധിക്കുമെന്ന ആശങ്ക ചീഫ് സെക്രട്ടറി വകുപ്പിനെ അറിയിച്ചിരുന്നോ; വിശദമാക്കാമോ?

2024-2025 സാമ്പത്തിക വർഷത്തെ റീകൺസിലിയേഷൻ നടപടികൾ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർഥികൾ

273 (1527) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25, 2025-26 എന്നീ അധ്യയന വർഷങ്ങളിൽ സ്വകാര്യ

വിദ്യാലയങ്ങളിൽനിന്നും പൊതുവിദ്യാലയങ്ങളിലേയ്ക്ക് രണ്ട് മുതൽ പത്താം ക്ലാസ് വരെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം, ക്ലാസ് എന്നിവ തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ?

2024-25, 2025-26 എന്നീ അധ്യയന വർഷങ്ങളിൽ സ്വകാര്യ വിദ്യാലയങ്ങളിൽനിന്നും പൊതുവിദ്യാലയങ്ങളിലേയ്ക്ക് രണ്ട് മുതൽ പത്താം ക്ലാസ് വരെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിന്റെ പട്ടിക അനുബന്ധമായി+ ചേർത്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം എന്നീ ജില്ലകളുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) 2024-25, 2025-26 അധ്യയന വർഷം പൊതു വിദ്യാലയങ്ങളിൽനിന്ന് വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി സംസ്ഥാനത്തെ സ്വകാര്യ വിദ്യാലങ്ങളിൽ പ്രവേശനം നേടിയ രണ്ട് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികളുടെ എണ്ണം, ക്ലാസ് എന്നിവ തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ?

2024-25, 2025-26 അധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ നിന്ന് വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി സംസ്ഥാനത്തെ സ്വകാര്യ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ രണ്ട് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികളുടെ എണ്ണത്തിന്റെ പട്ടിക അനുബന്ധമായി+ ചേർത്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം എന്നീ ജില്ലകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 2016-2017 അധ്യയന വർഷം മുതൽ 2025-2026 അധ്യയന വർഷം വരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം അധ്യയന വർഷം തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ?

2016-2017 അധ്യയന വർഷം മുതൽ 2025-2026 അധ്യയന വർഷം വരെ സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിന്റെ പട്ടിക അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഡി) 2016-2017 അധ്യയന വർഷം മുതൽ 2025-2026 അധ്യയന വർഷം വരെ സംസ്ഥാനത്ത് സ്വകാര്യ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം അധ്യയന വർഷം തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ?

2016-2017 അധ്യയന വർഷം മുതൽ 2025- 2026 അധ്യയന വർഷം വരെ സംസ്ഥാനത്ത് സ്വകാര്യ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിന്റെ പട്ടിക അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

ചലഞ്ച് ഫണ്ട് സംബന്ധിച്ച്

274 (1528) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ സെന്റ് ജോസഫ് ഹൈസ്കൂൾ മതിലകം, സെന്റ് മേരിസ് എൽ.പി. സ്കൂൾ മതിലകം, സീതി സാഹിബ് ഹയർ സെക്കൻഡറി സ്കൂൾ അഴീക്കോട്, എം.ഇ.എസ്. ഹയർ സെക്കൻഡറി സ്കൂൾ വെമ്പല്ലൂർ, എ.എം.ഐ.യു.പി. സ്കൂൾ എറിയാട്, എസ്.എൻ.വി. എൽ.പി.എസ്. എടത്തുരുത്തി വെസ്റ്റ്, നാഷണൽ എൽ.പി. സ്കൂൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൈന്നൂർ, എടത്തുരുത്തി എന്നീ വിദ്യാലയങ്ങളുടെ കെട്ടിടം പണി പൂർത്തീകരിച്ചെങ്കിലും നാളിതുവരെയും ചലഞ്ച് ഫണ്ട് മുഖേനയുള്ള സാമ്പത്തിക സഹായം ലഭ്യമായിട്ടില്ലാത്തതിനാൽ അത് എത്രയുംവേഗം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ പ്രസ്തുത സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് പദ്ധതി മുഖേനയുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

വിദ്യാഭ്യാസ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

275 (1529) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ദേവികുളം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.എച്ച്.എസ്, കല്ലാർവട്ടിയാർ - 100 ലക്ഷം

2. ജി.എൽ.പി.എസ്, മറയൂർ - 100 ലക്ഷം

(ടി സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി)

3. ജി.എ.ടി.പി.എസ്, മൂന്നാർ- 100 ലക്ഷം

4. ജി.എൽ.പി.എസ്, പഴംപിള്ളിച്ചാൽ - 100 ലക്ഷം

(ടി സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല)

അധ്യാപക സംഘടനകളുടെ റഫറണ്ടം

276 (1530) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഇ.ആർ. ഭേദഗതി വരുത്തി ഹയർ സെക്കൻഡറി അധ്യാപക സംഘടനകൾ ഉൾപ്പെടെയുള്ള കാറ്റഗറിക്കൽ സംഘടനകളെ റഫറണ്ടം നടത്തി ഒഴിവാക്കാനുള്ള നീക്കമുണ്ടോ;

(ബി) ഇതിനോടനുബന്ധിച്ച് 19-08-2025-ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അധ്യാപക സംഘടനകളുടെ യോഗം വിളിച്ചിരുന്നോ; വ്യക്തമാക്കാമോ; പ്രസ്തുത യോഗത്തിൽ എത്ര അധ്യാപക സംഘടനകൾ പ്രസ്തുത നടപടിയെ അനുകൂലിച്ചുവെന്നും എത്ര അധ്യാപക സംഘടനകൾ എതിർത്തുവെന്നും വ്യക്തമാക്കുമോ;

(സി) കെ.ഇ.ആർ. പ്രകാരം കാറ്റഗറിക്കൽ സംഘടനകൾക്ക് അംഗീകാരം നൽകിയിട്ട് ഇപ്പോൾ അവയുടെ അംഗീകാരം റദ്ദാക്കാനുള്ള നീക്കം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) അധ്യാപക സംഘടനകൾ രൂപീകരിക്കുമ്പോൾ എല്ലാ വിഭാഗത്തെയും പ്രതിനിധാനം ചെയ്യുന്ന സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂവെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കെ.ഇ.ആർ. അധ്യായം XIV C ചട്ടം 51 ഭേദഗതി വരുത്താനും അതിനോടൊപ്പം സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപക സംഘടനകളെയും KGSC Rule പരിധിയിൽനിന്ന് മാറ്റി കെ.ഇ.ആർ.-ന്റെ പരിധിയിൽ കൊണ്ടുവരുന്നതിന്

1960-ലെ KGSC Rules 77, 78 ചട്ടങ്ങൾക്ക് അതിപ്രഭാവം നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനും പുതുക്കിയ ചട്ടപ്രകാരം സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ഹിതപരിശോധന നടത്തുന്നതിനും ഇതിനായി അധ്യാപക സംഘടനകളുമായുള്ള ചർച്ചകൾ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനോടനുബന്ധിച്ച് 19-08-2025-ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മൂന്ന് അധ്യാപക സംഘടനകൾ ഒഴികെ യോഗത്തിൽ പങ്കെടുത്ത മറ്റ് അധ്യാപക സംഘടനകളും ഈ നടപടിയെ എതിർത്തു.

സ്കോൾ കേരള

277 (1531) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ, സ്കോൾ കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ വൈസ് ചെയർമാന്റെ നിയമനം വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ; അതുമൂലം സ്ഥാപനത്തിനും വിദ്യാർഥികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുവിദ്യാഭ്യാസ വകുപ്പിലെ, സ്കോൾ കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ വൈസ് ചെയർമാൻ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വൈസ് ചെയർമാന്റെ നിയമനത്തിനുവേണ്ടി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചതെന്നാണ്; പ്രസ്തുത സെലക്ട് കമ്മിറ്റിയുടെ അധ്യക്ഷനും അംഗങ്ങളും ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സ്കോൾ കേരള വൈസ് ചെയർമാനെ നിയമിക്കുന്നതിന് 18-03-2025-ലെ സ.ഉ. (സാധാ)നം. 2072/2025/പൊ.വി.വ. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായും എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, എസ്.എസ്.കെ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എന്നിവർ അംഗങ്ങളായും സെലക്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സെലക്ഷൻ കമ്മിറ്റി എത്ര യോഗങ്ങൾ ഇതിനകം ചേർന്നുവെന്നും വൈസ് ചെയർമാൻ നിയമനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ; യോഗം ചേർന്നിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) സ്കോൾ കേരളയിൽ വൈസ് ചെയർമാനെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി&ഡി) സെലക്ട് കമ്മിറ്റി യോഗം ചേർന്ന് സ്കോൾ കേരള വൈസ് ചെയർമാനെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഫിറ്റ്നസ് ഇല്ലാത്ത സ്കൂൾ കെട്ടിടങ്ങൾ

278 (1532) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ 2025-26 അധ്യയന വർഷത്തിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുള്ള എത്ര വിദ്യാലയങ്ങളുണ്ടെന്ന വിവരം വിദ്യാഭ്യാസ ജില്ല തിരിച്ച്, സ്കൂളുകളുടെ പേരുകൾ സഹിതം ലഭ്യമാക്കാമോ?

സ്കൂളുകളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേരളത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ 2025-26 അധ്യയന വർഷത്തിൽ ഫിറ്റ്നസില്ലാത്ത എത്ര കെട്ടിടങ്ങളിൽ ക്ലാസ്സുകൾ നടക്കുന്നുണ്ടെന്ന വിവരം വിദ്യാഭ്യാസ ജില്ല തിരിച്ച്, സ്കൂളുകളുടെ പേരുകൾ സഹിതം ലഭ്യമാക്കാമോ?

ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ നിലവിൽ ക്ലാസുകൾ നടത്തുന്നില്ല.

(സി) 2016 മുതൽ നാളിതുവരെ കേരളത്തിലെ വിദ്യാലയങ്ങളിൽ പൂർണ്ണമായോ ഭാഗികമായോ തകർന്നുവീണ സ്കൂൾ കെട്ടിടങ്ങളുടെ വിവരം ലഭ്യമാക്കാമോ?

തകർന്നുവീണ സ്കൂൾ കെട്ടിടങ്ങളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) 2016 മുതൽ നാളിതുവരെ കേരളത്തിലെ വിദ്യാലയങ്ങളിൽ പൂർണ്ണമായോ ഭാഗികമായോ തകർന്നുവീണ സ്കൂൾ കെട്ടിടങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അവയിൽ ഫിറ്റ്നസ് ഉണ്ടായിരുന്നവയും ഇല്ലാതിരുന്നവയും ഏതെല്ലാമായിരുന്നു എന്ന് പ്രത്യേകം അറിയിക്കാമോ?

ഫിറ്റ്നസ് ഉണ്ടായിരുന്നവയും ഇല്ലാതിരുന്നവയുമായ സ്കൂളുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ഇ) 2016 മുതൽ നാളിതുവരെ കേരളത്തിലെ വിദ്യാലയങ്ങളിൽ പൂർണ്ണമായോ ഭാഗികമായോ സ്കൂൾ കെട്ടിടങ്ങൾ തകർന്നതുമൂലം ആളപായവും പരിക്കുകളും ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിവരം വിശദമാക്കാമോ?

1) MGTHS മുഖത്തല – 2016-ൽ ടി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിയായിരുന്ന നിഷാന്ത് സ്കൂൾ കെട്ടിടത്തിന്റെ തൂൺ തകർന്നുവീണ് മരണപ്പെട്ടിരുന്നു.

2) 2018-ൽ ചൂട്ടുമാലി എൽ.പി.ജി.എസ്. സ്കൂളിൽ മതിൽ തകർന്നു വീണതുമൂലം 2-ാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലാസ് വിദ്യാർഥി മരണപ്പെട്ടിട്ടുണ്ട്.

(എഫ്) കേരളത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത എത്ര കെട്ടിടങ്ങൾ പൊളിച്ചുനീക്കാതെ നിലനിൽക്കുന്നുണ്ടെന്ന വിവരം വിദ്യാഭ്യാസ ജില്ല തിരിച്ച്, സ്കൂളുകളുടെ പേരുകൾ സഹിതം അറിയിക്കാമോ?

സ്കൂളുകളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ജി) കമ്പി അഴികൾ ഇല്ലാത്ത ജനലുകളും അടർന്നുവീഴുന്ന ഭിത്തികളുമുള്ള ഓടിട്ട കെട്ടിടങ്ങളും സീലിങ് ഇല്ലാത്ത ജി.ഐ. ഷീറ്റ് കെട്ടിടങ്ങളുമുള്ള വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ?

സ്കൂൾ കെട്ടിടങ്ങളും പരിസരവും അവ ഉപയോഗിക്കുന്ന വിദ്യാർഥികൾക്കും മറ്റുള്ളവർക്കും യാതൊരുവിധത്തിലും അപകട സാധ്യത ഇല്ലെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ ഫിറ്റ്നസ് അനുവദിച്ചു നൽകാവൂയെന്ന് നിഷ്കർഷിച്ചുകൊണ്ട് കാലാകാലങ്ങളിൽ സർക്കാർ പരിപത്രങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ പരിഗണിക്കുമ്പോൾ കമ്പി അഴികൾ ഇല്ലാത്ത ജനലുകളും അടർന്നുവീഴുന്ന ഭിത്തികളുമുള്ള ഓടിട്ട കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ കഴിയുകയില്ല.

28-05-2022-ലെ സ.ഉ.(കൈ)നം. 114/2022/LSGD സർക്കാർ ഉത്തരവുപ്രകാരം സീലിങ് ഇല്ലാത്ത ജി.ഐ. ഷീറ്റ് ഇട്ട കെട്ടിടങ്ങൾക്ക് ഫാൾസ് സീലിങ് ചെയ്തശേഷം ഫാൻ ഘടിപ്പിച്ചുകൊണ്ടുമാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് നൽകുകയുള്ളൂ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

279 (1533) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഹയർ സെക്കൻഡറി സ്കൂൾകെട്ടിടം പൈതൃക മന്ദിരമാക്കാൻ നടപടി

280 (1534) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ 108 വർഷം പഴക്കമുള്ള എളങ്കുന്നപ്പുഴ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം പൈതൃക മന്ദിരം എന്ന നിലയിൽ സംരക്ഷിക്കുന്നതിനായി 12-07-2023-ന് എം.എൽ.എ. വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെയടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ, ചുമതലപ്പെടുത്തി രണ്ടുവർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം പൈതൃക മന്ദിരം എന്ന നിലയിൽ സംരക്ഷിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ & ട്രെയിനിങ്ങിലെ ശമ്പള കുടിശ്ശിക

281 (1535) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ & ട്രെയിനിങ് (ഡയറ്റ്)-ലെ അധ്യാപകർക്കും അനധ്യാപകർക്കും യഥാസമയം ശമ്പളം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

2018-19 സാമ്പത്തിക വർഷം മുതൽ എസ്.എസ്.കെ. മുഖേന ലഭിച്ചുവന്നിരുന്ന കേന്ദ്രവിഹിതത്തിൽ നിന്നാണ് ഡയറ്റിലെ അധ്യാപകർക്കും അനധ്യാപകർക്കും ശമ്പളം നൽകിയിരുന്നത്. എന്നാൽ നിലവിൽ എസ്.എസ്.കെ.-ക്ക് കേന്ദ്രവിഹിതം ലഭിക്കുന്നില്ല. എസ്.എസ്.കെ.-യിൽനിന്നും തുക ലഭ്യമാകാത്തതിനാൽ 2024 ഏപ്രിൽ മാസം മുതൽ 2025 ആഗസ്റ്റ് മാസം വരെ സംസ്ഥാന സർക്കാരാണ് ഡയറ്റ് ജീവനക്കാർക്ക് ശമ്പളം നൽകിവരുന്നത്.

(ബി) നിലവിൽ എത്ര മാസത്തെ ശമ്പള കുടിശ്ശികയുണ്ട്; ശമ്പള കുടിശ്ശിക ഉടൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2025 ആഗസ്റ്റ് മാസം വരെയുള്ള ശമ്പളം നൽകിയിട്ടുള്ളതിനാൽ നിലവിൽ ഡയറ്റിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക ഒന്നുംതന്നെ ഇല്ല.

കുമ്പള വാശ്രേവി എ.എൽ.പി. സ്കൂൾ, നൽക-യിലെ അറബിക് ടീച്ചർ തസ്തിക

282 (1536) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള വാശ്രേവി എ.എൽ.പി. സ്കൂൾ, നൽക-യിലെ ഈ വർഷത്തെ തസ്തികനിർണ്ണയത്തിൽ പാർട്ട് ടൈം അറബിക് ടീച്ചർ തസ്തിക നഷ്ടപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അറബിക് പഠനത്തിന് മതിയായ കുട്ടികളുണ്ടായിട്ടും രക്ഷിതാക്കൾ സമ്മതപത്രം നൽകിയിട്ടും പ്രധാനധ്യാപിക ആറാം പ്രവൃത്തി ദിനത്തിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ സമ്പൂർണ്ണ സോഫ്റ്റ്വെയറിൽ ചേർക്കാത്തതാണെന്നതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ടി പ്രധാനധ്യാപികക്കെതിരെ അന്വേഷണം നടത്തി നടപടിയെടുക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ;

(സി) ജോലി നഷ്ടപ്പെട്ട അധ്യാപിക മുഖ്യമന്ത്രിക്കും പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും മഞ്ചേശ്വരം എം.എൽ.എ. മുഖേന സമർപ്പിച്ച നിവേദനത്തിൽ വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) കുമ്പള വാശ്രേവി എ.എൽ.പി. സ്കൂളിലെ അറബിക് ടീച്ചർ തസ്തിക നഷ്ടപ്പെടുന്നതുസംബന്ധിച്ച് ശ്രീമതി മഷ്ഹൂദായുടെ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് വാങ്ങുകയും ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് തസ്തിക നിർണ്ണയ അപ്പീൽ അധികാരിയായ

കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്കൂളിൽ അറബിക് പഠനത്തിന് മതിയായ കുട്ടികൾ ഉണ്ടെന്നിരിക്കെ നഷ്ടപ്പെട്ട അധ്യാപക തസ്തിക പുനഃസ്ഥാപിക്കാനും ജോലി നഷ്ടപ്പെട്ട അറബിക് ടീച്ചറെ തിരിച്ച് ജോലിയിൽ പ്രവേശിപ്പിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചശേഷം അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം

283 (1537) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷി വിദ്യാർഥികൾക്ക് പഠന പിന്തുണ നൽകിവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം അവസാനമായി പരിഷ്കരിച്ചത് എന്നാണെന്നും എത്ര തുകയാണ് വർധിപ്പിച്ചതെന്നും വ്യക്തമാക്കാമോ?

സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ പ്രതിമാസ വേതനം അവസാനമായി പരിഷ്കരിച്ചത് 2018 ഏപ്രിൽ മുതലാണ്. ഇതുപ്രകാരം എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ പ്രതിമാസ വേതനം 20,000/- രൂപയായും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ പ്രതിമാസ വേതനം 25,000/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) 2016 ഫെബ്രുവരിയിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം വർധിപ്പിച്ചതിനുശേഷം ഇതുവരെ വേതന വർധനവ് നടപ്പാക്കിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ പ്രതിമാസ വേതനം, ഇ.പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ട് മുഖേനയാണ് നൽകിവരുന്നത്. സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിൽ ഓരോ വർഷവും പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ പ്രതിമാസ വേതനം വർധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ഇക്കാര്യം പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിങ്ങിൽ ഉന്നയിക്കാറുണ്ടെങ്കിലും സമഗ്രശിക്ഷയുടെ നിലവിലുള്ള മാനദണ്ഡപ്രകാരം ഇപ്പോൾ നൽകിവരുന്ന പരമാവധി തുകയിൽ വർധന വരുത്താൻ കഴിയില്ലെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ 2026-27 വർഷം ഏപ്രിൽ മുതൽ പുതിയ സമഗ്ര ശിക്ഷാ 3.0 നിലവിൽ വരുമ്പോൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് ധനകാര്യ മാനദണ്ഡത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം വർധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ എം.ഒ.ഇ.-ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) പത്തുവർഷം പൂർത്തീകരിച്ച സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവന-വേതന വ്യവസ്ഥ നിജപ്പെടുത്തണമെന്ന് 30-06-2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയിന്മേൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

WP(C)2470/2013, WP(C)25574/2013, WP(C)1181/2014, എന്നിവയുമായി ബന്ധപ്പെട്ട 30-06-2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിക്കെതിരെ ഫയൽ ചെയ്ത WA1266/17, WA1371/17 റിട്ട് അപ്പീലുകൾ കോടതിയുടെ പരിഗണനയിലാണ്. റിട്ട്

അപ്പീലുകൾ തീർപ്പായതിനുശേഷം പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

എച്ച്.എസ്.എസ്.ടി. കെമിസ്ട്രി ജൂനിയർ റാങ്ക് ലിസ്റ്റിലെ നിയമനങ്ങൾ

284 (1538) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-08-2024-ന് നിലവിൽവന്ന എച്ച്.എസ്.എസ്.ടി. കെമിസ്ട്രി ജൂനിയർ റാങ്ക് ലിസ്റ്റിൽനിന്നും (കാറ്റഗറി നമ്പർ 740/ 2021) നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകളിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർഥികളുടെ താൽപര്യം സംരക്ഷിക്കുന്ന രീതിയിൽ പരമാവധി നിയമനങ്ങൾ നൽകുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) എച്ച്.എസ്.എ/എൽ.പി.എസ്.എ/യു.പി.എസ്.എ., ലാബ് അസിസ്റ്റന്റ്, മിനിസ്റ്റീരിയൽ ജീവനക്കാരിൽനിന്നും എച്ച്.എസ്.എസ്.റ്റി - ജൂനിയർ (കെമിസ്ട്രി) തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാറ്റിവച്ചിരുന്ന 50 ഒഴിവുകൾ, ഭാവിയിലെ പി.എസ്.സി. മുഖേനയുള്ള നിയമനത്തിനുള്ള 50 ഒഴിവുകൾ ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാറ്റിവെക്കണമെന്ന വ്യവസ്ഥയിൽ അന്ന് നിലവിലുണ്ടായിരുന്ന

എച്ച്.എസ്.എസ്.റ്റി - ജൂനിയർ (കെമിസ്ട്രി) റാങ്ക് ലിസ്റ്റിൽനിന്നും നേരിട്ടുള്ള നിയമനത്തിനായി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ലാബ് അസിസ്റ്റന്റ് വിഭാഗത്തിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ ഉദ്യോഗാർഥിയായ ശ്രീമതി നിമ്മിദാസ് പി. ഫയൽ ചെയ്ത OA(EKM) 1473/2022-ന്മേലുള്ള ഉത്തരവിൽ ടി 50 ഒഴിവുകളിൽ ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തണമെന്ന് നിർദേശിച്ചിട്ടുള്ളതിനാൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 50 ഒഴിവുകൾ അസാധുവാക്കുന്നതിന് പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടർ, കേരള പബ്ലിക് സർവീസ് കമ്മീഷന് കത്ത് നൽകിയിട്ടുണ്ട്. ഇതിനുള്ള മറുപടി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിലവിലെ എച്ച്.എസ്.എസ്.ടി -ജൂനിയർ (കെമിസ്ട്രി) (കാറ്റഗറി നം.740/2021) റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾക്കായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

അധ്യാപക തസ്തികനിർണ്ണയം

285 (1539) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷത്തിൽ സ്കൂളുകളിൽ വിദ്യാർഥികളുടെ എണ്ണം കണക്കാക്കി അതുപ്രകാരം തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

അധിക തസ്തിക ഒഴിച്ചുള്ള തസ്തികകളുടെ നിർണ്ണയം നടത്തിയിട്ടുണ്ട്.

(ബി) ഇതുപ്രകാരം വിദ്യാർഥികളുടെ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര അധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

2025-26 അധ്യയന വർഷം സർക്കാർ മേഖലയിൽ 66315 വിദ്യാർഥികളുടെ കുറവും

എയ്ഡഡ് മേഖലയിൽ 59371 വിദ്യാർഥികളുടെ കുറവും ഉണ്ടായിട്ടുണ്ട്. 4090 അധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) അധ്യയന വർഷാരംഭത്തിലെ ആറാം പ്രവൃത്തിദിനത്തിൽ ആധാർ അനുസരിച്ചുള്ള കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി മാത്രമേ തസ്തിക നിർണ്ണയം നടത്താവൂ എന്ന വിദ്യാഭ്യാസ ചട്ടത്തിൽ ഇളവ് അനുവദിച്ച് ജൂൺ മാസം 30 വരെ ആധാർ ഹാജരാക്കുന്നതിന് സമയപരിധി നൽകിയാൽ കുട്ടികൾ ഉണ്ടായിട്ടും അധ്യാപക തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനാകുമെന്നതിനാൽ ഇതിനുള്ള നടപടികൾ സ്വീകരിക്കാമോ?

18-08-2025-ലെ സ.ഉ.(കൈ)നം.141/2025/GEDN പ്രകാരം സ്കൂളുകളിൽ ഇൻവാലിഡ് UID ഉള്ള വിദ്യാർഥികളുടെ UID വാലിഡാക്കി സമന്വയയിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി 2025 ആഗസ്റ്റ് 20 വരെ നീട്ടി സർക്കാർ ഉത്തരവായിട്ടുണ്ട്. ആറാം പ്രവൃത്തി ദിനത്തിൽ ഇ.ഐ.ഡി. ഉള്ള കുട്ടികളെ വ്യവസ്ഥകൾക്ക് വിധേയമായി 2025-26 അധ്യയന വർഷത്തെ തസ്തികനിർണ്ണയത്തിന് പരിഗണിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽനിന്നും തസ്തികമാറ്റ നിയമനങ്ങൾ

286 (1540) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-09-2023 മുതൽ 01-09-2025 വരെ എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽനിന്നും എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ (സുവോളജി & ബോട്ടണി)-ലേയ്ക്ക് നടന്ന തസ്തികമാറ്റ നിയമനങ്ങളുടെ എണ്ണം എത്രയാണെന്ന് തസ്തിക/വിഷയം തിരിച്ച്

ലഭ്യമാക്കാമോ?

എച്ച്.എസ്.എസ്.ടി. ജൂനിയർ സുവോളജി - 28, എച്ച്.എസ്.എസ്.റ്റി. ജൂനിയർ ബോട്ടണി - 5, എച്ച്.എസ്.എസ്.ടി. സുവോളജി - 0, എച്ച്.എസ്.എസ്.റ്റി. ബോട്ടണി - 0

(ബി) 01-09-2025 വരെ തസ്തികമാറ്റം മുഖേന എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ (സുവോളജി & ബോട്ടണി) തസ്തികയിലേയ്ക്ക് ആകെ എത്ര ഒഴിവുകളുണ്ടെന്നും അതിൽ എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽനിന്നും എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ (സുവോളജി & ബോട്ടണി)-യിലേക്ക് എത്ര ഒഴിവുകൾ നിലവിലുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

എച്ച്.എസ്.എസ്.സി. ജൂനിയർ സുവോളജി, ജൂനിയർ ബോട്ടണി തസ്തികകളിൽ തസ്തികമാറ്റ നിയമനങ്ങൾക്കായി 01-09-2025 വരെ നിലവിലുള്ള ഒഴിവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

എച്ച്.എസ്.എസ്.ടി. ജൂനിയർ സുവോളജി - 34

എച്ച്.എസ്.എസ്.ടി. ജൂനിയർ ബോട്ടണി - 35

സർക്കാർ ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസ് പ്രകാരം ആകെ ഒഴിവുകളിൽ 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ., യു.പി.എസ്.എ./എൽ.പി.എസ്.എ. മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങൾക്കായി ഒഴിവുകൾ നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റൊട്ടേഷൻപ്രകാരം ഓരോ വിഭാഗത്തിന്റെയും ഒഴിവ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കേരള ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.ടി. തസ്തികയിലെ ഒഴിവുകളെല്ലാം യോഗ്യരായ

ജൂനിയർ അധ്യാപകരുടെ തസ്തികമാറ്റ നിയമത്തിനായുള്ളതാണ്. യോഗ്യരായ ജൂനിയർ അധ്യാപകരുടെ അഭാവത്തിൽ മാത്രമാണ് പ്രസ്തുത കാലയളവിലുണ്ടാകുന്ന ഒഴിവുകൾ 1:3 അനുപാതത്തിൽ എച്ച്.എസ്.എ, യു.പി.എസ്.എ./ എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് തസ്തികമാറ്റ നിയമനങ്ങൾക്കും നേരിട്ടുള്ള നിയമനങ്ങൾക്കും മാറ്റുന്നത്.

(സി) എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലേയ്ക്ക് 29-12-2020 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടർ സീനിയോറിറ്റി അടിസ്ഥാനമാക്കി നികത്തുന്നതിന് 10-03-2025-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അതുപ്രകാരം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) 2025-26 അധ്യയന വർഷത്തിന്റെ ആദ്യപാദം പിന്നിട്ട സാഹചര്യത്തിൽ, പ്രസ്തുത തസ്തികമാറ്റ നടപടികൾ പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?

(സി&ഡി) 10-03-2025-ലെ സ.ഉ.(അച്ചടി) നം.10/2025/GEDN ഉത്തരവുപ്രകാരം എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനനടപടികൾ സ്വീകരിച്ചുവരുന്നു. ടി നിയമനത്തിലേക്ക് യോഗ്യരായവരിൽനിന്നും അപേക്ഷ ക്ഷണിച്ച് Provisional Seniority List 02-08-2025-ലും Modified Provisional Seniority List 10-09-2025-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകരുടെ Certificate Verification 16-09-2025 മുതൽ നടത്തിവരുന്നു. തസ്തികമാറ്റനിയമനത്തിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) ചട്ടപ്രകാരം ഒഴിവുകളുണ്ടായിട്ടും ഓരോ അധ്യയന വർഷവും പ്രസ്തുത തസ്തികമാറ്റം

കൃത്യമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

01-07-2023-ലെ GO(P) No.8/2023/G.Edn പ്രകാരം എച്ച്.എസ്.എസ്. ജൂനിയർ തസ്തിയിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങൾ കേരള പി.എസ്.സി. മുഖേന നികത്താൻ ഉത്തരവായെങ്കിലും ടി നിയമനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സമുള്ളതായി കേരള പി.എസ്.സി. അറിയിച്ചതിനാൽ 29-12-2020 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നികത്താൻ 10-03-2025-ൽ സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് കാരണം എച്ച്.എം. പ്രൊമോഷൻ, വിരമിക്കൽ എന്നിവ മുഖേന സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ. തസ്തികകളിലുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

എച്ച്.എസ്.എ. തസ്തികയിൽ വിരമിക്കൽമൂലം ഉണ്ടാകുന്ന ഒഴിവുകളിലെ നിയമാനുസൃത വിഹിതം പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവരുന്നുണ്ട്. പ്രൊമോഷൻമൂലം ഉണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്തതിനാൽ ഒഴിവ് ലഭ്യമാകുന്ന മുറയ്ക്കാണ് നിയമാനുസൃത വിഹിതം പിഎസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്.

എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങൾ

287 (1541) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങൾ അംഗീകരിച്ചുകിട്ടുന്നതിന് അകാരണമായി കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് -11 KER അധ്യായം XIV A ചട്ടം 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രസ്തുത സ്കൂൾ മാനേജരാണ് നടത്തുന്നത്. KER അധ്യായം XIV A ചട്ടം 8(2) പ്രകാരം വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. ചട്ടപ്രകാരമുള്ളതും വ്യവസ്ഥാപിത ഒഴിവ് ലഭ്യമായതുമായ എല്ലാ നിയമനങ്ങളും വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഹൈക്കോടതിവിധി എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ കാലതാമസം വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ 18-11-2018-നും 08-11-2021-നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായും 08-11-2021 ശേഷമുണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിലും അംഗീകാരം നൽകിവരുന്നു.

(സി) ഹൈക്കോടതി വിധിപ്രകാരമുള്ള ഭിന്നശേഷി സംവരണ വിഭാഗത്തിന് തസ്തികകൾ നീക്കിവച്ചശേഷം ബാക്കിയുള്ള അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 18-11-2018-നും 08-11-2021-നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായും 08-11-2021-നുശേഷമുണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിലും അംഗീകാരം നൽകിവരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിപ്രകാരമുള്ള ഭിന്നശേഷി സംവരണ വിഭാഗത്തിന് തസ്തികകൾ നീക്കിവച്ചശേഷം ബാക്കിയുള്ള അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് എൻ.എസ്.എസ്. മാനേജ്മെന്റിന് കീഴിലുള്ള എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി അനുമതി നൽകിയിട്ടുള്ളത്.

(ഡി) എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമന അംഗീകാരം നൽകി അധ്യാപകർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും വേഗത്തിൽ നൽകുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ചട്ടപ്രകാരം നിയമന അംഗീകാരം നൽകി ശമ്പളവും മറ്റാനുകൂല്യങ്ങളും വേഗത്തിൽ നൽകുന്നതിനായി സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും ആവശ്യമായ ഉത്തരവുകളും നിർദേശങ്ങളും പുറപ്പെടുവിക്കുന്നുണ്ട്. കൂടാതെ, വിദ്യാഭ്യാസ ഓഫീസുകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ തുടർനിർദേശങ്ങൾ നൽകുകയും അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

കോട്ടയം ജില്ലയിലെ യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

288 (1542) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ 2025 ജനുവരി മുതൽ ഇതുവരെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്ത ആകെ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ?

25

(ബി) ഓരോ ഒഴിവും റിപ്പോർട്ട് ചെയ്ത മാസവും തീയതിയും വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി+ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത ഒഴിവുകളിൽ എത്ര ഒഴിവുകളാണ് നേരിട്ടുള്ള നിയമനത്തിനുവേണ്ടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

19

(ഡി) നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിനുശേഷം നിലവിൽ മറ്റ് തരത്തിലുള്ള നിയമനങ്ങൾക്കായി മാറ്റിവച്ചതോ ഇനി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അവശേഷിക്കുന്നതോ ആയ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

2025-26 വർഷത്തിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി 5 ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. ബൈ ട്രാൻസ്ഫർ നിയമനത്തിനായി ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിട്ടുണ്ട്.

സ്കൂളുകളിലെ ഭിന്നശേഷി നിയമനം

289 (1543) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഭിന്നശേഷി നിയമനം സംബന്ധിച്ച നടപടികൾ പൂർത്തീകരിക്കുന്നതിനായി നിയോഗിച്ച സംസ്ഥാനതല-ജില്ലാതല സമിതികളുടെ പ്രവർത്തനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ എസ്.എൽ.പി.(സി) നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30-10-2023, 27-01-2025 തീയതികളിലെ ഉത്തരവുകൾപ്രകാരവും സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല-ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24-03-2025-ലെ സ.ഉ.(കൈ)നം.45/2025/GEDN പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് 28-06-2025-ലെ സ.ഉ.(കൈ) നം.123/2025/GEDN പ്രകാരവും സർക്കാർ ഉത്തരവായി. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഭിന്നശേഷി നിയമനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിയമന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

സാമൂഹ്യനീതി വകുപ്പിന്റെ 18-11-2018-ലെ സ.ഉ.(അച്ചടിച്ചത്) 18/2018/എസ്.ജെ.ഡി. നമ്പർ ഉത്തരവിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലും എയ്ഡഡ് കോളേജുകളിലും ഭിന്നശേഷി വിഭാഗത്തിന് അനുയോജ്യമെന്ന് സർക്കാർ കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ 07-02-1996 മുതൽ കേഡർ സ്ട്രെങ്ത്തിന്റെ ആകെയുള്ള ഒഴിവുകളിൽ 3% ഒഴിവുകൾ ഭിന്നശേഷി വിഭാഗക്കാർക്ക് മാറ്റിവയ്ക്കാനും 07-02-1996 മുതൽ 18-07-2017 വരെ മേൽപ്രകാരം ബാക്ക് ലോഗ് കണ്ടെത്തി നിയമനം നൽകാനും തുടർന്ന് 19-04-2017 മുതൽ കേഡർ സ്ട്രെങ്ത്തിന്റെ ആകെയുള്ള ഒഴിവുകളിൽ 4% ഭിന്നശേഷി നിയമനത്തിനായി നീക്കിവയ്ക്കാനും നിർദേശിച്ചിരുന്നു. ഇതിനെത്തുടർന്ന് 25-06-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 111/2022/പൊ.വി.വ. പ്രകാരം, ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി ബാക്ക്ലോഗ് കണ്ടെത്തുന്നതിനും ആയത് നികത്തുന്നതിനുമായി മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു.

25-06-2022-ലെ സർക്കാർ ഉത്തരവിന്റെയും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥ പാലിക്കുന്നതിനുള്ള റോസ്റ്റർ തയ്യാറാക്കുന്നതിനും തടസ്സപ്പെട്ടിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ വിശദമായ മാർഗനിർദേശം പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം, ഭിന്നശേഷി സംവരണ നിയമനത്തിനായി സെക്കൻഡറിതലം വരെയുള്ള ഒഴിവുകൾ സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസുകളിലും

ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ ഒഴിവുകൾ പ്രൊഫഷണൽ & എക്സ്ക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസുകളിലുമാണ് റിപ്പോർട്ട് ചെയ്യേണ്ടതെന്നും ഓഫീസുകളുടെ പേരും അധികാര പരിധിയും നിശ്ചയിച്ചു നൽകുകയും ചെയ്തിരുന്നു.

ബഹുമാനപ്പെട്ട കോടതിവിധികൾ പൂർണ്ണമായും പാലിക്കുംവരേക്കും എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് 08-11-2021-ന് ശേഷമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്താനും അനുവദിച്ചു. തുടർന്ന് 13-03-2023-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 24-03-2023-ലെ സ.ഉ.(കൈ) നം.29/2023/പൊ.വി.വ. ഉത്തരവുപ്രകാരം തുടർനിർദേശങ്ങൾ നൽകി. റോസ്റ്റർ പ്രകാരം നിയമിക്കേണ്ട ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ചു. ഒഴിവുകൾ മാനേജർ റിപ്പോർട്ട് ചെയ്താൽ അക്കാര്യവും ഒഴിവുകളുടെ നിജസ്ഥിതിയും ഉറപ്പുവരുത്തിക്കൊണ്ട് 18-11-2018 മുതൽ മാനേജർ നടത്തിയിട്ടുള്ള മറ്റ് അധ്യാപക, അനധ്യാപകരുടെ നിയമനങ്ങൾ അവരുടെ നിയമനത്തീയതി മുതൽ തന്നെ താൽക്കാലികമായി (പ്രൊവിഷണൽ) അംഗീകരിക്കാവുന്നതും ശമ്പളവും മറ്റ് അലവൻസുകളും അനുവദിക്കാവുന്നതുമാണെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഭിന്നശേഷി വിഭാഗം ഉദ്യോഗാർഥിയെ ലഭ്യമാക്കി ബാക്ക് ലോഗ് പരിഹരിച്ച് മാനേജർ നിയമിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായി തുടരുന്ന മറ്റ് നിയമനങ്ങൾ നിയമന തീയതി മുതൽ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് റഗുലറൈസ് ചെയ്യാവുന്നതാണ് എന്നും 24-03-2023-ലെ സ.ഉ.(കൈ)നം. 29/2023/പൊ.വി.വ. പ്രകാരം

തുടർനിർദേശങ്ങൾ നൽകി. തുടർന്ന് മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട്, 02-05-2023-ലെ സ.ഉ.(കൈ) നം.51/2023/പൊ.വി.വ. പ്രകാരം സർക്കാർ വ്യക്തത വരുത്തി.

തുടർന്ന്, റോസ്റ്ററിലെ അപാകതയോ റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ പരിഗണിക്കാതെ 18-11-2018-നും 08-11-2021-നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായും 08-11-2021-ന് ശേഷമുണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിലും ബഹുമാനപ്പെട്ട ഹൈക്കോടതി, ബഹുമാനപ്പെട്ട സുപ്രീംകോടതികളിൽ നിലവിലുള്ള കേസുകളിലെ അന്തിമവിധിക്ക് വിധേയമായി നിയമനം നൽകുന്നതിന് 01-11-2023-ലെ സർക്കാർ കത്ത് നം. ജെ.ആർ.1/502/2023 പൊ.വിവ. പ്രകാരം നിർദേശിച്ചു.

കൂടാതെ 18-11-2018-നും 08-11-2021-നും ഇടയിലെ ബാക്ക് ലോഗ് നികത്തുന്നതിന് 08-11-2021-ന് ശേഷമുള്ള ഒഴിവും ഭിന്നശേഷി നിയമനത്തിന് മാറ്റിവയ്ക്കാമെന്നും ഇത്തരത്തിൽ നിയമിക്കപ്പെട്ട ഭിന്നശേഷി ഉദ്യോഗാർഥിയുടെ നിയമനം അംഗീകരിക്കാമെന്നും 24-01-2024-ലെ ജെ.ആർ.1/502/2023-പൊ.വി.വ. നമ്പർ കത്ത് പ്രകാരം നിർദേശിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ എസ്.എൽ.പി.(സി) നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30-10-2023, 27-01-2025 തീയതികളിലെ ഉത്തരവുകൾപ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും പ്രസ്തുത

സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24-03-2025-ലെ സ.ഉ.(കൈ)നം.45/2025/GEDN പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ നിർദേശങ്ങൾ പുറപ്പെടുവിച്ച് 28-06-2025-ലെ സ.ഉ.(കൈ)നം. 123/2025/GEDN പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

(സി) ഭിന്നശേഷി നിയമന നടപടികൾ പൂർത്തീകരിക്കുന്നതുവരെ 2018 നവംബർ 18-നും 2021 നവംബർ 8-നും ഇടയിൽ ജോലി നേടിയ അധ്യാപകരെ ഏത് രീതിയിൽ സംരക്ഷിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; ഇവരുടെ നിയമന അംഗീകാരം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഭിന്നശേഷി നിയമന നടപടികൾ പൂർത്തീകരിക്കുന്നതുവരെ 18-11-2018-നും 08-11-2021-നും ഇടയിൽ ജോലി നേടിയ അധ്യാപകരെ ശമ്പള സ്കെയിലിൽ പ്രൊവിഷണലായി നിയമനം നൽകി സംരക്ഷിച്ചുവരുന്നു. ഭിന്നശേഷി നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു നിയമനങ്ങൾ ശമ്പള സ്കെയിലിൽ സ്ഥിരമായി നിയമിക്കാനാണ് ബഹുമാനപ്പെട്ട കോടതി ഉത്തരവിൽ നിർദേശിച്ചിട്ടുള്ളത്.

(ഡി) ഭിന്നശേഷിക്കാർക്കായി മാറ്റിവച്ചത് ഒഴികെയുള്ള ഒഴിവുകളിൽ സ്ഥിരനിയമനം നടത്താൻ സുപ്രീംകോടതി എൻ.എസ്.എസ്. മാനേജ്മെന്റിന് അനുമതി നൽകിയ പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂളുകളിലും ഇപ്രകാരം സ്ഥിര അധ്യാപക നിയമനം നടത്തുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

നായർ സർവീസ് സൊസൈറ്റി ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത ഹർജിയിൽ 04-03-2025-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഭിന്നശേഷിക്കാർക്ക്

സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഒഴിച്ച് മറ്റ് ഒഴിവുകളിൽ നിയമനങ്ങൾ നടത്തുന്നതിനായി നൽകിയിട്ടുള്ള അനുമതി നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന് കീഴിലുള്ള എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് ബാധകമെന്ന് സർക്കാരിന് ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നത്.

പൊതു വിദ്യാഭ്യാസ വകുപ്പിലെ താൽക്കാലിക ജീവനക്കാർ

290 (1544) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എസ്.സി.ഇ.ആർ.ടി., സ്കോൾ കേരള, കെ.ഐ.റ്റി.ഇ. (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ), എസ്.ഐ.ഇ.റ്റി. (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി), എസ്.ഐ.ഇ.എം.എ.റ്റി. (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ടെയിനിങ്), എസ്.ആർ.സി. (സ്റ്റുഡന്റ്സ് റെപ്രസന്റേറ്റീവ് കൗൺസിൽ), എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരള) എന്നിവയിൽ കരാറടിസ്ഥാനത്തിൽ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ഇനം തിരിച്ച് വെവ്വേറെ ലഭ്യമാക്കുമോ?

സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എസ്.സി.ഇ.ആർ.ടി., സ്കോൾ കേരള, കെ.ഐ.റ്റി.ഇ. (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ), എസ്.ഐ.ഇ.റ്റി. (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി), എസ്.ഐ.ഇ.എം.എ.റ്റി. (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ടെയിനിങ്), എസ്.ആർ.സി. (സ്റ്റേറ്റ് റിസോഴ്സ് സെന്റർ), എസ്.എസ്.കെ. (സമഗ്ര ശിക്ഷാ

കേരള), എന്നിവയിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ഇനം തിരിച്ച് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കരാർ/ദിവസവേതന ജീവനക്കാരിൽ എട്ടുവർഷം പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും ഇതുസംബന്ധിച്ചുള്ള ഫയലുകളുടെ നമ്പറും ലഭ്യമാക്കുമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ കായിക അധ്യാപക നിയമനം

291 (1545) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ കായിക അധ്യാപക നിയമനത്തിന് 1:300 എന്ന അനുപാതം സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളുമോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ കായിക അധ്യാപക നിയമനത്തിന് 1:300 എന്ന അനുപാതം നിശ്ചയിക്കണമെന്നും കായികാധ്യാപക തസ്തികകൾ സംരക്ഷിക്കണമെന്നും കായികാധ്യാപക സംഘടനകൾ ആവശ്യമുന്നയിച്ചിരുന്നു. ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഷയം സംബന്ധിച്ച് 26-07-2025-ൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

13-02-2025-ലെ സ.ഉ.(കൈ)നം.30/2025/പൊ.വി.വ. ഉത്തരവുപ്രകാരം, 31-03-2015 വരെ നിയമിതരായതും സംരക്ഷണത്തിന് അർഹതയുള്ളതുമായ കായികാധ്യാപകരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി, യു.പി. സ്കൂളുകളിൽ ഏറ്റവും കുറഞ്ഞത് 250 കുട്ടികൾ വീതമുള്ള രണ്ടു സ്കൂളുകളിലായും ഹൈസ്കൂളുകളിൽ, ഏറ്റവും കുറഞ്ഞത് 3 പീരിഡ് എങ്കിലും VIII, IX ക്ലാസുകളിലായുള്ള രണ്ടു സ്കൂളുകളിലായും അതായത് മാതൃസ്കൂളിലും മറ്റൊരു സ്കൂളിലുമായി തസ്തിക അനുവദിക്കാതെ ക്ലബ്ബിങ് വ്യവസ്ഥയിൽ ക്രമീകരിച്ചിരുന്നു.

(ബി) ഇപ്പോൾ അംഗീകാരം ലഭിച്ച ചില അധ്യാപകർക്ക് കുട്ടികളുടെ എണ്ണം കുറഞ്ഞതിന്റെ പേരിൽ നിയമനാംഗീകാരം ഈ വർഷം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഇവർക്ക് ജോലി സംരക്ഷണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തസ്തിക നഷ്ടപ്പെടുന്ന കായിക അധ്യാപകരെ 1:300 അനുപാതത്തിൽ സംരക്ഷിക്കണമെന്നും കായികാധ്യാപക തസ്തികകൾ സംരക്ഷിക്കണമെന്നും കായികാധ്യാപക സംഘടനകൾ ആവശ്യമുന്നയിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച് 26-07-2025-ന് ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

സർക്കാർ സ്കൂളുകളിലെ ബൈ ട്രാൻസ്ഫർ നിയമനം

292 (1546) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകളിലെ ബൈ-ട്രാൻസ്ഫർ നിയമനത്തിനായി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ താഴ്ന്ന സ്കെയിലിൽ ജോലി ചെയ്തുവരുന്ന യോഗ്യരായ ജീവനക്കാരെ പരിഗണിക്കുന്നതിന് നിലവിലുള്ള വിശേഷാൽ ചട്ടം അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

അനുവദിക്കുന്നില്ല. പൊതു വിദ്യാഭ്യാസ വകുപ്പിലെ താഴ്ന്ന സ്കെയിലിൽ സേവനം ചെയ്യുന്ന യോഗ്യതയുള്ള ജീവനക്കാരെ മാത്രമാണ് സ്കൂളുകളിലെ ബൈ ട്രാൻസ്ഫർ നിയമനത്തിനായി പരിഗണിക്കുന്നത്.

സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ

293 (1547) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ പാഠാവലി നിർമ്മാണത്തിൽ സംസ്ഥാനത്തിന്റെ സമീപനം മാതൃകയാക്കണമെന്ന് എൻ.സി.ഇ.ആർ.ടി.-യോട് കേന്ദ്ര സർക്കാർ നിർദ്ദേശിക്കത്തക്ക വിധത്തിലുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സ്വതന്ത്രമായ കരിക്കുലവും സിലബസും തയ്യാറാക്കിയാണ് സാക്ഷരതാമിഷൻ സാക്ഷരതാ പാഠാവലി തയ്യാറാക്കിയിട്ടുള്ളത്. മുതിർന്നവരുടെ ബോധനശാസ്ത്രത്തെ

പരിപൂർണ്ണമായി അടിസ്ഥാനപ്പെടുത്തിയാണ് സാക്ഷരതാപാഠാവലി വികസിപ്പിച്ചിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സാക്ഷരതാപദ്ധതിയായ ഉല്ലാസ് - ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി 2025 ഫെബ്രുവരി 17, 18 എന്നീ തീയതികളിൽ ഹൈദരാബാദിൽ സംഘടിപ്പിച്ച നാലാം റീജിയണൽ കോൺഫറൻസിൽ സാക്ഷരതാ മിഷൻ തയ്യാറാക്കിയ സാക്ഷരതാ പാഠാവലി പ്രയോജനപ്പെടുത്തി ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം നടപ്പിലാക്കി വിജയിപ്പിക്കുകയും പ്രസ്തുത പദ്ധതിയിലൂടെ സാക്ഷരത കൈവരിക്കുന്നതിനായി കേരളം മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനരീതികൾ (പാഠപുസ്തകം ഉൾപ്പെടെ) മറ്റ് സംസ്ഥാനങ്ങൾക്ക് കൂടി മാതൃകയാക്കാൻ ഉതകുന്നതാണെന്ന അഭിപ്രായവും ഉയർന്നു വരികയുണ്ടായി.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ, ആദിവാസികൾ എന്നിവർക്കായി നടത്തിയ സാക്ഷരതാ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കേരളത്തിലെത്തുന്ന അതിഥി തൊഴിലാളികളെ മലയാളത്തിൽ ആശയ വിനിമയത്തിന് പ്രാപ്തരാക്കുന്ന പദ്ധതിയാണ് 'ചങ്ങാതി'. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി 2016-ൽ ആരംഭിച്ച ഈ പദ്ധതി 14 ജില്ലകളിലുമായി നിലവിൽ നാല് ഘട്ടങ്ങൾ പൂർത്തീകരിച്ചു. നാല് മാസമാണ് സാക്ഷരതാ ക്ലാസ്സിന്റെ പഠന കാലയളവ്. സർവെയിലൂടെയാണ് പഠിതാക്കളെ കണ്ടെത്തുന്നത്. 15-08-2017-ന് എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ മാതൃകാ പദ്ധതി നടപ്പാക്കി. മാറമ്പള്ളി എം.ഇ.എസ്. കോളേജ് വിദ്യാർഥികളും സന്നദ്ധപ്രവർത്തകരും ചേർന്ന് 27 വാർഡുകളിൽ

സർവെ നടത്തുകയും 469 പേരെ ആദ്യഘട്ടത്തിൽ സാക്ഷരരാക്കുകയും ചെയ്തു. 2018 മുതൽ ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി നടത്തിവരുന്ന തുടർവിദ്യാഭ്യാസ പദ്ധതിയാണ് 'സമന്വയ', സാക്ഷരത, നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർ സെക്കൻഡറി എന്നീ തുല്യതാകോഴ്സുകളാണ് ഈ പദ്ധതിയിലൂടെ ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. സമന്വയ പദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം 250 ഓളം പഠിതാക്കൾ സാക്ഷരതാ മിഷന്റെ വിവിധ കോഴ്സുകളിലായി പഠനം പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആദിവാസി മേഖലയെ സമ്പൂർണ്ണ സാക്ഷരതയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് അട്ടപ്പാടി സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പദ്ധതി. ഒന്നാംഘട്ടത്തിലൂടെ 1117 പേരെയും രണ്ടാം ഘട്ടത്തിലൂടെ 2553 പേരെയും വിവിധ ഊരുകളിൽനിന്നായി ആകെ 3670 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പഠിതാക്കൾക്ക് ക്ലാസ് നൽകുന്നതിനായി ആദിവാസി വിഭാഗത്തിൽനിന്നും അർഹമായ വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് ഇൻസ്ട്രക്ടർമാരായി തെരെഞ്ഞെടുത്തിട്ടുള്ളത്. കണ്ണൂർ ജില്ലയിലെ ആറളം ഫാമിലെ ആദിവാസികൾക്കായി, കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ച പ്രത്യേക സാക്ഷരതാ പദ്ധതിയാണ് 'ആദിശ്രീ പദ്ധതി', സർവെയിലൂടെ കണ്ടെത്തിയ നിരക്ഷരരെ സാക്ഷരരാക്കുന്നതിനായി ആറളം ഫാമിലെ തന്നെ വിദ്യാഭ്യാസയോഗ്യതയുള്ളവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി ഇൻസ്ട്രക്ടർമാരായി നിയോഗിച്ചിട്ടുണ്ട്.

(സി) പരിസ്ഥിതി സാക്ഷരതാ പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷൻ നടത്തിയ

പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

ബഹുജനങ്ങളിൽ പാരിസ്ഥിതികാവബോധം വളർത്തുന്നതിനുവേണ്ടി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് "പരിസ്ഥിതി സാക്ഷരത". ഇതിന്റെ ഭാഗമായി ജലസ്രോതസുകളുടെ സ്ഥിതിവിവര പഠനപരിപാടി സംസ്ഥാനത്ത് 2000 വാർഡുകളിൽ സംഘടിപ്പിച്ചു. പ്രസ്തുത സ്ഥിതിവിവര പഠനറിപ്പോർട്ടിന്റെ പ്രകാശനവും പരിസ്ഥിതി സെമിനാറും തിരുവനന്തപുരത്ത് 2017 നവംബർ 19, 20 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ സംഘടിപ്പിച്ചിരുന്നു. കാലാവസ്ഥ, മാലിന്യ നിർമ്മാർജനം, മണ്ണ്, ജലം, ജൈവവൈവിധ്യം, ഹരിത ഭവനം എന്നീ 6 മേഖലകളെ അടിസ്ഥാനപ്പെടുത്തി സംഘടിപ്പിച്ച സെമിനാറിൽ പരിസ്ഥിതി ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, അക്കാദമിക വിദഗ്ധർ, വിദ്യാർഥികൾ, ജനപ്രതിനിധികൾ തുടങ്ങി വിവിധ മേഖലകളിലുള്ളവർ പങ്കെടുത്തു. പരിസ്ഥിതി സാക്ഷരതാ പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷന്റെ സംസ്ഥാനത്തെ 70,000-ത്തോളം പത്താംതരം, ഹയർ സെക്കൻഡറി തുല്യതാപഠിതാക്കൾ മുഖേന സംസ്ഥാനത്തൊട്ടാകെ ജലവിനിയോഗം സംബന്ധിച്ച് ജലസാക്ഷരതാ ക്ലാസുകൾ നടത്തുന്നതിന് 2018 വർഷത്തിൽ 'ജലം' പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്തു.

(ഡി) മിഷൻ നടപ്പിലാക്കുന്ന തുല്യതാകോഴ്സുകൾ സംബന്ധിച്ച വിശദാംശവും അവ നടപ്പിലാക്കുന്നതിലുണ്ടായ പുരോഗതിയും അറിയിക്കാമോ?

കേരളസംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി 2006 മുതലാണ് പത്താംതരം തുല്യതാ കോഴ്സ് ആരംഭിച്ചത്. പത്ത് മാസമാണ് കോഴ്സിന്റെ കാലയളവ്. മലയാളം

മീഡിയത്തിനുപുറമേ തമിഴ്, കന്നഡ മീഡിയങ്ങളിലും ക്ലാസുകൾ നടന്നുവരികയാണ്. ലക്ഷദ്വീപിലും ഗൾഫ് രാജ്യമായ യു.എ.ഇ.-യിലും പത്താംതരം തുല്യതാ കോഴ്സിന്റെ ക്ലാസുകൾ നടന്നുവരുന്നു. 17 വയസ്സാണ് കോഴ്സിൽ ചേരുന്നതിനുള്ള പ്രായപരിധി. ഔപചാരിക ഏഴാം ക്ലാസ് വിജയിച്ചവർ, സാക്ഷരതാമിഷന്റെ ഏഴാംതരം തുല്യത വിജയിച്ചവർ, പത്താംക്ലാസ് പരാജയപ്പെട്ടവർ തുടങ്ങിയവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 2006-07 അധ്യയന വർഷത്തിൽ ആരംഭിച്ച പത്താംതരം തുല്യതാ പദ്ധതിയുടെ 17 ബാച്ചുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

ഹയർ സെക്കൻഡറി തുല്യത - സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്ക് ഹയർ സെക്കൻഡറി തുല്യതാകോഴ്സസിന് 2013-ൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകൾ അനുവദിച്ചു. 2015-ലാണ് ഹയർ സെക്കൻഡറി തുല്യതാ കോഴ്സസ് ആരംഭിച്ചത്. പത്താംതരം തുല്യതാകോഴ്സ് വിജയിച്ചവർക്കും ഔപചാരിക പത്താംക്ലാസ് വിജയിച്ചശേഷം പഠനം തുടരാൻ കഴിയാത്തവർക്കും ഔപചാരികതലത്തിലുള്ള പ്ലസ്ടു/പ്രീഡിഗ്രി കോഴ്സ് പൂർത്തിയാക്കി പരീക്ഷയിൽ പരാജയപ്പെട്ടവർക്കും ഹയർസെക്കൻഡറി തുല്യതാ കോഴ്സിൽ ചേർന്ന് പഠിക്കാവുന്നതാണ്. ഹയർസെക്കൻഡറി തുല്യതാ കോഴ്സിന്റെ എട്ട് ബാച്ചുകൾ പൂർത്തിയായി.

നിലമ്പൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ വാർഡൻമാരെ നിയമിക്കുന്നത്

294 (1548) ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി - പട്ടികവർഗ വിഭാഗത്തിന് മുൻഗണന നൽകുന്ന

നിലമ്പൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ 07-12-2019 ഉദ്ഘാടനം ചെയ്ത എല്ലാ സൗകര്യങ്ങളോടും കൂടിയ ഹോസ്റ്റലുകൾ വാർഡന്റെ അഭാവം കാരണം പ്രവർത്തനസജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ ഹോസ്റ്റലുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ/എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി രണ്ട് വാർഡൻമാരെ നിയമിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ സർക്കാർ ഐ.ടി.ഐ. ഹോസ്റ്റലുകളിൽ ഹോസ്റ്റൽ വാർഡൻ (2), വാച്ച്മാൻ (1), ഫുൾടൈം സ്വീപ്പർ (1) എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ കുടുംബശ്രീ മുഖാന്തരമോ ദിവസ വേതനാടിസ്ഥാനത്തിൽ/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി ടെയിനിങ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സി1/229/2025/തൊഴിൽ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

വർക്ക് ലൈഫ് ബാലൻസ്

295 (1549) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവരസാങ്കേതികവിദ്യാ മേഖലയിലെ ജീവനക്കാർ നേരിടുന്ന തൊഴിൽ സംബന്ധമായ സമ്മർദ്ദത്തെയും ചൂഷണത്തെയും തുടർന്നുണ്ടാകുന്നതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിവര സാങ്കേതികവിദ്യ മേഖലയിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസിക സമ്മർദം അനുഭവിക്കുന്നതായുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. തൊഴിൽ വകുപ്പിൽ ലഭിക്കുന്ന തൊഴിൽ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിലും തൊഴിൽ സ്ഥലത്ത് തൊഴിലാളികൾ നേരിടുന്ന തൊഴിൽപരവും വ്യക്തിപരവുമായ ചൂഷണം സംബന്ധിച്ച പരാതികളിലും ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഏറ്റവുമധികം സമയം തൊഴിൽ ചെയ്യേണ്ടിവരുന്നതായി പറയപ്പെടുന്ന ഇന്ത്യൻ തൊഴിലാളികളുടെ തൊഴിൽ സമയം വീണ്ടും വർധിപ്പിക്കണമെന്ന് നിർദേശിക്കുന്ന നിയമഭേദഗതി കേന്ദ്രസർക്കാർ കൊണ്ടുവരുന്ന സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഏറ്റവുമധികം സമയം തൊഴിൽ ചെയ്യേണ്ടി വരുന്നതായി പറയപ്പെടുന്ന ഇന്ത്യൻ തൊഴിലാളികളുടെ തൊഴിൽ സമയം വീണ്ടും വർധിപ്പിക്കുമെന്ന് നിർദേശിക്കുന്ന നിയമഭേദഗതി കേന്ദ്രസർക്കാർ കൊണ്ടുവരുന്ന സാഹചര്യം പഠന വിധേയമാക്കിയിട്ടില്ല. തൊഴിലാളികളുടെ തൊഴിൽ സമയത്തിൽ മാറ്റം വരുത്തുന്നതുൾപ്പെടുന്ന ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ ഭാഗമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച Deregulation നടപടികളിൽ തൊഴിൽ സമയം വർധിപ്പിക്കുന്നതുസംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗം വിളിച്ചിട്ടുള്ളതും തൊഴിലാളി യൂണിയനുകൾ അഭിപ്രായം രേഖാമൂലം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്.

(സി) മേൽ സാഹചര്യത്തിൽ എല്ലാ മേഖലയിലും ജോലിചെയ്യുന്നവർ അഭിമുഖീകരിക്കുന്ന വർക്ക് ലൈഫ് ബാലൻസ് പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

എല്ലാ മേഖലയിലും ജോലി ചെയ്യുന്നവർ അഭിമുഖീകരിക്കുന്ന വർക്ക് ലൈഫ് ബാലൻസ് പ്രശ്നങ്ങൾ പഠിക്കാൻ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

(ഡി) തൊഴിൽ ചൂഷണത്തിന്റെയും തൊഴിൽ സമ്മർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ ബാങ്കിങ്, ട്രേഡിങ്, വിവരസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ജോലിചെയ്യുന്നവർ ആത്മഹത്യ ചെയ്യുകയോ തൊഴിൽ ഉപേക്ഷിക്കുകയോ ചെയ്യുന്നതായ സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

തൊഴിൽ ചൂഷണത്തിന്റെയും തൊഴിൽ സമ്മർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ ട്രേഡിങ്, വിവരസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നവർ ആത്മഹത്യ ചെയ്യുകയോ തൊഴിൽ ഉപേക്ഷിക്കുകയോ ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ളതും മറ്റ് തൊഴിൽ മേഖലകൾക്ക് ബാധകമായിട്ടുള്ളതുമായ തൊഴിൽ നിയമങ്ങളെല്ലാം തന്നെ ട്രേഡിങ്, വിവരസാങ്കേതികവിദ്യ എന്നിവയ്ക്ക് ബാധകമായതിനാൽ കൂടുതൽ സമയം ജോലി ചെയ്യിപ്പിക്കുന്നതടക്കമുള്ള തൊഴിൽ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ തൊഴിൽ വകുപ്പ് സമയോചിതമായി ഇടപെടലുകൾ നടത്തി പരാതികൾക്ക് പരിഹാരം കാണുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് എതിരായും അത്തരം ചൂഷണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തൊഴിൽ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

296 (1550) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൊഴിൽ വകുപ്പ് ദേവികുളം മണ്ഡലത്തിൽ മൂന്നാർ ലേബർ കോംപ്ലെക്സ് നിർമ്മാണം നടപ്പിലാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തൊഴിലാളികളുടെ പരാതികൾ നിർഭയമായും എളുപ്പത്തിലും അധികാരികളുടെ സമക്ഷം എത്തിക്കുന്നതിനും തൊഴിൽ നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും തോട്ടം തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും തൊഴിൽ വകുപ്പിനുകീഴിലുള്ള മൂന്നാർ ഡെപ്യൂട്ടി ലേബർ ഓഫീസ്, മൂന്നാർ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയം, മൂന്നാർ അസിസ്റ്റന്റ് ലേബർ ഓഫീസ് എന്നീ ഓഫീസുകളുടെ പ്രവർത്തനങ്ങൾ ഒരുസ്ഥലത്തേയ്ക്ക് കേന്ദ്രീകരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മിക്കാൻ കഴിഞ്ഞു.

ഇടുക്കി ജില്ലയിലെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് കൂടുതൽ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി കണ്ണൻ ദേവൻ ഹിൽസ് ഇ.എസ്.ഐ. ഡിസ്പെൻസറി ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിനു കീഴിൽ മൂന്നാറിൽ പ്രവർത്തനം ആരംഭിച്ചു.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി

297 (1551) ഡോ. മാത്യൂ കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് മുൻ സർക്കാർ റിട്ടയർമെന്റ് ആനുകൂല്യമായി 1.5 ലക്ഷം രൂപവരെ നൽകാൻ തീരുമാനിച്ചിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ ഇത് നിലവിൽ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നൽകാൻ നടപടികൾ സ്വീകരിക്കാമോ?

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ 2020 ജൂൺ മാസം നിലവിൽ വന്ന ഭേദഗതിയിലൂടെ, തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്ന ഒരാൾ അംശദായമായി അടച്ചിട്ടുള്ള തുകയും അംശദായം അടച്ച തീയതികളും കണക്കിലെടുത്ത് അതിന് 5.5% പലിശയും ചേർത്ത തുക റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന തുക പരമാവധി 1,50,000/- രൂപയായിരിക്കും എന്ന നിബന്ധനയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ, 2007 ഡിസംബർ വരെ പ്രതിമാസം 10/- രൂപ എന്ന നിരക്കിലും 2020 മാർച്ച് വരെ പ്രതിമാസം 20/- രൂപ എന്ന നിരക്കിലും അംശദായം അടച്ചിരുന്ന തൊഴിലാളികൾക്ക് 2020-ലെ പദ്ധതി ഭേദഗതിപ്രകാരം റിട്ടയർമെന്റ് ആനുകൂല്യം കണക്കാക്കുന്നതിൽ ചില അപാകതകളുള്ളതായി

കണ്ടതിനെത്തുടർന്ന്, അത് പരിഹരിക്കുന്നതിനായി 2020-ലെ പദ്ധതി ഭേദഗതിപ്രകാരം റിട്ടയർമെന്റ് ആനുകൂല്യം കണക്കാക്കുമ്പോൾ നഷ്ടമുണ്ടാകുന്നപക്ഷം, 2000-ലെ പദ്ധതി പ്രകാരമുള്ള തുക ഉറപ്പുവരുത്തുന്നതിനായി, പൂർത്തിയാക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റ് ആനുകൂല്യമായി നൽകേണ്ട തുക സംബന്ധിച്ച ഒരു പട്ടിക കൂടി ഉൾപ്പെടുത്തി 26-06-2020 മുതൽ മുൻകാല പ്രാബല്യത്തോടെ 2024 ജൂൺ മാസം പദ്ധതി വീണ്ടും ഭേദഗതി ചെയ്തിട്ടുണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി ഖണ്ഡിക 28 എ-യിലെ വ്യവസ്ഥ പ്രകാരമുള്ള റിട്ടയർമെന്റ് ആനുകൂല്യം ബോർഡിൽനിന്നും നിലവിൽ വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് അഞ്ച് വർഷമായി പ്രസവ ധനസഹായം നൽകുന്നില്ലെന്നത് വസ്തുതയാണോ?

അല്ല. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരമുള്ള പ്രസവ ധനസഹായമായ 2,000/- രൂപയും അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി പ്രകാരമുള്ള സർക്കാർ വിഹിതമായ 13,000/- രൂപയും ചേർത്ത് ആകെ 15,000/- രൂപ തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമായവർക്ക് പ്രസവ ധനസഹായമായി നൽകിവരുന്നു. 2025 ജൂലൈ മാസം വരെയുള്ള അർഹരായ അപേക്ഷകർക്ക് ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 2,000/- രൂപ ബോർഡിന്റെ തനത് ഫണ്ടിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. 2022 മുതൽ 2023 ഡിസംബർ 31 വരെയുള്ള അപേക്ഷകരിൽ സർക്കാർ വിഹിതം ലഭ്യമാകാനുള്ളവർക്ക് ജില്ലാടിസ്ഥാനത്തിൽ സീനിയോരിറ്റി അനുസരിച്ച് ആനുകൂല്യം വിതരണം നടത്തിവരുന്നുണ്ട്. പ്രസ്തുത

കാലയളവിലെ ഏകദേശം 2450 അപേക്ഷകർക്കും 2024 മുതൽ നാളിതുവരെയുള്ള 2813 അപേക്ഷകർക്കും സർക്കാർ വിഹിതമായ 13,000/- രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ട്.

(സി) ക്ഷേമനിധിയിൽ അംഗമായ തയ്യൽ തൊഴിലാളികൾക്ക് സർവീസ് പെൻഷൻ നൽകുമെന്ന വാഗ്ദാനം നാളിതുവരെ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നൽകാൻ നടപടികൾ സ്വീകരിക്കുമോ?

കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി പദ്ധതി ഖണ്ഡിക 27 എ(6) പ്രകാരം, 3 വർഷം മുതൽ 9 വർഷം വരെ സർവീസ് ഉള്ളവർക്ക് സർക്കാർ തീരുമാനിക്കുന്ന മിനിമം പെൻഷനും തുടർന്നുള്ള ഓരോ വർഷത്തെയും സർവീസിന് 20/- രൂപ വീതം വർധനവ് വരുത്തിയും നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ലാത്തതിനാൽ, സർക്കാർ ധനസഹായം ഉപയോഗിച്ചാണ് സർവീസ് കാലയളവ് കണക്കാക്കാതെ എല്ലാ പെൻഷൻകാർക്കും പ്രതിമാസം 1,600/- രൂപ എന്ന നിരക്കിൽ നിലവിൽ പെൻഷൻ വിതരണം നടത്തിവരുന്നത്. അതിനാൽ, പദ്ധതി വ്യവസ്ഥപ്രകാരം സർവീസ് കാലയളവ് അനുസരിച്ച് വർധിപ്പിച്ച നിരക്കിലുള്ള പെൻഷൻ വിതരണം നടപ്പിൽ വരുത്താൻ ബോർഡിന് സാധിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക

298 (1552) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷന് എത്ര മാസത്തെ, എത്ര തുക കുടിശ്ശികയുണ്ട്; വ്യക്തമാക്കാമോ?

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 16 മാസത്തെ പെൻഷൻ കുടിശ്ശികയിനത്തിൽ 992 കോടി രൂപ കുടിശ്ശികയുണ്ട്.

(ബി) എത്രപേർക്കാണ് നിലവിൽ പെൻഷൻ നൽകി വരുന്നതെന്നും പ്രതിമാസം എത്ര തുക വേണ്ടിവരുമെന്നും അറിയിക്കാമോ?

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും നിലവിൽ 3,89,373 (മൂന്നുലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി മുന്നൂറ്റി എഴുപത്തി മൂന്നു) പേർക്കാണ് പെൻഷൻ നൽകിവരുന്നത്. പ്രതിമാസം ഏകദേശം 62 കോടി രൂപ പെൻഷൻ വിതരണത്തിന് ആവശ്യമാണ്.

(സി) കുടിശ്ശിക പൂർണ്ണമായും എന്നത്തേക്ക് കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിങ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. 14-02-2024-ലെ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ സ.ഉ.(കൈ)നം. 23/2024/എൽ.എസ്.ജി.ഡി ഉത്തരവ് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+) പ്രകാരം ബിൽഡിങ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും സെസ്സ് പിരിവ് 16-01-2024-ലും എല്ലാ പഞ്ചായത്തുകളിലും 2024 ഏപ്രിൽ മുതലും പിരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സെസ്സ് തുക ഒടുക്കുന്നതിന് വിധേയമായി മാത്രമേ ഒക്യുപൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുള്ളൂ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്ന് ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സെസ്സ് പിരിവിൽ കാര്യമായ വർധനവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനുമുൻപ് പ്രതിമാസം ഏകദേശം 30 കോടി രൂപയായിരുന്ന സെസ്സ് കളക്ഷൻ എങ്കിൽ നിലവിൽ ഏകദേശം 50 കോടി രൂപ ലഭിക്കുന്നുണ്ട്. ഇപ്രകാരം സെസ്സ് പിരിവ് വർധിക്കുന്ന മുറയ്ക്ക് ബോർഡിൽനിന്നും കുടിശ്ശികയടക്കമുള്ള ആനുകൂല്യങ്ങളെല്ലാം വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്.

കയർ ക്ഷേമനിധിയിൽ അംഗമായവർക്ക് റിട്ടയർമെന്റ് അനുകൂല്യങ്ങൾ നൽകാത്ത സംഭവം

299 (1553) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

പരമ്പരാഗത വ്യവസായമെന്ന നിലയിൽ കയർ വ്യവസായത്തിലുണ്ടായിട്ടുള്ള പ്രതിസന്ധികൾമൂലം കയർ തൊഴിലാളി ക്ഷേമനിധി ബോർഡും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ക്ഷേമനിധി നിയമപ്രകാരം കയറ്റുമതിക്കാരുടെ വിറ്റുവരവിനെ അടിസ്ഥാനമാക്കിയുള്ള അംശാദായം പിരിക്കുന്നത് തടഞ്ഞുകൊണ്ടുള്ള 2003-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയും കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധികളും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കി. പരിഹാരമെന്ന നിലയിൽ സർക്കാർ കൊണ്ടുവന്ന കയർതൊഴിലാളി ക്ഷേമ സെസ്സ് നിയമം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ

ചെയ്തതിനാൽ സെസ്സ് നിയമപ്രകാരമുള്ള തുടർനടപടികളും തടസ്സപ്പെടുകയുണ്ടായി. കോവിഡിനു ശേഷം കയർ മേഖലയിലെ ചെറുകിട ഉൽപാദകരുടെയും തൊഴിലാളികളുടെയും വലിയ തോതിലുള്ള കൊഴിഞ്ഞുപോക്കും ക്ഷേമനിധിയുടെ വരുമാനത്തെ ബാധിച്ചിട്ടുണ്ട്.

(ബി) 2021-ൽ ക്ഷേമനിധിയിലേക്കുള്ള തൊഴിലാളി വിഹിതം വർധിപ്പിച്ചപ്പോൾ മാച്ചിങ് ഗ്രാന്റ് പത്ത് രൂപയായി നിജപ്പെടുത്തിയതാണോ പ്രതിസന്ധിക്ക് കാരണമെന്ന് വിശദമാക്കാമോ?

മാച്ചിങ് ഗ്രാൻഡ് നിജപ്പെടുത്തിയതുമൂലമല്ല, മറിച്ച്, കേരള കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി തൊണ്ടിന്റെയും ചകിരിയുടെയും കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിറ്റുവരവിന്മേൽ സെസ്സ് ചുമത്തുന്നതിനും അത് പിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ടിന്റെ സാധുത ചോദ്യം ചെയ്തുകൊണ്ട് വിവിധ കയർ വിപണന-കയറ്റുമതി കമ്പനികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(c) 30000/2009, WP(c) 29548/2009 എന്നീ കേസുകളിലെ ഇടക്കാല വിധിപ്രകാരം സെസ്സ് പിരിക്കുന്നത് സ്റ്റേ ചെയ്തിരിക്കുന്നതിനാലാണ് പ്രധാനമായും കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളത്. വർധിച്ച തോതിലുള്ള ഭരണപരമായ ചെലവുകൾ വഹിക്കേണ്ടിവരുന്നതും ബോർഡ് നേരിടുന്ന പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

(സി) കയർ തൊഴിലാളികൾക്ക് കാലാനുസൃതമായി ആനുകൂല്യങ്ങൾ വർധിപ്പിക്കാത്തതും അഞ്ച് വർഷത്തിലേറെയായി വിരമിക്കൽ ആനുകൂല്യങ്ങൾ

അനുവദിക്കാത്തതുമായ സാഹചര്യമുണ്ടോ; എങ്കിൽ അത് ഈ മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കിന് കാരണമായിട്ടുണ്ടോ?

കയർ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ കാലാനുസൃതമായി സ്വീകരിച്ചുവരുന്നു. പരമ്പരാഗത കയർ തൊഴിലാളികളെ പുതുതലമുറ ഉൽപ്പന്നങ്ങളിലോട്ട് ചുവടുമാറ്റത്തിനും അതുവഴി അതിജീവനത്തിനും സഹായിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പരമ്പരാഗത കയർ തൊഴിലാളികൾക്ക് വിപണന സാധ്യതയുള്ള കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് NID ഭോപ്പാലുമായി ചേർന്ന് ഒരു Product Research and Design Centre കയർ കോർപറേഷനിൽ ആരംഭിച്ചു. ഇപ്പോൾ ആലപ്പുഴയിൽ ആദ്യ ഘട്ടമായി 350 പേർക്ക് ദിവസം 600/- രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിക്കഴിഞ്ഞു.

ഡിസൈൻ പരിശീലനം ലഭിച്ച കയർ തൊഴിലാളികളുടെ സംരംഭക സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കയർ കോർപ്പറേഷൻ വഴി ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലാണ്.

ആഭ്യന്തര-വിദേശ വിപണി വിപുലീകരണത്തിനായി ആമസോൺ, പെപ്പർ ഫ്രൈ, ഇന്ത്യ മാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾവഴി കയർ ഉൽപ്പന്നങ്ങളുടെ വിൽപന നടത്തിവരുന്നു. കേരള സർക്കാരിന്റെ KShoppe (E-commerce platform) വഴിയും കയർ ഉൽപ്പന്നങ്ങളുടെ വിൽപന നടത്തിവരുന്നു. കൂടാതെ തിരുവനന്തപുരം ലുലു മാളിൽ കയർ കോർപ്പറേഷന്റെ പുതിയ വിൽപ്പനശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ചെറുകിട ഉല്പാദകരുടെ നെയ്ത്ത് തറികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ചെലവിന്റെ 50% പരമാവധി 15,000/- രൂപ നൽകി അവരുടെ പ്രവർത്തന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി നടപ്പുസാമ്പത്തിക വർഷം 900 തറികൾക്ക് 15,000/- രൂപ നിരക്കിൽ 1.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഗഡുവായി 30 തറികൾക്ക് 15,000/- രൂപ നിരക്കിൽ 4.5 ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ചകിരിയുടെ ഉല്പാദനം വർധിപ്പിക്കുന്നതിനായി കയർ മെഷീനറി മാനുഫാക്ചറിങ് കമ്പനി മുഖേന നിലവിലുള്ള ASM യൂണിറ്റുകളിൽ 500 എണ്ണം Maintenance ചെയ്തു. 250 എണ്ണം ഈ വർഷം Maintenance ചെയ്ത ഉല്പാദനം വർധിപ്പിച്ചിട്ടുണ്ട്. അതുവഴി കയറിന്റെ ഗുണമേന്മയും ഉല്പാദനവും കൂടിയിട്ടുണ്ട്.

30-50 Kg x (140 റണ്ണേജ്) കയർ ഉല്പാദനം മാത്രം ഉണ്ടായിരുന്നത് നിലവിൽ 50-65 Kg x (160 റണ്ണേജ്) കയർ ഉല്പാദനമായി വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2011-16 വരെയുള്ള കാലഘട്ടത്തിൽ 36771 ടൺ കയറാണ് ഉല്പാദിപ്പിച്ചിട്ടുള്ളത്. എന്നാൽ 2016-21-ൽ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ ഉല്പാദനം 77218 ടണ്ണായി വർധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന് 31-07-2025 വരെ 58403.13 ടൺ കയർ ഉല്പാദിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 31-07-2025 വരെ 3580.13 ടൺ കയർ നിലവിൽ ഉല്പാദിപ്പിച്ചിട്ടുണ്ട്.

കയർപിരി സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഒരു കിലോ കയറിന് 3.5 മുതൽ 6.5 രൂപ വരെ വർധനവുണ്ടായ സാഹചര്യത്തിൽ പരമ്പരാഗത ഇ-റാട്ടിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലി 350/- രൂപയിൽ നിന്ന് 400/- രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്.

ഇത് കയറുല്പാദനം വർധിപ്പിക്കുന്നതിന് പ്രോത്സാഹനമായിട്ടുണ്ട്. ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിന് 5 കോടി രൂപ അനുവദിച്ച് കയർ ഫൈബർ ബാങ്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കയർ സംഘങ്ങൾക്ക് സമയബന്ധിതമായി ഉൽപ്പന്നങ്ങളുടെ വില ഉറപ്പാക്കുന്നതിനും അതുവഴി ഉല്പാദനം വർധിപ്പിക്കാനും ലക്ഷ്യമിട്ട് കയർ റിവോൾവിങ് ഫണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ചുകൊണ്ട് കയർ തൊഴിലാളികൾക്ക് കാലാനുസൃതമായ ആനുകൂല്യങ്ങൾ വർധിപ്പിക്കാനും വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കയർ തൊഴിലാളികൾക്ക് കാലാനുസൃതമായി ആനുകൂല്യങ്ങൾ വർധിപ്പിക്കുന്നതും വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 53.92 ലക്ഷം രൂപയും നടപ്പുവർഷം ഒരു കോടി രൂപയും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി സർക്കാർ നൽകിയിട്ടുണ്ട്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമി

300 (1554) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ

ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൺസൂക്ഷൻ അക്കാദമി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ബോർഡിന്റെ ഉടമസ്ഥതയിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂരിലുള്ള സ്ഥലത്ത് കൺസൂക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനായി മുൻപ് തീരുമാനം കൈക്കൊണ്ടിരുന്നെങ്കിലും ബോർഡിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ തുടർനടപടി സ്വീകരിച്ചിരുന്നില്ല. ടി അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 08-07-2024-ൽ യോഗം ചേരുകയും ടി സ്ഥലം ബോർഡിന് പ്രയോജനകരമാകുന്ന രീതിയിൽ ഉപയോഗിക്കുന്നതിനായി ബോർഡ് ചെയർമാന്റെ അധ്യക്ഷതയിൽ യോഗം ചേർന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദേശിക്കുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം 23-04-2025-ൽ കൂടിയ 278-ാമത് ബോർഡ് യോഗത്തിൽ ചർച്ച ചെയ്തിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 30-06-2025-ൽ കൂടിയ യോഗത്തിൽ ചാത്തന്നൂരിൽ കൺസൂക്ഷൻ അക്കാദമിക്കായി ഏറ്റെടുത്ത സ്ഥലത്ത് വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡുമായി ബന്ധപ്പെട്ട കണ്ടെയ്നറുകൾ സൂക്ഷിക്കുന്നതിനായി, തറവാടക വാങ്ങി, ടി സ്ഥലം നൽകുന്നത് ഉചിതമായിരിക്കുമെന്നു തീരുമാനിക്കുകയും, ആയതിന്റെ സാധ്യത പരിശോധിച്ച്, ഇക്കാര്യത്തിലുള്ള ബോർഡിന്റെ അഭിപ്രായം ലഭ്യമാക്കണമെന്ന് നിർദേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത ഭൂമിയിൽ കൺസൂക്ഷൻ അക്കാദമിയോ സമാനമായ മറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിൽ ചാത്തന്നൂർ മീനാട് വില്ലേജിലുള്ള ഭൂമി മറ്റേതെങ്കിലും സർക്കാർ അല്ലെങ്കിൽ അർധ സർക്കാർ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി വിട്ടുകൊടുക്കാൻ ബോർഡ് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) ചാത്തന്നൂരിലെ ഭൂമി, മറ്റേതെങ്കിലും സർക്കാർ അല്ലെങ്കിൽ അർധ സർക്കാർ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി വിട്ടുകൊടുക്കാൻ ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടില്ല.

സ്കീം വർക്കേഴ്സിനുള്ള ആനുകൂല്യങ്ങൾ

301 (1555) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർ, ആശാവർക്കർമാർ, സ്കൂൾ പാചക തൊഴിലാളികൾ ഉൾപ്പെടെയുള്ള സ്കീം വർക്കേഴ്സിന്റെ ഓണറേറിയം സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നൽകിവരുന്നു.

	കേന്ദ്ര വിഹിതം - 60%	കേന്ദ്രവിഹിതത്തിന്റെ ആനുപാതിക സംസ്ഥാന വിഹിതം - 40%	ആകെ	അധിക സംസ്ഥാന വിഹിതം	തദ്ദേശ സ്വയം ഭരണ വകുപ്പ് വിഹിതം	ആകെ ഓണറേറിയം
അങ്കണവാടി വർക്കർ	2700	1800	4500	6300	2200	13000
അങ്കണവാടി ഹെൽപ്പർ	1350	900	2250	5300	1450	9000

പത്ത് വർഷത്തിൽ താഴെ സേവന കാലയളവുള്ള വർക്കർമാർക്കും ഹെൽപ്പർമാർക്കും 500/- രൂപയും പത്ത് വർഷത്തിലധികം സേവന കാലയളവുള്ള വർക്കർമാർക്കും ഹെൽപ്പർമാർക്കും 1,000/- രൂപയും 01-12-2023 മുൻകാല പ്രാബല്യത്തിൽ വർധിപ്പിച്ചുകൊണ്ടുള്ള 05-02-2024-ലെ സ.ഉ.(സാധാ)നം.52/2024/WCDD അടിസ്ഥാനത്തിൽ വർക്കർമാർക്ക് പരമാവധി 13,000/- രൂപയും ഹെൽപ്പർമാർക്ക് പരമാവധി 9,000/- രൂപയും അനുവദിച്ചുവരുന്നു.

പി.എം. പോഷൺ പദ്ധതിപ്രകാരം സ്കൂളുകളിൽ ജോലി ചെയ്യുവരുന്ന പാചകത്തൊഴിലാളികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ നിർബന്ധിത ഓണറേറിയം 1,000/- രൂപയാണ്. അതിൽ കേന്ദ്രവിഹിതം 600/- രൂപയും സംസ്ഥാന വിഹിതം 400/- രൂപയുമാണ്. എന്നാൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ വളരെ കൂടുതൽ തുക ഓണറേറിയം ഇനത്തിൽ സംസ്ഥാനം അധിക വിഹിതമായി നൽകുന്നുണ്ട്. കേരളത്തിൽ സ്കൂൾ പാചകത്തൊഴിലാളികൾക്ക്

നൽകുന്ന കുറഞ്ഞ പ്രതിദിന ഓണറേറിയം 600/- രൂപയും പരമാവധി പ്രതിദിന ഓണറേറിയം 675/- രൂപയുമാണ്. ഇപ്രകാരം ഒരു പാചകത്തൊഴിലാളിക്ക് പ്രതിമാസം കുറഞ്ഞത് 12,000/- രൂപയും കൂടിയത് 13,500/- രൂപയും സംസ്ഥാന അധിക വിഹിതം ഉപയോഗിച്ച് അനുവദിക്കുന്നുണ്ട്. ഇത് കേന്ദ്രം പ്രതിമാസം നിഷ്കർഷിക്കുന്ന തുകയുടെ 12-13 ഇരട്ടിയാണ്. കേന്ദ്രസർക്കാർ നാളിതുവരെ പാചക തൊഴിലാളികളുടെ ഓണറേറിയത്തിൽ യാതൊരു വർധനയും നൽകിയിട്ടില്ല എന്ന വസ്തുത നിലനിൽക്കെ സംസ്ഥാന സർക്കാർ 2016-17 മുതൽ നാളിതുവരെ 5 തവണ ഓണറേറിയം വർധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സർക്കാർ ഉത്തരവ് നം. & തീയതി	ഓണറേറിയം നിരക്ക് (രൂപയിൽ)			
	കുറഞ്ഞ പ്രതിദിന വേതനം		കൂടിയ പ്രതിദിന വേതനം	
	നൽകി വന്നിരുന്ന തുക	പുതുക്കി നിശ്ചയിച്ച തുക	നൽകി വന്നിരുന്ന തുക	പുതുക്കി നിശ്ചയിച്ച തുക
സ.ഉ.(സാധാ) നം. 2911/2016/പൊ.വി.വ. തീയതി 05-09-2016	350	400 05-09-2016 പ്രാബല്യത്തിൽ	400	475 05-09-2016 പ്രാബല്യത്തിൽ
സ.ഉ.(സാധാ) നം. 3298/2019/പൊ.വി.വ. തീയതി 17-08-2019	400	450 01-04-2017 പ്രാബല്യത്തിൽ	475	525 01-04-2017 പ്രാബല്യത്തിൽ
	450	500 01-04-2017 പ്രാബല്യത്തിൽ	525	575 01-04-2017 പ്രാബല്യത്തിൽ
സ.ഉ.(സാധാ) നം. 1827/2020/പൊ.വി.വ തീയതി 04-06-2020	500	550 01-04-2020 പ്രാബല്യത്തിൽ	575	625 01-04-2020 പ്രാബല്യത്തിൽ

സ.ഉ(സാധാ) നം. 1827/2020/പൊ.വി.വ. തീയതി 04-06-2020	550	600 01-04-2021 പ്രാബല്യത്തിൽ	625	675 01-04-2021 പ്രാബല്യത്തിൽ

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന ഓണറേറിയമാണ് കേരളത്തിൽ അനുവദിക്കുന്നത്. ഏകദേശം 160 കോടിയോളം രൂപ സംസ്ഥാന സർക്കാരിന് പ്രതിവർഷം ഈ ഇനത്തിൽ അധിക ബാധ്യതയുണ്ടാകുന്നുണ്ട്.

ആശമാരുടെ പ്രതിമാസ ഓണറേറിയമായ 7,000/- രൂപ പൂർണ്ണമായും സംസ്ഥാനസർക്കാർ വിഹിതത്തിൽ നിന്നുമാണ് നൽകിവരുന്നത്. ആശമാരുടെ ഓണറേറിയം സർക്കാർ കാലോചിതമായി വർധിപ്പിച്ചു വരുന്നുണ്ട്. 2011-12-ലെ സംസ്ഥാന ബജറ്റിലാണ് ആശമാർക്ക് ആദ്യമായി 300/- രൂപ പ്രതിമാസ ഓണറേറിയം നൽകുന്നതിന് തീരുമാനിച്ചിരുന്നത്. അതിനുശേഷം ഘട്ടംഘട്ടമായി ഈ തുക വർധിപ്പിച്ച് 2023-24-ൽ പ്രതിമാസം 7,000/- രൂപ വരെയാക്കി. വർധനവിന്റെ തോത് ചുവടെ ചേർക്കുന്നു:

Year	Amount
2011-12	300
2011 July	500
2012-13	600
2013-14	700
2014-15	900
2015-16	1000
2016-17	1500
2017-18	2000

2018 -19	4000
2019-20	4500
2020-21	5000
2021-22	6000
2023 December	7000

(ബി) സ്കീം വർക്കേഴ്സിനുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽ കേന്ദ്ര സർക്കാരിന്റെ സഹായ വിഹിതത്തിന്റെ നിലയെന്താണെന്ന് വിശദമാക്കുമോ?

അങ്കണവാടി പ്രവർത്തകരുടെ കേന്ദ്രവിഹിതം ഓണറേറിയം (central&state=60:40) നൽകുന്നതിന്റെ 60% കേന്ദ്രം വഹിക്കുന്നു. അതുപ്രകാരം വർക്കർമാർക്ക് കേന്ദ്രവിഹിതമായി നൽകുന്ന 4,500/- രൂപയിൽ 2,700/- രൂപയും ഹെൽപ്പർമാർക്ക് നൽകുന്ന 2,250/- രൂപയിൽ 1,350/- രൂപയും കേന്ദ്രസർക്കാർ വഹിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ (1 POSHAN) ഗുണഭോക്താക്കളായ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി കേന്ദ്ര മാർഗരേഖപ്രകാരം ഓണറേറിയം വ്യവസ്ഥയിലാണ് പാചകത്തൊഴിലാളികളെ നിയമിച്ചിട്ടുള്ളത്. 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഫണ്ടും സംസ്ഥാന അധിക വിഹിതവും ഉപയോഗിച്ചാണ് നിലവിൽ ഉച്ചഭക്ഷണ പാചകത്തൊഴിലാളികളുടെ നിർബന്ധിത ഓണറേറിയം അനുവദിക്കുന്നത്. പാചകത്തൊഴിലാളികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ നിർബന്ധിത ഓണറേറിയം കേവലം 1,000/- രൂപ മാത്രമാണ്.

അതിൽ കേന്ദ്രവിഹിതം 600/- രൂപയും സംസ്ഥാന വിഹിതം 400/- രൂപയുമാണ്.

ആശമാർക്ക് കേന്ദ്രസർക്കാർ വിഹിതത്തിൽനിന്നും ഇൻസെന്റീവുകളാണ് നൽകിവരുന്നത്. വിഭാവനം ചെയ്ത പ്രത്യേക പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിനാണ് ഇൻസെന്റീവുകൾ നൽകുന്നത്. ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നൽകിവരുന്നു.

(സി) കേന്ദ്രസർക്കാരിന്റെ വിഹിതം കുറവായിട്ടും കേരളത്തിൽ ഓരോ വിഭാഗം സ്കീം വർക്കേഴ്സിനും നൽകിവരുന്ന ആനുകൂല്യങ്ങളുടെ പ്രത്യേകതകൾ എന്താണ്; വിശദമാക്കുമോ?

അങ്കണവാടി പ്രവർത്തകരുടെ കേന്ദ്രവിഹിതം ഓണറേറിയത്തിൽ 60% കേന്ദ്രം വഹിക്കുന്നു. ആയതുപ്രകാരം വർക്കർമാർക്ക് കേന്ദ്ര വിഹിതമായി നൽകുന്ന 4,500/- രൂപയിൽ 2,770/- രൂപയും ഹെൽപ്പർമാർക്ക് നൽകുന്ന 2,250/- രൂപയിൽ 1,350/- രൂപയും കേന്ദ്ര സർക്കാർ വഹിക്കുന്നു. കേന്ദ്ര വിഹിതത്തിന്റെ ആനുപാതിക സംസ്ഥാന വിഹിതമായി വർക്കർമാർക്ക് 1,800/- രൂപയും (40%) അധിക സംസ്ഥാന വിഹിതമായി 6,300/- രൂപയും തദ്ദേശസ്വയംഭരണ വകുപ്പ് വിഹിതമായി 2,200/- രൂപയും ചേർത്ത് ആകെ 10,300/-രൂപയും ഹെൽപ്പർമാർക്ക് ആനുപാതിക സംസ്ഥാന വിഹിതമായി 900/-രൂപയും (40%) അധിക സംസ്ഥാന വിഹിതമായി 5,300/- രൂപയും തദ്ദേശസ്വയംഭരണ വകുപ്പ് വിഹിതമായി 1,450/- രൂപയും ചേർത്ത് ആകെ 7,650/- രൂപയും സംസ്ഥാന സർക്കാർ നൽകിവരുന്നു.

പാചകത്തൊഴിലാളികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ മാൻഡേറ്ററി ഓണറേറിയം കേവലം 1,000/- രൂപയാണെങ്കിലും അധിക വിഹിതം ഉപയോഗിച്ചുകൊണ്ട് കേന്ദ്രം പ്രതിമാസം നിഷ്കർഷിക്കുന്ന തുകയുടെ 12-13 ഇരട്ടി ഓണറേറിയം സംസ്ഥാനം

അധിക വിഹിതമായി നൽകുന്നു. ഇപ്രകാരം ഒരു പാചകത്തൊഴിലാളിക്ക് പ്രതിമാസം 20 പ്രവർത്തി ദിനങ്ങൾക്ക് കുറഞ്ഞത് 12,000/- രൂപയും കൂടിയത് 13,500/- രൂപയും സംസ്ഥാന അധിക വിഹിതം ഉപയോഗിച്ച് അനുവദിക്കുന്നുണ്ട്. പാചകത്തൊഴിലാളികൾക്ക് പ്രതിമാസ ഓണറേറിയത്തിനു പുറമേ ഏപ്രിൽ മേയ് മാസങ്ങളിൽ 2,000/- രൂപ വീതം അവധിക്കാല സമാശ്വാസവും ഓണക്കാലത്ത് ഉത്സവബത്തയും സംസ്ഥാനസർക്കാർ അനുവദിക്കുന്നുണ്ട്.

ആശമാർക്ക് കേന്ദ്രസർക്കാർ വിഹിതത്തിൽനിന്നും ഇൻസെന്റീവുകളാണ് നൽകിവരുന്നത്. വിഭാവനം ചെയ്ത പ്രത്യേക പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിനാണ് ഇൻസെന്റീവുകൾ നൽകുന്നത്. ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നൽകിവരുന്നു.

2024-25 സാമ്പത്തിക വർഷത്തെ ഇടക്കാല ബജറ്റ് പ്രകാരം, ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (AB - PMJAY) പ്രകാരം എല്ലാ ആശമാരെയും 2 ലക്ഷം രൂപയുടെ വാർഷിക ആരോഗ്യ പരിരക്ഷയിൽ ഉൾപ്പെടുത്തേണ്ടതിനുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. നാഷണൽ ഹെൽത്ത് ഏജൻസി നേരിട്ടാണ് സംസ്ഥാന ഹെൽത്ത് ഏജൻസി വഴി എൻറോൾമെന്റ് പ്രവർത്തനങ്ങൾ ചെയ്തുവരുന്നത്. അർഹരായ എല്ലാ ആശമാർക്കും നിലവിൽ പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന, പ്രധാനമന്ത്രി സുരക്ഷ ഭീമ യോജന, പ്രധാനമന്ത്രി ശ്രം മാൻ-ധൻ യോഗി യോജന ((PM - SYM) എന്ന ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നുണ്ട്.

പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന

18-നും 50-നും ഇടയിൽ പ്രായമുള്ളവർക്ക് ലഭ്യമാണ്. ഇത് പുതുക്കാവുന്ന ടേം

ഇൻഷുറൻസ് പോളിസിയാണ്. പ്രതിവർഷ ലൈഫ് ഇൻഷ്വറൻസ് പരിരക്ഷയാണ് വരിക്കാർക്ക് വാഗ്ദാനം ചെയ്യുന്നത്. ഇൻഷ്വർ ചെയ്ത വ്യക്തിക്ക് മരണം സംഭവിച്ചാൽ 2 ലക്ഷം രൂപ ലഭിക്കും. പ്രതിവർഷം പ്രീമിയമായി 436/- രൂപയാണ് അടയ്ക്കേണ്ടത്. പ്രസ്തുത പദ്ധതിയിലെ ആശമാരുടെ അംശാദായം എൻ.എച്ച്.എം. നൽകിവരുന്നു. നിലവിൽ 13780 ആശമാർ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാണ്.

പ്രധാനമന്ത്രി സുരക്ഷ ഭീമ യോജന:

പദ്ധതിപ്രകാരം അംഗമായ ഒരാൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ ഈ പദ്ധതി ഉപകാരപ്രദമാകും. അപകടംമൂലം മരണം സംഭവിക്കുകയോ അംഗവൈകല്യങ്ങൾ സംഭവിക്കുകയോ ചെയ്താൽ അയാളുടെ കുടുംബത്തിന് രണ്ടുലക്ഷം രൂപയാണ് ലഭിക്കുക. എന്നാൽ ഭാഗിക അംഗവൈകല്യമാണ് ഉള്ളതെങ്കിൽ ഒരു ലക്ഷം രൂപ വരെ ലഭിക്കും. 18 വയസ് മുതൽ 70 വയസ് വരെ ഉള്ളവർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുക. സ്വാഭാവിക മരണത്തിന് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതല്ല. പദ്ധതിയിൽ അംഗമാകാൻ ഒരാൾ അടയ്ക്കേണ്ടത് പ്രതിവർഷം 20 രൂപയാണ്. അംഗങ്ങളാകുന്നവർക്ക് സ്വന്തമായി ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം എന്നത് നിർബന്ധമാണ്. പൊതുമേഖല ബാങ്കുകളും ഇൻഷ്വറൻസ് കമ്പനികളും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 15050 ആശമാർ പ്രസ്തുത പദ്ധതിയിൽ അംഗമാണ്.

പ്രധാനമന്ത്രി ശ്രം മാൻ-ധൻ യോഗി യോജന

പ്രധാനമന്ത്രി ശ്രം മാൻ-ധൻ യോഗി യോജന (PMSYM) എന്ന പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ച എല്ലാ ആശമാരെയും അംഗങ്ങളാക്കിയിട്ടുണ്ട്. PMSYM പദ്ധതി

അസംഘടിത തൊഴിൽ മേഖലയിലുള്ളവർക്കുള്ള വോളണ്ടറി കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയാണ്. 18 വയസ്സ് മുതൽ 40 വയസ്സ് വരെയുള്ള 15,000/- രൂപക്ക് താഴെ വരുമാനമുള്ളവർക്കാണ് പ്രയോജനം ലഭിക്കുന്നത്. മാസംതോറും 3,000/- രൂപയാണ് പെൻഷൻ ലഭിക്കുന്നത്. പദ്ധതിയിൽ അംഗമാകുന്ന അന്നുമുതൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെ പ്രതിമാസ വിഹിതം അടക്കണം. പദ്ധതിയിൽ അംഗമായ വ്യക്തി മരണപ്പെടുകയോ അംഗത്തിന് സ്ഥിര വൈകല്യം സംഭവിക്കുകയോ ചെയ്താൽ ജീവിത പങ്കാളിക്ക് വിഹിതം അടച്ച് പദ്ധതിയിൽ തുടരാം. ഇ.എസ്.ഐ., എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായവർക്ക് പദ്ധതി ബാധകമല്ല. പ്രസ്തുത പദ്ധതിയിലെ ആശമാരുടെ അംശാദായം എൻ.എച്ച്.എം. നൽകിവരുന്നു. നിലവിൽ 3550 ആശമാർ പ്രസ്തുത പദ്ധതിയിൽ അംഗമാണ്. കൂടാതെ പ്രതിമാസം 200/- രൂപ മൊബൈൽ അലവൻസ് നൽകിവരുന്നു. പ്രസ്തുത പദ്ധതിയിലെ ആശമാരുടെ അംശദായം എൻ.എച്ച്.എം. നൽകിവരുന്നു.

(ഡി) കേന്ദ്രസർക്കാരിന്റെ വിഹിതം വർധിപ്പിക്കുന്നതിനായി സംസ്ഥാനസർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

2025-26 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ച APIP പ്രൊപ്പോസലിൽ അങ്കണവാടി സ്കീം വർക്കേഴ്സിന്റെ കേന്ദ്രവിഹിതം ഓണറേറിയം വർധിപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂല നടപടി കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടില്ല.

പാചകത്തൊഴിലാളികൾക്ക് നിലവിൽ നൽകുന്ന പ്രതിമാസ നിർബന്ധിത

ഓണറേറിയമായ 1,000/- രൂപ 5,000/- രൂപയിലേയ്ക്ക് ഉയർത്തുന്നതിനായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാന ആരോഗ്യമന്ത്രി രണ്ടുതവണ ഇതിനായി കേന്ദ്ര ആരോഗ്യമന്ത്രിയെ കാണുകയും ആശമാർക്കുള്ള ഇൻസെന്റീവുകൾ വർധിപ്പിക്കണമെന്ന് അഭ്യർഥിക്കുകയും കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

302 (1556) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൊഴിൽ വകുപ്പിന് കീഴിൽ അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ സ്വകാര്യ മേഖലയിലും അനവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിലും ഇത്തരത്തിലുള്ള നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ഓരോ വർഷവും ഇതിനായി ബജറ്റിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്കുകൾ ലഭ്യമാക്കാമോ;

(സി) അടുത്ത ബജറ്റിൽ ഈ മേഖലയ്ക്കായി എത്ര തുകയാണ് നീക്കി വയ്ക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; നടപ്പുവർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(ബി&സി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഡി) ബൗദ്ധികമായി വെല്ലുവിളികൾ നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികൾക്കായി പുതിയ എന്തെല്ലാം കർമ്മ പദ്ധതികളാണ് തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബൗദ്ധികമായി വെല്ലുവിളികൾ നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികൾക്കായി പുതിയ കർമ്മ പദ്ധതികളൊന്നും നിലവിൽ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല.

ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം

303 (1557) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിലെടുക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി തൊഴിൽവകുപ്പ് ഒരു ഔദ്യോഗിക സർവെ നടത്തിയിട്ടില്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിരുന്നാലും തൊഴിൽവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾപ്രകാരം ടി തൊഴിലാളികളുടെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ നിലവിൽ വന്ന ആവാസ് പദ്ധതിയിലൂടെ 516320 തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ/അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. അതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പുതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കാനും സഹായിക്കുന്നു. അതിഥി പോർട്ടൽ/അതിഥി ആപ്പ് മുഖേന 419576 തൊഴിലാളികൾ രജിസ്റ്റർ ചെയ്യുകയും സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ നടന്നുവരികയും ചെയ്യുന്നു. ടി തൊഴിലാളികളുടെ രജിസ്ട്രേഷനും വിവര ശേഖരണവും ലക്ഷ്യമിട്ട് യൂണിഫൈഡ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബാർഡ് മുഖേന നടത്തുന്ന 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 164980 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2020 ജനുവരി മുതൽ നാളിതുവരെ ഇത്തരം കുറ്റകൃത്യങ്ങളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 2020 മുതൽ നാളിതുവരെ സംസ്ഥാനത്ത് നടന്ന കുറ്റകൃത്യങ്ങളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമല്ല. തൊഴിൽ വകുപ്പിന്റെ ആവാസ് പദ്ധതിപ്രകാരവും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരവും അതിഥി പോർട്ടൽ പ്രകാരവും ഇതരസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് Kerala Interstate Migrant Workers Welfare Registration Ordinance കൊണ്ടുവരുന്ന വിഷയം പരിശോധിച്ചുവരുന്നു. സംസ്ഥാനത്തേയ്ക്ക് ജോലിതേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുകയുമാണ് ഓർഡിനൻസിന്റെ ലക്ഷ്യം. രജിസ്റ്റർ ചെയ്യാത്ത ഇതര സംസ്ഥാന തൊഴിലാളികൾക്കും തൊഴിൽ ദാതാവിനും പെനാൽറ്റി പ്രൊവിഷനുകളും ഉൾപ്പെടുത്തിയാണ് ടി ഓർഡിനൻസ് തയ്യാറാക്കി വരുന്നത്. ഓർഡിനൻസ് കൊണ്ടുവരുന്നതിനുള്ള പ്രധാന ഉദ്ദേശം ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ആണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്താൽ അവരുടെ മാതൃസംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ ഡേറ്റാ ബേസുമായി

ഒത്തുനോക്കാനും ക്രിമിനൽ പശ്ചാത്തലമുള്ളവരെ തിരിച്ചറിയാൻ സാധിക്കുന്നതുമാണ്. ഇക്കാര്യം ആസ്പദമാക്കിയുള്ള ബോധവൽക്കരണം വിവിധ ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും നടത്തി തൊഴിലാളികളേയും ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവരുടെ സഹകരണത്തോടെ ജനമൈത്രി പോർട്ടൽ മുഖേന അവരുടെ വിവര ശേഖരണം നടത്തിവരുന്നുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പുതിയ ആപ്ലിക്കേഷൻ വഴി പുതുക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 03-09-2024-ൽ ഓൺലൈൻ യോഗം ചേർന്നിരുന്നു. ടി യോഗ തീരുമാനപ്രകാരം ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷന് ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി Interstate Migrant Workers Welfare Registration Ordinance പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കാനും അതിഥി തൊഴിലാളികൾക്കായി ഏകീകൃത പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ രൂപീകരിക്കാനും തീരുമാനമായിരുന്നു.

യൂണിഫൈഡ് മൊബൈൽ ആപ്ലിക്കേഷൻ പോർട്ടൽ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുകളിലെ നിലവിലുള്ള ഡാറ്റാ സോഴ്സുകളുടെ വിവരങ്ങൾ സംബന്ധിച്ചും പോർട്ടലിൽ/ആപ്ലിക്കേഷനിൽ വിവിധ വകുപ്പുകൾക്കാവശ്യമായ ഡാറ്റാ ഫീൽഡുകൾ സംബന്ധിച്ചുമുള്ള വിവരങ്ങളും ഓരോ വകുപ്പിൽനിന്നും ഒരു നോഡൽ ഓഫീസറെയും ടെക്നിക്കൽ പോയിന്റ് ഓഫ് കോണ്ടാക്ടിനായി ഒരു ഉദ്യോഗസ്ഥനെയും കൂടി ചുമതലപ്പെടുത്തി, വകുപ്പുകളിൽനിന്നും നിർദേശങ്ങൾ ലഭ്യമാക്കി ടി തൊഴിലാളികളുടെ രജിസ്ട്രേഷനായി ഏകീകൃത പോർട്ടൽ രൂപകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ജോലിക്കായി ഇവരെ കൊണ്ടുവരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ലേബർ കമ്മീഷണർക്കും പോലീസ് സ്റ്റേഷനിലും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിലുള്ള 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്തുവരുന്നത്. അഞ്ചോ അതിലധികമോ കൂടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ 12 മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ കൂടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അല്ലെങ്കിൽ ചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും ഈ നിയമം ബാധകമാണ്. ഇതര സംസ്ഥാന കൂടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. അതുപോലെ ഇതരസംസ്ഥാന കൂടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുമ്പോൾ ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച്

ഉറപ്പുവരുത്തുന്നതാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതിന്റെ സാഹചര്യം തൊഴിലാളികളേയും, ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവരെയും വിവിധ ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും ബോധവൽക്കരണം നടത്തി അവരുടെ സഹകരണത്തോടെ ജനമൈത്രി പോർട്ടൽ മുഖേന അവരുടെ വിവരശേഖരണം നടത്തിവരുന്നുണ്ട്.

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ

304 (1558) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ കുടിശ്ശികയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളത്?

ഉണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 16 മാസത്തെ പെൻഷനാണ് കുടിശ്ശികയായുള്ളത്.

(ബി) കുടിശ്ശിക തീർക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ കുടിശ്ശിക തീർക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ ഒരു മാസം പെൻഷൻ വിതരണത്തിനു മാത്രം ഏകദേശം 62 കോടി രൂപ ആവശ്യമാണ്.

ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിങ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്.

14-02-2024-ലെ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ സ.ഉ. (കൈ)നം. 23/2024/ എൽ.എസ്.ജി.ഡി. ഉത്തരവ് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+) പ്രകാരം ബിൽഡിങ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സെസ്സ് പിരിവ് 16-01-2024 മുതലും എല്ലാ പഞ്ചായത്തുകളിലും 2024 ഏപ്രിൽ മുതലും പിരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സെസ്സ് തുക ഒടുക്കുന്നതിന് വിധേയമായി മാത്രമേ ഒക്യൂപ്പെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുള്ളൂ എന്ന് ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സെസ്സ് പിരിവിൽ കാര്യമായ വർധനവുണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനു മുൻപ് പ്രതിമാസം ഏകദേശം 30 കോടി രൂപയായിരുന്ന സെസ്സ് കളക്ഷൻ എങ്കിൽ നിലവിൽ ഏകദേശം 50 കോടി രൂപ ലഭിക്കുന്നുണ്ട്. ഇപ്രകാരം സെസ്സ് പിരിവ് വർധിക്കുന്ന മുറയ്ക്ക് ബോർഡിൽനിന്നും പെൻഷൻ കുടിശ്ശികയടക്കമുള്ള ആനുകൂല്യങ്ങളെല്ലാം വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്.

തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസ സൗകര്യങ്ങൾ

305 (1559) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ പാവപ്പെട്ട തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അസൗകര്യങ്ങൾ കണക്കിലെടുത്ത് അവ നവീകരിക്കുന്നതിനും അവർക്ക് പാർപ്പിട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യത്തിനായി ആധുനിക കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അസൗകര്യങ്ങൾ കണക്കിലെടുത്ത് അവ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ഉള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ തുറന്നുപ്രവർത്തിക്കുന്ന തോട്ടങ്ങളിലെ ലയങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ചുള്ള നടപടികൾ പ്ലാന്റേഷൻ ഡയറക്ടറേറ്റ് വഴിയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങളുടെ പുനരുദ്ധാരണ നടപടികൾ തൊഴിൽ വകുപ്പ് മുഖേനയും നിലവിൽ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളുടെ നവീകരണത്തിനായി 2024-25 വർഷം സംസ്ഥാന ബജറ്റിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റിനായി വകയിരുത്തിയിരുന്ന 10 കോടി രൂപ വിനിയോഗിച്ചുകൊണ്ട് പ്ലാന്റേഷൻ ഡയറക്ടറേറ്റ് വഴി തുറന്നുപ്രവർത്തിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ലയങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. അതിലേയ്ക്കായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് തയ്യാറാക്കിയ പദ്ധതി മാർഗരേഖ പ്രകാരം ഒരു ലേബർ യൂണിറ്റിന്റെ ഓരോ യൂണിറ്റിന്റേയും നവീകരണത്തിന് 50,000/- രൂപ എന്ന രീതിയിലും പുതുതായി ലയങ്ങൾ നിർമ്മിക്കുന്നതിന്, തൊഴിലുടമയ്ക്കുണ്ടാകുന്ന യഥാർഥ ചെലവിന്റെ 2 ലക്ഷം രൂപ എന്ന രീതിയിലുമാണ് സഹായം പരിമിതപ്പെടുത്തിയിരിക്കുന്നത്. 274 പുതിയ ലേബർ ലൈൻ

യൂണിറ്റുകളുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസലും 3634 ലേബർ ലൈൻ യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസലും ഉൾപ്പെടെ ആകെ 3908 ലേബർ ലൈൻ യൂണിറ്റുകളുടെ 86 പദ്ധതി രൂപരേഖകൾ (DPRs) ജില്ലാ ഓഫീസുകളിൽ 29-07-2025 വരെയുള്ള കണക്കുകൾപ്രകാരം ലഭിച്ചിട്ടുണ്ടെന്നും പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ 52 പദ്ധതി രൂപരേഖകൾ ഇതുവരെ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ടെന്നും ഇടുക്കി ജില്ലയിൽ മാത്രം 2024-25 സാമ്പത്തിക വർഷം പദ്ധതി വഴി പ്രവൃത്തി പൂർത്തീകരിച്ച 15 എസ്റ്റേറ്റുകൾക്കായി 80,81,106/- രൂപ സബ്സിഡി വിതരണം ചെയ്തിട്ടുണ്ടെന്നും പ്ലാന്റേഷൻ ഡയറക്ടറേറ്റിൽ നിന്നും അറിയിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ പൂട്ടിക്കിടക്കുന്ന 15-ഓളം തോട്ടങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ പൂട്ടിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റിലെയും ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ ലയങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ തൊഴിൽവകുപ്പ് മുഖേന നിലവിൽ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിധ്യത്തിൽ 2023 ജൂലൈ 27-ന് ബോണക്കാട് എസ്റ്റേറ്റിലെ സ്റ്റാഫ് ക്ലബ്ബിൽ വച്ചുചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റേറ്റിലെ 4 ഡിവിഷനുകളിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി 3,99,76,904/- (മൂന്നു കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി എഴുപത്തിയാറായിരത്തി

തൊള്ളായിരത്തി നാല് രൂപ) രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാ നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റ് വയ്ക്കുകയും 04-06-2025-ൽ ലയങ്ങളുടെ വർക്ക് ആരംഭിച്ചിട്ടുള്ളതുമാണ്. നിലവിൽ ബി.എ.1 ഡിവിഷനിലെയും ജി.ബി. ഡിവിഷനിലെയും 7 ലയങ്ങളുടെ വീതം വർക്ക് പൂർത്തിയായിട്ടുള്ളതും ബി.എ.1 ഡിവിഷനിലെ മറ്റ് 2 ലയങ്ങളുടെ വർക്ക് നടന്നുകൊണ്ടിരിക്കുന്നതും ജി.ബി ഡിവിഷനിലെ 2 ലയങ്ങളുടെ സിവിൽ വർക്ക് ഉടൻ ആരംഭിക്കുന്നതും ടോപ്പ് ഡിവിഷനിലെ ലയങ്ങളുടെ വർക്ക് 17-10-2025-ന് ആരംഭിക്കുന്നതാണെന്നും ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി നിർമ്മിക്കുന്നതിനുമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, മുട്ടം ലഭ്യമാക്കിയ 33,70,000/- (മുപ്പത്തിമൂന്ന് ലക്ഷത്തി എഴുപതിനായിരം രൂപ) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി 23-12-2024-ലെ സ.ഉ. (സാധാ)നം.1295/2024/തൊഴിൽ പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി തുക പീരുമേട് താലൂക്കിലെ ലയങ്ങളുടെ അറ്റകുറ്റപ്പണികൾ പുതുതായി ചെയ്യുന്നതിനും നിർമ്മിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വർക്ക് പോർഷന്റെ നിശ്ചിത ശതമാനം തുക സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അഡ്വാൻസ്

അനുവദിക്കുന്നതിനുള്ള നടപടി നിലവിൽ സ്വീകരിച്ചുവരികയുമാണ്.

മേൽ പ്രവർത്തനങ്ങൾക്ക് പുറമെ സംസ്ഥാനത്തെ തോട്ടം മേഖലയിലെ ലയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 04-08-2025-ൽ ഒരു ഓൺലൈൻ യോഗംകൂടി ചേർന്നിരുന്നു. ടി യോഗത്തിലെ തീരുമാനാനുസരണം തോട്ടം മേഖലയിലെ ലയങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ കൂടുതൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം തോട്ടം തൊഴിലാളികളുടെ സുരക്ഷിതവും സൗകര്യപ്രദവുമായ വാസസ്ഥലം എന്ന സ്വപ്നം യാഥാർഥ്യമാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

തോട്ടം മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള മേൽ നടപടികൾക്ക് പുറമെ കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള ഭവനങ്ങൾ പ്ലാന്റേഷനിലോ പരിസരത്തിലോ നിർമ്മിച്ച് നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഭവനം പദ്ധതി. അതുസംബന്ധിച്ചുള്ള നടപടികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഭവനം പദ്ധതി – മൂന്നാർ

ഭവനം ഫൗണ്ടേഷൻ, കേരള മുഖേന മൂന്നാർ കുറ്റിയാർവാലിയിൽ തൊഴിലാളികൾക്കായി 9 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്.

ഭവനം പദ്ധതി – ആർ.പി.എൽ

ഭവനം ഫൗണ്ടേഷൻ കേരള ഭവനം പദ്ധതി ആർ.പി.എൽ-ന് കീഴിൽ 2020-21 വർഷത്തിൽ 6 വീടുകളുടെ (3 ഇരട്ട ഭവനങ്ങൾ) നിർമ്മാണം പൂർത്തിയാക്കി ആർ.പി.എൽ-ന് കൈമാറിയിട്ടുണ്ട്.

സംസ്ഥാനത്തെ അതിഥി തൊഴിലാളികൾ

306 (1560) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് ആവാസ് പദ്ധതിപ്രകാരവും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരവും അതിഥി പോർട്ടൽ മുഖേനയും ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധ ക്ഷേമ പദ്ധതികളിൽ ഇവരിൽ എത്രപേർ ഗുണഭോക്താക്കളാണെന്ന് വിശദമാക്കാമോ?

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ നടത്തിപ്പ് ചുമതലയിലുള്ള 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള അതിഥി തൊഴിലാളികൾ ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ള വിവിധങ്ങളായ ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കളാകാറുണ്ട്. ടി ഗുണഭോക്താക്കൾ 2011-12 മുതൽ 2024-25 വരെ കൈപ്പറ്റിയ ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആനുകൂല്യം	കൈപ്പറ്റിയവരുടെ എണ്ണം.
ചികിത്സാ സഹായം	12
ഭൗതിക ശരീരം സ്വദേശത്ത് എത്തിച്ചത്	117
മരണാനന്തര സഹായം	124
വിദ്യാഭ്യാസ സഹായം	3
പ്രസവാനുകൂല്യം	97
ടെർമിനൽ ബെനിഫിറ്റ്	59
ആശ്വാസ ധനസഹായം	13
ജോലി സമയത്ത് മരണം സംഭവിച്ചത്	8

ആവാസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ അതിഥി തൊഴിലാളിക്കും 25,000/- രൂപ വരെ സൗജന്യ ചികിത്സാ ധനസഹായം നൽകിയതുസംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	അതിഥി തൊഴിലാളികളുടെ എണ്ണം	നൽകിയ തുക
2018-19	64	3,74,173/-
2019-20	176	8,51,475/-
2020-21	75	6,97,075/-
2021-22	48	4,16,245/-
2022-23	92	7,60,745/-
2023-24	97	7,58,170/-
2024-25	45	3,70,500/-
2025-26 till date	22	2,02,150/-
Total	619	44,30,533/-

കേന്ദ്ര സർക്കാരിന്റെ നിർദിഷ്ട തൊഴിൽ നിയമ ഭേദഗതി

307 (1561) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ സി. കെ. ഹരീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ നിർദിഷ്ട തൊഴിൽ നിയമ ഭേദഗതികളോട് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന സമീപനം എന്താണെന്ന് വ്യക്തമാക്കാമോ?

വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 29 തൊഴിൽനിയമങ്ങളെ ഏകീകരിച്ചും 12 നിയമങ്ങളെ റദ്ദാക്കിയും Code on Wages 2019, The Industrial Relations Code 2020, The Code on Social Security 2020, The Occupational Safety Health & Working Conditions Code 2020 എന്നിങ്ങനെ 4 നിയമങ്ങളായി കേന്ദ്ര സർക്കാർ ക്രോഡീകരിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച കോഡുകൾക്ക് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്രസർക്കാർ ക്ഷണിക്കുകയും നിർദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ ടി ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളി വിരുദ്ധമായ വ്യവസ്ഥകൾ ഉണ്ടെന്ന് ചൂണ്ടിക്കാട്ടി കേരള സർക്കാർ കേന്ദ്രത്തിന് അഭിപ്രായങ്ങൾ നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ പര്യാപ്തമായി പരിഗണിക്കാതെ തന്നെ കേന്ദ്രം അന്തിമ രൂപത്തിൽ കോഡുകൾ പ്രസിദ്ധീകരിക്കുകയും

നിയമപരമായി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു.

(ബി) തൊഴിൽനിയമങ്ങളിൽ സംസ്ഥാനസർക്കാർ നടത്തിയ പരിഷ്കരണ നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ;

(സി) തൊഴിൽ നിയമാവലികൾ ചർച്ച നടത്തി അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) കേന്ദ്രസർക്കാർ നടപ്പിലാക്കിയ ലേബർ കോഡുകൾക്കനുബന്ധമായി സംസ്ഥാനസർക്കാർ തൊഴിൽ നിയമങ്ങളിൽ പരിഷ്കാരങ്ങളൊന്നും വരുത്തിയിട്ടില്ല.

കേന്ദ്രസർക്കാർ പാസ്സാക്കിയ ലേബർ കോഡുകളിന്മേൽ തൊഴിലാളി/തൊഴിലുടമ സംഘടനകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി 2022-ൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിനുള്ള വിവിധ ഭേദഗതി ശിപാർശകൾ ചർച്ച ചെയ്യുന്നതിനായി വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളെ പങ്കെടുപ്പിച്ച് 23-06-2025-ൽ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയും വിവിധ ഭേദഗതി ശിപാർശകളിന്മേൽ എല്ലാ ട്രേഡ് യൂണിയനുകളുടെയും അഭിപ്രായങ്ങൾ അറിയിക്കാനും തീരുമാനിച്ചിരുന്നു.

കേന്ദ്രസർക്കാർ പാസാക്കിയ 2020-ലെ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന കേരള ഇൻഡസ്ട്രിയൽ റിലേഷൻസ് ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് 30-12-2022-ലെ 3859 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

വ്യവസായം, വ്യാപാരം, ബിസിനസ്സ് അല്ലെങ്കിൽ നിർമ്മാണം എന്നിവ നടക്കുന്ന എല്ലാ തൊഴിലിടങ്ങളിലെയും വേതനവും ബോണസും നിയന്ത്രിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായുള്ള The Code on Wages, 2019 വകുപ്പ് 67-ലെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് Draft Rules on the Code on Wages 15-12-2021-ലെ 3057 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

കേന്ദ്രസർക്കാർ പാസാക്കിയ Occupational Safely, Health and Working Conditions 2020 കോഡിന്റെ, അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന Kerala Occupational Safely, Health and Working Conditions Code, 2020 ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് 17-12-2021-ലെ 3695 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

കേന്ദ്രസർക്കാർ പാസാക്കിയ Social Security Code 2020-ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന കേരള Social Security Code-2020, ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് 16-12-2021-ലെ 3667 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്മേലുള്ള ആക്ഷേപങ്ങളും നിർദേശങ്ങളും പരിഗണിച്ചുകൊണ്ടുള്ള അന്തിമ കരട് വിജ്ഞാപന ശിപാർശ സർക്കാരിലേക്ക് ലഭ്യമാക്കുന്ന നടപടികൾ ലേബർ കമ്മീഷണർ തലത്തിൽ പുരോഗമിക്കുകയാണ്.

ധന്വവച്ചപുരം ഐ.ടി.ഐ.

308 (1562) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ, ധന്വവച്ചപുരം ഐ.ടി.ഐ.-യിൽ

ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഒരു അധിക ബാച്ച് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രെപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ധനുവച്ചപുരം ഐ.ടി.ഐ.-യിൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ അധിക ബാച്ച് അനുവദിക്കുന്നതിനായുള്ള ശിപാർശകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ വിവിധ വിഭാഗങ്ങളിലായി പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനായി പ്രൊപ്പോസലുകൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ധനുവച്ചപുരം ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനായുള്ള ശിപാർശകൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ഈ ഐ.ടി.ഐ.-യെ ഒരു പ്രൊഡക്ഷൻ സെന്ററായി ഉയർത്തി അവിടെനിന്ന് പഠനം പൂർത്തിയാക്കി ഇറങ്ങുന്ന കുട്ടികൾക്ക് തൊഴിലവസരംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ധനുവച്ചപുരം ഐ.ടി.ഐ.-യെ പ്രൊഡക്ഷൻ സെന്ററായി ഉയർത്തുന്നതിനായുള്ള ശിപാർശകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത ഐ.ടി.ഐ.-യിലെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച ശിപാർശകളൊന്നും നിലവിൽ ലഭ്യമായിട്ടില്ല.

(ഇ) പ്രസ്തുത ഐ.ടി.ഐ. ക്യാമ്പസിലെ കാലഹരണപ്പെട്ടതും അപകടാവസ്ഥയിലുള്ളതുമായ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുമോ?

ധനുവച്ചപുരം ഐ.ടി.ഐ.-യിലെ 13 സ്റ്റാഫ് ക്വാർട്ടേഴ്സുകളിൽ വാസയോഗ്യമല്ലാത്ത 11 ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റുന്നതിനും ശേഷിക്കുന്ന 2 ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനുമുള്ള അനുമതി ലഭ്യമാക്കാൻ ഐ.ടി.ഐ. പ്രിൻസിപ്പൽ, ടെയിനിങ് ഡയറക്ടർക്ക് ശിപാർശ നൽകിയിരുന്നു. ക്വാർട്ടേഴ്സ് പൊളിച്ചു മാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയ സർവെ റിപ്പോർട്ടിൽ അപാകതയുള്ളതിനാൽ അത് പരിഹരിച്ച് നൽകുന്നതിന് ടെയിനിങ് ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ സർവെ റിപ്പോർട്ടും ക്വാർട്ടേഴ്സ് നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തൊഴിൽരഹിത വേതനം

309 (1563) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം എത്രയാണെന്ന് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളുടെ എണ്ണം വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി എത്ര പേർക്ക് നിലവിൽ തൊഴിൽരഹിത വേതനം നൽകുന്നുണ്ട്; ഈ ഇനത്തിൽ പ്രതിമാസം എത്ര തുകയാണ് ചെലവഴിക്കുന്നത്; വിശദവിവരങ്ങൾ നൽകുമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖേന സംസ്ഥാനത്താകെ 286 പേർക്ക് തൊഴിൽരഹിത വേതനം നൽകിവരുന്നുണ്ട്.

നിലവിൽ ആറുമാസത്തിൽ ഒരിക്കലാണ് തൊഴിൽരഹിത വേതനം വിതരണം നടത്തുന്നത്. 2025 ജനുവരി മുതൽ ജൂൺ വരെയുള്ള ആറുമാസക്കാലത്തെ വേതനം 2,01,120/- (രണ്ട് ലക്ഷത്തി ആയിരത്തി ഒരുന്നൂറ്റി ഇരുപത്) രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രതിമാസം 34,320/- (മുപ്പത്തി നാലായിരത്തി മുന്നൂറ്റി ഇരുപത്) രൂപയാണ് ഈ ഇനത്തിൽ ചെലവഴിക്കുന്നത്.

(സി) തൊഴിൽരഹിത വേതനം വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പരഗണനയിലില്ല.

ചേലക്കര കരിയർ ഡെവലപ്മെന്റ് സെന്റർ നിർമ്മാണ പുരോഗതി

310 (1564) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ വാഴക്കോടുള്ള കരിയർ ഡെവലപ്മെന്റ് സെന്റർ എന്നുമുതൽ വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമായി തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; പ്രവർത്തനം ആരംഭിക്കുന്നതിനായി

ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ വാഴക്കോടുള്ള കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നത് സെന്ററിന്റെ ഇന്റീരിയർ വർക്കുകളാണ്. ഇന്റീരിയർ വർക്ക് ചെയ്യുന്നതിനായി തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രയിൽനിന്നും ലഭിച്ച 49,80,000/- രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇന്റീരിയർ വർക്ക് നോൺ പി.എം.സി. വ്യവസ്ഥയിൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇന്റീരിയർ വർക്ക് ആരംഭിക്കുന്ന മുറയ്ക്ക് ആറ് മാസത്തിൽ പൂർത്തീകരിക്കാൻ കഴിയും.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഓട്ടിസം പാർക്ക് നിർമ്മാണം

311 (1565) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഓട്ടിസം പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഓട്ടിസം പാർക്ക് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

മണ്ണാർക്കാട് മൂപ്പിൽ നായരുടെ ഭൂമിക്ക് സാക്ഷ്യപത്രം

312 (1566) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി താലൂക്കിൽ മണ്ണാർക്കാട് മൂപ്പിൽ നായർക്ക് ഏതെല്ലാം

വില്ലേജുകളിൽനിന്ന് എത്ര ഏക്കർ ഭൂമിക്ക് സാക്ഷ്യപത്രം നൽകിയെന്നും ഏത് വില്ലേജ് ഓഫീസറാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

അട്ടപ്പാടി താലൂക്കിൽ കോട്ടത്തറ വില്ലേജിൽ 762/23, 1819/23, 404/1, 404/3, 524/58, 524/60, 524/71, 524/84, 620/1 എന്നീ സർവെ നമ്പറുകളിലായി ആകെ 233.9187 ഹെക്ടർ സ്ഥലം മണ്ണാർക്കാട് മൂപ്പിൽ നായരുടെ അവകാശികൾ എന്ന് അവകാശപ്പെടുന്നവർക്കായി 9 സാക്ഷ്യപത്രങ്ങൾ 21-10-2023, 29-01-2024 തീയതികളിൽ അനുവദിച്ചിട്ടുള്ളതാണ്. കോട്ടത്തറ വില്ലേജ് ഓഫീസറാണ് സാക്ഷ്യപത്രങ്ങൾ അനുവദിച്ചിട്ടുള്ളത്.

(ബി) അട്ടപ്പാടി തഹസീൽദാർ (ഭൂരേഖ) മണ്ണാർക്കാട് മൂപ്പിൽ നായരുടെ അപേക്ഷ നിരസിച്ചിട്ടും കോട്ടത്തറ വില്ലേജ് ഓഫീസർ കൈവശ സാക്ഷ്യപത്രം നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ടി സർവെ നമ്പറിൽപ്പെട്ട ഭൂമി റവന്യൂ രേഖകൾപ്രകാരം സർക്കാർ പുറമ്പോക്കിലോ മിച്ചഭൂമിയിലോ ടി.എൽ.എ. കേസിലോ ഉൾപ്പെട്ട ആദിവാസി ഭൂമികളല്ലെന്ന് കാണിച്ചാണ് സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

(സി) റവന്യൂ സെക്രട്ടറി ഏതെങ്കിലും ഘട്ടത്തിൽ അട്ടപ്പാടിയിലെ ആദിവാസി ഉന്നതികൾ സന്ദർശിച്ച് റിപ്പോർട്ട് നൽകിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

റവന്യൂ സെക്രട്ടറി അട്ടപ്പാടിയിലെ ആദിവാസി ഉന്നതികൾ സന്ദർശിക്കുകയും

റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുവരുന്നു.

കണ്ണറയിലെ സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പുരോഗതി

313 (1567) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള കൊറ്റങ്കര സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കണ്ണറ മണ്ഡലത്തിലെ കൊറ്റങ്കര സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനുള്ള പ്രവർത്തനാനുമതി കേരള സംസ്ഥാന ഭവന നിർമാണ ബോർഡിന് നൽകുകയും അതുപ്രകാരം കെ.എസ്.എച്ച്.ബി.-യുമായി എഗ്രിമെന്റ് വയ്ക്കുകയും നിർമ്മാണ പ്രവൃത്തിക്കുള്ള ഇ-ടെൻഡർ രണ്ട് പ്രാവശ്യം കെ.എസ്.എച്ച്.ബി. ക്ഷണിച്ചിട്ടും ആരുംതന്നെ പങ്കെടുക്കാത്തതിനാൽ 19-09-2025-ന് ക്ലോസിങ് ഡേറ്റ് നിശ്ചയിച്ചുകൊണ്ട് 10-09-2025-ൽ വീണ്ടും e-tender ക്ഷണിച്ചിട്ടുള്ളതുമാണ്.

(ബി) 2021-22 സാമ്പത്തിക വർഷംമുതൽ നാളിതുവരെ കണ്ണറ മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ; തുക എത്ര; വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷംമുതൽ നാളിതുവരെ കണ്ണറ മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ, തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ക്രമ	വില്ലേജ്	പ്രവൃത്തി	തുക

നമ്പർ			
1	തൃക്കോവിൽ വട്ടം	അറ്റകുറ്റപ്പണി	5,00,000/-
2	തൃക്കോവിൽവട്ടം	ഇലക്ട്രിക് വർക്ക്- അഡിഷണൽ പ്ലഗ് പോയിന്റ്, മറ്റിനങ്ങൾ	60,000/-
3	പള്ളിമൺ	ചുറ്റുമതിൽ നിർമ്മാണം	1,97,000/-

ഭൂപതിവ് നിയമ ഭേദഗതി ചട്ടങ്ങൾ

314 (1568) ശ്രീ. എം. എം. മണി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് നിയമ ഭേദഗതി ചട്ടങ്ങൾക്ക് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ടോ?

ഭൂമി പതിവു ഭേദഗതി ചട്ടങ്ങൾക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മലയോര ജനത പതിറ്റാണ്ടുകളായി നേരിടുന്ന ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ പ്രസ്തുത നിയമഭേദഗതി പ്രയോജനപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മന്ത്രിസഭ അംഗീകരിച്ച ഭൂപതിവ് വ്യവസ്ഥാ ലംഘനങ്ങളുടെ ക്രമീകരണ ചട്ടം സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചു. ചട്ടം നോട്ടിഫൈ ചെയ്യുന്നതോടുകൂടി ഇതുസംബന്ധിച്ച് മലയോരമേഖലയിലെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരമാകും.

1964-ലെ കേരളാ ഭൂപതിവ് ചട്ടങ്ങൾ, 1993-ലെ വനഭൂമി കൂടിയേറ്റം ക്രമീകരിക്കുന്നതിനുള്ള പ്രത്യേക പതിവ് ചട്ടങ്ങൾ, വയനാട് കോളനൈസേഷൻ ചട്ടങ്ങൾ, ഹൈറേഞ്ച് കോളനൈസേഷൻ ചട്ടങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ ചട്ടങ്ങൾ പ്രകാരം മലയോര മേഖലകളിൽ പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ഇവയിലെല്ലാം തന്നെ, കാർഷികാവശ്യങ്ങൾക്കായാണ് പ്രധാനമായും പട്ടയം അനുവദിക്കാറുള്ളത്. കാലാന്തരത്തിൽ ഇത്തരം ഭൂമി വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു തുടങ്ങി. പതിച്ചു നൽകിയ ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്കുതന്നെ വിനിയോഗിക്കണമെന്ന കോടതിവിധി വന്നതോടെ ഇത് മലയോരമേഖലയെ ബാധിക്കുന്ന ഒരു സാമൂഹ്യ പ്രശ്നമായിമാറി.

എന്നാൽ മാറുന്ന കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന്റെ ഭാഗമായും പൊതുതാൽപര്യങ്ങൾ മുൻ നിർത്തിയും പലപ്പോഴും പട്ടയം അനുവദിക്കപ്പെട്ട ആവശ്യങ്ങൾ തന്നെ പതിറ്റാണ്ടുകൾക്ക് ശേഷവും അത്തരം ഭൂമികളിൽ തുടരുക എന്നത് പലപ്പോഴും പ്രായോഗികമല്ലെന്നതാണ് യാഥാർഥ്യം. ഇത് സംബന്ധമായി വിശദമായ പരിശോധനകൾ നടത്തിക്കൊണ്ട് ചിലയിനം ഉപയോഗമാറ്റങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ 22-08-2019-ൽ സർക്കാർ സ.ഉ(കൈ)നം.269/19/റവ എന്ന ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ തുടർപരിശോധനകളിൽ അത്തരം നടപടികൾക്ക് എക്സിക്യൂട്ടീവ് ഉത്തരവുകൾ പര്യാപ്തമല്ലെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ 1960-ലെ കേരളാ ഭൂമിപതിവ് നിയമത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടത്. തുടർന്ന് സർക്കാർ, 1960-ലെ കേരളാ ഭൂമി പതിവു നിയമത്തിൽ 2023-ൽ

ഭേദഗതി കൊണ്ടുവരുകയും [Act 10 of 2024] 4A(1), 4A(2) എന്നിങ്ങനെ രണ്ടു ഉപവകുപ്പുകൾ കൂട്ടിച്ചേർക്കുകയുമുണ്ടായി. നിയമത്തിന്റെ പ്രാബല്യത്തീയതിയായ 07-06-2024-ന് മുമ്പായി പട്ടയഭൂമിയിൽ നടത്തിയിട്ടുള്ള നിർദിഷ്ട ആവശ്യങ്ങൾക്ക് വിഭിന്നമായുള്ള വ്യവസ്ഥാ ലംഘനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയാണ് പ്രസ്തുത വകുപ്പ് 4 A (1)-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത വകുപ്പ് 4 (A) (1)-ന് അനുസരണമായി പട്ടയ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള സംഗതികളിൽ അത്തരം ലംഘനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിനായി ഒരു പ്രത്യേക ക്രമവൽക്കരണ ചട്ടങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും അതിന്റെ കരട് തയ്യാറാക്കിയിട്ടുള്ളതുമാണ്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ ഉൾപ്പെടെ 1960-ലെ ഭൂമി പതിവ് നിയമത്തിന് കീഴിൽ നടപ്പിലാക്കപ്പെട്ടിട്ടുള്ള 11 ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെട്ട പട്ടയങ്ങളിലെ വ്യവസ്ഥാ ലംഘനങ്ങൾ ക്രമവൽക്കരിച്ച് ലഭിക്കുന്നതിന് പ്രസ്തുത ചട്ടങ്ങൾ പട്ടാദാരന് അവകാശം ഉറപ്പാക്കുന്നു. പ്രസ്തുത ചട്ടങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ കരുതുന്നു. നിർദിഷ്ട ആവശ്യത്തിൽനിന്നും ഉപയോഗമാറ്റം ഉണ്ടായിയെന്നതുകൊണ്ട് മാത്രം ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചുപോലും അനിശ്ചിതത്വം ഉണ്ടായിട്ടുള്ളതും പട്ടാദാരന് അവരുടെ കൈവശ ഭൂമിയിൽ ആവശ്യമായ നിക്ഷേപം നടത്താനോ ബാങ്കുകളിൽനിന്നും വായ്പയെടുക്കാനോ എന്തിനേറെ നൂതനമായ കാർഷികരീതികൾ അവലംബിക്കുന്നതിനുപോലും കഴിയുന്നില്ല എന്നത് ഒട്ടുംതന്നെ ആശാവഹമായ ഒന്നല്ലയെന്ന്

കാണാവുന്നതാണ്. ഭേദഗതി നിയമത്തിന് അനുസരണമായുള്ള പുതിയ ചട്ടങ്ങൾ നടപ്പാക്കുന്നതിലൂടെ കർഷകർക്ക് ഭൂമിയുടെ ഉപയോഗമാറ്റത്തിന് അനുസരണമായുള്ള നിയമപരമായ രേഖകൾ ലഭിക്കുകയും അതുവഴി അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കുകയും ചെയ്യും.

കൂടാതെ നിയമഭേദഗതിയുടെ പ്രാബല്യത്തീയതിക്ക് മുമ്പായി അനുവദിക്കപ്പെട്ട പട്ടയ ഭൂമികളിൽ അനുവദിക്കപ്പെട്ട ആവശ്യത്തിന് വിഭിന്നമായ മറ്റാവശ്യങ്ങൾക്കായി ഭാവിയിൽ ഉപയോഗിക്കേണ്ടതുണ്ടെങ്കിൽ അത്തരം പട്ടയ ഭൂമികളുടെ ഉടമകൾക്ക് അപേക്ഷ നൽകിക്കൊണ്ട് ഉപയോഗമാറ്റത്തിനുള്ള അനുമതി സർക്കാരിൽനിന്നും നേടുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് 2023-ൽ നടപ്പിലാക്കിയ 4A(2) എന്ന ഉപവകുപ്പ് ഭേദഗതി.

ഇത്തരം നടപടികൾ കർഷകരുടെ ഉപജീവനമാർഗം കൂടുതൽ സുരക്ഷിതമാക്കാൻ സഹായിക്കും. നിലവിലുള്ള ഭൂമി പതിവ് നിയമംമൂലം പല നിർമ്മാണ പ്രവർത്തനങ്ങൾക്കും തടസ്സങ്ങൾ നേരിടുന്നുണ്ട്. ചട്ട ഭേദഗതികൾ സമയബന്ധിതമായി നടപ്പിലാക്കിയാൽ മാത്രമേ ഈ പ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യ വികസനം വേഗത്തിലാകുകയുള്ളൂ. കൂടാതെ, പട്ടയ ഭൂമികളിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ചും മറ്റും ആയിരക്കണക്കിന് കേസുകൾ കോടതികളിൽ കെട്ടിക്കിടക്കുന്നതും വലിയൊരു പ്രശ്നമാണ്. പുതിയ ചട്ടങ്ങൾ നടപ്പാക്കുന്നതോടെ ഇത്തരം കേസുകൾക്ക് ശാശ്വത പരിഹാരമുണ്ടാകുമെന്ന് കരുതുന്നു. മേൽ സാഹചര്യത്തിൽ ഈ നിയമപരമായ നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുക എന്നത് മലയോര നിവാസികളുടെ ദീർഘകാല ആവശ്യങ്ങൾ നിറവേറ്റുന്നതിന് അത്യന്ത്യാപേക്ഷിതമാണെന്നും കാണാവുന്നതാണ്.

(സി) പതിച്ചു നൽകിയ ഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ വ്യവസ്ഥകളോടെ അനുമതി നൽകുന്നതിന് പ്രസ്തുത നിയമ ഭേദഗതിയിലൂടെ സാധ്യമാകുമോ?

പുതിയ ഭേദഗതികൾ അനുസരിച്ചു പതിച്ചുനൽകിയ ഭൂമി ചില വ്യവസ്ഥകൾക്ക് വിധേയമായി നിർദിഷ്ട ആവശ്യങ്ങളിൽനിന്ന് വിഭിന്നമായുള്ള മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

(ഡി) ഭൂമി ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി ഓൺലൈൻ പോർട്ടൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

പട്ടയഭൂമിയുടെ വ്യവസ്ഥാലംഘനങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച എല്ലാ നടപടികളും ഓൺലൈനായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ റവന്യൂ പോർട്ടലിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ഭൂമികളുടെ ഡാറ്റാ ബേസ് ആയ ReLIS-ൽ ആവശ്യമായ പരിഷ്കരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പ്രസ്തുത ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുക, അപേക്ഷകൾ പ്രോസസ് ചെയ്യുക, ഉത്തരവുകൾ പുറപ്പെടുവിക്കുക എന്നിങ്ങനെയുള്ള എല്ലാ നടപടികളും ഓൺലൈനായി നിർവഹിക്കുന്നതിനുള്ള നടപടികളാണ് ലക്ഷ്യമിടുന്നത്.

വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ

315 (1569) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിയോജകമണ്ഡലത്തിലെ പാലക്കാട്-3, യാക്കര, പിരായിരി എന്നീ വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി 'സ്മാർട്ട് വില്ലേജ്

ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ശോച്യാവസ്ഥയിലായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് മുൻഗണന നൽകി സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്ന നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസ് കോമ്പൗണ്ടിൽ റവന്യൂ ടവർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിക്കായി ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പാലം പണിക്കുള്ള ഭൂമി ഏറ്റെടുക്കാൻ നടപടി

316 (1570) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേലേമ്പ്ര വില്ലേജിനെയും കോഴിക്കോട് ജില്ലയിലെ ഫറോക്ക് വില്ലേജിനെയും ബന്ധിപ്പിക്കുന്ന മുനമ്പത്ത് കടവ് പാലം നിർമ്മിക്കാൻ രണ്ട് വില്ലേജുകളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായി വ്യക്തമാക്കാമോ?

(എ&ബി) വള്ളിക്കുന്ന്-ബേപ്പൂർ നിയോജകമണ്ഡലങ്ങളിൽ ചേലേമ്പ്ര - ഫറോക്ക് വില്ലേജുകളിലായി ഉൾപ്പെടുവരുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത് കടവ് പാലം

അനുബന്ധ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതും സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റിനെ നിയോഗിച്ചുകൊണ്ട് എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി സെക്ഷൻ 4(2) പ്രകാരം ബന്ധപ്പെട്ട കാര്യാലയങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം നടപടി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചാലുടൻ പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ നിയമിക്കുന്നതും പ്രസ്തുത സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സമുചിത സർക്കാർ തീരുമാനം കൈക്കൊള്ളുന്നതുമാണ്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഭാഗമായി പ്രാഥമിക വിജ്ഞാപനം, ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിക്കൽ, സബ് ഡിവിഷൻ റെക്കോർഡ് തയ്യാറാക്കൽ, വിശദ വില വിവര പട്ടിക തയ്യാറാക്കൽ, എൽ.എ. ഫണ്ട് അനുവദിക്കൽ, 19(1) വിജ്ഞാപനം, അവാർഡ് എൻക്വയറി, അവാർഡ് തയ്യാറാക്കി അംഗീകരിക്കൽ തുടങ്ങിയ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനുശേഷമാണ് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറാൻ സാധിക്കുക.

(സി) വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്ങൽപാലം നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പ് നടപടിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്ങൽപാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 31-07-2025-ൽ സംയുക്ത സ്ഥല പരിശോധന നടത്തി, കണ്ടിജൻസി ചാർജ് അടവാക്കുന്നതിന് 04-08-2025-ൽ അർത്ഥനാധികാരിയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

(ഡി) വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ പാതയുടെ റീച്ച് 4, 5, 6 (കെട്ടുങ്ങൽ മുതൽ അരിയല്ലൂർ മുദിയം വരെയും മുദിയം മുതൽ കടലുണ്ടികടവ് വരെയുമുള്ള ഭാഗം) സ്ഥലമേറ്റെടുപ്പ് നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഈ സ്ഥലമേറ്റെടുപ്പ് നടപടി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

തീരദേശ പാത വികസനത്തിൽ റീച്ച് 5 മുദിയം പാലം നിർമ്മാണം റീച്ച് 4-മായി ചേർത്താണ് നടപടികൾ സ്വീകരിച്ചുവരുന്നത്. റീച്ച് 4 പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ പ്രവൃത്തികളിൽ സാമൂഹ്യാഘാത വിലയിരുത്തൽ പഠനവും ആയതിന്മേലുള്ള വിദഗ്ധ സമിതിയുടെ വിലയിരുത്തലും പൂർത്തിയാക്കിയിട്ടുള്ളതാണ്. വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി തുടരുന്നതിനായി എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള സമുചിത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. റീച്ച് 4 പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സർവെ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

അരിയല്ലൂർ മുദിയംപാലം മുതൽ കടലുണ്ടിക്കടവ് വരെയുള്ള തീരദേശപാത റീച്ച് 6-ൽ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013-ലെ 4(1) വകുപ്പ് പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം 23-08-2025-ൽ 3054 നമ്പറായി പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറാൻ സാധിക്കുകയുള്ളൂ.

(ഇ) ഇത്തരത്തിലുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പല കാരണങ്ങളാൽ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത് പരിഹരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുമാത്രമേ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. എന്നാൽ വസ്തു ഉടമകൾ സന്നദ്ധമാകുന്ന പക്ഷം പൊതു ആവശ്യത്തിനായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി വാങ്ങുന്നതിനും സാധിക്കും. ഇതുമായി ബന്ധപ്പെട്ട് 31-12-2024, 30-06-2025 എന്നീ തീയതികളിൽ Rev-B2/183/2023-Rev നമ്പറായി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വീരണകാവ് വില്ലേജ് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ

317 (1571) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

വീരണകാവ് വില്ലേജ് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം കൂടാതെ പണികൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീരണകാവ് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി കണ്ടെത്തിയ ഭൂമിയുമായി ബന്ധപ്പെട്ട അതിർത്തി തർക്കം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വ്യവഹാരം ഫയൽ ചെയ്തിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമായ സാഹചര്യത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത

നിരോധന ഉത്തരവ് നീക്കി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം

318 (1572) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂമി സംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കാര്യങ്ങളിൽ റവന്യൂ വകുപ്പ് അല്ലാതെ അധികാരമില്ലാത്ത മറ്റു വകുപ്പുകൾ ചട്ടവിരുദ്ധമായ ഉത്തരവുകൾ ഇറക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. സർക്കാർ ഭൂമി അത് ഏത് വകുപ്പിന്റേതായാലും അതിന്റെ ഉടമസ്ഥാവകാശവും സർക്കാർ ആവശ്യത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, കൈമാറുന്നതിന്, പാട്ടത്തിന് നൽകുന്നതിന്, പതിച്ചു നൽകുന്നതിന് എന്നിവയ്ക്കുള്ള അധികാരവും റവന്യൂ വകുപ്പിൽ മാത്രം നിക്ഷിപ്തമാക്കിക്കൊണ്ട് റവന്യൂ വകുപ്പ് 02-04-2019-ലെ G.O(Ms)No.116/2019/RD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി+ ചേർക്കുന്നു. റവന്യൂ വകുപ്പിൽ നിന്നല്ലാതെ മറ്റ് വകുപ്പുകൾ ടി വിഷയത്തിന്മേൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടർനടപടികൾ സ്വീകരിക്കാൻ പാടില്ലെന്ന് നിർദേശം നൽകിക്കൊണ്ട് 18-11-2020-ലെ എ 4/223/2019/റവ നമ്പർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി+ ചേർക്കുന്നു. എന്നാൽ നിലവിലുള്ള ചട്ടങ്ങൾ ഗൗനിക്കാതെ, റവന്യൂ വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെ സർക്കാർ ഭൂമി സംബന്ധിച്ച് മറ്റ് വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ ഭൂമി സംബന്ധിച്ച്, ഭൂമി ഏത് വകുപ്പിന്റേതായാലും ഉത്തരവുകൾ പുറപ്പെടുവിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളൂവെന്നും അല്ലാതെ മറ്റ് വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലെന്നും ജില്ലാ കളക്ടർമാർക്കും മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നിർദേശം നൽകുകയും, ചട്ടങ്ങൾക്ക് വിരുദ്ധമായി ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി അതത് വകുപ്പുകൾ സ്വീകരിക്കുന്നതിനും 03-06-2011-ലെ സർക്കുലർ നം. 23479/യു1/2011/റവ, 02-04-2025-ലെ എൽ.1/93/2024/റവ എന്നീ സർക്കുലറുകൾ പ്രകാരം നിർദേശം നൽകിയിട്ടുള്ളതാണ്. സർക്കുലറുകൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) ഏതൊക്കെ വകുപ്പുകളാണ് ഇപ്രകാരം ഉത്തരവുകൾ ഇറക്കിയതായി കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത ഉത്തരവുകൾ ക്രമീകരിക്കുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിൽ നഗരസഭാ കാര്യാലയത്തിന്റെ നിർമ്മാണത്തിനായി ജലസേചന വകുപ്പിന്റെ കൈവശമുള്ള 50 സെന്റ് ഭൂമി കൊട്ടാരക്കര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നഗരസഭയ്ക്ക് ഉപയോഗാനുമതി നൽകിക്കൊണ്ട് ജലവിഭവ വകുപ്പ് 18-12-2023-ൽ സ.ഉ. (സാധാ)നം.1005/2023/ഡബ്ല്യൂ.ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ചട്ടവിരുദ്ധമായിട്ടുള്ള ഈ നടപടിയിന്മേൽ ജലവിഭവ വകുപ്പിൽനിന്നും വിശദീകരണം തേടിയിട്ടുണ്ട്.

മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ അന്താരാഷ്ട്ര സ്വിമ്മിങ് പൂളും ഹെൽത്ത് ഫിറ്റ്നസ് സെന്ററും ഉൾപ്പെടെയുള്ള സ്പോർട്സ് സെന്റർ സ്ഥാപിക്കുന്നതിന് ഇരിട്ടി താലൂക്കിൽ പഴശ്ശി വില്ലേജിൽ 3.803 ഏക്കർ (1.5390 ഹെക്ടർ) സ്ഥലം ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ നിലനിർത്തി കായിക യുവജനകാര്യ വകുപ്പിനു ഉപയോഗാനുമതി നൽകി ജലസേചന വകുപ്പിന്റെ 30-11-2023-ലെ സ.ഉ.(സാധാ)നം.963/2023/WRD പ്രകാരം ജലവിഭവ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. ചട്ടവിരുദ്ധമായി പുറപ്പെടുവിച്ച ഈ ഉത്തരവിന്റെ തീർപ്പുഫയൽ ജലവിഭവ വകുപ്പിൽനിന്നും ലഭ്യമാക്കി പരിശോധിച്ചുവരുന്നു. വ്യവസായം, ടൂറിസം വകുപ്പുകളും സമാനമായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലാണ് റവന്യൂ വകുപ്പിൽ നിന്നല്ലാതെ മറ്റു വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലായെന്നും അത്തരം ഉത്തരവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നുമുള്ള നിർദ്ദേശം ജില്ലാ കളക്ടർമാർക്കും, മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നൽകി 02-04-2025-ലെ എൽ.1/93/2024/റവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിൽ നഗരസഭാ കാര്യാലയത്തിന്റെ

നിർമ്മാണത്തിനായി ജലസേചന വകുപ്പിന്റെ കൈവശമുള്ള 50 സെന്റ് ഭൂമി കൊട്ടാരക്കര നഗരസഭയ്ക്ക് ഉപയോഗാനുമതി നൽകിക്കൊണ്ട് ജലവിഭവ വകുപ്പ് 18-12-2023-ലെ സ.ഉ.(സാധാ)നം.1005/2023/ഡബ്ല്യൂ.ആർ.ഡി. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ചട്ടവിരുദ്ധമായ ഈ നടപടിയിന്മേൽ ജലവിഭവ വകുപ്പിൽനിന്നും വിശദീകരണം തേടിയിട്ടുണ്ട്.

മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ അന്താരാഷ്ട്ര സ്വിമ്മിങ് പൂളും ഹെൽത്ത് ഫിറ്റ്നസ് സെന്ററും ഉൾപ്പെടെയുള്ള സ്പോർട്സ് സെന്റർ സ്ഥാപിക്കുന്നതിന് ഇരിട്ടി താലൂക്കിൽ പഴശ്ശി വില്ലേജിൽ 3.803 ഏക്കർ (1.5390 ഹെക്ടർ) സ്ഥലം ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ നിലനിർത്തി കായിക യുവജനകാര്യ വകുപ്പിനു ഉപയോഗാനുമതി നൽകി ജലസേചന വകുപ്പിന്റെ 30-11-2023-ലെ സ.ഉ.(സാധാ)നം.963/2023/WRD പ്രകാരം ജലവിഭവ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. ചട്ടവിരുദ്ധമായി പുറപ്പെടുവിച്ച ഈ ഉത്തരവിന്റെ തീർപ്പുഫയൽ ജലവിഭവവകുപ്പിൽനിന്നും ലഭ്യമാക്കി പരിശോധിച്ചുവരുന്നു. വ്യവസായം, ടൂറിസം വകുപ്പുകളും സമാനമായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലാണ് റവന്യൂ വകുപ്പിൽനിന്നല്ലാതെ മറ്റു വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലെന്നും അത്തരം ഉത്തരവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നുമുള്ള നിർദേശം ജില്ലാ കളക്ടർമാർക്കും മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നൽകി 02-04-2025-ലെ എൽ.1/93/2024/റവ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

ദ്രുതിവ് നിയമ ഭേദഗതി ചട്ടം

319 (1573) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 നവംബറിൽ കാർഷിക ആവശ്യത്തിന് പതിച്ചുനൽകിയ ഭൂമിയിൽ വാണിജ്യ നിർമ്മാണങ്ങൾക്ക് അനുമതി നൽകാൻ പാടില്ലെന്ന ഹൈക്കോടതി വിധി ഉണ്ടായതിനെതുടർന്ന് 22-08-2019-ലെ ഭൂപതിവ് നിയമം ലംഘിച്ചുള്ള നിർമ്മാണം തടയാൻ സർക്കാർ ഉത്തരവ് ഇറക്കുന്നതിനുമുൻപ് എല്ലാ അനുമതിയും വാങ്ങി നിർമ്മിച്ച് കെട്ടിടനികുതി അടച്ച് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് വീണ്ടും ഭൂപതിവ് നിയമ ഭേദഗതി ചട്ടപ്രകാരം പിഴ ഈടാക്കുമോ; വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പിഴ ഈടാക്കുന്നത് സാമൂഹ്യനീതിയുടെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഭൂമിയുടെ മാർക്കറ്റ് വിലയെക്കാൾ ഫെയർ വാല്യൂ കൂടിയ പ്രദേശങ്ങളിൽ ക്രമവൽക്കരണത്തിന് ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിലുള്ള അമിതഫീസ് നൽകേണ്ടിവരുന്നത് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) 1960-ലെ കേരള ഭൂമി പതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾ പ്രകാരം നൽകിയിട്ടുള്ള പട്ടയങ്ങളിലോ ചട്ടങ്ങളിലോ 07-06-2024 തീയതിക്കുള്ളിൽ (2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ആക്ട് നിലവിൽ വന്ന തീയതി) ഉണ്ടായിട്ടുള്ള ഏതെങ്കിലും വ്യവസ്ഥാ ലംഘനങ്ങൾ ക്രമവൽകരിക്കുന്നതിനും പ്രസ്തുത തീയതിക്കുള്ളിൽ നൽകിയ പട്ടയങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും പട്ടാദാർക്ക് അനുമതി നൽകുന്നതിന് സർക്കാരിന്

അധികാരം നൽകുക എന്നുള്ളതുമാണ് ചട്ടഭേദഗതിയുടെ ഉദ്ദേശ്യലക്ഷ്യം.

വ്യവസ്ഥാ ലംഘനങ്ങൾക്ക് പിഴ ഈടാക്കുന്നതല്ല. എന്നാൽ ലംഘനങ്ങൾ ക്രമീകരിക്കുന്നതിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള 'റെഗുലറൈസേഷൻ ഫീ' ഈടാക്കുന്നതാണ്. പ്രസ്തുത ഫീസ് കണക്കാക്കുന്നതിനുള്ള അടിസ്ഥാനമായാണ് ഫെയർ വാല്യൂ ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അമിതഫീസ് ഈടാക്കുന്നുവെന്ന സാഹചര്യം ഉളവാകുന്നില്ല. നിശ്ചയിച്ചിട്ടുള്ള ഫെയർവാല്യൂ സംബന്ധിച്ച് ആക്ഷേപമുള്ളവർക്ക് ജില്ലാകളക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ച് അത് ഭേദഗതി വരുത്തുന്നതിന് നിലവിൽ ചട്ടമുണ്ട്.

ഭൂനികുതി സ്വീകരിക്കുന്നതിന് നടപടി

320 (1574) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ പെരകമണ്ണ, എടവണ്ണ എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന കുട്ടാടൻ മല, മഞ്ചേരി മല എന്നീ മലവാരങ്ങളിൽ 1968 മുതൽ 2009 വരെ നികുതി അടച്ച് കൈവശം വച്ചുവരുന്നതും കൃഷി ചെയ്തുവന്നിരുന്നതുമായ ജന്മം തീറാധാരം, കൈവശ തീറാധാരം, ലാൻഡ് ട്രൈബ്യൂണൽ പട്ടയം മുതലായ കൈവശാവകാശ രേഖകൾ ഉള്ളവർ, 1996 വരെയും 2009 വരെ നികുതി അടച്ച രസീതുകൾ, കൈവശാവകാശ രേഖകളുള്ളവർ, മുൻകാല സർവെകളിലൊക്കെ തന്നെ കൈവശ കുടിയേറ്റ രേഖകളുള്ള ഇ.പി.എൽ ആക്ടിൽ വരാത്ത ഭൂമി കൈവശം വച്ചിരിക്കുന്നവർ എന്നിവരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്നും പ്രസ്തുത പ്രശ്നം പരിഹരിച്ച് വർഷങ്ങളായി പട്ടയം ലഭിച്ച് ഭൂനികുതി അടച്ച് കൃഷിയും മറ്റും ചെയ്തിരുന്ന ഭൂമിയിൽനിന്നും തുടർന്നും ഭൂനികുതി സ്വീകരിക്കുന്നതിന് വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരകമണ്ണ, എടവണ്ണ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന കൂട്ടാടൻ മല, മാഞ്ചേരി മല എന്നീ മലവാരങ്ങളിൽ നിയമാനുസൃതം പതിച്ചുനൽകിയ രേഖകളുള്ള ഭൂമികൾക്ക് ഭൂനികുതി സ്വീകരിക്കുന്നുണ്ട്. അല്ലാത്തവയ്ക്ക് ഭൂനികുതി സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

പെരകമണ്ണ, എടവണ്ണ വില്ലേജുകളിൽ വനം വകുപ്പിന്റെ കൈവശത്തിലുണ്ടായിരുന്ന ഭൂമി വെസ്റ്റഡ് ഫോറസ്റ്റ് ആക്ട് പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയതിൽ അർഹരായ കക്ഷികൾക്ക് പതിച്ചുനൽകിയതിനുശേഷം അവശേഷിക്കുന്ന ഭൂമി തിരികെ വനം വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള WP(C)32113/2014 കേസിലെ അന്തിമവിധി വരുന്ന മുറയ്ക്ക് മേൽവിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

അരുർ മണ്ഡലത്തിൽ റവന്യൂ വകുപ്പുവഴി അനുവദിച്ച വിവിധ പദ്ധതികൾ

321 (1575) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാം; അതിന് അനുവദിച്ച തുക, നിലവിലെ

സ്ഥിതി എന്നിവ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ അരൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുള്ളതും പൊതുമരാമത്ത് വകുപ്പിനെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ള ടി വർക്കിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

ഭൂപതിവ് ചട്ടം ഭേദഗതി

322 (1576) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് ചട്ടത്തിൽ ഭേദഗതി കൊണ്ടുവരാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ പ്രയോജനം എത്ര പട്ടയഭൂമി ഉടമകൾക്കാണ് ലഭിക്കുക; ഏതെല്ലാം ജില്ലകളിലാണ് ഭൂപതിവ് ചട്ടപ്രകാരം ഭൂമി അനുവദിച്ചിട്ടുള്ളത്; എത്ര പട്ടയങ്ങളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത് എന്നിവ വ്യക്തമാക്കാമോ?

തീരുമാനമെടുത്തിട്ടുണ്ട്. 1960-ലെ കേരള ഭൂമി പതിവ് നിയമത്തിൽ ഭേദഗതി കൊണ്ടുവരികയും [Act 10 of 2024] 4A(1), 4A(2) എന്നിങ്ങനെ രണ്ട് ഉപവകുപ്പുകൾ കൂട്ടിച്ചേർക്കുകയുമുണ്ടായി. നിയമത്തിന്റെ പ്രാബല്യത്തീയതിയായ 07-06-2024-നുമുമ്പായി പട്ടയഭൂമിയിൽ നടത്തിയിട്ടുള്ള നിർദിഷ്ട ആവശ്യങ്ങൾക്ക് വിഭിന്നമായുള്ള വ്യവസ്ഥാ ലംഘനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയാണ് പ്രസ്തുത വകുപ്പ് 4 A(1)- ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നിയമഭേദഗതിയുടെ പ്രാബല്യ തീയതിക്ക് മുമ്പായി അനുവദിക്കപ്പെട്ട പട്ടയ ഭൂമികളിൽ

അനുവദിക്കപ്പെട്ട ആവശ്യത്തിന് വിഭിന്നമായ മറ്റാവശ്യങ്ങൾക്കായി ഭാവിയിൽ പട്ടയഭൂമികളുടെ ഉടമകൾക്ക് അപേക്ഷ നൽകിക്കൊണ്ട് ഉപയോഗമാറ്റത്തിനുള്ള അനുമതി സർക്കാരിൽനിന്നും നേടുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് 4 A(2) എന്ന ഉപവകുപ്പ് ഭേദഗതി. 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങൾ, 1993-ലെ വനഭൂമി കൃടിയേറ്റം ക്രമീകരിക്കുന്നതിനുള്ള പ്രത്യേക പതിവ് ചട്ടങ്ങൾ, വയനാട് കോളനൈസേഷൻ ചട്ടങ്ങൾ, ഹൈറേഞ്ച് കോളനൈസേഷൻ ചട്ടങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ഇവയിലെല്ലാംതന്നെ, കാർഷിക, ഗാർഹികാവശ്യങ്ങൾക്കായാണ് പ്രധാനമായും പട്ടയം അനുവദിച്ചിട്ടുള്ളത്.

കേരളത്തിലെ 14 ജില്ലകളിലും ഇത്തരം ചട്ടപ്രകാരം പട്ടയം അനുവദിച്ചിട്ടുണ്ടെങ്കിലും പുതുതായിവരുന്ന ക്രമവൽക്കരിക്കപ്പെട്ട ചട്ടപ്രകാരം ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകളിലെ ജനങ്ങൾക്ക് കൂടുതൽ ഗുണകരമാകും.

1960-ലെ ഭൂമി പതിവ് നിയമത്തിനുകീഴിലുള്ള ഇരുപതിലധികം പതിവ് ചട്ടങ്ങൾ പ്രകാരവും കേരളാ ഭൂപരിഷ്കരണ നിയമം ഉൾപ്പെടെയുള്ള മറ്റ നിയമങ്ങൾ പ്രകാരവും സംസ്ഥാനത്ത് കഴിഞ്ഞ 9 വർഷക്കാലംകൊണ്ട് 4,00,956 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങളുടെ കണക്കുകൾ സംബന്ധിച്ച ഡാഷ്ബോർഡ് റവന്യൂ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം അനുവദിച്ച പട്ടയങ്ങളുടെ കണക്കുസംബന്ധിച്ച ഡാഷ്ബോർഡ് റവന്യൂ വകുപ്പ് സൂക്ഷിച്ചിട്ടില്ല. ജില്ലകളിലെ പരിഹരിക്കപ്പെടാത്ത പട്ടയ പ്രശ്നങ്ങൾ സംബന്ധിച്ച ഡാഷ്ബോർഡ് റവന്യൂ വകുപ്പിന്റെ LRD പോർട്ടലിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ഇതുവരെ നൽകിയ മുഴുവൻ പട്ടയങ്ങളുടെയും രേഖകൾ ഡിജിറ്റലായോ കടലാസ് രേഖകളായോ റവന്യൂ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ; എവിടെയാണ് രേഖകൾ സൂക്ഷിക്കുന്നത്; ഇതിന്റെ കണക്കെടുപ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഏതെങ്കിലും രേഖകൾ നഷ്ടപ്പെട്ടതായി ഏതെങ്കിലും ഓഫീസുകളിൽനിന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

പതിവധികാരിയുടെ കാര്യാലയത്തിലാണ് അനുവദിച്ചിട്ടുള്ള പട്ടയത്തിന്റെ പകർപ്പ് ഫിസിക്കലായി സൂക്ഷിച്ചുവരുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 29-07-2020-ലെ WP(C) 17983/2019, 29865/19 & 32098/19 നമ്പർ കേസുകളിലെ പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം സംബന്ധിച്ച database തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും നിർദേശം നൽകിയതിന്റെയടിസ്ഥാനത്തിൽ ജില്ലാതലത്തിൽ പട്ടയത്തിന്റെ വിവരങ്ങൾ LRD പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പട്ടയ ഫയലുകളും പട്ടയരേഖകളും നഷ്ടപ്പെട്ട കേസുകളിൽ, ആധികാരികത ഉറപ്പുവരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് 26-05-2025-ലെ സ.ഉ(കൈ)നം.142/2025/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്.

(ഡി) ഭൂ പതിവ് ചട്ടത്തിലെ ഭേദഗതി നിലവിൽ വരുമ്പോൾ 2005-ലെ ദുരന്തനിവാരണ നിയമപ്രകാരം നിശ്ചയിച്ച ഹൈ റിസ്ക് സോണുകളെ എങ്ങനെയാണ് ബാധിക്കുക; ഇവിടെ

ചട്ടഭേദഗതിയുടെ പ്രയോജനം ലഭിക്കില്ലെന്ന വാദം ശരിയാണോ; വിശദാംശം നൽകാമോ?

മറ്റുനിയമങ്ങൾ പ്രകാരം നിയന്ത്രണങ്ങളോ നിരോധനങ്ങളോ ഉള്ള പ്രവർത്തനങ്ങൾക്കായി പട്ടയഭൂമി ഉപയോഗപ്പെടുത്തിയിട്ടുള്ള പക്ഷം അത്തരം വ്യവസ്ഥാ ലംഘനങ്ങൾ ക്രമവൽക്കരിക്കപ്പെടുന്നതല്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

പർച്ചേസ് കമ്മിറ്റികൾ

323 (1577) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സ്വകാര്യ വ്യക്തികളിൽനിന്നും പൊതു ആവശ്യങ്ങൾക്ക് ഭൂമി വിലപേശി വാങ്ങാൻ സംസ്ഥാനത്ത് പർച്ചേസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

പൊതു ആവശ്യത്തിനായി സന്നദ്ധരായ സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള നടപടിക്രമം ലളിതമാക്കുന്നതുമായി ബന്ധപ്പെട്ട് 31-12-2024, 30-06-2025 എന്നീ തീയതികളിൽ REV-B2/183/2023-REV നമ്പർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു[+]). ഇത്തരത്തിൽ പൊതുആവശ്യങ്ങൾക്കായി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തരം സ്വകാര്യ ഭൂമി വാങ്ങുന്നതിനായി സംസ്ഥാനതല പർച്ചേസ് കമ്മിറ്റി, ജില്ലാതല പർച്ചേസ് കമ്മിറ്റി എന്നിവ രൂപീകരിച്ച് 27-06-2025-ലെ സ.ഉ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(കൈ) നം.189/2025/റവ പ്രകാരം ഉത്തരവായിട്ടുള്ളതാണ് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+).

(ബി) 2013-ലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ മറികടന്ന് ഇപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കുമോ; ഇതുസംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശം എന്താണ്; പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

1872-ലെ ഇന്ത്യൻ കോൺട്രാക്ട് ആക്ട് പ്രകാരമുള്ള, ഉഭയകക്ഷി സമ്മതത്തോടെയുള്ള കൈമാറ്റത്തിനു മാത്രമാണ് മേൽ പരാമർശിത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

മലപ്പുറം മണ്ഡലത്തിലെ ഭൂമി തരം മാറ്റൽ അപേക്ഷകൾ

324 (1578) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതിനുള്ള കാലതാമസത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയക്കുള്ള അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി+ നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാതെ സമർപ്പിക്കുന്ന അപേക്ഷകൾ ന്യൂനത പരിഹരിച്ച് ലഭിക്കാത്തതും അപേക്ഷകളുടെ ബാഹുല്യവും കാരണം തീർപ്പാക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലതാമസം വരാറുണ്ട്.

(ബി) നിലവിൽ ഭൂമി തരംമാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുതകുംവിധം പുതിയ സോഫ്റ്റ്വെയർ ക്രമീകരണം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

റെലിസ് തരം മാറ്റം മോഡ്യൂളിൽ ലഭിച്ചുവരുന്ന ഫോം 6, 7, 9 അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് നിലവിൽ ബുദ്ധിമുട്ടുകൾ റിപ്പോർട്ട് ചെയ്ത് കാണുന്നില്ല.

(സി) മലപ്പുറം ജില്ലയിൽ ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ നടത്തിയിട്ടുള്ള ഉദ്യോഗസ്ഥ ക്രമീകരണം വിശദമാക്കുമോ?

ജില്ലയിൽ തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്തുവന്നിരുന്നത് തിരൂർ, പെരിന്തൽമണ്ണ സബ്കളക്ടർമാരാണ്. എന്നാൽ ഭൂമി തരംമാറ്റം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), ഡെപ്യൂട്ടി കളക്ടർ (ഡി.എം.), ഡെപ്യൂട്ടി കളക്ടർ (എൽ.എ), ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) എന്നിവരെ കൂടി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മലപ്പുറം കളക്ടറേറ്റിൽ 5 ജൂനിയർ സൂപ്രണ്ടുമാർ, 14 ക്ലാർക്കുമാർ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേകം സെക്ഷൻ രൂപീകരിച്ചിട്ടുള്ളതുമാണ്.

(ഡി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ താൽക്കാലിക നിയമനങ്ങൾക്കും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക് താൽക്കാലിക

തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 01-09-2023-ലെ സ.ഉ.(കൈ)നം. 206/2023/RD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും താൽക്കാലിക നിയമനങ്ങൾക്കുമായി നിലവിൽ പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

ഭൂമിക്ക് നികുതി അടക്കാൻ കഴിയാത്ത സാഹചര്യം

325 (1579) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി താലൂക്കിൽ ചേലേമ്പ്ര, പളളിക്കൽ വില്ലേജുകളിൽ ഭൂരേഖാ പ്രകാരമുളള ഒട്ടളവ് പ്രകാരം നികുതി അടയ്ക്കാൻ ഭൂവുടമകൾക്ക് കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂരേഖാ പ്രകാരമുളള ഭൂഅളവും കമ്പ്യൂട്ടറിൽ നികുതി അടക്കാനുളള ഭൂഅളവും തമ്മിലുള്ള വ്യത്യാസം കാരണം ഭൂമി കുറവുളളതായി കാണുന്നത് പരിഹരിക്കുന്നതിനായി ഈ രണ്ട് വില്ലേജുകളിലും പ്രത്യേക നടപടി സ്വീകരിക്കുമോ; ഇതിനായി സ്ഥലപരിശോധനയും സർവെ വിഭാഗത്തിന്റെ സഹായവും ലഭ്യമാക്കുമോ; വിശദമാക്കുമോ?

ഇത്തരം കേസുകളിൽ സർവെ വിഭാഗത്തിന്റെ സഹായത്തോടുകൂടി നടപടികൾ പരമാവധി വേഗത്തിൽ സ്വീകരിച്ചുവരുന്നു.

(സി) സീനിയോറിറ്റി പ്രശ്നം പറഞ്ഞ് സർവെക്കായി കാത്തിരിക്കേണ്ട അവസ്ഥ ഒഴിവാക്കുന്നതിനും സർവെ വിഭാഗത്തിന്റെ സഹായം അനിവാര്യമാണെങ്കിൽ ആയത്

ലഭ്യമാക്കുന്നതിനും പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

അത് പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സർവെ ഡയറക്ടർക്കും ലാൻഡ് റവന്യൂ കമ്മീഷണർക്കും സർക്കാർ തലത്തിൽ നിർദേശം നൽകിയിട്ടുണ്ട്.

നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന്

326 (1580) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.ടി.ആർ. രജിസ്റ്ററിൽ തോട്ടം എന്ന് രേഖപ്പെടുത്തപ്പെട്ട പ്രദേശങ്ങളിലെ നിർമ്മാണവും ഏലപ്പട്ടയത്തിലെ നിർമ്മാണങ്ങളും നിലമെന്ന് രേഖപ്പെടുത്തിയ പ്രദേശങ്ങളിലെ നിർമ്മാണങ്ങളും ക്രമവൽക്കരിക്കാൻ സാധിക്കുമോ; വിശദമാക്കുമോ?

കേരള ഭൂപരിഷ്കരണ നിയമം 1963 വകുപ്പ് 81 (1) (ഇ) പ്രകാരം ഇളവ് നൽകിയിട്ടുള്ള തോട്ടഭൂമിയിലുള്ള നിർമ്മാണങ്ങൾ ക്രമവൽകരിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥയില്ല. മാത്രമല്ല ഇത്തരത്തിൽ തോട്ട ഭൂമി എന്ന നിലയിൽ ഇളവ് ലഭിച്ച ഭൂമിയിൽ നിർമ്മാണങ്ങൾ നടത്തി തരംമാറ്റിയാൽ ഇളവ് നഷ്ടപ്പെടുന്നതും മിച്ചഭൂമി കേസ് റീഓപ്പൺ ചെയ്ത നടപടി സ്വീകരിക്കുന്നതുമാണ്. എന്നാൽ ഭൂപരിഷ്കരണ നിയമപ്രകാരം ഇളവ് ലഭിച്ചതല്ലാതെയുള്ളതും BTR രജിസ്റ്ററിൽ തോട്ടം എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ നിർമ്മാണങ്ങൾക്ക് തടസ്സമില്ല .

ബി.ടി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയ പ്രദേശങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008-ലെ

വകുപ്പ് 27 എ-യിലെ വ്യവസ്ഥകളും, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടം, 2008-ലെ ചട്ടം 12-ലെ വ്യവസ്ഥകളും പ്രകാരമാണ് ക്രമവൽക്കരിക്കേണ്ടത്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് സെക്ഷൻ 27 എ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

ഏലപ്പട്ടയവുമായി ബന്ധപ്പെട്ട വിഷയത്തിൽ, ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഗോദവർമ്മൻ തിരുമുൽപാട് ഫയൽചെയ്ത WP(C)No.202/95 നമ്പർ കേസിൽ കാർഡമം ഹിൽ റീസർവ് സംബന്ധിച്ച IA No. 1408, 1457, 1462 of 2005, 1787 of 2007 കേസ്സുകൾ 24-10-2024-ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പരിഗണിക്കുകയും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ, ഏലകൃഷിക്ക് പുതിയ പട്ടയം അനുവദിക്കരുതെന്നും കാർഡമം ഹിൽ റിസർവായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തുനിന്ന് ഇനിയും കൂടുതൽ ഭൂമി വാണിജ്യപരമായ ചൂഷണത്തിന് പരിവർത്തനം ചെയ്യപ്പെടാൻ സ്റ്റേറ്റ് അനുമതി നൽകരുതെന്ന് ഉത്തരവായിട്ടുള്ളതുമാണ്.

പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

327 (1581) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടാമ്പി മണ്ഡലത്തിൽ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്/ആസ്തി വികസന ഫണ്ട് ഉൾപ്പെടെ റവന്യൂ വകുപ്പിന് അനുവദിച്ച എല്ലാ പദ്ധതികളുടെയും വിവരങ്ങൾ നൽകുമോ; അനുവദിച്ച തുക,

വർഷം, പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകളിൽ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്/ആസ്തി വികസന ഫണ്ട് വഴി നടപ്പിലാക്കിയ പദ്ധതികളുണ്ടെങ്കിൽ ഓരോ വില്ലേജിനും അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ നില എന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടാമ്പി മണ്ഡലത്തിൽ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്/ആസ്തി വികസന ഫണ്ട് ഉൾപ്പെടെ വിവിധ പദ്ധതികൾ പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പ്ലാൻ പദ്ധതി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

പദ്ധതി & വർഷം	പ്രവൃത്തി	അനുവദിച്ച തുക (ഭരണാനുമതി തുക)	നിർവഹണ ഏജൻസി	നിലവിലെ സ്ഥിതി
പ്ലാൻ പദ്ധതി 2017-18	ഓങ്ങല്ലൂർ-2 സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	39,99,000/-	ജില്ലാ നിർമ്മിതി കേന്ദ്രം, പാലക്കാട്	പൂർത്തീകരിച്ചു
പ്ലാൻ പദ്ധതി 2019-20	തിരുവേഗപ്പുറ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	44,00,000/-	ജില്ലാ നിർമ്മിതി കേന്ദ്രം, പാലക്കാട്	പൂർത്തീകരിച്ചു
പ്ലാൻ പദ്ധതി 2020-21	കുലുക്കല്ലൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	44,00,000/-	ജില്ലാ നിർമ്മിതി കേന്ദ്രം, പാലക്കാട്	പൂർത്തീകരിച്ചു

പ്ലാൻ പദ്ധതി 2020-21	വിളയൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	44,00,000/-	ജില്ലാ നിർമ്മിതി കേന്ദ്രം, പാലക്കാട്	പൂർത്തീകരിച്ചു
പ്ലാൻ പദ്ധതി 2024-25	ഓങ്ങല്ലൂർ-1 സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	45,00,000/-	ജില്ലാ നിർമ്മിതി കേന്ദ്രം, പാലക്കാട്	നിലവിലെ വില്ലേജ് ഓഫീസ് കെട്ടിടം പൊളിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.
റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതി 2020-21	മുതുതല സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	44,00,000/-	സംസ്ഥാന നിർമ്മിതി കേന്ദ്രം	പൂർത്തീകരിച്ചു

എം.എൽ.എ ഫണ്ട്

ഫണ്ട് വിവരങ്ങൾ	പ്രവൃത്തിയുടെ പേര്	നിർവഹണ ഉദ്യോഗസ്ഥൻ	ഭരണാനുമതി തുക, വർഷം	നിലവിലെ സ്ഥിതി
SDF- MLA	കൊപ്പം വില്ലേജ് ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ	ബി.ഡി.ഒ. പട്ടാമ്പി	2,99,945/- 2020-21	പൂർത്തീകരിച്ചു
SDF- MLA	e-office പ്രവർത്തനങ്ങൾക്കായി മുതുതല, ഓങ്ങല്ലൂർ I, ഓങ്ങല്ലൂർ II, പട്ടാമ്പി, കൂടല്ലൂർ, കൊപ്പം, വല്ലപ്പുഴ, തിരുവേഗപ്പുറ, വിളയൂർ എന്നീ വില്ലേജുകൾക്ക് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രിന്റർ, യു.പി.എസ്. എന്നിവ വാങ്ങൽ	ബി.ഡി.ഒ. പട്ടാമ്പി	16,16,472/- 2021-22	പൂർത്തീകരിച്ചു

SDF- MLA	തിരുവേഗപ്പുറ വില്ലേജ് ഓഫീസിന് മുൻവശം നവീകരണം	ബി.ഡി.ഒ. പട്ടാമ്പി	2,00,000/- 2022-23	പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു.

റവന്യൂ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

328 (1582) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ദേവികുളം മണ്ഡലത്തിൽപ്പെടുന്ന മൂന്നാർ, പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജ് ഓഫീസുകൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിട്ടുള്ളതും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്.

2. ദേവികുളം താലൂക്ക് ഓഫീസിലേക്ക് 18 കമ്പ്യൂട്ടറുകൾ, 10 പ്രിന്ററുകൾ എന്നിവക്കായി ബഹുമാനപ്പെട്ട എം.എൽ.എ. ഫണ്ടിൽനിന്നും 9,75,000/- രൂപ അനുവദിച്ചിട്ടുള്ളതാണ്.

3. 2023-24 സാമ്പത്തിക വർഷത്തെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലെ മറ്റ് റവന്യൂ ഓഫീസുകളുടെ നിർമ്മാണം/നവീകരണ പ്രവർത്തികളിൽ ഉൾപ്പെടുത്തി ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിലെ റെക്കോർഡ് റൂം നവീകരണം നടത്തിയിട്ടുള്ളതാണ്.

4. ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും പ്രവൃത്തികൾ നടന്നുവരുന്നതുമാണ്.

കുടിയേറ്റങ്ങൾ കണ്ടെത്താൻ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന

329 (1583) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ 1977 ജനുവരി 1-ന് മുൻപുള്ള കുടിയേറ്റങ്ങൾ കണ്ടെത്താൻ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന ഏതെല്ലാം വില്ലേജുകളിലാണ് പൂർത്തിയായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഇടുക്കി

ഇടുക്കി ജില്ലയിൽ 1977 ജനുവരി 1-ന് മുൻപുള്ള കുടിയേറ്റങ്ങൾ കണ്ടെത്തുന്നതിന് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ച, കേന്ദ്രാനുമതി ലഭിച്ച 5000 ഹെക്ടർ ഭൂമിയും കാർഡമം ഹിൽ റിസർവ് മേഖലയിൽ പതിച്ചുനൽകുന്നതിന് അനുമതി ലഭിച്ച 20363.1590 ഹെക്ടർ ഭൂമിയും ഉൾപ്പെട്ടുവരുന്നു.

കേന്ദ്രാനുമതി ലഭിച്ച 5000 ഹെക്ടർ ഭൂമി നിലവിൽ തൊടുപുഴ താലൂക്കിലെ വെള്ളിയാമറ്റം, ഉടുമ്പന്നൂർ, അറക്കുളം, വണ്ണപ്പുറം, നെയ്യശ്ശേരി, പീരുമേട് താലൂക്കിലെ മ്ലാപ്പാറ, ദേവികുളം താലൂക്കിലെ മന്നാംകണ്ടം, ഇടുക്കി താലൂക്കിലെ ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിലും ഉൾപ്പെട്ടുവരുന്നു. കാർഡമം ഹിൽ റിസർവ് മേഖലയിൽ പതിച്ചുനൽകുന്നതിന് അനുമതി ലഭിച്ച 20363.1590 ഹെക്ടർ ഭൂമി ഉടുമ്പൻചോല താലൂക്കിലെ

പാറത്തോട്, കാന്തിപ്പാറ, ഇരട്ടയാർ, ഉടുമ്പൻചോല, ചതുരംഗപ്പാറ, പാംപാടുമ്പാറ, ചക്കുപള്ളം, വണ്ടൻമേട്, കരുണാപുരം, ആനവിലാസം, അണക്കര, ചിന്നക്കനാൽ, രാജക്കാട്, ശാന്തൻപാറ, രാജകുമാരി, കൽക്കൂന്തൽ എന്നീ വില്ലേജുകളിലും ഇടുക്കി താലൂക്കിലെ അയ്യപ്പൻ കോവിൽ, കട്ടപ്പന, കാഞ്ചിയാർ, കൊന്നത്തടി, വാത്തിക്കുടി, തങ്കമണി, ഉപ്പുതോട് എന്നീ വില്ലേജുകളിലും ദേവികുളം താലൂക്കിലെ ബൈസൺവാലി വില്ലേജിലും ഉൾപ്പെട്ടുവരുന്നു.

ഇടുക്കി ജില്ലയിൽ പുതുതായി വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ 01-01-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറി താമസിച്ചുവരുന്ന മുഴുവൻ പേർക്കും അതത് സ്ഥലത്ത്, ബാധകമായ പതിവ് ചട്ടങ്ങൾ പ്രകാരം അവരുടെ യോഗ്യതയുക്കനുസൃതമായി പട്ടയം നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി സംയുക്തപരിശോധന നടന്നയിടങ്ങളിൽ ജെ.വി ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജെ.വി നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ എന്നിവരുടെ സമഗ്രമായ വിവരശേഖരണം നടത്തിയിട്ടുണ്ട്.

<u>എറണാകുളം</u>

എറണാകുളം ജില്ലയിൽ, 01-01-1977-ന് മുമ്പുള്ള കുടിയേറ്റങ്ങൾ കണ്ടെത്താൻ, വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന, വില്ലേജുകളിൽ പൂർത്തീകരിച്ചിട്ടില്ല.

<u>പത്തനംതിട്ട</u>

പത്തനംതിട്ട ജില്ലയിൽ കോന്നി, റാന്നി, മല്ലപ്പള്ളി താലൂക്കുകളിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് സംയുക്തപരിശോധന നടത്തി, 1970.04 ഹെക്ടർ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി കേന്ദ്രസർക്കാരിന്റെ

അനുമതിക്കായി 2012-ൽ എഫ്.പി/കെ.എൽ/ഇഎൻസിആർഎച്ച്/8556/2012 നമ്പർ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും 16-09-2012-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസിൽനിന്നും ഒരു സംഘം പരിശോധനയ്ക്ക് വന്നിട്ടുള്ളതുമാണ്. അതുസംബന്ധിച്ച വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ രേഖപ്പെടുത്തുന്നു.

താലൂക്ക്	വില്ലേജ്	കൈവശക്കാരുടെ എണ്ണം	ഭൂമിയുടെ വിസ്തീർണ്ണം (ഹെ.)
റാന്നി	കൊല്ലമുള്ള	335	123.9919
	പെരുനാട്	148	63.3600
	വടശ്ശേരിക്കര	31	9.6400
	അത്തിക്കയം	110	26.7318
മല്ലപ്പള്ളി	പെരുമ്പട്ടി	414	104.1500
കോന്നി	ചിറ്റാർ, സീതത്തോട്	4530	1362.2763
	കലഞ്ഞൂർ	8	2.9400
	കോന്നിത്താഴം	69	13.5000
	അരുവപ്പുലം	262	47.0000
	തണ്ണിത്തോട് (കോന്നി ഡിഎഫ്ഒ)	207	59.9400
	തണ്ണിത്തോട് (റാന്നി ഡി.എഫ്.ഒ.)	210	156.5100
	ആകെ	**6324**	**1970.04**

പട്ടയ വിതരണം

330 (1584) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഭൂരഹിതർക്കുള്ള പട്ടയ വിതരണത്തിൽ 2024-2025 വർഷം എത്ര

പേർക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഒരോ ജില്ലയിലും പട്ടയം നൽകിയ കണക്ക് വ്യക്തമാക്കാമോ?

ക്രമ നം.	ജില്ല	2024-2025 വർഷം വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	1900
2	കൊല്ലം	2235
3	ആലപ്പുഴ	360
4	പത്തനംതിട്ട	1757
5	ഇടുക്കി	5016
6	കോട്ടയം	1000
7	എറണാകുളം	3839
8	തൃശ്ശൂർ	4500
9	പാലക്കാട്	11324
10	മലപ്പുറം	3880
11	കോഴിക്കോട്	2873
12	കണ്ണൂർ	2817
13	വയനാട്	374
14	കാസർഗോഡ്	1183
	ആകെ	**43058**

മലയോര പട്ടയ വിതരണത്തിന്റെ ഭാഗമായി റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന

331 (1585) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയോര പട്ടയ വിതരണത്തിന്റെ ഭാഗമായി റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത

പരിശോധന നടക്കാത്ത പ്രദേശങ്ങളിലും മുൻപ് നടന്ന പരിശോധനയിൽ ഒഴിവാക്കപ്പെട്ട പ്രദേശങ്ങളിലും സംയുക്ത പരിശോധന നടത്താൻ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മലയോര പട്ടയ വിതരണത്തിന്റെ ഭാഗമായി റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടക്കാത്ത പ്രദേശങ്ങളിലും മുൻപുനടന്ന പരിശോധനയിൽ ഒഴിവാക്കപ്പെട്ട പ്രദേശങ്ങളിലും സംയുക്ത പരിശോധന നടത്തുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുകൊണ്ട് 22-07-2025-ലെ സ.ഉ.(സാധാ)നം.1755/2025/റവ നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് സംയുക്ത പരിശോധന നടത്തുന്നതിനുള്ള അവസാന തീയതി 30-12-2025 വരെയായാണ് ദീർഘിപ്പിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

ഭൂപതിവ് ചട്ടങ്ങളിലെ ഭേദഗതി

332 (1586) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ നിർമ്മാണങ്ങൾ ക്രമപ്പെടുത്തുന്നതിന് ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭൂപതിവ് ചട്ടഭേദഗതിയിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

(എ&ബി) പട്ടയ ഭൂമിയിലെ അനധികൃത നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള പട്ടയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസ്ഥ ലംഘനങ്ങൾ ക്രമപ്പെടുത്തുന്നതിനായി 1960-ലെ ഭൂ പതിവ് നിയമം ഭേദഗതിവരുത്തുകയും ഇതുസംബന്ധമായ കരട് ചട്ടത്തിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതും സബ്ജക്ട് കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തിയിട്ടുള്ളതുമാണ്. ചട്ടം വിജ്ഞാപനം ചെയ്യുന്നതോടെ പ്രാബല്യത്തിൽ വരുന്നതാണ്.

(സി) പട്ടയഭൂമിയിലെ നിർമ്മാണ നിയന്ത്രണങ്ങൾ ഒഴിവാക്കി പട്ടയഭൂമി സ്വതന്ത്രമായി വിനിയോഗിക്കുന്നതിനുള്ള അവകാശം ഉടമകൾക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ?

1960-ലെ കേരള ഭൂമി പതിവ് നിയമത്തിൽ 2023-ലെ ഭേദഗതി മുഖേന കൂട്ടിച്ചേർത്ത 4 A (1), 4 A (2) എന്നീ ഉപവകുപ്പുകൾ പ്രകാരം യഥാക്രമം ഭേദഗതി പ്രാബല്യത്തിലായ 07-06-2024-നുമുമ്പായി വിവിധ ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള പട്ടയ ഭൂമികളിൽ പട്ടാദാരന്മാർ നടത്തിയിട്ടുള്ള പട്ടയ വ്യവസ്ഥ ലംഘനങ്ങൾ ക്രമവൽക്കരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതാണ് 4 A(1) എന്ന ഉപവകുപ്പിലെ വ്യവസ്ഥ. ഇതുസംബന്ധമായ ചട്ടങ്ങളുടെ കരട് പരിഗണനയിലാണ്. നിയമഭേദഗതി തീയതിക്കുമുമ്പ് പട്ടയ വ്യവസ്ഥകൾക്ക് വിപരീതമായി പട്ടയ ഭൂമിയിൽ വരുത്തിയിട്ടുള്ള നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള ചട്ട/പട്ടയ വ്യവസ്ഥാലംഘനങ്ങൾ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ക്രമവൽക്കരിക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ് പ്രസ്തുത ഭേദഗതി.

കുന്നത്തുനാട് മണ്ഡലത്തിൽ പട്ടയ വിതരണം

333 (1587) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകിയെന്ന് വില്ലേജ്, പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ 87 പേർക്ക് പട്ടയവും ഒരു കൈവശരേഖയും (വടവുകോട്) അനുവദിച്ചിട്ടുണ്ട്. വില്ലേജ്, പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നം	വില്ലേജ്	ഗ്രാമപഞ്ചായത്ത്	എണ്ണം
1	പുത്തൻകുരിശ്	പുത്തൻകുരിശ്	19
2	ഐക്കരനാട് നോർത്ത്	ഐക്കരനാട്	8
3	മാറമ്പിള്ളി	വാഴക്കുളം	1
4	മഴുവന്നൂർ	മഴുവന്നൂർ	14
5	ഐരാപുരം	മഴുവന്നൂർ	5
6	വടവുകോട്	പുത്തൻകുരിശ്	1
7	തിരുവാണിയൂർ	തിരുവാണിയൂർ	5
8	പട്ടിമറ്റം	കുന്നത്തുനാട/കിഴക്കമ്പലം/ഐക്കരനാട് നോർത്ത്	5
9	കുന്നത്തുനാട്	കുന്നത്തുനാട്	20
10	വാഴക്കുളം	വാഴക്കുളം	7
11	കിഴക്കമ്പലം	കിഴക്കമ്പലം	2
ആകെ			**87**

(ബി) ഇവർക്ക് ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വീട് വയ്ക്കുന്നതിന്, കാർഷിക

ആവശ്യത്തിന്, പട്ടയ ഭൂമിയുടെ ഗുണപരമായ വിനിയോഗത്തിന് എന്നീ ആവശ്യങ്ങൾക്കാണ് പട്ടയം അനുവദിച്ചിട്ടുള്ളത്.

(സി) കുന്നത്തുനാട് മണ്ഡലത്തിൽ പട്ടയത്തിനുവേണ്ടി ഇനി എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും ഈ അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിന്റെ പരിധിയിൽ 253 അപേക്ഷകളാണ് പട്ടയത്തിനുവേണ്ടി പരിഗണനയിലുള്ളത്. ടി അപേക്ഷകളിൽ റവന്യൂ പുറമ്പോക്ക് ഇനങ്ങളിൽ ജില്ലാ കളക്ടറേറ്റിൽനിന്നും നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. പി.വി.ഐ.പി (91), പുറമ്പോക്ക് (4), കുളം പുറമ്പോക്ക് (2), റോഡ്/വഴി പുറമ്പോക്ക് (53), കാവ് പുറമ്പോക്ക് (5), കോളനി പട്ടയം (21) പാറപുറമ്പോക്ക് എന്നീ ഇനങ്ങളിൽപ്പെട്ടവ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പട്ടയ അപേക്ഷകളിൽ അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്കുള്ള പട്ടയം

334 (1588) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട്, അട്ടപ്പാടി താലൂക്കുകളിലെ എത്ര കുടുംബങ്ങളാണ് പൊതുമരാമത്ത്

റോഡ് പുറമ്പോക്ക്, പുഴ പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്നത് എന്നതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മണ്ണാർക്കാട്, അട്ടപ്പാടി താലൂക്കുകളിൽ പൊതുമരാമത്ത് റോഡ് പുറമ്പോക്ക്, പുഴ പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിച്ചുവരുന്നവരുടെ കണക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ലഭ്യമാകുക.

(ബി) പ്രസ്തുത പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

നിലവിൽ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

1993-ലെ വനഭൂമി കൂടിയേറ്റ ക്രമീകരണ നിയമം

335 (1589) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-ലെ വനഭൂമി കൂടിയേറ്റ ക്രമീകരണ നിയമപ്രകാരം പട്ടയം നൽകാൻ 2009-ൽ സുപ്രീംകോടതി അനുമതി നൽകിയ 28500 ഹെക്ടർ ഭൂമിയിൽ എത്ര ഹെക്ടർ ഭൂമിക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട്; ഇതിൽ സി.എച്ച്.ആർ.-ൽ (കൺസർവേഷൻ ഓഫ് ഹാബിറ്റാറ്റ് ഏരിയ) ഉൾപ്പെട്ട എത്ര ഹെക്ടർ ഭൂമിക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട്; ഇതിന്റെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നിങ്ങനെ 5 ജില്ലകളിലായി ആകെ 28588.159 ഹെക്ടർ ഭൂമിക്കാണ് 1980-ലെ വന സംരക്ഷണ

നിയമത്തിലെ (Van Sanrakshan Evam Samvardhan Adiniyam, 1980) സെക്ഷൻ-2 പ്രകാരം 1993-ലെ പ്രത്യേക ഭൂ പതിവ് ചട്ടങ്ങൾപ്രകാരം പട്ടയം അനുവദിക്കുന്നതിനായി കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്. അതിൽ കൊല്ലം-61.2574 ഹെക്ടർ, പത്തനംതിട്ട - 54.1432 ഹെക്ടർ, ഇടുക്കി - 2667.8423, എറണാകുളം - 330.7822, തൃശ്ശൂർ-1788.8427 ഹെക്ടർ എന്നിങ്ങനെ പ്രസ്തുത 5 ജില്ലകളിലായി ആകെ 4902.8678 ഹെക്ടർ ഭൂമിക്ക് 1993-ലെ പ്രത്യേക ഭൂപതിവ് ചട്ടങ്ങൾപ്രകാരം നാളിതുവരെ പട്ടയം അനുവദിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച 28588.159 ഹെക്ടർ ഭൂമിയിൽ ഇടുക്കി ജില്ലയിലെ സി.എച്ച്.ആർ മേഖലയിൽ പട്ടയം അനുവദിക്കുന്നതിനായി 20363.1590 ഹെക്ടർ ഭൂമിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്. അതിൽ 14905.1137 ഹെക്ടർ ഭൂമിക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

1993-ലെ ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പട്ടയം നൽകുന്നതിന് രൂപീകരിച്ച 7 സ്പെഷ്യൽ ഓഫീസുകൾ 2003 സെപ്റ്റംബർ മാസത്തിൽ അവസാനിപ്പിച്ചിരുന്നതും, പ്രസ്തുത ഓഫീസുകളിലെ റെക്കാർഡുകൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിലെ റെക്കാർഡ് സെക്ഷനുകളിലേക്ക് സൂക്ഷിക്കുന്നതിനായി കൈമാറിയിരുന്നതുമാണ്. തുടർന്ന് 2005 കാലഘട്ടത്തിൽ വീണ്ടും പുതിയ സ്പെഷ്യൽ ഓഫീസുകൾ പതിവിനായി ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത ഓഫീസുകൾ ആരംഭിച്ചിരുന്നുവെങ്കിലും പട്ടയവുമായി ബന്ധപ്പെട്ട മുൻ രേഖകൾ ബന്ധപ്പെട്ട താലൂക്കുകളിലെ റെക്കാർഡ് സെക്ഷനുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. കാർഡമം ഹിൽ റിസർവ് ഏരിയയിൽ കട്ടപ്പന, മുരിക്കാശ്ശേരി, രാജകുമാരി, ഇടുക്കി നെടുംങ്കണ്ടം എന്നീ 5 ഭൂമി പതിവ് സ്പെഷ്യൽ ഓഫീസുകൾ മുഖാന്തരം പതിവ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. CHR-ലെ പതിവ് സംബന്ധമായ വിവരങ്ങളെല്ലാം തന്നെ

വിവിധ പതിവ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലുമായി സൂക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ ടി വിവരങ്ങൾ ശേഖരിച്ചു വരുന്നു.

സംസ്ഥാനത്ത് വിതരണം ചെയ്ത പട്ടയങ്ങൾ

336 (1590) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം ജില്ല തിരിച്ച് അറിയിക്കാമോ?

ക്രമ നം.	ജില്ല	2016 മുതൽ 2025 വരെ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	8756
2	കൊല്ലം	7917
3	ആലപ്പുഴ	2889
4	പത്തനംതിട്ട	3524
5	ഇടുക്കി	56458
6	കോട്ടയം	4767
7	എറണാകുളം	16010
8	തൃശ്ശൂർ	77104
9	പാലക്കാട്	71755
10	മലപ്പുറം	66365
11	കോഴിക്കോട്	33589
12	കണ്ണൂർ	28988
13	വയനാട്	7683
14	കാസർഗോഡ്	15151
	ആകെ	4,00,956

(ബി) പട്ടയ വിതരണത്തിന് തടസ്സമായിട്ടുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും പട്ടയം വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

സംസ്ഥാനതല പട്ടയം മിഷനുമായി ബന്ധപ്പെട്ട് എല്ലാ നിയോജകമണ്ഡലങ്ങളിലും MLA-യുടെ അധ്യക്ഷതയിൽ മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും പങ്കെടുക്കുന്ന പട്ടയ അസംബ്ലികൾ ചേർന്ന് മണ്ഡലത്തിൽ പട്ടയം ലഭ്യമാകേണ്ടവരുടെ ലിസ്റ്റും അപേക്ഷകളും തയ്യാറാക്കും. പരിഹരിക്കപ്പെടാനുള്ള പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പട്ടയം ഡാഷ്ബോർഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ വിലയിരുത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി ജില്ലാതല ദൗത്യസംഘത്തെ നിയോഗിച്ചിട്ടുണ്ട്. ദൗത്യസംഘത്തിന്റെ യോഗം കൃത്യമായി ചേർന്ന് ഭൂമിപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും നിയമപരമായി ജില്ലാതലത്തിൽ പരിഹരിക്കാവുന്ന വിഷയങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനതലത്തിൽ സർക്കാർ പരിഹരിക്കേണ്ടത് കണ്ടെത്തി ശ്രദ്ധയിൽപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പട്ടയം ഡാഷ്ബോർഡിൽ നിയമപ്രശ്നങ്ങൾമൂലം പട്ടയം അനുവദിക്കാൻ സാധിക്കാത്ത മുഴുവൻ ഭൂമിപ്രശ്നങ്ങളും ബഹുമാനപ്പെട്ട നിയമസഭാ സാമാജികരുടെ അധ്യക്ഷതയിൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ സംഘടിപ്പിച്ചും വില്ലേജുതല ജനകീയ സമിതികൾ മുഖാന്തരവും വിവിധ മേഖലകളിലെ മറ്റ് ഭൂമിപ്രശ്നങ്ങൾ പരിശോധിച്ച് ഡാഷ്ബോഡിൽ ഉൾപ്പെടുത്തി പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ ജില്ലാതലത്തിൽ

സ്വീകരിച്ചുവരുന്നുണ്ട്. അർഹമായ കേസുകൾ സർക്കാരിന്റെ പ്രത്യേക പരിഗണനയ്ക്കായി ശിപാർശ തയ്യാറാക്കി സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് അതത് വകുപ്പുമായി ചർച്ചചെയ്ത് പ്രസ്തുത വകുപ്പിന്റെ NOC പ്രകാരവും നടപടി സ്വീകരിച്ചുവരുന്നു.

(സി) എവിടെയെല്ലാമാണ് കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി പട്ടയ വിതരണം തടസ്സപ്പെട്ടിട്ടുള്ളതെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ജില്ല തിരിച്ച് വിശദാംശം നൽകാമോ?

കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി പട്ടയ വിതരണം തടസ്സപ്പെട്ടിട്ടുള്ളതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു:

കൊല്ലം

കൊല്ലം താലൂക്കിൽ ചിറയ്ക്കര വില്ലേജിൽ bought in land ആയി ഏറ്റെടുത്ത ഭൂമിയിൽ Zero landless പദ്ധതിപ്രകാരം 25 ഗുണഭോക്താക്കൾക്ക് പട്ടയം നൽകിയിരുന്നുവെങ്കിലും bought in land ഭൂമി ഉടമ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് പട്ടയം നൽകിയ ഗുണഭോക്താക്കൾക്ക് ടി ഭൂമി Occupy ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. കൂടാതെ ശേഷിക്കുന്ന ഭൂമി വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യവുമാണുള്ളതെന്ന് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ

ആലപ്പുഴ ജില്ലയിലെ കോമളപുരം വില്ലേജിൽ തോട് പുറമ്പോക്ക് ഭൂമി

പതിച്ചുനൽകുന്നത് കോടതി വ്യവഹാരംമൂലം തടസ്സപ്പെട്ടിട്ടുള്ളതാണ്.

ഇടുക്കി

1) മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് One Earth One life എന്ന സംഘടന ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽചെയ്ത WP(C) 1801/2010 നമ്പർ കേസിൽ 10-01-2024-ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ആയതിൽ "We are of the view that notice has to be issued to the State as to the validity of provisions under Rule 5 and 7 of the Kerala Land Assignment Rules, 1964 conferring power to assign patta to the holder of the land who claims such lands by way of encroachment. That means, those who have no traceable title or interest in the land either through a lease or through such other authority conferred upon them, they will have to be treated as encroachers. We, in such circumstances, are of the view that the Chief Secretary to Government will answer upon the validity of the above Rules. We, in the peculiar circumstances, direct the District Collector, Idukki or any authority conferred with power to issue patta, not to issue any patta to any person who have no semblance of interest by way of lease or through such other instrument issued by the competent authority till further decision is taken in this matter." എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

നിലവിൽ ടി വിധിന്യായംപ്രകാരം ഇടുക്കി ജില്ലയിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള (Occupied land) പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് തടസ്സം നേരിട്ടിരിക്കുന്നു.

(2) ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ 202/1995 (ടി. എൻ. ഗോദവർമ്മൻ തിരുമുൽപാട് **VS** യൂണിയൻ ഓഫ് ഇൻഡ്യ & അദ്ദേഴ്സ്) നമ്പർ കേസിലെ 24-10-2024-ലെ ഉത്തരവ് പ്രകാരം "Until further orders, we direct that the State of Kerala shall not allot any fresh patta for cardamom cultivation nor shall it permit further land from the area notified as CHR to be converted for commercial exploitation" എന്ന് ഉത്തരവായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കോടതി ഉത്തരവുപ്രകാരം ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവ് ഏരിയായിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നത് തടസ്സപ്പെട്ടിരിക്കുകയാണ്.

കോട്ടയം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ആലപ്ര പ്രദേശത്ത് പഴയ സർവെ 111/1-ൽപ്പെട്ടതും ആലപ്ര, പൊന്തൻപുഴ വളകോടി ചതുപ്പ് ഹരിജൻ കോളനി, നെടുംപുറം ചതുപ്പ് ഹരിജൻ കോളനി, പുളിക്കൻപാറ അംബേദ്കർ കോളനി, വഞ്ചികപ്പാറ എന്നീ പ്രദേശങ്ങളിലെ 1947-ന് മുൻപുതന്നെ കർഷകരുടെ കൈവശത്തിലിരുന്നതുമായ റീസർവെ രേഖകളിൽ സർക്കാർ വനം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന 95.3215 ഹെക്ടർ സ്ഥലം പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത SLP(C) 015337 - 015338/2019 നമ്പർ കേസ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലിരിക്കുന്നതും നിലവിൽ തൽസ്ഥിതി തുടരുന്നതിന് നിർദേശിച്ചിട്ടുള്ളതുമാണ്.

തൃശ്ശൂർ

തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി

വടക്കേകളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്ത് ഉത്തരവായിരുന്നു. പ്രസ്തുത ഭൂമിയിൽനിന്നും സർക്കാർ നിർദേശപ്രകാരം 10 ഏക്കർ സഹകരണ എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി 07-05-2013-ൽ ലാൻഡ് ബോർഡിൽനിന്ന് റിസർവ് ചെയ്ത് ഉത്തരവായിട്ടുള്ളതും അവശേഷിക്കുന്ന 63.73 ഏക്കർ 03-06-2013-ൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് നീക്കിവച്ച് ലാൻഡ് ബോർഡിൽനിന്ന് ഉത്തരവായിട്ടുള്ളതും പ്ലോട്ടുകൾ തിരിച്ചിരുന്നതുമാണ്. എന്നാൽ പ്രസ്തുത ലാൻഡ് ബോർഡ് ഉത്തരവിനെതിരെ CRP LR 44/2013 കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാലും കേസിൽ ഭൂമി പതിവ് നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതിനാലും ഭൂമി ഭൂരഹിതർക്ക് പതിച്ചുകൊടുക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. കേസിൽ സർക്കാരിനുവേണ്ടി എതിർ സത്യവാങ്മൂലം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട കോടതിയുടെ നിരോധന ഉത്തരവ് നീക്കിക്കിട്ടുന്നതിനും കേസ് എത്രയുംവേഗം തീർപ്പാക്കിക്കിട്ടുന്നതിനും നടപടി സ്വീകരിക്കണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ സീനിയർ ഗവൺമെന്റ് പ്ലീഡറുമായി കൂടികാഴ്ച നടത്തിയിരുന്നതും Early posting Petition ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതും 30-10-2024 വരെ കേസിൽ വിചാരണ നടന്നിട്ടുള്ളതുമാണ്. ടി കോടതി കേസുമായി ബന്ധപ്പെട്ട് Advocate General ഓഫീസുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നതും കേസ് എത്രയുംവേഗം തീർപ്പാക്കിക്കിട്ടുന്നതിന് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ കഴിഞ്ഞ 12 വർഷമായി കേസിൽ സ്റ്റേ

നിലനിൽക്കുന്നതിനാൽ മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമി പതിച്ചു നൽകുന്നതിനോ സർക്കാർ ആവശ്യത്തിന് ഉപയോഗിക്കുന്നതിനോ സാധിക്കാത്തതാണ്. ബഹുമാനപ്പെട്ട വടക്കാഞ്ചേരി എം.എൽ.എ. ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചതിന്റെയടിസ്ഥാനത്തിൽ സർക്കാരിൽനിന്നും ലഭിച്ച നിർദേശപ്രകാരം സർക്കാർ അഭിഭാഷകനുമായി കൂടിക്കാഴ്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് വളരെ നാളുകൾക്കുശേഷം 30-10-2024-ന് വിചാരണ നിശ്ചയിച്ചത്. എന്നാൽ പിന്നീട് ഈ കേസ് വിചാരണയ്ക്കായി നിശ്ചയിച്ചിട്ടില്ലാത്തതാണ്.

പാലക്കാട്

പട്ടാമ്പി താലൂക്ക് നാഗലശ്ശേരി വില്ലേജിൽ ഉൾപ്പെട്ട ശ്രീ. അത്താണിക്കൽ കുഞ്ഞഹമ്മദ് ഹാജി എന്നിവർ പേരിലുള്ള പട്ടാമ്പി താലൂക്ക് ലാൻഡ് ബോർഡിന്റെ 25-03-2019-ലെ എസ്.എം 1/2003 നമ്പർ മിച്ചഭൂമി കേസിലെ ഉത്തരവിനെതിരെ പ്രഖ്യാതാവിന്റെ മക്കളിലൊരാളായ ശ്രീമതി നബീസ ഉമ്മ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച RP 888/21 നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം ടി മിച്ചഭൂമി കേസിന്റെ തുടർനടപടികൾക്ക് അടുത്ത പോസ്റ്റിങ് തീയതിവരെ സ്റ്റേ നൽകികൊണ്ട് ഉത്തരവായിട്ടുള്ളതിനാൽ 299 ഗുണഭോക്താക്കൾക്ക് ഫോറം 18 നൽകുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാണ്.

വയനാട്

വയനാട് ജില്ലയിൽ, മാനന്തവാടി താലൂക്ക് പരിധിയിൽ പാരിസൺ എസ്റ്റേറ്റിൽനിന്നും ഏറ്റെടുത്ത മിച്ചഭൂമി പതിച്ചുകൊടുക്കുന്നതിൽ കോടതി കേസ് നിലവിലുണ്ട്. തവിഞ്ഞാൽ

വില്ലേജിൽ റി.സ.337-ൽ ഭൂമിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 22133/25 നം. കേസ് വന്നിട്ടുള്ളതിനാൽ പ്രസ്തുത ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നടപടി തുടരാൻ സാധിച്ചിട്ടില്ല. സ്പെഷ്യൽ തഹസിൽദാർ ഭൂപരിഷ്കരണം മാനന്തവാടിയിൽ കോടതി വ്യവഹാരങ്ങളുള്ള പട്ടയ ഫയലുകളിൽ ആവശ്യമായ നിയമനടപടി സ്വീകരിച്ചുവരുന്നു. വൈത്തിരി താലൂക്ക് പരിധിയിൽ മിച്ചഭൂമി പട്ടയം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 32553/2023 നം. കേസ് നിലനിൽക്കുന്നതിനാൽ 100-ൽ അധികം പേർക്ക് പട്ടയം അനുവദിക്കാൻ സാധിച്ചിട്ടില്ലായെന്നും ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കണ്ണൂർ

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ കാറ്റൂർ വില്ലേജിൽ കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി പട്ടയവിതരണം തടസ്സപ്പെട്ട കേസുകളുണ്ട്.

കാസർഗോഡ്

ചുരുക്കം വ്യക്തിഗത കേസുകൾ മാത്രമേ കോടതി വ്യവഹാരങ്ങളിൽ കുടുങ്ങിക്കിടക്കുന്നുള്ളൂ. കോടതി വ്യവഹാരങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ഇത്തരം കേസുകളിൽ പതിവ് നിയമപ്രകാരവും അപേക്ഷകൻ അർഹതയും സർക്കാർ നിലപാടും കോടതിയെ ബോധ്യപ്പെടുത്തി പട്ടയ വിതരണത്തിന് നടപടി സ്വീകരിച്ചുവരുന്നതായി ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പട്ടയ വിതരണം

337 (1591) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 9 വർഷത്തിൽ എത്ര പട്ടയങ്ങളാണ് റവന്യൂ വകുപ്പ് വിതരണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ?

ക്രമ നം.	ജില്ല	9 വർഷത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	8756
2	കൊല്ലം	7917
3	ആലപ്പുഴ	2889
4	പത്തനംതിട്ട	3524
5	ഇടുക്കി	56458
6	കോട്ടയം	4767
7	എറണാകുളം	16010
8	തൃശ്ശൂർ	77104
9	പാലക്കാട്	71755
10	മലപ്പുറം	66365
11	കോഴിക്കോട്	33589
12	കണ്ണൂർ	28988
13	വയനാട്	7683
14	കാസർഗോഡ്	15151
	ആകെ	4,00,956

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ടൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലെ പട്ടയ വിതരണം

338 (1592) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ ടൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിൽ പട്ടയം

അനുവദിച്ചുനൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള ഏഴായിരത്തോളം അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ, എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ മൂന്ന് വില്ലേജുകളിൽ 9 സർവെ നമ്പരുകളിലായി റീസർവെ റെക്കാർഡുകളിൽ (ബി.റ്റി.ആർ.) ഭൂമിയുടെ തരം രേഖപ്പെടുത്തുന്ന ഭാഗത്ത് പുറമ്പോക്ക്, പുരയിടം എന്നും ആയതിന്റെ റിമാർക്സ് കോളത്തിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്നും രേഖപ്പെടുത്തിയിട്ടുള്ള മേൽപടി മൂന്ന് വില്ലേജുകളിലായി 1450 ഹെക്ടർ ഭൂമികളിലായി 8000-ൽ അധികം കുടുംബങ്ങൾ താമസിച്ചുവരുന്നു. 15-03-2024-ലെ സ.ഉ.(കൈ)നം. 67/2024/റവ പ്രകാരം കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ 1450 ഹെക്ടർ പ്രദേശത്തെ പതിനായിരത്തോളം പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി 17 തസ്തികകൾ ഒരു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിക്കുകയും 3000-ൽ അധികം ഫീൽഡുകൾ പരിശോധിച്ച് സർവെയർമാർ സ്കെച്ചുകൾ തയ്യാറാക്കിയിട്ടുള്ളതും സ്കെച്ച് തയ്യാറാക്കി ലഭിച്ചിട്ടുള്ള കൈവശ ഭൂമികളുടെ മഹസ്സർ, ചെക്ക് ലിസ്റ്റ് എന്നിവ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നതുമാണ്.

04-11-2023-ലെ സ.ഉ.(സാധാ)നം.2020/2020/റവ, സ.ഉ.(സാധാ) നം.3966/2023/റവ എന്നീ നമ്പർ സർക്കാർ ഉത്തരവുപ്രകാരം വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതും സെറ്റിൽമെന്റ് രജിസ്റ്റർ, റീസർവെയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന BTR എന്നിവ പ്രകാരം പുറമ്പോക്ക്/പുരയിടം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ റവന്യൂ

രേഖകളിൽ പട്ടാദാരന്റെ പേര് "സർക്കാർ" എന്നും വസ്തുവിന്റെ വിവരണം/റിമാർക്സ് എന്നീ കോളങ്ങളിൽ "റിസർവ് വനം"' എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത്തരം ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതിരിക്കുന്ന സാഹചര്യത്തിൽ അത്തരം രേഖപ്പെടുത്തലുകൾ കണക്കിലെടുക്കാതെ തന്നെ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പ്രസ്തുത ഭൂമിയുടെ പതിവിനുള്ള യോഗ്യത/വിനിയോഗം/കൈവശങ്ങളുടെ പഴക്കം, സ്വഭാവം എന്നിവ പരിഗണിച്ച് യോഗ്യമായ കൈവശങ്ങളുടെ അടിസ്ഥാനത്തിൽ സർവെ സബ് ഡിവിഷൻ ചെയ്ത് ടി ഭൂമിയുടെ തൽസ്ഥിതി പ്രകാരം റെക്കോർഡുകൾ തയ്യാറാക്കി പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനം ഉണ്ടോയെന്ന് ഉറപ്പുവരുത്തിയതിനുശേഷമേ പട്ടയ നടപടികൾ ആരംഭിക്കാകൂയെന്ന് കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 24-02-2025-ലെ A5-4696/2020 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുള്ളതായി കോട്ടയം ജില്ലാകളക്ടർ അറിയിച്ചിരിക്കുന്നു.

03-02-2025-ലെ സ.ഉ.(കൈ)നം. 30/2025/റവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം സെറ്റിൽമെന്റ് പ്രദേശങ്ങൾ പ്രത്യേക റവന്യൂ വില്ലേജുകളായി രൂപീകരിക്കുന്നതിന് ജില്ലാകളക്ടറെ അധികാരപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും, മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമത്തിലെ വകുപ്പ് 4(4) പ്രകാരം വനാവകാശ രേഖ അനുവദിച്ച് നൽകിയിട്ടുള്ള ഭൂമി അന്യാധീനപ്പെടുത്താൻ പാടില്ലാത്തതും എന്നാൽ പിന്തുടർച്ചാവകാശമുള്ളതുമായിരിക്കും

(Heritable but not alienable) എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. മുണ്ടക്കയം ഭൂമി പതിവ് കാര്യാലയത്തിൽ ലഭിച്ച പട്ടയ അപേക്ഷകളിൽ സ്ഥലപരിശോധന നടത്തിയതിൽ അപേക്ഷകർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ടി പ്രദേശത്തെ കൈവശക്കാർ വനാവകാശ രേഖ ലഭ്യമായവരോ, മുൻപ് വനാവകാശ രേഖ ലഭിച്ചവരിൽനിന്നും ഭൂമി കൈമാറി ലഭിച്ചവരോ ആണെന്ന് മുണ്ടക്കയം ഭൂമി പതിവ് കാര്യാലയം സ്പെഷ്യൽ തഹസിൽദാർ റിപ്പോർട്ട് ചെയ്തതിന്റെയടിസ്ഥാനത്തിൽ ഇപ്രകാരം വനാവകാശ രേഖ ലഭിച്ചവർക്കോ അവരിൽ നിന്ന് കൈമാറ്റം വഴി ഭൂമി ലഭിച്ചവർക്കോ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിക്കുന്നത് 2006-ലെ വനാവകാശ നിയമത്തിന്റെ ലംഘനമാകുമോ എന്ന സംശയം നിലനിൽക്കുന്നതിനാൽ ലാൻഡ് റവന്യൂ കമ്മീഷണർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളതും ടി വിഷയം എം3/81/2025/റവ നമ്പർ ഫയലിൽ പരിശോധനയിലുമാണ്.

ദേവസ്വം ഭൂമിയിൽ പട്ടയം

339 (1593) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ഭൂമിയിൽ പട്ടയം ലഭിക്കുന്നതിനായി 2021 ജനുവരി മുതൽ ഓരോ വർഷവും ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ ഓഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ (എസ്.എം.സി./ഒ.എം.) എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

അപേക്ഷകളുടെ എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2021 മുതൽ ഓരോ ജില്ലയിലും അനുവദിച്ച ദേവസ്വം ഭൂമി പട്ടയങ്ങളുടെ വിശദാംശങ്ങൾ എസ്.എം.സി./ഒ.എം. നമ്പർ സഹിതം വർഷം തിരിച്ച് ലഭ്യമാക്കുമോ?

2021 മുതൽ ഓരോ ജില്ലയിലുമായി അനുവദിച്ച ദേവസ്വം ഭൂമി പട്ടയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) കോഴിക്കോട് ഭൂപരിഷ്കരണ വിഭാഗം (എൽ.ആർ.) ഡെപ്യൂട്ടി കളക്ടർ ഓഫീസിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളുടെ വർഷം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ?

കോഴിക്കോട് ഭൂപരിഷ്കരണ വിഭാഗം (എൽ.ആർ.) ഡെപ്യൂട്ടി കളക്ടർ ഓഫീസിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളുടെ വർഷം തിരിച്ചുള്ള എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) പ്രസ്തുത അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

01-04-1964-ന് മുമ്പ് ജന്മി-കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിച്ച് വന്നിരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ എന്നിവർക്ക് 1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കുന്നതും, കൈവശ ഭൂമിയിന്മേൽ fixity of tenure ഉണ്ടോയെന്ന് പരിശോധിക്കുന്നതും ക്രയസർട്ടിഫിക്കറ്റ് നൽകുന്നതും ലാൻഡ് ട്രൈബ്യൂണലുകളാണ്. ഇതിനായി ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്. ദേവസ്വങ്ങൾ ജന്മിയായി വരുന്ന കേസുകൾ കൈകാര്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നതിനായി ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) പ്രിസൈഡിങ് ഓഫീസറായി ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തിവരുന്നു. കേസുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ലാൻഡ് ബോർഡിൽനിന്നും സർക്കുലർ/സൃഷ്ടീകരണം ഉൾപ്പടെ നൽകിവരുന്നു. ദേവസ്വങ്ങളുടെ ഭൂമി നഷ്ടപ്പെടുന്നുവെന്ന് കാണിച്ച് ചില വ്യക്തികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കാരണം ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളിലെ വേഗത്തിലുള്ള കേസ് തീർപ്പാക്കലിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവുകൾ കർശനമായി പാലിച്ച് മാത്രമേ ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾക്ക് നിലവിൽ ഉത്തരവുകൾ പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യ നടപടികളും നിലവിലുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം മുഖാന്തരം തുടർനടപടി സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുകൾക്കനുസൃതമായി പരമാവധി വേഗത്തിൽ അർഹരായവർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകാൻ ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആര്യങ്കാവ്, കുളത്തൂപ്പുഴ വില്ലേജുകളിലെ പട്ടയ അപേക്ഷകൾ

340 (1594) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യങ്കാവ് വില്ലേജിലെ ഇരുളൻകാട്, രാജാച്ചോല, വെഞ്ചർ, ഒൻപതേക്കർ, പത്തേക്കർ, നാൽപ്പത്തേഴുമല, കോട്ടവാസൽ, അച്ചൻകോവിൽ, കുട്ടത്തിമണ്ണിൽ എന്നീ പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നിന്നും പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രദേശത്തെയും അപേക്ഷകരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; ഇവർക്ക് പട്ടയം നൽകാൻ എന്തു നടപടിയെടുക്കാനാകുമെന്ന് വിശദമാക്കാമോ?

ആര്യങ്കാവ് വില്ലേജിലെ അച്ചൻകോവിൽ കുട്ടത്തിമണ്ണിൽ പ്രദേശങ്ങളിൽ താമസിക്കുന്നവരിൽനിന്നും ഏകദേശം 117 അപേക്ഷകൾ പട്ടയ അസംബ്ലിയിൽ ലഭിച്ചിട്ടുള്ളതാണ്. കൂടാതെ ടി വില്ലേജിലെ രാജാച്ചോല, വെഞ്ചർ, ഒൻപതേക്കർ, പത്തേക്കർ, നാൽപ്പത്തേഴുമല, കോട്ടവാസൽ പ്രദേശങ്ങളിൽനിന്നും ലഭ്യമായ 1062 അപേക്ഷകൾ വനം-റവന്യൂ സയുക്ത പരിശോധനാ (JVR) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പട്ടയ അസംബ്ലിയിൽ ലഭിച്ചിട്ടുള്ള അപക്ഷകളിൽ പട്ടയ നടപടികൾ സ്വീകരിച്ചുവരുന്നതും വനഭൂമി പട്ടയത്തിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ കേന്ദ്ര സർക്കാർ അനുമതി ലഭിക്കുന്നതിനായി പരിവേഷ് പോർട്ടൽ വഴി അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) ഇവിടെ താമസിക്കുന്നവരിൽ ലൈഫ്, പ്രധാനമന്ത്രി ആവാസ് യോജനയടക്കമുള്ള ഭവനപദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്ക് പട്ടയത്തിന്റെ അഭാവത്തിൽ ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ് നൽകാനാകുമോ; വിശദമാക്കാമോ?

കൈവശ സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ തടസ്സങ്ങളില്ലാത്തതാണ്.

(സി) ആര്യങ്കാവ് കോട്ടവാസലിലെ വഖഫ് ഭൂമിയിൽ താമസിക്കുന്നവരുടെ പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇവർക്ക് പട്ടയം നൽകാൻ എന്തുനടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

ലഭിച്ചിട്ടില്ല.

(ഡി) പുനലൂർ താലൂക്കിലെ കുളത്തൂപ്പുഴയിൽ മഠത്തിക്കോണം പ്രദേശത്ത് ദീർഘകാലമായി താമസിക്കുന്ന നിരവധി കുടുംബങ്ങൾക്ക് അവരുടെ കൈവശഭൂമിയിൽ പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടുത്തെ പട്ടയപ്രശ്നം എന്തെന്ന് വിശദമാക്കാമോ; ഇവിടെ എത്ര അപേക്ഷകരുണ്ടെന്നും ഈ കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും അറിയിക്കാമോ; പട്ടയം വിതരണം വേഗത്തിലാക്കുന്നതിനായി പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിങ്കൾക്കരിക്കം വില്ലേജിലെ 390, 401, 400 എന്നീ സർവെ നമ്പരിൽ ഉൾപ്പെട്ടുവരുന്ന ഭൂമി മഠത്തിക്കാല ആനന്ദവിലാസം കുടുംബത്തിന്റെ പേരിലുണ്ടായിരുന്നതും ടി കുടുംബം ഭൂമി വിട്ടൊഴിഞ്ഞശേഷം മേൽനോട്ടക്കാരൻ അത് കൈവശപ്പെടുത്തുകയും ടിയാൻ ചെറിയ സബ് ഡിവിഷനുകളായി ഭൂമി കൈമാറ്റം ചെയ്തിട്ടുള്ളതുമാണ്. ഭൂരിഭാഗം കൈമാറ്റങ്ങളും ആധികാരിക രേഖപ്രകാരമുള്ളതല്ല. അതിൽനിന്നും കുറച്ച് അധികം ഭൂമി പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതായും പഞ്ചായത്ത് ടി സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആധാരം ചമച്ച് കുറച്ചുപേർക്ക് വിതരണം ചെയ്തിട്ടുള്ളതായും പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലത്ത്

രേഖകളില്ലാത്ത 83-ഓളം കൈവശക്കാരാണുള്ളത്. ടി സ്ഥലത്തിന് ലാൻഡ് ടൈബ്യൂണൽ പട്ടയ നടപടികൾ സാധ്യമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ പട്ടയ വിതരണം

341 (1595) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിൽ 2021 മുതൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തു; പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ 2021 മുതൽ 83 പേർക്ക് പട്ടയം വിതരണം ചെയ്തു. പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണം

342 (1596) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പട്ടയം വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ 223945 പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമ നം	ജില്ല	വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	6330
2	കൊല്ലം	4569
3	ആലപ്പുഴ	1687
4	പത്തനംതിട്ട	2637
5	കോട്ടയം	3685
6	ഇടുക്കി	18643
7	എറണാകുളം	9793
8	തൃശ്ശൂർ	33217
9	പാലക്കാട്	53203
10	മലപ്പുറം	37245
11	കോഴിക്കോട്	23159
12	കണ്ണൂർ	18812
13	വയനാട്	4588
14	കാസർഗോഡ്	6377
	ആകെ	223945

(ബി) തൃശ്ശൂർ ജില്ലയിലെ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിൽ മണ്ഡലാടിസ്ഥാനത്തിൽ നൽകിയ പട്ടയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നം	മണ്ഡലം	വിതരണം ചെയ്ത പട്ടയങ്ങൾ
1	ചേലക്കര	2804
2	കുന്നംകുളം	2198
3	വടക്കാഞ്ചേരി	3575
4	ഗുരുവായൂർ	1598
5	മണലൂർ	1644
6	ഒല്ലൂർ	4369
7	തൃശ്ശൂർ	2445
8	നാട്ടിക	2742
9	ഇരിങ്ങാലക്കുട	1796

10	പുതുക്കാട്	2745
11	കൈപ്പമംഗലം	2510
12	ചാലക്കുടി	2876
13	കൊടുങ്ങല്ലൂർ	1925
	ആകെ	**33217**

(സി) ഇതിനായി തൃശ്ശൂർ ജില്ലയിൽ എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ?

നിലവിൽ തൃശ്ശൂർ ജില്ലയിൽ പട്ടയം നൽകുന്നതിന് 17255 അപേക്ഷകളാണ് പരിഗണനയിലിരിക്കുന്നത്.

(ഡി) എങ്കിൽ ലഭ്യമായ അപേക്ഷകളിൽ നടപടികൾ സ്വീകരിച്ച് പട്ടയം എന്ന് നൽകാനാകുമെന്ന് അറിയിക്കാമോ?

നിയമപരമായി തടസ്സങ്ങളൊന്നുമില്ലാത്ത കേസുകളിൽ 2025 ഡിസംബറിനുള്ളിൽ നടപടി പൂർത്തീകരിച്ച് പട്ടയം നൽകുന്നതാണ്. ബാക്കിയുള്ളവ പരിശോധിച്ച് നിയമപ്രശ്നങ്ങൾ സത്വരം പരിഹരിച്ചുകൊണ്ട് പട്ടയം നൽകുന്നതിനുള്ള നടപടി പട്ടയം മിഷന്റെ ആഭിമുഖ്യത്തിൽ സ്വീകരിക്കുന്നതാണ്. സർക്കാർ തലത്തിലും ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിലും ഇതിനുവേണ്ടി ഓരോ മാസവും വിലയിരുത്തൽ യോഗം നടത്തി പുരോഗതി വിലയിരുത്തുന്നതാണ്.

നെന്മാറ മണ്ഡലത്തിലെ പട്ടയങ്ങൾ

343 (1597) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ മണ്ഡലത്തിൽ എത്ര പട്ടയങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ മണ്ഡലത്തിൽ 1698 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നം.	വില്ലേജ്	അനുവദിച്ച പട്ടയങ്ങൾ
1	വടവന്നൂർ	122
2	നെന്മാറ	212
3	എലവഞ്ചേരി	114
4	വല്ലങ്ങി	161
5	കയറാടി	64
6	തിരുവഴിയാട്	72
7	നെല്ലിയാമ്പതി	1
8	പല്ലശ്ശന	198
9	പുതുനഗരം	92
10	കൊല്ലങ്കോട് 1	95
11	കൊല്ലങ്കോട് 2	49
12	കൊടുവായൂർ 1	81
13	കൊടുവായൂർ 2	97
14	മുതലമട 1	90
15	മുതലമട 2	129
16	അയിലൂർ	121
	ആകെ	**1698**

കാസർഗോഡ് ജില്ലയിലെ പട്ടയ അപേക്ഷകളുടെ വിവരങ്ങൾ

344 (1598) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ഓരോ മണ്ഡലത്തിലും നൽകിയ പട്ടയങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ഓരോ മണ്ഡലത്തിലും നൽകിയ പട്ടയങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

മണ്ഡലം	പട്ടയങ്ങളുടെ എണ്ണം
ഉദുമ	728
കാഞ്ഞങ്ങാട്	2473
തൃക്കരിപ്പൂർ	1886
മഞ്ചേശ്വരം	582
കാസർഗോഡ്	516

(ബി) നിലവിൽ കാസർഗോഡ് ജില്ലയിൽ പട്ടയ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാൻ ആകെ എത്ര അപേക്ഷകൾ ബാക്കിയുണ്ട്?

നിലവിൽ കാസർഗോഡ് ജില്ലയിൽ പട്ടയ അപേക്ഷകളിൽ തീർപ്പു കൽപ്പിക്കാൻ ആകെ 6017 അപേക്ഷകൾ ബാക്കിയുണ്ട്.

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിലുള്ള പട്ടയ അപേക്ഷകൾ സംബന്ധിച്ച വിശദാംശം വില്ലേജ് /താലൂക്ക് തിരിച്ച് നൽകാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലുള്ള പട്ടയ അപേക്ഷകൾ സംബന്ധിച്ച വിശദാംശം വില്ലേജ് /താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു:

ക്രമ നം.	വില്ലേജ്	താലൂക്ക്	അപേക്ഷകളുടെ എണ്ണം
1	മടിക്കൈ	ഹോസ്ദുർഗ്ഗ്	918
2	ചിത്താരി	ഹോസ്ദുർഗ്ഗ്	247
3	അമ്പലത്തറ	ഹോസ്ദുർഗ്ഗ്	247
4	ബെല്ല	ഹോസ്ദുർഗ്ഗ്	137
5	ആജാനൂർ	ഹോസ്ദുർഗ്ഗ്	62
6	ഹോസ്ദുർഗ്ഗ്	ഹോസ്ദുർഗ്ഗ്	3
7	പുതുക്കൈ	ഹോസ്ദുർഗ്ഗ്	2
8	കാഞ്ഞങ്ങാട്	ഹോസ്ദുർഗ്ഗ്	13
9	തായന്നൂർ	വെള്ളരിക്കുണ്ട്	22
10	കിനാനൂർ	വെള്ളരിക്കുണ്ട്	18
11	കരിന്തളം	വെള്ളരിക്കുണ്ട്	32
12	ബേളൂർ	വെള്ളരിക്കുണ്ട്	60
13	പരപ്പ	വെള്ളരിക്കുണ്ട്	7
14	പനത്തടി	വെള്ളരിക്കുണ്ട്	44
	ആകെ		**1812**

തെന്മല വില്ലേജ് പൂത്തോട്ടം പ്രദേശത്ത് കൈവശാനുഭവ ഭൂമി പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിന്

345 (1599) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ പൂത്തോട്ടം-പത്തേക്കർ എന്ന സ്ഥലത്ത് 878/5-നമ്പർ സർവെയിൽപ്പെട്ട വസ്തുവിൽ സ്ഥിരതാമസവും കൈവശാനുഭവവുമുള്ള ആളുകൾക്ക് പ്രസ്തുത വസ്തുവിന് പട്ടയം നൽകി പോക്കുവരവ് ചെയ്ത് കൊടുക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ അറിയിക്കുമോ?

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ പൂത്തോട്ടം-പത്തേക്കർ

പ്രദേശത്തെ നിവാസികളും M/s. മലയാളം പ്ലാന്റേഷൻസിൽ (നിലവിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്) നിന്നും 1970-ന മുൻപ് ഭൂമി വാങ്ങി കൈവശം വയ്ക്കുകയും പിൽക്കാലത്ത് ടി ഭൂമിക്ക് ലാൻഡ് ട്രൈബ്യൂണലിൽനിന്നും പട്ടയം ലഭിക്കുകയും ചെയ്തവരുടെയും അവരുടെ പിന്തുടർച്ചാ അവകാശികളുടെയും 4 ഏക്കർ വരെയുള്ള ഭൂമി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പോക്കുവരവ് ചെയ്യുന്നതിനും കരം സ്വീകരിക്കുന്നതിനും 17-09-2018-ലെ റവന്യൂ(എ) വകുപ്പിന്റെ എ 1/140/2018/റവ നമ്പർ കത്ത് പ്രകാരം നിർദേശം നൽകിയിരുന്നു. ഉത്തരവ് അനുബന്ധമായി+ ചേർക്കുന്നു. ലാൻഡ് ട്രൈബ്യൂണലിൽനിന്നും ക്രയ സർട്ടിഫിക്കറ്റ് ലഭിച്ച അത്തരം കൈവശഭൂമിക്ക് മേൽ നിർദേശപ്രകാരം പോക്കുവരവ് അനുവദിച്ചിട്ടുള്ളതിനാൽ അപ്രകാരമുള്ള അപേക്ഷകൾ നിലവിൽ ഇല്ലാത്തതാണ്.

പുനലൂർ താലൂക്കിൽ തെന്മല വില്ലേജിലെ സർവെ 878/5-ൽപ്പെട്ട 14.54 ഏക്കർ ഭൂമി ഉൾപ്പടെയുള്ള 7588.83 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ച് കിട്ടുന്നതിനായി ഹാരിസൺസ് മലയാളം ലിമിറ്റഡിനെതിരെ കൊല്ലം ജില്ലാകളക്ടർ പുനലൂർ സബ് കോടതിയിൽ ഫയൽ ചെയ്ത OS 12/2021 നമ്പർ സിവിൽ കേസ് തീർപ്പാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത കേസിലെ അന്തിമ വിധിന്യായത്തിനു വിധേയമായി മാത്രമേ ടി സർവെ നമ്പരിൽ ഉൾപ്പെട്ട വസ്തുവിൽ സ്ഥിരതാമസവും കൈവശാനുഭവവുമുള്ളതും എന്നാൽ ലാൻഡ് ട്രൈബ്യൂണലിൽനിന്നും ക്രയ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതുമായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും പോക്കുവരവ് ചെയ്ത് കൊടുക്കുന്നതിനുമുള്ള നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 17-09-2018-ലെ എ 1/140/2018/റവ നമ്പർ ഉത്തരവുപ്രകാരം പൂത്തോട്ടം പത്തേക്കർ പ്രദേശത്തെ 4 ഏക്കർ വരെയുള്ള കൈവശക്കാരുടെ ഭൂമി പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ള വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് 24-03-2025-ന് പുനലൂർ തഹസിൽദാർ ജില്ലാകളക്ടർ വഴി സർക്കാരിലേയ്ക്ക് നൽകിയ കത്തിൻമേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം നിലവിൽ ആരുടെ പരിഗണനയിലാണ്; വിശദമാക്കാമോ?

M/s. ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ കമ്പനികളും കൈവശം വച്ചിട്ടുള്ളതും കൈമാറ്റം ചെയ്തിട്ടുള്ളതുമായ ഭൂമിയുടെ നികുതി കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഉപാധികളോടെ സ്വീകരിക്കുന്നത് സംബന്ധിച്ചാണ് പുനലൂർ തഹസിൽദാർ ജില്ലാകളക്ടറോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളത്. 17-09-2018-ലെ എ 1/140/2018/റവ നമ്പർ കത്ത് മുഖേനെ സർക്കാർ നൽകിയ നിർദ്ദേശം സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി കത്തുകളൊന്നും സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

(സി) മേൽ വിഷയത്തിൽ നിലവിലെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദി ട്രാൻസ്ഫർ ഓഫ് രജിസ്ട്രറി റൂൾസ് 1966, 2(2) ചട്ടം പ്രകാരം പോക്കുവരവ് ഉൾപ്പെടെ ചെയ്തുകൊടുക്കുന്നതിന് നിർദ്ദേശം നൽകാനാകുമോ; വിശദമാക്കാമോ?

പുനലൂർ താലൂക്കിൽ തെന്മല വില്ലേജിലെ സർവെ 878/5-ൽപ്പെട്ട 14.54 ഏക്കർ ഭൂമി ഉൾപ്പെടെയുള്ള 7588.83 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ച് കിട്ടുന്നതിനായി ഹാരിസൺസ് മലയാളം ലിമിറ്റഡിനെതിര കൊല്ലം ജില്ലാകളക്ടർ പുനലൂർ സബ് കോടതിയിൽ ഫയൽ ചെയ്ത OS 12/2021 നമ്പർ സിവിൽ കേസ്

തീർപ്പാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത കേസിലെ അന്തിമ വിധിന്യായത്തിനു വിധേയമായി മാത്രമേ ടി സർവെ നമ്പരിൽ ഉൾപ്പെട്ട വസ്തുവിൽ സ്ഥിരതാമസവും കൈവശാനുഭവമുള്ളതും എന്നാൽ ലാൻഡ് ട്രൈബ്യൂണലിൽനിന്നും ക്രയ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതുമായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും പോക്കുവരവ് ചെയ്തുകൊടുക്കുന്നതിനുമുള്ള നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

പിറവം മണ്ഡലത്തിലെ പട്ടയ വിതരണം

346 (1600) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് പട്ടയം ലഭിക്കാനുള്ളത്; ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ടെന്നും എത്ര അളവ് വസ്തുവിന് പട്ടയം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

പിറവം മണ്ഡലത്തിൽ പട്ടയം ലഭിക്കാനുള്ള കുടുംബങ്ങളുടെ വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നം.	വില്ലേജ്	പട്ടയം ലഭിക്കാനുള്ള കുടുംബങ്ങളുടെ എണ്ണം	പട്ടയം ലഭിക്കേണ്ട ആകെ വിസ്തീർണ്ണം (ആർ)
1	പിറവം	28	220.11
2	ഇലഞ്ഞി	5	60.37
3	മേമുറി	2	5.62
4	കൂത്താട്ടുകുളം	4	20.36
5	പാലക്കുഴ	2	4.04

6	ഓണക്കുർ	1	16.19
7	തിരുമാറാടി	2	5.67
	ആകെ	44	332.36 ആർ

(ബി) പട്ടയം ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചതെന്നും ഇനി എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ?

പട്ടയ അപേക്ഷകളിൽ വില്ലേജ് ഓഫീസർമാരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും റിപ്പോർട്ട് ലഭിച്ച അപേക്ഷകൾ പതിവ് റെക്കാർഡുകൾ തയ്യാറാക്കി പരിശോധനയ്ക്കായി ചാർജ് ഒഫീസർമാർക്ക് കൈമാറിയിട്ടിള്ളതുമാണ്. 1964 പതിവ് നിയമമനുസരിച്ചുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചുവരുന്നു.

(സി) ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായ സ്ഥലങ്ങൾ ഏതൊക്കെയെന്നും ഇതിനുവേണ്ട തുടർനടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വനഭൂമിയില്ലാത്തതിനാൽ ജോയിന്റ് വെരിഫിക്കേഷൻ ആവശ്യമില്ലാത്തതാണ്.

(ഡി) നടപടികൾ പൂർത്തിയാക്കി ഓരോ പ്രദേശത്തും എന്നത്തേയ്ക്ക് പട്ടയം നൽകാനാകുമെന്ന് അറിയിക്കാമോ?

1964-ലെ കേരള **ഭൂമി** പതിവ് ചട്ടപ്രകാരം ഓരോ നടപടിക്രമങ്ങൾക്കും ആവശ്യമായ സമയപരിധി കൃത്യമായി പാലിച്ച് നടപടികൾ പൂർത്തികരിച്ച് സമയബന്ധിതമായി പട്ടയങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടയം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ

347 (1601) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി ആകെ 427 പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 176 അപേക്ഷകൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെട്ടിട്ടുള്ളതും 92 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര പേർക്കാണ് പട്ടയം നൽകാനുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ നിലവിൽ 26 പട്ടയ അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്.

(സി) അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ?

അവശേഷിക്കുന്ന 26 അപേക്ഷകളിൽ 4 എണ്ണം താലൂക്ക് സർവെയറിൽനിന്നും റിപ്പോർട്ട് ലഭ്യമാകാനുള്ളതും 1 എണ്ണം മുനിസിപ്പാലിറ്റിയിൽനിന്നും നിരാക്ഷേപ പത്രം ലഭ്യമാകേണ്ടതും 4 അപേക്ഷകളുടെ റിപ്പോർട്ട് വില്ലേജ് ഓഫീസുകളിൽനിന്നും ലഭ്യമാകേണ്ടതും 17 LT അപേക്ഷകളിൽ ഹിയറിങ് നടന്നുവരുന്നതുമാണ്.

കടൽതീരങ്ങളിലെ സർവെ നടത്താത്ത ഭൂമി തിട്ടപ്പെടുത്തി പട്ടയം അനുവദിക്കൽ

348 (1602) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടൽതീരങ്ങളിലെ സർവെ നടത്താത്ത ഭൂമി തിട്ടപ്പെടുത്തി പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട് കടപ്പുറം, പുന്നയൂർ, പുന്നയൂർക്കുളം പഞ്ചായത്തുകളിലെ കടൽ പുറമ്പോക്ക്, അൺ സർവെ ലാൻഡ് എന്നിവയിൽ താമസിച്ചുവരുന്ന അറുനൂറോളം മത്സ്യത്തൊഴിലാളികൾക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ 2024 ഒക്ടോബർ മാസത്തിൽ കൂടിയ നിയമസഭാ സമ്മേളനത്തിൽ എം.എൽ.എ. ശ്രീ. എൻ. കെ. അക്ബർ അവർകൾ ആവശ്യപ്പെടുകയുണ്ടായി. ടി വിഷയത്തിൽ ചാവക്കാട് താലൂക്ക് പരിധിയിൽ വരുന്ന കടപ്പുറം, മണത്തല, പുന്നയൂർ, പുന്നയൂർക്കുളം വില്ലേജുകളിലെ അൺസർവെഡ് കടൽ പുറമ്പോക്ക് 1961-ലെ സർവെ ആൻഡ് ബൗണ്ടറീസ് ആക്ട് സെക്ഷൻ 3, 4 പ്രകാരം സർവെ ചെയ്യുന്നതിനായി കരട് വിജ്ഞാപനം തയ്യാറാക്കി സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർ എന്നിവർക്ക് നിർദേശം നൽകിയിരുന്നു. ടി പ്രദേശത്ത് കടൽ പുറമ്പോക്കിൽ താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിക്കുന്നതിനായി ടി വില്ലേജുകളിലെ High Tied Line നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ചീഫ് ഹൈഡ്രോഗ്രാഫർക്ക് 12-03-2025-ലെ G.O.(P) No. 16/2024/F&P ഉത്തരവ് പ്രകാരമുള്ള 1,96,470/- രൂപയും

ജി.എസ്.ടി. 35,364.60/- രൂപയും ഒടുക്കി രസീത് ഹാജരാക്കണമെന്ന് ഹൈഡ്രോഗ്രാഫർ ആവശ്യപ്പെടുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിലെ അൺസർവേയ്ഡ് കടൽക്കര പുറമ്പോക്ക് സർവെ ചെയ്യുന്നതിനായി High Tied Line നിശ്ചയിച്ച് നൽകുന്നതിന് G.O.(P) No. 16/2024/F&P ഉത്തരവ് പ്രകാരമുള്ള 1,96,470/- രൂപയും ജി.എസ്.ടി. 35,365/- രൂപയും ഉൾപ്പെടെ 2,31,835/- രൂപ 5475-00-800-77-01 (പിവി) എന്ന ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ പട്ടയ മിഷൻ പ്രവർത്തനങ്ങൾക്കായി ഘടകം (5)-ൽ വകയിരുത്തിയ 300 ലക്ഷം രൂപയിൽനിന്നും തൃശ്ശൂർ ജില്ലാകളക്ടർക്ക് അനുവദിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്.

(ബി) മേൽ പ്രകാരമുള്ള ഭൂമിയുടെ പട്ടയം അനുവദിക്കുന്നതിലേയ്ക്ക് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഹൈഡ്രോളജിക്കൽ സർവെ നടത്തി ഹൈ ടൈഡ് ലൈൻ നിജപ്പെടുത്തണം. അതോടൊപ്പം കടൽപുറമ്പോക്ക് ഭൂമി കേരള സർവെ അതിരടയാള നിയമത്തിന്റെ വകുപ്പ് 3, 4 എന്നിവപ്രകാരമുള്ള വിജ്ഞാപനങ്ങൾ സർക്കാർ പുറപ്പെടുവിച്ചശേഷം ഭൂപതിവ് നിയമത്തിൽ പറഞ്ഞിട്ടുള്ള ദൂരപരിധിക്ക് പുറത്തുള്ള കൈവശക്കാരിൽനിന്നും പട്ടയത്തിനുള്ള അപേക്ഷ വാങ്ങി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമി 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുനിസിപ്പൽ പ്രദേശങ്ങളിലെ ഭൂമി 1995-ലെ മുനിസിപ്പാലിറ്റി/കോർപറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾപ്രകാരവും പട്ടയം അനുവദിക്കാവുന്നതാണ്.

(സി) മേൽപ്രകാരമുള്ള ഭൂമിയിൽ പൊതുആവശ്യത്തിനായി സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന്

വിശദമാക്കാമോ?

ചാവക്കാട് നഗരസഭയുടെ രണ്ട് അപേക്ഷയും DTPC-യുടെ ഒരു അപേക്ഷയും ചേർത്ത് മൊത്തം 3 അപേക്ഷകളാണ് പൊതു ആവശ്യങ്ങൾക്കുമായി കടൽ പുറമ്പോക്ക് ഭൂമി കൈമാറി നൽകണമെന്ന് ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ളത്.

വാമനപുരം മണ്ഡലത്തിലെ നെല്ലനാട് വില്ലേജിലെ കുളം പുറമ്പോക്ക് ഭൂമിയിലെ താമസക്കാർക്ക് പട്ടയം

349 (1603) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ നെല്ലനാട് വില്ലേജിലുൾപ്പെട്ട കുളം പുറമ്പോക്ക് ഭൂമിയിലെ താമസക്കാരായ 6 കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 35-ൽ റീസർവെ 245/1-ൽ ഉൾപ്പെട്ട കുളം പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിനായി 6 കുടുംബങ്ങളുടെ അപേക്ഷ ലഭ്യമായിരുന്നു. പതിവ് അപേക്ഷകളിലെ ന്യൂനത പരിഹരിച്ചും, പ്രസ്തുത ഭൂമിയിൽ കുളം (മക്കാംകോണം ചിറ) സ്ഥിതി ചെയ്യുന്നതിനാൽ ഓരോ കൈവശത്തിനും കുളത്തിൽനിന്നുള്ള ദൂരം രേഖപ്പെടുത്തി, കൈവശ ഭൂമി ഇനം മാറ്റുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിലേയ്ക്ക് വിശദമായ ശിപാർശ അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലാകളക്ടർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമം പൂർത്തിയായിട്ടുണ്ടോ;

വിശദമാക്കാമോ?

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 11-12-2024-ൽ ചേർന്ന യോഗത്തിൽ കുളം പുറമ്പോക്ക് ഭൂമികൾ ഡീവെസ്റ്റ് ചെയ്യാൻ സാധിക്കില്ലെന്നും കുളം സ്ഥിതി ചെയ്യുന്ന ഭൂമികളിൽ, ജലസ്രോതസിൽനിന്നും ചട്ടപ്രകാരമുള്ള ദൂരം പാലിക്കുന്ന ഭൂമികൾ ഇനം മാറ്റി പതിച്ചു നൽകാവുന്നതാണെന്നും നിർദേശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അർഹരായ കൈവശക്കാർക്ക് ഇനം മാറ്റി പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂപതിവ് നിയമ/ചട്ട ഭേദഗതി

350 (1604) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് നിയമ/ചട്ട ഭേദഗതിപ്രകാരം 07-06-2024 വരെ നിർമ്മിച്ചിട്ടുള്ള നിർമ്മിതികൾക്ക് മാത്രമാണോ ഭേദഗതി ബാധകമാകുകയെന്ന് വിശദമാക്കാമോ?

1960-ലെ ഭൂമി പതിവ് നിയമത്തിന് കീഴിൽ രൂപീകരിച്ചിട്ടുള്ള 11 വ്യത്യസ്ത പതിവ് ചട്ടങ്ങൾപ്രകാരം അനുവദിക്കപ്പെട്ട പട്ടയഭൂമികളിൽ 07-06-2024-നുമുമ്പായി നടത്തിയിട്ടുള്ള ചട്ടവ്യവസ്ഥാ ലംഘനങ്ങൾ/പട്ടയ വ്യവസ്ഥാ ലംഘനങ്ങൾ മാത്രം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ചുള്ളതാണ് 1960-ലെ നിയമത്തിൽ 2023-ൽ നടപ്പിലാക്കിയ ഭേദഗതിയെ തുടർന്ന് കൂട്ടിച്ചേർത്ത 4 A (1) എന്ന ഉപവകുപ്പ് ഭേദഗതി. എന്നാൽ, നിയമഭേദഗതിയുടെ പ്രാബല്യത്തീയതിക്കുമുമ്പായി അനുവദിക്കപ്പെട്ട പട്ടയ ഭൂമികളിൽ അനുവദിക്കപ്പെട്ട ആവശ്യത്തിന് വിഭിന്നമായ മറ്റാവശ്യങ്ങൾക്കായി ഭാവിയിൽ പട്ടയ ഭൂമികളുടെ ഉടമകൾക്ക്

ഉപയോഗമാറ്റത്തിനുള്ള അനുമതി സർക്കാരിൽനിന്നും നേടുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. 2023-ൽ നടപ്പിലാക്കിയ 4 A (2) എന്ന ഉപവകുപ്പ് ഭേദഗതി, ആകയാൽ, നിയമഭേദഗതിക്ക് ശേഷം ഉപയോഗമാറ്റം ആവശ്യമുള്ളപക്ഷം ആയതിന് പട്ടാദാരന് മുൻകൂർ അനുമതി നേടുന്നതിന് സാധ്യമാകുന്ന വിധത്തിലാണ് നിയമ ഭേദഗതി വ്യവസ്ഥ. ഇത്തരത്തിൽ അനുമതി നൽകുന്നതിനായുള്ള പ്രത്യേക ചട്ടങ്ങളും പരിഗണനയിലുള്ളതാണ്.

(ബി) ഇനിയും പട്ടയം ലഭിക്കാനുള്ള ആളുകൾ, പട്ടയമില്ലാത്ത വ്യാപാര സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. മലയോര മേഖല, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണർ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലും പട്ടയ അസംബ്ലികൾ ചേർന്ന് പട്ടയ വിഷയങ്ങൾ കണ്ടെത്തി അവ ഒരു പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തും. ഓരോ മണ്ഡലത്തിനും ഓരോ ഡെപ്യൂട്ടി കളക്ടറെ നോഡൽ ഓഫീസറായി തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള

തുടർനടപടികൾ താലൂക്ക് തലത്തിൽ കൈക്കൊള്ളാനുള്ള മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ചതോറും ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്.

നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ വ്യക്തമായ മാർഗനിർദേശങ്ങൾ ജില്ലാകളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ അപ്രകാരവും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

പതിച്ചു നൽകിയ ഭൂമി സംബന്ധിച്ച ആശയക്കുഴപ്പം

351 (1605) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വാണിജ്യ മേഖലയിൽ മുൻനിരയിൽ നിൽക്കുന്ന പല പട്ടണങ്ങളും 1960-ലെ വിവിധ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പതിച്ചുകൊടുത്ത ഭൂമിയിലാണ് നിലനിൽക്കുന്നതെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ചില പട്ടണങ്ങളിലും വാണിജ്യ സ്ഥാപനങ്ങളുൾപ്പെടെ പതിച്ചുകൊടുത്ത ഭൂമിയിലാണ് നിലനിൽക്കുന്നത്. വീടിനും കൃഷിക്കുമാണ് ഭൂമി പതിച്ചുനൽകിയതെങ്കിലും കാലാന്തരത്തിൽ പട്ടണങ്ങൾ

വികസിച്ചതോടെ വാണിജ്യസ്ഥാപനങ്ങൾ, ആശുപത്രികൾ, മറ്റു പൊതുസ്ഥാപനങ്ങൾ തുടങ്ങിയവ ഇത്തരം പട്ടയ ഭൂമിയിൽ നിർമ്മിക്കപ്പെട്ടു.

(ബി) പലരിൽനിന്ന് കൈമാറിയാണ് ഭൂമി ഇപ്പോഴുള്ള കൈവശക്കാരന്റെ കൈയിലെത്തിയിട്ടുള്ളത് എന്നതിനാൽ പഴയ പട്ടയരേഖകൾ ഇവരുടെ കൈവശമില്ലാത്തതുകൊണ്ട് തങ്ങളുടെ ഭൂമി ഏത് നിയമപ്രകാരമുള്ളതാണെന്ന് കെട്ടിട ഉടമകൾക്കോ ഉദ്യോഗസ്ഥർക്കോ വ്യക്തമായ ധാരണയില്ലാത്ത നിരവധി കേസുകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ പട്ടയരേഖകൾ നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പുവരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് 26-05-2025-ലെ സ.ഉ.(കൈ)നം.142/2025/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിന്റെയടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(സി) ഇത്തരം കേസുകളിൽ ക്രമവൽക്കരണം സങ്കീർണ്ണമാകുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമവൽക്കരണത്തിനായി തയ്യാറാക്കിയ ചട്ടം സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചു. നോട്ടിഫൈ ചെയ്യാനുള്ള തയ്യാറെടുപ്പിലാണ്. ചട്ടപ്രകാരം ക്രമവൽക്കരിക്കാനുള്ള നടപടിക്രമം വളരെ ലളിതമായതിനാൽ സങ്കീർണ്ണമാകാനുള്ള സാധ്യതയില്ല.

2016 മുതൽ 2025 വരെ കാലയളവിൽ റവന്യൂ വകുപ്പിൽനിന്നും കയ്യമംഗലം

നിയോജകമണ്ഡലത്തിൽ 2102 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

കയ്യമംഗലം നിയോജകമണ്ഡലത്തിലെ പട്ടയം വിതരണം

352 (1606) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ കാലയളവിൽ റവന്യൂ വകുപ്പിൽനിന്നും കയ്യമംഗലം നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് പുതുതായി പട്ടയം ലഭ്യമാക്കാൻ സാധിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ?

2016 മുതൽ 2025 വരെ കാലയളവിൽ റവന്യൂ വകുപ്പിൽനിന്നും കയ്യമംഗലം നിയോജകമണ്ഡലത്തിൽ 2102 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) ഇനിയും പട്ടയ അപേക്ഷ സമർപ്പിച്ചവർക്ക് അത് എത്രയും വേഗത്തിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

"എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് പട്ടയ മിഷൻ എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും 19-04-2023-ലെ സ.ഉ.(കൈ) 87/2023/ആർ.ഡി നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളതുമാണ്. "കേരള ഗവൺമെന്റ് ഭൂമി പതിച്ചുനൽകൽ ആക്ട് 1960-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ" പ്രകാരവും മുനിസിപ്പാലിറ്റി, കോർപറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് "1995-ലെ കേരള മുനിസിപ്പൽ കോർപറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച ചട്ടങ്ങൾ" പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം

അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

1964-ലെയും 1995-ലെയും ഭൂമി പതിവുചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതാത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചുവരുന്നത്. ഇതുകൂടാതെ നിലവിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നുവരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അതിദരിദ്രകുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാരും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് തഹസിൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യതയെക്കുറിച്ച് അന്വേഷണം നടത്തി വരുന്നതും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതത് വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. നിയമപരമായി തടസ്സങ്ങളൊന്നുമില്ലാത്ത കേസുകളിൽ 2025 ഡിസംബറിനുള്ളിൽ നടപടി പൂർത്തീകരിച്ച് പട്ടയം നൽകുന്നതാണ്. ബാക്കിയുള്ളവ പരിശോധിച്ച് നിയമപ്രശ്നങ്ങൾ സത്വരം പരിഹരിച്ചുകൊണ്ട് പട്ടയം നൽകുന്നതിനുള്ള നടപടി പട്ടയം മിഷന്റെ ആഭിമുഖ്യത്തിൽ സ്വീകരിക്കുന്നതാണ്. സർക്കാർ തലത്തിലും ലാൻഡ് റവന്യൂകമ്മീഷണർ തലത്തിലും ഇതിനുവേണ്ടി ഓരോ മാസവും വിലയിരുത്തൽ യോഗം

നടത്തി പുരോഗതി വിലയിരുത്തുന്നതാണ്.

ചാലക്കുടി താലൂക്കിലെ പട്ടയ അപേക്ഷകൾ

353 (1607) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാലക്കുടി താലൂക്കിൽ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം വില്ലേജ് തിരിച്ചും ഇനം തിരിച്ചും നൽകാമോ?

ചാലക്കുടി താലൂക്കിൽ നൽകിയ പട്ടയങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പട്ടയങ്ങളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുണ്ടോ; എങ്കിൽ ഗുണഭോക്താക്കളുടെ പേര്, വില്ലേജ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ?

ഉണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുടെ ഗുണഭോക്താക്കളുടെ പേര്, വില്ലേജ് എന്നിവ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പട്ടയത്തിനായുള്ള അപേക്ഷകളിൽ തീർപ്പാക്കുവാനുള്ളവ എത്രയെന്ന് വില്ലേജ് തിരിച്ചും ഇനം തിരിച്ചും അപേക്ഷകരുടെ പേര് സഹിതം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടയത്തിനായുള്ള 307 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ആയവ വില്ലേജ് തിരിച്ചും ഇനംതിരിച്ചും അപേക്ഷകരുടെ പേരുസഹിതം അനുബന്ധമായി+ ചേർക്കുന്നു.

നദികളിലെ മണൽ നിക്ഷേപം

354 (1608) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നദികളിലെ മണൽ നിക്ഷേപത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 14-10-2020-ലെ OA No. 40/2020 നമ്പർ ഉത്തരവിന്റെ പശ്ചാത്തലത്തിൽ സാൻഡ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യത കണ്ടെത്തിയിരുന്ന 17 നദികൾ ഉൾപ്പെട്ട 11 ജില്ലകളിൽനിന്നും (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) പാരിസ്ഥിതിക അനുമതിയോടുകൂടി മണൽ ഖനനം ആരംഭിക്കുന്നതിനായി പ്രസ്തുത ജില്ലകളുടെ ഡിസ്ട്രിക്ട് സർവെ റിപ്പോർട്ട് (DSR) തയ്യാറാക്കൽ പഠനം കേന്ദ്രസർക്കാർ സ്ഥാപനമായ CSIR-NIIST (National Institute of Interdisciplinary Sciences and Technology) മുഖേന 14-02-2022-ലെ സ.ഉ. (സാ.ധാ)നം. 694/2022/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുപ്രകാരം കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിൽ മണൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഖനന സാധ്യതയുള്ള സൈറ്റുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളുടെ ഡി.എസ്.ആർ. സ്റ്റേറ്റ് എൻവിയോൺമെന്റ് ഇംപാക്ട് അസ്സെസ്മെന്റ് അതോറിറ്റിയുടെ (SEIAA) അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ മണൽ ലഭ്യതയുള്ള രണ്ട് കടവുകളും കുളത്തുപ്പുഴ റിസർവ് വനമേഖലയിലും കുളത്തുപ്പുഴ ESA വില്ലേജ് പരിധിയിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ പുഴമണൽ ഖനനം ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ പാടില്ലെന്ന് SEIAA നിർദേശിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയുടെ കരട് ഡി.എസ്.ആർ. SEIAA-യുടെ പരിഗണനയിലാണ്. എറണാകുളം ജില്ലയുടെ കരട് ഡി.എസ്.ആർ.-ന്റെ സബ്-ഡിവിഷണൽ കമ്മിറ്റിയുടെ സ്ഥല പരിശോധന പുരോഗമിക്കുന്നു. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ 3 ജില്ലകളിൽ കരട് ഡി.എസ്.ആർ. പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല. പ്രസ്തുത ജില്ലകളിൽ മണൽ ലഭ്യത സംബന്ധിച്ചുള്ള പരിശോധന ആറുമാസത്തിനുശേഷം വീണ്ടും നടത്തുന്നതിന് 22-10-2024-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, എറണാകുളം, പത്തനംതിട്ട എന്നീ 7 ജില്ലകളുടെ ഡിസ്ട്രിക്ട് സർവെ റിപ്പോർട്ടുപ്രകാരം മണൽ ഖനന സാധ്യതയുള്ള 14 നദികളിലെ 189 (5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകൾ- 149&5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകൾ - 40) സാൻഡ് മൈനിങ് സൈറ്റുകളിലായി 1,70,25,861.48 മെട്രിക് ടൺ മൈനബിൾസ് സാൻഡ് ലഭ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട് (പട്ടിക 1). പ്രസ്തുത സാൻഡ് മൈനിങ് സൈറ്റുകളുടെ ഗൈഡുലൈനുകൾ പ്രകാരമുള്ള അതിർത്തി നിർണ്ണയവും അവയുടെ സമ്മർ വാട്ടർ ലെവലിനെ മീൻ സീ ലെവലുമായി (MSL) ലിങ്കുചെയ്യുന്ന

പ്രവർത്തനവും നിലവിൽ പുരോഗമിക്കുകയാണ്. പട്ടിക 1 അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇങ്ങനെ വാരിയെടുക്കുന്ന മണൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പാരിസ്ഥിതിക അനുമതി (Environmental Clearance), കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള Enforcement and Monitoring Guidelines on Sand Mining-2020, 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, 2002-ലെ നദീതീര സംരക്ഷണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കുവിധേയമായി നദികളിൽനിന്നും വാരിയെടുക്കുന്ന മണൽ വിതരണം ചെയ്യുന്നതുസംബന്ധിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയർ (SOP) പുറപ്പെടുവിക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി മണൽ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പാരിസ്ഥിതിക അനുമതി (Environmental Clearance), കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള Enforcement and Monitoring Guidelines for Sand Mining-2020, 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, 2002-ലെ നദീതീര സംരക്ഷണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കുവിധേയമായി നദികളിൽനിന്നും വാരിയെടുക്കുന്ന മണൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നതുസംബന്ധിച്ച് നിർദ്ദേശങ്ങൾ ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്ദേശിക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയറിൽ (SOP) ഉൾപ്പെടുത്തുന്ന വിഷയം സർക്കാറിന്റെ സജീവ പരിഗണനയിലാണ്.

നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഇളവ്

355 (1609) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഇളവ് അനുവദിച്ചതുകാരണം വീട് വയ്ക്കാൻ അനുമതി ലഭിക്കുന്ന 10 സെന്റിൽ താഴെ ഭൂമിയുള്ള വ്യക്തികൾക്ക് ആ വസ്തു ഡാറ്റാബാങ്കിൽ 'നിലം' എന്ന് രേഖപ്പെടുത്തിയതിനാൽ ബാങ്കുകൾ വായ്പ അനുവദിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും തുടർനടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഇളവ് അനുവദിച്ചതുകാരണം വീട് വയ്ക്കാൻ അനുമതി ലഭിക്കുന്ന 10 സെന്റിൽ താഴെ ഭൂമിയുള്ള വ്യക്തികൾക്ക് ആ വസ്തു ഡാറ്റാബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ബാങ്ക് ലോൺ അനുവദിക്കുന്നില്ലെന്ന പരാതി കൊല്ലം ജില്ല ഒഴികെ മറ്റുജില്ലകളിലൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി പ്രശ്നം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകളുമായി ചർച്ച ചെയ്ത് പരിഹരിക്കാൻ കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് ഡേറ്റ ബാങ്ക് വാലിഡേറ്റ് ചെയ്യുന്നതിന് നടപടി

356 (1610) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾപ്രകാരം കൃഷിഭവനുകൾ മുഖേന ഡാറ്റാബാങ്ക് വാലിഡേറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്ന നടപടികൾ നടക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലാണ് ഈ പ്രക്രിയ ആരംഭിച്ചത്; കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻഡ് എൻവിറോൺമെന്റ് സെന്ററിനെ(കെ.എസ്.ആർ.ഇ.സി.)യാണോ ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതുസംബന്ധിച്ച ഉത്തരവ് എന്നാണ് പുറത്തിറക്കിയത്; വാലിഡേഷൻ എങ്ങനെയാണ് നിർവഹിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾപ്രകാരം ഡാറ്റാബാങ്ക് വാലിഡേറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2017 മുതലാണ് വാലിഡേഷൻ ആരംഭിച്ചത്. KSREC-യെയാണ് ഇതിന് ചുമതലപ്പെടുത്തിയത്. 500 കൃഷി ഭവനുകളിലെ ഡാറ്റാബാങ്ക് വാലിഡേഷൻ KSREC പൂർത്തിയാക്കി. ബാക്കിയുള്ളവ (577) വാലിഡേറ്റ് ചെയ്യുന്നതിനും 08-06-2025-ലെ G.O.(Rt) 1374/2025/RD നമ്പർ ഉത്തരവുപ്രകാരം കെ.എസ്.ആർ.ഇ.സി.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഉപഗ്രഹചിത്രം അടിസ്ഥാനമാക്കി 2008-ലെ അവസ്ഥ അവലോകനം ചെയ്താണ് ഡ്രാഫ്റ്റ് ഡാറ്റാബാങ്കിലെ അപാകതകൾ പരിഹരിക്കുന്നത്.

(ബി) ഡാറ്റാബാങ്ക് വാലിഡേറ്റ് ചെയ്യുന്ന നടപടികൾ ജില്ലാ അടിസ്ഥാനത്തിൽ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ട്; ഇനി എത്ര വില്ലേജുകളിൽ പൂർത്തിയാക്കാനുണ്ട്; വാലിഡേഷൻ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് കെ.എസ്.ആർ.ഇ.സി. അറിയിച്ചിട്ടുള്ളത്; എത്ര തുകയാണ് ഇതിനായി കെ.എസ്.ആർ.ഇ.സി.-ക്ക് നൽകുന്നത്; വിശദമാക്കാമോ?

ജില്ലാടിസ്ഥാനത്തിൽ ഡാറ്റാബാങ്ക് വാലിഡേഷൻ പൂർത്തീകരിച്ചതും പൂർത്തിയാക്കാനുള്ളതുമായ വില്ലേജുകളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

08-06-2025-ലെ G.O.(Rt) 1374/2025/RD നമ്പർ ഉത്തരവുപ്രകാരം ഡാറ്റാബാങ്ക് വാലിഡേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾക്കായി 230.80 ലക്ഷം രൂപ കെ.എസ്.ആർ.ഇ.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. ഡാറ്റാ ബാങ്ക് വാലിഡേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. മൊത്തം ഡാറ്റ കിട്ടിക്കഴിഞ്ഞ് മൂന്നുമാസത്തിനുള്ളിൽ വർക്ക് പൂർത്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വാലിഡേഷൻ പൂർത്തിയാകുമ്പോൾ ഭൂവുടമകൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുക; ഇതിനുശേഷം ഭൂമി തരംമാറ്റം നിർത്തിവയ്ക്കുമോ; വിശദമാക്കാമോ?

ഡാറ്റാബാങ്ക് വാലിഡേഷൻ നടപടികൾ പൂർത്തിയാകുമ്പോൾ ഭൂവുടമകളുടെ തെറ്റായി ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമികൾ ഡാറ്റാബാങ്കിൽ നിന്നും ഒഴിവാകുകയും അതിലൂടെ ഫോറം 5 അപേക്ഷ സമർപ്പിക്കേണ്ട സാഹചര്യം ഇല്ലാതാകുകയും ചെയ്യും. തുടർന്നും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമവും ചട്ടവും അനുശാസിക്കുന്ന വിധം തരംമാറ്റം നടപടികൾ തുടരുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെരിന്തൽമണ്ണ താലൂക്കിലെ ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ

357 (1611) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ താലൂക്കിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഫോറം 5, 6, 7, 9 എന്നിവയിൽ ആകെ 3367 ഓൺലൈൻ അപേക്ഷകളും ഫോറം 6-ൽ 10 ഓഫ്‌ലൈൻ അപേക്ഷകളും തീർപ്പാക്കാനുണ്ട്. പെരിന്തൽമണ്ണ ആർ.ഡി.ഒ., വിവിധ വില്ലേജുകൾ, കൃഷി ഓഫീസുകൾ, അപേക്ഷകരുടെ പക്കലുള്ളതും KSREC ഓഫീസിലുമായി പെൻഡിങ്ങിലുള്ള അപേക്ഷകളുടെ വിവരം എന്നിവ അനുബന്ധമായി[+] ചേർത്തിട്ടുണ്ട്.

(ബി) അപേക്ഷ നൽകി ആവശ്യമായ ന്യായവില ഒടുക്കിയിട്ടും വില്ലേജ് റെക്കോർഡുകൾ തയ്യാറാക്കാതെ കാലതാമസം വരുത്തുന്നത് ഭീമമായ തുക ഒടുക്കിയ അപേക്ഷകന് വളരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ സർവേയർമാർക്ക് ഫയലുകൾ അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താലൂക്കിലെ അപേക്ഷകരുടെ സബ് ഡിവിഷൻ ആവശ്യമില്ലാത്ത എത്ര കേസുകൾ തീർപ്പാക്കാനുണ്ട്; വ്യക്തമാക്കാമോ?

അപേക്ഷ നൽകി ആവശ്യമായ ന്യായവില ഒടുക്കിയിട്ടും വില്ലേജ് റെക്കോർഡുകൾ തയ്യാറാക്കാതെ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ് ഡിവിഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യമില്ലാത്ത കേസുകളിൽ സർവേയർമാർക്ക് ഫയലുകൾ അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. താലൂക്കിൽ സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകൾ തീർപ്പാക്കുന്നതിന് ഫയൽ അവശേഷിക്കുന്നില്ല.

(സി) താലൂക്കിലെ അപേക്ഷകരുടെ ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും സീനിയോറിറ്റി അനുസരിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്. വില്ലേജ് ഓഫീസുകളിലും കൃഷി ഓഫീസുകളിലും പെൻഡിങ് ആയിട്ടുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് അവലോകന യോഗങ്ങൾ ചേർന്ന് ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്.

വിഴിഞ്ഞം – നാവായിക്കുളം ഔട്ടർ റിങ് റോഡിന് സ്ഥലമേറ്റെടുക്കൽ

358 (1612) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസനത്തിന് അനുബന്ധമായി നടത്തുന്ന നിർദിഷ്ട വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണത്തിന് അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജുകളിൽനിന്നും എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നും ഇവയുടെ സർവെ നമ്പർ ഉൾപ്പെടുന്ന വിവരങ്ങളും ഈ ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും നൽകുമോ?

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണത്തിന് അരുവിക്കര

നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന അരുവിക്കര വില്ലേജിൽനിന്നും 22.7940 ഹെക്ടർ ഭൂമി വിവിധ സർവെ നമ്പറുകളിലായി ഏറ്റെടുക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക വിജ്ഞാപനം നാഷണൽ ഹൈവേ ആക്ട്-1956 പാർട്ട് II സെക്ഷൻ 3(A) പ്രകാരം 22-11-2024-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ എസ്.ഒ. 5034(E) ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ നാഷണൽ ഹൈവേ ആക്ട് 1956 പ്രകാരമുള്ള 3(D) വിജ്ഞാപനം നിലവിൽ വന്നിട്ടില്ലാത്തതുമാണ്. നിലവിൽ 3(D) വിജ്ഞാപനം സംബന്ധിച്ച വിവരങ്ങൾ ഭൂമി രാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

അരുർ പോലീസ് സ്റ്റേഷൻ നിർമ്മാണം

359 (1613) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുർ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പുറമ്പോക്ക് ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

അരുർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ള അരുർ വില്ലേജിലെ സർവെ നമ്പർ 13/5B-ൽപ്പെട്ടതും രേഖകൾപ്രകാരം 25.50 ആർസ് വിസ്തീർണ്ണം ഉള്ളതുമായ വസ്തു അരുർ വില്ലേജിലെ സെറ്റിൽമെന്റ് രജിസ്റ്റർപ്രകാരം പണ്ടാരവക പാട്ടമായി 'അരുർ ഭഗവതിയെ എഴുന്നള്ളിച്ചിരുന്ന വെളിത്തറ' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെറ്റിൽമെന്റ് രജിസ്റ്റർപ്രകാരം പണ്ടാരവക പാട്ടമായി 'അരുർ ഭഗവതിയെ എഴുന്നള്ളിച്ചിരുന്ന വെളിത്തറ' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലും ടി വസ്തു ദേവസ്വം ബോർഡിന്റെ കൈവശത്തിലുള്ളതിനാലും പ്രസ്തുത ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിനായി ദേവസ്വം ബോർഡിൽനിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതുണ്ടായിരുന്നു.

പ്രസ്തുത ഭൂമി അരുർ ദേവസ്വം കാർത്യായനി ക്ഷേത്രത്തിന്റെ വകയായിട്ടുള്ളതാണെന്നും തിരുവിതാംകൂർ ദേവസ്വത്തിന്റെ അറിവോ സമ്മതമോ കൂടാതെ കൈമാറരുതെന്നും വൈക്കം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുള്ളതാണ്. തുടർന്ന് ദേവസ്വം അധികൃതർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ DBP No. 8/2023 ആയി കേസ് ഫയൽ ചെയ്യുകയും തുടർന്ന് 16-08-2023-ലെ വിധിപ്രകാരം റവന്യൂ സെക്രട്ടറി മൂന്നു മാസത്തിനകം ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് തീരുമാനമെടുക്കാൻ നിർദേശിച്ചിരുന്നു. കേസിനാസ്പദമായ ഭൂമിയുടെ സ്റ്റാറ്റസ് നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

നാഷണൽ ഹൈവേയ്ക്കായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരത്തുക

360 (1614) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ നിർമ്മാണത്തിനായി സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരത്തുക പൂർണമായും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ?

നാഷണൽ ഹൈവേ നിർമ്മാണത്തിനായി സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാര തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് പൂർണ്ണമായും നൽകാൻ സാധിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ ഇനി വിതരണം ചെയ്യാനുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം ജില്ല: മംഗലപുരം ഗ്രാമപഞ്ചായത്ത്, നാവായിക്കുളം പഞ്ചായത്ത്, വാട്ടർ അതോറിറ്റി, ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചറൽ സെന്റർ, ഗവ: എൽ.പി.എസ് കണിയാപുരം, ബ്ലോക്ക് റിസോഴ്സ് സെന്റർ, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റ്, ഗവ. എൽ.പി.എസ്. കോരാണി.

കൊല്ലം ജില്ല: കരുനാഗപ്പള്ളി ഗവൺമെന്റ് ആശുപത്രി, വടക്കുംതല ആയുർവേദ ഗവൺമെന്റ് ആശുപത്രി, ഗവൺമെന്റ് മുസ്ലീം എൽ.പി.എസ്. കരുനാഗപ്പള്ളി, ഗവൺമെന്റ് എൽ.പി.എസ്. കാമൻകുളങ്ങര, ഗവൺമെന്റ് വി.എച്ച്.എസ്.എസ്. മീനാട്, നീണ്ടകര ഗ്രാമപഞ്ചായത്ത്, പന്മന ഗ്രാമപഞ്ചായത്ത്, ചവറ ഗ്രാമപഞ്ചായത്ത്, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, കേരള വാട്ടർ അതോറിറ്റി, കെ.എം.എം.എൽ., ഇ.എസ്.ഐ. കോർപറേഷൻ, ഓച്ചിറ പോസ്റ്റോഫീസ്, പാരിപ്പള്ളി വില്ലേജ് ഓഫീസ്, കെ.ഐ.പി., കരുനാഗപ്പള്ളി ദേവസ്വം ബോർഡ്, ഓച്ചിറ രജിസ്ട്രാർ ഓഫീസ്.

ആലപ്പുഴ ജില്ല: പുറക്കാട് ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയം.

തൃശ്ശൂർ ജില്ല: ബ്ലോക്ക് പഞ്ചായത്ത് ബിൽഡിങ് തളിക്കുളം, തളിക്കുളം പഞ്ചായത്ത്,

മലബാർ ഡിസ്ട്രിക്ട് ബോർഡ്, ഗവൺമെന്റ് ഹൈസ്കൂൾ തളിക്കുളം, ഒരുമനയൂർ ഗ്രാമപഞ്ചായത്ത്, പെരിഞ്ഞനം പഞ്ചായത്ത്, എം.യു.പി. സ്കൂൾ ഏങ്ങണ്ടിയൂർ, പോസ്റ്റ് ഓഫീസ് കൈപ്പമംഗലം, കൈപ്പമംഗലം പഞ്ചായത്ത്, കൈപ്പമംഗലം വില്ലേജ് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് മണത്തല, ഫിഷർ ഭവൻ മണത്തല, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്, കുടുംബാരോഗ്യകേന്ദ്രം എടക്കഴിയൂർ, കേരള വാട്ടർ അതോറിറ്റി ഏങ്ങണ്ടിയൂർ, ഫാമിലി വെൽഫെയർ സെന്റർ ഏങ്ങണ്ടിയൂർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി.

മലപ്പുറം ജില്ല: ചീക്കോട്, മുതുവല്ലൂർ, അരീക്കോട്, തുക്കലങ്ങോട് ഗ്രാമ പഞ്ചായത്തുകൾ.

കോഴിക്കോട് ജില്ല: ചോറോട് ഗ്രാമപഞ്ചായത്ത്, വടകര മുനിസിപ്പാലിറ്റി.

കാസർഗോഡ് ജില്ല: മംഗൽപാടി ഗ്രാമപഞ്ചായത്ത്

(സി) നാഷണൽ ഹൈവേയുടെ ഓരോ സ്ട്രച്ചിലും ഇപ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള ആകെ കുടിശ്ശികത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ജില്ല	**കുടിശ്ശിക**
തിരുവനന്തപുരം	3,02,67,037/-
കൊല്ലം	1,62,25,13,060/-
ആലപ്പുഴ	1,18,31,555/-
തൃശ്ശൂർ	25,33,78,052/-
മലപ്പുറം	59,54,393/-
കോഴിക്കോട്	4,93,90,592/-
കാസർഗോഡ്	33,51,634/-
ആകെ	**1,97,66,86,323/-**

(ഡി) സർക്കാർ സ്ഥാപനങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്നതിനും മറ്റ സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുന്നതിനും ഒരേ നടപടിക്രമങ്ങൾ തന്നെയാണോ അനുവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

അതെ. 1956-ലെ ദേശീയപാത ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളതും, 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ടിനും, കാലികമായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും അനുസൃതമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ഇ) സർക്കാർ സ്ഥാപനങ്ങളുടെ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരത്തുക, ഭൂമിയുടെ വില തുടങ്ങിയവ സംബന്ധിച്ച് നെഗോസിയേഷൻ ഉൾപ്പടെ കാര്യങ്ങൾ നടപ്പാക്കുന്നതിന് ചുമതല പ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ദേശീയപാതയ്ക്കുവേണ്ടിയുള്ള ഭൂമിയേറ്റെടുക്കുന്നതിന് നെഗോസിയേഷൻ ബാധകമല്ല.

ഏറ്റുമാനൂർ-എറണാകുളം റോഡിന്റെ വളവുകൾ നിവർത്തുന്നതിന് സ്ഥലമേറ്റെടുപ്പ് പദ്ധതി

361 (1615) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്ന പദ്ധതിയുടെ പുരോഗതി സംബന്ധിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ, അതുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ, അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസർ തയ്യാറാക്കൽ എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുന്നതിലേയ്ക്ക് സ്ഥലങ്ങൾ പരിശോധിച്ചുവരുന്നു. മഹസർ തയ്യാറാക്കിവരുന്നു.

(ബി) കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി, വടയാർ എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായി ഏറ്റെടുക്കുന്നതിന് 16-12-2021-ലെ സ.ഉ (സാ.ധാ)നം. 4531/2021/റവ, 03-07-2022-ലെ സ.ഉ. (സാ.ധാ)നം.2928/2022/റവ പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും ഭൂമിയേറ്റെടുക്കൽ നടപടികൾ മന്ദഗതിയിലാകാൻ കാരണമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന സർവെ സബ് ഡിവിഷനുകൾ ജില്ലാ സർവെ സൂപ്രണ്ട്, പദ്ധതിയുടെ തുടക്കത്തിൽ അംഗീകരിച്ചുനൽകിയത് പുതിയ ആക്ട് പ്രകാരമുള്ള 6(1) വിജ്ഞാപനം പ്രകാരമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ആദ്യം അംഗീകരിച്ചവ റദ്ദാക്കി പുതിയവ തയ്യാറാക്കി അംഗീകരിച്ചുനൽകേണ്ടി വന്നത് കാലതാമസത്തിന് കാരണമായിട്ടുണ്ട്. കൂടാതെ, സ്ഥലപരിശോധനയിൽ കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി, വടയാർ വില്ലേജുകളിലെ ചില സർവെ നമ്പറുകളും കൂടി ഉൾപ്പെട്ടുവരുമെന്ന് കണ്ടെത്തുകയും, തുടർന്ന്, പ്രസ്തുത സ്ഥലങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ അനുമതി ഉത്തരവ് 08-04-2025-ലെ സ.ഉ.(സാ.ധാ)നം.898/2025/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, 11(1) വിജ്ഞാപനം 17-05-2025-ലെ 1852-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് അധികൃതരും

റവന്യൂ അധികൃതരും ചേർന്ന് സംയുക്തസ്ഥല പരിശോധന നടത്തി മാറ്റം വരുത്തിയ അലൈൻമെന്റ് സ്കെച്ച് 22-08-2025-ന് ലഭിച്ചിട്ടുണ്ട്. അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് (BVR) തയ്യാറാക്കിയതിൻമേൽ സ്ഥല പരിശോധന നടന്നുവരുന്നു.

(സി) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പറുകളും വടയാർ വില്ലേജിലെ എല്ലാ റീസർവെ സബ് ഡിവിഷൻ നമ്പറുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം) അഭ്യർത്ഥിച്ച സാഹചര്യത്തിൽ, കോട്ടയം ജില്ലാകളക്ടറുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം, ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ. നിയമപ്രകാരം അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും മഹസ്സറും തയ്യാറാക്കി, നിർമ്മിതികൾ, വൃക്ഷങ്ങൾ, കാർഷിക വിളകൾ എന്നിവയുടെ വിലനിർണ്ണയം ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭ്യമാക്കുന്നതടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എത്ര കാലമെടുക്കുമെന്ന് വ്യക്തമാക്കാമോ?

ഏകദേശം 2 മാസം സമയമെടുക്കുമെന്ന് കണക്കാക്കുന്നു.

(ഡി) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പറുകളും വടയാർ വില്ലേജിലെ എല്ലാ റീസർവെ സബ് ഡിവിഷൻ നമ്പറുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കി നൽകുന്നത് സംബന്ധിച്ച് എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

08-04-2025-ലെ സ.ഉ.(സാ.ധാ)നം.898/2025/റവ പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, 11(1) വിജ്ഞാപനം 17-05-2025-ലെ 1852-ാം നമ്പർ

അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഇ) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പറുകളും വടയാർ വില്ലേജിലെ എല്ലാ റീസർവെ സബ് ഡിവിഷൻ നമ്പറുകളും ഉൾപ്പെടുത്തി ഉത്തരവുപുതുക്കുകയും കോട്ടയം ജില്ലാ കളക്ടറുടെ അഭിപ്രായം ആരായുകയും ചെയ്തതിനുശേഷമുള്ള നടപടിക്രമങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് (BVR) അംഗീകരിച്ച് ലഭിച്ചതിനുശേഷം പൊതുമരാമത്ത് വകുപ്പിൽനിന്നും വാല്യുവേഷൻ ശേഖരിച്ച് വിശദ വിലനിർണ്ണയപത്രിക (DVS) അംഗീകരിച്ച്, നഷ്ടപരിഹാരത്തുക അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതാണ്.

(എഫ്) 2013-ലെ ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ. നിയമപ്രകാരം അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസ്സർ, നിർമ്മിതികളുടെ/വൃക്ഷങ്ങളുടെ/കാർഷിക വിളകളുടെ വിലനിർണ്ണയം എന്നിവയ്ക്കായി എത്ര സമയപരിധിക്കുള്ളിൽ ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കൽ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഏകദേശം 2 മാസം സമയമെടുക്കുമെന്ന് കണക്കാക്കുന്നു.

മീനച്ചിലാറിന് കുറുകെ നിർമ്മിച്ച ചെക്ക് ഡാം കം ബ്രിഡ്ജിന് സ്ഥലം ഏറ്റെടുക്കൽ

362 (1616) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ പാലാ മണ്ഡലത്തിലെ മീനച്ചിലാറിനുകുറുകെ മൈനർ ഇറിഗേഷൻ വകുപ്പുനിർമ്മിച്ച ചെക്ക് ഡാം കം ബ്രിഡ്ജ്, പാലാ മുനിസിപ്പാലിറ്റിയിലെ

ചെത്തിമറ്റത്തുനിന്നും ആരംഭിച്ച് മീനച്ചിൽ പഞ്ചായത്തിലെ പാറപ്പള്ളി പ്രദേശത്തെയും ബന്ധിപ്പിക്കുന്ന വിധത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ സ്ഥിതി വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ മീനച്ചൽ താലൂക്കിൽ പൂവരണി വില്ലേജിൽ ഉൾപ്പെട്ട 32.919 ആർസ് സ്ഥലം കളരിയാമ്മാകൾ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവീസ് സൊസൈറ്റി, രാജഗിരി പി.ഒ., കളമശ്ശേരി എന്ന ഏജൻസിയെ ചുമതലപ്പെടുത്തി 4(1) വിജ്ഞാപനം 24-04-2025-ലെ 1569-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പാരിസ്ഥികാഘാത പഠന റിപ്പോർട്ട് 09-09-2025-ൽ ലഭിച്ചിട്ടുണ്ട്.

(ബി) ടി അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതാണ്.

കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം നിർമ്മാണം

363 (1617) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ

പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിൽ കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ പല്ലാരിമംഗലം വില്ലേജിൽ ഉൾപ്പെട്ട 0.3050 ഹെക്ടർ ഭൂമി മണിക്കിണർ പാലം അപ്രോച്ച് റോഡ് പദ്ധതിക്ക് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം (പ്രാഥമിക വിജ്ഞാപനം) 01-03-2024-ലെ 771-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. നിയമം സെക്ഷൻ 19(7) പ്രകാരം 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് 27-03-2025-ലെ സ.ഉ.(അച്ചടി)നം.128/2025/റവ, 25-08-2025-ലെ സ.ഉ.(അച്ചടി) നം.332/2025/റവ എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ.) അംഗീകരിച്ചിട്ടുള്ളതിൽ കാറ്റഗറികൾ സംബന്ധിച്ച ചെറിയ മാറ്റം വരുത്തേണ്ടതിനാൽ അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രദേശത്തുള്ള കെട്ടിടങ്ങളുടെയും മറ്റുനിർമ്മിതികളുടെയും വിലനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. വൃക്ഷങ്ങളുടെ വിലനിർണ്ണയത്തിൽ വിട്ടുപോയവയുടെ വിലനിർണ്ണയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിയ്ക്ക്

കൈമാറുന്നതാണ്.

കടുത്തുരുത്തി മണ്ഡലത്തിൽ റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ

364 (1618) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണനടപടികൾ വേഗത്തിലാക്കുന്നതിനായി സ്പെക്ച്ചറൽ വാല്യൂവേഷൻ നടപടികൾ ഉടൻ പൂർത്തിയാക്കി ഡി.വി.എസ്. തയ്യാറാക്കി ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് എന്തുനടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

കടുത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിയിൽ മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലായി 21 കൈവശക്കാരാണുള്ളത്. അവാർഡ് തുകയായി 4,90,87,234/-രൂപ RBDCK-യിൽനിന്നും 09-06-2025-ന് ലഭിച്ചിട്ടുണ്ട്. ലാൻഡ് റവന്യൂകമ്മീഷണർ അംഗീകരിച്ച പുനരധിവാസ-പുനഃസ്ഥാപന പാക്കേജ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 19(1) പ്രഖ്യാപനം 13-08-2025-ലെ 2947-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. നിയമം സെക്ഷൻ 21(2) പ്രകാരം അവാർഡ് എൻക്വയറി നോട്ടീസ് 12-09-2025-ന് കക്ഷികൾക്ക് നല്കിയിട്ടുള്ളതും നിശ്ചിത സമയപരിധി പാലിച്ചുകൊണ്ട് 16-10-2025-ൽ ഹിയറിങ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

(ബി) കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുടെ 19 (1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 20-09-2024 മുതൽ ആറുമാസത്തേക്ക് നീട്ടി നൽകിയ സാഹചര്യത്തിൽ, പദ്ധതിക്കായി അനുവദിച്ചിരുന്ന കണ്ടിജൻസി ഫണ്ട്

കെ.ആർ.ഡി.സി.എൽ.-ന്റെ എസ്.ടി.എസ്.ബി 799011400007477 അക്കൗണ്ടിൽനിന്നും സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ), കോട്ടയത്തിന്റെ എസ്.ടി.എസ്.ബി 708011400000279 അക്കൗണ്ടിലേക്ക് മാറ്റുന്നതിനും കോട്ടയം ജില്ലാ ട്രഷറിയിൽ ഫണ്ട് കൈമാറ്റനടപടികൾ പൂർത്തീകരിക്കുന്നതിനും സർവെ നടപടികൾ അവസാനിപ്പിച്ച് എൽ.എ. സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുന്നതിനും ബി.വി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനും സ്വീകരിച്ചനടപടികൾ സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ?

കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 18 ലാൻഡ് അക്വിസിഷൻ കേസുകളിലും അവാർഡ് പാസ്സാക്കിയിട്ടുള്ളതാണ്. തുടർന്ന്, 7 ലാൻഡ് അക്വിസിഷൻ കേസുകളുടെ ഭൂമി 27-08-2025-ന് അർത്ഥനാധികാരിയായ KRDCL-ന് കൈമാറി. 2 ലാൻഡ് അക്വിസിഷൻ കേസുകളുടെ ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 9 ലാൻഡ് അക്വിസിഷൻ കേസുകളുടെ അവാർഡ് തുക പാസ്സാക്കുന്നതിന് മുന്നോടിയായിട്ടുള്ള ഫിനാൻസ് വകുപ്പിന്റെ WAMS ക്ലിയറൻസിന് നൽകിയിട്ടുണ്ട്. പദ്ധതിക്കായി അനുവദിച്ചിരിക്കുന്ന കണ്ടിജൻസി ഫണ്ട് KRDCL-ന്റെ 799011400007477 അക്കൗണ്ടിൽനിന്നും സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ജനറൽ കോട്ടയത്തിന്റെ 84430011799 എന്ന ശീർഷകത്തിലേയ്ക്ക് തുക മാറ്റുന്നതിന് ഫണ്ട് നിലവിലുണ്ടായിരുന്ന ലാൻഡ് അക്വിസിഷൻ, കിളിമാന്തർ ഓഫീസിൽനിന്നും ചെക്കും നടപടിക്രമവും കോട്ടയം സബ് ട്രഷറിക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത തുക കോട്ടയം ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക്

മാറ്റുന്നതിന് കോട്ടയം സബ് ട്രഷറിക്ക് നിർദേശം നല്കിയിട്ടുണ്ട്.

(സി) കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള റവന്യൂ നടപടിക്രമങ്ങളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പോസ്റ്റ് അവാർഡ് ജോലികളാണ് അവശേഷിക്കുന്നത്.

കുന്നംകുളം മണ്ഡലത്തിലെ റിങ് റോഡ് വികസന പദ്ധതി

365 (1619) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതിവഴി നിർമ്മിക്കുന്ന റിങ് റോഡ് വികസന പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ?

കുന്നംകുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതിവഴി നിർമ്മിക്കുന്ന റിംഗ് റോഡ് വികസന പദ്ധതിക്കായി ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി 14-08-2023-ലെ സ.ഉ.(സാധാ) നം.2994/2023/ആർഡി പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന് സാമൂഹികാഘാത പഠനം നടത്തുന്നതിനുള്ള ഏജൻസിയെ നിയമിക്കുന്നതിനായി സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വിശദമാക്കാമോ?

2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഭാഗമായി സാമൂഹികാഘാത പഠനം നടത്തി, അത് വിദഗ്ധ സമിതി

വിലയിരുത്തി ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ടുപോകുന്നതിനുള്ള ശിപാർശ നൽകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള അനുമതിയും തുടർന്ന് പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനുശേഷം സർവെ സബ്ഡിവിഷൻ, അടിസ്ഥാന വിലനിർണ്ണയം, പുനരധിവാസ പാക്കേജ്, വിശദ വിലനിർണ്ണയ പത്രിക എന്നിവ തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കലിന്റെ മുഴുവൻ തുകയും അർത്ഥനാധികാരിയായ കെ.ആർ.എഫ്.ബി. നിക്ഷേപിക്കുന്ന മുറയ്ക്ക് മാത്രമേ 2013 ലെ ആക്ട് പ്രകാരം അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറാൻ സാധിക്കൂ. ഈ നടപടികൾ വേഗതയിൽ പൂർത്തീകരിക്കാനാവശ്യമായ നിർദേശം നൽകുന്നതാണ്.

മഞ്ചേശ്വരം താലൂക്കിലെ ഭൂമി പതിച്ചുനൽകൽ

366 (1620) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ ലാൻഡ് അക്വിസിഷൻ കമ്മിറ്റി തീരുമാനമായിട്ടും പട്ടയം ലഭിക്കാത്തവരുടെ ലാൻഡ് അക്വിസിഷൻ നമ്പർ അടക്കമുള്ള പേരുവിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ബംബ്രാണ വില്ലേജിലെ എവർഷൈൻ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ കൈവശഭൂമിക്ക് രേഖ ലഭ്യമാക്കുന്നതിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ടി ക്ലബ്ബിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ബംബ്രാണ വില്ലേജിലെ എവർഷൈൻ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ പാട്ടത്തിനുള്ള അപേക്ഷയിൽ പുതുക്കിയ വിലനിർണ്ണയ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത താലൂക്കിൽ ആരാധനാലയങ്ങൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഭൂമി പതിച്ച് കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ; ബന്ധപ്പെട്ട അപേക്ഷകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

വിശദവിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ലാൻഡ് അക്വിസിഷൻ നടപടികളുടെ പൂർത്തീകരണം

367 (1621) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് കോളേജിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടും അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ അത് ഒഴിവാക്കി ലാൻഡ് അക്വിസിഷൻ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ അമരമ്പലം വില്ലേജിൽനിന്നും നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജ് നിർമ്മാണത്തിനുവേണ്ടി 2.0235 ഹെക്ടർ ഭൂമി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അവാർഡ് നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. പ്രസ്തുത പദ്ധതിക്കായി അർത്ഥനാധികാരി നഷ്ടപരിഹാരയിനത്തിൽ 3,78,03,723/-രൂപ (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി മൂവായിരത്തി എഴുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. 9,92,162/- രൂപ (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി ഒരുന്നൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) കൂടി 30-09-2025 തീയതി കണക്കാക്കി നഷ്ടപരിഹാരയിനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാക്കി അവാർഡ് നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ പി.യു.കെ.സി. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി

368 (1622) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ പ്രധാന റോഡായ പി.യു.കെ.സി. റോഡിന്റെ ഭൂമിയേറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ പി.യു.കെ.സി. റോഡ് വികസന എൽ.എ. നടപടിയുടെ 4(1) വിജ്ഞാപനം 05-04-2025-ലെ 1358 നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ വിവിധ വിഷയങ്ങളിൽ വിദഗ്ധ സമിതി 27-08-2025-ൽ കോഴിക്കോട് കളക്ടറേറ്റിൽ യോഗം ചേരുകയും നിർദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയും

ചെയ്തിട്ടുണ്ട്. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ 2013-ലെ ആർ.എഫ്.സി.റ്റി.എൽ. എ.ആർ.ആർ. സെക്ഷൻ 8-ൽ നിഷ്കർഷിച്ചിരിക്കുന്നതു പ്രകാരമുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. തുടർന്ന് 2013-ലെ ആർ.എഫ്.സി.റ്റി. എൽ.എ.ആർ.ആർ. ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളായ പ്രാഥമിക വിജ്ഞാപനം, ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിക്കൽ, സബ് ഡിവിഷൻ റെക്കോർഡ് തയ്യാറാക്കൽ, വിശദ വിലവിവര പട്ടിക തയ്യാറാക്കൽ, എൽ.എ. ഫണ്ട് അനുവദിക്കൽ, 19(1) വിജ്ഞാപനം, അവാർഡ് എൻക്വയറി, അവാർഡ് തയ്യാറാക്കി അംഗീകരിക്കൽ തുടങ്ങിയവ പൂർത്തിയാക്കിയതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറാൻ സാധിക്കുകയുള്ളൂ. ഈ നടപടികൾ വേഗതയിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നികുതി കെട്ടാത്ത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി

369 (1623) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ കടവത്തൂർ ദേശത്ത് വർഷങ്ങളോളം നി.കെ. (നികുതി കെട്ടാത്തത്) ഭൂമിയായി ഉപയോഗശൂന്യമായി കിടക്കുന്ന സർവെ നമ്പർ 26/6-ൽപ്പെട്ട 1.27 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തൃപ്പങ്ങോട്ടൂർ വില്ലേജ് കടവത്തൂർ പ്രദേശത്ത് റീസർവെ നമ്പർ 26/6-ൽപ്പെട്ട 1.27 ഏക്കർ നി.കെ ഭൂമി 1964-ലെ കേരള അന്യംനിന്നതും

നഷ്ടപ്പെട്ടതുമായ വസ്തുക്കളെ സംബന്ധിച്ച നിയമപ്രകാരം ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വസ്തു സംബന്ധമായ പ്രാഥമിക പരിശോധന പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഇക്കാര്യം കണ്ണൂർ ജില്ലാ കളക്ടറുടെ പരിഗണനയിലാണ്. വിഷയത്തിൽ കൂടുതൽ വിശദമായ പരിശോധന നടത്തി എസ്റ്റേറ്റ് ആക്ട് പ്രകാരം ഏറ്റെടുക്കാൻ കഴിയുന്ന വസ്തുവാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാകളക്ടർ തലശ്ശേരി തഹസിൽദാർക്ക് നിർദേശം നൽകിയിട്ടുള്ളതും വിശദമായ അന്വേഷണവും തുടർനടപടികളും നടന്നുവരുന്നതുമാണ്.

പാലാ റിവർവ്യൂ റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ

370 (1624) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ റിവർവ്യൂ റോഡ് മെയിൻ റോഡുമായി ചേരുന്ന ആർ.വി. പാർക്കിനുസമീപം കോമളം ഹോട്ടൽ സ്ഥിതി ചെയ്യുന്ന ഏകദേശം രണ്ട് സെന്റ് സ്ഥലം നിർദിഷ്ട എലവേറ്റഡ് ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നതിന് നാളിതുവരെ സ്വീകരിച്ച എൽ.എ. നടപടികൾ വ്യക്തമാക്കാമോ; വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി സ്ഥലം ഏറ്റെടുത്ത് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിർദിഷ്ട എലവേറ്റഡ് ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 4(1) വിജ്ഞാപനം 22-01-2024-ലെ 270-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനം, വിദഗ്ധ സമിതി പഠനം എന്നിവ പൂർത്തിയാക്കി 11(1) വിജ്ഞാപനം 01-11-2024-ലെ 3484-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് അംഗീകരിച്ചു. 10-09-2025-ൽ പൊതുമരാമത്ത് വകുപ്പിൽനിന്നും കെട്ടിടത്തിന്റെ വിലനിർണ്ണയിച്ച് ലഭിക്കുകയും 16-09-2025-ൽ വിശദ വിലനിർണ്ണയ പത്രിക (DVS) അംഗീകരിക്കുകയും ചെയ്തു. ചുരുക്കത്തിൽ ഭൂമി ഏറ്റെടുക്കുന്നതുമായ നടപടികൾ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. ഇനി പൊതുമരാമത്ത് വകുപ്പിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവാർഡ് പാസാക്കി സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതാണ്.

പാലാ ബൈപാസ് റോഡ് പൂർത്തീകരിക്കാൻ സ്ഥലം ഏറ്റെടുക്കൽ

371 (1625) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ ബൈപാസ് റോഡ്, ഏറ്റുമാനൂർ പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജങ്ഷനിൽ ശ്രീ. സാജൻ ഗീതാഞ്ജലി എന്ന ആളുടെ സ്ഥലം ഏറ്റെടുക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; തുക അനുവദിച്ചിട്ടില്ലെങ്കിൽ തുക അനുവദിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രീ. സാജൻ ഗീതാഞ്ജലി എന്നയാളുടെ വസ്തു ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിരുന്നതിനാൽ ടിയാന്റെ സ്ഥലം മാത്രം ഏറ്റെടുക്കാൻ സാധിച്ചിരുന്നില്ല. പാലാ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റ് സ്ഥലങ്ങളെല്ലാം പൂർണ്ണമായി ഏറ്റെടുത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പഴയ ഉത്തരവുകളുടെ കാലാവധി കഴിഞ്ഞിട്ടുള്ളതും, ഭൂമി ഏറ്റെടുക്കലിന് പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്. വിലനിർണ്ണയത്തിനെതിരെ ശ്രീ.സാജൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 12604/2024 ആയി ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നതാണ്. കേസിന്റെ അടുത്ത വിചാരണ 08-10-2025-ൽ ആണ് നിശ്ചയിച്ചിരിക്കുന്നത്. വിധിപ്രസ്താവത്തിനുശേഷം മാത്രമേ നഷ്ടപരിഹാരത്തുക കണക്കാൻ സാധിക്കുകയുള്ളൂ.

മുണ്ടൂർ-പുറ്റേക്കര ഭൂമി പുനരധിവാസ-പുനഃസ്ഥാപന പാക്കേജ്

372 (1626) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാതയിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള 1.8 കിലോമീറ്റർ ദൂരം നാലുവരി പാതയായി വികസിപ്പിക്കാൻ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ-പുനഃസ്ഥാപന പാക്കേജിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മുണ്ടൂർ-പുറ്റേക്കര ഭൂമി ഏറ്റെടുക്കൽ വേഗത്തിൽ പൂർത്തിയാക്കേണ്ടത് പരിഗണിച്ച് പുനരധിവാസ-പുന:സ്ഥാപന പാക്കേജ് അടിയന്തരമായി അംഗീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തൃശ്ശൂർ കുറ്റിപ്പുറം റോഡ് നാലുവരി പാതയായി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി മുണ്ടൂർ മുതൽ പുറ്റേക്കര വരെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുനരധിവാസ-പുനഃസ്ഥാപന പാക്കേജിന്റെ കരട് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ സ്വീകരിച്ചുവരുന്നു. അത് അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്.

തോട്ടഭൂമിയുടെ കൈമാറ്റം

373 (1627) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമി കൈമാറ്റം ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(ബി) കൈമാറ്റം ചെയ്യുകിട്ടിയ തോട്ടഭൂമി പ്ലോട്ടുകളായി തിരിച്ച് വ്യക്തികൾക്ക് വീട് നിർമ്മിക്കാൻ ആധാരം രജിസ്റ്റർ ചെയ്ത് നൽകുന്നപക്ഷം ആയതിൽ വീട് നിർമ്മിച്ച് താമസിക്കുന്നവർക്ക് ഭാവിയിൽ എന്തെങ്കിലും നിയമനടപടികൾ നേരിടേണ്ടതായി വരുമോ; തോട്ടഭൂമിയുടെ കൈവശക്കാരന് എന്തെങ്കിലും നിയമനടപടികൾ നേരിടേണ്ടതായി വരുമോ; വിശദമാക്കാമോ?

കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)e പ്രകാരം ഭൂപരിധിയിൽ ഇളവ് ലഭിച്ച തോട്ടഭൂമി, തുണ്ടുവത്കരിച്ച് മറ്റു പ്രവർത്തനങ്ങൾക്കായി തരം മാറ്റിയാൽ, തരം മാറ്റിയ അതുയും ഭൂമി 01-01-1970-നുശേഷം ആർജിച്ചതായി കണക്കാക്കി കേരള ഭൂപരിഷ്കരണ

നിയമം സെക്ഷൻ 87(1) വിശദീകരണം II പ്രകാരം ഭൂപരിധിയിൽ ഇളവ് നേടിയവരുടെയോ അവരുടെ പിൻതുടർച്ചക്കാരുടെയോ പേരിൽ താലൂക്ക് ലാൻഡ് ബോർഡുകൾ മിച്ചഭൂമി (ceiling case) കേസുകൾ പുനരാരംഭിച്ച് ഭൂപരിധി നിർണ്ണയിച്ച് മിച്ചഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആലത്തൂർ മണ്ഡലത്തിലെ ഭൂമി തരംമാറ്റലിനുള്ള അപേക്ഷകൾ

374 (1628) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽനിന്ന് ഭൂമി തരംമാറ്റലിനായി ഇതുവരെ എത്ര അപേക്ഷകൾ നേരിട്ടും ഓൺലൈനായും ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകൾ നാളിതുവരെ തീർപ്പാക്കിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വില്ലേജ് തിരിച്ച് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽനിന്ന് ഭൂമി തരംമാറ്റലിനായി നേരിട്ടും ഓൺലൈനുമായി ഇതുവരെ ലഭിച്ച അപേക്ഷകളുടെയും തീർപ്പാക്കിയ അപേക്ഷകളുടെയും നടപടി സ്വീകരിച്ചുവരുന്ന അപേക്ഷകളുടെയും വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ചിറക്കൽ പഞ്ചായത്തിന് പൊതുശ്മശാനം

375 (1629) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ചിറക്കൽ പഞ്ചായത്തിന് പൊതുശ്മശാനം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് സ്ഥലം വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

(ബി) മേൽനടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(സി) സ്ഥലം വിട്ടുനൽകുന്നതിന് തടസങ്ങളുണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ-സി) ചിറയ്ക്കൽ ഗ്രാമപഞ്ചായത്തിന് ആധുനിക രീതിയിലുള്ള പൊതുശ്മശാനം നിർമ്മിക്കുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമിയായ 20.1924 ആർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, തദ്ദേശസ്വയംഭരണ വകുപ്പിന് ഉപയോഗാനുമതി നൽകുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും 17-09-2025-ന് രേഖപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിന്മേൽ തുടർനപടി സ്വീകരിച്ചുവരുന്നു.

ഭൂപതിവ് നിയമ/ചട്ട ഭേദഗതി

376 (1630) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് നിയമ/ചട്ടഭേദഗതി പ്രകാരം പട്ടയ ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങളും വീടുകളും ക്രമവത്കരിക്കേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പട്ടയ വ്യവസ്ഥകൾക്ക്/പതിവ് ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ചിട്ടുള്ള വീടുകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്ന പതിവ് ഭൂമികളിലെ വ്യവസ്ഥാ ലംഘനങ്ങൾ മാത്രം ക്രമവത്കരിച്ചാൽ മതിയാകും. പട്ടയത്തിനാധാരമായ ചട്ടത്തിൽ ഭവന നിർമ്മാണം അനുവദനീയമായ കേസുകളിൽ പട്ടയത്തിൽ പതിവിനുള്ള ആവശ്യം

രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അത് വ്യവസ്ഥാ ലംഘനമായി കണക്കാക്കില്ല.

(ബി) പ്രസ്തുത ഭേദഗതിപ്രകാരം ദുരന്തനിവാരണ നിയമം ബാധകമാക്കിയ പഞ്ചായത്തുകളിലെ നിർമ്മാണങ്ങൾ ക്രമവത്കരിക്കാൻ കഴിയുമോ; എങ്കിൽ ഏത് അളവുവരെയുള്ള നിർമ്മാണങ്ങളാണ് ക്രമവത്കരിക്കാൻ കഴിയുകയെന്ന് വിശദമാക്കാമോ?

മറ്റ് നിയമങ്ങൾപ്രകാരം വിലക്കുള്ള യാതൊരു പ്രവർത്തനങ്ങളും ക്രമവൽക്കരിക്കുന്നതിന് കരട് ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതാണ്.

മൊഗ്രാൽ ഗവ. യുനാനി ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി

377 (1631) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ മൊഗ്രാൽ ഗവ. യുനാനി ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി കൈമാറുന്നതിനുള്ള ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ?

(ബി) പ്രസ്തുത ആശുപത്രിക്ക് ഭൂമി എന്നേയ്ക്ക് അനുവദിക്കാൻ കഴിയുമെന്നുള്ളത് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ കോയിപ്പാടി വില്ലേജിലെ റീസർവെ നമ്പർ 166/15 ൽ 0.4047 ഹെക്ടർ ഭൂമി, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും നിലവിലെ നിബന്ധനകൾക്കും വിധേയമായി ടി ഭൂമിയുടെ ഉടമാസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് മൊഗ്രാൽ ഗവ. യുനാനി ഡിസ്പെൻസറി 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടി

ഭാരതീയ ചികിത്സാ വകുപ്പിന് ഉപയോഗാനുമതി നൽകുന്ന വിഷയം സംബന്ധിച്ച എം3/119/2024/റവ നമ്പർ ഫയൽ അഭിപ്രായത്തിനായി ആയുഷ് വകുപ്പിലേക്ക് അയച്ചിരിക്കുകയാണ്. ടി വകുപ്പിൽനിന്ന് അഭിപ്രായം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

എരുമേലി തെക്ക് വില്ലേജിലെ വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി ഉപയുക്തമാക്കാൻ നടപടി

378 (1632) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി തെക്ക് വില്ലേജിൽ വനം വകുപ്പിന്റെ കൈവശമുള്ള ബ്ലോക്ക് നമ്പർ 27-ലെ റീസർവെ 12(1) ൽ ഉൾപ്പെട്ട 1.8250 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി തിരികെ എടുത്ത് സർക്കാർ ആവശ്യങ്ങൾക്കായി വിനിയോഗിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് 27-ൽ റീസർവെ 12/1 ൽ പ്പെട്ട 1.8250 ഹെക്ടർ സ്ഥലം വില്ലേജ് രേഖകൾ (റെലിസ്) പ്രകാരം "പുറമ്പോക്ക് ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി സ്ഥലത്ത് നിലവിൽ ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നു. എന്നാൽ ടി ഭൂമിയുടെ ബി.റ്റി.ആർ. പകർപ്പ്, എരുമേലി തെക്ക് വില്ലേജാഫീസിൽ ലഭ്യമല്ല. വസ്തുവിന്റെ ഉടമസ്ഥാവകാശം തിട്ടപ്പെടുത്തുന്നതിലേക്കായി

സെൻട്രൽ സർവെ ഓഫീസ്, തിരുവനന്തപുരത്തിന് കത്ത് നൽകിയിരുന്നെങ്കിലും ആ കാര്യാലയത്തിലും ബി.റ്റി.ആർ. പകർപ്പ് ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. ടി വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ഉടമസ്ഥാവകാശം സംബന്ധിച്ച് വനം വകുപ്പിൽനിന്നുള്ള രേഖകൾ സമർപ്പിക്കുന്നതിന് എരുമേലി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഇലക്ട്രോണിക് ക്ലസ്റ്റർ പദ്ധതി

379 (1633) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിനായി കണ്ടെത്തി പിന്നീട് സർക്കാർ മിച്ചഭൂമിയാക്കിയ സ്ഥലത്ത് ഇലക്ട്രോണിക് ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നിർദേശത്തിന്മേൽ റവന്യൂവകുപ്പ് എന്തെല്ലാം എതിർപ്പുകളാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് വകുപ്പ് സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്റർ പദ്ധതി സ്ഥാപിക്കുന്നതിനായി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 (3) പ്രകാരം ഭൂപരിധിയിൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് TOFL (Taking Off to the Future Pvt. Ltd.) സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും ഇളവിനായി അപേക്ഷിച്ചിട്ടുള്ള 335 ഏക്കർ ഭൂമിയുടെ

തൊണ്ണൂറ് ശതമാനത്തിലധികവും നിലമാണെന്നും പ്രസ്തുത ഭൂമിയിൽ കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡിന്റെ SM 1/12/KZY, SM 1/15/KZY എന്നീ കേസുകൾ നിലവിലുണ്ടെന്നും മിച്ചഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ CRP(LR) 621/2017, CRP(LR)474/2017 നമ്പർ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും തൽസ്ഥിതി തുടരാൻ ഉത്തരവായിട്ടുള്ളതുമാണെന്നും കണ്ടെത്തിയിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ചുവരികെ അപേക്ഷകൻ ടി ഭൂമിയിൽ Electronics Manufacturing Cluster സ്ഥാപിക്കുന്ന പദ്ധതി ഉപേക്ഷിക്കുന്നുവെന്നും മറ്റൊരു പദ്ധതിക്കായുള്ള പ്രൊപ്പോസലുമായി മുന്നോട്ട് പോകുന്നുവെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചില്ല.

സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതിന് അനുമതി

380 (1634) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് സംസ്ഥാനത്ത് എവിടെയെങ്കിലും സർക്കാർ ഭൂമി പാട്ടത്തിന് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മാത്രമാണ് സർക്കാർ ഭൂമി പാട്ടവ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവെ നം. 817-ൽപ്പെട്ട 4.2 സെന്റ് (01.70 ആർ) പുറമ്പോക്ക്

ഭൂമിയാണ് ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് സൊസൈറ്റിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളത്.

(ബി) ഉണ്ടെങ്കിൽ ഏത് നിരക്കിലാണ് പാട്ടം നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2004 മുതൽ 2016 വരെ പാട്ടഭൂമിയുടെ കമ്പോളവിലയുടെ 5% നിരക്കിലും 2016 മുതൽ 2% നിരക്കിലുമാണ് പാട്ടം നിശ്ചയിച്ചിട്ടുള്ളത്.

(സി) പ്രസ്തുത ഭൂമിക്ക് പാട്ട കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിലെ പാട്ടഭൂമിക്ക് പാട്ട കുടിശ്ശിക വരുത്തിയിട്ടുള്ളതാണ്. ടി സ്ഥലത്തിന്റെ 2001 മുതൽ 2021-22 വരെയുള്ള പാട്ടക്കുടിശ്ശിക 1,07,53,561 രൂപയും നികുതി കുടിശ്ശിക 35,66,096/- രൂപയും ഉൾപ്പെടെ 1,43,19,657/- രൂപയാണ്. പാട്ടകുടിശ്ശിക ഈടാക്കുന്നതിനെതിരെ സ്ഥാപനം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.5641/22 നമ്പർ കേസ് നിലവിലുള്ളതുമാണ്.

(ഡി) ഇതുസംബന്ധിച്ച് ജില്ലാ കളക്ടർമാരിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ?

ഉണ്ട്. എറണാകുളം ജില്ലയിൽ മാത്രമാണ് സർക്കാർ ഭൂമി പാട്ടത്തിന് അനുവദിച്ചിട്ടുള്ളത്. മറ്റ് ജില്ലകളിൽ ടി സ്ഥാപനത്തിന് സർക്കാർ ഭൂമി പാട്ടത്തിന് അനുവദിച്ചിട്ടില്ലെന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(ഇ) കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള ഭൂമി ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള മറ്റ് തടസ്സങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന് കെട്ടിട വികസനവുമായി ആവശ്യമായി വരുമ്പോൾ യാതൊരു നിബന്ധനയുമില്ലാതെ തിരികെ നൽകണമെന്ന വ്യവസ്ഥയോടെ പാട്ടത്തിന് നൽകുന്നതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എതിർപ്പില്ല എന്ന് അറിയിച്ചിട്ടുണ്ട്.

എക്സ്പ്ലോസിവ് റൂൾസ് 2008 ഭേദഗതി

381 (1635) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്ലോസീവ് റൂൾസ് 2008 ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ 11-1-2024-ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പല വ്യവസ്ഥകളും കേരളത്തിൽ വെടിക്കെട്ട് നടത്തുന്നത് അസാധ്യമാക്കുന്ന തരത്തിലുള്ളതാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ചെറുപൂരങ്ങൾ ഉൾപ്പെടെയുള്ള വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് സുരക്ഷിതമായി വെടിക്കെട്ട് നടത്താൻ സാധിക്കുന്നതരത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ 2024-ലെ എക്സ്പ്ലോസീവ് ഭേദഗതി ചട്ടങ്ങളിലെ ചില വ്യവസ്ഥകൾ തൃശ്ശൂർ പൂരം ഉൾപ്പടെയുള്ള സംസ്ഥാനത്തെ ദേവാലയങ്ങളിലെ കരിമരുന്നുപ്രയോഗം സുഗമമായി നടത്തുന്നതിനെ

പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സംസ്ഥാന സർക്കാരിന്റെ ഉത്കണ്ഠ മുഖ്യമന്ത്രി തലത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റവന്യൂ മന്ത്രിയും ഇക്കാര്യത്തിൽ മാറ്റം ആവശ്യപ്പെട്ട് പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർക്ക് കത്ത് അയച്ചിട്ടുണ്ട്.

(സി) ജില്ലാ കളക്ടറേറ്റുകളിൽ വെടിക്കെട്ട് ലൈസൻസ് അനുവദിക്കുന്നതിന് ഏകജാലക സംവിധാനം (സിംഗിൾ വിൻഡോ സിസ്റ്റം) ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി മാത്രമേ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

റവന്യൂ വകുപ്പിലെ സോഫ്റ്റ്വെയർ തകരാർ

382 (1636) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ സോഫ്റ്റ്വെയർ തകരാറിൽ വലഞ്ഞ് ജനങ്ങൾ പ്രയാസം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുതായി നിർമ്മിച്ച വീടുകൾ ഉൾപ്പെടെ കെട്ടിട നമ്പർ കിട്ടാനുള്ള അപേക്ഷ നൽകിയിട്ടും ഒറ്റത്തവണ കെട്ടിട നികുതി ഒടുക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. 2021 മുതൽ സി-ഡിറ്റ് വികസിപ്പിച്ച കേരള ബിൽഡിങ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം മൊഡ്യൂൾ കാലഹരണപ്പെട്ടിട്ടുള്ളതിനാൽ ആവശ്യമായ മാറ്റങ്ങൾ അടിയന്തരമായി വരുത്തി പുതിയ മൊഡ്യൂൾ സ്റ്റേറ്റ് ഡാറ്റ സെന്ററിൽ 30-07-2025-ന് ഹോസ്റ്റ്

ചെയ്തിട്ടുള്ളതും റവന്യൂ വകുപ്പിലെ കെ.ബി.റ്റി.-യുമായി ബന്ധപ്പെട്ട എല്ലാ റവന്യൂ ഉദ്യോഗസ്ഥർക്കും ടെയിനിങ് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ഉദ്യോഗസ്ഥർ അഭിമുഖീകരിക്കുന്ന പോർട്ടൽ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ച് വരികയും ചെയ്യുന്നുണ്ട്.

(സി) ജൂലൈ പകുതിയോടെ ഉണ്ടായ സാങ്കേതിക തകരാർ പരിഹരിക്കാത്തതിനാൽ താലൂക്ക് ഓഫീസിൽ എത്തുന്നവർക്ക് കൃത്യമായി മറുപടി നൽകാൻ അധികൃതർക്കാകുന്നില്ലെന്നത് ശരിയാണോ; ഒറ്റത്തവണ കെട്ടിട നികുതി ഒടുക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ഈ കാരണംകൊണ്ട് കെട്ടിക്കിടക്കുന്നതെന്ന് താലൂക്ക് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

കെ.ബി.റ്റി.-യുടെ പുതിയ മൊഡ്യൂൾ 30-07-2025-ന് സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുള്ളതും ആയത് കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട ടെയിനിങ് റവന്യൂ വകുപ്പിലെ കെ.ബി.റ്റി.-യുമായി ബന്ധപ്പെട്ട എല്ലാ റവന്യൂ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ളതുമാണ്. കൂടാതെ, സ്റ്റേറ്റ് ഐ.ടി സെല്ലും സി-ഡിറ്റും ചേർന്ന് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലെയും കെ.ബി.റ്റി. വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുമായി വെബ് മീറ്റിങ് മുഖേന interaction നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുള്ളതായും ആയതുപ്രകാരം 11 താലൂക്കുകളുമായുള്ള (വർക്കല, കാസർഗോഡ്, കൊല്ലം, തലശ്ശേരി, അടൂർ, മല്ലപള്ളി, സുൽത്താൻബത്തേരി, കോട്ടയം, കോഴിക്കോട്, കൊണ്ടോട്ടി, പീരുമേട്) അവലോകനം പൂർത്തീകരിച്ചിട്ടുള്ളതും അവർ അഭിമുഖീകരിക്കുന്ന പോർട്ടൽ സംബന്ധമായ പ്രശ്നങ്ങളെല്ലാംതന്നെ പരിഹരിച്ചുവരികയും ചെയ്യുന്നുണ്ട്.

കേരള ബിൽഡിങ് ടാക്സ് പോർട്ടലിലെ 01-06-2025 മുതൽ 15-09-2025 വരെ ബുക്ക്

ചെയ്തതും നികുതി ചുമത്തിയിട്ടുള്ളതും നികുതി ചുമത്താൻ ബാക്കിയുള്ളതുമായ 78 താലൂക്ക് ഓഫീസുകളിലും ലഭ്യമായ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഡി) ഒറ്റത്തവണ കെട്ടിട നികുതി അടയ്ക്കാനുള്ള കാത്തിരിപ്പിന് കാരണം സോഫ്റ്റ്വെയർ അപ്ഡേഷൻ പ്രവൃത്തി നടക്കുന്നതാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് എന്ന് പൂർത്തിയാകുമെന്ന് കൃത്യമായ ഉത്തരം നൽകാമോ?

അസ്സെസ്സ്മെന്റ് ഓർഡർ ലഭിച്ചു കഴിഞ്ഞാൽ ഏതൊരു കെട്ടിട ഉടമയ്ക്കും വില്ലേജ് ഓഫീസിൽ എത്തി കെട്ടിട നികുതി ഒടുക്കുന്നതിനുള്ള സംവിധാനം വർഷങ്ങളായിതന്നെ നിലനിന്നുവരുന്നതാണ്. കൂടാതെ ഓൺലൈനായി നികുതി ഒടുക്കുന്നതിനുള്ള സംവിധാനവും നിലവിൽ പുതിയ പോർട്ടലിൽ ലഭ്യമാണ്.

സ്റ്റേറ്റ് ഐ.ടി സെല്ലും സി-ഡിറ്റും ചേർന്ന് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലെയും KBT വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുമായി വെബ് മീറ്റിങ്ങ് മുഖേന interaction നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുള്ളതും അതുപ്രകാരം 11 താലൂക്കുകളുമായുള്ള (വർക്കല, കാസർഗോഡ്, കൊല്ലം, തലശ്ശേരി, അടൂർ, മല്ലപള്ളി, സുൽത്താൻ ബത്തേരി, കോട്ടയം, കോഴിക്കോട്, കൊണ്ടോട്ടി, പീരുമേട്) അവലോകനം പൂർത്തീകരിച്ചിട്ടുള്ളതും അവർ അഭിമുഖീകരിക്കുന്ന പോർട്ടൽ സംബന്ധമായ പ്രശ്നങ്ങളെല്ലാംതന്നെ പരിഹരിച്ച് വരികയും ചെയ്യുന്നുണ്ട്.

ഉടുമ്പൻചോല മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ

383 (1637) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ ആകെ എത്ര വില്ലേജ് ഓഫീസുകളാണ് പ്രവർത്തിക്കുന്നത്; ഇതിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ 14 വില്ലേജ് ഓഫീസുകളാണുള്ളത്. ഇതിൽ നിലവിൽ 12 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയിട്ടുള്ളതാണ്. പാമ്പാടുംപാറ, രാജകുമാരി എന്നീ വില്ലേജ് ഓഫീസുകളെയാണ് ഇനി സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്താനുള്ളത്. അതിൽ പാമ്പാടുംപാറ വില്ലേജ് ഓഫീസിന്റെ സ്മാർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

(ബി) രാജകുമാരി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

(സി) രാജകുമാരി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതില്ലെന്ന് തീരുമാനിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ?

(ബി&സി) പ്ലാൻ പദ്ധതി 2023-24 പ്രകാരം ഇടുക്കി ജില്ലയിലെ രാജകുമാരി വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിരുന്നതും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തിരഞ്ഞെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉടലെടുത്തതിനെത്തുടർന്ന് നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. തുടർന്ന്, പ്രസ്തുത വില്ലേജ് പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ ആവശ്യം പരിഗണിച്ച് നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥലത്തെ വില്ലേജ് ഓഫീസ് കെട്ടിടം

തന്നെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചനയിലാണ്.

രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി

384 (1638) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എടച്ചേരി ഗ്രാമപഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ (എൽ 2/105/22) ഫയലിന്മേൽ വകുപ്പ് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിൽ സർവെ നമ്പർ 163/5-ൽ ഉൾപ്പെട്ടുവരുന്ന 50 സെന്റ് ഭൂമിയിൽനിന്നും 10 സെന്റ് ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ടുനൽകുന്ന വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് RE3/94/2022-LSGD നമ്പർ ഫയൽ അയച്ചുനൽകിയിരുന്നു. ഈ വിഷയത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടുപ്രകാരം എടച്ചേരി ദേശത്ത് റീ.സ. 214/21 (പ.സ. 163/5)-ൽ ഉൾപ്പെട്ട 18.33 ആർ പുറമ്പോക്ക് ഭൂമി എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലും അനുഭവത്തിലുമുള്ള ഭൂമിയാണ്. GO(Ms) No.163/1969/RD നമ്പർ ഉത്തരവുപ്രകാരം പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിനായി ഭൂമി കൈമാറ്റപ്രകാരം അനുവദിച്ച ഭൂമിയാണ്. ഭൂമി കൈമാറ്റപ്രകാരം

അനുവദിച്ചതാകയാൽത്തന്നെ റവന്യൂ രേഖകളിൽ മാറ്റം വരുത്താതെ സർക്കാർ പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ പഞ്ചായത്തിന്റെ അനുമതിയോടെ പ്രസ്തുത ഭൂമിയിൽനിന്നും പത്ത് സെന്റ് ഭൂമി രജിസ്ട്രേഷൻ വകുപ്പിന് കൈമാറി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പാലാ മിനി സിവിൽ സ്റ്റേഷൻ

385 (1639) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നെല്ലിയാനിയിൽ നിർമ്മാണം പൂർത്തീകരിച്ച മിനി സിവിൽ സ്റ്റേഷൻ നാളിതുവരെ പ്രവർത്തനസജ്ജമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരവധി സർക്കാർ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുകയും ടൗണുകളിലെ സിവിൽ സ്റ്റേഷനുകൾ സ്ഥല പരിമിതികളാൽ വീർപ്പുമുട്ടുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത സിവിൽ സ്റ്റേഷന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി പൂർത്തീകരിച്ചിട്ടുള്ള ഗ്രൗണ്ട് ഫ്ലോറിൽ മോട്ടോർ വെഹിക്കിൾസ് (RTO), എൽ.എ (ജനറൽ) പാലാ ഓഫീസ്, ഇലക്ഷൻ ഓഫീസ് എന്നീ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന്

സ്ഥലം അനുവദിച്ചിട്ടുള്ളതും ഇലക്ട്രിക്/വാട്ടർ സപ്ലൈ കണക്ഷനുകളും ഓഫീസ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് എന്നിവ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ കണ്ടെത്തിയ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുമുണ്ട്. പ്രസ്തുത സിവിൽ സ്റ്റേഷനിലെ കോമൺ ഏരിയയിലേയ്ക്ക് വൈദ്യുതി, വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തഹസീൽദാർ സ്വീകരിച്ചിട്ടുള്ളതും നിർദിഷ്ട സിവിൽ സ്റ്റേഷനിലെ അവശേഷിച്ച പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നിർദേശങ്ങൾ ബന്ധപ്പെട്ടവർക്ക് ആർ.ഡി.ഒ. നൽകിയിട്ടുള്ളതുമാണ്.

പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

386 (1640) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പുതിയങ്ങാടി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നതും, പുതിയങ്ങാടി ദേശം ടി.എസ് നം. 1-1-3-ൽപ്പെട്ട കോഴിക്കോട് കോർപറേഷന്റെ ഉടമസ്ഥതയിലുള്ളതുമായ 5 സെന്റ് സ്ഥലം, പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിന് കൈമാറാൻ കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ പ്രമേയം പാസ്സാക്കിയിട്ടുള്ളതിനാൽ, ടി സ്ഥലം റവന്യൂവകുപ്പിന് വിട്ടുകൊടുക്കുന്നതിനായി ജില്ലാ

കളക്ടർ, കോഴിക്കോട് കോർപറേഷൻ സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭൂമി വിട്ടുനൽകുന്നതിന് കോഴിക്കോട് കോർപ്പറേഷൻ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിന് വിട്ടുകൊടുക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി 10-09-2025-ൽ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ, 1958-ലെ ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം എത്രയും വേഗം നടപടികൾ സ്വീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ കോഴിക്കോട് സബ്കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

387 (1641) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസാക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുകയും വർഷവും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ഒറ്റപ്പാലം മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ വില്ലേജ് ഓഫീസുകൾ, അനുവദിച്ച തുക, ഭരണാനുമതി നൽകിയ വർഷം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ഭരണാനുമതി നൽകിയ വില്ലേജ് ഓഫീസുകൾ	ഭരണാനുമതി തുക	ഭരണാനുമതി നൽകിയ വർഷം	നിലവിലെ സ്ഥിതി
കരിമ്പുഴ-1	40,25,000/-	2014-15	പൂർത്തീകരിച്ചു
ശ്രീകൃഷ്ണപുരം-2	44,00,000/-	2018-19	പൂർത്തീകരിച്ചു
ഒറ്റപ്പാലം-2	44,00,000/-	2020-21	പൂർത്തീകരിച്ചു
പൂക്കോട്ടുകാവ്	44,00,000/-	2020-21	പൂർത്തീകരിച്ചു
കടമ്പഴിപ്പുറം-1	44,00,000/-	2020-21	പൂർത്തീകരിച്ചു
കടമ്പഴിപ്പുറം-2	44,00,000/-	2020-21	പൂർത്തീകരിച്ചു
അമ്പലപ്പാറ-2	50,00,000/-	2023-24	നിർമ്മാണം നടത്തേണ്ട സ്ഥലത്തുനിന്നും വലിയ തോതിൽ മണ്ണ് നീക്കം ചെയ്യുന്ന നടപടി പൂർത്തീകരിച്ച് സൈറ്റ് നിർവഹണ ഏജൻസിക്ക് 08-09-2025-ന് കൈമാറിയിട്ടുള്ളതും തുടർ പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്.
ലെക്കിടിപേരൂർ-2	45,00,000/-	2024-25	പൊതുമരാമത്ത് വകുപ്പിന് സൈറ്റ് കൈമാറിയിട്ടുള്ളതും തുടർപ്രവർത്തനങ്ങൾ നടത്തി വരികയുമാണ്.

കാട്ടാക്കട മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

388 (1642) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തുമ്മൽ, ഊരുട്ടമ്പലം, വിളപ്പിൽ, മലയിൻകീഴ്, വിളവൂർക്കൽ എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർനിർമ്മിച്ചതിന് ഓരോന്നിനും എത്ര രൂപ വീതമാണ് ചെലവായതെന്ന് വ്യക്തമാക്കാമോ; നിർമ്മിച്ച ഏജൻസി സംബന്ധിച്ചും ഓരോ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് വിവരങ്ങളും വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തുമ്മൽ, വിളപ്പിൽ, മലയിൻകീഴ്, വിളവൂർക്കൽ എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർനിർമ്മിച്ചതിന് ഓരോന്നിനും ചെലവായ തുക, നിർമ്മിച്ച ഏജൻസി, എസ്റ്റിമേറ്റ് വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പള്ളിച്ചൽ വില്ലേജ് ഓഫീസിന് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പള്ളിച്ചൽ വില്ലേജ് ഓഫീസിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

389 (1643) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസ്, മാറാക്കര വില്ലേജ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസ് എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെയടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം, മാറാക്കര എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കി നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നതും അതിൽ നടുവട്ടം വില്ലേജ് ഓഫീസ് നിർമാണ പ്രവൃത്തിക്കായുള്ള പുതുക്കിയ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റടങ്ങുന്ന ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ 16-09-2025-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും അത് സർക്കാരിന്റെ പരിശോധനയിലുമാണ്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടറേറ്റും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടികളുടെ വിശദാംശവും അനുസംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ?

പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളടങ്ങുന്ന മലപ്പുറം ജില്ലാ കളക്ടറുടെ കാര്യാലയത്തിലെ DCMPM/3620/2024-G7 നമ്പർ ഫയൽ, ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ LR/1380/2024-LR(M2) നമ്പർ ഫയൽ എന്നിവയിലെ നോട്ട് ഫയലുകൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കാമോ; പ്രവൃത്തികൾ ആരംഭിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റടങ്ങുന്ന പ്രൊപ്പോസൽ ബന്ധപ്പെട്ട വകുപ്പുമേധാവി സർക്കാരിന് സമർപ്പിക്കേണ്ടതും അതിന് ഭരണാനുമതി നൽകുന്നകാര്യം നടപടിക്രമങ്ങൾ പാലിച്ച് പരിശോധിക്കേണ്ടതായിട്ടുമുണ്ട്. നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ നടുവട്ടം വില്ലേജ് ഓഫീസിന്റെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. മാറാക്കര വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ അടിയന്തരമായി ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ

390 (1644) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഓഫീസടക്കം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഓഫീസുകൾക്കുവേണ്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

കൊണ്ടോട്ടി മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് സർക്കാറിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഇതിനുവേണ്ടി മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും ലഭ്യമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും ആയതുപ്രകാരം സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

(ബി&സി) കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഏതെല്ലാം സ്ഥലങ്ങൾ അതിനുവേണ്ടി പരിശോധിച്ചിരുന്നുവെന്നും സ്ഥലം കണ്ടെത്തുന്നതിന് എന്ത് തീരുമാനമാണ് എടുത്തതെന്നും വ്യക്തമാക്കുമോ?

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പരിശോധിച്ചിരുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കൊണ്ടോട്ടി മുനിസിപ്പാലിറ്റി വിട്ടുതരാൻ തയ്യാറായ 50 സെന്റ് നിലം.

2) കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12-ൽ റീ സർവെ 105/5 ൽപ്പെട്ട 1.20 ഹെക്ടർ വിസ്തീർണ്ണമുള്ള പുരയിടം ഇനത്തിൽപ്പെട്ട ഭൂമി.

3) കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12-ൽപ്പെട്ട ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ 2.2515 ഹെക്ടർ ഭൂമി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4) കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12-ൽപ്പെട്ട ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ 1.75 ഏക്കർ ഭൂമി.

കൂടാതെ പെരിന്തൽമണ്ണ സബ്കളക്ടറുടെ നേതൃത്വത്തിൽ മിനി സിവിൽ സ്റ്റേഷന് അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ടീം രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ചൂവടെപ്പറയുന്ന 4 ഭൂമികളാണ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിരുന്നത്.

1) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടി വില്ലേജിലെ സർവെ 376/1 ലെ 0.2020 ഹെക്ടർ ഭൂമി

2) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടി വില്ലേജിലെ സർവെ 414/1, 3-ലെ 0.3000 ഹെക്ടർ ഭൂമി

3) നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ഓഡിറ്റോറിയം, കൃഷിഭവൻ എന്നിവ നിൽക്കുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് വില്ലേജിലെ സർവെ 29/7, 8 -ലെ ഭൂമിയും സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ നിൽക്കുന്ന നെടിയിരുപ്പ് വില്ലേജിലെ സർവെ 29/3-ലെ ഭൂമിയും

4) മേൽ ഭൂമിയോട് ചേർന്ന് ഏറ്റെടുക്കേണ്ട/കണ്ടെത്തേണ്ടതായി വരുന്ന ഭൂമിയും.

(ഇ) കൊണ്ടോട്ടിയിൽ മിനി സിവിൽസ്റ്റേഷന് സ്ഥലം യഥാർഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്ന പദ്ധതിക്ക് ഭൂമി കണ്ടെത്തുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്.

ചവറ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്

391 (1645) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

കേരള കശുവണ്ടി ആശ്വാസ ക്ഷേമനിധി ബോർഡ് ഇൻസ്പെക്ടറുടെ കാര്യാലയം മാത്രമാണ് ചവറ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

(ബി) നിർമ്മാണത്തിലിരിക്കുന്ന ചവറ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസ് അനുവദിക്കുന്നതിന് എത്ര ഓഫീസുകൾ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്; കുടുംബ കോടതിക്ക് ഓഫീസ് നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ?

നിർമ്മാണം പൂർത്തിയായി വരുന്ന ചവറ മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിക്കുന്നതിനായി ചവറ ഭക്ഷ്യസുരക്ഷാ സർക്കിൾ കാര്യാലയം, ചവറ കേരള കശുവണ്ടി ആശ്വാസ ക്ഷേമനിധി ബോർഡ് ഇൻസ്പെക്ടറുടെ കാര്യാലയം എന്നീ കാര്യാലയങ്ങൾ കൊല്ലം ജില്ലാ കളക്ടർക്ക് കരുനാഗപ്പള്ളി തഹസിൽദാർ മുഖേന അപേക്ഷ നൽകിയിട്ടുണ്ട്. മജിസ്ട്രേറ്റ് കോടതി, കുടുംബ കോടതി എന്നിവയ്ക്കുവേണ്ടി 3-ഉം 4-ഉം നിലകൾ താൽക്കാലികമായി അനുവദിക്കണമെന്നും, ടി വിവരം ഔദ്യോഗികമായി ജില്ലാ ജഡ്ജിയെ അറിയിക്കണമെന്നും ബഹുമാനപ്പെട്ട ചവറ എം.എൽ.എ-യുടെ 10-07-25-ലെ DC-KLM-47-10/2025 നമ്പർ പ്രകാരമുള്ള അപേക്ഷ കൊല്ലം ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടുണ്ട്.

(സി) ആകെ എത്ര ചതുരശ്ര അടിയുള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്; നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം എത്ര ചതുരശ്ര അടി ആവശ്യമുണ്ട്?

ആകെ 12721.74 ചതുരശ്ര അടിയുള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്. (മൂന്നാം നില - പ്ലിന്ത് ഏരിയ - 6360.87 sqft, നാലാം നില - പ്ലിന്ത് ഏരിയ - 6360.87 sqft)

നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം ആകെ ആവശ്യമുള്ള ഏരിയ 6331 ചതുരശ്ര അടിയാണ്.

(ഡി) ടി അപേക്ഷകളിൽ തീരുമാനമെടുക്കാത്തതിനാൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കോടതികൾക്കാവശ്യമായ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് നിർദേശിച്ചാൽ മാത്രമേ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള തുടർജോലികൾ ആരംഭിക്കാൻ കഴിയുകയുള്ളൂവെന്നും ടി തടസ്സംമൂലം കോൺട്രാക്ടർ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേൽ ജില്ലാ കളക്ടർ അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരുകയാണ്.

കോട്ടക്കൽ സിവിൽ സ്റ്റേഷൻ നിർമ്മാണം

392 (1646) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ കേന്ദ്രീകരിച്ച് സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുസ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഭൂമി രജിസ്ട്രേഷൻ വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിന് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) രജിസ്ട്രേഷൻ വകുപ്പിൽനിന്നും മതിയായ ഭൂമി ലഭ്യമാക്കി കോട്ടക്കൽ സബ് ട്രഷറി ഉൾപ്പടെയുള്ള ഓഫീസുകൾ പ്രവർത്തിക്കുന്ന വിധം കോട്ടക്കൽ കേന്ദ്രീകരിച്ച് സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(എ-ഡി) കോട്ടക്കൽ കേന്ദ്രീകരിച്ച് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി മലപ്പുറം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നു.

വില്ലേജ് ഓഫീസ് നവീകരണം

393 (1647) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി

മണ്ഡലത്തിൽ നവീകരിച്ച വില്ലേജ് ഓഫീസുകൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വില്ലേജിന്റെ പേര്	സർക്കാർ ഉത്തരവ്	അനുവദിച്ച തുക	നിലവിലെ സ്ഥിതി
1	കുറിച്ചി	4/10/2020-ലെ സ.ഉ. സാധാ) നം.2991/2020/റവ നമ്പർ ഉത്തരവ്	14,46,000/-	നിർമ്മാണം പൂർത്തീകരിച്ചു
2	ചെത്തിപ്പുഴ	04/10/2020-ലെ സ.ഉ. (സാധാ) നം.2991/2020/റവ നമ്പർ ഉത്തരവ്	44,00,000/-	നിർമ്മാണം പൂർത്തീകരിച്ചു
3	മാടപ്പള്ളി	12/02/21-ലെ സ.ഉ.(സാധാ) നം.90/2021/P&EA നമ്പർ ഉത്തരവ്	44,00,000/-	നിർമ്മാണം പൂർത്തീകരിച്ചു
4	തുക്കൊടിത്താനം	11/02/2025-ലെ സ.ഉ. (സാധാ) നം.335/2025/റവ നമ്പർ ഉത്തരവ്	45,00,000/-	ജില്ല നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു
5	ചങ്ങനാശ്ശേരി	28/06/2022-ലെ സ.ഉ. (സാധാ) നം.2815/2022/റവ നമ്പർ ഉത്തരവ്	44,00,000/-	നിർമ്മാണം 70% പൂർത്തീകരിച്ചു
6	പായിപ്പാട്	28/06/2022-ലെ സ.ഉ. (സാധാ) നം.2816/2022/റവ നമ്പർ ഉത്തരവ്	44,00,000/-	നിർമ്മാണം 70% പൂർത്തീകരിച്ചു

മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

ആലുവ വടക്കുംഭാഗം, കിഴക്കുംഭാഗം വില്ലേജുകളിലെ റവന്യൂ പുറമ്പോക്ക് ഭൂമി

394 (1648) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ നിയോജകമണ്ഡലത്തിലെ വടക്കുംഭാഗം, കിഴക്കുംഭാഗം വില്ലേജുകളിൽ റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വില്ലേജ് രേഖകൾ പ്രകാരം ഏതെല്ലാം സർവെ നമ്പറുകളിൽ എത്രവീതം റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ?

ആലുവ നിയോജകമണ്ഡലത്തിലെ വടക്കുംഭാഗം, കിഴക്കുംഭാഗം വില്ലേജുകളിലെ പുറമ്പോക്ക് ഭൂമിയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

അയിലം സ്കൂളിന് ഭൂമി അനുവദിക്കാൻ നടപടി

395 (1649) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അയിലം ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ അധീനതയിലുണ്ടായിരുന്ന എത്ര സെന്റ് ഭൂമിയാണ് അയിലം പാലം നിർമ്മാണത്തിന്റെ ഭാഗമായുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചിറയിൻകീഴ് താലൂക്കിൽ മുദാക്കൽ വില്ലേജിൽ ബ്ലോക്ക് 45-ൽ റീസർവെ 77/11-ൽ 20.80 ആർ ഭൂമി അയിലം ഗവൺമെന്റ് ഹൈസ്കൂളിന്റെ കൈവശമുള്ളതിൽനിന്നും 03.30 ആർ ഭൂമി അയിലം പാലവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഏറ്റെടുത്ത ഭൂമിക്ക് പകരമായി സ്കൂളിനോട് ചേർന്നുള്ള പുറമ്പോക്ക് ഭൂമി സ്കൂളിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചുകിട്ടുന്നതിനായി വകുപ്പുമേധാവിയുടെ അർത്ഥനാപത്രം സഹിതം ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് സമർപ്പിച്ച ഭൂമി കൈമാറ്റ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഏറ്റെടുത്ത ഭൂമിക്ക് പകരമായി സ്കൂളിനോട് ചേർന്നുള്ള 01.02 ആർ പുറമ്പോക്ക് ഭൂമി കൈമാറിക്കിട്ടുന്നതിനായി വകുപ്പുമേധാവി സമർപ്പിച്ച അർത്ഥനാപത്രത്തിന്റെ അടിസ്ഥാനത്തിൽ 05-06-2018-ലെ സ.ഉ.(പി)നം. 31/2018/ആർ.ഡി. പ്രകാരം ഭൂമി കൈമാറി നൽകുന്നതിനുള്ള നടപടികൾ ജില്ലാകളക്ടറുടെ കാര്യാലയത്തിൽ നടന്നുവരികയാണ്.

ശ്രീമതി ധന്യാ അളകപ്പന്റെ പോക്കുവരവ് അപേക്ഷ

396 (1650) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി വില്ലേജിൽ 37/7-1 സർവെ നമ്പറിൽപ്പെട്ട ഭൂമി അലൈൻമെന്റിൽ വന്ന മാറ്റംമൂലം പോക്കുവരവ് ചെയ്യാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ധന്യാ അളകപ്പൻ, പേരപ്പള്ളിൽ ഹൗസ്, പാണാവള്ളി എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി വില്ലേജിൽ 37/7-1 സർവെ നമ്പരിൽപ്പെട്ട 01.33 ആർസ് വസ്തു പോക്കുവരവ് ചെയ്യുന്നതിന് ശ്രീമതി ധന്യാ അളകപ്പൻ, പേരപ്പള്ളിൽ ഹൗസ്, പാണാവള്ളി എന്നയാൾ തൈക്കാട്ടുശ്ശേരി വില്ലേജിൽ അപേക്ഷ സമർപ്പിച്ചിരുന്നതാണ്. ടി അപേക്ഷാ വസ്തുവിൽ റോഡ് പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടുവരുന്നുണ്ടോയെന്ന് തിട്ടപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസർ താലൂക്ക് സർവെയറുടെ

സേവനം ആവശ്യപ്പെട്ടതിൻപ്രകാരം സർവെയർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതാണ്.

സർവെയറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷകയ്ക്ക് നിലവിൽ കൈവശമുള്ള വസ്തു അളന്നതിൽ സർവെ 37/7 ൽ 0.17 ആർസും സർവെ 37/8 ൽ 02.20 ആർസും ഉൾപ്പെടെ ആകെ 2.46 ആർസ് വസ്തു ഉള്ളതായും പോക്കുവരവിന് ആസ്പദമായ 1352/17 നമ്പർ തീറാധാരത്തിൽ സർവെ 37/7-1 ൽ 01.33 ആർസ് ഭൂമി വിരിവടക്കം അളവിലും കൈവശത്തിലും കൂടുതലുള്ള പുരയിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായും ഇപ്പോൾ കൈവശമുള്ള ഭൂമിയിൽ സർവെ നമ്പർ 37/8-ൽ 02.29 ആർസ് സർക്കാർ റോഡ് പുറമ്പോക്ക് ആണെന്നും ടി പുറമ്പോക്ക് ഭൂമി വരുന്നതിനാൽ ടി വസ്തു പോക്കുവരവ് ചെയ്യാൻ സാധിക്കുകയില്ല.

(ബി) പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നിലവിൽ, ടി സർവെ നമ്പർ 37/8 ൽ 02.29 ആർസ് സർക്കാർ റോഡ് പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതും അതിന്മേൽ കൈയേറ്റം ഒഴിപ്പിക്കുന്നതിന് സംയുക്ത പരിശോധന നടത്തി കൈയേറ്റ ഭൂമിയുടെ അതിർത്തി തിട്ടപ്പെടുത്തി നൽകുന്നതിന് പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടതിൻപ്രകാരം നടപടി സ്വീകരിച്ചുവരുന്നതുമാണ്.

മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്റർ നവീകരണം

397 (1651) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്റർ നവീകരണവും ചുറ്റുമതിൽ നിർമ്മാണവും എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് റവന്യൂ (എൽ) വകുപ്പിന്റെ ഫയൽ നമ്പർ എൽ 3/156/2024 പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് തൃശ്ശൂർ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് എപ്പോൾ ലഭ്യമായെന്ന് അറിയിക്കാമോ?

ലഭ്യമാക്കിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി ടി പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി സത്വരനടപടി സ്വീകരിക്കും. നിലവിൽ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും ചാവക്കാട് തഹസിൽദാർ (ഭൂരേഖ)-യ്ക്കും പൊതുമരാമത്ത് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളതാണ്.

തളിപ്പറമ്പ് മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

398 (1652) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസായി നവീകരിച്ചിട്ടുണ്ട്; ഇതിനായി ആകെ എത്ര തുകയാണ് ചെലവഴിച്ചത്; വിശദ വിവരങ്ങൾ നൽകാമോ?

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നാളിതുവരെ 5 വില്ലേജ് ഓഫീസുകൾ സ്മാർട്ട്

വില്ലേജ് ഓഫീസുകളായി നവീകരിച്ചിട്ടുള്ളതും 2 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുന്നുമുണ്ട്. മേൽ പ്രവൃത്തികൾക്കായി 3,15,00,000/- രൂപ (മൂന്ന് കോടി പതിനഞ്ച് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. അത് അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം നൽകാമോ; ഇതിൽ പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം പ്രത്യേകമായി നൽകാമോ; വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	1964-ലെ കേരള ഭൂമി പതിവ് ചട്ടം പ്രകാരമുള്ള പട്ടയങ്ങൾ	1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം	മിച്ചഭൂമി	ഭൂദാനം	ക്രയ സർട്ടിഫിക്കറ്റ് (ദേവസ്വം, ലാൻഡ് ട്രിബ്യൂണൽ)	ആകെ
1	59 (എസ്. സി.ക്ക് അനുവദിച്ച 5 പട്ടയങ്ങൾ ഉൾപ്പെടെ)	126	40	29	2559	2813

ജന്മം, ദേവസ്വം ഭൂമിക്ക് ക്രയസർട്ടിഫിക്കറ്റുകൾ അനുവദിക്കുമ്പോൾ എസ്.സി./എസ്.ടി. വിഭാഗക്കാരുടെ വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹിൽമെൻ സെറ്റിൽമെന്റ്

399 (1653) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട എത്ര ഹെക്ടർ ഭൂമിയാണുള്ളത്; ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിയുടെ ജില്ലയും താലൂക്കും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ 1586 ഹെക്ടറും കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ 1450 ഹെക്ടറും എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ 259.08.90 ഹെക്ടറും ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിയാണുള്ളത്.

ഇടുക്കി ജില്ലയിൽ ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിയുണ്ടെങ്കിലും ആയതിന്റെ വിസ്തീർണ്ണം കണക്കാക്കിയിട്ടില്ല.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമി കാണപ്പെടുന്നില്ല.

(ബി) അഗ്രി (ഫോറസ്റ്റ് ജനറൽ) വകുപ്പിന്റെ 24-7-1973-ലെ 250/1973 സർക്കാർ ഉത്തരവ് (കൈ) നമ്പർ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമി ഹിൽമെൻ, നോൺ ഹിൽമെൻ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ നടപടിക്രമങ്ങളും വിശദാംശങ്ങളും ലഭ്യമാക്കുമോ; ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമുണ്ടോ;

ഉണ്ടെങ്കിൽ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ?

അഗ്രി (ഫോറസ്റ്റ് ജനറൽ) വകുപ്പിന്റെ 24-07-1973-ലെ 250/1973 സർക്കാർ ഉത്തരവ് (കൈ) നമ്പർ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമി ഹിൽമെൻ നോൺ ഹിൽമെൻ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം നൽകുന്നതിന് ഉത്തരവായിരുന്നു. ഹിൽമെൻ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടികവർഗത്തിൽപ്പെടുന്നവരും അല്ലാത്തവരുമായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് G.O. 2020/2020 എന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. റവന്യൂ രേഖകളിൽ പുറമ്പോക്ക്/തരിശ്ശ് /പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടക്ക് പുറത്തുള്ളതുമായ ഭൂമിയിലെ കൈവശക്കാർക്കാണ് പട്ടയം അനുവദിക്കാൻ ഉത്തരവായത്. മാത്രമല്ല ഇത്തരം റവന്യൂ രേഖകളിൽ റിമാർക്ക്സ് കോളത്തിൽ വനം/RF എന്നീ രേഖപ്പെടുത്തലുകൾ പരിഗണിക്കേണ്ടതില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് G.O.3966/23 എന്ന ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

400 (1654) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഴക്കമ്പലം, കുന്നത്തുനാട് എന്നീ വില്ലേജ് ഓഫീസുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്മാർട്ട് വില്ലേജ്

ഓഫീസുകളാക്കി മാറ്റിയിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷത്തിൽ ഐക്കരനാട് വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസായി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും അതിന് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി ഓരോ വില്ലേജ് ഓഫീസിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി ഓരോ വില്ലേജ് ഓഫീസിനും 45 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സി) സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെനിന്നും ലഭ്യമാകുന്നത്?

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥല ലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിങ് റൂം, റിക്കാർഡ് റൂം, ടോയ്ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. ഇതുകൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്ലറ്റുകളും

ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്.

(ഡി) കുന്നത്തുനാട് മണ്ഡലത്തിൽ ഇനി ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസായി മാറ്റുവാനുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മാറമ്പിള്ളി, വാഴക്കുളം, മഴുവന്നൂർ, പട്ടിമറ്റം, ഐക്കരനാട് സൗത്ത്, വടവുക്കോട്, പുത്തൻകുരിശ്, തിരുവാണിയൂർ, ഐക്കരനാട് നോർത്ത് എന്നീ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസായി മാറ്റുവാനുള്ളത്.

(ഇ) കുന്നത്തുനാട് മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ശോച്യാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് മുൻഗണന നൽകി എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്ന നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

ചാത്തന്നൂർ താലൂക്ക് രൂപീകരണം

401 (1655) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത താലൂക്ക് രൂപീകരിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും

കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെയടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ ചാത്തന്നൂർ താലൂക്ക് ഉൾപ്പെടെയുള്ള താലൂക്കുകളുടെ വിഭജനം/രൂപീകരണം/അതിർത്തി പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും അത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണത്തിന് ഭൂമി

402 (1656) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണത്തിനായി ചലച്ചിത്ര വികസന കോർപ്പറേഷന് റവന്യൂ ഭൂമി അനുവദിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ?

(ബി) ചലച്ചിത്ര വികസന കോർപ്പറേഷന് ഭൂമി അനുവദിക്കുന്ന നടപടി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

(എ&ബി) ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ ഏങ്ങണ്ടിയൂർ വില്ലേജ് സർവെ നമ്പർ 22/1-ൽ ഉൾപ്പെട്ട 102.7 സെന്റ് ഭൂമി രാമുകാര്യാട്ട് സിനിമാ തീയേറ്റർ നിർമ്മാണത്തിനായി 13,17,741/- രൂപ വാർഷിക പാട്ടത്തിന് നിബന്ധനകൾക്ക് വിധേയമായി കെ.എസ്.എഫ്.ഡി.സി.-ക്ക് പാട്ടത്തിന് അനുവദിക്കുന്ന വിഷയത്തിൽ L3/118/2023/REV നമ്പർ ഫയലിൽ ധനവകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.

എന്റെ ഭൂമി പോർട്ടൽ

403 (1657) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന്റെ എന്റെ ഭൂമി പോർട്ടൽ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

എന്റെ ഭൂമി പോർട്ടൽ മുഖാന്തരം ഡിജിറ്റൽ സർവെ നടപ്പാക്കുന്ന വില്ലേജുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡിജിറ്റൽ സർവെയ്ക്ക് മുൻപുള്ള വസ്തുക്കളുടെ സ്കെച്ച് വിവരങ്ങൾ ഓൺലൈനായി തിരയുന്നതിനും അവ നിർദേശിക്കപ്പെട്ട നിശ്ചിത തുക ഒടുക്കി ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുമുള്ള സൗകര്യം.

2. ഡിജിറ്റൽ സർവെ നടക്കുന്ന വില്ലേജുകളിൽ ഭൂപരാതികൾ ഉള്ളവ ജനറൽ കംപ്ലെയിന്റ്, ഒർജിനൽ കംപ്ലെയിന്റ് (OLC) വഴി പരിഹരിക്കാനുള്ള അവസരം.

3. സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച് ഒരു മാസകാലയളവിൽ അപ്പീൽ ലാൻഡ് കംപ്ലെയിന്റ് (ALC) വഴി പരാതി ഓൺലൈനായി പരിഹരിക്കാൻ സൗകര്യം.

4. ഭൂവുടമകൾക്ക് ഭൂമിയെക്കുറിച്ചുള്ള ഫോം 50 വിവരങ്ങൾ, ലാൻഡ് പാർസൽ മാപ്പ്, ഡിജിറ്റൽ സർവെ അധിഷ്ഠിതമാക്കിയുള്ള എല്ലാ രേഖകളും പരിശോധിക്കാനുള്ള സൗകര്യം എന്നിവ ഓൺലൈനായി ലഭ്യമാക്കുന്നു.

ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടലായ (ILIMS)-ന്റെ ഭാഗമായ എന്റെ ഭൂമി പോർട്ടൽ വഴി

ഭൂവുടമസ്ഥന് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഒരൊറ്റ പോർട്ടലിലൂടെ പൂർത്തിയാക്കാൻ കഴിയുന്നു. ഭൂമിയുടെ രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും - രജിസ്ട്രേഷൻ ഡീഡ്, റവന്യൂ റെക്കോർഡ്, ഡിജിറ്റൽ ലാൻഡ് പാർസൽ മാപ്പ് എന്നീ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നു. കൂടാതെ,

- തണ്ടപ്പേർ സർട്ടിഫിക്കറ്റ്
- പ്രീ - മ്യൂട്ടേഷൻ സ്കെച്ച്
- ബാധ്യത സർട്ടിഫിക്കറ്റ്
- ഭൂമിയുടെ ന്യായവില
- ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള ഭൂമി രജിസ്ട്രേഷൻ
- പോക്ക് വരവ്
- ഭൂപരിപാലനം
- ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം
- ലൊക്കേഷൻ സ്കെച്ച്
- മുൻ സർവെ റിക്കാർഡുകളുടെ വിതരണം
- ഡിജിറ്റൽ സർവെ മാപ്പ്
- ലാൻഡ് ഐഡന്റിഫിക്കേഷൻ

തുടങ്ങിയ സേവനങ്ങളും എന്റെ ഭൂമി സംയോജിത പോർട്ടലിൽ ലഭ്യമാകും.

മിച്ചഭൂമി പട്ടയം– കൈവശ സാധൂകരണം

404 (1658) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ തിങ്കൾക്കരിക്കം വില്ലേജിൽ ചെറുകര മിച്ചഭൂമിയിൽ 27 പേരുടെ സാധൂകരണ അപേക്ഷ നിരസിച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാമോ; സാധൂകരണം ആവശ്യമില്ലാത്തതിനെത്തുടർന്ന് പോക്കുവരവ് ചെയ്യുന്നതിനായി വില്ലേജ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുള്ള 34 പേരുടെ അപേക്ഷയിൽ നടപടിയെടുത്തിട്ടുണ്ടോ; നിലവിലെ സ്ഥിതി അറിയിക്കുമോ; ഇനിയും സാധൂകരണത്തിനായി അപേക്ഷ സമർപ്പിക്കാനുള്ള 37 ആളുകളുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? പ്രസ്തുത വ്യക്തികളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ?

പുനലൂർ താലൂക്കിൽ തിങ്കൾക്കരിക്കം വില്ലേജിൽ ചെറുകര മിച്ചഭൂമിയിലെ ആകെ കൈവശക്കാരായ 172 പേരും മിച്ചഭൂമിയുടെ അകാല കൈമാറ്റ സാധൂകരണത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. അതിൽ 74 കേസുകളിൽ അകാല കൈമാറ്റം സാധൂകരിച്ച് ഉത്തരവായിട്ടുള്ളതും സാധൂകരണം ആവശ്യമില്ലായെന്ന് കണ്ടെത്തിയ 34 അപേക്ഷകൾ പോക്കുവരവ് ചെയ്ത് നൽകുന്നതിലേക്കായി വില്ലേജ് ഓഫീസിലേയ്ക്ക് അയച്ച് നൽകിയിട്ടുള്ളതും അതിന്റെയടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്. 27 കേസുകളിൽ അകാല കൈമാറ്റ സാധൂകരണത്തിനായുള്ള നടപടികൾ നടന്നുവരുന്നു. ആവശ്യമായ രേഖകളില്ലാത്തതിനാൽ അകാല കൈമാറ്റ സാധൂകരണത്തിന് ലഭിച്ച 37

അപേക്ഷകൾ നിരസിച്ചിട്ടുള്ളതാണ്. ടിയാളുകളുടെ പേരുവിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പുനലൂർ താലൂക്കിൽ ഏരൂർ വില്ലേജിൽ നടുക്കുന്നിൻപുറം മിച്ചഭൂമിയിൽ 8 അപേക്ഷകരുടെ സാധൂകരണ അപേക്ഷ നിരസിച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാമോ; തീർപ്പാക്കാനുള്ള 18 കേസുകളിൽ സാധൂകരണ നടപടികൾക്കായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത വ്യക്തികളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ?

അകാല കൈമാറ്റ സാധൂകരണത്തിനായി ആകെ ലഭിച്ച 48 അപേക്ഷകളിൽ 8 അപേക്ഷകൾ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ നിരസിച്ചിട്ടുള്ളതാണ്.

OA 152/70 പ്രകാരം L.T പട്ടയം കിട്ടി, കരം അടച്ചുവരുന്ന കേസായതിനാൽ സാധൂകരണത്തിന്റെ ആവശ്യമില്ലെന്നുകണ്ട് ഒരു അപേക്ഷ നിരസിച്ചിട്ടുള്ളതാണ്.

കൈവശമിരിക്കുന്ന സ്ഥലം മിച്ചഭൂമിയിൽ ഉൾപ്പെട്ടതല്ലാത്തതിനാൽ സാധൂകരണം ആവശ്യമില്ലെന്നുകണ്ട 3 കേസുകളിൽ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്.

അലോട്ടി കക്ഷിയിൽനിന്നും കൈമാറ്റം ചെയ്ത രേഖകൾ ലഭ്യമല്ലാത്തതിനാൽ പരിഗണിക്കാൻ കഴിയാത്ത 3 കേസുകളിൽ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്.

അപേക്ഷകയ്ക്ക് ഭൂമി കിട്ടിയതിന്റെ യാതൊരു രേഖയും ലഭ്യമല്ലാത്ത ഒരു കേസിൽ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്.

തീർപ്പാക്കാനുള്ള 18 കേസുകളിൽ അപേക്ഷ സ്വീകരിച്ചിട്ടുള്ളതും അതിൽ 10

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസുകളിൽ പോക്കുവരവ് നടപടി സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് അയച്ചുനൽകിയിട്ടുള്ളതും 8 കേസുകളിൽ ലാൻഡ് ബോർഡ് നടപടി സ്വീകരിച്ചുവരുന്നുവരികയുമാണ്.

തീർപ്പാക്കാനുള്ള 18 കേസുകളിലെ അപേക്ഷകരുടെ പേരുവിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) പുനലൂർ താലൂക്കിൽ കുളത്തുപ്പുഴ വില്ലേജിൽ ഉൾപ്പെട്ട റോസ് മലയിൽ 29-9-2023-ൽ നടത്തിയ അദാലത്തിൽ എത്ര പട്ടയ/പട്ടയ സാധൂകരണ അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ; ആയതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; അപേക്ഷകരുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ?

റോസ്മലയിൽ 29-09-2023-ന് നടന്ന അദാലത്തിൽ 127 അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. റോസ് മലയിൽ സർവെ നമ്പർ 970/1, 971/1, 971/2 എന്നിവയിൽപ്പെട്ട 455. 56 ഏക്കർ പുരയിടം ഒരേക്കർ വീതം 388 പേർക്കും 50 സെന്റ് വീതം 7 പേർക്കും 75 സെന്റ് വീതം 15 പേർക്കും ഉൾപ്പെടെ 410 പേർക്കും പതിച്ചു നൽകിയിട്ടുള്ളതാണ്. അലോട്ടി കക്ഷികളിൽ ഭൂരിഭാഗം പേരും കെ.എൽ.ആർ. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അകാല കൈമാറ്റം നടത്തിയിട്ടുള്ളതാണ്. അതിനാൽ അലോട്ടി കക്ഷികൾക്ക് ടി വസ്തുവിന് തണ്ടപ്പേരോ കരമടവോ ഇല്ലാത്തതും എറ്റെടുത്ത മിച്ചഭൂമി പ്രഖ്യാതാവിന്റെ തണ്ടപ്പേരിൽനിന്നും കുറവ് ചെയ്ത് നാളത് പുറമ്പോക്ക് വിസ്തീർണ്ണത്തിൽ ഉൾപ്പെട്ട സ്ഥിതി ചെയ്യുന്നതുമാകുന്നു. ഇപ്രകാരം പൂർണ്ണമായോ ഭാഗികമായോ അകാലകൈമാറ്റം ചെയ്ത ഭൂമികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടർച്ചയായ കൈമാറ്റങ്ങൾ വഴി വിവിധ കക്ഷികൾ രജിസ്റ്റർ ചെയ്ത ആധാരങ്ങൾ വഴിയും കരാർ ഉടമ്പടികൾ പ്രകാരവും രേഖകളില്ലാതെയും നിലവിൽ കൈവശംവച്ച് അനുഭവിച്ചുവരുന്നു. അസ്സൽ അലോട്ടി കക്ഷിയിൽനിന്നും വിവിധ കൈമാറ്റങ്ങൾ കഴിഞ്ഞാണ് നിലവിലെ കൈവശ കക്ഷികൾക്ക് ഭൂമി ലഭിച്ചിട്ടുള്ളത്. ആയതിനാൽ അപേക്ഷകളിൽ ഇതുവരെയുള്ള ആധാരങ്ങൾ പരിശോധിച്ച് അർഹരായവരിൽ സാധൂകരണ ശിപാർശ സഹിതം റിപ്പോർട്ട് ചെയ്യുവാൻ വില്ലേജ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ടി വിഭാഗത്തിൽപ്പെട്ട 127 പേരുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

ഡിജിറ്റൽ സർവെ

405 (1659) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സർവെ നമ്പർ പ്രകാരം ഭൂമി അളക്കുമ്പോൾ ഭൂവുടമയുടെ കൈവശമുള്ള ഭൂമി അളവിൽ കൂടുതലോ കുറവോ ആണെങ്കിൽ എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ സർവെയിൽ RTK, RETS, TAB മുതലായ ആധുനിക സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് കൈവശ വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തുമ്പോൾ, അളവുനിർണ്ണയം കൂടുതൽ കൃത്യതയോടെ നടക്കുന്നു. അതിനാൽ നിലവിലുള്ള ഡോക്യുമെന്റുകളിൽ പരാമർശിച്ചിരിക്കുന്ന അളവിൽ പലപ്പോഴും വ്യത്യാസം വരാവുന്നതാണ്. ഇങ്ങനെ അളവിൽ കൂടുതൽ/കുറവ് വന്നാൽ, ഭൂവുടമയ്ക്ക് പ്രസ്തുത കൈവശസ്ഥലം ഉൾപ്പെട്ടുവരുന്ന വില്ലേജിന്റെ സർവെ ക്യാമ്പ് ഓഫീസുമായി ബന്ധപ്പെട്ട് അതിന്റെ നിജസ്ഥിതി അറിയുന്നതിനും ഒന്നുകൂടി പ്രമാണ, സ്ഥല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധന നടത്തുന്നതിനും വിശദാംശങ്ങൾ/രേഖകൾ പരിശോധിക്കാനും വിവരിക്കാനും അവസരം നൽകുന്നു.

ഡിജിറ്റൽ സർവെപ്രകാരം അധിക ഭൂമി കാണിക്കപ്പെടുന്നെങ്കിൽ വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലുമുള്ള അധികഭൂമിക്ക്, അവ തർക്കരഹിതമായും സർക്കാർ ഭൂമി സംരക്ഷിച്ചുകൊണ്ടും നിയമപരമായും വ്യവഹാരരഹിതമായും കൈവശം വച്ചിട്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം അനാവശ്യവ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനായി അങ്ങനെയുള്ള വ്യക്തി അഥവാ വ്യക്തികൾ പേരിൽ നിയമപ്രകാരമുള്ള സാക്ഷ്യപത്രം നൽകുന്നതിന് ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം ഭൂമിക്ക് കരമടച്ചു നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അതിർത്തി തർക്കങ്ങൾ, തർക്കത്തിലുള്ള സ്ഥലങ്ങൾ എന്നിവ അളക്കുന്നതും തർക്കം പരിഹരിക്കുന്നതും എങ്ങനെയെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ സർവെ ചെയ്യുമ്പോൾ ഏതെങ്കിലും വസ്തുക്കളിൽ അവകാശത്തർക്കം, അതിർത്തിത്തർക്കം എന്നിവ നിലനിൽക്കുന്ന സാഹചര്യത്തിൽ റവന്യൂ രേഖകൾപ്രകാരം ടി പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതും, അതിൽ പരിഹാരം കാണാത്തപക്ഷം ആ പ്രദേശത്തെ വാർഡ് മെമ്പറിന്റെയോ, പൊതുജന സമ്മതനായ വ്യക്തി/വ്യക്തികളുടെ സാന്നിധ്യത്തിലോ മധ്യസ്ഥ ചർച്ചയിലൂടെ പരിഹാരം കാണുകയും ചെയ്യും.

പ്രസ്തുത ചർച്ചയിലൂടെയും തർക്കം പരിഹരിക്കാൻ കഴിയാത്ത വസ്തുക്കൾ ഡിജിറ്റൽ സർവെ ചെയ്യുമ്പോൾ കൂട്ടായി ചേർത്ത് ഒരു സബ് ഡിവിഷനായി സർവെ ചെയ്ത് കൂട്ടായ അവകാശം രേഖപ്പെടുത്തുന്നതായിരിക്കും.

ഇങ്ങനെ കൂട്ടായ അവകാശം രേഖപ്പെടുത്തി സർവെ ചെയ്യുന്ന വസ്തുക്കൾ റവന്യൂ ഭരണത്തിന് കൈമാറിയശേഷം റവന്യൂ അധികാരികൾ വഴി പരിഹാരം കണ്ടെത്തുകയോ ഒരു Civil Courts മുഖാന്തരം പരിഹാരം കണ്ടെത്തുകയോ ചെയ്യാവുന്നതാണ്.

(സി) സർവെ പൂർത്തിയാക്കിയശേഷം ഭൂവുടമയ്ക്ക് അളവിൽ എന്തെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ പരാതി നൽകാൻ സാധിക്കുമോ; അങ്ങനെയെങ്കിൽ ആർക്കാണ് പരാതി നൽകേണ്ടതെന്നും അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമായി അറിയിക്കാമോ?

ഫീൽഡ് സർവെ പൂർത്തിയാക്കിയശേഷം ഭൂവുടമയ്ക്ക് അളവ് സംബന്ധിച്ച് പരാതി നൽകാൻ സാധിക്കും. ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവെ അതിരടയാള ആക്ട് സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം പൊതുജനങ്ങൾക്ക് ഒരു മാസ കാലയളവിൽ പ്രസ്തുത റിക്കാർഡുകൾ പരിശോധിക്കാവുന്നതും ടി പരിശോധനയിൽ വല്ല ആക്ഷേപവും കാണുന്ന പക്ഷം, ബന്ധപ്പെട്ട റീസർവെ സൂപ്രണ്ടിന് നേരിട്ടോ, "എന്റെ ഭൂമി" പോർട്ടലിൽ ഓൺലൈനായോ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത അപ്പീൽ പരാതികൾകൂടി പരിഹരിച്ച്, കുറ്റമറ്റരീതിയിലാണ് ഡിജിറ്റൽ സർവെയിൽ റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കുന്നത്.

(ഡി) ഒരു ഡിജിറ്റൽ സർവെ ഔദ്യോഗികമായി പൂർത്തിയാക്കിയശേഷം അളക്കാത്ത സ്ഥലം ബാക്കിയുണ്ടെങ്കിൽ അത് അളക്കുന്നതിന് ഭൂവുടമയ്ക്ക് പിന്നീട് അവസരം നൽകുമോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഡിജിറ്റൽ സർവെയ്ക്ക് തെരഞ്ഞെടുക്കുന്ന വില്ലേജുകളിലെ മുഴുവൻ വസ്തുക്കളും (സർക്കാർ/സ്വകാര്യ) പൂർണ്ണ ജനപങ്കാളിത്തത്തോടെ കേരള സർവെ അതിരടയാള നിയമപ്രകാരം വളരെ കൃത്യമായ രീതിയിൽ സർവെ ചെയ്ത പൂർത്തിയാക്കിയാണ് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നത്.

ഇങ്ങനെ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള റിക്കാർഡുകളിൽ ഏതെങ്കിലും വസ്തുക്കൾ, അവകാശ/അതിർത്തി തർക്കത്തിലോ, മറ്റ് ഏതെങ്കിലും കാരണത്താലോ കൂട്ടായി ചേർത്ത് ഒറ്റ സബ് ഡിവിഷനായി സർവെ ചെയ്ത് കൂട്ടായ അവകാശം രേഖപ്പെടുത്തി സർവെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അത്തരം വസ്തുക്കൾക്ക് പ്രശ്നപരിഹാരത്തിന് ശേഷം റവന്യൂ വകുപ്പ് മുഖാന്തരം പരിഹാരം കാണാവുന്നതാണ്.

പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം സർവെ സംബന്ധിച്ച്

406 (1660) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ തിരുവള്ളൂർ വില്ലേജിൽ സർവെ നടത്തിയതിൻപ്രകാരമുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ, ഭൂമിയുടെ വിസ്തൃതി സഹിതം അറിയിക്കാമോ?

തിരുവള്ളൂർ വില്ലേജ് ബ്ലോക്ക് നമ്പർ 43 തിരുവള്ളൂർ ദേശത്ത് റിസർവെ നമ്പർ 116/5-ൽ 0.2670 ഹെക്ടറും, 280/2-ൽ 0.2860 ഹെക്ടറും, 280/7-ൽ 0.200 ഹെക്ടറും സ്ഥലം PWD പുറമ്പോക്കിൽ ഉൾപ്പെട്ടുവരുന്നു.

(ബി) പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്ക്

ഉപയോഗിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പ്രസ്തുത വകുപ്പ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിൽ റവന്യൂ വകുപ്പിന് തടസ്സങ്ങളില്ല.

കുളത്തുപ്പുഴയിലെ സർക്കാർ പുറമ്പോക്ക് ഭൂമി കൈമാറുന്നതിന് നടപടി

407 (1661) ശ്രീ. പി. എസ് സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ കുളത്തുപ്പുഴയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഭൂമിയോട് ചേർന്നുള്ള സർക്കാർ പുറമ്പോക്ക് സ്ഥലത്തുനിന്നും കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള പത്തൊൻപത് സെന്റ് സ്ഥലം കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിന് ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ആരുടെ പരിഗണനയിലാണെന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

കുളത്തുപ്പുഴ വില്ലേജിൽ സർവെ നമ്പർ 892/11- ൽ KSEB കൈവശം വച്ചുവരുന്ന 19 സെന്റ് സ്ഥലം സൗജന്യമായോ ന്യായവില ഈടാക്കിക്കൊണ്ടോ KSEB-യുടെ പേരിൽ പതിച്ചുനൽകണമെന്ന ആവശ്യം ഊർജ വകുപ്പ് മുഖേന (B3/70/2021/Power) ലഭിച്ചിരുന്നു. പ്രസ്തുത ആവശ്യം റവന്യൂ വകുപ്പ് (M1/114/2021/REV) പരിശോധിക്കുകയും KSEB പോലെ ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഭൂമി പാട്ടത്തിന് നൽകാൻ മാത്രമേ സാധിക്കുകയുള്ളൂ എന്നതിനാൽ, പ്രസ്തുത ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനായി ഉചിത മാർഗേനയുള്ള പാട്ടം

പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്ന വിവരം ഊർജ്ജ വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. ലീസ് പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഭൂമിയിൽനിന്നും കുളത്തൂപ്പുഴ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത ഫയലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുളത്തൂപ്പുഴ വില്ലേജിൽ സർവെ 892/13-ൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 06.07 ആർസ് ഭൂമി കുളത്തൂപ്പുഴ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടനിർമ്മാണത്തിനായി ആവശ്യപ്പെട്ടുകൊണ്ടുള്ള അർത്ഥനാപത്രം കൊല്ലം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ളതും അത് ആർ.ഡി.ഒ. മുഖേന പരിശോധിച്ചുവരുന്നതുമാണ്. (കളക്ടേറ്റ് ഫയൽ നമ്പർ: DCKLM/5200/2020-L3).

ഡിജിറ്റൽ സർവെയുടെ പൂർത്തീകരണം

408 (1662) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഡിജിറ്റൽ സർവെയാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

(ബി) എത്ര വില്ലേജുകളിലെ ഡിജിറ്റൽ സർവെയാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും അത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

(എ&ബി) നെന്മാറ മണ്ഡലത്തിലെ ആകെയുള്ള 16 വില്ലേജുകളിൽ 5 വില്ലേജുകളെ

ഡിജിറ്റൽ സർവെയുടെ രണ്ടും മൂന്നും ഘട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെന്മാറ വില്ലേജിനെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലും മുതലമട-2, കൊല്ലംകോട്-1, അയിരൂർ, വല്ലങ്ങി എന്നീ വില്ലേജുകളെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

നെന്മാറ വില്ലേജിന്റെ സർവെ അതിരടയാള നിയമം അനുസരിച്ചുള്ള 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൊല്ലംകോട്-1 വില്ലേജിന്റെ 51.71% ഫീൽഡ് ജോലികളും പൂർത്തിയായിട്ടുണ്ട്. മുതലമട-2, അയിരൂർ, വല്ലങ്ങി വില്ലേജുകളുടെ പ്രാരംഭ ജോലികൾ നടന്നുവരുന്നു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് നെന്മാറ മണ്ഡലത്തിലെ മറ്റ് വില്ലേജുകളെ തുടർഘട്ടങ്ങളിൽ ഉൾപ്പെടുത്തി ഡിജിറ്റൽ സർവെ നടപടി സ്വീകരിക്കാവുന്നതാണ്.

സ്വകാര്യ ഡിജിറ്റൽ സർവേയിങ് ഏജൻസികൾ

409 (1663) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമായി ഡിജിറ്റൽ സർവേയിങ് ജോലികൾ ചെയ്യുന്നതിന് വേതനം നിശ്ചയിച്ചിട്ടുണ്ടോ?

വേതനം നിശ്ചയിച്ചിട്ടില്ല.

(ബി) പ്രസ്തുത ജോലികൾ സ്വകാര്യമായി ചെയ്യുന്നതിന് അമിതമായ നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വകാര്യ ഡിജിറ്റൽ സർവെ ഏജൻസികൾക്ക് പ്രസ്തുത ജോലിക്കുള്ള വേതന നിരക്ക് നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ?

പരിഗണനയിലില്ല.

ഡിജിറ്റൽ സർവെ

410 (1664) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവെ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള വില്ലേജുകളിൽ ഡിജിറ്റൽ സർവെ പ്രകാരമുള്ള വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ?

13-01-2025-ലെ സ.ഉ.(കൈ)നം.7/2025/റവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 1961-ലെ കേരള സർവെ ആൻഡ് ബൗണ്ടറീസ് ആക്ടിലെ സെക്ഷൻ 13 പ്രകാരം രേഖകൾ വിജ്ഞാപനം ചെയ്തിട്ടുള്ള ഡിജിറ്റൽ സർവെ ചെയ്ത വില്ലേജുകളിലെ എല്ലാ ഭൂപ്രദേശങ്ങൾക്കും ഭൂനികുതി പിരിക്കുന്നത്, 'എന്റെ ഭൂമി' പോർട്ടൽ" (ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം - ILIMS) വഴി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ ഒറ്റത്തവണ പരിശോധന (OTV) പൂർത്തിയാക്കിയശേഷം, ഡിജിറ്റൽ സർവെ ചെയ്ത വില്ലേജ് രേഖകൾ (ഡിജിറ്റൽ -

ബേസിക് ടാക്സ് രജിസ്റ്റർ (d-BTR)) വിസ്തീർണ്ണ പ്രകാരമായിരിക്കും.

(ബി) നോട്ടിഫൈ ചെയ്ത വില്ലേജുകളുടെ സമീപത്തായി സ്ഥിതി ചെയ്യുന്ന സർക്കാർ/സ്വകാര്യ ഭൂമിയുമായി തർക്കമുള്ള കേസുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

13-01-2025-ലെ സ.ഉ.(കൈ)നം. 7/2025/റവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, നോട്ടിഫൈ ചെയ്ത വില്ലേജുകളുടെ സമീപത്തായി സ്ഥിതി ചെയ്യുന്ന സർക്കാർ ഭൂമിയുമായി തർക്കമുള്ള കേസുകൾ d-LRM വഴിയാണ് പരിഹരിക്കുന്നത്. ഇത്തരം കേസുകളിൽ d-LRM പരാതി സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വില്ലേജ് ഓഫീസറാണ്. തർക്കമുള്ള സ്വകാര്യ ഭൂമി ഉടമസ്ഥന് LRM പരാതി നൽകാവുന്നതാണ്.

(സി) നോട്ടിഫൈ ചെയ്ത വില്ലേജുകളിൽ ഡിജിറ്റൽ സർവെയിൽ കണ്ടെത്തുന്ന അധിക ഭൂമിക്കുള്ള കരം ഒടുക്കുന്നതിൽ ഉടമസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാനത്ത് ഡിജിറ്റൽ സർവെവഴി ഭൂരേഖകൾ ആധികാരികമാക്കുമ്പോൾ, വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലുമുള്ള അധിക ഭൂമിക്ക്, അവ തർക്കരഹിതമായും സർക്കാർ ഭൂമി സംരക്ഷിച്ചുകൊണ്ടും നിയമപരമായും വ്യവഹാരരഹിതമായും കൈവശം വച്ചിട്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള അധിക ഭൂമി ഉടമസ്ഥതയുള്ള ഭൂമിയോട് കൂട്ടിച്ചേർത്ത് നികുതി ഒടുക്കി നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 13-01-2025-ൽ G.O (Ms)No. 7/2025/RD നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഡിജിറ്റൽ റീസർവെ

411 (1665) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീസർവെ പൂർത്തിയായിട്ടുണ്ട്; ഇപ്പോൾ ഡിജിറ്റൽ റീസർവെ നടന്നുകൊണ്ടിരിക്കുന്ന കണ്ണൂർ ജില്ലയിലെ വില്ലേജുകൾ ഏതൊക്കെയാണ്?

ഡിജിറ്റൽ റീസർവെ പദ്ധതിയിലെ ആദ്യ മൂന്നുഘട്ടങ്ങളിലായി ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ വില്ലേജുകളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) ഡിജിറ്റൽ റീസർവെ പൂർത്തിയായ വില്ലേജുകളിൽ നിലവിലുള്ള സ്ഥലം കുറഞ്ഞവർക്കും കൂടിയവർക്കും ഏതുവിധത്തിലുള്ള പരിഹാര മാർഗ്ഗങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

നിലവിലുള്ള കൈവശ വിസ്തീർണ്ണത്തിനനുസരിച്ചാണ് ഡിജിറ്റൽ റീസർവെ രേഖകൾ തയ്യാറാക്കുന്നത്. വ്യക്തമായ അതിർത്തിക്കുള്ളിൽ കൈവശ വിസ്തീർണ്ണത്തിനനുസരിച്ച് റവന്യൂ രേഖകൾ തയ്യാറാക്കുകയും അതിനനുസരിച്ച് കരം ഒടുക്കി നൽകുകയും ചെയ്യുന്നതിനായി 13-01-2025-ൽ G.O.(Ms) No.7/2025/RD നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡിജിറ്റൽ റീസർവെ പൂർത്തിയായ വില്ലേജുകളിൽ സ്വകാര്യ കൈവശത്തിലുള്ള സർക്കാർ ഭൂമിയില്ലാത്ത അധിക ഭൂമി ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിജിറ്റൽ റീസർവെ നടപടികൾ

412 (1666) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ റീസർവെ നടപടികൾ എന്നാണ് ആരംഭിച്ചതെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതി ഔദ്യോഗികമായി തുടക്കം കുറിച്ചത് 2022 നവംബർ 1-നാണ്. എന്നാൽ സർവെ ഉപകരണങ്ങൾ ലഭ്യമാക്കി ഡിജിറ്റൽ സർവെ ആരംഭിക്കാൻ കഴിഞ്ഞത് 2023 സെപ്റ്റംബറിൽ മാത്രമാണ്.

സംസ്ഥാനത്തെ 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ നാല് വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത ഡിജിറ്റൽ റീസർവെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ ഡിജിറ്റൽ സർവെ പദ്ധതിയുടെ മൂന്നാം ഘട്ടമാണ് നടന്നുവരുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളും, രണ്ടാം ഘട്ടം 239 വില്ലേജുകളിൽ 123-ഉം, മൂന്നാം ഘട്ടം 200 വില്ലേജുകളിൽ 14-ഉം വില്ലേജുകൾ ഉൾപ്പെടെ 337 വില്ലേജുകളിൽ സർവെ ബൗണ്ടറീസ് ആക്ട് ആൻഡ് റൂൾപ്രകാരം സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്.

നിലവിൽ കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ, കൊല്ലം ജില്ലയിലെ മങ്ങാട്,

പത്തനംതിട്ട ജില്ലയിലെ പെരുമ്പട്ടി എന്നീ 3 വില്ലേജുകളിൽ സർവെ അതിരടയാള നിയമം പ്രകാരമുള്ള സെക്ഷൻ 13 പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ മൂന്നുഘട്ടങ്ങളിലായി 8,15,890 ഹെക്ടർ ഭൂമിയിലും 59,75,863 ലാൻഡ് പാഴ്സലുകളിലും സർവെ നടപടികൾ പൂർത്തീകരിച്ചു.

(സി) സംസ്ഥാനത്ത് നടന്നുവരുന്ന ഡിജിറ്റൽ റീസർവെ കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സാങ്കേതിക സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ലോകത്തിലെതന്നെ നിലവിൽ ലഭ്യമായിട്ടുള്ളതിൽ ഏറ്റവും നൂതനമായ സാങ്കേതികവിദ്യകളും അത്യാധുനികമായ സർവെ ഉപകരണങ്ങളായ Real Time Kinematic Rover (RTK-Rover), Robotic Total Station (RETS), Tablet PC എന്നിവ ഉപയോഗിച്ച് ഭൂമിയിലെ ഓരോ അതിർത്തികളും വളരെ കൃത്യതയോടെയാണ് ഡിജിറ്റൽ സർവെ പദ്ധതിയിൽ നിർണ്ണയിക്കുന്നത്. സർവെ പ്രവർത്തനങ്ങളുടെ കൃത്യതയ്ക്കായി സംസ്ഥാനത്ത് 28 COR സ്റ്റേഷനുകളും ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ഒരു കൺട്രോൾ സെന്ററും സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ സർവെ പ്രവർത്തനങ്ങൾക്കായി "എന്റെ ഭൂമി" എന്ന പേരിൽ സമഗ്രമായ ഒരു പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്. സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവുടമസ്ഥർക്ക് ലഭ്യമാകുന്നതും റിക്കാർഡുകൾ പരിശോധിച്ച് ആക്ഷേപമുണ്ടെങ്കിൽ അത് പോർട്ടൽ മുഖേന ഉന്നയിക്കുന്നതിനും സാധിക്കുന്നതാണ്.

(ഡി) സർവെ സംബന്ധിച്ചുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന്

ഡിജിറ്റൽ റീസർവെ സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്വെയർ അധിഷ്ഠിതമായും പൊതുജനപങ്കാളിത്തം ഉറപ്പാക്കിയുമാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഇപ്രകാരം സർവെ നടത്തുന്ന അവസരത്തിൽത്തന്നെ ഭൂവുടമയെ സർവെ റെക്കോർഡുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവുടമസ്ഥർക്ക് ലഭ്യമാകുന്നതുമാണ്. കൂടാതെ, വിപുലമായ പ്രചാരണം നൽകി പ്രീ 9 (2) ക്യാമ്പുകൾ സംഘടിപ്പിച്ച് റിക്കാർഡുകൾ എല്ലാ ഭൂവുടമസ്ഥരെക്കൊണ്ടും പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ടി നടപടികളിലൂടെ ഡിജിറ്റൽ സർവെയിൽ ഭൂപരാതികൾ ഗണ്യമായി കുറയ്ക്കാൻ സഹായകമായിട്ടുണ്ട്. ഡിജിറ്റൽ സർവെ പൂർത്തിയാക്കി റിക്കാർഡുകൾ അന്തിമമാക്കി കഴിയുമ്പോൾ സർവെ സംബന്ധിച്ച പരാതികൾ പൂർണ്ണമായും പരിഹരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) സംസ്ഥാനത്ത് ഡിജിറ്റൽ റീസർവെ പൂർത്തീകരിക്കുന്നതോടെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വേലി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ സർവെയിൽ ഭൂമിയുടെ വിവരങ്ങൾ കൃത്യമായ ജിയോ കോർഡിനേറ്റുകളെ അടിസ്ഥാനമാക്കിയാണ് ലഭിക്കുന്നത്. ഓരോ വസ്തുവിന്റെയും എല്ലാ ബെന്റുകളുടെയും കോർഡിനേറ്റുകൾ ലഭ്യമാകുന്നതിനാൽ യഥാർഥത്തിൽ ഓരോ കൈവശക്കാരന്റെയും

അതിർത്തി, സ്കെച്ചിൽ ഒരു ഡിജിറ്റൽ വേലിപോലെ നിലനിൽക്കും. അത് എപ്പോൾ വേണമെങ്കിലും RTK (Real Time Kinematic)/RETS (Robotic Total Station) ഉപയോഗിച്ച് കണ്ടെത്താം. അതിനാൽ കല്ല് സ്ഥാപിക്കുന്നില്ലെങ്കിലും അതിർത്തി തർക്കങ്ങൾക്ക് ഇടയാവുന്നില്ല. പൂർണ്ണമായും സോഫ്റ്റ്വെയർ അധിഷ്ഠിതമായാണ് ഡിജിറ്റൽ സർവെ നടക്കുന്നത്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) മുഖേന തയ്യാറാക്കിയ ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) എന്ന "എന്റെ ഭൂമി" പോർട്ടലിലൂടെ ഡിജിറ്റൽ സർവെ സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാകുന്നതാണ്.

ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകളിൽ നടപടി

413 (1667) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റലിനായി ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം തീരുമാനമെടുക്കുന്നില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

നിലവിൽ ഓൺലൈൻ വഴിയാണ് തരംമാറ്റം അപേക്ഷകൾ സ്വീകരിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ലഭ്യമാകുന്ന ക്രമത്തിലാണ്, ബന്ധപ്പെട്ട RDO-മാർ/ഡെപ്യൂട്ടി കളക്ടർമാർ നടപടികൾ സ്വീകരിക്കുന്നത്. ടി അപേക്ഷകൾ നിയമത്തിലും ചട്ടത്തിലും വ്യക്തമാക്കിയിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് തീർപ്പാക്കേണ്ടത്

എന്നതിനാൽ അതിനുള്ള പരിശോധനകൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഉണ്ടാകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ തരംമാറ്റം അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗണ്യമായ വർധനയുണ്ടെങ്കിലും പുതിയതായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിലും ഗണ്യമായ വർധനയുണ്ടായിട്ടുണ്ട്.

(ബി) ഭൂമി തരംമാറ്റാനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള മാർഗനിർദേശങ്ങളും പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂമി തരംമാറ്റാനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള മാർഗനിർദേശങ്ങളും പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.എൽ.ഡി.എം. മുഖേന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) തരംമാറ്റൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നൽകിയിരുന്നതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിരുന്നതുമായ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിന് 27-06-2024-ലെ സ.ഉ.(അച്ചടി) നം. 140/2024/RD, 28-06-2024-ലെ സ.ഉ.(അച്ചടി)നം.142/2024/RD എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതനുസരിച്ച് 01-07-2024 മുതൽ 27 RDO/ഡെപ്യൂട്ടി കളക്ടർമാരുടെ സ്ഥാനത്ത് 71 പേരെ ചുമതലപ്പെടുത്തി അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയശേഷം തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിൽ

വർധനവ് വന്നിട്ടുണ്ട്. ഇതിനായി 269 സ്ഥിരം തസ്തികകൾ സൃഷ്ടിച്ചു.

തരംമാറ്റൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ചട്ടപ്രകാരമുള്ള നടപടികൾ ലഘൂകരിക്കുന്നതിനും തരംമാറ്റൽ വേഗത്തിലാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ അദാലത്ത് സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്. കൂടാതെ 25 സെന്റ് വരെയുള്ളതും സൗജന്യമായി തരംമാറ്റത്തിന് അർഹതയുള്ളതുമായ അപേക്ഷകളിൽ വേഗത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സഹായകരമായ രീതിയിൽ ഒരു പ്രൊഫോർമ റിപ്പോർട്ട് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

വടക്കേക്കളം പ്ലാന്റേഷൻ ഭൂമി

414 (1668) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ തുടരുന്ന സി.ആർ.പി. (എൽ.ആർ.)44/2013 നമ്പർ കേസുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ പൂർത്തിയാക്കി പ്ലാന്റേഷൻ ഭൂമി ഭൂരഹിതർക്ക് പതിച്ചുകൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് 18-08-2000-ൽ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയിൽനിന്നും 10 ഏക്കർ സഹകരണ എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി 07-05-2013-ലും

63.73 ഏക്കർ ഭ്രരഹിതരില്ലാത്ത കേരള പദ്ധതിക്കുവേണ്ടി 03-06-2013-ലും പൊതു ആവശ്യത്തിന് സംവരണം ചെയ്ത് ലാൻഡ് ബോർഡിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ലാൻഡ് ബോർഡ് ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള CRP(LR) 44/2013 നമ്പർ കേസിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ പതിവ് നടപടികൾക്ക് സ്റ്റേ നിലവിലുള്ളതിനാൽ പതിച്ചുകൊടുക്കുന്നതിന് സാധിച്ചിട്ടില്ല. പ്രസ്തുത കേസ് അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിക്കനുസൃതമായി ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ഭവനനിർമ്മാണ ബോർഡിലെ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തിക

415 (1669) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ, ആസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും മറ്റ് ഓഫീസുകളിലുമായി ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര അംഗീകൃത തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; അതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ 11 അംഗീകൃത തസ്തികകളുണ്ടെങ്കിലും നിലവിൽ ബോർഡിൽ അനുവദിച്ച് നൽകിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ള 5 എണ്ണത്തിന് മാത്രമാണ് ശമ്പള പരിഷ്കരണം അനുവദിച്ചുനൽകിയിട്ടുള്ളത്. സംസ്ഥാന ഭവനനിർമ്മാണ

ബോർഡിലെ നിയമനങ്ങളെല്ലാം സംസ്ഥാന തലത്തിലാണ് നടത്തുന്നത്. പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്നവരെ ആവശ്യമനുസരിച്ച് ബോർഡിന്റെ മറ്റ് ജില്ലകളിലെ ഓഫീസുകളിലേയ്ക്ക് നിയമിക്കുകയാണ് ചെയ്യുന്നത്.

(ബി) പ്രസ്തുത തസ്തികയിൽ ഓരോ ഓഫീസുകളിലും എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

നിലവിൽ ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിൽ ഒഴിവുകളില്ല.

(സി) ഈ തസ്തികയിലെ പുതിയ ഒഴിവുകൾ അവസാനമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും ഇനി എത്ര പുതിയ ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്നും അറിയിക്കുമോ?

ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ പുതിയ ഒഴിവുകൾ 04-07-2025-ലാണ് അവസാനമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിലവിൽ ഒഴിവുകളൊന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ അവശേഷിക്കുന്നില്ല.

(ഡി) ഈ തസ്തികയിലെ എൻ.ജെ.ഡി. ഒഴിവുകൾ അവസാനമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്നും അറിയിക്കുമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ 3 എൻ.ജെ.ഡി. ഒഴിവുകൾ 04-07-2025-ലാണ് അവസാനമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്.

(ഇ) ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയുംവേഗം പി.എസ്.സി.-ക്ക്

റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിലെ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എം.എൻ. ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതി

416 (1670) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൻ. ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതിപ്രകാരം ചേലേമ്പ്ര, പള്ളിക്കൽ ഗ്രാമപഞ്ചായത്തുകളിലെ എം.എൻ. ലക്ഷം വീടുകളിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കി പുനരുദ്ധാരണം നടത്തുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ?

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ വീട് പുനരുദ്ധാരണം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളനികളിലെ ഇത്തരം വീടുകൾ പുനരുദ്ധാരണം നടത്തുന്നതിന് ഭവനനിർമ്മാണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉണ്ട്. എം.എൻ. ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ സബ്സിഡി 2 ലക്ഷം രൂപ, സ്പോൺസർ/കോൺട്രിബ്യൂട്ടേഴ്സ് വിഹിതം 2 ലക്ഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 1 ലക്ഷം രൂപ ഉൾപ്പടെ 5 ലക്ഷം രൂപ, തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 4 ഘട്ടങ്ങളിലായി നിർമ്മാണ പുരോഗതി വിലയിരുത്തി അനുവദിക്കുന്നതിനായിരുന്ന സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പദ്ധതി

ആവിഷ്കരിച്ചത്. 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എം. എൻ. സുവർണ്ണ ഭവനം പദ്ധതിയുടെ ഭാഗമായി, ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുന്നതിന് വീടൊന്നിന് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡിയായി ഗുണഭോക്തക്കൾക്ക് വിതരണം ചെയ്യുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ തുക വിനിയോഗിച്ച് 500 വീടുകൾ പുനർനിർമ്മിക്കാൻ കഴിയുന്നതാണ്. മേൽപ്രകാരമുള്ള പ്രൊപ്പോസൽ 30-05-2025-ന് ചേർന്ന വകുപ്പുതല വർക്കിങ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാക്കുന്ന വിഷയം ഉന്നതതല നയപരമായ തീരുമാനങ്ങൾക്ക് വിധേയമായി മാത്രമേ ഉറപ്പിക്കാനാകുകയുള്ളൂ എന്നതിനാൽ പ്രസ്തുത വിഹിതം ഗുണഭോക്താക്കളിൽനിന്നോ സ്പോൺസർമാരിൽനിന്നോ കണ്ടെത്തണമെന്ന വ്യവസ്ഥയ്ക്കുവിധേയമായി വീടൊന്നിന് സർക്കാർ സബ്സിഡിയായ രണ്ട് ലക്ഷം രൂപ നൽകുന്നതിനായി ആകെ 10 കോടി രൂപയിൽ നിജപ്പെടുത്തി എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിന് 10-07-2025 -ലെ സ.ഉ.(സാധാ) നം. 23/2025/HSG പ്രകാരം ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(സി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആനങ്ങാടി-കടലുണ്ടി നഗരം ഫിഷറീസ് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് മുഖേനേ നടപടി സ്വീകരിക്കുമോ?

എം.എൻ. ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതിപ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എം.എൻ. ലക്ഷം വീട് കോളനിയിലെ ഭൂവുടമകൾക്ക് അവരുടെ ഭൂമി അതിർത്തി

നിർണ്ണയിച്ച് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഭൂരേഖാ വിഭാഗത്തിന് നൽകിയ അപേക്ഷ പരിഗണിച്ച് അതിർത്തി നിർണ്ണയിച്ച് നൽകുന്നത് ത്വരിതപ്പെടുത്തുമോ?

2022-ൽ കൊണ്ടോട്ടി താലൂക്കിൽ ചേലംബ്ര വില്ലേജിൽ ലക്ഷം വീട് കോളനിയിലെ 13 താമസക്കാർക്ക് ഭൂമി അളന്ന് അതിർത്തി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. നിലവിൽ പുതിയ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

ചങ്ങനാശ്ശേരി റവന്യൂ ടവർ നവീകരണം

417 (1671) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ചങ്ങനാശ്ശേരിയിലെ റവന്യൂ ടവർ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടവറിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരിയിലെ റവന്യൂ ടവർ നവീകരിക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

1) ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ പടിഞ്ഞാറ് വശത്തെ പാർക്കിങ് ഏരിയ ഇന്റർലോക്ക് ടൈൽ വിരിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽനിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിക്കുകയും 35,00,000/- രൂപ 07-12-2021-ൽ അനുവദിക്കുകയും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ടി പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2) 2024-25 സാമ്പത്തിക വർഷത്തിൽ 19,24,051/- രൂപ വിനിയോഗിച്ച് പോളികാർബണേറ്റ് ഷീറ്റ് റീകാസ്റ്റ് ചെയ്യുകയും AMC-യിൽ ഉൾപ്പെടുത്തി ബോർഡിന്റെ തനതു ഫണ്ടിൽനിന്നും 4,69,049/- രൂപ വിനിയോഗിച്ച് ലിഫ്റ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികളും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടത്തിയിട്ടുണ്ട്.

3) റവന്യൂ ടവറിൽ ഉൾപ്പെടുന്ന താലൂക്ക് ഓഫീസിന്റെ മെയിൻ ഹാളിന്റെ നവീകരണത്തിനായി റവന്യൂ വകുപ്പ് 2022-23 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 28,24,900/-രൂപ അനുവദിക്കുകയും 24,49,900/- രൂപയുടെ നിർമ്മാണ പ്രവൃത്തികൾ കോട്ടയം കളക്ടറേറ്റ് മുഖേന നടപ്പിലാക്കിയിട്ടുമുണ്ട്. മേൽ പ്രവൃത്തികളുടെ തുക അനുവദിച്ചതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

418 (1672) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തിരുവനന്തപുരം ജില്ലയിൽ പൂർത്തിയാക്കിയതും നിർമ്മാണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തിരുവനന്തപുരം ജില്ലയിൽ പൂർത്തിയാക്കിയതും നിർമ്മാണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ

1) പട്ടം എം.എൻ. സ്മാരക വാണിജ്യ സമുച്ചയം - പട്ടം ജങ്ഷൻ, തിരുവനന്തപുരം (കട മുറികൾ)

ബോർഡ് വക സ്ഥലത്ത് മൂന്നുനില കൊമേഴ്സ്യൽ കോംപ്ലക്സ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 18-07-2022-ൽ പൂർത്തീകരിച്ചു. കെട്ടിടത്തിലെ കടമുറികൾ വാടകയ്ക്ക് പ്രവർത്തിച്ചുവരുന്നു.

2) കാര്യവട്ടം സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ & ലൈബ്രറി സയൻസ് കെട്ടിടം (കൺസൾട്ടൻസി വർക്ക്)

കേരള യൂണിവേഴ്സിറ്റിക്കുവേണ്ടി കാര്യവട്ടത്ത് സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ & ലൈബ്രറി സയൻസ് കെട്ടിട നിർമ്മാണം 21-10-2023-ൽ പൂർത്തീകരിച്ചു.

3) തിരുവനന്തപുരം, കാട്ടാക്കടയിൽ കോട്ടൂർ ആന പുനരധിവാസ- പരിപാലന കേന്ദ്രം (കൺസൾട്ടൻസി വർക്ക്)

കേരള വനം വകുപ്പിനുവേണ്ടി ബോർഡിന്റെ കൺസൾട്ടൻസി വർക്കായ കോട്ടൂർ ആന പുനരധിവാസ പദ്ധതിപ്രകാരം വിവിധ പാക്കേജുകളിലായി പണികൾ പൂർത്തീകരിച്ച് 2024 ഒക്ടോബർ 11-ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

4) പി. ടി. ചാക്കോ നഗർ കോമേഴ്സ്യൽ കം ഓഫീസ് കോംപ്ലക്സ് കെട്ടിടം, ഉള്ളൂർ തിരുവനന്തപുരം (ഓഫീസ് സ്പെയ്സ് & കടമുറികൾ)

ബോർഡ് വക സ്ഥലത്ത് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 30-04-2025-ൽ പൂർത്തീകരിച്ചു. നാല് നിലകളുള്ള വാണിജ്യ ഓഫീസ് സമുച്ചയ കെട്ടിടമാണ്. ഉള്ളൂർ

ജങ്ഷനും മെഡിക്കൽ കോളേജിനും ഇടയിലായി പദ്ധതി ഭൂമി സ്ഥിതി ചെയ്യുന്നു.

നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ

1) കവടിയാർ-അമ്പലനഗർ നീലാംബരി അപ്പാർട്ട്മെന്റ് തിരുവനന്തപുരം - പാരസ്പര്യം പദ്ധതി 80 ഫ്ലാറ്റുകൾ - 11 നിലകൾ

ബോർഡ് വക സ്ഥലത്ത് 11 നിലകളിലായി 80 ഫ്ലാറ്റുകളുടെ പണികൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. ഫ്ലാറ്റുകൾ എല്ലാംതന്നെ വില്പന നടത്തുകയും പണികൾ നാളിതുവരെ 95% ത്തോളം പൂർത്തീകരിച്ചിട്ടുമുണ്ട്.

2) വർക്കിങ് വിമെൻസ് ഹോസ്റ്റൽ കെട്ടിടം, ബാലരാമപുരം, തിരുവനന്തപുരം

കേന്ദ്ര സർക്കാരിന്റെ സ്പെഷ്യൽ അസിസ്റ്റൻസ് റ്റു സ്റ്റേറ്റ്സ് ഫോർ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് പദ്ധതിപ്രകാരം ബാലരാമപുരത്ത് ബോർഡ് വക ഭൂമിയിൽ പുതിയ വർക്കിങ് വിമെൻസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ പണികൾ ആരംഭിച്ചു.

(ബി) തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പേരിലുള്ള ആസ്തി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശത്തിലുള്ള സ്ഥലങ്ങളുടെയും, കൊമേർഷ്യൽ/ റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ ഗസ്റ്റ് ഹൗസുകൾ, ഹോസ്റ്റലുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ (സ്ഥലം, സൗകര്യങ്ങൾ, വാടക, നിബന്ധനകൾ) ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ ഗസ്റ്റ് ഹൗസുകൾ, ഹോസ്റ്റലുകൾ എന്നിവയിൽ ഏറ്റവും അവസാനം നടത്തിയ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1) തിരുവനന്തപുരം ശാന്തിനഗറിലെ ഗസ്റ്റ് ഹൗസ് കെട്ടിടത്തിൽ പല തവണയായി അത്യാവശ്യമായി വരുന്ന ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ സമയാസമയം നടത്തിയിട്ടുണ്ട്. ഇതിൽ ഏറ്റവും അവസാനം ചെയ്തത് 03-12-2018-ൽ ചെയ്ത ഫ്ലോർ ടൈൽ വർക്ക്, ടോയ്ലെറ്റ് നവീകരണം, പെയിന്റിങ് തുടങ്ങിയ പണികളാണ്.

2) ബോർഡിന്റെ പേരൂർക്കടയിലുള്ള വർക്കിങ് വിമെൻസ് ഹോസ്റ്റൽ കെട്ടിടത്തിൽ അടിയന്തരമായി ചെയ്യേണ്ടിയിരുന്ന അറ്റകുറ്റപണികളായ ടൈൽ വർക്ക്, ഇന്റർലോക്ക്, അനുബന്ധ അറ്റകുറ്റപണികൾ എന്നിവ 05-12-2024-ൽ നടത്തിയിട്ടുണ്ട്.

തളിപ്പറമ്പ് മണ്ഡലത്തിലെ ഫ്ലഡ് റോഡ് പദ്ധതി

419 (1673) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ ഫ്ലഡ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകൾ നവീകരിച്ചിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ചു നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ ഫ്ലഡ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 54 റോഡുകൾ നവീകരിച്ചിട്ടുണ്ട്. അതിന് 474.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

ദുരന്ത നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

420 (1674) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽവന്നശേഷം വെള്ളപ്പൊക്ക ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും ലഭ്യമാക്കാമോ?

മാവേലിക്കര നഗരസഭാ പരിധിയിൽ,

(1) പുതിയകാവ് ക്ഷേത്രം-ഫെഡറൽ ബാങ്ക് റോഡ് പുനരുദ്ധാരണം - 8 ലക്ഷം

2) പുതിയകാവ്-വാട്ടർ അതോറിറ്റി ആഫീസ് റോഡ് പുനരുദ്ധാരണം - 10 ലക്ഷം

3) ഉമ്പർനാട് ഗുരുമന്ദിരം- ഓവർ ബ്രിഡ്ജ് റോഡ് പുനരുദ്ധാരണം - 10 ലക്ഷം

എന്നീ പദ്ധതികൾക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ ടെൻഡർ, റീ ടെൻഡർ, ക്വട്ടേഷൻ എന്നീ നടപടിക്രമങ്ങൾ നടത്തിയെങ്കിലും ടി പ്രവൃത്തികൾ ആരുംതന്നെ ഏറ്റെടുത്തിട്ടില്ലാത്തതാണ്. മാവേലിക്കര ബ്ലോക്ക് പരിധിയിലുള്ള പ്രവൃത്തികളുടെ വിവരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

റവന്യൂ ഭൂമിയിലെ അപകടകരമായ മരങ്ങൾ

421 (1675) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമിയിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ തീരുമാനമാകാത്ത എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ദുരന്തനിവാരണ നിയമപ്രകാരം ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട തഹസിൽദാർമാർ സമർപ്പിച്ചിട്ടുള്ള നിർദേശങ്ങളിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി+ ചേർക്കുന്നു.

(സി) അതിന്മേൽ നാളിതുവരെ ഫണ്ട് അനുവദിക്കാത്തതിന്റെ പ്രധാന കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ, വയനാട് എന്നീ ജില്ലകൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുയർത്തുന്ന അപകടകരമായ മരങ്ങൾ ഉടൻ വെട്ടിമാറ്റാൻ അടിയന്തരമായി ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം ലഭ്യമാക്കാമോ?

അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചുമാറ്റാൻ ദുരന്ത നിവാരണ നിയമംപ്രകാരം എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നിർദേശം നൽക്കണമെന്നും ഇതിനായി വകുപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി പണം കണ്ടെത്തണമെന്നും ഓറഞ്ച് ബുക്ക് 2025-ൽ നിർദേശമുണ്ട്.

വണ്ടൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

422 (1676) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, പുതിയ കെട്ടിടം നിർമ്മിക്കൽ, റോഡുകളുടെ പുനരുദ്ധാരണം എന്നിങ്ങനെ റവന്യൂ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ടി പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കൽ എന്നിവ സംബന്ധിച്ച വിശദാംശങ്ങളും, റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

2016, 2024, 2025 വർഷങ്ങളിൽ വണ്ടൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന റോഡുകൾക്ക് എഫ്.ആർ.ഡബ്ല്യു. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ കൃഷിനാശവും കെട്ടിടനാശവും മറ്റ് നാശനഷ്ടങ്ങളും സംഭവിച്ചവരുടെ എണ്ണവും അവർക്ക് ഓരോരുത്തർക്കും എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്നും വർഷാടിസ്ഥാനത്തിൽ തരംതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ ഭവനനാശം സംഭവിച്ചവരുടെ എണ്ണവും അവർക്ക് ഓരോരുത്തർക്കും എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശവും കൃഷിനാശവും മറ്റ് നാശനഷ്ടങ്ങളും സംഭവിച്ചവരുടെ എണ്ണവും അവർക്ക് ഓരോരുത്തർക്കും എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്നുമുള്ള എണ്ണവും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ കൃഷി നാശവും കെട്ടിടനാശവും മറ്റ് നാശനഷ്ടങ്ങളും സംഭവിച്ച എത്രപേർക്ക് എത്ര തുകവീതം നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വിശദമാക്കാമോ?

2016-2021 ഒക്ടോബർ മാസം വരെ (2019 ഒഴികെ) താലൂക്ക് മുഖേനയാണ് ഭവന നാശത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുള്ളത്. ഇക്കാലയളവിൽ വണ്ടൂർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ ഭവനനാശം സംഭവിച്ച ആർക്കും ഇനി നഷ്ടപരിഹാരം നൽകാനില്ല. 2021 ഒക്ടോബർ മാസംമുതൽ നാളിതുവരെയുള്ള ഭവന നാശത്തിനുള്ള ധനസഹായം അനുവദിച്ചുവരുന്നത് റിലീഫ് പോർട്ടൽ മുഖേന ഓൺലൈൻ ആയാണ്. അതിനാൽ 2021 ഒക്ടോബർ മാസംമുതൽ നാളിതുവരെ റിലീഫ് പോർട്ടലിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമായ അപേക്ഷകളിൽ ഭവനനാശത്തിന് ധനസഹായം അനുവദിക്കാനുള്ളവരുടെ വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വേർതിരിച്ചെടുക്കാൻ സാധിക്കുകയില്ല.

(ഡി) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ, പാലങ്ങൾ ഉൾപ്പെടെയുള്ള വിവിധ പ്രവൃത്തികൾക്ക് അനുവദിച്ച തുകയും പ്രവൃത്തിയുടെ പേരുൾപ്പെടെയുള്ള വിശദാംശവും വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ടി പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

വണ്ടൂർ മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ തകർന്ന പാലങ്ങൾക്ക് 2016 മുതൽ 2025 വരെ എഫ്.ആർ.ഡബ്ല്യു. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടില്ല.

2016 മേയ് മാസംമുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡ് പ്രവൃത്തികൾക്ക് അനുവദിച്ച തുകയും പ്രവൃത്തിയുടെ പേരുൾപ്പെടെയുള്ള വിശദാംശവും വർഷാടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

പട്ടാമ്പി നിയോജകമണ്ഡലത്തിലെ പ്രളയ ഫണ്ട് പുരോഗതി വിവരം

423 (1677) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ പട്ടാമ്പി നഗരസഭ, പട്ടാമ്പി ബ്ലോക്കിലെ ഓങ്ങല്ലൂർ, കൂടുക്കല്ലൂർ, വിളയൂർ, കൊപ്പം, മുതുതല എന്നീ ഗ്രാമ പഞ്ചായത്തിലും വല്ലപ്പുഴ ബ്ലോക്കിലെ വല്ലപ്പുഴ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമപഞ്ചായത്തിലും പ്രളയ ഫണ്ടിൽനിന്നും എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് സഹിതം വിവരം ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ പട്ടാമ്പി നഗരസഭ, പട്ടാമ്പി ബ്ലോക്കിലെ ഓങ്ങല്ലൂർ, കൂടുക്കല്ലൂർ, വിളയൂർ, കൊപ്പം, മുതുതല എന്നീ ഗ്രാമപഞ്ചായത്തിലും വല്ലപ്പുഴ ബ്ലോക്കിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലും പ്രളയ ഫണ്ടിൽനിന്നും 501.46 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടാമ്പി നിയോജകമണ്ഡലത്തിലെ പ്രളയഫണ്ട് പുരോഗതി വിവരങ്ങൾ, ഭരണാനുമതി ഉത്തരവിന്റെ പകർപ്പുകൾ എന്നിവ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പട്ടാമ്പി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലെയും റോഡുകൾക്ക് എത്ര രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്നും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ?

പ്രളയത്തിൽ/കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും തുക അനുവദിക്കുന്നത് ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ/മുൻസിപ്പൽ സെക്രട്ടറി എന്നിവർക്കാണ്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള തുക പഞ്ചായത്തുകൾക്ക് നേരിട്ട് അനുവദിക്കാറില്ല.

പട്ടാമ്പി മണ്ഡലത്തിലെ റോഡുകൾക്ക് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ/മുൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് നാളിതുവരെ 3,69,51,926 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുരോഗതി റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

424 (1678) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ 2020 മുതൽ 2025 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ആയതിന്റെ വിശദവിവരങ്ങൾ, ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കാമോ?

പാറശാല മണ്ഡലത്തിൽ, പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ 2020 മുതൽ 2025 വരെ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും ഭരണാനുമതിയുടെ പകർപ്പുകളും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലാ കളക്ടേറ്റിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പാറശാല മണ്ഡലത്തിലെ ഏതു പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി ലഭ്യമാക്കാനുണ്ട് എന്നതിന്റെ വിശദാംശങ്ങൾ പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ; ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും കളക്ടേറ്റിൽ ലഭിച്ച തീയതി, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക എന്നിവ ഉൾപ്പെടെ ലഭ്യമാക്കാമോ?

10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്ന പാറശ്ശാല മണ്ഡലത്തിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട തേരണി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഴങ്ങിൽ റോഡിന് നിർവഹണാനുമതിക്കായി 25-07-2024-ന് പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽനിന്നും എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എസ്.ഡി.ആർ.എഫ്.-ന് വിരുദ്ധമായ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നതും നാളിതുവരെ ലഭ്യമായിട്ടില്ലാത്തതുമാണ്. ഭരണാനുമതി ലഭ്യമായി 6 മാസത്തിനുള്ളിൽ പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാത്തതിനാൽ ടി പ്രവൃത്തിയുടെ ഭരണാനുമതി റദ്ദായിട്ടുള്ളതാണ്.

ഉരുൾപൊട്ടലിൽ സ്വർണ്ണം നഷ്ടപ്പെട്ടത് തിരികെ കിട്ടുന്നതിന് നടപടി

425 (1679) ശ്രീമതി ശാന്തകുമാരി കെ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളിയിൽ 16-10-2021-ന് ഉണ്ടായ ഉരുൾപൊട്ടലിൽ മരിച്ചുപോയ സിനി, ഭർത്താവ്, മക്കൾ എന്നിവരുടെ കുടുംബത്തിന്റെ സ്വർണ്ണാഭരണങ്ങൾ കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസിൽനിന്നും തിരികെ നൽകണമെന്ന സിനിയുടെ പിതാവ് ശ്രീ. സേവ്യർ ജോർജിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാഞ്ഞിരപ്പള്ളിയിൽ 16-10-2021-ന് ഉണ്ടായ ഉരുൾപൊട്ടലിൽ മരിച്ചുപോയ സിനി, ഭർത്താവ്, മക്കൾ എന്നിവരുടെ കുടുംബത്തിന്റെ സ്വർണ്ണാഭരണങ്ങൾ മുണ്ടക്കയം പോലീസ് സ്റ്റേഷൻ ക്രൈം 1225/21 നമ്പർ കേസിൽ എടുത്തിരിക്കുന്ന തൊണ്ടിമുതലുകൾ അനന്തരാവകാശികൾക്ക് തിരികെ നൽകുന്നതിന് നിയമ തടസ്സങ്ങളൊന്നുമില്ല. എന്നാൽ, ഫോറം 151 പരിശോധിച്ചതിൽ മുണ്ടക്കയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ക്രൈം 1225/21, 1226/21, 1227/21, 1228/21 നമ്പർ കേസുകളിലെ തൊണ്ടിമുതലുകൾ

ഒന്നിച്ചാണ് സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകനായ ശ്രീ. സജീവ് പി സേവ്യർ പൊട്ടയ്ക്കൽ ആവശ്യപ്പെട്ടിരിക്കുന്നത് ക്രൈം നമ്പർ 1225/21 കേസിലെ തൊണ്ടിമുതലുകൾ മാത്രമാണ്. ആയതിനാൽ ക്രൈം 1226/21, 1227/21, 1228/21 നമ്പർ കേസുകൾ ആരുടെ പേരിലുള്ളതാണെന്നും, 1225/21 നമ്പർ തൊണ്ടിമുതലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനും മുണ്ടക്കയം സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് വീണ്ടും നിർദേശം നൽകിയിട്ടുണ്ട്. അതുസംബന്ധിച്ച് നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് അവകാശിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മട്ടന്നൂർ മണ്ഡലത്തിൽ പ്രകൃതിക്ഷോഭ ധനസഹായം അനുവദിക്കൽ

426 (1680) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ 2025 ജൂലൈ മാസത്തിലുണ്ടായ ശക്തമായ കാറ്റിൽ വീടിന് മുകളിൽ മരം വീണ് മരണപ്പെട്ട എനിയാടൻ ചന്ദ്രന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2025 ജൂലൈ മാസമുണ്ടായ ശക്തമായ കാറ്റിലും മഴയിലും വീടിന് മുകളിൽ മരം കടപുഴകി വീണ് മരിക്കാനിടയായ എനിയാടൻ ചന്ദ്രൻ എന്നവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനായി ടിയാളുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, FIR-ന്റെ പകർപ്പ് അവകാശികളുടെ ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ

ഹാജരാക്കാൻ മരണപ്പെട്ട ചന്ദ്രൻ എന്നയാളുടെ അവകാശികളോട് നിർദേശിച്ചിട്ടുണ്ട്. അത് ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മണ്ണിടിച്ചിൽ മേഖലയിൽനിന്നും മാറ്റിപ്പാർപ്പിക്കൽ

427 (1681) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ചാലിയാർ, കുറുമ്പലങ്ങോട് വില്ലേജിൽ ഉൾപ്പെട്ട മുട്ടിയേൽ, ചെട്ടിയാംപാറ എന്നീ സ്ഥലങ്ങളിൽ 2018-19 കാലഘട്ടത്തിലുണ്ടായ ഉരുൾപ്പൊട്ടലും മണ്ണിടിച്ചിലുംമൂലം 10 കുടുംബങ്ങളെ അവിടെനിന്നും മാറ്റി പാർപ്പിക്കണമെന്നാവശ്യപ്പെട്ട് ജില്ലാകളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ?

നിലമ്പൂർ താലൂക്കിലെ കുറുമ്പിലങ്ങോട് വില്ലേജിൽ ഉൾപ്പെട്ട 1) ശ്രീമതി ശ്രീലത, W/o. ചന്ദ്രൻ, 2) ശ്രീ. ഹസ്സൻ സി.ജെ ചെട്ടിയാൻ തൊടിക, 3) ശ്രീമതി സുബൈദ D/o. മുഹമ്മദ്, 4) ശ്രീമതി രജിത, w/o. ഗണേഷ്, 5) ശ്രീമതി സീതാ ദേവി W/o. ശിവശങ്കരൻ, 6) ശ്രീ. അബു മുട്ടിയേൽ, 7) ശ്രീമതി തങ്കമ്മ അളക്കൽ, 8) ശ്രീ. രാജൻ S/o. മാനൻ, 9) ശ്രീ. ചെറിയ പെരകൻ, 10) ശ്രീമതി രത്നമ്മ W/o. മുണ്ടോടൻ ശേഖരൻ എന്നീ 10 പേരുടെ അപേക്ഷകളിന്മേൽ ജില്ലാ വിദഗ്ധ സമിതി സ്ഥല പരിശോധന നടത്തി സ്ഥിരമായി മാറ്റിപ്പാർപ്പിക്കണമെന്ന് ജില്ലാ വിദഗ്ധ സമിതി ശിപാർശ സമർപ്പിച്ചിരുന്നു. ഇതിൽ 1) ശ്രീമതി രജിത W/o. ഗണേഷ് കുമാർ, 2) ശ്രീ. രാജൻ S/o. മാനൻ, 3) ശ്രീ. ചെറിയ പെരകൻ, 4) ശ്രീമതി രത്നമ്മ W/o. മുണ്ടോടൻ ശേഖരൻ എന്നീ 4 കുടുംബങ്ങൾക്ക് 09-08-2024-ലെ സ.ഉ; (സാധാ) നം.591/2024/ ഡി.എം.ഡി. ഉത്തരവുപ്രകാരം

പുനരധിവാസത്തിനായി 10 ലക്ഷം രൂപവീതം അനുവദിച്ചിട്ടുണ്ട്.

(ബി) എങ്കിൽ അവരിൽ എത്ര കുടുംബങ്ങളെ പ്രസ്തുത പ്രദേശത്തുനിന്നും മാറ്റി പാർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പുനരധിവാസത്തിന്റെ തൽസ്ഥിതി താഴെ ചേർക്കുന്നു:

1. ശ്രീമതി രജിത W/o. ഗണേഷ് കുമാർ - സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ വീടിന്റെ മേൽക്കൂര നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 2 ലക്ഷം രൂപ അനുവദിക്കുന്നതിനിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. ശ്രീ. രാജൻ S/o. മാനൻ - സ്ഥലം വാങ്ങി ആധാരത്തിന്റെ കരട് സമർപ്പിച്ചിട്ടുള്ളതിനാൽ സ്ഥലം വാങ്ങുന്നതിനുള്ള 6 ലക്ഷം രൂപയിൽ 5,94,440/- രൂപ അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ബാക്കിയുള്ള 5,560/- രൂപയും തുടർന്ന് ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപയും ഗഡുക്കളായി അനുവദിക്കുന്നതാണ്.

3. ശ്രീ. ചെറിയ പെരകൻ - സ്ഥലം വാങ്ങി ആധാരത്തിന്റെ കരട് സമർപ്പിച്ചിട്ടുള്ളതിനാൽ സ്ഥലം വാങ്ങുന്നതിനുള്ള 6 ലക്ഷം രൂപയിൽ 5,94,440/- രൂപ അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ബാക്കിയുള്ള 5,560/- രൂപയും തുടർന്ന് ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപയും ഗഡുക്കളായി

അനുവദിക്കുന്നതാണ്.

4. ശ്രീമതി രത്നമ്മ W/o. മുണ്ടോടൻ ശേഖരൻ - സ്ഥലം വാങ്ങുന്നതിനുള്ള 6 ലക്ഷം രൂപ അനുവദിച്ചു. ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപ ഗഡുക്കളായി അനുവദിക്കുന്നതാണ്.

(സി) ഇനിയും പ്രസ്തുത പ്രദേശത്ത് എത്ര കുടുംബങ്ങൾ ബാക്കിയുണ്ടെന്നും അവരെ മാറ്റിപ്പാർപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പുനരധിവാസം എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

ജില്ലാ വിദഗ്ധ സമിതിയുടെ റിപ്പോർട്ടുപ്രകാരം ബാക്കിയുള്ള 6 കുടുംബങ്ങളെ താൽകാലികമായി മാറ്റിപ്പാർപ്പിക്കുന്നതിനായാണ് ശിപാർശ ചെയ്തിട്ടുള്ളത്. ഓരോ മഴക്കാലം വരുമ്പോഴും മാറി താമസിക്കേണ്ട സാഹചര്യമാണെന്നും പരിഹാരം കാണണമെന്നും കാണിച്ച് 1) ശ്രീമതി ശ്രീലത W/o. ചന്ദ്രൻ, 2) ശ്രീമതി സുബൈദ D/o. മുഹമ്മദ്, 3) ശ്രീമതി സീതാ ദേവി W/o. ശിവശങ്കരൻ, 4) ശ്രീ. അബു മുട്ടിയേൽ, 5) ശ്രീമതി തങ്കമ്മ ആലക്കൽ എന്നവരുടെ മകൻ ശ്രീ. ജയ്സൻ ആലക്കൽ എന്നീ 5 പേർ നിലമ്പൂർ തഹസിൽദാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദഗ്ധ സമിതിയുടെ പുനഃപരിശോധന ആവശ്യപ്പെട്ടുകൊണ്ട് നിലമ്പൂർ തഹസിൽദാർ മലപ്പുറം ജില്ലാ കലക്ടർക്ക് ശിപാർശ സമർപ്പിച്ചിട്ടുള്ളതും അതിൻമേൽ തുടർനടപടി സ്വീകരിച്ചു വരുന്നതുമാണ്.

വൈപ്പിൻ മണ്ഡലത്തിലെ സുനാമി ഫ്ലാറ്റുകൾ

428 (1682) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ സുനാമി ഫ്ലാറ്റുകൾ എവിടെയെല്ലാമാണെന്നും ഈ ഫ്ലാറ്റുകളിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

എടവനക്കാട്, നായരമ്പലം, കുഴുപ്പിള്ളി എന്നിവിടങ്ങളിലാണ് വൈപ്പിൻ മണ്ഡലത്തിൽ സുനാമി ഫ്ലാറ്റുകൾ നിലകൊള്ളുന്നത്. 3 ഫ്ലാറ്റുകൾ (കുഴുപ്പിള്ളി 2, എടവനക്കാട്-1) ആണ് ഒഴിവുകളുള്ളത്. അതിൽ എടവനക്കാട് ഉണ്ടായിരുന്ന ഫ്ലാറ്റ് എടവനക്കാട് ഗ്രമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷപ്രകാരം നിബന്ധനകളോടെ താത്കാലികമായി ശ്രീ. അബ്ദു അറക്കപ്പറമ്പിലിന് അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

(ബി) സുനാമി ഫ്ലാറ്റുകൾ അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാമിന്റെ മാർഗ്ഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു:

I) സുനാമിയിൽ വീടുകൾ തകർന്നതോ കേടുപാടുകൾ സംഭവിച്ചതോ ആയ കുടുംബങ്ങൾ.

II) തീരദേശത്ത് ഹൈടൈഡ് നിലപ്പാടിൽ നിന്ന് 10 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നതും മറ്റേതെങ്കിലും സ്ഥലത്ത് സ്വന്തമായി താമസഗൃഹമില്ലാത്തതുമായ കുടുംബങ്ങൾ.

III) ഹൈടൈഡ് ലൈൻ മുതൽ 200 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നതും തീരദേശ ഹൈടൈഡ് നിലപ്പാടിൽ നിന്ന് 500 മീറ്റർ പരിധിക്കുള്ളിൽ മറ്റെവിടെയും താമസഗൃഹമില്ലാത്തതുമായ കുടുംബങ്ങൾ.

IV) തീരദേശ ഹൈടൈഡ് നിലപ്പാടിൽനിന്ന് 500 മീറ്റർ പരിധിക്കുള്ളിൽ

താമസിക്കുന്നതും വെള്ളപ്പൊക്കം പോലുള്ള പ്രകൃതിദുരന്തങ്ങൾക്ക് വിധേയമായ പ്രദേശങ്ങളിലുള്ള വീടുകളുള്ള കുടുംബങ്ങൾ

(സി) സുനാമി ബാധിതർക്ക് മാത്രമേ സുനാമി ഫ്ലാറ്റുകൾ അനുവദിക്കുകയുള്ളൂവെന്ന നിബന്ധന കാരണം അവരുടെ അഭാവത്തിൽ അർഹരായ മറ്റ് വിഭാഗക്കാർക്ക് ഇതുനൽകാൻ സാധിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

തദ്ദേശ സ്ഥാപനങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് ഫീസിളവ്

429 (1683) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ സർക്കാർ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് ഫീസിളവ് നൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്നും അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ തീറായി വാങ്ങുന്ന ഭൂമിയുടെയും സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവരുടെ പേർക്ക് സ്വകാര്യ വ്യക്തികൾ ദാനമായി നൽകുന്ന ഭൂമിയുടേയും രജിസ്ട്രേഷന് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും യഥാക്രമം S.R.O.No.84/2020, S.R.O.No.86/2020 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 30-01-2020-ലെ G.O.(P)No.09/2020/TD, GO(P) No.10/2020/TD

എന്നിവ പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്.

ലൈഫ് മിഷൻ പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് യഥാക്രമം S.R.O.No.568/2020, S.R.O.No.569/2020 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 08-09-2020-ലെ G.O.(P)No.113/2020/TD, G.O. (P)No.114/2020/TD എന്നിവ പ്രകാരം മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിച്ചുകൊണ്ട് പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ഉത്തരവുകൾ പ്രകാരമുള്ള ഇളവ് ലഭ്യമാകുന്നതിനായി അത് ബന്ധപ്പെട്ട ആധാരത്തിൽ ചേർത്ത് രജിസ്ട്രേഷനായി ഹാജരാക്കേണ്ടതാണ്.

പാലക്കാട് മണ്ണാർക്കാട് മൂപ്പിൽ നായരുടെ തണ്ടപ്പേരുള്ള ഭൂമി രജിസ്ട്രേഷൻ

430 (1684) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മണ്ണാർക്കാട് മൂപ്പിൽനായരുടെ തണ്ടപ്പേരുള്ള ഭൂമിയിൽ ഈ സർക്കാരിന്റെ കാലത്ത് അഗളി സബ് രജിസ്ട്രാർ ഓഫീസിൽ എത്ര ആധാരം രജിസ്റ്റർ ചെയ്തിരുന്നുവെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ?

365 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മുൻ ആധാരം ഇല്ലാതെ എങ്ങനെയാണ് ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയതെന്ന് വ്യക്തമാക്കാമോ?

1908-ലെ രജിസ്ട്രേഷൻ ആക്ട് പ്രകാരമോ, 1958-ലെ കേരള രജിസ്ട്രേഷൻ റൂൾപ്രകാരമോ മുൻ ആധാരങ്ങളുള്ള വസ്തുക്കൾ മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂ എന്ന

വ്യവസ്ഥയില്ലാത്തതും, 19-06-2019-ലെ ബഹുമാനപ്പെട്ട കേരള ഹൈകോടതി WP(C).15549/2019 നമ്പർ വിധി പ്രകാരം മുൻ ആധാരം നിർബന്ധമില്ലെന്ന് ഉത്തരവായിട്ടുള്ളതുമാണ്.

(സി) മൂപ്പിൽനായരുടെ അവകാശികളെന്ന് അവകാശപ്പെടുന്ന വ്യക്തികൾ 21-10-2023 മുതൽ നാളിതുവരെ നടത്തിയ ഭൂമി രജിസ്ട്രേഷൻ വിവരങ്ങൾ, കൈമാറിയ വ്യക്തികൾ, ഭൂമി വാങ്ങിയ വ്യക്തികൾ, ആധാരം നമ്പർ, വിസ്തീർണ്ണം, രജിസ്ട്രേഷൻ നടന്ന തീയതി എന്നിവ ലഭ്യമാക്കാമോ?

മൂപ്പിൽനായരുടെ അവകാശികൾ 21-10-2023 മുതൽ നാളിതുവരെ അഗളി സബ് രജിസ്ട്രാർ ഓഫീസിൽ നടത്തിയ കൈമാറ്റങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) അട്ടപ്പാടിയിൽ മണ്ണാർക്കാട് മൂപ്പിൽനായർ ഏത് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 575 ഏക്കർ ഭൂമി വിൽപ്പന നടത്തിയതെന്ന് രജിസ്ട്രേഷൻ വകുപ്പിലെ ഡെപ്യൂട്ടി ഐ.ജി. (തൃശ്ശൂർ) റിപ്പോർട്ട് നൽകിയതെന്ന് വ്യക്തമാക്കാമോ?

OS 65/1956 നമ്പർ കേസിൽ ഒറ്റപ്പാലം സബ് കോടതി 30-11-1966-ന് ഓഹരി ഭാഗിപ്പാൻ പ്രാരംഭ വിധിയാവുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 1967-ലെ AS No. 69, 113, 164, 169, 394 എന്നീ നമ്പറുകൾപ്രകാരം 1972-ലെ AS No. 20, 206 നമ്പറുകൾ പ്രകാരമുള്ള വ്യവഹാരങ്ങളിലൂടെ 06-12-1972-ലെ വിധിന്യായങ്ങൾ പ്രകാരവും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 1974-ലെ സിവിൽ അപ്പീൽ നമ്പർ 66, 67 (N) ബോധിപ്പിച്ചതിൽ പിന്നെ ഒറ്റപ്പാലം സബ് കോടതിയിൽ ബോധിപ്പിച്ച് തീർപ്പാക്കിയ 1989-ലെ IA 1208, 1265/1973 എന്നീ നമ്പർ ഒത്തുതീർപ്പ് പെറ്റീഷൻ വിധികളുടെ

അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സിവിൽ അപ്പീൽ തീർപ്പായതും മുപ്പത്തിമൂന്ന് ഓഹരി അവകാശികളായി മേപ്പടി വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No. 22780/2021 നമ്പർ റിട്ട് ഹർജിയിലെ ഉത്തരവുപ്രകാരം അട്ടപ്പാടി ടൈബൽ താലൂക്കിൽ കോട്ടത്തറ വില്ലേജിൽനിന്നും മണ്ണാർക്കാട് മൂപ്പിൽ സ്ഥാനം പേരിൽ സാക്ഷ്യപത്രം അനുവദിച്ചതിന്റെ അടിസ്ഥാനത്തിലും ആധാരങ്ങൾ നടത്തിയിട്ടുള്ളതാകുന്നു.

സ്ഥാവര വസ്തുവിലുള്ള അവകാശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി ഹാജരാക്കിയ ആധാരങ്ങൾ രജിസ്ട്രേഷൻ നിയമപ്രകാരം സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയാണുണ്ടായത്. രജിസ്ട്രേഷൻ ചട്ടം 67 പ്രകാരം തന്റെ മുൻപിൽ രജിസ്ട്രേഷനായി ഹാജരാക്കുന്ന ആധാരത്തിന്റെ സാധുതയെപ്പറ്റി അന്വേഷണം നടത്താൻ രജിസ്റ്ററിങ് ഉദ്യോഗസ്ഥന് അധികാരമില്ലാത്തതാണെന്നും കളവിനും കൃത്രിമത്വത്തിനും എതിരെ മുൻകരുതൽ എന്ന നിലയിൽ ഇടപാടുകൾ പരസ്യപ്പെടുത്തുകയെന്നതാണ് രജിസ്ട്രേഷൻ ലക്ഷ്യമെന്നും അല്ലാതെ ആധാരത്തിന്റെ സാധുത അല്ലെന്നും വിവിധ നീതിന്യായ കോടതികൾ അഭിപ്രായപ്പെട്ടിട്ടുള്ളതുമാണ്.

(ഇ) ഏത് വർഷത്തിലെ ഏത് കോടതി ഉത്തരവിലാണ് മൂപ്പിൽ നായർക്ക് 575 ഏക്കർ ഭൂമിയുണ്ടെന്ന് പ്രസ്താവിച്ചതെന്ന് വ്യക്തമാക്കാമോ?

OS 65/1956 നമ്പർ കേസിൽ ഒറ്റപ്പാലം സബ് കോടതി 30-11-1966-ന് ഓഹരി ഭാഗിപ്പാൻ പ്രാരംഭ വിധിയാവുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 1967-ലെ AS No. 69, 113, 164, 169, 394, എന്നീ നമ്പറുകൾപ്രകാരം 1972-ലെ AS No. 20, 206

നമ്പറുകൾ പ്രകാരമുള്ള വ്യവഹാരങ്ങളിലൂടെ 06-12-1972-ലെ വിധിന്യായങ്ങൾ പ്രകാരവും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 1974-ലെ സിവിൽ അപ്പീൽ നമ്പർ 66, 67 (N) ബോധിപ്പിച്ചതിൽ പിന്നെ ഒറ്റപ്പാലം സബ് കോടതിയിൽ ബോധിപ്പിച്ച് തീർപ്പാക്കിയ 1989-ലെ IA 1208, 1265/1973 എന്നീ നമ്പർ ഒത്തുതീർപ്പ് പെറ്റീഷൻ വിധികളുടെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സിവിൽ അപ്പീൽ തീർപ്പായതും മുപ്പത്തിമൂന്ന് ഓഹരി അവകാശികളായി മേപ്പടി വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No. 22780/2021 നമ്പർ റിട്ട് ഹർജിയിലെ ഉത്തരവുപ്രകാരം അട്ടപ്പാടി ടൈബൽ താലൂക്കിൽ കോട്ടത്തറ വില്ലേജിൽ നിന്ന് മണ്ണാർക്കാട് മൂപ്പിൽ സ്ഥാനം പേരിൽ സാക്ഷ്യപത്രം അനുവദിച്ചതിന്റെ അടിസ്ഥാനത്തിലും ആധാരങ്ങൾ നടത്തിയിട്ടുള്ളതാകുന്നു.

(എഫ്) മൂപ്പിൽനായർക്ക് ഭൂമിയിൽ ഉടമസ്ഥതയുണ്ടെന്നുള്ള കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി+ചേർക്കുന്നു.

രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം

431 (1685) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ അസ്സലാധാരം സ്കാൻ ചെയ്ത് സെർവറിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ തികച്ചും അപ്രസക്തമായ ഫയലിങ് ഷീറ്റ് സംവിധാനം ഒഴിവാക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരാണ് തടസ്സം നിൽക്കുന്നതെന്നും എന്താണ് തടസ്സത്തിന് കാരണമെന്നും വ്യക്തമാക്കാമോ?

ഫയലിങ് സംവിധാനം ഒഴിവാക്കാൻ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1908-ലെ രജിസ്ട്രേഷൻ ആക്ടിലെ വകുപ്പ് 19 എ പ്രകാരം "രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കുന്ന പ്രമാണങ്ങളുടെകൂടെ അവയുടെ ശരി പകർപ്പുകൾ ഉണ്ടായിരിക്കണമെന്ന്- (1) യാതൊരു പ്രമാണവും അതിന്റെ ശരിപകർപ്പോടുകൂടി ഹാജരാക്കാത്തപക്ഷം രജിസ്റ്റർ ചെയ്യുന്നതിന് സ്വീകരിക്കാൻ പാടുള്ളതല്ല." എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ആധാരങ്ങളുടെ ഫയലിങ് ഷീറ്റ് ഒഴിവാക്കി ശരിപ്പകർപ്പ് ഇലക്ട്രോണിക് രൂപത്തിൽ സ്വീകരിക്കുന്ന വിഷയം സംബന്ധിച്ച് സർക്കാർ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) വകുപ്പിൽ ടെംപ്ലേറ്റ് സംവിധാനം നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

29-04-2022-ലെ സ.ഉ.(സാധാ) നം.343/2022/ടാക്സസ് പ്രകാരം ധനനിശ്ചയാധാരങ്ങൾക്കും 11-03-2024-ലെ സ.ഉ.(സാധാ) നം.230/2024/TAXES പ്രകാരം മറ്റ് 18 തരം ആധാരങ്ങൾക്കും ഫോം രൂപത്തിലുള്ള ആധാര മാതൃക അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഈ സൗകര്യം ഉപയോഗിച്ചുള്ള ആധാര രജിസ്ട്രേഷൻ പരീക്ഷണാടിസ്ഥാനത്തിൽ ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകൾ അധികാര പരിധിയായി വരുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഐച്ഛികമായി നടപ്പിലാക്കാവുന്നതാണെന്നും അതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിൽ

വ്യാപിപ്പിക്കുന്നതിനുമേൽ തീരുമാനമെടുക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

നിലവിൽ PEARL software വഴിയുള്ള ആധാര രജിസ്ട്രേഷന് കക്ഷികളിൽനിന്നും ഡാറ്റാ മാത്രം സ്വീകരിച്ച്, ആധാരം മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്. എന്നാൽ, ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ എന്റെ ഭൂമി പോർട്ടലിൽ ആധാരം ടെംപ്ലേറ്റ് രൂപത്തിൽ സിസ്റ്റം ജനറേറ്റഡ് ആയാണ് വരേണ്ടത്. അതിനാൽ തെറ്റുകൾ കൂടാതെ കക്ഷികൾക്ക് ആധാരം തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്വെയറാണ് നിർമ്മിക്കേണ്ടത്. ഇക്കാരണങ്ങളാൽ തന്നെ എല്ലാ സാഹചര്യങ്ങളെയും മുൻകൂട്ടി കണ്ട് അവയ്ക്കെല്ലാം അനുയോജ്യമാകുന്ന ടെംപ്ലേറ്റ് സിസ്റ്റം തയ്യാറാക്കേണ്ടതായുണ്ട്. അതിലേക്കായി കൂടുതൽ വിശദമായ പഠനവും വിവിധ തലത്തിലുള്ള ടെസ്റ്റിങ്ങും ആവശ്യമാണ്. ഇത്തരത്തിൽ തയ്യാറാക്കിയ ടെംപ്ലേറ്റുകളുടെ ടെസ്റ്റിങ്ങ് പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാത്തതിനാലും ഫയലിങ് ഷീറ്റ് സംവിധാനം ഒഴിവാക്കാത്തതിനാലും അസ്സലാധാരം ഫയലിംഗ് ഷീറ്റുമായി ഒത്തുനോക്കേണ്ടി വരുന്നതുമൂലവും പുറത്തെഴുത്ത് പകർത്തിയെഴുതേണ്ടി വരുന്നതുമൂലവും വകുപ്പിലെ ജീവനക്കാരുടെ വിഭവശേഷി അനാവശ്യമായി പാഴായിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നിലവിൽ ഫയിലിങ് ഷീറ്റ് സംവിധാനം ഒഴിവാക്കിയിട്ടില്ലാത്തതിനാൽ അസ്സലാധാരം ഫയലിങ് ഷീറ്റുമായി ഒത്തുനോക്കേണ്ടി വരികയും പുറത്തെഴുത്ത് പകർത്തിയെഴുതുകയും ചെയ്യേണ്ടതായും വരുന്നു. രജിസ്ട്രേഷൻ നിയമമനുസരിച്ച് ഇക്കാര്യം ജീവനക്കാരുടെ നിയമപരമായിട്ടുള്ള ചുമതലയാണ്. അതുമൂലം

ജീവനക്കാരുടെ വിഭവശേഷി പാഴായിപ്പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് നടപടി

432 (1686) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം കൈമാറി നൽകിയെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; അതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വെള്ളറട സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ-സി) ഗ്രാമപഞ്ചായത്തിൽനിന്നും സ്ഥലം ഇതുവരെ രജിസ്ട്രേഷൻ വകുപ്പിന് കൈമാറി ലഭ്യമായിട്ടില്ല. ഭൂമി വിട്ടുനൽകുന്നതിന് അനുമതിക്കായി ഗ്രാമപഞ്ചായത്തിൽനിന്നും അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന് ഭൂമി കൈമാറി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പൂഞ്ഞാർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

433 (1687) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലപ്പഴക്കം ചെന്നതും അസൗകര്യങ്ങൾ ഉള്ളതുമായ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പൂഞ്ഞാർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നടുഭാഗം വില്ലേജ് ഓഫീസും പൂഞ്ഞാർ സബ് രജിസ്ട്രാർ ഓഫീസും പ്രവർത്തിക്കുന്നതിനായുള്ള റവന്യൂ കോംപ്ലക്സ് നിർമ്മാണത്തിന് സംസ്ഥാന ബജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ളതും അതിന്റെയടിസ്ഥാനത്തിൽ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിലേക്കായി ഓഫീസിന്റെ ഫങ്ഷണൽ റിക്വയർമെന്റുകൾ, സർവെ സ്കെച്ച്, സ്റ്റാഫ് പാറ്റേൺ എന്നീ വിവരങ്ങൾ പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

434 (1688) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതിനുശേഷം സ്വകാര്യവ്യക്തികൾ നൽകിയ കേസുകൾ കാരണം നിർമ്മാണ

നടപടികൾ തടസപ്പെട്ടിരുന്നു. കോടതി കേസ് സർക്കാരിനനുകൂലമായി തീർപ്പാക്കപ്പെട്ടതിന്റെയടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നിർദേശം നൽകിയെങ്കിലും നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിരുന്നതിനാൽ, എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യമുണ്ടാകുകയും അതിൻപ്രകാരം 73.41 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പാക്കേജ് അപ്രൂവ് ആകുകയും ചെയ്തിട്ടുള്ളതാണ്. കെട്ടിട നിർമ്മാണത്തിനായി വസ്തുവിന്റെ അതിരുകൾ അളന്ന് മാർക്ക് ചെയ്ത് നൽകണമെന്ന് കെ.എസ്.സി.സി. ആവശ്യപ്പെട്ടതിൻപ്രകാരം താലൂക്ക് സർവ്വേയർ സ്ഥലം നേരിട്ട് പരിശോധിച്ച് അതിരുകൾ മാർക്ക് ചെയ്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.സി.സി.-ക്ക് സമർപ്പിക്കുന്നതും തുടർന്ന് കിഫ്ബിയിൽനിന്നും അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

435 (1689) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രജിസ്ട്രേഷൻ ഐ.ജി. ലഭ്യമാക്കിയ പ്ലാനും എസ്റ്റിമേറ്റും പരിശോധിക്കുകയും ബന്ധപ്പെട്ട ശീർഷകത്തിലെ തുക സംബന്ധിച്ച വിവരവും 2024-25

വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിവരവും ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ ഐ.ജി.-യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 2025-26 ബഡ്ജറ്റിൽ DSoR നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ, DSoR-2021 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനായി ജില്ലാ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം

436 (1690) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ രജിസ്ട്രാർ ഓഫീസുകളും സ്വന്തം കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

14 ജില്ലാ ഓഫീസുകളും 315 സബ് രജിസ്ട്രാർ ഓഫീസുകളും ഉൾപ്പെടെ 329 രജിസ്ട്രേഷൻ ഓഫീസുകളിൽ 201 എണ്ണം വകുപ്പിന്റെ സ്വന്തം കെട്ടിടങ്ങളിലും 42 എണ്ണം മറ്റ് സർക്കാർ കെട്ടിടങ്ങളിലും 86 എണ്ണം സ്വകാര്യ കെട്ടിടങ്ങളിൽ വാടകയ്ക്കുമാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ ആസ്ഥാന ഓഫീസായ രജിസ്ട്രേഷൻ ഐ.ജി.-യുടെ ഓഫീസ് സർക്കാർ കെട്ടിടമാണ്.

(ബി) സർക്കാർ കെട്ടിടങ്ങളിലല്ലാതെ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) എല്ലാ രജിസ്ട്രാർ ഓഫീസുകൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം

437 (1691) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്ന പ്രവൃത്തിയുടെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുമറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉണ്ട്. "ചാലക്കുടി ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ" എന്ന പ്രവൃത്തി ചെയ്യുന്നതിനായി സ്ഥലവും കെട്ടിടവും കൈമാറി ലഭിക്കാൻ കാലതാമസം നേരിട്ടതാണ് പ്രവൃത്തി ആരംഭിക്കുന്നതിന് താമസം നേരിടാൻ കാരണമായത്.

നിലവിൽ ആദ്യഘട്ടമായി മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയം സജ്ജീകരണത്തിന്റെ അനന്തരനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ എന്നാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫൈനൽ ബില്ലിലെ അവസാന മെഷർമെന്റ് തീയതിയനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 27-03-2024-നാണ്.

(സി) പദ്ധതിയുടെ ഭാഗമായി നാളിതുവരെയുണ്ടായ ചെലവുകളുടെ വിശദാംശം ലഭ്യമാക്കാമോ?

നിർദിഷ്ട മ്യൂസിയം കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ ചെയ്തതിനായി ആകെ 49,94,526/- രൂപ പുരാവസ്തു വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.

(ഡി) മ്യൂസിയം സജ്ജീകരണത്തിനായി ലഭ്യമായ ഫണ്ട് സംബന്ധിച്ച വിശദാംശം നൽകാമോ?

29-09-2020-ലെ സർക്കാർ ഉത്തരവ് (സാധാ)നം.374/2020/സാം.ക.വ. പ്രകാരം ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നതിന് 142 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന്റെയടിസ്ഥാനത്തിൽ 4202-കാപ്പിറ്റൽ ഔട്ട് ലേ ഓൺ എഡ്യൂക്കേഷൻ സ്പോർട്സ് ആർട്സ് ആന്റ് കൾച്ചർ - 04 - ആർട്ട് ആന്റ് കൾച്ചർ - 800 - അദർ എക്സ്പെന്റിച്ചർ - 91 - സെറ്റിങ് അപ്പ് ഓഫ് ട്രാംവേ മ്യൂസിയം അറ്റ് ചാലക്കുടി എന്ന ശീർഷകത്തിൽ നാളിതുവരെ 49,95,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് നാളിതുവരെ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

(എഫ്) മ്യൂസിയം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വലിയ തമ്പുരാൻ കോവിലകം ഏറ്റെടുക്കുന്നതിന് നടപടി

438 (1692) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ വലിയ തമ്പുരാൻ കോവിലകം സർക്കാർ ഏറ്റെടുക്കുന്നതിനായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ കിഴക്കുഭാഗം വില്ലേജിലെ ശക്തൻ തമ്പുരാന്റെ ജന്മഗൃഹമായ വലിയ തമ്പുരാൻ കോവിലകം 04-03-2020-ലെ സ.ഉ.(സാധാ)നം.101/2020-സാം.കാ.വ പ്രകാരം വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കിയ ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. രാഘവൻ, ശ്രീമതി പൊന്നമ്മ രാഘവൻ എന്നിവർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) No. 19497/2021 കേസിലെ 03-01-2024-ലെ വിധിപ്രകാരം പരാതിക്കാരെ സർക്കാർ നേരിൽ കേട്ട് ആവശ്യം നിരസിച്ച് കോടതി വിധി നടപ്പിലാക്കി 12-12-2024-ലെ സ.ഉ.(സാധാ)നം.707/202-സാം.കാ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് ഈ ഉത്തരവ് നിർത്തലാക്കണമെന്ന് അഭ്യർഥിച്ച് ഡോ. രാഘവൻ, ശ്രീമതി

പൊന്നമ്മ രാഘവൻ എന്നിവർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C)8121/2025 നമ്പർ കേസ് ഫയൽ ചെയ്യുകയും 28-02-2025-ലെ ഇടക്കാല ഉത്തരവിൽ നിലവിലെ സ്ഥിതി തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ ഇടക്കാല ഉത്തരവിന്റെ പശ്ചാലത്തിൽ contempt നടപടികൾ ഉൾപ്പെടെ ഒഴിവാക്കുന്നതിനായി status quo മാറുന്നമുറയ്ക്കോ അന്തിമ വിധിയുടെ അടിസ്ഥാനത്തിലോ തുടർനടപടി സ്വീകരിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷിത പ്രവൃത്തികൾ

439 (1693) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷിത പ്രവൃത്തികൾക്കായി അനുമതി ലഭ്യമായ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ അരുവിക്കര ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനായി ഭരണാനുമതി (2024-25) നൽകി സർക്കാർ ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും കരാറുകാർ ആരും

പങ്കെടുക്കാതെ വന്നതിനാൽ പ്രവൃത്തി റീ-ടെൻഡർ ചെയ്യേണ്ടതായി വന്നു. റീ ടെൻഡറിൽ എറ്റവും കറഞ്ഞ തുക ക്വാട്ട് ചെയ്യുകയും, ടെൻഡർ നോട്ടീസ്പ്രകാരം ആവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുകയും ചെയ്ത കരാറുകാരനെ പ്രവൃത്തി ചെയ്യുവാൻ തെരഞ്ഞെടുക്കുകയും പ്രവൃത്തി അനുമതി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1286, 1361 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(V) പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 11-03-2025-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3233-ന്റെ പുതുക്കിയ മറുപടി

ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം

(3233) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റം ഏതൊക്കെ വർഷങ്ങളിൽ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ?

2018-19, 2019-20, 2021-22, 2023-24 അധ്യയന വർഷങ്ങളിൽ ഹയർ സെക്കൻഡറി അധ്യാപകരുടെ സ്ഥലംമാറ്റം നടന്നിട്ടുണ്ട്. കോവിഡ് വ്യാപനം, നിയമ വ്യവഹാരങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ഇടയ്ക്കുള്ള വർഷങ്ങളിൽ (2020-21, 2022-23) പൊതുസ്ഥലംമാറ്റം നടന്നിട്ടില്ല.

(ബി) ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റം വർഷംതോറും

നടത്തുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ?

പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിനെതിരെയുള്ള നിയമ വ്യവഹാരങ്ങൾ അടുത്ത പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നതിന് കാലതാമസം ഉണ്ടാക്കാറുണ്ട്.

(സി) അഞ്ചു വർഷത്തിലധികമായി അന്യ ജില്ലകളിൽ ജോലിചെയ്യുന്ന ഹയർസെക്കൻഡറി അധ്യാപകരുടെ വിവരവും അവരുടെ മാതൃജില്ലയും അവർ എത്ര വർഷമായി അന്യ ജില്ലയിൽ സേവനമനുഷ്ഠിക്കുന്നുവെന്ന വിവരവും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) നിലവിൽ അഞ്ച് വർഷത്തിലധികമായി മാതൃ ജില്ലയിൽ ജോലിചെയ്യുന്ന ഹയർ സെക്കൻഡറി അധ്യാപകരുടെ വിവരവും അവർ എത്ര വർഷമായി മാതൃ ജില്ലയിൽ സേവനമനുഷ്ഠിക്കുന്നുവെന്ന വിവരവും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ഹയർ സെക്കൻഡറി അധ്യാപകരുടെ അടുത്ത പൊതുസ്ഥലംമാറ്റം എന്നത്തേക്ക് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സർക്കാർ ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റ നടപടികൾ ഏപ്രിൽ/മേയ് മാസങ്ങളിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റത്തിന് മൂന്നുവർഷം സർവീസ് പൂർത്തിയാക്കാത്തവർക്ക് അപേക്ഷിക്കാൻ അവസരം നൽകാത്തതിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാരണമെന്താണെന്ന് വിശദമാക്കാമോ?

ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റം 02-03-2019-ലെ സ.ഉ. (സാധാ) 838/72019/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡപ്രകാരമാണ് നടത്തുന്നത്. മേൽ ഉത്തരവിൽ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ സർക്കാർ ഹയർ സെക്കൻഡറി അധ്യാപക തസ്തികയിൽ 3 വർഷം റെഗുലർ സർവീസ് പൂർത്തിയാക്കണമെന്ന് പരാമർശിക്കുന്നുണ്ട്.

(VI) ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഇരുപത്തിയെട്ടാം ഓണം മഹോത്സവവുമായി ബന്ധപ്പെട്ട് ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) മേശപ്പുറത്തുവച്ച വിശദമായ മറുപടി

ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഇരുപത്തിയെട്ടാം ഓണത്തോട് അനുബന്ധിച്ച് നടത്തുന്ന കാളകെട്ട് മഹോത്സവത്തിന് അമ്പലത്തിന്റെ പരിസരത്തുള്ള വിവിധ പ്രദേശങ്ങളിൽനിന്നും 63 അടി ഉയരമുള്ള കാളക്കൊമ്പൻമാരുടെ രൂപങ്ങൾ മുതൽ ചെറിയ കാളയുടെ രൂപങ്ങൾ വരെ ക്ഷേത്രത്തിന്റെ അങ്കണത്തിലേക്ക് ആനയിച്ച് കൊണ്ടുവരാറുണ്ട്. ഓച്ചിറ, കരുനാഗപ്പള്ളി നോർത്ത്, കായംകുളം, കൃഷ്ണപുരം എന്നീ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലാണ് കെട്ടുകാളകളെ എഴുന്നെള്ളിക്കുന്നത്. കാളകെട്ട് മഹോത്സവത്തിന്റെ ഭാഗമായി സാധാരണയായി കാളകളെ കൊണ്ടുവരുന്ന റൂട്ട് ക്ഷേത്ര ഭരണസമിതി മുൻകൂറായി കെ.എസ്.ഇ.ബി.എൽ. ഓഫീസിൽ സമർപ്പിക്കുകയും അതനുസരിച്ച് ലൈൻ അഴിക്കുന്നതിനും കെട്ടുകാഴ്ച നീങ്ങിയതിനുശേഷം തിരിച്ച് സ്ഥാപിക്കുന്നതിനുമായ പ്രവൃത്തികളുടെ ആവശ്യകതയനുസരിച്ച് KSEBL-ൽനിന്നും എസ്റ്റിമേറ്റ്

തയ്യാറാക്കി ഭരണസമിതിക്ക് കൈമാറുകയും തുക അടയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കിവരികയുമാണ് ചെയ്യുന്നത്. ഇപ്രകാരം ലൈൻ അഴിച്ചുമാറ്റുന്നതോടെ പ്രസ്തുത സെക്ഷനുകളിലെ ഉദ്ദേശം 50000 ഉപഭോക്താക്കൾക്ക് ദീർഘനേരം വൈദ്യുതി തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ തടസ്സം ഒഴിവാക്കുന്നതിനായി ടി പ്രദേശങ്ങളിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കെട്ടുകാഴ്ച കടന്നുപോകുന്ന നാല് സെക്ഷൻ പരിധികളിലായി വരുന്ന പ്രദേശങ്ങളിലെ വൈദ്യുതി ലൈനുകൾ പൂർണ്ണമായും ഭൂഗർഭ കേബിളായി മാറ്റുന്നതിന് ഏകദേശം 75 കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുള്ളതാണ്. ടി തുക ഭീമമായതിനാൽ അടിയന്തര പരിഹാരമായി ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിന്റെ ഒരു കിലോ മീറ്റർ ചുറ്റളവിലുള്ള സ്ഥലത്തുമാത്രം എച്ച്.ടി./എൽ.ടി. ലൈനുകൾ മാറ്റി ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ ആകെ 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പാക്കിയാൽ ഓച്ചിറ അമ്പലത്തിന്റെ പരിസരത്തുള്ള പ്രദേശങ്ങളിലെ വ്യാപാര സ്ഥാപനങ്ങളുൾപ്പെടെയുള്ളവയിൽ കെട്ടുകാഴ്ചമൂലമുള്ള വൈദ്യുത പ്രശ്നം പരിഹരിക്കാവുന്നതാണ്. എന്നാൽ വൈദ്യുതി വിതരണ ലൈസൻസി എന്ന നിലയിൽ KSEBL, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ഉം അതിന്റെ ഭേദഗതിയും അടിസ്ഥാനമാക്കിയാണ് ഉപഭോക്താക്കൾക്ക് സേവനങ്ങൾ നൽകിവരുന്നത്. സപ്ലൈ കോഡിലെ ചട്ടം 95 പ്രകാരം വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ മുൻകൂറായി KSEBL-ന് നൽകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ്

വർക്ക് ഇനത്തിലാണ് പ്രവൃത്തികൾ KSEBL നടപ്പാക്കിവരുന്നത്. അതിനാൽ ബഹുമാനപ്പെട്ട എം.പി./എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നോ LSGD/അമ്പല കമ്മിറ്റി എന്നിവരുടെ ഫണ്ടിൽനിന്നോ മറ്റ് മാർഗങ്ങളിലൂടെയോ പ്രസ്തുത തുക KSEBL-ന് അനുവദിച്ചാൽ ടി പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ നടപ്പാക്കാവുന്നതാണ്. ഈ വർഷത്തെ കെട്ടുകാഴ്ചയ്ക്ക് നിലവിലെ രീതി തുടരുന്നതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പുതിയ സംവിധാനത്തിലേക്ക് മാറാവുന്നതാണ്. സംസ്ഥാനത്തെ വിവിധ ആരാധനാലയങ്ങളിലെ കെട്ടുകാഴ്ചകളുടെ സുഗമമായ നടത്തിപ്പിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും ആവശ്യമായ മാർഗനിർദേശങ്ങൾ ഉൾപ്പെടുന്ന ഗവൺമെന്റ് ഉത്തരവ് 11-08-2025-ന് ഇറക്കിയിട്ടുണ്ട്. കെട്ടുത്സവങ്ങളുമായി ബന്ധപ്പെട്ട സുരക്ഷാ മാനദണ്ഡങ്ങൾ നിജപ്പെടുത്താൻ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലാ പോലീസ് മേധാവി, KSEBL, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട ആരാധനാലയങ്ങളിലെ ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാനും ഉത്സവ സീസണിന് ആറുമാസം മുമ്പ് ക്രമീകരണങ്ങൾ നടപ്പാക്കാനും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് മുൻകൂർ ക്രമീകരണങ്ങൾ നടത്തുന്നതിന് ക്ഷേത്ര ഭാരവാഹികൾ ജില്ലാ കളക്ടറുമായി ബന്ധപ്പെടേണ്ടതാണ്.